കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# CIVIL PROCEDURE CODE 1908
(Act 5 of 1908)

# സിവിൽ നടപടി നിയമസംഹിത
(1908-ലെ 5-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1983

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചപ്പോൾ വകുപ്പുകളുടെ വിന്യാസം ഉൾപ്പെടുന്ന ശീർഷകം അച്ചടിച്ച് ചേർക്കാൻ വിട്ടുപോയി. പ്രസ്തുത ഭാഗം ഇതോടൊപ്പം പ്രസിദ്ധീകരിച്ചിരിക്കുന്നു.

സെക്രട്ടറി,

കേരള ഔദ്യോഗിക ഭാഷ
(നിയമനിർമ്മാണ) കമ്മീഷൻ.

തിരുവനന്തപുരം,
20-3-1990.

## കുറിപ്പ്

# സിവിൽ നടപടി നിയമസംഹിത 1908

(1908–ലെ 5-ാം നമ്പർ ആക്ററ്)

## വകുപ്പുകളുടെ വിന്യാസം

### പ്രാരംഭികം

വകുപ്പുകൾ


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും, പ്രാരംഭവും വ്യാപ്തിയും | 1 |
| 2. | നിർവ്വചനങ്ങൾ | 2 |
| 3. | കോടതികൾ കീഴിലായിരിക്കുന്നത് | 5 |
| 4. | ഒഴിവാക്കലുകൾ | 5 |
| 5. | റവന്യൂ കോടതിക്ക് നിയമസംഹിതയുടെ ബാധകത | 5 |
| 6. | ആർത്ഥികാധികാരിത | 5 |
| 7. | പ്രവിശ്യാ സ്മാൾകാസ് കോടതികൾ | 6 |
| 8. | പ്രസിഡൻസി സ്മാൾകാസ് കോടതികൾ | 6 |


ഭാഗം I

### വ്യവഹാരങ്ങൾ സാമാന്യമായി കോടതികളുടെ അധികാരിതയും റസ്ജുഡിക്കേററയും


| | | |
|---|---|---|
| 9. | കോടതികൾ, തടസ്സമില്ലാത്ത പക്ഷം എല്ലാ സിവിൽ വ്യവഹാരങ്ങളും വിചാരണ ചെയ്യണമെന്ന് | 7 |
| 10. | വ്യവഹാരം നിറുത്തിവയ്ക്കൽ | 7 |
| 11. | റസ്ജുഡിക്കേററ് | 8 |
| 12. | വീണ്ടുമുള്ള വ്യവഹാരത്തിനുള്ള തടസ്സം | 9 |
| 13. | വിദേശ വിധിന്യായം നിശ്ചായകമല്ലാത്തത് എപ്പോൾ എന്ന് | 9 |
| 14. | വിദേശ വിധിന്യായങ്ങളെക്കുറിച്ചുള്ള അനുമാനം | 9 |


### വ്യവഹാരം കൊടുക്കേണ്ട സ്ഥലം


| | | |
|---|---|---|
| 15. | വ്യവഹാരം ആരംഭിക്കേണ്ടത് ഏതു കോടതിയിൽ ആണെന്ന് | 10 |
| 16. | വ്യവഹാരങ്ങൾ വിഷയവസ്തു സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആരംഭിക്കേണ്ടതാണെന്ന് | 10 |
| 17. | വ്യത്യസ്ത കോടതികളുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവിനുള്ള വ്യവഹാരം | 10 |
| 18. | കോടതികളുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ അനിശ്ചിതമായിരിക്കുന്നിടത്ത് വ്യവഹാരം ആരംഭിക്കേണ്ട സ്ഥലം | 11 |

| വകുപ്പുകൾ | | പേജ് |
|---|---|---|
| 19. | ആളോട് ഉള്ളതോ ജംഗമവസ്തുവിനോട് ഉള്ളതോ ആയ അപകൃത്യങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങൾ | 11 |
| 20. | മററു വ്യവഹാരങ്ങൾ പ്രതികൾ താമസിക്കുന്നിടത്തോ, വ്യവഹാരകാരണം ഉൽഭവിക്കുന്നിടത്തോ ആരംഭിക്കേണ്ടതാണെന്ന് | 12 |
| 21. | അധികാരിതയ്ക്കുള്ള ആക്ഷേപങ്ങൾ | 13 |
| 21. | ക. വ്യവഹാരം കൊടുക്കുന്ന സ്ഥലത്തേക്കുറിച്ചുള്ള ആക്ഷേപത്തിൻമേൽ വിധി അസ്ഥിരപ്പെടുത്താനുള്ള വ്യവഹാരത്തിനുള്ള തടസ്സം | 13 |
| 22. | ഒന്നിലധികം കോടതികളിൽ ആരംഭിക്കാവുന്ന വ്യവഹാരങ്ങൾ മാററാനുള്ള അധികാരം | 13 |
| 23. | അപേക്ഷ ഏതു് കോടതിയിലേക്കായിരിക്കണം എന്ന് | 14 |
| 24. | മാററാനും പിൻവലിക്കാനുമുള്ള സാമാന്യാധികാരം | 14 |
| 25. | വ്യവഹാരങ്ങളും മററും മാററുന്നതിന് സുപ്രീം കോടതിക്കുള്ള അധികാരം | 15 |

## വ്യവഹാരങ്ങൾ ആരംഭിക്കൽ

| | | |
|---|---|---|
| 26. | വ്യവഹാരങ്ങൾ ആരംഭിക്കൽ | 16 |

## സമൺസും വെളിപ്പെടുത്തലും

| | | |
|---|---|---|
| 27. | പ്രതിക്കുള്ള സമൺസ് | 16 |
| 28. | പ്രതി മറെറാരു സ്റേററിൽ താമസിക്കുന്നിടത്തുള്ള സമൺസ് നടത്തൽ | 16 |
| 29. | വിദേശ സമൺസുകളുടെ നടത്തൽ | 16 |
| 30. | വെളിപ്പെടുത്തൽ മുതലായവയ്ക്കു ഉത്തരവു ചെയ്യാനുള്ള അധികാരം | 17 |
| 31. | സാക്ഷിക്കുള്ള സമൺസ് | 17 |
| 32. | വീഴ്ചവരുത്തലിനുള്ള ദണ്ഡനം | 17 |

## വിധിന്യായവും വിധിയും

| | | |
|---|---|---|
| 33. | വിധിന്യായവും വിധിയും | 17 |

## പലിശ

| | | |
|---|---|---|
| 34. | പലിശ | 18 |

## കോടതിച്ചെലവ്

| | | |
|---|---|---|
| 35. | കോടതിച്ചെലവ് | 18 |
| 35ക. | വ്യാജമായതോ ശല്യം ഉണ്ടാക്കുന്നതോ ആയ അവകാശവാദങ്ങളോ പ്രതിവാദങ്ങളോ സംബന്ധിച്ചുള്ള പ്രതികാരാത്മക കോടതിച്ചെലവ് | 19 |
| | താമസം ഉണ്ടാക്കുന്നതിനുള്ള കോടതിച്ചെലവ് | 20 |

## ഭാഗം II

## വിധി നടത്തൽ

### സാമാന്യം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 36. | ഉത്തരവുകൾക്ക് ബാധകമാകുന്നത് | 21 |
| 37. | വിധി പാസ്സാക്കിയ കോടതികളുടെ നിർവ്വചനം | 21 |
| | **വിധികൾ നടത്താവുന്ന കോടതികൾ** | |
| 38. | വിധി നടത്താവുന്ന കോടതി | 21 |
| 39. | വിധിയുടെ മാററൽ | 21 |
| 40. | മറെറാരു സ്റേററിലെ കോടതിയിലേക്ക് വിധി മാററുന്നത് | 22 |
| 41. | നടത്തൽ നടപടികളുടെ ഫലം സർട്ടിഫൈ ചെയ്യണമെന്ന് | 22 |
| 42. | മാററപ്പെട്ട വിധി നടത്തുന്നതിൽ കോടതിക്കുള്ള അധികാരങ്ങൾ | 22 |
| 43. | ഈ നിയമസംഹിത വ്യാപിക്കാത്ത സ്ഥലങ്ങളിലെ സിവിൽ കോടതികൾ പാസ്സാക്കുന്ന വിധികൾ നടത്തൽ | 23 |
| 44. | ഈ നിയമസംഹിത വ്യാപിക്കാത്ത സ്ഥലങ്ങളിലെ റവന്യൂ കോടതികൾ പാസ്സാക്കുന്ന വിധികളുടെ നടത്തൽ | 23 |
| 44ക. | പ്രതിപ്രവർത്തക രാജ്യക്ഷേത്രത്തിലെ കോടതികൾ പാസ്സാക്കുന്ന വിധികളുടെ നടത്തൽ | 24 |
| 45. | ഇൻഡ്യക്കു വെളിയിൽ വിധികളുടെ നടത്തൽ | 24 |
| 46. | വിദേശങ്ങൾ | 25 |
| | [ആധിനടത്തുന്ന കോടതി തീരുമാനിക്കേണ്ട പ്രശ്നങ്ങൾ] | |
| 47. | വിധി നടത്തുന്ന കോടതി തീരുമാനിക്കേണ്ട പ്രശ്നങ്ങൾ | 25 |
| | **നടത്തലിനുള്ള സമയപരിധി** | |
| 48. | [റദ്ദാക്കി] | 26 |
| | **കൈമാററം വാങ്ങുന്നവരും നിയമാനുസൃത പ്രതിനിധികളും** | |
| 49. | കൈമാററം വാങ്ങുന്നവർ | 26 |
| 50. | നിയമാനുസൃത പ്രതിനിധി | 26 |
| | **നടത്തലിലെ നടപടിക്രമം** | |
| 51. | നടത്തൽ പ്രാവർത്തികമാക്കാൻ കോടതിക്കുള്ള അധികാരങ്ങൾ | 26 |
| 52. | നിയമാനുസൃത പ്രതിനിധിക്കെതിരായി വിധി പ്രാവർത്തികമാക്കൽ | 27 |
| 53. | പൈതൃക വസ്തുവിൻെറ ബാദ്ധ്യത | 28 |
| 54. | എസ്റേററിൻെറ ഭാഗം അല്ലെങ്കിൽ ഓഹരി വേർതിരിക്കൽ | 28 |

## അറസ്റ്റും തടങ്കലും


| വകുപ്പുകൾ | | പേജ് |
|---|---|---|
| 55. | അറസ്ററും തടങ്കലും | 28 |
| 56. | പണത്തിനുള്ള വിധിയുടെ നടത്തലിൽ സ്ത്രീകളുടെ അറസ്ററിന്റേയോ തടങ്കലിന്റേയോ നിരോധനം | 29 |
| 57. | ഉപജീവന ബത്ത | 30 |
| 58. | തടങ്കലും മോചനവും | 30 |
| 59. | രോഗം ആസ്പദമാക്കിയുള്ള മോചനം | 30 |

ജപ്തി

| | | |
|---|---|---|
| 60. | വിധി നടത്തലിൽ ജപ്തിക്കും വില്പനയ്ക്കും വിധേയമായ വസ്തു | 31 |
| 61. | കാർഷികോല്പന്നത്തിന്റെ ഭാഗികമായ ഒഴിവാക്കൽ | 34 |
| 62. | വാസഗൃഹത്തിൽ വച്ച് വസ്തു പിടിച്ചെടുക്കൽ | 35 |
| 63. | പല കോടതികളുടെ വിധികളുടെ നടത്തലിൽ ജപ്തി ചെയ്യപ്പെടുന്ന വസ്തു | 35 |
| 64. | ജപ്തിക്കുശേഷമുള്ള വസ്തുവിന്റെ സ്വകാര്യമായ അന്യാധീനപ്പെടുത്തൽ ശൂന്യമാണെന്ന് | 36 |

വില്പന

| | | |
|---|---|---|
| 65. | ക്രേതാവിന്റെ ഉടമാവകാശം | 36 |
| 66. | ക്രയം, വാദിക്കുവേണ്ടി ആണെന്ന കാരണത്തിൻമേൽ ക്രേതാവിന് എതിരായ വ്യവഹാരം നിലനിൽക്കുകയില്ലെന്ന് | 36 |
| 67. | പണം കൊടുക്കുന്നതിനുള്ള വിധികളുടെ നടത്തലിലെ ഭൂമി വില്പനകൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാൻ സ്റ്റേററ് ഗവൺമെൻറിനുള്ള അധികാരം | 36 |

[68 മുതൽ 72 വരെ റദ്ദാക്കി.]

ആസ്തികൾ വീതിക്കൽ

| | | |
|---|---|---|
| 73. | വിധി നടത്തു വില്പനയിൽ കിട്ടുന്ന തുക വിധി ഉടമകൾക്കിടയിൽ ആനുപാതികമായി വീതിക്കേണ്ടതാണെന്ന് | 37 |

വിധിനടത്താൻ ചെറുക്കുന്നത്

| | | |
|---|---|---|
| 74. | വിധി നടത്തൽ ചെറുക്കുന്നത് | 38 |

ഭാഗം III

ആനുഷംഗിക നടപടികൾ

കമ്മീഷനുകൾ

| | | |
|---|---|---|
| 75. | കമ്മീഷനുകൾ പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരം | 38 |
| 76. | മറെറാരു കോടതിയിലേക്കുള്ള കമ്മീഷൻ | 39 |

അപേക്ഷാ പത്രം

| | | |
|---|---|---|
| 77. | അപേക്ഷാ പത്രം | 39 |
| 78. | വിദേശ കോടതികൾ പുറപ്പെടുവിക്കുന്ന കമ്മീഷനുകൾ | 39 |

## ഭാഗം IV

## പ്രത്യേക സംഗതികളിലുള്ള വ്യവഹാരങ്ങൾ

### ഗവൺമെൻറിനാലോ ഗവൺമെൻറിനെതിരായോ, അല്ലെങ്കിൽ ഔദ്യോഗിക നിലയിൽ പബ്ലിക് ഉദ്യോഗസ്ഥൻമാരാലോ അവർക്കെതിരായോ ഉള്ള വ്യവഹാരങ്ങൾ


| | വകുപ്പുകൾ | പേജ് |
|---|---|---|
| 79. | ഗവൺമെൻറിനാലോ ഗവൺമെൻറിനെതിരായോ ഉള്ള വ്യവഹാരങ്ങൾ | 40 |
| 80. | നോട്ടീസ് | 40 |
| 81. | അറസ്ററിൽനിന്നും നേരിട്ടു ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കൽ | 41 |
| 82. | വിധി നടത്തൽ | 41 |


### അന്യ ദേശീയരാലുള്ളവയും, വിദേശ ഭരണാധികാരികളാലോ അംബാസഡർമാരാലോ എൻവോയിമാരാലോ അവർക്ക് എതിരായോ ഉള്ളവയുമായ വ്യവഹാരങ്ങൾ


| | | |
|---|---|---|
| 83. | അന്യദേശീയർക്ക് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന് | 42 |
| 84. | വിദേശ സ്റേററുകൾക്ക് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന് | 42 |
| 85. | വിദേശ ഭരണാധികാരികൾക്കുവേണ്ടി വാദിഭാഗം നടത്താനോ പ്രതിവാദം ചെയ്യാനോ ഗവൺമെൻറ് വിനിർദ്ദിഷ്ടമായി നിയമിക്കുന്ന ആളുകൾ | 43 |
| 86. | വിദേശ സ്റേററുകൾക്കും അംബാസഡർമാർക്കും എൻവോയിമാർക്കും എതിരായുള്ള വ്യവഹാരങ്ങൾ | 43 |
| 87. | വ്യവഹാരങ്ങളിലെ കക്ഷികളെന്ന നിലയിൽ വിദേശ ഭരണാധികാരികളുടെ അഭിധാനം | 44 |
| 87. | ക "വിദേശ സ്റേററി"ൻെറയും "ഭരണാധികാരി"യുടെയും നിർവ്വചനങ്ങൾ | 45 |


### മുൻ ഇൻഡ്യൻ സ്റേററുകളുടെ ഭരണാധികാരികൾക്ക് എതിരായുള്ള വ്യവഹാരങ്ങൾ


| | | |
|---|---|---|
| 87. | ഖ മുൻ ഇൻഡ്യൻ സ്റേററുകളുടെ ഭരണാധികാരികൾക്ക് 85-ം 86-ം വകുപ്പുകളുടെ ബാധകത | 45 |


### ഇൻറർപ്ലീഡർ


| | | |
|---|---|---|
| 88. | ഏതു സംഗതിയിൽ ഇൻറർപ്ലീഡർ വ്യവഹാരം ആരംഭിക്കാമെന്ന് | 46 |


## ഭാഗം V

## പ്രത്യേക നടപടികൾ


| | | |
|---|---|---|
| 89. | [റദ്ദാക്കി] | 46 |


### വിശേഷാൽ കേസ്


| | | |
|---|---|---|
| 90. | കോടതിയുടെ അഭിപ്രായത്തിനായി വസ്തുതാ വിവരണം തയ്യാറാക്കാനുള്ള അധികാരം | 46 |

## പൊതുജന ശല്യങ്ങളും പൊതുജനങ്ങളെ ബാധിക്കുന്ന മററ് അന്യായമായ കൃത്യങ്ങളും


| വകുപ്പുകൾ | | പേജ് |
|---|---|---|
| 91. | പൊതു ജന ശല്യങ്ങൾ | 46 |
| 92. | പൊതു ധർമ്മദാനങ്ങൾ | 47 |
| 93. | പ്രസിഡൻസി ടൗണുകൾക്ക് വെളിയിൽ അഡ്വക്കേററ് ജനറലിന്റെ അധികാരങ്ങളുടെ പ്രയോഗം | 48 |


ഭാഗം VI

### അനുപൂരക നടപടികൾ


| | | |
|---|---|---|
| 94. | അനുപൂരക നടപടികൾ | 49 |
| 95. | മതിയായതല്ലാത്ത കാരണങ്ങളിൻമേൽ അറസ്ററ്, ജപ്തിയോ ഇൻജക്ഷനോ നേരിടുന്നതിനുള്ള നഷ്ട പരിഹാരം | 49 |


ഭാഗം VII

### അപ്പീലുകൾ

#### ആദ്യവിധകിളിൽ നിന്നുള്ള അപ്പീലുകൾ


| | | |
|---|---|---|
| 96. | ആദ്യവിധിയിൽ നിന്നുള്ള അപ്പീൽ | 50 |
| 97. | പ്രാരംഭ വിധിയിൽ നിന്ന് അപ്പീൽ കൊടുക്കാത്തിടത്ത്, അവസാന വിധിയിൽ നിന്നുള്ള അപ്പീൽ | 50 |
| 98. | അപ്പീൽ, രണ്ടോ അതിലധികമോ ജഡ്ജിമാരാൽ കേൾക്കപ്പെടുന്നിടത്തുള്ള തീരുമാനം | 50 |
| 99. | ഗുണാഗുണങ്ങളേയോ ആധികാരിതയേയോ ബാധിക്കാത്ത പിശകിനോ ക്രമക്കേടിനോ, വിധി മറിച്ചു വിധിക്കുകയോ രൂപ ഭേദപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്ന് | 51 |
| 99 ക. | 47-ാം വകുപ്പിൻ കീഴിലെ യാതൊരു ഉത്തരവും കേസിലെ തീരുമാനത്തെ ദോഷകരമായി ബാധിക്കാത്ത പക്ഷം മറിച്ച് വിധിക്കാനോ രൂപഭേദപ്പെടുത്താനോ പാടില്ലെന്ന് | 51 |


#### അപ്പീൽ വിധികളിൽ നിന്നുള്ള അപ്പീലുകൾ


| | | |
|---|---|---|
| 100. | രണ്ടാം അപ്പീൽ | 51 |
| 100 ക. | ചില സംഗതികളിൽ കൂടുതൽ അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന് | 52 |
| 101. | മററ് യാതൊരു കാരണങ്ങളിൻമേലും രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന് | 52 |
| 102. | ചില വ്യവഹാരങ്ങളിൽ രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന് | 52 |
| 103 | വസ്തുതാവിവാദ്യകം തീരുമാനിക്കാൻ ഹൈക്കോടതിക്കുള്ള അധികാരം | 52 |


#### ഉത്തരവുകളിൽ നിന്നുള്ള അപ്പീലുകൾ


| | | |
|---|---|---|
| 104. | ഏതു ഉത്തരവുകളിൽ നിന്ന് അപ്പീൽ ഉണ്ടായിരിക്കുമെന്ന് | 52 |
| 105. | മററു ഉത്തരവുകൾ | 53 |

വകുപ്പുകൾ | പേജ്
106. ഏത് കോടതികളാണ് അപ്പീലുകൾ കേൾക്കേണ്ടത് എന്ന് 53

അപ്പീലുകൾ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

107. അപ്പീൽ കോടതിയുടെ അധികാരങ്ങൾ 54
108. അപ്പീൽ വിധികളിൽനിന്നും ഉത്തരവുകളിൽനിന്നുമുള്ള അപ്പീലുകളിലെ നടപടിക്രമം 54

സുപ്രീം കോടതിയിലേക്കുള്ള അപ്പീലുകൾ

109. സുപ്രീം കോടതിയിലേക്ക് എപ്പോൾ അപ്പീലുകൾ ഉണ്ടായിരിക്കുമെന്ന് 54
110. [റദ്ദാക്കി] 54
111. [റദ്ദാക്കി] 54
111ക. [റദ്ദാക്കി] 54
112. ഒഴിവാക്കലുകൾ 54

ഭാഗം VIII

റഫറൻസും റിവ്യൂവും റിവിഷനും

113. ഹൈക്കോടതിയിലേക്കുള്ള റഫറൻസ് 55
114. റിവ്യൂ 56
115. റിവിഷൻ 56

ഭാഗം IX

ജുഡീഷ്യൽ കമ്മീഷണറുടെ കോടതിയല്ലാത്ത ഹൈക്കോടതികളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ

116. ഈ ഭാഗം ചില ഹൈക്കോടതികൾക്കു മാത്രം ബാധകമാണെന്ന് 57
117. നിയമസംഹിത ഹൈക്കോടതികൾക്ക് ബാധകമാകുന്നത് 57
118. കോടതിച്ചെലവ് തിട്ടപ്പെടുത്തുന്നതിനു മുൻപു വിധി നടത്തുന്നത്. 57
119. പ്രാധികാരപ്പെടുത്താത്ത ആളുകൾ കോടതിയെ അഭിസംബോധന ചെയ്യാൻ പാടില്ലെന്ന് 57
120. ഹൈക്കോടതിയുടെ സിവിൽ ആദ്യാധികാരിതയ്ക്ക് ബാധകമാകാത്ത വ്യവസ്ഥകൾ. 58

ഭാഗം X

ചട്ടങ്ങൾ

121. ഒന്നാം പട്ടികയിലെ ചട്ടങ്ങളുടെ പ്രഭാവം 58
122. ചട്ടങ്ങൾ ഉണ്ടാക്കാൻ ചില ഹൈക്കോടതികൾക്കുള്ള അധികാരം 58
123. ചില സ്റ്റേററുകളിൽ ചട്ട-കമ്മിററികൾ ഏർപ്പെടുത്തുന്നത് 58
124. കമ്മിററി ഹൈക്കോടതിയിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 59

| വകുപ്പുകൾ | | പേജ് |
|---|---|---|
| 125. | ചട്ടങ്ങൾ ഉണ്ടാക്കാൻ മററു ഹൈക്കോടതികൾക്കുള്ള അധികാരം | 59 |
| 126. | ചട്ടങ്ങൾ അംഗീകാരത്തിന് വിധേയമായിരിക്കുമെന്ന് | 59 |
| 127. | ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ | 59 |
| 128. | ചട്ടങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങൾ | 59 |
| 129. | ഹൈക്കോടതികൾക്ക്, അവയുടെ ആദ്യ സിവിൽ നടപടി ക്രമം സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 61 |
| 130. | നടപടിക്രമമല്ലാത്ത വിഷയങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കാനുള്ള മററു ഹൈക്കോടതികളുടെ അധികാരങ്ങൾ | 61 |
| 131. | ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ | 61 |


## ഭാഗം XI

### പലവക


| | | |
|---|---|---|
| 132. | നേരിട്ട് ഹാജരാക്കുന്നതിൽ നിന്ന് ചില സ്ത്രീകൾ ഒഴിവാക്കപ്പെടുന്നത് | 61 |
| 133. | മററാളുകൾ ഒഴിവാക്കപ്പെടുന്നത് | 62 |
| 134. | വിധി നടത്തലില്ലാതെയുള്ള അറസ്ററ് | 62 |
| 135. | സിവിൽ പ്രോസസിൻ കീഴിലെ അറസ്ററിൽ നിന്നുള്ള ഒഴിവാക്കപ്പെടൽ | 62 |
| 135ക. | സിവിൽ പ്രോസസ്സിൻ കീഴിലെ അറസ്ററിൽ നിന്നും തടങ്കലിൽ നിന്നും നിയമനിർമ്മാണ നികായങ്ങളിലെ അംഗങ്ങൾ ഒഴിവാക്കപ്പെടുന്നത് | 63 |
| 136. | അറസ്ററു ചെയ്യപ്പെടേണ്ട ആളോ ജപ്തി ചെയ്യപ്പെടേണ്ട വസ്തുവോ ജില്ലയ്ക്ക് വെളിയിലാണെങ്കിൽ ഉള്ള നടപടിക്രമം | 64 |
| 137. | കീഴ്ക്കോടതികളിലെ ഭാഷ | 64 |
| 138. | തെളിവ് ഇംഗ്ലീഷിൽ റിക്കാർഡാക്കണമെന്ന് ആവശ്യപ്പെട്ടാൽ ഹൈക്കോടതിക്കുള്ള അധികാരം | 65 |
| 139. | സത്യവാങ്മൂലത്തിൻമേലുള്ള ശപഥം ചെയ്യിക്കേണ്ടത് ആരാണെന്ന് | 65 |
| 140. | സാംവേജ് കേസുകൾ മുതലായ കേസുകളിലെ അസ്സസ്സർമാർ | 65 |
| 141. | പലവകനടപടികൾ | 66 |
| 142. | ഉത്തരവുകളും നോട്ടീസുകളും ലിഖിതമായിരിക്കണമെന്ന് | 66 |
| 143. | പോസ്റേറജ് | 66 |
| 144. | പുനഃസ്ഥാപനത്തിനുള്ള അപേക്ഷ | 66 |
| 145. | ജാമ്യക്കാരന്റെ ബാദ്ധ്യത പ്രാവർത്തികമാക്കാൻ ഏതെങ്കിലും ആൾ | 67 |
| 146. | പ്രതിനിധികളാലോ അവർക്ക് എതിരായോ ഉള്ള നടപടികൾ | 67 |
| 147. | അവശതയുള്ള ആളുകളാലുള്ള സമ്മതമോ കരാറോ | 68 |
| 148. | സമയം കൂട്ടിക്കൊടുക്കൽ | 68 |
| 148ക. | കാവിയററ് കൊടുക്കാനുള്ള അവകാശം | 68 |
| 149. | കോർട്ടുഫീസിന്റെ കുറവു നികത്താനുള്ള അധികാരം | 69 |
| 150. | പ്രവൃത്തി മാററുന്നത് | 69 |
| 151. | കോടതിയുടെ സഹജാധികാരങ്ങൾ ഒഴിവാക്കൽ | 69 |

| വകുപ്പുകൾ | | പേജ് |
|---|---|---|
| 152. | വിധി ന്യായങ്ങളുടേയോ വിധികളുടേയോ ഉത്തരവുകളുടേയോ ഭേദഗതി | 69 |
| 153. | ഭേദഗതി ചെയ്യാനുള്ള സാമാന്യാധികാരം | 69 |
| 153ക. | അപ്പീൽ സമ്മറിയായി തള്ളിക്കളയുന്നിടത്ത് വിധിയോ ഉത്തരവോ ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം | 69 |
| 153ഖ. | വിചാരണ സ്ഥലം തുറന്ന കോടതിയായി കരുതപ്പെടുമെന്ന് | 70 |
| 154. | [റദ്ദാക്കി] | 70 |
| 155. | [റദ്ദാക്കി] | 70 |
| 156. | [റദ്ദാക്കി] | 70 |
| 157. | റദ്ദാക്കപ്പെട്ട അധിനിയമങ്ങൾക്ക് കീഴിലെ ഉത്തരവുകൾ തുടരുന്നത് | 70 |
| 158. | സിവിൽ നടപടി നിയമ സംഹിതയേയും മററു റദ്ദാക്കപ്പെട്ട നിയമങ്ങളേയും കുറിച്ചുള്ള പരാമർശം | 70 |


## ഒന്നാം പട്ടിക

### ആർഡർ 1

### വ്യവഹാരത്തിലെ കക്ഷികൾ


| ചട്ടങ്ങൾ | | |
|---|---|---|
| 1. | വാദികളായി ചേർക്കാവുന്നത് ആരെയെന്ന് | 71 |
| 2. | വെവ്വേറെ വിചാരണകൾ ഉത്തരവുചെയ്യാൻ ഉള്ള കോടതിയുടെ അധികാരം | 71 |
| 3. | പ്രതികളായി ചേർക്കാവുന്നത് ആരെയെന്ന് | 71 |
| 3ക. | പ്രതികളുടെ ചേർക്കൽ വിചാരണയ്ക്ക് വിഷമം ഉണ്ടാക്കുകയോ കാലതാമസം ഉണ്ടാക്കുകയോ ചെയ്തേക്കാവുന്നിടത്ത് വെവ്വേറെ വിചാരണകൾ ഉത്തരവു ചെയ്യാനുള്ള അധികാരം | 71 |
| 4. | കോടതിക്ക് കൂട്ടുകക്ഷികളിൽ ഒന്നോ അതിലധികമോ പേർക്ക് അനുകൂലമായോ എതിരായോ വിധിക്കാവുന്നതാണെന്ന് | 71 |
| 5. | അവകാശപ്പെടുന്ന എല്ലാ നിവൃത്തികളിലും പ്രതിയ്ക്ക് താൽപ്പര്യം ഉണ്ടായിരിക്കേണ്ടതില്ലെന്ന് | 72 |
| 6. | ഒരേ കോൺട്രാക്ററിൻമേൽ ബാദ്ധ്യതയുള്ള കക്ഷികളുടെ ചേർക്കൽ | 72 |
| 7. | ആരിൽ നിന്നാണ് പരിഹാരം തേടേണ്ടതെന്ന് വാദിക്ക് സംശയമുള്ളപ്പോൾ | 72 |
| 8. | ഒരേ താൽപ്പര്യമുള്ള എല്ലാവർക്കുംവേണ്ടി ഒരൊററ ആൾക്ക് വ്യവഹാരം കൊടുക്കുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യാമെന്ന്. | 72 |



| ചട്ടങ്ങൾ | | |
|---|---|---|
| 8ക. | ഒരാളേയോ ആളുകളുടെ നികായത്തേയോ അഭിപ്രായം ബോധിപ്പിക്കുന്നതിനോ, നടപടിയിൽ പങ്കെടുക്കുന്നതിനോ അനുവദിക്കാൻ കോടതിക്കുള്ള അധികാരം | 73 |

പേജ്

ചട്ടങ്ങൾ

9. തെററായിച്ചേർക്കലും ചേർക്കാതിരിക്കലും 74
10. (1) ശരിക്ക് വേണ്ടതല്ലാത്ത വാദിയുടെ നാമത്തിലുള്ള വ്യവഹാരം 74
(2) കോടതിക്ക് കക്ഷികളുടെ പേര് വെട്ടിക്കളയുകയോ 74
കൂട്ടിച്ചേർക്കുകയോ ചെയ്യാമെന്ന് 74
(4) പ്രതിയെ കൂട്ടിച്ചേർക്കുന്നിടത്ത് അന്യായം ഭേദഗതി ചെയ്യണമെന്ന് 74
10ക. കോടതിക്ക്, അതിനെ അഭിസംബോധനം ചെയ്ത് പ്രസംഗിക്കാൻ ഏതെങ്കിലും പ്ലീഡറോട് അഭ്യർത്ഥിക്കാനുള്ള അധികാരം 75
11. വ്യവഹാരത്തിന്റെ നടത്തിപ്പ് 75
12. പല വാദികളിലേയോ പ്രതികളിലേയോ ഒരാൾ മററുള്ള 75
വർക്കുവേണ്ടി ഹാജരാകുന്നത് 75
13. ചേർക്കാതിരിക്കലിനേയോ തെററായിചേർക്കലിനേയോ കുറിച്ചുള്ള ആക്ഷേപങ്ങൾ 75

## ആർഡർ II

## വ്യവഹാരത്തിന്റെ വിരചനം

1. വ്യവഹാരത്തിന്റെ വിരചനം 75
2. (1) വ്യവഹാരം, മുഴുവൻ അവകാശവാദവും ഉൾക്കൊള്ളണമെന്ന് 75
(2) അവകാശവാദത്തിന്റെ ഭാഗം ത്യജിക്കുന്നത് 76
(3) പല നിവൃത്തികളിൽ ഒന്നിന് വ്യവഹാരം കൊടുക്കാൻ വിട്ടുപോകൽ 76
3. വ്യവഹാരകാരണങ്ങൾ ചേർക്കൽ 76
4. സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിന് ചില അവകാശവാദങ്ങൾ മാത്രമേ ചേർക്കപ്പെടാവൂ എന്ന് 76
5. എക്സിക്യൂട്ടറാലോ അഡ്മിനിസ്ട്രേററാലോ അനന്തര അവകാശിയാലോ ഇവരിലാർക്കെങ്കിലും എതിരായോ ഉള്ള അവകാശവാദങ്ങൾ 77
6. വെവ്വേറെ വിചാരണകൾ ഉത്തരവ് ചെയ്യാനുള്ള കോടതിയുടെ അധികാരം 77
7. തെററായി ചേർക്കലിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ 77

പേജ്

## ആർഡർ III

### അംഗീകൃത ഏജൻറുമാരും പ്ലീഡർമാരും

പട്ടങ്ങരം

1. ഹാജരാകൽ മുതലായവ, നേരിട്ടോ അംഗീകൃത ഏജൻറ് മുഖേനയോ പ്ലീഡർമുഖേനയോ ആകാമെന്ന് 78
2. അംഗീകൃത ഏജൻറുമാർ 78
3. അംഗീകൃത ഏജൻറുമാർക്ക് പ്രോസസ്സ് നടത്തുന്നത് 78
4. പ്ലീഡറുടെ നിയമനം 78
5. പ്ലീഡർക്ക് പ്രോസസ് നടത്തുന്നത് 80
6. (1) നടത്തൽ സ്വീകരിക്കാനുള്ള ഏജൻറ് 80
(2) നിയമനം ലിഖിതമായിരിക്കേണ്ടതും കോടതിയിൽ ഫയൽ ചെയ്യേണ്ടതും ആണെന്ന് 80

## ആർഡർ IV

### വ്യവഹാരങ്ങരം ആരംഭിക്കൽ

1. വ്യവഹാരം അന്യായം വഴി ആരംഭിക്കണമെന്ന് 80
2. വ്യവഹാരങ്ങളുടെ രജിസ്ററർ 80

## ആർഡർ V

### സമൺസ് പുറപ്പെടുവിക്കലും നടത്തലും

1. സമൺസ് 81
2. സമൺസിനോട് അനുബന്ധിക്കപ്പെടുന്ന പകർപ്പോ, സ്റേററുമെൻേറാ 81
3. കോടതിക്ക് പ്രതിയോടോ വാദിയോടോ നേരിട്ട് ഹാജരാകാൻ ഉത്തരവ് ചെയ്യാമെന്ന് 81
4. ചില അതിർത്തികരംക്കുള്ളിൽ താമസിക്കുന്നവനല്ലാത്ത പക്ഷം യാതൊരു കക്ഷിനേരടും നേരിട്ടു ഹാജരാകാൻ ഉത്തരവു ചെയ്യരുതെന്ന് 81
5. സമൺസ് വിവാദ്യകങ്ങരം നിശ്ചയിക്കാനോ അന്തിമ തീർച്ചയ്ക്കോ ആയിരിക്കണമെന്ന് 82
6. പ്രതി ഹാജരാകുന്നതിനുള്ള ദിവസം നിജപ്പെടുത്തുന്നത് 82
7. സമൺസ് പ്രതിയോട് അയാരം ആശ്രയിക്കുന്ന രേഖകരം ഹാജരാക്കാൻ ഉത്തരവു ചെയ്യണമെന്ന് 92

ചട്ടങ്ങൾ — പേജ്

8. അന്തിമതീർപ്പയ്ക്കുള്ള സമൺസ് പുറപ്പെടുവിക്കുന്നിടത്ത് പ്രതിയോട് അയാളുടെ സാക്ഷികളെ ഹാജരാക്കാൻ നിർദ്ദേശിക്കണമെന്ന് 82

സമൺസ് നടത്തൽ

9. സമൺസ് നടത്തലിനായി ഏൽപിക്കുകയോ അയച്ചു കൊടുക്കുകയോ ചെയ്യുന്നത് 82
10. നടത്തലിന്റെ സം്പ്രദായം 83
11. പല പ്രതികൾക്കുള്ള നടത്തൽ 83
12. നടത്തൽ, പ്രായോഗികമായിരിക്കുമ്പോൾ പ്രതിക്ക് നേരിട്ടും അല്ലെങ്കിൽ അയാളുടെ ഏജൻറിനും ആയിരിക്കണമെന്ന് 83
13. ഏത് ഏജൻറ് മുഖേനയാണോ പ്രതി ബിസിനസ് നടത്തിക്കൊണ്ടുപോകുന്നത്, ആ ഏജൻറിനുള്ള നടത്തൽ 83
14. സ്ഥാവര വസ്തുക്കൾക്കുള്ള വ്യവഹാരങ്ങളിൽ ചാർജ്ജുള്ള ഏജൻറിനു നടത്തുന്നത് 83
15. നടത്തൽ എപ്പോൾ പ്രതിയുടെ കുടുംബത്തിലെ പ്രായപൂർത്തി വന്ന ഒരു അംഗത്തിന് ആകാമെന്ന് 83
16. ആർക്കാണോ നടത്തുന്നത് ആ ആൾ കൈപ്പററു രസീത് ഒപ്പിടണം. 84
17. പ്രതി നടത്തൽ സ്വീകരിക്കാൻ വിസമ്മതിക്കുകയോ പ്രതിയെ കണ്ടെത്താതിരിക്കുകയോ ചെയ്യുമ്പോൾ ഉള്ള നടപടിക്രമം. 84
18. നടത്തലിന്റെ സമയവും രീതിയും എൻഡോഴ്സ് ചെയ്യുന്നത്. 84
19. നടത്തൽ ഉദ്യോഗസ്ഥനെ വിസ്തരിക്കൽ 85
19ക. നേരിട്ടുള്ള നടത്തലിന് പുറമെ പോസ്ററു വഴിയുള്ള നടത്തലിന് ഒരേ സമയം സമൺസ് പുറപ്പെടുവിക്കുന്നത്. 85
20. (1) പകരം നടത്തൽ 85
(2) പകരം നടത്തലിന്റെ പ്രഭാവം 86
(3) നടത്തൽ പകരം ഉള്ളതായിരിക്കുന്നിടത്ത് ഹാജരാകുന്നതിനുള്ള സമയം നിജപ്പെടുത്തണമെന്ന് 86
20ക. [റദ്ദാക്കി] വിട്ടുകളയപ്പെട്ടു (1976-ലെ 104-ാം നമ്പർ ആക്ററ് 55-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു) 86
21. പ്രതി മറെറാരു കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്നിടത്ത് സമൺസ് നടത്തുന്നത്. 86
22. പ്രസിഡൻസി ടൗണുകൾക്കുള്ളിൽ വെളിയിലുള്ള കോടതി പുറപ്പെടുവിക്കുന്ന സമൺസ് നടത്തുന്നത്. 86
23. സമൺസ് അയച്ചുകൊടുക്കപ്പെട്ട കോടതിയുടെ കർത്തവ്യം 86
24. കാരാഗൃഹത്തിലുള്ള പതിക്കു നടത്തുന്നത് 87
25. പ്രതി ഇൻഡ്യയ്ക്കു പുറത്ത് താമസിക്കുകയും, അയാൾക്ക് ഏജൻറ് ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തുള്ള നടത്തൽ. 87
26. വിദേശരാജ്യ ക്ഷേത്രത്തിൽ പൊളിററിക്കൽ ഏജൻേറാ കോടതിയോ മുഖാന്തിരമുള്ള നടത്തൽ. 87
26ക. വിദേശരാജ്യങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് അയച്ചു കൊടുക്കേണ്ട സമൺസുകൾ. 88

ചട്ടങ്ങൾ — പേജ്

8. വെവ്വേറെയുള്ള കാരണങ്ങളിൻമേൽ അധിഷ്ഠിതമായ നിവൃത്തി — 95
9. അന്യായം സ്വീകരിക്കുന്നതിൻമേലുള്ള നടപടിക്രമം സംക്ഷിപ്ത പ്രസ്താവന — 95
10. അന്യായം മടക്കൽ — 96
അന്യായം മടക്കുന്നതിൻമേലുള്ള നടപടിക്രമം — 96
10ക. കോടതിക്ക്, അന്യായം അതിന്റെ മടക്കലിന് ശേഷം ഫയൽ ചെയ്യേണ്ട കോടതിയിലെ ഹാജരാകലിനുള്ള തീയതി നിജപ്പെടുത്താനുള്ള അധികാരം. — 96
10ഖ. ശരിയായ കോടതിയിൽ അന്യായം ഫയൽ ചെയ്യാൻ നിർദ്ദേശിക്കുന്നതിന് അപ്പീൽ കോടതിക്കുള്ള അധികാരം — 97
11. അന്യായത്തിന്റെ തിരസ്കരണം. — 97
12. അന്യായം തിരസ്കരിക്കുന്നതിന്മേലുള്ള നടപടിക്രമം — 98
13. അന്യായത്തിന്റെ തിരസ്കരണം പുതിയ അന്യായം ബോധിപ്പിക്കുന്നതിന് തടയാതിരിക്കുന്നത് എപ്പോൾ എന്ന് — 98
[അന്യായത്തിൽ ആശ്രയിക്കുന്ന രേഖകൾ]
14. ഏതു രേഖയിൻമേലാണോ വാദി വ്യവഹാരം കൊടുക്കുന്നത്, ആ രേഖ ഹാജരാക്കൽ — 98
മററു രേഖകളുടെ ലിസ്ററുകൾ — 98
15. വാദിയുടെ കൈവശത്തിലോ അധീനതയിലോ ഇല്ലാത്ത രേഖകളുടെ സംഗതിയിലെ പ്രസ്താവന — 98
16. നഷ്ടപ്പെട്ട കൈമാറാവുന്ന പ്രമാണങ്ങളിൻ മേൽ ഉള്ള വ്യവഹാരങ്ങൾ — 98
17. ഷാപ്പുബുക്ക് ഹാജരാക്കുന്നത് — 99
അസ്സൽ ഉൾക്കുറിപ്പ് അടയാളപ്പെടുത്തിമടക്കണമെന്ന് — 99
18. അന്യായം ഫയൽ ചെയ്യുമ്പോൾ ഹാജരാക്കാത്ത രേഖകളുടെ അസ്വീകാരിത. — 99

ആർഡർ VIII

പത്രികയും തട്ടിക്കിഴിക്കലും പ്രത്യാവകാശവാദവും

1. പത്രിക — 99
2. പുതിയ വസ്തുതകൾ പ്രത്യേകമായി പ്ലീഡ് ചെയ്യണമെന്ന് — 100
3. നിഷേധം വിനിർദ്ദിഷ്ടം ആയിരിക്കണമെന്ന് — 100
4. ഒഴിഞ്ഞുമാറിക്കൊണ്ടുള്ള നിഷേധം — 101
5. വിനിർദ്ദിഷ്ടമായ നിഷേധം — 101
6. (1) തട്ടിക്കിഴിക്കലിന്റെ വിവരങ്ങൾ പത്രികയിൽ കൊടുക്കണമെന്ന് — 101
(2) തട്ടിക്കിഴിക്കലിന്റെ പ്രഭാവം — 102
[ദൃഷ്ടാന്തങ്ങൾ] — 102
6 ക പ്രതിയാലുള്ള പ്രത്യവകാശവാദം — 103
6 ഖ പ്രത്യവകാശവാദം പ്രസ്താവിക്കപ്പെടണമെന്ന് — 103
6 ഗ പ്രത്യാവകാശവാദം ഒഴിച്ചുനിറുത്തൽ — 104
6 ഘ വ്യവഹാരം തുടരാതിരിക്കുന്നതിന്റെ പ്രഭാവം — 104
6 ങ പ്രത്യാവകാശവാദത്തിന് മറുപടി പറയാൻ വാദി വീഴ്ചവരുത്തുന്നത്. — 104
6 ച പ്രത്യാവകാശവാദം വിജയിക്കുന്നിടത്ത് പ്രതിക്കുള്ള നിവൃത്തി — 104

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 27. | സിവിൽ പബ്ലിക് ഉദ്യോഗസ്ഥനോ റയിൽവേ കമ്പനിയുടെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ജീവനക്കാരനോ ഉള്ള നടത്തൽ. | 88 |
| 28. | പട്ടാളക്കാർക്കോ നാവികർക്കോ വൈമാനികർക്കോ ഉള്ള നടത്തൽ. | 88 |
| 29. | സമൺസ് നടത്തലിനായി ഡെലിവർ ചെയ്യപ്പെടുകയോ അയച്ചുകൊടുക്കപ്പെടുകയോ ചെയ്യുന്ന ആളുടെ കർത്തവ്യം. | 88 |
| 30. | സമൺസിന് പകരം കത്താക്കുന്നത്. | 89 |

ആർഡർ VI

പ്ലീഡിങ്ങുകൾ സാമാന്യമായി

| | | |
|---|---|---|
| 1. | പ്ലീഡിങ്ങ് | 89 |
| 2. | പ്ലീഡിങ്ങിൽ സാരവത്തായ വസ്തുതകളാണ് തെളിവല്ല പ്രസ്താവിക്കേണ്ടതെന്ന് | 89 |
| 3. | ഫാറങ്ങൾ | 89 |
| 4. | ആവശ്യമുള്ളിടത്ത് വിവരങ്ങൾ നല്കേണ്ടതാണെന്ന് | 89 |
| 5. | കൂടുതലായുള്ളതും തെളിച്ചപ്പെട്ടതുമായ പ്രസ്താവനയോ വിവരങ്ങളോ | 90 |
| 6. | പൂർവ്വോപാധി | 90 |
| 7. | വ്യതിയാനം | 90 |
| 8. | കാൺട്രാക്റ്റിന്റെ നിഷേധം | 90 |
| 9. | രേഖകളുടെ പ്രഭാവം പ്രസ്താവിക്കപ്പെടണമെന്ന് | 90 |
| 10. | ദുരുദ്ദേശം, അറിവ് മുതലായവ | 90 |
| 11. | നോട്ടീസ് | 91 |
| 12. | വ്യംഗ്യമായ കാൺട്രാക്റ്റോ ബന്ധമോ | 91 |
| 13. | നിയമത്തിലെ അനുമാനങ്ങൾ | 91 |
| 14. | പ്ലീഡിങ്ങ് ഒപ്പിടണമെന്ന് | 91 |
| 14ക. | നോട്ടീസ് നടത്തുന്നതിനുള്ള മേൽവിലാസം | 91 |
| 15. | പ്ലീഡിങ്ങുകൾ സത്യബോധപ്പെടുത്തൽ | 92 |
| 16. | പ്ലീഡിങ്ങുകൾ നീക്കം ചെയ്യൽ | 93 |
| 17. | പ്ലീഡിങ്ങുകളുടെ ഭേദഗതി | 93 |
| 18. | ഉത്തരവിനുശേഷം ഭേദഗതി ചെയ്യാതിരിക്കൽ | 93 |

ആർഡർ VII

അന്യായം

| | | |
|---|---|---|
| 1. | അന്യായത്തിൽ അടങ്ങേണ്ട വിവരങ്ങൾ | 93 |
| 2. | പണവ്യവഹാരങ്ങളിൽ | 94 |
| 3. | വ്യവഹാരത്തിന്റെ വിഷയം സ്ഥാവര വസ്തു ആയിരിക്കുന്നിടത്ത് | 94 |
| 4. | വാദി പ്രതിനിധി എന്ന നിലയിൽ വ്യവഹരിക്കുമ്പോൾ | 94 |
| 5. | പ്രതിയുടെ താല്പര്യവും ബാദ്ധ്യതയും കാണിക്കേണ്ടതാണെന്ന് | 94 |
| 6. | കാലഹരണ നിയമത്തിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ | 94 |
| 7. | നിവൃത്തി വിനിർദ്ദിഷ്ടമായി പ്രസ്താവിക്കേണ്ടതാണെന്ന് | 95 |

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 6 ഛ | പത്രിക സംബന്ധിച്ച ചട്ടങ്ങൾ ബാധകമാകുമെന്ന് | 104 |
| 7. | വെവ്വേറെയുള്ള കാരണങ്ങളിൻമേൽ അധിഷ്ഠിതമായ പ്രതി വാദമോ തട്ടിക്കിഴിക്കലോ പ്രത്യവകാശ വാദമോ | 104 |
| 8. | പുതിയ പ്രതിവാദകാരണം | 104 |
| 8 ക | താൻ നിവൃത്തിക്ക് അവകാശപ്പെടുന്നത്, ഏത് രേഖ കളിൻമേൽ ആണോ ആ രേഖകൾ ഹാജരാക്കാനുള്ള പ്രതിയുടെ കർത്തവ്യം. | 105 |
| 9. | പിന്നീടുള്ള പ്ലീഡിങ്ങുകൾ | 105 |
| 10. | കക്ഷി, കോടതി ആവശ്യപ്പെടുന്ന പത്രിക ബോധിപ്പിക്കാതെയിരിക്കുമ്പോഴുള്ള നടപടിക്രമം. | 105 |


## ആർഡർ IX

## കക്ഷികളുടെ ഹാജരാകലും ഹാജരാകാതിരിക്കലിന്റെ അനന്തരഫലവും


| | | |
|---|---|---|
| 1. | പ്രതി ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാനായി സമൺസ് നിജപ്പെടുത്തുന്ന ദിവസം കക്ഷികൾ ഹാജരാകണമെന്ന് | 106 |
| 2. | സമൺസ് വാദി ചെലവു കൊടുക്കാത്തതിന്റെ ഫലമായി നടത്താത്തിടത്ത് വ്യവഹാരം തള്ളിക്കളയുന്നത്. | 106 |
| 3. | ഇരുകക്ഷികളും ആരും ഹാജരാകാത്തിടത്ത് വ്യവഹാരം തള്ളിക്കളയാമെന്ന്. | 106 |
| 4. | വാദിക്ക് പുതിയ വ്യവഹാരം കൊണ്ടു വരികയോ കോടതിക്ക് വ്യവഹാരം ഫയലിൽ തിരിയെ ചേർക്കുകയോ ചെയ്യാവുന്നതാണെന്ന് | 106 |
| 5. | സമൺസ് നടത്താതെ മടക്കിയതിനുശേഷം, വാദി ഒരു മാസം പുതിയ സമൺസിന് അപേക്ഷിക്കാതിരിക്കുന്നിടത്ത്, വ്യവഹാരം തള്ളിക്കളയുന്നത് | 107 |
| 6. 1 (1) | വാദി മാത്രം ഹാജരാകുമ്പോഴുള്ള നടപടിക്രമം | 107 |
| 1 (ക) | സമൺസ് മുറപ്രകാരം നടത്തിയിരിക്കുമ്പോൾ | 107 |
| 1 (ഖ) | സമൺസ് മുറപ്രകാരം നടത്താത്തപ്പോൾ | 107 |
| 1 (ഗ) | സമൺസ് നടത്തിയിട്ടുണ്ട് എന്നാൽ യഥാസമയം അല്ല എന്നുള്ളപ്പോൾ | 107 |
| 7. | നീട്ടിവച്ച ഹീയറിങ്ങ് ദിവസം പ്രതി ഹാജരാകുകയും മുമ്പ് ഹാജരാകാതിരിക്കുന്നതിന് സാധുവായ കാരണം നൽകുകയും ചെയ്യുന്നിടത്തുള്ള നടപടിക്രമം | 108 |
| 8. | പ്രതി മാത്രം ഹാജരാകുന്നിടത്തുള്ള നടപടിക്രമം | 108 |
| 9. | വീഴ്ച കാരണമായി വാദിക്കെതിരായുള്ള വിധി പുതിയ വ്യവഹാരത്തിന് തടസ്സമാകുന്നത് | 108 |
| 10. | പല വാദികളിൽ, ഒന്നോ അതിലധികമോ പേർ ഹാജരാകാതിരിക്കുന്ന സംഗതിയിലെ നടപടിക്രമം | 108 |
| 11. | പല പ്രതികളിൽ ഒന്നോ അതിലധികമോ പേർ ഹാജരാകാതിരിക്കുന്ന സംഗതിയിലെ നടപടിക്രമം | 109 |
| 12. | നേരിട്ട് ഹാജരാകാൻ ഉത്തരവ് ചെയ്യപ്പെടുന്ന കക്ഷി, മതിയായ കാരണം കാണിക്കാതെ ഹാജരാകാതിരുന്നതിന്റെ അനന്തരഫലം | 109 |


[എക്സ് പാർട്ടി വിധികൾ അസ്ഥിരപ്പെടുത്തുന്നത്]

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 13. | പ്രതിക്കെതിരായ എക്സ് പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നത് | 109 |
| 14. | എതിർകക്ഷിക്കു നോട്ടീസ് കൂടാതെ യാതൊരു വിധിയും അസ്ഥിരപ്പെടുത്താൻ പാടില്ലെന്ന് | 110 |

ആർഡർ X

## കോടതി കക്ഷികളെ വിസ്തരിക്കുന്നത്

| | | |
|---|---|---|
| 1. | പ്ലീഡിങ്ങുകളിലെ ആഖ്യാപനങ്ങൾ സമ്മതിക്കുന്നുവോ നിഷേധിക്കുന്നുവോ എന്ന് തിട്ടപ്പെടുത്തുന്നത് | 110 |
| 2. | കക്ഷിയേയോ കക്ഷിയുടെ കൂടെയുള്ളവനേയോ വാക്കാൽ വിസ്തരിക്കുന്നത് | 110 |
| 3. | വിസ്താരത്തിന്റെ സാരം ലിഖിതത്തിലാക്കണമെന്ന് | 110 |
| 4. | ഉത്തരം പറയാൻ പ്ലീഡർ വിസമ്മതിക്കുകയോ അയാൾക്ക് കഴിവില്ലാതിരിക്കുകയോ ചെയ്യുന്നതിന്റെ അനന്തരഫലം | 111 |

ആർഡർ XI

## വെളിപ്പെടുത്തലും പരിശോധനയും

| | | |
|---|---|---|
| 1. | ചോദ്യങ്ങൾ വഴി വെളിപ്പെടുത്തൽ | 111 |
| 2. | വിനിർദ്ദിഷ്ട ചോദ്യങ്ങൾ സമർപ്പിക്കണമെന്ന് | 111 |
| 3. | ചോദ്യങ്ങളുടെ കോടതിച്ചെലവുകൾ | 112 |
| 4. | ചോദ്യങ്ങളുടെ ഫാറം | 112 |
| 5. | ഏകാംഗയോഗങ്ങൾ | 112 |
| 6. | ചോദ്യങ്ങൾക്കുള്ള ആക്ഷേപങ്ങൾ ഉത്തരംവഴി | 112 |
| 7. | ചോദ്യങ്ങൾ ദുർബലപ്പെടുത്തുന്നതും വെട്ടിക്കളയുന്നതും | 112 |
| 8. | ഉത്തരമായുള്ള സത്യവാങ്മൂലം ഫയൽ ചെയ്യൽ | 112 |
| 9. | ഉത്തരമായുള്ള സത്യവാങ്മൂലത്തിന്റെ ഫാറം | 112 |
| 10. | യാതൊരു ആക്ഷേപവും ഉന്നയിക്കരുതെന്ന് | 113 |
| 11. | ഉത്തരം പറയാനോ കൂടുതലായി ഉത്തരം പറയാനോ ഉള്ള ഉത്തരവ് | 113 |
| 12. | രേഖകൾ വെളിപ്പെടുത്താനുള്ള അപേക്ഷ | 113 |
| 13. | രേഖകളെക്കുറിച്ചുള്ള സത്യവാങ്മൂലം | 113 |
| 14. | രേഖകൾ ഹാജരാക്കൽ | 113 |
| 15. | പ്ലീഡിങ്ങുകളിലോ സത്യവാങ്മൂലങ്ങളിലോ പരാമർശിക്കുന്ന രേഖകളുടെ പരിശോധന | 114 |
| 16. | ഹാജരാക്കാൻ നോട്ടീസ് | 114 |
| 17. | നോട്ടീസ് നൽകിയിരിക്കുമ്പോൾ പരിശോധനയ്ക്കുള്ള സമയം | 114 |
| 18. | പരിശോധനയ്ക്കുള്ള ഉത്തരവ് | 114 |
| 19. | സത്യബോധപ്പെടുത്തിയ പകർപ്പുകൾ | 115 |
| 20. | കാലമാകുന്നതിനു മുമ്പുള്ള വെളിപ്പെടുത്തൽ | 116 |
| 21. | വെളിപ്പെടുത്തുന്നതിനുള്ള ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കൽ | 116 |
| 22. | ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വിചാരണയിൽ ഉപയോഗിക്കുന്നത് | 116 |
| 23. | ആർഡർ മൈനർമാർക്ക് ബാധകമാകുമെന്ന് | 117 |

## ആർഡർ XII

### സമ്മതങ്ങൾ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | കേസ് സമ്മതിക്കുന്നതിനെക്കുറിച്ചുള്ള നോട്ടീസ് | 117 |
| 2. | രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ് | 117 |
| 2ക. | രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ് നടത്തിയതിനുശേഷം നിഷേധിക്കപ്പെടാത്തപക്ഷം രേഖ സമ്മതിക്കപ്പെട്ടതായി കരുതപ്പെടുന്നതാണെന്ന്. | 117 |
| 3. | നോട്ടീസിന്റെ ഫാറം | 117 |
| 3ക. | സമ്മതം റിക്കാർഡാക്കാൻ കോടതിക്കുള്ള അധികാരം | 118 |
| 4. | വസ്തുതകൾ സമ്മതിക്കാനുള്ള നോട്ടീസ് | 118 |
| 5. | സമ്മതങ്ങളുടെ ഫാറം | 118 |
| 6. | സമ്മതങ്ങളിൻമേലുള്ള വിധിന്യായം | 118 |
| 7. | ഒപ്പിനെക്കുറിച്ചുള്ള സത്യവാങ്മൂലം | 119 |
| 8. | രേഖകൾ ഹാജരാക്കാനുള്ള നോട്ടീസ് | 119 |
| 9. | കോടതിച്ചെലവ് | 119 |


## ആർഡർ XIII

### രേഖകളുടെ ഹാജരാക്കലും ഇംപൗണ്ടിങ്ങും മടക്കലും


| | | |
|---|---|---|
| 1. | രേഖാമൂലമുള്ള തെളിവ് വിവാദ്യകങ്ങൾ നിശ്ചയിക്കുമ്പോഴോ അതിനു മുൻപോ ഹാജരാക്കണമെന്ന് | 119 |
| 2. | രേഖകൾ ഹാജരാക്കാതിരിക്കുന്നതിന്റെ ഫലം | 119 |
| 3. | അപ്രസക്തമോ അസ്വീകാര്യമോ ആയ രേഖകളുടെ നിരസനം | 120 |
| 4. | തെളിവിൽ സ്വീകരിക്കപ്പെടുന്ന രേഖകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ | 120 |
| 5. | ബുക്കുകളിലേയും കണക്കുകളിലേയും റിക്കാർഡുകളിലേയും സ്വീകരിക്കപ്പെട്ടിട്ടുള്ള ഉൾക്കുറിപ്പുകളുടെ പകർപ്പുകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ | 120 |
| 6. | തെളിവിൽ അസ്വീകാര്യമെന്ന നിലയിൽ നിരസിക്കപ്പെട്ട രേഖകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ | 121 |
| 7. | സ്വീകരിക്കപ്പെട്ട രേഖകൾ റിക്കാർഡാക്കുന്നതും നിരസിക്കപ്പെട്ട രേഖകൾ മടക്കുന്നതും | 121 |
| 8. | കോടതിക്ക് ഏതു രേഖയും ഇംപൗണ്ട് ചെയ്യാൻ ഉത്തരവ് ചെയ്യാമെന്ന് | 121 |
| 9. | സ്വീകരിക്കപ്പെട്ട രേഖകൾ മടക്കുന്നത് | 121 |
| 10. | കോടതിക്ക് അതിന്റെ സ്വന്തം റിക്കാർഡുകളിൽ നിന്നോ മററു കോടതികളിൽനിന്നോ കടലാസുകൾ വരുത്താമെന്ന് | 122 |
| 11. | രേഖകൾ സംബന്ധിച്ച വ്യവസ്ഥകൾ ഭൗതികപദാർത്ഥങ്ങൾക്ക് ബാധകമാക്കുന്നത് | 122 |

## ആർഡർ XIV

### വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതും നിയമ വിവാദ്യകങ്ങളിൻമേലോ, അല്ലെങ്കിൽ പരസ്പരം സമ്മതിക്കുന്ന വിവാദ്യകങ്ങളിൻമേലോ വ്യവഹാരം തീർപ്പാക്കുന്നതും


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | വിവാദ്യകങ്ങൾ തയ്യാറാക്കുന്നത് | 122 |
| 2. | കോടതി എല്ലാ വിവാദ്യകങ്ങളിൻമേലും വിധിന്യായം പ്രസ്താവിക്കണമെന്ന് | 123 |
| 3. | വിവാദ്യകങ്ങൾ തയ്യാറാക്കാവുന്നത് ഏത് അടിസ്ഥാന വിവരങ്ങളിൽനിന്നാണെന്ന് | 123 |
| 4. | കോടതിക്ക് വിവാദ്യകങ്ങൾ തയ്യാറാക്കുന്നതിനു മുൻപ് സാക്ഷികളെ വിസ്തരിക്കുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്യാമെന്ന് | 124 |
| 5. | വിവാദ്യകങ്ങൾ ഭേദഗതി ചെയ്യുകയും വെട്ടിക്കളയുകയും ചെയ്യുന്നതിനുള്ള അധികാരം | 124 |
| 6. | വസ്തുതാ പ്രശ്നങ്ങളോ നിയമ പ്രശ്നങ്ങളോ കരാർവഴി വിവാദ്യകങ്ങളുടെ രൂപത്തിൽ പ്രസ്താവിക്കാമെന്ന് | 124 |
| 7. | കരാർ ഉത്തമവിശ്വാസപൂർവ്വം ഒപ്പിട്ട് പൂർത്തീകരിച്ചതാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക് വിധിന്യായം പ്രസ്താവിക്കാമെന്ന് | 125 |


## ആർഡർ XV

### പ്രഥമ ഹീയറിങ്ങിൽ വ്യവഹാരം തീർച്ചചെയ്യുന്നത്


| | | |
|---|---|---|
| 1. | കക്ഷികൾ തമ്മിൽ വിവാദമില്ലാത്തപ്പോൾ | 125 |
| 2. | പല പ്രതികളിൽ ഒരാൾക്ക് വിവാദമില്ലാത്തപ്പോൾ | 125 |
| 3. | വിവാദമുള്ള കക്ഷികൾ | 125 |
| 4. | തെളിവ് ഹാജരാക്കാതിരിക്കൽ | 126 |


## ആർഡർ XVI

### സാക്ഷികളെ സമൺ ചെയ്യുന്നതും അവർ സന്നിഹിതരാകുന്നതും


| | | |
|---|---|---|
| 1. | സാക്ഷികളുടെ പട്ടികയും സാക്ഷികൾക്കുള്ള സമൺസും | 126 |
| 1ക. | സമൺസ് കൂടാതെ സാക്ഷികളെ ഹാജരാക്കുന്നത് | 126 |
| 2. | (1) സമൺസിന് അപേക്ഷിക്കുന്നതിൻമേൽ, സാക്ഷിച്ചെലവുകൾ കോടതിയിൽ കൊടുക്കണമെന്ന് | 127 |
| | (2) വിദഗ്ദ്ധൻമാർ | 127 |
| | (3) ചെലവുകളുടെ തോത് | 127 |
| | (4) ചെലവുകൾ സാക്ഷികൾക്ക് നേരിട്ടുകൊടുക്കണമെന്ന് | 127 |
| 3. | ചെലവുകൾ സാക്ഷിക്ക് ടെൻഡർ ചെയ്യുന്നത് | 127 |
| 4. | (1) മതിയാകാത്ത തുക ഒടുക്കിയിരിക്കുന്നിടത്തുള്ള നടപടിക്രമം | 127 |
| | (2) ഒരു ദിവസത്തിൽക്കൂടുതൽ താമസിക്കപ്പെടുന്ന സാക്ഷികളുടെ ചെലവുകൾ | 127 |
| 5. | സന്നിഹിതനാകേണ്ട സമയവും സ്ഥലവും ആവശ്യവും സമൺസിൽ വിനിർദ്ദേശിക്കണമെന്ന് | 128 |

| ചട്ടങ്ങ൦ | | പേജ് |
|---|---|---|
| 6. | രേഖ ഹാജരാക്കാനുള്ള സമൺസ് | 128 |
| 7. | കോടതിയിൽ ഉണ്ടായിരിക്കുന്ന ആളുകളോട്, തെളിവ് നൽകാനോ രേഖ ഹാജരാക്കാനോ ആവശ്യപ്പെടുവാനുള്ള അധികാരം | 128 |
| 7ക. | നടത്തലിനുവേണ്ടി കക്ഷിക്ക് നൽകുന്ന സമൺസ് | 128 |
| 8. | സമൺസ് നടത്തുന്നത് എങ്ങനെയെന്ന് | 129 |
| 9. | സമൺസ് നടത്തുന്നതിനുള്ള സമയം | 129 |
| 10. | സാക്ഷി സമൺസ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്തുള്ള നടപടിക്രമം | 129 |
| 11. | സാക്ഷി ഹാജരാകുന്നുവെങ്കിൽ ജപ്തി പിൻവലിക്കാമെന്ന് | 130 |
| 12. | സാക്ഷി ഹാജരാകാതിരിക്കുന്നുവെങ്കിലുള്ള നടപടിക്രമം | 130 |
| 13. | ജപ്തിയുടെ സമ്പ്രദായം | 131 |
| 14. | കോടതിക്ക് സ്വയമേവ സാക്ഷികളെ സമൺ ചെയ്യാമെന്ന് | 131 |
| 15. | തെളിവ് നൽകാനോ രേഖ ഹാജരാക്കാനോ സമൺ ചെയ്യപ്പെട്ടിട്ടുള്ള ആളുകളുടെ കർത്തവ്യം | 131 |
| 16. | അവർക്ക് വിട്ടുപോകാവുന്നത് എപ്പോഴെന്ന് | 131 |
| 17. | 10 മുതൽ 13 വരെയുള്ള ചട്ടങ്ങളുടെ ബാധകത | 131 |
| 18. | പിടിക്കപ്പെട്ട സാക്ഷിക്ക് തെളിവ് നൽകാനോ രേഖ ഹാജരാക്കാനോ കഴിയാത്തിടത്തുള്ള നടപടിക്രമം | 132 |
| 19. | ചില അതിർത്തികൾക്കുള്ളിൽ താമസമുള്ളവനല്ലാത്ത പക്ഷം യാതൊരു സാക്ഷിയോടും നേരിട്ട് സന്നിഹിതരാകാൻ ഉത്തരവു ചെയ്യരുതെന്ന്. | 132 |
| 20. | കോടതി വിളിക്കുമ്പോൾ തെളിവ് നൽകാൻ കക്ഷി വിസമ്മതിക്കുന്നതിന്റെ അനന്തര ഫലം | 132 |
| 21. | സാക്ഷികളെ സംബന്ധിച്ചുള്ള ചട്ടങ്ങൾ സമൺ ചെയ്യപ്പെട്ട കക്ഷികൾക്ക് ബാധകമാകുമെന്ന്. | 143 |


## ആർഡർ XVI ക.

## കാരാഗൃഹങ്ങളിൽ തടഞ്ഞുവയ്ക്കപ്പെടുന്നതോ തടങ്കലിൽ വയ്ക്കപ്പെടുന്നതോ ആയ സാക്ഷികൾ സന്നിഹിതരാകുന്നത്


| | | |
|---|---|---|
| 1. | നിർവ്വചനങ്ങൾ | 133 |
| 2. | തെളിവ് നൽകാൻ തടവുകാർ സന്നിഹിതരാകുന്നത് ആവശ്യപ്പെടാനുള്ള അധികാരം | 133 |
| 3. | ചെലവുകൾ കോടതിയിൽ ഒടുക്കണമെന്ന് | 133 |
| 4. | ചില ആളുകളെ 2-ാം ചട്ടത്തിന്റെ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കാനുള്ള സ്റേററു ഗവൺമെന്റിന്റെ അധികാരം | 134 |
| 5. | ചില സംഗതികളിൽ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് നടപ്പാക്കാതിരിക്കണമെന്ന് | 134 |

| പട്ടങ്ങൾ | | പേജ് |
|---|---|---|
| 6. | തടവുകാരനെ കോടതിയിലേക്ക് കസ്റ്റഡിയിൽ കൊണ്ടുവരണമെന്ന്. | 135 |
| 7. | കാരാഗൃഹത്തിലുള്ള സാക്ഷിയെ വിസ്തരിക്കുന്നതിനു കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അധികാരം | 135 |


## ആർഡർ XVII

## നീട്ടിവയ്ക്കലുകൾ


| | | |
|---|---|---|
| 1. | (1) കോടതിക്ക് സമയം അനുവദിക്കുകയും, വിചാരണ നീട്ടിവയ്ക്കുകയും ചെയ്യാമെന്ന് | 135 |
| | (2) നീട്ടിവയ്ക്കുന്നതിൻെറ കോടതിച്ചെലവ് | 135 |
| 2. | നിജപ്പെടുത്തിയ ദിവസം കക്ഷികൾ ഹാജരാകാതിരിക്കുന്നുവെങ്കിലുള്ള നടപടിക്രമം | 136 |
| 3. | ഇരുകക്ഷികളിൽ ആരെങ്കിലും തെളിവു ഹാജരാക്കാതിരിക്കുകയോ മറേറാ ചെയ്യുന്നുവെന്നിരുന്നാലും കോടതിക്ക് നടപടി തുടരാമെന്ന് | 136 |


## ആർഡർ XVIII

## വ്യവഹാരത്തിൻെറ ഹീയറിങ്ങും സാക്ഷികളുടെ വിസ്താരവും


| | | |
|---|---|---|
| 1. | ആരംഭിക്കാനുള്ള അവകാശം | 137 |
| 2. | പ്രസ്താവനയും തെളിവ് ഹാജരാക്കലും | 137 |
| 3. | പല വിവാദ്യകങ്ങൾ ഉള്ളിടത്തുള്ള തെളിവ് | 137 |
| 3 ക. | കക്ഷി, മററു സാക്ഷികൾക്കു മുൻപ് ഹാജരാകണമെന്ന് | 138 |
| 4. | സാക്ഷികളെ തുറന്ന കോടതിയിൽ വച്ച് വിസ്തരിക്കണമെന്ന് | 138 |
| 5. | അപ്പീൽ കൊടുക്കാവുന്ന കേസുകളിൽ തെളിവ് എടുക്കേണ്ടത് എങ്ങനെയെന്ന് | 138 |
| 6. | മൊഴി എപ്പോൾ ഭാഷാന്തരം ചെയ്തുകൊടുക്കണമെന്ന് | 138 |
| 7. | 138-ാം വകുപ്പിൻ കീഴിലെ തെളിവ് | 138 |
| 8. | ജഡ്ജി എഴുതി എടുത്തപ്പോഴില്ലാത്ത മെമ്മോറാണ്ഡം | 139 |
| 9. | എപ്പോൾ തെളിവ് ഇംഗ്ലീഷിൽ എടുക്കാമെന്ന് | 139 |
| 10. | ഏതെങ്കിലും പ്രത്യേക ചോദ്യവും ഉത്തരവും എഴുതി എടുക്കണമെന്ന് | 139 |
| 11. | ആക്ഷേപിക്കപ്പെടുകയും കോടതി അനുവദിക്കുകയും ചെയ്യുന്ന ചോദ്യങ്ങൾ | 139 |
| 12. | സാക്ഷികളുടെ ചേഷ്ടിതത്തെക്കുറിച്ചുള്ള റിമാർക്കുകൾ | 139 |
| 13. | അപ്പീൽ കൊടുക്കാവുന്നതല്ലാത്ത കേസുകളിലെ തെളിവ് മെമ്മോറാണ്ഡം | 139 |
| 14. | [സിവിൽ നടപടി നിയമസംഹിത (ഭേദഗതി) ആക്റ്റ്, 1976-നാൽ വിട്ടുകളയപ്പെട്ടു] | 140 |
| 15. | മററൊരു ജഡ്ജി മുൻപാകെ എടുത്തിട്ടുള്ള തെളിവ് കൈകാര്യം ചെയ്യാനുള്ള അധികാരം | 140 |

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 16. | സാക്ഷിയെ ഉടനെ വിസ്തരിക്കാനുള്ള അധികാരം | 140 |
| 17. | കോടതിക്ക് സാക്ഷിയെ തിരിയെ വിളിക്കുകയും വിസ്തരിക്കുകയും ചെയ്യാമെന്ന് | 140 |
| 17ക. | വേണ്ടത്ര ശ്രദ്ധ ഉണ്ടായിരുന്നിട്ടും, മുമ്പേ അറിയാതിരുന്നതോ ഹാജരാക്കാൻ കഴിയാതിരുന്നതോ ആയ തെളിവ് ഹാജരാക്കൽ | 141 |
| 18. | പരിശോധിക്കാൻ കോടതിക്കുള്ള അധികാരം | 141 |


ആർഡർ XIX

## സത്യവാങ്മൂലങ്ങൾ


| | | |
|---|---|---|
| 1. | ഏതെങ്കിലും വസ്തുത സത്യവാങ്മൂലം വഴി തെളിയിക്കാൻ ഉത്തരവു ചെയ്യാനുള്ള അധികാരം | 141 |
| 2. | സത്യവാങ്മൂലം കൊടുക്കുന്ന ആൾ എതിർ വിസ്താരത്തിന് ഹാജരാകണമെന്ന് ഉത്തരവ് ചെയ്യാനുള്ള അധികാരം | 141 |
| 3. | സത്യവാങ്മൂലങ്ങൾ ഏതു വിഷയങ്ങളിൽ ഒതുങ്ങി നിൽക്കണമെന്ന് | 142 |


ഓർഡർ XX

## വിധിന്യായവും വിധിയും


| | | |
|---|---|---|
| 1. | വിധിന്യായം പ്രസ്താവിക്കുന്നത് എപ്പോഴാണ് | 142 |
| 2. | ജഡ്ജിയുടെ മുൻഗാമി എഴുതിയ വിധിന്യായം പ്രസ്താവിക്കാനുള്ള അധികാരം | 143 |
| 3. | വിധിന്യായം ഒപ്പിടേണ്ടതാണെന്ന് | 143 |
| 4. | (1) സ്മാൾകാസ് കോടതികളുടെ വിധിന്യായങ്ങൾ | 143 |
| | (2) മററു കോടതികളുടെ വിധിന്യായങ്ങൾ | 143 |
| 5. | കോടതി ഓരോ വിവാദ്യകത്തിൻമേലുള്ള തീരുമാനം പ്രസ്താവിക്കണമെന്ന് | 143 |
| 5ക. | കക്ഷികൾ പ്ലീഡർമാരാൽ പ്രതിനിധാനം ചെയ്യപ്പെടാത്ത കേസ്സുകളിൽ, കോടതി അപ്പീൽ ഉണ്ടായിരിക്കുന്നത് എവിടെയാണെന്ന് കക്ഷികളെ അറിയിക്കണമെന്ന് | 143 |
| 6. | വിധിയുടെ ഉള്ളടക്കം | 143 |
| 6ക. | വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക, അനുവദിക്കപ്പെടുന്ന നിവർത്തികൾ കണിശമായ പദങ്ങളിൽ പ്രസ്താവിക്കണമെന്ന് | 144 |
| 6ഖ. | ടൈപ്പ് ചെയ്ത വിധി ന്യായങ്ങളുടെ പകർപ്പുകൾ എപ്പോൾ ലഭ്യമാക്കണമെന്ന് | 144 |
| 7. | വിധിയുടെ തീയതി | 145 |
| 8. | വിധി ഒപ്പിടുന്നതിനു മുമ്പ് ജഡ്ജി, ഉദ്യോഗമൊഴിയുന്നിടത്തുള്ള നടപടിക്രമം | 143 |
| 9. | സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിനുള്ള വിധി | 145 |
| 10. | ജംഗമവസ്തുവിന്റെ ഡലിവറിക്കുള്ള വിധി | 145 |
| 11. | (1) വിധിക്ക് ഗഡുക്കളായി പണം കൊടുക്കാൻ നിർദ്ദേശിക്കാമെന്ന് | 145 |
| | (2) ഗഡുക്കളായി പണം കൊടുക്കുന്നതിന് വിധിക്കുശേഷമുള്ള ഉത്തരവ് | 145 |

ങ്ങൾ | | പേജ്
---|---|---
12. | കൈവശത്തിനും ഇടക്കാല ലാഭത്തിനുമുള്ള വിധി | 145
12ക. | സ്ഥാവരവസ്തുവിന്റെ വിൽപനക്കോ പാട്ടത്തിനുള്ള (വാടകയ്ക്കുള്ള) ഏ ൽ പ്പി നേ ാ കാൺട്രാക്ടിന്റെ വിനിർദ്ദിഷ്ട നിർവഹണത്തിനുള്ള വിധി | 146
13. | അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ വിധി | 146
14. | അഗ്രക്രയാവകാശ വ്യവഹാരത്തിലെ വിധി | 147
15. | പങ്കാളിത്തം വിഘടനം ചെയ്യാനുള്ള വ്യവഹാരത്തിലെ വിധി | 147
16. | പ്രിൻസിപ്പലും ഏജൻറും തമ്മിലെ കണക്കിനുള്ള വ്യവഹാരത്തിലെ വിധി | 148
17. | കണക്കുകൾ സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ | 148
18. | വസ്തു ഭാഗിക്കുന്നതിനോ അതിലെ ഒരു ഓഹരിയുടെ വേർതിരിച്ചുള്ള കൈവശത്തിനോ ഉള്ള വ്യവഹാരത്തിലെ വിധി | 148
19. | (1) തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ അനുവദിക്കുമ്പോഴുള്ള വിധി | 148
 | (2) തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ സംബന്ധിച്ച വിധിയിൽ നിന്നുള്ള അപ്പീൽ | 149
20. | വിധിന്യായത്തിന്റേയും വിധിയുടേയും സർട്ടിഫൈ ചെയ്ത പകർപ്പുകൾ നൽകണമെന്ന് | 149


## ആർഡർ XX (ക)

### കോടതിച്ചെലവ്


| | | |
|---|---|---|
1. | (1) ചില ഇനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ | 149
 | (2) കോടതിച്ചെലവ്, ഹൈകോടതി ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കണമെന്ന് | 149


## ആർഡർ XXI

### വിധികളുടെയും ഉത്തരവുകളുടേയും നടത്തൽ വിധിക്കുകീഴിൽ പണം കൊടുക്കുന്നത്


| | | |
|---|---|---|
1. | വിധിക്കുകീഴിൽ പണം കൊടുക്കുന്ന സമ്പ്രദായങ്ങൾ | 150
2. | വിധിയുടമയ്ക്ക് കോടതി മുഖേന അല്ലാതെ പണം കൊടുക്കുന്നത് | 151


### വിധികൾ നടത്തുന്ന കോടതികൾ


| | | |
|---|---|---|
3. | ഒന്നിലധികം അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഭൂമികൾ | 151
4. | സ്മാൾകാസ്സ കോടതിയിലേക്ക് മാററുന്നത് | 152
5. | മാററലിന്റെ സമ്പ്രദായം | 152
6. | കോടതി, അതിന്റെ സ്വന്തംവിധി മറെറാരു കോടതിയാൽ നടത്തണമെന്ന് ആഗ്രഹിക്കുന്നിടത്തുള്ള നടപടിക്രമം | 152
7. | വിധിയുടെ പകർപ്പ് മുതലായവ കിട്ടുന്ന കോടതി, അവ തെളിയിക്കപ്പെടൽ കൂടാതെ ഫയൽ ചെയ്യണമെന്ന് | 152
8. | വിധിയോ ഉത്തരവോ ഏതു കോടതിക്കാണോ, അയച്ചുകൊടുക്കുന്നത് ആ കോടതി അതു നടത്തുന്നത് | 153
9. | ഹൈക്കോടതി മററു കോടതി മാററുന്ന വിധി നടത്തുന്നത് നടത്തലിനുള്ള അപേക്ഷ | 153
10. | നടത്തലിനുള്ള അപേക്ഷ | 153
11. | (1) വാക്കാൽ അപേക്ഷ | 153

ചട്ടങ്ങൾ പേജ്

(2) ലിഖിതമായ അപേക്ഷ

11ക. അറസ്ററിനുള്ള അപേക്ഷ കാരണങ്ങൾ പ്രസ്താവിക്കണമെന്ന് 154
12. വിധിക്കടക്കാരന്റെ കൈവശമില്ലാത്ത ജംഗമ വസ്തുവിന്റെ ജപ്തിക്കുള്ള അപേക്ഷ 154
13. സ്ഥാവര വസ്തുവിന്റെ ജപ്തിക്കുള്ള അപേക്ഷയിൽ ചില വിവരങ്ങൾ അടങ്ങിയിരിക്കണമെന്ന് 154
14. ചില സംഗതിയിൽ കലക്റുടെ രജിസ്ററിൽ നിന്ന് സർട്ടിഫൈ ചെയ്ത എക്സ്ട്രാററുകൾ ആവശ്യപ്പെടുന്നതിനുള്ള അധികാരം 155
15. നടത്തലിന് കൂട്ടുവിധി ഉടമയാലുള്ള അപേക്ഷ 155
16. നടത്തലിന്, വിധി കൈമാററം വാങ്ങുന്ന ആളാലുള്ള അപേക്ഷ 155
17. വിധി നടത്തലിനുള്ള അപേക്ഷ കിട്ടുന്നതിൻ മേലുള്ള നടപടിക്രമം 156
18. എതിർവിധികളുടെ സംഗതിയിലെ നടത്തൽ 156
19. ഒരേവിധിക്ക് കീഴിലെ എതിർ അവകാശവാദങ്ങളുടെ സംഗതിയിലെ നടത്തൽ 158
20. പണയവ്യവഹാരങ്ങളിലെ എതിർവിധികളും എതിർ അവകാശവാദങ്ങളും 158
21. ഒരേ സമയത്തുള്ള വിധി നടത്തൽ 158
22. ചില സംഗതികളിൽ നടത്തലിനെതിരായി കാരണം കാണിക്കാനുള്ള നോട്ടീസ് 158
22ക. വില്പനയ്ക്കു മുൻപും, എന്നാൽ വില്പനയുടെ വിളംബരം നടത്തിയതിനുശേഷവും, ആയി വിധിക്കടക്കാരൻ മരിച്ചുപോകുന്നതിൻമേൽ വില്പന ദുർബലപ്പെടുത്താൻ പാടില്ലെന്ന് 159
23. നോട്ടീസ് പുറപ്പെടുവിച്ചതിൻ ശേഷമുള്ള നടപടിക്രമം നടത്തലിനുള്ള പ്രോസസ് 159
24. നടത്തലിനുള്ള പ്രോസസ് 159
25. പ്രോസസ്സിനുമേൽ എൻഡോഴ്സ് ചെയ്യുന്നത് നടത്തൽ നിറുത്തി വയ്ക്കുന്നത് 160
26. കോടതിക്ക് എപ്പോൾ നടത്തൽ നിറുത്തിവയ്ക്കാമെന്ന് 160
(3) വിധിക്കടക്കാരനിൽനിന്ന് ജാമ്യം ആവശ്യപ്പെടാനോ അയാളുടെമേൽ ഉപാധികൾ ചുമത്താനോ ഉള്ള അധികാരം 160
27. വിമോചിക്കപ്പെടുന്ന വിധിക്കടക്കാരന്റെ ബാദ്ധ്യത 161
28. വിധി പാസ്സാക്കിയ കോടതിയുടേയോ അപ്പീൽ കോടതിയുടേയോ ഉത്തരവ് ഏതു കോടതിയോടാണോ അപേക്ഷിച്ചിട്ടുള്ളത്, ആ കോടതിയെ സംബന്ധിക്കുമെന്ന് 161
29. വിധി ഉടമയും വിധിക്കടക്കാരനും തമ്മിൽ വ്യവഹാരം നിലവിലിരിക്കെ, നടത്തൽ നിറുത്തിവയ്ക്കുന്നത് നടത്തലിന്റെ സമ്പ്രദായം 161
30. പണം കൊടുക്കുന്നതിനുള്ള വിധി 161
31. വിനിർദ്ദിഷ്ട ജംഗമവസ്തുവിനുള്ള വിധി 161

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 32. | വിനിർദ്ദിഷ്ട നിർവഹണത്തിനോ, ദാമ്പത്യാവകാശങ്ങളുടെ പുനസ്ഥാപനത്തിനോ ഇൻജക്ഷനോ ഉള്ള വിധി | 162 |
| 33. | ദാമ്പത്യാവകാശങ്ങളുടെ പുനസ്ഥാപനത്തിനുള്ള വിധികൾ നടത്തുന്നതിൽ കോടതിക്കുള്ള സ്വവിവേകം ഉപയോഗിക്കുന്നത് | 163 |
| 34. | രേഖ ഒപ്പിട്ട് പൂർത്തീകരിക്കാനോ കൈമാറാവുന്ന പ്രമാണം എൻഡോഴ്സ് ചെയ്യാനോ ഉള്ള വിധി | 164 |
| 35. | സ്ഥാവര വസ്തുവിനുള്ള വിധി | 165 |
| 36. | കുടിയാൻെറ കൈവശത്തിലിരിക്കുമ്പോൾ, സ്ഥാവര വസ്തു ഡെലിവർ ചെയ്യാനുള്ള വിധി അറസ്ററും സിവിൽ കാരാഗ്രഹത്തിലെ തടങ്കലും | 165 |
| 37. | കാരാഗൃഹത്തിലെ തടങ്കലിനെതിരായി കാരണം കാണിക്കാൻ വിധിക്കടക്കാരനെ അനുവദിക്കാൻ സ്വവിവേകം ഉപയോഗിക്കാനുള്ള അധികാരം | 166 |
| 38. | അറസ്ററിനുള്ള വാറൻറ്, വിധിക്കടക്കാരനെ കൊണ്ടുവരാൻ നിർദ്ദേശിക്കേണ്ടതാണെന്ന് | 166 |
| 39. | ഉപജീവന ബത്ത | 166 |
| 40. | വിധിക്കടക്കാരൻ നോട്ടീസ് അനുസരിച്ചുകൊണ്ട് ഹാജരാകുന്നതിൻ മേലോ അറസ്ററിനുശേഷമോ ഉള്ള നടപടികൾ | 167 |
| | **വസ്തുവിൻെറ ജപ്തി** | |
| 41. | വിധിക്കടക്കാരനെ അയാളുടെ വസ്തു സംബന്ധിച്ച് വിസ്തരിക്കുന്നത് | 168 |
| 42. | തുക പിന്നീട് നിശ്ചയിക്കേണ്ടതായ പാട്ടത്തിനോ (വാടകയ്ക്കോ) ഇടക്കാല ലാഭത്തിനോ മററുകാര്യത്തിനോ ഉള്ള വിധിയുടെ സംഗതിയിലെ ജപ്തി | 168 |
| 43. | വിധിക്കടക്കാരൻെറ കൈവശത്തിലുള്ള കാർഷികോല്പന്നങ്ങൾ അല്ലാത്ത ജംഗമ വസ്തുവിൻെറ ജപ്തി | 169 |
| 43ക. | ജംഗമ വസ്തുവിൻെറ സൂക്ഷിപ്പ് | 169 |
| 44. | കാർഷികോല്പന്നത്തിൻെറ ജപ്തി | 170 |
| 45. | ജപ്തിക്കുകീഴിലുള്ള കാർഷികോല്പന്നം സംബന്ധിച്ച വ്യവസ്ഥകൾ | 170 |
| 46. | വിധിക്കടക്കാരൻെറ കൈവശമുള്ളതല്ലാത്ത കടത്തിൻെറയും ഓഹരിയുടെയും മററു വസ്തുവിൻെറയും ജപ്തി | 171 |
| 46ക. | ഗാർണിഷിക്കുള്ള നോട്ടീസ് | 171 |
| 46ഖ. | ഗാർണിഷിക്കെതിരായ ഉത്തരവ് | 172 |
| 46ഗ. | തർക്കത്തിലുള്ള പ്രശ്നങ്ങളുടെ വിചാരണ | 172 |
| 46ഘ. | കടം മൂന്നാമന് അവകാശപ്പെട്ടതായിരിക്കുന്നിടത്തുള്ള നടപടി ക്രമം | 172 |
| 46ങ. | മൂന്നാമനെ സംബന്ധിച്ച ഉത്തരവ് | 173 |
| 46ച. | ഗാർണിഷിയാലുള്ള ഒടുക്കു സാധുവായ ബാദ്ധ്യത തീർക്കലായിരിക്കുമെന്ന് | 173 |
| 46ഛ. | കോടതിച്ചെലവ് | 173 |
| 46ജ. | അപ്പീലുകൾ | 173 |
| 46ത്ധ. | കൈമാറാവുന്ന പ്രമാണങ്ങൾക്കുള്ള ബാധകത | 173 |
| 47. | ജംഗമങ്ങളിലെ ഓഹരിയുടെ ജപ്തി | 173 |
| 48. | ഗവൺമെൻറിൻെറയോ റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാര സ്ഥാനത്തിൻെറയോ ജീവനക്കാരൻെറയോ ശമ്പളത്തിൻെറയോ ബത്തകളുടെയോ ജപ്തി | 174 |

| ട്ടങ്ങൾ | | പേജ് |
|---|---|---|
| 48ക. | സ്വകാര്യ ജോലിക്കാരുടെ ശംമ്പളത്തിൻേറയും ബത്തകളുടേയും ജപ്തി | 175 |
| 49. | പങ്കാളിത്ത വസ്തുവിൻെറ ജപ്തി | 176 |
| 50. | ഫേമിനെതിരായ വിധിയുടെ നടത്തൽ | 177 |
| 51. | കൈമാററാവുന്ന പ്രമാണങ്ങളുടെ ജപ്തി | 177 |
| 52. | കോടതിയുടേയോ പബ്ലിക് ഉദ്യോഗസ്ഥൻെറയോ കസ്ററടിയിലുള്ള വസ്തുവിൻെറ ജപ്തി | 178 |
| 53. | വിധികളുടെ ജപ്തി | 178 |
| 54. | സ്ഥാവരവസ്തുവിൻെറ ജപ്തി | 179 |
| 55. | വിധികാര്യം തീർന്നതിനുശേഷം ജപ്തി നീക്കം ചെയ്യുന്നത് | 180 |
| 56. | നാണയമോ കറൻസി നോട്ടുകളോ വിധിക്കു കീഴിൽ അവകാശപ്പെട്ട കക്ഷിക്കു കൊടുക്കാനുള്ള ഉത്തരവ് | 180 |
| 57. | ജപ്തി അവസാനിപ്പിക്കുന്നത് അവകാശവാദങ്ങളുടെയും ആക്ഷേപങ്ങളുടെയും ന്യായനിർണ്ണയം | 180 |
| 58. | വസ്തുവിനുള്ള അവകാശവാദങ്ങളും വസ്തുവിൻെറ ജപ്തിക്കുള്ള ആക്ഷേപങ്ങളും ന്യായനിർണ്ണയം ചെയ്യുന്നത് | 180 |
| 59. | വില്പന നിറുത്തി വയ്ക്കൽ | 181 |
| 50. | സിവിൽ നടപടി നിയമസംഹിത (ഭേദഗതി) ആക്ററ് 1976-നാൽ (1976-ലെ 104) വിട്ടുകളയപ്പെട്ടു | 182 |
| 61. | .................. ,, ,, ,, ,, | |
| 62. | .................. ,, ,, ,, ,, | |
| 63. | .................. ,, ,, ,, ,, | |
| 64. | ജപ്തി ചെയ്യപ്പെട്ട വസ്തു വിൽക്കാനും, വിററുകിട്ടിയത് അവകാശപ്പെട്ട ആരംക്ക് കൊടുക്കാനും ഉത്തരവു ചെയ്യാനുള്ള അധികാരം | 182 |
| 65. | വില്പനകരം നടത്തുന്നത് ആരെന്നും എങ്ങനെയെന്നും | 182 |
| 66. | പരസ്യലേലം വഴിയുള്ള വില്പനകരം വിളംബരം ചെയ്യുന്നത് | 182 |
| 67. | വിളംബരം ചെയ്യുന്ന സമ്പ്രദായം | 183 |
| 68. | വില്പനയുടെ സമയം | 184 |
| 69. | വില്പന നീട്ടിവയ്ക്കുകയോ നിറുത്തുകയോ ചെയ്യുന്നത് | 184 |
| 70. | ചില വില്പനകരം ഒഴിവാക്കൽ [സിവിരം നടപടി നിയമസംഹിത (ഭേദഗതി) ആക്ററ്, 1956 (1956-ലെ LXVI)-നാൽ വിട്ടുകളയപ്പെട്ടു.] | 184 |
| 71. | വീഴ്ചവരുത്തുന്ന ക്രേതാവ് പുനർവില്പനയിലെ നഷ്ടത്തിന് ഉത്തരവാദിയായിരിക്കുമെന്ന് | 184 |
| 72. | വിധി ഉടമ അനുവാദം കൂടാതെ വസ്തുവിനു ലേലത്തിൽ വിളി കേരംക്കുകയോ അതു വാങ്ങുകയോ ചെയ്യാൻ പാടില്ലെന്ന് | 184 |
| | 2. വിധി വാങ്ങുന്നിടത്ത്, വിധി സംഖ്യ കൊടുക്കുന്ന പണമായി കണക്കാക്കാമെന്ന് | 185 |
| 72ക. | പണയഗൃഹീതാവ് കോടതിയുടെ അനുമതി കൂടാതെ വില്പനയിൽ ലേലത്തിൽ വിളി കേരംക്കാൻ പാടുള്ളതല്ലെന്ന്. | 185 |

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 73. | ഉദ്യോഗസ്ഥൻമാർ ലേലത്തിൽ വിളി കേൾക്കുകയോ വാങ്ങുകയോ ചെയ്യുന്നതിൻമേലുള്ള പരിമിതി ജംഗമ വസ്തുവിൻെറ വിൽപ്പന | 185 |
| 74. | കാർഷികോൽപ്പന്നത്തിൻെറ വില്പന | 186 |
| 75. | വളരുന്ന വിളകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ | 186 |
| 76. | കൈമാററാവുന്ന പ്രമാണങ്ങളും ഏകാംഗ യോഗങ്ങളിലെ ഓഹരികളും | 186 |
| 77. | പരസ്യമായ ലേലംവഴിയുള്ള വില്പന | 187 |
| 78. | ക്രമക്കേട് വില്പനയെ അസാധുവാക്കുകയില്ലെന്നും, എന്നാൽ ക്ഷതം ഉളവായിട്ടുള്ള ഏതെങ്കിലും ആൾക്ക് വ്യവഹാരം കൊടുക്കാമെന്നും | 187 |
| 78. | ജംഗമ വസ്തുവിൻെറയും കടങ്ങളുടെയും ഓഹരികളുടെയും ഡെലിവറി | 187 |
| 80. | കൈമാററാവുന്ന പ്രമാണങ്ങളുടെയും ഓഹരികളുടെയും കൈമാററം | 188 |
| 81. | മററു വസ്തുവിൻെറ സംഗതിയിലുള്ള നിക്ഷിപ്തമാക്കൽ ഉത്തരവ് | 188 |
| | **സ്ഥാവര വസ്തുവിൻെറ വില്പന** | |
| 82. | ഏതു കോടതികൾക്ക് വില്പനകൾ ഉത്തരവു ചെയ്യാവുന്നതാണെന്ന് | 188 |
| 83. | വിധിസംഖ്യ ഉണ്ടാക്കാൻ വിധ്ക്കടക്കാരന് കഴിവുണ്ടാക്കാനായി വില്പന നീട്ടിവയ്ക്കുന്നത് | 188 |
| 84. | ക്രേതാവിനാലുള്ള ഡെപ്പോസിററും വീഴ്ച വരുത്തിയാലുള്ള പുനർ വില്പനയും | 189 |
| 85. | ക്രയസംഖ്യ മുഴുവൻ കൊടുക്കാനുള്ള സമയം | 189 |
| 86. | ഒടുക്കാൻ വീഴ്ച വരുത്തിയാലുള്ള നടപടിക്രമം | 190 |
| 87. | പുനർവില്പനയിൻമേലുള്ള വിജ്ഞാപനം | 190 |
| 88. | കൂട്ട് ഓഹരിക്കാരൻെറ വിളികേൾക്കലിന് മുൻഗണന വേണമെന്ന് | 190 |
| 89. | ഡെപ്പോസിററിൻമേൽ വില്പന ദുർബലപ്പെടുത്താനുള്ള അപേക്ഷ | 190 |
| 90. | ക്രമക്കേടിൻെറയോ വഞ്ചനയുടേയോ കാരണത്തിൻമേൽ വില്പന ദുർബലപ്പെടുത്താനുള്ള അപേക്ഷ | 191 |
| 91. | വിധിക്കടക്കാരന് വില്ക്കപ്പെടാവുന്ന അവകാശം ഇല്ലെന്നുള്ള കാരണത്തിൻമേൽ, വില്പന ദുർബലപ്പെടുത്താൻ ക്രേതാവിൻെറ അപേക്ഷ | 191 |
| 92. | വില്പന പരിപൂർണ്ണമാകുന്നതോ ദുർബലപ്പെടുത്തേണ്ടതോ എപ്പോഴെന്ന് | 191 |
| 93. | ചില സംഗതികളിൽ ക്രയസംഖ്യ മടക്കുന്നത് | 192 |
| 94. | ക്രേതാവിനുള്ള സർട്ടിഫിക്കററ് | 192 |
| 95. | വിധിക്കടക്കാരൻെറ കൈവശത്തിലുള്ള വസ്തുവിൻെറ ഡെലിവറി | 192 |
| 96. | കുടിയാൻെറ കൈവശമുള്ള വസ്തുവിൻെറ ഡെലിവറി [വിധി ഉടമയ്ക്കോ ക്രേതാവിനോ കൈവശം ഡെലിവർ ചെയ്യുന്നതിലുള്ള ചെറുപ്പ്] | 193 |

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 97. | സ്ഥാവര വസ്തു കൈവശമെടുക്കുന്നതിനുള്ള ചെറുപ്പോ തടസ്സമോ | 193 |
| 98. | ന്യായ നിർണ്ണയത്തിനു ശേഷമുള്ള ഉത്തരവുകൾ | 193 |
| 99. | വിധി ഉടമയാലോ ക്രേതാവിനാലോ കൈവശത്തിൽ നിന്ന് നീക്കം ചെയ്യപ്പെടൽ | 194 |
| 100. | കൈവശത്തിൽ നിന്നുള്ള നീക്കം ചെയ്യലിനെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ടുള്ള അപേക്ഷയിൻമേൽ പാസ്സാക്കേണ്ട ഉത്തരവ് | 194 |
| 101. | തീർപ്പിക്കേണ്ട പ്രശ്നം | 194 |
| 102. | വ്യവഹാരം നിലവിലിരിക്കുമ്പോൾ കൈമാററം വാങ്ങുന്ന ആൾക്ക് ചട്ടങ്ങൾ ബാധകമല്ലെന്ന് | 194 |
| 103. | ഉത്തരവുകൾ വിധികളായി കണക്കാക്കപ്പെടണമെന്ന് | 194 |
| 104. | 101-ാം ചട്ടത്തിനോ 103-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ്, നിലവിലുള്ള വ്യവഹാരത്തിന്റെ ഫലത്തിന് വിധേയമായിരിക്കുമെന്ന് | 195 |
| 105. | അപേക്ഷയുടെ ഹീയറിംഗ് | 195 |
| 106. | എക്സ്പാർട്ടിയായി പാസ്സാക്കുന്ന ഉത്തരവുകൾ ദുർബലപ്പെടുത്തുന്നതും മററും | 195 |


## ആർഡർ XXII

### കക്ഷികളുടെ മരണവും വിവാഹവും നിർദ്ധനത്വവും


| | | |
|---|---|---|
| 1. | വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുന്നുവെങ്കിൽ കക്ഷിയുടെ മരണത്താൽ ഉപശമനമില്ലെന്ന് | 196 |
| 2. | പല വാദികളിലോ പല പ്രതികളിലോ ഒരാൾ മരിക്കുകയും വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുകയും ചെയ്യുന്നിടത്തുള്ള നടപടിക്രമം | 196 |
| 3. | പല വാദികളിൽ ഒരാളുടേയോ അല്ലെങ്കിൽ ഒരേ ഒരു വാദിയുടേയോ മരണത്തിന്റെ സംഗതിയിലെ നടപടിക്രമം | 196 |
| 4. | പല പ്രതികളിൽ ഒരാളുടേയോ അല്ലെങ്കിൽ ഒരേയൊരു പ്രതിയുടെയോ മരണത്തിന്റെ സംഗതിയിലെ നടപടിക്രമം | 196 |
| 4ക. | നിയമാനുസൃത പ്രതിനിധി ഇല്ലാത്തിടത്തുള്ള നടപടിക്രമം | 197 |
| 5. | നിയമാനുസൃത പ്രതിനിധിയെക്കുറിച്ചുള്ള പ്രശ്നത്തിന്റെ തീർപ്പ് | 198 |
| 6. | ഹീയറിംഗിനുശേഷമുള്ള മരണം കാരണമായി ഉപശമനമില്ലെന്ന് | 198 |
| 7. | പെൺകക്ഷിയുടെ വിവാഹത്താൽ വ്യവഹാരം ഉപശമിക്കുന്നതല്ലെന്ന് | 198 |
| 8. | (1) വാദിയുടെ നിർദ്ധനത്വം വ്യവഹാരത്തിനുതടസ്സമാകുന്നത് എപ്പോഴെന്ന് | 199 |
| | (2) തീറുകാരൻ വ്യവഹാരം തുടരാതെയിരിക്കുകയോ ജാമ്യം നൽകാതിരിക്കുകയോ ചെയ്യുന്നതിൻമേലുള്ള നടപടിക്രമം | 199 |
| 9. | ഉപശമനത്തിന്റേയോ തള്ളിക്കളയലിന്റേയോ പ്രഭാവം | 199 |
| 10. | വ്യവഹാരത്തിലെ അവസാന ഉത്തരവിനു മുൻപുള്ള തീറിന്റെ സംഗതിയിലെ നടപടിക്രമം | 199 |

ട്ടങ്ങൾ പേജ്

10ക. കക്ഷിയുടെ മരണം, കോടതിയെ അറിയിക്കാനുള്ള പ്ലീഡറുടെ കർത്തവ്യം 200
11. അപ്പീലുകൾക്ക് ആർഡറിന്റെ ബാധകത 200
12. നടപടികൾക്ക് ആർഡറിന്റെ ബാധകത 200

ആർഡർ XXIII

വ്യവഹാരങ്ങൾ പിൻവലിക്കുന്നതും ഒത്തുതീരുന്നതും

1. വ്യവഹാരം പിൻവലിക്കുന്നതോ അവകാശവാദത്തിന്റെ ഭാഗം ഉപേക്ഷിക്കുന്നതോ 200
1.ക. പ്രതികളെ വാദികളായി സ്ഥാനം മാററിചേർക്കാൻ അനുവദിക്കാവുന്നത് എപ്പോഴെന്ന് 201
2. കാലഹരണ നിയമത്തെ ഒന്നാമത്തെ വ്യവഹാരം ബാധിക്കുകയില്ലെന്ന് 201
3. വ്യവഹാരത്തിന്റെ രാജി 201
3ക. വ്യവഹാര തടസ്സം 202
3ഖ. കോടതിയുടെ അനുമതി കൂടാതെ പ്രാതിനിധ്യ സ്വഭാവമുള്ള ഒരു വ്യവഹാരത്തിൽ കരാറിലോ രാജിയിലോ ഏർപ്പെടാൻപാടില്ലെന്ന് 202
4. വിധികളുടെ നടത്തിപ്പിലെ നടപടികളെ ബാധിക്കുകയില്ലെന്ന് 202

ആർഡർ XXIV

കോടതിയിൽ ഒടുക്കൽ

1. പ്രതി അവകാശവാദത്തിന്റെ കാര്യം തീരുന്നതിലേക്കു തുക നിക്ഷേപിക്കുന്നത് 203
2. നിക്ഷേപത്തെക്കുറിച്ചുള്ള നോട്ടീസ് 203
3. നോട്ടീസിനുശേഷം വാദിക്ക് നിക്ഷേപത്തിനുമേൽ പലിശ അനുവദിക്കുന്നതല്ലെന്ന് 203
4. (1) വാദി നിക്ഷേപത്തുക ഭാഗികമായ കാര്യം തീരലെന്ന നിലയിൽ സ്വീകരിക്കുന്നിടത്തുള്ള നടപടിക്രമം 203
(2) അയാൾ അത് പൂർണ്ണമായ കാര്യം തീരലെന്ന നിലയിൽ സ്വീകരിക്കുന്നിടത്തുള്ള നടപടിക്രമം 203

ആർഡർ XXV

കോടതിച്ചെലവിനുള്ള ജാമ്യം

1. വാദിയിൽ നിന്ന് കോടതിച്ചെലവിന് ജാമ്യം ആവശ്യപ്പെടാവുന്നത് എപ്പോഴെന്ന് 204
2. ജാമ്യം നൽകാതിരിക്കുന്നതിന്റെ ഫലം 205

## ആർഡർ XXVI
## കമ്മീഷനുകൾ

### സാക്ഷികളെ വിസ്തരിക്കാനുള്ള കമ്മീഷനുകൾ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | കോടതിക്ക് ഏതു് സംഗതികളിൽ സാക്ഷികളെ വിസ്തരിക്കാൻ കമ്മീഷൻ പുറപ്പെടുവിക്കാമെന്ന് | 205 |
| 2. | കമ്മീഷനുള്ള ഉത്തരവ് | 205 |
| 3. | സാക്ഷി, കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസമുള്ളിടത്ത് | 206 |
| 4. | ഏതാളുകളുടെ വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കാമെന്ന് | 206 |
| 5. | ഇൻഡ്യക്കുള്ളിലുള്ളതല്ലാത്ത സാക്ഷിയെ വിസ്തരിക്കുന്നതിനുള്ള കമ്മീഷനോ അപേക്ഷയോ | 206 |
| 6. | കമ്മീഷൻ അനുസരിച്ച് കോടതി സാക്ഷിയെ വിസ്തരിക്കണമെന്ന് | 206 |
| 7. | സാക്ഷികളുടെ മൊഴികൾ സഹിതം കമ്മീഷൻ മടക്കുന്നത് | 207 |
| 8. | മൊഴികൾ എപ്പോൾ തെളിവിൽ വായിക്കാമെന്ന് | |
| | സ്ഥലത്തു ചെന്നുള്ള അന്വേഷണത്തിനുള്ള കമ്മീഷനുകൾ | 207 |
| 9. | സ്ഥലത്തു ചെന്ന് അന്വേഷണം നടത്തുന്നതിനുള്ള കമ്മീഷനുകൾ | 207 |
| 10. | (1) കമ്മീഷണറുടെ നടപടിക്രമം | 207 |
| 10. | (2) റിപ്പോർട്ടും മൊഴികളും വ്യവഹാരത്തിൽ തെളിവായിരിക്കുന്നതാണെന്ന് | 208 |
| 10. | (3) കമ്മീഷണറെ വ്യക്തിപരമായി വിസ്തരിക്കാവുന്നതാണെന്ന്—ശാസ്ത്രീയമായ അന്വേഷണത്തിനും ക്ലാർക്കിൻേറതായ കൃത്യത്തിൻെറ നിർവ്വഹണത്തിനും ജംഗമ വസ്തുവിൻെറ വില്പനയ്ക്കും ഉള്ള കമ്മീഷനുകൾ | 208 |
| 10ക. | ശാസ്ത്രീയ അന്വേഷണത്തിനുള്ള കമ്മീഷൻ | 208 |
| 10ഖ. | ക്ലാർക്കിൻേറതായ ഒരു കൃത്യത്തിൻെറ നിർവ്വഹത്തിനുള്ള കമ്മീഷൻ | 208 |
| 10ഗ. | ജംഗമ വസ്തുവിൻെറ വില്പനയ്ക്കുള്ള കമ്മീഷൻ | 209 |
| | കണക്കുകൾ പരിശോധിക്കുന്നതിനുള്ള കമ്മീഷനുകൾ | |
| 11. | കണക്കുകൾ പരിശോധിക്കുകയോ പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള കമ്മീഷൻ | 209 |
| 12. | (1) കമ്മീഷണർക്ക് കോടതി ആവശ്യമായ ആദേശങ്ങൾ നൽകണമെന്ന് | 209 |
| | (2) നടപടികളും റിപ്പോർട്ടും തെളിവായിരിക്കുമെന്ന് | 209 |
| | ഭാഗങ്ങൾ ചെയ്യാനുള്ള കമ്മീഷനുകൾ | |
| 13. | സ്ഥാവരവസ്തു ഭാഗിക്കുന്നതിനുള്ള കമ്മീഷൻ | 210 |
| 14. | കമ്മീഷണറുടെ നടപടിക്രമം, | 210 |
| | സാമാന്യ വ്യവസ്ഥകൾ | |
| 15. | കമ്മീഷൻ ചെലവുകൾ കോടതിയിൽ ഒടുക്കണമെന്ന് | 210 |

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 16. | കമ്മീഷണർമാരുടെ അധികാരങ്ങൾ | 211 |
| 16ക. | കമ്മീഷണറുടെ മുൻപാകെ ആക്ഷേപം ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ | 211 |
| 17. | കമ്മീഷണറുടെ മുൻപാകെ സാക്ഷികൾ ഹാജരാകുന്നതും വിസ്തരിക്കപ്പെടുന്നതും | 211 |
| 18. | കക്ഷികൾ കമ്മീഷണറുടെ മുൻപാകെ ഹാജരാകണമെന്ന് | 212 |
| 18ക. | ആർഡർ നടത്തൽ നടപടികൾക്ക് ബാധകമാകുന്നത് | 212 |
| 18ഖ. | കമ്മീഷൻ മടക്കാൻ കോടതി ഒരു സമയം നിജപ്പെടുത്തണമെന്ന് | 212 |
| | വിദേശ ട്രിബ്യൂണലുകളുടെ അഭ്യർത്ഥനയിൻമേൽ പുറപ്പെടുവിക്കുന്ന കമ്മീഷനുകൾ | |
| 19. | സാക്ഷിയെ ഏതു സംഗതികളിലാണ് വിസ്തരിക്കാൻ ഹൈക്കോടതിക്ക് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതെന്ന് | 212 |
| 20. | കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അപേക്ഷ | 213 |
| 21. | കമ്മീഷൻ ഏതു് ആൾ പേർക്ക് പുറപ്പെടുവിക്കാമെന്ന് | 213 |
| 22. | കമ്മീഷനുകളുടെ പുറപ്പെടുവിക്കലും, നിർവഹണവും മടക്കലും വിദേശക്കോടതിക്ക് തെളിവ് എത്തിച്ചുകൊടുക്കലും | 213 |


## ആർഡർ XXVII

## ഗവൺമെൻറിനാലോ അതിനെതിരായോ അല്ലെങ്കിൽ തങ്ങളുടെ ഔദ്യോഗിക നിലയിൽ പബ്ലിക്ക് ഉദ്യോഗസ്ഥൻമാരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ


| | | |
|---|---|---|
| 1. | ഗവൺമെൻറിനാലോ അതിനെതിരായോ ഉള്ള വ്യവഹാരങ്ങൾ | 214 |
| 2. | ഗവൺമെൻറിനുവേണ്ടി പ്രവർത്തിക്കാൻ പ്രാധികാരപ്പെടുത്തുന്ന ആളുകൾ | 214 |
| 3. | ഗവൺമെൻറിനാലോ, അതിനെതിരായോ ഉള്ള വ്യവഹാരങ്ങളിലെ അന്യായങ്ങൾ | 214 |
| 4. | പ്രോസസ്സ് സ്വീകരിക്കാൻ ഗവൺമെൻറിനുള്ള ഏജൻറ് | 214 |
| 5. | ഗവൺമെൻറിനുവേണ്ടി ഹാജരാകുന്നതിന് ദിവസം നിജപ്പെടുത്തുന്നത് | 214 |
| 5ക. | പബ്ലിക് ഉദ്യോഗസ്ഥനെതിരായി വ്യവഹാരത്തിൽ ഗവൺമെൻറിനെ ഒരു കക്ഷിയായി ചേർക്കണമെന്ന് | 214 |
| 5ഖ. | ഗവൺമെൻറിനോ ഒരു പബ്ലിക് ഉദ്യോഗസ്ഥനോ എതിരായുള്ള വ്യവഹാരങ്ങളിൽ ഒരു ഒത്തുതീർപ്പിൽ എത്തുന്നതിന് സഹായിക്കാനുള്ള കോടതിയുടെ കർത്തവ്യം | 215 |
| 6. | ഗവൺമെൻറിനെതിരായുള്ള വ്യവഹാരം സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുന്ന ആൾ സന്നിഹിതനാകുന്നത് | 215 |
| 7. | ഗവൺമെൻറിലേക്ക് റഫർ ചെയ്യുന്നതിന് പബ്ലിക്ക് ഉദ്യോഗസ്ഥന് കഴിവുണ്ടാക്കാൻ സമയം നീട്ടി കൊടുക്കുന്നത് | 215 |
| 8. | പബ്ലിക്ക് ഉദ്യോഗസ്ഥന് എതിരായ വ്യവഹാരങ്ങളിലെ നടപടിക്രമം | 215 |

ചട്ടങ്ങൾ പേജ്

8ക. ചില സംഗതികളിൽ ഗവൺമെൻറിൽ നിന്നോ പബ്ലിക്ക് ഉദ്യോഗസ്ഥനിൽ നിന്നോ ജാമ്യം ആവശ്യപ്പെടരുതെന്ന് 216
8ഖ. ''ഗവൺമെൻറിനും, ഗവൺമെൻറ് പ്ലീഡർക്കു'' മുള്ള നിർവചനങ്ങൾ 216

ആർഡർ XXVII (ക)

ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രമാണത്തിൻെറ സാധുത സംബന്ധിച്ചോ ഉള്ള സാരവത്തായ നിയമപ്രശ്ന ങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരങ്ങൾ

1. അററോർണി ജനറലിനോ അഡ്വക്കേററ് ജനറലിനോ ഉള്ള നോട്ടീസ് 216
1ക. ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രമാണത്തിൻെറ സാധുത ഉൾക്കൊള്ളുന്ന വ്യവഹാരത്തിലെ നടപടിക്രമം 217
2. കോടതിക്ക് ഗവൺമെൻറിന് കക്ഷിയായി ചേർക്കാമെന്ന് 217
2ക. ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രമാണത്തിൻെറ സാധുതയെ സംബന്ധിച്ച ഒരു വ്യവഹാരത്തിൽ, ഗവൺമെൻറിനേയോ മററു അധികാര സ്ഥാനത്തേയോ ഒരു പ്രതിയായി ചേർക്കാനുള്ള കോടതിയുടെ അധികാരം 217
3. കോടതിച്ചെലവ് 217
4. അപ്പീലുകൾക്ക് ആർഡറിൻെറ ബാധകത 218

ആർഡർ XXVIII

സൈനികരാലോ നാവികരാലോ വൈമാനികരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ

1. അവധി ലഭിക്കാൻ കഴിയാത്ത ആഫീസർമാർക്കോ പട്ടാളക്കാർക്കോ നാവികർക്കോ അല്ലെങ്കിൽ വൈമാനികർക്കോ, തങ്ങൾക്കുവേണ്ടി വ്യവഹാരപ്പെടാനോ പ്രതിവാദം നടത്താനോ ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്താമെന്ന് 218
2. അപ്രകാരം പ്രാധികാരപ്പെടുത്തപ്പെടുന്ന ആൾക്ക് നേരിട്ട് പ്രവർത്തിക്കുകയോ പ്ലീഡറെ നിയമിക്കുകയോ ചെയ്യാമെന്ന് 219
3. അപ്രകാരം പ്രാധികാരപ്പെടുത്തപ്പെടുന്ന ആൾക്കോ അയാളുടെ പ്ലീഡർക്കോ നടത്തുന്നത് സാധുവായ നടത്തലാണെന്ന് 219

## ആർഡർ XXIX

### ഏകാംഗ യോഗങ്ങളാലോ അവയ്ക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | പ്ലീഡിങ് പേരെഴുതി ഒപ്പിടുന്നതും സത്യബോധപ്പെടുത്തുന്നതും | 219 |
| 2. | ഏകാംഗ യോഗത്തിനുള്ള നടത്തൽ | 219 |
| 3. | ഏകാംഗ യോഗത്തിന്റെ ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള ഹാജരാകലിന് ആവശ്യപ്പെടാനുള്ള അധികാരം | 219 |


## ആർഡർ XXX

### ഫേമുകളാലോ, അവർക്ക് എതിരായോ ഉള്ളതും, തങ്ങളുടെ സ്വന്തം നാമമല്ലാത്ത നാമങ്ങളിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആളുകളാലോ അവർക്ക് എതിരായോ ഉള്ളതും ആയ വ്യവഹാരങ്ങൾ


| | | |
|---|---|---|
| 1. | പങ്കാളികൾ ഫേമിന്റെ നാമത്തിൽ വ്യവഹാരപ്പെടുന്നത് | 220 |
| 2. | പങ്കാളികളുടെ പേരുകൾ വെളിപ്പെടുത്തൽ | 220 |
| 3. | നടത്തൽ | 221 |
| 4. | പങ്കാളി മരിച്ചുപോകുന്നതിൻമേൽ വ്യവഹാരപ്പെടാനുള്ള അവകാശം | 221 |
| 5. | നോട്ടീസ് ഏതു നിലയ്ക്കാണ് നടത്തുന്നതെന്ന് | 221 |
| 6. | പങ്കാളി ഹാജരാകുന്നത് | 222 |
| 7. | പങ്കാളികൾ അല്ലാതെ ഹാജരാകേണ്ടതില്ലെന്ന് | 222 |
| 8. | പ്രതിഷേധപൂർവ്വം ഹാജരാകൽ | 222 |
| 9. | കൂട്ടുപങ്കാളികൾ തമ്മിലുള്ള വ്യവഹാരങ്ങൾ | 222 |
| 10. | തന്റെ സ്വന്തം നാമമല്ലാത്ത നാമത്തിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആൾക്ക് എതിരായുള്ള വ്യവഹാരം | 223 |


## ആർഡർ XXXI

### ട്രസ്റ്റികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ


| | | |
|---|---|---|
| 1. | ട്രസ്റ്റികൾ മുതലായവരിൽ നിക്ഷിപ്തമായ വസ്തു സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ഗുണഭോക്താക്കളുടെ പ്രാതിനിധ്യം | 223 |
| 2. | ട്രസ്റ്റികളേയും, എക്സിക്യൂട്ടർമാരേയും അഡ്മിനിസ്ട്രേറ്റർമാരേയും ചേർക്കൽ | 223 |
| 3. | വിവാഹിതയായ വനിതാ എക്സിക്യൂട്ടറുടെ ഭർത്താവ് ചേരേണ്ടതില്ലെന്ന് | 223 |

## ആർഡർ XXXII

## മൈനർമാരാലും ചിത്തഭ്രമം ഉള്ള ആളുകളാലും ഉള്ളതോ അവർക്കെതിരായുള്ളതോ ആയ വ്യവഹാരങ്ങൾ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | മൈനർ ഉററ ബന്ധുവഴി വ്യവഹാരപ്പെടണമെന്ന് | 224 |
| 2. | ഉററ ബന്ധുവില്ലാതെ വ്യവഹാരം ആരംഭിക്കുന്നിടത്ത്, അന്യായം ഫയലിൽനിന്ന് എടുത്തുകളയേണ്ടതാണെന്ന് | 224 |
| 2ക. | ജാമ്യം നൽകണമെന്ന് ഉത്തരവ് ചെയ്യുമ്പോൾ ഉററ ബന്ധു അപ്രകാരം ചെയ്യണമെന്ന് | 224 |
| 3. | മൈനർ പ്രതിക്ക്, കോടതി വ്യവഹാരാർത്ഥകരക്ഷകർത്താവിനെ നിയമിക്കണമെന്ന് | 224 |
| 3ക. | മൈനർക്ക് എതിരായ വിധി അയാളുടെ താൽപ്പര്യങ്ങൾക്ക് ദോഷം സംഭവിച്ചിട്ടില്ലാത്തപക്ഷം ദുർബ്ബലപ്പെടുത്താൻ പാടുള്ളതല്ലെന്ന്. | 225 |
| 4. | ആർക്ക് ഉററ ബന്ധുവായി പ്രവർത്തിക്കുകയോ, ഒരു വ്യവഹാരാർത്ഥകരക്ഷാകർത്താവായി നിയമിക്കപ്പെടുകയോ ചെയ്യാമെന്ന് | 226 |
| 5. | ഉററ ബന്ധുവോ വ്യവഹാരാർത്ഥകരക്ഷാകർത്താവോ മൈനറെ പ്രതിനിധാനം ചെയ്യുന്നത് | 226 |
| 6. | ഉററ ബന്ധുവോ വ്യവഹാരാർത്ഥക രക്ഷാകർത്താവോ വിധിക്ക് കീഴിൽ മൈനർക്കുവേണ്ടി വസ്തു സ്വീകരിക്കുന്നത് | 226 |
| 7. | ഉററ ബന്ധുവിനാലോ വ്യവഹാരാർത്ഥക രക്ഷാകർത്താവിനാലോ ഉള്ള കരാർ അല്ലെങ്കിൽ രാജി | 227 |
| 8. | ഉററ ബന്ധു വിരമിക്കുന്നത് | 228 |
| 9. | ഉററ ബന്ധുവിനെ നീക്കം ചെയ്യൽ | 228 |
| 10. | ഉററ ബന്ധുവിനെ നീക്കം ചെയ്യൽ മുതലായവയിൻമേൽ നടപടികൾ നിറുത്തിവയ്ക്കുന്നത് | 228 |
| 11. | വ്യവഹാരാർത്ഥക രക്ഷാകർത്താവിൻെറ വിരമിക്കലോ നീക്കം ചെയ്യപ്പെടലോ മരണമോ | 228 |
| 12. | മൈനർ വാദിയോ മൈനർ അപേക്ഷകനോ മെജാറിററി എത്തുന്നതിൻമേൽ അനുവർത്തിക്കേണ്ട മാർഗ്ഗം | 229 |
| 13. | മെജാറിററിയെത്തുന്ന മൈനർ കൂട്ടുവാദി വ്യവഹാരം നിരാകരിക്കാൻ ആഗ്രഹിക്കുന്നിടത്ത് | 229 |
| 14. | ന്യായരഹിതമോ അനുചിതമോ ആയ വ്യവഹാരം | 230 |
| 15. | 1 മുതൽ 14 വരെ ചട്ടങ്ങൾ (2ക ചട്ടം ഒഴികെ) ചിത്തഭ്രമമുള്ള ആളുകൾക്ക് ബാധകമാണെന്ന് | 230 |
| 16. | ഒഴിവാക്കൽ | 230 |


## ആർഡർ XXXII (ക)

## കുടുംബത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾ


| | | |
|---|---|---|
| 1. | ആർഡറിൻെറ ബാധകത | 231 |

ചട്ടങ്ങൾ — പേജ്

2. നടപടികൾ സ്വകാര്യമായി നടത്തണമെന്ന് — 231
3. ഒത്തുതീർപ്പിന് പരിശ്രമങ്ങൾ നടത്താനുള്ള കോടതിയുടെ കർത്തവ്യം — 231
4. ക്ഷേമവിദഗ്ദ്ധന്റെ സഹായം — 232
5. വസ്തുതകളെക്കുറിച്ച് അന്വേഷണവിചാരണ നടത്താനുള്ള കർത്തവ്യം — 232
6. "കുടുംബം" അർത്ഥം — 232

ആർഡർ XXXIII

നിസ്വരായ ആളുകളാലുള്ള വ്യവഹാരങ്ങൾ

1. നിസ്വരായ ആളുകൾക്ക് വ്യവഹാരങ്ങൾ ആരംഭിക്കാമെന്ന് — 233
വിശദീകരണം I-ഒരാം — 233
വിശദീകരണം II — 233
വിശദീകരണം III — 233
1 ക. നിസ്വനായ ആളുടെ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അന്വേഷണ വിചാരണ — 233
2. അപേക്ഷയുടെ ഉള്ളടക്കം — 234
3. അപേക്ഷ ബോധിപ്പിക്കൽ — 234
4. (1) അപേക്ഷകനെ വിസ്തരിക്കുന്നത് — 234
(2) ഏജൻറിനാൽ ബോധിപ്പിക്കപ്പെടുന്നു എങ്കിൽ കോടതിക്ക് അപേക്ഷകനെ കമ്മീഷൻ മുഖാന്തിരം വിസ്തരിക്കാൻ ഉത്തരവു ചെയ്യാമെന്ന് — 234
5. അപേക്ഷയുടെ നിരസനം — 234
6. അപേക്ഷകൻ നിസ്വനായ ആൾ ആണെന്നതിനെക്കുറിച്ചുള്ള തെളിവ് സ്വീകരിക്കാനുള്ള ദിവസത്തെക്കുറിച്ചുള്ള നോട്ടീസ് — 235
7. ഹിയറിങ്ങിലെ നടപടിക്രമം — 235
8. അപേക്ഷ സ്വീകരിക്കപ്പെടുന്നുവെങ്കിലുള്ള നടപടിക്രമം — 236
9. നിസ്വനായ ആൾ അല്ലെന്ന് പ്രഖ്യാപിക്കുന്നത് — 236
9ക. പ്രതിനിധാനം ചെയ്യപ്പെടാത്ത നിസ്വനായ ആൾക്ക് കോടതി ഒരു പ്ലീഡറെ വച്ചുകൊടുക്കണമെന്ന് — 236
10. നിസ്വനായ ആൾ വിജയിക്കുന്നിടത്തുള്ള കോടതിച്ചെലവ് — 236
11. നിസ്വനായ ആൾ പരാജയപ്പെടുന്നിടത്തുള്ള നടപടിക്രമം — 237
11ക. നിസ്വനായ ആളുടെ വ്യവഹാരം ഉപശമിക്കുന്നിടത്തുള്ള നടപടിക്രമം — 237
12. കോർട്ടുഫീസ് കൊടുക്കണമെന്നു സ്റേററ് ഗവൺമെൻറിന് അപേക്ഷിക്കാവുന്നതാണ് — 237
13. സ്റേററ് ഗവൺമെൻറ് കക്ഷിയായി കരുതപ്പെടുമെന്ന് — 237
14. കോർട്ടുഫീസിൻെറ തുക വസൂലാക്കുന്നത് — 237
15. അപേക്ഷകനെ നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവദിക്കുന്നതിനു വിസമ്മതിക്കുന്നത്, സദൃശ പ്രകൃതത്തിലുള്ള പിൻ അപേക്ഷയ്ക്ക് തടസ്സമായിരിക്കുമെന്ന് — 237

ചട്ടങ്ങൾ | പേജ്

15ക. കോർട്ടുഫീസ് കൊടുക്കാൻ സമയം അനുവദിക്കുന്നത് 238
16. കോടതിച്ചെലവ് 238
17. നിസ്വനായ ആളാലുള്ള പ്രതിവാദം 238
18. നിസ്വരായ ആളുകൾക്ക് സൗജന്യനിയമ സേവനങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിന് ഗവൺമെൻറിനുള്ള അധികാരം 238


## ആർഡർ XXXIV

## സ്ഥാവരവസ്തുവിൻെറ പണയങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾ


1. പണയം ഒഴിപ്പിക്കൽ നിരോധനത്തിനും, വിൽപ്പനയ്ക്കും പണയം ഒഴിപ്പിക്കലിനുമുള്ള വ്യവഹാരത്തിലെ കക്ഷികൾ 239
2. പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിലെ പ്രാരംഭ വിധി 239
3. പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിലെ അവസാന വിധി 240
4. വില്പനയ്ക്കുള്ള വ്യവഹാരത്തിലെ പ്രാരംഭ വിധി പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിൽ വില്പന വിധിക്കാനുള്ള അധികാരം 241
5. വില്പനയ്ക്കുള്ള വ്യവഹാരത്തിലെ അവസാന വിധി 242
6. വില്പനയ്ക്കുള്ള വ്യവഹാരത്തിൽ പണയപ്രകാരം കിട്ടാനുള്ള ബാക്കി വസൂലാക്കൽ 243
7. ഒഴിപ്പിക്കൽ പണയം വ്യവഹാരത്തിലെ പ്രാരംഭവിധി 243
8. പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ അവസാനവിധി 244
8ക. പണയമൊഴിപ്പിക്കലിനുള്ള വ്യവഹാരത്തിൽ പണയ പ്രകാരം കിട്ടാനുള്ള ബാക്കി വസൂലാക്കൽ 245
9. കൊടുക്കാനുള്ളതായി യാതൊന്നും ഇല്ലെന്നു കാണുന്നിടത്തോ അല്ലെങ്കിൽ പണയഗൃഹിതാവിന് അധികം കൊടുത്തിട്ടുള്ളിടത്തോ ഉള്ള വിധി 246
10. പണയഗൃഹിതാവിൻെറ വിധിക്കുശേഷമുള്ള ചെലവുകൾ 246
10ക. ഇടക്കാലാദായങ്ങൾ കൊടുക്കാൻ പണയഗൃഹിതാവിനോട് നിർദ്ദേശിക്കുവാനുള്ള കോടതിക്കുള്ള അധികാരം 246
11. പലിശ കൊടുക്കൽ 246
12. മുൻപണയത്തിനു വിധേയമായ വസ്തുൻെറ വില്പന 247
13. വിററുകിട്ടിയ തുകയുടെ വിനിയോഗം 247
14. പണയ വസ്തു വില്പനയ്ക്ക് കൊണ്ടുവരുന്നതിന് വില്പനയ്ക്കുള്ള വ്യവഹാരം ആവശ്യമാണെന്ന് 248
15. അവകാശ പത്രങ്ങളുടെ ഡെപ്പോസിററ് വഴിയുള്ള പണയങ്ങളും, ചാർജുകളും 248

## ആർഡർ XXXV

## ഇൻറർപ്ലീഡർ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | ഇൻറർ പ്ലീഡർ വ്യവഹാരത്തിലെ അന്യ്വയം | 248 |
| 2. | അവകാശപ്പെടുന്ന സാധനം കോടതിയിൽ കൊടുക്കുന്നത് | 249 |
| 3. | പ്രതി വാദിക്കെതിരായി വ്യവഹാരപ്പെട്ടുകൊണ്ടിരിക്കുന്നിടത്തെ നടപടിക്രമം | 249 |
| 4. | പ്രഥമ ഹിയറിങ്ങിലെ നടപടിക്രമം | 249 |
| 5. | ഏജൻറുമാർക്കും കുടിയാൻമാർക്കും ഇൻറർപ്ലീഡർ വ്യവഹാരങ്ങൾ ആരംഭിക്കാവുന്നതല്ലെന്ന് | 249 |
| 6. | വാദിയുടെ കോടതിച്ചെലവിനുള്ള ചാർജ് | 250 |


## ആർഡർ XXXVI

## വിശേഷാൽ കേസ്


| | | |
|---|---|---|
| 1. | കോടതിയുടെ അഭിപ്രായത്തിനായി വസ്തുതാവിവരണം തയ്യാറാക്കാനുള്ള അധികാരം | 250 |
| 2. | വിഷയവസ്തുവിൻെറ മൂല്യം പ്രസ്താവിക്കേണ്ടത് ഏതിടത്തെന്ന് | 251 |
| 3. | കരാർ വ്യവഹാരമെന്നപോലെ ഫയൽ ചെയ്യുകയും രജിസ്ററർ ചെയ്യുകയും ചെയ്യണമെന്ന് | 251 |
| 4. | കക്ഷികൾ കോടതിയുടെ അധികാരിതയ്ക്ക് വിധേയരായിരിക്കണമെന്ന് | 251 |
| 5. | കേസ് കേൾക്കുന്നതും തീർച്ച ചെയ്യുന്നതും | 251 |
| 6. | 5-ാം ചട്ടത്തിൻകീഴിൽ പാസ്സാക്കപ്പെടുന്ന വിധിയിൽ നിന്ന് അപ്പീൽ ഇല്ലെന്ന് | 251 |


## ആർഡർ XXXVII

## സമ്മറി നടപടിക്രമം


| | | |
|---|---|---|
| 1. | ഏത് കോടതികൾക്കും ഏതുതരം വ്യവഹാരങ്ങൾക്കുമാണ് ആർഡർ ബാധകമാകേണ്ടതെന്ന് | 252 |
| 2. | സമറി വ്യവഹാരങ്ങൾ ആരംഭിക്കുന്നത് | 252 |
| 3. | പ്രതി ഹാജരാകുന്നതിനുള്ള നടപടിക്രമം | 253 |
| 4. | വിധി ദുർബ്ബലപ്പെടുത്താനുള്ള അധികാരം | 254 |
| 5. | കോടതിയിലെ ഉദ്യോഗസ്ഥൻെറ പക്കൽ നിക്ഷേപിക്കാൻ ഉത്തരവ് ചെയ്യാനുള്ള അധികാരം | 255 |
| 6. | അനാദരിക്കപ്പെട്ട ബില്ലോ, പ്രോ നോട്ടോ, പ്രതിഗ്രഹിക്കാത്തത് നോട്ട് ചെയ്യുന്നതിൻെറ ചെലവുകൾ വസൂലാക്കൽ | 255 |
| 7. | വ്യവഹാരങ്ങളിലെ നടപടിക്രമം | 255 |

ചട്ടങ്ങൾ പേജ്

ആർഡർ XXXVIII

വിധിന്യായത്തിനുമുമ്പുള്ള അറസ്ററും ജപ്തിയും
വിധിന്യായത്തിനുമുമ്പുള്ള അറസ്ററ്

1. ഹാജരാകലിന് ജാമ്യം നൽകാൻ പ്രതിയോട് ആവശ്യപ്പെടാവുന്നത് ഏതിടത്തെന്ന് 255
2. ജാമ്യം 256
3. വിമോചിക്കപ്പെടുന്നതിന് ജാമ്യക്കാരൻ അപേക്ഷിക്കുന്നതിൻമേലുള്ള നടപടിക്രമം 256
4. പ്രതി, ജാമ്യം, നൽകാതിരിക്കുകയോ പുതിയ ജാമ്യം നൽകാതിരിക്കുകയോ ചെയ്യുന്നിടത്തെ നടപടിക്രമം 256

വിധിന്യായത്തിന് മുമ്പുള്ള ജപ്തി

5. വസ്തു ഹാജരാക്കലിന് ജാമ്യം നൽകാൻ പ്രതിയോടു ആവശ്യപ്പെടാവുന്നത് ഏതിടത്തെന്ന് 257
6. കാരണം കാണിക്കാതിരിക്കുകയോ ജാമ്യം നൽകാതിരിക്കുകയോ ചെയ്യുന്നിടത്തുള്ള ജപ്തി 257
7. ജപ്തി ചെയ്യുന്ന സമ്പ്രദായം 258
8. വിധിന്യായത്തിന് മുമ്പ് ജപ്തി ചെയ്ത വസ്തുവിന് അവകാശവാദത്തിൻെറ ന്യായനിർണ്ണയം 258
9. ജാമ്യം നൽകുകയോ വ്യവഹാരം തള്ളിക്കളയുകയോ ചെയ്യുമ്പോൾ ജപ്തി നീക്കം ചെയ്യുന്നത് 258
10. വിധിന്യായത്തിനുമുമ്പുള്ള ജപ്തി, അന്യരുടെ അവകാശങ്ങളെ ബാധിക്കുകയോ, വിൽപ്പനയ്ക്കു അപേക്ഷിക്കുന്നതിൽ നിന്ന് വിധിയുടമയെ തടയുകയോ ചെയ്യുന്നതല്ലെന്ന് 258
11. വിധിന്യായത്തിന് മുമ്പ് ജപ്തി ചെയ്യപ്പെട്ട വസ്തുവിധിയുടെ നടത്തലിൽ പുനർജപ്തി ചെയ്യേണ്ട എന്ന് 258
11ക. ജപ്തിക്ക് ബാധകമായ വ്യവസ്ഥകൾ 258
12. കാർഷികോൽപ്പന്നം വിധിന്യായത്തിന് മുമ്പ് ജപ്തി ചെയ്യപ്പെടാൻ പാടുള്ളതല്ലെന്ന് 259
13. സ്മാൾകാസ് കോടതി സ്ഥാവര വസ്തു ജപ്തി ചെയ്യാൻ പാടില്ലെന്ന് 259

ആർഡർ XXXIX

തൽക്കാല ഇൻജംങ്ഷനുകളും അന്തർവർത്തികളായ ഉത്തരവുകളും [താൽക്കാലിക ഇൻജംങ്ഷനുകൾ]

1. താൽക്കാലിക ഇൻജംങ്ഷനുകൾ നൽകാവുന്നത് ഏത് സംഗതികളിലെന്ന് 259
2. ലംഘനത്തിൻെറ ആവർത്തനമോ തുടരലോ തടയുന്നതിനുള്ള ഇൻജംങ്ഷൻ 260

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 2ക. | അനുസരിക്കാതിരിക്കലിന്റെയോ ഇൻജംങ്ഷൻ ലംഘനത്തിന്റെയോ അനന്തര ഫലം | 260 |
| 3. | ഇൻജംങ്ഷൻ നൽകുന്നതിനു മുമ്പ് കോടതി എതിർകക്ഷിക്ക് നോട്ടീസ് നിർദ്ദേശിക്കണമെന്ന് | 260 |
| 3ക. | കോടതി ഇൻജംങ്ഷനുള്ള അപേക്ഷ മുപ്പതുദിവസത്തിനുള്ളിൽ തീർച്ച ചെയ്യണമെന്ന് | 261 |
| 4. | ഇൻജംങ്ഷനുള്ള ഉത്തരവ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാമെന്ന് | 261 |
| 5. | ഏകാംഗയോഗത്തിനുള്ള ഇൻജംങ്ഷൻ അതിന്റെ ഉദ്യോഗസ്ഥൻമാരെ ബന്ധിക്കുന്നതാണെന്ന് | 262 |

അന്തർവർത്തിയായ ഉത്തരവുകൾ

| | | |
|---|---|---|
| 6. | ഇടക്കാല വിൽപ്പന ഉത്തരവ് ചെയ്യാനുള്ള അധികാരം | 262 |
| 7. | വ്യവഹാരത്തിലെ വിഷയവസ്തുവിന്റെ തടഞ്ഞുവയ്ക്കൽ, സംരക്ഷണം പരിശോധന മുതലായവ | 262 |
| 8. | അങ്ങനെയുള്ള ഉത്തരവുകൾക്കുള്ള അപേക്ഷ നോട്ടീസിനു ശേഷമായിരിക്കണമെന്ന് | 262 |
| 9. | കക്ഷിക്ക് എപ്പോൾ വ്യവഹാരത്തിലെ വിഷയകമായ ഭൂമി ഉടൻ കൈവശം കൊടുക്കാമെന്ന് | 262 |
| 10. | കോടതിയിൽ പണം നിക്ഷേപിക്കൽ മുതലായത് | 263 |

ആർഡർ XL

റിസീവർമാരുടെ നിയമനം

| | | |
|---|---|---|
| 1. | റിസീവർമാരുടെ നിയമനം | 263 |
| 2. | വേതനം | 264 |
| 3. | കർത്തവ്യങ്ങൾ | 264 |
| 4. | റിസീവരുടെ കർത്തവ്യങ്ങൾ പ്രാവർത്തികമാക്കൽ | 264 |
| 5. | കലക്ററെ റിസീവറായി നിയമിക്കാവുന്നത് എപ്പോഴെന്ന് | 265 |

ആർഡർ XLI

ആദ്യവിധികളിൽ നിന്നുള്ള അപ്പീലുകൾ

| | | |
|---|---|---|
| 1. | (1) അപ്പീലിന്റെ രൂപം-മെമ്മോറാണ്ടത്തോടൊപ്പം ഉണ്ടായിരിക്കേണ്ടത് എന്തെന്ന് | 265 |
| | (2) മെമ്മോറാണ്ടത്തിലെ ഉള്ളടക്കം | 265 |
| 2. | അപ്പീലിൽ ഉന്നയിക്കാവുന്ന കാരണങ്ങൾ | 265 |
| 3. | മെമ്മോറാണ്ടത്തിന്റെ നിരസനമോ ഭേദഗതിയോ | 266 |
| 3ക. | കാലതാമസം മാപ്പാക്കാനുള്ള അപേക്ഷ | 266 |
| | നടപടികളും നടത്തലും നിറുത്തിവയ്ക്കുന്നത് | |
| 4. | പല വാദികളിലോ പ്രതികളിലോ ഒരാൾക്ക്, ഒരു വിധി എല്ലാവർക്കും പൊതുവായുള്ള കാരണത്തിൻമേൽ ഉള്ളതായിരിക്കുന്നിടത്ത്, വിധി, മറിച്ച് വിധിച്ച് കിട്ടാവുന്നതാണെന്ന് | 266 |
| 5. | (1) അപ്പീൽ കോടതിയാലുള്ള നിറുത്തിവയ്ക്കൽ | 267 |
| | (2) വിധി പാസ്സാക്കിയ കോടതിയാലുള്ള നിറുത്തിവയ്ക്കൽ | 267 |

ചട്ടങ്ങൾ | പേജ്

6. ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി നടത്താനുള്ള ഉത്തരവിൻെറ സംഗതിയിലെ ജാമ്യം 268
7. റദ്ദാക്കപ്പെട്ടു 268
8. വിധിയുടെ നടത്തലിൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിന്നുള്ള അപ്പീലിൽ അധികാരങ്ങളുടെ പ്രയോഗം 268

അപ്പീൽ സ്വീകരിക്കുന്നതിൻമേലുള്ള നടപടിക്രമം

9. (1) അപ്പീൽ മെമ്മോറാണ്ടം രജിസ്ററർ ചെയ്യുന്നത് 268
(2) അപ്പീൽ രജിസ്ററർ
10. അപ്പീൽ കോടതിക്ക് അപ്പീൽ വാദിയോട് കോടതിച്ചെലവിന് ജാമ്യം നൽകാൻ ആവശ്യപ്പെടാമെന്ന് 268
അപ്പീൽ വാദിയുടെ താമസം ഇൻഡ്യയ്ക്ക് വെളിയിൽ ആയിരിക്കുന്നിടത്ത് 269
11. കീഴ്ക്കോടതിക്ക് നോട്ടീസ് അയയ്ക്കാതെ അപ്പീൽ തള്ളിക്കളയാൻ ഉള്ള അധികാരം 269
11ക. 11-ാം ചട്ടത്തിൻ കീഴിൽ കേൾക്കൽ സമാപിക്കേണ്ടത് ഏത് സമയത്തിനുള്ളിലെന്ന് 269
12. അപ്പീൽ കേൾക്കാനുള്ള ദിവസം 269
13. (1) ഏത് കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക് അപ്പീൽ കോടതി നോട്ടീസ് നൽകണമെന്ന് 270
(2) കടലാസുകൾ അപ്പീൽ കോടതിക്ക് അയച്ചുകൊടുക്കുന്നത് 270
(3) ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയിലെ ലക്ഷ്യരേഖയുടെ പകർപ്പുകൾ 270
14. (1) അപ്പീൽ കേൾക്കാനുള്ള ദിവസത്തെക്കുറിച്ച് നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതും നടത്തുന്നതും 270
(2) അപ്പീൽ കോടതിക്കുതന്നെ നോട്ടീസ് നടത്തിക്കാമെന്ന് 270
15. നോട്ടീസിൻെറ ഉള്ളടക്കം 271

ഹീയറിങ്ങിൻെറ നടപടിക്രമം

16. ആരംഭിക്കാനുള്ള അവകാശം
17. (1) അപ്പീൽവാദിയുടെ വീഴ്ചയ്ക്ക് അപ്പീൽ തള്ളിക്കളയുന്നത് 271
(2) അപ്പീൽ എക്സ്പാർട്ടിയായി കേൾക്കുന്നത് 271
18. അപ്പീൽവാദി ചെലവ് ഡെപ്പോസിററ് ചെയ്യാത്തതിൻെറ അനന്തരഫലമായി നോട്ടീസ് നടത്താത്തിടത്ത്, അപ്പീൽ തള്ളിക്കളയുന്നത്. 271
19. വീഴ്ചയ്ക്ക് തള്ളിക്കളഞ്ഞ അപ്പീൽ വീണ്ടും സ്വീകരിക്കുന്നത് 272
20. ഹീയറിങ്ങ് നീട്ടിവയ്ക്കാനും താൽപ്പര്യമുള്ളവരാണെന്ന് തോന്നുന്ന ആളുകളെ അപ്പീൽ പ്രതികൾ ആക്കുന്നതിന് നിർദ്ദേശിക്കാനുമുള്ള അധികാരം 272
21. ഏതൊരു അപ്പീൽ പ്രതിക്കെതിരായാണോ എക്സ്പാർട്ടി വിധി പാസ്സാക്കിയിട്ടുള്ളത് അങ്ങനെയുള്ള അപ്പീൽ പ്രതിയുടെ അപേക്ഷയിൻമേൽ വീണ്ടും കേൾക്കുന്നത 272

| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 22. | (1) ഹീയറിംഗിൽ അപ്പീൽ പ്രതിക്ക് അയാൾ വേറിട്ടുള്ള അപ്പീൽ കൊടുത്തിട്ടുണ്ടായിരുന്നാലെന്നപോലെ വിധിക്ക് ആക്ഷേപം ഉന്നയിക്കാമെന്ന് | 272 |
| | (2) ആക്ഷേപത്തിന്റെ രൂപവും അതിന് ബാധകമായ വ്യവസ്ഥകളും | 273 |
| 23. | അപ്പീൽ കോടതി കേസ് റിമാൻഡ് ചെയ്യുന്നത് | 273 |
| 23ക. | മററു സംഗതികളിലെ റിമാൻഡ് | 274 |
| 24. | റിക്കാർഡിലുള്ള തെളിവ് മതിയായിരിക്കുന്നിടത്ത്, അപ്പീൽ കോടതിക്ക് കേസ് അന്തിമമായി തീർപ്പാക്കാമെന്ന് | 274 |
| 25. | അപ്പീൽ കോടതിക്ക് വിവാദ്യകങ്ങൾ തയ്യാറാക്കുകയും ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ കോടതിക്ക് അവ വിചാരണക്കായി അയച്ചുകൊടുക്കുകയും ചെയ്യാവുന്നത് എവിടെയെന്ന് | 274 |
| 26. | (1) തീർപ്പുകളും തെളിവും റിക്കാർഡാക്കണമെന്ന് തീർപ്പിനുള്ള ആക്ഷേപങ്ങൾ | 274 |
| | (2) അപ്പീൽ തീർപ്പാക്കൽ | 274 |
| 26ക. | റിമാൻഡ് ഉത്തരവ് അടുത്ത വിചാരണയുടെ തീയതി പറഞ്ഞിരിക്കണമെന്ന് | 275 |
| 27. | അപ്പീൽ കോടതിയിൽ കൂടുതൽ തെളിവ് ഹാജരാക്കുന്നത് | 275 |
| 28. | കൂടുതൽ തെളിവെടുക്കുന്ന സമ്പ്രദായം | 275 |
| 29. | വാദമുഖങ്ങൾ നിർവചിക്കുകയും റിക്കാർഡാക്കുകയും ചെയ്യേണ്ടതാണെന്ന് | 275 |
| | അപ്പീലിലെ വിധിന്യായം | |
| 30. | വിധിന്യായം എപ്പോൾ എവിടെവച്ച് പ്രസ്താവിക്കണമെന്ന് | 276 |
| 31. | വിധിന്യായത്തിന്റെ ഉള്ളടക്കവും തീയതിയും ഒപ്പും | 276 |
| 32. | വിധിന്യായത്തിനു നിർദ്ദേശിക്കാവുന്നത് എന്തെന്ന് | 276 |
| 33. | അപ്പീൽ കോടതിയുടെ അധികാരം | 276 |
| 34. | വിയോജിപ്പ് റിക്കാർഡാക്കണമെന്ന് | 277 |
| 35. | വിധിയുടെ തീയതിയും ഉള്ളടക്കവും | 277 |
| | വിധിന്യായത്തിൽനിന്ന് വിയോജിക്കുന്ന ജഡ്ജി വിധി ഒപ്പിടേണ്ടതില്ലെന്ന് | 277 |
| 36. | വിധി ന്യായത്തിന്റെയും വിധിയുടേയും പകർപ്പുകൾ കക്ഷികൾക്ക് നൽകണമെന്ന് | 278 |
| 37. | വിധിയുടെ സർട്ടിഫൈചെയ്ത പകർപ്പ് ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ കോടതിക്ക് അയച്ചുകൊടുക്കണമെന്ന് | 278 |

## ആർഡർ XLII

### അപ്പീൽ വിധികളിൽനിന്നുള്ള അപ്പീലുകൾ

| | | |
|---|---|---|
| 1. | നടപടിക്രമം | 278 |
| 2. | കോടതിക്ക്, അപ്പീൽ, അത് രൂപവൽക്കരിക്കുന്ന പ്രശ്നത്തിൻമേൽ കേൾക്കണമെന്ന് നിർദ്ദേശിക്കാനുള്ള അധികാരം | 278 |
| 3. | ആർഡർ XLI-ലെ 14-ാം ചട്ടത്തിന്റെ ബാധകത | 278 |

## ആർഡർ XLIII

### ഉത്തരവുകളിൽനിന്നുള്ള അപ്പീലുകാം


| ചട്ടങ്ങാം | | പേജ് |
|---|---|---|
| 1. | ഉത്തരവുകളിൽനിന്നുള്ള അപ്പീലുകാം | 278 |
| 1ക. | വിധിക്കെതിരായുള്ള അപ്പീലിൽ അപ്പീൽ കൊടുക്കാവുന്നതല്ലാത്ത ഉത്തരവുകാം ചോദ്യം ചെയ്യാനുള്ള അവകാശം | 280 |
| 2. | നടപടിക്രമം | 280 |


## ആർഡർ XLIV

### നിസ്വരായ ആളുകളാലുള്ള അപ്പീൽ


| | | |
|---|---|---|
| 1. | (1) നിസ്വനായ ആളുകളെന്ന നിലയിൽ അപ്പീൽ കൊടുക്കപ്പെടാവുന്നത് ആരാലെന്ന് | 280 |
| | (2) (വിട്ടുകളയപ്പെട്ടു) | |
| 2. | കോർട്ട്ഫീസ് ഒടുക്കാൻ സമയം അനുവദിക്കുന്നത് | 280 |
| 3. | അപേക്ഷകൻ നിസ്വനായ ആളാണോ എന്നതിനെക്കുറിച്ചുള്ള അന്വേഷണ വിചാരണ | 281 |


## ആർഡർ XLV

### സുപ്രീം കോടതിക്കുള്ള അപ്പീലുകാം


| | | |
|---|---|---|
| 1. | "വിധി" നിർവ്വചനം | 281 |
| 2. | അപേക്ഷ ഏതു കോടതിയുടെ വിധിയെക്കുറിച്ചാണോ പരാതിപ്പെടുന്നത്, ആ കോടതിക്ക് എന്ന് | 281 |
| 3. | മൂല്യത്തേയോ യോഗ്യതയേയോകുറിച്ചുള്ള സർട്ടിഫിക്കററ് | 281 |
| 4. | (വിട്ടുകളയപ്പെട്ടു) | 282 |
| 5. | (വിട്ടുകളയപ്പെട്ടു) | 282 |
| 6. | സർട്ടിഫിക്കററ് നിഷേധിക്കുന്നതിൻെറ ഫലം | 282 |
| 7. | സർട്ടിഫിക്കററ് നൽകുന്നതിൻമേൽ വേണ്ട ജാമ്യവും ഡെപ്പോസിററും | 282 |
| 8. | അപ്പീൽ സ്വീകരിക്കുന്നതും അതിൻമേലുള്ള നടപടിക്രമവും | 283 |
| 9. | ജാമ്യം സ്വീകരിച്ചത് പിൻവലിക്കൽ | 283 |
| 9ക. | മരിച്ചുപോയ കക്ഷികളുടെ സംഗതിയിൽ നോട്ടീസ് വേണ്ടെന്ന് വയ്ക്കാനുള്ള അധികാരം | 283 |
| 10. | കൂടുതൽ ജാമ്യമോ പണമൊടുക്കോ ഉത്തരവു ചെയ്യാനുള്ള അധികാരം | 283 |
| 11. | ഉത്തരവനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതിൻെറ ഫലം | 284 |
| 12. | ഡെപ്പോസിററ് ബാക്കി തിരിയെ കൊടുക്കൽ | 284 |
| 13. | അപ്പീൽ നിലവിലിരിക്കുമ്പോാം കോടതിക്കുള്ള അധികാരങ്ങാം | 284 |
| 14. | അപര്യാപ്തമെന്നു കാണുന്ന ജാമ്യം വർദ്ധിപ്പിക്കുന്നത് | 285 |
| 15. | സുപ്രീംകോടതിയുടെ ഉത്തരവുകാം പ്രാവർത്തികമാക്കാനുള്ള നടപടിക്രമം | 285 |
| 16. | നടത്തൽ സംബന്ധിച്ച ഉത്തരവിൽനിന്നുള്ള അപ്പീൽ | 286 |
| 17. | (വിട്ടുകളയപ്പെട്ടു) | 286 |

## ആർഡർ XLVI

### റഫറൻസ്


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | ഹൈക്കോടതിക്ക് പ്രശ്നം റഫർ ചെയ്യുന്നത് | 286 |
| 2. | കോടതിക്ക് ഹൈക്കോടതിയുടെ തീരുമാനത്തിന് സമാശ്രിതമായ വിധി പാസ്സാക്കാമെന്ന് | 286 |
| 3. | ഹൈക്കോടതിയുടെ വിധിന്യായം അയച്ചുകൊടുക്കുകയും കേസ് അനുസരിച്ച് തീർപ്പ ചെയ്യുകയും വേണമെന്ന് | 286 |
| 4. | ഹൈക്കോടതിക്കുള്ള റഫറൻസിന്റെ കോടതി ചെലവുകൾ | 287 |
| 4ക. | ഹൈക്കോടതിക്കുള്ള 113-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിലെ റഫറൻസ് | 287 |
| 5. | റഫർ ചെയ്യുന്ന കോടതിയുടെ വിധി വ്യത്യാസപ്പെടുത്തുക മുതലായവ ചെയ്യാനുള്ള അധികാരം | 287 |
| 6. | സ്മാൾകാസുകളിലെ അധികാരിതയെക്കുറിച്ചുള്ള പ്രശ്നങ്ങൾ ഹൈക്കോടതിക്ക് റഫർ ചെയ്യാനുള്ള അധികാരം | 287 |
| 7. | സ്മാൾ കാസുകളിലെ അധികാരിതയെക്കുറിച്ച് തെററായി ഉണ്ടായ നടപടികൾ റിവിഷനു സമർപ്പിക്കാൻ ജില്ലാ കോടതികൾക്കുള്ള അധികാരം | 287 |


## ആർഡർ XLVII

### റിവ്യൂ


| | | |
|---|---|---|
| 1. | വിധിന്യായം റിവ്യു ചെയ്യാനുള്ള അപേക്ഷ | 288 |
| 2. | (വിട്ടുകളയപ്പെട്ടു) | 289 |
| 3. | റിവ്യൂവിനുള്ള അപേക്ഷകളുടെ ഫാറം | 289 |
| 4. | (1) അപേക്ഷ നിരസിക്കപ്പെടുന്നത് എവിടെയെന്ന് | 289 |
| | (2) അപേക്ഷ അനുവദിക്കപ്പെടുന്നത് എവിടെയെന്ന് | 289 |
| 5. | രണ്ടോ അതിലധികമോ ജഡ്ജിമാരുള്ള കോടതിയിലെ റിവ്യൂവിനുള്ള അപേക്ഷ | 289 |
| 6. | അപേക്ഷ നിരസിക്കുന്നത് എവിടെയെന്ന് | 290 |
| 7. | നിരസിക്കുന്ന ഉത്തരവ് അപ്പീൽ കൊടുക്കാവുന്നതല്ലെന്ന്, അപേക്ഷ അനുവദിക്കുന്ന ഉത്തരവിനുള്ള ആക്ഷേപങ്ങൾ | 290 |
| 8. | അനുവദിക്കപ്പെടുന്ന അപേക്ഷ രജിസ്ററർ ചെയ്യലും വീണ്ടും കേൾക്കാനുള്ള ഉത്തരവും | 290 |
| 9. | ചില അപേക്ഷകൾക്കുള്ള തടസം | 290 |


## ആർഡർ XLVIII

### പലവക


| | | |
|---|---|---|
| 1. | (1) പ്രോസസ്, പുറപ്പെടുവിക്കുന്ന കക്ഷിയുടെ ചെല്വിൽ നടത്തണമെന്ന് | 290 |
| | (2) നടത്തലിന്റെ കോടതിച്ചെലവ് | 291 |
| 2. | ഉത്തരവുകളും നോട്ടീസുകളും നടത്തുന്നതു എങ്ങനെയെന്ന് | 291 |
| 3. | അനുബന്ധങ്ങളിലെ ഫാറങ്ങൾ ഉപയോഗിക്കുന്നത് | 291 |

ആർഡർ XLIX

ചാർട്ടേഡ് ഹൈക്കോടതികൾ


| ചട്ടങ്ങൾ | | പേജ് |
|---|---|---|
| 1. | ഹൈക്കോടതികളുടെ പ്രോസസ്സുകൾ ആരാൽ നടത്തപ്പെടണമെന്ന്. | 291 |
| 2. | ചാർട്ടേഡ് ഹൈക്കോടതികൾ സംബന്ധിച്ചുള്ള ഒഴിവാക്കൽ. | 291 |
| 3. | ചട്ടങ്ങളുടെ ബാധകത | 291 |


ആർഡർ L

പ്രവിശ്യ സ്മാൾകാസ് കോടതികൾ


| | | |
|---|---|---|
| 1. | പ്രവിശ്യം സ്മാൾകാസ് കോടതികൾ | 298 |


ആർഡർ LI

പ്രസിഡൻസി സ്മാൾകാസ് കോടതികൾ


| | | |
|---|---|---|
| 1. | പ്രസിഡൻസി സ്മാൾകാസ് കോടതികൾ. | 292 |


അനുബന്ധം ക

പ്ളീഡിങ്ങുകൾ


| | | |
|---|---|---|
| (1) | വ്യവഹാരങ്ങളുടെ ശീർഷകങ്ങൾ | 293 |
| (2) | പ്രത്യേക കേസുകളിൽ കക്ഷികളുടെ വിവരണം | 293 |
| (3) | അന്യായങ്ങൾ | 294 |

നമ്പർ 1

കടം കൊടുത്ത പണം 294

നമ്പർ 2

കൂടുതലായി കൊടുത്ത പണം 294

നമ്പർ 3

നിശ്ചിത വിലയ്ക്കു വിററതും ഡെലിവർ ചെയ്തതുമായ സാമാനങ്ങൾ 295

നമ്പർ 4

ന്യായമായ ഒരു വിലയ്ക്കു വിററതും ഡെലിവർ ചെയ്തതുമായ സാമാനങ്ങൾ 295

നമ്പർ 5

പ്രതിയുടെ അപേക്ഷപ്രകാരം ഉണ്ടാക്കിയതും സ്വീകരിക്കപ്പെടാത്തതുമായ സാമാനങ്ങൾ 296

നമ്പർ 6

പുനർ വിൽപ്പനയിൻമേലുള്ള കമ്മി (ലേലത്തിൽ വിററ സാമാനങ്ങൾ) 296

| | പേജ് |
|---|---|
| നമ്പർ 7 | |
| ന്യായമായ നിരക്കിൽ സേവനങ്ങരം | 297 |
| നമ്പർ 8 | |
| ന്യായമായ ചെലവിൽ സേവനങ്ങളും സാധനങ്ങളും | 297 |
| നമ്പർ 9 | |
| ഉപയോഗവും കൈവശവും | 298 |
| നമ്പർ 10 | |
| ഒരു അവാർഡിൻമേൽ | 298 |
| നമ്പർ 11 | |
| ഒരു വിദേശവിധിന്യായത്തിൻമേൽ | 299 |
| നമ്പർ 12 | |
| വാടക നൽകുന്നതിന് ജാമ്യക്കാരന് എതിരെ | 299 |
| നമ്പർ 13 | |
| ഭൂമി വിലയ്ക്കു വാങ്ങാനുള്ള കരാറിന്റെ ലംഘനം | 300 |
| നമ്പർ 14 | |
| വിററ സാമാനങ്ങരം ഡെലിവർ ചെയ്യാതിരിക്കൽ | 300 |
| നമ്പർ 15 | |
| അന്യായമായ പിരിച്ചുവിടൽ | 301 |
| നമ്പർ 16 | |
| സേവനം അനുഷ്ഠിക്കാനുള്ള കാൺട്രാക്ററിന്റെ ലംഘനം | 301 |
| നമ്പർ 17 | |
| ന്യൂനതയുള്ള പണിക്ക്, ഒരു കെട്ടിട നിർമ്മാതാവിനെതിരെ | 302 |
| നമ്പർ 18 | |
| ഒരു ക്ലാർക്കിന്റെ വിശ്വസ്ഥതയ്ക്കുള്ള ബാണ്ടിൻമേൽ | 302 |
| നമ്പർ 19 | |
| വീട്ടുടമയ്ക്ക് വിശേഷനഷ്ടപരിഹാരസഹിതം എതിരായി താൻ വാടകക്കാരനൽ | 303 |
| നമ്പർ 20 | |
| ഒരു നഷ്ടോത്തരവാദകരാറിൻമേൽ | 303 |
| നമ്പർ 21 | |
| വഞ്ചനയാൽ വസ്തു നേടുന്നത് | 304 |
| നമ്പർ 22 | |
| വഞ്ചനാപൂർവ്വം മറെറാരാരംക്ക്, കടമായി സാധനങ്ങരം കിട്ടാറാക്കിയത് | 304 |
| നമ്പർ 23 | |
| വാദിയുടെ ഭൂമിയുടെ കീഴെയുള്ള വെള്ളം ദുഷിപ്പിക്കുന്നത് | 305 |

നമ്പർ 24 പേജ്

ഹാനികരമായ നിർമ്മാണം നടത്തിക്കൊണ്ടുപോവുന്നത് 306

നമ്പർ 25

വഴി നടക്കാനുള്ള അവകാശം തടസ്സപ്പെടുത്തൽ 306

നമ്പർ 26

ഹൈവേ തടസ്സപ്പെടുത്തൽ 307

നമ്പർ 27

ഒരു വെള്ളച്ചാൽ തിരിച്ചുവിടൽ 307

നമ്പർ 28

വെള്ളം ജലസേചനത്തിന് ഉപയോഗിക്കാനുള്ള തടസപ്പെടുത്തൽ 308

നമ്പർ 29

ഒരു റയിൽപ്പാതയിൽ ഉപേക്ഷയാൽ ഉളവാകുന്ന ക്ഷതികൾ 308

നമ്പർ 30

ഉപേക്ഷാപൂർവ്വം ഓടിക്കുന്നതിനാലുളവാകുന്ന ക്ഷതികൾ 309

നമ്പർ 31

ദുരുദ്ദേശപൂർവ്വകമായ പ്രോസിക്യൂഷൻ സംബന്ധിച്ച് 310

നമ്പർ 32

അന്യായമായി തടഞ്ഞുവച്ച ജംഗമങ്ങൾ 310

പട്ടിക

നമ്പർ 33

വഞ്ചനാപൂർവ്വം വിലയ്ക്കു വാങ്ങുന്ന ആർക്കും നോട്ടീസുണ്ടായിരിക്കെ അയാളിൽനിന്ന് കൈമാററം വാങ്ങുന്ന ആൾക്കും എതിരായി 311

നമ്പർ 34

തെററിന്റെ കാരണത്താൽ കാൺട്രാക്ററ് റദ്ദാക്കൽ 312

നമ്പർ 35

നാശം തടയുന്ന ഇൻജംക്ഷൻ 312

നമ്പർ 36

ശല്യം തടയുന്ന ഇൻജംക്ഷൻ 313

നമ്പർ 37

പൊതുജന ശല്യം 313

നമ്പർ 38

വെള്ളച്ചാൽ തിരിച്ചുവിടുന്നതിനെതിരെ ഇൻജംക്ഷൻ 314

നമ്പർ 39

നശിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തുന്ന ജംഗമവസ്തു തിരിയെ കിട്ടുന്നതിനും ഇൻജംക്ഷനും 314

പേജ്

നമ്പർ 40

ഇൻററ്പ്ലീഡർ 315

നമ്പർ 41

തനിക്കും മററെല്ലാ ഉത്തമർണ്ണൻമാർക്കും വേണ്ടി ഉത്തമർണ്ണനാൽ, അഡ്മിനിസ്ട്രേഷൻ 316

നമ്പർ 42

വിനിർദ്ദിഷ്ട ഒസ്യത്തിൻെറ അവകാശിയാൽ, അഡ്മിനിസ്ട്രേഷന് 316

നമ്പർ 43

ആർത്ഥിക ഒസ്യത്തിൻെറ അവകാശിയാൽ, അഡ്മിനിസ്ട്രേഷൻ 317

നമ്പർ 44

ട്രസ്ററുകരം നടപ്പാക്കൽ 318

നമ്പർ 45

പണയമൊഴിക്കൽ നിരോധനം അല്ലെങ്കിൽ വിൽപ്പന 319

നമ്പർ 46

പണയം ഒഴിപ്പിക്കൽ 320

നമ്പർ 47

വിനിർദ്ദിഷ്ട നിർവ്വഹണം (നമ്പർ 1) 320

നമ്പർ 48

വിനിർദ്ദിഷ്ട നിർവ്വഹണം (നമ്പർ 2) 321

നമ്പർ 49

പങ്കാളിത്തം 321

നമ്പർ 1

സാമാനങ്ങരം വിൽക്കുകയും ഡെലിവർ ചെയ്യുകയും ചെയ്തതിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 323

നമ്പർ 2

ബോണ്ടുകളിൻമേലുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 324

നമ്പർ 3

ഗാരൻറികളിൻമേലുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 324

നമ്പർ 4

കടം തിരിയെ കിട്ടാനുള്ള ഏതെങ്കിലും വ്യവഹാരത്തിലെ പ്രതിവാദം 324

നമ്പർ 5

ഉപേക്ഷാപൂർവ്വം ഓടിക്കുന്നതിനാൽ ഉളവായിട്ടുള്ള ക്ഷതികരം സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 324

നമ്പർ 6 — പേജ്

അപകർഷങ്ങൾ സംബന്ധിച്ചുള്ള എല്ലാ വ്യവഹാരങ്ങളിലേയും പ്രതിവാദം

നമ്പർ 7

സാമാനങ്ങൾ തടഞ്ഞു വയ്ക്കുന്നതു സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 325

നമ്പർ 8

പകർപ്പവകാശത്തിന്റെ അതിലംഘനത്തിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 325

നമ്പർ 9

ട്രേഡുമാർക്കിന്റെ അതിലംഘനത്തിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 326

നമ്പർ 10

ശല്യങ്ങൾ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം 326

നമ്പർ 11

പണയമൊഴിപ്പിക്കൽ നിരോധനത്തിലുള്ള വ്യവഹാരത്തിലെ പ്രതിവാദം 326

നമ്പർ 12

പണയം ഒഴിപ്പിക്കലിനുള്ള വ്യവഹാരത്തിലെ പ്രതിവാദം 327

നമ്പർ 13

വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരത്തിലെ പ്രതിവാദം 327

നമ്പർ 14

ആർത്ഥിക ഒസ്യത്തവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രതിവാദം 328

നമ്പർ 15

മുറപ്രകാരമുള്ള ഫാറത്തിൽ ഒസ്യത്തിന്റെ പ്രൊബേററ് 329

നമ്പർ 16

വിവരങ്ങൾ 329

(ആർഡർ VI ചട്ടം 5)

അനുബന്ധം ഖ

പ്രോസസ്സ്

നമ്പർ 1

വ്യവഹാരത്തിന്റെ തീർച്ചക്കുള്ള സമൺസ് (ആർഡർ 5 ചട്ടം, 1, 5) 330

നമ്പർ 2

പേജ്

വിവാദ്യകങ്ങരം നിശ്ചയിക്കുന്നതിനുള്ള സമൺസ് (ആർഡർ 5 ചട്ടങ്ങരം 3-ം 5-ം) 331

നമ്പർ 3

നേരിട്ടു ഹാജരാകാനുള്ള സമൺസ് (ആർഡർ 5 ചട്ടം 3) 332

നമ്പർ 4

സമറി വ്യവഹാരത്തിലെ സമൺസ് (ആർഡർ 37 ചട്ടം 2) 332

നമ്പർ 4 ക

സമറി വ്യവഹാരത്തിൽ വിധി ന്യായത്തിനുള്ള സമൺസ് (ആർഡർ 37, ചട്ടം 3) 333

നമ്പർ 5

കൂട്ടുവാദിയായി ചേർക്കേണ്ടതാണെന്ന് കോടതി കരുതുന്ന ആരംക്കുള്ള നോട്ടീസ് (ആർഡർ 1 ചട്ടം, 10) 333

നമ്പർ 6

മരിച്ചുപോയ പ്രതിയുടെ നിയമാനുസൃത പ്രതിനിധിക്കുള്ള സമൺസ് (ആർഡർ 22, ചട്ടം 4) 334

നമ്പർ 7

മറെറാരു കോടതിയുടെ അധികാരിതയ്ക്കുള്ളിലെ നടത്തലിനായി സമൺസ് അയച്ചുകൊടുക്കാനുള്ള ഉത്തരവ് (ആർഡർ 5, ചട്ടം 21) 334

നമ്പർ 8

ഒരു തടവുകാരന് നടത്തേണ്ട സമൺസ് അയച്ചുകൊടുക്കാനുള്ള ഉത്തരവ് (ആർഡർ 5, ചട്ടം 24) 335

നമ്പർ 9

ഒരു പബ്ലിക് സർവൻറിനോ പട്ടാളക്കാരനോ നടത്താനുള്ള സമൺസ് അയച്ചുകൊടുക്കാനുള്ള ഉത്തരവ് (ആർഡർ 5, ചട്ടങ്ങരം 27, 28) 335

നമ്പർ 10

മറെറാരു കോടതിയിലെ സമൺസിൻെറ സമൺസ് റിട്ടേണുകളോടൊപ്പം ഉണ്ടായിരിക്കേണ്ടത് (ആർഡർ 5, ചട്ടം 23) 336

നമ്പർ 11

സമൺസിൻേറയോ നോട്ടീസിൻേറയോ റിട്ടേണിനോടൊപ്പം ഉണ്ടായിരിക്കേണ്ട പ്രോസസ്സ് സെർവറുടെ സത്യവാങ്മൂലം (ആർഡർ 5, ചട്ടം 18) 336

നമ്പർ 12

പേജ്

പ്രതിക്കുള്ള നോട്ടീസ്
(ആർഡർ 9, ചട്ടം 6) 338

നമ്പർ 13

സാക്ഷിക്കുള്ള സമൺസ്
(ആർഡർ 16, ചട്ടങ്ങൾ 1, 5) 339

നമ്പർ 14

സാക്ഷി സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന വിളംബരം
(ആർഡർ 16, ചട്ടം 10) 340

നമ്പർ 15

സാക്ഷി സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന വിളംബരം
(ആർഡർ 16, ചട്ടം 10) 340

നമ്പർ 16

സാക്ഷിയുടെ വസ്തു ജപ്തി ചെയ്യാനുള്ള വാറന്റ്
(ആർഡർ 16, ചട്ടം 10) 341

നമ്പർ 17

സാക്ഷിയെ അറസ്ററ് ചെയ്യാനുള്ള വാറന്റ്
(ആർഡർ 16, ചട്ടം 10) 341

നമ്പർ 18

കമ്മിററ് ചെയ്യുന്ന വാറന്റ്
(ആർഡർ 16, ചട്ടം 16) 341

നമ്പർ 19

കമ്മിററ് ചെയ്യുന്ന വാറന്റ്
(ആർഡർ 16, ചട്ടം 18) 342

അനുബന്ധം ഗ

വെളിപ്പെടുത്തലും പരിശോധനയും സമ്മതവും

നമ്പർ 1

ചോദ്യങ്ങൾ നൽകാനുള്ള ഉത്തരവ്
(ആർഡർ 11, ചട്ടം 1) 342

നമ്പർ 2

ചോദ്യങ്ങൾ
(ആർഡർ 11, ചട്ടം 4) 343

നമ്പർ 3

ചോദ്യങ്ങൾക്കുള്ള ഉത്തരം
(ആർഡർ 11, ചട്ടം 9) 343

നമ്പർ 4

പേജ്

രേഖകളെക്കുറിച്ചുള്ള സത്യവാങ്മൂലത്തിനുള്ള ഉത്തരവ് (ആർഡർ 11, ചട്ടം 12) 343

നമ്പർ 5

രേഖകളെക്കുറിച്ചുള്ള സത്യവാങ്മൂലം (ആർഡർ 11, ചട്ടം 13) 344

നമ്പർ 6

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനുള്ള ഉത്തരവ് (ആർഡർ 11, ചട്ടം 14) 344

നമ്പർ 7

രേഖകൾ ഹാജരാക്കാനുള്ള നോട്ടീസ് (ആർഡർ 11, ചട്ടം 16) 345

നമ്പർ 8

രേഖകൾ പരിശോധിക്കാനുള്ള നോട്ടീസ് (ആർഡർ 11, ചട്ടം 17) 345

നമ്പർ 9

രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ് (ആർഡർ 12, ചട്ടം 3) 345

നമ്പർ 10

വസ്തുതകൾ സമ്മതിക്കാനുള്ള നോട്ടീസ് (ആർഡർ 12, ചട്ടം 5) 346

നമ്പർ 11

നോട്ടീസ് അനുസരിച്ച് വസ്തുതകൾ സമ്മതിക്കുന്നത് (ആർഡർ 12, ചട്ടം 5) 347

നമ്പർ 12

ഹാജരാക്കാനുള്ള നോട്ടീസ് (സാമാന്യ ഫാറം) (ആർഡർ 12, ചട്ടം 8) 347

അനുബന്ധം (ഘ)

വിധികൾ

നമ്പർ 1

ആദ്യ വ്യവഹാരത്തിലെ വിധി (ആർഡർ 20, ചട്ടങ്ങൾ 6, 7) 348

നമ്പർ 2

പണത്തിനുവേണ്ടി മാത്രമുള്ള വിധി (വകുപ്പ് 34) 349

നമ്പർ 3

പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള പ്രാരംഭ വിധി (ആർഡർ 34, ചട്ടം 2—കണക്കുകൾ എടുക്കാൻ നിദേശിക്കുന്നിടത്ത്) 349

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 3 ക

പേജ്

പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള പ്രാരംഭ വിധി (ആർഡർ 34, ചട്ടം 2—കൊടുക്കാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്) 352

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 4

പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള അവസാന വിധി 353

(ആർഡർ 34, ചട്ടം 3)

നമ്പർ 5

വിൽപ്പനയ്ക്കുള്ള പ്രാരംഭ വിധി 354

(ആർഡർ 34, ചട്ടം 4)

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 5 ക

വിൽപ്പനയ്ക്കുള്ള പ്രാരംഭവിധി (ആർഡർ 34, ചട്ടം 4–കൊടുക്കുവാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്) 357

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 6

വില്പനയ്ക്കുള്ള അവസാന വിധി 358

(ആർഡർ 34, ചട്ടം 5)

നമ്പർ 7

പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ച വരുത്തുന്നതിൻമേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള വിധി പാസാക്കുന്നിടത്ത്, പണയം ഒഴിപ്പിക്കുവാനുള്ള പ്രാരംഭ വിധി 359

(ആർഡർ 34 ചട്ടം 7 കണക്കുകൾ എടുക്കുവാൻ നിദേശിക്കുന്നിടത്ത്)

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 7 ക

പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ചവരുത്തുന്നതിൻ മേൽ വില്പനയ്ക്കുള്ള വിധി പാസാക്കുന്നിടത്ത് പണയമൊഴിപ്പിക്കുവാനുള്ള പ്രാരംഭവിധി (ആർഡർ 34, ചട്ടം 7–കണക്കുകൾ എടുക്കുവാൻ നിർദേശിക്കുന്നിടത്ത്) 361

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 7 (ഖ)

പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ചവരുത്തുന്നതിൻ മേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള വിധി പാസാക്കുന്നിടത്ത്–പണയമൊഴിപ്പിക്കുവാനുള്ള പ്രാരംഭ വിധി (ആർഡർ 34 ചട്ടം 7 കൊടുക്കാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്) 364

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 7 (ഗ)

പണയദാതാവ് പണം കൊടുക്കാൻ വീഴ്ച വരുത്തുന്നതിൻമേൽ വില്പനയ്ക്കുള്ള വിധി പാസാക്കുന്നിടത്ത്, പണയമൊഴിപ്പിക്കുവാനുള്ള പ്രാരംഭ വിധി ആർഡർ 34, ചട്ടം 7–കൊടുക്കുവാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്) 366

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 7 (ഘ)

പണയദാതാവ് പണം കൊടുക്കാൻ വീഴ്ച വരുത്തുന്നതിൻമേൽ പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നിനുള്ള അവസാനവിധി (ആർഡർ 34, ചട്ടം 8) 368

നമ്പർ 7 (ങ)

പണയദാതാവ് പണം കൊടുക്കാൻ വീഴ്ചവരുത്തുന്നതിൻമേൽ, പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ വില്പനയ്ക്കുള്ള അവസാന വിധി 369

(ആർഡർ 34, ചട്ടം 8)

നമ്പർ 7 (ച)

പണയം ഒഴിപ്പിക്കൽ നിരോധിക്കുന്നതിനോ, വില്പനയ്ക്കോ പണയം ഒഴിപ്പിക്കലിനോ ഉള്ള വ്യവഹാരത്തിൽ, പണയദാതാവ് വിധി സംഖ്യ ഒടുക്കുന്നിടത്തുള്ള അവസാനവിധി (ആർഡർ 34, ചട്ടം 3, 5, 8) 370

നമ്പർ 8

പേജ്

പണയ വസ്തുവിൻെറ വില്പനക്കുശേഷം പണയദാതാവിനു എതിരായി ബാക്കി തുകക്ക് കൈയ്യാൽ വിധി (ആർഡർ 34, ചട്ടം 6-ം 8ക-യും) 371

നമ്പർ 9

പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനോ വില്പനയ്ക്കോ ഉള്ള പ്രാരംഭ വിധി 371

(ആർഡർ 34, ചട്ടം 2-ം 4-ം)

പട്ടിക

പണയവസ്തുവിൻെറ വിവരണം

നമ്പർ 10

മുൻപണയം പണയമൊഴിപ്പിക്കുന്നതിനുള്ളതും, പിൻപണയത്തിൻമേൻ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനോ വില്പനക്കോ ഉള്ളതുമായ പ്രാരംഭ വിധി 376

(ആർഡർ 34, ചട്ടം 2-ം, 4-ം, 7-ം)

പട്ടിക

പണയവസ്തുവിൻെറ വിവരണം

നമ്പർ 11

വില്പനയ്ക്കുള്ള പ്രാരംഭവിധി 380

(ആർഡർ 34 ചട്ടം 4)

പട്ടിക

പണയവസ്തുവിൻെറ വിവരങ്ങൾ

നമ്പർ 12

പ്രമാണം തിരുത്തുന്നതിനുള്ള വിധി 383

നമ്പർ 13

ഉത്തമർണ്ണൻമാരെ വഞ്ചിക്കുവാനുള്ള കൈമാററം ദുർബലപ്പെടുത്തുന്നതിനുള്ള വിധി 383

നമ്പർ 14

സ്വകാര്യ ശല്യത്തിന് എതിരായി ഇൻജങ്ഷൻ 383

നമ്പർ 15

പഴയ ലവലിനെക്കാൾ ഉയരത്തിൽ കെട്ടിടം പണിയുന്നതിനെതിരായ ഇൻജങ്ഷൻ 384

നമ്പർ 16

സ്വകാര്യ റോഡിൻെറ ഉപയോഗം തടയുന്ന ഇൻജങ്ഷൻ 384

പേജ്

നമ്പർ 17

അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രാരംഭ വിധി 384

നമ്പർ 18

ഒസ്യത്ത് അവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ അവസാന വിധി 387

നമ്പർ 19

ഒരു ഒസ്യത്ത് അവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രാരംഭ വിധി, ഒസ്യത്തു മുതലുകാം കൊടുക്കാൻ ഒരു എക്സിക്യൂട്ടർക്ക് കൈയാൽ ബാദ്ധ്യതയുള്ളതായി കാണപ്പെടുന്നിടത്ത് 388

നമ്പർ 20

ഏററവും അടുത്ത കുലബന്ധുവാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ അവസാന വിധി 388

നമ്പർ 21

പങ്കാളിത്തത്തിൻെറ വിഘടനത്തിനും പങ്കാളിത്തത്തിൻെറ കണക്കുകാം എടുക്കുന്നതിനും ഉള്ള ഒരു വ്യവഹാരത്തിലെ പ്രാരംഭ വിധി 389

നമ്പർ 22

പങ്കാളിത്തത്തിൻെറ വിഘടനത്തിനും പങ്കാളിത്തത്തിൻെറ കണക്കുകാം എടുക്കുന്നതിനും ഉള്ള വ്യവഹാരത്തിലെ അവസാന വിധി 390

നമ്പർ 23

ഭൂമി വീണ്ടെടുക്കുന്നതിനും ഇടക്കാല ലാഭത്തിനും ഉള്ള വിധി 391

പട്ടിക

അനുബന്ധം ഞ

നടത്തൽ

നമ്പർ 1

പണം കൊടുക്കലോ ഒത്തുതീരലോ സർട്ടിഫൈ ചെയ്തതായി റിക്കാർഡ് ആക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ് (ആർഡർ 21, ചട്ടം 2) 392

നമ്പർ 2

ആദേശം (46-ാം വകുപ്പ്) 392

നമ്പർ 3

നടത്തലിനായി വിധി മററൊരു കോടതിക്ക് അയയ്ക്കുന്ന ഉത്തരവ് 393

(ആർഡർ 21, ചട്ടം 6)

നമ്പർ 4

വിധികാര്യം തീർന്നിട്ടില്ലെന്നുള്ളതിനെക്കുറിച്ചുള്ള സർട്ടിഫിക്കററ് (ആർഡർ 21, ചട്ടം 6) 393

പേജ്

നമ്പർ 5

മറെറാരു കോടതിക്ക് മാററുന്ന വിധിയുടെ നടത്തലിനെക്കുറിച്ചുള്ള സർട്ടിഫിക്കററ് 394

(ആർഡർ 21, ചട്ടം 6)

നമ്പർ 6

വിധി നടത്തുന്നതിനുള്ള അപേക്ഷ 895

(ആർഡർ 21 ചട്ടം 11)

നമ്പർ 7

നടത്തൽ പുറപ്പെടുവിക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ് 396

(ആർഡർ 21, ചട്ടം 16)

നമ്പർ 8

പണത്തിനുള്ള വിധിയുടെ നടത്തലിൽ ജംഗമവസ്തു ജപ്തി ചെയ്യാനുള്ള വാറൻറ് 397

(ആർഡർ 21, ചട്ടം 30)

നമ്പർ 9

വിധിയാൽ വിധിച്ചുകൊടുക്കപ്പെട്ടിട്ടുള്ള വിനിർദ്ദിഷ്ട ജംഗമവസ്തു പിടിച്ചെടുക്കാനുള്ള വാറൻറ് 398

(ആർഡർ 21, ചട്ടം 31)

നമ്പർ 10

രേഖയുടെ കരടിനുള്ള ആക്ഷേപങ്ങൾ പ്രസ്താവിക്കാനുള്ള നോട്ടീസ് 398

(ആർഡർ 21, ചട്ടം 34)

നമ്പർ 11

ഭൂമി കൈവശം കൊടുക്കാനും മററും ബയിലിഫിനുള്ള വാറൻറ് 399

(ആർഡർ 21, ചട്ടം 35)

നമ്പർ 12

അറസ്ററ് വാറൻറ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ് 399

(ആർഡർ 21, ചട്ടം 38)

നമ്പർ 13

നടത്തലിലെ അറസ്ററ് വാറൻറ് 399

(ആർഡർ 21, ചട്ടം 38)

നമ്പർ 14

വിധികടക്കാരനെ ജയിലിലേക്ക് കമ്മിററ് ചെയ്യുന്ന വാറൻറ് 400

(ആർഡർ 21, ചട്ടം 40)

പേജ്

നമ്പർ 15

ഒരു വിധിയുടെ നടത്തലിൽ തടവിലാക്കപ്പെട്ട ആളെ മോചിപ്പിക്കാനുള്ള ഉത്തരവ് 401
(വകുപ്പ് 58, 59)

നമ്പർ 16

നടത്തലിലെ ജപ്തി 401
(ആർഡർ 21, ചട്ടം 46)

നമ്പർ 16ക

വിധി കടക്കാരൻ നൽകേണ്ട ആസ്തികളം സംബന്ധിച്ച സത്യവാങ്മൂലം 402
[(ആർഡർ 21, ചട്ടം 41 (2)]

നമ്പർ 17

നടത്തലിലെ ജപ്തി 403
(ആർഡർ 21, ചട്ടം 44)

നമ്പർ 18

നടത്തലിലെ ജപ്തി

വസ്തു, ഏകാംഗയോഗത്തിന്റെ മൂലധനത്തിലെ ഓഹരികളായിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ് 404
(ആർഡർ 21, ചട്ടം 46)

നമ്പർ 19

പബ്ലിക് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ജീവനക്കാരന്റെ ശമ്പളം ജപ്തി ചെയ്യാനുള്ള ഉത്തരവ് 405
(ആർഡർ 21, ചട്ടം 48)

നമ്പർ 20

കൈ മാറാവുന്ന പ്രമാണം ജപ്തി ചെയ്യാനുള്ള ഉത്തരവ് 405
(ആർഡർ 21, ചട്ടം 51)

നമ്പർ 21

ജപ്തി

വസ്തു, നീതിന്യായക്കോടതിയുടേയോ, പബ്ലിക് ഉദ്യോഗസ്ഥന്റേയോ കസ്റ്റഡിയിലുള്ള പണമോ ഏതെങ്കിലും ഈടോ ആയിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ് 406
(ആർഡർ 21, ചട്ടം 52)

നമ്പർ 22

വിധി പാസ്സാക്കിയ കോടതിക്ക്, അതിന്റെ ജപ്തിയെക്കുറിച്ചുള്ള നോട്ടീസ് 406
(ആർഡർ 23, ചട്ടം 53)

നമ്പർ 23 — പേജ്

ഒരു വിധിയുടെ ഉടമയ്ക്ക് ആ വിധിയുടെ ജപ്തിയെക്കുറിച്ചുള്ള നോട്ടീസ്
(ആർഡർ 21, ചട്ടം 53) — 407

നമ്പർ 24

നടത്തലിലെ ജപ്തിവസ്തു സ്ഥാവരവസ്തു ആയിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ്
(ആർഡർ 21, ചട്ടം 54) — 407

പട്ടിക

നമ്പർ 25

മൂന്നാം കക്ഷിയുടെ കയ്യിലുള്ള പണം മുതലായവ വാദി മുതലായവർക്ക് കൊടുക്കാനുള്ള ഉത്തരവ്
(ആർഡർ 21, ചട്ടം 56) — 408

നമ്പർ 26

ജപ്തി ചെയ്യുന്ന ഉത്തമർണ്ണനുള്ള നോട്ടീസ്
(ഓർഡർ 21, ചട്ടം 58) — 408

നമ്പർ 27

പണത്തിനുള്ള വിധിയുടെ നടത്തലിൽ വസ്തുവിൻെറ വില്പനയ്ക്കുള്ള വാറൻറ്
(ആർഡർ 21, ചട്ടം 66) — 409

നമ്പർ 28

ഒരു വില്പന വിളംബരം നിശ്ചയിക്കുന്നതിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ചുള്ള നോട്ടീസ്
(ആർഡർ 21, ചട്ടം 66) — 409

നമ്പർ 29

വില്പനയുടെ വിളംബരം
(ആർഡർ 21 ചട്ടം 58) — 410

നമ്പർ 30

വില്പനയുടെ വിളംബരം നടത്തിക്കുന്നതിന് നാസർക്കുള്ള ഉത്തരവ്
(ആർഡർ 31 ചട്ടം 66) — 412

പട്ടിക

നമ്പർ 31

ക്രേതാവിൻെറ വീഴ്ചകാരണമായുള്ള വസ്തുവിൻെറ പുനർ വില്പനയിലെ വിലക്കുറവിനെക്കുറിച്ചുള്ള വില്പന നടത്തുന്ന ഉദ്യോഗസ്ഥൻെറ സർട്ടിഫിക്കററ്
(ആർഡർ 21, ചട്ടം 71) — 413

നമ്പർ 32.

നടത്തലിൽ വിററ ജംഗമ വസ്തു കൈവശമുള്ള ആരംക്കുള്ള നോട്ടീസ്
(ആർഡർ 21, ചട്ടം 79) — 413

നമ്പർ 33 പേജ്

നടത്തലിൽ വിററ കടങ്ങറം, ക്രേതാവല്ലാത്ത ആർക്കെങ്കിലും തിരിയെ കൊടുക്കുന്നതിനെതിരായുള്ള നിരോധന ഉത്തരവ് 414
(ആർഡർ 21, ചട്ടം 79)

നമ്പർ 34

നടത്തലിൽ വിററ ഓഹരികളുടെ കൈമാററത്തിന് എതിരായുള്ള നിരോധന ഉത്തരവ്
(ആർഡർ 21 ചട്ടം 79) 414

നമ്പർ 35

വിധിക്കടക്കാരന്, അയാളെ, വസ്തു പണയം കൊടുക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ വില്ക്കാനോ പ്രാധികാരപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കററ്
(ആർഡർ 21; ചട്ടം 83) 415

നമ്പർ 36

വില്പന ദുർബലപ്പെടുത്താതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്
(ആർഡർ 21, ചട്ടങ്ങറം 90, 92) 415

നമ്പർ 37

വില്പന ദുർബലപ്പെടുത്താതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്
(ആർഡർ 21 ചട്ടം 91, 92) 416

നമ്പർ 38

ഭൂമി വില്പനയുടെ സർട്ടിഫിക്കററ്
(ആർഡർ 21, ചട്ടം 94) 417

നമ്പർ 39

നടത്തലിലെ വില്പനയിലെ ഭൂമിയുടെ സർട്ടിഫൈ ചെയ്യപ്പെട്ട ക്രേതാവിന് ഡെലിവർ ചെയ്യാനുള്ള ഉത്തരവ്
(ആർഡർ 21, ചട്ടം 95) 417

നമ്പർ 40

ഹാജരാകാനും വിധി നടത്തൽ തടസ്സപ്പെടുത്തിയ ചാർജ്ജിന് ഉത്തരം പറയാനുമുള്ള സമൻസ്
(ആർഡർ 21, ചട്ടം 97) 418

നമ്പർ 41

കമ്മിററ് ചെയ്യുന്ന വാറൻറ്
(ആർഡർ 21, ചട്ടം 98) 418

നമ്പർ 42

ഭൂമിയുടെ പരസ്യവില്പന നിറുത്തിവയ്ക്കാൻ കളക്ടർക്കുള്ള അധികാരം
(വകുപ്പ് 72) 419

അനുബന്ധം ച — പേജ്

## അനുപൂരക നടപടികൾ


നമ്പർ 1

വിധിന്യായത്തിനു മുമ്പുള്ള അറസ്ററിന്റെ വാറന്റ്
(ആർഡർ 38, ചട്ടം 1) 419

നമ്പർ 2

വിധിന്യായത്തിനു മുൻപ് അറസ്ററ് ചെയ്യപ്പെട്ട പ്രതി ഹാജരാകുന്നതിനുള്ള ജാമ്യം
(ആർഡർ 38, ചട്ടം 2) 420

നമ്പർ 3

വിമോചിപ്പിക്കപ്പെടുന്നതിനുള്ള ജാമ്യക്കാരന്റെ അപേക്ഷയിൻമേൽ ഹാജരാകാൻ പ്രതിക്കുള്ള സമൻസ്
(ആർഡർ 38, ചട്ടം 3) 421

നമ്പർ 4

കമ്മിററ് ചെയ്യുന്നതിനുള്ള ഉത്തരവ് (ആർഡർ 38, ചട്ടം 4) 421

നമ്പർ 5

വിധി ന്യായത്തിനു മുമ്പുള്ള ജപ്തി
(ആർഡർ 38. ചട്ടം 5) 422

നമ്പർ 6

വസ്തു ഹാജരാക്കുന്നതിനുള്ള ജാമ്യം
(ആർഡർ 38, ചട്ടം 5) 422

നമ്പർ 7

ജാമ്യം നല്കാതിരുന്നതു തെളിയിക്കുന്നതിൻമേൽ വിധിന്യായത്തിനു മുമ്പുള്ള ജപ്തി
(ആർഡർ 38, ചട്ടം 6) 423

നമ്പർ 8

താൽക്കാലിക ഇൻജംക്ഷനുകൾ
(ആർഡർ 39, ചട്ടം 1) 424

നമ്പർ 9

റിസീവറുടെ നിയമനം
(ആർഡർ 40, ചട്ടം 1) 426

നമ്പർ 10

റിസീവർ നല്കേണ്ട ബാണ്ട്
(ആർഡർ 40, ചട്ടം 3) 427


അനുബന്ധം ഛ

## അപ്പീലും റഫറൻസും റിവ്യൂവും


നമ്പർ 1

അപ്പീൽ മെമ്മോറാണ്ടം
(ആർഡർ 41 ചട്ടം 1) 428

നമ്പർ 2 — പേജ്

വിധി നടത്തൽ നിറുത്തിവയ്ക്കാൻ ഉത്തരവ് ചെയ്യുന്നതിൻമേൽ നല്കേണ്ട ജാമ്യബാണ്ട്
(ആർഡർ 41, ചട്ടം 5) — 428

നമ്പർ 3

അപ്പീൽ നിലവിലിരിക്കുന്ന കാലത്തേക്ക് നൽകേണ്ട ജാമ്യബാണ്ട്
(ആർഡർ 41, ചട്ടം 6) — 429

നമ്പർ 4

അപ്പീലിൻെറ കോടതിച്ചെലവിനുള്ള ജാമ്യം
(ആർഡർ 41, ചട്ടം 10) — 430

നമ്പർ 5

അപ്പീൽ സ്വീകരിച്ചതിനെക്കുറിച്ച് കീഴ്ക്കോടതിക്കുള്ള അറിയിപ്പ്
(ആർഡർ 41, ചട്ടം 13) — 431

നമ്പർ 6

അപ്പീൽ കേൾക്കാൻ നിജപ്പെടുത്തിയിട്ടുള്ള ദിവസത്തെക്കുറിച്ച് അപ്പീൽ പ്രതിക്കുള്ള നോട്ടീസ്
(ആർഡർ 41, ചട്ടം 14) — 431

നമ്പർ 7

അപ്പീലിൽ കക്ഷിയാക്കാതിരുന്നതും, എന്നാൽ കോടതി ഒരു അപ്പീൽ പ്രതിയായി ചേർത്തതുമായ, വ്യവഹാര കക്ഷികൾക്കുള്ള നോട്ടീസ്
(ആർഡർ 41, ചട്ടം 20) — 432

നമ്പർ 8

എതിർ ആക്ഷേപ മെമ്മോറാണ്ടം
(ആർഡർ 41, ചട്ടം 22) — 432

നമ്പർ 9

അപ്പീലിലെ വിധി
(ആർഡർ 41, ചട്ടം 35) — 433

നമ്പർ 10

നിസ്വരായ ആളുകളാലുള്ള അപ്പീലിനുള്ള അപേക്ഷ
(ആർഡർ 44, ചട്ടം 1) — 434

നമ്പർ 11

നിസ്വരായ ആളുകളാലുള്ള അപ്പീലിനെക്കുറിച്ചുള്ള നോട്ടീസ്
(ആർഡർ 44 ചട്ടം 1) — 434

നമ്പർ 12

സുപ്രീം കോടതിയിലേക്കുള്ള അപ്പീലിൻെറ സർട്ടിഫിക്കററ് നൽകാതിരിക്കാൻ കാരണം കാണിക്കാൻ നോട്ടീസ്
(ആർഡർ 45, ചട്ടം 3) — 435

നമ്പർ 13 പേജ്

സുപ്രീം കോടതിയിലേക്കുള്ള അപ്പീൽ സ്വീകരിച്ചതിനെക്കുറിച്ച് അപ്പീൽ പ്രതിക്കുള്ള നോട്ടീസ്
(ആർഡർ 45, ചട്ടം 8) 435

നമ്പർ 14

റവന്യൂ അനുവദിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിനുള്ള നോട്ടീസ്
(ആർഡർ 47, ചട്ടം 4) 436

അനുബന്ധം ജ

പലവക

നമ്പർ 1

വിചാരണ ചെയ്യേണ്ട വിവാദ്യകങ്ങളെക്കുറിച്ച് കക്ഷികൾ തമ്മിലുള്ള കരാർ
(ആർഡർ 14, ചട്ടം 6) 436

നമ്പർ 2

വിചാരണയ്ക്കായി വ്യവഹാരം മററൊരു കോടതിയിലേക്ക് മാററാനുള്ള അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ്
(വകുപ്പ് 24) 437

നമ്പർ 2 ക

വാദി/പ്രതി വിളിക്കാൻ നിർദ്ദേശിക്കുന്ന സാക്ഷികളുടെ ലിസ്ററ്
(ആർഡർ 16, ചട്ടം 1) 438

നമ്പർ 3

കോടതിയിൽ ഒടുക്കുന്നതിനെക്കുറിച്ചുള്ള നോട്ടീസ്
(ആർഡർ 24, ചട്ടം 2) 438

നമ്പർ 4

കാരണം കാണിക്കാനുള്ള നോട്ടീസ് (സാമാന്യ ഫാറം) 438

നമ്പർ 5

വാദി/പ്രതി ഹാജരാക്കുന്ന രേഖകളുടെ ലിസ്ററ്
(ആർഡർ 13, ചട്ടം 1) 439

നമ്പർ 6

അധികാരിത വിട്ടുപോകാൻ പോകുന്ന സാക്ഷിയുടെ വിസ്താരത്തിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് കക്ഷികൾക്കുള്ള നോട്ടീസ്
(ആർഡർ 18, ചട്ടം 16) 439

നമ്പർ 7

ഹാജരില്ലാത്ത സാക്ഷിയെ വിസ്തരിക്കാൻ കമ്മീഷൻ
(ആർഡർ 26, ചട്ടം 74, 18) 440

| | പേജ് |
|---|---|
| നമ്പർ 8 | |
| അപേക്ഷാപത്രം (ആർഡർ 26, ചട്ടം 5) | 440 |
| നമ്പർ 9 | |
| സ്ഥലത്ത് ചെന്നുള്ള അന്വേഷണത്തിനോ, കണക്കുകൾ പരിശോധിക്കുന്നതിനോ ഉള്ള കമ്മീഷൻ (ആർഡർ 26, ചട്ടം 9, 11) | 441 |
| നമ്പർ 10 | |
| ഭാഗം ചെയ്യാനുള്ള കമ്മീഷൻ (ആർഡർ 26, ചട്ടം 13) | 442 |
| നമ്പർ 11 | |
| സർട്ടിഫൈ ചെയ്യപ്പെട്ടതോ നൈസർഗ്ഗികമോ വസ്തുതാനുസൃതമോ ആയ രക്ഷാകർത്താവ് (ആർഡർ 32, ചട്ടം 3) | 443 |
| നമ്പർ 11 ക | |
| മൈനർ പ്രതിക്കുള്ള നോട്ടീസ് (ആർഡർ 32, ചട്ടം 3) | 443 |
| നമ്പർ 12 | |
| നിസ്വനായ ആളാണെന്നതിനെക്കുറിച്ചുള്ള തെളിവ് കേൾക്കുന്നതിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് എതിർകക്ഷിക്കുള്ള നോട്ടീസ് (ആർഡർ 33, ചട്ടം 6) | 444 |
| നമ്പർ 13 | |
| ജാമ്യക്കാരന് വിധിക്കു കീഴിലുള്ള അയാളുടെ ബാദ്ധ്യതയെക്കുറിച്ചുള്ള നോട്ടീസ് (145-ാം വകുപ്പ്) | 444 |
| നമ്പർ 14 | |
| സിവിൽ വ്യവഹാരങ്ങളുടെ രജിസ്ററർ (ആർഡർ 4, ചട്ടം 2) | 446 |
| നമ്പർ 15 | |
| അപ്പീലുകളുടെ രജിസ്ററർ (ആർഡർ 41, ചട്ടം 9) | 447 |

# സിവിൽ നടപടി നിയമസംഹിത

(1908—ലെ 5—ാം നമ്പർ ആക്ററ്)
സിവിൽ നീതിന്യായക്കോടതികളുടെ നടപടിക്രമം സംബന്ധിച്ച നിയമങ്ങൾ സഞ്ചയിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യുന്നതിനുള്ള ആക്ററ്

സിവിൽ നീതിന്യായക്കോടതികളുടെ നടപടിക്രമം സംബന്ധിച്ച നിയമങ്ങൾ സഞ്ചയിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ; ഇതിനാൽ താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

[1908 മാർച്ച്, 21]

## പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.— (1) ഈ ആക്ററ്, സിവിൽനടപടി നിയമസംഹിത, 1908 എന്ന് ഉദ്ധരിക്കപ്പെടാവുന്നതാണ്.

(2) ഇത്, 1909 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

(3) ഇത്—

(ക) ജമ്മു-കാശ്മീർ സ്റേററും;

(ഖ) നാഗാലാൻഡ് സ്റേററും ഗോത്രവർഗ്ഗപ്രദേശങ്ങളും;

ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു:

എന്നാൽ, ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ നിയമസംഹിതയിലെ വ്യവസ്ഥകളോ അവയിൽ ഏതെങ്കിലുമോ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന അനുപൂരകമോ ആനുഷംഗികമോ അനന്തരഫലമായുള്ളതോ ആയ രൂപഭേദങ്ങളോടുകൂടി, അതതുസംഗതിപോലെ, നാഗാലാൻഡ് സ്റേററിലേയ്ക്ക് മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗത്തേക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളിലേയ്ക്കോ വ്യാപിപ്പിക്കാവുന്നതാണ്.

വിശദീകരണം.— ഈ ഖണ്ഡത്തിൽ "ഗോത്രവർഗ്ഗ പ്രദേശങ്ങൾ" ക്ക് 1972 ജനുവരി 21-ാം ദിവസത്തിനു തൊട്ടുമുമ്പ്, ഭരണഘടന ആറാം പട്ടിക 20-ാം ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള ആസ്സാമിലെ ഗോത്രവർഗ്ഗ പ്രദേശങ്ങളിൽ ഉൾപ്പെട്ടിരുന്ന രാജ്യക്ഷേത്രങ്ങൾ എന്ന് അർത്ഥമാകുന്നു;

(4) അമിൻദിവി ദ്വീപുകളും, ആന്ധ്രാപ്രദേശ് സ്റേററിലെ കിഴക്കൻ ഗോദാവരി, പടിഞ്ഞാറൻ ഗോദാവരി വിശാഖപട്ടണം എന്നീ ഏജൻസികളും, ലക്ഷദ്വീപ് യൂണിയൻ രാജ്യക്ഷേത്രവും സംബന്ധിച്ചിടത്തോളം, ഈ നിയമസംഹിതയുടെ ബാധകത, അങ്ങനെയുള്ള ദ്വീപുകളിലോ ഏജൻസികളിലോ, അങ്ങനെയുള്ള യൂണിയൻ രാജ്യക്ഷേത്രത്തിലോ ഈ നിയമസംഹിതയുടെ ബാധകതസംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടത്തിന്റേയോ റെഗുലേഷന്റേയോ ബാധകതയ്ക്ക് ഭംഗംവരാത്ത വിധം ആയിരിക്കുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.— ഈ ആക്ററിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം;

(1) ''നിയമസംഹിത''യിൽ, ചട്ടങ്ങൾ ഉൾപ്പെടുന്നു;

(2) ''വിധി''എന്നാൽ, ഏത് ഔപചാരിക ന്യായനിർണ്ണയപ്രകാശനമാണോ അത് പ്രകാശിപ്പിക്കുന്ന കോടതിയെ സംബന്ധിച്ചിടത്തോളം, വ്യവഹാരത്തിൽ വിവാദത്തിലുള്ള എല്ലാ വിഷയങ്ങളുമോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച കക്ഷികളുടെ അവകാശങ്ങളെ നിശ്ചായകമായി തീരുമാനിക്കുന്നത്, അങ്ങനെയുള്ള ഔപചാരികമായ ന്യായനിർണ്ണയപ്രകാശനം എന്ന് അർത്ഥമാകുന്നതും, അത് പ്രാരംഭികമോ അന്തിമമോ ആയിരിക്കാവുന്നതും ആകുന്നു. അതിൽ അന്യായത്തിന്റെ നിരസനവും 144-ാം വകുപ്പിനുള്ളിലെ ഏതെങ്കിലും പ്രശ്നത്തിന്റെ തീരുമാനവും ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും, എന്നാൽ.—

(ക) ഏതു് ന്യായനിർണ്ണയത്തിൽനിന്നാണോ ഒരു ഉത്തരവിൽനിന്നുള്ള അപ്പീൽ എന്ന നിലയ്ക്ക് അപ്പീൽ ഉണ്ടായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ന്യായനിർണ്ണയമോ;

(ഖ) വീഴ്ച വരുത്തിയതിനുള്ള ഏതെങ്കിലും തള്ളിക്കളയൽ ഉത്തരവോ;

ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.— വ്യവഹാരം പൂർണ്ണമായി തീർപ്പുചെയ്യാൻ കഴിയുന്നതിനു മുമ്പ് കൂടുതൽ നടപടികൾ എടുക്കേണ്ടതായിരിക്കുമ്പോൾ വിധി പ്രാരംഭികമാണ്. അങ്ങനെയുള്ള ന്യായനിർണ്ണയം വ്യവഹാരം പൂർണ്ണമായി തീർപ്പുചെയ്യുമ്പോൾ അത് അന്തിമമാണ്. അത് ഭാഗികമായി പ്രാരംഭികവും ഭാഗികമായി അന്തിമവും ആകാവുന്നതാണ്;

(3) ''വിധി ഉടമ'' എന്നാൽ, ഏതൊരാൾക്ക് അനുകൂലമായാണോ ഒരു വിധി പാസ്സാക്കുകയോ, നടത്താൻ കഴിയുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ആൾ എന്ന് അർത്ഥമാകുന്നു;

(4) ''ജില്ല''ക്ക്, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ (ഇതിൽ ഇതിനുശേഷം ''ജില്ലാക്കോടതി'' എന്ന് വിളിക്കപ്പെടുന്നത്) അധികാരിതയുടെ തദ്ദേശാതിർത്തികൾ എന്നർത്ഥമാകുന്നതും, അതിൽ ഹൈക്കോടതിയുടെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾ ഉൾപ്പെടുന്നതും ആകുന്നു;

(5) ''വിദേശ കോടതി''ക്ക്, ഇൻഡ്യക്ക് വെളിയിൽ സ്ഥിതിചെയ്യുന്നതും, കേന്ദ്രഗവൺമെൻറിൻെറ പ്രാധികാരപ്രകാരം സ്ഥാപിക്കപ്പെടുകയോ തുടരുകയോ ചെയ്യുന്നതല്ലാത്തതുമായ കോടതി എന്നർത്ഥമാകുന്നു;

(6) ''വിദേശവിധിന്യായ'' ത്തിന്, ഒരു വിദേശക്കോടതിയുടെ വിധിന്യായം എന്നർത്ഥമാകുന്നു;

(7) ''ഗവൺമെൻറ് പ്ലീഡർ'' എന്നതിൽ, ഈ നിയമ സംഹിത ഗവൺമെൻറ് പ്ലീഡറിൽ പ്രകടമായി ചുമത്തുന്ന, എല്ലാ ചുമതലകളുമോ, അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുന്നതിന് സ്റേററ്റ് ഗവൺമെൻറ് നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനും, ഗവൺമെൻറ് പ്ലീഡറുടെ നിദേശങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്ലീഡറും കൂടി ഉൾപ്പെടുന്നതും ആകുന്നു;

(7ക) ''ഹൈക്കോടതി''ക്ക്, ആന്തമാനും നിക്കോബാറും ദ്വീപുകൾ സംബന്ധിച്ചിടത്തോളം, കൽക്കട്ടയിലെ ഹൈക്കോടതി എന്നർത്ഥമാകുന്നു;

(7ഖ) ''ഇൻഡ്യ''ക്ക്, 1,29,43,44,44ക,78,79,82,83,87 ക എന്നീ വകുപ്പുകളിലൊഴികെ, ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യയുടെ രാജ്യക്ഷേത്രം എന്നർത്ഥമാകുന്നു;

(8) ''ജഡ്ജി''ക്ക് ഒരു സിവിൽ കോടതിയിലെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു;

(9) ''വിധിന്യായ''ത്തിന്, വിധിയുടെയോ, ഉത്തരവിൻെറയോ കാരണങ്ങളെക്കുറിച്ച് ജഡ്ജി നൽകുന്ന പ്രസ്താവന എന്ന് അർത്ഥമാകുന്നു;

(10) ''വിധിക്കടക്കാര''ന്, ഏതൊരാൾക്ക് എതിരായാണോ ഒരു വിധി പാസാക്കപ്പെടുകയോ, നടത്താൻ കഴിയുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ആൾ എന്ന് അർത്ഥമാകുന്നു;

(11) ''നിയമാനുസൃത പ്രതിനിധിക്ക്'' മരിച്ചുപോയ ആളുടെ എസ്റേററിനെ നിയമദൃഷ്ട്യാ പ്രതിനിധാനംചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ മരിച്ചുപോയ ആളുടെ എസ്റേററിൽ കൈയിടുന്ന ഏതെങ്കിലും ആളും, ഒരു കക്ഷിയോ കക്ഷിക്ക് എതിരായോ വ്യവഹാരം ബോധിപ്പിക്കുന്നത് പ്രാതിനിധ്യ സ്വഭാവത്തിലായിരിക്കുന്നിടത്ത്, ഏത് കക്ഷിക്കോ കക്ഷിക്ക് എതിരായാണോ അപ്രകാരം വ്യവഹാരം ബോധിപ്പിക്കുന്നത്, ആ കക്ഷിയുടെ മരണത്തോടെ എസ്റേററ് സംക്രമിക്കുന്നത് ആരിലേക്കാണോ ആ ആളും ഉൾപ്പെടുന്നതാകുന്നു;

(12) വസ്തുവിൻെറ ''ഇടക്കാലാദായം'' എന്നാൽ, അങ്ങനെയുള്ള വസ്തു അന്യായമായി കൈവശമുള്ള ആൾക്ക്, അതിൽനിന്ന് യഥാർത്ഥത്തിൽ കിട്ടുന്നതോ, സാധാരണ ശ്രദ്ധയുണ്ടെങ്കിൽ കിട്ടിയിരിക്കാവുന്നതോ ആയ ലാഭം, അങ്ങനെയുള്ള ലാഭത്തിൻമേലുള്ള പലിശ സഹിതം എന്ന് അർത്ഥമാകുന്നതും എന്നാൽ അതിൽ അന്യായമായി കൈവശമുള്ള ആൾ ചെയ്ത ദേഹണ്ഡങ്ങൾ കാരണമായുള്ള ലാഭം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(13) ''ജംഗമവസ്തു'' വിൽ വളരുന്ന വിളവുകളും ഉൾപ്പെടുന്നു;

(14) ''ഉത്തരവി''ന്, വിധി അല്ലാത്ത, ഒരു സിവിൽ കോടതിയുടെ ഏതെങ്കിലും തീരുമാനത്തിൻെറ ഔപചാരിക പ്രകാശനം എന്ന് അർത്ഥമാകുന്നു;

(15) ''പ്ലീഡർ''ക്ക്, മറെറാരാൾക്കുവേണ്ടി കോടതിയിൽ ഹാജരാകാനും കേസ് വാദിക്കാനും അവകാശമുള്ള ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ അഡ്വക്കേററും വക്കീലും ഹൈക്കോടതിയിലെ അറേറാർണിയും ഉൾപ്പെടുന്നതുമാകുന്നു;

(16) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു;

(17) ''പബ്ലിക് ഉദ്യോഗസ്ഥൻ'' എന്നാൽ, താഴെപറയുന്ന വിവരണങ്ങളിൽ ഏതിലെങ്കിലുംപെടുന്ന ആൾ എന്ന് അർത്ഥമാകുന്നു; അതായത്;

(ക) ഏതൊരും ജഡ്ജിയും;

(ഖ) ഒരു അഖിലേൻഡ്യാ സർവ്വീസിലെ ഏതൊരു അംഗവും;

(ഗ) ഗവൺമെൻറിൻെറ കീഴിൽ സേവനം അനുഷ്ഠിക്കുമ്പോൾ യൂണിയൻെറ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ ഏതൊരു കമ്മിഷൻഡ് ആഫീസറും, അല്ലെങ്കിൽ ഗസററഡ് ആഫീസറും;

(ഘ) നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലുംവിഷയത്തെപ്പററി അന്വേഷണം നടത്തുകയോ റിപ്പോർട്ടുചെയ്യുകയോ ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ, ഏതെങ്കിലും വസ്തു ഏറെറടുക്കുകയോ വ്യയനംചെയ്യുകയോ, ഏതെങ്കിലും ജുഡിഷ്യൽ പ്രാസസ്സ് നടത്തുകയോ, ഏതെങ്കിലും ശപഥം ചെയ്യിക്കുകയോ ദ്വിഭാഷിയായി പ്രവർത്തിക്കുകയോ, കോടതിയിൽ സമാധാനം പാലിക്കുകയോ ചെയ്യുന്നത് ഒരു നീതിന്യായകോടതിയിലെ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ആരുടെ കർത്തവ്യമാണോ, അങ്ങനെയുള്ള ഏതൊരു ഉദ്യോഗസ്ഥനും, അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ഒരു നീതിന്യായക്കോടതി പ്രത്യേകമായി പ്രാധികാരപ്പെടുത്തുന്ന ഏതൊരാളും;

(ങ) ഏതു ഉദ്യോഗം വഹിക്കുന്ന ബലത്തിലാണോ ഒരാൾ ഏതെങ്കിലും ആളെ തടങ്കലിൽവയ്ക്കുവാനോ സൂക്ഷിക്കുവാനോ അധികൃതനാകുന്നത്, അങ്ങനെയുമള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും;

(ച) ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ കുററങ്ങൾ തടയുകയോ കുററങ്ങൾ സംബന്ധിച്ച് വിവരം നൽകുകയോ കുററക്കാരെ നീതിന്യായവിചാരണയ്ക്ക് വിധേയരാക്കുകയോ, അല്ലെങ്കിൽ പൊതുജനങ്ങളുടെ ആരോഗ്യമോ ഭദ്രതയോ സൗകര്യമോ രക്ഷിക്കുകയോ ചെയ്യുന്നത് ഏതൊരു ഗവൺമെൻറ് ഉദ്യോഗസ്ഥൻെറ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ;

(ഛ) ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ, വ്യയം ചെയ്യുകയോ, അല്ലെങ്കിൽ ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും സർവ്വേ നടത്തുകയോ, മതിപ്പുനിശ്ചയിക്കുകയോ കാൺട്രാക്ററിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും റവന്യൂപ്രാസസ്സ് നടത്തുകയോ, അല്ലെങ്കിൽ ഗവൺമെൻറിൻെറ ധനപരമായ താത്പര്യങ്ങളെ ബാധിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയോ റിപ്പോർട്ടുചെയ്യുകയോ അല്ലെങ്കിൽ ഗവൺമെൻറിൻെറ ധനപരമായ താത്പര്യങ്ങളെ ബാധിക്കുന്ന ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ, അല്ലെങ്കിൽ ഗവൺമെൻറിൻെറ ധനപരമായ താത്പര്യങ്ങളുടെ രക്ഷണത്തിനുള്ള ഏതെങ്കിലും നിയമത്തിൻെറ ലംഘനത്തെ തടയുകയോ ചെയ്യുന്നത് ഏതൊരു ഉദ്യോഗസ്ഥൻെറ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ;

(ജ) ഗവൺമെൻറിൻെറ സർവ്വീസിലോ ശമ്പളത്തിലോ ഇരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് കർത്തവ്യം നിർവ്വഹിക്കുന്നതിന് ഫീസോ കമ്മീഷനോ വേതനമായി ലഭിക്കുകയോ ചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനും;

(18) ''ചട്ടങ്ങൾ''ക്ക്, 1-ാം പട്ടികയിൽ അടങ്ങുന്നതോ 122-ാം വകുപ്പിനോ 125-ാം വകുപ്പിനോ കീഴിൽ ഉണ്ടാക്കപ്പെടുന്നതോ ആയ ചട്ടങ്ങളും ഫാറങ്ങളും എന്ന് അർത്ഥമാകുന്നു;

(19) "കോർപ്പറേഷനിലെ ഓഹരി" എന്നതിൽ, സ്റ്റോക്കോ ഡിബഞ്ചർ സ്റ്റോക്കോ, ഡിബഞ്ചറുകളോ ബോണ്ടുകളോ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു;

(20) "ഒപ്പിട്ട" എന്നതിൽ, വിധിന്യായത്തിന്റേയോ വിധിയുടേയോ സംഗതിയിൽ ഒഴികെ, "മുദ്രവച്ച" എന്നത് ഉൾപ്പെടുന്നു.

3. കോടതികൾ കീഴിലായിരിക്കുന്നത്.—ഈ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക്, ജില്ലാക്കോടതി ഹൈക്കോടതിക്ക് കീഴിൽ ആയിരിക്കുന്നതും, ജില്ലാക്കോടതിക്ക് താഴെ പടിയിലുള്ള ഏതൊരു സിവിൽക്കോടതിയും ഏതൊരു സ്മാൾകാസ് കോടതിയും ഹൈക്കോടതിക്കും ജില്ലാക്കോടതിക്കും കീഴിലായിരിക്കുന്നതും ആകുന്നു.

4. ഒഴിവാക്കലുകൾ.—(1) വിപരീതമായ ഏതെങ്കിലും വിനിർദ്ദിഷ്ട വ്യവസ്ഥയുടെ അഭാവത്തിൽ, ഈ നിയമസംഹിതയിലെ യാതൊന്നും, ഇപ്പോൾ പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രത്യേക നിയമത്തേയോ തദ്ദേശ നിയമത്തേയോ, അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമമോ നിയമത്തിൻകീഴിലോ നൽകുന്ന ഏതെങ്കിലും പ്രത്യേകാധികാരിതയേയോ, പ്രത്യേക അധികാരത്തേയോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും പ്രത്യേക രൂപത്തിലുള്ള നടപടിക്രമത്തേയോ പരിമിതിപ്പെടുത്തുകയോ, മറ്റു വിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

(2) പ്രത്യേകിച്ചും 1-ാം ഉപവകുപ്പിൽ അടങ്ങുന്ന പ്രമേയത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതേയും, ഈ നിയമസംഹിതയിലെ യാതൊന്നും കൃഷിഭൂമിയുടെ പാട്ടം, അങ്ങനെയുള്ള ഭൂമിയുടെ ഉൽപ്പന്നത്തിൽ നിന്ന് വസൂലാക്കുന്നതിന്, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഭൂധാരകനോ ഭൂ ഉടമയ്ക്കോ ഉണ്ടായിരിക്കാവുന്ന ഏതെങ്കിലും നിവൃത്തിയെ പരിമിതിപ്പെടുത്തുകയോ മറ്റു വിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

5. റവന്യൂ കോടതിക്ക് നിയമസംഹിതയുടെ ബാധകത.—(1) ഏതെങ്കിലും റവന്യൂക്കോടതികൾ, അവയ്ക്ക് ബാധകമായ ഏതെങ്കിലും പ്രത്യേക അധിനിയമം മൗനം പാലിക്കുന്ന നടപടിക്രമ വിഷയങ്ങളിൽ ഈ നിയമസംഹിതയിലെ വ്യവസ്ഥകളാൽ അനുശാസിക്കപ്പെടുന്നിടത്ത്, സ്റ്റേറ്റ് ഗവൺമെന്റിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ആ വ്യവസ്ഥകളിലെ ഈ നിയമസംഹിത പ്രകടമായി ബാധകമാകാത്ത ഏതെങ്കിലും ഭാഗങ്ങൾ, ആ കോടതികൾക്ക് ബാധകമായിരിക്കുന്നതല്ലെന്നോ, അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് നിർണ്ണയിക്കപ്പെടുന്ന രൂപഭേദങ്ങളോടുകൂടി മാത്രം ബാധകമായിരിക്കുന്നതാണെന്നോ പ്രഖ്യാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ "റവന്യൂകോടതി"ക്ക്, കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന ഭൂമിയുടെ പാട്ടമോ കരമോ ലാഭമോ സംബന്ധിച്ച വ്യവഹാരങ്ങളോ മറ്റു നടപടികളോ കൈക്കൊള്ളുന്നതിന് ഏതെങ്കിലും തദ്ദേശ നിയമത്തിൻകീഴിൽ അധികാരിതയുള്ള കോടതി എന്ന് അർത്ഥമാകുന്നതും, എന്നാൽ അതിൽ അങ്ങനെയുള്ള വ്യവഹാരങ്ങളോ നടപടികളോ സിവിൽ പ്രകൃതത്തിലുള്ള വ്യവഹാരങ്ങളോ നടപടികളോ ആണെന്ന നിലയിൽ, ഈ നിയമസംഹിതയ്ക്ക് കീഴിൽ വിചാരണ ചെയ്യാൻ ആദ്യാധികാരിതയുള്ള സിവിൽക്കോടതി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

6. ആർത്ഥികാധികാരിത.—മറ്റു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ഇതിൽ അടങ്ങുന്ന യാതൊന്നും ഏതെങ്കിലും കോടതിക്ക്, ഏത് വ്യവഹാരങ്ങളുടെ വിഷയകത്തിന്റെ തുകയോ മൂല്യമോ ആണോ ആ കോടതിയുടെ സാധാരണാധികാരിതയുടെ ആർത്ഥികപരിധി വല്ലതും ഉണ്ടെങ്കിൽ, കവിയുന്നത്, അങ്ങനെയുള്ള വ്യവഹാരങ്ങളിൻമേൽ അധികാരിത നൽകത്തക്കവിധം പ്രവർത്തിക്കുന്നതല്ല.

7. പ്രവിശ്യാ സ്മാറാകാസ് കോടതികൾ.—താഴെ പറയുന്ന വ്യവസ്ഥകൾ പ്രവിശ്യാ സ്മാറാകാസ് കോടതികൾ ആക്റ്റ്, 1887 (1887-ലെ 9)-ൻ കീഴിലോ, ബീറാർ സ്മാറാ കാസ് കോടതികൾ നിയമം, 1905-ൻ കീഴിലോ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള കോടതികൾക്കോ, മുൻപറഞ്ഞ ആക്റ്റിനോ നിയമത്തിനോ കീഴിൽ സ്മാറാ കാസ് കോടതിയുടെ അധികാരിത പ്രയോഗിക്കുന്ന കോടതികൾക്കോ, തത്സ്ഥാനീയാധികാരിത പ്രയോഗിക്കുന്നതും, ഇൻഡ്യയുടെ മുൻപറഞ്ഞ ആക്റ്റ് വ്യാപിക്കാത്ത ഏതെങ്കിലും ഭാഗത്ത് ഉള്ളതുമായ കോടതികൾക്കോ, വ്യാപിപ്പിക്കുന്നതല്ല, അതായത്,—

(ക) നിയമസംഹിതയുടെ നികായത്തിൻെറ എത്രത്തോളം ആണോ,—

(1) സ്മാറാകാസ് കോടതി, നടപടിക്കെടുക്കുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ള വ്യവഹാരങ്ങളെയും ;

(2) അങ്ങനെയുള്ള വ്യവഹാരങ്ങളിലെ വിധി നടത്തലുകളേയും ;

(3) സ്ഥാവര വസ്തുവിന് എതിരായുള്ള വിധി നടത്തലുകളെയും ബാധിക്കുന്നത്, അത്രത്തോളം ;

(ഖ) താഴെ പറയുന്ന വകുപ്പുകൾ, അതായത്,—

9-ാം വകുപ്പും ;

91-ം 92-ം വകുപ്പുകളും ;

(1) സ്ഥാവര വസ്തുവിൻെറ ജപ്തിക്കുള്ള ഉത്തരവുകളേയോ,

(2) ഇഞ്ചംക്ഷൻ ഉത്തരവുകളേയോ,

(3) സ്ഥാവരവസ്തുവിൻെറ റിസീവർ നിയമനത്തേയോ,

(4) 94-ാം വകുപ്പു (ങ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഇടക്കാല ഉത്തരവുകളേയോ,

പ്രാധികാരപ്പെടുത്തുകയോ സംബന്ധിക്കുകയോ ചെയ്യുന്നിടത്തോളം, 94-ം, 95-ം വകുപ്പുകളും ;

96 മുതൽ 112 വരെയുള്ള വകുപ്പുകളും; 115-ാം വകുപ്പും.

8. പ്രസിഡൻസി സ്മാറാ കാസ് കോടതികൾ.—24-ം, 38 മുതൽ 41 വരെയും വകുപ്പുകളിലും, 75-ാം വകുപ്പു (ക), (ഖ), (ഗ) ഖണ്ഡങ്ങളിലും, 76-ം, 77-ം, 157-ം, 158-ം വകുപ്പുകളിലും, പ്രസിഡൻസി സ്മാറാ കാസ് കോടതി ആക്റ്റ്, 1882-നാലും വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ഈ നിയമസംഹിതയുടെ നികായത്തിലെ വ്യവസ്ഥകൾ കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും സ്മാറാ കാസ് കോടതികളിലെ ഏതെങ്കിലും വ്യവഹാരത്തിലോ നടപടിക്കോ വ്യാപിക്കുന്നതല്ല:

എന്നാൽ—

(1) അതതു സംഗതിപോലെ, ഫോർട്ട് വില്യമിലേയും മദ്രാസിലേയും ബാംബെയിലേയും ഹൈക്കോടതിക്ക്, അപ്പോഴപ്പോൾ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രസിഡൻസി സ്മാറാ കാസ് കോടതി ആക്റ്റ്, 1882-ലെ (1882-ലെ 15) പ്രകടമായ വ്യവസ്ഥകളോടു അസംഗതമല്ലാത്തതും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന രൂപഭേദങ്ങളോടും അനുയോജനങ്ങളോടും കൂടിയതുമായ അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥകൾ, അങ്ങനെയുള്ള കോടതിയിലെ വ്യവസ്ഥകൾക്കോ നടപടികൾക്കോ, അല്ലെങ്കിൽ തരം വ്യവസ്ഥകൾക്കോ തരം നടപടികൾക്കോ വ്യാപിക്കുന്നതാണെന്ന് നിദേശിക്കാവുന്നതും ;

(2) പ്രസിഡൻസി സ്മാറാ കാസ് കോടതി ആക്റ്റ്, 1882-ലെ 9-ാം വകുപ്പിൻകീഴിൽ മുൻ പറഞ്ഞ ഹൈക്കോടതികളിൽ ഏതെങ്കിലും ഇതിനു മുൻപ് ഉണ്ടാക്കിയിട്ടുള്ള എല്ലാ ചട്ടങ്ങളും സാധുവായി ഉണ്ടാക്കപ്പെട്ടവയായി കരുതപ്പെടുന്നതും,

ആകുന്നു.

## ഭാഗം I

# വ്യവഹാരങ്ങൾ സാമാന്യമായി
# കോടതികളുടെ അധികാരിതയും റെസ്ജുഡിക്കേററയും

9. കോടതികൾ, തടസ്സമില്ലാത്തപക്ഷം എല്ലാ സിവിൽ വ്യവഹാരങ്ങളും വിചാരണ ചെയ്യുന്നതാണെന്ന്.—കോടതികൾക്ക്, (ഇതിൽ അടങ്ങുന്ന വ്യവസ്ഥകൾക്ക് വിധേയമായി) ഏതു വ്യവഹാരങ്ങൾ നടപടിക്കെടുക്കുന്നതിനാണോ പ്രകടമോ വ്യംഗ്യമോ ആയ തടസ്സമുള്ളത്, അങ്ങനെയുള്ള വ്യവഹാരങ്ങൾ ഒഴികെ സിവിൽ പ്രകൃതത്തിലുള്ള എല്ലാ വ്യവഹാരങ്ങളും വിചാരണ ചെയ്യാൻ അധികാരിത ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം I.—വസ്തുവിനുള്ളതോ ഒരു ഉദ്യോഗത്തിനുള്ളതോ ആയ അവകാശത്തിന് എതിർവാദം ഉള്ള വ്യവഹാരം, അങ്ങനെയുള്ള അവകാശം പൂർണ്ണമായും മതപരമായ ചടങ്ങുകളോ അടിയന്തരങ്ങളോ സംബന്ധിച്ചുള്ള പ്രശ്നങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചേക്കാമെന്നിരുന്നാലും, സിവിൽ പ്രകൃതത്തിലുള്ള വ്യവഹാരമാകുന്നു.

വിശദീകരണം II.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, വിശദീകരണം I-ൽ പരാമർശിക്കുന്ന ഉദ്യോഗത്തോട് അനുബന്ധിച്ച് ഏതെങ്കിലും ഫീസ് ഉണ്ടോ ഇല്ലയോ എന്നുള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗം ഒരു പ്രത്യേക സ്ഥലത്തോടു അനുബന്ധിച്ചുള്ളതാണോ അല്ലയോ എന്നുള്ളതോ സാരമുള്ളതല്ല.

10. വ്യവഹാരം നിറുത്തിവയ്ക്കൽ.—യാതൊരു കോടതിയും, ഏതൊരു വ്യവഹാരത്തിലാണോ വിവാദ്യവിഷയം അതേ അവകാശത്തിൻകീഴിൽ വ്യവഹരിക്കുന്നവരും, അതേ കക്ഷികളോ, അല്ലെങ്കിൽ, ഏത് കക്ഷികൾക്ക് കീഴിലാണോ അവരോ അവരിൽ ആരെങ്കിലുമോ അവകാശപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ ആയവരും ആയ കക്ഷികൾ തമ്മിൽ മുൻപേ ആരംഭിച്ചിട്ടുള്ള ഒരു വ്യവഹാരത്തിലും, നേരിട്ടും സാരാംശത്തിലും വിവാദ്യമായിരിക്കുന്നത്, അങ്ങനെയുള്ള വ്യവഹാരത്തിന്റെ വിചാരണ, ആ മുൻപേ ആരംഭിച്ച വ്യവഹാരം അവകാശപ്പെടുന്ന നിവൃത്തി നൽകാൻ അധികാരിതയുള്ള അതേ കോടതിയിലോ, ഇൻഡ്യയിലെ മറേറതെങ്കിലും കോടതിയിലോ, അല്ലെങ്കിൽ സദൃശാധികാരിതയുള്ളതും കേന്ദ്ര ഗവൺമെൻറ് സ്ഥാപിക്കുകയോ തുടർന്നുപോകുകയോ ചെയ്യുന്നതും ഇൻഡ്യയുടെ അതിർത്തികൾക്ക് വെളിയിലുള്ളതുമായ ഏതെങ്കിലും കോടതിയിലോ, സുപ്രീംകോടതി മുമ്പാകെയോ നിലവിലിരിക്കുന്നിടത്ത്, തുടരാൻ പാടുള്ളതല്ല.

വിശദീകരണം.—ഒരു വ്യവഹാരം ഒരു വിദേശ കോടതിയിൽ നിലവിലിരിക്കുന്നുണ്ടെന്നുള്ളത്, അതേ വ്യവഹാര കാരണം അടിസ്ഥാനമായിട്ടുള്ള ഒരു വ്യവഹാരം വിചാരണ ചെയ്യുന്നതിൽ നിന്ന് ഇൻഡ്യയിലെ കോടതികളെ തടയുന്നതല്ല.

11. റസ്ജുഡിക്കേററ്.—യാതൊരു കോടതിയും, ഏതൊരു വ്യവഹാരത്തിലോ വിവാദ്യ കത്തിലോ ആണോ നേരിട്ടും സാരാംശത്തിലും വിവാദ്യമായിരിക്കുന്ന വിഷയം അതേ അവകാശത്തിൻകീഴിൽ വ്യവഹരിക്കുന്നവരും, അതേ കക്ഷികളോ അല്ലെങ്കിൽ ഏതു കക്ഷികൾക്ക് കീഴിലാണോ, അവരോ അവരിൽ ആരെങ്കിലുമോ അവകാശപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ ആയവരും ആയ കക്ഷികൾ തമ്മിലുള്ളതും, അങ്ങനെയുള്ള പിൻവ്യവഹാരമോ, അങ്ങനെയുള്ള വിവാദ്യകം പിന്നീട് ഉന്നയിക്കപ്പെട്ടിട്ടുള്ള വ്യവഹാരമോ വിചാരണ ചെയ്യാൻ ക്ഷമതയുള്ള ഒരു കോടതിയിലുള്ളതും ആയ ഒരു മുൻ വ്യവഹാരത്തിൽ, നേരിട്ടും സാരാംശത്തിലും വിവാദ്യമായിരിക്കുകയും അങ്ങനെയുള്ള കോടതിയാൽ കേൾക്കപ്പെടുകയും അന്തിമമായി തീരുമാനിക്കപ്പെടുകയും ചെയ്തിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള വ്യവഹാരമോ വിവാദ്യകമോ വിചാരണ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം I.—"മുൻ വ്യവഹാരം" എന്ന പദം, പ്രശ്നവിഷയകമായ വ്യവഹാരത്തിനു മുൻപ് തീരുമാനിക്കപ്പെട്ടിട്ടുള്ള ഒരു വ്യവഹാരത്തെ അത് അതിനു മുൻപ് ആരംഭിച്ചിട്ടുള്ളതായിരുന്നാലും അല്ലെങ്കിലും കുറിയ്ക്കുന്നതാണ്.

വിശദീകരണം II.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഒരു കോടതിയുടെ ക്ഷമത, അങ്ങനെയുള്ള കോടതിയുടെ തീരുമാനത്തിൽ നിന്നുള്ള അപ്പീൽ അവകാശം സംബന്ധിച്ച ഏതെങ്കിലും വ്യവസ്ഥകളെ ഗണിക്കാതെ നിശ്ചയിക്കപ്പെടുന്നതാണ്.

വിശദീകരണം III.—മുകളിൽ പരാമർശിച്ച വിഷയം മുൻ വ്യവഹാരത്തിൽ ഒരു കക്ഷി, ഉണ്ടെന്ന് പറയുകയും, മറേറ കക്ഷി നിഷേധിക്കുകയോ പ്രകടമായോ വ്യംഗ്യമായോ സമ്മതിക്കുകയോ ചെയ്യുകയും ചെയ്തിട്ടുണ്ടായിരിക്കണം.

വിശദീകരണം IV.— അങ്ങനെയുള്ള മുൻ വ്യവഹാരത്തിൽ പ്രതിവാദത്തിനോ എതിർപ്പിനോ ആസ്പദമാക്കുമായിരുന്നതും ആസ്പദമാക്കേണ്ടിയിരുന്നതുമായ, ഏതെങ്കിലും വിഷയം അങ്ങനെയുള്ള വ്യവഹാരത്തിൽ നേരിട്ടും സാരാംശത്തിലും വിവാദ്യമായിരുന്ന വിഷയമായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം V.—അന്യായത്തിൽ അവകാശപ്പെട്ടിട്ടുള്ളതും, വിധി പ്രകടമായി അനുവദിക്കാത്തതുമായ ഏതെങ്കിലും നിവൃത്തി, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, നിഷേധിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം VI.—ആളുകൾ, തങ്ങൾക്കും മററുള്ളവർക്കുംകൂടി പൊതുവായി അവകാശപ്പെടുന്ന ഒരു പബ്ലിക് അവകാശത്തെക്കുറിച്ചോ, സ്വകാര്യ അവകാശത്തെക്കുറിച്ചോ, ഉത്തമവിശ്വാസപൂർവ്വം വ്യവഹരിക്കുന്നിടത്ത്, അങ്ങനെയുള്ള അവകാശത്തിൽ അവകാശബന്ധമുള്ള എല്ലാ ആളുകളും, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് അപ്രകാരം വ്യവഹരിക്കുന്ന ആളുകൾക്ക് കീഴിൽ അവകാശപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം VII.—ഈ വകുപ്പിലെ വ്യവസ്ഥകൾ, ഒരു വിധിയുടെ നടത്തലിനുള്ള നടപടിക്ക് ബാധകമായിരിക്കുന്നതും, ഏതെങ്കിലും വ്യവഹാരത്തേയോ, വിവാദ്യകത്തെയോ, മുൻ വ്യവഹാരത്തേയോ കുറിച്ചുള്ള ഈ വകുപ്പിലെ പരാമർശങ്ങൾക്ക്, യഥാക്രമം, ഒരു വിധിയുടെ നടത്തലിനുള്ള നടപടിയെയും,

അങ്ങനെയുള്ള നടപടിയിൽ ഉത്ഭവിക്കുന്ന പ്രശ്നത്തേയും, ആ വിധിയുടെനടത്തലിനുള്ള ഒരുമുൻ നടപടിയേയും കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കൽപ്പിക്കപ്പെടുന്നതും ആകുന്നു.

വിശദീകരണം VIII.—ഏത് വിവാദ്യകമാണോ പരിമിതാധികാരിതയുള്ളതും, അങ്ങനെയുള്ള വിവാദ്യകം തീരുമാനിക്കാൻ ക്ഷമതയുള്ളതുമായ ഒരു കോടതി കേൾക്കുകയും, അന്തിമമായി തീരുമാനിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള വിവാദ്യകം, ഒരു പിൻ വ്യവഹാരത്തിൽ, ആ പരിമിതാധികാരിതയുള്ള കോടതിക്ക്, ആ പിൻവ്യവഹാരം വിചാരണ ചെയ്യാൻ ക്ഷമത ഉണ്ടായിരുന്നില്ലെന്നിരുന്നാലും, റസ്ജുഡിക്കേററ ആയി പ്രവർത്തിക്കുന്നതാകുന്നു.

12. വീണ്ടുമുള്ള വ്യവഹാരത്തിനുള്ള തടസ്സം.—വാദിയെ ഏതെങ്കിലും പ്രത്യേക വ്യവഹാര കാരണം സംബന്ധിച്ച് വീണ്ടുമുള്ള വ്യവഹാരം ആരംഭിക്കുന്നതിൽ നിന്ന് ചട്ടങ്ങൾ തടയുന്നിടത്ത്, അയാൾക്ക് ഈ നിയമ സംഹിത ബാധകമാകുന്ന ഏതെങ്കിലും കോടതിയിൽ അങ്ങനെയുള്ള വ്യവഹാര കാരണം സംബന്ധിച്ച് വ്യവഹാരം ആരംഭിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

13. വിദേശ വിധിന്യായം നിശ്ചായകമല്ലാത്തത് എപ്പോൾ എന്ന്.—ഒരു വിദേശ വിധിന്യായം അതുവഴി, അതേ അവകാശത്തിൻകീഴിൽ വ്യവഹരിക്കുന്നവരും അതേ കക്ഷികളോ, അല്ലെങ്കിൽ ഏതു കക്ഷികൾക്ക് കീഴിലാണോ അവരോ അവരിൽ ആരെങ്കിലുമോ അവകാശപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ, ആയവരും ആയ കക്ഷികൾക്കിടയിൽ നേരിട്ട് ന്യായനിർണ്ണയം ചെയ്യപ്പെടുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച്—

(ക) അതു ക്ഷമതയോടുകൂടിയ, അധികാരിതയുള്ള ഒരു കോടതിയാൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്തിടത്തോ ;

(ഖ) അത് കേസ്സിന്റെ ഗുണാഗുണങ്ങളിൻമേൽ നൽകിയിട്ടില്ലാത്തിടത്തോ ;

(ഗ) അത് അന്താരാഷ്ട്ര നിയമത്തിന്റെ ശരിയല്ലാത്ത ഒരു വീക്ഷണത്തേയോ അല്ലെങ്കിൽ ഇൻഡ്യയുടെ നിയമം ബാധകമാകുന്ന കേസ്സുകളിൽ അങ്ങനെയുള്ള നിയമത്തെ അംഗീകരിക്കാൻ വിസമ്മതിച്ചതിനേയോ ആസ്പദമാക്കിയിട്ടുള്ളതാണെന്ന് നടപടികളിൽ നിന്ന് പ്രത്യക്ഷമായി കാണുന്നിടത്തോ;

(ഘ) ഏത് നടപടികളിലാണോ ആ വിധിന്യായം നേടിയത്, ആ നടപടികൾ സ്വാഭാവിക നീതിക്കെതിരായിരിക്കുന്നിടത്തോ ;

(ങ) അത് വഞ്ചനവഴി നേടിയിട്ടുള്ളിടത്തോ ;

(ച) അത് ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ ലംഘനത്തെ ആസ്പദമാക്കിയുള്ള ഒരു അവകാശവാദത്തെ അനുവദിച്ചുകൊടുക്കുന്നിടത്തോ ;

ഒഴികെ നിശ്ചായകമായിരിക്കുന്നതാണ്.

14. വിദേശ വിധിന്യായങ്ങളെക്കുറിച്ചുള്ള അനുമാനം.—ഒരു വിദേശ വിധിന്യായത്തിന്റെ സർട്ടിഫൈ ചെയ്ത പകർപ്പാണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖ ഹാജരാക്കപ്പെടുന്നതിൻമേൽ, കോടതി, റിക്കാർഡിൽ വിപരീതമായതു കാണാത്തപക്ഷം, അങ്ങനെയുള്ള വിധിന്യായം ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയാൽ പ്രസ്താവിക്കപ്പെട്ടതാണെന്ന് അനുമാനിക്കേണ്ടതാകുന്നു; എന്നാൽ അങ്ങനെയുള്ള അനുമാനം അധികാരിതയില്ലായ്മ തെളിയിക്കുന്നതു വഴി മാററാവുന്നതാണ്*.

## വ്യവഹാരം കൊടുക്കേണ്ട സ്ഥലം

15. വ്യവഹാരം ആരംഭിക്കേണ്ടത് ഏത് കോടതിയിൽ ആണെന്ന്.—ഏതൊരു വ്യവഹാരവും, അത് വിചാരണചെയ്യാൻ ക്ഷമതയുള്ള ഏററവും താഴ്ന്ന പടിയിലുള്ള കോടതിയിൽ ആരംഭിക്കേണ്ടതാകുന്നു.

16. വ്യവഹാരങ്ങൾ വിഷയവസ്തു സ്ഥിതിചെയ്യുന്ന സ്ഥലത്ത് ആരംഭിക്കേണ്ടതാണെന്ന്.—ഏതെങ്കിലും നിയമം നിർണ്ണയിക്കുന്ന ആർത്ഥികമോ അല്ലാത്തതോ ആയ പരിമിതികൾക്ക് വിധേയമായി,—

(ക) പാട്ടത്തോടോ (വാടകയോടോ) ലാഭത്തോടോകൂടിയോ അല്ലാതെയോ സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിനുള്ളതോ,

(ഖ) സ്ഥാവരവസ്തുവിൻെറ ഭാഗത്തിനുള്ളതോ,

(ഗ) സ്ഥാവരവസ്തുവിൻമേലുള്ള പണയത്തിൻേറയോ ചാർജ്ജിൻേറയോ സംഗതിയിൽ, പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ, വിൽപ്പനയ്ക്കോ, പണയം ഒഴിപ്പിക്കലിനോ ഉള്ളതോ,

(ഘ) സ്ഥാവര വസ്തുവിനുള്ള മറേറതെങ്കിലും അവകാശത്തേയോ, അതിലുള്ള അവകാശബന്ധത്തേയോക്കുറിച്ചുള്ള തീർപ്പിനുള്ളതോ,

(ങ) സ്ഥാവരവസ്തുവിനോടുള്ള അപകൃത്യത്തിനുള്ള നഷ്ടപരിഹാരത്തിനുള്ളതോ,

(ച) യഥാർത്ഥത്തിൽ ഡിസ്ട്രസ്സിനോ, ജപ്തിക്കോ കീഴിൽ വിധിക്കുന്ന ജംഗമവസ്തു വീണ്ടെടുക്കുന്നതിനുള്ളതോ,

ആയ വ്യവഹാരങ്ങൾ, ആ വസ്തു സ്ഥിതിചെയ്യുന്നത് ഏത് കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, ആ കോടതിയിൽ ആരംഭിക്കേണ്ടതാണ്:

എന്നാൽ, പ്രതിയോ അയാൾക്ക് വേണ്ടിയോ ധാരണംചെയ്യുന്ന സ്ഥാവരവസ്തു സംബന്ധിച്ചുള്ള നിവൃത്തിയോ, സ്ഥാവരവസ്തുവിനോടുള്ള അപകൃത്യത്തിനുള്ള നഷ്ടപരിഹാരമോ ലഭിക്കുന്നതിനുള്ള ഒരു വ്യവഹാരം, ആവശ്യപ്പെടുന്ന നിവൃത്തി പൂർണ്ണമായും, അയാളുടെ നേരിട്ടുള്ള അനുസരണത്തിലൂടെ ലഭിക്കാവുന്നതായിരിക്കുന്നിടത്ത്, ആ വസ്തു സ്ഥിതിചെയ്യുന്നത് ഏത് കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, ആ കോടതിയിലോ അല്ലെങ്കിൽ പ്രതി യഥാർത്ഥമായും സ്വേച്ഛയായും താമസിക്കുന്നതോ, ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്നതോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുന്നതോ ഏത് കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, ആ കോടതിയിലോ ആരംഭിക്കാവുന്നതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ "വസ്തുവി"ന്, ഇൻഡ്യയിൽ സ്ഥിതിചെയ്യുന്ന വസ്തു എന്ന് അർത്ഥമാകുന്നു.

17. വ്യത്യസ്ത കോടതികളുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തുവിനുള്ള വ്യവഹാരം.—ഒരു വ്യവഹാരം വ്യത്യസ്ത കോടതികളുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തു സംബന്ധിച്ചുള്ള നിവൃത്തിയോ, സ്ഥാവരവസ്തുവിനോടുള്ള അപകൃത്യത്തിനുള്ള നഷ്ടപരിഹാരമോ ലഭിക്കുവാൻ ആയിരിക്കുന്നിടത്ത്, ഏതു കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, ആ വസ്തുവിൻെറ ഏതെങ്കിലും ഭാഗം സ്ഥിതിചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കോടതിയിൽ ആ വ്യവഹാരം ആരംഭിക്കാവുന്നതാണ്:

എന്നാൽ, അതിന്, വ്യവഹാരത്തിലെ വിഷയ വസ്തുവിന്റെ മൂല്യം സംബന്ധിച്ച്, ആ മുഴുവൻ അവകാശവാദവും അങ്ങനെയുള്ള കോടതിക്ക് നടപടിയെടുക്കാവുന്നതായിരിക്കണം.

18. കോടതികളുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ അനിശ്ചിതമായിരിക്കുന്നിടത്ത്, വ്യവഹാരം ആരംഭിക്കേണ്ട സ്ഥലം.—(1) ഏതെങ്കിലും സ്ഥാവരവസ്തു രണ്ടോ അതിലധികമോ കോടതികളിൽ ഏതിന്റെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ സ്ഥിതിചെയ്യുന്നത് എന്നുള്ളത് അനിശ്ചിതമാണെന്ന് പറയപ്പെടുന്നിടത്ത്, ആ പറയപ്പെടുന്ന അനിശ്ചിതത്വത്തിന് ആസ്പദമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ആ കോടതികളിൽ ഏതെങ്കിലും ഒന്നിന്, ആ അർത്ഥത്തിലുള്ള ഒരു സ്റ്റേറ്റുമെന്റ് റിക്കാർഡാക്കാവുന്നതും, അതോടെ ആ വസ്തു സംബന്ധിച്ച ഏതെങ്കിലും വ്യവഹാരം പരിഗണനയ്ക്കെടുക്കുകയും, തീർപ്പ് ചെയ്യുകയും ചെയ്യാവുന്നതും, ആ വ്യവഹാരത്തിലെ അതിന്റെ വിധിക്ക്, ആ വസ്തു അതിന്റെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്തിരുന്നാലെന്നപോലെയുള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്:

എന്നാൽ, അതിന്, ആ വ്യവഹാരം, ഏത് സംബന്ധിച്ചാണോ വ്യവഹാരത്തിന്റെ പ്രകൃതവും മൂല്യവും സംബന്ധിച്ച് അധികാരിത പ്രയോഗിക്കാൻ ആ കോടതിക്ക് ക്ഷമതയുള്ളത്, അങ്ങനെയുള്ള ഒന്നായിരിക്കണം.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു സ്റ്റേറ്റുമെന്റ് റിക്കാർഡാക്കിയിട്ടില്ലാതിരിക്കുകയും, അങ്ങനെയുള്ള വസ്തു സംബന്ധിച്ചുള്ള ഒരു വ്യവഹാരത്തിൽ, ആ വസ്തു സ്ഥിതിചെയ്യുന്ന സ്ഥലത്ത് അധികാരിതയില്ലാത്ത ഒരു കോടതി, ഒരു വിധിയോ ഉത്തരവോ പാസ്സാക്കിയിട്ടുണ്ടെന്ന് ഒരു അപ്പീൽ കോടതിയുടേയോ, റിവിഷൻ കോടതിയുടെയോ മുമ്പാകെ ആക്ഷേപം ഉന്നയിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അപ്പീൽക്കോടതിയോ, റിവിഷൻ കോടതിയോ, അതിന്റെ അഭിപ്രായത്തിൽ, ആ വ്യവഹാരം ആരംഭിച്ച സമയത്ത് അതു സംബന്ധിച്ച അധികാരിതയുള്ള കോടതിയെക്കുറിച്ച് അനിശ്ചിതത്വത്തിന് ന്യായമായ ആസ്പദം ഇല്ലാതിരിക്കുകയും അനന്തരഫലമായ ഒരു നീതിലോപം ഉണ്ടായിരിക്കുകയും ചെയ്യാത്തപക്ഷം, ആ ആക്ഷേപം അനുവദിക്കാൻ പാടുള്ളതല്ല.

19. ആളോട് ഉള്ളതോ ജംഗമവസ്തുവിനോടുള്ളതോ ആയ അപകൃത്യങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങൾ.—ഒരു വ്യവഹാരം, ആളോടോ ജംഗമവസ്തുവിനോടോ ചെയ്ത അപകൃത്യത്തിനുള്ള നഷ്ടപരിഹാരത്തിന് ആയിരിക്കുന്നിടത്ത്, അപകൃത്യം ചെയ്തതു ഒരു കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽവച്ച് ആയിരിക്കുകയും, പ്രതി താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്നത് മറ്റൊരു കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ ആയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ വ്യവഹാരം വാദിയുടെ ഇച്ഛാനുസരണം മുൻപറഞ്ഞ രണ്ട് കോടതികളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഡൽഹിയിൽ താമസമുള്ള ക കൽക്കട്ടയിൽവച്ച് ഖ യെ അടിക്കുന്നു. ഖ യ്ക്ക് ക യ്ക്കെതിരായി കൽക്കട്ടയിലോ ഡൽഹിയിലോ വ്യവഹാരം കൊടുക്കാവുന്നതാണ്.

(ഖ) ഡൽഹിയിൽ താമസമുള്ള ക, ഖ യ്ക്ക് അപകീർത്തികരമായ പ്രസ്താവനകൾ കൽക്കട്ടയിൽ പ്രസിദ്ധപ്പെടുത്തുന്നു. ഖ യ്ക്ക് ക യ്ക്കെതിരായി കൽക്കട്ടയിലോ ഡൽഹിയിലോ വ്യവഹാരം കൊടുക്കാവുന്നതാണ്.

20. മററ് വ്യവഹാരങ്ങൾ പ്രതികൾ താമസിക്കുന്നിടത്തോ, വ്യവഹാര കാരണം ഉദ്ഭവിക്കുന്നിടത്തോആരംഭിക്കേണ്ടതാണെന്ന്.—മുൻപറഞ്ഞ പരിമിതി കൾക്ക് വിധേയമായി,ഏതൊരു വ്യവഹാരവും ഏതു കോടതിയുടെ അധികാരിത യുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ—

(ക) പ്രതിയോ, ഒന്നിലധികം പ്രതികൾ ഉള്ളിടത്ത്, അവരിൽ ഓരോരു ത്തരുമോ, വ്യവഹാരത്തിന്റെ പ്രാരംഭ സമയത്ത് യഥാർത്ഥമായും സ്വേച്ഛയാ ആയും താമസിക്കുകയോ ബിസിനസ്നടത്തിക്കൊണ്ടുപോകുകയോ ലാഭത്തിന് നേരിട്ട് ജോലിചെയ്യുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഖ) ഒന്നിലധികം പ്രതികൾ ഉള്ളിടത്ത്, അവരിൽ ആരെങ്കിലും വ്യവ ഹാരത്തിന്റെ പ്രാരംഭ സമയത്ത് യഥാർത്ഥമായും സ്വേച്ഛയാ ആയും താമസിക്കുകയോ, ബിസിനസ്സ് നടത്തിക്കൊണ്ടുപോകുകയോ ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്നത്, എന്നാൽ അങ്ങനെയുള്ള സംഗതി യിൽ കോടതിയുടെ അനുമതി നൽകപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ മുൻപറ ഞ്ഞതുപോലെ താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുകയോ ലാഭത്തിന് നേരിട്ട് ജോലിചെയ്യുകയോ ചെയ്യാത്ത പ്രതികൾ, ആ കോടതി യിൽ വ്യവഹാരം ആരംഭിക്കുന്നതിന് സമ്മതം നൽകുകയോ ചെയ്തിരിക്കണം; അല്ലെങ്കിൽ

(ഗ) വ്യവഹാരകാരണം പൂർണ്ണമായോ ഭാഗികമായോ ഉദ്ഭവിക്കുന്നത്; ആ കോടതിയിൽ ആരംഭിക്കേണ്ടതാകുന്നു.

വിശദീകരണം.—ഒരു ഏകാംഗയോഗം, ഇൻഡ്യയിലുള്ള അതിന്റെ ഏക ആഫീസിലോ മുഖ്യ ആഫീസിലോ, അല്ലെങ്കിൽ അതിന് ഒരു കീഴ് ആഫീസ് കൂടിയുള്ള ഏതെങ്കിലും സ്ഥലത്തു വച്ച് ഉദ്ഭവിക്കുന്ന ഏതെങ്കിലും വ്യവഹാരകാരണം സംബ ന്ധിച്ച്, അങ്ങനെയുള്ള സ്ഥലത്തോ ബിസിനസ്സ് നട ത്തിക്കൊണ്ടുപോകുന്നതായി കരുതപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക കൽക്കട്ടയിൽ ഒരു വ്യാപാരി ആണ്. ഖ ഡൽഹിയിൽ ബിസി നസ്സ് നടത്തിക്കൊണ്ടുപോകുന്നു. ഖ കൽക്കട്ടയിലെ തന്റെ ഏജൻറു മുഖാന്തരം ക യുടെ സാമാനങ്ങൾ വാങ്ങുകയും, അവയെ ഈസ്ററ് ഇൻ ഡ്യൻ റെയിൽവേ കമ്പനിയ്ക്കു ഡെലിവർ ചെയ്യാൻ ക യോട് അപേക്ഷിക്കുകയും ചെയ്യുന്നു. അതനുസരിച്ച് ക ആ സാമാനങ്ങൾ കൽക്കട്ടയിൽ ഡെലിവർ ചെയ്യുന്നു. ക യ്ക്ക് വ്യവഹാരകാരണം ഉദ്ഭവിച്ചിട്ടുള്ള കൽക്കട്ടയിലോ, ഖ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ഡൽഹിയിലോ, ഖ യ്ക്ക് എതി രായി സാമാനങ്ങളുടെ വിലയ്ക്ക് വ്യവഹാരം കൊടുക്കാവുന്നതാണ്.

(ഖ) ക സിംലയിലും, ഖ കൽക്കട്ടയിലും ഗ ഡൽഹിയിലും താമസി ക്കുന്നു. ക യും ഖ യുംഗയും ഒരുമിച്ച്ബനാറസിൽആയിരിക്കെ, ഖ യും ഗ യും ആവശ്യപ്പെടുമ്പോൾ പണം കൊടുക്കപ്പെടേണ്ട ഒരു കൂട്ടുപ്രോനോട്ട് എഴുതി ഒപ്പിട്ട് ക യ്ക്ക് നൽകുന്നു. ക യ്ക്ക് വ്യവഹാര കാരണം ഉദ്ഭവിച്ച ബനാറ സിൽ, ഖ യ്ക്കും ഗ യ്ക്കും എതിരായി വ്യവഹാരം കൊടുക്കാവുന്നതാണ്. അയാൾക്ക്, അവർക്കെതിരായി ഖ താമസിക്കുന്ന കൽക്കട്ടയിലോ, ഗ താമ സിക്കുന്ന ഡൽഹിയിലോകൂടി വ്യവഹാരം കൊടുക്കാവുന്നതാണ്; എന്നാൽ, ഈ സംഗതികളിൽ ഓരോന്നിലും താമസക്കാരനല്ലാത്ത പ്രതി ആക്ഷേപിക്കുന്നുവെങ്കിൽ വ്യവഹാരം കോടതിയുടെ അനുമതി കൂടാതെ തുടർന്ന് നടത്താവുന്നതല്ല.

21. അധികാരിതയ്ക്കുള്ള ആക്ഷേപങ്ങൾ.—(1) വ്യവഹാരപ്പെടുന്ന സ്ഥലത്തെക്കുറിച്ചുള്ള യാതൊരു ആക്ഷേപവും, അങ്ങനെയുള്ള ആക്ഷേപം ആദ്യത്തെ കോടതിയിൽ സാദ്ധ്യമായ ഏററവും നേരത്തെയുള്ള അവസരത്തിലും, വിവാദ്യകങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള നിശ്ചയസമയത്തോ, അതിനുമുൻപോ ആയും ഉന്നയിക്കപ്പെടാത്തപക്ഷവും, അനന്തരഫലമായ നീതിലോപം ഉണ്ടായിട്ടില്ലാത്തപക്ഷവും, ഏതെങ്കിലും അപ്പീൽ കോടതിയോ റിവിഷൻകോടതിയോ അനുവദിക്കാൻ പാടുള്ളതല്ല.

(2) ഒരു കോടതിയുടെ അധികാരിതയുടെ ആർത്ഥിക പരിധികൾ സംബന്ധിച്ച്, അതിൻെറ ക്ഷമതയെക്കുറിച്ചുള്ള യാതൊരു ആക്ഷേപവും, അങ്ങനെയുള്ള ആക്ഷേപം ആദ്യത്തെ കോടതിയിൽ, സാദ്ധ്യമായ ഏററവും നേരത്തെയുള്ള അവസരത്തിലും, വിവാദ്യകങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള നിശ്ചിതസമയത്തോ അതിനു മുൻപോ ആയും ഉന്നയിക്കപ്പെടാത്തപക്ഷവും അനന്തരഫലമായ നീതിലോപം ഉണ്ടായിട്ടില്ലാത്തപക്ഷവും ഏതെങ്കിലും അപ്പീൽകോടതിയോ റിവിഷൻ കോടതിയോ അനുവദിക്കാൻ പാടുള്ളതല്ല.

(3) ഒരു വിധി നടത്തൽ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ സംബന്ധിച്ച അതിൻെറ ക്ഷമതയെക്കുറിച്ചുള്ള യാതൊരു ആക്ഷേപവും, അങ്ങനെയുള്ള ആക്ഷേപം വിധി നടത്തുകോടതിയിൽ, സാദ്ധ്യമായ ഏററവും നേരത്തെയുള്ള അവസരത്തിൽ ഉന്നയിക്കപ്പെടാത്ത പക്ഷവും, അനന്തരഫലമായ നീതിലോപം ഉണ്ടായിട്ടില്ലാത്തപക്ഷവും ഏതെങ്കിലും അപ്പീൽ കോടതിയോ റിവിഷൻ കോടതിയോ അനുവദിക്കാൻ പാടുള്ളതല്ല.

21 ക. വ്യവഹാരം കൊടുക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള ആക്ഷേപത്തിൻമേൽ വിധി അസ്ഥിരപ്പെടുത്താനുള്ള വ്യവഹാരത്തിനുള്ള തടസ്സം.—വ്യവഹാരംകൊടുക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള ആക്ഷേപത്തെ അടിസ്ഥാനമാക്കിയ ഏതെങ്കിലും കാരണത്തിൻമേൽ അതേ അവകാശത്തിൻകീഴിൽ വ്യവഹരിക്കുന്നവരും, അതേ കക്ഷികളോ അല്ലെങ്കിൽ ഏതു കക്ഷികൾക്കു കീഴിലാണോ, അവരോ അവരിൽ ആരെങ്കിലുമോ അവകാശപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ ആയവരുമായ കക്ഷികൾ തമ്മിലുള്ള ഒരു മുൻവ്യവഹാരത്തിൽ പാസ്സാക്കിയിട്ടുള്ള ഒരു വിധിയുടെ സാധുതയെ ചോദ്യം ചെയ്യുന്ന യാതൊരു വ്യവഹാരവും നിലനില്ക്കുന്നതല്ല.

വിശദീകരണം.—"മുൻവ്യവഹാരം" എന്ന പദത്തിന്, വിധിയുടെ സാധുതയെ ചോദ്യം ചെയ്യുന്ന വ്യവഹാരത്തിലെ തീരുമാനത്തിനു മുമ്പ് തീരുമാനിക്കപ്പെട്ടിട്ടുള്ള ഒരു വ്യവഹാരം,—മുൻപേ തീരുമാനിക്കപ്പെട്ട വ്യവഹാരം അങ്ങനെയുള്ള വിധിയുടെ സാധുതയെ ചോദ്യം ചെയ്യുന്ന വ്യവഹാരത്തിനുമുമ്പ് ആരംഭിച്ചതായിരുന്നാലും അല്ലെങ്കിലും—എന്ന് അർത്ഥമാകുന്നു.

22. ഒന്നിലധികം കോടതികളിൽ ആരംഭിക്കാവുന്ന വ്യവഹാരങ്ങൾ മാററാനുള്ള അധികാരം.—ഒരു വ്യവഹാരം, രണ്ടോ അതലധികമോ കോടതികളിൽ ഏതിലെങ്കിലും ഒന്നിൽ ആരംഭിക്കാവുന്നതായിരിക്കുകയും, അങ്ങനെയുള്ള കോടതികളിൽ ഒന്നിൽ ആരംഭിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, ഏതൊരു പ്രതിക്കും മററു കക്ഷികൾക്കുള്ള നോട്ടീസ്സിനുശേഷം ആ വ്യവഹാരം മറെറാരു കോടതിയിലേക്ക് മാററിക്കിട്ടുന്നതിനായി സാദ്ധ്യമായ

ഏററവും നേരത്തെയുള്ള അവസരത്തിലും, വിവാദ്യകങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള നിശ്ചയ സമയത്തോ അതിനുമുമ്പോ ആയും അപേക്ഷിക്കാവുന്നതും, ഏത് കോടതിക്കാണോ അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നത്, ആ കോടതി, മററു കക്ഷികളുടെ ആക്ഷേപങ്ങൾ (വല്ലതും ഉണ്ടെങ്കിൽ) പരിഗണിച്ചതിനുശേഷം, അധികാരിതയുള്ള വിവിധ കോടതികളിൽ ഏതിലാണ് ആ വ്യവഹാരം തുടർന്നു നടത്തപ്പെടേണ്ടതെന്നു തീരുമാനിക്കേണ്ടതും ആകുന്നു.

23. അപേക്ഷ ഏത് കോടതിയിലേക്കായിരിക്കണം എന്ന്.—(1) അധികാരിതയുള്ള വിവിധ കോടതികൾ ഒരേ അപ്പീൽക്കോടതിക്കു കീഴേയുള്ളവയാണെങ്കിൽ, 22-ാം വകുപ്പിൻ കീഴിലെ അപേക്ഷ അപ്പീൽ കോടതിക്ക് കൊടുക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള കോടതികൾ വ്യത്യസ്ത അപ്പീൽ കോടതികൾക്കും, എന്നാൽ ഒരേ ഹൈക്കോടതിക്കും കീഴേയുള്ളവയാണെങ്കിൽ, അപേക്ഷ ആ ഹൈക്കോടതിക്ക് കൊടുക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള കോടതികൾ വ്യത്യസ്ത ഹൈക്കോടതികൾക്ക് കീഴേയുള്ളവയാണെങ്കിൽ, അപേക്ഷ, വ്യവഹാരം കൊണ്ടുവരുന്നത് ഏതു കോടതിയിലാണോ ആ കോടതി സ്ഥിതിചെയ്യുന്നത് ഏതു ഹൈക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, ആ ഹൈക്കോടതിക്ക് കൊടുക്കേണ്ടതാകുന്നു.

24. മാററാനും പിൻവലിക്കാനുമുള്ള സാമാന്യാധികാരം.—(1) കക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൻമേലും, കക്ഷികൾക്കുള്ള നോട്ടീസ്സിനുശേഷവും അവരിൽ തങ്ങൾക്ക് പറയാനുള്ളത് കേൾക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നവർക്ക് പറയാനുള്ളത് കേട്ടതിനു ശേഷവും, അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസ്സ് കൂടാതെ, സ്വയമേവ, ഹൈക്കോടതിക്കോ ജില്ലാക്കോടതിക്കോ ഏത് ഘട്ടത്തിലും,—

(ക) അതിൻെറ മുൻപാകെ നിലവിലിരിക്കുന്ന ഏതെങ്കിലും വ്യവഹാരമോ, അപ്പീലോ, മററു നടപടിയോ, അത് വിചാരണ ചെയ്യാനോ തീർപ്പ ചെയ്യാനോ ക്ഷമതയുള്ളതും അതിനു കീഴേയുള്ളതും ആയ ഏതെങ്കിലും കോടതിയിലേക്ക് വിചാരണയ്ക്കോ തീർപ്പയ്ക്കോ ആയി മാററുകയോ, അല്ലെങ്കിൽ

(ഖ) അതിനു കീഴേയുള്ള ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്ന ഏതെങ്കിലും വ്യവഹാരമോ അപ്പീലോ മററു നടപടിയോ പിൻവലിക്കുകയും,—

(i) അത് വിചാരണ ചെയ്യുകയോ തീർപ്പ ചെയ്യുകയോ; അല്ലെങ്കിൽ

(ii) അത് വിചാരണ ചെയ്യാനോ തീർപ്പ ചെയ്യാനോ ക്ഷമതയുള്ളതും, അതിനു കീഴേയുള്ളതും ആയ ഏതെങ്കിലും കോടതിയിലേക്ക് വിചാരണയ്ക്കോ തീർപ്പയ്ക്കോ ആയി മാററുകയോ ; അല്ലെങ്കിൽ

(iii) അത് ഏത് കോടതിയിൽനിന്നാണോ പിൻവലിച്ചത്, ആ കോടതിയിലേക്ക് വിചാരണയ്ക്കോ തീർപ്പയ്ക്കോ ആയി തിരിയെ മാററുകയോ

ചെയ്യുകയും,

ചെയ്യാവുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വ്യവഹാരമോ നടപടിയോ മാററുകയോ പിൻവലിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, അതിനുശേഷം അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ വിചാരണ ചെയ്യുകയോ തീർപ്പ ചെയ്യുകയോ ചെയ്യേണ്ട കോടതിക്ക്, മാററലിനുള്ള ഒരു ഉത്തരവിൻെറ

സംഗതിയിലെ ഏതെങ്കിലും പ്രത്യേക നിദേശത്തിനു വിധേയമായി, ആ വ്യവഹാരമോ നടപടിയോ വീണ്ടും വിചാരണ ചെയ്യുകയോ, അല്ലെങ്കിൽ അത് മാററുകയോ പിൻവലിക്കുകയോ ചെയ്യുന്നത് ഏത് ഘട്ടത്തിൽ വച്ചാണോ, ആ ഘട്ടത്തിൽനിന്ന് തുടർന്നു നടത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) അഡീഷണൽ ജഡ്ജിമാരുടേയും അസിസ്ററൻറ് ജഡ്ജിമാരുടേയും കോടതികൾ, ജില്ലാകോടതിക്ക് കീഴേയുള്ളവയായി കരുതപ്പെടുന്നതും,

(ഖ) ''നടപടി''യിൽ, ഒരു വിധിയുടേയോ ഉത്തരവിൻേറയോ നടത്തലിനുള്ള നടപടി ഉൾപ്പെടുന്നതും,

ആകുന്നു.

(4) ഈ വകുപ്പിൻകീഴിൽ ഒരു സ്മാൾ കാസ് കോടതിയിൽനിന്ന് മാററുകയോ പിൻവലിക്കുകയോ ചെയ്യുന്ന ഏതെങ്കിലും വ്യവഹാരം വിചാരണ ചെയ്യുന്ന കോടതി, അങ്ങനെയുള്ള വ്യവഹാരത്തിൻെറ ആവശ്യങ്ങൾക്ക് സ്മാൾ കാസ് കോടതിയായി കരുതപ്പെടുന്നതാകുന്നു.

(5) ഒരു വ്യവഹാരമോ നടപടിയോ, അത് വിചാരണ ചെയ്യാൻ അധികാരിതയില്ലാത്ത ഒരു കോടതിയിൽനിന്ന് ഈ വകുപ്പിൻകീഴിൽ മാററാവുന്നതാണ്.

25. <u>വ്യവഹാരങ്ങളും മററും മാററുന്നതിന് സുപ്രീംകോടതിക്കുള്ള അധികാരം.</u>—(1) ഒരു കക്ഷിയുടെ അപേക്ഷയിൻമേലും, കക്ഷികൾക്കുള്ള നോട്ടീസിനുശേഷവും, അവരിൽ തങ്ങൾക്ക് പറയാനുള്ളത് കേൾക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവർക്ക് പറയുവാനുള്ളത് കേട്ടതിനുശേഷവും, ഈ വകുപ്പിൻകീഴിലെ ഒരു ഉത്തരവ് നീതിയുടെ ലക്ഷ്യങ്ങൾക്ക് സമീചീനമാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, സുപ്രീംകോടതിക്ക്, ഏത് ഘട്ടത്തിലും, ഏതെങ്കിലും വ്യവഹാരമോ അപ്പീലോ, മററു നടപടിയോ, ഒരു സ്റേററിലെ ഹൈക്കോടതിയിൽനിന്നോ, മററു സിവിൽകോടതിയിൽനിന്നോ മറേറതെങ്കിലും സ്റേററിലെ ഹൈക്കോടതിയിലേക്കോ മററു സിവിൽകോടതിയിലേക്കോ മാററണം എന്ന് നിദേശിക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലെ ഏതൊരു അപേക്ഷയും, ഒരു സത്യവാങ്മൂലത്തിൻെറ പിൻബലത്തോടുകൂടിയത് ആയിരിക്കേണ്ട ഒരു ഉപക്ഷേപംവഴി കൊടുക്കേണ്ടതാകുന്നു.

(3) ഏത് കോടതിയിലേക്കാണോ അങ്ങനെയുള്ള വ്യവഹാരമോ അപ്പീലോ മററു നടപടിയോ മാററുന്നത്, ആ കോടതി, മാററലിനുള്ള ഉത്തരവിലെ ഏതെങ്കിലും പ്രത്യേക നിദേശങ്ങൾക്ക് വിധേയമായി, അത് വീണ്ടും വിചാരണ ചെയ്യുകയോ, അല്ലെങ്കിൽ അത് ആ കോടതിയിലേക്ക് മാററിയത് ഏത് ഘട്ടത്തിൽവച്ചാണോ, ആ ഘട്ടത്തിൽനിന്ന് തുടർന്നു നടത്തുകയോ ചെയ്യേണ്ടതാകുന്നു.

(4) ഈ വകുപ്പിൻ കീഴിലെ ഏതെങ്കിലും അപേക്ഷ തള്ളിക്കളയുന്നതിൽ, ആ അപേക്ഷ നിസ്സാരമായതോ, ശല്യം ഉണ്ടാക്കുന്നതോ ആയിരുന്നുവെന്ന് അഭിപ്രായം ഉണ്ടെങ്കിൽ, സുപ്രീംകോടതിക്ക്, അപേക്ഷകനോട്, അപേക്ഷ എതിർത്തിട്ടുള്ള ഏതെങ്കിലും ആൾക്ക് നഷ്ടപരിഹാരമായി, സംഗതിയുടെ പരിത:സ്ഥിതികളിൽ സമുചിതമെന്ന് അത് കരുതുന്നതും, രണ്ടായിരം രൂപയിൽ കവിയാത്തതും ആയ തുക കൊടുക്കുവാൻ ഉത്തരവു ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പിൻ കീഴിൽ മാററുന്ന ഏതെങ്കിലും വ്യവഹാരത്തിനോ അപ്പീലിനോ മററു നടപടിക്കോ ബാധകമാകുന്ന നിയമം, ആ വ്യവഹാരമോ അപ്പീലോ മററു നടപടിയോ ആദ്യമായി ആരംഭിച്ചത് ഏത് കോടതിയിലാണോ, ആ കോടതി, അങ്ങനെയുള്ള വ്യവഹാരത്തിനോ അപ്പീലിനോ നടപടിക്കോ ബാധകമാക്കേണ്ടിയിരുന്ന നിയമമായിരിക്കുന്നതാണ്.

## വ്യവഹാരങ്ങൾ ആരംഭിക്കൽ

26. വ്യവഹാരങ്ങൾ ആരംഭിക്കൽ.— ഏതൊരു വ്യവഹാരവും, അന്യായം ബോധിപ്പിക്കൽ വഴിയോ, നിർണ്ണയിക്കപ്പെടുന്ന മററു രീതിയിലോ ആരംഭിക്കേണ്ടതാകുന്നു.

## സമൺസും വെളിപ്പെടുത്തലും

27. പ്രതിക്കുള്ള സമൺസ്.— ഒരു വ്യവഹാരം മുറപ്രകാരം ആരംഭിക്കപ്പെട്ടിട്ടുള്ളിടത്ത്, ഹാജരാകുവാനും, അവകാശവാദത്തിന് ഉത്തരം പറയാനുമായി, പ്രതിപേർക്ക് സമൺസ് പുറപ്പെടുവിക്കുകയും, അത് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നടത്തുകയും ചെയ്യാവുന്നതാണ്.

28. പ്രതി മറെറാരു സ്റേറററിൽ താമസിക്കുന്നിടത്തുള്ള സമൺസ് നടത്തൽ.— (1) മറെറാരു സ്റേറററിൽ നടത്തുന്നതിന്, ഒരു സമൺസ്, ആ സ്റേറററിൽ നിലവിലിരിക്കുന്ന ചട്ടങ്ങൾ നിർണ്ണയിക്കുന്ന കോടതിയിലേക്കും രീതിയിലും അയക്കാവുന്നതാണ്.

(2) ഏത് കോടതിയിലേക്കാണോ, അങ്ങനെയുള്ള സമൺസ് അയയ്ക്കുന്നത്, ആ കോടതി, അത് കിട്ടുന്നതിൻമേൽ, അത് ആ കോടതി പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ തുടർന്ന് പ്രവർത്തിക്കേണ്ടതും അതിനുശേഷം, സമൺസ്, അതുസംബന്ധിച്ചുള്ള അതിന്റെ നടപടികളുടെ റിക്കാർഡ് സഹിതം (വല്ലതും ഉണ്ടെങ്കിൽ) സമൺസ് പുറപ്പെടുവിച്ച കോടതിക്ക് മടക്കേണ്ടതും ആകുന്നു

(3) മറെറാരു സ്റേറററിൽ നടത്തുന്നതിനായി അയക്കുന്ന സമൺസിലെ ഭാഷ, 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന റിക്കാർഡിന്റെ ഭാഷയിൽനിന്ന് വ്യത്യസ്തമായിരിക്കുന്നിടത്ത്, ആ റിക്കാർഡിന്റെ,—

(ക) സമൺസ് പുറപ്പെടുവിക്കുന്ന കോടതിയിലെ ഭാഷ ഹിന്ദിയായിരിക്കുന്നിടത്ത് ഹിന്ദിയിലോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള റിക്കാർഡിന്റെ ഭാഷ ഇംഗ്ലീഷോ ഹിന്ദിയോ അല്ലാത്തിടത്ത്, ഹിന്ദിയിലോ ഇംഗ്ലീഷിലോ, ഉള്ള ഒരു തർജ്ജമകൂടി ആ ഉപവകുപ്പിൻ കീഴിൽ അയക്കുന്ന റിക്കാർഡ് സഹിതം അയക്കേണ്ടതാകുന്നു.

29. വിദേശ സമൺസുകളുടെ നടത്തൽ.— (ക) ഈ നിയമസംഹിതയുടെ വ്യവസ്ഥകൾ വ്യാപിക്കാത്തതും, ഇൻഡ്യയിലെ ഏതെങ്കിലും ഭാഗത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും സിവിൽകോടതിയോ റവന്യൂ കോടതിയോ; അല്ലെങ്കിൽ

(ഖ) ഇൻഡ്യയ്ക്കുവെളിയിൽ കേന്ദ്രഗവൺമെൻറിന്റെ പ്രാധികാരപ്രകാരം സ്ഥാപിക്കുകയോ തുടരുകയോ ചെയ്യുന്ന ഏതെങ്കിലും സിവിൽ കോടതിയോ റവന്യൂ കോടതിയോ; അല്ലെങ്കിൽ

(ഗ) ഇൻഡ്യയ്ക്ക് വെളിയിലുള്ളതും, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാണെന്ന് കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിച്ചിട്ടുള്ളതുമായ മററ് ഏതെങ്കിലും സിവിൽ കോടതിയോ റവന്യൂ കോടതിയോ ;

പുറപ്പെടുവിക്കുന്ന സമൺസുകളും മററ് പ്രോസസുകളും ഈ നിയമ സംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ കോടതികളിലേക്ക് അയക്കുകയും, അങ്ങനെയുള്ള കോടതികൾ പുറപ്പെടുവിച്ച സമൺസുകൾ ആയിരുന്നാലെന്നപോലെ നടത്തുകയും ചെയ്യാവുന്നതാണ്.

30. വെളിപ്പെടുത്തൽ മുതലായവയ്ക്കു ഉത്തരവുചെയ്യാനുള്ള അധികാരം.— നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, കോടതിക്ക് ഏതു സമയത്തും, സ്വയമേവ അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിന്മേൽ,—

(ക) ലിഖിതമായ ചോദ്യങ്ങൾ നൽകലും, അവയ്ക്ക് ഉത്തരം പറയലും, രേഖകളും വസ്തുതകളും അഡ്മിററ് ചെയ്യൽ, തെളിവായി ഹാജരാക്കപ്പെടാവുന്ന രേഖകളുടേയോ മററ് ലക്ഷ്യവസ്തുക്കളുടേയോ വെളിപ്പെടുത്തലും പരിശോധനയും ഹാജരാക്കലും ഇംപൗണ്ട് ചെയ്യലും മടക്കലും, എന്നിവ സംബന്ധിച്ച എല്ലാ വിഷയങ്ങളിലും ആവശ്യകമോ ന്യായമോ ആയ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും ;

(ഖ) തെളിവ് നൽകുവാനോ, രേഖകളോ മുൻപറഞ്ഞതുപോലെയുള്ള മററ് വസ്തുക്കളോ ഹാജരാക്കാനോ, ഏത് ആളുകൾ ഹാജരാക്കുന്നതാണോ ആവശ്യമായിട്ടുള്ളത്, ആ ആളുകൾ പേർക്ക് സമൺസുകൾ പുറപ്പെടുവിക്കാവുന്നതും;

(ഗ) ഏതെങ്കിലും വസ്തുത സത്യവാങ്മൂലംവഴി തെളിയിക്കേണ്ടതാണെന്ന് ഉത്തരവ് ചെയ്യാവുന്നതും,

ആകുന്നു.

31. സാക്ഷിക്കുള്ള സമൺസ്.— 27, 28, 29 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, തെളിവു നൽകുവാനോ, രേഖകളോ മററ് ലക്ഷ്യവസ്തുക്കളോ ഹാജരാക്കാനോ ഉള്ള സമൺസുകൾക്ക് ബാധകമായിരിക്കുന്നതാണ്.

32. വീഴ്ചവരുത്തലിനുള്ള ദണ്ഡനം.— കോടതിക്ക് ഏതൊരാൾക്കാണോ 30-ാം വകുപ്പിൻകീഴിൽ സമൺസ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ ആളെ, ഹാജരാക്കാൻ നിർബന്ധിക്കാവുന്നതും, അതിനുവേണ്ടി—

(ക) അയാളുടെ അറസ്ററിന് വാറൻറ് പുറപ്പെടുവിക്കുകയും ;

(ഖ) അയാളുടെ വസ്തു ജപ്തിചെയ്യുകയും വിൽക്കുകയും ;

(ഗ) അയാളുടെ മേൽ അഞ്ഞൂറുരൂപയിൽ കവിയാത്ത പിഴ ചുമത്തുകയും ;

(ഘ) അയാളോട് തൻെറ ഹാജരാകലിന് ജാമ്യം നൽകാൻ ഉത്തരവു ചെയ്യുകയും, വീഴ്ചവരുത്തിയാൽ അയാളെ സിവിൽ ജയിലിലേക്ക് കമ്മിററ് ചെയ്യുകയും ;

ചെയ്യാവുന്നതാണ്.

## വിധിന്യായവും വിധിയും

33. വിധിന്യായവും വിധിയും.—കേസ് കേട്ടതിനുശേഷം, കോടതി വിധിന്യായം പ്രസ്താവിക്കേണ്ടതും, അങ്ങനെയുള്ള വിധിന്യായത്തിൻമേൽ ഒരു വിധി തുടർന്ന് ഉണ്ടായിരിക്കേണ്ടതും ആകുന്നു.

## പലിശ

**34. പലിശ.—** (1) ഒരു വിധി, പണം കൊടുക്കുന്നതിന് ആയിരിക്കുന്നിടത്തും, പണം കൊടുക്കുന്നതിന് ആയിരിക്കുന്നിടത്തോളവും, കോടതിക്ക് വിധിയിൽ, വിധിച്ച മുതൽ സംഖ്യയിൻമേൽ, വ്യവഹാരത്തീയതി മുതൽ വിധിത്തീയതി വരെ ന്യായമെന്ന് കോടതിക്ക് തോന്നുന്ന നിരക്കിലുള്ള പലിശ, അങ്ങനെയുള്ള മുതൽ സംഖ്യയിൻമേൽ വ്യവഹാരം ആരംഭിക്കുന്നതിന് മുമ്പുള്ള ഏതെങ്കിലും കാലത്തേക്ക് വിധിച്ചിട്ടുള്ള പലിശയ്ക്കുപുറമെ ആയും, വിധിത്തീയതിമുതൽ പണം കൊടുക്കുന്ന തീയതിവരേയോ അല്ലെങ്കിൽ കോടതി യുക്തമെന്ന് കരുതുന്ന അതിലും മുമ്പേയുള്ള തീയതിവരെയോ, അങ്ങനെയുള്ള മുതൽ സംഖ്യയിൻമേൽ കോടതി ന്യായമായതെന്ന് കരുതുന്നതും, പ്രതിവർഷം ആറുശതമാനത്തിൽ കവിയാത്തതുമായ നിരക്കിലുള്ള കൂടുതൽ പലിശ സഹിതവും കൊടുക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്;

എന്നാൽ, അപ്രകാരം വിധിച്ച മുതൽ സംഖ്യ സംബന്ധിച്ച ബാദ്ധ്യത ഒരു വാണിജ്യപരമായ ഇടപാടുകളിൽ നിന്ന് ഉൽഭവിച്ചിട്ടുണ്ടായിരുന്നിടത്ത്, അങ്ങനെയുള്ള കൂടുതൽ പലിശയുടെ നിരക്ക് പ്രതിവർഷം ആറു ശതമാനത്തിൽ കവിയാവുന്നതും, എന്നാൽ പലിശയുടെ കാൺട്രാക്റ്റ് നിരക്കിലോ, കാൺട്രാക്റ്റ് നിരക്ക് ഇല്ലാത്തിടത്ത്, ദേശസാൽകൃത ബാങ്കുകൾ വാണിജ്യ പരമായ ഇടപാടുകൾ സംബന്ധിച്ച് പണം കടം കൊടുക്കുകയോ അഡ്വാൻസ് ചെയ്യുകയോ ചെയ്യുന്ന നിരക്കിലോ കവിയാൻ പാടില്ലാത്തതുമാകുന്നു.

വിശദീകരണം I.—ഈ ഉപവകുപ്പിൽ (ദേശസാൽകൃത ബാങ്ക്) എന്നതിന്, ബാങ്കിംഗ് കമ്പനികൾ (സംരംഭങ്ങളുടെ ആർജ്ജനവും കൈമാററവും) ആക്റ്റ്, 1970 (1970-ലെ 5)-ൽ നിർവ്വചിച്ച പ്രകാരമുള്ള തൽസ്ഥാനീയ പുതിയ ബാങ്ക് എന്നർത്ഥമാകുന്നു.

വിശദീകരണം II.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു ഇടപാട്, ബാദ്ധ്യത നേരിടുന്ന കക്ഷിയുടെ വ്യവസായമോ വ്യാപാരമോ ബിസിനസ്സോ ആയി ബന്ധപ്പെട്ടതാണെങ്കിൽ, അത് വാണിജ്യപരമായ ഇടപാടാകുന്നു.

(2) അങ്ങനെയുള്ള ഒരു വിധി, മുൻപറഞ്ഞ മുതൽസംഖ്യയിൻമേൽ വിധിത്തീയതി മുതൽ പണം കൊടുക്കുന്ന തീയതിയോ, മററ് മുമ്പേയുള്ള തീയതിയോവരെയുള്ള കൂടുതൽ പലിശ കൊടുക്കുന്നതു സംബന്ധിച്ച് മൗനം പാലിക്കുന്നിടത്ത്, കോടതി അങ്ങനെയുള്ള പലിശ നിരസിച്ചിട്ടുള്ളതായി കരുതപ്പെടുന്നതും, അതിന് വേറെയുള്ള വ്യവഹാരം നിലനിൽക്കുന്നതല്ലാത്തതും ആകുന്നു.

## കോടതിച്ചെലവ്

35. കോടതിച്ചെലവ് .— (1) നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്കും വിധേയമായി, എല്ലാ വ്യവഹാരങ്ങളുടേതും, അവയ്ക്ക് ആനുഷംഗികമായതുമായ കോടതിച്ചെലവ്, കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് നിശ്ചയിക്കാവുന്നതായിരിക്കുന്നതും, അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കേണ്ടത് ആരാണെന്നും, ഏതു വസ്തുവിൽ നിന്നാ

ണെന്നും, എത്രത്തോളമാണെന്നും നിശ്ചയിക്കാനും, മുൻപറഞ്ഞ ആവശ്യങ്ങൾക്ക് ആവശ്യകമായ എല്ലാ നിദേശങ്ങളും നല്കാനും കോടതിക്ക് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതും ആണ്, ആ വ്യവഹാരം വിചാരണചെയ്യാൻ കോടതിക്ക് അധികാരിത ഇല്ലെന്നുള്ള വസ്തുത, അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിന് തടസ്സമായിരിക്കുന്നതല്ല.

(2) ഏതെങ്കിലും കോടതിച്ചെലവ് ഫലാനുസരണം നല്കേണ്ടതല്ലെന്ന് കോടതി നിദേശിക്കുന്നിടത്ത്, കോടതി അതിനുള്ള കാരണങ്ങൾ ലിഖിതമായി പ്രസ്താവിക്കേണ്ടതാകുന്നു.

35ക. വ്യാജമായതോ ശല്യം ഉണ്ടാക്കുന്നതോ ആയ അവകാശവാദങ്ങളോ പ്രതിവാദങ്ങളോ സംബന്ധിച്ചുള്ള പ്രതികരാത്മക കോടതിച്ചെലവ്.—(1) വിധി നടത്തൽ നടപടി ഉൾപ്പെടുന്നതും എന്നാൽ അപ്പീലോ റിവിഷനോ ഒഴികെയുള്ളതുമായ ഏതെങ്കിലും വ്യവഹാരത്തിലോ, മററ് നടപടിയിലോ, അവകാശവാദമോ പ്രതിവാദമോ, അതിന്റെ ഏതെങ്കിലും ഭാഗമോ, അതു ഉന്നയിച്ചിട്ടുള്ള കക്ഷിയുടെ അറിവിൽ ആക്ഷേപകന് എതിരായിടത്തോളം വ്യാജമോ ശല്യമുണ്ടാക്കുന്നതോ ആണെന്നുള്ള കാരണത്തിൻമേൽ, ഏതെങ്കിലും കക്ഷി, ആ അവകാശവാദത്തേയോ പ്രതിവാദത്തേയോ കുറിച്ചു ആക്ഷേപം ഉന്നയിക്കുകയും അതിനുശേഷം ആക്ഷേപകന് എതിരായി, അങ്ങനെയുള്ള അവകാശവാദമോ പ്രതിവാദമോ പൂർണ്ണമായോ ഭാഗികമായോ അനുവദിക്കാതിരിക്കുകയോ ഉപേക്ഷിക്കുകയോ പിൻവലിക്കുകയോ ചെയ്യുകയും ചെയ്യുന്നപക്ഷം, കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള അവകാശവാദമോ പ്രതിവാദമോ, വ്യാജമോ ശല്യം ഉണ്ടാക്കുന്നതോ ആണെന്ന് വിധിക്കാൻ അതിനുള്ള കാരണങ്ങൾ റിക്കാർഡ് ആക്കിയതിനുശേഷം, അങ്ങനെയുള്ള അവകാശവാദമോ പ്രതിവാദമോ ഉന്നയിച്ചിട്ടുള്ള കക്ഷി, ആക്ഷേപകന് പ്രതികരം എന്ന നിലയിൽ കോടതിച്ചെലവ് കൊടുക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) യാതൊരു കോടതിയും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് മൂവായിരം രൂപയോ അതിന്റെ ആർത്ഥികാധികാരിതയുടെ പരിധിയോ, ഏതാണ് കുറവായത്, അതിൽ കവിയുന്ന തുക കൊടുക്കാനായി പുറപ്പെടുവിക്കാൻ പാടുള്ളതല്ല :

എന്നാൽ പ്രവിശ്യ സ്മാൾ കാസ് കോടതികൾ ആക്ററ്, 1887 (1887-ലെ 9)-നു കീഴിലോ, ഇൻഡ്യയുടെ മുൻപറഞ്ഞ ആക്ററ് വ്യാപിക്കാത്ത ഏതെങ്കിലും ഭാഗത്ത് പ്രാബല്യത്തിലിരിക്കുന്ന ഒരു തൽസ്ഥാനീയ നിയമത്തിൻ കീഴിലോ, ഒരു സ്മാൾ കാസ് കോടതിയുടെ അധികാരിത പ്രയോഗിക്കുന്നതും, അങ്ങനെയുള്ള ആക്ററിനോ നിയമത്തിനോ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള കോടതിയല്ലാത്തതുമായ ഏതെങ്കിലും കോടതിയുടെ അധികാരിതയുടെ ആർത്ഥികപരിധി ഇരുനൂററൻപത് രൂപയിൽ കുറവാണെങ്കിൽ, ഹൈക്കോടതിക്ക്, അങ്ങനെയുള്ള കോടതിയെ ഈ വകുപ്പിൻകീഴിൽ ഇരുനൂററൻപത് രൂപയിൽ കവിയാത്തതും, ആ പരിധിയിലും നൂറു രൂപയിലധികം കവിയാത്തതുമായ ഏതെങ്കിലും തുക കോടതിച്ചെലവായി അവാർഡ് ചെയ്യാൻ അധികാരപ്പെടുത്താവുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിൻകീഴിൽ കോടതിച്ചെലവായി അവാർഡ് ചെയ്യാൻ ഏതെങ്കിലും കോടതിയേയോ, തരം കോടതികളേയോ അധികാരപ്പെടുത്തുന്ന തുക ഹൈക്കോടതിക്ക് പരിമിതിപ്പെടുത്താവുന്നതാണ്.

(3) യാതൊരാൾക്ക് എതിരായാണോ ഈ വകുപ്പിൻ കീഴിലെ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, അയാൾ, ആ കാരണത്താൽ താൻ ഉന്നയിച്ച ഏതെങ്കിലും അവകാശവാദമോ പ്രതിവാദമോ സംബന്ധിച്ച ഏതെങ്കിലും കുററബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതല്ല.

(4) വ്യാജമായതോ ശല്യമുണ്ടാക്കുന്നതോ ആയ അവകാശവാദമോ പ്രതിവാദമോ സംബന്ധിച്ച്, ഈ വകുപ്പിൻകീഴിൽ അവാർഡ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രതികരത്തുക, അങ്ങനെയുള്ള അവകാശവാദമോ പ്രതിവാദമോ സംബന്ധിച്ച് നഷ്ടപരിഹാരത്തിനോ പ്രതികരത്തിനു ഉള്ള ഏതെങ്കിലും പിന്നീടുള്ള വ്യവഹാരത്തിൽ കണക്കിലെടുക്കപ്പെടുന്നതാകുന്നു.

35ഖ. <u>കാലതാമസം ഉണ്ടാക്കുന്നതിലുള്ള കോടതിച്ചെലവ്</u>.—(1) ഒരു വ്യവഹാരത്തിന്റെ ഹിയറിങ്ങിനോ, അതിൽ ഏതെങ്കിലും നടപടി എടുക്കുന്നതിനോ നിജപ്പെടുത്തുന്ന ഏതെങ്കിലും തീയതി, വ്യവഹാരത്തിലെ ഒരു കക്ഷി—

(ക) ആ തീയതി, അയാളോട് ഈ നിയമസംഹിതയോ, അതിൻകീഴിലോ എടുക്കാൻ ആവശ്യപ്പെട്ടിരുന്ന നടപടി എടുക്കാതിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള നടപടി എടുക്കാനായോ തെളിവ് ഹാജരാക്കാനായോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണത്തിൻമേലോ ഒരു നീട്ടിവയ്ക്കൽ നേടുകയോ, ചെയ്യുന്നുവെങ്കിൽ, കോടതിക്ക്, അങ്ങനെയുള്ള കക്ഷിയോട്, മറേറ കക്ഷിക്ക്, ആ തീയതി കോടതിയിൽ ഹാജരാകുന്നതിൽ മറേറ കക്ഷിക്ക്, നേരിട്ടിട്ടുള്ള ചെലവുകൾ സംബന്ധിച്ച്, അയാൾക്ക് പ്രതിപുരണത്തിന്, കോടതിയുടെ അഭിപ്രായത്തിൽ, ന്യായമായി മതിയാകുന്ന കോടതിച്ചെലവ് കൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട്, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, ഉത്തരവു ചെയ്യാവുന്നതും, അങ്ങനെയുള്ള ഉത്തരവിന്റെ തീയതിക്ക്തൊട്ടുപിന്നീടുള്ള തീയതി, അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കുന്നത്,—

(ക) അന്യായക്കാരനോട് അങ്ങനെയുള്ള കോടതിച്ചെലവ്കൊടുക്കാൻ ഉത്തരവു ചെയ്തിരുന്നിടത്ത്, അന്യായക്കാരൻ അന്യായമോ,

(ഖ) പ്രതിയോട് അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കാൻ ഉത്തരവു ചെയ്തിരുന്നിടത്ത്, പ്രതി പ്രതിവാദമോ, തുടർന്നു നടത്തുന്നതിനുള്ള ഒരു പൂർവ്വോപാധി ആയിരിക്കുന്നതും ആകുന്നു.

<u>വിശദീകരണം</u>.— പ്രതികളോ, പ്രതികളുടെ ഗ്രൂപ്പുകളോ വെവ്വേറെ പ്രതിവാദങ്ങൾ ഉന്നയിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള കോടതിച്ചെലവുകൊടുക്കുന്നത്, ഏത് പ്രതികളോടോ പ്രതികളുടെ ഗ്രൂപ്പിനോടോ ആണോ അങ്ങനെയുള്ള കോടതിച്ചെലവു കൊടുക്കാൻ ഉത്തരവ് ചെയ്തിട്ടുള്ളത്, ആ പ്രതികളോ പ്രതികളുടെ ഗ്രൂപ്പുകളോ, പ്രതിവാദം തുടർന്നു നടത്തുന്നതിനുള്ള, പൂർവ്വോപാധി ആയിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കാൻ ഉത്തരവു ചെയ്യുന്ന കോടതിച്ചെലവ്, അത് കൊടുക്കുന്നുവെങ്കിൽ, വ്യവഹാരത്തിൽ പാസ്സാക്കുന്ന വിധിയിൽ അവാർഡു ചെയ്യുന്ന കോടതിച്ചെലവിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും ; എന്നാൽ അങ്ങനെയുള്ള കോടതിച്ചെലവിന്റെ തുകയും, അങ്ങനെയുള്ള കോടതിച്ചെലവു കൊടുക്കേണ്ട ആളുകളുടെ പേരും മേൽവിലാസവും കാണിക്കുന്ന ഒരു വേറിട്ടുള്ള ഉത്തരവ് തയ്യാറാക്കേണ്ടതും, അങ്ങനെ തയ്യാറാക്കുന്ന ഉത്തരവ്, അങ്ങനെയുള്ള ആളുകൾക്കെതിരായി നടത്താവുന്നതായിരിക്കുന്നതും ആകുന്നു.

## ഭാഗം II

# വിധി നടത്തൽ

### സാമാന്യം

36. ഉത്തരവുകൾക്കു ബാധകമാകുന്നത് .— വിധികളുടെ നടത്തൽ സംബന്ധിച്ച ഈ നിയമ സംഹിതയിലെ വ്യവസ്ഥകൾ (വിധിക്ക് കീഴിൽ പണം കൊടുക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) അവ ബാധകമാകുന്നിടത്തോളം ഉത്തരവുകളുടെ നടത്തലിന് (ഉത്തരവിൻ കീഴിൽ പണം കൊടുക്കുന്നത് ഉൾപ്പെടെ) ബാധകമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

37. വിധി പാസ്സാക്കിയ കോടതികളുടെ നിർവ്വചനം.— ''വിധി പാസ്സാക്കിയ കോടതി'' എന്ന പദത്തിലോ, ആ അർത്ഥത്തിലുള്ള വാക്കുകളിലോ, വിധികളുടെ നടത്തൽ സംബന്ധിച്ച വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം ,—

(ക) നടത്തപ്പെടേണ്ട വിധി, അപ്പീൽ അധികാരിത പ്രയോഗിച്ച് പാസ്സാക്കിയിട്ടുള്ളിടത്ത്, ആദ്യക്കോടതിയും,

(ഖ) ആദ്യക്കോടതിക്ക് ആസ്തിത്വം ഇല്ലാതാകുകയോ, അതു നടത്താൻ അധികാരിത ഇല്ലാതാകുകയോ ചെയ്യുന്നിടത്ത്, വിധി പാസ്സാക്കിയിട്ടുള്ള വ്യവഹാരം, വിധി നടത്തലിനുള്ള അപേക്ഷ കൊടുത്ത സമയത്ത് ആരംഭിച്ചത് ആയിരുന്നെങ്കിൽ, ഏത് കോടതിക്കാണോ, അങ്ങനെയുള്ള വ്യവഹാരം വിചാരണചെയ്യാൻ അധികാരിത ഉണ്ടാകുമായിരുന്നത്, ആ കോടതിയും, ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം .— ആദ്യക്കോടതിക്ക്, വിധി നടത്താനുള്ള അധികാരിത, വിധി പാസ്സാക്കിയിട്ടുള്ള വ്യവഹാരം ആരംഭിച്ചതിനു ശേഷമോ, വിധി പാസ്സാക്കിയതിനുശേഷമോ, ആ കോടതിയുടെ അധികാരിതയിൽ നിന്ന് ഏതെങ്കിലും പ്രദേശം മററ് ഏതെങ്കിലും കോടതിയുടെ അധികാരിതയിലേക്ക് മാററിയിട്ടുണ്ടെന്ന കാരണത്തിൻമേൽ മാത്രം ഇല്ലാതാകുന്നതല്ല ; എന്നാൽ അങ്ങനെയുള്ള ഏതൊരു സംഗതിയിലും അങ്ങനെയുള്ള മറേറ കോടതിക്കും, അതിന് ആ വിധിയുടെ നടത്തലിനുള്ള അപേക്ഷ കൊടുക്കുന്ന സമയത്ത് ആ വ്യവഹാരം വിചാരണചെയ്യാൻ അധികാരിത ഉണ്ടാകുമെങ്കിൽ, ആ വിധി നടത്താൻ അധികാരിത ഉണ്ടായിരിക്കുന്നതാണ്.

### വിധികൾ നടത്താവുന്ന കോടതികൾ

38. വിധി നടത്താവുന്ന കോടതി .— ഒരു വിധി, അത് പാസ്സാക്കിയ കോടതിക്കോ, അല്ലെങ്കിൽ അത് നടത്തലിനായി, ഏത് കോടതിയ്ക്കാണോ അയച്ചുകൊടുത്തിട്ടുള്ളത്, ആ കോടതിക്കോ നടത്താവുന്നതാണ്.

39. വിധിയുടെ മാററൽ .— (1) വിധി പാസ്സാക്കിയ കോടതിക്ക്, വിധി ഉടമയുടെ അപേക്ഷയിൽമേൽ, അത് നടത്തലിനായി ക്ഷമതയോടുകൂടിയ അധികാരിതയുള്ള മറെറാരു കോടതിയിലേക്ക് —

(ക) ആർക്ക് എതിരായാണോ വിധി പാസാക്കുന്നത്, ആ ആറം, യഥാർത്ഥമായും സ്വേച്ഛയാ ആയും അങ്ങനെയുള്ള മറേറ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികറംക്കുളളിൽ താമസിക്കുകയോ, ബിസിനസ്സ് നടത്തിക്കൊണ്ടുപോകുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്നുവെങ്കിലോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആറംക്ക്, വിധിപാസ്സാക്കിയ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികറംക്കുളളിൽ, അങ്ങനെയുള്ള വിധി കാര്യം തീർക്കാൻ മതിയായ വസ്തു ഇല്ലാതിരിക്കുകയും, അങ്ങനെയുള്ള മറേറ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികറംക്കുളളിൽ വസ്തു ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലോ;

അല്ലെങ്കിൽ

(ഗ) വിധി, അത് പാസ്സാക്കിയ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികറംക്ക് വെളിയിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവിൻെറ വിൽപനയ്ക്കോ ഡെലിവറിക്കോ നിർദ്ദേശിക്കുന്നു എങ്കിലോ;

അല്ലെങ്കിൽ

(ഘ) വിധി പാസ്സാക്കിയ കോടതി, അതു ലിഖിതമായി റിക്കാർഡാക്കേണ്ട മറേറതെങ്കിലും കാരണത്താൽ അങ്ങനെയുള്ള മറേറ കോടതി വിധി നടത്തേണ്ടതാണെന്ന് കരുതുന്നുവെങ്കിലോ,

അയക്കാവുന്നതാണ്.

(2) വിധി പാസാക്കിയ കോടതിക്ക്, അതു നടത്തലിനായി, ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഏതെങ്കിലും കീഴ്ക്കോടതിയിലേയ്ക്ക് സ്വയമേവ അയക്കാവുന്നതാണ്.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങറംക്ക്, ഒരു കോടതി, അതിലേയ്ക്ക് വിധി മാററുന്നതിന് അപേക്ഷ കൊടുത്ത സമയത്ത്, അതിന്, ഏത് വ്യവഹാരത്തിലാണോ അങ്ങനെയുള്ള വിധി പാസ്സാക്കിയത്, ആ വ്യവഹാരം വിചാരണ ചെയ്യാൻ അധികാരിത ഉണ്ടാകുമായിരുന്നെങ്കിൽ ക്ഷമതയോടുകൂടിയ അധികാരിതയുള്ള കോടതിയായി കരുതപ്പെടുന്നതാകുന്നു.

40. മറെറാരു സ്റേററിലെ കോടതിയിലേക്ക് വിധിമാററുന്നത്.—ഒരു വിധി, മറെറാരു സ്റേററിൽ നടത്തുന്നതിനായി അയച്ചുകൊടുക്കുന്നിടത്ത്, അത് ആ സ്റേററിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന കോടതിയിലേയ്ക്ക് അയച്ചുകൊടുക്കുകയും, രീതിയിൽ നടത്തുകയും ചെയ്യേണ്ടതാകുന്നു.

41. നടത്തൽ നടപടികളുടെ ഫലം സർട്ടിഫൈ ചെയ്യണമെന്ന്.— നടത്തലിനായി വിധി അയച്ചുകൊടുക്കപ്പെടുന്ന കോടതി, അതു പാസ്സാക്കിയ കോടതിക്ക് അങ്ങനെയുള്ള നടത്തലിൻെറ വസ്തുതയോ, ആദ്യംപറഞ്ഞ കോടതി അത് നടത്താതിരിക്കുന്നിടത്ത്, അങ്ങനെ നടത്താതിരുന്നതിൻെറ പരിത: സ്ഥിതികളോ സർട്ടിഫൈ ചെയ്തു കൊടുക്കേണ്ടതാകുന്നു.

42. മാററപ്പെട്ട വിധി നടത്തുന്നതിൽ കോടതിക്കുള്ള അധികാരങ്ങറം.—(1) ഏത് കോടതിയാണോ, അതിന് അയച്ചുകൊടുക്കുന്ന ഒരു വിധി നടത്തുന്നത്, ആ കോടതിക്ക്, അങ്ങനെയുള്ള വിധി നടത്തുന്നതിൽ, ആ കോടതി തന്നെ പാസ്സാക്കിയിട്ടുണ്ടായിരുന്നാൽ എന്നപോലെയുള്ള അതേ അധികാരങ്ങറം ഉണ്ടായിരിക്കുന്നതാണ്. ആ വിധിയുടെ നടത്തലിനെ അനുസരിക്കാതിരിക്കുകയോ തടസപ്പെടുത്തുകയോചെയ്യുന്ന എല്ലാ ആളുകളും, അങ്ങനെയുള്ള കോടതിയാൽ, ആ വിധി അത് പാസ്സാക്കിയിട്ടുണ്ടായിരുന്നാൽ എന്നപോലെയുള്ള അതേ രീതിയിൽ ശിക്ഷിക്കപ്പെടുന്ന

താണ്. അങ്ങനെയുള്ള വിധി നടത്തുന്നതിലെ അതിന്റെ ഉത്തരവ്, അപ്പീൽ സംബന്ധിച്ച് ആ വിധി അതുതന്നെ പാസ്സാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ ചട്ടങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) 1-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ആ ഉപവകുപ്പിൻകീഴിലെ കോടതിയുടെ അധികാരങ്ങളിൽ, വിധി പാസ്സാക്കിയ കോടതിയുടെ താഴെ പറയുന്ന അധികാരങ്ങൾ ഉൾപ്പെടുന്നതാണ്, അതായത്:—

(ക) 39-ാം വകുപ്പിൻകീഴിൽ വിധി, നടത്തലിനായി മറ്റൊരു കോടതിയിലേയ്ക്ക് അയയ്ക്കാനുള്ള അധികാരം;

(ഖ) 50-ാം വകുപ്പിൻകീഴിൽ, വിധി, മരിച്ചുപോയ വിധി കടക്കാരന്റെ നിയമാനുസൃത പ്രതിനിധിയ്ക്കെതിരായി നടത്താനുള്ള അധികാരം;

(ഗ) വിധിയുടെ ജപ്തിയ്ക്ക് ഉത്തരവ് ചെയ്യാനുള്ള അധികാരം.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ട് ഉത്തരവുകൾ പാസ്സാക്കുന്ന കോടതി, അതിന്റെ ഒരു പകർപ്പ്, വിധി പാസ്സാക്കിയ കോടതിക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

(4) ഈ വകുപ്പിലെ യാതൊന്നും, വിധി നടത്തലിനായി അയയ്ക്കപ്പെടുന്ന കോടതിക്ക് താഴെപറയുന്ന അധികാരങ്ങളിൽ ഏതെങ്കിലും നൽകുന്നതായി കരുതപ്പെടുന്നതല്ല, അതായത്:—

(ക) വിധി കൈമാററം വാങ്ങിയ ആളുടെ അർത്ഥനയിൻമേൽ നടത്തൽ ഉത്തരവ് ചെയ്യാനുള്ള അധികാരം;

(ഖ) ഒരു ഫേമിന് എതിരായി പാസ്സാക്കിയ വിധിയുടെ സംഗതിയിൽ, അങ്ങനെയുള്ള വിധി, ആർഡർ (XXI), ചട്ടം 50-ലെ (1)-ാം ഉപചട്ടം (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പരാമർശിക്കുന്ന പ്രകാരമുള്ള ആൾ അല്ലാത്ത ഏതെങ്കിലും ആൾക്കെതിരായി നടത്താൻ അനുമതി നൽകുന്നതിനുള്ള അധികാരം.

43. ഈ നിയമസംഹിത വ്യാപിക്കാത്ത സ്ഥലങ്ങളിലെ സിവിൽ കോടതികൾ പാസ്സാക്കുന്ന വിധികൾ നടത്തൽ.—ഈ നിയമ സംഹിതയുടെ വ്യവസ്ഥകൾ വ്യാപിക്കാത്ത ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്ത് സ്ഥാപിക്കപ്പെടുന്ന ഏതെങ്കിലും സിവിൽ കോടതിയോ, ഇൻഡ്യയ്ക്ക് വെളിയിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രാധികാരത്താൽ സ്ഥാപിക്കപ്പെടുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും കോടതിയോ പാസ്സാക്കുന്ന ഏതെങ്കിലും വിധി, അത് പാസ്സാക്കിയ കോടതിയുടെ അധികാരിതയ്ക്കുള്ളിൽ നടത്താൻ കഴിയുന്നില്ലെങ്കിൽ, ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്കുള്ളിൽ, ഇതിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ നടത്താവുന്നതാണ്.

44. ഈ നിയമസംഹിത വ്യാപിക്കാത്ത സ്ഥലങ്ങളിലെ റവന്യൂ കോടതികൾ പാസ്സാക്കുന്ന വിധികളുടെ നടത്തൽ.— സ്റേററ്റ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ നിയമ സംഹിതയുടെ വ്യവസ്ഥകൾ വ്യാപിക്കാത്ത, ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തിലെ ഏതെങ്കിലും റവന്യൂ കോടതിയുടെ വിധികളോ അങ്ങനെയുള്ള ഏതെങ്കിലും തരം വിധികളോ, സ്റേററിൽ, അവ ആ സ്റേററിലെ കോടതികൾ പാസ്സാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ നടത്താവുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

44- ക. പ്രതി പ്രവർത്തക രാജ്യക്ഷേത്രത്തിലെ കോടതികൾ പാസ്സാക്കുന്ന വിധികളുടെ നടത്തൽ.—(1) ഏതെങ്കിലും പ്രതി പ്രവർത്തക രാജ്യക്ഷേത്രത്തിലെ മേൽകോടതികളിൽ ഏതിന്റെയെങ്കിലും വിധിയുടെ സർട്ടിഫൈ ചെയ്ത പകർപ്പ് ഒരു ജില്ലാക്കോടതിയിൽ ഫയൽചെയ്തിട്ടുള്ളിടത്ത്, ആ വിധി അത് ജില്ലാക്കോടതി പാസാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ ഇൻഡ്യയിൽ നടത്താവുന്നതാണ്.

(2) വിധിയുടെ സർട്ടിഫൈ ചെയ്ത പകർപ്പോടൊപ്പം, വിധി, കാര്യം തീരുകയോ, ഒത്തുതീരുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ വ്യാപ്തിയെക്കുറിച്ചു പ്രസ്താവിക്കുന്ന അങ്ങനെയുള്ള മേൽക്കോടതിയുടെ ഒരു സർട്ടിഫിക്കററ് ഫയൽ ചെയ്യേണ്ടതും, ഈ വകുപ്പിൻകീഴിലെ നടപടികളുടെ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള സർട്ടിഫിക്കററ്, അങ്ങനെ തീർന്നതിന്റേയോ ഒത്തുതീർന്നതിന്റേയോ വ്യാപ്തിയെക്കുറിച്ചുള്ള നിശ്ചായകമായ തെളിവായിരിക്കുന്നതും ആകുന്നു.

(3) വിധിയുടെ സർട്ടിഫൈ ചെയ്ത പകർപ്പ് ഫയൽചെയ്ത തീയതി മുതൽ, ഈ വകുപ്പിൻകീഴിലെ ഒരു വിധി നടത്തുന്ന ഒരു ജില്ലാക്കോടതിയുടെ നടപടികൾക്ക്, 47-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും, ജില്ലാക്കോടതി, വിധി, 13-ാം വകുപ്പ് (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിക്കുന്ന അപവാദങ്ങളിൽ ഏതെങ്കിലും പെടുന്നുവെന്ന് കോടതിക്ക് ബോദ്ധ്യമാകുന്നവിധം കാണിക്കപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിധി നടത്താൻ വിസമ്മതിക്കേണ്ടതും ആകുന്നു.

വിശദീകരണം I.— "പ്രതി പ്രവർത്തക രാജ്യക്ഷേത്ര"ത്തിന്, ഇൻഡ്യയ്ക്ക് വെളിയിൽ ഉള്ളതും, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രതി പ്രവർത്തക രാജ്യക്ഷേത്രമായി പ്രഖ്യാപിക്കുന്നതുമായ ഏതെങ്കിലും രാജ്യമോ രാജ്യക്ഷേത്രമോ എന്ന് അർത്ഥമാകുന്നതും, അങ്ങനെയുള്ള ഏതെങ്കിലും രാജ്യക്ഷേത്രം സംബന്ധിച്ച് "മേൽ കോടതികൾ"എന്നാൽ മുൻപറഞ്ഞ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെടുന്ന കോടതികൾ എന്ന് അർത്ഥമാകുന്നതും ആണ്.

വിശദീകരണം.—II ഒരു മേൽകോടതി സംബന്ധിച്ച് "വിധി"ക്ക്, അങ്ങനെയുള്ള കോടതിയുടെ ഏത് വിധിക്കോ വിധിന്യായത്തിനോ കീഴിലാണോ, നികുതികളോ സദൃശപ്രകൃതത്തിലുള്ള മററ് ചാർജ്ജുകളോ സംബന്ധിച്ചോ ഒരു പിഴയോ ശണ്ഡനമോ സംബന്ധിച്ചോ കൊടുക്കേണ്ട തുകയല്ലാത്ത ഏതെങ്കിവും പണത്തുക കൊടുക്കേണ്ടതായിരിക്കുന്നത്, അങ്ങനെയുള്ള വിധിയോ വിധിന്യായമോ എന്ന് അർത്ഥമാകുന്നതും, എന്നാൽ, യാതൊരു സംഗതിയിലും, അതിൽ ഒരു മാദ്ധ്യസ്ഥ അവാർഡ്, അങ്ങനെയുള്ള അവാർഡ് വിധിയോ വിധി ന്യായമോ എന്നപോലെ പ്രാവർത്തികമാക്കാവുന്നതാണെങ്കിൽകൂടി, ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

45. ഇൻഡ്യയ്ക്കു വെളിയിൽ വിധികളുടെ നടത്തൽ.— ഈ ഭാഗത്തിൽ മുൻപറഞ്ഞ വകുപ്പുകളിലെ ഒരു വിധി, മറെറാരു കോടതിയിലേക്ക് നടത്തലിന് അയച്ചുകൊടുക്കാൻ ഒരു കോടതിയെ അധികാരപ്പെടുത്തുന്നിടത്തോളം ഉള്ളതിന് ഏതെങ്കിലും സ്റേററിലെ ഒരു കോടതിയെ, ഒരു വിധിനടത്തലിന്

കേന്ദ്രഗവൺമെൻറിൻെറ പ്രാധികാരപ്രകാരം ഇൻഡ്യയ്ക്കു വെളിയിൽ സ്ഥാപിക്കപ്പെട്ടതും, ഈ വകുപ്പ് ബാധകമാകുന്നതായി സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിച്ചിട്ടുള്ളതും ആയ ഏതെങ്കിലും കോടതിക്കു അയച്ചുകൊടുക്കുവാൻ അധികാരപ്പെടുത്തുന്നതായി അർത്ഥം കൽപിക്കേണ്ടതാകുന്നു.

46. ആദേശങ്ങൾ.—(1) വിധി ഉടമയുടെ അപേക്ഷയിൻമേൽ വിധി പാസ്സാക്കിയ കോടതിക്ക് യുക്തമെന്നു തോന്നുമ്പോഴെല്ലാം, വിധിക്കടക്കാരൻെറ വകയായിട്ടുള്ളതും, ആദേശത്തിൽ വിനിർദ്ദേശിക്കുന്നതും ആയ ഏതെങ്കിലും വസ്തു ജപ്തിചെയ്യാൻ, അങ്ങനെയുള്ള വിധി നടത്താൻ ക്ഷമതയുള്ള മറേറതെങ്കിലും കോടതിയിലേക്കുള്ള ആദേശം പുറപ്പെടുവിക്കാവുന്നതാണ്.

(2) ഒരു ആദേശം അയച്ചുകൊടുക്കപ്പെടുന്ന കോടതി, വിധിനടത്തലിലെ വസ്തുവിൻെറ ജപ്തി സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വസ്തു ജപ്തി ചെയ്യാൻ തുടർന്ന് നടപടി എടുക്കേണ്ടതാണ്:

എന്നാൽ, ഒരു ആദേശത്തിൻകീഴിലുള്ള യാതൊരു ജപ്തിയും, ജപ്തി കാലാവധി, വിധി പാസാക്കിയ കോടതിയുടെ ഉത്തരവുവഴി നീട്ടിക്കൊടുക്കാത്തപക്ഷമോ ജപ്തിയുടെ പര്യവസാനത്തിനുമുമ്പ് വിധി, ജപ്തി ചെയ്തിട്ടുള്ള കോടതിയിലേക്ക് മാററിയിരിക്കുകയും വിധി ഉടമ അങ്ങനെയുള്ള വസ്തുവിൻെറ വിൽപ്പനക്കുള്ള ഒരു ഉത്തരവിന് അപേക്ഷിച്ചിരിക്കുകയും ചെയ്യാത്തപക്ഷമോ, രണ്ടു മാസത്തിലധികം തുടരുന്നതല്ല.

## വിധി നടത്തുന്ന കോടതി

## തീരുമാനിക്കേണ്ട പ്രശ്നങ്ങൾ

47. വിധി നടത്തുന്ന കോടതി തീരുമാനിക്കേണ്ട പ്രശ്നങ്ങൾ.—(1) വിധി പാസാക്കിയ വ്യവഹാരത്തിലെ കക്ഷികളോ, അവരുടെ പ്രതിനിധികളോ തമ്മിൽ ഉൽഭവിക്കുന്നതും, ആ വിധിയുടെ നടത്തലോ, ബാദ്ധ്യത തീർക്കലോ, കാര്യം തീരലോ സംബന്ധിച്ചുള്ളതും ആയ എല്ലാ പ്രശ്നങ്ങളും, വിധി നടത്തുന്ന കോടതി തീരുമാനിക്കേണ്ടതും, ഒരു പ്രത്യേക വ്യവഹാരംവഴി തീരുമാനിക്കപ്പെടാൻ പാടില്ലാത്തതും ആകുന്നു.

(2) [വിട്ടുകളയപ്പെട്ടു]

(3) ഏതെങ്കിലും ആൾ ഒരു കക്ഷിയുടെ പ്രതിനിധിയാണോ അല്ലയോ എന്നത് സംബന്ധിച്ച ഒരു പ്രശ്നം ഉൽഭവിക്കുന്നു എങ്കിൽ, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള പ്രശ്നം കോടതി തീരുമാനിക്കേണ്ടത് ആകുന്നു.

വിശദീകരണം I.—ഏത് വാദിയുടെ വ്യവഹാരമാണോ തള്ളിക്കളയപ്പെട്ടിട്ടുള്ളത് ആ വാദിയും, ഏത് പ്രതിക്ക് എതിരായാണോ ഒരു വ്യവഹാരം തള്ളിക്കളയപ്പെട്ടിട്ടുള്ളത്, ആ പ്രതിയും ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് വ്യവഹാരത്തിലെ കക്ഷികൾ ആകുന്നു.

വിശദീകരണം II.—(ക) ഒരു വിധി നടത്തൽ വിൽപ്പനയിലെ വസ്തുവിൻെറ ക്രേതാവ്, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, വിധി പാസാക്കിയ വ്യവഹാരത്തിലെ കക്ഷിയായി കരുതപ്പെടുന്നതും;

(ഖ) അങ്ങനെയുള്ള ക്രേതാവിനോ, അയാളുടെ പ്രതിനിധിക്കോ അങ്ങനെയുള്ള വസ്തു കൈവശം ഡെലിവർ ചെയ്യുന്നതിനെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും ഈ വകുപ്പിന്റെ അർത്ഥത്തിൽ വിധിയുടെ നടത്തലോ, ബാദ്ധ്യത തീർക്കലോ കാര്യംതീരലോ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ആയി കരുതപ്പെടുന്നതും ;
ആകുന്നു.

## നടത്തലിനുള്ള സമയ പരിധി

48. 1963-ലെ 36-ാം നമ്പർ ആക്റ്റ് 28-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.—

## കൈമാററം വാങ്ങുന്നവരും നിയമാനുസൃത പ്രതിനിധികളും

49. കൈമാററം വാങ്ങുന്നവർ.—ഒരു വിധി കൈമാററം വാങ്ങുന്ന ഏതൊരുവനും, അതുമൂലം വിധി ഉടമയ്ക്ക് എതിരായി വിധി കടക്കാരന് പ്രാവർത്തികമാക്കാമായിരുന്ന നീതികൾക്ക് (വല്ലതും ഉണ്ടെങ്കിൽ) വിധേയമായി, ധാരണം ചെയ്യേണ്ടതാകുന്നു.

50. നിയമാനുസൃത പ്രതിനിധി.—(1) വിധി കാര്യം പൂർണ്ണമായി തീരുന്നതിനുമുമ്പ്, വിധിക്കടക്കാരൻ മരിച്ചുപോകുന്നിടത്ത്, വിധി ഉടമക്ക്, വിധി പാസാക്കിയ കോടതിയോട് അത് മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിക്കെതിരായി നടത്താൻ അപേക്ഷിക്കാവുന്നതാണ്.

(2) വിധി, അങ്ങനെയുള്ള നിയമാനുസൃത പ്രതിനിധിക്ക് എതിരായി നടത്തുന്നിടത്ത്, അയാൾ തന്റെ കൈവശം വന്നിട്ടുള്ളതും മുറപ്രകാരം വ്യയനം ചെയ്തിട്ടില്ലാത്തതും ആയ മരിച്ചുപോയ ആളുടെ വസ്തുവിന്റെ വ്യാപ്തിയോളംമാത്രം ബാദ്ധ്യസ്ഥനായിരിക്കുന്നതും ; വിധി നടത്തുന്ന കോടതിക്ക് അങ്ങനെയുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനുവേണ്ടി സ്വയമേവ അല്ലെങ്കിൽ വിധി ഉടമയുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള നിയമാനുസൃത പ്രതിനിധിയെ യുക്തമെന്ന് തോന്നുന്ന കണക്കുകൾ ഹാജരാക്കാൻ നിർബന്ധിക്കാവുന്നതും ആകുന്നു.

## നടത്തലിലെ നടപടിക്രമം

51. നടത്തൽ പ്രാവർത്തികമാക്കാൻ കോടതിക്കുള്ള അധികാരങ്ങൾ.—നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, കോടതിക്ക് വിധി ഉടമയുടെ അപേക്ഷയിൻമേൽ—

(ക) വിനിർദ്ദിഷ്ടമായി വിധിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ ഡെലിവറി വഴിയോ ;

(ഖ) ഏതെങ്കിലും വസ്തുവിന്റെ ജപ്തിയും വിൽപ്പനയും വഴിയോ, ജപ്തി കൂടാതെയുള്ള വിൽപ്പനവഴിയോ ;

(ഗ) അറസ്ററും, 58-ാം വകുപ്പിൻ കീഴിൽ അറസ്ററും തടങ്കലും അനുവദനീയമായിട്ടുള്ളിടത്ത്, ആ വകുപ്പിൽ വിനിർദ്ദേശിക്കുന്ന കാലത്തിൽകവിയാത്ത കാലത്തെകാരാഗ്രഹത്തിനുള്ളിലെ തടങ്കലും വഴിയോ ;

(ഘ) റിസീവർ നിയമനം വഴിയോ ;

(ങ) അനുവദിക്കപ്പെട്ട നിവൃത്തിയുടെ പ്രകൃതം ആവശ്യപ്പെടുന്ന മററു രീതിയിലോ,

വിധി നടത്തൽ ഉത്തരവു ചെയ്യാവുന്നതാണ് :

എന്നാൽ, വിധി, പണം കൊടുക്കുന്നതിനായിട്ടുള്ളിടത്ത്, കാരാഗൃഹത്തിനുള്ളിലെ തടങ്കൽ വഴിയുള്ള നടത്തൽ വിധി കടക്കാരന് അയാളെ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കാൻ അവസരം നൽകിയതിനുശേഷം കോടതിക്ക് ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ—

(ക) വിധി കടക്കാരൻ, വിധി നടത്തൽ തടസപ്പെടുത്തുകയോ താമസിപ്പിക്കുകയോ ചെയ്യുന്ന ലക്ഷ്യത്തോടെയോ, അല്ലെങ്കിൽ ആ ഫലം വരത്തക്കവണ്ണമോ—

(i) ഒളിവിൽ പോകാനോ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ വിട്ടുപോകാനോ ഇടയുണ്ടെന്നോ ; അല്ലെങ്കിൽ

(ii) വിധി പാസാക്കിയ വ്യവഹാരം ആരംഭിച്ചതിനുശേഷം, അയാളുടെ വസ്തുവിന്റെ ഏതെങ്കിലും ഭാഗം നേരുകേടായി കൈമാററം ചെയ്യുകയോ, ഒളിച്ചുവക്കുകയോ, നീക്കം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ അയാളുടെ വസ്തു സംബന്ധിച്ച് ഉത്തമവിശ്വാസവിരുദ്ധമായ മറേറതെങ്കിലും കൃത്യം ചെയ്തിട്ടുണ്ടെന്നോ ; അല്ലെങ്കിൽ

(ഖ) വിധി കടക്കാരന്, വിധിസംഖ്യയോ അതിന്റെ ഏതെങ്കിലും ഗണ്യമായ ഭാഗമോ കൊടുക്കാൻ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടായിരിക്കുകയോ, വിധി തീയതിക്കുശേഷം ഉണ്ടായിരിന്നിരിക്കുകയോ ചെയ്യുകയും, അത് കൊടുക്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ കാണിക്കുകയോ, വിസമ്മതിച്ചിരിക്കുകയോ, ഉപേക്ഷ കാണിച്ചിരിക്കുകയോ ചെയ്യുകയും ചെയ്യുന്നു എങ്കിലോ ; അല്ലെങ്കിൽ

(ഗ) വിധി, വിധി കടക്കാരൻ വിശ്വാസാധിഷ്ഠിത നിലയിൽ കണക്കു പറയാൻ ബാധ്യസ്ഥനായ ഒരു തുകക്ക് ആണെന്നോ ;

ബോധ്യപ്പെടാത്തപക്ഷം, ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—(ഖ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, വിധികടക്കാരന്റെ ധനാഗമമാർഗ്ഗങ്ങൾ കണക്കാക്കുന്നതിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രാബല്യമുള്ള ആചാരത്താലോ, അവയിൽ ഏതിനെങ്കിലും കീഴിലോ വിധി നടത്തലിലെ ജപ്തിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തു വിട്ടുകളയേണ്ടതാകുന്നു.

52. നിയമാനുസൃത പ്രതിനിധിക്ക് എതിരായി വിധി പ്രാവർത്തികമാക്കൽ.—(1) മരിച്ചുപോയ ഒരാളുടെ നിയമാനുസൃത പ്രതിനിധി എന്ന നിലയിൽ, ഒരു കക്ഷിക്ക് എതിരായി ഒരു വിധി പാസാക്കുകയും, വിധി മരിച്ചുപോയ അയാളുടെ വസ്തുവിൽനിന്ന് പണം കൊടുക്കാനുള്ളതായിരിക്കുകയും ചെയ്യുന്നിടത്ത്, അത് അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിന്റെ ജപ്തിയും വിൽപ്പനയുംവഴി നടത്താവുന്നതാണ്.

(2) അങ്ങനെയുള്ള യാതൊരു വസ്തുവും, വിധിക്കടക്കാരന്റെ കൈവശം അവശേഷിക്കാതിരിക്കുകയും, തന്റെ കൈവശം വന്നിട്ടുള്ളതായി തെളിയിക്കപ്പെടുന്നതായ മരിച്ചുപോയ ആളുടെ വസ്തു, താൻ മുറപ്രകാരം വിനിയോഗിച്ചിട്ടുണ്ടെന്ന് അയാൾ കോടതിയെ ബോധ്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നിടത്ത്, വിധി, വിധിക്കടക്കാരന് എതിരായി, വസ്തുവിന്റെ എത്ര

ത്തോളം സംബന്ധിച്ചാണോ അയാശം കോടതിയെ അപ്രകാരം ബോദ്ധ്യപ്പെടുത്താതിരുന്നിട്ടുള്ളത്, അത്രത്തോളം, വിധി അയാശക്ക് എതിരായുള്ള കൈയാൽ വിധി ആയിരുന്നാൽ എന്നപോലെ, അതേ രീതിയിൽ നടത്താവുന്നതാണ്.

53. പൈതൃക വസ്തുവിന്റെ ബാദ്ധ്യത.—50-ാം വകുപ്പിന്റേയും 52-ാം വകുപ്പിന്റേയും ആവശ്യങ്ങശക്ക്, ഒരു പുത്രന്റേയോ മററു സന്തതിയുടേയോ കൈയ്യിൽ ഉള്ളതും, ഹിന്ദുനിയമത്തിൻകീഴിൽ മരിച്ചുപോയ ഒരു പൂർവ്വികന്റെ കടം തിരിയെ കൊടുക്കുന്നതിന് ബാദ്ധ്യസ്ഥൻ ആയിരിക്കുന്നതും, ഏതു വസ്തു സംബന്ധിച്ചാണോ ഒരു വിധി പാസാക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ളതുമായ വസ്തു, പുത്രന്റേയോ മററു സന്തതിയുടേയോ കൈയ്യിൽ, മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധി എന്ന നിലയിൽ വന്നുചേർന്നിട്ടുള്ള വസ്തുവായി കരുതപ്പെടുന്നതാകുന്നു.

54. എസ്റേററിന്റെ ഭാഗം അല്ലെങ്കിൽ ഓഹരി വേർതിരിക്കൽ.—വിധി, ഗവൺമെൻറിന് ഭൂമിക്കരം കൊടുക്കാൻ തുക നിജപ്പെടുത്തിയിട്ടുള്ള ഒരു അവിഭക്ത എസ്റേററ് ഭാഗിക്കുന്നതിനോ, അല്ലെങ്കിൽ അങ്ങനെയുള്ള എസ്റേററിന്റെ ഒരു ഓഹരിയുടെ വേർതിരിച്ചുള്ള കൈവശത്തിനോ ആയിരിക്കുന്നിടത്ത്, ആ എസ്റേററ് ഭാഗിക്കുന്നതോ ഓഹരി വേർതിരിക്കുന്നതോ കലക്ടറാലോ, കലക്ടർ ഇതിലേക്ക് നിയോഗിക്കുന്ന, കലക്ടറുടെ ഏതെങ്കിലും ഗസററഡ് കീഴ് ഉദ്യോഗസ്ഥനാലോ, അങ്ങനെയുള്ള എസ്റേററുകളുടെ ഭാഗിക്കലോ ഓഹരിയുടെ വേർതിരിച്ചുള്ള കൈവശമോ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമം (വല്ലതും ഉണ്ടെങ്കിൽ) അനുസരിച്ച് ചെയ്യപ്പെടേണ്ടതാകുന്നു.

## അറസ്ററും തടങ്കലും

55. അറസ്ററും തടങ്കലും.—(1) ഒരു വിധി കടക്കാരൻ, വിധി നടത്തലിൽ, ഏത് മണിക്കൂറിലും ഏതു ദിവസവും അറസ്ററ് ചെയ്യപ്പെടാവുന്നതും, പ്രയോഗികമായത്ര വേഗത്തിൽ കോടതി മുമ്പാകെ കൊണ്ടുവരപ്പെടേണ്ടതും, അയാളുടെ തടങ്കൽ, തടങ്കലിന് ഉത്തരവു ചെയ്യുന്ന കോടതി സ്ഥിതിചെയ്യുന്ന ജില്ലയിലെ സിവിൽ കാരാഗൃഹത്തിലോ, അങ്ങനെയുള്ള സിവിൽ കാരാഗൃഹം തക്കതാമസസൗകര്യം നല്കാത്തിടത്ത്, അങ്ങനെയുള്ള ജില്ലയിലെ കോടതികശ, തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യുന്ന ആളുകളുടെ തടങ്കലിന് സ്റേററ് ഗവൺമെൻറ് നിശ്ചയിക്കുന്ന മാറേറതെങ്കിലും സ്ഥലത്തോ, ആകാവുന്നതും ആണ്:

എന്നാൽ, ഒന്നാമതായി, ഈ വകുപ്പിൻകീഴിലെ ഒരു അറസ്ററ് ചെയ്യുന്നതിനുവേണ്ടി ഒരു വാസഗൃഹത്തിൽ സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനുമുൻപും പ്രവേശിക്കാൻ പാടുള്ളതല്ല:

എന്നാൽ, രണ്ടാമതായി, ഒരു വാസഗൃഹത്തിന്റെ പുറംവാതിൽ, അങ്ങനെയുള്ള വാസഗൃഹം വിധിക്കടക്കാരൻ താമസിക്കുന്നതായിരിക്കുകയും, അയാശ അതിലേക്കുള്ള പ്രവേശനത്തിന് വിസമ്മതിക്കുകയോ, ഏതെങ്കിലും വിധത്തിൽ അത് തടസ്സപ്പെടുകയോ ചെയ്യുകയും ചെയ്യാത്തപക്ഷം, കുത്തിത്തുറക്കാൻ പാടില്ലാത്തതും, എന്നാൽ അറസ്ററ് ചെയ്യാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, താൻ ഏതെങ്കിലും വാസഗൃഹത്തിൽ മുറപ്രകാരം പ്രവേശനം നേടിയിട്ടുള്ളപ്പോശ, ആ വിധിക്കടക്കാരനെ കണ്ടെത്തുമെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും മുറിയുടെ വാതിൽ കുത്തിത്തുറക്കാവുന്നതും ആണ്;

എന്നാൽ മൂന്നാമതായി ആ മുറി, വിധി കടക്കാരിയല്ലാത്തവളും നാട്ടാചാരങ്ങളനുസരിച്ച് പൊതു സ്ഥലത്ത് പ്രത്യക്ഷപ്പെടാത്തവളുമായ . ഒരു സ്ത്രീ യഥാർത്ഥതാമസമുള്ളതാണെങ്കിൽ അറസ്ററുചെയ്യാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, അവിടെനിന്ന് പിൻമാറാൻ അവൾക്ക് സ്വാതന്ത്ര്യമുണ്ടെന്നു അവൾക്ക് നോട്ടീസ് നല്കേണ്ടതും, അവിടെനിന്ന് പിൻമാറാൻ അവൾക്ക് ന്യായമായ സമയം അനുവദിക്കുകയും, പിൻമാറുന്നതിന് അവർക്ക് ന്യായമായ സൗകര്യം നല്കുകയും ചെയ്തതിനുശേഷം, ആ ഉദ്യോഗസ്ഥന് അറസ്ററ് ചെയ്യുന്നതിനുവേണ്ടി ആ മുറിയിൽ പ്രവേശിക്കാവുന്നതും ആണ്:

എന്നാൽ, നാലാമതായി, ഏത് വിധിയുടെ നടത്തലിലാണോ വിധി കടക്കാരൻ അറസ്ററ് ചെയ്യപ്പെടുന്നത്, ആ വിധി പണംകൊടുക്കുന്നതിനുള്ളതായിരിക്കുകയും, വിധികടക്കാരൻ വിധിസംഖ്യവും അറസ്ററിന്റെ ചെലവും, തന്നെ അറസ്ററു ചെയ്യുന്ന ഉദ്യോഗസ്ഥന് കൊടുക്കുകയും ചെയ്യുന്നിടത്ത്, ആ ഉദ്യോഗസ്ഥൻ ഉടനടി അയാളെ മോചിപ്പിക്കേണ്ടതാകുന്നു.

(2) സ്റേററ് ഗവൺമെൻറിന് ഏത് ആളുടേയോ, തരം ആളുകളുടേയോ അറസ്ററ് ആണോ, അതോടെ പൊതുജനങ്ങൾക്ക് അപായമോ അസൗകര്യമോ ഉണ്ടാക്കിയേക്കാവുന്നത്, ആ ആളോ തരം ആളുകളോ, സ്റേററ് ഗവൺമെൻറ് ഇതിലേക്ക് നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുസരിച്ചല്ലാതെ വിധിനടത്തലിൽ അറസ്ററിന് വിധേയരായിരിക്കുന്നതല്ല എന്ന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിക്കാവുന്നതാണ്.

(3) ഒരു വിധിക്കടക്കാരൻ, പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ നടത്തലിൽ അറസ്ററ് ചെയ്യപ്പെടുകയും കോടതി മുമ്പാകെ കൊണ്ടുവരപ്പെടുകയും ചെയ്യുന്നിടത്ത്, കോടതി, അയാൾക്ക്, താൻ നിർദ്ധനനായി പ്രഖ്യാപിക്കപ്പെടണം എന്ന് അപേക്ഷിക്കാവുന്നതാണെന്നും, അപേക്ഷയുടെ വിഷയം സംബന്ധിച്ച് അയാൾ ഉത്തമവിശ്വാസത്തിന് വിരുദ്ധമായ ഏതെങ്കിലും കൃത്യം ചെയ്തിട്ടില്ലാതിരിക്കുകയും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിർദ്ധനത്വ നിയമത്തിന്റെ വ്യവസ്ഥകൾ അയാൾ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു എങ്കിൽ, അയാൾ ഡിസ്ചാർജ്ജ് ചെയ്യപ്പെടാവുന്നതാണെന്നും അയാളെ അറിയിക്കേണ്ടതാകുന്നു.

(4) ഒരു വിധിക്കടക്കാരൻ, നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുന്നതിന് അപേക്ഷിക്കാനുള്ള തന്റെ ഉദ്ദേശ്യം പ്രകടിപ്പിക്കുകയും, ഒരു മാസത്തിനുള്ളിൽ താൻ അപ്രകാരം അപേക്ഷിക്കുമെന്നും അപേക്ഷയിൻമേലുള്ളതോ ഏതു വിധിയുടെ നടത്തലിലാണ് താൻ അറസ്ററുചെയ്യപ്പെട്ടത്, ആ വിധിയിൻമേലുള്ളതോ ആയ ഏതെങ്കിലും നടപടിയിൽ, ആവശ്യപ്പെടുമ്പോൾ ഹാജരാകുമെന്നും ഉള്ളതിന് കോടതിക്ക് ബോദ്ധ്യപ്പെടുന്ന വിധം ജാമ്യം നല്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, അയാളെ അറസ്ററിൽ നിന്ന് മോചിപ്പിക്കാവുന്നതും, അയാൾ അപ്രകാരം അപേക്ഷിക്കുകയും ഹാജരാവുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, കോടതിക്ക് ജാമ്യത്തുക വസൂലാക്കാൻ നിദേശിക്കുകയോ അല്ലെങ്കിൽ, അയാളെ വിധി നടത്തലിൽ സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുകയോ ചെയ്യാവുന്നതും ആണ്.

56. <u>പണത്തിനുള്ള വിധിയുടെ നടത്തലിൽ സ്ത്രീകളുടെ അറസ്ററിന്റേയോ തടങ്കലിന്റേയോ നിരോധനം.</u>—ഈ ഭാഗത്തിൽ എന്തുതന്നെയിരുന്നാലും, പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ നടത്തലിൽ, കോടതി ഒരു സ്ത്രീയുടെ അറസ്റേറാ, സിവിൽ ജയിലിലെ തടങ്കലോ ഉത്തരവു ചെയ്യാൻ പാടുള്ളതല്ല.

57. ഉപജീവനബത്ത.—സ്റേററ് ഗവൺമെൻറിന് വിധിക്കടക്കാരുടെ ഉപജീവനത്തിന് കൊടുക്കേണ്ട പ്രതിമാസബത്തകളുടെ, പദവി, വംശം, രാഷ്ട്രാംഗത്വം എന്നിവ അനുസരിച്ച് അംശാങ്കിതമായ തോതുകൾ നിജപ്പെടുത്താവുന്നതാണ്.

58. തടങ്കലും മോചനവും.—(1) വിധി നടത്തലിൽ, സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കപ്പെട്ടിട്ടുള്ള ഏതൊരാളും,—

(ക) വിധി ആയിരം രൂപയിൽ കവിയുന്നതുക കൊടുക്കുന്നതിന് ആയിരിക്കുന്നിടത്ത്, മൂന്നുമാസത്തിൽ കവിയാത്ത കാലവും ;

(ഖ) വിധി, അഞ്ഞൂറുരൂപയിൽ കവിയുന്നതും, എന്നാൽ ആയിരം രൂപയിൽ കവിയാത്തതുമായ ഒരു തുക കൊടുക്കുന്നതിന് ആയിരിക്കുന്നിടത്ത്, ആറ് ആഴ്ചയിൽ കവിയാത്ത കാലവും ;

അപ്രകാരം തടങ്കലിൽ വയ്ക്കപ്പെടുന്നതാകുന്നു :

എന്നാൽ, അയാൾ മുൻപറഞ്ഞ കാലം കഴിയുന്നതിന് മുമ്പ് അങ്ങനെയുള്ള തടങ്കലിൽനിന്ന്,—

(i) തന്റെ തടങ്കലിലുള്ള വാറൻറിൽ പറഞ്ഞ തുക, സിവിൽ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് കൊടുക്കുന്നതിൽമേലോ,

(ii) മററുവിധത്തിൽ തനിക്ക് എതിരായുള്ള വിധിക്കാര്യം പൂർണ്ണമായിതിരുന്നതിൻമേലോ,

(iii) ആരുടെ അപേക്ഷയിൻമേലാണോ താൻ അപ്രകാരം തടങ്കലിൽ വയ്ക്കപ്പെട്ടിട്ടുള്ളത്, ആ ആളുടെ അഭ്യർത്ഥനയിൻമേലോ,

(iv) ആരുടെ അപേക്ഷയിൻമേലാണോ താൻ അപ്രകാരം തടങ്കലിൽ വയ്ക്കപ്പെട്ടിട്ടുള്ളത്, ആ ആൾ ഉപജീവനബത്ത കൊടുക്കാതിരിക്കുന്നതിൻമേലോ,

മോചിപ്പിക്കപ്പെടുന്നതാണ് :

എന്നുമാത്രമല്ല, കോടതിയുടെ ഉത്തരവുകൂടാതെ അയാൾ (ii)-ാം ഖണ്ഡത്തിനോ (iii)-ാം ഖണ്ഡത്തിനോ കീഴിൽ അങ്ങനെയുള്ള തടങ്കലിൽനിന്ന് മോചിപ്പിക്കപ്പെടുന്നതല്ല.

(1ക) ആകെ വിധിസംഖ്യ, അഞ്ഞൂറു രൂപയിൽ കവിയാത്തിടത്ത്, പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ നടത്തലിൽ, വിധിക്കടക്കാരനെ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാനുള്ള യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ലെന്ന്, സംശയങ്ങൾ തീർക്കാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

(2) ഈ വകുപ്പിൻകീഴിൽ തടങ്കലിൽനിന്ന് മോചിപ്പിക്കപ്പെടുന്ന വിധിക്കടക്കാരൻ, തന്റെ മോചനം മാത്രം കാരണമായി, തന്റെ കടത്തിന്റെ ബാദ്ധ്യതയിൽനിന്ന് വിമുക്തനാകുന്നതല്ലാത്തതും, എന്നാൽ ഏത് വിധിയുടെ നടത്തലിലാണോ, താൻ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കപ്പെട്ടത്, ആ വിധിക്ക് കീഴിൽ വീണ്ടും അറസ്ററ് ചെയ്യപ്പെടാൻ വിധേയനായിരിക്കുന്നതല്ലാത്തതും ആകുന്നു.

59. രോഗം ആസ്പദമാക്കിയുള്ള മോചനം.—(1) വിധിക്കടക്കാരന്റെ അറസ്ററിനുള്ള ഒരു വാറൻറ് പുറപ്പെടുവിച്ചതിനുശേഷം ഏത് സമയത്തും, കോടതിക്ക് അയാളുടെ ഗുരുവായ രോഗം ആസ്പദമാക്കി അത് റദ്ദാക്കാവുന്നതാണ്.

(2) ഒരു വിധിക്കടക്കാരൻ, അറസ്ററ് ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കോടതിക്ക്, അതിന്റെ അഭിപ്രായത്തിൽ അയാൾ, സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കപ്പെടാൻ പററിയ ആരോഗ്യസ്ഥിതിയിൽ അല്ലെങ്കിൽ അയാളെ മോചിപ്പിക്കാവുന്നതാണ്.

(3) ഒരു വിധിക്കടക്കാരൻ, സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യപ്പെട്ടിട്ടുള്ളത്, അയാൾ അവിടെനിന്ന്,—

(ക) ഏതെങ്കിലും പകർച്ചവ്യാധിയോ സാംക്രമികരോഗമോ നിലവിൽ ഉണ്ടെന്നുള്ളത് ആസ്പദമാക്കി സ്ററേററ് ഗവൺമെന്റിനാലോ,

(ഖ) അയാൾക്ക് ഏതെങ്കിലും ഗുരുവായ രോഗം ഉണ്ടെന്നുള്ളത് ആസ്പദമാക്കി, കമ്മിററ് ചെയ്ത കോടതിയാലോ, അല്ലെങ്കിൽ അത് ഏത് കോടതിക്ക് കീഴിലായിരിക്കുന്നുവോ, അങ്ങനെയുള്ള ഏതെങ്കിലും കോടതിയാലോ,

മോചിപ്പിക്കപ്പെടാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ മോചിപ്പിക്കപ്പെടുന്ന വിധിക്കടക്കാരൻ വീണ്ടും അറസ്ററ് ചെയ്യപ്പെടാവുന്നതും, എന്നാൽ അയാളുടെ സിവിൽ കാരാഗൃഹത്തിലെ ആകെ തടങ്കൽ കാലം 58-ാം വകുപ്പ് നിർണ്ണയിക്കുന്നതിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

## ജപ്തി

60. <u>വിധി നടത്തലിൽ ജപ്തിക്കും വിൽപനയ്ക്കും വിധേയമായ വസ്തു.</u>—(1) താഴെ പറയുന്ന വസ്തു, ഒരു വിധിയുടെ നടത്തലിൽ, ജപ്തിക്കും വിൽപനയ്ക്കും വിധേയമാകുന്നു ; അതായത്—വിധിക്കടക്കാരന്റെ വകയും, ഏതിൻമേലോ ഏതിന്റെ ലാഭത്തിൻമേലോ ആണോ അയാൾക്ക് തന്റെ സ്വന്തം ഗുണത്തിനായി പ്രയോഗിക്കാവുന്ന ഒരു വ്യയനാധികാരമുള്ളത്, അങ്ങനെയുള്ളതുമായ ഭൂമികൾ, ഭവനങ്ങൾ അല്ലെങ്കിൽ മററ് കെട്ടിടങ്ങൾ, സാമാനങ്ങൾ, പണം, ബാങ്കു നോട്ടുകൾ, ചെക്കുകൾ, വിനിമയ പത്രങ്ങൾ, ഹുണ്ടികകൾ, പ്രോനോട്ടുകൾ, ഗവൺമെന്റ് ഈടുപത്രങ്ങൾ, ബാണ്ടുകൾ അല്ലെങ്കിൽ പണത്തിനുള്ള മററ് ഈടുപത്രങ്ങൾ, കടങ്ങൾ, ഏകാംഗയോഗത്തിലെ ഓഹരികൾ എന്നിവയും, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള വിധമൊഴികെ സ്ഥാവരമോ ജംഗമമോ ആയ, വിൽക്കപ്പെടാവുന്ന മററ് എല്ലാ വസ്തുവും—അത് വിധിക്കടക്കാരന്റെ പേരിൽ, അല്ലെങ്കിൽ അയാൾക്കുള്ള ട്രസ്ററ് എന്ന നിലയിൽ, അയാൾക്കുവേണ്ടിയോ മറെറാരാളാൽ, ധാരണം ചെയ്യപ്പെട്ടിരിക്കുന്നതായാലും:—

എന്നാൽ, താഴെ പറയുന്ന ഇനങ്ങൾ അങ്ങനെയുള്ള ജപ്തിക്കോ വിൽപനയ്ക്കോ വിധേയമായിരിക്കുന്നതല്ല, അതായത്:—

(ക) വിധിക്കടക്കാരന്റെയും, അയാളുടെ ഭാര്യയുടെയും കുട്ടികളുടെയും ആവശ്യമായ ഉടുപ്പുകളും, വെയ്പ് പാത്രങ്ങളും, മെത്ത കിടക്കവിരി മുതലായവയും, മതപരമായ വഴക്കം അനുസരിച്ച് ഏതെങ്കിലും സ്ത്രീക്ക് വേർപ്പെടുത്താൻ പാടില്ലാത്ത മെയ്യാഭരണങ്ങളും ;

(ഖ) കൈത്തൊഴിൽക്കാരുടെ പണിയായുധങ്ങളും, വിധിക്കടക്കാരൻ കൃഷിക്കാരനാണെങ്കിൽ, അയാളുടെ കൃഷിപ്പണിക്കോപ്പുകളും കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള നിലയിൽ തന്റെ ഉപജീവന മാർഗ്ഗം നേടുന്നതിന് അയാൾക്ക് കഴിവുണ്ടാക്കുന്നതിന് ആവശ്യമായ കന്നുകാലികളും വിത്തുധാന്യവും, കാർഷികോൽപന്നത്തിന്റെയോ, ഏതെങ്കിലും തരം കാർഷികോൽപന്നത്തിന്റെയോ, തൊട്ടു താഴെ വരുന്ന വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ വിധേയത്വത്തിൽനിന്ന് ഒഴിവാക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന, ഭാഗവും ;

(ഗ) ഒരു കൃഷിക്കാരൻേറയോ തൊഴിലാളിയുടേയോ വീട്ടുവേലക്കാരൻേറയോ വകയും, അയാരം താമസിക്കുന്നതുമായ ഭവനങ്ങളും മററ് കെട്ടിടങ്ങളും, (അവയുടെ സാമഗ്രികളും അവ നിൽക്കുന്ന സ്ഥലവും അവയോട് തൊട്ടു ചേർന്നുള്ളതും അവയുടെ അനുഭവത്തിന് ആവശ്യകമായിട്ടുള്ളതുമായ ഭൂമിയും, സഹിതം) ;

(ഘ) കണക്കുബുക്കുകരം ;

(ങ) നഷ്ടപരിഹാരത്തിന് വ്യവഹാരം കൊടുക്കാൻ മാത്രമുള്ള അവകാശം ;

(ച) ഏതെങ്കിലും വൈയക്തിക സേവനത്തിനുള്ള അവകാശം ;

(ഛ) ഗവൺമെൻറിൻെറയോ, ഒരു തദ്ദേശാധികാരസ്ഥാനത്തിൻെറയോ, മറേറതെങ്കിലും നിയോജകൻെറയോ പെൻഷൻകാർക്ക് അനുവദിക്കുന്നതോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻേറാ സ്റേററ് ഗവൺമെൻേറാ, ഇതിലേയ്ക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഏതെങ്കിലും സർവ്വീസ് കുടുംബ പെൻഷൻ ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതോ ആയ സ്റൈറപ്പെൻറുകളും ഗ്രാററുവിററികളും, കൂടാതെ രാഷ്ട്രീയ പെൻഷനുകളും ;

(ജ) തൊഴിലാളികളുടെയും വീട്ടുവേലക്കാരുടെയും കൂലി, അത് പണമായി കൊടുക്കേണ്ടതോ സാധനമായി കൊടുക്കേണ്ടതോ ആയാലും ;

(ത്ധ) സംരക്ഷണത്തിനുള്ള വിധിയല്ലാത്ത ഏതെങ്കിലും വിധിയുടെ നടത്തലിൽ, ശമ്പളം, അതിൻെറ ആദ്യത്തെ നാന്നൂറു രൂപയോളവും, ബാക്കിയുടെ മൂന്നിൽ രണ്ടുഭാഗത്തോളവും :

എന്നാൽ, ശമ്പളത്തിൻെറ ജപ്തിക്ക് വിധേയമായ അംശത്തിൻെറ ഏതെങ്കിലും ഭാഗം ആകെ ഇരുപത്തിനാലു മാസക്കാലം, അത് തുടർച്ചയായോ ഇടവിട്ടോ ആയാലും, ജപ്തിക്ക് കീഴിൽ ആയിരുന്നിട്ടുള്ളിടത്ത്, അങ്ങനെയുള്ള അംശം ഒരു കൂടുതൽ പന്ത്രണ്ടു മാസക്കാലം കഴിയുന്നതുവരെ ജപ്തിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നതും, അങ്ങനെയുള്ള ജപ്തി ചെയ്തിട്ടുള്ളത്, ഒരേയൊരു വിധിയുടെ നടത്തലിൽ ആയിരിക്കുന്നിടത്ത്, ജപ്തി ആകെ ഇരുപത്തിനാലു മാസക്കാലം തുടർന്നിട്ടുള്ളതിനുശേഷം ആ വിധിയുടെ നടത്തലിൽ ജപ്തിയിൽ നിന്ന് അന്തിമമായി ഒഴിവാക്കപ്പെട്ടിരിക്കുന്നതും ആകുന്നു ;

(ത്ധ ക) സംരക്ഷണത്തിനുള്ള ഏതെങ്കിലും വിധിയുടെ നടത്തലിൽ ശമ്പളത്തിൻെറ മൂന്നിലൊന്ന് ;

(ഞ) വ്യോമസേനാ ആക്ററ്, 1950 (1950-ലെ 45)-ഓ കരസേനാ ആക്ററ്, 1950 (1950-ലെ 46)-ഓ നാവികസേനാ ആക്ററ്, 1957 (1957-ലെ 62)-ഓ, ബാധകമായ ആളുകളുടെ ശമ്പളവും ബത്തകളും;

(ട) പ്രാവിഡൻറ് ഫണ്ട് ആക്ററ്, 1925 (1925-ലെ 19) തൽസമയം ബാധകമായ ഏതെങ്കിലും ഫണ്ടിലുള്ളതോ അതിൽനിന്ന് സിദ്ധിക്കുന്നതോ ആയ എല്ലാ നിർബന്ധ നിക്ഷേപങ്ങളും, മററ് തുകകളും, അവ ജപ്തിക്ക് വിധേയമല്ലെന്ന് ആ ആക്ററ് പ്രഖ്യാപിക്കുന്നിടത്തോളം ;

(ടക) പബ്ളിക് പ്രാവിഡൻറ് ഫണ്ട് ആക്ററ്, 1968(1968-ലെ 23) തൽസമയം ബാധകമായ ഏതെങ്കിലും ഫണ്ടിലുള്ളതോ, അതിൽനിന്ന് സിദ്ധിക്കുന്നതോ ആയ എല്ലാ നിക്ഷേപങ്ങളും, മററ് തുകകളും, അവ ജപ്തിക്ക് വിധേയമല്ലെന്ന് ആ ആക്ററ് പ്രഖ്യാപിക്കുന്നിടത്തോളം ;

(ടഖ) വിധിക്കടക്കാരൻെറ ലൈഫിൻമേലുള്ള ഒരു ഇൻഷ്വറൻസ് പാളിസിക്കു കീഴിൽ കൊടുക്കേണ്ട എല്ലാ പണത്തുകകളും ;

(ഹ) വാടകകളുടെയും, പാർപ്പിട സൗകര്യത്തിൻെറയും നിയന്ത്രണം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾ ബാധകമായ ഒരു താമസത്തിനുള്ള കെട്ടിടത്തിൻെറ വാടകയ്ക്ക് വാങ്ങിയ ആളുടെ അവകാശം ;

(ള) ഏതെങ്കിലും ഗവൺമെൻറ് ജീവനക്കാരൻേറയോ, അല്ലെങ്കിൽ ഒരു റെയിൽവേ കമ്പനിയുടെയോ തദ്ദേശാധികാരസ്ഥാനത്തിൻെറയോ ഏതെങ്കിലും ജീവനക്കാരൻെറയോ ഉപലബ്ധികളുടെ ഭാഗമായതും, ജപ്തിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതായി സമുചിത ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്നതും ആയ ഏതെങ്കിലും ബത്തയും, സസ്പെൻഷനിൽ ആയിരിക്കുമ്പോൾ അങ്ങനെയുള്ള ഏതെങ്കിലും ജീവനക്കാർക്ക് നൽകുന്ന ഏതെങ്കിലും ഉപജീവന ഗ്രാൻറും അല്ലെങ്കിൽ ഉപജീവന ബത്തയും ;

(ഡ) അതിജീവിതം വഴിയുള്ള പിൻതുടർച്ചയുടെ പ്രതീക്ഷയോ, അല്ലെങ്കിൽ സമാഗ്രിതമോ സാദ്ധ്യശയുള്ളതോ മാത്രമായ മററ് അവകാശമോ, അവകാശബന്ധമോ ;

(ഢ) ഭാവി സംരക്ഷണത്തിനുള്ള അവകാശം ;

(ണ) ഒരു വിധിയുടെ നടത്തലിൽ ജപ്തിക്കോ, വിൽപനയ്ക്കോ ഉള്ള വിധേയത്വത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതായി, ഏതെങ്കിലും ഇൻഡ്യൻ നിയമം പ്രഖ്യാപിക്കുന്ന ഏതെങ്കിലും ബത്ത ;

(ത) വിധിക്കടക്കാരൻ, ഭൂമിക്കരം കൊടുക്കാൻ ബാദ്ധ്യസ്ഥനായ ആളായിട്ടുള്ളിടത്ത്, അയാൾക്ക് തൽസമയം ബാധകമായ ഏതെങ്കിലും നിയമത്തിൻ കീഴിൽ അങ്ങനെയുള്ള ഭൂമിക്കരത്തിൻെറ കുടിശ്ശിക വസൂലാക്കുന്നതിനുള്ള വിൽപനയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഏതെങ്കിലും ജംഗമവസ്തു.

വിശദീകരണം I.— (ഛ), (ജ), (ത്ധ), (ത്ധക), (ഞ), (ള), (ണ) എന്നീ ഖണ്ഡങ്ങളിൽ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് കൊടുക്കേണ്ട പണം, ജപ്തിയിൽ നിന്നോ വിൽപനയിൽ നിന്നോ, അതു ആ പണം യഥാർത്ഥത്തിൽ കൊടുക്കേണ്ടതിന് മുമ്പോ പിമ്പോ ആയാലും, ഒഴിവാക്കപ്പെട്ടിരിക്കുന്നതും, ശമ്പളത്തിൻെറ സംഗതിയിൽ, അതിൻെറ ജപ്തി ചെയ്യപ്പെടാവുന്ന അംശം, ജപ്തിക്ക് അത്, ആ അംശം യഥാർത്ഥത്തിൽ കൊടുക്കേണ്ടതിന് മുമ്പോ പിമ്പോ ആയാലും, വിധേയമായിരിക്കുന്നതും ആണ്.

വിശദീകരണം II.— (ത്ധ), (ത്ധക) എന്നീ ഖണ്ഡങ്ങളിൽ 'ശമ്പള'ത്തിന്, ഒരാൾക്ക് തൻെറ നിയോജനത്തിൽ നിന്ന്, ഡ്യൂട്ടിയിലോ അവധിയിലോ ആയിരുന്നാലും, സിദ്ധിക്കുന്നതും (ള) ഖണ്ഡത്തിലെ വ്യവസ്ഥകൾക്കു കീഴിൽ ജപ്തിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന ഏതെങ്കിലും ബത്തകൾ ഒഴിച്ചു നിറുത്തിയുള്ളതുമായ ആകെ പ്രതിമാസ ഉപലബ്ധികൾ എന്ന് അർത്ഥമാകുന്നതാകുന്നു.

വിശദീകരണം III.— (ള) ഖണ്ഡത്തിൽ "സമുചിത ഗവൺമെൻറി"ന്—

(i) കേന്ദ്രഗവൺമെൻറിൻെറ സർവ്വീസിലുള്ള ഏതെങ്കിലും ആളെയോ, ഒരു റെയിൽവേ ഭരണത്തിൻെറയോ, കൺേറാൺമെൻറ് അധികാരസ്ഥാനത്തിൻെറയോ, വൻകിട തുറമുഖത്തിൻെറ തുറമുഖ അധികാരസ്ഥാനത്തിൻെറയോ ഏതെങ്കിലും ജീവനക്കാരനെയോ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും ;

(ii) .....................................

(iii) ഗവൺമെൻറിൻെറ മററ് ഏതെങ്കിലും ജീവനക്കാരനേയോ, മറേറതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറ ജീവനക്കാരനേയോ സംബന്ധിച്ച്, സ്റേററ് ഗവൺമെൻറ് എന്നും, അർത്ഥമാകുന്നു.

വിശദീകരണം IV.— ഈ പരിമിതി വ്യവസ്ഥയുടെ ആവശ്യങ്ങൾക്ക് "കൂലി"യിൽ ബോണസ് ഉൾപ്പെടുന്നതും, "തൊഴിലാളി"യിൽ വിദഗ്ദ്ധ തൊഴിലാളിയും, അവിദഗ്ദ്ധ തൊഴിലാളിയും അർത്ഥവിദഗ്ദ്ധ തൊഴിലാളിയും ഉൾപ്പെടുന്നതും ആകുന്നു.

വിശദീകരണം V.— (1) ഈ പരിമിതി വ്യവസ്ഥയുടെ ആവശ്യങ്ങൾക്ക് "കൃഷിക്കാരൻ" എന്ന പദത്തിന്, ഭൂമി നേരിട്ട് കൃഷി ചെയ്യുന്നവനും, തൻെറ ഉപജീവനത്തിന് ഉടമസ്ഥനായോ കുടിയാനായോ പങ്കാളിയായോ കാർഷിക തൊഴിലാളിയായോ ആയാലും മുഖ്യമായി കൃഷിഭൂമിയിൽ നിന്നുള്ള ആദായത്തെ ആശ്രയിക്കുന്നവനും ആയ ഏതൊരാളും എന്ന് അർത്ഥമാകുന്നു.

വിശദീകരണം VI.— വിശദീകരണം (v)—ൻെറ ആവശ്യങ്ങൾക്ക്, ഒരു കൃഷിക്കാരൻ—

(ക) തൻെറ സ്വന്തം അദ്ധ്വാനം വഴിയോ,

(ഖ) തൻെറ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിൻെറ അദ്ധ്വാനം വഴിയോ,

(ഗ) പണമായോ (വിളവിൻെറ ഓഹരിയായല്ലാതെ) സാധനമായോ രണ്ടും കൂടിയായോ കൊടുക്കേണ്ട കൂലിക്കുള്ള ഭൃത്യൻമാരോ തൊഴിലാളികളോ വഴിയോ,

ഭൂമി കൃഷി ചെയ്യുന്നുവെങ്കിൽ, അയാൾ ഭൂമി നേരിട്ട് കൃഷിചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

(1 ക) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ ഈ വകുപ്പിൻ കീഴിലെ ഏതെങ്കിലും ഒഴിവാക്കലിൻെറ ഗുണം വേണ്ടെന്ന് വയ്ക്കാൻ കരാർ ചെയ്യുന്ന കരാർ ശൂന്യമായിരിക്കുന്നതാണ്.

(2) ഈ വകുപ്പിലെ യാതൊന്നും, —

ഭവനങ്ങളെയും മററ് കെട്ടിടങ്ങളെയും (അവയുടെ സാമഗ്രികളും അവ നിൽക്കുന്ന സ്ഥലവും അവയോട് തൊട്ടു ചേർന്നുള്ളതും അവയുടെ അനുഭവത്തിന് ആവശ്യമായിട്ടുള്ളതുമായ ഭൂമിയും സഹിതം), അങ്ങനെയുള്ള ഏതെങ്കിലും ഭവനത്തിൻെറയോ കെട്ടിടത്തിൻെറയോ സ്ഥലത്തിൻെറയോ ഭൂമിയുടെയോ വാടകയ്ക്കുള്ള വിധികളുടെ നടത്തലിൽ, ജപ്തിയിൽ നിന്നൊ വിൽപനയിൽ നിന്നോ ഒഴിവാക്കപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

61. കാർഷികോൽപന്നത്തിൻെറ ഭാഗികമായ ഒഴിവാക്കൽ.—കാർഷികോൽപന്നത്തിൻെറയോ, ഏതെങ്കിലും തരം കാർഷികോൽപന്നത്തിൻെറയോ, ഭൂമിയുടെ മുറയ്ക്കുള്ള കൃഷിക്കും, വിധിക്കടക്കാരൻെറയും, അയാളുടെ കുടുംബത്തിൻെറയും ജീവസന്ധാരണത്തിനും, അടുത്ത കൊയ്ത്തുവരെ ഏർപ്പാട് ചെയ്യുന്നതിനുവേണ്ടി ആവശ്യകമാണെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുന്നത്ര അംശം എല്ലാ കൃഷിക്കാരൻെറയുമോ, ഏതെങ്കിലും തരം കൃഷിക്കാരുടെയോ സംഗതിയിൽ, ഒരു വിധി നടത്തലിൽ ജപ്തിക്കോ വിൽപനക്കോ ഉള്ള വിധേയത്വത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നതായി, സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, പ്രഖ്യാപിക്കാവുന്നതാണ്.

62. വാസഗൃഹത്തിൽ വച്ച് വസ്തു പിടിച്ചെടുക്കൽ.—(1) ജംഗമ വസ്തു പിടിച്ചെടുക്കുന്നതിന് നിദേശിക്കുന്നതോ പ്രാധികാരപ്പെടുത്തുന്നതോ ആയ, ഈ നിയമസംഹിതയിൻ കീഴിലെ ഏതെങ്കിലും പ്രാസസ്സ് നടത്തുന്ന യാതൊരാളും, സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിന് മുമ്പും ഏതെങ്കിലും വാസഗൃഹത്തിൽ പ്രവേശിക്കാൻ പാടുള്ളതല്ല.

(2) ഒരു വാസഗൃഹത്തിൻെറ പുറം വാതിൽ, അങ്ങനെയുള്ള വാസഗൃഹം വിധിക്കടക്കാരൻ താമസിക്കുന്നതായിരിക്കുകയും, അയാറം അതിലേയ്ക്കുള്ള പ്രവേശനത്തിന് വിസമ്മതിക്കുകയോ, ഏതെങ്കിലും വിധത്തിൽ അത് തടസ്സപ്പെടുത്തുകയോ ചെയ്യുകയും ചെയ്യാത്തപക്ഷം, കുത്തിത്തുറക്കാൻ പാടില്ലാത്തതും, എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും പ്രാസസ്സ് നടത്തുന്ന ആറം ഏതെങ്കിലും വാസഗൃഹത്തിൽ മുറപ്രകാരം പ്രവേശനം നേടിയിട്ടുള്ളപ്പോറം, അങ്ങനെയുള്ള വസ്തു ഉള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും മുറിയുടെ വാതിൽ അയാറംക്ക് കുത്തിത്തുറക്കാവുന്നതും ആണ്.

(3) ഒരു വാസഗൃഹത്തിലെ ഒരു മുറി, നാട്ടാചാരങ്ങറം അനുസരിച്ച് പൊതുസ്ഥലത്ത് പ്രത്യക്ഷപ്പെടാത്ത ഒരു സ്ത്രീ യഥാർത്ഥ താമസം ഉള്ളതാണെങ്കിൽ, ആ പ്രാസസ്സ് നടത്തുന്ന ആറം, അവിടെ നിന്ന് പിൻമാറാൻ അവറംക്ക് സ്വാതന്ത്ര്യം ഉണ്ടെന്ന്, അവറംക്ക് നോട്ടീസ് നല്കേണ്ടതും; അവിടെനിന്ന് പിൻമാറാൻ അവറംക്ക് ന്യായമായ സമയം അനുവദിക്കുകയും പിൻമാറാൻ അവറംക്ക് ന്യായമായ സൗകര്യം നല്കുകയും ചെയ്തതിന് ശേഷവും, അതേ സമയം വസ്തു ഗൂഢമായി നീക്കം ചെയ്യുന്നത് തടയാൻ ഈ വ്യവസ്ഥകറംക്ക് സംഗതമായ ഏതൊരു മുൻകരുതലും എടുത്തുകൊണ്ടും, അയാറംക്ക് അത് പിടിച്ചെടുക്കുന്നതിനുവേണ്ടി അങ്ങനെയുള്ള മുറിയിൽ പ്രവേശിക്കാവുന്നതുമാകുന്നു.

63. പല കോടതികളുടെ വിധികളുടെ നടത്തലിൽ ജപ്തി ചെയ്യപ്പെടുന്ന വസ്തു.— (1) ഏതെങ്കിലും കോടതിയുടെ കസ്ററഡിയിൽ അല്ലാത്ത വസ്തു ഒന്നിലധികം കോടതികളുടെ വിധികളുടെ നടത്തലിൽ ജപ്തിയിലായിരിക്കുന്നിടത്ത്, അങ്ങനെയുള്ള വസ്തു സ്വീകരിക്കുകയോ പണമാക്കി മാററുകയോ ചെയ്യുകയും, അതിനുള്ള ഏതെങ്കിലും അവകാശവാദവും അതിൻെറ ജപ്തിക്കുള്ള ഏതെങ്കിലും ആക്ഷേപവും തീർപ്പാക്കുകയും ചെയ്യേണ്ട കോടതി, ഏററവും ഉയർന്ന പദവിയിലുള്ള കോടതിയോ, അങ്ങനെയുള്ള കോടതികറം തമ്മിൽ പദവിയിൽ വ്യത്യാസമില്ലാത്തിടത്ത്, ഏത് കോടതിയുടെ വിധിക്ക് കീഴിലാണോ ആ വസ്തു ആദ്യമായി ജപ്തി ചെയ്തത്, ആ കോടതിയോ ആയിരിക്കുന്നതാണ്.

(2) ഈ വകുപ്പിലെ യാതൊന്നും, അങ്ങനെയുള്ള വിധികളിൽ ഒന്ന് നടത്തുന്ന ഒരു കോടതി എടുക്കുന്ന ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം.— (2)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങറംക്ക്, ഒരു കോടതി എടുത്ത നടപടി എന്നതിൽ, വിധി നടത്തലിൽ നടത്തുന്ന ഒരു വില്പനയിൽ വസ്തു വിലയ്ക്ക് വാങ്ങുന്ന ഒരു വിധി ഉടമയ്ക്ക്, അയാറം കൊടുക്കേണ്ട ക്രയവില യോളം തട്ടിക്കിഴിക്കൽ അനുവദിക്കുന്ന ഒരു ഉത്തരവ് ഉറംപ്പെടുന്നതല്ല.

64. ജപ്തിക്കുശേഷമുള്ള, വസ്തുവിന്റെ സ്വകാര്യമായ അന്യാധീനപ്പെടുത്തൽ ശൂന്യമാണെന്ന്.— ഒരു ജപ്തി ചെയ്യപ്പെട്ടിരിക്കുന്നിടത്ത്, ജപ്തിചെയ്യപ്പെട്ട വസ്തുവിന്റേയോ, അതിലുള്ള ഏതെങ്കിലും അവകാശത്തിന്റേയോ, ഏതെങ്കിലും സ്വകാര്യൈകമാററവും അല്ലെങ്കിൽ ഡെലിവറിയും, അങ്ങനെയുള്ള ജപ്തിയ്ക്ക് വിപരീതമായി വിധിക്കടക്കാരന് ഏതെങ്കിലും കടമോ ഡിവിഡെന്റോ, മററ് പണമോ കൊടുക്കുന്നതും, ജപ്തിക്ക് കീഴിൽ പ്രാവർത്തികമാക്കാവുന്ന എല്ലാ തേർച്ചകൾക്കും എതിരായിട്ടുള്ളിടത്തോളം, ശൂന്യമായിരിക്കുന്നതാണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ജപ്തിയ്ക്ക് കീഴിൽ പ്രാവർത്തികമാക്കാവുന്ന തേർച്ചകളിൽ, ആസ്തികൾ ആനുപാതികമായി വിധിക്കപ്പെടാനുള്ള തേർച്ചകളും ഉൾപ്പെടുന്നു.

## വില്പന

65. ക്രേതാവിന്റെ ഉടമാവകാശം.— സ്ഥാവരവസ്തു വിധി നടത്തലിൽ വില്ക്കുകയും, അങ്ങനെയുള്ള വില്പന പരിപൂർണ്ണമായിത്തീർന്നിരിക്കുകയും ചെയ്യുന്നിടത്ത്, വസ്തു അത് വില്ക്കുന്ന സമയം മുതല്ക്കാണ്, അല്ലാതെ വില്പന പരിപൂർണ്ണമായിത്തീരുന്ന സമയം മുതല്ക്ക് അല്ല ക്രേതാവിൽ നിക്ഷിപ്തമായിട്ടുള്ളതായി കരുതപ്പെടുന്നത്.

66. ക്രയം, വാദിക്കുവേണ്ടി ആണെന്ന കാരണത്തിൻമേൽ ക്രേതാവിന് എതിരായ വ്യവഹാരം നിലനില്ക്കുകയില്ലെന്ന്.— (1) നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കോടതി സർട്ടിഫൈ ചെയ്യുന്ന ഒരു ക്രയത്തിൻകീഴിൽ ഉടമാവകാശം, അവകാശം അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കെതിരായി, ക്രയം ചെയ്തത് വാദിക്ക് വേണ്ടിയാണെന്നോ, വാദി അവകാശപ്പെടുന്നത് ആരിൽകൂടിയാണോ അങ്ങനെയുള്ള വല്ലവർക്കും വേണ്ടിയാണെന്നോ ഉള്ള കാരണത്തിനുമേൽ യാതൊരു വ്യവഹാരവും നിലനില്ക്കുന്നതല്ലാത്തതും, അപ്രകാരം സർട്ടിഫൈ ചെയ്യപ്പെടുന്ന ഒരു ക്രയത്തിൻകീഴിൽ ഉടമാവകാശം അവകാശപ്പെടുന്ന ഒരു ആളാലുള്ള ഏതെങ്കിലും വ്യവഹാരത്തിൽ പ്രതിയെ, ക്രയം ചെയ്തത് തനിക്കുവേണ്ടിയാണെന്നോ, താൻ അവകാശപ്പെടുന്നത് ആരിൽക്കൂടിയാണോ, അങ്ങനെയുള്ള വല്ലവർക്കും വേണ്ടിയാണെന്നോ വാദിക്കാൻ അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

(2) ഈ വകുപ്പിലെ യാതൊന്നും, മുൻപറഞ്ഞതുപോലെ സർട്ടിഫൈ ചെയ്യപ്പെട്ട ഏതെങ്കിലും ക്രേതാവിന്റെ പേര് സർട്ടിഫിക്കററിൽ വ്യാജപൂർവ്വമോ, യഥാർത്ഥ ക്രേതാവിന്റെ സമ്മതംകൂടാതേയോ ചേർത്തതാണെന്ന് പ്രഖ്യാപിച്ചു കിട്ടുന്നതിനുള്ള ഒരു വ്യവഹാരത്തിനു തടസ്സമാവുകയോ, അല്ലെങ്കിൽ കാഴ്ചയിൽ, സർട്ടിഫൈ ചെയ്യപ്പെട്ട ആൾക്ക് വിററതാണെങ്കിലും ആ വസ്തുവിന് എതിരായി, ഒരു മൂന്നാമന്, അത് തനിക്ക് യഥാർത്ഥ ഉടമസ്ഥനെതിരായുള്ള ഒരു തേർച്ചയുടെ ബാദ്ധ്യത തീർക്കാൻ ബാദ്ധ്യസ്ഥനാണെന്ന കാരണത്തിൻമേൽ നടപടി എടുക്കാനുള്ള അവകാശത്തിനെതിരായിരിക്കുകയോ ചെയ്യുന്നതല്ല.

67. പണം കൊടുക്കുന്നതിനുള്ള വിധികളുടെ നടത്തലിലെ ഭൂമി വില്പനകൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാൻ സ്റേററ് ഗവൺമെന്റിനുള്ള അധികാരം.—(1) ഭൂമിയിലെ ഏതെങ്കിലും അവകാശങ്ങൾ, സ്റേററ് ഗവൺമെന്റിന്റെ അഭിപ്രായത്തിൽ, അവയുടെ മൂല്യം നിജപ്പെടുത്തുന്നത് അസാദ്ധ്യമാക്കത്തക്കവിധം അനിശ്ചിതമോ, തീരുമാനിക്കപ്പെടാത്തതോ

ആയിട്ടുള്ളിടത്ത്, സ്റേററ് ഗവൺമെൻറിന്, പണം കൊടുക്കുന്നതിനുള്ള വിധികളുടെ നടത്തലിൽ, അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങൾ വില്ക്കുന്നതു സംബന്ധിച്ച് ഉപാധികൾ ചുമത്തിക്കൊണ്ട് ഏതെങ്കിലും തദ്ദേശപ്രദേശത്തേക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഏതെങ്കിലും തദ്ദേശപ്രദേശത്ത് ഈ നിയമസംഹിത പ്രവർത്തനത്തിൽവന്ന തീയതി അവിടെ വിധികളുടെ നടത്തലിലെ ഭൂമി വിൽപ്പന സംബന്ധിച്ച്, ഏതെങ്കിലും പ്രത്യേകചട്ടങ്ങൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നാൽ, സ്റേററു ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള ചട്ടങ്ങൾ പ്രാബല്യത്തിൽ ഇരിക്കുന്നതായി പ്രഖ്യാപിക്കുകയോ, ഒരു സദൃശവിജ്ഞാപനംവഴി അവ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

ഈ ഉപവകുപ്പു നല്കുന്ന അധികാരങ്ങളുടെ പ്രയോഗത്തിൽ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും, അപ്രകാരം തുടർന്നതോ വ്യത്യാസപ്പെടുത്തിയതോ ആയ ചട്ടങ്ങൾ പ്രതിപാദിക്കേണ്ടതാകുന്നു.

[68 മുതൽ 72 വരെ വകുപ്പുകൾ 1956-ലെ 66-ാം നമ്പർ ആക്ററിനാൽ വിട്ടുകളയപ്പെട്ടു.]

## ആസ്തികൾ വീതിക്കൽ

73. <u>വിധി നടത്തുവില്പനയിൽ കിട്ടുന്ന തുക വിധി ഉടമകൾക്കിടയിൽ ആനുപാതികമായി വീതിക്കേണ്ടതാണെന്ന്.</u>— (1) ആസ്തികൾ ഒരു കോടതിയാൽ ധാരണം ചെയ്യപ്പെട്ടിരിക്കുകയും, ഓരോ വിധിക്കടക്കാരനെതിരായി പാസ്സാക്കിയ പണം കൊടുക്കുന്നതിനുള്ള വിധികളുടെ നടത്തലിന് ഒന്നിലധികം ആളുകൾ, അങ്ങനെയുള്ള ആസ്തികൾ കിട്ടുന്നതിനു മുമ്പ്, ആ കോടതിക്ക് അപേക്ഷ കൊടുത്തിരിക്കുകയും, അവർക്ക് ബാദ്ധ്യത തീർന്നുകിട്ടിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വസൂലാക്കൽ ചെലവു കിഴിവു ചെയ്തതിന് ശേഷമുള്ള ആസ്തികൾ അങ്ങനെയുള്ള എല്ലാ ആളുകൾക്കുമിടയിൽ ആനുപാതികമായി വീതിക്കേണ്ടതാകുന്നു :

എന്നാൽ —

(ക) ഏതെങ്കിലും വസ്തു പണയത്തിനോ ചാർജ്ജിനോ വിധേയമായി വില്ക്കുന്നിടത്ത്, പണയ ഗൃഹീതാവിനോ കുടിക്കടക്കാരനോ അങ്ങനെയുള്ള വില്പനയിൽനിന്ന് ഉൽഭവിക്കുന്ന ഏതെങ്കിലും മിച്ചത്തിൽ ഓഹരിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല ;

(ഖ) ഒരു വിധിയുടെ നടത്തലിൽ വില്ക്കപ്പെടാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും വസ്തു, ഒരു പണയത്തിനോ ചാർജ്ജിനോ വിധേയമായിരിക്കുന്നിടത്ത്, കോടതിയ്ക്ക്, പണയഗൃഹീതാവിൻേറയോ, കുടിക്കടക്കാരൻേറയോ സമ്മതത്തോടുകൂടി, പണയഗൃഹീതാവിനോ കുടിക്കടക്കാരനോ വിററ വസ്തുവിൽ ഉണ്ടായിരുന്ന അതേ അവകാശം വിററുകിട്ടുന്ന തുകയിൽ നല്കിക്കൊണ്ട് വസ്തു പണയത്തിൽനിന്നോ ചാർജ്ജിൽനിന്നോ വിമുക്തമായി വില്ക്കപ്പെടണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്;

(ഗ) ഏതെങ്കിലും സ്ഥാവരവസ്തു, അതിൻമേലുള്ള ഒരു കുടിക്കടത്തിൻെറ ബാദ്ധ്യത തീർക്കുന്നതിനായി വില്ക്കാൻ ഉത്തരവു ചെയ്യുന്ന ഒരു വിധിയുടെ നടത്തലിൽ വില്ക്കപ്പെടുന്നിടത്ത്, വിററു കിട്ടുന്നതുക—

ഒന്നാമത്, വില്പനയുടെ ചെലവുകൾ കൊടുത്തുതീർക്കുന്നതിനും;

രണ്ടാമതായി, വിധിക്ക് കീഴിൽ കൊടുക്കാനുള്ള തുക കൊടുക്കുന്നതിനും;

മൂന്നാമതായി, പിന്നീടുള്ള കുടിക്കടങ്ങളിൻമേൽ (വല്ലതും ഉണ്ടെങ്കിൽ) കൊടുക്കാനുള്ള മുതലും പലിശയും കൊടുക്കുന്നതിനും ;

നാലാമതായി, പണം കൊടുക്കുന്നതിനുള്ള വിധികടക്കാരനെതിരായുള്ള വിധികളുടെ ഉടമകളും. അങ്ങനെയുള്ള വിധികളുടെ നടത്തലിന്, അങ്ങനെയുള്ള വില്പനയ്ക്ക് ഉത്തരവ് ചെയ്യുന്ന വിധി പാസ്സാക്കിയ കോടതിക്ക് വസ്തുവിൻെറ വില്പനയ്ക്ക് മുമ്പ് അപേക്ഷ കൊടുത്തിരിക്കുകയും, ബാദ്ധ്യത തീർന്നു കിട്ടിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നവരും ആയവർക്കിടയിൽ ആനുപാതികമായി വീതിക്കാനും,

വിനിയോഗിക്കേണ്ടതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ആനുപാതികമായി വീതിക്കപ്പെടാൻ ബാദ്ധ്യസ്ഥമായ എല്ലാ ആസ്തികളുമോ, അവയിൽ ഏതെങ്കിലുമോ അത് കിട്ടാൻ അവകാശമില്ലാത്ത ഒരാൾക്ക് കൊടുക്കുന്നിടത്ത്, ആ ആസ്തികൾ തിരിയെ കൊടുക്കാൻ അയാളെ നിർബന്ധിക്കുന്നതിന്, അയാൾക്കെതിരായി, ആ ആസ്തികൾ കിട്ടാൻ അവകാശമുള്ള ഏതെങ്കിലും ആൾക്ക് വ്യവഹാരം കൊടുക്കാവുന്നതാണ്.

(3) ഈ വകുപ്പിലെ യാതൊന്നും, ഗവൺമെൻറിൻെറ ഏതെങ്കിലും അവകാശത്തെ ബാധിക്കുന്നതല്ല.

## വിധി നടത്താൻ ചെറുക്കുന്നത്

74. വിധി നടത്തൽ ചെറുക്കുന്നത്.— സ്ഥാവരവസ്തുവിൻെറ കൈവശത്തിനുള്ള ഒരു വിധിയുടെ ഉടമയേയോ, വിധി നടത്തലിൽ വിററ സ്ഥാവരവസ്തുവിൻെറ ക്രേതാവിനേയോ, ആ വസ്തുവിൻെറ കൈവശം കിട്ടുന്നതിൽ വിധികടക്കാരനോ, അയാൾക്കുവേണ്ടി വല്ല ആളുമോ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നും, അങ്ങനെയുള്ള ചെറുക്കലോ തടസ്സപ്പെടുത്തലോ, ഏതെങ്കിലും ന്യായമായ കാരണം കൂടാതെയായിരുന്നു എന്നും ബോദ്ധ്യമാകുന്നിടത്ത്, കോടതിക്ക്, വിധി ഉടമയുടേയോ ക്രേതാവിൻെറയോ അർത്ഥനയിൻമേൽ, വിധികടക്കാരനേയോ അങ്ങനെയുള്ള മറേറ ആളേയോ, മുപ്പതുദിവസത്തോളമാകുന്ന കാലത്തേക്ക് സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യാവുന്നതും, കൂടാതെ വിധി ഉടമയ്ക്കോ ക്രേതാവിനോ വസ്തു കൈവശം കൊടുക്കാൻ നിദേശിക്കാവുന്നതും ആകുന്നു.

ഭാഗം III

# ആനുഷംഗിക നടപടികൾ

## കമ്മിഷനുകൾ

75. കമ്മിഷനുകൾ പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരം.— നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി കോടതിക്ക് —

(ക) ഏതെങ്കിലും ആളെ വിസ്തരിക്കുന്നതിനോ ;

(ഖ) സ്ഥലത്ത് ചെന്നുള്ള അന്വേഷണം നടത്തുന്നതിനോ ;

(ഗ) കണക്കുകൾ പരിശോധിക്കുകയോ പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നതിനോ;

(ഘ) ഒരു ഭാഗം ചെയ്യുന്നതിനോ ;

(ങ) ശാസ്ത്രീയമോ സാങ്കേതികമോ ആയ അന്വേഷണമോ, വിദഗ്ദ്ധാന്വേഷണമോ നടത്തുന്നതിനോ ;

(ച) വേഗത്തിലും സ്വാഭാവികമായും ഉള്ള നാശത്തിന് വിധേയമായതും, വ്യവഹാരത്തീർപ്പുവരെ കോടതിയുടെ കസ്റ്റഡിയിൽ ഇരിക്കുന്നതുമായ വസ്തുവിന്റെ വില്പന നടത്തുന്നതിനോ ;

(ഛ) ക്ലാർക്കിന്റേതായ ഏതെങ്കിലും കൃത്യം നിർവ്വഹിക്കുന്നതിനോ ;
ഒരു കമ്മിഷൻ പുറപ്പെടുവിക്കാവുന്നതാണ്.

76. മറ്റൊരു കോടതിയിലേയ്ക്കുള്ള കമ്മിഷൻ.— (1) ഏതെങ്കിലും ആളെ വിസ്തരിക്കുന്നതിനുള്ള ഒരു കമ്മിഷൻ, പുറപ്പെടുവിക്കുന്ന കോടതി സ്ഥിതി ചെയ്യുന്ന സ്റേറററ് അല്ലാത്ത ഒരു സ്റേറററിൽ സ്ഥിതി ചെയ്യുന്നതും വിസ്തരിക്കപ്പെടേണ്ട ആൾ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ഏതെങ്കിലും കോടതി പേർക്ക് (ഹൈക്കോടതി അല്ലാത്തത്) പുറപ്പെടുവിക്കാവുന്നതാണ്.

(2) ഏതെങ്കിലും ആളെ വിസ്തരിക്കുന്നതിന് ഒന്നാം ഉപവകുപ്പിൻ കീഴിൽ ഒരു കമ്മിഷൻ കിട്ടുന്ന ഏതൊരു കോടതിയും, അതനുസരിച്ച് അയാളെ വിസ്തരിക്കുകയോ വിസ്തരിപ്പിക്കുകയോ ചെയ്യേണ്ടതും, കമ്മിഷൻ അത് മുറപ്രകാരം നിർവ്വഹിക്കപ്പെട്ടിരിക്കുമ്പോൾ, കമ്മിഷൻ പുറപ്പെടുവിക്കുന്നതിനുള്ള ഉത്തരവ്, മററുവിധത്തിൽ നിദേശിച്ചിട്ടില്ലാത്ത പക്ഷം, കമ്മിഷൻ പുറപ്പെടുവിച്ച കോടതിക്ക്, കമ്മിഷന് കീഴിൽ എടുത്ത തെളിവു സഹിതം മടക്കേണ്ടതും, മററു വിധത്തിൽ നിദേശിച്ചിട്ടുള്ള സംഗതികളിൽ അങ്ങനെയുള്ള ഉത്തരവു പ്രകാരം കമ്മിഷൻ മടക്കേണ്ടതുമാകുന്നു.

## അപേക്ഷാ പത്രം

77. അപേക്ഷാ പത്രം.— ഇൻഡ്യക്ക് ഉള്ളിലുള്ളതല്ലാത്ത ഏതെങ്കിലും സ്ഥലത്ത് താമസിക്കുന്ന ഒരു സാക്ഷിയെ വിസ്തരിക്കുന്നതിനായി കോടതിക്ക് ഒരു കമ്മിഷൻ പുറപ്പെടുവിക്കുന്നതിനു പകരം ഒരു അപേക്ഷാപത്രം പുറപ്പെടുവിക്കാവുന്നതാണ്.

78. വിദേശ കോടതികൾ പുറപ്പെടുവിക്കുന്ന കമ്മിഷനുകൾ.— സാക്ഷികളെ വിസ്തരിക്കുന്നതിനുള്ള കമ്മിഷനുകളുടെ നിർവ്വഹണവും മടക്കലും സംബന്ധിച്ചുള്ള വ്യവസ്ഥകൾ —

(ക) ഈ നിയമ സംഹിതയിലെ വ്യവസ്ഥകൾ വ്യാപിക്കാത്ത, ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്ത് സ്ഥിതി ചെയ്യുന്ന കോടതികളോ ;

(ഖ) ഇൻഡ്യക്ക് പുറമേ കേന്ദ്രഗവൺമെൻറിന്റെ പ്രാധികാരപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതോ തുടരുന്നതോ ആയ കോടതികളോ ;

(ഗ) ഇൻഡ്യക്ക് പുറമേയുള്ള ഏതെങ്കിലും സ്റേററിലേയോ രാജ്യത്തിലേയോ കോടതികളോ,

അല്ലെങ്കിൽ അവയുടെ അർത്ഥനയിൻമേലോ പുറപ്പെടുവിക്കുന്ന കമ്മിഷനുകൾക്ക് ബാധകമായിരിക്കുന്നതും, ഇത് നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായിരിക്കുന്നതുമാകുന്നു.

## ഭാഗം IV

# പ്രത്യേക സംഗതികളിലുള്ള വ്യവഹാരങ്ങൾ

### ഗവൺമെൻറിനാലോ ഗവൺമെൻറിനെതിരായോ, അല്ലെങ്കിൽ ഔദ്യോഗിക നിലയിൽ പബ്ലിക് ഉദ്യോഗസ്ഥന്മാരാലോ അവർക്കെതിരായോ ഉള്ള വ്യവഹാരങ്ങൾ

79. ഗവൺമെൻറിനാലോ ഗവൺമെൻറിനെതിരായോ ഉള്ള ഒരു വ്യവഹാരങ്ങൾ.— ഗവൺമെൻറിനാലോ ഗവൺമെൻറിനെതിരായോ ഉള്ള ഒരു വ്യവഹാരത്തിൽ, അതതു സംഗതിപോലെ, വാദിയായോ പ്രതിയായോ പേർ പറയപ്പെടേണ്ട അധികാരസ്ഥാനം,—

(ക) കേന്ദ്രഗവൺമെൻറിനാലോ അതിന് എതിരായോ ഉള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ, ഇൻഡ്യാ യൂണിയനും,

(ഖ) സ്റേററു ഗവൺമെൻറിനാലോ അതിന് എതിരായോ ഉള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ, സ്റേററും

ആയിരിക്കേണ്ടതാകുന്നു.

80. നോട്ടീസ്—(1) ഗവൺമെൻറിന്, (ജമ്മു-കാശ്മീർ സ്റേററ് ഗവൺമെൻറ് ഉൾപ്പെടെ) എതിരായോ അല്ലെങ്കിൽ ഒരു പബ്ലിക് ഉദ്യോഗസ്ഥൻ, തൻെറ ഔദ്യോഗിക നിലയിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച് അങ്ങനെയുള്ള പബ്ലിക് ഉദ്യോഗസ്ഥനെതിരായോ, (2)-ാം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ യാതൊരു വ്യവഹാരവും, വ്യവഹാരകാരണം, വാദിയുടെ പേരും, വിവരണവും താമസസ്ഥലം, അയാൾ അവകാശപ്പെടുന്ന നിവൃത്തി എന്നിവ പ്രസ്താവിച്ചുകൊണ്ടുള്ള ലിഖിതമായ നോട്ടീസ്—

(ക) കേന്ദ്ര ഗവൺമെൻറിന് എതിരായുള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ, അത് ഒരു റയിൽവേയെ സംബന്ധിക്കുന്നിടത്തൊഴികെ, ആ ഗവൺമെൻറിൻെറ ഒരു സെക്രട്ടറിയ്ക്കും ;

(ഖ) കേന്ദ്ര ഗവൺമെൻറിന് എതിരായുള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ, അത് ഒരു റയിൽവേയെ സംബന്ധിക്കുന്നിടത്ത്, റയിൽവേയുടെ ജനറൽ മാനേജർക്കും;

(ഖഖ) ജമ്മു-കാശ്മീർ സ്റേററ് ഗവൺമെൻറിന് എതിരായുള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ, ആ ഗവൺമെൻറിൻെറ ചീഫ് സെക്രട്ടറിയ്ക്കോ, അല്ലെങ്കിൽ ആ ഗവൺമെൻറ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനോ ;

(ഗ) മറേറതെങ്കിലും സ്റേററ് ഗവൺമെൻറിന് എതിരായുള്ള ഒരു വ്യവഹാരത്തിൻെറ സംഗതിയിൽ ആ ഗവൺമെൻറിൻെറ ഒരു സെക്രട്ടറിയ്ക്കോ ജില്ലാ കളക്ററർക്കോ;

ഡെലിവർ ചെയ്യുകയോ, അല്ലെങ്കിൽ അയാളുടെ ആഫീസിൽ ഏൽപ്പിക്കുകയോ ചെയ്തിരിക്കുകയും, ഒരു പബ്ലിക് ഉദ്യോഗസ്ഥൻെറ സംഗതിയിൽ, അയാൾക്ക് ഡെലിവർ ചെയ്യുകയോ അയാളുടെ ആഫീസിൽ ഏൽപ്പിക്കുകയോ ചെയ്തിരിക്കുകയും ചെയ്തതിനുശേഷം, അടുത്ത രണ്ടുമാസം അവസാനിക്കുന്നതുവരെ ആരംഭിക്കാൻ പാടില്ലാത്തതും ; അന്യായത്തിൽ അങ്ങനെയുള്ള നോട്ടീസ്, അപ്രകാരം ഡെലിവർ ചെയ്യുകയോ ഏൽപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ള ഒരു പ്രസ്താവന അടങ്ങിയിരിക്കേണ്ടതും ആകുന്നു.

(2) ഗവൺമെൻറിനോ (ജമ്മു-കാശ്മീർ സ്റേററ് ഗവൺമെൻറ് ഉൾപ്പെടെ), ഒരു പബ്ലിക് ഉദ്യോഗസ്ഥൻ തൻെറ ഔദ്യോഗിക നിലയിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച്, അങ്ങനെയുള്ള പബ്ലിക് ഉദ്യോഗസ്ഥനോ എതിരായി, അടിയന്തരമോ ഉടനെയുള്ളതോ ആയ ഒരു നിവൃത്തി ലഭിക്കാനുള്ള വ്യവഹാരം, (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നതുപോലെയുള്ള ഏതെങ്കിലും നോട്ടീസ് നടത്താതെ, കോടതിയുടെ അനുമതിയോടുകൂടി ആരംഭിക്കാവുന്നതാണ്; എന്നാൽ, കോടതി, അതതു സംഗതിപോലെ, ഗവൺമെൻറിനോ പബ്ലിക് ഉദ്യോഗസ്ഥനോ വ്യവഹാരത്തിൽ പ്രാർത്ഥിക്കുന്ന നിവൃത്തി സംബന്ധിച്ച് കാരണം കാണിക്കാൻ ന്യായമായ അവസരം നൽകിയതിനുശേഷമല്ലാതെ ആ വ്യവഹാരത്തിൽ, നിവൃത്തി, അത് ഇടക്കാല നിവൃത്തിയായാലും അല്ലെങ്കിലും, നൽകാൻ പാടുള്ളതല്ല :

എന്നാൽ, ആ വ്യവഹാരത്തിൽ അടിയന്തരമോ, ഉടനെയുള്ളതോ ആയ നിവൃത്തി നൽകേണ്ടതില്ലെന്നു, കക്ഷികൾക്ക് പറയാനുള്ളത് കേട്ടതിനുശേഷം ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക്, അന്യായം അതിനുമുമ്പാകെ (1)-ാം ഉപവകുപ്പിലെ ആവശ്യകതകൾ അനുസരിച്ച് പ്രവർത്തിച്ചതിനുശേഷം ബോധിപ്പിക്കാനായി മടക്കാവുന്നതാണ്.

(3) ഗവൺമെൻറിനോ, ഒരു പബ്ലിക് ഉദ്യോഗസ്ഥൻ തൻെറ ഔദ്യോഗിക നിലയിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച് അങ്ങനെയുള്ള പബ്ലിക് ഉദ്യോഗസ്ഥനോ എതിരായി ആരംഭിക്കപ്പെടുന്ന യാതൊരു വ്യവഹാരവും (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസിൽ—

(ക) വാദിയുടെ പേരും വിവരണവും താമസസ്ഥലവും, നോട്ടീസ് നടത്തുന്ന ആളെ സമുചിതാധികാരസ്ഥാനത്തിനോ പബ്ലിക് ഉദ്യോഗസ്ഥനോ തിരിച്ചറിയാൻ കഴിവുണ്ടാക്കത്തക്കവിധം നൽകിയിട്ടുണ്ടായിരിക്കുകയും, അങ്ങനെയുള്ള നോട്ടീസ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച സമുചിതാധികാരസ്ഥാനത്തിൻെറ ആഫീസിൽ ഡലിവർ ചെയ്യുകയോ ഏൽപിക്കുകയോ ചെയ്തിട്ടുണ്ടായിരിക്കുകയും;

(ഖ) വ്യവഹാര കാരണവും വാദി അവകാശപ്പെടുന്ന നിവൃത്തിയും സാരാംശത്തിൽ സൂചിപ്പിച്ചിട്ടുണ്ടായിരിക്കുകയും, ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള നോട്ടീസിലെ ഏതെങ്കിലും പിശകോ ന്യൂനതയോ മാത്രം കാരണമായി തള്ളിക്കളയാൻ പാടുള്ളതല്ല.

81. അറസ്ററിൽനിന്നും നേരിട്ടു ഹാജരാകുന്നതിൽനിന്നും ഒഴിവാക്കൽ.—ഒരു പബ്ലിക് ഉദ്യോഗസ്ഥൻ, തൻെറ ഔദ്യോഗിക നിലയിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച്, അയാൾക്ക് എതിരായി ആരംഭിക്കപ്പെടുന്ന ഒരു വ്യവഹാരത്തിൽ—

(ക) വിധിയുടെ നടത്തലിലല്ലാതെ, പ്രതി അറസ്ററിനോ, അയാളുടെ വസ്തു ജപ്തിക്കോ വിധേയമായിരിക്കുന്നതല്ലാത്തതും,

(ഖ) പബ്ലിക് സർവ്വീസിന് ഹാനി കൂടാതെ പ്രതിക്ക് തൻെറ ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കാൻ കഴിയുന്നതല്ലെന്ന് ബോദ്ധ്യമാകുന്നിടത്ത്, കോടതി അയാളെ നേരിട്ടു ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കേണ്ടതും, ആകുന്നു.

82. വിധി നടത്തൽ.—(1) ഗവൺമെൻറിനാലോ ഗവൺമെൻറിന് എതിരായോ അല്ലെങ്കിൽ ഒരു പബ്ലിക് ഉദ്യോഗസ്ഥൻ ഔദ്യോഗിക നിലയിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച് അയാളാലോ, അയാൾക്ക് എതിരായോ ഉള്ള ഒരു വ്യവഹാരത്തിൽ, അതതു സംഗതിപോലെ, ഇൻഡ്യാ യൂണിയനോ, ഒരു സ്റേററിനോ, ആ പബ്ലിക് ഉദ്യോഗസ്ഥനോ എതിരായി വിധി പാസ്സാക്കിയിട്ടുള്ളിടത്ത് അങ്ങനെയുള്ള വിധി (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ നടത്താൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും വിധി, ആ വിധിയുടെ തീയതിമുതൽ കണക്കാക്കപ്പെടുന്ന മൂന്നു മാസക്കാലത്തേക്ക് കാര്യം തീരാതിരിക്കാത്തപക്ഷം അതിൻമേൽ നടത്തൽ നടപടി എടുക്കാൻ പാടുള്ളതല്ല.

(3) ഒരു ഉത്തരവോ അവാർഡോ—

(ക) ഇൻഡ്യായൂണിയനോ ഒരു സ്റേററിനോ മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും കൃത്യം സംബന്ധിച്ച് ഒരു പബ്ലിക് ഉദ്യോഗസ്ഥനെ എതിരായി പാസ്സാക്കപ്പെട്ടതോ നൽകപ്പെട്ടതോ—അത് കോടതിയാലോ മറേറതെങ്കിലും അധികാരസ്ഥാനത്താലോ ആയാലും—ആയിരിക്കുകയും;

(ഖ) അത് വിധിയായിരുന്നാലെന്നപോലെ, ഈ നിയമസംഹിതയുടെ വ്യവസ്ഥകൾക്കോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിനോ കീഴിൽ നടത്താൻ കഴിയുന്നതായിരിക്കുകയും,

ചെയ്യുന്നുവെങ്കിൽ, ആ ഉത്തരവോ അവാർഡോ സംബന്ധിച്ച (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ഒരു വിധി സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമായിരിക്കുന്നതാണ്.

## അന്യദേശീയരാലുള്ളവയും, വിദേശ ഭരണാധികാരികളാലോ അംബാസഡർമാരാലോ എൻവോയിമാരാലോ അവർക്ക് എതിരായോ ഉള്ളവയുമായ വ്യവഹാരങ്ങൾ

83. അന്യദേശീയർക്ക് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന്.—അന്യദേശീയ മിത്രങ്ങൾക്കും, കേന്ദ്രഗവൺമെൻറിൻെറ അനുവാദത്തോടുകൂടി ഇൻഡ്യയിൽ താമസിക്കുന്ന അന്യദേശീയ ശത്രുക്കൾക്കും, അവർ ഇൻഡ്യയിലെ പൗരൻമാരായിരുന്നാലെന്നപോലെ, വ്യവഹാരം വിചാരണ ചെയ്യാൻ മററുവിധത്തിൽ ക്ഷമതയുള്ള ഏതെങ്കിലും കോടതിയിൽ വ്യവഹാരം കൊടുക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള അനുവാദം കൂടാതെ ഇൻഡ്യയിൽ താമസിക്കുന്ന അന്യദേശീയശത്രുക്കളോ, ഒരു വിദേശരാജ്യത്തിൽ താമസിക്കുന്ന അന്യദേശീയശത്രുക്കളോ, അങ്ങനെയുള്ള ഏതെങ്കിലും കോടതിയിൽ വ്യവഹാരം കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

വിശദീകരണം.—ഏതു വിദേശരാജ്യത്തെ ഗവൺമെൻറാണോ ഇൻഡ്യയുമായി യുദ്ധത്തിൽ ആയിരിക്കുന്നത്, അങ്ങനെയുള്ള ഒരു വിദേശരാജ്യത്തിൽ താമസിക്കുകയും, കേന്ദ്രഗവൺമെൻറ് അതിലേക്ക് നൽകിയിട്ടുള്ള ഒരു ലൈസൻസ് കൂടാതെ ആ രാജ്യത്തിൽ ബിസിനസ് നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന ഏതൊരാളും, ഈ വകുപ്പിൻെറ ആവശ്യത്തിന്, ഒരു വിദേശരാജ്യത്തിൽ താമസിക്കുന്ന അന്യദേശീയ ശത്രുവായി കരുതപ്പെടുന്നതാകുന്നു.

84. വിദേശ സ്റേററുകൾക്ക് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന്.—ഒരു വിദേശസ്റേററിന് ക്ഷമതയുള്ള ഏതെങ്കിലും കോടതിയിൽ വ്യവഹാരം കൊടുക്കാവുന്നതാണ്:

എന്നാൽ, അതിന് ആ വ്യവഹാരത്തിൻെറ ഉദ്ദേശ്യം അങ്ങനെയുള്ള സ്റേററിലെ ഭരണാധികാരിയിലോ, തൻെറ പബ്ലിക് നിലയിൽ അങ്ങനെയുള്ള സ്റേററിലെ ഏതെങ്കിലും ഉദ്യോഗസ്ഥനിലോ നിക്ഷിപ്തമായ ഒരു സ്വകാര്യാവകാശം പ്രാവർത്തികമാക്കുന്നതിനായിരിക്കണം.

**85. വിദേശ ഭരണാധികാരികൾക്കുവേണ്ടി വാദിഭാഗം നടത്താനോ പ്രതിവാദം ചെയ്യാനോ ഗവൺമെൻറ് വിനിർദ്ദിഷ്ടമായി നിയമിക്കുന്ന ആളുകൾ.**—(1) കേന്ദ്രഗവൺമെൻറിന് ഒരു വിദേശരാജ്യത്തിൻെറ ഭരണാധികാരിയുടെ അപേക്ഷയിൻമേലോ, കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ അങ്ങനെയുള്ള ഭരണാധികാരിക്കുവേണ്ടി പ്രവർത്തിക്കാൻ ക്ഷമതയുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിൻമേലോ അങ്ങനെയുള്ള ഭരണാധികാരിക്കുവേണ്ടി ഏതെങ്കിലും വ്യവഹാരം വാദിഭാഗം നടത്താനോ, പ്രതിവാദം ചെയ്യാനോ ഏതെങ്കിലും ആളുകളെ ഉത്തരവുവഴി നിയമിക്കാവുന്നതും, അപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ആളുകൾ അങ്ങനെയുള്ള ഭരണാധികാരിക്കുവേണ്ടി ഈ നിയമസംഹിതയിൻകീഴിലെ ഹാജരാകലുകളും കൃത്യങ്ങളും അപേക്ഷകളും ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്ന അംഗീകൃത ഏജൻറുമാരായി കരുതപ്പെടുന്നതും ആകുന്നു.

(2) ഈ വകുപ്പിൻകീഴിലെ ഒരു നിയമനം, ഒരു വിനിർദ്ദിഷ്ട വ്യവഹാരത്തിനോ പല വിനിർദ്ദിഷ്ട വ്യവഹാരങ്ങൾക്കോ വേണ്ടിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഭരണാധികാരിക്കുവേണ്ടി വാദിഭാഗം നടത്തുന്നതോ പ്രതിവാദം ചെയ്യുന്നതോ, അപ്പോഴപ്പോൾ ആവശ്യമാകുന്ന എല്ലാ വ്യവഹാരങ്ങൾക്കും വേണ്ടിയോ ആയിരിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു ആൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിലോ വ്യവഹാരങ്ങളിലോ, താൻതന്നെ ഒരു കക്ഷിയായിരുന്നാലെന്നപോലെ അതിൽ ഹാജരാകാനും, അപേക്ഷ കൊടുക്കാനും കൃത്യങ്ങൾ ചെയ്യാനും മറേറതെങ്കിലും ആളുകളെ പ്രാധികാരപ്പെടുത്തുകയോ നിയമിക്കുകയോ ചെയ്യാവുന്നതാണ്.

**86. വിദേശ സ്റേററുകൾക്കും അംബാസഡർമാർക്കും എൻവോയ്മാർക്കും എതിരായുള്ള വ്യവഹാരങ്ങൾ.**—(1) കേന്ദ്രഗവൺമെൻറിൻെറ ഒരു സെക്രട്ടറിയാൽ ലിഖിതമായി സർട്ടിഫൈ ചെയ്യപ്പെടുന്ന, ആ ഗവൺമെൻറിൻെറ സമ്മതത്തോടുകൂടി ഒഴികെ, യാതൊരു വിദേശ സ്റേററിനും എതിരായി വ്യവഹാരം വിചാരണ ചെയ്യാൻ മററുവിധത്തിൽ ക്ഷമതയുള്ള ഏതെങ്കിലും കോടതിയിൽ, വ്യവഹാരം കൊടുക്കാൻ പാടുള്ളതല്ല :

എന്നാൽ, ഒരാൾക്ക്, സ്ഥാവരവസ്തുവിൻെറ കുടിയാൻ എന്ന നിലയിൽ, ഏതു വിദേശ സ്റേററിൽ നിന്നാണോ അയാൾ ആ വസ്തു ധാരണം ചെയ്യുകയോ ധാരണം ചെയ്യുന്നതായി അവകാശപ്പെടുകയോ ചെയ്യുന്നത്, ആ വിദേശ സ്റേററിന് എതിരായി, മുൻപറഞ്ഞതുപോലെയുള്ള സമ്മതംകൂടാതെ വ്യവഹാരം കൊടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള സമ്മതം, ഒരു വിനിർദ്ദിഷ്ട വ്യവഹാരമോ, പല വിനിർദ്ദിഷ്ട വ്യവഹാരങ്ങളോ സംബന്ധിച്ചോ, അല്ലെങ്കിൽ ഏതെങ്കിലും വിനിർദ്ദിഷ്ട തരത്തിലോ വിനിർദ്ദിഷ്ട തരങ്ങളിലോ ഉള്ള എല്ലാ വ്യവഹാരങ്ങളും സംബന്ധിച്ചോ നൽകാവുന്നതും, ആ സമ്മതത്തിന്, ഏതെങ്കിലും വ്യവഹാരത്തിൻേറയോ തരം വ്യവഹാരങ്ങളുടെയോ സംഗതിയിൽ, ഏതു കോടതിയിലാണോ, ആ വിദേശ സ്റേററിന് എതിരായി വ്യവഹാരം കൊടുക്കാവുന്നത്, ആ കോടതിയെ വിനിർദ്ദേശിക്കാവുന്നതും, എന്നാൽ ആ വിദേശ സ്റേററ്—

(ക) അതിന് എതിരായി വ്യവഹാരം കൊടുക്കാൻ ആഗ്രഹിക്കുന്ന ആൾക്കെതിരായി ആ കോടതിയിൽ ഒരു വ്യവഹാരം ആരംഭിച്ചിട്ടുണ്ടെന്നോ,

(ഖ) സ്വയമേവ അല്ലെങ്കിൽ മറെറാരാൾവഴി ആ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ വ്യാപാരം ചെയ്യുന്നുണ്ടെന്നോ,

(ഗ) ആ അതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തു കൈവശം വയ്ക്കുകയും, അങ്ങനെയുള്ള വസ്തു സംബന്ധിച്ചോ, അതിൻമേൽ ചാർജ്ജായിട്ടുള്ള പണത്തിനോ, അതിന് എതിരായി വ്യവഹാരം കൊടുക്കേണ്ടതായിരിക്കുകയും ചെയ്യുകയോ,

(ഘ) ഈ വകുപ്പ് അതിന് നൽകുന്ന വിശേഷാവകാശം പ്രകടമായോ വ്യംഗ്യമായോ വേണ്ടെന്ന് വച്ചിട്ടുണ്ടെന്നോ,

കേന്ദ്രഗവൺമെൻറിന് തോന്നാത്തപക്ഷം, ആ സമ്മതം നൽകാൻ പാടുള്ളതല്ല.

(3) കേന്ദ്രഗവൺമെൻറിന്റെ ഒരു സെക്രട്ടറിയാൽ ലിഖിതമായി സർട്ടിഫൈ ചെയ്യപ്പെടുന്ന ആ ഗവൺമെൻറിന്റെ സമ്മതത്തോടുകൂടി ഒഴികെ, ഏതെങ്കിലും വിദേശസ്റ്റേറ്റിന്റെ വസ്തുവിനെതിരായി യാതൊരു വിധിയും നടത്താൻ പാടുള്ളതല്ല.

(4) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾ ഒരു വിദേശ സ്റ്റേറ്റിനെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ,

(ക) ഒരു വിദേശ സ്റ്റേറ്റിന്റെ ഏതെങ്കിലും ഭരണാധികാരിയേയോ,

(കക) ഒരു വിദേശ സ്റ്റേറ്റിന്റെ ഏതെങ്കിലും അംബാസഡറേയോ എൻവോയിയേയോ,

(ഖ) ഒരു കാമൺവെൽത്ത് രാജ്യത്തിന്റെ ഏതെങ്കിലും ഹൈക്കമ്മീഷണറേയോ,

(ഗ) വിദേശ സ്റ്റേറ്റിന്റെ സ്റ്റാഫിലെ, അല്ലെങ്കിൽ ഒരു വിദേശ സ്റ്റേറ്റിലെ അംബാസഡറുടേയോ എൻവോയിയുടേയോ ഒരു കാമൺവെൽത്ത് രാജ്യത്തിലെ ഹൈക്കമ്മിഷണറുടേയോ സ്റ്റാഫിലെ അല്ലെങ്കിൽ പരിവാരത്തിലെ, കേന്ദ്രഗവൺമെൻറിനാൽ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി, ഇതിലേയ്ക്ക് വിനിർദ്ദേശിക്കപ്പെടുന്ന, ഏതെങ്കിലും അംഗത്തേയോ, സംബന്ധിച്ച് ബാധകമായിരിക്കുന്നതാണ്.

(5) താഴെ പറയുന്ന ആളുകൾ ഈ നിയമസംഹിതയിൻകീഴിൽ അറസ്റ്റ് ചെയ്യപ്പെടാൻ പാടുള്ളതല്ല, അതായത്:—

(ക) ഒരു വിദേശ സ്റ്റേറ്റിന്റെ ഏതെങ്കിലും ഭരണാധികാരി ;

(ഖ) ഒരു വിദേശ സ്റ്റേറ്റിന്റെ ഏതെങ്കിലും അംബാസഡറോ എൻവോയിയോ ;

(ഗ) ഒരു കാമൺവെൽത്ത് രാജ്യത്തിന്റെ ഏതെങ്കിലും ഹൈക്കമ്മീഷണർ ;

(ഘ) വിദേശ സ്റ്റേറ്റിന്റെ സ്റ്റാഫിലെ അല്ലെങ്കിൽ ഒരു വിദേശ സ്റ്റേറ്റിന്റെ ഭരണാധികാരിയുടേയോ, അംബാസഡറുടേയോ, എൻവോയിയുടേയോ, ഒരു കാമൺവെൽത്ത് രാജ്യത്തിന്റെ ഹൈക്കമ്മിഷണറുടേയോ സ്റ്റാഫിലെ, അല്ലെങ്കിൽ പരിവാരത്തിലെ, കേന്ദ്രഗവൺമെൻറിനാൽ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഇതിലേക്ക് വിനിർദ്ദേശിക്കപ്പെടുന്ന ഏതെങ്കിലും അംഗം ;

(6) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും സമ്മതം നൽകുന്നതിന്, കേന്ദ്രഗവൺമെൻറിലേക്ക് അപേക്ഷ കൊടുക്കുന്നിടത്ത്, മുഴുവനായോ ഭാഗികമായോ അപേക്ഷ അനുവദിക്കാൻ വിസമ്മതിക്കുന്നതിനുമുമ്പ്, കേന്ദ്രഗവൺമെൻറ് അപേക്ഷ കൊടുത്ത ആൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകേണ്ടതാകുന്നു.

87. വ്യവഹാരങ്ങളിലെ കക്ഷികളെന്ന നിലയിൽ വിദേശ ഭരണാധികാരികളുടെ അഭിധാനം.—ഒരു വിദേശ സ്റ്റേറ്റിലെ ഭരണാധികാരിക്ക് വ്യവഹരിക്കാവുന്നതും, അയാൾക്ക് എതിരായി വ്യവഹാരം കൊടുക്കേണ്ടതും, അയാളുടെ സ്റ്റേറ്റിന്റെ നാമത്തിലാകുന്നു :

എന്നാൽ, 86-ാം വകുപ്പിൽ പരാമർശിച്ച അനുവാദം നൽകുന്നതിൽ, ഭരണാധികാരിക്ക് എതിരായി, ഒരു ഏജൻറിൻെറ നാമത്തിലോ മററേതെങ്കിലും നാമത്തിലോ വ്യവഹാരം കൊടുക്കാമെന്ന് കേന്ദ്രഗവൺമെൻറിന് നിദേശിക്കാവുന്നതാണ്.

87 ക. "വിദേശ സ്റേററ്"ൻേറയും "ഭരണാധികാരി"യുടേയും നിർവ്വചനങ്ങൾ.—(1) ഈ ഭാഗത്തിൽ,—

(ക) വിദേശ "സ്റേററി"ന് ഇൻഡ്യയ്ക്കു വെളിയിൽ ഉള്ളതും കേന്ദ്രഗവൺമെൻറിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ സ്റേററ് എന്ന് അർത്ഥമാകുന്നതും,

(ഖ) ഒരു വിദേശ സ്റേററിനെ സംബന്ധിച്ച്, "ഭരണാധികാരി"ക്ക്, ആ സ്റേററിൻെറ തലവനായി, സ്റേററ് ഗവൺമെൻറിനാൽ തൽസമയം അംഗീകരിക്കപ്പെടുന്ന ആൾ എന്ന് അർത്ഥമാകുന്നതും,

ആകുന്നു.

(2) ഏതൊരു കോടതിയും—

(ക) ഒരു സ്റേററ്, കേന്ദ്രഗവൺമെൻറിനാൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നോ ഇല്ലെന്നോ ;

(ഖ) ഒരാൾ ഒരു സ്റേററിൻെറ തലവനായി കേന്ദ്രഗവൺമെൻറിനാൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നോ ഇല്ലെന്നോ, ഉള്ള വസ്തുതയുടെ ജുഡീഷ്യൽ നോട്ടീസ്, എടുക്കേണ്ടതാകുന്നു.

## മുൻ ഇൻഡ്യൻ സ്റേററുകളുടെ ഭരണാധികാരികൾക്ക് എതിരായുള്ള വ്യവഹാരങ്ങൾ

87 ഖ. മുൻ ഇൻഡ്യൻ സ്റേററുകളുടെ ഭരണാധികാരികൾക്ക് 85-, 86-ം വകുപ്പുകളുടെ ബാധകത.—(1) ഏതെങ്കിലും ഇൻഡ്യൻ സ്റേററിൻെറ ഭരണാധികാരിയാലോ ഭരണാധികാരിക്ക് എതിരായോ ഉള്ളതും, മുഴുവനായോ ഭാഗികമായോ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് ഉത്ഭവിച്ച ഒരു വ്യവഹാര കാരണത്തെ അടിസ്ഥാനമാക്കി ഉള്ളതുമായ ഏതെങ്കിലും വ്യവഹാരത്തിൻെറയോ, അങ്ങനെയുള്ള വ്യവഹാരത്തിൽനിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും നടപടിയുടേയോ സംഗതിയിൽ, അങ്ങനെയുള്ള ഭരണാധികാരിയെ സംബന്ധിച്ച്, 85-ാം വകുപ്പിലേയും 86-ാം വകുപ്പിലെ (1)-ം (3)-ം ഉപവകുപ്പുകളിലേയും വ്യവസ്ഥകൾ ഒരു വിദേശ സ്റേററിൻെറ ഭരണാധികാരിയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമായിരിക്കുന്നതാണ്.

(2) ഈ വകുപ്പിൽ—

(ക) "മുൻ ഇൻഡ്യൻ സ്റേററി"ന്, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഇൻഡ്യൻ സ്റേററ് എന്ന് അർത്ഥമാകുന്നതും ;

(ഖ) "ഭരണഘടനയുടെ പ്രാരംഭം" എന്നതിന്, 1950 ജനുവരി 26-ാം ദിവസമെന്ന് അർത്ഥമാകുന്നതും;

(ഗ) ഒരു മുൻ ഇൻഡ്യൻ സ്റേററിനെ സംബന്ധിച്ച്, "ഭരണാധികാരി"ക്ക്, ഭരണഘടനയിലെ 363-ാം അനുച്ഛേദത്തിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതും,

ആകുന്നു.

## ഇൻറർ പ്ലീഡർ

88. ഏതു സംഗതിയിൽ ഇൻറർ പ്ലീഡർ വ്യവഹാരം ആരംഭിക്കാമെന്ന്.—ഒരേ കടമോ പണത്തുകയോ, ജംഗമമോ സ്ഥാവരമോ ആയ മററു വസ്തുവോ, അവയുടെ ചാർജ്ജുകൾക്കോ ചെലവുകൾക്കോ അല്ലാതെ മററു യാതൊരു കാര്യവും അവകാശപ്പെടാതിരിക്കുകയും അത് ശരിയായ അവകാശിക്ക് കൊടുക്കാനോ, ഡെലിവർ ചെയ്യാനോ തയ്യാറായിരിക്കുകയും ചെയ്യുന്ന മറെറാരു ആളിൽനിന്ന്, രണ്ടോ അതിലധികമോ ആളുകൾ അന്യോന്യം എതിരായി അവകാശപ്പെടുന്നിടത്ത്, അങ്ങനെയുള്ള മറേറ ആൾക്ക്, ഏതു ആൾക്കാണോ കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ചെയ്യേണ്ടത് എന്നതിനെക്കുറിച്ചുള്ള ഒരു തീരുമാനം ലഭിക്കുന്നതിനും, തനിക്ക് ബാധ്യതാവിമുക്തി ലഭിക്കുന്നതിനുംവേണ്ടി എല്ലാ അവകാശവാദികൾക്കുമെതിരായി ഒരു ഇൻറർ പ്ലീഡർ വ്യവഹാരം ആരംഭിക്കാവുന്നതാണ്:

എന്നാൽ, എല്ലാ കക്ഷികളുടേയും അവകാശങ്ങൾ ശരിയായി തീരുമാനിക്കാൻ കഴിയുന്ന ഏതെങ്കിലും വ്യവഹാരം നിലവിലിരിക്കുന്നിടത്ത്, അങ്ങനെയുള്ള യാതൊരു ഇൻറർ പ്ലീഡർ വ്യവഹാരവും ആരംഭിക്കാൻ പാടുള്ളതല്ല.

## ഭാഗം V

# പ്രത്യേക നടപടികൾ

## മാദ്ധ്യസ്ഥ്യം

89. മാദ്ധ്യസ്ഥ്യ ആക്ററ്, 1940-നാൽ റദ്ദാക്കപ്പെട്ടു

## വിശേഷാൽ കേസ്

90. കോടതിയുടെ അഭിപ്രായത്തിനായി വസ്തുതാവിവരണം തയ്യാറാക്കാനുള്ള അധികാരം.—ഏതെങ്കിലും ആളുകൾ കോടതിയുടെ അഭിപ്രായത്തിനായി ഒരു വസ്തുതാവിവരണം തയ്യാറാക്കാൻ ലിഖിതമായി ഒരു കരാർ ചെയ്യുന്നതായാൽ, കോടതി അത് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിചാരണ ചെയ്യുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാകുന്നു.

## പൊതുജനശല്യങ്ങളും പൊതുജനങ്ങളെ ബാധിക്കുന്ന മററ് അന്യായമായ കൃത്യങ്ങളും

91. പൊതുജനശല്യങ്ങൾ.—(1) ഒരു പൊതുജന ശല്യത്തിൻേറയോ, പൊതുജനങ്ങളെ ബാധിക്കുന്നതോ ബാധിക്കാൻ ഇടയുള്ളതോ ആയ മററ് അന്യായമായ കൃത്യത്തിൻേറയോ സംഗതിയിൽ, ഒരു സ്ഥാപനയ്ക്കും, ഇൻജംക്ഷനുമോ, അല്ലെങ്കിൽ സംഗതികളുടെ പരിതഃസ്ഥിതികളിൽ സമുചിതമായ നിവൃത്തിക്കോ ഉള്ള വ്യവഹാരം,—

(ക) അഡ്വക്കേററ് ജനറലിനാലോ, അല്ലെങ്കിൽ

(ഖ) കോടതിയുടെ അനുമതിയോടുകൂടി, രണ്ടോ അതിലധികമോ ആളുകളാലോ അങ്ങനെയുള്ള പൊതുജനശല്യമോ മററ് അന്യായമായ കൃത്യമോ കാരണമായി അങ്ങനെയുള്ള ആളുകൾക്ക് യാതൊരു പ്രത്യേക നാശനഷ്ടവും സംഭവിച്ചിട്ടില്ലെന്നിരിക്കിലും, ആരംഭിക്കപ്പെടാവുന്നതാണ്.

(2) ഈ വകുപ്പിലെ യാതൊന്നും, അതിലെ വ്യവസ്ഥകളെ ആശ്രയിക്കാത്തവിധം, നിലവിലിരിക്കുന്ന ഏതെങ്കിലും വ്യവഹാരാവകാശത്തെ പരിമിതിപ്പെടുത്തുകയോ മററുവിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

92. പൊതു ധർമ്മദാനങ്ങൾ.—(1) ധർമ്മ രമോ മതപരമോ ആയ പ്രകൃതമുള്ള പൊതു ആവശ്യങ്ങൾക്കുവേണ്ടി, സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രകടമോ, നിയമ സങ്കൽപ്പിതമോ ആയ ഏതെങ്കിലും ട്രസ്ററിന്റെ ഏതെങ്കിലും ലംഘനം ഉള്ളതായി പറയപ്പെടുന്ന സംഗതിയിലോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ട്രസ്ററിന്റെ ഭരണത്തിന് കോടതിയുടെ നിദേശം ആവശ്യമായി കരുതപ്പെടുന്നിടത്തോ, അഡ്വക്കേററ് ജനറലിനോ, ആ ട്രസ്ററിൽ താൽപര്യമുള്ളവരും, കോടതിയുടെ അനുമതി ലഭിച്ചിട്ടുള്ളവരുമായ രണ്ടോ അതിലധികമോ ആളുകൾക്കോ, ട്രസ്ററിന്റെ വിഷയവസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ സ്ഥിതി ചെയ്യുന്നത് ഏതു ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽ കോടതിയുടേയോ, അല്ലെങ്കിൽ സ്റേററ് ഗവൺമെന്റിനാൽ അതിലേക്ക് പ്രാധികാരപ്പെടുത്തപ്പെടുന്ന മററ് ഏതെങ്കിലും കോടതിയുടേയോ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ ആണോ അങ്ങനെയുള്ള കോടതിയിൽ —

(ക) ഏതെങ്കിലും ട്രസ്ററിയെ നീക്കം ചെയ്യുന്നതോ;

(ഖ) ഒരു പുതിയ ട്രസ്ററിയെ നിയമിക്കുന്നതോ;

(ഗ) ഒരു ട്രസ്ററിയിൽ ഏതെങ്കിലും വസ്തു നിക്ഷിപ്തമാക്കുന്നതോ;

(ഗഗ) തന്റെ കൈവശമുള്ള ഏതെങ്കിലും ട്രസ്ററ് വസ്തുവിന്റെ കൈവശം, അങ്ങനെയുള്ള വസ്തുവിന്റെ കൈവശത്തിന് അവകാശമുള്ള ആൾക്ക് ഡെലിവർ ചെയ്യാൻ, നീക്കം ചെയ്യപ്പെട്ടിട്ടുള്ള ഒരു ട്രസ്ററിയേയോ, ഒരു ട്രസ്ററി അല്ലാതായിത്തീർന്നിട്ടുള്ള ഒരു ആളേയോ നിദേശിക്കുന്നതോ;

(ഘ) കണക്കുകൾക്കും അന്വേഷണങ്ങൾക്കും നിദേശിക്കുന്നതോ;

(ങ) ട്രസ്ററ് വസ്തുവിന്റേയോ അതിലെ അവകാശത്തിന്റേയോ ഏത് അനുപാതമാണ്, ട്രസ്ററിന്റെ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി വിഭജിപ്പിച്ച് കൊടുക്കേണ്ടതെന്ന് പ്രഖ്യാപിക്കുന്നതോ;

(ച) ട്രസ്ററ് വസ്തു മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ വാടകയ്ക്ക് കൊടുക്കുകയോ വില്ക്കുകയോ പണയപ്പെടുത്തുകയോ വിനിമയം ചെയ്യുകയോ ചെയ്യാൻ പ്രാധികാരപ്പെടുത്തുന്നതോ;

(ഛ) ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതോ;

(ജ) സംഗതിയുടെ പ്രകൃതം ആവശ്യപ്പെടുന്നകൂടുതൽ നിവൃത്തിയോ, മററ് നിവൃത്തിയോ അനുവദിക്കുന്നതോ, ആയ വിധി സമ്പാദിക്കാൻ വ്യവഹാരം, അത് തർക്കമുള്ളതോ അല്ലാത്തതോ ആയാലും ആരംഭിക്കാവുന്നതാകുന്നു.

(2) മതപരമായ എൻഡോവ്മെന്റുകൾ ആക്ററ്, 1863 (1863-ലെ 20)-നാലോ 1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് ഖ ഭാഗം സ്റേററുകളിൽ ഉൾപ്പെട്ടിരുന്ന രാജ്യക്ഷേത്രങ്ങളിൽ നിലവിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്താലോ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളവിധം അല്ലാതെ, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും ട്രസ്ററ് സംബന്ധിച്ച്, അതിൽ വിനിർദ്ദേശിക്കുന്ന നിവൃത്തികളിൽ ഏതെങ്കിലും അവകാശപ്പെടുന്ന യാതൊരു വ്യവഹാരവും, ആ ഉപവകുപ്പിന്റെ വ്യവസ്ഥകൾക്ക് അനുരൂപമായൊഴികെ, ആരംഭിക്കാൻ പാടുള്ളതല്ല.

(3) കോടതിക്ക്, ധർമ്മപരമോ മതപരമോ ആയ പൊതു ആവശ്യങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രകടമോ നിയമസങ്കൽപ്പിതമോ ആയ ട്രസ്റ്റിന്റെ ആദിമാവശ്യങ്ങൾ ഭേദപ്പെടുത്തുകയും, അങ്ങനെയുള്ള ട്രസ്റ്റിന്റെ വസ്തുവോ, ആദായമോ അതിന്റെ ഏതെങ്കിലും ഭാഗമോ താഴെ പറയുന്ന ഒന്നോ അതിലധികമോ പരിത:സ്ഥിതികൾ സി-പ്രെ ആയി വിനിയോഗിക്കാൻ അനുവദിക്കുകയും ചെയ്യാവുന്നതാണ്, അതായത്:—

(ക) ട്രസ്റ്റിന്റെ ആദിമാവശ്യങ്ങൾ മുഴുവനായോ ഭാഗികമായോ,—

(i) ആകുന്നത്ര നിറവേററപ്പെട്ടിരിക്കുകയോ,

(ii) നടപ്പാക്കാൻ തീരെ കഴിയാതിരിക്കുകയോ, അല്ലെങ്കിൽ ട്രസ്റ്റ് സൃഷ്ടിക്കപ്പെടുന്ന പ്രമാണത്തിൽ കൊടുത്തിട്ടുള്ള നിദേശങ്ങൾ അനുസരിച്ചോ, അങ്ങനെയുള്ള പ്രമാണമില്ലാത്തിടത്ത്, ട്രസ്റ്റിന്റെ അന്തരാർത്ഥമനുസരിച്ചോ നടപ്പാക്കാൻ കഴിയാതിരിക്കുകയോ,

ചെയ്യുന്നിടത്ത് ; അല്ലെങ്കിൽ

(ഖ) ട്രസ്റ്റിന്റെ ആദിമാവശ്യങ്ങൾ, ട്രസ്റ്റിന്റെ ബലത്തിൽ ലഭ്യമാകുന്ന വസ്തുവിന്റെ ഒരു ഭാഗത്തിന്റെ മാത്രം ഉപയോഗത്തിന് വ്യവസ്ഥ ചെയ്യുന്നിടത്ത്; അല്ലെങ്കിൽ

(ഗ) ട്രസ്റ്റിന്റെ ആന്തരാർത്ഥവും പൊതുവായുള്ള ആവശ്യങ്ങൾക്കുള്ള അതിന്റെ പ്രയോജ്യതയും പരിഗണിച്ച് ട്രസ്റ്റിന്റെ ബലത്തിൽ ലഭ്യമാകുന്ന വസ്തുവും, സദൃശാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന മററ് വസ്തുവും, മറേറതെങ്കിലും ആവശ്യം കൂട്ടിച്ചേർത്ത് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയും, ആ ലക്ഷ്യത്തോടെ അനുയോജ്യമാംവണ്ണം ആ ആവശ്യത്തിന് പ്രയോജനപ്പെടുത്താവുന്നതാക്കാൻ കഴിയുകയും ചെയ്യുന്നിടത്ത്; അല്ലെങ്കിൽ

(ഘ) ആദിമാവശ്യങ്ങൾ മുഴുവനായോ ഭാഗികമായോ, അങ്ങനെയുള്ള ആവശ്യങ്ങൾക്ക് ഒരു യൂണിററായിരുന്നതും, എന്നാൽ പിന്നീട്, അങ്ങനെയല്ലാതായിത്തീർന്നിട്ടുള്ളതുമായ ഒരു പ്രദേശത്തെ പരാമർശിച്ച് നിശ്ചയിച്ചതായിരുന്നിടത്ത് ; അല്ലെങ്കിൽ

(ങ) ആദിമാവശ്യങ്ങൾ, നിശ്ചയിക്കപ്പെട്ടതിനുശേഷം മുഴുവനായോ ഭാഗികമായോ,—

(i) അവയ്ക്ക് മററു മാർഗ്ഗങ്ങൾ വഴി പര്യാപ്തമായ ഏർപ്പാട് ചെയ്തിരിക്കുകയോ,

(ii) അവ സമുദായത്തിന് ഉപയോഗശൂന്യമോ ഹാനികരമോ ആയ നിലയിൽ ഇല്ലാതായിത്തീർന്നിരിക്കുകയോ,

(iii) അവ നിയമപ്രകാരം ധർമ്മപരമല്ലാതായിത്തീർന്നിരിക്കുകയോ,

(iv) അവ മറേറതെങ്കിലും വിധത്തിൽ ട്രസ്റ്റിന്റെ അന്തരാർത്ഥം പരിഗണിച്ച് ട്രസ്റ്റിന്റെ തലത്തിൽ ലഭ്യമാകുന്ന വസ്തു ഉപയോഗിക്കുന്നതിനുള്ള അനുയോജ്യവും ഫലപ്രദവും ആയ ഒരു സമ്പ്രദായം നല്കാതായിത്തീർന്നിരിക്കുകയോ,

ചെയ്യുന്നിടത്ത്.

93. <u>പ്രസിഡൻസി ടൗണുകൾക്ക് വെളിയിൽ അഡ്വക്കേററു ജനറലിന്റെ അധികാരങ്ങളുടെ പ്രയോഗം.</u>—91-ം 92-ം, വകുപ്പുകൾ അഡ്വക്കേററ് ജനറൽക്ക് നൽകുന്ന അധികാരങ്ങൾ, പ്രസിഡൻസി ടൗണുകൾക്ക്വെളിയിൽ സ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി കളക്ടർക്കോ, സ്റേററു ഗവൺമെൻറ് ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ പ്രായോഗിക്കാവുന്നതാണ്.

## ഭാഗം VI
## അനുപൂരക നടപടികൾ

94. അനുപൂരക നടപടികൾ.—നീതിയുടെ ലക്ഷ്യങ്ങൾ പരാജയപ്പെടുത്തുന്നത് തടയാൻവേണ്ടി കോടതിക്ക്, നിർണ്ണയിക്കപ്പെടുന്നുവെങ്കിൽ,—

(ക) പ്രതിയെ അറസ്ററു ചെയ്യുകയും, താൻ ഹാജരാകുന്നതിന് അയാൾ ജാമ്യം നൽകാതിരാക്കാൻ കാരണം കാണിക്കുന്നതിനായി അയാളെ കോടതി മുമ്പാകെ കൊണ്ടുവരികയും ചെയ്യുന്നതിന് വാറൻറ് പുറപ്പെടുവിക്കുകയും, അയാൾ ജാമ്യത്തിനുള്ള ഏതെങ്കിലും ഉത്തരവു അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നു എങ്കിൽ അയാളെ സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുകയും;

(ഖ) പ്രതിയോട്, തൻെറ വകയായ ഏതെങ്കിലും വസ്തു ഹാജരാക്കുകയും അത് കോടതിക്ക് ഇഷ്ടംപോലെ ചെയ്യാവുന്നവിധം വയ്ക്കുകയും ചെയ്യുന്നതിന് ജാമ്യം നല്കാൻ നിദേശിക്കുകയോ, ഏതെങ്കിലും വസ്തുവിൻെറ ജപ്തി ഉത്തരവു ചെയ്യുകയോ ചെയ്യുകയും;

(ഗ) ഒരു താല്ക്കാലിക ഇൻജക്ഷൻ നല്കുകയും അനുസരിക്കാതിരക്കുന്ന സംഗതിയിൽ അതിന് അപരാധിയായ ആളെ സിവിൽ കാരഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുകയും, അയാളുടെ വസ്തു ജപ്ത ചെയ്യുകയും വില്ക്കുകയും ചെയ്യാൻ ഉത്തരവു ചെയ്യുകയും;

(ഘ) ഏതെങ്കിലും വസ്തുവിന് റിസീവറെ നിയമിക്കുകയും, അയാളുടെ വസ്തു ജപ്തി ചെയ്തും വിററും അയാളുടെ കർത്തവ്യങ്ങൾ നിർവ്വഹിപ്പിക്കുകയും;

(ങ) കോടതിക്ക് നീതിപൂർവ്വകവും സൗകര്യമുള്ളതും ആയി തോന്നുന്ന മററു അന്തർവർത്തിയായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ്.

95. മതിയായതല്ലാത്ത കാരണങ്ങളിൻമേൽ അറസ്റേറാ, ജപ്തിയോ ഇൻജക്ഷനോ നേടുന്നതിനുള്ള നഷ്ടപരിഹാരം.—(1)ഏതെങ്കിലും വ്യവഹാരത്തിൽ തൊട്ടു മുൻപുള്ള വകുപ്പിൻകീഴിൽ ഒരു അറസ്റേറാ ജപ്തിയോ നടത്തുകയോ ഒരു താൽക്കാലിക ഇൻജക്ഷൻ നല്കുകയോ ചെയ്തിട്ടുള്ളിടത്ത്,—

(ക) അങ്ങനെയുള്ള അറസ്ററിനോ ജപ്തിക്കോ ഇൻജക്ഷനോ അപേക്ഷിച്ചത് മതിയായതല്ലാത്ത കാരണങ്ങളിൻമേലാണെന്ന് കോടതിക്ക് തോന്നുകയോ, അല്ലെങ്കിൽ

(ഖ) വാദിയുടെ വ്യവഹാരം പരാജയപ്പെടുകയും, അത് ആരംഭിക്കാൻ ന്യായപൂർവ്വകമോ സംഭവ്യമോ ആയ കാരണം ഉണ്ടായിരുന്നില്ലെന്ന് കോടതിക്ക് തോന്നുകയും ചെയ്യുകയോ, ചെയ്യുന്നിടത്ത്, പ്രതിക്ക് കോടതിയോട് അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷയിൻമേൽ കോടതിക്ക് അതിൻെറ ഉത്തരവുവഴി ആയിരം രൂപയിൽ കവിയാത്തതും, പ്രതിക്ക് ഉളവാക്കിയ ചെലവിനോ ക്ഷതിക്കോ (കീർത്തിക്കുള്ള ക്ഷതി ഉൾപ്പെടെ) ഒരു ന്യായമായ നഷ്ടപരിഹാരമായി കോടതി കരുതുന്നതുമായ തുക വാദിക്കെതിരായി അവാർഡു ചെയ്യാവുന്നതാണ് :

എന്നാൽ, ഈ വകുപ്പിൻ കീഴിൽ ഒരു കോടതി, അതിൻെറ ആർത്ഥികാധികാരിതയുടെ പരിധികളിൽ കവിയുന്ന ഒരു തുക അവാർഡു ചെയ്യാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ തീർപ്പാക്കുന്ന ഒരു ഉത്തരവ്, അങ്ങനെയുള്ള അറസ്റേറാ ജപ്തിയോ ഇൻജക്ഷനോ സംബന്ധിച്ച് നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും വ്യവഹാരത്തിന് തടസ്സമായിരിക്കുന്നതാണ്.

## ഭാഗം VII

# അപ്പീലുകൾ

## ആദ്യവിധികളിൽനിന്നുള്ള അപ്പീലുകൾ

96. ആദ്യവിധിയിൽനിന്നുള്ള അപ്പീൽ.—(1) ഈ നിയമസംഹിതയുടെ നികായത്തിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ, ആദ്യാധികാരിത പ്രയോഗിക്കുന്ന ഏതെങ്കിലും കോടതി പാസ്സാക്കുന്ന ഏതൊരു വിധിയിൽനിന്നും, അങ്ങനെയുള്ള കോടതിയുടെ തീരുമാനങ്ങളിൽ നിന്നുള്ള അപ്പീലുകൾ കേൾക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) എക്സ് പാർട്ടിയായി പാസ്സാക്കുന്ന ഒരു ആദ്യവിധിയിൽ നിന്ന് അപ്പീൽ ഉണ്ടായിരിക്കാവുന്നതാണ്.

(3) കോടതി, കക്ഷികളുടെ സമ്മതത്തോടുകൂടി പാസ്സാക്കുന്ന ഒരു വിധിയിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

(4) സ്മാൾ കാസ്സ് കോടതികളാൽ നടപടിക്ക് എടുക്കപ്പെടാവുന്ന പ്രകൃതത്തിലുള്ള ഏറതങ്കിലും വ്യവഹാരത്തിലെ വിധിയിൽനിന്ന്, ആദ്യ വ്യവഹാരത്തിൻെറ വിഷയവസ്തുവിൻെറ തുകയോ മൂല്യമോ മൂവായിരം രൂപയിൽ കവിയാത്തപ്പോൾ, ഒരു നിയമപ്രശ്നത്തിൻമേൽ ഒഴികെ, അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

97. പ്രാരംഭവിധിയിൽനിന്ന് അപ്പീൽ കൊടുക്കാത്തിടത്ത്, അവസാന വിധിയിൽനിന്നുള്ള അപ്പീൽ.—ഈ നിയമസംഹിതയുടെ പ്രാരംഭത്തിനുശേഷം പാസ്സാക്കുന്ന ഒരു പ്രാരംഭവിധിയാൽ സങ്കടക്കാരനായ ഏതെങ്കിലും കക്ഷി, അങ്ങനെയുള്ള വിധിയിൽനിന്ന് അപ്പീൽ കൊടുക്കാതിരിക്കുന്നിടത്ത്, ആ വിധി ശരിയായതാണെന്നുള്ളത് അവസാനവിധിയിൽനിന്ന് കൊടുക്കുന്ന ഏതെങ്കിലും അപ്പീലിൽ ചോദ്യം ചെയ്യുന്നതിൽനിന്ന് അയാൾ തടയപ്പെടുന്നതാണ്.

98. അപ്പീൽ, രണ്ടോ അതിലധികമോ ജഡ്ജിമാരാൽ കേൾക്കപ്പെടുന്നിടത്തുള്ള തീരുമാനം.—(1) ഒരു അപ്പീൽ രണ്ടോ അതിലധികമോ ജഡ്ജിമാരുടെ ഒരു ബഞ്ച് കേൾക്കുന്നിടത്ത്, അപ്പീൽ അങ്ങനെയുള്ള ജഡ്ജിമാരുടേയോ, അങ്ങനെയുള്ള ജഡ്ജിമാരുടെ ഭൂരിപക്ഷത്തിൻേറയോ (ഭൂരിപക്ഷം ഉണ്ടെങ്കിൽ) അഭിപ്രായം അനുസരിച്ച് തീരുമാനിക്കപ്പെടുന്നതാകുന്നു.

(2) ഏതൊരു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി വ്യത്യാസപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ ചെയ്യുന്ന ഒരു വിധി ന്യായത്തിൽ യോജിക്കുന്ന അങ്ങനെയുള്ള ഭൂരിപക്ഷമില്ലാത്തിടത്ത്, അങ്ങനെയുള്ള വിധി സ്ഥിരീകരിക്കേണ്ടതാകുന്നു :

എന്നാൽ, അപ്പീൽ കേൾക്കുന്ന ബഞ്ച്, ആ ബഞ്ചിലെ ജഡ്ജിമാരിലുമധികം ജഡ്ജിമാരുള്ള ഒരു കോടതിയിലെ രണ്ടോ മററു ഇരട്ട നമ്പരോ ആയ ജഡ്ജിമാർ അടങ്ങിയതായിരിക്കുകയും, ആ ബഞ്ചിൽ അടങ്ങിയ ജഡ്ജിമാർ ഒരു നിയമ പ്രശ്നത്തിൻമേൽ വ്യത്യസ്താഭിപ്രായക്കാർ ആയിരിക്കുകയും ചെയ്യുന്നിടത്ത്, അവർക്ക് ഏതൊരു നിയമപ്രശ്നത്തിൻമേലാണോ, തങ്ങൾ വ്യത്യസ്താഭിപ്രായക്കാരായിരിക്കുന്നത്, ആ നിയമപ്രശ്നം പ്രസ്താവിക്കാവുന്നതും, അപ്പോൾ, അപ്പീൽ ആ പ്രശ്നത്തിൻമേൽമാത്രം, മറേറ ജഡ്ജിമാരിൽ ഒന്നോ

അതിലധികമോ പേരാൽ കേഠക്കപ്പെടുന്നതും, അങ്ങനെയുള്ള പ്രശ്നം ആദ്യം കേട്ട ജഡ്ജിമാർ ഉഠപ്പെടെ അപ്പീൽ കേട്ട ജഡ്ജിമാരുടെ ഭൂരിപക്ഷത്തിന്റെ (ഭൂരിപക്ഷം ഉണ്ടെങ്കിൽ) അഭിപ്രായമനുസരിച്ച് തീരുമാനിക്കപ്പെടുന്നതു മാകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും ഹൈക്കോടതിയുടെ ലെറേറഴ്സ് പേററന്റിന്റെ ഏതെങ്കിലും വ്യവസ്ഥയെ വ്യത്യാസപ്പെടുത്തു കയോ മററുവിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

99. ഗുണാഗുണങ്ങളേയോ ആധികാരിതയേയോ ബാധിക്കാത്ത പിശകിനോ ക്രമക്കേടിനോ, വിധി മറിച്ചു വിധിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്ന്.— വ്യവഹാരത്തിലെ ഏതെങ്കിലും നടപടികളിലെ, കേസ് ഗുണാഗുണങ്ങളേയോ കോടതിയുടെ അധികാരിതയേയോ ബാധി ക്കാത്ത കക്ഷികളുടേയോ വ്യവഹാര കാരണങ്ങളുടേയോ ഏതെങ്കിലും, തെററായിച്ചേർക്കലോ ചേർക്കാതിരിക്കലോ, അല്ലെങ്കിൽ ഏതെങ്കിലും പിശകോ ന്യൂനതയോ ക്രമക്കേടോ കാരണമായി, യാതൊരു വിധിയും, അപ്പീലിൽ മറിച്ച് വിധിക്കുകയോ, സാരമായി വ്യത്യാസപ്പെടുത്തു കയോ, അല്ലെങ്കിൽ ഏതെങ്കിലും കേസ് റിമാൻഡ് ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും ആവശ്യകക്ഷിയെ ചേർക്കാതിരി ക്കുന്നതിന് ബാധകമായിരിക്കുന്നതല്ല.

99. 47-ാം വകുപ്പിൻകീഴിലെ യാതൊരു ഉത്തരവും, കേസിലെ തീരു മാനത്തെ ദോഷകരമായി ബാധിക്കാത്തപക്ഷം, മറിച്ച് വിധിക്കാനോ രൂപഭേദ പ്പെടുത്താനോ പാടില്ലെന്ന്.— 49-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യ തയ്ക്ക് ഭംഗം വരാതെ, 47-ാം വകുപ്പിൻകീഴിലെ യാതൊരു ഉത്തരവും, അങ്ങ നെയുള്ള ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും നടപടിയിലുള്ള ഏതെങ്കിലും പിശകോ, ന്യൂനതയോ, ക്രമക്കേടോ കാരണമായി, അങ്ങനെയുള്ള പിശകോ, ന്യൂനതയോ ക്രമക്കേടോ കേസിന്റെ തീരുമാനത്തെ ദോഷകരമായി ബാധിച്ചിട്ടി ല്ലാത്തപക്ഷം, മറിച്ചു വിധിക്കാനോ സാരമായി വ്യത്യാസപ്പെടുത്താനോ പാടുള്ളതല്ല.

## അപ്പീൽവിധികളിൽനിന്നുള്ള അപ്പീലുകഠ

100. രണ്ടാം അപ്പീൽ—(1) ഈ നിയമസംഹിതയുടെ നികായത്തിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, ഹൈക്കോടതിക്ക് കീഴെ യുള്ള ഏതെങ്കിലും കോടതി അപ്പീലിൽ പാസ്സാക്കുന്ന ഏതൊരു വിധിയിൽ നിന്നും കേസ് സാരവത്തായ നിയമപ്രശ്നം ഉഠക്കൊള്ളുന്നതാണെന്ന്, ഹൈക്കോടതിയ്ക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ഹൈക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) എക്സ് പാർട്ടി ആയി പാസ്സാക്കപ്പെടുന്ന അപ്പീൽ വിധിയിൽ നിന്ന്, ഈ വകുപ്പിൻകീഴിൽ അപ്പീൽ ഉണ്ടായിരിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലെ ഒരു അപ്പീലിൽ, അപ്പീൽ, മെമ്മോറാണ്ടം അപ്പീൽ ഉഠക്കൊള്ളുന്ന സാരവത്തായ നിയമപ്രശ്നം സൂക്ഷ്മമായി പ്രസ്താവിക്കേണ്ടതാകുന്നു.

(4) ഏതെങ്കിലും കേസ്സിൽ സാരവത്തായ ഒരു നിയമപ്രശ്നം ഉഠ ക്കൊള്ളുന്നുണ്ടെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുന്നിടത്ത്, ഹൈക്കോടതി ആ പ്രശ്നം രൂപവൽക്കരിക്കേണ്ടതാകുന്നു.

(5) അപ്പീൽ, അപ്രകാരം രൂപവൽക്കരിക്കപ്പെടുന്ന പ്രശ്നത്തിൻമേൽ, കേൾക്കപ്പെടുന്നതും, അപ്പീൽ കേൾക്കുമ്പോൾ കേസ് അങ്ങനെയുള്ള പ്രശ്നം ഉൾക്കൊള്ളുന്നില്ലെന്ന് വാദിക്കാൻ അപ്പീൽ പ്രതിയെ അനുവദിക്കുന്നതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിലെ യാതൊന്നും, കേസ്, കോടതി രൂപവൽക്കരിച്ചതല്ലാത്ത മറേറതെങ്കിലും സാരവത്തായ പ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുന്നെങ്കിൽ, അങ്ങനെയുള്ള പ്രശ്നത്തിൻമേൽ അപ്പീൽ, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കേൾക്കാനുള്ള കോടതിയുടെ അധികാരത്തെ എടുത്തുകളയുകയോ ന്യൂനീകരിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

100 ക. ചില സംഗതികളിൽ കൂടുതൽ അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന്.—ഏതെങ്കിലും ഹൈക്കോടതിയ്ക്കുള്ള ഏതെങ്കിലും ലറേറഴ്സ് പേററൻറിലോ, നിയമപ്രാബല്യമുള്ള മറേറതെങ്കിലും പ്രമാണത്തിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപ്പീൽ വിധിയിൽനിന്നോ അപ്പീൽ ഉത്തരവിൽനിന്നോ ഉള്ള ഏതെങ്കിലും അപ്പീൽ ഒരു ഹൈക്കോടതിയിലെ ഒരു സിങ്കിൾ ജഡ്ജിയാൽ കേൾക്കപ്പെടുകയും തീരുമാനിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള അപ്പീലിലെ അങ്ങനെയുള്ള സിങ്കിൾ ജഡ്ജിയുടെ വിധിന്യായത്തിൽനിന്നോ തീരുമാനത്തിൽനിന്നോ ഉത്തരവിൽനിന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള അപ്പീലിൽ പാസ്സാക്കപ്പെടുന്ന ഏതെങ്കിലും വിധിയിൽനിന്നോ കൂടുതൽ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

101. മററ് യാതൊരു കാരണങ്ങളിൻമേലും രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന്.— 100-ാം വകുപ്പിൽ പറഞ്ഞ കാരണങ്ങളിൻമേൽ അല്ലാതെ, രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

102. ചില വ്യവഹാരങ്ങളിൽ രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ലെന്ന്. സ്മാൾ കാസ് കോടതികളാൽ നടപടിക്കെടുക്കാവുന്ന പ്രകൃതത്തിലുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, ആദ്യവ്യവഹാരത്തിൻെറ വിഷയവസ്തുവിൻെറ തുകയോ മൂല്യമോ മൂവായിരം രൂപയിൽ കവിയാത്തപ്പോൾ, രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

103. വസ്തുതാവിവാദ്യകം തീരുമാനിക്കാൻ ഹൈക്കോടതിക്കുള്ള അധികാരം.— ഏതെങ്കിലും രണ്ടാം അപ്പീൽ, ഹൈക്കോടതിക്ക് റിക്കാർഡിലുള്ള തെളിവ് മതിയായതാണെങ്കിൽ, അപ്പീലിൻെറ തീർച്ചയ്ക്ക് ആവശ്യകമായതും.—

(ക) താഴെയുള്ള അപ്പീൽ കോടതിയോ, അല്ലെങ്കിൽ ആദ്യകോടതിയുടെ താഴെയുള്ള അപ്പീൽകോടതിയും, രണ്ടുമോ തീർപ്പാക്കിയിട്ടില്ലാത്തതും, അല്ലെങ്കിൽ

(ഖ) 100-ാം വകുപ്പിൽ പരാമർശിച്ചതുപോലെയുള്ള നിയമപ്രശ്നത്തിൻമേലുള്ള ഒരു തീരുമാനം കാരണമായി, അങ്ങനെയുള്ള കോടതിയോ കോടതികളോ തെററായി തീർപ്പാക്കിയിട്ടുള്ളതും,

ആയ ഏതു വിവാദ്യകവും തീർപ്പാക്കാവുന്നതാണ്.

## ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ

104. ഏതു ഉത്തരവുകളിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുമെന്ന്.—(1) അപ്പീൽ താഴെ പറയുന്ന ഉത്തരവുകളിൽനിന്ന് ഉണ്ടായിരിക്കുന്നതും, ഈ നിയമസംഹിതയുടെ നികായത്തിലോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, മററു യാതൊരു ഉത്തരവുകളിൽനിന്നും ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(ക) മുതൽ (ച) വരെ മദ്ധ്യസ്ഥ്യ ആക്റ്റ്, 1940 (1940-ലെ 10-ാം നമ്പർ ആക്റ്റ്)-നാൽ റദ്ദാക്കപ്പെട്ടു.

(ചച) 35 ക വകുപ്പിൻകീഴിലെ ഉത്തരവ് ;

(ചചക) അതതു സംഗതിപോലെ, 91-ാം വകുപ്പിലോ 92-ാം വകുപ്പിലോ പരാമർശിച്ച പ്രകൃതത്തിലുള്ള ഒരു വ്യവഹാരം ആരംഭിക്കുന്നതിന് അനുമതി നിഷേധിക്കുന്ന 91-ാം വകുപ്പിനോ, 92-ാം വകുപ്പിനോ കീഴിലെ ഉത്തരവ് ;

(ഛ) 95-ാം വകുപ്പിൻകീഴിലെ ഉത്തരവ് ;

(ജ) പിഴ ചുമത്തുന്നതോ, ഏതെങ്കിലും ആളെ അറസ്റ്റ് ചെയ്യാനോ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാനോ നിദേശിക്കുന്നതോ ആയ ഈ നിയമസംഹിതയിലെ വ്യവസ്ഥകളിൽ ഏതിലെങ്കിലും കീഴിലെ ഉത്തരവ് ; അങ്ങനെയുള്ള അറസ്റ്റോ, തടങ്കലിൽ വയ്ക്കലോ ഒരു വിധിയുടെ നടത്തലിൽ ആയിരിക്കുന്നിടത്തൊഴികെ ;

(ത്ധ) ചട്ടങ്ങൾക്കുകീഴിൽ പുറപ്പെടുവിക്കുന്ന ഏതു ഉത്തരവിൽ നിന്നാണോ ചട്ടങ്ങൾ, അപ്പീൽ പ്രകടമായി അനുവദിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് :

എന്നാൽ, യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലായിരുന്നു എന്നോ, അല്ലെങ്കിൽ ഉത്തരവ് ചെയ്തതിലും കുറഞ്ഞ തുക കൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതായിരുന്നു എന്നോ ഉള്ള കാരണത്തിൻമേലൊഴികെ (ചച) ഖണ്ഡത്തിൽ വിനിർദ്ദേശിച്ച ഏതെങ്കിലും ഉത്തരവിനെതിരായി അപ്പീൽ ഉണ്ടായിരിക്കുന്നതല്ല,

(2) ഈ വകുപ്പിൻകീഴിലെ അപ്പീലിൽ പാസാക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

105. <u>മററു ഉത്തരവുകൾ.</u>—(1) മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരു കോടതി, അതിന്റെ ആദ്യാധികാരിതയുടേയോ, അപ്പീൽ അധികാരിതയുടേയോ പ്രയോഗത്തിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുന്നതല്ല; എന്നാൽ ഒരു വിധിയിൽനിന്ന് അപ്പീൽ കൊടുത്തിരിക്കുന്നിടത്ത്, ഏതെങ്കിലും ഉത്തരവിലുള്ള, കേസിന്റെ തീരുമാനത്തെ ബാധിക്കുന്ന ഏതെങ്കിലും പിശകോ, ന്യൂനതയോ, ക്രമക്കേടോ ആക്ഷേപകാരണമായി അപ്പീൽ മെമ്മോറാണ്ടത്തിൽ കാണിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, റിമാൻഡിനുള്ള ഏത് ഉത്തരവിൽനിന്നാണോ അപ്പീൽ ഉണ്ടായിരിക്കുന്നത്, അങ്ങനെയുള്ള ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും കക്ഷി, അതിൽനിന്ന് അപ്പീൽ കൊടുക്കാതിരിക്കുന്നിടത്ത്, അയാൾ അതിനുശേഷം അത് ശരിയായതാണെന്നുള്ളത് ചോദ്യം ചെയ്യുന്നതിൽനിന്ന് തടയപ്പെടുന്നതാണ്.

106. <u>ഏതു കോടതികളാണ് അപ്പീലുകൾ കേൾക്കേണ്ടത് എന്ന്.</u>—ഏതെങ്കിലും ഉത്തരവിൽനിന്ന് അപ്പീൽ ചെയ്യാൻ അനുവദിക്കപ്പെടുന്നിടത്ത് അപ്പീൽ ഉണ്ടായിരിക്കുന്നത്, ഏത് വ്യവഹാരത്തിലാണോ അങ്ങനെയുള്ള ഉത്തരവു പുറപ്പെടുവിച്ചത്, ആ വ്യവഹാരത്തിലെ വിധിയിൽ നിന്ന് അപ്പീൽ ഉണ്ടായിരിക്കുന്നത് ഏത് കോടതിയിലേക്കാണോ, ആ കോടതിയിലേക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് (ഹൈക്കോടതിയല്ലാത്ത) ഒരു കോടതി അപ്പീൽ അധികാരിതയുടെ പ്രയോഗത്തിൽ പുറപ്പെടുവിക്കുന്നിടത്ത്, ഹൈക്കോടതിയിലേക്കോ ആയിരിക്കുന്നതാണ്.

## അപ്പീലുകൾ സംബന്ധിച്ച സാമാന്യവ്യവസ്ഥകൾ

107. അപ്പീൽ കോടതിയുടെ അധികാരങ്ങൾ.— (1) നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, അപ്പീൽ കോടതിക്ക്—

(ക) കേസ് അന്തിമമായി തീർപ്പാക്കാനും;

(ഖ) കേസ് റിമാൻഡ് ചെയ്യാനും;

(ഗ) വിവാദ്യകങ്ങൾ തയ്യാറാക്കുകയും, അവ വിചാരണയ്ക്ക് റഫർ ചെയ്യുകയും ചെയ്യാനും;

(ഘ) കൂടുതൽ തെളിവ് എടുക്കുകയോ അങ്ങനെയുള്ള തെളിവ് എടുക്കാൻ ആവശ്യപ്പെടുകയോ ചെയ്യാനും,

അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ആദ്യാധികാരിതയുള്ള കോടതികളിൽ ആരംഭിക്കുന്ന വ്യവഹാരം സംബന്ധിച്ച്, അപ്പീൽ കോടതിക്ക് ഈ നിയമസംഹിത അവയ്ക്ക് നൽകുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അപ്പീൽ കോടതി ആകുന്നത്ര അടുത്തു വരുന്നിടത്തോളം, ഈ നിയമസംഹിത അവയുടെമേൽ ചുമത്തുന്ന അതേ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, ഇത് മുൻപ് പറഞ്ഞതിന് വിധേയമായിരിക്കുന്നതും, ആകുന്നു.

108. അപ്പീൽ വിധികളിൽനിന്നും ഉത്തരവുകളിൽനിന്നുമുള്ള അപ്പീലുകളിലെ നടപടിക്രമം.— ആദ്യവിധികളിൽ നിന്നുള്ള അപ്പീലുകൾ സംബന്ധിച്ച ഈ ഭാഗത്തിലെ വ്യവസ്ഥകൾ, ആകുന്നത്ര.—

(ക) അപ്പീൽ വിധികളിൽനിന്നും,

(ഖ) ഈ നിയമസംഹിതയ്ക്കുകീഴിലോ, ഏതു പ്രത്യേക നിയമത്തിലോ തദ്ദേശ നിയമത്തിലോ ആണോ ഒരു വ്യത്യസ്ത നടപടിക്രമം വ്യവസ്ഥ ചെയ്തിട്ടില്ലാത്തത്, അങ്ങനെയുള്ള ഏതെങ്കിലും പ്രത്യേക നിയമത്തിനോ തദ്ദേശനിയമത്തിനോ കീഴിലോ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽനിന്നും,

ഉള്ള അപ്പീലുകൾക്ക് ബാധകമായിരിക്കുന്നതാണ്.

## സുപ്രീംകോടതിയിലേക്കുള്ള അപ്പീലുകൾ

109. സുപ്രീം കോടതിയിലേക്ക് എപ്പോൾ അപ്പീലുകൾ ഉണ്ടായിരിക്കുമെന്ന്.— ഭരണഘടനയിലെ ഭാഗം 5, അദ്ധ്യായം 4-ലെ വ്യവസ്ഥകൾക്കും, ഇൻഡ്യയുടെ കോടതികളിൽനിന്നുള്ള അപ്പീലുകൾ സംബന്ധിച്ച് സുപ്രീം കോടതി അപ്പോഴപ്പോൾ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും, ഇതിൽ ഇതിനുശേഷം അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി, ഒരു ഹൈക്കോടതിയിലെ ഒരു സിവിൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിൽനിന്നോ, വിധിയിൽനിന്നോ, അവസാന ഉത്തരവിൽനിന്നോ—

(i) കേസ് സാമാന്യ പ്രാധാന്യമുള്ള ഒരു സാരവത്തായനിയമ പ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നും,

(ii) ഹൈക്കോടതിയുടെ അഭിപ്രായത്തിൽ ആ നിയമ പ്രശ്നം സുപ്രീംകോടതി തീരുമാനിക്കുന്നത് ആവശ്യകമാണെന്നും, ഹൈക്കോടതി സർട്ടിഫൈ ചെയ്യുന്നുവെങ്കിൽ സുപ്രീം കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

110. (1973-ലെ 49-ാം നമ്പർ ആക്ററിനാൽ വിട്ടുകളയപ്പെട്ടു.)

111. (അനുയോജന ഉത്തരവ്, 1950-നാൽ വിട്ടുകളയപ്പെട്ടു.)

111 ക. (1941-ലെ 21-ാം നമ്പർ ആക്ററിനാൽ വിട്ടുകളയപ്പെട്ടു).

112. ഒഴിവാക്കലുകൾ.—(1) ഈ നിയമസംഹിതയിൽ അടങ്ങിയ യാതൊന്നും—

(ക) ഭരണഘടനയുടെ 136-ാം അനുച്ഛേദത്തിനോ മറേറതെങ്കിലും വ്യവസ്ഥയ്ക്കോ കീഴിലുള്ള സുപ്രീം കോടതിയുടെ അധികാരങ്ങളെ ബാധിക്കുകയോ,

(ഖ) സുപ്രീംകോടതിയിലേയ്ക്കുഅപ്പീൽ ബോധിപ്പിക്കുന്നതിനോ, ആ കോടതി മുൻപാകെയുള്ള അവയുടെ നടത്തിപ്പിനോ ആയി ആ കോടതി ഉണ്ടാക്കുന്നതും, തൽസമയം പ്രാബല്യത്തിലുള്ളതും ആയ ഏതെങ്കിലും ചട്ടങ്ങളിൽ ഇടപെടുകയോ,

ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

(2) ഇതിൽ അടങ്ങിയ യാതൊന്നും, ക്രിമിനൽ അധികാരിതയേയോ അഡ്മിറാലിററി അധികാരിതയേയോ, വൈസ് അഡ്മിറാലിററി അധികാരിതയേയോ കുറിച്ചുള്ള ഏതെങ്കിലും വിഷയത്തിനോ, അല്ലെങ്കിൽ പ്രൈസ് കോടതികളുടെ ഉത്തരവുകളിൽനിന്നും വിധികളിൽനിന്നുമുള്ള അപ്പീലുകൾക്കോ ബാധകമായിരിക്കുന്നതല്ല.

ഭാഗം VIII

## റഫറൻസും റവ്യൂവും റിവിഷനും

113. ഹൈക്കോടതിയിലേക്കുള്ള റഫറൻസ്.— നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഏതെങ്കിലും കോടതിക്ക്, ഒരു വസ്തുതാ വിവരണം തയ്യാറാക്കുകയും, അത് ഹൈക്കോടതിയുടെ അഭിപ്രായത്തിന് റഫർ ചെയ്യുകയും ചെയ്യാവുന്നതും, ഹൈക്കോടതിക്ക് അതിൻമേൽ ഉചിതമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആണ്;

എന്നാൽ കോടതിക്ക്, അതിൻെറ മുമ്പാകെ നിലവിലിരിക്കുന്ന ഒരു കേസ് ഏതെങ്കിലും ആക്ററിൻേറയോ ആർഡിനൻസിൻേറയോ റഗുലേഷൻേറയോ അല്ലെങ്കിൽ ഒരു ആക്ററിലോ ആർഡിനൻസിലോ റഗുലേഷനിലോ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥയിലേയോ സാധുത സംബന്ധിച്ചുള്ളതും ഏതിൻെറ തീരുമാനമാണോ, കേസിൻെറ തീർച്ചയ്ക്ക് ആവശ്യമായിട്ടുള്ളത്, അങ്ങനെയുള്ളതും ആയ ഒരു പ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുകയും, അങ്ങനെയുള്ള ആക്ററോ ആർഡിനൻസോ, റഗുലേഷനോ വ്യവസ്ഥയോ, അസാധുവോ പ്രവർത്തനരഹിതമോ ആണെന്നും എന്നാൽ ഏത് ഹൈക്കോടതിക്കാണോ ആ കോടതി കീഴെയായിരിക്കുന്നത്, ആ ഹൈക്കോടതിയോ സുപ്രീംകോടതിയോ അപ്രകാരം പ്രഖ്യാപിച്ചിട്ടില്ലെന്നും അഭിപ്രായം ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതി അതിൻെറ അഭിപ്രായവും അതിനുള്ള കാരണങ്ങളും കാണിച്ചുകൊണ്ട് ഒരു വസ്തുതാവിവരണം തയ്യാറാക്കുകയും, അത് ഹൈക്കോടതിയുടെ അഭിപ്രായത്തിന് റഫർ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

വിശദീകരണം.— ഈ വകുപ്പിൽ "റഗുലേഷ"ന്, ബംഗാാം കോഡിലേയോ, ബാംബേ കോഡിലേയോ, മദ്രാസ് കോഡിലേയോ ഏതെങ്കിലും റഗുലേഷനോ, അല്ലെങ്കിൽ സാമാന്യഖണ്ഡ ആക്ററ്, 1897-ലോ ഒരു സ്റേററിലെ സാമാന്യഖണ്ഡ ആക്ററിലോ നിർവ്വചിച്ച പ്രകാരമുള്ള റഗുലേഷനോ എന്ന് അർത്ഥമാകുന്നു.

114. റിവ്യൂ—മുൻപറഞ്ഞതിന് വിധേയമായി,—

(ക) ഏത് വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ആണോ ഈ നിയമസംഹിത അപ്പീൽ ചെയ്യാൻ അനുവദിക്കുകയും, എന്നാൽ അപ്പീൽ കൊടുത്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള വിധിയാലോ ഉത്തരവിനാലോ, അല്ലെങ്കിൽ

(ഖ) ഏത് വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ആണോ ഈ നിയമസംഹിത അപ്പീൽ ചെയ്യാൻ അനുവദിക്കാത്തത്, അങ്ങനെയുള്ള വിധിയാലോ ഉത്തരവിനാലോ, അല്ലെങ്കിൽ

(ഗ) സ്മാാം കാസ്സ്കോടതിയിൽനിന്നുള്ള റഫറൻസിൻമേലുള്ള തീരുമാനത്താലോ,

താൻ സങ്കടക്കാരനാണെന്ന് കരുതുന്ന ഏതൊരാാംക്കും, ആ വിധി പാസാക്കിയതോ ഉത്തരവു പുറപ്പെടുവിച്ചതോ ആയ കോടതിയോട്, വിധി ന്യായത്തിന്റെ റവ്യൂവിന് അപേക്ഷിക്കാവുന്നതും, കോടതിക്ക് അതിൻമേൽ ഉചിതമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു.

115. റിവിഷൻ—(1) ഹൈക്കോടതിക്ക്, അതിന്റെ കീഴെയുള്ള ഏതെങ്കിലും കോടതി തീരുമാനിച്ചിട്ടുള്ളതും, ഹൈക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതല്ലാത്തതും, ആയ ഏതെങ്കിലും കേസിന്റെ റിക്കാർഡ് ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള കീഴ്ക്കോടതി—

(ക) നിയമം അതിൽ നിക്ഷിപ്തമാക്കിയിട്ടില്ലാത്ത ഒരു അധികാരിത പ്രയോഗിച്ചിട്ടുണ്ടെന്നോ ; അല്ലെങ്കിൽ

(ഖ) അപ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള ഒരു അധികാരിത പ്രയോഗിക്കാതിരുന്നിട്ടുണ്ടെന്നോ ; അല്ലെങ്കിൽ

(ഗ) അതിന്റെ അധികാരിതയുടെ പ്രയോഗത്തിൽ, നിയമവിരുദ്ധമായോ സാരമായ ക്രമക്കേടോടു കൂടിയോ പ്രവർത്തിച്ചിട്ടുണ്ടെന്നോ,

തോന്നുന്നുവെങ്കിൽ, ഹൈക്കോടതിക്ക് ആ കേസ്സിൽ ഉചിതമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ഹൈക്കോടതി, ഒരു വ്യവഹാരത്തിന്റേയോ മററു നടപടിയുടെയോ ഇടയിൽ പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും ഉത്തരവോ, ഒരു വിവാദ്യകം തീരുമാനിക്കുന്ന അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവോ,—

(ക) ആ ഉത്തരവ് റിവിഷന് അപേക്ഷിക്കുന്ന കക്ഷിക്ക് അനുകൂലമായി പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ, അത് ആ വ്യവഹാരമോ നടപടിയോ അന്തിമമായി തീർപ്പ ചെയ്യുമായിരുന്നിടത്തോ, അല്ലെങ്കിൽ

(ഖ) ആ ഉത്തരവ് നിലനില്ക്കാൻ അനുവദിക്കുന്നുവെങ്കിൽ, അത് ഒരു നീതിലോപം വരുത്തുകയോ, അല്ലെങ്കിൽ ആർക്കെതിരായാണോ അതു പുറപ്പെടുവിച്ചത്, അയാാംക്ക് അപരിഹാര്യമായ ക്ഷതി ഉളവാക്കുകയും ചെയ്യുമെന്നുള്ളിടത്തോ,

ഒഴികെ ഈ വകുപ്പിൻകീഴിൽ വ്യത്യാസപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഹൈക്കോടതി, ഏത് വിധിക്കോ ഉത്തരവിനോ എതിരായാണോ ഹൈക്കോടതിയിലേക്കോ അതിനു കീഴിലുള്ള ഏതെങ്കിലും കോടതിയിലേക്കോ അപ്പീൽ ഉണ്ടായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിധിയോ ഉത്തരവോ, ഈ വകുപ്പിൻകീഴിൽ വ്യത്യാസപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിൽ "തീരുമാനിച്ചിട്ടുള്ള ഏതെങ്കിലും കേസ്സ്" എന്നതിൽ, ഒരു വ്യവഹാരത്തിന്റേയോ നടപടിയുടേയോ ഇടയിൽ പുറപ്പെടുവിക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവോ, ഒരു വിവാദ്യകം തീരുമാനിക്കുന്ന, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവോ ഉൾപ്പെടുന്നു.

ഭാഗം IX

## ജുഡീഷ്യൽ കമ്മീഷണരുടെ കോടതിയല്ലാത്ത ഹൈക്കോടതികളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ

116. ഈ ഭാഗം ചില ഹൈക്കോടതികൾക്കുമാത്രം ബാധകമാണെന്ന്.—ഈ ഭാഗം ജുഡീഷ്യൽ കമ്മീഷണരുടെ കോടതി അല്ലാത്ത ഹൈക്കോടതികൾക്കു മാത്രം ബാധകമാകുന്നു.

117. നിയമസംഹിത ഹൈക്കോടതികൾക്ക് ബാധകമാകുന്നത്.—ഈ ഭാഗത്തിലോ, ഭാഗം X-ലോ, ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഈ നിയമസംഹിതയിലെ വ്യവസ്ഥകൾ അങ്ങനെയുള്ള ഹൈക്കോടതികൾക്കു ബാധകമായിരിക്കുന്നതാണ്.

118. കോടതിച്ചെലവു തിട്ടപ്പെടുത്തുന്നതിന്നു മുമ്പ് വിധി നടത്തുന്നത്.—അങ്ങനെയുള്ള ഏതെങ്കിലും ഹൈക്കോടതി, അതിന്റെ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ പാസ്സാക്കുന്ന ഒരു വിധി, വ്യവഹാരത്തിൽ നേരിട്ട കോടതിച്ചെലവിന്റെ തുക പരിശോധിച്ച് നിജപ്പെടുത്തൽവഴി, തിട്ടപ്പെടുത്താൻ കഴിയുന്നതിനു മുമ്പ് നടത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുവെങ്കിൽ, കോടതിക്ക്, വിധി, അതിൽ കോടതിച്ചെലവിനെ സംബന്ധിക്കുന്നിടത്തോളമൊഴികെ, ഉടനടി നടത്തേണ്ടതാണെന്നും ;

കോടതിച്ചെലവിനെ സംബന്ധിക്കുന്നിടത്തോളം, വിധി കോടതിച്ചെലവിന്റെ തുക പരിശോധിച്ച് നിജപ്പെടുത്തൽവഴി തിട്ടപ്പെടുത്തിയ ഉടൻ നടത്താവുന്നതാണെന്നും,

ഉത്തരവു ചെയ്യാവുന്നതാണ്.

119. പ്രാധികാരപ്പെടുത്താത്ത ആളുകൾ കോടതിയെ അഭിസംബോധന ചെയ്യാൻ പാടില്ലെന്ന്.—ഈ നിയമസംഹിതയിലെ യാതൊന്നും, കോടതിയെ അതിന്റെ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ അഭിസംബോധന ചെയ്യാനോ സാക്ഷികളെ വിസ്തരിക്കാനോ, മററാരാൾക്കുവേണ്ടി ഏതെങ്കിലും ആളെ കോടതി അതിന്റെ ചാർട്ടർ നല്കുന്ന അധികാരങ്ങളുടെ പ്രയോഗത്തിൽ പ്രാധികാരപ്പെടുത്തിയിട്ടുള്ളിടത്തൊഴികെ, അയാളെ അപ്രകാരം ചെയ്യാൻ പ്രാധികാരപ്പെടുത്തുന്നതായോ, അഡ്വക്കേററുമാരേയും, വക്കീലുമാരേയും അറേറാർണിമാരേയും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള ഹൈക്കോടതിയുടെ അധികാരത്തിൽ ഇടപെടുന്നതായോ കരുതപ്പെടുന്നതല്ല.

120. ഹൈക്കോടതിയുടെ സിവിൽ ആദ്യാധികാരിതയ്ക്ക് ബാധകമാകാത്ത വ്യവസ്ഥകൾ.—താഴെ പറയുന്ന വ്യവസ്ഥകൾ, അതായത് 16-ം, 17-ം, 20-ം വകുപ്പുകൾ ഹൈക്കോടതിക്ക് അതിന്റെ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ ബാധകമായിരിക്കുന്നതല്ല.

ഭാഗം X

## ചട്ടങ്ങൾ

121. ഒന്നാം പട്ടികയിലെ ചട്ടങ്ങളുടെ പ്രഭാവം.—ഒന്നാം പട്ടികയിലെ ചട്ടങ്ങൾക്ക്, ഈ ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രഭാവശൂന്യമാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യപ്പെടുന്നതുവരെ, ഈ നിയമസംഹിതയുടെ നികായത്തിൽ അധിനിയമം ചെയ്യപ്പെട്ടതെന്നപോലെയുള്ള പ്രഭാവമുണ്ടായിരിക്കുന്നതാണ്.

122. ചട്ടങ്ങൾ ഉണ്ടാക്കാൻ ചില ഹൈക്കോടതികൾക്കുള്ള അധികാരം.—ജുഡീഷ്യൽ കമ്മീഷണരുടെ കോടതി അല്ലാത്ത ഹൈക്കോടതികൾക്ക്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അപ്പോഴപ്പോൾ, അവയുടെ സ്വന്തം നടപടിക്രമവും അവയുടെ മേൽനോട്ടത്തിനു വിധേയമായ സിവിൽക്കോടതികളുടെ നടപടിക്രമവും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങളാൽ ഒന്നാം പട്ടികയിലെ എല്ലാ ചട്ടങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രഭാവശൂന്യമാക്കുകയോ വ്യത്യാസപ്പെടുത്തുകയോ അവയോടു കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതും ആകുന്നു.

123. ചില സ്റ്റേറ്റുകളിൽ ചട്ട-കമ്മിററികൾ ഏർപ്പെടുത്തുന്നത്.—(1) 122-ാം വകുപ്പിൽ പറഞ്ഞ ഹൈക്കോടതികളിൽ ഓരോന്നിന്റേയും സാധാരണ ഉപവേശനസ്ഥലമായ പട്ടണത്തിൽ ചട്ട-കമ്മിററി എന്ന് പേർ പറയപ്പെടേണ്ട ഒരു കമ്മിററി ഏർപ്പെടുത്തേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഓരോ കമ്മിററിയും താഴെ പറയുന്ന ആളുകൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) അങ്ങനെയുള്ള കമ്മിററി ഏർപ്പെടുത്തപ്പെടുന്ന പട്ടണത്തിൽ സ്ഥാപിച്ചിട്ടുള്ള ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാർ,—അവരിലൊരാളെങ്കിലും മൂന്നു വർഷം ജില്ലാ ജഡ്ജിയായോ, ഡിവിഷണൽ ജഡ്ജിയായോ സേവനം അനുഷ്ഠിച്ചിട്ടുണ്ടായിരിക്കേണ്ടതാണ്,

(ഖ) ആ കോടതിയിൽ എൻറോൾ ചെയ്തിട്ടുള്ള രണ്ട് അഭിഭാഷകൻമാർ,

(ഗ) ഹൈക്കോടതിക്ക് കീഴെയുള്ള ഒരു സിവിൽക്കോടതിയിലെ ഒരു ജഡ്ജി,

(ഘ) [1978-ലെ 38-ാം നമ്പർ ആക്ററിനാൽ വിട്ടുകളയപ്പെട്ടു]

(3) അങ്ങനെയുള്ള ഓരോ കമ്മിററിയിലേയും അംഗങ്ങൾ ഹൈക്കോടതിയാൽ നിയമിക്കപ്പെടേണ്ടതും, ഹൈക്കോടതി, അവരിൽ ഒരാളെ അദ്ധ്യക്ഷനായി നാമനിർദ്ദേശം ചെയ്യുകയുംകൂടി ചെയ്യേണ്ടതും ആകുന്നു.

(4) അങ്ങനെയുള്ള ഏതെങ്കിലും കമ്മിററിയിലെ ഓരോ അംഗവും ഹൈക്കോടതി ഇതിലേക്ക് നിർണ്ണയിക്കുന്ന കാലം ഉദ്യോഗം വഹിക്കുന്നതും, ഏതെങ്കിലും അംഗം ഉദ്യോഗത്തിൽനിന്നു വിരമിക്കുകയോ, രാജിവയ്ക്കുകയോ, മരിച്ചുപോവുകയോ, കമ്മിററി ഏർപ്പെടുത്തപ്പെടുന്ന സ്റ്റേററിൽ താമസമില്ലാ

താവുകയോ, കമ്മിററിയുടെ അംഗമായി പ്രവർത്തിക്കാൻ കഴിയാത്തവനായിത്തീരുകയോ ചെയ്യുമ്പോഴെല്ലാം മുൻപറഞ്ഞ ഹൈക്കോടതിക്ക്, അയാളുടെ സ്ഥാനത്ത് മറെറാരാളെ അംഗമായി നിയമിക്കാവുന്നതാണ്.

(5) അങ്ങനെയുള്ള ഓരോ കമ്മിററിക്കും, ഹൈക്കോടതിയാൽ നിയമിക്കപ്പെടേണ്ടതും, സ്റേററ് ഗവൺമെൻറ് ഇതിലേക്ക് വ്യവസ്ഥ ചെയ്യുന്ന വേതനം ലഭിക്കേണ്ടതുമായ, ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാകുന്നു.

124. കമ്മിററി ഹൈക്കോടതിയിലേക്ക് റിപ്പോർട്ടു ചെയ്യണമെന്ന്.—ഏതൊരു ചട്ട-കമ്മിററിയും, അത് ഏർപ്പെടുത്തപ്പെട്ടിട്ടുള്ള പട്ടണത്തിൽ സ്ഥാപിച്ചിട്ടുള്ള ഹൈക്കോടതിയ്ക്ക്, ഒന്നാം പട്ടികയിലെ ചട്ടങ്ങൾ പ്രഭാവശൂന്യമാക്കുകയോ, വ്യത്യാസപ്പെടുത്തുകയോ, അവയോടുകൂട്ടിച്ചേർക്കുകയോ ചെയ്യാനുള്ളതോ പുതിയ ചട്ടങ്ങൾ ഉണ്ടാക്കാനുള്ളതോ ആയ ഏതെങ്കിലും നിർദ്ദേശത്തിൻമേൽ റിപ്പോർട്ട് ചെയ്യേണ്ടതും, 122-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും ചട്ടം ഉണ്ടാക്കുന്നതിനുമുമ്പ്, ഹൈക്കോടതി അങ്ങനെയുള്ള റിപ്പോർട്ട് പരിഗണനയിലെടുക്കേണ്ടതുമാകുന്നു.

125. ചട്ടങ്ങൾ ഉണ്ടാക്കാൻ മററു ഹൈക്കോടതികൾക്കുള്ള അധികാരം.—122-ാം വകുപ്പ് നല്കുന്ന അധികാരങ്ങൾ ആ വകുപ്പിൽ വിനിർദ്ദേശിച്ച കോടതികൾ അല്ലാത്ത ഹൈക്കോടതികൾക്ക്, സ്റേററ് ഗവൺമെൻറ് നിശ്ചയിക്കുന്ന രീതിയിലും ഉപാധികൾക്ക് വിധേയമായും, പ്രയോഗിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഹൈക്കോടതിക്ക്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അതിൻെറ അധികാരതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലേക്ക് മറേറതെങ്കിലും ഹൈക്കോടതി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾ വ്യാപിപ്പിക്കുന്ന ഒരു ചട്ടം ഉണ്ടാക്കാവുന്നതാണ്.

126. ചട്ടങ്ങൾ അംഗീകാരത്തിന് വിധേയമായിരിക്കുമെന്ന്.—മുൻപറഞ്ഞ വ്യവസ്ഥകൾക്ക് കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ, ഏതു കോടതിയുടെ നടപടിക്രമമാണോ ആ ചട്ടങ്ങൾ ക്രമപ്പെടുത്തുന്നത്, ആ കോടതി സ്ഥിതിചെയ്യുന്ന സ്റേററിലെ ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തിനോ, ആ കോടതി ഏതെങ്കിലും സ്റേററിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ, കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തിനോ വിധേയമായിരിക്കുന്നതാണ്.

127. ചട്ടങ്ങൾ പസിദ്ധപ്പെടുത്തൽ.—അപ്രകാരം ഉണ്ടാക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ചട്ടങ്ങൾ, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അവയ്ക്കു പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽക്കോ വിനിർദ്ദേശിക്കുന്ന മററു തീയതിമുതല്ക്കോ, അവ ഉണ്ടാക്കിയ ഹൈക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ, അവ ഒന്നാം പട്ടികയിൽ അടങ്ങിയിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്.

128. ചട്ടങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങൾ.—(1) അങ്ങനെയുള്ള ചട്ടങ്ങൾ, ഈ നിയമസംഹിതയുടെ നികായത്തിലെ വ്യവസ്ഥകളോട് അസംഗതമായിരിക്കാൻ പാടില്ലാത്തതും, എന്നാൽ അതിനു വിധേയമായി, ആ ചട്ടങ്ങൾക്ക് സിവിൽകോടതികളുടെ നടപടിക്രമം സംബന്ധിച്ച ഏതു വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പ് നല്കുന്ന അധികാരങ്ങളുടെ സാമാന്യതയ്ക്കു ഭംഗംവരാതെയും അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെപറയുന്ന എല്ലാവിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്:—

(ക) സമൻസുകളും നോട്ടീസുകളും മററു പ്രാസസ്സുകളും പോസ്ററുവഴിയോ, മറേറതെങ്കിലും രീതിയിലോ സാമാന്യമായോ, അല്ലെങ്കിൽ ഏതെങ്കിലും വിനിർദ്ദിഷ്ടമായ പ്രദേശത്തോ നടത്തുന്നതും, അങ്ങനെയുള്ള നടത്തൽ തെളിയിക്കുന്നതും ;

(ഖ) ജപ്തിയിലിരിക്കെ കന്നുകാലികളുടേയും മററു ജംഗമവസ്തുവിൻേറയും സംരക്ഷണവും സൂക്ഷിപ്പും, അങ്ങനെയുള്ള സംരക്ഷണത്തിനും സൂക്ഷിപ്പിനും കൊടുക്കേണ്ട ഫീസും, അങ്ങനെയുള്ള കന്നുകാലികളുടേയും വസ്തുക്കളുടേയും വിൽപ്പനയും, അങ്ങനെയുള്ള വിൽപ്പനയിൽ കിട്ടുന്ന തുകയും;

(ഗ) പ്രത്യവകാശവാദ രൂപത്തിലുള്ളവ്യവഹാരങ്ങളിലെ നടപടിക്രമവും, അധികാരിതയുടെ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള വ്യവഹാരങ്ങളുടെ മൂല്യ കണക്കാക്കലും ;

(ഘ) കടങ്ങളുടെ ജപ്തിയ്ക്കും വിൽപ്പനയ്ക്കും പുറമേ ആയോ, പകരമായോ ഉള്ള ഗാർണിഷി ഉത്തരവുകളിലേയും ചാർജാക്കുന്ന ഉത്തരവുകളിലേയും നടപടിക്രമം ;

(ങ) ഏതെങ്കിലും ആൾക്കെതിരായി, അയാൾ വ്യവഹാരങ്ങളിലെ കക്ഷി ആണെങ്കിലും അല്ലെങ്കിലും, അംശദായത്തിനോ നഷ്ടോത്തരവാദത്തിനോ അവകാശമുണ്ടെന്നു പ്രതി അവകാശപ്പെടുന്നിടത്തുള്ള നടപടിക്രമം;

(ച) (i) വാദി,—

പ്രകടമോ വ്യംഗ്യമോ ആയ ഒരു കാൺട്രാക്ററിൻമേലോ ;

വസൂലാക്കപ്പെടണമെന്ന് അപേക്ഷിച്ചിട്ടുള്ള തുക ഒരു നിശ്ചിത തുകയോ ദണ്ഡനമോ അല്ലാത്ത ഒരു കടത്തിൻെറപ്രകൃതത്തിലുള്ള തുകയോ ആയിരിക്കുന്നിടത്ത്, ഒരു അധിനിയമത്തിൻമേലോ ;

മൂലാധമർണ്ണന് എതിരായുള്ള അവകാശവാദം, ഒരു കടമോ ക്ലിപ്ത ഡിമാൻറായോ മാത്രം സംബന്ധിച്ചുള്ളതായിരുന്നിടത്ത്, ഒരു ഗാരൻറിയിൻമേലോ ;

ഒരു ട്രസ്ററിൻമേലോ ;

ഉത്ഭവിക്കുന്നതും, പ്രതി പലിശയോടുകൂടിയോ കൂടാതെയോ കൊടുക്കേണ്ടതുമായ ഒരു കടമോ, പണമായുള്ള ക്ലിപ്ത ഡിമാൻറോ വസൂലാക്കാൻ മാത്രം അപേക്ഷിക്കുന്ന വ്യവഹാരത്തിലേയോ; അല്ലെങ്കിൽ

(ii) ഏത് കുടിയാൻെറ കാലാവധിയാണോ, കഴിയുകയോ ഒഴിയാനുള്ള നോട്ടീസ് വഴി മുറപ്രകാരം അവസാനിപ്പിക്കുകയോ, പാട്ടം (വാടക) കൊടുക്കാത്തതിന അവകാശ നഷ്ടത്തിന് ബാദ്ധ്യസ്ഥരായിത്തീരുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള കുടിയാനോ, അയാൾക്ക് കീഴിൽ അവകാശപ്പെടുന്ന ആളുകൾക്കോ എതിരായി പാട്ടത്തിനോ (വാടകയ്ക്കോ) ഇടക്കാല ലാഭത്തിനോ ഉള്ള അവകാശവാദത്തോടുകൂടിയോ കൂടാതെയോ സ്ഥാവരവസ്തു വീണ്ടെടുക്കാനുള്ള ഒരു ഭൂഉടമയാലുള്ള വ്യവഹാരങ്ങളിലേയോ

സമ്മറി നടപടിക്രമം ;

(ഛ) ആരംഭിപ്പിക്കുന്ന സമൻസുകൾ വഴിയുള്ള നടപടിക്രമം ;

(ജ) വ്യവഹാരങ്ങളും അപ്പീലുകളും മററ് നടപടികളും സഞ്ചയിക്കൽ;

(ഡ) കോടതിയിലെ ഏതെങ്കിലും രജിസ്ട്രാർക്കോ, പ്രോത്തോ നോട്ടറിക്കോ, മാസ്ററർക്കോ, മററ് ഉദ്യോഗസ്ഥനോ ഏതെ കിലും ജൂഡീഷ്യലോ അർത്ഥ—ജൂഡീഷ്യലോ ജൂഡീഷ്യല ല്ലാത്തതോ ആയ കർത്തവ്യങ്ങൾ പ്രത്യായോജനംചെയ്യൽ;

(ഞ) സിവിൽ കോടതികളുടെ കാര്യങ്ങളുടെ നടത്തിപ്പിന് ആവശ്യ കമായതോ അഭിലഷണീയമായതോ ആയ എല്ലാ ഫാറങ്ങളും രജിസ്ററുകളും ബുക്കുകളും കുറിപ്പുകളും കണക്കുകളും,

129. ഹൈക്കോടതികൾക്ക്, അവയുടെ ആദ്യസിവിൽ നടപടിക്രമം• സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—ഈ നിയമസംഹിതയിൽ എന്തുതന്നെയിരുന്നാലും, ജൂഡീഷ്യൽ കമ്മീഷണറുടെ കോടതി അല്ലാത്ത ഏതെങ്കിലും ഹൈക്കോടതിയ്ക്ക്, അതിന്റെ സിവിൽ ആദ്യാധികാരിത യുടെ പ്രയോഗത്താൽ അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിന് യുക്തമെന്ന് തോന്നുന്നതും, അത് സ്ഥാപിച്ച ലറേഴ്സ് പേറററി നോടോ, ഓർഡറിനോടോ മററ് നിയമത്തിനോടോ അസംഗതമല്ലാത്തതു മായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, ഇതിൽ അടങ്ങിയ യാതൊന്നും, ഈ നിയമസംഹിതയുടെ പ്രാരംഭത്തിൽ നിലവിൽ ഉണ്ടായിരുന്ന അങ്ങനെയുള്ള ഏതെങ്കിലും ചട്ടങ്ങളുടെ സാധുതയെ ബാധിക്കുന്നതല്ലാത്തതും ആകുന്നു.

130. നടപടി ക്രമമല്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള മററു ഹൈക്കോടതികളുടെ അധികാരങ്ങൾ.—129-ാം വകുപ്പ് ബാധകമാകുന്ന ഹൈക്കോടതിയല്ലാത്ത ഒരു ഹൈക്കോടതിക്ക്, സ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, നടപടിക്രമമല്ലാത്ത ഏതെങ്കിലും വിഷയം സംബന്ധിച്ച്, ഒരു സ്റേററിലുള്ള ഹൈക്കോട തിക്ക്, അതിന്റെ അധികാരിതയ്ക്ക് കീഴിലുള്ളതും ഒരു പ്രസിഡൻസി ടൗണിന്റെ അതിർത്തികൾക്കുള്ളിൽ ഉൾപ്പെടുന്നതും അല്ലാത്തതുമായ രാജ്യകേന്ദ്രങ്ങളുടെ ഏതെങ്കിലും ഭാഗത്തിന്, അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച്, ഭരണഘടനയുടെ 227-ാം അനുച്ഛേദത്തിൻ കീഴിൽ ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടം ഉണ്ടാക്കാവുന്നതാണ്.

131. ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ.—129-ാം വകുപ്പോ, 130-ാം വകുപ്പോ അനുസരിച്ച് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ, ഔദ്യോഗിക ഗസററിൽ പ്രസിദ്ധ പ്പെടുത്തേണ്ടതും, അവയ്ക്ക് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതല്ക്കോ വിനിർദ്ദേശിക്കപ്പെടുന്ന മററു തീയതി മുതല്ക്കോ നിയമപ്രാബല്യമുണ്ടാ യിരിക്കുന്നതും ആകുന്നു.

## ഭാഗം XI

## പലവക

132. നേരിട്ട് ഹാജരാകുന്നതിൽനിന്ന് ചില സ്ത്രീകൾ ഒഴിവാക്കപ്പെടുന്നത്.—(1) നാട്ടിലെ ആചാരങ്ങളും സമ്പ്രദായങ്ങളും അനുസരിച്ച് പൊതു സ്ഥലത്ത് പ്രത്യക്ഷപ്പെടുന്നതിന് നിർബന്ധിക്കപ്പെടാൻ പാടില്ലാത്ത സ്ത്രീകൾ, കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന്, ഒഴിവാക്കപ്പെ ട്ടിരിക്കുന്നതാകുന്നു.

(2) ഇതിൽ അടങ്ങിയ യാതൊന്നും, ഈ നിയമസംഹിത സ്ത്രീകളുടെ അറസ്ററ് നിരോധിക്കാത്ത ഏതെങ്കിലും സംഗതിയിൽ, അങ്ങനെയുള്ള സ്ത്രീകൾക്ക് സിവിൽ പ്രാസസ്സിന്റെ നടത്തലിൽ അറസ്ററ് ചെയ്യുന്ന തിൽനിന്ന് ഒഴിവാക്കുന്നതായി കരുതപ്പെടുന്നതല്ല.

133. മററാളുകൾ ഒഴിവാക്കപ്പെടുന്നത്.—(1) താഴെ പറയുന്ന ആളുകൾക്ക്, കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്, അതായത്;—

(i) ഇൻഡ്യയുടെ രാഷ്ട്രപതി ;
(ii) ഇൻഡ്യയുടെ ഉപരാഷ്ട്രപതി ;
(iii) ലോകസഭയുടെ സ്പീക്കർ ;
(iv) യൂണിയന്റെ മന്ത്രിമാർ ;
(v) സുപ്രീംകോടതിയിലെ ജഡ്ജിമാർ ;
(vi) സ്റേററുകളിലെ ഗവർണ്ണർമാരും യൂണിയൻ രാജ്യക്ഷേത്രങ്ങളിലെ ഭരണകർത്താക്കളും ;
(vii) സ്റേററ്നിയമസഭകളിലെ സ്പീക്കർമാർ;
(viii) സ്റേററ് നിയമസമിതികളിലെ അദ്ധ്യക്ഷൻമാർ ;
(ix) സ്റേററ് മന്ത്രിമാർ ;
(x) ഹൈക്കോടതികളിലെ ജഡ്ജിമാർ;
(xi) 87 ഖ വകുപ്പ് ബാധകമാകുന്ന ആളുകൾ.

(2) [1956-ലെ 66-ാം നമ്പർ ആക്ററ്, 12-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

(3) ഏതെങ്കിലും ആൾ അങ്ങനെയുള്ള ഒഴിവാക്കപ്പെടലിനുള്ള വിശേഷാവകാശം അവകാശപ്പെടുകയും, തൽഫലമായി അയാളെ കമ്മിഷൻ മുഖാന്തിരം വിസ്തരിക്കുന്നത് ആവശ്യകമായിരിക്കുകയും ചെയ്യുന്നിടത്ത്, ആ കമ്മിഷനുള്ള കോടതിചെലവ്, അയാളുടെ തെളിവ് ആവശ്യപ്പെടുന്ന കക്ഷി കൊടുക്കാത്തപക്ഷം, അയാൾ കൊടുക്കേണ്ടതാകുന്നു.

134. വിധി നടത്തലില്ലാതെയുള്ള അറസ്ററ്.—55, 57, 59 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നത്ര ഈ നിയമസംഹിതയിൻ കീഴിൽ അറസ്ററു ചെയ്യപ്പെടുന്ന എല്ലാ ആളുകൾക്കും ബാധകമായിരിക്കുന്നതാണ്.

135. സിവിൽ പ്രോസസ്സിൻകീഴിലെ അറസ്ററിൽനിന്നുള്ള ഒഴിവാക്കപ്പെടൽ.—(1) യാതൊരു ജഡ്ജിയും രജിസ്ട്രാറും അല്ലെങ്കിൽ മററ് നീതിന്യായ ഉദ്യോഗസ്ഥനും, തന്റെ കോടതിയിലേക്ക് പോകുമ്പോഴോ അതിൽ ആദ്ധ്യക്ഷം വഹിക്കുമ്പോഴോ അവിടെനിന്ന് തിരിയെ വരുമ്പോഴോ, സിവിൽ പ്രോസസ്സിന് കീഴിൽ അറസ്ററിന് വിധേയനായിരിക്കുന്നതല്ല.

(2) ഏതെങ്കിലും വിഷയം, അതിൽ അധികാരിത ഉള്ളതോ, അങ്ങനെയുള്ള അധികാരിത ഉണ്ടെന്ന് ഉത്തമ വിശ്വാസപൂർവ്വം വിശ്വസിക്കുന്നതോ ആയ ഒരു ട്രിബ്യൂണലിന്റെ മുമ്പാകെ നിലവിലിരിക്കുന്നിടത്ത്, അതിലെ കക്ഷികളും, അവരുടെ പ്ലീഡർമാരും, മുക്ത്യാർനാമക്കാരും, റവന്യൂ ഏജൻറുമാരും, അംഗീകൃത ഏജൻറുമാരും സമൻസ് അനുസരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അവരുടെ സാക്ഷികളും, അങ്ങനെയുള്ള വിഷയത്തിന്റെ ആവശ്യത്തിനായി അങ്ങനെയുള്ള ട്രിബ്യൂണലിലേക്ക് പോകുമ്പോഴോ, അതിൽ ഹാജരായിരിക്കുമ്പോഴോ, അതിൽനിന്ന് തിരിയെ വരുമ്പോഴോ, കോർട്ട് അലക്ഷ്യത്തിനായി അങ്ങനെയുള്ള ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന പ്രോസസ്സ് അല്ലാത്ത സിവിൽ പ്രോസസ്സിൻ കീഴിലുള്ള അറസ്ററിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നതാകുന്നു.

(3) (2)-ാം ഉപവകുപ്പിലെ യാതൊന്നും, ഒരു വിധിക്കടക്കാരന്, ഉടൻ നടത്തലിനുള്ള ഒരു ഉത്തരവിൻ കീഴിലുള്ളതോ, അല്ലെങ്കിൽ വിധി നടത്തലിൽ, തന്നെ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യാതിരിക്കാൻ കാരണം

കാണിക്കാനായി അങ്ങനെയുള്ള വിധികടക്കാരൻ ഹാജരാകുന്നിടത്തുള്ളതോ ആയ അറസ്ററിൽനിന്ന് ഒഴിവാക്കൽ അവകാശപ്പെടാൻ കഴിവ് ഉണ്ടാകുന്നതല്ല.

135—ക സിവിൽ പ്രോസസ്സിൻ കീഴിലെ അറസ്ററിൽനിന്നും തടങ്കലിൽനിന്നും നിയമനിർമ്മാണ നികായങ്ങളിലെ അംഗങ്ങൾ ഒഴിവാക്കപ്പെടുന്നത്.—(1) യാതൊരാളും,—

(ക) അയാൾ—

(i) പാർലമെൻറിൻെറ ഇരുസഭകളിൽ ഇതിലേതെങ്കിലുമോ;

(ii) ഒരു സ്റേറററിലെ നിയമസഭയിലേയോ നിയമസമിതിയിലേയോ;

(iii) ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൻെറ അംഗമാണെങ്കിൽ, നിയമസഭയിലേയോ, അതതു സംഗതിപോലെ, അങ്ങനെയുള്ള പാർലമെൻറിലെ സഭയുടേയോ നിയമസഭയുടേയോ നിയമസമിതിയുടേയോ ഏതെങ്കിലും യോഗം തുടർന്നുകൊണ്ടിരിക്കുമ്പോഴും ;

(ഖ) അയാൾ,—

(i) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിൻെറയെങ്കിലുമോ ;

(ii) ഒരു സ്റേറററിൻേറയോ, യൂണിയൻ രാജ്യക്ഷേത്രത്തിൻേറയോ നിയമസഭയുടേയോ;

(iii) ഒരു സ്റേറററിലെ നിയമസമിതിയുടേയോ,

ഏതെങ്കിലും കമ്മിററിയിലെ അംഗമാണെങ്കിൽ അങ്ങനെയുള്ള കമ്മിററിയുടെ ഏതെങ്കിലും യോഗം തുടർന്ന്കൊണ്ടിരിക്കുമ്പോഴും ;

(ഗ) അയാൾ,—

(i) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേയെങ്കിലുമോ, നിയമസഭയും നിയമസമിതിയും രണ്ടും ഉള്ള ഒരു സ്റേറററിലെ നിയമസഭയിലേയോ നിയമസമിതിയിലേയോ, അംഗമാണെങ്കിൽ, അതതു സംഗതിപോലെ, പാർലമെൻറിൻെറ സഭകളുടേയോ സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിൻെറ സഭകളുടേയോ സംയുക്തമായ ഒരു ഉപവേശനമോ, യോഗമോ, കാൺഫറൻസോ, അല്ലെങ്കിൽ സംയുക്ത കമ്മിററിയോ തുടർന്നുകൊണ്ടിരിക്കുമ്പോഴും ;

അങ്ങനെയുള്ള യോഗത്തിനോ ഉപവേശനത്തിനോ, കാൺഫറൻസിനോ മുമ്പും പിമ്പും ഉള്ള നാൽപതു ദിവസവും, സിവിൽ പ്രോസസ്സിൻ കീഴിൽ അറസ്ററിനോ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കപ്പെടുന്നതിനോ വിധേയനായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തടങ്കലിൽനിന്ന് വിട്ടയയ്ക്കപ്പെടുന്ന ഒരു ആൾ, ആ ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വീണ്ടും അറസ്ററു ചെയ്യപ്പെടാനും, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ വിട്ടയക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അയാൾ വിധേയനാക്കാമായിരുന്ന കൂടുതൽ തടങ്കലിനും വിധേയനായിരിക്കുന്നതാണ്.

136. അറസ്ററ് ചെയ്യപ്പെടേണ്ട ആളോ ജപ്തി ചെയ്യപ്പെടേണ്ട വസ്തുവോ ജില്ലയ്ക്ക് വെളിയിലാണെങ്കിൽ ഉള്ള നടപടിക്രമം.—

(1) വിധികളുടെ നടത്തൽ സംബന്ധിച്ചുള്ളതല്ലാത്ത ഈ നിയമസംഹിതയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കീഴിൽ ഏതെങ്കിലും ആൾ അറസ്ററ് ചെയ്യപ്പെടേണ്ടതാണെന്നോ, ഏതെങ്കിലും വസ്തു ജപ്തി ചെയ്യപ്പെടേണ്ടതാണെന്നോ ഉള്ള ഒരു അപേക്ഷ കൊടുത്തിരിക്കുകയും, അങ്ങനെയുള്ള ആൾ താമസിക്കുകയോ അങ്ങനെയുള്ള വസ്തു സ്ഥിതി ചെയ്യുകയോ ചെയ്യുന്നത് അപേക്ഷ കൊടുക്കപ്പെടുന്ന കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കു വെളിയിൽ ആയിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് ഒരു അറസ്ററ്വാറണ്ട് പുറപ്പെടുവിക്കുകയോ, ഒരു ജപ്തിക്ക് ഉത്തരവു ചെയ്യുകയോ ചെയ്യുകയും, ഏത് ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ അങ്ങനെയുള്ള ആൾ താമസിക്കുകയോ, വസ്തു സ്ഥിതി ചെയ്യുകയോ ചെയ്യുന്നത്, ആ ജില്ലാക്കോടതിയിലേക്ക്, വാറൻറിൻെറയോ ഉത്തരവിൻെറയോ ഒരു പകർപ്പ്, അറസ്ററിൻെറയോ ജപ്തിയുടേയോ സംഭാവ്യമായ കോടതിച്ചെലവു തുക സഹിതം അയച്ചുകൊടുക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള പകർപ്പും തുകയും കിട്ടുന്നതിൻമേൽ, ജില്ലാക്കോടതി അറസ്ററോ, ജപ്തിയോ, അതിൻെറതന്നെ ഉദ്യോഗസ്ഥൻമാരെക്കൊണ്ടോ അതിൻെറതന്നെ കീഴെയുള്ള ഒരു കോടതിയെക്കൊണ്ടോ ചെയ്യിക്കേണ്ടതും, അങ്ങനെയുള്ള അറസ്ററിന് വാറൻറ് പുറപ്പെടുവിച്ചതോ ജപ്തിക്ക് ഉത്തരവു ചെയ്തതോ ആയ കോടതിയെ അറിയിക്കേണ്ടതുമാകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ ഒരു അറസ്ററ് നടത്തുന്ന കോടതി, അറസ്ററ് ചെയ്യപ്പെട്ട ആളെ, അയാാം അറസ്ററു വാറൻറ് പുറപ്പെടുവിച്ച കോടതിയിലേക്ക് താൻ അയയ്ക്കപ്പെടാതിരിക്കാൻ ആദ്യം പറഞ്ഞ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം കാരണം കാണിക്കാത്തപക്ഷമോ അല്ലെങ്കിൽ രണ്ടാമതു പറഞ്ഞ കോടതിമുമ്പാകെ താൻ ഹാജരാകുന്നതിനോ, ആ കോടതി തനിക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ കാര്യം തീർക്കുന്നതിനോ മതിയായ ജാമ്യം നല്കാത്തപക്ഷമോ, രണ്ടാമതു പറഞ്ഞ കോടതിയിലേക്ക് അയയ്ക്കേണ്ടതും, മുൻപറഞ്ഞ ഇരു സംഗതികളിലേതിലും അറസ്ററ്ചെയ്യുന്ന കോടതി അയാളെ വിട്ടയക്കേണ്ടതുമാകുന്നു.

(4) ഈ വകുപ്പിൻകീഴിൽ അറസ്ററ് ചെയ്യപ്പെടേണ്ട ആളോ, ജപ്തി ചെയ്യപ്പെടേണ്ട ജംഗമവസ്തുവോ, ബംഗാളിലെ ഫോർട്ട് വില്യമിലേയോ മദ്രാസിലേയോ ബോംബെയിലേയോ ഹൈക്കോടതിയുടെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലായിരിക്കുന്നിടത്ത്, അറസ്ററു വാറൻറിൻേറയോ ജപ്തിയ്ക്കുള്ള ഉത്തരവിൻേറയോ പകർപ്പും, അറസ്ററിൻേറയോ ജപ്തിയുടേയോ സംഭാവ്യമായ കോടതിച്ചെലവുതുകയും, അതതു സംഗതിപോലെ, കൽക്കട്ടയിലേയോ മദ്രാസിലേയോ ബാംബെയിലേയോ സ്മാൾ കാസസ് കോടതിക്ക് അയച്ചുകൊടുക്കേണ്ടതും, ആ കോടതി, ആ പകർപ്പും തുകയും കിട്ടുന്നതിൻമേൽ, അത് ജില്ലാക്കോടതിയിലായിരുന്നാലെന്നപോലെ തുടർന്ന് പ്രവർത്തിക്കേണ്ടതുമാകുന്നു.

137. കീഴ് കോടതികളിലെ ഭാഷ.—(1) ഈ നിയമ സംഹിതയുടെ പ്രാരംഭത്തിൽ ഒരു ഹൈക്കോടതിയുടെ കീഴെയുള്ള ഏതെങ്കിലും കോടതിയിലെ ഭാഷയായിരിക്കുന്ന ഭാഷ, സ്റേറററ് ഗവൺമെൻറ് മററുവിധത്തിൽ നിദേശിക്കുന്നതുവരെ അങ്ങനെയുള്ള കീഴ്ക്കോടതിയിലെ ഭാഷയായി തുടരുന്നതാകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, അങ്ങനെയുള്ള ഏതെങ്കിലും കോടതിയിലെ ഭാഷ ഏതായിരിക്കേണ്ടതാണെന്നും, അങ്ങനെയുള്ള കോടതികളിലേയ്ക്കുള്ള അപേക്ഷകളും അവയിലെ നടപടികളും എഴുതേണ്ടത് ഏത് ലിപിയിൽ ആയിരിക്കേണ്ടതാണെന്നും പ്രഖ്യാപിക്കാവുന്നതാണ്.

(3) ഈ നിയമ സംഹിത, അങ്ങനെയുള്ള കോടതിയിൽ തെളിവ് റിക്കാർഡാക്കുന്നതല്ലാത്ത എന്തെങ്കിലും ലിഖിതമായി ചെയ്യണമെന്ന് ആവശ്യപ്പെടുകയോ, ലിഖിതമായി ചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ലിഖിതം ഇംഗ്ലീഷിൽ ആകാവുന്നതും, എന്നാൽ ഏതെങ്കിലും കക്ഷിക്കോ അയാളുടെ പ്ലീഡർക്കോ ഇംഗ്ലീഷ് പരിചിതമല്ലെങ്കിൽ അയാൾക്ക് അയാളുടെ അപേക്ഷയിൻമേൽ കോടതിയിലെ ഭാഷയിൽ ഒരു തർജ്ജമ നൽകേണ്ടതും, അങ്ങനെയുള്ള തർജ്ജമ സംബന്ധിച്ച് കോടതിച്ചെലവ് കൊടുക്കുന്നതിനെക്കുറിച്ച്, ആ കോടതി യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാകുന്നു.

138. <u>തെളിവ് ഇംഗ്ലീഷിൽ റിക്കാർഡാക്കണമെന്ന് ആവശ്യപ്പെടാൻ ഹൈക്കോടതിക്കുള്ള അധികാരം.</u>—(1) ഹൈക്കോടതിക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതോ, അതിൽ കൊടുത്തിട്ടുള്ള ഒരു വിവരണത്തിൽപ്പെടുന്നതോ ആയ ഏതെങ്കിലും ജഡ്ജിയെ സംബന്ധിച്ച് അപ്പീൽചെയ്യാൻ അനുവദിക്കപ്പെടുന്ന കേസുകളിലെ തെളിവ് അദ്ദേഹം ഇംഗ്ലീഷ് ഭാഷയിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ എഴുതി എടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് ഒരു ജഡ്ജി ഏതെങ്കിലും മതിയായ കാരണത്താൽ തടയപ്പെടുന്നിടത്ത്, അദ്ദേഹം ആ കാരണം റിക്കാർഡാക്കുകയും, തെളിവ്, തുറന്ന കോടതിയിൽ താൻ പറഞ്ഞുകൊടുത്തു എഴുതി എടുപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

139. <u>സത്യവാങ്മൂലത്തിൻമേലുള്ള ശപഥം ചെയ്യിക്കേണ്ടത് ആരാണെന്ന്.</u>— ഈ നിയമ സംഹിതയിൻകീഴിലെ ഏതെങ്കിലും സത്യവാങ്മൂലത്തിന്റെ സംഗതിയിൽ.—

(ക) ഏതെങ്കിലും കോടതിക്കോ മജിസ്ട്രേററിനോ, അല്ലെങ്കിൽ,

(കക) നോട്ടറികൾ ആക്ററ്, 1952 (1952-ലെ-53)-ൻ കീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും നോട്ടറിക്കോ, അല്ലെങ്കിൽ

(ഖ) ഹൈക്കോടതി ഇതിലേക്ക് നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, മററ് ആൾക്കോ, അല്ലെങ്കിൽ

(ഘ) സ്റേററ് ഗവൺമെൻറിനാൽ ഇതിലേയ്ക്ക് സാമാന്യമായോ പ്രത്യേകമായോ അധികാരപ്പെടുത്തുന്ന മറേറതെങ്കിലും കോടതി നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, മൊഴിനൽകുന്ന ആളെക്കൊണ്ടു ശപഥം ചെയ്യിക്കാവുന്നതാണ്.

140. <u>സാൽവേജ് കേസുകൾ മുതലായ കേസുകളിലെ അസസ്സർമാർ.</u>—(1) സാൽവേജോ, കെട്ടിവലിക്കലോ, കൂട്ടിമുട്ടലോ സംബന്ധിച്ച ഏതെങ്കിലും അഡ്മിറാലിററികേസിലോ, വൈസ്-അഡ്മിറാലിററി കേസിലോ കോടതിക്ക് അത് പ്രയോഗിക്കുന്നത് അതിന്റെ ആദ്യാധികാരിതയോ അപ്പീൽ അധികാരിതയോ ആയാലും, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അതിനെ സഹായിക്കാൻ ക്ഷമതയുള്ള രണ്ട് അസസ്സർമാരെ, അത് നിർദ്ദേശിക്കുന്ന രീതിയിലോ നിർണ്ണയിക്കപ്പെടുന്ന രീതിയിലോ സമൺ ചെയ്യാവുന്നതും, അങ്ങനെയുള്ള

കേസിലെ ഇരുകക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൽമേൽ കോടതി അപ്രകാരം സമൺ ചെയ്യേണ്ടതും, അങ്ങനെയുള്ള അസസ്സർമാർ, അതനുസരിച്ചു ഹാജരാവുകയും സഹായിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു അസസ്സർക്കും, താൻ ഹാജരാകുന്നതിന് കോടതി നിദേശിക്കുന്നതോ, നിർണ്ണയിക്കപ്പെടുന്നതോ ആയ കക്ഷികൾ കൊടുക്കേണ്ടതും, അപ്രകാരം നിദേശിക്കുകയോ നിർണ്ണയിക്കപ്പെടുകയോ ചെയ്യുന്നതുമായ ഫീസ് ലഭിക്കേണ്ടതാകുന്നു.

141. പലവക നടപടികൾ.— വ്യവഹാരങ്ങൾ സംബന്ധിച്ച് ഈ നിയമസംഹിത വ്യവസ്ഥചെയ്യുന്ന നടപടിക്രമം, അത് ബാധകമാക്കപ്പെടാൻ കഴിയുന്നിടത്തോളം, സിവിൽ അധികാരിതയുള്ള ഏതെങ്കിലും കോടതിയിലെ എല്ലാ നടപടികളിലും അനുവർത്തിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.— ഈ വകുപ്പിൽ "നടപടികൾ" എന്ന പദത്തിൽ, ആർഡർ IX-ൻ കീഴിലെ നടപടികൾ ഉൾപ്പെടുന്നതും, എന്നാൽ ഭരണഘടന 226-ാം അനുച്ഛേദത്തിൻകീഴിലെ ഏതെങ്കിലും നടപടി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

142. ഉത്തരവുകളും നോട്ടീസുകളും ലിഖിതമായിരിക്കണമെന്ന്.— ഈ നിയമ സംഹിതയുടെ വ്യവസ്ഥകൾക്ക് കീഴിൽ ഏതെങ്കിലും ആൾക്കു നടത്തുന്നതോ നൽകുന്നതോ ആയ എല്ലാ ഉത്തരവുകളും നോട്ടീസുകളും ലിഖിതമായിരിക്കേണ്ടതാകുന്നു.

143. പോസ്റ്റേജ്— ഈ നിയമ സംഹിതയിൻകീഴിൽ പുറപ്പെടുവിക്കുന്നതും, പോസ്റ്റ് വഴി അയക്കുന്നതുമായ നോട്ടീസിനോ, സമൺസിനോ കത്തിനോ പോസ്റ്റേജ് ചാർജ്ജ് ചെയ്യാവുന്നിടത്ത്, പോസ്റ്റേജും, അത് രജിസ്റ്റർചെയ്യുന്നതിനുള്ള ഫീസും നിജപ്പെടുത്തുന്ന ഒരു സമയത്തിനുള്ളിൽ, ആ അറിയിപ്പ് അയയ്ക്കുന്നതിന് മുമ്പായി കൊടുക്കേണ്ടതാകുന്നു:

എന്നാൽ, സ്റ്റേററ് ഗവൺമെൻറ് അങ്ങനെയുള്ള പോസ്റ്റേജോ ഫീസോ രണ്ടുമോ ഇളവുചെയ്തുകൊടുക്കുകയോ, അല്ലെങ്കിൽ അതിനുപകരം ചുമത്തപ്പെടേണ്ട ഒരു കോർട്ടുഫീസ് തോതു നിർണ്ണയിക്കുകയോ ചെയ്യാവുന്നതാണ്,

144. പുനഃസ്ഥാപനത്തിനുള്ള അപേക്ഷ.—(1) ഒരു വിധിയോ ഉത്തരവോ, ഏതെങ്കിലും അപ്പീലിലോ റിവിഷനിലോ മററ് നടപടിയിലോ വ്യത്യാസപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ, അല്ലെങ്കിൽ അത് അസ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഏതെങ്കിലും വ്യവഹാരത്തിൽ അപ്രകാരം ചെയ്യുകയോ ചെയ്യുന്നിടത്തും, ചെയ്യുന്നിടത്തോളവും, ആ വിധിയോ ഉത്തരവോ പാസാക്കിയ കോടതി, പുനഃസ്ഥാപനംവഴിയോ മററുവിധത്തിലോ ഏതെങ്കിലും ആനുകൂല്യത്തിനു അവകാശമുള്ള ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ കക്ഷികളെ ആകുന്നത്ര അങ്ങനെയുള്ള വിധിയോ ഉത്തരവോ, അല്ലെങ്കിൽ അതിൻെറ വ്യത്യാസപ്പെടുത്തിയതോ മറിച്ച് വിധിച്ചതോ അസ്ഥിരപ്പെടുത്തിയതോ രൂപഭേദപ്പെടുത്തിയതോ ആയ ഭാഗമോ ഇല്ലായിരുന്നെങ്കിൽ അവർ ഏത് നിലയിൽ ആയിരിക്കുമായിരുന്നുവോ, ആ നിലയിൽ വയ്ക്കത്തക്ക പുനഃസ്ഥാപനം ചെയ്യിക്കേണ്ടതും, ഇതിനുവേണ്ടി കോടതിക്ക്, കോടതി ചെലവ് തിരിയെ കൊടുക്കുന്നതിനുള്ള ഉത്തരവും, വിധിയുടേയോ ഉത്തരവിൻേറയോ, അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലിൻേറയോ മറിച്ചു വിധിക്കലിൻേറയോ അസ്ഥിരപ്പെടുത്തലിൻേറയോ രൂപഭേദപ്പെടുത്തലിൻേറയോ ശരിക്കും അനന്തരഫലമായുള്ള പലിശയോ നഷ്ടപരിഹാരമോ പ്രതികരമോ ഇടക്കാല ലാഭമോ കൊടുക്കുന്നതിനുള്ള ഉത്തരവുകളും ഉൾപ്പെടെയുള്ള ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും ആണ്.

വിശദീകരണം.—1-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, "വിധിയോ ഉത്തരവോ പാസാക്കിയ കോടതി" എന്ന പദത്തിൽ,—

(ക) വിധിയോ ഉത്തരവോ, അപ്പീൽ അധികാരിതയുടെയോ റിവിഷൻ അധികാരിതയുടേയോ പ്രയോഗത്തിൽ വ്യത്യാസപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, ആദ്യക്കോടതിയും;

(ഖ) വിധിയോ ഉത്തരവോ, വേറെ വ്യവഹാരംവഴി അസ്ഥിരപ്പെടുത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള വിധിയോ ഉത്തരവോ പാസാക്കിയ ആദ്യക്കോടതിയും;

(ഗ) ആദ്യക്കോടതിക്ക് ആസ്തിത്വം ഇല്ലാതാകുകയോ അല്ലെങ്കിൽ അതിന് ആ വിധി നടത്താനുള്ള അധികാരിത ഇല്ലാതാകുകയോ ചെയ്തിട്ടുള്ളിടത്ത്, ഏത് വ്യവഹാരത്തിലാണോ ആ വിധിയോ ഉത്തരവോ പാസാക്കിയത്, ആ വ്യവഹാരം ഈ വകുപ്പിൻകീഴിൽ പുനഃസ്ഥാപനത്തിനുള്ള അപേക്ഷ കൊടുത്ത സമയത്ത് ആരംഭിച്ചിരുന്നെങ്കിൽ അങ്ങനെയുള്ള വ്യവഹാരം വിചാരണചെയ്യാൻ അധികാരിത ഉണ്ടാകുമായിരുന്ന കോടതിയും, ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

(2) 1-ാം ഉപവകുപ്പിൻകീഴിലെ അപേക്ഷാവഴി ലഭിക്കാൻ കഴിഞ്ഞ ഏതെങ്കിലും പുനഃസ്ഥാപനമോ മററ് നിവൃത്തിയോ ലഭിക്കുന്നതിനുവേണ്ടി യാതൊരു വ്യവഹാരവും ആരംഭിക്കാൻ പാടുള്ളതല്ല.

145. ജാമ്യക്കാരന്റെ ബാദ്ധ്യത പ്രാവർത്തികമാക്കാൻ ഏതെങ്കിലും ആൾ.—

(ക) ഏതെങ്കിലും വിധിയുടേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ നിർവ്വഹണത്തിനോ;

(ഖ) ഒരു വിധിയുടെ നടത്തലിൽ എടുക്കപ്പെട്ട ഏതെങ്കിലും വസ്തുവിന്റെ ആ പുനഃസ്ഥാപനത്തിനോ;

(ഗ) ഏതെങ്കിലും പണം കൊടുക്കുന്നതിലോ, അല്ലെങ്കിൽ ഏതെങ്കിലും വ്യവഹാരത്തിലോ, അതിന്റെ അനന്തരഫലമായുള്ള ഏതെങ്കിലും നടപടിയിലോ, കോടതിയുടെ ഒരു ഉത്തരവിൻകീഴിൽ ഏതെങ്കിലും ആളുടെ മേൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും ഉപാധി നിറവേററുന്നതിനോ, ജാമ്യ നൽകുകയോ, ഗാരൻറി നൽകുകയോ ചെയ്തിട്ടുള്ളിടത്ത്, വിധിയോ ഉത്തരവോ വിധികളുടെ നടത്തലിന് ഇതിൽ വ്യവസ്ഥ ചെയ്ത രീതിയിൽ, അതായത്.—

(i) അയാൾ, തന്നെ കൈയാൽ ബാദ്ധ്യസ്ഥനായിട്ടുണ്ടെങ്കിൽ അത്രത്തോളം അയാൾക്കെതിരായും;

(ii) അയാൾ ഏതെങ്കിലും വസ്തു ജാമ്യമായി നൽകിയിട്ടുണ്ടെങ്കിൽ, ജാമ്യത്തിന്റെ വ്യാപ്തിയോളം, അങ്ങനെയുള്ള വസ്തുവിന്റെ വില്പനവഴിയും;

(iii) കേസ് (i)-ാം ഖണ്ഡത്തിനും (ii)-ാം ഖണ്ഡത്തിനും, രണ്ടിനുംകീഴിൽ വരുന്നുണ്ടെങ്കിൽ, ആ ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യാപ്തിയോളവും,

നടത്താവുന്നതും, അങ്ങനെയുള്ള ആൾ 47-ാം വകുപ്പിന്റെ അർത്ഥത്തിൽ ഒരു കക്ഷിയായി കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ, അതിന് ഓരോ കേസിലും കോടതിക്ക് മതിയായതായി തോന്നുന്ന നോട്ടീസ് ജാമ്യക്കാരന് നൽകിയിട്ടുണ്ടായിരിക്കണം.

146. പ്രതിനിധികളാലോ അവർക്ക് എതിരായോ ഉള്ള നടപടികൾ.— ഈ നിയമസംഹിതയോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ, മററുവിധത്തിൽ വ്യവസ്ഥചെയ്യുന്ന വിധമൊഴികെ ഏതെങ്കിലും ആൾക്കോ, ആൾക്കെതിരായോ ഏതെങ്കിലും നടപടി എടുക്കുകയോ, അപേക്ഷ

കൊടുക്കുകയോ ചെയ്യാവുന്നതായിരിക്കുമ്പോൾ, അയാൾക്ക് കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ ആൾക്കെതിരായോ ആ നടപടി എടുക്കുകയോ ആ അപേക്ഷ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

147. <u>അവശതയുള്ള ആളുകളാലുള്ള സമ്മതമോ കരാറോ.</u>— അവശതയുള്ള ഏതെങ്കിലും കക്ഷി ആയിരിക്കുന്ന എല്ലാ വ്യവഹാരങ്ങളിലും, ഏതെങ്കിലും നടപടി സംബന്ധിച്ചുള്ള ഏതെങ്കിലും സമ്മതത്തിനോ, കരാറിനോ, അത് വ്യവഹാരത്തിലേക്കായുള്ള ഉററ ബന്ധുവോ രക്ഷാകർത്താവോ, കോടതിയുടെ പ്രകടമായ അനുമതിയോടുകൂടി നൽകുകയോ ചെയ്യുകയോ ചെയ്യുന്നതാണെങ്കിൽ, അങ്ങനെയുള്ള ആൾക്ക് യാതൊരു അവശതയും, ഇല്ലാതിരിക്കുകയും, അയാൾ അങ്ങനെയുള്ള അനുമതി നൽകുകയോ അങ്ങനെയുള്ള കരാർ ചെയ്യുകയോ, ചെയ്തിട്ടുണ്ടായിരിക്കുകയും ചെയ്താലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്.

148. <u>സമയം കൂട്ടിക്കൊടുക്കൽ.</u>— ഈ നിയമസംഹിത നിർണ്ണയിക്കുന്നതോ, അനുവദിക്കുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതിന് കോടതി ഏതെങ്കിലും കാലയളവ് നിജപ്പെടുത്തുകയോ നൽകുകയോ ചെയ്യുന്നിടത്ത്, കോടതിക്കു സ്വവിവേകം ഉപയോഗിച്ച്, അപ്പോഴപ്പോൾ അങ്ങനെയുള്ള കാലയളവ് ആദ്യം നിജപ്പെടുത്തിയതോ നൽകിയതോ ആയ കാലയളവ് കഴിഞ്ഞിട്ടുണ്ടാകാമെന്നിരിക്കിലും. കൂട്ടിക്കൊടുക്കാവുന്നതാണ്.

148ക. <u>കാവിയററ് കൊടുക്കാനുള്ള അവകാശം.</u>—(1) ഒരു കോടതിയിൽ ആരംഭിച്ചിട്ടുള്ളതോ, ആരംഭിക്കാൻ പോകുന്നതോ ആയ ഒരു വ്യവഹാരത്തിലോ നടപടിയിലോ ഒരു അപേക്ഷ കൊടുക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയോ കൊടുത്തിരിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള അപേക്ഷ കേൾക്കുമ്പോൾ, കോടതി മുമ്പാകെ ഹാജരാകാനുള്ള അവകാശം അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്ക്, അതുസംബന്ധിച്ച് ഒരു കാവിയററ് കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കാവിയററ് കൊടുത്തിട്ടുള്ളിടത്ത്, കാവിയററ് കൊടുത്തിട്ടുള്ള ആൾ (ഇതിൽ ഇതിനുശേഷം കാവിയററുകാരൻ എന്ന് പരാമർശിക്കപ്പെടുന്ന ആൾ) (1)-ാം ഉപവകുപ്പിൻകീഴിൽ അപേക്ഷ കൊടുത്തിട്ടുള്ളതോ, കൊടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതോ ആയ ആൾക്ക് കാവിയററിനെക്കുറിച്ചുള്ള ഒരു നോട്ടീസ്, കൈപ്പററു രസീതു വേണ്ട രജിസ്റ്റേറഡ് പോസ്ററുവഴി നടത്തേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കാവിയററു കൊടുക്കപ്പെട്ടതിനുശേഷം, ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ഏതെങ്കിലും അപേക്ഷ ഫയൽ ചെയ്യുന്നിടത്ത്, കോടതി ആ അപേക്ഷയെക്കുറിച്ചുള്ള ഒരു നോട്ടീസ് കാവിയററുകാരന് നടത്തേണ്ടതാകുന്നു.

(4) അപേക്ഷകന് ഏതെങ്കിലും കാവിയററിനെക്കുറിച്ചുള്ള നോട്ടീസ് നടത്തിയിട്ടുള്ളിടത്ത്, താൻ കൊടുത്തിട്ടുള്ള അപേക്ഷയുടെ ഒരു പകർപ്പും കൂടാതെ അപേക്ഷയ്ക്ക് താങ്ങായി താൻ ഫയൽചെയ്തിട്ടുള്ളതോ ചെയ്യാവുന്നതോ ആയ ഏതെങ്കിലും കടലാസിന്റേയോ രേഖയുടെയോ പകർപ്പുകളും ഉടനടി കാവിയററുകാരന്റെ ചെലവിൽ അയാൾക്ക് നൽകേണ്ടതാകുന്നു.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കാവിയററ് കൊടുത്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള കാവിയററ്, അത് കൊടുത്ത തീയതി മുതൽ തൊണ്ണൂറു ദിവസം കഴിഞ്ഞതിനുശേഷം, ആ കാലയളവ് കഴിയുന്നതിന് മുമ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച അപേക്ഷ കൊടുത്തിട്ടില്ലാത്തപക്ഷം പ്രാബല്യത്തിൽ ഇരിക്കുന്നതല്ല.

149. കോർട്ട്ഫീസിൻെറ കുറവ് നികത്താനുള്ള അധികാരം.— കോർട്ട ഫീസ് സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമം ഏതെങ്കിലും രേഖയ്ക്ക് നിർണ്ണയിക്കുന്ന ഏതെങ്കിലും ഫീസ് മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗമോ കൊടുത്തിട്ടില്ലാത്തിടത്ത്, കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് ഏതു ഘട്ടത്തിലും അങ്ങനെയുള്ള ഫീസ് കൊടുക്കേണ്ട ആളെ, അതതുസംഗതിപോലെ, അങ്ങനെയുള്ള കോർട്ടുഫീസ് മുഴുവനുമോ അതിൻെറ ഭാഗമോ കൊടുക്കാൻ അനുവദിക്കാവുന്നതും, അങ്ങനെ കൊടുക്കുന്നതോടെ, ഏതു രേഖ സംബന്ധിച്ചാണോ അങ്ങനെയുള്ള ഫീസ് കൊടുക്കേണ്ടത്, ആ രേഖയ്ക്ക്, അങ്ങനെയുള്ള ഫീസ് ആദ്യമെതന്നെ കൊടുത്തിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

150. പ്രവൃത്തി മാററുന്നത്.— മററുവിധത്തിൽ വ്യവസ്ഥചെയ്യുന്ന വിധം ഒഴികെ, ഏതെങ്കിലും കോടതിയുടെ പ്രവൃത്തി മററേതെങ്കിലും കോടതിയിലേയ്ക്ക് മാറുന്നിടത്ത് ഏതു കോടതിയിൽനിന്നാണോ പ്രവൃത്തി അപ്രകാരം മാററിയത്, ആ കോടതിക്കോ കോടതിയുടെ മേലോ ഈ നിയമസംഹിതയോ ഈ നിയമസംഹിതയ്ക്ക് കീഴിലോ യഥാക്രമം നൽകിയിരുന്നതോ ചുമത്തിയിരുന്നതോ ആയ അതേ അധികാരങ്ങളും കർത്തവ്യങ്ങളും, ഏതു കോടതിയിലേയ്ക്കാണോ പ്രവൃത്തി അപ്രകാരം മാററുന്നത്, ആ കോടതിക്ക് ഉണ്ടായിരിക്കുന്നതും ആ കോടതി നിർവ്വഹിക്കേണ്ടതുമാകുന്നു.

151. കോടതിയുടെ സഹജാധികാരങ്ങൾ ഒഴിവാക്കൽ.— ഈ നിയമസംഹിതയിലെ യാതൊന്നും നീതിയുടെ ലക്ഷ്യങ്ങൾക്കോ, കോടതിയുടെ പ്രക്രിയ ദുരുപയോഗപ്പെടുത്തുന്നത് തടയാനോ ആവശ്യകമായ ഉത്തരവ് പുറപ്പെടുവിക്കാൻ കോടതിക്കുള്ള സഹജാധികാരത്തെ പരിമിതിപ്പെടുത്തുന്നതായോ മററുവിധത്തിൽ ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

152. വിധിന്യായങ്ങളുടെയോ വിധികളുടെയോ ഉത്തരവുകളുടേയോ ഭേദഗതി.— വിധിന്യായങ്ങളിലേയോ വിധികളിലേയോ ഉത്തരവുകളിലേയോ കൈത്തെററുകളോ, കണക്കുകൂട്ടലിലെ തെററുകളോ, അല്ലെങ്കിൽ ഏതെങ്കിലും യാദൃച്ഛികമായ അബദ്ധത്തിൽനിന്നോ, വിട്ടുപോകലിൽനിന്നോ, അവയിൽ ഉദ്ഭവിക്കുന്ന പിശകുകളോ, കോടതിക്ക് ഏതു സമയത്തും സ്വയമേവ അല്ലെങ്കിൽ കക്ഷികളുടെ ആരുടെയെങ്കിലും അപേക്ഷയിൻമേൽ തിരുത്താവുന്നതാണ്.

153. ഭേദഗതി ചെയ്യാനുള്ള സാമാന്യാധികാരം.— കോടതിക്ക് ഏതു സമയത്തും കോടതിച്ചെലവു സംബന്ധിച്ചതോ, മററുവിധത്തിലുള്ളതോ ആയ യുക്തമെന്ന് തോന്നുന്ന, നിബന്ധനകളിൻമേൽ ഒരു വ്യവഹാരത്തിലെ ഏതെങ്കിലും നടപടിയിലുള്ള ഏതെങ്കിലും ന്യൂനതയോ പിശകോ ഭേദഗതി ചെയ്യാവുന്നതും, അങ്ങനെയുള്ള നടപടി ഉളവാക്കുന്നതോ, അതിനെ ആശ്രയിക്കുന്നതോ ആയ ഏതെങ്കിലും യഥാർത്ഥപ്രശ്നമോ, വിവാദ്യമോ തീർപ്പാക്കുന്നതിനുവേണ്ടി എല്ലാ ആവശ്യകമായ ഭേദഗതികളും കോടതി ചെയ്യേണ്ടതും ആകുന്നു.

153ക. അപ്പീൽ സമ്മറിയായി തള്ളിക്കളയുന്നിടത്ത് വിധിയോ ഉത്തരവോ ഭേദഗതിചെയ്യുന്നതിനുള്ള അധികാരം.— ആർഡർ XLI, 11-ാം ചട്ടത്തിൻ കീഴിൽ അപ്പീൽകോടതി അപ്പീൽ തള്ളിക്കളയുന്നിടത്ത്, ഏതു വിധിക്കോ ഉത്തരവിനോ എതിരായാണ് അപ്പീൽ ചെയ്തിട്ടുള്ളത് ആ വിധിയോ ഉത്തരവോ 152-ാം വകുപ്പിൻകീഴിൽ ഭേദഗതിചെയ്യാനുള്ള അധികാരം, വിധിയോ ഉത്തരവോ ആദ്യമായി പാസാക്കിയിട്ടുണ്ടായിരുന്ന കോടതിക്ക്, അപ്പീൽ തള്ളിക്കളയലിന്, അതതുസംഗതിപോലെ, ആദ്യ കോടതി പാസാക്കിയ വിധിക്കോ ഉത്തരവോ സ്ഥിരപ്പെടുത്തുന്ന പ്രഭാവം ഉണ്ടെന്നിരുന്നാലും, പ്രയോഗിക്കാവുന്നതാണ്.

153ഖ. വിചാരണ സ്ഥലം തുറന്ന കോടതിയായി കരുതപ്പെടുമെന്ന്,— ഏതെങ്കിലും വ്യവഹാരം വിചാരണചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും സിവിൽകോടതി കൂടുന്നസ്ഥലം, ഒരു തുറന്ന കോടതിയായി കരുതപ്പെടുന്നതും, അതിലേക്ക് പൊതുജനങ്ങൾക്ക് സാമാന്യമായി, അവരെ സൗകര്യമായി ഉൾക്കൊള്ളുന്നിടത്തോളം പ്രവേശനം ഉണ്ടായിരിക്കാവുന്നതും, ആകുന്നു.

എന്നാൽ അ ദ്ധ്യ ക്ഷ ത വ ഹി ക്കു ന്ന ജ ഡ് ജി ക്ക്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഏതെങ്കിലും പ്രത്യേക കേസിന്റെ അന്വേഷണവിചാരണയുടെയോ, വിചാരണയുടേയോ ഏത് ഘട്ടത്തിലും, പൊതുജനങ്ങൾക്ക് സാമാന്യമായോ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക ആൾക്കോ, കോടതി ഉപയോഗിക്കുന്ന മുറിയിലോ കെട്ടിടത്തിലോ പ്രവേശനം ഉണ്ടായിരിക്കുകയോ, അവരോ അയാളോ അതിനുള്ളിൽ ഉണ്ടായിരിക്കുകയോ, തുടർന്ന് ഉണ്ടായിരിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

[154. 1952-ലെ XLVIII-ാം നമ്പർ ആക്റ്റ് 3-ാം വകുപ്പിനാലും പട്ടികയാലും വിട്ടുകളയപ്പെട്ടു.]

[155. 1952-ലെ XLVIII-ാം നമ്പർ ആക്റ്റ് 3-ാം വകുപ്പിനാലും പട്ടികയാലും വിട്ടുകളയപ്പെട്ടു.]

[156. 1914-ലെ XVII-ാം നമ്പർ ആക്റ്റ് 3-ാം വകുപ്പിനാലും II-ാം പട്ടികയാലും വിട്ടുകളയപ്പെട്ടു.]

157. റദ്ദാക്കപ്പെട്ട അധിനിയമങ്ങൾക്ക് കീഴിലെ ഉത്തരവുകൾ തുടരുന്നത്.— 1989-ലെ VIII-ാം ആക്റ്റിൻകീഴിലോ, അല്ലെങ്കിൽ ഏതെങ്കിലും സിവിൽ നടപടിനിയമ സംഹിതയ്ക്കോ, അത് ഭേദഗതി ചെയ്യുന്ന ഏതെങ്കിലും ആക്റ്റിനോ കീഴിലോ, അല്ലെങ്കിൽ ഇതിനാൽ റദ്ദാക്കപ്പെടുന്ന മറ്റേതെങ്കിലും അധിനിയമത്തിൻകീഴിലോ, പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനങ്ങൾക്കും, ചെയ്ത പ്രഖ്യാപനങ്ങൾക്കും, ഉണ്ടാക്കിയ ചട്ടങ്ങൾക്കും, നിശ്ചയിച്ച സ്ഥലങ്ങൾക്കും, ഫയൽചെയ്ത കരാറുകൾക്കും, നിർണ്ണയിച്ച തോതുകൾക്കും, തയ്യാറാക്കിയ ഫാറങ്ങൾക്കും, നടത്തിയ നിയമനങ്ങൾക്കും, നൽകിയ അധികാരങ്ങൾക്കും, ഈ നിയമസംഹിതയോട് സംഗതമായിരിക്കുന്നിടത്തോളം, അവ യഥാക്രമം ഈ നിയമസംഹിതയ്ക്ക് കീഴിലും അതിനാൽ അതിലേയ്ക്ക് പ്രാധികാരപ്പെടുത്തിയ അധികാരസ്ഥാനത്താലും, പ്രസിദ്ധപ്പെടുത്തുകയോ, ചെയ്യുകയോ, ഉണ്ടാക്കുകയോ, നിശ്ചയിക്കുകയോ, ഫയൽ ചെയ്യുകയോ, നിർണ്ണയിക്കുകയോ, തയ്യാറാക്കുകയോ, നടത്തുകയോ, നൽകുകയോ ചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്.

158. സിവിൽ നടപടി നിയമ സംഹിതയേയും മററു റദ്ദാക്കപ്പെട്ട നിയമങ്ങളെയുംകുറിച്ചുള്ള പരാമർശം.— 1859-ലെ VIII-ാം ആക്റ്റിനേയോ അതിലെ ഏതെങ്കിലും അദ്ധ്യായത്തേയോ വകുപ്പിനേയോ അല്ലെങ്കിൽ ഏതെങ്കിലും സിവിൽ നടപടിനിയമ സംഹിതയേയോ, അത് ഭേദഗതി ചെയ്യുന്ന ഏതെങ്കിലും ആക്റ്റിനേയോ അല്ലെങ്കിൽ ഇതിനാൽ റദ്ദാക്കപ്പെടുന്ന ഏതെങ്കിലും അധിനിയമത്തെയോ കുറിച്ച് പരാമർശമുള്ളതും, ഈ നിയമസംഹിതയുടെ പ്രാരംഭത്തിനുമുമ്പ് പാസാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ളതുമായ ഏതൊരു അധിനിയമത്തിലും അല്ലെങ്കിൽ വിജ്ഞാപനത്തിലും അങ്ങനെയുള്ള പരാമർശം പ്രായോഗികമായിടത്തോളം, ഈ നിയമസംഹിതയേയോ അല്ലെങ്കിൽ അതിന്റെ തൽസ്ഥാനീയ ഭാഗത്തേയോ ആർഡറിനേയോ വകുപ്പിനേയോ ചട്ടത്തേയോ കുറിച്ചുള്ളതായി എടുക്കപ്പെടുന്നതാകുന്നു

ഒന്നാം പട്ടിക

## ആർഡർ 1

# വ്യവഹാരത്തിലെ കക്ഷികൾ

**1. വാദികളായി ചേർക്കാവുന്നത് ആരേയെന്ന്** എല്ലാ ആളുകളേയും.—

(ക) അങ്ങനെയുള്ള ആളുകളിൽ ഒരേ കൃത്യമോ ഇടപാടോ, കൃത്യങ്ങളുടേയോ ഇടപാടുകളുടേയോ പരമ്പരയോ സംബന്ധിച്ചുള്ളതോ, അല്ലെങ്കിൽ അതിൽനിന്ന് ഉദ്ഭവിക്കുന്നതോ ആയ നിവൃത്തിക്കുള്ള ഏതെങ്കിലും അവകാശം കൂട്ടായോ വെവ്വേറെയായോ പക്ഷാന്തരമായോ ആയാലും, ഉണ്ടെന്ന് പറയപ്പെടുകയും;

(ഖ) അങ്ങനെയുള്ള ആളുകൾ വെവ്വേറെ വ്യവഹാരങ്ങൾ കൊണ്ടുവരുന്നുവെങ്കിൽ; നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലും പൊതുവായ പ്രശ്നം ഉദ്ഭവിക്കുമെന്നിരിക്കുകയും,

ചെയ്യുന്നിടത്ത്, ഒരൊററ വ്യവഹാരത്തിൽ വാദികളായി ചേർക്കാവുന്നതാണ്.

**2. വെവ്വേറെ വിചാരണകൾ ഉത്തരവുചെയ്യാൻ ഉള്ള, കോടതിയുടെ അധികാരം.**— ഏതെങ്കിലും വാദികളുടെ ചേർക്കൽ, വ്യവഹാരത്തിന്റെ വിചാരണയ്ക്ക് വിഷമം ഉണ്ടാക്കുകയോ, കാലതാമസം ഉണ്ടാക്കുകയോ ചെയ്തേക്കാമെന്നു കോടതിക്ക് തോന്നുന്നിടത്ത്, കോടതിക്ക് വാദികളോട് വരണം ചെയ്യാൻ പറയുകയോ, വെവ്വേറെ വിചാരണകൾ ഉത്തരവ് ചെയ്യുകയോ, സമീചീനമായ മററ് ഉത്തരവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

**3. പ്രതികളായി ചേർക്കാവുന്നത് ആരേയെന്ന്.**—എല്ലാ ആളുകളേയും—

(ക) അങ്ങനെയുള്ള ആളുകൾക്ക് എതിരായി ഒരേ കൃത്യമോ ഇടപാടോ കൃത്യങ്ങളുടേയോ ഇടപാടുകളുടേയോ പരമ്പരയോ സംബന്ധിച്ചുള്ളതോ, അല്ലെങ്കിൽ അതിൽനിന്ന് ഉദ്ഭവിക്കുന്നതോ ആയ നിവർത്തിക്കുള്ള ഏതെങ്കിലും അവകാശം, കൂട്ടായോ വെവ്വേറെയായോ പക്ഷാന്തരമായോ ആയാലും, ഉണ്ടെന്ന് പറയപ്പെടുകയും;

(ഖ) അങ്ങനെയുള്ള ആളുകൾക്കെതിരായി വെവ്വേറെ വ്യവഹാരങ്ങൾ കൊണ്ടുവരുന്നുവെങ്കിൽ, നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലും പൊതുവായ പ്രശ്നം ഉദ്ഭവിക്കുമെന്നിരിക്കുകയും,

ചെയ്യുന്നിടത്ത്, ഒരൊററ വ്യവഹാരത്തിൽ, പ്രതികളായി ചേർക്കാവുന്നതാണ്.

**3ക. പ്രതികളുടെ ചേർക്കൽ, വിചാരണയ്ക്കു വിഷമം ഉണ്ടാക്കുകയോ കാലതാമസം ഉണ്ടാക്കുകയോ ചെയ്തേക്കാവുന്നിടത്ത് വെവ്വേറെ വിചാരണകൾ ഉത്തരവ് ചെയ്യാനുള്ള അധികാരം.**— ഏതെങ്കിലും പ്രതികളുടെ ചേർക്കൽ വ്യവഹാരത്തിന്റെ വിചാരണയ്ക്കു വിഷമം ഉണ്ടാക്കുകയോ, കാലതാമസം ഉണ്ടാക്കുകയോ ചെയ്തേക്കാമെന്ന് കോടതിക്ക് തോന്നുന്നിടത്ത്, കോടതിക്ക് വെവ്വേറെ വിചാരണകൾക്ക് ഉത്തരവ് ചെയ്യുകയോ, നീതിയുടെ താൽപര്യങ്ങൾക്ക് സമീചീനമായ മററ് ഉത്തരവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

**4. കോടതിക്ക് കൂട്ടുകക്ഷികളിൽ ഒന്നോ അതിലധികമോ പേർക്ക് അനുകൂലമായോ എതിരായോ വിധിക്കാവുന്നതാണെന്ന്.**— വിധി.

(ക) വാദികളിൽ നിവൃത്തിക്ക് അവകാശമുള്ളവരായി കാണുന്ന ഒന്നോ അതിലധികമോ പേർക്ക് അനുകൂലമായി അയാൾക്കോ അവർക്കോ അവകാശമുള്ള നിവൃത്തിക്കും;

(ഖ) പ്രതികളിൽ ബാദ്ധ്യസ്ഥരായി കാണുന്ന ഒന്നോ അതിലധികമോ പേർക്കെതിരായി, അവരുടെ യഥാക്രമമുള്ള ബാദ്ധ്യതകൾ അനുസരിച്ചും;

യാതൊരു ഭേദഗതിയും കൂടാതെ നൽകാവുന്നതാണ്.

5. അവകാശപ്പെടുന്ന എല്ലാ നിവൃത്തികളിലും പ്രതിയ്ക്ക് താത്പര്യം ഉണ്ടായിരിക്കേണ്ടതില്ലെന്ന്.—ഏതൊരു പ്രതിക്കും, തനിക്ക് എതിരായുള്ള ഏതെങ്കിലും വ്യവഹാരത്തിൽ അവകാശപ്പെടുന്ന എല്ലാ നിവൃത്തികളും സംബന്ധിച്ച്, താത്പര്യം ഉണ്ടായിരിക്കേണ്ട ആവശ്യമില്ല.

6. ഒരേ കാൺട്രാക്ററിൻമേൽ ബാദ്ധ്യതയുള്ള കക്ഷികളുടെ ചേർക്കൽ.—വാദിക്ക് ഐച്ഛികമായി, വിനിമയപത്രങ്ങളിലേയും ഹുണ്ടികളിലേയും പ്രാനോട്ടുകളിലേയും കക്ഷികൾ ഉൾപ്പെടെ, ഏതെങ്കിലും ഒരൊററ കാൺട്രാക്ററിൻമേൽ വെവ്വേറെയായോ, കൂട്ടായും വെവ്വേറെയായുമോ ബാദ്ധ്യതയുള്ള ആളുകൾ എല്ലാവരേയുമോ, അവരിൽ ആരെയെങ്കിലുമോ ഒരേ വ്യവഹാരത്തിലെ കക്ഷികളായി ചേർക്കാവുന്നതാകുന്നു.

7. ആരിൽ നിന്നാണ് പരിഹാരം തേടേണ്ടതെന്ന് വാദിക്ക് സംശയമുള്ളപ്പോൾ.—ഏത് ആളുകളിൽനിന്നാണ് പരിഹാരം ലഭിക്കുന്നതിന് തനിക്ക് അവകാശമുള്ളതെന്നു സംശയമുള്ളപ്പോൾ, വാദിക്ക്, രണ്ടോ അതിലധികമോ, പ്രതികളെ, പ്രതികളിൽ ആർക്കും എത്രത്തോളവുമാണ് ബാദ്ധ്യതയുള്ളതെന്ന പ്രശ്നം എല്ലാ കക്ഷികളും തമ്മിൽ തീർപ്പാക്കുന്നതിനുവേണ്ടി, ചേർക്കാവുന്നതാണ്.

8. ഒരേ താത്പര്യമുള്ള എല്ലാവർക്കുംവേണ്ടി ഒരൊററ ആൾക്ക് വ്യവഹാരം കൊടുക്കുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യാമെന്ന്. (1)—ഒരൊററ വ്യവഹാരത്തിൽ ഒരേ താത്പര്യമുള്ള അനേകം ആളുകൾ ഉള്ളിടത്ത്,—

(ക) കോടതിയുടെ അനുവാദത്തോടുകൂടി, അപ്രകാരം താത്പര്യമുള്ള എല്ലാ ആളുകൾക്കും വേണ്ടിയോ, അവരുടെ ഗുണത്തിനായോ, അങ്ങനെയുള്ള ആളുകളിൽ ഒരാൾക്കോ അതിലധികംപേർക്കോ, അല്ലെങ്കിൽ അയാൾക്കോ അവർക്കോ എതിരായോ വ്യവഹാരം കൊടുക്കുകയോ, അയാൾക്കോ അവർക്കോ വ്യവഹാരത്തിൽ പ്രതിവാദം ചെയ്യുകയോ ചെയ്യാവുന്നതും ;

(ഖ) അപ്രകാരം താത്പര്യമുള്ള എല്ലാ ആളുകൾക്കും വേണ്ടിയോ, അവരുടെ ഗുണത്തിനായോ, അങ്ങനെയുള്ള ആളുകളിൽ ഒരാൾക്കോ അതിലധികംപേർക്കോ, അല്ലെങ്കിൽ അയാൾക്കോ അവർക്കോ, എതിരായോ, വ്യവഹാരം കൊടുക്കുകയോ, അയാൾക്കോ അവർക്കോ വ്യവഹാരത്തിൽ പ്രതിവാദം ചെയ്യുകയോ ചെയ്യാവുന്നതാണെന്ന് കോടതിക്ക് നിദേശിക്കാവുന്നതും,

ആകുന്നു.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ അനുവാദമോ നിദേശമോ നല്കിയിട്ടുള്ള ഏതൊരു സംഗതിയിലും, കോടതി, വാദിയുടെ ചെലവിൻമേൽ അപ്രകാരം താത്പര്യമുള്ള എല്ലാ ആളുകൾക്കും, വ്യവഹാരം ആരംഭിച്ചതിനെക്കുറിച്ചുള്ള നോട്ടീസ് ഓരോ കേസ്സിലും കോടതി നിദേശിക്കുന്നതുപോലെ, നേരിട്ടുള്ള നടത്തൽ വഴിയോ, അല്ലെങ്കിൽ ആളുകളുടെ എണ്ണം കാരണമായോ മറെറതെങ്കിലും കാരണത്താലോ, അങ്ങനെയുള്ള നടത്തൽ ന്യായമായി പ്രായോഗികമല്ലാത്തിടത്ത്, പൊതുപരസ്യം വഴിയോ, നല്കേണ്ടതാകുന്നു.

(3) ഏതൊരാറംക്ക് വേണ്ടിയോ, അല്ലെങ്കിൽ അയാളുടെ ഗുണത്തിനായോ ആണോ (1)-ാം ഉപചട്ടത്തിൻകീഴിൽ ഒരു വ്യവഹാരം ആരംഭിക്കുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ആറംക്ക്, അങ്ങനെയുള്ള വ്യവഹാരത്തിൽ കക്ഷിയാക്കപ്പെടാൻ കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

(4) കോടതി, അപ്രകാരം താത്പര്യമുള്ള എല്ലാ ആളുകറംക്കും, (2)-ാം ഉപചട്ടത്തിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ വാദിയുടെ ചെലവിൽ നോട്ടീസ് നല്കിയിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിലെ അവകാശവാദത്തിന്റെ യാതൊരു ഭാഗവും (1)-ാം ഉപചട്ടത്തിൻകീഴിൽ ഉപേക്ഷിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള യാതൊരു വ്യവഹാരവും ആർഡർ XXXIII, 1-ാം ചട്ടം (3)-ാം ഉപചട്ടത്തിൻകീഴിൽ പിൻവലിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ ആ ആർഡർ, (3)-ാം ചട്ടത്തിൻകീഴിൽ യാതൊരു കരാറും അല്ലെങ്കിൽ രാജിയും, അല്ലെങ്കിൽ കാര്യം തീരലും റിക്കാർഡ് ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(5) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, വ്യവഹാരം കൊടുക്കുകയോ, പ്രതിവാദം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആറം, വ്യവഹാരത്തിലോ പ്രതിവാദത്തിലോ വേണ്ടത്ര ശ്രദ്ധയോടുകൂടി തുടർന്നു പ്രവർത്തിക്കാത്തിടത്ത്, കോടതിക്ക് അയാളുടെ സ്ഥാനത്ത് വ്യവഹാരത്തിൽ അതേ താത്പര്യമുള്ള മറ്റേതെങ്കിലും ആളെ പകരം ചേർക്കാവുന്നതാണ്.

(6) ഈ ചട്ടത്തിൻ കീഴിലെ ഒരു വ്യവഹാരത്തിൽ പാസ്സാക്കപ്പെടുന്ന വിധി, അതതു സംഗതിപോലെ, ആർക്കുവേണ്ടിയോ അല്ലെങ്കിൽ ആരുടെ ഗുണത്തിനായോ ആണോ ആ വ്യവഹാരം ആരംഭിക്കുന്നത്, അങ്ങനെയുള്ള എല്ലാ ആളേയും ബന്ധിക്കുന്നതാകുന്നു.

<u>വിശദീകരണം.</u>—വ്യവഹാരം കൊടുക്കുന്നവരോ, ആർക്കെതിരായാണോ വ്യവഹാരം കൊടുക്കുന്നത്, അങ്ങനെയുള്ളവരോ, പ്രതിവാദം ചെയ്യുന്നവരോ ആയ ആളുകറംക്ക്, ഒരൊററ വ്യവഹാരത്തിൽ ഒരേ താത്പര്യം ഉണ്ടോ എന്ന് തീർപ്പാക്കുന്ന ആവശ്യത്തിന്, അങ്ങനെയുള്ള ആളുകറംക്ക്, ആർക്ക് വേണ്ടിയോ അല്ലെങ്കിൽ ആരുടെ ഗുണത്തിനായോ ആണോ, അതതു സംഗതിപോലെ, അവരോ അവർക്ക് എതിരായോ വ്യവഹാരം കൊടുക്കുകയോ അവർ പ്രതിവാദം ചെയ്യുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ആളുകറംക്കുള്ള അതേ വ്യവഹാരകാരണം ഉണ്ടെന്ന് സ്ഥാപിക്കേണ്ട ആവശ്യമില്ല.

8 ക. <u>ഒരാളേയോ ആളുകളുടെ നികായത്തേയോ അഭിപ്രായം ബോധിപ്പിക്കുന്നതിനോ, നടപടിയിൽ പങ്കെടുക്കുന്നതിനോ അനുവദിക്കാൻ കോടതിക്കുള്ള അധികാരം.</u>—ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോറം, ഒരാറംക്കോ, ആളുകളുടെ നികായത്തിന്നോ, ആ വ്യവഹാരത്തിൽ നേരിട്ടും സാരാംശത്തിലും വിവാദ്യമായിരിക്കുന്ന ഏതെങ്കിലും നിയമപ്രശ്നത്തിൽ താത്പര്യമുണ്ടെന്നും, ആ ആളേയോ ആളുകളുടെ നികായത്തേയോ ആ നിയമപ്രശ്നത്തിൻമേൽ അയാറംക്കോ അതിനോ ഉള്ള അഭിപ്രായം ബോധിപ്പിക്കാൻ അനുവദിക്കുന്നത് പൊതു താത്പര്യത്തിന് ആവശ്യമാണെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക് ആ ആളേയോ ആളുകളുടെ നികായത്തേയോ അങ്ങനെയുള്ള അഭിപ്രായം ബോധിപ്പിക്കാനും വ്യവഹാര നടപടികളിൽ കോടതി വിനിർദ്ദേശിക്കുന്ന പങ്ക് എടുക്കാനും അനുവദിക്കാവുന്നതാണ്.

9. തെററായിച്ചേർക്കലും ചേർക്കാതിരിക്കലും.—കക്ഷികളെ തെററായി ചേർക്കുന്നതോ, ചേർക്കാതിരിക്കുന്നതോ കാരണമായി, യാതൊരു വ്യവഹാരവും പരാജയപ്പെടുന്നതല്ലാത്തതും, ഏതൊരു വ്യവഹാരത്തിലും കോടതിക്ക് തർക്കവിഷയം, യഥാർത്ഥത്തിൽ അതിന്റെ മുമ്പാകെയുള്ള കക്ഷികളുടെ അവകാശങ്ങളും താത്പര്യങ്ങളും സംബന്ധിച്ചിടത്തോളം കൈകാര്യം ചെയ്യാവുന്നതും ആണ്:

എന്നാൽ, ഈ ചട്ടത്തിലെ യാതൊന്നും, ഒരു ആവശ്യകകക്ഷിയെ ചേർക്കാതിരിക്കുന്നതിന് ബാധകമായിരിക്കുന്നതല്ല.

10. (1) ശരിക്ക് വേണ്ടതല്ലാത്ത വാദിയുടെ നാമത്തിലുള്ള വ്യവഹാരം.—ഒരു വ്യവഹാരം, വാദിയായി ശരിക്ക് വേണ്ടതല്ലാത്ത ആളുടെ നാമത്തിൽ ആരംഭിച്ചിട്ടുള്ളിടത്തോ, അല്ലെങ്കിൽ അത് ശരിയായ വാദിയുടെ നാമത്തിൽ ആരംഭിച്ചിട്ടുള്ളതാണോ എന്നുള്ളത് സംശയകരമായിരിക്കുന്നിടത്തോ, വ്യവഹാരം ഉത്തമവിശ്വാസപൂർവ്വകമായ ഒരു തെററ് മൂലമാണ് ആരംഭിക്കപ്പെട്ടിട്ടുള്ളതെന്നും, വാദിയായി മറേറതെങ്കിലും ആളെ പകരം ചേർക്കാനോ കൂട്ടിച്ചേർക്കാനോ ഉത്തരവു ചെയ്യുന്നത്, തർക്കത്തിലുള്ള യഥാർത്ഥ വിഷയത്തിന്റെ തീർപ്പിന് ആവശ്യകമാണെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക് ന്യായമാണെന്ന് അത് കരുതുന്ന നിബന്ധനകളിൻമേൽ, വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, അപ്രകാരം ഉത്തരവു ചെയ്യാവുന്നതാണ്.

(2) കോടതിക്ക് കക്ഷികളുടെ പേര് വെട്ടിക്കളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാമെന്ന്.—കോടതിക്ക്, നടപടികളുടെ ഏതെങ്കിലും ഘട്ടത്തിലും, ഇരു കക്ഷികളിൽ ആരുടേയെങ്കിലും അപേക്ഷയിൻമേലോ, അപേക്ഷ കൂടാതെയോ, ന്യായമാണെന്ന് കോടതിക്ക് തോന്നുന്ന നിബന്ധനകളിൻമേൽ, വാദിയോ പ്രതിയോ ആയി ശരിയല്ലാത്തവിധം ചേർക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കക്ഷികളുടെ പേര് വിട്ടുകളയണമെന്നും, വാദിയായോ പ്രതിയായോ ആയാലും, ചേർക്കേണ്ടതായിരുന്ന ഏതെങ്കിലും ആളുടെയോ, അല്ലെങ്കിൽ വ്യവഹാരത്തിൽ ഉൾക്കൊള്ളുന്ന എല്ലാ പ്രശ്നങ്ങളും ഫലപ്രദമായും പൂർണ്ണമായും, ന്യായനിർണ്ണയം ചെയ്യാനും തീർക്കാനും കോടതിക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി കോടതിയുടെ മുമ്പാകെ ആരുടെ സാന്നിദ്ധ്യമാണോ ആവശ്യകമായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളുടേയോ പേർ കൂട്ടിച്ചേർക്കണമെന്നും ഉത്തരവു ചെയ്യാവുന്നതാണ്.

(3) യാതൊരാളേയും, അയാളുടെ സമ്മതം കൂടാതെ, ഉററബന്ധു കൂടാതെ വ്യവഹാരം കൊടുക്കുന്ന വാദിയായോ, ഏതെങ്കിലും അവശതയുള്ള വാദിയുടെ ഒരു ഉററ ബന്ധുവായോ കൂട്ടിച്ചേർക്കാൻ പാടുള്ളതല്ല:

(4) പ്രതിയെ കൂട്ടിച്ചേർക്കുന്നിടത്ത് അന്യായം ഭേദഗതി ചെയ്യണമെന്ന്.—ഒരു പ്രതിയെക്കൂട്ടിച്ചേർക്കുന്നിടത്ത്, അന്യായം, കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ആവശ്യകമായ രീതിയിൽ ഭേദഗതി ചെയ്യേണ്ടതും, സമൻസിന്റേയും അന്യായത്തിന്റേയും ഭേദഗതി ചെയ്യപ്പെട്ട പകർപ്പുകൾ പുതിയ പ്രതിയ്ക്കും, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, ആദ്യപ്രതിക്കും നടത്തേണ്ടതുമാകുന്നു.

(5) പ്രതിയായി കൂട്ടിച്ചേർക്കപ്പെടുന്ന ഏതെങ്കിലും ആൾക്കെതിരായുള്ള നടപടികൾ സമൻസിന്റെ നടത്തലിൻമേൽ മാത്രം ആരംഭിക്കുന്നതായി കരുതപ്പെടുന്നതും, ഇത് ഇൻഡ്യൻ കാലഹരണ ആക്ററ്, 1877-ലെ, 22-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

10 ക. കോടതിക്ക്, അതിനെ അഭിസംബോധനം ചെയ്ത് പ്രസംഗിക്കാൻ ഏതെങ്കിലും പ്ലീഡറോട് അഭ്യർത്ഥിക്കാനുള്ള അധികാരം.—കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, ഏതെങ്കിലും പ്ലീഡറോട്, ഏതെങ്കിലും വ്യവഹാരത്തിലേയോ നടപടിയിലേയോ വിവാദ്യവിഷയത്തിൻമേലുള്ള അതിന്റെ തീരുമാനം ബാധിക്കാൻ ഇടയുള്ള ഏതെങ്കിലും താത്പര്യത്തെക്കുറിച്ച് കോടതിയെ അഭിസംബോധനംചെയ്ത് പ്രസംഗിക്കാൻ, അപ്രകാരം ബാധിക്കപ്പെടാനിടയുള്ള താത്പര്യമുള്ള കക്ഷി പ്ലീഡറാൽ പ്രതിനിധാനം ചെയ്യപ്പെടുന്നില്ലെങ്കിൽ, അഭ്യർത്ഥിക്കാവുന്നതാണ്.

11. വ്യവഹാരത്തിന്റെ നടത്തിപ്പ്.—കോടതിക്ക് വ്യവഹാരത്തിന്റെ നടത്തിപ്പ് ഉചിതമെന്നു അതു കരുതുന്ന ആളെ ഏൽപ്പിക്കാവുന്നതാണ്.

12. പല വാദികളിലേയോ പ്രതികളിലേയോ ഒരാൾ മററുള്ളവർക്ക് വേണ്ടി ഹാജരാകുന്നത്.—(1) ഒന്നിലധികം വാദികൾ ഉള്ളിടത്ത്, അവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ആളുകളെ, മററുള്ളവരിൽ ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും നടപടിയിൽ അങ്ങനെയുള്ള മറേറ ആൾക്കുവേണ്ടി ഹാജരാകുന്നതിനോ പ്ലീഡ് ചെയ്യുന്നതിനോ പ്രവർത്തിക്കുന്നതിനോ പ്രാധികാരപ്പെടുത്താവുന്നതും സദൃശരീതിയിൽ ഒന്നിലധികം പ്രതികൾ ഉള്ളിടത്ത്, അവരിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ആളെ മററുള്ളവരിൽ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും നടപടിയിൽ അങ്ങനെയുള്ള മറെറ ആൾക്ക്വേണ്ടി ഹാജരാകുന്നതിനോ പ്ലീഡ് ചെയ്യുന്നതിനോ പ്രാവർത്തികമാക്കുന്നതിനോ പ്രാധികാരപ്പെടുത്താവുന്നതും ആണ്.

(2) ആ പ്രാധികാരം, ലിഖിതവും, അത് നല്കുന്ന കക്ഷി ഒപ്പിട്ടതും ആയിരിക്കേണ്ടതും, അത് കോടതിയിൽ ഫയൽ ചെയ്യേണ്ടതും ആകുന്നു.

13. ചേർക്കാതിരിക്കലിനേയോ തെററായിച്ചേർക്കലിനേയോ കുറിച്ചുള്ള ആക്ഷേപങ്ങൾ.—കക്ഷികളെ ചേർക്കാതിരിക്കലിൻേറയോ തെററായിച്ചേർക്കലിൻേറയോ കാരണത്തിൻമേലുള്ള എല്ലാ ആക്ഷേപങ്ങളും, സാദ്ധ്യമായ ഏററവും നേരത്തേയുള്ള അവസരത്തിലും, വിവാദ്യകങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളിലും, ആക്ഷേപത്തിനുള്ള കാരണം പിന്നീട് ഉദ്ഭവിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള നിശ്ചയസമയത്തോ അതിന് മുൻപായും ഉന്നയിക്കപ്പെടേണ്ടതും, അപ്രകാരം ഉന്നയിക്കപ്പെടാത്ത ഏതെങ്കിലും ആക്ഷേപം വേണ്ടെന്ന് വയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

## ആർഡർ II

## വ്യവഹാരത്തിന്റെ വിരചനം

1. വ്യവഹാരത്തിന്റെ വിരചനം—ഏതൊരു വ്യവഹാരവും, പ്രായോഗികമാകുന്നിടത്തോളം, തർക്കവിഷയങ്ങളിൻമേൽ അന്തിമ തീരുമാനത്തിനുള്ള കാരണം നല്കുകയും, അവ സംബന്ധിച്ച് കൂടുതൽ വ്യവഹരണം തടയുകയും ചെയ്യത്തക്കവിധം വിരചിക്കേണ്ടതാകുന്നു.

2. വ്യവഹാരം മുഴുവൻ അവകാശവാദവും ഉൾക്കൊള്ളണമെന്ന്.—(1) ഏതൊരു വ്യവഹാരവും, വ്യവഹാരകാരണം സംബന്ധിച്ച് വാദിക്ക് ഉന്നയിക്കാൻ അവകാശമുള്ള അവകാശവാദം മുഴുവനും ഉൾക്കൊള്ളേണ്ടതും; എന്നാൽ, വാദിക്ക് വ്യവഹാരം ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്കുള്ളിൽ കൊണ്ടുവരുന്നതിനുവേണ്ടി, തന്റെ അവകാശവാദത്തിന്റെ ഏതെങ്കിലും ഭാഗം ത്യജിക്കാവുന്നതുമാകുന്നു.

(2) അവകാശവാദത്തിന്റെ ഭാഗം ത്യജിക്കുന്നത്.—ഒരു വാദി, തന്റെ അവകാശവാദത്തിന്റെ ഏതെങ്കിലും ഭാഗം സംബന്ധിച്ച് വ്യവഹാരം കൊടുക്കാൻ വിട്ടുപോവുകയോ, അതു ഉദ്ദേശ്യപൂർവ്വം ത്യജിക്കുകയോ ചെയ്യുന്നിടത്ത്, അപ്രകാരം വിട്ടുപോയതോ ത്യജിച്ചതോ ആയ ഭാഗം സംബന്ധിച്ച് അയാൾ പിന്നീട് വ്യവഹാരം കൊടുക്കാൻ പാടുള്ളതല്ല.

(3) പല നിവൃത്തികളിൽ ഒന്നിന് വ്യവഹാരം കൊടുക്കാൻ വിട്ടുപോകൽ.—ഒരേ വ്യവഹാരകാരണം സംബന്ധിച്ച് ഒന്നിലധികം നിവൃത്തികൾക്ക് അവകാശമുള്ള ഒരാൾക്ക്, അങ്ങനെയുള്ള എല്ലാ നിവൃത്തികൾക്കുമോ, അവയിൽ ഏതിനെങ്കിലിനുമോ വേണ്ടി വ്യവഹാരം കൊടുക്കാവുന്നതും; എന്നാൽ, അയാൾ, കോടതിയുടെ അനുമതി കൂടാതെ, അങ്ങനെയുള്ള എല്ലാ നിവൃത്തികൾക്കുംവേണ്ടി വ്യവഹാരം കൊടുക്കാൻ വിട്ടുപോകുന്നുവെങ്കിൽ, അപ്രകാരം വിട്ടുപോയ ഏതെങ്കിലും നിവൃത്തിക്കുവേണ്ടി അയാൾക്ക് പിന്നീട് വ്യവഹാരം കൊടുക്കാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ചട്ടത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു കടപ്പാടും, അതിന്റെ നിർവ്വഹണത്തിനുള്ള ഒരു അധികജാമ്യവും, ഒരേ കടപ്പാടിൻ കീഴിൽ ഉദ്ഭവിക്കുന്ന, അനുക്രമമായി തുടരുന്ന അവകാശവാദങ്ങളും, യഥാക്രമം ഒരൊററ വ്യവഹാരകാരണം മാത്രമുണ്ടാക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തം

ക ഒരു വീട് ഖ യ്ക്ക് 1200 രൂപാ പ്രതിവർഷ വാടകയ്ക്ക് വാടകയ്ക്കു കൊടുക്കുന്നു. 1905, 1906, 1907 എന്നീ വർഷങ്ങളിലേക്ക് മുഴുവനുമുള്ള വാടക കൊടുക്കാനുള്ളതും, കൊടുത്തിട്ടില്ലാത്തതും ആകുന്നു. ക 1908-ൽ, 1906-ലേക്ക് കൊടുക്കാനുള്ള വാടകയ്ക്ക് മാത്രം ഖയ്ക്കെതിരായി വ്യവഹാരം കൊടുക്കുന്നു. ക യ്ക്കു പിന്നീട് 1905–ലേയ്ക്കോ 1907-ലേക്കോ കൊടുക്കാനുള്ള വാടകയ്ക്ക് ഖ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കാൻ പാടുള്ളതല്ല.

3. വ്യവഹാര കാരണങ്ങൾ ചേർക്കൽ.—(1) മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, ഒരു വാദിക്ക്, ഒരേ വ്യവഹാരത്തിൽ ഒരേ പ്രതിക്കെതിരായോ, കൂട്ടായി ഒരേ പ്രതികൾക്ക് എതിരായോ പല വ്യവഹാര കാരണങ്ങളും സംയോജിപ്പിക്കാവുന്നതും ; തങ്ങൾക്ക് കൂട്ടായി താത്പര്യമുള്ള വ്യവഹാരകാരണങ്ങളുള്ള ഏതെങ്കിലും വാദികൾക്ക് ഒരേ വ്യവഹാരത്തിൽ ഒരേ പ്രതിക്ക് എതിരായോ കൂട്ടായി ഒരേ പ്രതികൾക്കെതിരായോ അങ്ങനെയുള്ള വ്യവഹാര കാരണങ്ങൾ സംയോജിപ്പിക്കാവുന്നതും ആണ്.

(2) വ്യവഹാര കാരണങ്ങൾ സംയോജിപ്പിക്കുന്നിടത്ത്, വ്യവഹാരം സംബന്ധിച്ചുള്ള കോടതിയുടെ അധികാരിത, മൊത്തം വിഷയങ്ങളുടെ, വ്യവഹാരം ബോധിപ്പിക്കുന്ന തീയതിയിലെ തുകയേയോ മൂല്യത്തേയോ ആശ്രയിച്ചിരിക്കുന്നതാണ്.

4. സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിന് ചില അവകാശവാദങ്ങൾ മാത്രമേ ചേർക്കപ്പെടാവൂ എന്ന്.—കോടതിയുടെ അനുമതിയോടുകൂടിയല്ലാത്ത പക്ഷം, സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിനുള്ള ഒരു വ്യവഹാരത്തോട്—

(ക) അവകാശപ്പെടുന്ന വസ്തുവോ, അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ചുള്ള ഇടക്കാല ലാഭത്തിനോ പാട്ട (വാടക) കുടിശ്ശികയ്ക്കോ ഉള്ള അവകാശവാദങ്ങളും;

(ഖ) ആ വസ്തുവോ, അതിന്റെ ഏതെങ്കിലും ഭാഗമോ ധാരണം ചെയ്യുന്നത് ഏതൊരു കാൺട്രാക്ററിൻകീഴിലാണോ, ആ കാൺട്രാക്ററിന്റെ ലംഘനത്തിന് നഷ്ടപരിഹാരത്തിനുള്ള അവകാശവാദങ്ങളും;

(ഗ) ഏതത് അവകാശവാദങ്ങളിലാണോ അപേക്ഷിക്കുന്ന നിവൃത്തി അതേ വ്യവഹാരകാരണത്തെ അടിസ്ഥാനമാക്കിയതായിരിക്കുന്നത്, അങ്ങനെയുള്ള അവകാശവാദങ്ങളും;

ഒഴികെ യാതൊരു വ്യവഹാരകാരണവും ചേർക്കാൻ പാടുള്ളതല്ല:

എന്നാൽ, ഈ ചട്ടത്തിലെ യാതൊന്നും, പണയമൊഴിപ്പിക്കൽ നിരോധനത്തിനോ പണയമൊഴിപ്പിക്കലിനോ ഉള്ള ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയെ പണയവസ്തു കൈവശം കിട്ടാൻ ചോദിക്കുന്നതിൽനിന്ന് തടയുന്നതായി കരുതപ്പെടുന്നതല്ല.

5. എക്സിക്യൂട്ടറാലോ അഡ്മിനിസ്ട്രേററാലോ അനന്തരാവകാശിയാലോ, ഇവരിലാർക്കെങ്കിലും എതിരായോ ഉള്ള അവകാശവാദങ്ങൾ.—ഒരു എക്സിക്യൂട്ടറാലോ അഡ്മിനിസ്ട്രേററാലോ അനന്തരാവകാശിയാലോ, ഇവരിൽ ആർക്കെങ്കിലും എതിരായോ ആ നിലയിൽ യാതൊരു അവകാശവാദവും, അയാളാലോ അയാൾക്കെതിരായോ വ്യക്തിപരമായ നിലയിൽ ഉള്ള അവകാശവാദങ്ങളോടു, ഒടുവിൽ പറഞ്ഞ അവകാശവാദങ്ങൾ, എക്സിക്യൂട്ടർ അല്ലെങ്കിൽ അഡ്മിനിസ്ട്രേററർ അല്ലെങ്കിൽ അനന്തരാവകാശി എന്നനിലയിൽ വാദിയോ പ്രതിയോ വ്യവഹാരം കൊടുക്കുകയോ വാദിയ്ക്കോ പ്രതിയ്ക്കോ എതിരായി വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നത് ഏതത് എസ്റേററ് സംബന്ധിച്ചാണോ, ആ എസ്റേററ് സംബന്ധിച്ച് ഉദ്ഭവിക്കുന്നതായി പറയപ്പെടുന്നവയോ, അല്ലെങ്കിൽ അയാൾക്ക് താൻ പ്രതിനിധാനം ചെയ്യുന്ന മരിച്ചുപോയ ആളുമായി കൂട്ടായി അവകാശമുണ്ടായിരുന്നവയോ, കൂട്ടായി ബാദ്ധ്യതയ്ക്കു വിധേയമായിരുന്നവയോ അല്ലാത്തപക്ഷം, ചേർക്കാൻ പാടുള്ളതല്ല.

6. വെവ്വേറെ വിചാരണകൾ ഉത്തരവ് ചെയ്യാനുള്ള കോടതിയുടെ അധികാരം.—വ്യവഹാരകാരണങ്ങൾ ഒരേ വ്യവഹാരത്തിൽ ചേർക്കുന്നത് വിചാരണയ്ക്ക് വിഷമം ഉണ്ടാക്കുകയോ കാലതാമസം ഉണ്ടാക്കുകയോ ചെയ്തേക്കാമെന്നോ, അല്ലെങ്കിൽ അത് മററുവിധത്തിൽ അസൗകര്യമുള്ളതാണെന്നോ തോന്നുന്നിടത്ത്, കോടതിക്ക്, വെവ്വേറെ വിചാരണകൾ ഉത്തരവ് ചെയ്യുകയോ അല്ലെങ്കിൽ നീതിയുടെ താത്പര്യങ്ങൾക്ക് സമീചീനമാകുന്ന മററ് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

7. തെററായി ചേർക്കലിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ.—വ്യവഹാരകാരണങ്ങളുടെ തെററായി ചേർക്കലിന്റെ കാരണത്തിൻമേലുള്ള എല്ലാ ആക്ഷേപങ്ങളും സാദ്ധ്യമായ ഏററവും നേരത്തേയുള്ള അവസരത്തിലും, വിവാദ്യകങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളിലും, ആക്ഷേപത്തിനുള്ള കാരണം പിന്നീട് ഉദ്ഭവിച്ചിട്ടുള്ളതല്ലാത്തപക്ഷം, അങ്ങനെയുള്ള നിശ്ചയ സമയത്തോ അതിനു മുമ്പോ ആയും ഉന്നയിക്കപ്പെടേണ്ടതും, അങ്ങനെ ഉന്നയിക്കപ്പെടാത്ത ഏതെങ്കിലും ആക്ഷേപം വേണ്ടെന്ന് വയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

## ആർഡർ III

# അംഗീകൃത ഏജൻറുമാരും പ്ലീഡർമാരും

1. ഹാജരാകൽ മുതലായവ, നേരിട്ടോ അംഗീകൃത ഏജൻറ് മുഖേനയോ പ്ലീഡർ മുഖേനയോ ആകാമെന്ന്.—ഏതെങ്കിലും കോടതിയിൽ ഒരു കക്ഷി ചെയ്യേണ്ടതോ കൊടുക്കേണ്ടതോ ആണെന്നു നിയമം ആവശ്യപ്പെടുന്നതോ പ്രാധികാരപ്പെടുത്തുന്നതോ ആയ, അങ്ങനെയുള്ള കോടതിയിലേയോ കോടതിയിലേയ്ക്കോ ഉള്ള ഏതെങ്കിലും ഹാജരാകലോ, അപേക്ഷയോ, കൃത്യമോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്യുന്നിടത്തൊഴികെ, കക്ഷിയ്ക്ക് നേരിട്ടോ, അല്ലെങ്കിൽ അയാൾക്കുവേണ്ടി, അതതുസംഗതിപോലെ, ഹാജരാവുകയോ അപേക്ഷകൊടുക്കുകയോ കൃത്യം ചെയ്യുകയോ ചെയ്യുന്ന അയാളുടെ അംഗീകൃത ഏജൻറിനോ പ്ലീഡർക്കോ ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, കോടതി നിർദേശിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഹാജരാകൽ കക്ഷി നേരിട്ടു ചെയ്യേണ്ടതാകുന്നു.

2. അംഗീകൃത ഏജൻറുമാർ.—അങ്ങനെയുള്ള ഹാജരാകലുകളും അപേക്ഷകളും കൃത്യങ്ങളും ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്ന കക്ഷികളുടെ അംഗീകൃത ഏജൻറുമാർ—

(ക) അങ്ങനെയുള്ള കക്ഷികൾക്കുവേണ്ടി, അങ്ങനെയുള്ള ഹാജരാകലുകളും അപേക്ഷകളും കൃത്യങ്ങളും ചെയ്യുന്നതിനോ കൊടുക്കുന്നതിനോ അവരെ പ്രാധികാരപ്പെടുത്തുന്ന മുക്ത്യാർനാമങ്ങൾ ഉള്ള ആളുകളും;

(ഖ) കോടതിയുടെ അധികാരിതയുടെ ഏത് തദ്ദേശാതിർത്തികൾക്കുള്ളിലാണോ അങ്ങനെയുള്ള ഹാജരാകലോ അപേക്ഷയോ കൃത്യമോ, ചെയ്യുകയോ കൊടുക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള അതിർത്തികൾക്കുള്ളിൽ താമസമില്ലാത്ത കക്ഷികൾക്കുവേണ്ടിയോ കക്ഷികളുടെ നാമത്തിലോ വ്യാപാരമോ ബിസിനസ്സോ നടത്തിക്കൊണ്ടുപോകുന്ന ആളുകളും—

അങ്ങനെയുള്ള വ്യാപാരവുംബിസിനസ്സുമായി ബന്ധപ്പെട്ടകാര്യങ്ങളിൽ മാത്രവും, അങ്ങനെയുള്ള ഹാജരാകലുകളും അപേക്ഷകളും കൃത്യങ്ങളും ചെയ്യുന്നതിനും കൊടുക്കുന്നതിനും മററ് യാതൊരു ഏജൻറിനേയും പ്രകടമായി പ്രാധികാരപ്പെടുത്താത്തിടത്തു—

ആകുന്നു.

3. അംഗീകൃത ഏജൻറുമാർക്ക് പ്രോസസ്സ് നടത്തുന്നത്.—(1) കോടതി മററുവിധത്തിൽ നിദേശിക്കാത്ത പക്ഷം, ഒരു കക്ഷിയുടെ അംഗീകൃത ഏജൻറിന് നടത്തുന്ന പ്രാസസ്സുകൾക്ക്, അവ കക്ഷിക്ക് നേരിട്ട് നടത്തിയിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(2) ഒരു വ്യവഹാരത്തിലെ ഒരു കക്ഷിക്ക് പ്രോസസ്സ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ, അയാളുടെ അംഗീകൃത ഏജൻറിന് നടത്തുന്ന പ്രോസസ്സിന് ബാധകമായിരിക്കുന്നതാണ്.

4. പ്ലീഡറുടെ നിയമനം.—(1) ഏതെങ്കിലും കോടതിയിൽ, ഏതെങ്കിലും ആൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള ആളാൽ അയാളോ, അയാളുടെ അംഗീകൃത ഏജൻറോ, അങ്ങനെയുള്ള നിയമനം നടത്താൻ മുക്ത്യാർനാമപ്രകാരമോ മുക്ത്യാർനാമത്തിൻകീഴിലോ മുറപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളോ ഒപ്പിട്ട ലിഖിതമായ രേഖയാൽ, താൻ നിയമിക്കപ്പെട്ടിട്ടില്ലാത്ത പക്ഷം, യാതൊരു പ്ലീഡറും അപ്രകാരം പ്രവർത്തിക്കാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ഏതൊരു നിയമനവും, കോടതിയിൽ ഫയൽ ചെയ്യേണ്ടതും, അതതുസംഗതിപോലെ, കക്ഷിയോ പ്ലീഡറോ ഒപ്പിട്ട് കോടതിയിൽ ഫയൽ ചെയ്യുന്ന ഒരു ലിഖിതം വഴി കോടതിയുടെ അനുമതിയോടുകൂടി അവസാനിക്കപ്പെടുന്നതുവരെയോ, അല്ലെങ്കിൽ കക്ഷിയോ പ്ലീഡറോ മരിക്കുന്നതുവരെയോ, അല്ലെങ്കിൽ കക്ഷിയെ സംബന്ധിച്ചിടത്തോളം വ്യവഹാരത്തിലെ എല്ലാ നടപടികളും അവസാനിക്കുന്നതുവരെയോ, അത് (1)-ാം ഉപചട്ടത്തിന്റെ ആവശ്യങ്ങൾക്ക് പ്രാബല്യത്തിലിരിക്കുന്നതായി കരുതപ്പെടുന്നതും ആകുന്നു.

വിശദീകരണം.—ഈ ഉപചട്ടത്തിന്റെ ആവശ്യങ്ങൾക്ക്, താഴെ പറയുന്നവ വ്യവഹാരത്തിലെ നടപടികളായി കരുതപ്പെടുന്നതാണ്:—

(ക) വ്യവഹാരത്തിലെ വിധിയോ ഉത്തരവോ റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷ;

(ഖ) വ്യവഹാരത്തിൽ പാസ്സാക്കിയ ഏതെങ്കിലും വിധിയോ ഉത്തരവോ സംബന്ധിച്ച് ഈ നിയമസംഹിതയിലെ 144-ാം വകുപ്പിനോ, 152-ാം വകുപ്പിനോ കീഴിലുള്ള അപേക്ഷ;

(ഗ) വ്യവഹാരത്തിലെ ഏതെങ്കിലും വിധിയിൽനിന്നോ ഉത്തരവിൽ നിന്നോ ഉള്ള അപ്പീൽ;

(ഘ) വ്യവഹാരത്തിൽ ഹാജരാക്കിയിട്ടുള്ളതോ ഫയൽ ചെയ്തിട്ടുള്ളതോ ആയ രേഖകളുടെ പകർപ്പുകൾ ലഭിക്കുകയോ, അവ മടക്കുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ വ്യവഹാരം സംബന്ധിച്ച് കോടതിയിൽ ഒടുക്കിയിട്ടുള്ള പണം തിരിയെ കിട്ടുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും അപേക്ഷയോ കൃത്യമോ.

(3) (2)-ാം ഉപചട്ടത്തിലെ യാതൊന്നിനും—

(ക) പ്ലീഡറും അല്ലെങ്കിൽ കക്ഷിയും തമ്മിലായിടത്തോളം, പ്ലീഡറെ ഏർപ്പെടുത്തിയിട്ടുള്ളത് എത്ര കാലത്തേയ്ക്കാണോ, ആ കാലം നീട്ടികൊടുക്കുന്നതായോ, അല്ലെങ്കിൽ

(ഖ) പ്ലീഡർക്ക്, ഏത് കോടതിയിലേയ്ക്കാണോ പ്ലീഡറെ ഏർപ്പെടുത്തിയിട്ടുള്ളത്, ആ കോടതി അല്ലാത്ത ഏതെങ്കിലും കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും നോട്ടീസോ രേഖയോ നടത്തുന്നത്, അങ്ങനെയുള്ള നടത്തലിന് (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന രേഖയിൽ കക്ഷി പ്രകടമായി സമ്മതിച്ചിട്ടുള്ളിടത്തൊഴികെ പ്രാധികാരപ്പെടുത്തുന്നതായോ,

അർത്ഥം കൽപ്പിക്കാൻ പാടുള്ളതല്ല.

(4) പ്ലീഡറെ നിയമിക്കുന്ന ആൾക്ക് തന്റെ പേര് എഴുതാൻ കഴിയാത്തിടത്ത്, ഹൈക്കോടതിയ്ക്ക് സാമാന്യമായ ഉത്തരവുവഴി, പ്ലീഡറെ നിയമിക്കുന്ന രേഖയിൻമേലുള്ള അയാളുടെ അടയാളം, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ആളാലും രീതിയിലും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിദേശിക്കാവുന്നതാണ്.

(5) പ്ലീഡ് ചെയ്യാൻ വേണ്ടി മാത്രം ഏർപ്പെടുത്തിയിട്ടുള്ള യാതൊരു പ്ലീഡറും, താൻ ഒപ്പിട്ടിട്ടുള്ളതും,—

(ക) വ്യവഹാരത്തിലെ കക്ഷികളുടെ പേരും;

(ഖ) ഏത് കക്ഷിക്കുവേണ്ടിയാണോ താൻ ഹാജരാകുന്നത് ആ കക്ഷിയുടെ പേരും;

(ഗ) ഹാജരാകാൻ തന്നെ പ്രാധികാരപ്പെടുത്തുന്ന ആളുടെ പേരും;

പ്രസ്താവിക്കുന്നതുമായ ഒരു ഹാജർ മെമ്മോറാണ്ടം കോടതിയിൽ ഫയൽ ചെയ്യാത്തപക്ഷം, ഏതെങ്കിലും കക്ഷിക്കുവേണ്ടി പ്ലീഡ് ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ ഉപചട്ടത്തിലെ യാതൊന്നും ഏതെങ്കിലും കക്ഷിക്കുവേണ്ടി കോടതിയിൽ പ്രവർത്തിക്കുന്നതിനായി മുറപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും പ്ലീഡർ, അങ്ങനെയുള്ള കക്ഷിക്ക് വേണ്ടി പ്ലീഡ് ചെയ്യാനായി ഏർപ്പെടുത്തുന്ന ഏതെങ്കിലും പ്ലീഡർക്ക് ബാധകമായിരിക്കുന്നതല്ല.

5. <u>പ്ലീഡർക്ക് പ്രോസസ്സ് നടത്തുന്നത്.</u>— ഏതെങ്കിലും കക്ഷിക്കു വേണ്ടി കോടതിയിൽ പ്രവർത്തിക്കാൻ മുറപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്ലീഡർക്ക് നടത്തുന്നതോ, അങ്ങനെയുള്ള പ്ലീഡറുടെ ആഫീസിലോ സാധാരണ താമസ സ്ഥലത്തോ ഏൽപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രോസസ്സ്, അത് കക്ഷി നേരിട്ടു ഹാജരാകുന്നതിനുള്ളതായാലും അല്ലെങ്കിലും, പ്ലീഡർ പ്രതിനിധാനം ചെയ്യുന്ന കക്ഷിക്ക് മുറപ്രകാരം അയച്ചുകൊടുക്കുകയും കക്ഷിയെ അറിയിക്കുകയും ചെയ്തതായി അനുമാനിക്കപ്പെടേണ്ടതും, കോടതി മററുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, എല്ലാ ആവശ്യങ്ങൾക്കും, അത് കക്ഷിക്കു നേരിട്ടു നൽകുകയോ നടത്തുകയോചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ, പ്രഭാവം ഉള്ളതായിരിക്കുന്നതും ആകുന്നു.

6. (1) <u>നടത്തൽ സ്വീകരിക്കാനുള്ള ഏജൻറ്.</u>—രണ്ടാം ചട്ടത്തിൽ വിവരിച്ച അംഗീകൃത ഏജൻറുമാർക്കു പുറമെ, കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്ന ഏതെങ്കിലും ആൾ പ്രോസസ്സിൻെറ നടത്തൽ സ്വീകരിക്കാനുള്ള ഏജൻറായി നിയമിക്കപ്പെടാവുന്നതാണ്.

(2) <u>നിയമനം ലിഖിതമായിരിക്കേണ്ടതും കോടതിയിൽ ഫയൽ ചെയ്യേണ്ടതും ആണെന്ന്.</u>— അങ്ങനെയുള്ള നിയമനം പ്രത്യേകമായതോ സാമാന്യമായതോ ആകാവുന്നതും, പ്രിൻസിപ്പൽ ഒപ്പിട്ട ലിഖിതമായ പ്രമാണം വഴി ആയിരിക്കേണ്ടതും, അങ്ങനെയുള്ള പ്രമാണമോ, നിയമനം സാമാന്യമായതാണെങ്കിൽ, അതിൻെറ സർട്ടിഫൈ ചെയ്ത ഒരു പകർപ്പോ കോടതിയിൽ ഫയൽ ചെയ്യേണ്ടതും ആകുന്നു.

(3) കോടതിക്ക്, വ്യവഹാരത്തിൻെറ ഏതു ഘട്ടത്തിലും കോടതിയുടെ അധികാരിതയ്ക്കുള്ളിൽ അംഗീകൃത ഏജൻേറാ അല്ലെങ്കിൽ തനിക്കു വേണ്ടി കോടതിയിൽ പ്രവർത്തിക്കാൻ മുറപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്ലീഡറോ ഇല്ലാത്ത ഏതെങ്കിലും വ്യവഹാര കക്ഷിയോട് പ്രോസസ്സ് നടത്തുന്നത് തനിക്കുവേണ്ടി സ്വീകരിക്കാൻ കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്ന ഒരു ഏജൻറിനെ, ഒരു വിനിർദ്ദിഷ്ടസമയത്തിനുള്ളിൽ നിയമിക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

## ആർഡർ IV

## വ്യവഹാരങ്ങൾ ആരംഭിക്കൽ

1. <u>വ്യവഹാരം അന്യായം വഴി ആരംഭിക്കണമെന്ന്.</u>—(1) ഏതൊരു വ്യവഹാരവും, കോടതിയ്ക്കോ, അത് ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഒരു അന്യായം ബോധിപ്പിക്കുന്നതുവഴി ആരംഭിക്കേണ്ടതാകുന്നു.

(2) ഏതൊരു അന്യായവും VI-ം VII-ം, ആർഡറുകളിൽ അടങ്ങിയ ചട്ടങ്ങൾ, ബാധകമാകുന്നിടത്തോളം, അവയെ അനുസരിച്ചായിരിക്കേണ്ടതാകുന്നു.

2. <u>വ്യവഹാരങ്ങളുടെ രജിസ്ററർ.</u>— കോടതി ഏതൊരു വ്യവഹാരത്തിൻെറയും വിവരങ്ങൾ, അവ ചേർക്കുന്ന ആവശ്യത്തിലേക്കു വച്ചുപോരേണ്ടതും, സിവിൽ വ്യവഹാരങ്ങളുടെ രജിസ്ററർ എന്ന് പേർപറയപ്പെടുന്നതുമായ ഒരു പുസ്തകത്തിൽ ചേർപ്പിക്കേണ്ടതാണ്. അങ്ങനെയുള്ള ഉൾക്കുറിപ്പുകൾക്ക്, ഓരോവർഷവും അന്യായങ്ങൾ സ്വീകരിക്കപ്പെടുന്ന ക്രമമനുസരിച്ച്, നമ്പരിടേണ്ടതാകുന്നു.

## ആർഡർ V

# സമൺസ് പുറപ്പെടുവിക്കലും നടത്തലും

### സമൺസ് പുറപ്പെടുവിക്കൽ

1. സമൺസ്.—(1) ഒരു വ്യവഹാരം മുറപ്രകാരം ആരംഭിക്കപ്പെട്ടിട്ടുള്ളപ്പോൾ, പ്രതിക്ക് ഒരു സമൺസ്, അതിൽ വിനിർദ്ദേശിക്കേണ്ട ഒരു ദിവസം പ്രതി ഹാജരാവുകയും അവകാശവാദത്തിനു ഉത്തരം പറയുകയും ചെയ്യാനായി പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു സമൺസും, അന്യായം ബോധിപ്പിക്കുന്ന അവസരത്തിൽ, പ്രതി ഹാജരാവുകയും വാദിയുടെ അവകാശവാദം സമ്മതിക്കുകയും ചെയ്തിട്ടുള്ളപ്പോൾ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, ഒരു സമൺസ് പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, കോടതിക്ക്, പ്രതിയോട് അയാളുടെ പ്രതിവാദത്തിന്റെ പത്രിക വല്ലതും ഉണ്ടെങ്കിൽ, അതു അയാൾ ഹാജരാകുന്ന തീയതി ഫയൽ ചെയ്യാൻ നിദേശിക്കാവുന്നതും, ആ അർത്ഥത്തിൽ ഒരു ഉൾക്കുറിപ്പ് സമൺസിൽ ചേർപ്പിക്കാവുന്നതുമാണ്.

(2) ഏതു പ്രതിക്കാണോ (1)-ാം ഉപചട്ടത്തിൻ കീഴിൽ സമൺസ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ പ്രതിയ്ക്ക്—

(ക) നേരിട്ടോ,

(ഖ) മുറപ്രകാരം ഉപദേശം നൽകപ്പെട്ടവനും, വ്യവഹാരം സംബന്ധിച്ച് സാരവത്തായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ളവനും ആയ പ്ലീഡർ മുഖേനയോ,

(ഗ) അങ്ങനെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ള വല്ല ആളും ഒപ്പമുള്ള പ്ലീഡർ മുഖേനയോ,

ഹാജരാകാവുന്നതാണ്.

(3) അങ്ങനെയുള്ള ഏതൊരു സമൺസും ജഡ്ജിയോ, അദ്ദേഹം നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഒപ്പിടേണ്ടതും, കോടതി മുദ്രകൊണ്ട് മുദ്രവയ്ക്കപ്പെടേണ്ടതും ആകുന്നു.

2. സമൺസിനോട് അനുബന്ധിക്കപ്പെടുന്ന പകർപ്പോ സ്റ്റേറ്റ്മെന്റോ.— ഏതൊരു സമൺസിനോടും ഒപ്പം അന്യായത്തിന്റെ ഒരു പകർപ്പോ അനുവദിക്കപ്പെടുന്നുവെങ്കിൽ ഒരു സംക്ഷിപ്ത സ്റ്റേറ്റുമെന്റോ ഉണ്ടായിരിക്കേണ്ടതാകുന്നു.

3. കോടതിക്ക് പ്രതിയോടോ വാദിയോടോ നേരിട്ട് ഹാജരാകാൻ ഉത്തരവ് ചെയ്യാമെന്ന്.— (1) പ്രതിയോട് നേരിട്ട് ഹാജരാകണമെന്ന ആവശ്യപ്പെടാൻ കോടതി കാരണം കാണുന്നിടത്ത്, സമൺസ്, അതിൽ വിനിർദ്ദേശിക്കുന്ന ദിവസം കോടതിയിൽ നേരിട്ട് ഹാജരാകാൻ അയാളോട് ഉത്തരവ് ചെയ്യേണ്ടതാകുന്നു.

(2) അതേ ദിവസം വാദി നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെടാൻ കാരണം കാണുന്നിടത്ത്, കോടതി അങ്ങനെ ഹാജരാകാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

4. ചില അതിർത്തികൾക്കുള്ളിൽ താമസിക്കുന്നവനല്ലാത്തപക്ഷം യാതൊരു കക്ഷിയോടും നേരിട്ടു ഹാജരാകാൻ ഉത്തരവ് ചെയ്യരുതെന്ന്.— യാതൊരു കക്ഷിയോടും, അയാൾ.—

(ക) കോടതിയുടെ സാധാരണ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അതിർത്തികൾക്ക് പുറത്ത്, എന്നാൽ കോടതി മന്ദിരത്തിൽനിന്ന് അമ്പതു മൈലിൽ കുറവോ, അല്ലെങ്കിൽ (അയാൾ താമസിക്കുന്ന സ്ഥലവും കോടതി സ്ഥിതിചെയ്യുന്ന സ്ഥലവും തമ്മിലുള്ള അകലത്തിന്റെ ആറിൽ അഞ്ചുഭാഗത്തിന് റയിൽവേ ഗതാഗതമോ കപ്പൽ ഗതാഗതമോ അല്ലെങ്കിൽ മററ് വ്യവസ്ഥാപിതപൊതുവാഹനമോ ഉള്ളിടത്ത്) ഇരുനൂറ് മൈലിൽ കുറവോ അകലെയുള്ള ഒരു സ്ഥലത്തോ, താമസിക്കാത്ത പക്ഷം, നേരിട്ട് ഹാജരാകണമെന്ന് ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല.

5. സമൺസ് വിവാദ്യകങ്ങൾ നിശ്ചയിക്കാനോ അന്തിമത്തീർച്ചയ്ക്കോ ആയിരിക്കണമെന്ന്.— സമൺസ് പുറപ്പെടുവിക്കുന്ന സമയത്ത്, കോടതി, അത് വിവാദ്യകങ്ങൾ നിശ്ചയിക്കാൻ മാത്രമാണോ, വ്യവഹാരത്തിന്റെ അന്തിമത്തീർച്ചയ്ക്കാണോ, എന്ന് നിശ്ചയിക്കേണ്ടതും; അതനുസരിച്ച് സമൺസിൽ നിർദേശം അടങ്ങിയിരിക്കേണ്ടതുമാകുന്നു:

എന്നാൽ, സ്മാൾകാസ് കോടതി കേൾക്കുന്ന ഏതൊരു വ്യവഹാരത്തിലും സമൺസ്, വ്യവഹാരത്തിന്റെ അന്തിമത്തീർച്ചയ്ക്കു ആയിരിക്കേണ്ടതാകുന്നു.

6. പ്രതി ഹാജരാകുന്നതിനുള്ള ദിവസം നിജപ്പെടുത്തുന്നത്.—പ്രതി ഹാജരാകുന്നതിനുള്ള ദിവസം കോടതിയുടെ നടപ്പിലുള്ള പ്രവൃത്തിയും, പ്രതിയുടെ താമസസ്ഥലവും, സമൺസ് നടത്തുന്നതിനാവശ്യമായ സമയവും പരിഗണിച്ചു നിജപ്പെടുത്തേണ്ടതും; ആ ദിവസം, പ്രതിയ്ക്കു അങ്ങനെയുള്ള ദിവസം ഹാജരാവുകയും ഉത്തരം പറയുകയും ചെയ്യാൻ അയാൾക്കു കഴിവുണ്ടാക്കാൻ മതിയായ സമയം അനുവദിക്കത്തക്കവണ്ണം നിജപ്പെടുത്തേണ്ടതും ആകുന്നു.

7. സമൺസ്, പ്രതിയോട് അയാൾ ആശ്രയിക്കുന്ന രേഖകൾ ഹാജരാക്കാൻ ഉത്തരവു ചെയ്യണമെന്ന്.— ഹാജരാകാനും ഉത്തരം പറയുവാനുമുള്ള സമൺസ്, പ്രതിയോട്, തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതും തന്റെ കേസിന് താങ്ങായി താൻ ആശ്രയിക്കാനുദ്ദേശിക്കുന്നതുമായ എല്ലാ രേഖകളും ഹാജരാക്കാൻ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

8. അന്തിമത്തീർച്ചയ്ക്കുള്ള സമൺസ് പുറപ്പെടുവിക്കുന്നിടത്ത് പ്രതിയോട് അയാളുടെ സാക്ഷികളെ ഹാജരാക്കാൻ നിർദ്ദേശിക്കണമെന്ന്.—സമൺസ്, വ്യവഹാരത്തിന്റെ അന്തിമത്തീർച്ചയ്ക്കുള്ളതായിരിക്കുന്നിടത്ത്: അതു പ്രതിയോട്, അയാൾ ഹാജരാകാനായി നിജപ്പെടുത്തിയിട്ടുള്ള ദിവസം, ഏതെല്ലാം സാക്ഷികളുടെ തെളിവാണോ തന്റെ കേസിന് താങ്ങായി താൻ ആശ്രയിക്കാനുദ്ദേശിക്കുന്നത്, ആ സാക്ഷികൾ എല്ലാവരേയും ഹാജരാക്കാൻ കൂടി നിർദേശിക്കേണ്ടതാകുന്നു.

## സമൺസ് നടത്തൽ

9. സമൺസ് നടത്തലിനായി ഏൽപിക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യുന്നത്—(1) പ്രതി, ഏതു കോടതിയിലാണോ വ്യവഹാരം ആരംഭിക്കപ്പെടുന്നത്, ആ കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസിക്കുകയോ, അല്ലെങ്കിൽ പ്രതിയ്ക്കു സമൺസിന്റെ നടത്തൽ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളതും, ആ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്നതുമായ ഒരു ഏജൻറ് ഉണ്ടായിരിക്കുകയോ ചെയ്യുന്നിടത്ത്, സമൺസ്, കോടതി മററുവിധത്തിൽ നിർദേശിക്കാത്തപക്ഷം, ശരിയായ ഉദ്യോഗസ്ഥന് അയാളോ അയാളുടെ കീഴുദ്യോഗസ്ഥൻമാരിൽ ഒരാളോ നടത്താനായി, ഏൽപ്പിക്കുകയോ അയച്ചു കൊടുക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) ശരിയായ ഉദ്യോഗസ്ഥൻ ഏതു കോടതിയിലാണോ വ്യവഹാരം ആരംഭിക്കപ്പെടുന്നത്, ആ കോടതിയല്ലാത്ത ഒരു കോടതിയിലെ ഉദ്യോഗസ്ഥൻ ആയിരിക്കാവുന്നതും, അയാൾ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആയിരിക്കുന്നിടത്ത്, സമൺസ് അയാൾക്ക് പോസ്റ്റ്‌വഴിയോ കോടതി നിദേശിക്കുന്ന മററു രീതിയിലോ അയച്ചു കൊടുക്കാവുന്നതുമാണ്.

10. നടത്തലിന്റെ സംപ്രദായം.— സമൺസിന്റെ നടത്തൽ, ജഡ്ജിയോ, ജഡ്ജി ഇതിലേയ്ക്കു നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഒപ്പിട്ടതും കോടതിയുടെ മുദ്രകൊണ്ട് മുദ്രവയ്ക്കപ്പെട്ടതും ആയ സമൺസിന്റെ ഒരു പകർപ്പ് ഏൽപിക്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതുവഴി ആയിരിക്കേണ്ടതാകുന്നു.

11. പല പ്രതികൾക്കുള്ള നടത്തൽ.— മററുവിധത്തിൽ നിർണ്ണയിക്കപ്പെടുന്ന വിധമൊഴികേ, ഒന്നിലധികം പ്രതികൾ ഉള്ളിടത്ത്, സമൺസ് ഓരോ പ്രതിക്കും നടത്തേണ്ടതാകുന്നു.

12. നടത്തൽ, പ്രായോഗികമായിരിക്കുമ്പോൾ പ്രതിക്ക് നേരിട്ടും, അല്ലെങ്കിൽ അയാളുടെ ഏജൻറിനും ആയിരിക്കണമെന്ന്.—പ്രതിക്ക് നടത്തൽ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏജൻറ് ഇല്ലാത്തപക്ഷം, നടത്തൽ പ്രായോഗികമാകുന്നിടത്തെല്ലാം, പ്രതിക്ക് നേരിട്ട് ആയിരിക്കേണ്ടതും, ഏജൻറ് ഉള്ളപക്ഷം അങ്ങനെയുള്ള ഏജൻറിനുള്ള നടത്തൽ മതിയാകുന്നതും ആണ്.

13. ഏത് ഏജൻറ് മുഖേനയാണോ പ്രതി ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നത്. ആ ഏജൻറിനുള്ള നടത്തൽ.—(1) ഏതെങ്കിലും ബിസിനസ്സോ പ്രവൃത്തിയോ സംബന്ധിച്ച്, സമൺസ് പുറപ്പെടുവിക്കുന്ന കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസിക്കാത്ത ഒരു ആൾക്കെതിരായുള്ള ഒരു വ്യവഹാരത്തിൽ നടത്തൽ സമയത്ത്, അങ്ങനെയുള്ള ആൾക്കുവേണ്ടി, അങ്ങനെയുള്ള അതിർത്തികൾക്കുള്ളിൽ അങ്ങനെയുള്ള ബിസിനസ്സോ പ്രവൃത്തിയോ നേരിട്ട് നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും മാനേജർക്കോ ഏജൻറിനോ ഉള്ള നടത്തൽ, സാധുവായ നടത്തലായി കരുതപ്പെടുന്നതാകുന്നു.

(2) ഈ ചട്ടത്തിന്റെ ആവശ്യത്തിന്, ഒരു കപ്പലിന്റെ മാസ്ററർ ഉടമസ്ഥന്റേയോ, അത് ചാർട്ടർ ചെയ്ത ആളുടേയോ ഏജൻറായി കരുതപ്പെടുന്നതാകുന്നു.

14. സ്ഥാവര വസ്തുക്കൾക്കുള്ള വ്യവഹാരങ്ങളിൽ ചാർജ്ജുള്ള ഏജൻറിനു നടത്തുന്നത്.—സ്ഥാവരവസ്തു സംബന്ധിച്ച് നിവൃത്തി ലഭിക്കുന്നതിനോ സ്ഥാവരവസ്തുവിനോടുള്ള അപകൃത്യത്തിനുള്ള നഷ്ടപരിഹാരത്തിനോ ഉള്ള ഒരു വ്യവഹാരത്തിൽ, പ്രതിക്ക് നേരിട്ട് നടത്താൻ കഴിയാതിരിക്കുകയും, നടത്തൽ സ്വീകരിക്കുന്നതിന് പ്രതിക്ക് അധികാരപ്പെടുത്തപ്പെട്ട ഏജൻറ് ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, പ്രതിയുടെ വസ്തുവിന്റെ ചാർജ്ജുള്ള ഏതെങ്കിലും ഏജൻറിന് നടത്താവുന്നതാണ്.

15. നടത്തൽ എപ്പോൾ പ്രതിയുടെ കുടുംബത്തിലെ പ്രായപൂർത്തി വന്ന ഒരു അംഗത്തിന് ആകാമെന്ന്.—ഏതെങ്കിലും വ്യവഹാരത്തിൽ പ്രതിക്ക്, അയാളുടെ താമസസ്ഥലത്തുവച്ച് സമൺസ് നടത്താൻ നോക്കുന്ന സമയത്ത്, അയാൾ, അയാളുടെ താമസസ്ഥലത്ത് ഇല്ലാതിരിക്കുകയും ന്യായമായ സമയത്തിനുള്ളിൽ അയാളെ താമസസ്ഥലത്തു കണ്ടെത്താൻ ഇടയില്ലാതിരിക്കുകയും, അയാൾക്ക്, തനിക്കുവേണ്ടി സമൺസ് നടത്തൽ സ്വീകരി

ക്കാൻ അധികാരപ്പെടുത്തപ്പെട്ട ഏജൻറ് ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, നടത്തൽ, കടുംബത്തിലെ, അയാളോടൊപ്പം താമസിക്കുന്ന പ്രായപൂർത്തി വന്ന ഏതെങ്കിലും അംഗത്തിന്, അത് പുരുഷനോ സ്ത്രീയോ ആയാലും, ആകാവുന്നതാണ്.

വിശദീകരണം.—ഒരു ഭൃത്യൻ, ഈ ചട്ടത്തിലെ അർത്ഥവ്യാപ്തിക്കുള്ളിൽ കുടുംബത്തിലെ അംഗമല്ല.

16. ആർക്കാണോ നടത്തുന്നത്, ആ ആൾ കൈപ്പററുരസീത് ഒപ്പിടണം.—നടത്തൽ ഉദ്യോഗസ്ഥൻ, സമൺസിൻെറ ഒരു പകർപ്പ് പ്രതിക്ക് നേരിട്ടോ അല്ലെങ്കിൽ അയാൾക്കുവേണ്ടി ഒരു ഏജൻറിനോ, മററ് ആൾക്കോ ഡെലിവർ ചെയ്യുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നിടത്ത്, അയാൾ അസ്സൽ സമൺസിൻമേൽ എൻഡോഴ്സ് ചെയ്ത് നടത്തൽ കൈപ്പററു രസീതിൻ മേൽ, ആർക്കാണോ അപ്രകാരം പകർപ്പ് ഡെലിവർ ചെയ്യുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നത്, ആ ആളുടെ ഒപ്പിന് ആവശ്യപ്പെടേണ്ടതാകുന്നു.

17. പ്രതി നടത്തൽ സ്വീകരിക്കാൻ വിസമ്മതിക്കുകയോ, പ്രതിയെ കണ്ടെത്താതിരിക്കുകയോ ചെയ്യുമ്പോൾ ഉള്ള നടപടിക്രമം.—പ്രതിയോ, അയാളുടെ ഏജൻേറാ മുൻപറഞ്ഞ പ്രകാരം ഉള്ള മററ് ആളോ, കൈപ്പററു രസീത് ഒപ്പിടാൻ വിസമ്മതിക്കുന്നിടത്തോ, അല്ലെങ്കിൽ നടത്തൽ ഉദ്യോഗസ്ഥൻ വേണ്ടത്ര ന്യായമായ ശ്രദ്ധ ചെലുത്തിയതിനുശേഷം പ്രതിയെ കണ്ടെത്താൻ കഴിയാതിരിക്കുകയും, പ്രതിക്ക് അയാളുടെ താമസസ്ഥലത്തു വച്ച് സമൻസ് നടത്താൻ നോക്കുന്ന സമയത്ത്, അയാൾ തൻെറ താമസസ്ഥലത്ത് ഇല്ലാതിരിക്കുകയും ന്യായമായ സമയത്തിനുള്ളിൽ അയാളെ താമസസ്ഥലത്തു കണ്ടെത്താൻ ഇടയില്ലാതിരിക്കുകയും, അയാൾക്കുവേണ്ടി സമൺസ് നടത്തൽ സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട ഏജൻേറാ, സർവ്വീസ് നടത്തപ്പെടാവുന്ന മററ് ഏതെങ്കിലും ആളോ ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തോ, നടത്തൽ ഉദ്യോഗസ്ഥൻ സമൺസിൻെറ ഒരു പകർപ്പ്, പ്രതി സാധാരണമായി താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്ന ഭവനത്തിൻെറ പുറംവാതിലിൻമേലോ, മററ് ഏതെങ്കിലും ശ്രദ്ധ ആകർഷിക്കത്തക്ക ഭാഗത്തോ പതിയ്ക്കേണ്ടതും, പിന്നീട് അസ്സൽ സമൻസ്, അത് പുറപ്പെടുവിച്ച കോടതിയിലേക്ക്, അതിൻമേൽ എൻഡോഴ്സ് ചെയ്യുകയോ അതിനോട് അനുബന്ധിക്കയോ ചെയ്തതും, താൻ പകർപ്പ് അപ്രകാരം പതിച്ചിട്ടുണ്ടെന്നുള്ളതും, താൻ അപ്രകാരം ചില പരിതഃസ്ഥിതികളും, അത് ഭവനം തിരിച്ചറിയുകയും, ആരുടെ സാന്നിദ്ധ്യത്തിൽ പകർപ്പ് പതിക്കുകയും ചെയ്തുവോ, ആ ആളുടെ (വല്ലവരും ഉണ്ടെങ്കിൽ) പേരും മേൽവിലാസവും പ്രസ്താവിക്കുന്നതും, ആയ ഒരു റിപ്പോർട്ട് സഹിതം മടക്കേണ്ടതുമാകുന്നു.

18. നടത്തലിൻെറ സമയവും രീതിയും എൻഡോഴ്സ് ചെയ്യുന്നത്.—നടത്തൽ ഉദ്യോഗസ്ഥൻ, സമൺസ് 16-ാം ചട്ടത്തിൻകീഴിൽ നടത്തിയിട്ടുള്ള എല്ലാ സംഗതികളിലും, സമൺസ് നടത്തിയ സമയവും രീതിയും, ആർക്കാണോ സമൺസ് നടത്തിയത്, അയാളെ തിരിച്ചറിയുകയും, സമൺസിൻെറ ഡെലിവെറിക്കോ ടെൻഡറിനോ സാക്ഷിയായിരിക്കുകയും ചെയ്ത ആളുടെ (വല്ലവരും ഉണ്ടെങ്കിൽ) പേരും മേൽവിലാസവും പ്രസ്താവിക്കുന്ന ഒരു റിട്ടേൺ അസ്സൽ സമൺസിൻമേൽ എൻഡോഴ്സ് ചെയ്യുകയോ അതോട് അനുബന്ധിക്കുകയോ ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യേണ്ടതാകുന്നു.

19. നടത്തൽ ഉദ്യോഗസ്ഥനെ വിസ്തരിക്കൽ.—ഒരു സമൺസ് 17-ാം ചട്ടത്തിൻകീഴിൽ മടക്കിയിട്ടുള്ളിടത്ത്, കോടതി ആ ചട്ടത്തിൻകീഴിലെ റിട്ടേൺ, നടത്തൽ ഉദ്യോഗസ്ഥന്റെ സത്യവാങ്മൂലംവഴി സത്യബോധപ്പെടുത്തിയിട്ടില്ലെങ്കിൽ, നടത്തൽ ഉദ്യോഗസ്ഥനെ അയാളുടെ നടപടികളെ സ്പർശിച്ച് ശപഥത്തിൻമേൽ വിസ്തരിക്കുകയോ, മറ്റൊരു കോടതിയെക്കൊണ്ട് അപ്രകാരം വിസ്തരിപ്പിക്കുകയോ ചെയ്യേണ്ടതും, റിട്ടേൺ അപ്രകാരം സത്യംബോധപ്പെടുത്തിയിട്ടുണ്ടെങ്കിൽ കോടതിക്ക് അപ്രകാരം ചെയ്യാവുന്നതും, കോടതിയ്ക്ക് ആ വിഷയത്തിൽ യുക്തമെന്നു തോന്നുന്ന കൂടുതൽ അന്വേഷണവിചാരണ ചെയ്യാവുന്നതും; കോടതി സമൺസ് മുറപ്രകാരം നടത്തപ്പെട്ടിട്ടുണ്ടെന്ന് പ്രഖ്യാപിക്കുകയോ, അല്ലെങ്കിൽ യുക്തമെന്നു തോന്നുന്ന മറ്റ് നടത്തലിന് ഉത്തരവ് ചെയ്യുകയോ ചെയ്യേണ്ടതും ആകുന്നു.

19 ക. നേരിട്ടുള്ള നടത്തലിന് പുറമെ പോസ്റ്റ്വഴിയുള്ള നടത്തലിന് ഒരേ സമയം സമൺസ് പുറപ്പെടുവിക്കുന്നത്.—(1) 9 മുതൽ 19വരെ (രണ്ടും ഉൾപ്പെടെ) ചട്ടങ്ങളിൽ വ്യവസ്ഥചെയ്ത രീതിയിലുള്ള നടത്തലിന് സമൺസ് പുറപ്പെടുവിക്കുന്നതിനു പുറമേ ആയും, അതേ സമയം തന്നെയും കോടതി സമൺസ് പ്രതിക്കോ, നടത്തൽ സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട അയാളുടെ ഏജൻറിനോ, പ്രതിയോ അയാളുടെ ഏജൻേറാ യഥാർത്ഥമായും സ്വേച്ഛയാ ആയും താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയോ ലാഭത്തിന്വേണ്ടി നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്ന സ്ഥലത്തേക്ക് മേൽവിലാസം വച്ചതും കൈപ്പറ്റ്രസീതു വേണ്ടതും ആയ രജിസ്ററർ പോസ്റ്റ് വഴി നടത്താൻകൂടി നിർദേശിക്കേണ്ടതാകുന്നു:

എന്നാൽ, സംഗതിയുടെ പരിത:സ്ഥിതികളിൽ രജിസ്ററർ പോസ്റ്റ് വഴിയുള്ള നടത്തലിന് സമൺസ് പുറപ്പെടുവിക്കുന്നത് അനാവശ്യമാണെന്ന് കോടതി കരുതുന്നിടത്ത്, അപ്രകാരം ചെയ്യാൻ ഈ വകുപ്പിലെ യാതൊന്നും കോടതിയോട് ആവശ്യപ്പെടുന്നില്ല.

(2) പ്രതിയോ അയാളുടെ ഏജൻേറാ ഒപ്പിട്ടതായി കരുതപ്പെടാവുന്ന ഒരു കൈപ്പറ്റ് രസീതു കോടതിക്ക് കിട്ടുകയോ അല്ലെങ്കിൽ പ്രതിയോ അയളുടെ ഏജൻേറാ സമൺസ് അടങ്ങിയ പോസ്ററൽ ഉരുപ്പടി ടെൻഡർ ചെയ്തപ്പോൾ ഡെലിവറി എടുക്കാൻ വിസമ്മതിച്ചു എന്ന അർത്ഥത്തിൽ ഒരു പോസ്ററൽ ജീവനക്കാരൻ ചെയ്തതായി കരുതപ്പെടാവുന്ന ഒരു എൻഡോഴ്സ്മെൻേറാടുകൂടി സമൺസ് അടങ്ങിയ പോസ്ററൽ ഉരുപ്പടി കോടതിക്ക് മടക്കികിട്ടുകയോ ചെയ്യുമ്പോൾ, സമൺസ് പുറപ്പെടുവിക്കുന്ന കോടതി സമൺസ് പ്രതിക്ക് മുറപ്രകാരം നടത്തപ്പെട്ടിട്ടുണ്ടായിരുന്നു എന്ന് പ്രഖ്യാപിക്കേണ്ടതാകുന്നു:

എന്നാൽ, സമൺസ് ശരിയായ മേൽവിലാസം വച്ചതായിരുന്നിരിക്കുകയും; പണം മുമ്പെ കൊടുത്ത് കൈപ്പററ് രസീതുവേണ്ട രജിസ്ററർ പോസ്ററുവഴി മുറപ്രകാരം അയച്ചതായിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, കളഞ്ഞുപോവുകയാലോ സ്ഥലം മാറിവയ്ക്കപ്പെടുകയാലോ മററ് കാരണത്താലോ കൈപ്പററ് രസീതു, സമൺസ് പുറപ്പെടുവിച്ച തീയതിമുതൽ മുപ്പതു ദിവസത്തിനുള്ളിൽ കോടതിക്ക് കിട്ടിയില്ലെന്നിരുന്നാലും ഈ ചട്ടത്തിൽ പരാമർശിച്ച പ്രഖ്യാപനം ചെയ്യപ്പെടേണ്ടതാകുന്നു.

20. (1) പകരം നടത്തൽ.—നടത്തൽ ഒഴിവാക്കുന്നതിനുവേണ്ടി പ്രതി മാറി നില്ക്കുകയാണെന്ന് വിശ്വസിക്കാൻ കാരണമുണ്ടെന്നോ, അല്ലെങ്കിൽ മററ് ഏതെങ്കിലും കാരണത്താൽ സമൺസ് സാധാരണഗതിയിൽ നടത്താൻ കഴിയുകയില്ലെന്നോ ബോദ്ധ്യപ്പെടുന്നിടത്ത്, കോടതി, സമൺസ് അതിന്റെ ഒരു പകർപ്പ് കോടതിക്കെട്ടിടത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക വല്ല

സ്ഥലത്തും, പ്രതി ഒളിവിൽ താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയോ ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്തിട്ടുണ്ടായിരുന്നതായി അറിയപ്പെടുന്ന ഭവനത്തിന്റെ (വല്ലതും ഉണ്ടെങ്കിൽ) ശ്രദ്ധ ആകർഷിക്കത്തക്ക വല്ല ഭാഗത്തുകൂടിയും പതിക്കുന്നതുവഴിയോ, കോടതിക്ക് യുക്തമെന്നു തോന്നുന്ന മററ് ഏതെങ്കിലും രീതിയിലോ നടത്താൻ ഉത്തരവു പുറപ്പെടുവിക്കേണ്ടതാകുന്നു.

(1 ക) 1-ാം ഉപചട്ടത്തിൻകീഴിൽ പ്രവർത്തിക്കുന്ന കോടതി ഒരു വർത്തമാനപ്പത്രത്തിലെ പരസ്യംവഴിയുള്ള നടത്തൽ ഉത്തരവു ചെയ്യുന്നിടത്ത്, ആ വർത്തമാനപ്പത്രം പ്രതി ഒടുവിലായി യഥാർത്ഥമായും സ്വേച്ഛയായും താമസിക്കുകയോ, ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്തിട്ടുണ്ടായിരുന്നതായി അറിയപ്പെടുന്ന പ്രദേശത്ത് പ്രചാരത്തിലുള്ള പ്രതിദിന വർത്തമാനപ്പത്രം ആയിരിക്കേണ്ടതാകുന്നു.

(2) പകരം നടത്തലിന്റെ പ്രഭാവം.—കോടതിയുടെ ഉത്തരവ് പ്രകാരം പകരം ഉള്ളതായിട്ടുള്ള നടത്തലിന്, അതു പ്രതിക്ക് നേരിട്ട് ആയിരുന്നാലെന്നപോലെയുള്ള പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) നടത്തൽ പകരമുള്ളതായിരിക്കുന്നിടത്ത്, ഹാജരാകുന്നതിനുള്ള സമയം നിജപ്പെടുത്തണമെന്ന്.—നടത്തൽ കോടതിയുടെ ഉത്തരവ്പ്രകാരം പകരമുള്ളതാകുന്നിടത്ത്, കോടതി, പ്രതി ഹാജരാകുന്നതിന്, സംഗതി ആവശ്യപ്പെടുന്ന സമയം നിജപ്പെടുത്തേണ്ടതാകുന്നു.

20 ക. [1976-ലെ 104-ാം നമ്പർ ആക്ററ് 55-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു]

21. പ്രതി മറെറാരു കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്നിടത്ത് സമൺസ് നടത്തുന്നത്.—സമൺസ് അത് പുറപ്പെടുവിക്കുന്ന കോടതിക്ക്, അതിന്റെ ഉദ്യോഗസ്ഥൻമാരിൽ ഒരാാം വഴിയോ, പോസ്ററ് വഴിയോ, പ്രതി താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ള ഏതെങ്കിലും കോടതിക്ക് (ഹൈക്കോടതി അല്ലാത്തത്) സ്റേററിനുള്ളിൽ ആയാലും പുറത്തേയ്ക്കായാലും, അയച്ചുകൊടുക്കാവുന്നതാണ്.

22. പ്രസിഡൻസി ടൗണുകൾക്കുള്ളിൽ, വെളിയിലുള്ള കോടതി പുറപ്പെടുവിക്കുന്ന സമൺസ് നടത്തുന്നത്.—കൽക്കട്ട, മദ്രാസ്, ബോംബേ എന്നീ പട്ടണങ്ങളുടെ അതിർത്തികൾക്കു പുറത്ത് സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കോടതി പുറപ്പെടുവിച്ചിട്ടുള്ള സമൺസ്, അങ്ങനെയുള്ള ഏതെങ്കിലും അധികാരിതയ്ക്കുള്ളിൽ നടത്തപ്പെടേണ്ടതായിരിക്കുന്നടത്ത്, അത് ഏത് സ്മാാൾ കാസ് കോടതിയുടെ അധികാരിതയ്ക്കുള്ളിലാണോ, അത് നടത്തപ്പെടേണ്ടത് ആ സ്മാാൾകാസ് കോടതിക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

23. സമൺസ് അയച്ചുകൊടുക്കപ്പെട്ട കോടതിയുടെ കർത്തവ്യം.—21-ാം ചട്ടത്തിനോ 22-ാം ചട്ടത്തിനോ കീഴിൽ സമൺസ് അയച്ചുകൊടുക്കപ്പെട്ടിട്ടുള്ള കോടതി, അത് കിട്ടുന്നതിൻമേൽ, അത് അങ്ങനെയുള്ള കോടതി പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ നടപടി തുടരേണ്ടതും, പിന്നീട് സമൺസ്, അത് സംബന്ധിച്ചുള്ള അതിന്റെ നടപടികളുടെ (വല്ലതും ഉണ്ടെങ്കിൽ) റിക്കാർഡ് സഹിതം സമൺസ് പുറപ്പെടുവിച്ച കോടതിക്ക് മടക്കേണ്ടതും ആകുന്നു.

24. കാരാഗൃഹത്തിലുള്ള പ്രതിയ്ക്കു നടത്തുന്നത്.—പ്രതി കാരാഗ്രഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്നിടത്ത്, സമൺസ് പ്രതിക്ക് നടത്തുന്നതിനായി കാരാഗൃഹത്തിന്റെ ചാർജ്ജുള്ളഉദ്യോഗസ്ഥന് ഡെലിവർചെയ്യുകയോ, പോസ്ററ് വഴിയോ മററുവിധത്തിലോ അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാകുന്നു.

25. പ്രതി ഇൻഡ്യയ്ക്ക് പുറത്ത് താമസിക്കുകയും, അയാൾക്ക് ഏജൻറ് ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തുള്ള നടത്തൽ.—പ്രതി, ഇൻഡ്യയ്ക്കുപുറത്ത് താമസിക്കുകയും, അയാൾക്ക് നടത്തൽ സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട ഏജൻറ് ഇൻഡ്യയിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, സമൺസ്, പ്രതി താമസിക്കുന്ന സ്ഥലത്തെ പ്രതിയുടെ മേൽവിലാസത്തിൽ ആയിരിക്കേണ്ടതും, അങ്ങനെയുള്ള സ്ഥലവും, കോടതി സ്ഥിതിചെയ്യുന്ന സ്ഥലവും തമ്മിൽ പോസ്ററ് വഴിയുള്ള വാർത്താവിനിമയം ഉണ്ടെങ്കിൽ, പോസ്ററ് വഴി അയാൾക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രതി ബംഗ്ലാദേശിലോ പാകിസ്ഥാനിലോ താമസിക്കുകയാണെന്നുള്ളിടത്ത്, സമൺസ്, പ്രതിക്ക് നടത്തുന്നതിനായി, അതിന്റെ ഒരു പകർപ്പ് സഹിതം ആ രാജ്യത്തിലെ, പ്രതി താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ള ഏതെങ്കിലും കോടതിക്ക്, (ഹൈക്കോടതി അല്ലാത്തത്) അയച്ചുകൊടുക്കാവുന്നതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും പ്രതി ബംഗ്ലാദേശിലേയോ പാകിസ്ഥാനിലേയോ (അതതുസംഗതിപോലെ, ബംഗ്ലാദേശിലേയോ പാക്കിസ്ഥാനിലേയോ കര-നാവിക-വൈമാനികസേനയിൽ പെടുന്നതല്ലാത്ത) ഒരു പബ്ലിക് ഉദ്യോഗസ്ഥനോ, ആ രാജ്യത്തെ ഒരു റയിൽവേ കമ്പനിയിലേയോ തദ്ദേശാധികാരസ്ഥാനത്തിലേയോ ഒരു ജീവനക്കാരനോ ആയിരിക്കുന്നിടത്ത്, സമൺസ് പ്രതിക്ക് നടത്തുന്നതിനായി അതിന്റെ ഒരു പകർപ്പ് സഹിതം ആ രാജ്യത്തിലെ, കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അയച്ചുകൊടുക്കപ്പെടാവുന്നതാണ്.

26. വിദേശരാജ്യക്ഷേത്രത്തിൽ പൊളിററിക്കൽ ഏജൻേറാ കോടതിയോ മുഖാന്തരമുള്ള നടത്തൽ.—(ക) കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും വിദേശാധികാരിതയുടെ പ്രയോഗത്തിൽ, പ്രതിയഥാർത്ഥമായും സ്വേച്ഛയാ ആയും താമസിക്കുകയോ ബിസിനസ്സ് നടത്തിക്കൊണ്ടു പോവുകയോ, ലാഭത്തിന് നേരിട്ട് ജോലിചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും വിദേശരാജ്യക്ഷേത്രത്തിൽ, ഈ നിയമസംഹിതയിൻ കീഴിൽ ഒരു കോടതി പുറപ്പെടുവിക്കുന്ന സമൺസ് നടത്താനുള്ള അധികാരത്തോടുകൂടി ഒരു പൊളിററിക്കൽ ഏജൻറ് നിയമിക്കപ്പെട്ടിരിക്കുകയോ, ഒരു കോടതി സ്ഥാപിക്കപ്പെട്ടിരിക്കുകയോ തുടർന്ന് കൊണ്ടിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും രാജ്യക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്നതും, മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും അധികാരിതയുടെ പ്രയോഗത്തിൽ സ്ഥാപിച്ചിട്ടുള്ളതോ, തുടരുന്നതോ അല്ലാത്തതുമായ ഏതെങ്കിലും കോടത് സംബന്ധിച്ച്, അങ്ങനെയുള്ള കോടതിയാലുള്ള, ഈ നിയമസംഹിതയിൻകീഴിൽ കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും സമൺസിന്റെ നടത്തൽ സാധുവായ നടത്തലായി കരുതപ്പെടുന്നതാണെന്ന്, കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിച്ചിരിക്കുകയോ,

ചെയ്യുന്നിടത്ത്, സമൺസ് പ്രതിക്ക് നടത്തുന്നതിനുവേണ്ടി, അങ്ങനെയുള്ള പൊളിററിക്കൽ ഏജൻറിനോ കോടതിക്കോ, പോസ്ററ് വഴിയോ മററുവിധത്തിലോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിന്റെ വിദേശകാര്യങ്ങൾ കൈകാര്യ-

ചെയ്യുന്ന മന്ത്രികാര്യാലയംവഴി അയച്ചുകൊടുക്കാമെന്ന് ആ ഗവൺമെൻറ് നിദേശിക്കുന്നുവെങ്കിൽ അപ്രകാരമോ, അല്ലെങ്കിൽ, കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്ന മററുരീതിയിലോ അയച്ചുകൊടുക്കാവുന്നതും; പൊളിററിക്കൽ ഏജൻറോ, കോടതിയോ സമൺസ് പ്രതിക്ക്, ഇതിൽ 'ഇതിനുമുമ്പ് നിദേശിച്ചിട്ടുള്ള രീതിയിൽ നടത്തിട്ടുണ്ടെന്നുള്ള അർത്ഥത്തിൽ, അങ്ങനെയുള്ള പൊളിററിക്കൽ ഏജൻറോ, കോടതിയിലെ ജഡ്ജിയോ, മററ് ഉദ്യോഗസ്ഥനോ ചെയ്തിട്ടുള്ളതായി കരുതപ്പെടാവുന്ന ഒരു എൻഡോഴ്സ്മെൻറ് സഹിതം, സമൺസ് മടക്കുന്നുവെങ്കിൽ അങ്ങനെയുള്ള എൻഡോഴ്സ്മെൻറ്, നടത്തലിൻെറ തെളിവായി കരുതപ്പെടുന്നതും ആകുന്നു.

26. ക <u>വിദേശരാജ്യങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് അയച്ചുകൊടുക്കേണ്ട സമൺസുകൾ.</u>—ഏതെങ്കിലും വിദേശരാജ്യക്ഷേത്രം സംബന്ധിച്ച്, ആ വിദേശരാജ്യക്ഷേത്രത്തിൽ യഥാർത്ഥമായും, സ്വേച്ഛയാ ആയും താമസിക്കുകയോ, ബിസിനസ്സ് നടത്തികൊണ്ടുപോവുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്ന പ്രതികൾക്ക് നടത്തേണ്ട സമൺസുകൾ, ആ വിദേശരാജ്യക്ഷേത്രത്തിലെ കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥന് അയച്ചുകൊടുക്കാവുന്നതാണെന്ന്, കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിച്ചിട്ടുള്ളിടത്ത്, സമൺസുകൾ, അങ്ങനെയുള്ള ഉദ്യോഗസ്ഥന് ഇൻഡ്യാഗവൺമെൻറ്, വിദേശകാര്യങ്ങൾ കൈകാര്യംചെയ്യുന്ന മന്ത്രികാര്യാലയം വഴിയോ കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്ന മററു രീതിയിലോ അയച്ചുകൊടുക്കാവുന്നതും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള ഏതെങ്കിലും സമൺസ്, അയാൾ ചെയ്തിട്ടുള്ളതായി കരുതപ്പെടാവുന്നതും, സമൺസ് പ്രതിക്ക് നടത്തിയിട്ടുണ്ടെന്നുള്ളതുമായ ഒരു എൻഡോഴ്സ്മെൻറ് സഹിതം, മടക്കുന്നുവെങ്കിൽ അങ്ങനെയുള്ള എൻഡോഴ്സ്മെൻറ് നടത്തലിൻെറ തെളിവായി കരുതപ്പെടുന്നതും ആകുന്നു.

27. <u>സിവിൽ പബ്ലിക്ക് ഉദ്യോഗസ്ഥനോ, റയിൽവേ കമ്പനികളുടേയോ തദ്ദേശാധികാരസ്ഥനത്തിൻേറയോ ജീവനക്കാരനോ ഉള്ള നടത്തൽ.</u>—പ്രതി (ഇൻഡ്യൻ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ അല്ലാത്ത) ഒരു പബ്ലിക്ക് ഉദ്യോഗസ്ഥനോ, ഒരു റയിൽവേ കമ്പനിയുടെയോ തദ്ദേശാധികാരസ്ഥാനത്തിൻെറയോ ജീവനക്കാരനോ ആയിരിക്കുന്നിടത്ത്, സമൺസ്, ഏററവും സൗകര്യപ്രദമായി നടത്താവുന്നത്, അത് പ്രതിക്ക് നടത്തുന്നതിനായി അയാൾ നിയോഗിക്കപ്പെട്ടിരിക്കുന്ന ആഫീസിൻെറ മേധാവിക്ക്, പ്രതി വച്ചുകൊള്ളേണ്ട ഒരു പകർപ്പ് സഹിതം അയച്ചുകൊടുക്കുന്നതുവഴിയാണെന്ന് തോന്നുന്നുവെങ്കിൽ, കോടതിക്ക് പകരം കൊടുക്കാവുന്നതാണ്.

28. <u>പട്ടാളക്കാർക്കോ നാവികർക്കോ വൈമാനികർക്കോ ഉള്ള നടത്തൽ.</u>—പ്രതി, പട്ടാളക്കാരനോ നാവികനോ വൈമാനികനോ ആയിരിക്കുന്നിടത്ത്, കോടതി, സമൺസ്, നടത്തലിനായി അയാളുടെ കമാൻറിങ്ങ് ആഫീസർക്ക് പ്രതി വച്ചുകൊള്ളേണ്ട ഒരു പകർപ്പ് സഹിതം അയച്ചുകൊടുക്കേണ്ടതാകുന്നു.

29. <u>സമൺസ് നടത്തലിനായി ഡെലിവർ ചെയ്യപ്പെടുകയോ അയച്ചുകൊടുക്കപ്പെടുകയോ ചെയ്യുന്ന ആളുടെ കർത്തവ്യം.</u>—(1) ഒരു സമൺസ്, നടത്തലിനായി ഏതെങ്കിലും ആൾക്ക് 24-ാം ചട്ടത്തിനോ 27-ാം ചട്ടത്തിനോ 28-ാം ചട്ടത്തിനോ കീഴിൽ ഡെലിവർ ചെയ്യുകയോ അയച്ചുകൊടുക്കുകയോ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾ, സാദ്ധ്യമെങ്കിൽ അത് നടത്തുകയും, തൻെറ കൈയ്യൊപ്പോടുകൂടി പ്രതിയുടെ ലിഖിതമായ കൈപ്പററ് രസീത് സഹിതം മടക്കുകയും ചെയ്യുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അങ്ങനെയുള്ള കൈയ്യൊപ്പ് നടത്തലിൻെറ തെളിവായി കരുതപ്പെടുന്നതും ആകുന്നു.

(2) ഏതെങ്കിലും കാരണത്താൽ നടത്തൽ അസാദ്ധ്യമായിട്ടുള്ളിടത്ത്, സമൺസ്, അങ്ങനെയുള്ള കാരണത്തെക്കുറിച്ചും നടത്തൽ ലഭ്യമാക്കുന്നതിന് എടുക്കപ്പെട്ട നടപടികളെക്കുറിച്ചും ഒരു പൂർണ്ണ പ്രസ്താവന സഹിതം കോടതിക്ക് മടക്കേണ്ടതും, അങ്ങനെയുള്ള പ്രസ്താവന, നടത്താത്തതിന്റെ തെളിവായി കരുതപ്പെടുന്നതും ആകുന്നു.

30. സമൺസിന് പകരം കത്താക്കുന്നത്.—(1) ഇതിൽ ഇതിനുമുൻപ് എന്തുതന്നെയടങ്ങിയിരുന്നാലും, കോടതിക്ക് അതിന്റെ അഭിപ്രായത്തിൽ, പ്രതി, സമൺസിന് പകരം, ജഡ്ജിയോ, അദ്ദേഹം ഇതിലേയ്ക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഒപ്പിട്ട ഒരു കത്ത് ആക്കേണ്ട ആദരവ് ചിഹ്നത്തിന് അവകാശപ്പെടുത്തുന്ന പദവിയുള്ള ആൾ ആയിരിക്കുന്നിടത്ത്, അപ്രകാരം ആക്കാവുന്നതാണ്.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ പകരമാക്കപ്പെട്ട ഒരു കത്തിൽ സമൺസിൽ പ്രസ്താവിച്ചിരിക്കേണ്ടതായി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും അടങ്ങിയിരിക്കേണ്ടതാകുന്നു.

(3) അപ്രകാരം പകരമാക്കപ്പെട്ട ഒരു കത്ത്, പ്രതിക്ക് പോസ്ററു വഴിയോ, കോടതി തിരഞ്ഞെടുക്കുന്ന പ്രത്യേക ദൂതൻ മുഖേനയോ യുക്തമെന്നുകോടതിക്ക് തോന്നുന്ന മറേറതെങ്കിലും രീതിയിലോ അയച്ചുകൊടുക്കാവുന്നതും; പ്രതിക്ക് നടത്തൽ സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട ഒരു ഏജൻറ് ഉള്ളിടത്ത്, കത്ത് അങ്ങനെയുള്ള ഏജൻറിന് ഡെലിവർ ചെയ്യുകയോ അയച്ചു കൊടുക്കുകയോ ചെയ്യാവുന്നതും ആകുന്നു.

## ആർഡർ VI

## പ്ലീഡിങ്ങുകൾ സാമാന്യമായി

1. പ്ലീഡിങ്ങ്.—'പ്ലീഡിങ്ങി'ന്, അന്യായമോ പത്രികയോ എന്നർത്ഥമാകുന്നു.

2. പ്ലീഡിങ്ങിൽ സാരവത്തായ വസ്തുതകളാണ്, തെളിവല്ല പ്രസ്താവിക്കേണ്ടതെന്ന്.—(1) ഏതൊരു പ്ലീഡിങ്ങിലും, പ്ലീഡ് ചെയ്യുന്ന കക്ഷി, അതതു സംഗതിപോലെ, തന്റെ അവകാശവാദത്തിനോ പ്രതിവാദത്തിനോ ആശ്രയിക്കുന്ന സാരവത്തായ വസ്തുതകളുടെ ചുരുക്കരൂപത്തിലുള്ള പ്രസ്താവന അടങ്ങിയിരിക്കേണ്ടതും, അതുമാത്രമടങ്ങിയിരിക്കേണ്ടതും, എന്നാൽ അവർ തെളിയിക്കേണ്ട തെളിവ് അടങ്ങിയിരിക്കാൻ പാടില്ലാത്തതും ആകുന്നു

(2) ഏതൊരു പ്ലീഡിങ്ങും, ആവശ്യമുള്ളപ്പോൾ തുടർച്ചയായി നമ്പർ ചെയ്ത ഖണ്ഡികകളായി വിഭജിക്കേണ്ടതും, ഓരോ ആക്ഷേപനവും, സൗകര്യമുള്ളിടത്തോളം ഒരു പ്രത്യേകഖണ്ഡികയിൽ അടങ്ങിയിരിക്കേണ്ടതും ആകുന്നു.

(3) പ്ലീഡിങ്ങിൽ, തീയതികളും തുകകളും നമ്പരുകളും, അക്കങ്ങളിലും വാക്കുകളിലും പറഞ്ഞിരിക്കേണ്ടതാകുന്നു.

3. ഫാറങ്ങൾ.—എല്ലാ പ്ലീഡിങ്ങുകൾക്കും, അനുബന്ധം ക യിലെ ഫാറങ്ങൾ ബാധകമായിരിക്കുമ്പോൾ അവയും, അവ ബാധകമല്ലാത്തിടത്ത്, അടുത്തു വരാവുന്നത്ര സദൃശസ്വഭാവത്തിലുള്ള ഫാറവും ഉപയോഗിക്കേണ്ടതാകുന്നു.

4. ആവശ്യമുള്ളിടത്ത് വിവരങ്ങൾ നല്കേണ്ടതാണെന്ന്.—പ്ലീഡ് ചെയ്യുന്ന കക്ഷി ഏതെങ്കിലും തെററിദ്ധരിപ്പിക്കലിനേയോ വഞ്ചനയേയോ വിശ്വാസലംഘനത്തേയോ മന:പൂർവ്വമായ വീഴ്ചയേയോ, അനുചിതമായ

സ്വാധീനത്തേയോ ആശ്രയിക്കുന്ന എല്ലാ സംഗതികളിലും, മുൻപറഞ്ഞ ഫാറങ്ങളിൽ ഉദാഹരിക്കപ്പെട്ടിട്ടുള്ളവയ്ക്കു പുറമേ, വിവരങ്ങൾ ആവശ്യമാകുന്ന മററു എല്ലാ സംഗതികളിലും, വിവരങ്ങൾ (ആവശ്യമാണെങ്കിൽ തീയതികളോടും ഇനങ്ങളോടുംകൂടി) പ്ലീഡിങ്ങിൽ പ്രസ്താവിക്കേണ്ടതാകുന്നു.

5. കൂട്ടുതലായുള്ളതും മെച്ചപ്പെട്ടതുമായ പ്രസ്താവനയോ വിവരങ്ങളോ.—എല്ലാ സംഗതികളിലും, കോടതിച്ചെലവ് സംബന്ധിച്ചുള്ളതും, മററുവിധത്തിലുള്ളതുമായ നീതിപൂർവ്വകമായ നിബന്ധനകളിൻമേൽ അവകാശവാദത്തിന്റെയോ പ്രതിവാദത്തിന്റെയോ പ്രകൃതത്തെക്കുറിച്ചുള്ള കൂട്ടുതലായുള്ളതും മെച്ചപ്പെട്ടതുമായ പ്രസ്താവനയ്ക്കോ, അല്ലെങ്കിൽ ഏതെങ്കിലും പ്ലീഡിങ്ങിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തെക്കുറിച്ചുള്ള കൂട്ടുതലായുള്ളതും മെച്ചപ്പെട്ടതുമായ വിവരങ്ങൾക്കോ ഉത്തരവു ചെയ്യാവുന്നതാണ്.

6. പൂർവ്വോപാധി.—ഏതത് പൂർവ്വോപാധിയുടെ നിർവ്വഹണമോ സംഭവിക്കലോ ആണോ തർക്കവിഷയമാക്കാൻ ഉദ്ദേശിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും പൂർവ്വോപാധി, അതതുസംഗതിപോലെ, വാദിയോ പ്രതിയോ, തന്റെ പ്ലീഡിങ്ങിൽ വ്യക്തമായി വിനിർദ്ദേശിക്കേണ്ടതും; അതിന് വിധേയമായി, വാദിയുടേയോ പ്രതിയുടെയോ കേസ്സിന് ആവശ്യമായ എല്ലാ പൂർവ്വോപാധികളുടേയും നിർവ്വഹണത്തെക്കുറിച്ചോ സംഭവിക്കലിനെക്കുറിച്ചോ ഉള്ള ഒരു പ്രഖ്യാപനം അയാളുടെ പ്ലീഡിങ്ങിൽ വ്യംഗ്യമായിരിക്കുന്നതും ആകുന്നു.

7. വ്യതിയാനം.—യാതൊരു പ്ലീഡിങ്ങും ഭേദഗതിവഴിയായല്ലാതെ, അവകാശവാദത്തിന്റെ ഏതെങ്കിലും പുതിയ കാരണം ഉന്നയിക്കുകയോ, അല്ലെങ്കിൽ വസ്തുത സംബന്ധിച്ച ഏതത് ആഖ്യാപനമാണോ അത് പ്ലീഡ് ചെയ്യുന്ന കക്ഷിയുടെ മുൻ പ്ലീഡിങ്ങുകളോട് അസംഗതമായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആഖ്യാപനം അടങ്ങിയതായിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

8. കാൺട്രാക്റ്റിന്റെ നിഷേധം.—ഏതെങ്കിലും പ്ലീഡിങ്ങിൽ ഒരു കാൺട്രാക്റ്റ് ഉണ്ടെന്ന് ആഖ്യാപിക്കുന്നിടത്ത്, എതിർ കക്ഷിയാലുള്ള അതിന്റെ ഒരു വെറും നിഷേധത്തിന്, ആഖ്യാപിക്കപ്പെടുന്ന പ്രകടമായ കാൺട്രാക്റ്റിന്റേയോ അല്ലെങ്കിൽ ഏതത് വസ്തുതാവിഷയങ്ങളിൽനിന്നാണോ അത് വ്യംഗ്യമാണെന്ന് എടുക്കാവുന്നത്, ആ വസ്തുതാവിഷയങ്ങളുടേയോ വസ്തുതാപരമായ നിഷേധം മാത്രമായി അർത്ഥംകൽപ്പിക്കപ്പെടുന്നതും, അങ്ങനെയുള്ള കാൺട്രാക്റ്റിന്റെ നിയമസാധുതയുടേയോ നിയമദൃഷ്ട്യാ ഉള്ള പര്യാപ്തതയുടേയോ നിഷേധമായി അർത്ഥം കൽപ്പിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

9. രേഖകളുടെ പ്രഭാവം പ്രസ്താവിക്കപ്പെടണമെന്ന്.—ഏതെങ്കിലും രേഖയുടെ ഉള്ളടക്കം സാരമായിട്ടുള്ളിടത്തെല്ലാം, രേഖയിലേയോ, അതിന്റെ ഏതെങ്കിലും ഭാഗത്തിലേയോ അതേ വാക്കുകൾ സാരമായിരിക്കാത്തപക്ഷം, ഏതെങ്കിലും പ്ലീഡിങ്ങിൽ രേഖ മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ എടുത്തു ചേർക്കാതെ രേഖയുടെ പ്രഭാവം കഴിയുന്നത്ര ചുരുക്കി പ്രസ്താവിച്ചാൽ മതിയാകുന്നതാണ്.

10. ദുരുദ്ദേശം, അറിവ് മുതലായവ.—ഏതെങ്കിലും ആളുടെ ദുരുദ്ദേശമോ വഞ്ചനാപൂർവ്വകമായ ഉദ്ദേശമോ, അറിവോ, മററ് മാനസികാവസ്ഥയോ ആഖ്യാപിക്കുന്നത് സാരമായിരിക്കുന്നിടത്തെല്ലാം, അത് ഏതത് പരിതഃസ്ഥിതികളിൽനിന്നാണോ അതു നിഗമനം ചെയ്യേണ്ടത്, ആ പരിതഃസ്ഥിതികൾ പ്രതിപാദിക്കാതെ ഒരു വസ്തുതയായി ആഖ്യാപിച്ചാൽ മതിയാകുന്നതാണ്.

11. നോട്ടീസ്.—ഏതെങ്കിലും വസ്തുതയേയോ വിഷയത്തേയോ കാര്യത്തേയോ കുറിച്ച് ഏതെങ്കിലും ആരംക്ക് നോട്ടീസ് ഉണ്ടെന്ന് ആഖ്യാപിക്കുന്നത് സാരമായിരിക്കുന്നിടത്തെല്ലാം, അങ്ങനെയുള്ള നോട്ടീസിന്റെ ഫാറമോ യഥാർത്ഥ നിബന്ധനകളോ, അല്ലെങ്കിൽ ഏത് പരിതഃസ്ഥിതികളിൽ നിന്നാണോ അങ്ങനെയുള്ള നോട്ടീസുള്ളതായിനിഗമനംചെയ്യേണ്ടത്, ആ പരിത: സ്ഥിതികളോ സാരമായിരിക്കാത്തപക്ഷം, അങ്ങനെയുള്ള നോട്ടീസ് ഉണ്ടെന്നുള്ളത് ഒരു വസ്തുതയായി ആഖ്യാപിച്ചാൽ മതിയാകുന്നതാണ്.

12. വ്യംഗ്യമായ കാൺട്രാക്ററോ ബന്ധമോ.—കത്തുകളുടേയോ സംഭാഷണങ്ങളുടേയോ ഒരു പരമ്പരയിൽനിന്നോ, അല്ലെങ്കിൽ മററ് വിധത്തിൽ പല പരിത:സ്ഥിതികളിൽനിന്നോ ഏതെങ്കിലും ആളുകരം തമ്മിലുള്ള ഏതെങ്കിലും കാൺട്രാക്ററോ, ഏതെങ്കിലും ബന്ധമോ, വ്യംഗ്യമാണെന്ന് എടുക്കേണ്ടിടത്തെല്ലാം, അങ്ങനെയുള്ള കാൺട്രാക്ററോ ബന്ധമോ. ഒരു വസ്തുതയായി ആഖ്യാപിക്കുകയും, അങ്ങനെയുള്ളകത്തുകളോ സംഭാഷണങ്ങളോ പരിത:സ്ഥിതികളോ വിസ്തരിച്ച് പ്രതിപാദിക്കാതെ അവയെ സാമാന്യമായി പരാമർശിക്കുകയും ചെയ്താൽ മതിയാകുന്നതാണ്. കൂടാതെ, അങ്ങനെയുള്ള സംഗതിയിൽ അപ്രകാരം പ്ലീഡ്ചെയ്യുന്ന ആരം, അങ്ങനെയുള്ള പരിത:സ്ഥിതികളിൽ നിന്ന് വ്യംഗ്യമാണെന്ന് എടുക്കേണ്ട ഒന്നിലധികം കാൺട്രാക്ററുകളേയോ ബന്ധങ്ങളേയോ പക്ഷാന്തരമായി ആശ്രയിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാരംക്ക് അത് പക്ഷാന്തരമായി പ്രസ്താവിക്കാവുന്നതാണ്.

13. നിയമത്തിലെ അനുമാനങ്ങരം.—ഇരുകക്ഷികളിൽ ആരും, തനിക്ക് അനുകൂലമായി നിയമം അനുമാനിക്കുന്നതോ, അല്ലെങ്കിൽ തെളിയിക്കേണ്ട ഭാരം മറുഭാഗത്തിനായിരിക്കുന്നതോ ആയ ഏതെങ്കിലും വസ്തുതയുടെ വിഷയം അത് ആദ്യമേ വിനിർദ്ദിഷ്ടമായി നിഷേധിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, ഏതെങ്കിലും പ്ലീഡിങ്ങിൽ ആഖ്യാപിക്കേണ്ടതില്ല. (ഉദാഹരണം: വിനിമയപത്രത്തിനുള്ള പ്രതിഫലം—വാദി വിനിമയപത്രത്തിൻമേൽ മാത്രമായും, ആ പ്രതിഫലത്തിന്, അവകാശവാദത്തിന്റെ സാരവത്തായ കാരണമെന്ന നിലയിലല്ലാതേയും, വ്യവഹാരം കൊടുക്കുന്നിടത്ത്—).

14. പ്ലീഡിങ്ങ് ഒപ്പിടണമെന്ന്.—ഏതൊരു പ്ലീഡിങ്ങും, കക്ഷിയും അയാളുടെ പ്ലീഡറും (ആരെങ്കിലും ഉണ്ടെങ്കിൽ) ഒപ്പിടേണ്ടത് ആകുന്നു:

എന്നാൽ, അസാന്നിദ്ധ്യം നിമിത്തമോ, മററ് സാധുവായ കാരണത്താലോ പ്ലീഡ് ചെയ്യുന്ന കക്ഷിക്ക്, പ്ലീഡിങ്ങ് ഒപ്പിടാൻ കഴിയാതിരിക്കുന്നിടത്ത്, അത് ഒപ്പിടാനോ, അല്ലെങ്കിൽ അയാരംക്ക് വേണ്ടി വ്യവഹാരം കൊടുക്കാനോ പ്രതിവാദം ചെയ്യാനോ, അയാരം മുറപ്രകാരം പ്രാധികാരപ്പെടുത്തിയിട്ടുള്ള ആരംക്ക്, അതിൽ ഒപ്പിടാവുന്നതാണ്.

14ക. നോട്ടീസ് നടത്തുന്നതിനുള്ള മേൽവിലാസം.—(1) ഏതൊരു പ്ലീഡിങ്ങിനോടുമൊപ്പം, ഒരു കക്ഷി, അത് ഫയൽ ചെയ്യുമ്പോരം, 14-ാം ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ ഒപ്പിട്ടതും, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും ആയ കക്ഷിയുടെ മേൽവിലാസം സംബന്ധിച്ച്, ഒരു പ്രസ്താവന ഉണ്ടായിരിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മേൽവിലാസം മുറപ്രകാരം പൂരിപ്പിക്കപ്പെട്ടതും കക്ഷിയുടെ പുതിയ മേൽവിലാസം പ്രസ്താവിക്കുന്നതും സത്യബോധപ്പെടുത്തിയ ഒരു ഹർജി സഹിതമുള്ളതുമായ ഒരു ഫാറം കോടതിയിൽ ലാഡ്ജ് ചെയ്യുന്നതു വഴി, അതത് സമയം മാററാവുന്നതാണ്.

(3) (1)-ാം ഉപചട്ടത്തിൻകീഴിൽ ചെയ്യുന്ന പ്രസ്താവനയിൽ നൽകുന്ന മേൽവിലാസത്തിന് കക്ഷിയുടെ "രജിസ്റേറർഡ് മേൽവിലാസം" എന്ന് പേർ പറയപ്പെടുന്നതും, മുൻപറഞ്ഞതുപോലെ മുറപ്രകാരം മാററുന്നതുവരെ, വ്യവ

ഹാരത്തിലോ, അതിൽ ഉണ്ടാകുന്ന ഏതെങ്കിലും വിധിയിൽനിന്നോ ഉത്തരവിൽ നിന്നോ ഉള്ള ഏതെങ്കിലും അപ്പീലിലോ ഉള്ള എല്ലാ പ്രോസസ്സുകളുടേയും നടത്തലിന്റെ ആവശ്യത്തിനും, വിധി നടത്തലിന്റെ ആവശ്യത്തിനും, കക്ഷിയുടെ മേൽവിലാസമായി കരുതപ്പെടുന്നതും, മുൻപറഞ്ഞതിന്റു വിധേയമായി, ആ കേസ്സിന്റെയോ വിഷയത്തിന്റേയോ അന്തിമമായ തീർപ്പിനുശേഷം, രണ്ടു വർഷക്കാലത്തേക്കു സാധുവായിരിക്കുന്നതും ആകുന്നു.

(4) ഏതെങ്കിലും പ്രോസസ്സ് എല്ലാ നിലയ്ക്കും ഒരു കക്ഷിക്ക് അയാളുടെ രജിസ്റ്റേർഡ് മേൽവിലാസത്തിൽ, അങ്ങനെയുള്ള കക്ഷി അവിടെ താമസിച്ചിരുന്നാലെന്നപോലെ നടത്താവുന്നതാണ്.

(5) ഒരു കക്ഷിയുടെ രജിസ്റ്റേർഡ് മേൽവിലാസം അപൂർണ്ണമോ, വ്യാജമോ, കൽപ്പിതമോ, ആണെന്ന് കോടതിക്ക് വെളിപ്പെടുന്നിടത്ത്, കോടതിക്ക് സ്വയമേവ, അല്ലെങ്കിൽ ഏതെങ്കിലുംകക്ഷിയുടെ അപേക്ഷയിൻമേൽ.—

(ക) അങ്ങനെയുള്ള രജിസ്റ്റേർഡ് മേൽവിലാസം വാദി നൽകിയിട്ടുള്ള സംഗതിയിൽ, വ്യവഹാരത്തിന്റെ നിറുത്തി വയ്ക്കലിനോ,

(ഖ) അങ്ങനെയുള്ള രജിസ്റ്റേർഡ് മേൽവിലാസം പ്രതി നൽകിയിട്ടുള്ള സംഗതിയിൽ, അയാളുടെ പ്രതിവാദം നീക്കം ചെയ്യുകയും അയാൾ യാതൊരു പ്രതിവാദവും ചെയ്തിട്ടില്ലായിരുന്നാൽ എന്നപോലെയുള്ള അതേ സ്ഥിതിയിൽ ആക്കുകയും ചെയ്യാനോ,

ഉത്തരവു ചെയ്യാവുന്നതാണ്.

(6) (5)-ാം ഉപചട്ടത്തിൻകീഴിൽ വ്യവഹാരം നിറുത്തിവയ്ക്കുകയോ, പ്രതിവാദം നീക്കംചെയ്യുകയോ ചെയ്യുന്നിടത്ത്, അതതുസംഗതിപോലെ, വാദിക്കോ പ്രതിക്കോ തന്റെ യഥാർത്ഥ മേൽവിലാസം നൽകിയതിനുശേഷം കോടതിയോട്, അതതുസംഗതിപോലെ, നിറുത്തിവയ്ക്കൽ ഉത്തരവോ പ്രതിവാദം നീക്കംചെയ്യുന്ന ഉത്തരവോ ദുർബ്ബലപ്പെടുത്താനുള്ള ഉത്തരവിന് അപേക്ഷിക്കാവുന്നതാണ്.

(7) യഥാർത്ഥ മേൽവിലാസം ശരിയായ സമയത്ത് ഫയൽ ചെയ്യുന്നതിൽ നിന്ന് കക്ഷി ഏതെങ്കിലും മതിയായ കാരണത്താൽ തടയപ്പെട്ടു എന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതി, കോടതിച്ചെലവ് സംബന്ധിച്ചതോ, മററ് വിധത്തിൽ ഉള്ളതോആയ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ നിറുത്തിവയ്ക്കൽ ഉത്തരവോ പ്രതിവാദം നീക്കംചെയ്യുന്ന ഉത്തരവോ ദുർബ്ബലപ്പെടുത്തുകയും, അതതുസംഗതിപോലെ, വ്യവഹാരത്തിന്റേയോ പ്രതിവാദത്തിന്റേയോ നടപടി തുടരുന്നതിന് ഒരു ദിവസം നിശ്ചയിക്കുകയും ചെയ്യേണ്ടതാകുന്നു.

(8) ഈ ചട്ടത്തിലെ യാതൊന്നും ഒരു പ്രോസസ്സ് മറേറതെങ്കിലും മേൽവിലാസത്തിലുള്ള നടത്തലിന് നിദേശിക്കുന്നതിൽനിന്ന് കോടതിയെ, അപ്രകാരം ചെയ്യുന്നത് യുക്തമാണെന്ന് ഏതെങ്കിലും കാരണത്താൽ തോന്നുന്നുവെങ്കിൽ, തടയുന്നതല്ല.

15. <u>പ്ലീഡിങ്ങുകൾ സത്യബോധപ്പെടുത്തൽ</u>.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം മററ് വിധത്തിൽ വ്യവസ്ഥചെയ്യുന്നവിധമൊഴികെ, ഏതൊരു പ്ലീഡിങ്ങും അതിന്റെ ചുവട്ടിൽ, പ്ലീഡുചെയ്യുന്ന കക്ഷിയാലോ, കക്ഷികളിൽ ഒരാളാലോ അല്ലെങ്കിൽ കേസ്സിന്റെ വസ്തുതകൾ നേരിട്ട് അറിയുന്നവനാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം, തെളിയിക്കപ്പെട്ടിട്ടുള്ള മററ് ഏതെങ്കിലും ആളാലോ സത്യബോധപ്പെടുത്തേണ്ടതാകുന്നു.

(2) സത്യബോധപ്പെടുത്തുന്ന ആൾ, ഏതാണ് തന്റെ സ്വന്തം അറിവിൽ നിന്ന്സത്യബോധപ്പെടുത്തുന്നത് എന്നും,ഏതാണ് കിട്ടിയതും സത്യമാണെന്ന്

വിശ്വസിക്കപ്പെടുന്നതും ആയ വിവരത്തിൽ നിന്ന് സത്യബോധപ്പെടുത്തുന്നത് എന്നും, പ്ലീഡിങ്ങിലെ നമ്പരിട്ട ഖണ്ഡികകൾ പരാമർശിച്ചുകൊണ്ട് വിനിർദ്ദേശിക്കേണ്ടതാകുന്നു.

(3) സത്യബോധം, അത് ചെയ്യുന്ന ആൾ ഒപ്പിടേണ്ടതും, അത് ഒപ്പിട്ട തീയതിയും, സ്ഥലവും പ്രസ്താവിക്കേണ്ടതും ആകുന്നു.

16. പ്ലീഡിങ്ങുകൾ നീക്കം ചെയ്യൽ.—കോടതിക്ക്, നടപടികളുടെ ഏത് ഘട്ടത്തിലും, ഏതെങ്കിലും പ്ലീഡിങ്ങിനുള്ള—

(ക) അനാവശ്യമായതോ, അപവാദപരമായതോ, നിസ്സാരമായതോ ശല്യം ഉണ്ടാക്കുന്നതോ, അല്ലെങ്കിൽ

(ഖ) വ്യവഹാരത്തിന്റെ ന്യായമായ വിചാരണയ്ക്ക് ദോഷംവരുത്തുകയോ, അത് വിഷമിപ്പിക്കുകയോ താമസിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയുള്ളതോ, അല്ലെങ്കിൽ

(ഗ) മററ് വിധത്തിൽ കോടതിയുടെ പ്രക്രിയയെ ദുരുപയോഗപ്പെടുത്തുന്നതോ,

ആയ ഏതെങ്കിലും വിഷയംനീക്കംചെയ്യാനോ ഭേദഗതി ചെയ്യാനോ ഉത്തരവു ചെയ്യാവുന്നതാണ്.

17. പ്ലീഡിങ്ങുകളുടെ ഭേദഗതി.—കോടതിക്ക്, നടപടികളുടെ ഏത് ഘട്ടത്തിലും, ഇരുകക്ഷികളിൽ ആരേയെങ്കിലും നീതിപൂർവ്വകമായ രീതിയിലും, നിബന്ധനകളിൻമേലും, അയാളുടെ പ്ലീഡിങ്ങുകൾ വ്യത്യാസപ്പെടുത്താനോ ഭേദഗതിചെയ്യാനോ അനുവദിക്കാവുന്നതും, കക്ഷികൾ തമ്മിൽ തർക്കത്തിലുള്ള യഥാർത്ഥപ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യകമായ എല്ലാ ഭേദഗതികളും ചെയ്യേണ്ടതും ആകുന്നു.

18. ഉത്തരവിനുശേഷം ഭേദഗതി ചെയ്യാതിരിക്കൽ.—ഭേദഗതി ചെയ്യാനുള്ള അനുമതിയ്ക്ക് ഉത്തരവ് ലഭിച്ചിട്ടുള്ള കക്ഷി, ഉത്തരവ് ആ ആവശ്യത്തിന് ക്ലിപ്തപ്പെടുത്തുന്നസമയത്തിനുള്ളിലോ, അല്ലെങ്കിൽ ഉത്തരവ് സമയം ക്ലിപ്തപ്പെടുത്തുന്നില്ലെങ്കിൽ, ഉത്തരവിന്റെ തീയതി മുതൽ പതിന്നാലു ദിവസത്തിനുള്ളിലോ, അപ്രകാരം ഭേദഗതി ചെയ്യുന്നില്ലെങ്കിൽ, കോടതി സമയം നീട്ടിക്കൊടുക്കാത്തപക്ഷം, അതതുസംഗതിപോലെ, മുൻപറഞ്ഞതുപോലെയുള്ള ക്ലിപ്തസമയമോ പതിന്നാലു ദിവസമോ കഴിഞ്ഞതിനുശേഷം, ഭേദഗതിചെയ്യാൻ അയാളെ അനുവദിക്കുന്നതല്ല.

## ആർഡർ VII

## അന്യായം

1. അന്യായത്തിൽ അടങ്ങേണ്ട വിവരങ്ങൾ.—അന്യായത്തിൽ താഴെപറയുന്ന വിവരങ്ങൾ അടങ്ങേണ്ടതാണ്:—

(ക) ഏത് കോടതിയിലാണോ വ്യവഹാരം കൊണ്ടുവരുന്നത്, ആ കോടതിയുടെ പേര്;

(ഖ) വാദിയുടെ പേരും വിവരണവും താമസസ്ഥലവും;

(ഗ) തിട്ടപ്പെടുത്താൻ കഴിയുന്നിടത്തോളം, പ്രതിയുടെ പേരും വിവരണവും താമസസ്ഥലവും;

(ഘ) വാദിയോ പ്രതിയോ മൈനറോ ചിത്തഭ്രമമുള്ള ആളോ ആയിരിക്കുന്നിടത്ത്, ആ അർത്ഥത്തിലുള്ള ഒരു പ്രസ്താവന;

(ങ) വ്യവഹാരകാരണത്തെ അതാക്കുന്ന വസ്തുതകളും, അത് എപ്പോൾ ഉത്ഭവിച്ചു എന്നുള്ളതും;

(ഛ) കോടതിയ്ക്ക് അധികാരിതയുണ്ടെന്ന് കാണിക്കുന്ന വസ്തുതകൾ ;

(ഝ) വാദി അവകാശപ്പെടുന്ന നിവൃത്തി ;

(ജ) വാദി തട്ടിക്കിഴിക്കൽ അനുവദിക്കുകയോ, തന്റെ അവകാശവാദത്തിന്റെ ഒരു ഭാഗം വിട്ടുകൊടുക്കുകയോ ചെയ്തിട്ടുള്ളിടത്ത്, അപ്രകാരം അനുവദിച്ചതോ വിട്ടുകൊടുത്തതോ ആയ തുക ;

(ഝ) കേസ്സ് അനുവദിക്കുന്നിടത്തോളം, അധികാരിതയുടേയും കോർട്ട്ഫീസിന്റെയും ആവശ്യങ്ങൾക്ക്, വ്യവഹാരത്തിന്റെ വിഷയത്തിന്റെ മൂല്യയെക്കുറിച്ചുള്ള പ്രസ്താവന.

2. പണവ്യവഹാരങ്ങളിൽ.—വാദി, പണം വസൂലാക്കലിന് അപേക്ഷിക്കുന്നിടത്ത്, അന്യായം, അവകാശപ്പെടുന്ന കൃത്യമായ തുക പ്രസ്താവിക്കേണ്ടതാകുന്നു.

എന്നാൽ, വാദി ഇടക്കാല ലാഭത്തിനോ, അല്ലെങ്കിൽ താനും പ്രതിയും തമ്മിലുള്ള തീർക്കാത്ത കണക്കെടുക്കുന്നതിൻമേൽ തനിക്ക് കിട്ടാനുള്ളതായി കാണപ്പെടുന്ന തുകയ്ക്കോ, അല്ലെങ്കിൽ പ്രതിയുടെ കൈവശമുള്ള ജംഗമങ്ങൾക്കോ, അല്ലെങ്കിൽ ന്യായമായ ശ്രദ്ധ ചെലുത്തിയതിനുശേഷം മൂല്യം മതിക്കാൻ തനിക്ക് കഴിയാത്ത കടങ്ങൾക്കോ വ്യവഹാരം കൊടുക്കുന്നിടത്ത് അന്യായം, വ്യവഹാരപ്പെടുന്ന തുകയോ മൂല്യമോ ഉദ്ദേശമായി പ്രസ്താവിക്കേണ്ടതാണ്.

3. വ്യവഹാരത്തിന്റെ വിഷയം സ്ഥാവരവസ്തു ആയിരിക്കുന്നിടത്ത്.—വ്യവഹാരത്തിന്റെ വിഷയം സ്ഥാവരവസ്തു ആയിരിക്കുന്നിടത്ത്, അന്യായത്തിൽ വസ്തു തിരിച്ചറിയാൻ മതിയായ അതിന്റെ വിവരണം അടങ്ങിയിരിക്കേണ്ടതും, അങ്ങനെയുള്ള വസ്തു, ഒരു സെററിൽമെൻറ് റിക്കാർഡിലോ, സർവ്വേ റിക്കാർഡിലോ ഉള്ള അതിരുകളോ നമ്പരുകളോ വഴി തിരിച്ചറിയാൻ കഴിയുന്ന സംഗതിയിൽ, അന്യായം അങ്ങനെയുള്ള അതിരുകളും നമ്പരുകളും വിനിർദ്ദേശിക്കേണ്ടതും ആകുന്നു.

4. വാദി പ്രതിനിധി എന്ന നിലയിൽ വ്യവഹരിക്കുമ്പോൾ.—വാദി പ്രാതിനിധ്യസ്വഭാവത്തിൽ വ്യവഹാരം കൊടുക്കുന്നിടത്ത്, അന്യായം അയാൾക്ക് വിഷയത്തിൽ യഥാർത്ഥമായതും നിലവിലുള്ളതുമായ താൽപ്പര്യം ഉണ്ടെന്ന് മാത്രമല്ല, അത് സംബന്ധിച്ച് ഒരു വ്യവഹാരം ആരംഭിക്കുന്നതിന് തനിക്ക് കഴിവ് ഉണ്ടാക്കുന്നതിന് ആവശ്യകമായ നടപടികൾ (വല്ലതും ഉണ്ടെങ്കിൽ) താൻ എടുത്തിട്ടുണ്ടെന്നും കൂടി കാണിക്കേണ്ടതാകുന്നു.

5. പ്രതിയുടെ താൽപ്പര്യവും ബാദ്ധ്യതയും കാണിക്കേണ്ടതാണെന്ന്.—അന്യായം, വിഷയകത്തിൽ പ്രതിക്ക് താൽപ്പര്യം ഉണ്ടെന്നും, അല്ലെങ്കിൽ താൽപ്പര്യം ഉണ്ടെന്ന് പ്രതി അവകാശപ്പെടുന്നുണ്ടെന്നും, വാദി ആവശ്യപ്പെട്ടിട്ടുള്ളതിൽനിന്ന് ഉത്തരം പറയാൻ വിളിക്കപ്പെടുന്നതിന് പ്രതി വിധേയനാണെന്നും കാണിക്കേണ്ടതാകുന്നു.

6. കാലഹരണനിയമത്തിൽനിന്ന് ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ.—വ്യവഹാരം കാലഹരണനിയമം നിർണ്ണയിക്കുന്ന കാലം കഴിഞ്ഞതിനുശേഷം ആരംഭിക്കുന്നിടത്ത്, അന്യായം അങ്ങനെയുള്ള നിയമത്തിൽനിന്ന് ഒഴിവാക്കൽ അവകാശപ്പെടുന്നതിനുള്ള കാരണം കാണിക്കേണ്ടതാണ് :

എന്നാൽ അന്യായത്തിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും കാരണത്തിൻമേൽ, അത് അന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളോട് അസംഗതമല്ലെങ്കിൽ, കോടതിക്ക്, വാദിയെ കാലഹരണനിയമത്തിൽനിന്ന് ഒഴിവാക്കൽ അവകാശപ്പെടാൻ അനുവദിക്കാവുന്നതാണ്.

7. നിവൃത്തി വിനിർദ്ദിഷ്ടമായി പ്രസ്താവിക്കേണ്ടതാണെന്ന്.— ഏതൊരു അന്യായവും, നേരേയോ പക്ഷാന്തരമായോ വാദി അവകാശപ്പെടുന്ന നിവൃത്തി വിനിർദ്ദിഷ്ടമായി പ്രസ്താവിക്കേണ്ടതും, സാമാന്യമായതോ മററ് വിധത്തിലുള്ളതോ ആയ നിവൃത്തിക്ക് ചോദിക്കേണ്ട ആവശ്യം ഇല്ലാത്തതും, അത് ഇപ്പോഴും, അത് ചോദിക്കപ്പെട്ടിട്ടുണ്ടായിരുന്നാൽ എത്രത്തോളമോ അത്രത്തോളം ന്യായമായി കോടതിക്ക് തോന്നുന്ന വിധം നൽകപ്പെടാവുന്നതും ആകുന്നു. അതേ ചട്ടം, പ്രതി അയാളുടെ പത്രികയിൽ അവകാശപ്പെടുന്ന ഏതെങ്കിലും നിവൃത്തിക്ക് ബാധകമായിരിക്കുന്നതും ആകുന്നു.

8. വെവ്വേറെയുള്ള കാരണങ്ങളിൻമേൽ അധിഷ്ഠിതമായ നിവൃത്തി.— വാദി, വെവ്വേറെയുള്ളതും, വ്യതിരക്തവുമായ കാരണങ്ങളിൻമേൽ അധിഷ്ഠിതമായ വ്യതിരക്തമായ പല അവകാശവാദങ്ങളോ വ്യവഹാരകാരണങ്ങളോ സംബന്ധിച്ച് നിവൃത്തിക്ക് അപേക്ഷിക്കുന്നിടത്ത്, അവ ആകുന്നുത്ര വെവ്വേറെയായും, വ്യതിരക്തമായും പ്രസ്താവിക്കേണ്ടതാകുന്നു.

9. അന്യായം സ്വീകരിക്കുന്നതിൻ മേലുള്ള നടപടിക്രമം; സംക്ഷിപ്ത പ്രസ്താവന.—(1) വാദി അന്യായത്തോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ (വല്ലതും ഉണ്ടെങ്കിൽ) ഒരു ലിസ്ററ് അന്യായത്തിൻ മേൽ എൻഡോഴ്സ് ചെയ്യുകയോ, അതിനോട് അനുബന്ധിക്കുകയോ ചെയ്യേണ്ടതും; അന്യായം സ്വീകരിക്കപ്പെടുന്നെങ്കിൽ, എത്ര പ്രതികൾ ഉണ്ടോ അത്രയും വെള്ളക്കടലാസ്സിലുള്ള അന്യായപകർപ്പുകൾ, അന്യായത്തിന്റെ ദൈർഘ്യമോ പ്രതികളുടെ എണ്ണമോ കാരണമായോ, മതിയായ മററ് ഏതെങ്കിലും കാരണമായോ കോടതി, ഉന്നയിക്കപ്പെട്ട അവകാശവാദത്തിന്റെ പ്രകൃതത്തെക്കുറിച്ചോ വ്യവഹാരത്തിൽ അവകാശപ്പെടുന്ന നിവൃത്തിയെക്കുറിച്ചോ ഉള്ള അത്രതന്നെ എണ്ണം സംക്ഷിപ്ത പ്രസ്താവനകൾ ബോധിപ്പിക്കാൻ അയാളെ അനുവദിക്കാത്തപക്ഷം, കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിലോ, അപ്പോഴപ്പോൾ നീട്ടിക്കൊടുക്കുന്ന സമയത്തിനുള്ളിലോ ബോധിപ്പിക്കേണ്ടതും, അപ്രകാരം അനുവദിക്കുന്ന സംഗതിയിൽ, അയാൾ അങ്ങനെയുള്ള പ്രസ്താവനകൾ ബോധിപ്പിക്കേണ്ടതും ആകുന്നു.

(ക) (1)-ാം ഉപചട്ടത്തിൻകീഴിൽ കോടതി നിജപ്പെടുത്തുന്നതോ നീട്ടിക്കൊടുക്കുന്നതോ ആയ സമയത്തിനുള്ളിൽ, വാദി പ്രതികൾക്ക് സമൺസുകൾ നടത്താൻ വേണ്ട ഫീസ്സ് കൊടുക്കേണ്ടതാകുന്നു.

(2) വാദി വ്യവഹാരം കൊടുക്കുകയോ, അല്ലെങ്കിൽ പ്രതിക്കോ ഏതെങ്കിലും പ്രതിക്കോ എതിരായി വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നത്, പ്രതിനിധി എന്ന നിലയിൽ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രസ്താവനകൾ വാദി വ്യവഹാരം കൊടുക്കുകയോ പ്രതിക്ക് എതിരായി വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നത് ഏത് നിലയിൽ ആണെന്ന് കാണിക്കേണ്ടതാകുന്നു.

(3) വാദിക്ക് അങ്ങനെയുള്ള പ്രസ്താവന അന്യായത്തോട് പൊരുത്തപ്പെടുത്തത്തക്കവിധം കോടതിയുടെ അനുമതിയോടുകൂടി ഭേദഗതി ചെയ്യാവുന്നതാണ്.

(4) കോടതിയുടെ മുഖ്യ മിനിസ്റററീരിയൽ ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള ലിസ്ററും പകർപ്പുകളും, അല്ലെങ്കിൽ പ്രസ്താവനകളും ശരിയായവയാണെന്ന് പരിശോധനയിൻമേൽ താൻ കാണുന്നപക്ഷം, അവ ഒപ്പിടേണ്ടതാകുന്നു.

10. അന്യായം മടക്കൽ.—(1) ഏതു കോടതിയിലാണോ വ്യവഹാരം ആരംഭിക്കേണ്ടിയിരുന്നത് ആ കോടതിയിൽ ബോധിപ്പിക്കുവാനായി, അന്യായം, വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, മടക്കേണ്ടതും, ഇത് 10 ക ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—അപ്പീൽ കോടതിക്കോ റിവിഷൻ കോടതിക്കോ, വ്യവഹാരത്തിൽ പാസാക്കപ്പെട്ടിട്ടുള്ള വിധി അസ്ഥിരപ്പെടുത്തിയതിനുശേഷം, ഈ ഉപചട്ടത്തിൻകീഴിൽ അന്യായത്തിന്റെ മടക്കൽ നിർദേശിക്കാവുന്നതാണെന്ന് സംശയങ്ങൾ നീക്കാനായി, ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

(2) അന്യായം മടക്കുന്നതിൻമേലുള്ള നടപടിക്രമം.—ഒരു അന്യായം മടക്കുന്നതിൻമേൽ, ജഡ്ജി, അതിൻമേൽ, അതു ബോധിപ്പിച്ചതിന്റെയും മടക്കുന്നതിന്റെയും തീയതിയും, അതു ബോധിപ്പിക്കുന്ന കക്ഷിയുടെ പേരും, അതു മടക്കുന്നതിനുള്ള കാരണങ്ങളുടെ ഒരു സംക്ഷിപ്ത പ്രസ്താവനയും എൻഡോഴ്സ് ചെയ്യേണ്ടതാകുന്നു.

10ക. കോടതിക്ക്, അന്യായം, അതിന്റെ മടക്കലിന് ശേഷം ഫയൽ ചെയ്യേണ്ട കോടതിയിലെ ഹാജരാകലിനുള്ള തിയതി നിജപ്പെടുത്താനുള്ള അധികാരം.—(1) ഏതെങ്കിലും വ്യവഹാരത്തിൽ, പ്രതി ഹാജരായിട്ടുള്ളതിനുശേഷം, കോടതിക്ക് അന്യായം മടക്കേണ്ടതാണെന്ന് അഭിപ്രായമുള്ളിടത്ത്, അതു അപ്രകാരം ചെയ്യുന്നതിനുമുൻപ്, അതിന്റെ തീരുമാനം വാദിയെ അറിയിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ വാദിക്ക് അറിവ് കൊടുക്കുന്നിടത്ത്, വാദിക്ക്,—

(ക) അന്യായം, അതിന്റെ മടക്കലിനുശേഷം ഏതുകോടതിയിലാണോ, താൻ ബോധിപ്പിക്കാൻ നിർദ്ദേശിക്കുന്നത്, ആ കോടതിയെ വിനിർദ്ദേശിക്കുന്നതും ;

(ഖ) മുൻപറഞ്ഞ കോടതിയിൽ കക്ഷികളുടെ ഹാജരാകലിനുള്ള തീയതി കോടതി നിജപ്പെടുത്തണമെന്ന് പ്രാർത്ഥിക്കുന്നതും ;

(ഗ) അപ്രകാരം നിജപ്പെടുത്തുന്ന തീയതിയെക്കുറിച്ചുള്ള നോട്ടീസ്, തനിക്കും പ്രതിക്കും നല്കണമെന്ന് അഭ്യർത്ഥിക്കുന്നതും ;

ആയ ഒരപേക്ഷ കോടതിയോട് ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപചട്ടത്തിൽകീഴിൽ വാദി ഒരപേക്ഷ ചെയ്യുന്നിടത്ത്, കോടതി, അന്യായം മടക്കുന്നതിനുമുൻപും, അന്യായം മടക്കലിന്, അത് ഉത്തരവ് ചെയ്തത്, ആ വ്യവഹാരം വിചാരണചെയ്യാൻ അതിന് അധികാരിതയില്ലെന്നുള്ള കാരണത്തിൻമേലാണെന്നിരുന്നാലും,—

(ക) ഏത് കോടതിയിലാണോ അന്യായം ബോധിപ്പിക്കാൻ നിർദ്ദേശിക്കപ്പെടുന്നത്, ആ കോടതിയിൽ കക്ഷികളുടെ ഹാജരാകലിനുള്ള ഒരു തീയതി നിജപ്പെടുത്തുകയും ;

(ഖ) വാദിക്കും പ്രതിക്കും ഹാജരാകലിനുള്ള അങ്ങനെയുള്ള തീയതിയെക്കുറിച്ച് നോട്ടീസ് കൊടുക്കുകയും, ചെയ്യേണ്ടതാകുന്നു.

(4) (3)-ാം ഉപചട്ടത്തിൻകീഴിൽ ഹാജരാകലിനുള്ള തീയതിയെക്കുറിച്ച് നോട്ടീസ് കൊടുക്കുന്നിടത്ത്,—

(ക) അന്യായം, അതിന്റെ മടക്കലിനുശേഷം, ഏത് കോടതിയി ലാണോ ബോധിപ്പിക്കുന്നത്, ആ കോടതി, റിക്കാർഡ് ചെയ്യേണ്ട കാരണ ങ്ങളാൽ, ആ കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, പ്രതിക്ക് ആ വ്യവഹാരത്തിൽ ഹാജരാകുന്നതിന് സമൺസ് നടത്തുന്നത് ആവശ്യ കമായിരിക്കുന്നതല്ലാത്തതും,

(ഖ) മുൻപറഞ്ഞ നോട്ടീസ്, ഏത് കോടതിയിലാണോ അന്യായം ബോധിപ്പിക്കുന്നത്, ആ കോടതിയിൽ, പ്രതി അന്യായം മടക്കിയ കോടതി അപ്രകാരം നിജപ്പെടുത്തിയ തീയതി ഹാജരാകുന്നതിനുള്ള സമൺസ് ആയി കരുതപ്പെടുന്നതും ;

ആകുന്നു.

(5) 2-ാം ഉപചട്ടത്തിൻകീഴിൽ, വാദി ചെയ്തിട്ടുള്ള അപേക്ഷ കോടതി അനുവദിക്കുന്നിടത്ത്, അന്യായം മടക്കുന്ന ഉത്തരവിനെതിരായി അപ്പീൽ കൊടുക്കുവാൻ വാദിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

10ഖ. ശരിയായ കോടതിയിൽ അന്യായം ഫയൽചെയ്യാൻ നിദ്ദേശി ക്കുന്നതിന് അപ്പീൽ കോടതിക്കുള്ള അധികാരം.—(1) അന്യായം മടക്കാനുള്ള ഉത്തരവിനെതിരായുള്ള അപ്പീലിൻമേൽ അപ്പീൽ കേൾക്കുന്ന കോടതി, അങ്ങനെയുള്ള ഉത്തരവ് സ്ഥിരപ്പെടുത്തുന്നിടത്ത് അപ്പീൽ കോടതിക്ക്, അന്യായം മടക്കുമ്പോൾ വാദിയോട്, *കാലഹരണ ആക്ട്, (1963-ലെ 36)* വ്യവസ്ഥകൾക്ക് വിധേയമായി അന്യായം ഏത് കോടതിയിലാണോ ആ വ്യവഹാരം ആരംഭിക്കേണ്ടിയിരുന്നത്, ആ കോടതിയിൽ (അങ്ങനെയുള്ള കോടതി അപ്പീൽ കേൾക്കുന്ന കോടതി സ്ഥിതിചെയ്യുന്ന സ്റേററിനു ള്ളിലോ പുറത്തോ അയാലും) ഫയൽചെയ്യാൻ, നിദേശിക്കണമെന്ന് വാദി ഒരപേക്ഷവഴി ആഗ്രഹിക്കുന്നുവെങ്കിൽ, അപ്രകാരം നിദേശി ക്കുകയും, അത് ഏത് കോടതിയിലാണോ അന്യായം ഫയൽചെയ്യാൻ നിദേശിക്കുന്നത്, ആ കോടതിയിൽ കക്ഷികളുടെ ഹാജരാകലിനുള്ള ഒരു തീയതി നിജപ്പെടുത്തുകയും ചെയ്യാവുന്നതും, അപ്രകാരം തീയതി നിജ പ്പെടുത്തുമ്പോൾ, ഏത് കോടതിയിലാണോ അന്യായം ഫയൽചെയ്യുന്നത് ആ കോടതി, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ ആ കോടതി മററുവിധ ത്തിൽ നിദേശിക്കാത്തപക്ഷം, പ്രതിക്ക് ആ വ്യവഹാരത്തിൽ ഹാജരാ കാൻ സമൺസ് നടത്തുന്നത് ആവശ്യമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ കോടതി നല്കുന്ന നിദ്ദേശം, ഏത് കോടതിയിലാണോ അന്യായം ഫയൽചെയ്യുന്നത്, ആ കോടതിക്ക്, ആ വ്യവഹാരം വിചാരണചെയ്യാനുള്ള അധികാരിത ചോദ്യംചെയ്യാനുള്ള കക്ഷികളുടെ അവകാശങ്ങൾക്ക് യാതൊരു ഭംഗവും വരാത്തവിധമുള്ളതായി രിക്കുന്നതാണ്.

11. അന്യായത്തിന്റെ തിരസ്ക്കരണം.—അന്യായം താഴെപറയുന്ന സംഗതികളിൽ തിരസ്ക്കരിക്കേണ്ടതാണ് :—

(ക) അതു ഒരു വ്യവഹാരകാരണം വെളിപ്പെടുത്താത്തിടത്ത് ;

(ഖ) അവകാശപ്പെടുന്ന നിവൃത്തി സല കുറച്ച് കാണിക്കുകയും, സല കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ തിരുത്താൻ കോടതി ആവശ്യപ്പെട്ടിരിക്കെ, വാദി അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്യുന്നി ടത്ത് ;

(ഗ) അവകാശപ്പെടുന്ന നിവൃത്തിക്ക് ശരിയായി സല കണക്കാക്കിയിരി ക്കുകയും, എന്നാൽ അന്യായം മതിയായതല്ലാത്ത സ്ററാമ്പ് പതിച്ച കടലാ സ്സിൽ എഴുതിയിരിക്കുകയും, കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ ആവശ്യകമായ സ്ററാമ്പ് പത്രം നൽകാൻ കോടതി ആവശ്യപ്പെട്ടിരിക്കെ, വാദി അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത് ;

(ഘ) അന്യായത്തിലെ പ്രസ്താവനയിൽ നിന്ന് വ്യവഹാരം ഏതെങ്കിലും നിയമത്തിന്റെ തടസ്സം ഉള്ളതാണെന്ന് കാണുന്നിടത്ത് ;

എന്നാൽ, സല തിരുത്തുന്നതിനോ ആവശ്യകമായ സ്ററാമ്പ് പത്രം നൽകുന്നതിനോ കോടതി നിജപ്പെടുത്തുന്ന സമയം, അസാധാരണമായ പ്രകൃതത്തോടുകൂടിയ ഏതെങ്കിലും കാരണത്താൽ കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ, അതതു സംഗതിപോലെ, സല തിരുത്തുന്നതിൽ നിന്നോ ആവശ്യകമായ സ്ററാമ്പ് പത്രങ്ങൾ നൽകുന്നതിൽ നിന്നോ, വാദി തടയപ്പെട്ടുവെന്നും അങ്ങനെയുള്ള സമയം നീട്ടിക്കൊടുക്കാൻ വിസമ്മതിക്കുന്നത് വാദിക്ക് ഗുരുതരമായ അനീതി കാണിക്കൽ ആയിരിക്കുമെന്നും റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം നീട്ടിക്കൊടുക്കുവാൻ പാടുള്ളതല്ല.

12. അന്യായം തിരസ്ക്കരിക്കുന്നതിൻമേലുള്ള നടപടിക്രമം.—ഒരു അന്യായം തിരസ്ക്കരിക്കപ്പെടുന്നിടത്ത്, ജഡ്ജി ആ അർത്ഥത്തിലുള്ള ഒരു ഉത്തരവ്, അങ്ങനെയുള്ള ഉത്തരവിന്റെ കാരണങ്ങൾ സഹിതം, റിക്കാർഡാക്കേണ്ടതാകുന്നു.

13. അന്യായത്തിന്റെ തിരസ്ക്കരണം പുതിയ അന്യായം ബോധിപ്പിക്കുന്നതിനു തടയാതിരിക്കുന്നത് എപ്പോൾ എന്ന്.—അന്യായത്തിന്റെ, ഇതിൽ ഇതിനു മുൻപ് പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതിൻമേലെങ്കിലും ഉള്ള തിരസ്ക്കരണം, അതിന്റെ സ്വന്തം ബലത്താൽ അതേ വ്യവഹാര കാരണം സംബന്ധിച്ച് ഒരു പുതിയ അന്യായം ബോധിപ്പിക്കുന്നതിനെ തടയുന്നതല്ല.

## അന്യായത്തിൽ ആശ്രയിക്കുന്ന രേഖകൾ

14. ഏതു രേഖയിൻമേലാണോ വാദി വ്യവഹാരം കൊടുക്കുന്നത്, ആ രേഖ ഹാജരാക്കൽ— (1) വാദി, തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഒരു രേഖയിൻമേൽ വ്യവഹാരം കൊടുക്കുന്നിടത്ത്, അയാൾ അത് അന്യായം ബോധിപ്പിക്കുമ്പോൾ കോടതിയിൽ ഹാജരാക്കേണ്ടതും, അതേ സമയം ആ രേഖയോ അതിന്റെ ഒരു പകർപ്പോ, അന്യായത്തോടുകൂടി ഫയൽചെയ്യുന്നതിനായി ഡെലിവർ ചെയ്യേണ്ടതും ആകുന്നു.

(2) മററു രേഖകളുടെ ലിസ്ററുകൾ.—അയാൾ, തന്റെ അവകാശവാദത്തെ താങ്ങുന്ന തെളിവായി മറേറതെങ്കിലും രേഖകളെ (തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതോ അല്ലാത്തതോ ആയാലും) ആശ്രയിക്കുന്നിടത്ത്, അയാൾ അങ്ങനെയുള്ള രേഖകൾ, അന്യായത്തോട് കൂട്ടിച്ചേർക്കുകയോ അനുബന്ധിക്കുകയോ ചെയ്യേണ്ട ഒരു ലിസ്ററിൽ ചേർക്കേണ്ടതാകുന്നു.

15. വാദിയുടെ കൈവശത്തിലോ അധീനതയിലോ ഇല്ലാത്ത രേഖകളുടെ സംഗതിയിലെ പ്രസ്താവന.—അങ്ങനെയുള്ള ഏതെങ്കിലും രേഖ, വാദിയുടെ കൈവശത്തിലോ അധികാരത്തിലോ ഇല്ലാത്തിടത്ത്, അയാൾ, സാദ്ധ്യമാണെങ്കിൽ അത് ആരുടെ കൈവശത്തിലോ അധികാരത്തിലോ ആണെന്ന് പ്രസ്താവിക്കേണ്ടതാകുന്നു.

16. നഷ്ടപ്പെട്ട കൈമാറാവുന്ന പ്രമാണങ്ങളിൻമേൽ ഉള്ള വ്യവഹാരങ്ങൾ.—വ്യവഹാരം, ഒരു കൈമാറാവുന്ന പ്രമാണത്തെ അടിസ്ഥാനമാക്കിയതായിരിക്കുകയും, ആ പ്രമാണം നഷ്ടപ്പെട്ടതായി തെളിയിക്കപ്പെടുകയും, അങ്ങനെയുള്ള പ്രമാണത്തിൻമേലുള്ള മററ് ഏതെങ്കിലും ആളുകളുടെ അവകാശവാദങ്ങൾക്ക് എതിരായി, വാദി കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം നഷ്ടോത്തരവാദം നൽകുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, അന്യായം ബോധിപ്പിക്ക

പ്പെട്ടപ്പോൾ, വാദി, ആ പ്രമാണം കോടതിയിൽ ഹാജരാക്കിയിട്ടുണ്ടായിരിക്കുകയും, അതേ സമയം അന്യായത്തോടുകൂടി ഫയൽചെയ്യാനായി പ്രമാണത്തിന്റെ ഒരു പകർപ്പ് ഡെലിവർ ചെയ്തിട്ടുണ്ടായിരിക്കുകയും ചെയ്തിരുന്നാൽ കോടതി പാസ്സാക്കുമായിരുന്നതുപോലെയുള്ള വിധി പാസ്സാക്കാവുന്നതാണ്.

17. ഷാപ്പുബുക്ക് ഹാജരാക്കുന്നത്.—(1) ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്റ്റ്, 1891 (1891-ലെ 18) മററു വിധത്തിൽ വ്യവസ്ഥചെയ്യുന്നിടത്തോളമൊഴികെ, ഏത് രേഖയിൻമേലാണോ വാദി വ്യവഹാരം കൊടുക്കുന്നത്, ആ രേഖ അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഒരു ഷാപ്പുബുക്കിലേയോ മററ് കണക്കിലേയോ ഒരു ഉൾക്കുറിപ്പ് ആയിരിക്കുന്നിടത്ത്, അന്യായം ഫയൽചെയ്യുന്ന സമയത്ത് വാദി ആ ബുക്കോ കണക്കോ, അയാൾ ആശ്രയിക്കുന്ന ഉൾക്കുറിപ്പിന്റെ ഒരു പകർപ്പ് സഹിതം ഹാജരാക്കേണ്ടതാകുന്നു.

അസ്സൽ ഉൾക്കുറിപ്പ് അടയാളപ്പെടുത്തി മടക്കണമെന്ന്.—(2) കോടതിയോ അത് ഇതിലേയ്ക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ, ഉടനടി, ആ രേഖ തിരിച്ചറിയുന്നതിനുവേണ്ടി അടയാളപ്പെടുത്തേണ്ടതും, പകർപ്പ് പരിശോധിക്കുകയും, അസ്സലുമായി ഒത്തുനോക്കുകയും ചെയ്തതിനുശേഷം, അത് ശരിയാണെന്ന് കാണുന്നുവെങ്കിൽ അത്, അപ്രകാരമുള്ളതാണെന്ന് സർട്ടിഫൈ ചെയ്യുകയും, ബുക്ക് വാദിക്ക് മടക്കുകയും, പകർപ്പ് ഫയൽ ചെയ്യിക്കുകയും ചെയ്യേണ്ടതും ആകുന്നു.

18. അന്യായം ഫയൽചെയ്യുമ്പോൾ ഹാജരാകാത്ത രേഖകളുടെ അസ്വീകാരിത.—(1) അന്യായം ബോധിപ്പിക്കുമ്പോൾ കോടതിയിൽ ഹാജരാക്കുകയോ അല്ലെങ്കിൽ അന്യായത്തോടു കൂട്ടിച്ചേർക്കുകയോ അനുബന്ധിക്കുകയോ ചെയ്യേണ്ട ലിസ്ററിൽ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടതും, അപ്രകാരം ഹാജരാക്കുകയോ ചേർക്കുകയോ ചെയ്യാത്തതുമായ ഒരു രേഖ, കോടതിയുടെ അനുമതി കൂടാതെ വ്യവഹാരത്തിന്റെ ഹിയറിങ്ങിൽ, അയാൾക്കുവേണ്ടി തെളിവിൽ സ്വീകരിക്കപ്പെടുന്നതല്ല.

(2) ഈ ചട്ടത്തിലെ യാതൊന്നും, പ്രതിയുടെ സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനായോ പ്രതി ഉന്നയിക്കുന്ന ഏതെങ്കിലും കേസ്സിനുള്ള ഉത്തരമായോ ഹാജരാക്കുന്നതോ, അല്ലെങ്കിൽ സാക്ഷിക്ക്, തന്റെ ഓർമ്മ പുതുക്കുന്നതിനുവേണ്ടി മാത്രം കൈയിൽ കൊടുക്കുന്നതോ ആയ രേഖകൾക്ക് ബാധകമല്ല.

## ആർഡർ VIII

# പത്രികയും തട്ടിക്കിഴിക്കലും പ്രത്യാവകാശവാദവും

1. പത്രിക.—(1) പ്രതി, പ്രഥമ ഹിയറിങ്ങിലോ അതിനു മുൻപോ, കോടതി അനുവദിക്കുന്ന സമയത്തിനുള്ളിലോ, തന്റെ പ്രതിവാദത്തിന്റെ പത്രിക ബോധിപ്പിക്കേണ്ടതാകുന്നു.

(2) 8 ക ചട്ടത്തിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, പ്രതി തന്റെ പ്രതിവാദത്തിന്റെയോ തട്ടിക്കിഴിക്കലിനുള്ള അവകാശവാദത്തിന്റെയോ പ്രത്യാവകാശവാദത്തിന്റെയോ താങ്ങായി, ഏതെങ്കിലും രേഖയെ (തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതോ അല്ലാത്തതോ ആയാലും) ആശ്രയിക്കുന്നിടത്ത്, അയാൾ അങ്ങനെയുള്ള രേഖകൾ ഒരു ലിസ്ററിൽ ചേർക്കേണ്ടതും—

(ക) പത്രിക ബോധിപ്പിക്കുന്നുവെങ്കിൽ, ലിസ്ററ് പത്രികയോടു കൂടി അനുബന്ധിക്കേണ്ടതും:

എന്നാൽ, പ്രതി തന്റെ പത്രികയിൽ, തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഒരു രേഖ അടിസ്ഥാനപ്പെടുത്തിയ ഒരതട്ടിക്കിഴിക്കൽ അവകാശപ്പെടുകയോ ഒരു പ്രത്യാവകാശവാദം ഉന്നയിക്കുകയോ ചെയ്യുന്നിടത്ത്, അയാൾ അത് പത്രിക ബോധിപ്പിക്കുന്ന സമയത്ത കോടതിയിൽ ഹാജരാക്കേണ്ടതും അതേസമയം, രേഖയോ അതിന്റെ ഒരു പകർപ്പോ പത്രികയോടുകൂടി ഫയൽ ചെയ്യുന്നതിനായി ഡെലിവർ ചെയ്യേണ്ടതും ആകുന്നു

(ഖ) പത്രിക ബോധിപ്പിക്കുന്നില്ലെങ്കിൽ, ലിസ്ററ് പ്രഥമ ഹിയറിങ്ങിൽ കോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതും,

ആകുന്നു,

(3) അങ്ങനെയുള്ള ഏതെങ്കിലും രേഖ, പ്രതിയുടെ കൈവശത്തിലോ അധികാരത്തിലോ ഇല്ലാത്തിടത്ത്, സാദ്ധ്യമാകുന്നിടത്തെല്ലാം അയാൾ അത് ആരുടെ കൈവശത്തിലോ അധികാരത്തിലോ ആണെന്ന് പ്രസ്താവിക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള യാതൊരു ലിസ്ററും, അപ്രകാരം അനുബന്ധിക്കുകയോ ബോധിപ്പിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, പ്രതിക്ക്, ആ ആവശ്യത്തിനായി യുക്തമെന്ന് കോടതിക്ക് തോന്നുന്ന കൂടുതൽ കാലാവധി അനുവദിക്കപ്പെടുന്നതാകുന്നു.

(5) 2-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ലിസ്ററിൽ ചേർക്കേണ്ടതും, അപ്രകാരം ചേർക്കാത്തതുമായ രേഖ, കോടതിയുടെ അനുമതി കൂടാതെ, വ്യവഹാരത്തിന്റെ ഹിയറിങ്ങിൽ, പ്രതിക്കുവേണ്ടി തെളിവിൽ സ്വീകരിക്കപ്പെടുന്നതല്ല.

(6) 5-ാം ഉപചട്ടത്തിലെ യാതൊന്നും, വാദിയുടെ സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനായോ അന്യായം ഫയൽചെയ്തതിനുശേഷം വാദി ഉന്നയിച്ചിട്ടുള്ള ഏതെങ്കിലും കേസ്സിനുള്ള ഉത്തരമായോ, ഹാജരാക്കുന്നതോ, അല്ലെങ്കിൽ സാക്ഷിക്ക് തന്റെ ഓർമ്മ പുതുക്കുന്നതിനായി കയ്യിൽ കൊടുക്കുന്നതോ ആയ രേഖകൾക്ക് ബാധകമാകുന്നതല്ല.

(7) 5-ാം ഉപചട്ടത്തിൻകീഴിൽ കോടതി അനുമതി നൽകുന്നിടത്ത് അപ്രകാരം ചെയ്യുന്നതിനുള്ള കാരണം അത് റിക്കാർഡാക്കേണ്ടതും, (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ലിസ്ററിൽ രേഖ ചേർക്കാത്തതിന് സാധുവായ കാരണം കോടതിക്ക് ബോധിക്കപ്പെടുന്നവിധം കണക്കാക്കാത്തപക്ഷം അങ്ങനെയുള്ള യാതൊരു അനുമതിയും നൽകാൻ പാടില്ലാത്തതും ആകുന്നു.

2. <u>പുതിയ വസ്തുതകൾ പ്രത്യേകമായി പ്ലീഡ് ചെയ്യണമെന്ന്</u>.—പ്രതി, വ്യവഹാരം നിലനിൽക്കുന്നതല്ലന്നോ അല്ലെങ്കിൽ ഇടപാട് നിയമദൃഷ്ടിയാൽ ശൂന്യമോ ശൂന്യമാക്കാവുന്നതോ ആണെന്നോ കാണുന്ന എല്ലാ വിഷയങ്ങളും ഉന്നയിക്കപ്പെടാതിരുന്നാൽ എതിർകക്ഷിക്ക് ഓർക്കാപ്പുറത്തായിരിക്കാൻ ഇടയുള്ളതോ അല്ലെങ്കിൽ അന്യായത്തിൽ നിന്ന് ഉൽഭവിക്കുന്നതല്ലാത്ത വസ്തുതാപരമായ വിവാദ്യകങ്ങൾ ഉന്നയിക്കുന്നതോ ആയ എല്ലാ പ്രതിവാദകാരണങ്ങളും; ഉദാഹരണമായി, വഞ്ചന, കാലഹരണം, ഒഴിവ്മുറി, പണം കൊടുക്കൽ, നിർവ്വഹണം, അല്ലെങ്കിൽ നിയമവിരുദ്ധത കാണിക്കുന്ന വസ്തുതകൾ എന്നിവ തന്റെ പ്ലീഡിങ്ങ് മുഖേന ഉന്നയിക്കണം.

3. <u>നിഷേധം വിനിർദ്ദിഷ്ടം ആയിരിക്കണമെന്ന്</u>.—പ്രതി, തന്റെ പത്രികയിൽ, വാദി ആ ഖ്യാപിക്കുന്ന കാരണങ്ങളെ സാമാന്യമായി നിഷേധിച്ചാൽ മതിയാകുന്നതല്ലാത്തതും, പ്രത്യുത, പ്രതി നഷ്ടം ഒഴികെയുള്ള ഏതു

വസ്തുതാ വ്യാപനത്തിൻെറ സത്യാവസ്ഥയാണോ താൻ സമ്മതിക്കാത്തത്, അങ്ങനെയുള്ള ഓരോ വസ്തുതാ വ്യാപനവും വിനിർദ്ദിഷ്ടമായി പറയേണ്ടതും ആകുന്നു.

4. ഒഴിഞ്ഞുമാറിക്കൊണ്ടുള്ള നിഷേധം.—അന്യായത്തിലെ ഒരു വസ്തുതാഖ്യാപനം നിഷേധിക്കുന്നിടത്ത്, പ്രതി ഒഴിഞ്ഞുമാറിക്കൊണ്ട് അപ്രകാരം ചെയ്യാൻ പാടില്ലാത്തതും, പ്രത്യുത സാരാംശത്തിന് ഉത്തരം പറയേണ്ടതും ആണ്. ഉദാഹരണമായി, അയാൾക്ക് ഒരു നിശ്ചിത തുക കിട്ടിയെന്ന് ആഖ്യാപിക്കുന്നുവെങ്കിൽ, തനിക്ക് ആ പറഞ്ഞ തുക കിട്ടി എന്നത് നിഷേധിച്ചാൽ മതിയാകുന്നതല്ലാത്തതും, പ്രത്യുത, തനിക്ക് ആ തുകയോ അതിൻെറ ഏതെങ്കിലും ഭാഗമോ കിട്ടി എന്നത് നിഷേധിക്കുകയോ, അല്ലെങ്കിൽ തനിക്ക് എത്രത്തോളം കിട്ടി എന്ന് പ്രതിപാദിക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ, വിഭിന്ന പരിതഃസ്ഥിതികൾ സഹിതം ഒരു ആഖ്യാപനം ചെയ്യുന്നുവെങ്കിൽ, ആ പരിതഃസ്ഥിതികളോടൊപ്പം അത് നിഷേധിച്ചാൽ മതിയാകുന്നതല്ല.

5. വിനിർദ്ദിഷ്ടമായ നിഷേധം.—(1) അന്യായത്തിലെ ഏതൊരു വസ്തുതാഖ്യാപനവും പ്രതിയുടെ പ്ലീഡിങ്ങിൽ വിനിർദ്ദിഷ്ടമായോ, ആവശ്യകമായ വ്യഞ്ജിപ്പിക്കൽവഴിയോ നിഷേധിക്കാതിരിക്കുകയോ, അല്ലെങ്കിൽ സമ്മതിക്കപ്പെടുന്നില്ലെന്ന് പ്രസ്താവിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അവശതയുള്ള ഒരാൾക്കെതിരായൊഴികെ, സമ്മതിക്കപ്പെട്ടതായി കണക്കിലെടുക്കുന്നതാണ്:

എന്നാൽ, അപ്രകാരം സമ്മതിക്കപ്പെടുന്ന ഏതെങ്കിലും വസ്തുത, അങ്ങനെയുള്ള സമ്മതം വഴിയല്ലാതെ തെളിയിക്കപ്പെടണമെന്ന്, കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് ആവശ്യപ്പെടാവുന്നതാണ്.

(2) പ്രതി പ്ലീഡിങ്ങിൽ ഫയൽചെയ്തിട്ടില്ലാത്തിടത്ത്, അവശതയുള്ള ഒരാൾക്ക് എതിരായൊഴികെ, കോടതി അന്യായത്തിൽ അടങ്ങിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിധിന്യായം പ്രസ്താവിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, എന്നാൽ കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുത തെളിയിക്കപ്പെടണമെന്ന് ആവശ്യപ്പെടാവുന്നതും ആകുന്നു.

(3) (1)-ാം ഉപചട്ടത്തിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിലോ (2)-ാം ഉപചട്ടത്തിൻകീഴിലോ സ്വവിവേകം, ഉപയോഗിക്കുന്നതിൽ, പ്രതിക്ക് പ്ലീഡറെ ഏർപ്പെടുത്താമായിരുന്നുവോ അല്ലെങ്കിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന വസ്തുതയ്ക്ക് യഥാർഹപരിഗണന നൽകേണ്ടതാകുന്നു.

(4) ഈ ചട്ടത്തിൻകീഴിൽ ഒരു വിധിന്യായം പ്രസ്താവിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള വിധിന്യായത്തിന് അനുസൃതമായി ഒരു വിധി തയ്യാറാക്കേണ്ടതും, അങ്ങനെയുള്ള വിധി, വിധിന്യായം പ്രസ്താവിച്ച തീയതി വഹിച്ചിരിക്കേണ്ടതും ആകുന്നു.

6. (1) തട്ടിക്കിഴിക്കലിൻെറ വിവരങ്ങൾ പത്രികയിൽ കൊടുക്കണമെന്ന്.— പണം വസൂലാക്കാനുള്ള ഒരു വ്യവഹാരത്തിൽ, പ്രതി, വാദിയുടെ ആവശ്യപ്പെടലിനെതിരായി, വാദിയിൽനിന്ന് നിയമാനുസൃതം വസൂലാക്കപ്പെടാവുന്നതും കോടതിയുടെ അധികാരിതയുടെ ആർത്ഥിക പരിധികളിൽ കവിയാത്തതും, തിട്ടപ്പെടുത്തിയിട്ടുള്ളതുമായ ഏതെങ്കിലും തുക തട്ടിക്കിഴിക്കണമെന്ന് അവകാശപ്പെടുകയും, ഇരുകക്ഷികളും വാദിയുടെ വ്യവഹാരത്തിൽ, അവർക്കുള്ള അതേനില ഉള്ളവരായിരിക്കുകയും ചെയ്യുന്നിടത്ത്, പ്രതിക്ക് വ്യവഹാരത്തിൻെറ ആദ്യഹിയറിങ്ങിലും, പ്രത്യുത കോടതി അനുവദിക്കാത്തപക്ഷം, പിന്നീടല്ലാതേയും, തട്ടിക്കിഴിക്കാൻ അപേക്ഷിക്കുന്ന കടത്തിൻെറ വിവരങ്ങൾ അടങ്ങുന്ന ഒരു പത്രിക ബോധിപ്പിക്കാവുന്നതാണ്.

തട്ടിക്കിഴിക്കലിൻെറ പ്രഭാവം.— (2) മൂലാവകാശവാദവും, തട്ടിക്കിഴിക്കലും രണ്ടും സംബന്ധിച്ച്, അവസാന വിധിന്യായം പ്രസ്താവിക്കാൻ കോടതിക്ക് കഴിവ് ഉണ്ടാക്കാൻവേണ്ടി, പത്രികയ്ക്ക്, ഒരു എതിർ വ്യവഹാരത്തിലെ അന്യായത്തിനുള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും എന്നാൽ ഇത്, വിധിക്ക് കീഴിൽ, തനിക്ക് കിട്ടേണ്ട കോടതിച്ചെലവു സംബന്ധിച്ച, വിധി സംഖ്യയിൻമേൽ ഏതെങ്കിലും പ്ലീഡർക്കുള്ള ലീനിനെ ബാധിക്കുന്നതല്ലാത്തതും ആകുന്നു.

(3) പ്രതിയാലുള്ള പത്രികസംബന്ധിച്ച ചട്ടങ്ങൾ, തട്ടിക്കിഴിക്കലിനുള്ള അവകാശവാദത്തിന് ഉത്തരമായ പത്രികയ്ക്ക് ബാധകമായിരിക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ക 2000 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ഗ യെ തൻെറ എക്സിക്യൂട്ടറും അവശേഷത്തിൻെറ ഒസ്യത്തവകാശിയുമായി നിയമിക്കുകയും ചെയ്യുന്നു. ഖ മരിക്കുകയും ഘ, ഖ യുടെ മുതലുകൾക്ക് അഡ്മിനിസ്ട്രേഷൻ വാങ്ങുകയും ചെയ്യുന്നു. ഖ യ്ക്കുള്ള ജാമ്യക്കാരൻ എന്നനിലയിൽ ഗ 1000 രൂപ കൊടുക്കുന്നു; പിന്നീട് ഘ ഒസ്യത്തു മുതലിന് ഗ യ്ക്കു എതിരായി വ്യവഹാരം കൊടുക്കുന്നു. ഗ യ്ക്കു ആ 1000 രൂപയുടെ കടം ഔസ്യത്തു മുതലിലേക്ക് തട്ടിക്കിഴിക്കാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ഗ യ്ക്ക് ഘ യ്ക്ക് 1000 രൂപ കൊടുക്കുന്നതു സംബന്ധിച്ചുള്ള അതേനില ഒസ്യത്തു മുതൽ സംബന്ധിച്ച് ഇല്ല.

(ഖ) ക മരണശാസനം കൂടാതെയും, ഖ യ്ക്കു കടക്കാരനായും മരിക്കുന്നു. ക യുടെ മുതലുകൾക്ക് ഗ അഡ്മിനിസ്ട്രഷൻ വാങ്ങിക്കുകയും ഗ ആ മുതലുകളുടെ ഒരു ഭാഗം ഗ യിൽനിന്ന് വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു. ക്രയസംഖ്യയ്ക്ക് ഖ യ്ക്ക് എതിരായി ഗ യാലുള്ള ഒരു വ്യവഹാരത്തിൽ ഖ യ്ക്ക് ആ കടം വിലയിലേയ്ക്ക് തട്ടിക്കിഴിക്കാൻ കഴിയുന്നതല്ല; എന്തുകൊണ്ടെന്നാൽ, ഗ യ്ക്ക് രണ്ടു വ്യത്യസ്ത നിലകളുണ്ട്. ഖ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്ന, ഖ യുടെ ക്രേതാവ് എന്നൊരു നിലയും ക യുടെ പ്രതിനിധി എന്ന് മറ്റൊരു നിലയും.

(ഗ) ക ഒരു വിനിമയപത്രത്തിൻമേൽ, ഖ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്നു. ക യുടെ സാധനങ്ങൾ ഇൻഷ്വർചെയ്യാൻ അന്യായമായി ഉപേക്ഷ വരുത്തിയിട്ടുണ്ടെന്നും, തനിക്ക് നഷ്ടപരിഹാരത്തിന് ബാദ്ധ്യസ്ഥനാണെന്നും ആഖ്യാപിക്കുകയും, ആ നഷ്ടപരിഹാരം തട്ടിക്കിഴിക്കണമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. തിട്ടപ്പെടുത്തിയതല്ലാത്തതിനാൽ ആ തുക തട്ടിക്കിഴിക്കാൻ കഴിയുന്നതല്ല.

(ഘ) ക ഒരു വിനിമയപത്രത്തിൻമേൽ 500 രൂപയ്ക്ക് ഖ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്നു. ഖ യ്ക്ക് 1000 രൂപയുടെ ക യ്ക്ക് എതിരായുള്ള ഒരു വിധിന്യായം ഉണ്ട്. അവകാശവാദങ്ങൾ രണ്ടും നിശ്ചിത ആർത്ഥിക ഡിമാൻഡുകൾ ആയിരിക്കുന്നതുകൊണ്ട് തട്ടിക്കിഴിക്കപ്പെടാവുന്നതാണ്.

(ങ) ക വസ്തു കൈയേററം കാരണമായി ഉള്ള നഷ്ടപരിഹാരത്തിന് ഖ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്നു. ഖ യ്ക്ക്, ക യുടെ 1000 രൂപയ്ക്കുള്ള ഒരു പ്രോനോട്ട് ഉണ്ടായിരിക്കുകയും, ആ തുക, വ്യവഹാരത്തിൽ ക യ്ക്ക് വസൂലാക്കാവുന്ന ഏതെങ്കിലും തുകയി

ലേയ്ക്ക് തട്ടിക്കിഴിക്കണമെന്ന് ഖ അവകാശപ്പെടുകയും ചെയ്യുന്നു. ഖ യ്ക്ക് അപ്രകാരം ചെയ്യാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ക വസൂലാക്കുന്നതോടെ രണ്ടു തുകകളും നിശ്ചിത ആർത്ഥിക ഡിമാൻഡുകൾ ആണ്.

(ച) ക യും, ഖ യും 1000 രൂപയ്ക്ക് ഗ യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്നു. ഗ യ്ക്ക് തനിക്ക് ക യിൽ നിന്ന് മാത്രം കിട്ടേണ്ട ഒരു കടം തട്ടിക്കിഴിക്കാൻ കഴിയുന്നതല്ല.

(ഛ) ക 1000 രൂപയ്ക്ക് ഗ യ്ക്കും എതിരായി വ്യവഹാരം കൊടുക്കുന്നു. ഖ യ്ക്ക് ക യിൽനിന്നു തനിക്കുമാത്രം കിട്ടേണ്ട ഒരു കടം തട്ടിക്കിഴിക്കാൻ കഴിയുന്നതല്ല.

(ജ) ഖ യുടേയും ഗ യുടേയും പങ്കാളിത്ത ഫേമിന് ക ആയിരം രൂപ കൊടുക്കാനുണ്ട്. ഗ അതിജീവിച്ചിരിക്കെ ഖ മരിക്കുന്നു. ഗ, അയാളുടെ പ്രത്യേക നിലയിൽ കൊടുക്കേണ്ട 1500 രൂപയ്ക്ക് അയാൾക്കെതിരായി ക വ്യവഹാരം കൊടുക്കുന്നു. ഗ യ്ക്ക് ആയിരം രൂപയുടെ കടം തട്ടിക്കിഴിക്കാവുന്നതാണ്.

6 ക. <u>പ്രതിയാലുള്ള പ്രത്യവകാശവാദം.</u>— (1) ഒരു വ്യവഹാരത്തിലെ പ്രതിക്ക്, 6-ാം ചട്ടത്തിൻ കീഴിൽ തട്ടിക്കിഴിക്കൽ പ്ലീഡുചെയ്യാൻ ഉള്ള തന്റെ അവകാശത്തിനുപുറമെ, വാദിക്ക് എതിരായി, തനിക്ക് വ്യവഹാരം ഫയൽ ചെയ്തതിനുമുൻപോ പിൻപോ ആയും, എന്നാൽ പ്രതി തന്റെ പ്രതിവാദം സമർപ്പിക്കുന്നതിന് മുൻപോ അല്ലെങ്കിൽ തന്റെ പ്രതിവാദം സമർപ്പിക്കുന്നതിന് ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയം കഴിയുന്നതിന് മുമ്പോ ഉദ്ഭൂതമാകുന്ന ഒരു വ്യവഹാരം കാരണം സംബന്ധിച്ചുള്ള ഏതെങ്കിലും അവകാശമോ അവകാശവാദമോ, വാദിയുടെ അവകാശവാദത്തിന് എതിരായി ഉള്ള പ്രത്യവകാശവാദം എന്ന നിലയിൽ അങ്ങനെയുള്ള പ്രത്യവകാശവാദം നഷ്ടപരിഹാരത്തിനുള്ള അവകാശവാദത്തിന്റെ പ്രകൃതത്തിലുള്ളതായാലും അല്ലെങ്കിലും, പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള പ്രത്യവകാശവാദം കോടതിയുടെ അധികാരിതയുടെ ആർത്ഥിക പരിധികൾ കവിയാൻ പാടില്ലാത്തതാകുന്നു.

(2) അങ്ങനെയുള്ള പ്രത്യവകാശവാദത്തിന്, കോടതിക്ക് അതേ വ്യവഹാരത്തിൽ, ആദ്യാവകാശവാദത്തിൻമേലും പ്രത്യവകാശവാദത്തിൻമേലും അവസാന വിധിന്യായം പ്രസ്താവിക്കാൻ കഴിവുണ്ടാകത്തക്കവിധം ഒരു എതിർവ്യവഹാരത്തിൽ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) വാദിക്ക്, പ്രതിയുടെ പ്രത്യവകാശ വാദത്തിന് ഉത്തരമായി കോടതി നിജപ്പെടുത്തുന്ന കാലാവധിക്കുള്ളിൽ പത്രിക ഫയൽചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(4) പ്രത്യവകാശവാദം ഒരു അന്യായം എന്നപോലെ കരുതപ്പെടുന്നതും, അന്യായങ്ങൾക്ക് ബാധകമായ ചട്ടങ്ങളാൽ അനുശാസിക്കപ്പെടുന്നതും ആകുന്നു.

6 ഖ. <u>പ്രത്യവകാശവാദം പ്രസ്താവിക്കപ്പെടണമെന്ന്.</u>— ഏതെങ്കിലും പ്രതി, ഏതെങ്കിലും കാരണത്തെ പ്രത്യവകാശവാദത്തിലുള്ള ഒരു അവകാശവാദത്തിന് താങ്ങ് എന്ന നിലയിൽ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നിടത്ത്, താൻ അപ്രകാരം ചെയ്യുന്നത് പ്രത്യവകാശവാദം എന്ന നിലയിലാണെന്ന്, അയാൾ തന്റെ പത്രികയിൽ വിനിർദ്ദിഷ്ടമായി പ്രസ്താവിക്കേണ്ടതാകുന്നു.

6 ഗ. പ്രത്യവകാശവാദം ഒഴിച്ചുനിർത്തൽ.— ഒരു പ്രതി, ഒരു പ്രത്യവകാശവാദം പുറപ്പെടുവിക്കുകയും അതുവഴി ഉന്നയിക്കപ്പെട്ടിട്ടുള്ള അവകാശവാദം, പ്രത്യവകാശവാദം എന്ന നിലയിൽ തീർച്ചചെയ്യരുതെന്നും, പ്രത്യുത, പ്രത്യേക വ്യവഹാരത്തിൽ ആണ് തീർച്ച ചെയ്യേണ്ടത് എന്നും വാദി തർക്കിക്കുകയും ചെയ്യുന്നിടത്ത്, വാദിക്ക് പ്രത്യവകാശവാദം സംബന്ധിച്ച് വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതിനു മുൻപ്, ഏത് സമയത്തും അങ്ങനെയുള്ള പ്രത്യവകാശവാദം ഒഴിച്ചുനിറുത്തുന്നതിനുള്ള ഉത്തരവിന് കോടതിയോട് അപേക്ഷിക്കാവുന്നതും, കോടതിക്ക്, അങ്ങനെയുള്ള അപേക്ഷ കേൾക്കുന്നതിൻമേൽ യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ്.

6 ഘ. വ്യവഹാരം തുടരാതിരിക്കുന്നതിന്റെ പ്രഭാവം.— പ്രതി ഒരു പ്രത്യവകാശവാദം പുറപ്പെടുവിക്കുന്ന ഏതെങ്കിലും സംഗതിയിൽ, വാദിയുടെ വ്യവഹാരം നിറുത്തിവയ്ക്കുകയോ തുടരാതിരിക്കുകയോ, തള്ളിക്കളയുകയോ ചെയ്യുന്നുവെങ്കിൽ, പ്രത്യവകാശവാദത്തിൻമേൽ, അങ്ങനെ ആയിരുന്നാലും, തുടർന്ന നടപടിയെടുക്കാവുന്നതാണ്.

6 ങ. പ്രത്യവകാശവാദത്തിന് മറുപടി പറയാൻ വാദി വീഴ്ചവരുത്തുന്നത്.— പ്രതി ഉന്നയിക്കുന്ന പ്രത്യവകാശവാദത്തിന് മറുപടി നൽകുന്നതിന് വാദി വീഴ്ചവരുത്തുന്നു എങ്കിൽ, കോടതിയ്ക്ക്, വാദിക്കെതിരായി ഉന്നയിക്കുന്ന പ്രത്യവകാശവാദങ്ങൾ സംബന്ധിച്ച്, അയാൾക്കെതിരായി വിധിന്യായം പ്രസ്താവിക്കുകയോ അല്ലെങ്കിൽ പ്രത്യവകാശവാദം സംബന്ധിച്ച്, യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

6 ച. പ്രത്യവകാശവാദം വിജയിക്കുന്നിടത്ത് പ്രതിക്കുള്ള നിവൃത്തി.— ഏതെങ്കിലും വ്യവഹാരത്തിൽ, വാദിയുടെ അവകാശവാദത്തിന് എതിരായുള്ള ഒരു പ്രതിവാദമായി ഒരു തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ സ്ഥാപിക്കപ്പെടുകയും, അതതു സംഗതിപോലെ, വാദിക്കോ പ്രതിക്കോ ഏതെങ്കിലും ബാക്കി കിട്ടാനുള്ളതായി കാണുകയും ചെയ്യുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള ബാക്കിക്ക് അവകാശമുള്ള കക്ഷിക്ക് അനുകൂലമായി വിധിന്യായം നൽകാവുന്നതാണ്.

6 ഛ. പത്രിക സംബന്ധിച്ച ചട്ടങ്ങൾ ബാധകമാകുമെന്ന്.— പ്രതിയാലുള്ള പത്രിക സംബന്ധിച്ച ചട്ടങ്ങൾ ഒരു പ്രത്യവകാശവാദത്തിന് ഉത്തരമായി ഫയൽ ചെയ്യുന്ന പത്രികയ്ക്ക് ബാധകമായിരിക്കുന്നതാണ്.

7. വെവ്വേറെയുള്ള കാരണങ്ങളിൻമേൽ അധിഷ്ഠിതമായ പ്രതിവാദമോ തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ.— പ്രതി, പ്രതിവാദത്തിന്റേയോ, തട്ടിക്കിഴിക്കലിന്റേയോ പ്രത്യവകാശവാദത്തിന്റേയോ, വെവ്വേറെ ഉള്ളതും വ്യതിരിക്തവുമായ വസ്തുതകളിൻമേൽ അധിഷ്ഠിതവും വ്യതിരിക്തമായതുമായ പല കാരണങ്ങളിൽനിന്ന് പ്രതി ആശ്രയിക്കുന്നിടത്ത്, അവ ആകുന്നത്ര വെവ്വേറെയായും വ്യതിരിക്തമായും പ്രസ്താവിക്കേണ്ടതാകുന്നു.

8. പുതിയ പ്രതിവാദകാരണം.— വ്യവഹാരം ആരംഭിച്ചതിനുശേഷമോ തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ, അവകാശപ്പെടുന്ന പത്രിക ബോധിപ്പിച്ചതിനുശേഷമോ, ഉദ്‌ഭവിച്ചിട്ടുള്ള ഏതെങ്കിലും പ്രതിവാദകാരണം, അതതു സംഗതിപോലെ, പ്രതിയാലോ വാദിയാലോ തന്റെ പത്രികയിൽ ഉന്നയിക്കപ്പെടാവുന്നതാണ്.

8 ക. താൻ നിവൃത്തിയ്ക്ക് അവകാശപ്പെടുന്നത്, ഏത് രേഖകളിൻമേൽ ആണോ ആ രേഖകൾ ഹാജരാകാനുള്ള പ്രതിയുടെ കർത്തവ്യം.— (1) പ്രതി, തന്റെ പ്രതിവാദം, തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഒരു രേഖയിൻമേൽ അടിസ്ഥാനമാക്കുന്നിടത്ത്, അയാൾ അത് താൻ പത്രിക ബോധിപ്പിക്കുമ്പോൾ കോടതിയിൽ ഹാജരാക്കേണ്ടതും, അതേ സമയം ആ രേഖയോ അതിന്റെ ഒരു പകർപ്പോ പത്രികയോടുകൂടി ഫയൽചെയ്യുന്നതിനായി ഡെലിവർ ചെയ്യേണ്ടതും ആകുന്നു.

(2) ഈ ചട്ടത്തിൻകീഴിൽ പ്രതി ഹാജരാക്കേണ്ടതും എന്നാൽ അപ്രകാരം ഹാജരാക്കാത്തതും ആയ ഒരു രേഖ, കോടതിയുടെ അനുമതി കൂടാതെ വ്യവഹാരത്തിന്റെ ഹിയറിങ്ങിൽ, അയാൾക്കുവേണ്ടി തെളിവിൽ സ്വീകരിക്കപ്പെടുന്നതല്ല.

(3) ഈ ചട്ടത്തിലെ യാതൊന്നും,—

(ക) വാദിയുടെ സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനായോ,

(ഖ) അന്യായം ഫയൽ ചെയ്തതിന്റെ പിൻപ്, വാദി ഉന്നയിക്കുന്ന ഏതെങ്കിലും കേസിനുള്ള ഉത്തരമായോ ഹാജരാക്കുന്നതോ, അല്ലെങ്കിൽ

(ഗ) സാക്ഷിക്ക് തന്റെ ഓർമ്മ പുതുക്കുന്നതിനുവേണ്ടി മാത്രം കൈയിൽ കൊടുക്കുന്നതോ ആയ രേഖകൾക്ക് ബാധകമായിരിക്കുന്നതല്ല.

9. പിന്നീടുള്ള പ്ലീഡിങ്ങുകൾ.— ഒരു തട്ടിക്കിഴിക്കലിനോ പ്രത്യവകാശവാദത്തിനോ ഉള്ള പ്രതിവാദം എന്ന നിലയിൽ അല്ലാതെ, പ്രതിയുടെ പത്രികയ്ക്കു പിൻപുള്ള യാതൊരു പ്ലീഡിങ്ങും, കോടതിയുടെ അനുമതിയോടുകൂടിയും കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകളിൽമേലും ഒഴികെ ബോധിപ്പിക്കാൻ പാടില്ലാത്തതും, എന്നാൽ, കോടതിക്ക് ഏതു സമയത്തും കക്ഷികളിൽ ആരിലെങ്കിലും നിന്ന് പത്രികയോ കൂടുതൽ പത്രികയോ ആവശ്യപ്പെടുകയും, അത് ബോധിപ്പിക്കാൻ സമയം നിജപ്പെടുത്തുകയും ചെയ്യാവുന്നതും ആണ്.

10. കക്ഷി, കോടതി ആവശ്യപ്പെടുന്ന പത്രിക ബോധിപ്പിക്കാതെയിരിക്കുമ്പോഴുള്ള നടപടി ക്രമം.— ഏത് കക്ഷിയിൽ നിന്നാണോ 1-ാം ചട്ടത്തിനോ 9-ാം ചട്ടത്തിനോ കീഴിൽ ഒരു പത്രിക ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കക്ഷി, അതതു സംഗതിപോലെ, കോടതി അനുവദിക്കുന്നതോ നിജപ്പെടുത്തുന്നതോ ആയ സമയത്തിനുള്ളിൽ, അത് ബോധിപ്പിക്കാതിരിക്കുന്നിടത്ത്, കോടതി, അയാൾക്കെതിരായി വിധിന്യായം പ്രസ്താവിക്കുന്നതോ, അല്ലെങ്കിൽ വ്യവഹാരം സംബന്ധിച്ച് അത് യുക്തമെന്ന് തോന്നുന്ന ഉത്തരവ് ചെയ്യുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള വിധിന്യായം പ്രസ്താവിക്കുന്നതിൻമേൽ ഒരു വിധി തയ്യാറാക്കപ്പെടേണ്ടതും ആകുന്നു.

## ആർഡർ IX

# കക്ഷികളുടെ ഹാജരാകലും ഹാജരാകാതിരിക്കലിൻെറ അനന്തര ഫലവും

1. പ്രതി ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാനായി സമൺസിൽ നിജപ്പെടുത്തുന്ന ദിവസം കക്ഷികൾ ഹാജരാകണമെന്ന്.— പ്രതി ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാനായി സമൺസിൽ നിജപ്പെടുത്തുന്ന ദിവസം കക്ഷികൾ നേരിട്ടോ യഥാക്രമമുള്ള അവരുടെ അഭിഭാഷകൻ മുഖാന്തരമോ കോടതി മന്ദിരത്തിൽ സന്നിഹിതരായിരിക്കേണ്ടതും, അപ്പോൾ വ്യവഹാരം, ഹിയറിങ്ങ് കോടതി നിജപ്പെടുത്തുന്ന ഒരു ഭാവിദിവസത്തേയ്ക്ക് നീട്ടിവയ്ക്കാത്ത പക്ഷം, കേൾക്കപ്പെടുന്നതും ആകുന്നു.

2. സമൺസ്, വാദി, ചെലവ് കൊടുക്കാത്തതിൻെറ ഫലമായി നടത്താത്തിടത്ത്, വ്യവഹാരം തള്ളിക്കളയുന്നത്.— അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള ദിവസം, വാദി, പ്രതിക്ക് സമൺസ് നടത്തുന്നതിന് ചാർജ് ചെയ്യപ്പെടാവുന്ന കോർട്ടു ഫീസ്സോ, പോസ്ററൽ ചാർജുകളോ (വല്ലതും ഉണ്ടെങ്കിൽ) കൊടുക്കുകയോ അല്ലെങ്കിൽ ആർഡർ VII-9-ാം ചട്ടം ആവശ്യപ്പെടുന്ന അന്യായപകർപ്പുകളോ, സംക്ഷിപ്ത പ്രസ്താവനകളോ ബോധിപ്പിക്കുകയോ ചെയ്യാതിരിക്കുന്നതിൻെറ ഫലമായി, പ്രതിക്ക് സമൺസ് നടത്തിയിട്ടില്ലെന്നു കാണുന്നിടത്ത്, കോടതിക്ക്, വ്യവഹാരം തള്ളിക്കളഞ്ഞിരിക്കുന്നതായി ഒരു ഉത്തരവു ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെ ചെയ്യാതിരുന്നു എന്നിരുന്നാലും, പ്രതി താൻ ഹാജരാക്കുകയും ഉത്തരം പറയുകയും ചെയ്യാനായി നിജപ്പെടുത്തിയിട്ടുള്ള ദിവസം നേരിട്ടോ (അല്ലെങ്കിൽ ഏജൻറ് മുഖാന്തരം ഹാജരാകാൻ അയാളെ അനുവദിക്കുമ്പോൾ, ഏജൻറ് മുഖാന്തരമോ) ഹാജരാകുന്നുവെങ്കിൽ അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

3. ഇരുകക്ഷികളിൽ ആരും ഹാജരാകാത്തിടത്ത് വ്യവഹാരം തള്ളിക്കളയാമെന്ന്.— ഹിയറിംഗിന് വ്യവഹാരം വിളിക്കുമ്പോൾ, ഇരുകക്ഷികളിൽ ആരും ഹാജരാകാത്തിടത്ത്, കോടതിക്ക് വ്യവഹാരം തള്ളിക്കളഞ്ഞിരിക്കുന്നതായി ഉത്തരവ് ചെയ്യാവുന്നതാകുന്നു.

4. വാദിക്ക് പുതിയ വ്യവഹാരം കൊണ്ടു വരികയോ, കോടതിക്ക് വ്യവഹാരം ഫയലിൽ തിരിയെ ചേർക്കുകയോ ചെയ്യാവുന്നതാണെന്ന്.— 2-ാം ചട്ടത്തിനോ 3-ാം ചട്ടത്തിനോ കീഴിൽ ഒരു വ്യവഹാരം തള്ളിക്കളയുന്നിടത്ത് വാദിക്ക് (കാലഹരണ നിയമത്തിന് വിധേയമായി) പുതിയ വ്യവഹാരം കൊണ്ടു വരാവുന്നതാണ്; അല്ലെങ്കിൽ അയാൾക്ക് തള്ളിക്കളയൽ അസ്ഥിരപ്പെടുത്തുന്നതിനുള്ള ഉത്തരവിന് അപേക്ഷിക്കാവുന്നതും അതതു സംഗതിപോലെ, 2-ാം ചട്ടത്തിൽ പരാമർശിച്ചതുപോലെയുള്ള ചെയ്യാതിരിക്കലിനോ, അല്ലെങ്കിൽ തൻെറ ഹാജരാകാതിരിക്കലിനോ മതിയായ കാരണം ഉണ്ടായിരുന്നതായി അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, കോടതി തള്ളിക്കളയൽ ഉത്തരവ് അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് ചെയ്യുകയും, വ്യവഹാരം തുടരുന്നതിന് ദിവസം നിശ്ചയിക്കുകയും ചെയ്യേണ്ടതും ആകുന്നു.

5. (1) സമൺസ് നടത്താതെ മടക്കിയതിനുശേഷം, വാദി ഒരുമാസം പുതിയ സമൺസിന് അപേക്ഷിക്കാതിരിക്കുന്നിടത്ത്, വ്യവഹാരം തള്ളിക്കളയുന്നത്.— പ്രതിയ്ക്കോ, പ്രതികളുടെ ഒരു ആൾക്കോ സമൺസ് പുറപ്പെടുവിക്കുകയും, അത് നടത്താതെ മടക്കുകയും ചെയ്തതിനുശേഷം, വാദി സമൺസ് നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ മടക്കലുകൾ സാധാരണമായി കോടതിക്ക് സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ, കോടതിക്ക് മടക്കുന്ന തീയതിമുതൽ ഒരു മാസക്കാലം വാദി പുതിയ സമൺസ് പുറപ്പെടുവിക്കാൻ അപേക്ഷിക്കാതിരിക്കുന്നിടത്ത്, മുൻപറഞ്ഞ കാലത്തിനുള്ളിൽ, വാദി—

(ക) ഏത് പ്രതിക്ക് ആണോ നടത്തിയിട്ടില്ലാത്തത്, ആ പ്രതിയുടെ വാസസ്ഥലം കണ്ടുപിടിക്കാൻ താൻ ആകുന്നത്ര യത്നിച്ചതിനുശേഷവും പരാജയപ്പെട്ടിരിക്കുന്നു എന്നോ; അല്ലെങ്കിൽ,

(ഖ) അങ്ങനെയുള്ള പ്രതി പ്രോസസ്സ് നടത്തലിൽനിന്ന് ഒഴിഞ്ഞുമാറുകയാണെന്നോ; അല്ലെങ്കിൽ,

(ഗ) സമയം നീട്ടിക്കൊടുക്കുന്നതിന് മറ്റേതെങ്കിലും മതിയായ കാരണം ഉണ്ടെന്നോ (ആ സംഗതിയിൽ, കോടതിക്ക് അങ്ങനെയുള്ള അപേക്ഷ കൊടുക്കാനുള്ള സമയം യുക്തമെന്ന് തോന്നുന്ന കാലത്തേയ്ക്ക് നീട്ടിക്കൊടുക്കാവുന്നതാണ്)—

കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടില്ലാത്തപക്ഷം, കോടതി അങ്ങനെയുള്ള പ്രതിക്കെതിരായി വ്യവഹാരം തള്ളിക്കളഞ്ഞിരിക്കുന്നതായി ഉത്തരവ് ചെയ്യേണ്ടത് ആകുന്നു.

(2) അങ്ങനെയുള്ള സംഗതിയിൽ, വാദിക്ക് (കാലഹരണനിയമത്തിന് വിധേയമായി) പുതിയ വ്യവഹാരം കൊണ്ടുവരാവുന്നതാകുന്നു.

6. വാദി മാത്രം ഹാജരാകുമ്പോഴുള്ള നടപടിക്രമം.— (1) വ്യവഹാരം ഹിയറിങ്ങിന് വിളിക്കുമ്പോൾ വാദി ഹാജരാകുകയും പ്രതി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്,—

(ക) സമൺസ് മുറപ്രകാരം നടത്തിയിരിക്കുമ്പോൾ.— സമൺസ് മുറപ്രകാരം നടത്തിയിരുന്നു എന്ന് തെളിയിക്കുന്നുവെങ്കിൽ, കോടതിക്ക്, വ്യവഹാരം എക്സ് പാർട്ടി ആയി കേൾക്കുന്നതാണെന്ന് ഉത്തരവു ചെയ്യാവുന്നതാണെന്നും;

(ഖ) സമൺസ് മുറപ്രകാരം നടത്താത്തപ്പോൾ.— സമൺസ് മുറപ്രകാരം നടത്തിയിരുന്നു എന്ന് തെളിയാതിരിക്കുന്നുവെങ്കിൽ 2-ാ മത് ഒരു സമൺസ് പുറപ്പെടുവിക്കാനും പ്രതിക്ക് നടത്താനും കോടതി നിർദേശിക്കേണ്ടതും;

(ഗ) സമൺസ് നടത്തിയിട്ടുണ്ട്, എന്നാൽ യഥാസമയം അല്ല എന്നുള്ളപ്പോൾ.— സമൺസ് പ്രതിക്ക് നടത്തിയിരുന്നു എന്നും, എന്നാൽ അത് സമൺസിൽ നിജപ്പെടുത്തിയിട്ടുള്ള ദിവസം കോടതിയിൽ ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാൻ അയാൾക്ക് കഴിവുണ്ടാക്കുന്നതിന് മതിയായ സമയത്തിന് ആയിരുന്നില്ലെന്നും തെളിയിക്കുന്നു എങ്കിൽ, കോടതി, വ്യവഹാരത്തിന്റെ ഹിയറിങ്ങ് കോടതി നിജപ്പെടുത്തുന്ന ഒരു ഭാവി ദിവസത്തേയ്ക്ക് നീട്ടുകയും, അങ്ങനെയുള്ള ദിവസത്തേക്കുറിച്ച് പ്രതിക്ക് നോട്ടീസ് നൽകാൻ നിദേശിക്കുകയും ചെയ്യേണ്ടതും,

ആകുന്നു.

(2) വാദിയുടെ വീഴ്ച കാരണമാണ് സമൺസ് മുറപ്രകാരം നടത്താതിരിക്കുകയോ മതിയായ സമയത്തിന് നടത്താതിരിക്കുകയോ ചെയ്തതെന്നുള്ളിടത്ത്, കോടതി വാദിയോട്, നീട്ടിയതുമൂലം ഉണ്ടായ കോടതിച്ചെലവ് കൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

7. നീട്ടിവച്ച ഹിയറിങ്ങ് ദിവസം പ്രതി ഹാജരാകുകയും മുൻപ് ഹാജരാകാതിരിക്കുന്നതിന് സാധുവായ കാരണം നൽകുകയും ചെയ്യുന്നിടത്തുള്ള നടപടിക്രമം.— കോടതി, വ്യവഹാരത്തിന്റെ എക്സ് പാർട്ടി ഹിയറിങ്ങ് നീട്ടിവച്ചിരിക്കുകയും, പ്രതി അങ്ങനെയുള്ള ഹിയറിങ്ങിലോ അതിനു മുൻപോ ഹാജരാകുകയും, തന്റെ മുമ്പിലത്തെ ഹാജരാകാതിരിക്കലിന് സാധുവായ കാരണം നൽകുകയും ചെയ്യുന്നിടത്ത്, കോടതിച്ചെലവ് സംബന്ധിച്ചോ മററ് വിധത്തിലോ ഉള്ള, കോടതി നിദേശിക്കുന്ന നിബന്ധനകളിൻമേൽ, അയാൾക്ക് വ്യവഹാരത്തിന് ഉത്തരമായി പറയാനുള്ളത് അയാൾ തന്റെ ഹാജരാകൽ നിജപ്പെടുത്തിയ ദിവസം ഹാജരായിട്ടുണ്ടായിരുന്നാലെന്നപോലെ കേൾക്കപ്പെടാവുന്നതാണ്.

8. പ്രതിമാത്രം ഹാജരാകുന്നിടത്തുള്ള നടപടിക്രമം.— ഹിയറിങ്ങിന്, വ്യവഹാരം വിളിക്കുമ്പോൾ, പ്രതി ഹാജരാകുകയും, വാദി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി; അവകാശവാദമോ അതിന്റെ ഭാഗമോ പ്രതി സമ്മതിക്കാത്തപക്ഷം, വ്യവഹാരം തള്ളിക്കളഞ്ഞിരിക്കുന്നതായി ഉത്തരവു ചെയ്യേണ്ടതും, സമ്മതിക്കുന്ന പക്ഷം കോടതി അങ്ങനെയുള്ള സമ്മതത്തിൻമേൽ പ്രതിക്കെതിരായി വിധി പാസാക്കേണ്ടതും, അവകാശവാദത്തിന്റെ ഭാഗംമാത്രം സംബന്ധിച്ചുള്ളിടത്ത്, ബാക്കി ഭാഗം സംബന്ധിച്ചിടത്തോളം വ്യവഹാരം തള്ളിക്കളയേണ്ടതും ആകുന്നു.

9. വീഴ്ച കാരണമായി വാദിയ്ക്കെതിരായുള്ള വിധി പുതിയ വ്യവഹാരത്തിന് തടസ്സമാകുന്നത്.—(1) ഒരു വ്യവഹാരം, 8-ാം ചട്ടത്തിൻ കീഴിൽ മുഴുവനായോ, ഭാഗികമായോ തള്ളിക്കളയുന്നിടത്ത്, വാദി, അതേ വ്യവഹാര കാരണം സംബന്ധിച്ച്, ഒരു പുതിയ വ്യവഹാരം കൊണ്ടുവരുന്നതിൽനിന്ന് തടയപ്പെട്ടിരിക്കുന്നതാണ്. എന്നാൽ, അയാൾക്ക് തള്ളിക്കളയൽ ഉത്തരവ് അസ്ഥിരപ്പെടുത്താനുള്ള ഒരു ഉത്തരവിന് അപേക്ഷിക്കാവുന്നതും, ഹിയറിങ്ങിന് വ്യവഹാരം വിളിച്ചപ്പോൾ, താൻ ഹാജരാകാതിരുന്നതിന് മതിയായ കാരണമുണ്ടായിരുന്നു എന്ന് അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, കോടതി, കോടതിച്ചെലവ് സംബന്ധിച്ചോ മററ് വിധത്തിലോ ഉള്ള, അത്, യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേൽ തള്ളിക്കളയൽ അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് ചെയ്യുകയും, വ്യവഹാരം തുടരുന്നതിന് തീയതി നിശ്ചയിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) എതിർകക്ഷിക്ക് അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് നടത്തിയിട്ടില്ലാത്തപക്ഷം, ഈ ചട്ടത്തിൻ കീഴിൽ യാതൊരു ഉത്തരവും, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

10. പല വാദികളിൽ, ഒന്നോ അതിലധികമോ പേർ ഹാജരാകാതിരിക്കുന്ന സംഗതിയിലെ നടപടിക്രമം.— ഒന്നിലധികം വാദികൾ ഉണ്ടായിരിക്കുകയും, അവരിൽ ഒന്നോ അതിലധികമോ പേർ ഹാജരാവുകയും, മററുള്ളവർ ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, ഹാജരാകുന്ന വാദിയുടേയോ വാദികളുടേയോ അർത്ഥനയിൻമേൽ, എല്ലാ വാദികളും ഹാജരായിരുന്നാലെന്ന വിധം വ്യവഹാരം തുടരാൻ അനുവദിക്കുകയോ, അല്ലെങ്കിൽ യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

11. പല പ്രതികളിൽ ഒന്നോ അതിലധികമോപേർ ഹാജരാകാതിരിക്കുന്ന സംഗതിയിലെ നടപടിക്രമം.— ഒന്നിലധികം പ്രതികൾ ഉണ്ടായിരിക്കുകയും അവരിൽ ഒന്നോ അതിലധികമോപേർ ഹാജരാകുകയും, മററുള്ളവർ ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, വ്യവഹാരം തുടരുന്നതും, വിധിന്യായം പ്രസ്താവിക്കുന്ന സമയത്ത് ഹാജരാകാത്ത പ്രതികളെ സംബന്ധിച്ച് കോടതി, യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആകുന്നു.

12. നേരിട്ട് ഹാജരാകാൻ ഉത്തരവ് ചെയ്യപ്പെടുന്ന കക്ഷി, മതിയായ കാരണംകാണിക്കാതെ ഹാജരാകാതിരുന്നതിന്റെ അനന്തരഫലം.— നേരിട്ട് ഹാജരാകാൻ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ള ഒരു വാദിയോ പ്രതിയോ നേരിട്ട് ഹാജരാകാതിരിക്കുകയോ, അല്ലെങ്കിൽ അപ്രകാരം ഹാജരാകാതിരുന്നതിന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം മതിയായ കാരണം കാണിക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, അയാൾ, ഹാജരാകാതിരിക്കുന്ന വാദികൾക്കും പ്രതികൾക്കും യഥാക്രമം ബാധകമായ മുൻപറഞ്ഞ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്.

## എക്സ്പാർട്ടി വിധികൾ അസ്ഥിരപ്പെടുത്തുന്നത്

13. പ്രതിക്കെതിരായ എക്സ്പാർട്ടിവിധി അസ്ഥിരപ്പെടുത്തുന്നത്.— ഒരു പ്രതിക്ക് എതിരായ ഒരു എക്സ്പാർട്ടി വിധി പാസ്സാക്കുന്ന ഏതെങ്കിലും സംഗതിയിൽ, അയാൾക്ക്, ആ വിധി പാസ്സാക്കിയ കോടതിയോട്, അത് അസ്ഥിരപ്പെടുത്താൻ അപേക്ഷിക്കാവുന്നതും; സമൺസ് മുറപ്രകാരം നടത്തിയില്ലെന്നോ, അല്ലെങ്കിൽ ഹിയറിങ്ങിന് വ്യവഹാരം വിളിച്ചപ്പോൾ, ഹാജരാകുന്നതിൽ നിന്ന് താൻ മതിയായ കാരണത്താൽ തടയപ്പെട്ടു എന്നോഅയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നു എങ്കിൽ, കോടതി, കോടതി ച്ചെലവുകൾ സംബന്ധിച്ചോ കോടതിയിൽ പണം ഒടുക്കുന്നതുസംബന്ധിച്ചോ മററുവിധത്തിലോ ഉള്ള യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ വിധി അയാൾക്ക് എതിരായി അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് ചെയ്യേണ്ടതും, വ്യവഹാരം തുടരുന്നതിന് ദിവസം നിശ്ചയിക്കേണ്ടതും ആകുന്നു :

എന്നാൽ, വിധി, അങ്ങനെയുള്ള പ്രതിക്കെതിരായി മാത്രം അസ്ഥിരപ്പെടുത്താൻ കഴിയാത്ത പ്രകൃതത്തിലുള്ളതായിരിക്കുന്നിടത്ത്, അത്, മററ് എല്ലാ പ്രതികൾക്കും എതിരായോ അവരിൽ ആർക്കെങ്കിലും എതിരായോ അസ്ഥിരപ്പെടുത്താവുന്നതാണ്:

എന്നുമാത്രമല്ല, പ്രതിക്ക് ഹിയറിങ്ങ് ദിവസത്തേക്കുറിച്ച് നോട്ടീസ് ഉണ്ടായിരുന്നു എന്നും, ഹാജരാകാനും വാദിയുടെ അവകാശവാദത്തിന് ഉത്തരംപറയാനും മതിയായ സമയം ഉണ്ടായിരുന്നു എന്നും ബോദ്ധ്യപ്പെടുന്നു എങ്കിൽ, യാതൊരു കോടതിയും എക്സ് പാർട്ടിയായി പാസ്സാക്കിയ ഒരു വിധിസമൺസിന്റെ നടത്തലിൽ ക്രമക്കേട് ഉണ്ടായിട്ടുണ്ടെന്ന കാരണത്തിൻമേൽ മാത്രം അസ്ഥിരപ്പെടുത്താൻ പാടുള്ളതല്ല.

**വിശദീകരണം :**—ഈ ചട്ടത്തിൻകീഴിൽ എക്സ് പാർട്ടി ആയി പാസ്സാക്കിയ ഒരു വിധിക്കെതിരായി അപ്പീൽ ഉണ്ടായിരുന്നിരിക്കുകയും, അപ്പീൽ, അപ്പീൽ വിധി അപ്പീൽ പിൻവലിച്ചിട്ടുണ്ടെന്നുള്ള കാരണം അല്ലാതെ ഏതെങ്കിലും കാരണത്തിൻമേൽ തീർച്ച ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, ആ എക്സ് പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് ഈ ചട്ടത്തിൻകീഴിൽ യാതൊരു അപേക്ഷയും നിലനിൽക്കുന്നതല്ല.

14. എതിർകക്ഷിക്ക് നോട്ടീസ് കൂടാതെ യാതൊരു വിധിയും അസ്ഥിരപ്പെടുത്താൻ പാടില്ലെന്ന്.—മുൻപറഞ്ഞതുപോലെയുള്ള എതെങ്കിലും അപേക്ഷയിൻമേൽ യാതൊരു വിധിയും, അത് സംബന്ധിച്ച് എതിർകക്ഷിക്ക് നോട്ടീസ് നടത്തിയിട്ടില്ലാത്തപക്ഷം, അ.സ്ഥിരപ്പെടുത്താൻ പാടുള്ളതല്ല.

## ആർഡർ X

## കോടതി കക്ഷികളെ വിസ്തരിക്കുന്നത്

1. പ്ലീഡിങ്ങുകളിലെ ആഖ്യാപനങ്ങൾ സമ്മതിക്കുന്നുവോ നിഷേധിക്കുന്നുവോ എന്ന് തിട്ടപ്പെടുത്തുന്നത്.—വ്യവഹാരത്തിന്റെ പ്രഥമ ഹിയറിങ്ങിൽ കോടതി ഓരോ കക്ഷിയിലും നിന്നോ, അയാളുടെ പ്ലീഡറിൽനിന്നോ അന്യായത്തിലോ, എതിർകക്ഷിയുടെ പത്രികയിലെ (വല്ലതും ഉണ്ടെങ്കിൽ) ചെയ്തിട്ടുള്ളതും, ഏത് കക്ഷിക്കെതിരായാണോ അവ ചെയ്തിട്ടുള്ളത്, ആ കക്ഷിയാൽ പ്രകടമായോ അല്ലെങ്കിൽ ആവശ്യം വ്യഞ്ജിപ്പിച്ചുകൊണ്ടോ സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്യപ്പെട്ടിട്ടില്ലാത്തതും ആയ വസ്തുതാഖ്യാപനങ്ങൾ അയാൾ സമ്മതിക്കുന്നുവോ നിഷേധിക്കുന്നുവോ എന്നു തിട്ടപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ള സമ്മതങ്ങളും നിഷേധങ്ങളും കോടതി റിക്കാർഡാക്കേണ്ടതാകുന്നു.

2. കക്ഷിയേയോ കക്ഷിയുടെകൂടെയുള്ളവനേയോ വാക്കാൽ വിസ്തരിക്കുന്നത്.—(1) വ്യവഹാരത്തിന്റെ പ്രഥമ ഹിയറിങ്ങിൽ കോടതി—

(ക) വ്യവഹാരത്തിൽ തർക്കത്തിലുള്ളതായ വിഷയങ്ങൾ വ്യക്തമാക്കാനുള്ള ലക്ഷ്യത്തോടെ, കോടതിയിൽ നേരിട്ട് ഹാജരാകുകയോ സന്നിഹിതരായിരിക്കുകയോ ചെയ്യുന്ന കക്ഷികളിൽ യുക്തമെന്ന് തോന്നുന്നവരെ വാക്കാൽ വിസ്തരിക്കേണ്ടതും,

(ഖ) കോടതിയിൽ നേരിട്ട് ഹാജരാകുകയോ സന്നിഹിതനായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കക്ഷിയുടേയോ അയാളുടെ പ്ലീഡറുടേയോ കൂടെ ഉള്ളതും, വ്യവഹാരത്തെ സംബന്ധിക്കുന്ന ഏതെങ്കിലും സാരവത്തായ പ്രശ്നത്തിന് ഉത്തരം പറയാൻ കഴിയുന്നവനും ആയ ഏതെങ്കിലും ആളെ, കോടതിക്ക് വാക്കാൽ വിസ്തരിക്കാവുന്നതും,

ആകുന്നു.

(2) പിന്നീടുള്ള ഏതെങ്കിലും ഹിയറിങ്ങിൽ കോടതിക്ക്, കോടതിയിൽ നേരിട്ട് ഹാജരാകുകയോ സന്നിഹിതനായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കക്ഷിയേയോ, അല്ലെങ്കിൽ അങ്ങനെയുള്ള കക്ഷിയുടേയോ അയാളുടെ പ്ലീഡറുടേയോ കൂടെ ഉള്ളതും, വ്യവഹാരം സംബന്ധിക്കുന്ന ഏതെങ്കിലും സാരവത്തായ പ്രശ്നത്തിന് ഉത്തരം പറയാൻ കഴിയുന്നതും ആയ ഏതെങ്കിലും ആളേയോ വാക്കാൽ വിസ്തരിക്കാവുന്നതാകുന്നു.

(3) കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഈ ചട്ടത്തിൻ കീഴിലെ, ഒരു വിസ്താരത്തിനിടയിൽ ഇരുകക്ഷികളിൽ ആരെങ്കിലും നിർദ്ദേശിക്കുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

3. വിസ്താരത്തിന്റെ സാരം ലിഖിതത്തിലാക്കണമെന്ന്.—വിസ്താരത്തിന്റെ സാരം ജഡ്ജി ലിഖിതത്തിലാക്കേണ്ടതും, അത് റിക്കാർഡിന്റെ ഭാഗമായിരിക്കുന്നതും ആകുന്നു.

4. ഉത്തരം പറയാൻ പ്ലീഡർ വിസമ്മതിക്കുകയോ, അയാൾക്ക് കഴിവില്ലാതിരിക്കുകയോ ചെയ്യുന്നതിന്റെ അനന്തരഫലം.—(1) പ്ലീഡർ മുഖാന്തരം ഹാജരാകുന്ന ഏതെങ്കിലും കക്ഷിയുടെ പ്ലീഡറോ, അല്ലെങ്കിൽ പ്ലീഡറുടെ കൂടെയുള്ള, (2)-ാം ചട്ടത്തിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും ആളോ, അയാളാൽ പ്രതിനിധാനം ചെയ്യപ്പെടുന്ന കക്ഷി ഉത്തരം പറയേണ്ടതും, നേരിട്ട് ചോദ്യം ചെയ്യപ്പെടുന്നുവെങ്കിൽ ആ കക്ഷിക്ക് ഉത്തരം പറയാൻ കഴിയുന്നതായിരിക്കാൻ ഇടയുള്ളതും ആണെന്ന് കോടതിക്ക് അഭിപ്രായമുള്ള, വ്യവഹാര സംബന്ധമായ ഏതെങ്കിലും സാരവത്തായ ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുകയോ, ഉത്തരം പറയാൻ അയാൾക്ക് കഴിവില്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, കോടതിക്ക് വ്യവഹാരത്തിന്റെ ഹിയറിങ്ങ് ഒരു ഭാവിദിവസത്തേയ്ക്ക് നീട്ടിവയ്ക്കുകയും, അങ്ങനെയുള്ള കക്ഷിയോട്, അങ്ങനെയുള്ള ദിവസം ഹാജരാകാൻ നിദേശിക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള കക്ഷി അപ്രകാരം നിശ്ചയിക്കപ്പെട്ട ദിവസം, നിയമാനുസൃതമായ ന്യായീകരണം കൂടാതെ നേരിട്ട് ഹാജരാകാതിരിക്കുന്നു എങ്കിൽ, കോടതിക്ക്, അയാൾക്കെതിരായി വിധിന്യായം പ്രസ്താവിക്കുകയോ, വ്യവഹാരം സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന ഉത്തരവ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

## ആർഡർ XI

# വെളിപ്പെടുത്തലും പരിശോധനയും

1. ചോദ്യങ്ങൾവഴി വെളിപ്പെടുത്തൽ.—ഏതെങ്കിലും വ്യവഹാരത്തിൽ, വാദിക്കോ പ്രതിക്കോ കോടതിയുടെ അനുമതിയോടുകൂടി എതിർകക്ഷികളേയോ അങ്ങനെയുള്ള കക്ഷികളിൽ ഒന്നോ അതിലധികമോ പേരെയോ വിസ്തരിക്കുന്നതിന് ലിഖിതമായ ചോദ്യങ്ങൾ നൽകാവുന്നതും, അങ്ങനെയുള്ള ചോദ്യങ്ങൾ നല്കപ്പെടുമ്പോൾ അവയുടെ ചുവടെ അങ്ങനെയുള്ള ചോദ്യങ്ങളിൽ ഏതിനാണ് അങ്ങനെയുള്ള ആളുകളിൽ ഓരോരുത്തനും ഉത്തരം പറയേണ്ടതെന്ന് പ്രസ്താവിക്കുന്ന ഒരു കുറിപ്പ് ഉണ്ടായിരിക്കേണ്ടതും ആണ്: എന്നാൽ ഏതൊരു കക്ഷിയും ഒരു കക്ഷിക്ക്, ചോദ്യങ്ങളുടെ ഒരു സെററിൽ അധികം നല്കാനുള്ള ഉത്തരവ് കൂടാതെ, അപ്രകാരം നൽകാൻ പാടുള്ളതല്ല: അതുമാത്രവുമല്ല, വ്യവഹാരത്തിലെ ഏതെങ്കിലും പ്രശ്നവിഷയങ്ങൾ സംബന്ധിച്ചതല്ലാത്ത ചോദ്യങ്ങൾ, അവ ഒരു സാക്ഷിയുടെ വാക്കാൽ വിസ്താരത്തിൽ അനുവദനീയമായിരിക്കാമെങ്കിലും, അപ്രസക്തമായി കരുതപ്പെടുന്നതാകുന്നു.

2. വിനിർദ്ദിഷ്ട ചോദ്യങ്ങൾ സമർപ്പിക്കണമെന്ന്.—ചോദ്യങ്ങൾ നല്കാൻ അനുമതിക്കുള്ള അപേക്ഷയിൻമേൽ, നല്കാൻ നിർദ്ദേശിക്കപ്പെടുന്ന വിനിർദ്ദിഷ്ട ചോദ്യങ്ങൾ കോടതിക്ക് സമർപ്പിക്കേണ്ടതാണ്. അങ്ങനെയുള്ള അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നതിൽ, കോടതി പ്രശ്നവിഷയങ്ങളോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച് വിവരങ്ങൾ നല്കാമെന്നോ, അഡ്മിഷനുകൾ ചെയ്യാമെന്നോ രേഖകൾ ഹാജരാക്കാമെന്നോ ഉള്ള ചോദ്യം ചെയ്യൽ അപേക്ഷിക്കപ്പെട്ടിട്ടുള്ള കക്ഷിയുടെ ഏതെങ്കിലും ആഫർ, കോടതി കണക്കിലെടുക്കേണ്ടതും, സമർപ്പിക്കപ്പെട്ട ചോദ്യങ്ങളിൽ, വ്യവഹാരം നീതിപൂർവ്വം തീർച്ചചെയ്യുന്നതിനോ കോടതിച്ചെലവ് ലഭിക്കുന്നതിനോ ആവശ്യകമാണെന്ന് കോടതി കരുതുന്നവയ്ക്ക് മാത്രം അനുമതി കൊടുക്കേണ്ടതും ആകുന്നു.

3. ചോദ്യങ്ങളുടെ കോടതിച്ചെലവുകൾ.—വ്യവഹാരത്തിലെ കോടതിച്ചെലവ് ശരിപ്പെടുത്തുന്നതിന്, ഏതെങ്കിലും കക്ഷിയുടെ അർത്ഥനയിൻമേൽ, അങ്ങനെയുള്ള ചോദ്യങ്ങൾ സമർപ്പിക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് അന്വേഷണവിചാരണ ചെയ്യപ്പെടുന്നതും, കോടതിച്ചെലവ് നിജപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കോടതിക്കോ അന്വേഷണവിചാരണയ്ക്ക് അപേക്ഷ ഉണ്ടായിരിക്കുകയോ അല്ലാതെയോ, അങ്ങനെയുള്ള ചോദ്യങ്ങൾ ന്യായരഹിതമായോ ശല്യം ഉണ്ടാക്കുന്നവിധമോ, ശരിയല്ലാത്ത വിധം ദീർഘമായോ സമർപ്പിക്കുകയോ ചെയ്തിട്ടുള്ളതാണെന്ന് അഭിപ്രായം ഉണ്ടെങ്കിൽ, ആ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളുംവഴി ഉളവായിട്ടുള്ള കോടതിച്ചെലവ് ഏത് സംഗതിയിലും തെററുകാരനായ കക്ഷി കൊടുക്കേണ്ടതാകുന്നു.

4. ചോദ്യങ്ങളുടെ ഫാറം.—ചോദ്യങ്ങൾ, പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ അനുബന്ധം ഗ യിലെ 2-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാകുന്നു.

5. ഏകാംഗയോഗങ്ങൾ.—ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷി, ഒരു ഏകാംഗയോഗമോ, അല്ലെങ്കിൽ സ്വന്തം നാമത്തിലായാലും, ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ മററ് ആളുടേയോ നാമത്തിലായാലും, വ്യവഹാരം കൊടുക്കാനോ എതിരായി വ്യവഹാരം കൊടുക്കാനോ നിയമം അധികാരപ്പെടുത്തുന്ന ആളുകളുടെ ഒരു നികായമോ, അത് ഏകാംഗീകരിക്കപ്പെട്ടതോ അല്ലാത്തതോ ആയാലും, ആയിരിക്കുന്നിടത്ത്, ഏതെങ്കിലും എതിർകക്ഷിക്ക്, ചോദ്യങ്ങൾ, അങ്ങനെയുള്ള ഏകാംഗയോഗത്തിന്റേയോ നികായത്തിന്റേയോ ഏതെങ്കിലും അംഗത്തിനോ ഉദ്യോഗസ്ഥനോ നല്കാൻ തന്നെ അനുവദിക്കുന്ന ഒരു ഉത്തരവിന് അപേക്ഷിക്കാവുന്നതും, അതനുസരിച്ച് ഉത്തരവ് ചെയ്യാവുന്നതും ആകുന്നു.

6. ചോദ്യങ്ങൾക്കുള്ള ആക്ഷേപങ്ങൾ ഉത്തരംവഴി.—ഏതെങ്കിലും ചോദ്യം, അപവാദപരമോ അപ്രസക്തമോ ആണെന്നോ, അല്ലെങ്കിൽ വ്യവഹാരത്തിന്റെ ആവശ്യത്തിലേയ്ക്ക് ഉത്തമവിശ്വാസപൂർവ്വം സമർപ്പിക്കപ്പെട്ടതല്ലെന്നോ, അല്ലെങ്കിൽ അന്വേഷണവിചാരണ ചെയ്യപ്പെടുന്ന വിഷയങ്ങൾ ആ ഘട്ടത്തിൽ മതിയായിടത്തോളം സാരമായവയല്ലെന്നോ ഉള്ള കാരണത്തിൻമേലോ, അല്ലെങ്കിൽ പ്രത്യേകാവകാശത്തിന്റെ കാരണത്തിൻമേലോ മറേറതെങ്കിലും കാരണത്തിൻമേലോ ആ ചോദ്യത്തിന് ഉത്തരം പറയുന്നതിനുള്ള ഏതെങ്കിലും ആക്ഷേപം, ഉത്തരമായുള്ള സത്യവാങ്മൂലത്തിൽ ഉന്നയിക്കാവുന്നതാണ്.

7. ചോദ്യങ്ങൾ ദുർബലപ്പെടുത്തുന്നതും വെട്ടിക്കളയുന്നതും.—ഏതെങ്കിലും ചോദ്യങ്ങൾ, അവ ന്യായരഹിതമായോ ശല്യമുണ്ടാക്കുന്നവിധമായോ സമർപ്പിച്ചിട്ടുള്ളതാണെന്നുള്ള കാരണത്തിൻമേൽ ദുർബലപ്പെടുത്തുകയോ, അല്ലെങ്കിൽ അവ വ്യർത്ഥാസ്ഥൂലമോ ദുർവഹമോ അനാവശ്യമോ അപവാദപരമോ ആണെന്ന കാരണത്തിൻമേൽ വെട്ടിക്കളയുകയോ ചെയ്യാവുന്നതും, ഈ ആവശ്യത്തിലേയ്ക്കുള്ള ഏതെങ്കിലും അപേക്ഷ, ചോദ്യങ്ങളുടെ നടത്തലിനുശേഷം ഏഴു ദിവസത്തിനുള്ളിൽ കൊടുക്കാവുന്നതും ആണ്.

8. ഉത്തരമായുള്ള സത്യവാങ്മൂലം-ഫയൽ ചെയ്യൽ.—ചോദ്യങ്ങൾക്ക്, പത്തു ദിവസത്തിനുള്ളിലോ കോടതി അനുവദിക്കുന്ന മററ് സമയത്തിനുള്ളിലോ ഫയൽ ചെയ്യേണ്ട സത്യവാങ്മൂലംവഴി ഉത്തരം പറയേണ്ടതാകുന്നു.

9. ഉത്തരമായുള്ള സത്യവാങ്മൂലത്തിന്റെ ഫാറം.—ചോദ്യങ്ങൾക്ക് ഉത്തരമായുള്ള സത്യവാങ്മൂലം, പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ അനുബന്ധം ഗ യിലെ 3-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടത് ആകുന്നു.

10. യാതൊരു ആക്ഷേപവും ഉന്നയിക്കരുതെന്ന്.—ഉത്തരമായുള്ള ഏതെങ്കിലും സത്യവാങ്മൂലത്തിന്, ആക്ഷേപങ്ങൾ യാതൊന്നും ഉന്നയിക്കാൻ പാടില്ലാത്തതും, എന്നാൽ മതിയായതല്ലെന്ന് ആക്ഷേപിക്കപ്പെടുന്ന ഏതെങ്കിലും സത്യവാങ്മൂലം മതിയായതാണോ അല്ലയോ എന്നുള്ളത് കോടതി തീരുമാനിക്കേണ്ടതും ആകുന്നു.

11. ഉത്തരംപറയാനോ കൂടുതലായി ഉത്തരം പറയാനോ ഉള്ള ഉത്തരവ്.—ചോദ്യം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ, ഉത്തരം പറയാൻ വിട്ടുപോവുകയോ മതിയാകാത്തവിധം ഉത്തരം പറയുകയോ ചെയ്യുന്നിടത്ത്, അയാളോട്, അതതു സംഗതിപോലെ, ഉത്തരംപറയാനോ കൂടുതലായി ഉത്തരം പറയാനോ ആവശ്യപ്പെടുന്ന ഉത്തരവിന് ചോദ്യം ചെയ്യുന്ന കക്ഷിക്ക് കോടതിയോട് അപേക്ഷിക്കാവുന്നതാണ്. കോടതി നിദേശിക്കുന്നതുപോലെ, ഒന്നുകിൽ സത്യവാങ്മൂലംവഴി, അല്ലെങ്കിൽ വാക്കാൽ വിസ്താരം വഴി, ഉത്തരം പറയാനോ കൂടുതലായി ഉത്തരംപറയാനോ, അയാളോട് ആവശ്യപ്പെടുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

12. രേഖകൾ വെളിപ്പെടുത്താനുള്ള അപേക്ഷ.—ഏതെങ്കിലും കക്ഷിക്ക് ഏതെങ്കിലും വ്യവഹാരത്തിലെ മററ് ഏതെങ്കിലും കക്ഷിയോട്, അതിലെ ഏതെങ്കിലും പ്രശ്നവിഷയം സംബന്ധിച്ചുള്ളതും, അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതോ ഉണ്ടായിരുന്നിട്ടുള്ളതോ ആയതുമായ രേഖകൾ ശപഥത്തിൻമേൽ വെളിപ്പെടുത്താൻ നിദേശിക്കുന്ന ഒരു ഉത്തരവിന് യാതൊരു സത്യവാങ്മൂലവും ഫയൽചെയ്യാതെ, കോടതിയോട് അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷ കേൾക്കുന്നതിൻമേൽ, അങ്ങനെയുള്ള വെളിപ്പെടുത്തൽ ആവശ്യമില്ലെന്നോ, വ്യവഹാരത്തിന്റെ ആ ഘട്ടത്തിൽ ആവശ്യമില്ലെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക്, അപേക്ഷ നിരസിക്കുകയോ നീട്ടിവയ്ക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ സ്വവിവേകം ഉപയോഗിച്ച് യുക്തമെന്ന് തോന്നുന്ന ഉത്തരവ്, സാമാന്യമായോ ചിലതരം രേഖകൾക്ക് പരിമിതപ്പെടുത്തിക്കൊണ്ടോ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, വ്യവഹാരം നീതിപൂർവ്വകമായി തീർച്ചചെയ്യുന്നതിനോ, കോടതി ചെലവ് ലാഭിക്കുന്നതിനോ ആവശ്യമില്ലെന്ന്, കോടതിക്ക് അഭിപ്രായമുള്ളപ്പോഴും അഭിപ്രായമുള്ളിടത്തോളവും, വെളിപ്പെടുത്തൽ ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. രേഖകളെക്കുറിച്ചുള്ള സത്യവാങ്മൂലം.—ഏതു കക്ഷിക്ക് എതിരായാണോ, തൊട്ടുമുൻപുള്ള ചട്ടത്തിൽ പ്രസ്താവിച്ചതുപോലെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ കക്ഷി കൊടുക്കേണ്ട സത്യവാങ്മൂലം, അതിൽ പറയുന്ന രേഖകളിൽ (വല്ലതും ഉണ്ടെങ്കിൽ) ഏത് ഹാജരാക്കുന്നതിനാണോ തനിക്ക് ആക്ഷേപം ഉള്ളതെന്ന് വിനിർദ്ദേശിക്കേണ്ടതും, പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ, അനുബന്ധം ഗ യിലെ 5-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതും ആകുന്നു.

14. രേഖകൾ ഹാജരാക്കൽ.—ഏതെങ്കിലും വ്യവഹാരം നിലവിലിരിക്കുമ്പോൾ, ഏതു സമയത്തും, അതിലെ ഏതെങ്കിലും കക്ഷി തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതും, അങ്ങനെയുള്ള വ്യവഹാരത്തിലെ ഏതെങ്കിലും പ്രശ്നവിഷയം സംബന്ധിച്ചുള്ളതും, കോടതിക്ക് ശരിയായതായി തോന്നുന്നതുമായ രേഖകൾ ശപഥത്തിൻമേൽ ഹാജരാക്കണമെന്ന് കോടതി ഉത്തരവ് ചെയ്യുന്നത് ന്യായാനുസരണം ആയിരിക്കുന്നതും, അങ്ങനെയുള്ള രേഖകൾ ഹാജരാക്കപ്പെടുമ്പോൾ, കോടതിക്ക്, അവ ന്യായമാണെന്ന് തോന്നുന്ന രീതിയിൽ കൈകാര്യം ചെയ്യാവുന്നതും ആണ്.

15. പ്ലീഡിങ്ങുകളിലോ സത്യവാങ്ങ്മൂലങ്ങളിലോ പരാമർശിക്കുന്ന രേഖകളുടെ പരിശോധന.—ഒരു വ്യവഹാരത്തിലെ ഏതൊരു കക്ഷിക്കും, ഏതു സമയത്തും, ഏതു കക്ഷിയുടെ പ്ലീഡിങ്ങുകളിലോ സത്യവാങ്ങ്മൂലങ്ങളിലോ ആണോ ഏതെങ്കിലും രേഖയെക്കുറിച്ച് പരാമർശിക്കുന്നത്, അങ്ങനെയുള്ളതോ അല്ലെങ്കിൽ ഏതു കക്ഷിയാണോ, തന്റെ പ്ലീഡുങ്ങുകളോട് അനുബന്ധിച്ചി ട്ടുള്ള ഏതെങ്കിലും ലിസ്റ്റിൽ ഏതെങ്കിലും രേഖ ചേർത്തിട്ടുള്ളത്, അങ്ങനെ യുള്ളതോ ആയ മറ്റേതെങ്കിലും കക്ഷിക്ക്, അങ്ങനെയുള്ള രേഖ, നോട്ടീസ് നൽകുന്ന കക്ഷിയുടേയോ അയാളുടെ പ്ലീഡറുടേയോ പരിശോധനയ്ക്കായി ഹാജരാക്കുകയും, അതിന്റെ പകർപ്പുകളെ അയാളേയോ അവരേയോ അനുവദി ക്കുകയും ചെയ്യുന്നതിന് നോട്ടീസ് നൽകാൻ അവകാശമുണ്ടായിരിക്കുന്നതും; അങ്ങനെയുള്ള നോട്ടീസ് അനുസരിച്ചു പ്രവർത്തിക്കാത്ത ഏതൊരു കക്ഷിക്കും, പിന്നീട്, അങ്ങനെയുള്ള രേഖ തനിക്കുവേണ്ടി തെളിവിൽ കൊണ്ടുവരാൻ, താൻ വ്യവഹാരത്തിലെ ഒരു പ്രതിയായിരിക്കെ, തന്റെ സ്വന്തം ഉടമാവകാശത്തെ മാത്രം സംബന്ധിക്കുന്നതാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കാതിരുന്നതിന് തനിക്ക്, കോടതി മതിയായതാ ണെന്നു കരുതുന്ന മററു വല്ല കാരണമോ ന്യായീകരണമോ ഉണ്ടെന്നോ കോടതിയെ ബോദ്ധ്യപ്പെടുത്താത്തപക്ഷം, സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതല്ലാ ത്തതും, അങ്ങനെ ബോദ്ധ്യപ്പെടുത്തുന്ന സംഗതിയിൽ, കോടതിക്ക്, കോടതി ച്ചെലവ് സംബന്ധിച്ചും മററുവിധത്തിലും ഉള്ള യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ ആ രേഖ തെളിവിൽ കൊണ്ടുവരാൻ അനുവദിക്കാവു ന്നതും ആകുന്നു.

16. ഹാജരാക്കാൻ നോട്ടീസ്.—ഏതെങ്കിലും കക്ഷിയുടെ പ്ലീഡിങ്ങിലോ സത്യവാങ്ങ്മൂലങ്ങളിലോ പരാമർശിക്കുന്ന ഏതെങ്കിലും രേഖ ഹാജരാക്കാൻ അയാംക്കുള്ള നോട്ടീസ്, പരിത:സ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങ ളോടെ അനുബന്ധം ഗ യിലെ (7)-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ട താകുന്നു.

17. നോട്ടീസ് നൽകിയിരിക്കുമ്പോൾ പരിശോധനയ്ക്കുള്ള സമയം.—അങ്ങനെയുള്ള നോട്ടീസ്, നൽകപ്പെടുന്ന കക്ഷി, അങ്ങനെയുള്ള നോട്ടീസ് കിട്ടിയതിന്റെ പത്തു ദിവസത്തിനുള്ളിൽ, അത് നൽകുന്ന കക്ഷിക്ക് ഒരു നോട്ടീസ്, അതു ഡെലിവർ ചെയ്യുന്നതുമുതൽ മൂന്നു ദിവസത്തിനുള്ളി ലുള്ളതും, ആ രേഖകളോ അല്ലെങ്കിൽ അവയിൽ ഹാജരാക്കാൻ തനിക്ക് ആക്ഷേപ മില്ലാത്തവയോ തന്റെ പ്ലീഡറുടെ ആഫീസിൽവച്ചോ അല്ലെങ്കിൽ ബാങ്കർമാരുടെ ബുക്കുകളുടേയോ, മററു കണക്കുബുക്കുകളുടേയോ, ഏതെങ്കിലും വ്യാപാര ത്തിന്റേയോ ബിസിനസ്സിന്റേയോ ആവശ്യങ്ങൾക്ക് എപ്പോഴും ഉപയോഗ ത്തിലിരിക്കുന്ന ബുക്കുകളുടെ സംഗതിയിൽ, അവയുടെ സാധാരണ സൂക്ഷിപ്പു സ്ഥലത്തുവച്ചോ പരിശോധിക്കാവുന്നതും ആയ സമയം പ്രസ്താവിച്ചു കൊണ്ടും രേഖകളിൽ (വല്ലതും ഉണ്ടെങ്കിൽ) ഏതു ഹാജരാക്കാനാണ് തനിക്ക് ആക്ഷേപമുള്ളവയെന്നും, അത് ഏതു കാരണത്തിൻമേലാണെന്നും പ്രസ്താ വിച്ചുകൊണ്ടും ഡെലിവർ ചെയ്യേണ്ടതാണ്. അങ്ങനെയുള്ള നോട്ടീസ്, പരിത:സ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ അനുബന്ധം ഗ യിലെ 8-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാകുന്നു.

18. പരിശോധനയ്ക്കുള്ള ഉത്തരവ്.—(1) 15-ാം ചട്ടത്തിൻകീഴിൽ നോട്ടീസ് നടത്തപ്പെടുന്ന കക്ഷി, പരിശോധന സമയത്തെക്കുറിച്ചുള്ള അങ്ങനെ യുള്ള നോട്ടീസ് നൽകാൻ വിട്ടുപോകുകയോ പരിശോധന അനുവദിക്കാൻ ആക്ഷേപം ഉന്നയിക്കുകയോ, അല്ലെങ്കിൽ തന്റെ പ്ലീഡറുടെ ആഫീസിലല്ലാതെ മററു എവിടേയെങ്കിലും വച്ചുള്ള പരിശോധന ആഫർ ചെയ്യുകയോ ചെയ്യു ന്നിടത്ത്, കോടതിക്ക്, യുക്തമെന്നു തോന്നുന്ന സ്ഥലത്തുവച്ചും രീതിയി ലുമുള്ള പരിശോധനയ്ക്ക്, അത് ആഗ്രഹിക്കുന്ന കക്ഷിയുടെ അപേക്ഷ

യിൻമേൽ, ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, ആ ഉത്തരവ് വ്യവഹാരം നീതിപൂർവ്വകമായി തീർച്ച ചെയ്യുന്നതിനോ, കോടതിച്ചെലവുകൾ ലാഭിക്കുന്നതിനോ അതിന്റെ ആവശ്യമില്ലെന്ന് കോടതിക്ക് അഭിപ്രായമുള്ളപ്പോഴും അഭിപ്രായം ഉള്ളിടത്തോളവും, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഏതൊരു കക്ഷിക്കെതിരായാണോ രേഖ പരിശോധിക്കാനുള്ള ഏതെങ്കിലും അപേക്ഷ കൊടുക്കുന്നത്, ആ കക്ഷിയുടെ പ്ലീഡിങ്ങുകളിലോ, വിവരങ്ങളിലോ, സത്യവാങ്മൂലങ്ങളിലോ പരാമർശിക്കുന്നതോ രേഖകളെക്കുറിച്ചുള്ള അയാളുടെ സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തുന്നതോ ആയ രേഖ ഒഴികെയുള്ള രേഖകളുടെ പരിശോധനയ്ക്കായുള്ള ഏതെങ്കിലും അപേക്ഷ, ഏതു രേഖകളുടെ പരിശോധനയാണ് ആവശ്യപ്പെടുന്നതെന്നും, അപേക്ഷിക്കുന്ന കക്ഷിക്ക് അവ പരിശോധിക്കാൻ അവകാശമുണ്ടെന്നും, അവ മറേറ കക്ഷിയുടെ കൈവശത്തിലോ അധികാരത്തിലോ ആണെന്നും കാണിക്കുന്ന ഒരു സത്യവാങ്മൂലത്തെ അടിസ്ഥാനമാക്കിയതായിരിക്കേണ്ടതാകുന്നു. കോടതി അങ്ങനെയുള്ള രേഖകൾ പരിശോധിക്കാനുള്ള, അങ്ങനെയുള്ള ഉത്തരവ്, വ്യവഹാരം നീതിപൂർവ്വകമായി തീർച്ച ചെയ്യുന്നതിനോ, കോടതിച്ചെലവ് ലാഭിക്കുന്നതിനോ ആവശ്യമില്ലെന്ന് കോടതിക്ക് അഭിപ്രായമുള്ളപ്പോഴും അഭിപ്രായമുള്ളിടത്തോളവും, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

19. <u>സത്യബോധപ്പെടുത്തിയ പകർപ്പുകൾ.</u>—(1) ഏതെങ്കിലും ബിസിനസ്സ് ബുക്കുകളുടെ പരിശോധനയ്ക്ക് അപേക്ഷിക്കുന്നിടത്ത്, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, അസ്സൽ ബുക്കുകളുടെ പരിശോധന ഉത്തരവ് ചെയ്യുന്നതിനുപകരം, അതിലെ ഏതെങ്കിലും ഉൾക്കുറിപ്പുകളുടെ ഒരു പകർപ്പ് നൽകുകയും, പകർപ്പ് അസ്സൽ ഉൾക്കുറിപ്പുകൾ വച്ച് പരിശോധിച്ചിട്ടുള്ള വല്ലവരുടേയും സത്യവാങ്മൂലംവഴി സത്യബോധപ്പെടുത്തുകയും ചെയ്യാൻ ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള സത്യവാങ്മൂലം അസ്സൽ ബുക്കിൽ ഏതെങ്കിലും മായിക്കലുകളോ ഇടയിൽ എഴുത്തുകളോ വ്യത്യാസപ്പെടുത്തലുകളോ ഉണ്ടോ ഇല്ലയോ എന്നും, ഉണ്ടെങ്കിൽ അവ എന്താണെന്നും പ്രസ്താവിച്ചിരിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള പകർപ്പ് നൽകിയിട്ടുണ്ടെന്നിരുന്നാലും, കോടതിക്ക് ഏതു ബുക്കിൽനിന്നാണോ പകർപ്പ് എടുത്തത് ആ ബുക്കിന്റെ പരിശോധന ഉത്തരവ് ചെയ്യാവുന്നതാണ്.

(2) പരിശോധനയ്ക്കുള്ള ഉത്തരവിനായുള്ള ഒരു അപേക്ഷയിൻമേൽ, ഏതെങ്കിലും രേഖയ്ക്ക് പ്രത്യേകാവകാശം അവകാശപ്പെടുന്നിടത്ത്, ആ രേഖ സ്റേററ് വിഷയങ്ങൾ സംബന്ധിക്കുന്നതല്ലാത്തപക്ഷം, കോടതി പ്രത്യേകാവകാശത്തിനുള്ള അവകാശവാദത്തിന്റെ സാധുതയെക്കുറിച്ച് തീരുമാനിക്കുന്ന ആവശ്യത്തിലേയ്ക്ക്, ആ രേഖ പരിശോധിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) കോടതിക്ക്, ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, ഏത് സമയത്തും, രേഖകളെക്കുറിച്ചുള്ള ഒരു സത്യവാങ്മൂലത്തിന് ഉത്തരവ് ചെയ്യപ്പെടുകയോ സത്യവാങ്മൂലം നൽകപ്പെടുകയോ ചെയ്തുകഴിഞ്ഞിട്ടുണ്ടെന്നിരുന്നാലും ഇല്ലെങ്കിലും, അപേക്ഷയിൽ വിനിർദ്ദിഷ്ട രേഖകളിൽ ഒന്നോ ഒന്നിലധികമോ—അത് അപേക്ഷയിൻമേൽ വിനിർദ്ദേശിക്കേണ്ടതാണ്.—അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് ഉണ്ടായിരുന്നിട്ടുണ്ടോ എന്നും; അപ്പോൾ അയാളുടെ കൈവശം ഇല്ലെങ്കിൽ, എപ്പോൾ അയാളുടെ കൈവശം വിട്ടുപോയി എന്നും അതിന് എന്തു സംഭവിച്ചിരിക്കുന്നു എന്നും സത്യവാങ്മൂലംവഴി പരിശോധിക്കണമെന്നും മറേറതെങ്കിലും കക്ഷിയോട് ആവശ്യപ്പെടുന്ന ഉത്തരവ് ചെയ്യാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷ സത്യവാങ്മൂലം നൽകുന്ന ആളുടെ വിശ്വാസത്തിൽ, ഏതു കക്ഷിക്കെതിരായാണോ അപേക്ഷ കൊടുക്കു

ന്നത്, ആ കക്ഷിയുടെ കൈവശത്തിലോ അധികാരത്തിലോ, അപേക്ഷയിൽ വിനിർദ്ദേശിച്ചിട്ടുള്ള രേഖയോ രേഖകളോ ഉണ്ട്, അല്ലെങ്കിൽ ഏതെങ്കിലും ഒരു സമയത്ത് ഉണ്ടായിരുന്നിട്ടുണ്ടെന്നും, അത് വ്യവഹാരത്തിലെ പ്രശ്നവിഷയങ്ങളോ അവയിൽ ചിലതോ സംബന്ധിച്ചതാണെന്നും പ്രസ്താവിക്കുന്ന ഒരു സത്യവാങ്മൂലത്തിൻമേൽ കൊടുക്കേണ്ടതാകുന്നു.

20. കാലമാകുന്നതിനുമുമ്പുള്ള വെളിപ്പെടുത്തൽ.—ഏതു കക്ഷിയിൽ നിന്നാണോ ഏതെങ്കിലും തരത്തിലുള്ള വെളിപ്പെടുത്തലോ പരിശോധനയോ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള കക്ഷി അതിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആക്ഷേപം ഉന്നയിക്കുന്നിടത്ത്, വെളിപ്പെടുത്തലിനോ പരിശോധനയ്ക്കോ ഉള്ള അവകാശം വ്യവഹാരത്തിൽ, തർക്കത്തിലുള്ള ഏതെങ്കിലും വിവാദ്യകത്തിന്റേയോ പ്രശ്നത്തിന്റേയോ തീർപ്പിനെ ആശ്രയിച്ചിരിക്കുന്നതെന്നോ, അല്ലെങ്കിൽ മററതെങ്കിലും കാരണത്താൽ വ്യവഹാരത്തിൽ തർക്കത്തിലുള്ള ഏതെങ്കിലും വിവാദ്യകങ്ങളോ പ്രശ്നങ്ങളോ വെളിപ്പെടുത്താനോ പരിശോധനയ്ക്കോ ഉള്ള അവകാശം തീരുമാനിക്കുന്നതിനുമുമ്പ് തീർപ്പാക്കേണ്ടത് അഭിലഷണീയമാണെന്നോ ബോധിപ്പിക്കുന്നുവെങ്കിൽ കോടതിക്ക് അങ്ങനെയുള്ള വിവാദ്യകമോ പ്രശ്നമോ ആദ്യം തീർപ്പാക്കണമെന്ന് ഉത്തരവ് ചെയ്യുകയും, വെളിപ്പെടുത്തലിനേയോ പരിശോധനയേയോ കുറിച്ചുള്ള പ്രശ്നം നീക്കിവയ്ക്കുകയും ചെയ്യാവുന്നതാണ്.

21. വെളിപ്പെടുത്തുന്നതിനുള്ള ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കൽ.—(1) ഏതെങ്കിലും കക്ഷി, ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനുള്ളതോ, രേഖകളുടെ വെളിപ്പെടുത്തലിനോ പരിശോധനയ്ക്കോ ഉള്ളതോ ആയ ഏതെങ്കിലും ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്ത്, അയാൾ, വാദിയാണെങ്കിൽ കേസ് നടത്തിയില്ലെന്നുള്ളതിന്, തന്റെ വ്യവഹാരം തള്ളിക്കളയപ്പെടുന്നതിനും, പ്രതിയാണെങ്കിൽ, തന്റെ പ്രതിവാദം വല്ലതും ഉണ്ടെങ്കിൽ അത് തള്ളിക്കളയപ്പെടുകയും താൻ പ്രതിവാദം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെയുള്ള അതേ നിലയിൽ വയ്ക്കപ്പെടുകയും ചെയ്യുന്നതിനും വിധേയനായിരിക്കുന്നതും; വെളിപെടുത്തലിനോ, ചോദ്യം ചെയ്യുന്നതിനോ പരിശോധനയ്ക്കോ ആവശ്യപ്പെടുന്നതോ ആയ കക്ഷിക്ക്, ആ അർത്ഥത്തിലുള്ള ഒരു ഉത്തരവിന് കോടതിയോട് അപേക്ഷിക്കാവുന്നതും അതനുസരിച്ച് അങ്ങനെയുള്ള അപേക്ഷയിൻമേൽ കക്ഷികൾക്ക് നോട്ടീസിനുശേഷവും അവർക്ക് പറയാനുള്ളത് കേൾക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷവും ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ ഏതെങ്കിലും വ്യവഹാരം തള്ളിക്കളയുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, അതേ വ്യവഹാരകാരണത്തിൻമേൽ പുതിയ വ്യവഹാരം കൊണ്ടുവരുന്നതിൽനിന്ന് വാദി തടയപ്പെട്ടിരിക്കുന്നതാണ്.

22. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വിചാരണയിൽ ഉപയോഗപ്പെടുത്തുന്നത്.—ഏതെങ്കിലും കക്ഷിക്ക്, ഒരു വ്യവഹാരത്തിന്റെ വിചാരണയിൽ, ചോദ്യങ്ങൾക്കുള്ള എതിർകക്ഷിയുടെ ഉത്തരങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ, അല്ലെങ്കിൽ ഉത്തരത്തിന്റെ ഏതെങ്കിലും ഭാഗമോ തെളിവിൽ മററ് ഉത്തരങ്ങളോ ഉത്തരങ്ങൾ മുഴുവനുമോ കൊണ്ടുവരാതെ ഉപയോഗപ്പെടുത്താവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള സംഗതിയിൽ എപ്പോഴും കോടതിക്ക് ഉത്തരങ്ങൾ മുഴുവനും നോക്കാവുന്നതും, തെളിവിൽ കൊണ്ടുവന്നിട്ടുള്ള ഉത്തരങ്ങൾ മററതെങ്കിലും ഉത്തരങ്ങളോടുകൂടിയല്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തവിധം അവയോട് അത്രത്തോളം ബന്ധപ്പെട്ടതാണെന്ന് അഭിപ്രായമുണ്ടെങ്കിൽ, കോടതിക്ക് അവ തെളിവിൽ കൊണ്ടുവരാൻ നിർദ്ദേശിക്കാവുന്നതുമാണ്.

23. ആർഡർ മൈനർമാർക്ക് ബാധകമാകുമെന്ന്.—ഈ ആർഡർ മൈനർ വാദികൾക്കും മൈനർ പ്രതികൾക്കും അവശതയുള്ള ആളുകളുടെ വ്യവഹാരത്തിലുള്ള ഉററ ബന്ധുക്കൾക്കും രക്ഷാകർത്താക്കൾക്കും ബാധകമായിരിക്കുന്നതാണ്.

## ആർഡർ XII

## സമ്മതങ്ങൾ

1. കേസ് സമ്മതിക്കുന്നതിനെക്കുറിച്ചുള്ള നോട്ടീസ്.—ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിക്ക്, മറേറതെങ്കിലും കക്ഷിയുടെ മുഴുവൻ കേസിൻേറയോ, അതിൻെറ ഏതെങ്കിലും ഭാഗത്തിൻേറയോ സത്യാവസ്ഥ താൻ സമ്മതിക്കുന്നു എന്ന് തൻെറ പ്ലീഡിങ്ങ് വഴിയോ, ലിഖിതമായി മററുവിധത്തിലോ, നോട്ടീസ് നൽകാവുന്നതാണ്

2. രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ്—ഇരു കക്ഷികളിൽ ആർക്കെങ്കിലും മറേറ കക്ഷിയോട്, ന്യായമായ എല്ലാ ആക്ഷേപങ്ങളുടേയും കാര്യത്തിലൊഴികെ, നോട്ടീസ് നടത്തിയതിൻെറ പതിനഞ്ചു ദിവസത്തിനുള്ളിൽ ഏതെങ്കിലും രേഖ സമ്മതിക്കാൻ ആവശ്യപ്പെടാവുന്നതും; അങ്ങനെയുള്ള നോട്ടീസിനുശേഷം സമ്മതിക്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുന്നതായാൽ, കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, വ്യവഹാരത്തിൻെറ ഫലം എന്തുതന്നെയായാലും, അങ്ങനെയുള്ള ഏതെങ്കിലും രേഖ തെളിയിക്കുന്നതിൻെറ കോടതിച്ചെലവ് അപ്രകാരം ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന കക്ഷി, കൊടുക്കേണ്ടതും; അങ്ങനെയുള്ള നോട്ടീസ് കൊടുക്കാത്തപക്ഷം, നോട്ടീസ് കൊടുക്കാതിരിക്കുന്നത്, കോടതിയുടെ അഭിപ്രായത്തിൽ കോടതിച്ചെലവ് ലാഭിക്കാൻ ആകുന്നിടത്തൊഴികെ, ഏതെങ്കിലും രേഖ തെളിയിക്കുന്നതിനുള്ള യാതൊരു കോടതിച്ചെലവും അനുവദിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

2ക. രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ് നടത്തിയതിനുശേഷം നിഷേധിക്കപ്പെടാത്തപക്ഷം രേഖ സമ്മതിക്കപ്പെട്ടതായി കരുതപ്പെടുന്നതാണെന്ന്.—(1) കക്ഷിയോട് സമ്മതിക്കാൻ ആവശ്യപ്പെടുന്ന ഏതൊരു രേഖയും, ആ കക്ഷിയുടെ പ്ലീഡിങ്ങിലോ രേഖകൾ സമ്മതിക്കാനുള്ള നോട്ടീസിനുള്ള അയാളുടെ മറുപടിയിലോ; വിനിർദ്ദിഷ്ടമായോ ആവശ്യകമായ വ്യഞ്ജിപ്പിക്കൽ വഴിയോ നിഷേധിക്കാതിരിക്കുകയോ, അല്ലെങ്കിൽ സമ്മതിക്കപ്പെടുന്നില്ല എന്ന് പ്രസ്താവിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അവശതയുള്ള ഒരാൾക്കെതിരായൊഴികെ, സമ്മതിക്കപ്പെടുന്നതായി കരുതപ്പെടുന്നതാണ്.

എന്നാൽ, അപ്രകാരം സമ്മതിക്കപ്പെടുന്ന ഏതെങ്കിലും രേഖ, അങ്ങനെയുള്ള സമ്മതം വഴിയല്ലാതെ മററുവിധത്തിൽ തെളിയിക്കപ്പെടണമെന്ന് കോടതിക്ക്, സ്വവിവേകം ഉപയോഗിച്ചും റിക്കാർഡാക്കേണ്ട കാരണങ്ങളാലും ആവശ്യപ്പെടാവുന്നതാണ്.

(2) രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ് തനിക്ക് നടത്തിയതിനുശേഷം, ഒരു കക്ഷി, ഒരു രേഖ സമ്മതിക്കാൻ ന്യായരഹിതമായി ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്നിടത്ത്, കോടതിക്ക്, അയാളോട് മറേറ കക്ഷിക്ക് നഷ്ടപരിഹാരമെന്ന നിലയിൽ കോടതിച്ചെലവ് കൊടുക്കാൻ നിദേശിക്കാവുന്നതാണ്.

3. നോട്ടീസ്സിൻെറ ഫാറം.—രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ്, പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ, അനുബന്ധം ഗ യിലെ 9-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാകുന്നു.

3 ക. സമ്മതം റിക്കാർഡാക്കാൻ കോടതിക്കുള്ള അധികാരം.—രേഖകൾ സമ്മതിക്കാൻ 2-ാം ചട്ടത്തിൻ കീഴിൽ നോട്ടീസ് നൽകിയിട്ടില്ലെന്നിരുന്നാലും, കോടതിക്ക്, അതിന്റെ മുമ്പാകെയുള്ള നടപടിയുടെ ഏത് ഘട്ടത്തിലും, സ്വയമേവ, ഏതെങ്കിലും കക്ഷിയോട്, ഏതെങ്കിലും രേഖ സമ്മതിക്കാൻ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, കോടതി, അങ്ങനെയുള്ള രേഖ, കക്ഷി സമ്മതിക്കുന്നുവോ അല്ലെങ്കിൽ സമ്മതിക്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുന്നുവോ എന്ന് റിക്കാർഡാക്കേണ്ടതുമാകുന്നു.

4. വസ്തുതകൾ സമ്മതിക്കാനുള്ള നോട്ടീസ്.—ഏതെങ്കിലും കക്ഷിക്ക്, ഹീയറിങ്ങിന് നിജപ്പെടുത്തിയിട്ടുള്ള ദിവസത്തിന് ഒൻപതു ദിവസത്തിൽ കുറയാതെ മുൻപുള്ള ഏത് സമയത്തും, മറേറതെങ്കിലും കക്ഷിയോട്, ലിഖിതമായ നോട്ടീസ് വഴി, അങ്ങനെയുള്ള നോട്ടീസിൽ പറഞ്ഞിട്ടുള്ള വിനിർദ്ദിഷ്ടമായ ഏതെങ്കിലും വസ്തുതയോ വസ്തുതകളേയോ വ്യവഹാരത്തിന്റെ ആവശ്യങ്ങൾക്കായി മാത്രം സമ്മതിക്കാൻ ആവശ്യപ്പെടാവുന്നതും; അങ്ങനെയുള്ള നോട്ടീസ് നടത്തിയതിനുശേഷം ആറു ദിവസത്തിനുള്ളിലോ, കോടതി അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ, അത് സമ്മതിക്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുന്നതായാൽ, കോടതി മററ് വിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, വ്യവഹാരത്തിന്റെ ഫലം എന്തു തന്നെ ആയാലും, അങ്ങനെയുള്ള വസ്തുതയോ വസ്തുതകളോ തെളിയിക്കുന്നതിന്റെ കോടതിച്ചെലവ് അപ്രകാരം ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന കക്ഷി, കൊടുക്കേണ്ടതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള നോട്ടീസിനെത്തുടർന്ന് നൽകുന്ന ഏതെങ്കിലും സമ്മതം, ആ പ്രത്യേക വ്യവഹാരത്തിന്റെ ആവശ്യങ്ങൾക്കായി മാത്രം നൽകിയതാണെന്നും, ആ കക്ഷിക്കെതിരായി മറേറതെങ്കിലും അവസരത്തിലോ അല്ലെങ്കിൽ നോട്ടീസ് നൽകുന്ന കക്ഷിയല്ലാത്ത മറേറതെങ്കിലും ആൾക്ക് അനുകൂലമായോ ഉപയോഗിക്കപ്പെടാനുള്ള ഒരു സമ്മതമല്ലെന്നും കരുതപ്പെടേണ്ടതാകുന്നു:

എന്നുമാത്രമല്ല, കോടതി ഏത് സമയത്തും, ഏതെങ്കിലും കക്ഷിയെ, അപ്രകാരം നൽകിയ ഏതെങ്കിലും സമ്മതം ഭേദഗതി ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യാൻ നീതി പൂർവ്വകമായ നിബന്ധനകളിൻമേൽ അനുവദിക്കാവുന്നതാണ്.

5. സമ്മതങ്ങളുടെ ഫാറം.—പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ, വസ്തുതകൾ സമ്മതിക്കാനുള്ള നോട്ടീസ്, അനുബന്ധം ഗ യിലെ 10-ാം നമ്പർ ഫാറത്തിലും, വസ്തുതകളുടെ സമ്മതങ്ങൾ അനുബന്ധം ഗ യിലെ 11-ാം നമ്പർ ഫാറത്തിലും ആയിരിക്കേണ്ടതാകുന്നു.

6. സമ്മതങ്ങളിൻമേലുള്ള വിധിന്യായം.—(1) പ്ലീഡിങ്ങിലോ, മററു വിധത്തിലോ, വസ്തുതകളുടെ സമ്മതങ്ങൾ, വാക്കാലോ ലിഖിതമായോ ആയാലും, നൽകപ്പെട്ടിട്ടുള്ളിടത്ത്, കോടതിക്ക്, വ്യവഹാരത്തിലെ ഏത് ഘട്ടത്തിലും, ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, അല്ലെങ്കിൽ സ്വയമേവ, കക്ഷികൾ തമ്മിലുള്ള മറേറതെങ്കിലും പ്രശ്നത്തിന്റെ തീർപ്പ നുകാക്കാതെ, അങ്ങനെയുള്ള സമ്മതങ്ങൾ പരിഗണിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ, വിധിന്യായം പ്രസ്താവിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ വിധിന്യായം പ്രസ്താവിക്കുമ്പോഴെല്ലാം വിധിന്യായമനുസരിച്ചുള്ള ഒരു വിധി തയ്യാറാക്കപ്പെടേണ്ടതും, വിധി, വിധിന്യായം പ്രസ്താവിക്കപ്പെട്ട തീയതി വഹിക്കേണ്ടതുമാകുന്നു.

7. ഒപ്പിനെക്കുറിച്ചുള്ള സത്യവാങ്മൂലം.—രേഖകളോ വസ്തുതകളോ സമ്മതിക്കാനുള്ള ഏതെങ്കിലും നോട്ടീസിനെ തുടർന്ന് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും സമ്മതങ്ങളും, മുറപ്രകാരം ഒപ്പിട്ടതാണെന്നതിനെക്കുറിച്ചുള്ള പ്ലീഡറുടേയോ, അയാളുടെ ക്ളാർക്കിൻെറയോ സത്യവാങ്മൂലം, അങ്ങനെയുള്ള സമ്മതങ്ങളുടെ തെളിവ് ആവശ്യമാണെങ്കിൽ, അതേക്കുറിച്ചുള്ള മതിയായ തെളിവായിരിക്കുന്നതാണ്.

8 രേഖകൾ ഹാജരാക്കാനുള്ള നോട്ടീസ്.—രേഖകൾ ഹാജരാക്കാനുള്ള നോട്ടീസ്, പരിത:സ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ അനുബന്ധം ഗ യിലെ 12-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാണ്. ഹാജരാക്കലിനുള്ള ഏതെങ്കിലും നോട്ടീസ് നടത്തിയതിനെക്കുറിച്ചും, അത് നടത്തിയ സമയത്തെക്കുറിച്ചും ഉള്ള പ്ളീഡറുടെയോ അയാളുടെ ക്ലാർക്കിൻെറയോ സത്യവാങ്മൂലം ഹാജരാക്കലിനുള്ള നോട്ടീസിൻെറ ഒരു പകർപ്പ് സഹിതം, എല്ലാ സംഗതികളിലും നോട്ടീസ് നടത്തിയതിൻെറയും, അത് നടത്തിയ സമയത്തിൻെറയും മതിയായ തെളിവായിരിക്കുന്നത് ആണ്.

9. കോടതിച്ചെലവ്.—സമ്മതിക്കലിനോ ഹാജരാക്കലിനോ ഉള്ള ഒരു നോട്ടീസ് ആവശ്യമില്ലാത്ത രേഖകൾ വിനിർദ്ദേശിക്കുന്നുവെങ്കിൽ, അതുവഴി ഉണ്ടാകുന്ന കോടതിച്ചെലവ് അങ്ങനെയുള്ള നോട്ടീസ് നൽകുന്ന കക്ഷി വഹിക്കേണ്ടതാകുന്നു.

## ആർഡർ XIII

## രേഖകളുടെ ഹാജരാക്കലും ഇംപൗണ്ടിങ്ങും മടക്കലും

1. രേഖാമൂലമുള്ള തെളിവ് വിവാദ്യകങ്ങൾ നിശ്ചയിക്കുമ്പോഴോ അതിന് മുൻപോ ഹാജരാക്കണമെന്ന്.—(1) കക്ഷികളോ അവരുടെ പ്ലീഡർമാരോ, തങ്ങളുടെ കൈവശത്തിലോ, അധികാരത്തിലോ ഉള്ളതും, തങ്ങൾ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നതും, മുൻപേ കോടതിയിൽ ഫയൽ ചെയ്തിട്ടില്ലാത്തതുമായ ഏതൊരു തരത്തിലുമുള്ള രേഖാമൂലമുള്ള എല്ലാ തെളിവും ഹാജരാക്കണമെന്നു കോടതി ഉത്തരവ് ചെയ്തിട്ടുള്ള എല്ലാ രേഖകളും വിവാദ്യകങ്ങൾ നിശ്ചയിക്കുമ്പോഴോ, അതിനുമുൻപോ ഹാജരാക്കേണ്ടതാകുന്നു.

(2) അപ്രകാരം ഹാജരാക്കപ്പെടുന്ന രേഖകൾ കോടതി സ്വീകരിക്കേണ്ടതാകുന്നു : എന്നാൽ അതിന് ഹൈക്കോടതി നിർദ്ദേശിക്കുന്ന ഫാറത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള അവയുടെ ഒരു ശരിയായ ലിസ്ററ് സഹിതം ഉള്ളതായിരിക്കേണ്ടതാകുന്നു.

2. രേഖകൾ ഹാജരാക്കാതിരിക്കുന്നതിൻെറ ഫലം.—(1) ഏതെങ്കിലും കക്ഷിയുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതും 1-ാം ചട്ടത്തിലെ ആവശ്യകതകളനുസരിച്ച് ഹാജരാക്കേണ്ടിയിരുന്നതും, എന്നാൽ ഹാജരാക്കിയിട്ടില്ലാത്തതുമായ യാതൊരു രേഖാമൂലമുള്ള തെളിവും, അത് ഹാജരാക്കാതിരുന്നതിന് കോടതിക്ക് ബോദ്ധ്യപ്പെടുന്ന വിധം സാധുവായ കാരണം കാണിക്കാത്തപക്ഷം, നടപടികളുടെ പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ സ്വീകരിക്കപ്പെടുന്നതല്ലാത്തതും അങ്ങനെയുള്ള എന്തെങ്കിലും തെളിവ് സ്വീകരിക്കുന്ന കോടതി, അപ്രകാരം ചെയ്യുന്നതിനുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപചട്ടത്തിലെ യാതൊന്നും—

(ക) മററകക്ഷിയുടെ സാക്ഷികളുടെ എതിർ വിസ്താരത്തിനായി ഹാജരാക്കുന്നതോ, അല്ലെങ്കിൽ

(ഖ) ഒരു സാക്ഷിക്ക്, തന്റെ ഓർമ്മ പുതുക്കാൻ മാത്രം കൈയിൽ കൊടുക്കുന്നതോ,

ആയ രേഖകൾക്ക് ബാധകമായിരിക്കുന്നതല്ല.

3. അപ്രസക്തമോ അസ്വീകാര്യമോ ആയ രേഖകളുടെ നിരസനം.—കോടതിക്ക്, വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, അപ്രസക്തമോ മററ് വിധത്തിൽ അസ്വീകാര്യമോ ആണെന്ന് അത് കരുതുന്ന ഏതെങ്കിലും രേഖയുടെ നിരസനത്തിനുള്ള കാരണങ്ങൾ റിക്കാർഡാക്കിക്കൊണ്ട് അത് നിരസിക്കാവുന്നതാണ്.

4. തെളിവിൽ സ്വീകരിക്കപ്പെടുന്ന രേഖകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ.—(1) തൊട്ടുതാഴെയുള്ള ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, വ്യവഹാരത്തിൽ തെളിവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ഏതൊരു രേഖയിൻമേലും താഴെപറയുന്ന വിവരങ്ങൾ, അതായത്,—

(ക) വ്യവഹാരത്തിന്റെ നമ്പരും ശീർഷകവും,

(ഖ) രേഖ ഹാജരാക്കുന്ന ആളുടെ പേര്,

(ഗ) അത് ഹാജരാക്കിയ തീയതി,

(ഘ) അത് അപ്രകാരം സ്വീകരിക്കപ്പെട്ടതിനുള്ള ഒരു പ്രസ്താവന,

എന്നിവ എൻഡോഴ്സ് ചെയ്യേണ്ടതും, എൻഡോഴ്സ്മെൻറ് ജഡ്ജി ഒപ്പിടുകയോ ഇനിഷ്യൽ ചെയ്യുകയോ ചെയ്യേണ്ടതും ആകുന്നു.

(2) അപ്രകാരം സ്വീകരിക്കപ്പെട്ടിട്ടുള്ള രേഖ, ഒരു ബുക്കിലേയോ കണക്കിലേയോ റിക്കാർഡിലേയോ ഒരുൾക്കുറിപ്പ് ആയിരിക്കുകയും, തൊട്ടു താഴെ പറയുന്ന ചട്ടത്തിൻ കീഴിൽ അതിന്റെ ഒരു പകർപ്പ് അസ്സലിന് പകരം വച്ചിരിക്കുകയും ചെയ്യുന്നിടത്ത്, മുൻപറഞ്ഞ വിവരങ്ങൾ, ആ പകർപ്പിൻമേൽ എൻഡോഴ്സ് ചെയ്യേണ്ടതും, അതിൻമേലുള്ള എൻഡോഴ്സ്മെൻറ് ജഡ്ജി ഒപ്പിടുകയോ ഇനിഷ്യൽ ചെയ്യുകയോ ചെയ്യേണ്ടതുമാകുന്നു.

5. ബുക്കുകളിലെയും കണക്കുകളിലേയും റിക്കാർഡുകളിലെയും സ്വീകരിക്കപ്പെട്ടിട്ടുള്ള ഉൾക്കുറിപ്പുകളുടെ പകർപ്പുകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ.—(1) ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്ററ്, 1891 (1891-ലെ 18)-ൽ മററ് വിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളിടത്തോളമൊഴികെ വ്യവഹാരത്തിൽ തെളിവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള രേഖ, ഒരു ലററർ ബുക്കിലേയോ, ഷാപ്പുബുക്കിലെയോ, അപ്പോൾ ഉപയോഗത്തിലിരിക്കുന്ന മററ് കണക്കിലെയോ ഒരുൾക്കുറിപ്പ് ആയിരിക്കുന്നിടത്ത്, ഏത് കക്ഷിക്ക് വേണ്ടിയാണോ ആ ബുക്കോ കണക്കോ ഹാജരാക്കിയിട്ടുള്ളത്, ആ കക്ഷിക്ക് ആ ഉൾക്കുറിപ്പിന്റെ ഒരു പകർപ്പ് നൽകാവുന്നതാകുന്നു.

(2) അങ്ങനെയുള്ള രേഖ, ഒരു പബ്ലിക് ആഫീസിൽ നിന്നോ, ഒരു പബ്ലിക് ഉദ്യോഗസ്ഥനാലോ ഹാജരാക്കപ്പെട്ടിട്ടുള്ള ഒരു പബ്ലിക് റിക്കാർഡിലെ ഉൾക്കുറിപ്പോ അല്ലെങ്കിൽ ഏതൊരു ബുക്കോ കണക്കോ ആണ്, അത് ഹാജരാക്കപ്പെടുന്നത് ഏത് കക്ഷിക്കുവേണ്ടിയാണോ, ആ കക്ഷിയല്ലാത്ത ഒരാളുടെ വകയായിരിക്കുന്നത്, ആ ബുക്കിലെയോ കണക്കിലെയോ ഉൾക്കുറിപ്പോ ആയിരിക്കുന്നിടത്ത്, കോടതിക്ക്, ആ ഉൾക്കുറിപ്പന്റെ ഒരു പകർപ്പ്—

(ക) റിക്കാർഡോ ബുക്കോ കണക്കോ, ഒരു കക്ഷിക്കുവേണ്ടി ഹാജരാക്കപ്പെടുന്നിടത്ത്, ആ കക്ഷിയോ, അല്ലെങ്കിൽ

(ഖ) റിക്കാർഡോ ബുക്കോ കണക്കോ, സ്വയമേവ പുറപ്പെടുവിക്കുന്ന കോടതിയുടെ ഉത്തരവനുസരിച്ചുകൊണ്ട് ഹാജരാക്കപ്പെടുന്നിടത്ത്, ഇരു കക്ഷികളിൽ ആരെങ്കിലുമോ, ഏതെങ്കിലും കക്ഷിയോ,

നൽകണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

(3) ഈ ചട്ടത്തിൽ മുൻപറഞ്ഞ വ്യവസ്ഥകൾക്കുകീഴിൽ ഒരു ഉൾക്കുറിപ്പിന്റെ പകർപ്പ് നൽകപ്പെട്ടിട്ടുള്ളിടത്ത്, കോടതി, പകർപ്പ്, ആർഡർ VII, 17-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള രീതിയിൽ പരിശോധിപ്പിക്കുകയും ഒത്തുനോക്കുകയും സർട്ടിഫൈ ചെയ്യിക്കുകയും ചെയ്തതിനുശേഷം, ആ ഉൾക്കുറിപ്പ് അടയാളപ്പെടുത്തുകയും അതു ഉള്ള ബുക്കോ, കണക്കോ, റിക്കാർഡോ, അത് ഹാജരാക്കുന്ന ആൾക്ക് മടക്കിക്കുകയും ചെയ്യേണ്ടതാകുന്നു.

6. തെളിവിൽ അസ്വീകാര്യമെന്ന നിലയിൽ നിരസിക്കപ്പെട്ട രേഖകളിൻമേലുള്ള എൻഡോഴ്സ്മെൻറുകൾ.—ഇരു കക്ഷികളിൽ ആരെങ്കിലും, തെളിവായി ആശ്രയിക്കുന്ന ഒരു രേഖ തെളിവിൽ അസ്വീകാര്യമാണെന്ന് കോടതി കരുതുന്നിടത്ത്, അതിൻമേൽ 4-ാം ചട്ടം (1)-ാം ഉപചട്ടത്തിലെ (ക) യും (ഖ) യും (ഗ) യും ഖണ്ഡികകളിൽ പറയുന്ന വിവരങ്ങൾ, അത് നിരസിക്കപ്പെട്ടു എന്നു പറയുന്ന ഒരു പ്രസ്താവന സഹിതം എൻഡോഴ്സ് ചെയ്യേണ്ടതും, ആ എൻഡോഴ്സ്മെൻറ് ജഡ്ജി ഒപ്പിടുകയോ ഇനിഷ്യൽ ചെയ്യുകയോ ചെയ്യേണ്ടതും ആകുന്നു.

7. സ്വീകരിക്കപ്പെട്ട രേഖകൾ റിക്കാർഡാക്കുന്നതും നിരസിക്കപ്പെട്ട രേഖകൾ മടക്കുന്നതും.—(1) തെളിവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ഏതു രേഖയും അല്ലെങ്കിൽ 5-ാം ചട്ടത്തിൻ കീഴിൽ അസ്സലിനു പകരം പകർപ്പ് വച്ചിട്ടുള്ളിടത്ത് ആ രേഖയുടെ പകർപ്പും, വ്യവഹാരത്തിലെ റിക്കാർഡിന്റെ ഭാഗമാകുന്നതാണ്.

(2) തെളിവിൽ സ്വീകരിക്കപ്പെട്ടിട്ടില്ലാത്ത രേഖകൾ റിക്കാർഡിന്റെ ഭാഗം ആകുന്നതല്ലാത്തതും, യഥാക്രമം അവ ഹാജരാക്കുന്ന ആളുകൾക്ക് മടക്കപ്പെടുന്നതുമാകുന്നു.

8. കോടതിക്ക് ഏത് രേഖയും ഇംപൗണ്ട് ചെയ്യാൻ ഉത്തരവ് ചെയ്യാമെന്ന്.—ഈ ആർഡറിലെ 5-ാം ചട്ടത്തിലോ 7-ാം ചട്ടത്തിലോ ആർഡർ VII-ലെ 17-ാം ചട്ടത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിക്ക്, മതിയായ കാരണം കാണുന്നുവെങ്കിൽ, ഏതെങ്കിലും വ്യവഹാരത്തിൽ, അതിന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്ന ഏതെങ്കിലും രേഖയോ ബുക്കോ ഇംപൗണ്ട് ചെയ്യുകയും യുക്തമെന്നു തോന്നുന്ന കാലത്തേയ്ക്കും, ഉപാധികൾക്ക് വിധേയമായും കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്.

9. സ്വീകരിക്കപ്പെട്ട രേഖകൾ മടക്കുന്നത്.—(1) ഒരു വ്യവഹാരത്തിൽ താൻ ഹാജരാക്കിയിട്ടുള്ളതും, റിക്കാർഡാക്കി വയ്ക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും രേഖ തിരിയെ കിട്ടാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും, അയാൾ വ്യവഹാരത്തിലെ കക്ഷി ആയാലും, അല്ലെങ്കിലും, 8-ാം ചട്ടത്തിൻ കീഴിൽ ആ രേഖ ഇംപൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തപക്ഷം,—

(ക) ആ വ്യവഹാരം, ഒരു അപ്പീൽ അനുവദിക്കപ്പെടുന്നതല്ലാത്തിടത്ത്, വ്യവഹാരം തീർച്ചചെയ്യപ്പെട്ടിരിക്കുമ്പോഴും,

(ഖ) വ്യവഹാരം ഒരു അപ്പീൽ അനുവദിക്കുന്നതായിരിക്കുന്നിടത്ത്, അപ്പീൽ കൊടുക്കാനുള്ള സമയം കഴിഞ്ഞിരിക്കുന്നുവെന്നും അപ്പീൽ കൊടുത്തിട്ടില്ലെന്നും കോടതിക്ക് ബോദ്ധ്യപ്പെടുമ്പോഴോ, അല്ലെങ്കിൽ അപ്പീൽ കൊടുത്തിട്ടുള്ളിടത്ത്, അപ്പീൽ തീർച്ച ചെയ്യപ്പെട്ടിരിക്കുമ്പോഴും,

അതു തിരിയെ കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഒരു രേഖ ഈ ചട്ടം നിർണ്ണയിക്കുന്ന സമയത്തിന് മുൻപ് ഏതെങ്കിലും സമയത്ത് അതു മടക്കാൻ അപേക്ഷിക്കുന്ന ആൾ,—

(ക) അസലിനുപകരം വയ്ക്കാൻ തക്ക ഉദ്യോഗസ്ഥന്—

(i) വ്യവഹാരത്തിലെ ഒരു കക്ഷിയുടെ സംഗതിയിൽ, ഒരു സർട്ടിഫൈ ചെയ്ത പകർപ്പും,

(ii) മറേറതെങ്കിലും ആളുടെ സംഗതിയിൽ, ആർഡർ vii, 17-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ പറയുന്ന രീതിയിൽ പരിശോധിക്കുകയും ഒത്തുനോക്കുകയും സർട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുള്ള ഒരു സാധാരണ പകർപ്പും,

നൽകുകയും,

(ഖ) അസൽ ഹാജരാക്കാൻ ആവശ്യപ്പെടുന്നപക്ഷം അപ്രകാരം ചെയ്യാമെന്നു ഏൽക്കുകയും,

ചെയ്യുന്നുവെങ്കിൽ അപ്രകാരം മടക്കാവുന്നതാണ്:

എന്നുമാത്രമല്ല, വിധിയുടെ ബലത്താൽ പൂർണ്ണമായും ശൂന്യമോ ഉപയോഗ രഹിതമോ ആയിത്തീർന്നിട്ടുള്ള യാതൊരു രേഖയും മടക്കാൻ പാടുള്ളതല്ല.

(2) തെളിവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള രേഖ മടക്കുന്നതിൻമേൽ, അതു വാങ്ങുന്ന ആൾ രസീതുകൊടുക്കേണ്ടതാകുന്നു.

10. കോടതിക്ക്, അതിന്റെ സ്വന്തം റിക്കാർഡുകളിൽനിന്നോ മററുകോടതികളിൽനിന്നോ കടലാസുകൾ വരുത്താമെന്ന്.—(1) കോടതിക്ക്, സ്വയമേവ ആയും, ഒരു വ്യവഹാരത്തിലെ കക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൻമേൽ സ്വവിവേകം ഉപയോഗിച്ചതും, അതിന്റെ സ്വന്തം റിക്കാർഡുകളിൽ നിന്നോ, മറേറതെങ്കിലും കോടതിയിൽനിന്നോ മറേറതെങ്കിലും വ്യവഹാരത്തിലേയോ നടപടിയിലേയോ റിക്കാർഡുവരുത്തുകയും പരിശോധിക്കുകയും ചെയ്യാവുന്നതാകുന്നു.

(2) ഈ ചട്ടത്തിൻകീഴിൽ കൊടുക്കുന്ന ഏതൊരപേക്ഷയും (കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം) ആ റിക്കാർഡ് അപേക്ഷ കൊടുത്തിട്ടുള്ള വ്യവഹാരത്തിൽ സാരമുള്ളതായിരിക്കുന്നതു എങ്ങനെയാണെന്നും, അപേക്ഷകന്, ന്യായരഹിതമായ കാലതാമസമോ ചെലവോ കൂടാതെ ആ റിക്കാർഡിന്റേയോ അപേക്ഷകന് ആവശ്യമുള്ള അതിന്റെ ഭാഗത്തിന്റേയോ മുറപ്രകാരം പ്രമാണീകരിക്കപ്പെട്ട പകർപ്പ് ലഭിക്കുന്നതല്ലെന്നും കാണിക്കുകയോ, അല്ലെങ്കിൽ നീതിയുടെ ആവശ്യങ്ങൾക്ക്, അസൽ ഹാജരാക്കുന്നത് ആവശ്യകമാണെന്നു കാണിക്കുകയോ ചെയ്യുന്ന ഒരു സത്യവാങ്മൂലത്തിന്റെ താങ്ങോടുകൂടിയതായിരിക്കേണ്ടതാകുന്നു.

(3) ഈ ചട്ടത്തിൽ അടങ്ങിയ യാതൊന്നും, തെളിവു നിയമത്തിൻകീഴിൽ വ്യവഹാരത്തിൽ അസ്വീകാര്യമാകുന്ന ഏതെങ്കിലും രേഖ, തെളിവിൽ ഉപയോഗിക്കാൻ കോടതിക്ക് കഴിവുണ്ടാകുന്നതായി കരുതപ്പെടുന്നതല്ല.

11. രേഖകൾ സംബന്ധിച്ച വ്യവസ്ഥകൾ ലക്ഷ്യപദാർത്ഥങ്ങൾക്കു ബാധകമാക്കുന്നത്.— രേഖകൾ സംബന്ധിച്ച് ഇതിൽ അടങ്ങിയ വ്യവസ്ഥകൾ, ആകുന്നത്ര, തെളിവിൽ ഹാജരാക്കപ്പെടാവുന്ന മറെറല്ലാലക്ഷ്യപദാർത്ഥങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

## ആർഡർ XIV

# വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതും, നിയമവിവാദ്യകങ്ങളിൻമേലോ, അല്ലെങ്കിൽ പരസ്പരം സമ്മതിക്കുന്ന വിവാദ്യകളങ്ങിൻമേലോ വ്യവഹാരം തീർപ്പാക്കുന്നതും

1. വിവാദ്യകങ്ങൾ തയ്യാറാക്കുന്നത്.—(1) വസ്തുതാപരമായതോ നിയമപരമായതോ ആയ ഒരു സാരവത്തായ ഉപപാദ്യം ഒരു കക്ഷി ഊന്നി പറയുകയും, മറേറ കക്ഷി നിഷേധിക്കുകയും ചെയ്യുമ്പോൾ, വിവാദ്യകങ്ങൾ ഉദ്ഭവിക്കുന്നു.

അവകാശം കാണിക്കുന്നതിന് ഒരു വാദി ആഖ്യാപിക്കേണ്ടതോ, അല്ലെങ്കിൽ തന്റെ പ്രതിവാദത്തിനു രൂപംകൊടുക്കുന്നതിന് ഒരു പ്രതി ആഖ്യാപിക്കേണ്ടതോ ആയ നിയമപരമോ വസ്തുതാപരമോ ആയ ഉപപാദ്യകങ്ങളാകുന്നു.

(2) സാരവത്തായ ഉപപാദ്യങ്ങൾ, വ്യവഹാരം കൊടുക്കാനുള്ള

(3) ഒരു കക്ഷി ഊന്നിപറയുന്നതും മറേറകക്ഷി നിഷേധിക്കുന്നതുമായ ഓരോ സാരവത്തായ ഉപപാദ്യവും, ഒരു വ്യതിരക്ത വിവാദ്യകത്തിനു വിഷയമായിരിക്കേണ്ടതാകുന്നു.

(4) വിവാദ്യകങ്ങൾ രണ്ടുതരമാണ്:—

(ക) വസ്തുതാപരമായ വിവാദ്യകങ്ങൾ,

(ഖ) നിയമപരമായ വിവാദ്യകങ്ങൾ.

(5) വ്യവഹാരത്തിന്റെ പ്രഥമ ഹിയറിങ്ങിൽ, കോടതി അന്യായവും പത്രികകൾ വല്ലതുമുണ്ടെങ്കിൽ അവയും, വായിച്ചതിനുശേഷവും, ആർഡർ x, 2-ാം ചട്ടത്തിൻകീഴിലെ വിസ്തരിക്കലിനുശേഷവും കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ പറയാനുള്ളത് കേട്ടതിനുശേഷവും, കക്ഷികൾ തമ്മിൽ വിയോജിപ്പുള്ളത് സാരവത്തായ ഏതുവസ്തുതാ പരമോ നിയമപരമോ ആയ ഉപപാദ്യങ്ങളിൻമേലാണ് എന്നു തിട്ടപ്പെടുത്തേണ്ടതും, അതോടെ, കേസിന്റെ ശരിയായ തീരുമാനം ആശ്രയിക്കുന്നതായി കരുതപ്പെടുന്ന വിവാദ്യകങ്ങൾ തയ്യാറാക്കുകയും റിക്കാർഡാക്കുകയും ചെയ്യാൻ നടപടി തുടരേണ്ടതുമാകുന്നു.

(6) പ്രതി, വ്യവഹാരത്തിന്റെ പ്രഥമ ഹിയറിങ്ങിൽ പ്രതിവാദം ചെയ്യാത്തിടത്ത്, ഈ ചട്ടത്തിലെ യാതൊന്നും, കോടതിയോടു വിവാദ്യകങ്ങൾ തയ്യാറാക്കുകയും റിക്കാർഡാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നില്ല.

2. കോടതി എല്ലാ വിവാദ്യകങ്ങളിൻമേലും വിധിന്യായം പ്രസ്താവിക്കണമെന്ന്.—(1) കേസ് ഒരു പ്രാരംഭ വിവാദ്യകത്തിൻമേൽ തീർച്ച ചെയ്യപ്പെടാമെന്നിരുന്നാലും (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി കോടതി, എല്ലാ വിവാദ്യകങ്ങളിൻമേലും വിധിന്യായം പ്രസ്താവിക്കേണ്ടതാകുന്നു.

(2) ഒരേ വ്യവഹാരത്തിൽ നിയമപരമായ വിവാദ്യകങ്ങളും വസ്തുതാപരമായ വിവാദ്യകങ്ങളും, രണ്ടും ഉത്ഭവിക്കുകയും, കേസോ അതിന്റെ ഏതെങ്കിലും ഭാഗമോ നിയമപരമായ ഒരു വിവാദ്യകത്തിൻമേൽ മാത്രം തീർച്ച ചെയ്യപ്പെടാമെന്ന് കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അതിന് ആ വിവാദ്യകം—

(ക) കോടതിയുടെ അധികാരിതയേയോ,

അല്ലെങ്കിൽ

(ഖ) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം സൃഷ്ടിക്കുന്ന ഒരു വ്യവഹാരതടസത്തേയോ,

സംബന്ധിക്കുന്നതാണെങ്കിൽ, ആ വിവാദ്യകം, ആദ്യം വിചാരണ ചെയ്യാവുന്നതും, അതിനുവേണ്ടി യുക്തമെന്നു തോന്നുന്നുവെങ്കിൽ ആ വിവാദ്യകം തീർപ്പാക്കിക്കഴിയുന്നതുവരെ മററു വിവാദ്യകങ്ങൾ നിശ്ചയിക്കുന്നത് നീട്ടിവയ്ക്കാവുന്നതും ആ വിവാദ്യങ്ങളിൻമേലുള്ള തീരുമാനമനുസരിച്ച് വ്യവഹാരം കൈകാര്യം ചെയ്യാവുന്നതും ആകുന്നു.

3. വിവാദ്യകങ്ങൾ തയ്യാറാക്കാവുന്നത് ഏത് അടിസ്ഥാനവിവരങ്ങളിൽ നിന്നാണെന്ന്.— കോടതിക്ക് താഴെപ്പറയുന്ന എല്ലാ അടിസ്ഥാനവിവരങ്ങളിൽ നിന്നുമോ അവയിൽ ഏതിലെങ്കിലും നിന്നുമോ വിവാദ്യകങ്ങൾ തയ്യാറാക്കാവുന്നതാണ്.—

(ക) കക്ഷികളോ, അവർക്കുവേണ്ടി സന്നിഹിതരാകുന്ന ഏതെങ്കിലും ആളുകളോ, ശപഥത്തിൻമേൽ ചെയ്യുന്നതോ അങ്ങനെയുള്ള കക്ഷികളുടെ പ്ലീഡർമാർ ചെയ്യുന്നതോ ആയ അഖ്യാപനങ്ങൾ;

(ഖ) പ്ലീഡിങ്ങുകളിലോ വ്യവഹാരത്തിൽ നൽകുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലോ ചെയ്യുന്ന ആഖ്യാപനങ്ങൾ;

(ഗ) ഇരുകക്ഷികളിൽ ആരെങ്കിലും ഹാജരാക്കുന്ന രേഖകളിലെ ഉള്ളടക്കം.

4. കോടതിക്ക് വിവാദ്യകങ്ങൾ തയ്യാറാക്കുന്നതിനുമുമ്പ് സാക്ഷികളെ വിസ്തരിക്കുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്യുമെന്ന്.— കോടതി മുമ്പാകെ ഇല്ലാത്ത വല്ല ആളേയും വിസ്തരിക്കാതേയോ, വ്യവഹാരത്തിൽ ഹാജരാക്കാത്ത വല്ല രേഖയും പരിശോധിക്കാതേയോ വിവാദ്യകങ്ങൾ ശരിയായി തയ്യാറാക്കാൻ കഴിയുകയില്ലെന്ന് അഭിപ്രായമുള്ളിടത്ത്, കോടതിക്ക്, വിവാദ്യകങ്ങൾ തയ്യാറാക്കുന്നത് ഒരു ഭാവിദിവസത്തേയ്ക്കു നീട്ടിവയ്ക്കുകയും, (തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് വിധേയമായി) സമൺസോ മററു പ്രോസസോ വഴി ഏതെങ്കിലും ആൾ ഹാജരാകുന്നതോ അല്ലെങ്കിൽ ഏതെങ്കിലും രേഖ കൈവശത്തിലോ അധികാരത്തിലോ ഉള്ള ആൾ അത് ഹാജരാക്കുന്നതോ നിർബന്ധിക്കുകയും ചെയ്യാവുന്നതാകുന്നു.

5. വിവാദ്യകങ്ങൾ ഭേദഗതി ചെയ്യു കയും വെട്ടിക്കളയുകയും ചെയ്യുന്നതിനുള്ള അധികാരം.—(1) കോടതിക്ക് വിധി പാസാക്കുന്നതിന് മുൻപ്, ഏതു സമയത്തും, യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേൽ വിവാദ്യകങ്ങൾ ഭേദഗതി ചെയ്യുകയോ, കൂടുതൽ വിവാദ്യകങ്ങൾ തയ്യാറാക്കുകയോ ചെയ്യാവുന്നതും, കക്ഷികൾ തമ്മിൽ തർക്കത്തിലുള്ള വിഷയങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യകമാകുന്ന എല്ലാ ഭേദഗതികളും അല്ലെങ്കിൽ കൂടുതൽ വിവാദ്യകങ്ങളും അപ്രകാരം ചെയ്യുകയോ, തയ്യാറാക്കുകയോ ചെയ്യേണ്ടതുമാകുന്നു.

(2) അതു കൂടാതെ ഒരു വിധി പാസാക്കുന്നതിന് മുമ്പ് ഏതു സമയത്തും, കോടതിക്ക് തെററായി തയ്യാറാക്കുകയോ കൊണ്ടുവരികയോ ചെയ്തതായി തോന്നുന്ന ഏതെങ്കിലും വിവാദ്യകങ്ങൾ വെട്ടിക്കളയുകകൂടി ചെയ്യാവുന്നതാണ്.

6. വസ്തുതാപ്രശ്നങ്ങളോ നിയമ പ്രശ്നങ്ങളോ കരാർവഴി വിവാദ്യകങ്ങളുടെ രൂപത്തിൽ പ്രസ്താവിക്കാമെന്ന്.— ഒരു വ്യവഹാരത്തിലെ കക്ഷികൾ, തങ്ങൾക്കിടയിൽ തീരുമാനിക്കപ്പെടേണ്ട വസ്തുതാപ്രശ്നത്തെക്കുറിച്ചോ നിയമപ്രശ്നത്തെക്കുറിച്ചോ യോജിക്കുന്നിടത്ത്, അവർക്ക്, അതു ഒരു വിവാദ്യകത്തിന്റെ രൂപത്തിൽ പ്രസ്താവിക്കുകയും, ഏതു ലിഖിതമായ കരാറാണോ അങ്ങനെയുള്ള വിവാദ്യകം കോടതി സ്വീകാരാത്മകമോ നിഷേധാത്മകമോ ആയി തീർപ്പ് ചെയ്യുന്നതോടെ,—

(ക) കരാറിൽ വിനിർദ്ദേശിക്കുന്നതോ, കോടതിയാലോ കോടതി നിദേശിക്കുന്ന രീതിയിലോ തിട്ടപ്പെടുത്തേണ്ടതോ ആയ ഒരു തുക കക്ഷികളിൽ ഒരാൾ മറേറ ആൾക്കു കൊടുക്കേണ്ടതാണെന്നോ, അല്ലെങ്കിൽ അവരിൽ ഒരാൾക്ക് കരാറിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും അവകാശത്തിന് അവകാശമുണ്ടായിരിക്കുകയോ ഏതെങ്കിലും ബാദ്ധ്യതയ്ക്ക് അയാൾ വിധേയനായിരിക്കുകയോ ചെയ്യുന്നുണ്ടെന്നു പ്രഖ്യാപിക്കണമെന്നോ,

(ഖ) കരാറിൽ വിനിർദ്ദേശിക്കുന്നതും, വ്യവഹാരത്തിൽ തർക്കത്തിലുള്ളതുമായ ഏതെങ്കിലും വസ്തു കക്ഷികളിൽ ഒരാൾ മറേറ ആൾക്കോ, ആ മറേറ ആൾ നിദേശിക്കുന്ന ആൾക്കോ ഡെലിവർ ചെയ്യണമെന്നോ,

അല്ലെങ്കിൽ

(ഗ) കക്ഷികളിൽ ഒരാളോ, അതിലധികമോ പേരോ, കരാറിൽ വിനിർദ്ദേശിക്കുന്നതും തർക്കത്തിലുള്ള വിഷയം സംബന്ധിക്കുന്നതുമായ ഏതെങ്കിലും പ്രത്യേക കൃത്യം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യണമെന്നോ, ഉള്ളതായിരിക്കുന്നത്,

അങ്ങനെയുള്ള ഒരു കരാറിൽ ഏർപ്പെടുകയും ചെയ്യാവുന്നതാകുന്നു.

7. കരാർ ഉത്തമവിശ്വാസപൂർവ്വം ഒപ്പിട്ടു പൂർത്തീകരിച്ചതാണെന്നു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക് വിധിന്യായം പ്രസ്താവിക്കാമെന്ന്— തക്കതാണെന്നു കരുതുന്ന അന്വേഷണവിചാരണ ചെയ്തതിന് ശേഷം കോടതിക്ക്.

(ക) കരാർ, കക്ഷികൾ മുറപ്രകാരം ഒപ്പിട്ടു പൂർത്തീകരിച്ചുവെന്നും,

(ഖ) മുൻപറഞ്ഞതുപോലെയുള്ള പ്രശ്നത്തിന്റെ തീരുമാനത്തിൽ അവർക്ക് സാരമായ താത്പര്യമുണ്ടെന്നും,

(ഗ) അതു വിചാരണചെയ്യുകയും തീരുമാനിക്കുകയും ചെയ്യുന്നതിന് യോജ്യമായതാണെന്നും,

ബോദ്ധ്യപ്പെടുന്നിടത്ത്, കോടതി വിവാദ്യകം റിക്കാർഡാക്കുകയും വിചാരണചെയ്യുകയും ചെയ്യാൻ നടപടി തുടരേണ്ടതും, വിവാദ്യകം കോടതി തയ്യാറാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ അതേ രീതിയിൽ, അതിൻമേലുള്ള അതിന്റെ തീർപ്പോ തീരുമാനമോ പ്രസ്താവിക്കേണ്ടതും;

അങ്ങനെയുള്ള വിവാദ്യകത്തിൻമേലുള്ള തീർപ്പിൻമേൽ അല്ലെങ്കിൽ തീരുമാനത്തിൻമേൽ കരാറിലെ നിബന്ധനകളനുസരിച്ച് വിധിന്യായം പ്രസ്താവിക്കേണ്ടതും; അപ്രകാരം പ്രസ്താവിക്കപ്പെടുന്ന വിധിന്യായത്തിൻമേൽ ഒരു വിധി തുടർന്നുണ്ടായിരിക്കേണ്ടതുമാകുന്നു.

## ആർഡർ XV

# പ്രഥമഹീയറിങ്ങിൽ വ്യവഹാരം തീർച്ച ചെയ്യുന്നത്

1. കക്ഷികൾ തമ്മിൽ വിവാദമില്ലാത്തപ്പോൾ.— കക്ഷികൾക്ക് തമ്മിൽ ഏതെങ്കിലും നിയമപ്രശ്നത്തിൻ മേലോ വസ്തുതാ പ്രശ്നത്തിൻമേലോ വിവാദമില്ലെന്നു വ്യവഹാരത്തിന്റെ പ്രഥമഹീയറിങ്ങിൽ കാണുന്നിടത്ത്, കോടതിക്ക് ഉടനെ വിധിന്യായം പ്രസ്താവിക്കാവുന്നതാണ്.

2. പല പ്രതികളിൽ ഒരാൾക്ക് വിവാദമില്ലാത്തപ്പോൾ.— (1) ഒന്നിലധികം പ്രതികൾ ഉണ്ടായിരിക്കുകയും, പ്രതികളിൽ ഏതെങ്കിലും ഒരാൾക്ക്, വാദിയുമായി നിയമപരമോ വസ്തുതാപരമോ ആയ യാതൊരു പ്രശ്നത്തിൻമേലും വിവാദമില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, ഉടനെ അങ്ങനെയുള്ള പ്രതിക്ക് അനുകൂലമായോ എതിരായോ വിധിന്യായം പ്രസ്താവിക്കാവുന്നതും, വ്യവഹാരം മററു പ്രതികൾക്ക് എതിരായി മാത്രം തുടർന്നു പോകേണ്ടതുമാകുന്നു.

(2) ഈ ചട്ടത്തിൻകീഴിൽ വിധിന്യായം പ്രസ്താവിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള വിധിന്യായമനുസരിച്ചുള്ള ഒരു വിധി തയ്യാറാക്കപ്പെടേണ്ടതും; വിധി വിധിന്യായം പ്രസ്താവിക്കപ്പെട്ട തീയതി വഹിക്കേണ്ടതുമാകുന്നു.

3. വിവാദമുള്ള കക്ഷികൾ .— (1) ഏതെങ്കിലും നിയമപരമോ വസ്തുതാപരമോ ആയ പ്രശ്നത്തിൻമേൽ, കക്ഷികൾക്കു വിവാദമുണ്ടായിരിക്കുകയും ഇതിൽ ഇതിനുമുൻപ് വ്യവസ്ഥചെയ്തിട്ടുള്ളവിധം, കോടതി വിവാദ്യകങ്ങൾ തയ്യാറാക്കിയിരിക്കുകയും ചെയ്യുന്നിടത്ത്, വ്യവഹാരത്തിന്റെ തീരുമാനത്തിന് മതിയായ വിവാദ്യകങ്ങളിൻമേൽ കക്ഷികൾക്ക് ഉടനെ നല്കാൻ കഴിയുന്നതിലും കൂടുതലായ വാദമോ, തെളിവോ ആവശ്യമില്ലെന്നും ഉടനടി വ്യവഹാരം തുടരുന്നതിന്റെ ഫലമായി അനീതിയുണ്ടാവുകയില്ലെന്നും, ബോദ്ധ്യപ്പെടുന്നുവെങ്കിൽ കോടതിക്ക്, അങ്ങനെയുള്ള വിവാദ്യകങ്ങൾ തീർപ്പിക്കാൻ നടപടി തുടരാവുന്നതും അവയിൻമേലുള്ള തീർപ്പ് തീരുമാനത്തിന് മതിയായതാണെങ്കിൽ, സമൺസ് പുറപ്പെടുവിച്ചിട്ടുള്ളത് വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതിന് മാത്രമോ, വ്യവഹാരത്തിന്റെ അവസാനത്തീർച്ചയ്ക്കോ ആയിരുന്നാലും, അതനുസരിച്ച് വിധിന്യായം പ്രസ്താവിക്കാവുന്നതുമാണ് :

എന്നാൽ, അതിന് സമൺസ് പുറപ്പെടുവിച്ചിട്ടുള്ള, വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതിനു മാത്രം ആയിരിക്കുന്നിടത്ത്, കക്ഷികളോ അവരുടെ പ്ലീഡർമാരോ, അവിടെ ഉണ്ടായിരിക്കുകയും, അവരിലാരും ആക്ഷേപിക്കാതിരിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) തീർപ്പ്, തീരുമാനത്തിന് മതിയാകാത്തിടത്ത്, കോടതി, വ്യവഹാരത്തിന്റെ കൂടുതൽ ഹിയറിങ്ങ് നീട്ടിവയ്ക്കുകയും, കേസ്സിന് വേണ്ട കൂടുതൽ തെളിവു ഹാജരാക്കുന്നതിനോ, കൂടുതൽ വാദത്തിനോ ഒരു ദിവസം നിജപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

4. തെളിവു ഹാജരാക്കാതിരിക്കൽ .— സമൺസ് പുറപ്പെടുവിച്ചിട്ടുള്ളത്, വ്യവഹാരത്തിന്റെ അവസാന തീർച്ചയ്ക്കായിരിക്കുകയും, ഇരുകക്ഷികളിൽ ആരെങ്കിലും, താൻ ആശ്രയിക്കുന്ന തെളിവു മതിയായ കാരണം കൂടാതെ ഹാജരാക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക് ഉടനെ വിധിന്യായം പ്രസ്താവിക്കുകയോ അല്ലെങ്കിൽ യുക്തമെന്നു തോന്നുന്നുവെങ്കിൽ വിവാദ്യകങ്ങൾ തയ്യാറാക്കുകയും റിക്കാർഡാക്കുകയുംചെയ്തതിനു ശേഷം അങ്ങനെയുള്ള വിവാദ്യകങ്ങളിൻമേലുള്ള അതിന്റെ തീരുമാനത്തിന് ആവശ്യകമായ തെളിവു ഹാജരാക്കുന്നതിനായി വ്യവഹാരം നീട്ടിവയ്ക്കുകയോ ചെയ്യാവുന്നതാണ്.

## ആർഡർ XVI

## സാക്ഷികളെ സമൺ ചെയ്യുന്നതും അവർ സന്നിഹിതരാകുന്നതും

1. സാക്ഷികളുടെ പട്ടികയും സാക്ഷികൾക്കുള്ള സമൺസും .— (1) കോടതി നിശ്ചയിക്കുന്നതും, വിവാദ്യകങ്ങൾ നിശ്ചയിക്കുന്ന തീയതിക്കു ശേഷം പതിനഞ്ചുദിവസത്തിലധികം കവിയാത്തതുമായ തീയതിയോ അതിനു മുമ്പോ തെളിവു നല്കാനോ, രേഖകൾ ഹാജരാക്കാനോ ആയി തങ്ങൾ വിളിക്കാൻ നിർദ്ദേശിക്കുന്ന സാക്ഷികളുടെ ഒരു പട്ടിക, കക്ഷികൾ കോടതിയിൽ ബോധിപ്പിക്കുകയും, അങ്ങനെയുള്ള ആളുകൾ, കോടതിയിൽ സന്നിഹിതരാകുന്നതിനുള്ള സമൺസുകൾ കക്ഷികൾ വാങ്ങിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ഏതെങ്കിലും ആൾ സന്നിഹിതനാകുന്നതിനുള്ള ഏതെങ്കിലും സമൺസ് വാങ്ങിക്കാൻ ആഗ്രഹിക്കുന്ന ഒരു കക്ഷി ഒരപേക്ഷ, അതിൽ സാക്ഷിയെ സമൺചെയ്യാൻ നിർദ്ദേശിക്കുന്ന ആവശ്യം പ്രസ്താവിച്ചുകൊണ്ട് കോടതിയിൽ ഫയൽ ചെയ്യേണ്ടതാകുന്നു.

(3) കോടതിക്ക്, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന പട്ടികയിൽ പേര് കാണുന്നതല്ലാത്ത ഏതെങ്കിലും സാക്ഷിയെ വിളിക്കാൻ, അത്, കോടതി മുഖേന സമൺ ചെയ്യുകയോ മററുവിധത്തിലോ ആയാലും, ഒരു കക്ഷിയെ, അയാൾ മുൻപറഞ്ഞ പട്ടികയിൽ അങ്ങനെയുള്ള സാക്ഷിയുടെ പേർ പറയാൻ വിട്ടുപോയതിനു മതിയായ കാരണം കാണിക്കുന്നുവെങ്കിൽ, അനുവദിക്കാവുന്നതാണ്.

(4) (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കക്ഷികൾക്ക് ഈ ചട്ടത്തിൽ പരാമർശിക്കുന്ന സമൺസുകൾ കോടതിയ്ക്കോ അല്ലെങ്കിൽ, കോടതി ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഉള്ള അപേക്ഷയിൻമേൽ വാങ്ങിക്കാവുന്നതാണ്.

1ക. സമൺസ് കൂടാതെ സാക്ഷികളെ ഹാജരാക്കുന്നത് .— 1-ാം ചട്ടം (3)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിക്ക്, 1-ാം ചട്ടത്തിൻകീഴിൽ സമൺസിന് അപേക്ഷിക്കാതെ, ഏതെങ്കിലും സാക്ഷിയെ, തെളിവു നല്കാനോ രേഖ ഹാജരാക്കാനോ, ആയി കൊണ്ടു വരാവുന്നതാണ്.

2. (1) സമൺസിന് അപേക്ഷിക്കുന്നതിൻമേൽ, സാക്ഷിച്ചെലവുകൾ കോടതിയിൽ കൊടുക്കണമെന്ന്.— സമൺസിന് അപേക്ഷിക്കുന്ന കക്ഷി, സമൺസ് അനുവദിക്കുന്നതിനു മുൻപും, നിജപ്പെടുത്തേണ്ട ഒരു കാലയളവിനുള്ളിലും, ആയി സമൺ ചെയ്യപ്പെടുന്ന ആൾക്ക്, ഏതു കോടതിയിലാണോ അയാളോട് സന്നിഹിതനാകാൻ ആവശ്യപ്പെട്ടിട്ടുള്ളത്, ആ കോടതിയിൽ ചെല്ലാനും, അവിടെനിന്നു പോരാനും, ഒരു ദിവസം അവിടെ സന്നിഹിതനായിരിക്കുന്നതിനുമുള്ള യാത്രച്ചെലവും മററു ചെലവുകളും കൊടുത്തുതീർക്കുന്നതിന് മതിയായതാണെന്ന് കോടതിക്കു തോന്നുന്ന ഒരു തുക കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(2) വിദഗ്ദ്ധൻമാർ.— ഈ ചട്ടത്തിൻ കീഴിൽ കൊടുക്കേണ്ട തുക നിശ്ചയിക്കുന്നതിൽ, കോടതിക്ക്, വിദഗ്ദ്ധനെന്ന നിലയിൽ തെളിവു കൊടുക്കാൻ സമൺ ചെയ്യപ്പെട്ട ഏതെങ്കിലും ആളുടെ സംഗതിയിൽ, തെളിവു കൊടുക്കുന്നതിനെടുക്കുന്ന സമയത്തിന്, കേസ്സിന് ആവശ്യകമായതും, വിദഗ്ദ്ധസ്വഭാവമുള്ളതും ആയ ഏതെങ്കിലും പ്രവൃത്തി നിർവ്വഹിക്കുന്നതിന് എടുക്കുന്ന സമയത്തിനും രണ്ടിനും, ന്യായമായ പ്രതിഫലം അനുവദിക്കാവുന്നതാകുന്നു.

(3) ചെലവുകളുടെ തോത്.— കോടതി, ഹൈക്കോടതിക്ക് കീഴിലുള്ള കോടതി ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള ചെലവുകളുടെ തോത് നിജപ്പെടുത്തുന്നതിൽ, അതിലേക്കുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾ പരിഗണിക്കേണ്ടതാകുന്നു.

(4) ചെലവുകൾ സാക്ഷികൾക്ക് നേരിട്ടു കൊടുക്കണമെന്ന്.— സമൺസ്, കക്ഷി സാക്ഷിക്ക് നേരിട്ടു നടത്തുന്നിടത്ത്, (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ചെലവുകൾ സാക്ഷിക്ക്, കക്ഷിയോ അയാളുടെ ഏജൻേറാ കൊടുക്കേണ്ടതാകുന്നു.

3. ചെലവുകൾ സാക്ഷിക്ക് ടെൻഡർ ചെയ്യുന്നത്.— അപ്രകാരം കോടതിയിൽ കൊടുക്കുന്ന തുക, സമൺസ് നേരിട്ട് നടത്താൻ കഴിയുന്നുവെങ്കിൽ, അതു നടത്തുന്ന സമയം സമൺ ചെയ്യപ്പെടുന്ന ആൾക്ക് ടെൻഡർ ചെയ്യേണ്ടതാകുന്നു.

4. (1) മതിയാകാത്ത തുക ഒടുക്കിയിരിക്കുന്നിടത്തുള്ള നടപടിക്രമം.— കോടതിയിൽ ഒടുക്കിയിട്ടുള്ള തുക, അങ്ങനെയുള്ള ചെലവുകളോ ന്യായമായ പ്രതിഫലമോ തികച്ചും കൊടുക്കാൻ മതിയായതല്ലെന്നു കോടതിക്കോ, അത് ഇതിലേക്കു നിയമിക്കുന്ന ഉദ്യോഗസ്ഥനോ തോന്നുന്നിടത്ത്, ആ വകയിൽ ആവശ്യമായി തോന്നുന്ന കൂടുതൽ തുക സമൺ ചെയ്യപ്പെട്ട ആൾക്ക് കൊടുക്കാൻ കോടതിക്ക് ഉത്തരവുചെയ്യാവുന്നതും, കൊടുക്കാൻ വീഴ്ചവരുത്തിയാൽ, അങ്ങനെയുള്ള തുക സമൺസ് വാങ്ങിച്ച കക്ഷിയുടെ ജംഗമവസ്തുവിൻെറ ജപ്തിയും വില്പനയും വഴി ഈടാക്കാൻ ഉത്തരവു ചെയ്യാവുന്നതുമാണ്; അല്ലെങ്കിൽ കോടതിക്ക് സമൺ ചെയ്യപ്പെട്ട ആളെ തെളിവുകൊടുക്കാൻ അയാളോട് ആവശ്യപ്പെടാതെ ഡിസ്ചാർജ്ജ് ചെയ്യുകയോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെ ഈടാക്കൽ ഉത്തരവു ചെയ്യുകയും, അങ്ങനെയുള്ള ആളെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ഒരു ദിവസത്തിൽ കൂടുതൽ താമസിപ്പിക്കപ്പെടുന്ന സാക്ഷികളുടെ ചെലവുകൾ.— സമൺ ചെയ്യപ്പെട്ട ഒരാളെ, ഒരു ദിവസത്തിലും ദീർഘിച്ച കാലയളവ് താമസിപ്പിക്കുന്നത് ആവശ്യമാകുന്നിടത്ത്, കോടതിക്ക് അപ്പോഴപ്പോൾ, ആരുടെ അർത്ഥനയിൻമേലാണോ അയാളെ സമൺ ചെയ്തത് ആ ആളോട് അങ്ങനെയുള്ള കൂടുതൽ കാലയളവ് അയാളെ താമസിപ്പിക്കുന്നതിനുള്ള ചെലവുകൾ കൊടുത്തുതീർക്കാൻ മതിയായ തുക കോടതിയിൽ ഒടുക്കാൻ ഉത്തരവുചെയ്യാവുന്നതും, അങ്ങനെ ഡെപ്പോസിററ് ചെയ്യാൻ വീഴ്ച

വരുത്തിയാൽ അങ്ങനെയുള്ള തുക, അങ്ങനെയുള്ള കക്ഷിയുടെ ജംഗമവസ്തുവിൻെറ ജപ്തിയും വില്പനയും വഴി ഈടാക്കാൻ ഉത്തരവുചെയ്യാവുന്നതാണ്; അല്ലെങ്കിൽ കോടതിക്കു സമൺ ചെയ്യപ്പെട്ട ആളെ, തെളിവു കൊടുക്കാൻ അയാളോടു ആവശ്യപ്പെടാതെ ഡിസ്ചാർജ്ജ് ചെയ്യുകയോ, അല്ലെങ്കിൽ മുൻപറഞ്ഞതുപോലെ ഈടാക്കൽ ഉത്തരവു ചെയ്യുകയും അങ്ങനെയുള്ള ആളെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്യുകയോ ചെയ്യാവുന്നതാണ്.

5. സന്നിഹിതനാകേണ്ട സമയവും സ്ഥലവും ആവശ്യവും സമൺസിൽ വിനിർദ്ദേശിക്കണമെന്ന്.— തെളിവു നല്കാനോ, രേഖ ഹാജരാക്കാനോ ആയി ഒരാൾ സന്നിഹിതനാകാനുള്ള ഏതൊരു സമൺസും, അയാൾ സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന സമയവും സ്ഥലവും, കൂടാതെ അയാൾ സന്നിഹിതനാകാൻ ആവശ്യപ്പെടുന്നത്, തെളിവു നല്കുന്ന ആവശ്യത്തിനോ, രേഖ ഹാജരാക്കുന്ന ആവശ്യത്തിനോ, ആ രണ്ട് ആവശ്യങ്ങൾക്കും കൂടിയോ എന്നുള്ളതും വിനിർദ്ദേശിക്കേണ്ടതും; സമൺ ചെയ്യപ്പെട്ട ആളോട് ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും പ്രത്യേക രേഖ സമൺസിൽ ന്യായമായ കൃത്യതയോടുകൂടി വിവരിക്കപ്പെടേണ്ടതുമാകുന്നു.

6. രേഖ ഹാജരാക്കാനുള്ള സമൺസ്.— ഏതെങ്കിലും ആൾ തെളിവു നല്കാൻ സമൺചെയ്യപ്പെടാതെ രേഖ ഹാജരാക്കാൻ സമൺചെയ്യപ്പെടാവുന്നതും, രേഖഹാജരാക്കാൻ മാത്രമായി സമൺ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, അതു ഹാജരാക്കാൻ നേരിട്ടു സന്നിഹിതനാകുന്നതിനുപകരം അങ്ങനെയുള്ള രേഖ ഹാജരാക്കിക്കുന്നുവെങ്കിൽ, അയാൾ സമൺസ് അനുസരിച്ച് പ്രവർത്തിച്ചിട്ടുള്ളതായി കരുതപ്പെടുന്നതുമാകുന്നു.

7. കോടതിയിൽ ഉണ്ടായിരിക്കുന്ന ആളുകളോട്, തെളിവു നല്കാനോ രേഖ ഹാജരാക്കാനോ ആവശ്യപ്പെടാനുള്ള അധികാരം.— കോടതിക്ക് കോടതിയിൽ ഉണ്ടായിരിക്കുന്ന ഏതൊരാളോടും തെളിവു നല്കാനോ അപ്പോൾ അവിടെ അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഏതെങ്കിലും രേഖ ഹാജരാക്കാനോ ആവശ്യപ്പെടാവുന്നതാകുന്നു.

7ക. നടത്തലിനുവേണ്ടി കക്ഷിക്ക് നല്കുന്ന സമൺസ്.— (1) കോടതിക്ക്, ഏതെങ്കിലും ആൾ സന്നിഹിതനാകാൻ ഒരു സമൺസ് പുറപ്പെടുവിക്കുന്നതിനുള്ള ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള കക്ഷിയെ അങ്ങനെയുള്ള ആൾക്ക്, അങ്ങനെയുള്ള സമൺസ് നടത്താൻ അനുവദിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, സമൺസ്, നടത്തലിനായി അങ്ങനെയുള്ള കക്ഷിയെ ഏല്പിക്കേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള സമൺസിൻെറ നടത്തൽ, അങ്ങനെയുള്ള കക്ഷിയോ കക്ഷിക്കുവേണ്ടിയോ സാക്ഷിക്ക് സമൺസിൻെറ, ജഡ്ജിയോ, ഇതിലേക്കു ജഡ്ജി നിയമിക്കുന്ന കോടതിയുദ്യോഗസ്ഥനോ ഒപ്പിട്ടതും, കോടതിയുടെ മുദ്രകൊണ്ടു മുദ്രവെച്ചതുമായ ഒരു പകർപ്പ്. നേരിട്ട് ഏല്പിച്ചോ, ടെൻഡർ ചെയ്തോ ആയിരിക്കേണ്ടതാകുന്നു.

(3) ഈ ചട്ടത്തിൻകീഴിൽ നേരിട്ടു നടത്തുന്ന ഒരു സമൺസിന്, ആർഡർ V, 16-ഉം, 18-ഉം ചട്ടങ്ങളിലെ വ്യവസ്ഥകൾ, നടത്തുന്ന ആൾ, ഒരു നടത്തൽ ഉദ്യോഗസ്ഥനായിരുന്നാലെന്നപോലെ ബാധകമായിരിക്കുന്നതാണ്.

(4) ടെൻഡർ ചെയ്യപ്പെടുമ്പോൾ, അങ്ങനെയുള്ള സമൺസ് നിരസിക്കുന്നുവെങ്കിലോ, അല്ലെങ്കിൽ, ആർക്കാണോ നടത്തിയത്, ആ ആൾ നടത്തിയതിലേക്കുള്ള ഒരു സമ്മതക്കുറിപ്പ് ഒപ്പിടാൻ വിസമ്മതിക്കുകയോ, ഏതെങ്കിലും കാരണത്താൽ, അങ്ങനെയുള്ള സമൺസ് നേരിട്ടു നടത്താൻ കഴിയാതിരിക്കുകയോ ചെയ്യുന്നുവെങ്കിലോ, കോടതി, കക്ഷിയുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള സമൺസ്, ഒരു പ്രതിക്കുള്ള സമൺസ് എന്ന അതേരീതിയിൽ കോടതിയാൽ നടത്തപ്പെടുന്നതിനായി വീണ്ടും പുറപ്പെടുവിക്കേണ്ടതാകുന്നു.

(5) സമൺസ് ഈ ചട്ടത്തിൻകീഴിൽ കക്ഷി നടത്തുന്നിടത്ത്, മററു വിധത്തിലാണെങ്കിൽ സമൻസ് നടത്തലിന് ചാർജ്ജ് ചെയ്യപ്പെടാവുന്ന ഫീസ് കൊടുക്കാൻ കക്ഷിയോട് ആവശ്യപ്പെടാൻ പാടുള്ളതല്ല.

8. സമൺസ് നടത്തുന്നത് എങ്ങനെയെന്ന്.—7 ക ചട്ടത്തിൻകീഴിൽ, നടത്തലിനായി കക്ഷിയെ ഏല്പ്പിക്കുന്ന സമൺസ് അല്ലാത്ത, ഈ ആർഡറിൻ കീഴിലെ ഏതൊരു സമൺസും ആകാവുന്നിടത്തോളം പ്രതിക്കുള്ള സമൺസ് നടത്തുന്ന അതേ രീതിയിൽ നടത്തേണ്ടതും, നടത്തൽ തെളിയിക്കുന്നതു സംബന്ധിച്ചുള്ള ആർഡർ V-ലെ ചട്ടങ്ങൾ, ഈ ചട്ടത്തിൽ നടത്തുന്ന എല്ലാ സമൺസുകളുടേയും സംഗതിയിൽ ബാധകമായിരിക്കുന്നതും ആകുന്നു.

9. സമൺസ് നടത്തുന്നതിനുള്ള സമയം.—എല്ലാ സംഗതികളിലും, സമൺസ് നടത്തൽ, സമൺ ചെയ്യപ്പെട്ട ആൾക്ക് ഒരുങ്ങലിനും, അയാൾ സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന സ്ഥലത്തേക്കുള്ള യാത്രയ്ക്കും, ന്യായമായ സമയം അനുവദിക്കത്തക്കവണ്ണം സമൻസിൽ അയാൾ സന്നിഹിതനാകുന്നതിന് വിനിർദ്ദേശിക്കുന്ന സമയത്തിന്, മതിയായ സമയം മുൻപ് ആയിരിക്കേണ്ടതാകുന്നു.

10. സാക്ഷി സമൻസ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്തുള്ള നടപടിക്രമം.—(1) ആർക്കാണോ തെളിവ് നല്കാൻ സന്നിഹിതനാകാനോ, അല്ലെങ്കിൽ ഒരു രേഖ ഹാജരാക്കാനോ സമൻസ് പുറപ്പെടുവിച്ചിട്ടുള്ളത്, അയാൾ അങ്ങനെയുള്ള സമൻസ് അനുസരിച്ച് സന്നിഹിതനാകാതിരിക്കുകയോ രേഖ ഹാജരാക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, കോടതി—

(ക) നടത്തൽ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കററ് സത്യവാങ്മൂലം മുഖേന സത്യബോധപ്പെടുത്തിയിട്ടില്ലെങ്കിലോ, അല്ലെങ്കിൽ സമൻസ് നടത്തിയിട്ടുള്ളത്, കക്ഷിയോ അയാളുടെ ഏജൻേറാ ആണെങ്കിലോ, അതതു സംഗതിപോലെ, നടത്തൽ ഉദ്യോഗസ്ഥനോ കക്ഷിയോ അയാളുടെ ഏജൻേറാ ആരാണ് സമൻസ് നടത്തിയിട്ടുള്ളത്, അയാളെ, നടത്തിയതിനേയോ നടത്താതിരുന്നതിനേയോ സ്പർശിച്ച് ശപഥത്തിൻമേൽ വിസ്തരിക്കുകയോ ഏതെങ്കിലും കോടതിയെക്കൊണ്ട് അപ്രകാരം വിസ്തരിപ്പിക്കുകയോ ചെയ്യേണ്ടതോ ; അല്ലെങ്കിൽ

(ഖ) നടത്തൽ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കററ് അപ്രകാരം സത്യബോധപ്പെടുത്തിയിട്ടുണ്ടെങ്കിൽ,

കോടതിക്ക് മുൻപറഞ്ഞ പ്രകാരം വിസ്തരിക്കുകയോ വിസ്തരിപ്പിക്കുകയോ ചെയ്യാവുന്നതോ,

ആകുന്നു.

(2) അങ്ങനെയുള്ള തെളിവോ ഹാജരാക്കലോ സാരവത്താണെന്നും, അങ്ങനെയുള്ള ആൾ, നിയമാനുസൃതമായ ന്യായീകരണം കൂടാതെ സമൻസ് അനുസരിച്ച് സന്നിഹിതനാകാതിരിക്കുകയോ രേഖ ഹാജരാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ഉദ്ദേശ്യപൂർവ്വം സമൻസ് നടത്തൽ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടെന്നോ, വിശ്വസിക്കാൻ കാരണമുള്ളിടത്ത്, കോടതിക്ക് ഒരു വിളംബരം അതിൽ പറയുന്ന സമയത്തും സ്ഥലത്തും തെളിവ് നല്കാൻ സന്നിഹിതനാകുന്നതിനോ രേഖ ഹാജരാക്കുന്നതിനോ അയാളോട് ആവശ്യപ്പെട്ടുകൊണ്ട് പുറപ്പെടുവിക്കാവുന്നതും ; അങ്ങനെയുള്ള വിളംബരത്തിന്റെ ഒരു പകർപ്പ് അയാൾ സാധാരണമായി താമസിക്കുന്ന ഭവനത്തിന്റെ പുറംവാതിലിൻമേലോ ശ്രദ്ധയാകർഷിക്കത്തക്ക മററു ഭാഗത്തോ പതിക്കേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള വിളംബരത്തിന് പകരമായോ അത് പുറപ്പെടുവിക്കുന്ന സമയത്തോ, പിന്നീട് ഏതെങ്കിലും സമയത്തോ കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് അങ്ങനെയുള്ള ആളുടെ അറസ്റ്റിന് ജാമ്യത്തോടുകൂടിയതോ അല്ലാത്തതോ ആയ വാറന്റ് പുറപ്പെടുവിക്കാവുന്നതും, യുക്തമെന്നു തോന്നുന്നതും ജപ്തിയുടെ കോടതി ചെലവിന്റേയും 12-ാം ചട്ടത്തിൻകീഴിൽ ചുമത്തിയേക്കാവുന്ന ഏതെങ്കിലും പിഴയുടേയും തുകയിൽ കവിയാത്ത തുകയ്ക്ക് അയാളുടെ വസ്തു ജപ്തി ചെയ്യാൻ ഉത്തരവു ചെയ്യാവുന്നതുമാകുന്നു :

എന്നാൽ, യാതൊരു സ്മാൾകാസ് കോടതിയ്ക്കും; സ്ഥാവര വസ്തുവിന്റെ ജപ്തിക്ക് ഉത്തരവു ചെയ്യാൻ പാടുള്ളതല്ല.

11. <u>സാക്ഷി ഹാജരാകുന്നുവെങ്കിൽ ജപ്തി പിൻവലിക്കാമെന്ന്.</u>— അങ്ങനെയുള്ള ആൾ അയാളുടെ വസ്തു ജപ്തിചെയ്യപ്പെട്ടതിനു ശേഷം ഏതെങ്കിലും സമയത്ത്. ഹാജരാവുകയും,—

(ക) താൻ നിയമാനുസൃതമായ ന്യായീകരണം കൂടാതെ, സമൻസ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയോ ഉദ്ദേശ്യപൂർവ്വം നടത്തൽ ഒഴിവാക്കുകയോ ചെയ്തില്ലെന്നും ;

(ഖ) തൊട്ടുമുൻപുള്ള ചട്ടത്തിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരത്തിൽ പറഞ്ഞിട്ടുള്ള സമയത്തും സ്ഥലത്തും അയാൾ സന്നിഹിതനാകാതിരുന്നിട്ടുള്ളിടത്ത്, സന്നിഹിതനാകാൻവേണ്ട സമയത്തിനുള്ളിൽ തനിക്ക് അങ്ങനെയുള്ള വിളംബരത്തെക്കുറിച്ച് നോട്ടീസ് ഉണ്ടായിരുന്നില്ലെന്നും,— കോടതിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നിടത്ത്,

കോടതി, വസ്തു, ജപ്തിയിൽനിന്നു വിടുത്താൻ നിർദേശിക്കേണ്ടതും, ജപ്തിയുടെ കോടതിച്ചെലവ് സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കേണ്ടതുമാകുന്നു.

12. <u>സാക്ഷി ഹാജരാകാതിരിക്കുന്നുവെങ്കിലുള്ള നടപടിക്രമം.</u>—(1) അങ്ങനെയുള്ള ആൾ ഹാജരാകാതിരിക്കുകയോ, അല്ലെങ്കിൽ ഹാജരാവുകയും, എന്നാൽ അപ്രകാരം കോടതിയെ ബോദ്ധ്യപ്പെടുത്താതിരിക്കുകയും ചെയ്യുകയോ ചെയ്യുന്നിടത്ത് ജീവിതത്തിലെ അയാളുടെ സ്ഥിതിയും കേസിന്റെ എല്ലാ പരിതഃസ്ഥിതികളും പരിഗണിച്ച്, കോടതിക്ക് അയാളുടെമേൽ യുക്തമെന്നു തോന്നുന്നതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതും, അയാളുടെ വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ ജപ്തി ചെയ്തു വില്ക്കാനും. അല്ലെങ്കിൽ 10-ാം ചട്ടത്തിൻകീഴിൽ ജപ്തി ചെയ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ടെങ്കിൽ വില്ക്കാനും, ജപ്തിയുടെ എല്ലാ കോടതിച്ചെലവും മുൻപറഞ്ഞ പിഴ, വല്ലതുമുണ്ടെങ്കിൽ അതു സഹിതം കൊടുത്തു തീർക്കുന്നതിനുവേണ്ടി ഉത്തരവു ചെയ്യാവുന്നതുമാകുന്നു :

എന്നാൽ, ആര് സന്നിഹിതനാകുന്നതിനാണോ ആവശ്യപ്പെടുന്നത്, അയാൾ, മുൻപറഞ്ഞ കോടതിച്ചെലവും പിഴയും കോടതിയിൽ ഒടുക്കുന്നുവെങ്കിൽ, കോടതി, വസ്തുവെ ജപ്തിയിൽനിന്ന് വിടുത്താൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

(2) കോടതി 10-ാം ചട്ടം (2)-ാം ഉപചട്ടത്തിൻകീഴിൽ വിളംബരം പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ ആ ചട്ടത്തിലെ (3)-ാം ഉപചട്ടത്തിൻകീഴിൽ ഒരു വാറന്റ് പുറപ്പെടുവിക്കുകയോ ജപ്തി ഉത്തരവു ചെയ്യുകയോ ചെയ്തിട്ടില്ലെന്നിരുന്നാലും കോടതിക്ക് പിഴ ചുമത്താതിരിക്കാൻ കാരണം കാണിക്കാൻ അങ്ങനെയുള്ള ആൾക്ക് നോട്ടീസ് കൊടുത്തതിനു ശേഷം, ഈ ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൻകീഴിൽ പിഴ ചുമത്താവുന്നതാണ്.

13. ജപ്തിയുടെ സമ്പ്രദായം.—വിധി നടത്തലിൽ വസ്തു ജപ്തി ചെയ്യുകയും വിൽക്കുകയും ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ, അവ ബാധകമാകുന്നിടത്തോളം, ആരുടെ വസ്തുവാണോ അപ്രകാരം ജപ്തി ചെയ്യപ്പെട്ടത് അയാൾ വിധിക്കടക്കാരൻ ആയിരുന്നാലെന്നപോലെ ഈ ആർഡറിൻ കീഴിലെ ഏതെങ്കിലും ജപ്തിക്കും വില്പനയ്ക്കും, ബാധകമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

14. കോടതിക്ക് സ്വയമേവ സാക്ഷികളെ സമൺ ചെയ്യാമെന്ന്.—വ്യവഹാരത്തിലെ കക്ഷി ഉൾപ്പെടെ, വ്യവഹാരത്തിലെ ഒരു കക്ഷിയാൽ സാക്ഷിയായി വിളിക്കപ്പെടാത്ത, ഏതെങ്കിലും ആളെ വിസ്തരിക്കുന്നത് ആവശ്യമാണെന്നു ഏതെങ്കിലും സമയത്ത് തോന്നുന്നിടത്ത്, കോടതിക്ക്, സ്വയമേവ അയാളെ, നിശ്ചയിക്കപ്പെടേണ്ട ഒരു ദിവസം തെളിവ് നല്കാനോ, അയാളുടെ കൈവശമുള്ള ഏതെങ്കിലും രേഖ ഹാജരാക്കാനോ സാക്ഷിയായി സമൺ ചെയ്യാവുന്നതും, അയാളെ സാക്ഷിയായി വിസ്തരിക്കുകയോ, അങ്ങനെയുള്ള രേഖ ഹാജരാക്കാൻ അയാളോട് ആവശ്യപ്പെടുകയോ ചെയ്യാവുന്നതും, ഇത്, സന്നിഹിതനാകലും ഹാജരാകലും സംബന്ധിച്ചുള്ള ഈ നിയമ സംഹിതയിലെ വ്യവസ്ഥകൾക്കും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനും വിധേയമായിരിക്കുന്നതും ആകുന്നു.

15. തെളിവു നല്കാനോ രേഖ ഹാജരാക്കാനോ സമൺ ചെയ്യപ്പെട്ടിട്ടുള്ള ആളുകളുടെ കർത്തവ്യം.—ഒരു വ്യവഹാരത്തിൽ ഹാജരാകാനും തെളിവു നല്കാനും സമൺ ചെയ്യപ്പെടുന്ന ഏതൊരാളും ആ ആവശ്യത്തിലേക്ക് സമൺസിൽ പറഞ്ഞിട്ടുള്ള സ്ഥലത്തും സമയത്തും സന്നിഹിതനാകേണ്ടതും, രേഖ ഹാജരാക്കാൻ സമൺ ചെയ്യപ്പെടുന്ന ഏതൊരാളും, അങ്ങനെയുള്ള സമയത്തും സ്ഥലത്തും അത് ഹാജരാക്കാനായി സന്നിഹിതനാവുകയോ, ഹാജരാക്കിക്കുകയോ ചെയ്യേണ്ടതും, ഇത്, മുൻപ് ഒടുവിൽ പറഞ്ഞതുപോലെ വിധേയമായിരിക്കുന്നതും ആകുന്നു.

16. അവർക്ക് വിട്ട് പോകാവുന്നത് എപ്പോഴെന്ന്.—(1) അപ്രകാരം സമൺ ചെയ്യപ്പെടുകയും സന്നിഹിതനാവുകയും ചെയ്യുന്ന ആൾ, കോടതി മററു വിധത്തിൽ നിദേശിക്കാത്തപക്ഷം, വ്യവഹാരം തീർച്ച ചെയ്യുന്നതുവരെ ഓരോ ഹിയറിങ്ങിലും സന്നിഹിതനാകേണ്ടതാകുന്നു.

(2) ഇരുകക്ഷികളിൽ ആരെങ്കിലും അപേക്ഷിക്കുകയും, ആവശ്യകമായ എല്ലാ ചെലവുകളും (വല്ലതും ഉണ്ടെങ്കിൽ) കോടതി മുഖാന്തരം കൊടുക്കുകയും ചെയ്യുന്നതിൻമേൽ, കോടതിക്ക്, അപ്രകാരം സമൺ ചെയ്യപ്പെടുകയും സന്നിഹിതനാവുകയും ചെയ്യുന്ന ഏതെങ്കിലും ആളോടു, അടുത്ത ഹിയറിങ്ങിനോ മററ് ഏതെങ്കിലും ഹിയറിങ്ങിനോ, അല്ലെങ്കിൽ വ്യവഹാരം തീർച്ച ചെയ്യപ്പെടുന്നതുവരേയോ സന്നിഹിതനാകുന്നതിന് ജാമ്യം നല്കാൻ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള ജാമ്യം നല്കാൻ അയാൾ വീഴ്ച വരുത്തിയാൽ അയാളെ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

17. 10 മുതൽ 13 വരെയുള്ള ചട്ടങ്ങളുടെ ബാധകത.—10 മുതൽ 13 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ അവ ബാധകമാകുന്നിടത്തോളം, സമൺസ് അനുസരിച്ച് സന്നിഹിതനായിരിക്കെ 16-ാം ചട്ടം ഉല്ലംഘിച്ചുകൊണ്ട് നിയമപരമായ ന്യായീകരണംകൂടാതെ വിട്ടുപോകുന്ന ഏതെങ്കിലും ആൾക്ക് ബാധകമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

18. പിടിക്കപ്പെട്ട സാക്ഷിക്ക് തെളിവ് നല്കാനോ രേഖ ഹാജരാക്കാനോ കഴിയാത്തിടത്തുള്ള നടപടിക്രമം.—ഒരു വാറന്റിൻകീഴിൽ അറസ്റ്റ് ചെയ്യപ്പെട്ട ഏതെങ്കിലും ആരം, കസ്റ്റഡിയിൽ കോടതി മുമ്പാകെ കൊണ്ടുവരപ്പെടുകയും, കക്ഷികളുടേയോ, അവരിൽ ആരുടേയെങ്കിലുമോ അഭാവം നിമിത്തം, ഏതു തെളിവ് നൽകാനോ രേഖ ഹാജരാക്കാനോ ആണ് അയാരം സമൺ ചെയ്യപ്പെട്ടിട്ടുള്ളത്, ആ തെളിവ് നല്കാനോ രേഖ ഹാജരാക്കാനോ അയാരംക്ക് കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, അതിന് യുക്തമെന്ന് തോന്നുന്ന സമയത്തും സ്ഥലത്തും അയാരം സന്നിഹിതനാകുന്നതിന് ന്യായമായ ബെയിലോ മററ് ജാമ്യമോ നല്കാൻ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള ബെയിലോ ജാമ്യമോ നല്കുന്നതിൻമേൽ അയാളെ വിമോചിപ്പിക്കാവുന്നതും, അങ്ങനെയുള്ള ബെയിലോ ജാമ്യമോ നല്കാൻ അയാരം വീഴ്ച വരുത്തിയാൽ, അയാളെ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

19. ചില അതിർത്തികരംക്കുള്ളിൽ താമസമുള്ളവനല്ലാത്തപക്ഷം, യാതൊരു സാക്ഷിയോടും നേരിട്ട് സന്നിഹിതനാകാൻ ഉത്തരവു ചെയ്യരുതെന്ന്.—യാതൊരു ആളോടും അയാരം—

(ക) കോടതിയുടെ സാധാരണ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികരംക്കുള്ളിലോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അതിർത്തികരംക്കു പുറത്ത്, എന്നാൽ കോടതി മന്ദിരത്തിൽനിന്ന് നൂറ് കിലോമീററിൽ കുറവോ, അല്ലെങ്കിൽ അയാരം താമസിക്കുന്ന സ്ഥലവും കോടതി സ്ഥിതിചെയ്യുന്ന സ്ഥലവും തമ്മിലുള്ള അകലത്തിന്റെ ആറിൽഅഞ്ചു ഭാഗത്തിന് റെയിൽവേ ഗതാഗതമോ ആവിക്കപ്പൽ ഗതാഗതമോ, അല്ലെങ്കിൽ മററ് വ്യവസ്ഥാപിത പൊതുവാഹനമോ ഉള്ളിടത്ത്, അഞ്ഞൂറ് കിലോമീററിൽ കുറവോ അകലെയുള്ള ഒരു സ്ഥലത്തോ,

താമസിക്കാത്തപക്ഷം, തെളിവ് നല്കാൻ നേരിട്ട് സന്നിഹിതനായിരിക്കണമെന്ന് ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല.

എന്നാൽ, ഈ ചട്ടത്തിൽ പറഞ്ഞ രണ്ടു സ്ഥലങ്ങരംക്കും ഇടയിൽ, വായുമാർഗ്ഗമുള്ള പരിവഹണം ഉണ്ടായിരിക്കുകയും. സാക്ഷിക്ക് വായുമാർഗ്ഗയാത്രാക്കൂലി കൊടുക്കുകയും ചെയ്യുന്നിടത്ത്, അയാളോട് നേരിട്ട് സന്നിഹിതനാകാൻ ഉത്തരവു ചെയ്യാവുന്നതാണ്.

20. കോടതി വിളിക്കുമ്പോരം തെളിവു നല്കാൻ കക്ഷി വിസമ്മതിക്കുന്നതിന്റെ അനന്തരഫലം.—കോടതിയിൽ ഉണ്ടായിരിക്കുന്ന ഏതെങ്കിലും വ്യവഹാരകക്ഷി, കോടതി ആവശ്യപ്പെടുമ്പോരം നിയമാനുസൃതമായ ന്യായീകരണം കൂടാതെ തെളിവു നല്കാനോ, അപ്പോരം അവിടെ അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള ഏതെങ്കിലും രേഖ ഹാജരാക്കാനോ വിസമ്മതിക്കുന്നിടത്ത്, കോടതിക്ക് അയാരംക്ക് എതിരായി വിധിന്യായം പ്രസ്താവിക്കുകയോ, അല്ലെങ്കിൽ വ്യവഹാരം സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കുകയോ ചെയ്യാവുന്നതാണ്.

21. സാക്ഷികളെ സംബന്ധിച്ചുള്ള ചട്ടങ്ങരം സമൺ ചെയ്യപ്പെട്ട കക്ഷികരംക്ക് ബാധകമാകുമെന്ന്.—ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയോട്, തെളിവ് നല്കാനോ രേഖ ഹാജരാക്കാനോ ആവശ്യപ്പെടുന്നിടത്ത്, സാക്ഷികളെ സംബന്ധിച്ചുള്ള വ്യവസ്ഥകരം, അവ ബാധകമാകുന്നിടത്തോളം, അയാരംക്ക് ബാധകമായിരിക്കുന്നതാകുന്നു.

## ആർഡർ XVI ക

# കാരാഗൃഹങ്ങളിൽ തടഞ്ഞുവയ്ക്കപ്പെടുന്നതോ തടങ്കലിൽ വയ്ക്കപ്പെടുന്നതോ ആയ സാക്ഷികൾ സന്നിഹിതരാകുന്നത്

1. നിർവ്വചനങ്ങൾ.— ഈ ആർഡറിൽ,—

(ക) "തടങ്കലിൽ വയ്ക്കപ്പെടുന്ന" എന്നതിൽ, നിവാരകത്തടങ്കലിനു വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ തടങ്കലിൽ വയ്ക്കുന്നത് ഉൾപ്പെടുന്നതും ;

(ഖ) "കാരാഗൃഹത്തിൽ" എന്നതിൽ, —

(i) സ്റ്റേററു ഗവൺമെൻറ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി സബ്സിഡിയറി ജയിലായി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലവും ;

(ii) ഏതെങ്കിലും ദുർഗ്ഗുണപരിഹാരപാഠശാലയും, അല്ലെങ്കിൽ ബോസ്ററൽ സ്ഥാപനവും, അല്ലെങ്കിൽ സദൃശപ്രകൃതമുള്ള മററ് സ്ഥാപനവും; ഉൾപ്പെടുന്നതും

ആകുന്നു.

2. തെളിവു നല്കാൻ തടവുകാർ സന്നിഹിതരാകുന്നത് ആവശ്യപ്പെടാനുള്ള അധികാരം.— സ്റ്റേററിനകത്തുള്ള ഒരു കാരാഗൃഹത്തിൽ തടഞ്ഞു വയ്ക്കുന്നതോ തടങ്കലിൽ വയ്ക്കുന്നതോ ആയ ഒരു ആളുടെ തെളിവ്, ഒരു വ്യവഹാരത്തിൽ സാരവത്തായതാണെന്ന് തോന്നുന്നിടത്ത്, കോടതിക്ക് ആ ആളെ കോടതി മുമ്പാകെ തെളിവു നല്കുന്നതിന് ഹാജരാക്കാൻ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുന്ന ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, കാരാഗൃഹത്തിൽനിന്ന് കോടതിമന്ദിരത്തിലേക്കുള്ള അകലം ഇരുപത്തഞ്ചു കിലോമീററിൽ അധികമാണെങ്കിൽ, അങ്ങനെയുള്ള ആളെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കുന്നത് പര്യാപ്തമാവുകയില്ലെന്നു കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

3. ചെലവുകൾ കോടതിയിൽ ഒടുക്കണമെന്ന്. — (1) 2-ാം ചട്ടത്തിൻ കീഴിൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, കോടതി, ഏത് കക്ഷിയുടെ അർത്ഥനയിൻമേലോ ഗുണത്തിനുവേണ്ടിയോ ആണ് ആ ഉത്തരവ് പുറപ്പെടുവിക്കേണ്ടതു്, ആ കക്ഷിയോട് ഉത്തരവിന്റെ നടത്തലിനുള്ള ചെലവുകൾ, സാക്ഷിയ്ക്കു ഏർപ്പാടു ചെയ്തിട്ടുള്ള അകമ്പടിയുടെ യാത്രാച്ചെലവും മററു ചെലവുകളും ഉൾപ്പെടെ, കൊടുത്തു തീർക്കാൻ മതിയായതാണെന്നു കോടതിക്ക് തോന്നുന്ന തുക കോടതിയിൽ ഒടുക്കാൻ ആവശ്യപ്പെടേണ്ടതാകുന്നു.

(2) കോടതി, ഹൈക്കോടതിക്ക് കീഴിലുള്ളതായിരിക്കുന്നിടത്ത് അങ്ങനെയുള്ള ചെലവുകളുടെ തോത് നിജപ്പെടുത്തുന്നതിൽ, ഹൈക്കോടതി അതിലേയ്ക്കു ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾ പരിഗണിക്കേണ്ടതാകുന്നു.

4. ചില ആളുകളെ 2-ാം ചട്ടത്തിന്റെ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കാനുള്ള സ്റ്റേറ്റു ഗവൺമെന്റിന്റെ അധികാരം.— (1) (2)-ാം ഉപചട്ടത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ പരിഗണിച്ചുകൊണ്ട് സ്റ്റേറ്റു ഗവൺമെന്റിന് ഏതു സമയത്തും സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഏതെങ്കിലും ആളേയോ തരം ആളുകളേയോ അയാളെ അല്ലെങ്കിൽ അവരെ തടഞ്ഞുവയ്ക്കുന്നതോ, തടങ്കലിൽ വയ്ക്കുന്നതോ ആയ കാരാഗൃഹത്തിൽനിന്നു നീക്കം ചെയ്യാൻ പാടില്ലെന്നു നിദേശിക്കാവുന്നതും, അതോടെ ആ ഉത്തരവു പ്രാബല്യത്തിൽ ഇരിക്കുന്നിടത്തോളം, 2-ാം ചട്ടത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന യാതൊരു ഉത്തരവിനും, അത് സ്റ്റേറ്റ് ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവിന് മുൻപുള്ളതോ പിൻപുള്ളതോ ആയാലും, അങ്ങനെയുള്ള ആളേയോ തരം ആളുകളേയോ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ, ഒരുത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് സ്റ്റേറ്റ് ഗവൺമെന്റ് താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കേണ്ടതാണ്, അതായത്, —

(ക) ഏതു കുറ്റത്തിനാണ്, അല്ലെങ്കിൽ ഏത് കാരണങ്ങളിൻമേലാണ് അങ്ങനെയുള്ള ആളേയോ തരം ആളുകളേയോ, കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കാനോ തടങ്കലിൽ വയ്ക്കാനോ ഉത്തരവ് ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള കുറ്റത്തിന്റേയോ കാരണങ്ങളുടേയോ പ്രകൃതം ;

(ഖ) ആ ആളേയോ തരം ആളുകളേയോ കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യാൻ അനുവദിക്കുന്നുവെങ്കിൽ പൊതുസമാധാനത്തിന് കലക്കം ഉണ്ടാകാൻ ഇടയുണ്ടെന്നുള്ളത് ;

(ഗ) പൊതു താത്പര്യം, സാമാന്യമായി.

5. ചില സംഗതികളിൽ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് നടപ്പാക്കാതിരിക്കണമെന്ന്. — ആരെ സംബന്ധിച്ചാണോ 2-ാം ചട്ടത്തിൻ കീഴിൽ ഉത്തരവു പുറപ്പെടുവിക്കുന്നത്, ആ ആൾ —

(ക) രോഗമോ ദൗർബല്യമോ കാരണമായി കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യപ്പെടാൻ പററാത്തവനാണെന്ന് കാരാഗൃഹത്തോട് അനുബന്ധിച്ചുള്ള മെഡിക്കൽ ആഫീസർ സർട്ടിഫൈ ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) വിചാരണയ്ക്ക് കമ്മിററ് ചെയ്യപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ വിചാരണയോ പ്രാരംഭികാന്വേഷണമോ നിലവിലിരിക്കെ റിമാൻഡിലായിരിക്കുകയോ, അല്ലെങ്കിൽ

(ഗ) ഉത്തരവ് അനുസരിച്ചു പ്രവർത്തിക്കുന്നതിനും, അയാളെ തടഞ്ഞുവച്ചിരിക്കുകയോ തടങ്കലിൽ വച്ചിരിക്കുകയോ ചെയ്യുന്ന കാരാഗൃഹത്തിലേയ്ക്ക് തിരിയെ കൊണ്ടുവരുന്നതിനും ആവശ്യകമായ സമയം അവസാനിക്കുന്നതിനു മുമ്പ് അവസാനിക്കുന്ന ഒരു കാലാവധിയിലേക്കുള്ള കസ്ററഡിയിലായിരിക്കുകയോ ; അല്ലെങ്കിൽ

(ഘ) 4-ാം ചട്ടത്തിൻകീഴിൽ സ്റ്റേറ്റു ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവ് ബാധകമാകുന്ന ഒരാൾ ആയിരിക്കുകയോ,

ചെയ്യുന്നിടത്ത്, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ കോടതിയുടെ ഉത്തരവു നടപ്പാക്കാതിരിക്കേ, അപ്രകാരം ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങളുടെ ഒരു പ്രസ്താവന കോടതിക്ക് അയച്ചു കൊടുക്കേണ്ടതും ആകുന്നു.

6. തടവുകാരനെ കോടതിയിലേക്ക് കസ്റ്റഡിയിൽ കൊണ്ടുവരണമെന്ന്.— മറ്റേതെങ്കിലും സംഗതിയൽ, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ, കോടതിയുടെ ഉത്തരവ് ഏല്പിക്കപ്പെടുന്നതിന്മേൽ, അതിൽ പേരു പറഞ്ഞിട്ടുള്ള ആളെ, അതിൽ പറഞ്ഞിട്ടുള്ള സമയത്ത് അവിടെ ഉണ്ടായിരിക്കത്തക്കവിധം ഹാജരാകുന്നതിലേക്ക് കോടതിയിൽ എത്തിക്കേണ്ടതും, അയാളെ വിസ്തരിക്കുന്നതുവരേയോ, അല്ലെങ്കിൽ അയാളെ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുന്ന കാരാഗൃഹത്തിലേക്ക് അയാളെ തിരിയെ കൊണ്ടുപോകാൻ കോടതി പ്രാധികാരപ്പെടുത്തുന്നതുവരേയോ, അയാളെ കോടതിയിലോ കോടതിക്കടുത്തോ കസ്റ്റഡിയിൽ സൂക്ഷിപ്പിക്കേണ്ടതുമാകുന്നു.

7. കാരാഗൃഹത്തിലുള്ള സാക്ഷിയെ വിസ്തരിക്കുന്നതിനു കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അധികാരം.— (1) ഒരു കാരാഗൃഹത്തിൽ, സ്റ്റേററിനുള്ളിലോ ഇൻഡ്യയിൽ മറ്റെവിടെയെങ്കിലുമോ ആയാലും, തടഞ്ഞുവയ്ക്കപ്പെടുകയോ തടങ്കലിൽ വയ്ക്കപ്പെടുകയോ ചെയ്യുന്ന ഒരാളുടെ തെളിവ്, ഒരു വ്യവഹാരത്തിൽ സാരവത്താണെന്നും എന്നാൽ അങ്ങനെയുള്ള ആളുടെ സന്നിഹിതനാകൽ ഈ ആർഡറിലെ തൊട്ടുമുൻപുള്ള വ്യവസ്ഥകൾക്ക് കീഴിൽ ലഭ്യമാക്കാൻ കഴിയുകയില്ലെന്നും തോന്നുന്നിടത്ത്, കോടതിക്ക്, അങ്ങനെയുള്ള ആളെ, അയാളെ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുന്ന കാരാഗൃഹത്തിൽവച്ച് വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാകുന്നു.

(2) അങ്ങനെയുള്ള ആളെ കാരാഗൃഹത്തിൽവച്ച് കമ്മീഷൻ മുഖാന്തരം വിസ്തരിക്കുന്നത് സംബന്ധിച്ച് ആർഡർ XXVI-ലെ വ്യവസ്ഥകൾ ആകുന്നിത്ര, മറ്റേതെങ്കിലും ആളെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കുന്നതിന് ബാധകമാകുന്നതുപോലെ, ബാധകമായിരിക്കുന്നതാകുന്നു.

## ആർഡർ XVII

## നീട്ടിവയ്ക്കലുകൾ

1. (1) കോടതിക്ക് സമയം അനുവദിക്കുകയും, വിചാരണ നീട്ടിവയ്ക്കുകയും ചെയ്യാമെന്ന്.— മതിയായ കാരണം കാണിക്കുന്നുവെങ്കിൽ, കോടതിക്ക് വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, കക്ഷികൾക്കോ അവരിൽ ആർക്കെങ്കിലുമോ സമയം അനുവദിക്കാവുന്നതും, വ്യവഹാരത്തിന്റെ ഹീയറിങ്ങ് അപ്പോഴപ്പോൾ നീട്ടിവയ്ക്കാവുന്നതുമാകുന്നു.

2. നീട്ടിവയ്ക്കുന്നതിന്റെ കോടതിച്ചെലവ്.— അങ്ങനെയുള്ള ഏതൊരു സംഗതിയിലും, കോടതി വ്യവഹാരത്തിന്റെ തുടർന്നുള്ള ഹിയറിങ്ങിന് ഒരു ദിവസം നിജപ്പെടുത്തേണ്ടതും, അങ്ങനെയുള്ള നീട്ടിവയ്ക്കൽ ഉളവാക്കുന്ന കോടതി ചെലവ് സംബന്ധിച്ച് കോടതിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ് :

എന്നാൽ, —

(ക) വ്യവഹാരത്തിന്റെ ഹിയറിങ്ങ് ആരംഭിച്ചു കഴിഞ്ഞിട്ടുള്ളപ്പോൾ, അത്, പിറേറ ദിവസത്തിനപ്പുറത്തേയ്ക്ക് ഹിയറിങ്ങ് നീട്ടിവയ്ക്കേണ്ടത് ആവശ്യമാണെന്ന് റിക്കാർഡാക്കേണ്ട അസാധാരണ കാരണങ്ങളാൽ കോടതി കാണാത്തപക്ഷം, സന്നിഹിതരായിട്ടുള്ള എല്ലാ സാക്ഷികളേയും വിസ്തരിക്കുന്നതുവരെ, അനുദിനം തുടരേണ്ടതും ;

(ഖ) ഒരു കക്ഷിയുടെ അപേക്ഷയിന്മേൽ യാതൊരു നീട്ടിവയ്ക്കലും പരിതഃസ്ഥിതികൾ, ആ കക്ഷിയുടെ നിയന്ത്രണത്തിനതീതമായിരിക്കുന്നിടത്ത് കഴികെ, അനുവദിക്കാൻ പാടില്ലാത്തതും;

(ഗ) ഒരു കക്ഷിയുടെ പ്ലീഡർ മററൊരു കോടതിയിൽ വ്യാപൃതനായിരിക്കുകയാണെന്ന വസ്തുത നീട്ടിവയ്ക്കലിന്റെ കാരണമായിരിക്കുന്നതല്ലാത്തതും,

(ഘ) പ്ലീഡറുടെ രോഗമോ, അയാൾ മററൊരു കോടതിയിൽ വ്യാപൃതനായിരിക്കുകയാണെന്നുള്ളതല്ലാത്ത ഏതെങ്കിലും കാരണത്താൽ കേസ്സ് നടത്താനുള്ള അയാളുടെ കഴിവില്ലായ്മയോ നീട്ടിവയ്ക്കലിനുള്ള കാരണമായി ഉന്നയിക്കപ്പെടുന്നിടത്ത്, കോടതി, നീട്ടിവയ്ക്കലിന് അപേക്ഷിക്കുന്ന കക്ഷിക്ക് മററൊരു പ്ലീഡറെ സമയത്തിന് ഏർപ്പെടുത്താൻ കഴിയുമായിരുന്നില്ലെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം നീട്ടിവയ്ക്കൽ അനുവദിക്കാൻ പാടില്ലാത്തതും,

(ങ) സാക്ഷി കോടതിയിൽ ഉണ്ടായിരിക്കുകയും, എന്നാൽ കക്ഷിയോ അയാളുടെ പ്ലീഡറോ ഇല്ലാതിരിക്കുകയോ, അല്ലെങ്കിൽ കക്ഷിയോ അയാളുടെ പ്ലീഡറോ കോടതിയിൽ ഉണ്ടെങ്കിലും ആ സാക്ഷിയെ വിസ്തരിക്കാനോ എതിർവിസ്താരം ചെയ്യാനോ തയ്യാറല്ലാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, സാക്ഷിയുടെ സ്റേററുമെൻറ് റിക്കാർഡാക്കാവുന്നതും, മുൻപറഞ്ഞതുപോലെ, ഇല്ലാതിരിക്കുകയോ തയ്യാറല്ലാതിരിക്കുകയോ ചെയ്യുന്ന കക്ഷിയോ, അയാളുടെ പ്ലീഡറോ, സാക്ഷിയെ, അതതു സംഗതിപോലെ, വിസ്തരിക്കുന്നതോ എതിർ വിസ്താരം ചെയ്യുന്നതോ വേണ്ടെന്നുവച്ചു യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കാവുന്നതും,

ആകുന്നു.

2. <u>നിജപ്പെടുത്തിയ ദിവസം കക്ഷികൾ ഹാജരാകാതിരിക്കുന്നുവെങ്കിലുള്ള നടപടിക്രമം.</u>— ഏതൊരു ദിവസത്തേക്കാണോ വ്യവഹാരത്തിന്റെ ഹിയറിങ്ങ് നീട്ടിവയ്ക്കപ്പെടുന്നതു, ആ ദിവസം, കക്ഷികളോ അവരിൽ ആരെങ്കിലുമോ ഹാജരാകാതിരിക്കുന്നിടത്ത്, കോടതിക്ക് ആർഡർ IX അതിലേയ്ക്ക് നിദേശിക്കുന്ന സമ്പ്രദായങ്ങളിൽ ഒന്നിൽ വ്യവഹാരം തീർച്ച ചെയ്യാൻ നടപടി തുടരുകയോ യുക്തമെന്നു തോന്നുന്ന മററു ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

<u>വിശദീകരണം.</u>— ഏതെങ്കിലും കക്ഷിയുടെ തെളിവോ, തെളിവിന്റെ ഗണ്യമായ ഒരു ഭാഗമോ റിക്കാർഡാക്കിക്കഴിഞ്ഞിരിക്കുകയും അങ്ങനെയുള്ള കക്ഷി, വ്യവഹാരത്തിന്റെ ഹിയറിങ്ങ് നീട്ടിവയ്ക്കുന്നത് ഏതൊരു ദിവസത്തേക്കാണോ, ആ ദിവസം ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് അങ്ങനെയുള്ള കക്ഷി ഉണ്ടായിരുന്നാലെന്നപോലെ, നടപടി തുടരാവുന്നതാകുന്നു.

3. <u>ഇരുകക്ഷികളിൽ ആരെങ്കിലും തെളിവു ഹാജരാക്കാതിരിക്കുകയോ, മററോ ചെയ്യുന്നുവെന്നിരുന്നാലും കോടതിക്ക് നടപടി തുടരാമെന്ന്.</u>— സമയം അനുവദിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യവഹാരകക്ഷി തന്റെ തെളിവു ഹാജരാക്കുന്നതിനോ, തന്റെ സാക്ഷികളെ സന്നിഹിതരാക്കുന്നതിനോ, വ്യവ

ഹാരത്തിന്റെ കൂടുതൽ പുരോഗതിക്ക് ആവശ്യകമായ മറ്റേതെങ്കിലും കൃത്യം ചെയ്യുന്നതിനോ, ഏതിനാണ് സമയം അനുവദിക്കപ്പെട്ടിട്ടുള്ളത്, അതു ചെയ്യാതിരിക്കുന്നിടത്ത്, കോടതിക്ക്, അങ്ങനെ ചെയ്യാതിരിക്കുന്നുവെന്നിരുന്നാലും, —

(ക) കക്ഷികൾ അവിടെ ഉണ്ടായിരിക്കുന്നുവെങ്കിൽ, വ്യവഹാരം ഉടനടി തീരുമാനിക്കാൻ നടപടി തുടരുകയോ ;

(ഖ) കക്ഷികളോ, അവരിൽ ആരെങ്കിലുമോ അവിടെയില്ലാതിരിക്കുന്നുവെങ്കിൽ, 2-ാം ചട്ടത്തിൻകീഴിൽ നടപടി തുടരുകയോ, ചെയ്യാവുന്നതാകുന്നു.

## ആർഡർ XVIII

# വ്യവഹാരത്തിന്റെ ഹീയറിങ്ങും സാക്ഷികളുടെ വിസ്താരവും.

1. ആരംഭിക്കാനുള്ള അവകാശം.—പ്രതി, വാദി ആഖ്യാപിക്കുന്ന വസ്തുതകൾ സമ്മതിക്കുകയും, നിയമപ്രശ്നത്തിൻമേലോ, അല്ലെങ്കിൽ പ്രതി ആഖ്യാപിക്കുന്ന ചില കൂടുതൽ വസ്തുതകളിൽമേലോ, വാദിയ്ക്ക്, അയാൾ തേടുന്ന നിവൃത്തിയുടെ ഏതെങ്കിലും ഭാഗത്തിന് അവകാശമില്ലെന്ന് വാദിക്കുകയും ചെയ്യാത്തപക്ഷം, ആരംഭിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നത് വാദിക്കും, പ്രതി അങ്ങനെ ചെയ്യുന്നസംഗതിയിൽ ആരംഭിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നത് പ്രതിക്കും, ആകുന്നു.

2. പ്രസ്താവനയും തെളിവു ഹാജരാക്കലും.—(1) വ്യവഹാരത്തിന്റെ ഹീയറിങ്ങിന് നിജപ്പെടുത്തിയിട്ടുള്ള ദിവസമോ, അല്ലെങ്കിൽ മറ്റ് ഏതു ദിവസത്തേക്കാണോ ഹീയറിങ്ങ് നീട്ടിവച്ചിട്ടുള്ളത്, ആ ദിവസമോ ആരംഭിക്കാനുള്ള അവകാശമുള്ള കക്ഷി തന്റെ കേസ്സ് പ്രസ്താവിക്കുകയും, താൻ തെളിയിക്കാൻ ഒരു ബാദ്ധ്യസ്ഥനായ വിവാദ്യകങ്ങൾക്ക് താങ്ങായുള്ള തെളിവു ഹാജരാക്കുകയും ചെയ്യേണ്ടതാകുന്നു.

(2) പിന്നീട്, മറ്റേകക്ഷി തന്റെ കേസ്സുപ്രസ്താവിക്കുകയും തന്റെ തെളിവ് (വല്ലതും ഉണ്ടെങ്കിൽ) ഹാജരാക്കുകയും ചെയ്യേണ്ടതും, പിന്നീട് അയാൾക്ക് സാമാന്യമായി മുഴുവൻ കേസ്സിനെക്കുറിച്ചും കോടതിയെഅഭിസംബോധനചെയ്തു പ്രസംഗിക്കാവുന്നതും ആകുന്നു.

(3) ആരംഭിക്കുന്ന കക്ഷിക്ക്, പിന്നീട് മുഴുവൻ കേസ്സിൻമേലും സാമാന്യമായി മറുപടി പറയാവുന്നതാണ്.

(4) ഈ ചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിക്ക് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, ഏതെങ്കിലും ഘട്ടത്തിൽ ഏതെങ്കിലും സാക്ഷിയെ വിസ്തരിക്കാൻ ഏതെങ്കിലും കക്ഷിയോട് നിർദ്ദേശിക്കുകയോ കക്ഷിയെ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

3. പല വിവാദ്യകങ്ങൾ ഉള്ളിടത്തുള്ള തെളിവ്.—പല വിവാദ്യകങ്ങൾ ഉണ്ടായിരിക്കുകയും, അവയിൽ ചിലത്, തെളിയിക്കേണ്ട ഭാരം മറ്റേ കക്ഷിയ്ക്ക് ആയിരിക്കുകയും ചെയ്യുന്നിടത്ത്, ആരംഭിക്കുന്ന കക്ഷിക്ക്, ഐച്ഛികമായി ആ വിവാദ്യകങ്ങളിൻമേലുള്ള തന്റെ തെളിവ് ഹാജരാക്കുകയോ, അല്ലെങ്കിൽ അതു, മറ്റേ കക്ഷി ഹാജരാക്കുന്ന തെളിവിന് ഉത്തരമെന്ന നിലയ്ക്ക് പിന്നേയ്ക്ക് വയ്ക്കുകയോ ചെയ്യാവുന്നതും,

രണ്ടാമതുപറഞ്ഞ സംഗതിയിൽ, ആരംഭിക്കുന്ന കക്ഷിക്ക് ആ വിവാദ്യക ങ്ങളിൻമേലുള്ള തെളിവ് മറേറ കക്ഷി, അയാളുടെ എല്ലാ തെളിവും ഹാജരാക്കിയതിനുശേഷം ഹാജരാക്കാവുന്നതും, അപ്പോൾ മറേറ കക്ഷിക്ക്, ആരംഭിച്ച കക്ഷി അപ്രകാരം ഹാജരാക്കിയ തെളിവിൻമേൽ പ്രത്യേകമായി മറുപടി പറയാവുന്നതും; എന്നാൽ, അപ്പോൾ ആരംഭിക്കുന്ന കക്ഷിക്ക് മുഴുവൻ കേസ്സിൻമേലും സാമാന്യമായി മറുപടി പറയാൻ അവകാശ മുണ്ടായിരിക്കുന്നതും ആകുന്നു.

3ക. കക്ഷി, മററു സാക്ഷികൾക്ക് മുമ്പ് ഹാജരാകണമെന്ന്.—ഒരു കക്ഷി സ്വയം സാക്ഷിയായി ഹാജരാകാൻ ആഗ്രഹിക്കുന്നിടത്ത്, അയാൾ കോടതി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ അയാളെ പിന്നീടുള്ള ഒരു ഘട്ടത്തിൽ തന്റെ തന്നെസാക്ഷിയായി ഹാജരാകാൻ അനുവദിക്കാത്തപക്ഷം, അയാൾക്കുവേണ്ടിയുള്ള മറേറതെങ്കിലും സാക്ഷിയെ വിസ്തരിക്കുന്നതിനു മുമ്പ്, അപ്രകാരം ഹാജരാക്കേണ്ടതാകുന്നു.

4. സാക്ഷികളെ തുറന്ന കോടതിയിൽ വച്ച് വിസ്തരിക്കണമെന്ന്.—സന്നിഹിതരാകുന്ന സാക്ഷികളുടെ തെളിവ്, തുറന്ന കോടതിയിൽവച്ച്, ജഡ്ജിയുടെ സാന്നിധ്യത്തിലും അദ്ദേഹത്തിന്റെ നേരിട്ടുള്ള നിദേശ ത്തിനും മേലന്വേഷണത്തിനും കീഴിലും വാക്കാൽതെളിവായി എടുക്കേണ്ട താകുന്നു.

5. അപ്പീൽ കൊടുക്കാവുന്ന കേസ്സുകളിൽ തെളിവ് എടുക്കേണ്ടത് എങ്ങനെയെന്ന്.—അപ്പീൽഅനുവദനീയമായ കേസ്സുകളിൽ, ഓരോ സാക്ഷി യുടേയും തെളിവ് —

(ക) കോടതിയിലെ ഭാഷയിൽ,—

(i) ലിഖിതമായി, ജഡ്ജിയോ, അല്ലെങ്കിൽ ജഡ്ജിയുടെ സാന്നി ദ്ധ്യത്തിലും നേരിട്ടുള്ള നിദേശത്തിനും മേലന്വേഷണത്തിനും കീഴിലുമോ, അല്ലെങ്കിൽ

(ii) ജഡ്ജി പറഞ്ഞുകൊടുക്കുന്നതിൽ നിന്ന നേരിട്ടു ടൈറ്റപ്പ് റൈറററിൻമേലോ,

എടുക്കുകയോ ; അല്ലെങ്കിൽ

(ഖ) ജഡ്ജിയുടെ സാന്നിദ്ധ്യത്തിൽ കോടതിയിലെ ഭാഷയിൽ യാന്ത്രികമായി റിക്കാർഡ് ചെയ്യപ്പെടണമെന്ന് റിക്കാർഡാക്കേണ്ട കാരണ ങ്ങളാൽ, ജഡ്ജി നിദേശിക്കുന്നുവെങ്കിൽ, അപ്രകാരം റിക്കാർഡ് ചെയ്യുകയോ ;

ചെയ്യേണ്ടതാകുന്നു.

6. മൊഴി എപ്പോൾ ഭാഷാന്തരം ചെയ്തുകൊടുക്കണമെന്ന്.—തെളിവ്, അതു നല്കപ്പെടുന്ന ഭാഷയിൽനിന്ന് വ്യത്യസ്ഥമായ ഒരു ഭാഷയിൽ എടുക്കപ്പെടുകയും, അതു എടുക്കപ്പെടുന്ന ഭാഷ സാക്ഷിക്ക് മനസ്സി ലാകാതിരിക്കുകയും ചെയ്യുന്നിടത്ത്, ലിഖിതമായി എടുത്തപ്രകാരമുള്ള തെളിവ്, അതു ഏതു ഭാഷയിലാണോ നല്കപ്പെട്ടിട്ടുള്ളത്, ആ ഭാഷയിൽ അയാൾക്ക് ഭാഷാന്തരം ചെയ്തുകൊടുക്കേണ്ടതാകുന്നു.

7. 138-ാം വകുപ്പിൻകീഴിലെ തെളിവ്.—138-ാം വകുപ്പിൻകീഴിൽ എടുക്ക പ്പെടുന്ന തെളിവ്, 5-ാം ചട്ടം നിർണ്ണയിക്കുന്ന രൂപത്തിൽ ആയിരിക്കേണ്ടതും, അതു വായിച്ചുകേൾപ്പിക്കേണ്ടതും ഒപ്പിടേണ്ടതും, സന്ദർഭം ആവശ്യപ്പെടു അതുപോലെ, അതു, ആ ചട്ടത്തിൻകീഴിൽ എടുക്കപ്പെട്ട തെളിവായിരുന്ന ലെന്നപോലെ, ഭാഷാന്തരം ചെയ്തു കൊടുക്കുകയും തിരുത്തുകയും ചെയ്യേണ്ടതുമാകുന്നു.

8. ജഡ്ജിഎഴുതിയെടുത്തതില്ലാത്തപ്പോഴുള്ള മെമ്മോറാണ്ഡം.—തെളിവ് ജഡ്ജിയാലോ അല്ലെങ്കിൽ തുറന്ന കോടതിയിൽ അദ്ദേഹം പറഞ്ഞു കൊടുക്കുന്നതിൽനിന്നോ എഴുതിഎടുക്കപ്പെടുകയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ, യാന്ത്രികമായി റിക്കാർഡാക്കുകയോ ചെയ്യാത്തിടത്ത് ഓരോസാക്ഷിയുടേയും വിസ്താരം തുടർന്നുകൊണ്ടിരിക്കെ ഓരോ സാക്ഷിയും മൊഴികൊടുക്കുന്നതിന്റെ സാരാംശത്തിന്റെ ഒരു മെമ്മോറാണ്ഡം ഉണ്ടാക്കാൻ അദ്ദേഹം ബാദ്ധ്യതസ്ഥനായിരിക്കുന്നതും അങ്ങനെയുള്ള മെമ്മോറാണ്ഡം ജഡ്ജി എഴുതുകയും ഒപ്പിടുകയു ചെയ്യേണ്ടതും ടി റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതുമാകുന്നു.

9. എപ്പോൾ തെളിവ് ഇംഗ്ലീഷിൽ എടുക്കാമെന്ന്.—(1) ഇംഗ്ലീഷ്, കോടതിയിലെ ഭാഷയല്ലാതിരിക്കുകയും, എന്നാൽ ഇംഗ്ലീഷിൽ നല്കുന്ന തെളിവ് ഇംഗ്ലീഷിൽ എഴുതിയെടുക്കുന്നതിന് വ്യവഹാരത്തിൽ നേരിട്ട് ഹാജരാകുന്ന എല്ലാ കക്ഷികളും. പ്ലീഡർമാർ മുഖാന്തരം ഹാജരാകുന്ന കക്ഷികളുടെ പ്ലീഡർമാരും ആക്ഷേപിക്കാതിരിക്കുകയും ചെയ്യുന്നിടത്ത് ജഡ്ജിക്ക്, അപ്രകാരം എഴുതിയെടുക്കുകയോ, എഴുതി എടുപ്പിക്കുകയോ ചെയ്യാവുന്നതാകുന്നു.

(2) തെളിവ് ഇംഗ്ലീഷിൽ നല്കാതിരിക്കുകയും എന്നാൽ നേരിട്ട് ഹാജരാകുന്ന എല്ലാ കക്ഷികളും, പ്ലീഡർമാർ മുഖാന്തരം ഹാജരാകുന്ന കക്ഷികളുടെ പ്ലീഡർമാരും, അങ്ങനെയുള്ള തെളിവ് ഇംഗ്ലീഷിൽ എഴുതിയെടുക്കുന്നതിനെ ആക്ഷേപിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, ജഡ്ജിക്ക്, അങ്ങനെയുള്ള തെളിവ് ഇംഗ്ലീഷിൽ എഴുതിയെടുക്കുകയോ എഴുതിയെടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

10. ഏതെങ്കിലും പ്രത്യേക ചോദ്യവും ഉത്തരവും എഴുതി എടുക്കണമെന്ന്.—കോടതിക്ക്, സ്വയമേവ, അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയുടേയോ അയാളുടെ പ്ലീഡറുടേയോ അപേക്ഷയിൻമേൽ, ഏതെങ്കിലും പ്രത്യേക ചോദ്യവും ഉത്തരവും അല്ലെങ്കിൽ ഏതെങ്കിലും ചോദ്യത്തിനുള്ള ആക്ഷേപം എഴുതി എടുക്കാൻ ഏതെങ്കിലും വിശേഷാൽ കാരണം, ഉള്ളതായികാണുന്നുവെങ്കിൽ. അപ്രകാരം ചെയ്യാവുന്നതാണ്.

11. ആക്ഷേപിക്കപ്പെടുകയും കോടതി അനുവദിക്കുകയും ചെയ്യുന്ന ചോദ്യങ്ങൾ.—ഒരു സാക്ഷിയോട് ചോദിക്കുന്ന ഏതെങ്കിലും ചോദ്യത്തെ, കക്ഷിയോ അയാളുടെ പ്ലീഡറോ ആക്ഷേപിക്കുകയും, അതു ചോദിക്കാൻ കോടതി അനുവദിക്കുകയും ചെയ്യുന്നിടത്ത്, ജഡ്ജി ചോദ്യവും ഉത്തരവും ആക്ഷേപവും അതു പുറപ്പെടുവിക്കുന്ന ആളുടെ പേരും, അതിൻമേലുള്ള കോടതിയുടെ തീരുമാനസഹിതം എഴുതിഎടുക്കേണ്ടതാകുന്നു.

12. സാക്ഷികളുടെ ചേഷ്ടിതത്തെക്കുറിച്ചുള്ള റിമാർക്കുകൾ.—കോടതിക്ക്, വിസ്തരിക്കപ്പെട്ടുകൊണ്ടിരിക്കെയുള്ള ഏതെങ്കിലും സാക്ഷിയുടെ ചേഷ്ടിതം സംബന്ധിച്ച്, സാരവത്താണെന്ന് അതിനുതോന്നുന്ന റിമാർക്കുകൾ റിക്കാർഡാക്കാവുന്നതാണ്.

13. അപ്പീൽ കൊടുക്കാവുന്നതല്ലാത്ത കേസ്സുകളിലെ തെളിവ് മെമ്മോറാണ്ഡം.—അപ്പീൽ അനുവദനീയമല്ലാത്ത കേസ്സുകളിൽ, സാക്ഷികളുടെ തെളിവ് പൂർണ്ണമായി എഴുതി എടുക്കുകയോ, കേട്ടെഴുതാൻ പറഞ്ഞുകൊടുക്കുകയോ റിക്കാർഡാക്കുകയോ ചെയ്യുന്നത് ആവശ്യമായിരിക്കുന്നതല്ലാത്തതും ; എന്നാൽ, ജഡ്ജി, ഓരോ സാക്ഷിയുടെയും വിസ്താരം തുടർന്നുകൊണ്ടിരിക്കെ, സാക്ഷി, മൊഴികൊടുക്കുന്നതിന്റെ സാരാംശത്തിന്റെ

മെമ്മോറാണ്ഡം ലിഖിതമായി ഉണ്ടാക്കുകയോ, ടൈററപ്പുചെയ്യാൻ നേരിട്ട് പറഞ്ഞുകൊടുക്കുകയോ, അല്ലെങ്കിൽ യാന്ത്രികമായി റിക്കാർഡ് ചെയ്യിക്കുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള മെമ്മോറാണ്ഡം, ജഡ്ജി ഒപ്പിടുകയോ, മററുവിധത്തിൽ പ്രമാണീകരിക്കുകയോ ചെയ്യേണ്ടതും, അതു റിക്കാർഡിൻെറ ഭാഗമായിത്തീരുന്നതുമാകുന്നു.

14. [സിവിൽ നടപടി നിയമസംഹിത (ഭേദഗതി) ആക്ററ്, 1976-നാൽ വിട്ടുകളയപ്പെട്ടു.]

15. <u>മറെറാരു ജഡ്ജി മുമ്പാകെ എടുത്തിട്ടുള്ള തെളിവ് കൈകാര്യം ചെയ്യാനുള്ള അധികാരം.</u>—(1) ഒരു ജഡ്ജി മരണത്താലോ സ്ഥലംമാററത്താലോ മററുകാരണത്താലോ ഒരു വ്യവഹാരത്തിൻെറ വിചാരണ സമാപിക്കുന്നതിൽനിന്ന്, തടയപ്പെടുന്നിടത്ത്, അദ്ദേഹത്തിൻെറ പിൻഗാമിക്ക്, മുൻപറഞ്ഞ ചട്ടങ്ങൾക്കു കീഴിൽ എഴുതിയെടുത്തിട്ടുള്ളതോ ഉണ്ടാക്കിയിട്ടുള്ളതോ ആയ ഏതെങ്കിലും തെളിവോ മെമ്മോറാണ്ഡമോ, അങ്ങനെയുള്ള തെളിവോ മെമ്മോറാണ്ഡമോ ആ ചട്ടങ്ങൾക്കുകീഴിൽ, താനോ തൻെറ നിദേശത്തിൻകീഴിലോ എഴുതിയെടുക്കുകയോ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ, കൈകാര്യംചെയ്യാവുന്നതും, വ്യവഹാരം, തൻെറ മുൻഗാമി വിട്ടുപോയ ഘട്ടത്തിൽനിന്ന് തുടരാവുന്നതുമാകുന്നു.

(2) (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾ, അവ ബാധകമാകുന്നിടത്തോളം, 24-ാം വകുപ്പിൻ കീഴിൽ മാററുന്ന ഒരു വ്യവഹാരത്തിൽ എടുക്കുന്ന തെളിവിന്, ബാധകമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

16. <u>സാക്ഷിയെ ഉടനെ വിസ്തരിക്കാനുള്ള അധികാരം.</u>—(1) ഒരു സാക്ഷി, കോടതിയുടെ അധികാരിത വിട്ടുപോകാൻ പോവുകയോ, അല്ലെങ്കിൽ, അയാളുടെ തെളിവ് ഉടനെ എടുക്കേണ്ടത് എന്തുകൊണ്ടാണെന്നുള്ളതിന് കോടതിക്ക് ബോദ്ധ്യപ്പെടുത്തത്തക്കവിധം മററു മതിയായ കാരണം കാണിക്കുകയോ ചെയ്യുന്നിടത്ത്, കോടതിക്ക്, ഏതെങ്കിലും കക്ഷിയുടെയോ സാക്ഷിയുടെയോ അപേക്ഷയിൻമേൽ വ്യവഹാരം ആരംഭിച്ചതിനുശേഷം ഏത് സമയത്തും, അങ്ങനെയുള്ള സാക്ഷിയുടെ തെളിവ് ഇതിൽ ഇതിനു മുമ്പ് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ എടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള തെളിവ് ഉടനടിയും കക്ഷികളുടെ സാന്നിദ്ധ്യത്തിലും എടുക്കാത്തിടത്ത്, കക്ഷികൾക്ക് വിസ്താരത്തിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് മതിയായതെന്ന് കോടതിക്ക് തോന്നുന്ന നോട്ടീസ് നല്കേണ്ടതാകുന്നു.

(3) അപ്രകാരം എടുക്കപ്പെടുന്ന തെളിവ്, സാക്ഷിയെ വായിച്ചു കേൾപ്പിക്കേണ്ടതും, അതു ശരിയാണെന്നു സമ്മതിക്കുന്നുവെങ്കിൽ, അയാൾ അതു ഒപ്പിടേണ്ടതും, ജഡ്ജി, ആവശ്യമുണ്ടെങ്കിൽ, അതു തിരുത്തേണ്ടതും അതു ഒപ്പിടേണ്ടതും, പിന്നീട് അതു വ്യവഹാരത്തിൻെറ ഏതെങ്കിലും ഹീയറിങ്ങിൽ വായിക്കാവുന്നതുമാകുന്നു.

17. <u>കോടതിക്ക് സാക്ഷിയെ തിരിയെ വിളിക്കുകയും വിസ്തരിക്കുകയും ചെയ്യാമെന്ന്.</u>—കോടതിക്ക് ഒരു വ്യവഹാരത്തിൻെറ ഏതു ഘട്ടത്തിലും, വിസ്തരിക്കപ്പെട്ട ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിക്കാവുന്നതും, അയാളോട് (തൽസമയം പ്രാബല്യത്തിലുള്ള തെളിവു നിയമത്തിനു വിധേയമായി) കോടതിക്ക് യുക്തമെന്ന് തോന്നുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതുമാകുന്നു.

17ക. വേണ്ടത്ര ശ്രദ്ധ ഉണ്ടായിരുന്നിട്ടും, മുമ്പേ അറിയാതിരുന്നതോ ഹാജരാക്കാൻ കഴിയാതിരുന്നതോ ആയ തെളിവ് ഹാജരാക്കൽ.—വേണ്ടത്ര ശ്രദ്ധ ചെലുത്തിയതിനുശേഷവും, ഏതെങ്കിലും തെളിവ്, തന്റെ തെളിവ് ആരംഭിക്കുന്ന സമയത്ത് തന്റെ അറിവിൽപ്പെടുകയോ, തനിക്ക് ഹാജരാക്കാൻ കഴിയുകയോ ചെയ്തിരുന്നില്ലെന്ന് ഏതെങ്കിലും കക്ഷി കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത്, കോടതിക്ക്, നീതിപൂർവ്വകമെന്ന് തോന്നുന്ന വ്യവസ്ഥകളിൻമേൽ പിന്നീടുള്ള ഒരു ഘട്ടത്തിൽ, ആ തെളിവ് ഹാജരാക്കാൻ ആ കക്ഷിയെ അനുവദിക്കാവുന്നതാണ്.

18. പരിശോധിക്കാൻ കോടതിക്കുള്ള അധികാരം.—കോടതിക്ക്, ഒരു വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, ഏതു വസ്തുവോ സാധനമോ സംബന്ധിച്ചാണോ ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നത്, അങ്ങനെയുള്ള വസ്തുവോ സാധനമോ പരിശോധിക്കാവുന്നതും, ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നിടത്ത്, കോടതി പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ, അങ്ങനെയുള്ള പരിശോധനയിൽ നിരീക്ഷണം ചെയ്ത ഏതെങ്കിലും പ്രസക്ത വസ്തുതകളെക്കുറിച്ച് ഒരു മെമ്മോറാണ്ഡം ഉണ്ടാക്കേണ്ടതും, അങ്ങനെയുള്ള മെമ്മോറാണ്ഡം വ്യവഹാരത്തിലെ റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആകുന്നു.

## ആർഡർ XIX

# സത്യവാങ്മൂലങ്ങൾ

1. ഏതെങ്കിലും വസ്തുത സത്യവാങ്മൂലം വഴി തെളിയിക്കാൻ ഉത്തരവു ചെയ്യാനുള്ള അധികാരം.—ഏതെങ്കിലും കോടതിക്ക്, ഏതു സമയത്തും മതിയായ കാരണത്താൽ ഏതെങ്കിലും പ്രത്യേക വസ്തുതയോ വസ്തുതകളോ സത്യവാങ്മൂലംവഴി തെളിക്കപ്പെടാമെന്നോ, അല്ലെങ്കിൽ ഏതെങ്കിലും സാക്ഷിയുടെ സത്യവാങ്മൂലം ന്യായമാണെന്ന് കോടതിക്ക് തോന്നുന്ന വ്യവസ്ഥകളിൻമേൽ ഹീയറിങ്ങിന് വായിക്കപ്പെടാമെന്നോ ഉത്തരവ് ചെയ്യാവുന്നതാണ്.

എന്നാൽ, ഒരു സാക്ഷി, എതിർ വിസ്താരത്തിന് ഹാജരാക്കപ്പെടണമെന്നു ഇരു കക്ഷികളിൽ ആരെങ്കിലും ഉത്തമവിശ്വാസപൂർവ്വം ആഗ്രഹിക്കുന്നു എന്നും, അങ്ങനെയുള്ള സാക്ഷിയെ ഹാജരാക്കാൻ കഴിയുമെന്നും കോടതിക്ക് തോന്നുന്നിടത്ത്, അങ്ങനെയുള്ള സാക്ഷിയുടെ തെളിവ് സത്യവാങ്മൂലംവഴി നല്കാൻ പ്രാധികാരപ്പെടുത്തുന്ന ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

2. സത്യവാങ്മൂലം കൊടുക്കുന്ന ആൾ എതിർവിസ്താരത്തിന് ഹാജരാകണമെന്ന് ഉത്തരവ് ചെയ്യാനുള്ള അധികാരം.—ഏതെങ്കിലും അപേക്ഷയ്ക്ക് വേണ്ട തെളിവ് സത്യവാങ്മൂലംവഴി നല്കാവുന്നതും, എന്നാൽ കോടതിക്ക് സത്യവാങ്മൂലം കൊടുക്കുന്ന ആൾ എതിർവിസ്താരത്തിന് ഹാജരാകണമെന്ന് ഇരു കക്ഷികളിൽ ആരുടേയെങ്കിലും അഭ്യർത്ഥനയിൻമേൽ ഉത്തരവ് ചെയ്യാവുന്നതുമാണ്.

(2) അങ്ങനെയുള്ള ഹാജരാകൽ, സത്യവാങ്മൂലം കൊടുക്കുന്ന ആൾ കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയോ, കോടതി മററു വിധത്തിൽ നിദേശിക്കുകയോ ചെയ്യാത്തപക്ഷം കോടതിയിൽ ആയിരിക്കേണ്ടതാകുന്നു.

3. സത്യവാങ്ങ്മൂലങ്ങൾ ഏതു വിഷയങ്ങളിൽ ഒതുങ്ങിനിൽക്കണമെന്ന്.—(1) അന്തർവർത്തിയായ അപേക്ഷകൾക്ക് വേണ്ടിടത്തൊഴികെ, സത്യവാങ്ങ്മൂലങ്ങൾ, സത്യവാങ്ങ്മൂലം കൊടുക്കുന്ന ആൾക്ക്, തന്റെ സ്വന്തം അറിവിൽ നിന്ന് തെളിയിക്കാൻ കഴിയുന്ന വസ്തുതകളിൽ ഒതുങ്ങി നിൽക്കേണ്ടതും, അന്തർവർത്തിയായ അപേക്ഷകൾക്ക് വേണ്ടിടത്ത്, അയാളുടെ വിശ്വാസത്തിൽ നിന്നുളള പ്രസ്താവനകൾ സ്വീകരിക്കപ്പെടാവുന്നതും, എന്നാൽ അതിന് അതിന്റെ കാരണങ്ങൾ പ്രസ്താവിക്കേണ്ടതും ആകുന്നു.

(2) അനാവശ്യമായി, കേട്ടുകേൾവിയായ വിഷയങ്ങളോ വാദസ്വഭാവമുളള വിഷയങ്ങളോ രേഖകളുടെ പകർപ്പുകളോ അവയിൽനിന്നുളള എക്സ്ട്രാക്റ്റുകളോ പ്രതിപാദിക്കുന്ന ഏതൊരു സത്യവാങ്ങ്മൂലത്തിന്റെയും കോടതിച്ചെലവ്, (കോടതി മററുവിധത്തിൽ നിദേശിക്കാത്ത പക്ഷം), അത് ഫയൽചെയ്യുന്ന കക്ഷി കൊടുക്കേണ്ടത് ആകുന്നു.

## ആർഡർ XX

# വിധിന്യായവും വിധിയും

1. വിധിന്യായം പ്രസ്താവിക്കുന്നത് എപ്പോഴെന്ന്.—(1) കോടതി, കേസ് കേട്ടതിനുശേഷം, ഉടനേയോ, അല്ലെങ്കിൽ അതിനുശേഷം പ്രായോഗികമാകുന്നത്ര വേഗത്തിൽ ഒരു ഭാവിദിവസമോ, തുറന്ന കോടതിയിൽ വിധിന്യായം പ്രസ്താവിക്കേണ്ടതും, വിധിന്യായം ഒരു ഭാവിദിവസം പ്രസ്താവിക്കേണ്ടതായുളളപ്പോൾ, കോടതി അതിനുവേണ്ടി ഒരു ദിവസം നിജപ്പെടുത്തുകയും, അതിനെക്കുറിച്ച് കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ മുറപ്രകാരമുളള നോട്ടീസ് നൽകുകയും ചെയ്യേണ്ടതുമാകുന്നു :

എന്നാൽ, ഉടനെ വിധിന്യായം പ്രസ്താവിക്കാത്തിടത്ത്, കേസ് കേൾക്കൽ അവസാനിച്ച തീയതി മുതൽ പതിനഞ്ചുദിവസത്തിനുളളിൽ വിധിന്യായം പ്രസ്താവിക്കാൻ കോടതി എല്ലാ യത്നവും ചെയ്യേണ്ടതും, എന്നാൽ അപ്രകാരം ചെയ്യുന്നത് പ്രായോഗികമായിരിക്കാത്തിടത്ത്, കോടതി വിധിന്യായം പ്രസ്താവിക്കാൻ ഒരു ഭാവിദിവസം നിജപ്പെടുത്തേണ്ടതും, സാധാരണമായി അങ്ങനെയുളള ദിവസം കേസ് കേൾക്കൽ അവസാനിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനപ്പുറമുളള ദിവസം ആകാൻ പാടില്ലാത്തതും, അപ്രകാരം നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ മുറപ്രകാരമുളള നോട്ടീസ് നൽകേണ്ടതും ആകുന്നു :

എന്നുമാത്രമല്ല, കേസ് കേൾക്കൽ അവസാനിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനുളളിൽ വിധിന്യായം പ്രസ്താവിക്കാത്തിടത്ത്, കോടതി അങ്ങനെയുളള കാലതാമസത്തിനുളള കാരണങ്ങൾ റിക്കാർഡാക്കേണ്ടതും, വിധിന്യായം പ്രസ്താവിക്കപ്പെടുന്ന ഒരു ഭാവിദിവസം നിജപ്പെടുത്തുകയും, അപ്രകാരം നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ മുറപ്രകാരമുളള നോട്ടീസ് നൽകേണ്ടതും ആകുന്നു.

(2) ഒരു ലിഖിത വിധിന്യായം പ്രസ്താവിക്കേണ്ടിടത്ത്, ഓരോ വിവാദ്യകത്തിൻമേലുമുളള കോടതിയുടെ തീർപ്പുകളും കേസിൽ പാസ്സാക്കപ്പെട്ട അവസാന ഉത്തരവും വായിച്ച് കേൾപ്പിച്ചാൽ മതിയാകുന്നതും, കോടതി, മുഴുവൻ വിധിന്യായവും വായിച്ചു കേൾപ്പിക്കേണ്ട ആവശ്യമില്ലാത്തതും, എന്നാൽ കക്ഷികൾക്കോ പ്ലീഡർമാർക്കോ വായിച്ചുനോക്കാനായി മുഴുവൻ വിധിന്യായത്തിന്റെ ഒരു പകർപ്പ് വിധിന്യായം പ്രസ്താവിച്ചതിനുശേഷം ഉടനെ ലഭ്യമാക്കേണ്ടതുമാകുന്നു.

(3) തുറന്ന കോടതിയിൽ ചുരുക്കെഴുത്തുകാരന് കേട്ടെഴുതാൻ പറഞ്ഞു കൊടുക്കുന്നതുവഴി, വിധിന്യായം പ്രസ്താവിക്കാൻ ജഡ്ജിയെ ഹൈക്കോടതി പ്രത്യേകമായി അധികാരപ്പെടുത്തുന്നുവെങ്കിൽ, വിധിന്യായം അപ്രകാരം പ്രസ്താവിക്കപ്പെടാവുന്നതാണ്: എന്നാൽ, വിധിന്യായം തുറന്ന കോടതിയിൽ കേട്ടെഴുതാൻ പറഞ്ഞുകൊടുക്കുന്നതുവഴി പ്രസ്താവിക്കപ്പെടുന്നിടത്ത്, അപ്രകാരം പ്രസ്താവിക്കപ്പെടുന്ന വിധിന്യായത്തിന്റെ പകർപ്പെഴുത്ത്, അതിൽ ആവശ്യകമായ തിരുത്ത് വരുത്തിയതിനുശേഷം ജഡ്ജി ഒപ്പിടേണ്ടതും, അതു പ്രസ്താവിച്ച തീയതി വഹിക്കേണ്ടതും, റിക്കാർഡിന്റെ ഭാഗമായി ത്തീരേണ്ടതും ആകുന്നു.

2. ജഡ്ജിയുടെ മുൻഗാമി എഴുതിയ വിധിന്യായം പ്രസ്താവിക്കാനുള്ള അധികാരം.—ഒരു ജഡ്ജി, തന്റെ മുൻഗാമി എഴുതുകയും, എന്നാൽ പ്രസ്താവിക്കാതിരിക്കുകയും ചെയ്യുന്ന വിധിന്യായം പ്രസ്താവിക്കേണ്ടതാകുന്നു.

3. വിധിന്യായം ഒപ്പിടേണ്ടതാണെന്ന്.—വിധിന്യായം ജഡ്ജി തുറന്ന കോടതിയിൽ പ്രസ്താവിക്കുന്ന സമയത്ത്, തീയതിവച്ച് ഒപ്പിടേണ്ടതും, ഒരിക്കൽ ഒപ്പിട്ടാൽ പിന്നീട് 152-ാം വകുപ്പ് വ്യവസ്ഥചെയ്യുന്ന വിധമോ റെവ്യുവിൻമേലോ അല്ലാതെ വ്യത്യാസപ്പെടുത്തുകയോ അതോടു കൂട്ടിച്ചേർക്കുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

4. സ്മാൾകാസ് കോടതികളുടെ വിധിന്യായങ്ങൾ.—(1) സ്മാൾകാസ് കോടതിയുടെ വിധിന്യായങ്ങളിൽ, തീർപ്പിനുള്ള വാദമുഖങ്ങൾ, അവയിൻമേലുള്ള തീരുമാനം എന്നിവയിൽ അധികം അടങ്ങിയിരിക്കേണ്ടതില്ല.

(2) മററു കോടതികളുടെ വിധിന്യായങ്ങൾ.—മററുകോടതികളുടെ വിധിന്യായങ്ങളിൽ, കേസിനെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത പ്രസ്താവനയും, തീർപ്പിനുള്ള വാദമുഖങ്ങളും അവയിൻമേലുള്ള തീരുമാനവും, അങ്ങനെയുള്ള തീരുമാനത്തിനുള്ള കാരണങ്ങളും അടങ്ങിയിരിക്കേണ്ടതാകുന്നു.

5. കോടതി ഓരോ വിവാദ്യകത്തിൻമേലുള്ള തീരുമാനം പ്രസ്താവിക്കണമെന്ന്.—വിവാദ്യകങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ള വ്യവഹാരങ്ങളിൽ, കോടതി വ്യവഹാരത്തിന്റെ തീരുമാനത്തിന് വിവാദ്യകങ്ങളിൽ ഒന്നോ അതിലധികമോ എണ്ണത്തിൻമേലുള്ള തീർപ്പ് മതിയായിരിക്കാത്തപക്ഷം, ഓരോ പ്രത്യേക വിവാദ്യകത്തിൻമേലുള്ള കോടതിയുടെ തീർപ്പോ തീരുമാനമോ, അതിനുള്ള കാരണങ്ങൾ സഹിതം പ്രസ്താവിക്കേണ്ടതാകുന്നു.

5ക. കക്ഷികൾ പ്ലീഡർമാരാൽ പ്രതിനിധാനം ചെയ്യപ്പെടാത്ത കേസുകളിൽ, കോടതി അപ്പീൽ ഉണ്ടായിരിക്കുന്നത് എവിടെയാണെന്ന് കക്ഷികളെ അറിയിക്കണമെന്ന്.—ഇരു കക്ഷികളും പ്ലീഡർമാരാൽ പ്രതിനിധാനം ചെയ്യപ്പെടുന്നിടത്തൊഴികെ, കോടതി, അപ്പീലിനു വിധേയമായ ഒരു കേസിൽ, അതിന്റെ വിധിന്യായം പ്രസ്താവിക്കുമ്പോൾ, ഏതു കോടതിയിലേക്കാണ് അപ്പീൽ ഉണ്ടായിരിക്കുക എന്നതിനെക്കുറിച്ചും, അങ്ങനെയുള്ള അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാലഹരണ കാലാവധിയെക്കുറിച്ചും കോടതിയിൽ ഉണ്ടായിരിക്കുന്ന കക്ഷികളെ അറിയിക്കേണ്ടതാകുന്നു.

6. വിധിയുടെ ഉള്ളടക്കം.—(1) വിധി, വിധിന്യായത്തിനു അനുരൂപമായിരിക്കേണ്ടതും, അതിൽ വ്യവഹാരത്തിന്റെ നമ്പരും, കക്ഷികളുടെ പേരും വിവരണവും, അവരുടെ രജിസ്ററർ മേൽവിലാസവും, അവകാശവാദത്തിന്റെ വിവരങ്ങളും അടങ്ങിയിരിക്കേണ്ടതും, അനുവദിക്കപ്പെടുന്ന നിവൃത്തിയോ, വ്യവഹാരത്തിന്റെ മററു തീർപ്പോ വ്യക്തമായി വിനിർദ്ദേശിക്കേണ്ടതും ആകുന്നു.

(2) വിധിയിൽ വ്യവഹാരത്തിൽ നേരിട്ടിട്ടുള്ള കോടതിച്ചെലവിന്റെ തുകയും, അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കേണ്ടത് ആരാണ്, അല്ലെങ്കിൽ ഏതു വസ്തുവിൽനിന്നാണ് എന്നും, ഏത് അനുപാതത്തിലാണെന്നും പ്രസ്താവിക്കേണ്ടതാകുന്നു.

(3) ഒരു കക്ഷിക്ക് മറേറകക്ഷി കൊടുക്കേണ്ട കോടതിച്ചെലവ്, ആദ്യം പറഞ്ഞയാൾ രണ്ടാമതു പറഞ്ഞ ആൾക്ക് കൊടുക്കാനുള്ളതായി സമ്മതിക്കപ്പെടുന്നതോ കാണപ്പെടുന്നതോ ആയ ഏതെങ്കിലും തുകയിലേയ്ക്ക് തട്ടിക്കിഴിക്കേണ്ടതാണെന്ന് കോടതിക്ക് നിദേശിക്കാവുന്നതാണ്.

6ക. വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക, അനുവദിക്കപ്പെടുന്ന നിവൃത്തികൾ കണിശമായ പദങ്ങളിൽ പ്രസ്താവിക്കണമെന്ന്.—(1) വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക, അങ്ങനെയുള്ള വിധിന്യായം നല്കിയിട്ടുള്ള നിവൃത്തി കണിശമായ പദങ്ങളിൽ പ്രസ്താവിക്കേണ്ടതാകുന്നു.

(2) വിധി, സാധ്യമായിടത്തോളം സത്വരമായും, ഏതു സംഗതിയിലും വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ പതിനഞ്ചുദിവസത്തിനുള്ളിലും തയ്യാറാക്കപ്പെടുന്നത് ഉറപ്പുവരുത്താൻ എല്ലാ യത്നവും ചെയ്യേണ്ടതാകുന്നു ; എന്നാൽ മുൻപറഞ്ഞ സമയത്തിനുള്ളിൽ വിധി തയ്യാറാക്കപ്പെടാത്തിടത്ത്, വിധി തയ്യാറാക്കപ്പെട്ടിട്ടില്ലെന്ന് സർട്ടിഫൈ ചെയ്യണമെന്ന് വിധിക്കെതിരായി അപ്പീൽ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു കക്ഷി ആവശ്യപ്പെടുന്നുവെങ്കിൽ, കോടതി അപ്രകാരം ചെയ്യുകയും, സർട്ടിഫിക്കററിൽ കാലതാമസത്തിനുള്ള കാരണങ്ങൾ കാണിക്കുകയും ചെയ്യേണ്ടതും, അതോടെ—

(ക) വിധിയുടെ പകർപ്പു ഫയൽചെയ്യാതെ വിധിക്കെതിരായി അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക ആർഡർ XLI ചട്ടം 1-ന്റെ ആവശ്യങ്ങൾക്ക് വിധിയായി കണക്കാക്കപ്പെടുന്നതും ;

(ഖ) വിധി തയ്യാറാക്കപ്പെട്ടിട്ടില്ലാത്തിടത്തോളം കാലം, വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക വിധിനടത്തലിന്റെ ആവശ്യങ്ങൾക്ക്, വിധിയായി കരുതപ്പെടുന്നതും, തത്പരകക്ഷിക്ക് മുഴുവൻ വിധിന്യായത്തിന്റെ പകർപ്പിന് അപേക്ഷിക്കാൻ അയാളോട് ആവശ്യപ്പെടാതെ ആ ഖണ്ഡികയുടെ മാത്രം പകർപ്പിന് അപേക്ഷിക്കാൻ അവകാശമുണ്ടായിരിക്കുന്നതും ; എന്നാൽ, വിധി തയ്യാറാക്കപ്പെട്ട ഉടൻ, വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡികയ്ക്ക് നടത്തലിന്റെ ആവശ്യത്തിനോ മറേറതെങ്കിലും ആവശ്യത്തിനോ വിധിയുടെ പ്രഭാവം ഇല്ലാതായിത്തീരുന്നതും,

ആകുന്നു :

എന്നാൽ വിധിന്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡികയുടെ മാത്രം പകർപ്പുകിട്ടാൻ അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പകർപ്പു വ്യവഹാരത്തിലെ എല്ലാ കക്ഷികളുടേയും, പേരും മേൽവിലാസവും കാണിക്കേണ്ടതാകുന്നു.

6ഖ. ടൈപ്പ്ചെയ്ത വിധിന്യായങ്ങളുടെ പകർപ്പുകൾ എപ്പോൾ ലഭ്യമാക്കണമെന്ന്.—വിധിന്യായം ടൈപ്പ് ചെയ്തതായിരിക്കുന്നിടത്ത്, ടൈപ്പ ചെയ്ത വിധിന്യായത്തിന്റെ പകർപ്പുകൾ, വിധിന്യായം പ്രസ്താവിച്ചതിനു ശേഷം ഉടനെ അങ്ങനെയുള്ള പകർപ്പിന് അപേക്ഷിക്കുന്ന കക്ഷി, ഹൈക്കോടതി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ വിനിർദ്ദേശിക്കുന്ന ചാർജ്ജുകളിൽ കൊടുക്കുന്നതിൻമേൽ കക്ഷികൾക്കു ലഭ്യമാകുന്നതു പ്രായോഗികമായിട്ടുള്ളിടത്ത്, അപ്രകാരം ലഭ്യമാക്കേണ്ടതാകുന്നു.

7. വിധിയുടെ തീയതി.—വിധി, വിധിന്യായം പ്രസ്താവിച്ച ദിവസത്തെ തീയതി വഹിക്കേണ്ടതും, വിധി വിധിന്യായമനുസരിച്ചാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് ജഡ്ജിക്ക് ബോദ്ധ്യപ്പെടുമ്പോൾ, അദ്ദേഹം വിധി ഒപ്പിടേണ്ടതുമാകുന്നു.

8. വിധി ഒപ്പിടുന്നതിനു മുമ്പ് ജഡ്ജി, ഉദ്യോഗമൊഴിയുന്നിടത്തുള്ള നടപടിക്രമം.—ഒരു ജഡ്ജി, വിധിന്യായം പ്രസ്താവിച്ചതിനുശേഷവും എന്നാൽ വിധി ഒപ്പിടാതേയും ഉദ്യോഗം ഒഴിഞ്ഞിരിക്കുന്നിടത്ത്, അങ്ങനെയുള്ള വിധിന്യായം അനുസരിച്ച് തയ്യാറാക്കപ്പെട്ടിട്ടുള്ള വിധി അദ്ദേഹത്തിന്റെ പിൻഗാമി അല്ലെങ്കിൽ കോടതി നിലവിലില്ലാതായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള കോടതി കീഴിലായിരുന്നതു ഏതൊരു കോടതിക്കാണോ, അങ്ങനെയുള്ള കോടതിയിലെ ജഡ്ജിക്കോ ഒപ്പിടാവുന്നതാകുന്നു.

9. സ്ഥാവരവസ്തു വീണ്ടെടുക്കുന്നതിനുള്ള വിധി.—വ്യവഹാരത്തിലെ വിഷയകം സ്ഥാവരവസ്തു ആയിരിക്കുന്നിടത്ത്, വിധിയിൽ, അങ്ങനെയുള്ള വസ്തു തിരിച്ചറിയാൻ മതിയായ അതിന്റെ വിവരണം അടങ്ങിയിരിക്കേണ്ടതും, അങ്ങനെയുള്ള വസ്തു അതിർത്തികളാലോ, അല്ലെങ്കിൽ സെററിൽമെൻറ് റിക്കാർഡിലേയോ സർവ്വേ റിക്കാർഡിലേയോ നമ്പരുകളാലോ തിരിച്ചറിയപ്പെടാവുന്നിടത്ത്, വിധി, അങ്ങനെയുള്ള അതിർത്തികളോ നമ്പരുകളോ വിനിർദ്ദേശിക്കേണ്ടതുമാകുന്നു.

10. ജംഗമവസ്തുവിന്റെ ഡെലിവറിക്കുള്ള വിധി.—വ്യവഹാരം ജംഗമവസ്തുവിനും, വിധി അങ്ങനെയുള്ള വസ്തുവിന്റെ ഡെലിവറിക്കും ആയിരിക്കുന്നിടത്ത്, വിധി, ഡെലിവറി കിട്ടാൻ കഴിയുകയില്ലെങ്കിൽ പക്ഷാന്തരമായി, കൊടുക്കേണ്ട പണത്തിന്റെ തുക കൂടി പ്രസ്താവിക്കേണ്ടതാകുന്നു.

11. വിധിക്ക്, ഗഡുക്കളായി പണം കൊടുക്കാൻ നിർദ്ദേശിക്കാമെന്ന്.—(1) വിധി, പണം കൊടുക്കാനുള്ളതായിരിക്കുന്നിടത്തും, ആയിരിക്കുന്നിടത്തോളവും, കോടതിക്ക് ഏതെങ്കിലും മതിയായ കാരണത്താൽ വിധിന്യായത്തിന് മുമ്പുള്ള ഒടുവിലത്തെ ഹീയറിങ്ങിൽ നേരിട്ടോ പ്ലീഡർ മുഖാന്തരമോ ഹാജരായിട്ടുണ്ടായിരുന്ന കക്ഷികൾക്കു പറയാനുള്ളത് കേട്ടതിനുശേഷം, ഏതു കാൺട്രാക്ററിൻ കീഴിലാണോ പണം കൊടുക്കേണ്ടത്, ആ കാൺട്രാക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിധിച്ച സംഖ്യ കൊടുക്കുന്നത് നീട്ടിവച്ചിരിക്കുന്നുവെന്നോ, പലിശയോടുകൂടിയോ കൂടാതേയോ അതു ഗഡുക്കളായി കൊടുക്കേണ്ടതാണെന്നോ ഉള്ള ഒരു ഉത്തരവ് വിധിയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

(2) ഗഡുക്കളായി പണം കൊടുക്കുന്നതിന് വിധിക്കുശേഷമുള്ള ഉത്തരവ്.—അങ്ങനെയുള്ള ഏതെങ്കിലും വിധി പാസ്സാക്കിയതിനുശേഷം, കോടതിക്ക് വിധിക്കടക്കാരന്റെ അപേക്ഷയിൻമേലും, വിധി ഉടമയുടെ സമ്മതത്തോടും പലിശ കൊടുക്കുന്നതോ, വിധിക്കടക്കാരന്റെ വസ്തു ജപ്തി ചെയ്യുന്നതോ, അയാളിൽനിന്ന് ജാമ്യം വാങ്ങുന്നതോ സംബന്ധിച്ചുള്ളതോ മററുവിധത്തിലുള്ളതോ ആയ, യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ വിധിച്ച സംഖ്യ കൊടുക്കുന്നത് നീട്ടിവച്ചിരിക്കുന്നുവെന്നോ, ഗഡുക്കളായി കൊടുക്കേണ്ടതാണെന്നോ ഉത്തരവു ചെയ്യാവുന്നതാണ്.

12. കൈവശത്തിനും ഇടക്കാല ലാഭത്തിനുമുള്ള വിധി.—(1) ഒരു വ്യവഹാരം, സ്ഥാവരവസ്തുവിന്റെ കൈവശം വീണ്ടെടുക്കുന്നതിനു വാടകയ്ക്കും (പാട്ടത്തിനും) അല്ലെങ്കിൽ ഇടക്കാല ലാഭത്തിനും ഉള്ളതായിരിക്കുന്നിടത്ത്, കോടതിക്ക്—

(ക) വസ്തുവിൻെറ കൈവശത്തിനുള്ളതും ;

(ഖ) വ്യവഹാരം ആരംഭിച്ചതിനുമുമ്പുള്ള ഒരു കാലത്തേയ്ക്ക് വസ്തുവിൽ നിന്നുളവായിട്ടുള്ള വാടകയ്ക്ക് (പാട്ടത്തിന്) ഉള്ളതും അല്ലെങ്കിൽ അങ്ങനെയുള്ള വാടക (പാട്ടം) സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നിദേശിക്കുന്നതും ;

(ഖക). ഇടക്കാല ലാഭത്തിനുള്ളതും, അല്ലെങ്കിൽ അങ്ങനെയുള്ള ഇടക്കാല ലാഭം സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നിദേശിക്കുന്നതും ;

(ഗ) വ്യവഹാരം ആരംഭിച്ചതുമുതൽ—

(i) വിധി ഉടമയ്ക്ക് കൈവശം ഡെലിവർ ചെയ്യുകയോ ;

(ii) വിധി ഉടമയ്ക്ക് കോടതി മുഖേനയുള്ള നോട്ടീസോടുകൂടി വിധിക്കടക്കാരൻ കൈവശം വിട്ടുകൊടുക്കുകയോ, അല്ലെങ്കിൽ,

(iii) വിധിത്തീയതി മുതൽ മൂന്നു വർഷം കഴിയുകയോ,

ഇതിൽ ഏതാണ് ആദ്യം സംഭവിക്കുന്നത്, അതുവരെയുള്ള വാടകയോ പാട്ടമോ) ഇടക്കാല ലാഭമോ സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നിദേശിക്കുന്നതും,

ആയ വിധി പിസാക്കാവുന്നതാണ്.

(2) (ഖ) ഖണ്ഡത്തിനോ, (ഗ) ഖണ്ഡത്തിനോ കീഴിൽ അന്വേഷണ വിചാരണ നിദേശിക്കപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള അന്വേഷണ വിചാരണയുടെ ഫലത്തിന് അനുസൃതമായി വാടകയോ (പാട്ടമോ) ഇടക്കാല ലാഭമോ സംബന്ധിച്ചുള്ള ഒരു അവസാന വിധി പാസാക്കേണ്ടതാകുന്നു.

12ക. <u>സ്ഥാവരവസ്തുവിൻെറ വില്പനയ്ക്കോ പാട്ടത്തിനുള്ള (വാടകയ്ക്കുള്ള) ഏൽപിനോ കാൺട്രാക്ററിൻെറ വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വിധി.</u>— സ്ഥാവരവസ്തുവിൻെറ വിൽപ്പനയ്ക്കോ പാട്ടത്തിനുള്ള (വാടകയ്ക്കുള്ള) ഏൽപിനോ ഉള്ള ഒരു കാൺട്രാക്ററിൻെറ വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വിധി. ക്രയസംഖ്യ അല്ലെങ്കിൽ മററ് തുക ക്രേതാവോ, പാട്ടത്തിന് (വാടകയ്ക്ക്) വാങ്ങുന്നയാളോ കൊടുക്കണമെന്ന് ഉത്തരവു ചെയ്യുന്നിടത്ത്, അത് ഏതു കാലാവധിക്കുള്ളിലാണോ പണം കൊടുക്കേണ്ടത്, ആ കാലാവധി വിനിർദ്ദേശിക്കേണ്ടതാകുന്നു

13. <u>അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ വിധി.</u>—(1) ഒരു വ്യവഹാരം, ഏതെങ്കിലും വസ്തുവിൻെറ കണക്കിനും കോടതിയുടെ വിധിക്കു കീഴിലുള്ള അതിൻെറ മുറിപ്രകാരമുള്ള അഡ്മിനിസ്ട്രേഷനും ആയിരിക്കുന്നിടത്ത്, കോടതി, അവസാന വിധി പാസ്സാക്കുന്നതിനു മുമ്പ്, യുക്തമെന്നു തോന്നുന്ന കണക്കുകൾ എടുക്കാനും അന്വേഷണവിചാരണകൾ നടത്താനും ഉത്തരവു ചെയ്യുന്നതും, യുക്തമെന്നു തോന്നുന്ന മററ് നിദേശങ്ങൾ നൽകുന്നതുമായ ഒരു പ്രാരംഭ വിധി പാസ്സാക്കേണ്ടതാകുന്നു.

(2) മരിച്ചുപോയ ഏതെങ്കിലും, ആളുടെ വസ്തുവിൻെറ, കോടതിയാലുള്ള അഡ്മിനിസ്ട്രേഷനിൽ അങ്ങനെയുള്ള വസ്തു, അയാളുടെ കടങ്ങളും ബാദ്ധ്യതകളും തീർത്തു കൊടുക്കുന്നതിന് മതിയായതല്ലെന്ന് തെളിയുന്നുവെങ്കിൽ, ഈടുള്ളതും ഈടില്ലാത്തതുമായ ഉത്തമർണ്ണൻമാരുടെ അവകാശങ്ങൾ സംബന്ധിച്ചും, തെളിയിക്കപ്പെടാവുന്ന കടങ്ങളും ബാദ്ധ്യതകളും സംബന്ധിച്ചും, വർഷാശനങ്ങളുടേയും ഭാവിസമാശ്രിത ബാദ്ധ്യതകളുടേയും മൂല്യ നിർണ്ണയം സംബന്ധിച്ചും നിർദ്ധനരായി വിധി കൽപിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുന്ന ആളുകളുടെ എസ്റേററുകൾ സംബന്ധിച്ച്, അഡ്മിനിസ്ട്രേഷൻ വ്യവഹാരം നിലവലിരിക്കുന്ന

കോടതിയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന അതേ ചട്ടങ്ങൾ, യഥാക്രമം, പാലിക്കപ്പെടേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, അങ്ങനെയുള്ള വസ്തുവിൽ നിന്ന് പണം കിട്ടാൻ അവകാശമുള്ള എല്ലാ ആളുകൾക്കും, പ്രാരംഭ വിധിക്ക് കീഴിൽ വരികയും, അതിനെതിരായി അവർക്ക് യഥാക്രമം, ഈ നിയമസംഹിതയുടെ ബലത്തിൽ അവകാശമുള്ള അവകാശവാദങ്ങൾ ഉന്നയിക്കാവുന്നതുമാണ്.

14. അഗ്രക്രയാവകാശ വ്യവഹാരത്തിലെ വിധി.— (1) കോടതി ഒരു പ്രത്യേക വസ്തു വിൽപന സംബന്ധിച്ച് അഗ്രക്രയാവകാശത്തിനുള്ള ഒരു അവകാശവാദം വിധിക്കുകയും, ക്രയസംഖ്യ കോടതിയിൽ ഒടുക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വിധി—

(ക) ഏതൊരു ദിവസമോ അതിനുമുമ്പോ ആണോ, അപ്രകാരം ക്രയസംഖ്യ കൊടുക്കേണ്ടത്, ആ ദിവസം വിനിർദ്ദേശിക്കുകയും;

(ഖ) അങ്ങനെയുള്ള ക്രയസംഖ്യ വാദിക്കെതിരായി വിധിച്ചിട്ടുള്ള കോടതിച്ചെലവ് (വല്ലതുമുണ്ടെങ്കിൽ) സഹിതം, (ക) ഖണ്ഡത്തിൽ പരാമർശിക്കുന്ന ദിവസമോ അതിനുമുമ്പോ കോടതിയിൽ ഒടുക്കുന്നതിൻമേൽ, പ്രതി, വസ്തുവിന്റെ കൈവശം വാദിക്ക് ഡെലിവർ ചെയ്യേണ്ടതാണെന്നും വാദിയുടെ അതിൻമേലുള്ള ഉടമാവകാശം അങ്ങനെ പണം ഒടുക്കുന്ന തീയതി മുതൽ സിദ്ധിക്കുന്നതായി കരുതപ്പെടുന്നതാണ് എന്നാൽ ക്രയസംഖ്യയും കോടതിച്ചെലവും (വല്ലതുമുണ്ടെങ്കിൽ) അപ്രകാരം ഒടുക്കുന്നില്ലെങ്കിൽ, വ്യവഹാരം കോടതിച്ചെലവുസഹിതം തള്ളിക്കളയപ്പെടുന്നതാണെന്നും നിദേശിക്കുകയും, ചെയ്യേണ്ടതാണ്.

(2) അഗ്രക്രയാവകാശം സംബന്ധിച്ച പരസ്പരം എതിരായ അവകാശവാദങ്ങളിൻമേൽ കോടതി ന്യായനിർണ്ണയം ചെയ്തിട്ടുള്ളിടത്ത്, വിധി,

(ക) വിധിക്കപ്പെട്ടിട്ടുള്ള അവകാശവാദങ്ങൾ സമാനക്കിടയിൽ ഉള്ളവയായിരിക്കുന്നുവെങ്കിലും, ആയിരിക്കുന്നിടത്തോളവും, (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഓരോ അഗ്രക്രയാവകാശിയുടേയും അവകാശവാദം, വസ്തുവിന്റെ ഏത് ആനുപാതിക ഓഹരിസംബന്ധിച്ചാണോ, ആ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്ന ഏതെങ്കിലും അഗ്രക്രയാവകാശിയുടെ അവകാശവാദം, അങ്ങനെയുള്ള വീഴ്ച ഉണ്ടായിരുന്നില്ലെങ്കിൽ ഫലത്തിൽ വരുമായിരുന്നത്, ആ ആനുപാതിക ഓഹരി ഉൾപ്പെടെയുള്ള വസ്തുവിന്റെ ആനുപാതിക ഓഹരി സംബന്ധിച്ച് ഫലത്തിൽ വരുമെന്നും;

(ഖ) വിധിച്ചിട്ടുള്ള അവകാശവാദങ്ങൾ വ്യത്യസ്തകിടയിലുള്ളവ ആയിരിക്കുന്നുവെങ്കിലും ആയിരിക്കുന്നിടത്തോളവും, താഴെക്കിടയിലുള്ള അഗ്രക്രയാവകാശിയുടെ അവകാശം മേലേക്കിടയിലുള്ള അഗ്രക്രയാവകാശി, ആ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കാതിരുന്ന ട്ടില്ലാത്ത പക്ഷവും പ്രവർത്തിക്കാതിരിക്കുന്നതുവരേയും ഫലത്തിൽ വരുന്നതല്ല എന്നും,

നിദേശിക്കേണ്ടതാകുന്നു.

15. പങ്കാളിത്തം വിഘടനം ചെയ്യാനുള്ള വ്യവഹാരത്തിലെ വിധി — വ്യവഹാരം, ഒരു പങ്കാളിത്തം വിഘടനം ചെയ്യുന്നതിനോ, അല്ലെങ്കിൽ പങ്കാളിത്തക്കണക്കുകൾ എടുക്കുന്നതിനോ ആയിരിക്കുന്നിടത്ത്, കോടതിക്ക് അവസാന വിധി പാസ്സാക്കുന്നതിനുമുമ്പ്, കക്ഷികളുടെ ആനുപാതിക ഓഹരികൾ സ്ഥാപിക്കുന്നതും പങ്കാളിത്തം വിഘടിതമാകുന്നതോ, വിഘടിതമായി കരുതപ്പെടുന്നതോ ആയ ദിവസം നിജപ്പെടുത്തുന്നതും, യുക്തമെന്നു തോന്നുന്ന കണക്കുകൾ എടുക്കാനും മററു കൃത്യങ്ങൾ ചെയ്യാനും നിദേശിക്കുന്നതും ആയ, ഒരു പ്രാരംഭവിധി പാസ്സാക്കാവുന്നതാണ്.

16. പ്രിൻസിപ്പലും ഏജൻറും തമ്മിലെ കണക്കിനുള്ള വ്യവഹാരത്തിലെ വിധി.— പ്രിൻസിപ്പലും ഏജൻറും തമ്മിലുള്ള ആർത്ഥികമായ ഇടപാടുകളുടെ കണക്കിനുള്ള വ്യവഹാരത്തിലും, ഇതിൽ ഇതിനുമുൻപ് വ്യവസ്ഥചെയ്യപ്പെട്ടിട്ടില്ലാത്തതും, ഏതെങ്കിലും കക്ഷിക്കോ കക്ഷിയിൽനിന്നോ കിട്ടാനുള്ള പണത്തിൻെറ തുക തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു കണക്കെടുക്കുന്നത് ആവശ്യകമായിരിക്കുന്നതും ആയ മറേറതെങ്കിലും വ്യവഹാരത്തിലും, കോടതി, അതിൻെറ അവസാന വിധി പാസ്സാക്കുന്നതിനുമുൻപ്, യുക്തമെന്നു തോന്നുന്ന കണക്കുകൾ എടുക്കാൻ നിദേശിക്കുന്ന ഒരു പ്രാരംഭവിധി പാസാക്കേണ്ടതാകുന്നു

17. കണക്കുകൾ സംബന്ധിച്ച പ്രത്യേക നിദേശങ്ങൾ.— കോടതിക്ക്, കണക്കെടുക്കാൻ നിദേശിക്കുന്ന വിധിവാലോ, പിന്നിടുള്ള ഏതെങ്കിലും ഉത്തരവിനാലോ കണക്കെടുക്കുകയോ ശരിയാണോ എന്നു നോക്കുകയോ ചെയ്യുന്ന സമ്പ്രദായം സംബന്ധിച്ച് പ്രത്യേക നിദേശങ്ങൾ നൽകാവുന്നതും, പ്രത്യേകിച്ച്, കണക്കെടുക്കുന്നതിൽ പ്രശ്നവിഷയമായ കണക്കുകൾ സൂക്ഷിച്ചിട്ടുള്ള കണക്കുബുക്കുകൾ, അവയിൽ അടങ്ങുന്ന വിഷയങ്ങളെക്കുറിച്ച് തങ്ങൾക്കു ലഭിക്കുന്ന ഉപദേശമനുസരിച്ചുള്ള ആക്ഷേപം ഉന്നയിക്കാൻ തത്പര കക്ഷികൾക്കുള്ള സ്വാതന്ത്ര്യത്തോടെ, ആ വിഷയങ്ങളുടെ സ്വാതന്ത്ര്യം നൽകിക്കൊണ്ട് സത്യാവസ്ഥയുടെ പ്രഥമദൃഷ്ട്യാ ഉള്ള തെളിവായി കണക്കാക്കപ്പെടണമെന്ന് നിദേശിക്കാവുന്നതുമാകുന്നു.

18. വസ്തു ഭാഗിക്കുന്നതിനോ അതിലെ ഒരു ഓഹരിയുടെ വേർതിരിച്ചുള്ള കൈവശത്തിനോ ഉള്ള വ്യവഹാരത്തിലെ വിധി.— കോടതി, വസ്തു ഭാഗിക്കപ്പെടുന്നതിനോ, അതിലെ ഒരു ഓഹരിയുടെ വേർതിരിച്ചുള്ള കൈവശത്തിനോ ഉള്ള ഒരു വിധി പാസ്സാക്കുന്നിടത്ത്.—

(1) വിധി, ഗവൺമെൻറിനു ഭൂമിക്കരം കൊടുക്കാൻ തുക നിജപ്പെടുത്തിയിട്ടുള്ള ഒരു എസ്റേററിനെ സംബന്ധിക്കുന്നതായിരിക്കുന്നപക്ഷവും സംബന്ധിക്കുന്നിടത്തോളവും, വിധി, വസ്തുവിൽ അവകാശമുള്ള പല കക്ഷികളുടെ അവകാശങ്ങൾ സ്ഥാപിക്കേണ്ടതും, എന്നാൽ അങ്ങനെയുള്ള ഭാഗിക്കലോ വേർതിരിക്കലോ, കലക്ററാലോ, കലക്ററർ ഇതിലേക്ക് നിയോജിക്കുന്ന കലക്ടറുടെ ഏതെങ്കിലും ഗസററഡ് കീഴുദ്യോഗസ്ഥനാലോ അങ്ങനെയുള്ള സ്ഥാപനയ്ക്കും, 54-ാം വകുപ്പിലെ വ്യവസ്ഥകൾക്കും അനുസൃതമായി ചെയ്യപ്പെടേണ്ടതാണെന്നു നിദേശിക്കേണ്ടതും;

(2) അങ്ങനെയുള്ള വിധി, മറേറതെങ്കിലും സ്ഥാവരവസ്തുവോ ജംഗമവസ്തുവോ സംബന്ധിക്കുന്നതായിരിക്കുന്ന പക്ഷവും സംബന്ധിക്കുന്നിടത്തോളവും, കോടതിക്ക് ഭാഗിക്കലോ വേർതിരിക്കലോ, കൂടുതൽ അന്വേഷണവിചാരണ കൂടാതെ സൗകര്യപ്രദമായി ചെയ്യാൻ കഴിയുകയില്ലെങ്കിൽ, വസ്തുവിൽ അവകാശമുള്ള പല കക്ഷികളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതും, ആവശ്യമുള്ള കൂടുതൽ നിദേശങ്ങൾ നൽകുന്നതുമായ ഒരു പ്രാരംഭവിധി പാസാക്കാവുന്നതും,

ആണ്.

19. (1) തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ അനുവദിക്കുമ്പോഴുള്ള വിധി.— വാദിയുടെ അവകാശവാദത്തിനെതിരായി ഒരു തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ പ്രതിക്ക് അനുവദിച്ചു കൊടുത്തിട്ടുള്ളിടത്ത്, വിധി, വാദിക്ക് കിട്ടാനുള്ള തുക എത്രയാണെന്നും, പ്രതിക്ക് കിട്ടാനുള്ള തുക എത്രയാണെന്നും പ്രസ്താവിക്കേണ്ടതും, ഇരുകക്ഷികളിൽ ആർക്കെങ്കിലും കിട്ടാനുള്ളതായി കാണുന്ന ഏതെങ്കിലും തുക വസൂലാക്കാനുള്ളതായിരിക്കേണ്ടതുമാകുന്നു.

(2) തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ സംബന്ധിച്ച വിധിയിൽനിന്നുള്ള അപ്പീൽ— തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ അവകാശപ്പെട്ടിട്ടുള്ള ഒരു വ്യവഹാരത്തിൽ പാസാക്കപ്പെടുന്ന ഏതെങ്കിലുംവിധി, അപ്പീൽ സംബന്ധിച്ച് തട്ടിക്കിഴിക്കലോ പ്രത്യവകാശ വാദമോ അവകാശപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിൽ ഏതു് വ്യവസ്ഥകൾക്ക് വിധേയമാകുമായിരുന്നുവോ, അതേ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

(3) ഈ ചട്ടത്തിലെ വ്യവസ്ഥകൾ, തട്ടിക്കിഴിക്കൽ ആർഡർ VIII-ലെ 6-ാം ചട്ടത്തിൻകീഴിൽ അനുവദനീയമായതാണെങ്കിലും അല്ലെങ്കിലും ബാധകമായിരിക്കുന്നതാണ്.

20. വിധിന്യായത്തിൻേറയും വിധിയുടേയും സർട്ടിഫൈ ചെയ്ത പകർപ്പുകൾ നൽകണമെന്ന്.— കക്ഷികൾക്ക് കോടതിയോട് അപേക്ഷിക്കുന്നതിൻമേലും അവരുടെ ചെലവിനും വിധിന്യായത്തിൻേറയും വിധിയുടേയും സർട്ടിഫൈ ചെയ്ത പകർപ്പുകൾ നൽകേണ്ടതാകുന്നു.

## ആർഡർ XX ക

## കോടതിച്ചെലവ്

1. (1) ചില ഇനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ.— കോടതിച്ചെലവ് സംബന്ധിച്ചുള്ള ഈ നിയമ സംഹിതയിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, കോടതിക്കു താഴെപറയുന്നവ സംബന്ധിച്ച കോടതിച്ചെലവ് അവാർഡ് ചെയ്യാവുന്നതാണ്,

(ക) വ്യവഹാരം ആരംഭിക്കുന്നതിനുമുൻപ്, നൽകാൻ നിയമം ആവശ്യപ്പെടുന്ന ഏതെങ്കിലും നോട്ടീസ് നൽകുന്നതിൽ നേരിടുന്ന ചെലവ്;

(ഖ) നൽകാൻ നിയമം ആവശ്യപ്പെടുന്നില്ലെങ്കിലും വ്യവഹാരം ആരംഭിക്കുന്നതിനുമുൻപ്, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷി, മറേറതെങ്കിലും കക്ഷിക്ക് നൽകിയിട്ടുള്ള ഏതെങ്കിലും നോട്ടീസിന് നേരിടുന്ന ചെലവ്;

(ഗ) ഏതെങ്കിലും കക്ഷി ഫയൽ ചെയ്യുന്ന പ്ലീഡിങ്ങുകൾ ടൈപ്പ് ചെയ്യുന്നതിനോ, എഴുതുന്നതിനോ അച്ചടിക്കുന്നതിനോ നേരിടുന്ന ചെലവ്;

(ഘ) വ്യവഹാരത്തിൻെറ ആവശ്യങ്ങൾക്ക്, കോടതിയിലെ റിക്കാർഡുകൾ പരിശോധിക്കുന്നതിന് ഒരു കക്ഷികൊടുക്കുന്ന ചാർജ്ജുകൾ;

(ങ) സാക്ഷികളെ കോടതി മുഖാന്തരം സമൺ ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ഹാജരാക്കുന്നതിന്, കക്ഷിക്കു നേരിടുന്ന ചെലവ്;

(ച) അപ്പീലുകളുടെ സംഗതിയിൽ, അപ്പീൽ മെമ്മോറാണ്ടത്തോടൊപ്പം ഫയൽചെയ്യാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും വിധിന്യായപ്പകർപ്പുകളും വിധിപ്പകർപ്പുകളും ലഭിക്കുന്നതിന് ഒരു കക്ഷിക്കു നേരിടുന്ന ചെലവ്.

(2) കോടതിച്ചെലവ്, ഹൈക്കോടതിയുണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കണമെന്ന്.— ഈ ചട്ടത്തിൻകീഴിൽ കോടതിച്ചെലവ് അവാർഡ് ചെയ്യുന്നത്, ഹൈക്കോടതി അതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതാണ്.

2. [റദ്ദാക്കപ്പെട്ടു.]

# ആർഡർ XXI

## വിധികളുടേയും ഉത്തരവുകളുടേയും നടത്തൽ
## വിധിക്കുകീഴിൽ പണം കൊടുക്കുന്നത്

1. വിധിക്കുകീഴിൽ പണം കൊടുക്കുന്ന സമ്പ്രദായങ്ങൾ.—(1) വിധിക്കുകീഴിൽ കൊടുക്കേണ്ട എല്ലാ പണവും താഴെപറയും പ്രകാരം കൊടുക്കേണ്ടതാകുന്നു, അതായത്.—

(ക) ആ വിധി നടത്തുന്നത് കർത്തവ്യമായിട്ടുള്ള കോടതിയിൽ നിക്ഷേപിക്കുന്നതുവഴി അല്ലെങ്കിൽ ആ കോടതിയിലേയ്ക്ക് പോസ്റ്റൽ മണി ആർഡർ ആയോ ഒരു ബാങ്ക് മുഖേനയോ അയച്ചു കൊടുത്ത്; അല്ലെങ്കിൽ

(ഖ) വിധിയുടമയ്ക്ക് കോടതി മുഖേനയല്ലാതെ, പോസ്റ്റൽ മണി ആർഡർ ആയോ ഒരു ബാങ്ക് മുഖേനയോ, അല്ലെങ്കിൽ പണം കൊടുക്കുന്നതിന ലിഖിതമായ തെളിവുള്ള മറേറതെങ്കിലും സമ്പ്രദായത്തിലോ; അല്ലെങ്കിൽ

(ഗ) വിധി പാസ്സാക്കിയ കോടതി നിർദ്ദേശിക്കുന്നതുപോലെയുള്ള മററ് വിധത്തിൽ.

(2) (1)-ാം ഉപചട്ടത്തിലെ (ക) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ ഏതെങ്കിലും പണം കൊടുക്കുന്നിടത്ത്, വിധിക്കടക്കാരൻ, വിധിയുടമയ്ക്ക്, കോടതി മുഖേനയോ, കൈപ്പററ് രസീത് വേണ്ട രജിസ്ററർ പോസ്ററു വഴി നേരിട്ടോ അതിനെക്കുറിച്ച് നോട്ടീസ് നൽകേണ്ടതാകുന്നു.

(3) (1)-ാം ഉപചട്ടത്തിലെ (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ കീഴിൽ പോസ്ററൽ മണി ആർഡർ ആയോ, ഒരു ബാങ്ക് വഴിയോ പണം കൊടുക്കുന്നിടത്ത്, അതതു സംഗതിപോലെ, മണി ആർഡറോ ബാങ്ക് വഴിയായ പണം കൊടുക്കലോ, താഴെ പറയുന്ന വിവരങ്ങൾ കൃത്യമായി പ്രസ്താവിക്കേണ്ടതാകുന്നു, അതായത് :—

(ക) ആദ്യവ്യവഹാരത്തിന്റെ നമ്പർ ;

(ഖ) കക്ഷികളുടെ പേരുകൾ, അല്ലെങ്കിൽ രണ്ടിലധികം വാദികളോ രണ്ടിലധികം പ്രതികളോ ഉള്ളിടത്ത്, അതതു സംഗതിപോലെ, ആദ്യത്തെ രണ്ട് വാദികളുടേയും ആദ്യത്തെ രണ്ടു പ്രതികളുടെയും പേരുകൾ;

(ഗ) ഒടുക്കിയ പണം ഏതു വിധത്തിൽ വക വയ്ക്കണമെന്ന്, അതായത് മുതലിലേയ്ക്കോ, പലിശയിലേയ്ക്കോ കോടതിച്ചെലവിലേയ്ക്കോ എന്ന്;

(ഘ) നടത്തൽകേസ് നിലവിലുള്ളിടത്ത്, അങ്ങനെയുള്ള കേസിന്റെ നമ്പർ;

(ങ) പണം കൊടുക്കുന്ന ആളുടെ പേരും മേൽവിലാസവും.

(4) (1)-ാം ഉപചട്ടത്തിലെ (ക) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ കൊടുക്കുന്ന ഏതെങ്കിലും തുകയിൻമേൽ, (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന നോട്ടീസ് നടത്തുന്ന തീയതി മുതൽ, പലിശ വല്ലതുമുണ്ടെങ്കിൽ, നിന്നുപോകുന്നതാണ്.

(5) (1)-ാം ഉപചട്ടത്തിലെ (ക) ഖണ്ഡത്തിൻ കീഴിൽ കൊടുക്കുന്ന ഏതെങ്കിലും തുകയിൻമേൽ, അങ്ങനെ കൊടുക്കുന്ന തീയതി മുതൽ പലിശ നിന്നുപോകുന്നതാണ്.

എന്നാൽ, വിധിയുടമ, പോസ്ററൽ മണി ആർഡറോ, ബാങ്ക് വഴിയായുള്ള പണം കൊടുക്കലോ സ്വീകരിക്കാൻ വിസമ്മതിക്കുന്നിടത്ത്, പണം, അയാൾക്ക് ടെൻഡർ ചെയ്യുന്ന തീയതി മുതൽ പലിശ നിന്നുപോകുന്നതോ, അല്ലെങ്കിൽ അയാൾ പോസ്ററൽ മണി ആർഡറോ, ബാങ്ക് വഴിയായുള്ള പണം കൊടുക്കലോ സ്വീകരിക്കുന്നത് ഒഴിവാക്കുന്നിടത്ത്, അതതുസംഗതിപോലെ, പോസ്ററൽ അധികൃതരുടെയോ ബാങ്കിൻെറയോ സാധാരണ ബിസിനസ്സ് ഗതിയിൽ പണം അയാൾക്ക് ടെൻഡർ ചെയ്യുമായിരുന്ന തീയതി മുതൽക്ക് പലിശ നിന്നുപോകുന്നതോ ആകുന്നു.

2. വിധിയുടമയ്ക്ക് കോടതി മുഖേന അല്ലാതെ പണം കൊടുക്കുന്നത്.—(1) ഏതെങ്കിലും തരത്തിലുള്ള ഒരു വിധിക്കുകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും പണം, കോടതി മുഖേനയല്ലാതെ കൊടുക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഒരു വിധി മററ് വിധിയുടമയ്ക്ക് ബോദ്ധ്യപ്പെടുന്ന വിധം പൂർണ്ണമായോ ഭാഗികമായോ മററ് വിധത്തിൽ ഒത്തുതീരുകയോ ചെയ്യുന്നിടത്ത്, വിധിയുടമ ആ വിധി നടത്തുന്നത് കർത്തവ്യമായിട്ടുള്ള കോടതിക്ക്, അങ്ങനെയുള്ള പണം കൊടുക്കലോ ഒത്തുതീരലോ സർട്ടിഫൈ ചെയ്തു കൊടുക്കേണ്ടതും, കോടതി അതനുസരിച്ച് അത് റിക്കാർഡാക്കേണ്ടതുമാകുന്നു.

(2) വിധിക്കടക്കാരനോ, വിധിക്കടക്കാരന് ജാമ്യക്കാരനായിത്തീർന്നിട്ടുള്ള ഏതെങ്കിലും ആൾക്കോ കൂടി, അങ്ങനെയുള്ള പണം കൊടുക്കലിനെയോ ഒത്തുതീരലിനെയോ കുറിച്ച് കോടതിയെ അറിയിക്കുകയും, അങ്ങനെയുള്ള പണം കൊടുക്കലോ ഒത്തുതീരലോ സർട്ടിഫൈ ചെയ്തതായി റിക്കാർഡാക്കാതിരിക്കാൻ കോടതി നിജപ്പെടുത്തുന്ന ഒരു ദിവസം കാരണം കാണിക്കുന്നതിന് വിധിയുടമയ്ക്ക് നോട്ടീസ് പുറപ്പെടുവിക്കാൻ കോടതിയോട് അപേക്ഷിക്കുകയും ചെയ്യാവുന്നതും; അങ്ങനെയുള്ള നോട്ടീസ് നടത്തപ്പെട്ടതിനുശേഷം, ആ പണം കൊടുക്കലോ ഒത്തുതീരലോ സർട്ടിഫൈ ചെയ്തതായി റിക്കാർഡാക്കാതിരിക്കാൻ വിധിയുടമ, കാരണം കാണിക്കാതിരിക്കുന്നുവെങ്കിൽ, കോടതി അതനുസരിച്ച് അത് റിക്കാർഡാക്കേണ്ടതുമാകുന്നു.

(2ക) വിധിക്കടക്കാരൻെറ അർത്ഥനയിൻമേൽ യാതൊരു പണം കൊടുക്കലും, അല്ലെങ്കിൽ ഒത്തുതീരലും,—

(ക) പണം കൊടുക്കൽ 1-ാം ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ ആയിരിക്കുകയോ; അല്ലെങ്കിൽ

(ഖ) പണം കൊടുക്കലോ ഒത്തുതീരലോ രേഖാമൂലമുള്ള തെളിവുവഴി തെളിയിക്കുകയോ; അല്ലെങ്കിൽ

(ഗ) (1)-ാം ചട്ടം (2)-ാം ഉപചട്ടത്തിൻ കീഴിൽ നൽകുന്ന നോട്ടീസിനുള്ള തൻെറ മറുപടിയിലോ അല്ലെങ്കിൽ കോടതി മുമ്പാകെയോ, വിധിയുടമയോ അയാൾക്കുവേണ്ടിയോ പണം കൊടുക്കലോ ഒത്തുതീരലോ സമ്മതിക്കുകയോ; ചെയ്യാത്തപക്ഷം, റിക്കാർഡാക്കാൻ പാടുള്ളതല്ല.

(3) മുൻപറഞ്ഞതുപോലെ സർട്ടിഫൈ ചെയ്യുകയോ റിക്കാർഡാക്കുകയോ ചെയ്യാത്ത പണം കൊടുക്കലോ ഒത്തുതീരലോ വിധി നടത്തുന്ന ഏതെങ്കിലും കോടതി അംഗീകരിക്കാൻ പാടുള്ളതല്ല.

## വിധികൾ നടത്തുന്ന കോടതികൾ

3. ഒന്നിലധികം അധികാരിതയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഭൂമികൾ.—സ്ഥാവര വസ്തു, രണ്ടോ അതിലധികമോ കോടതികളുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു ഒററ എസ്റേറേറാ നടപ്പവകാശമോ ആകുന്നിടത്ത്, അങ്ങനെയുള്ള കോടതികളിൽ ഏതെങ്കിലും ഒന്നിന്, മുഴുവൻ എസ്റേറേറാ നടപ്പവകാശമോ ജപ്തി ചെയ്യുകയും വിൽക്കുകയും ചെയ്യാവുന്നതാണ്.

4. സ്മാാംകാസ്സ കോടതിയിലേയ്ക്ക് മാററുന്നത്.—ഏത് വ്യവ്ഹാരത്തിൻറയാണോ അന്യായത്തിൽ പറഞ്ഞ പ്രകാരമുള്ള സല രണ്ടായിരം രൂപയിൽ കവിയാതിരുന്നിരിക്കുകയും, അതിൻെറ വിഷയകം സംബന്ധിച്ചിടത്തോളം ഒരു പ്രസിഡൻസി സ്മാാംകാസ് കോടതിയെ പ്രൊവിൻഷ്യൽ സ്മാാംകാസ് കോടതിയോ നടപടിക്കെടുക്കുന്നതിൽ നിന്ന് തൽസമയം പ്രാബല്യത്തിലുള്ള നിയമത്താൽ ഒഴിവാക്കപ്പെട്ടിട്ടില്ലാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഒരു വ്യവഹാരത്തിൽ ഒരു വിധി പാസ്സാക്കിയിരിക്കുകയും, അത് പാസാക്കിയ കോടതി, കൽക്കട്ടയിലോ മദ്രാസിലോ ബോംബെയിലോ അത് നടത്തണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കോടതിക്ക് 6-ാം ചട്ടത്തിൽ പറയുന്ന പകർപ്പുകളും, സർട്ടിഫിക്കററുകളും, അതതു സംഗതി പോലെ, കൽക്കട്ടയിലെയോ മദ്രാസിലെയോ, ബോംബെയിലെയോ സ്മാാംകാസ് കോടതിക്ക് അയച്ചുകൊടുക്കാവുന്നതും ; അതോടെ, അങ്ങനെയുള്ള സ്മാാംകാസ് കോടതി, ആ വിധി അത് ആ കോടതിതന്നെ പാസ്സാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ നടത്തേണ്ടതുമാകുന്നു.

5. മാററലിൻെറ സമ്പ്രദായം.—ഒരു വിധി നടത്തലിനായി മറെറാരു കോടതിക്ക് അയച്ചു കൊടുക്കേണ്ടിടത്ത്, അങ്ങനെയുള്ള വിധി പാസാക്കിയ കോടതി, വിധി, അങ്ങനെയുള്ള മറേറ കോടതിക്ക്, അത് അതേ സ്റേററിനുള്ളിൽ സ്ഥിതി ചെയ്യുന്നതോ അല്ലാത്തതോ ആയാലും, നേരിട്ട് അയച്ചു കൊടുക്കേണ്ടതും, എന്നാൽ ഏത് കോടതിക്കാണോ വിധി, നടത്തലിനായി അയച്ചുകൊടുക്കുന്നത്, ആ കോടതി, അതിന് ആ വിധി നടത്താൻ അധികാരിത ഇല്ലെങ്കിൽ, അത് അങ്ങനെയുള്ള അധികാരിത ഉള്ള കോടതിക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

6. കോടതി, അതിൻെറ സ്വന്തം വിധി മറെറാരു കോടതിയാൽ നടത്തണമെന്ന് ആഗ്രഹിക്കുന്നിടത്തുള്ള നടപടി ക്രമം.—ഒരു വിധി, നടത്തലിനായി അയച്ചു കൊടുക്കുന്ന കോടതി,—

(ക) വിധിയുടെ ഒരു പകർപ്പും ;

(ഖ) വിധി പാസ്സാക്കിയ കോടതിയുടെ അധികാരിതയ്ക്കുള്ളിലെ നടത്തൽ വഴി വിധികാര്യം തീർന്നുകിട്ടിയിട്ടില്ലെന്നോ, അല്ലെങ്കിൽ വിധി ഭാഗികമായി നടത്തപ്പെട്ടിട്ടുള്ളിടത്ത്, വിധികാര്യം തീർന്നുകിട്ടിയത് എത്രത്തോളമാണെന്നും വിധിയുടെ ഏത് ഭാഗമാണ് കാര്യം തീരാതെ അവശേഷിക്കുന്നതെന്നും ഉള്ളതോ പ്രതിപാദിക്കുന്ന ഒരു സർട്ടിഫിക്കററും ;

(ഗ) വിധിയുടെ നടത്തലിനുള്ള ഏതെങ്കിലും ഉത്തരവിൻെറ പകർപ്പും, അല്ലെങ്കിൽ, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ, ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കററും,

അയച്ചു കൊടുക്കേണ്ടതാകുന്നു.

7. വിധിയുടെ പകർപ്പ് മുതലായവ കിട്ടുന്ന കോടതി, അവ തെളിയിക്കപ്പെടൽ കൂടാതെ ഫയൽ ചെയ്യണമെന്ന്.—ഏത് കോടതിക്കാണോ വിധി അപ്രകാരം അയച്ചുകൊടുക്കുന്നത്, ആ കോടതി അങ്ങനെയുള്ള പകർപ്പുകളും സർട്ടിഫിക്കററുകളും, ജഡ്ജിയുടെ കൈയൊപ്പിൻ കീഴിൽ റിക്കാർഡാക്കുന്ന ഏതെങ്കിലും പ്രത്യേകം കാരണങ്ങളാൽ, കോടതി വിധിയുടെയോ നടത്തലിനുള്ള ഉത്തരവിൻെറയോ, അല്ലെങ്കിൽ അവയുടെ പകർപ്പുകളുടെയോ കൂടുതൽ തെളിയിക്കൽ ആവശ്യപ്പെടാത്തപക്ഷം, അങ്ങനെയുള്ള തെളിയിക്കൽ കൂടാതെ ഫയൽ ചെയ്യിക്കേണ്ടതാകുന്നു.

8. വിധിയോ ഉത്തരവോ ഏതു് കോടതിക്കാണോ, അയച്ചുകൊടുക്കുന്നതു് ആ കോടതി അതു് നടത്തുന്നതു്.—അങ്ങനെയുള്ള പകർപ്പുകൾ അപ്രകാരം ഫയൽ ചെയ്യപ്പെടുന്നിടത്തു്, വിധിയോ ഉത്തരവോ, അതു് അയച്ചു കൊടുക്കപ്പെടുന്നതു് ജില്ലാ കോടതിക്കാണെങ്കിൽ, അങ്ങനെയുള്ള കോടതിയാൽ നടത്തപ്പെടുകയോ, അല്ലെങ്കിൽ നടത്തലിനായി, ക്ഷമതയുള്ള ഏതെങ്കിലും കീഴ്കോടതിയിലേയ്ക്കു് മാററപ്പെടുകയോ ചെയ്യാവുന്നതാണു്.

9. ഹൈക്കോടതി, മററു കോടതി മാററുന്ന വിധി നടത്തുന്നതു്.—ഏതു് കോടതിക്കാണോ വിധി, നടത്തലിനായി അയച്ചു കൊടുക്കുന്നതു്, ആ കോടതി ഹൈക്കോടതി ആയിരിക്കുന്നിടത്തു്, വിധി, അങ്ങനെയുള്ള കോടതിയാൽ അതു്, അങ്ങനെയുള്ള കോടതി, അതിന്റെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ പാസ്സാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ രീതിയിൽ നടത്തപ്പെടേണ്ടതാകുന്നു.

## നടത്തലിനുള്ള അപേക്ഷ

10. നടത്തലിനുള്ള അപേക്ഷ.—ഒരു വിധിയുടെ ഉടമ, അതു് നടത്താൻ ആഗ്രഹിക്കുന്നിടത്തു്, അയാൾ വിധി പാസ്സാക്കിയ കോടതിയോടോ ഇതിലേയ്ക്കു് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥനോടോ (വല്ലവരുമുണ്ടെങ്കിൽ) അല്ലെങ്കിൽ, വിധി ഇതിൽ ഇതിനുമുമ്പ് അടങ്ങിയ വ്യവസ്ഥകൾക്കു കീഴിൽ മററൊരു കോടതിക്കു് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കോടതിയോടോ, അതിന്റെ തക്ക ഉദ്യോഗസ്ഥനോടോ അപേക്ഷിക്കേണ്ടതാകുന്നു.

11. വാക്കാൽ അപേക്ഷ.—(1) വിധി, പണം കൊടുക്കുന്നതിനുള്ളതായിരിക്കുന്നിടത്തു്, കോടതിക്കു്, വിധി പാസ്സാക്കുന്ന സമയത്തു് വിധിയുടമയുടെ വാക്കാൽ അപേക്ഷയിൻമേൽ, വിധിക്കടക്കാരൻ കോടതിയുടെ അതിർത്തികൾക്കുള്ളിൽ ഉണ്ടെങ്കിൽ, വാറന്റു് തയ്യാറാക്കപ്പെടുന്നതിനു മുൻപായുള്ള അയാളുടെ അറസ്ററു് വഴി, വിധിയുടെ ഉടനെയുള്ള നടത്തൽ ഉത്തരവു ചെയ്യാവുന്നതാണു്.

(2) ലിഖിതമായ അപേക്ഷ.—(1)-ാം ഉപചട്ടത്തിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരു വിധിയുടെ നടത്തലിനുള്ള ഏതൊരപേക്ഷയും, ലിഖിതവും, അപേക്ഷകനോ, കേസ്സിന്റെ വസ്തുതകൾ നേരിട്ടു് അറിവുള്ളവനാണെന്നു് കോടതിക്കു് ബോധ്യപ്പെടുന്ന വിധം തെളിയിക്കപ്പെട്ടിട്ടുള്ള മറെറതെങ്കിലും ആളോ ഒപ്പിടുകയും, സത്യബോധപ്പെടുത്തുകയും ചെയ്തതും ആയിരിക്കേണ്ടതും, അതിൽ താഴെ പറയുന്ന വിവരങ്ങൾ ഒരു പട്ടികയുടെ രൂപത്തിൽ അടങ്ങിയിരിക്കേണ്ടതും ആകുന്നു, അതായതു്:—

(ക) വ്യവഹാരത്തിന്റെ നമ്പർ ;

(ഖ) കക്ഷികളുടെ പേരുകൾ ;

(ഗ) വിധിയുടെ തീയതി ;

(ഘ) വിധിയിൽ നിന്നു് ഏതെങ്കിലും അപ്പീൽ കൊടുത്തിട്ടുണ്ടോ എന്നു് ;

(ങ) വിധിക്കുശേഷം കക്ഷികൾ തമ്മിൽ ഏതെങ്കിലും പണം കൊടുക്കലോ തർക്കത്തിലുള്ള വിഷയകം സംബന്ധിച്ചുള്ള മററു് ഒത്തുതീരലോ ഉണ്ടായിട്ടുണ്ടോ എന്നും (ഉണ്ടെങ്കിൽ) അതെന്താണെന്നും ;

(ച) വിധിയുടെ നടത്തലിനു് മുൻ അപേക്ഷകൾ കൊടുത്തിട്ടുണ്ടോ എന്നും, (ഉണ്ടെങ്കിൽ) അവ എന്തെന്നും, അങ്ങനെയുള്ള അപേക്ഷകളുടെ തീയതികളും അവയുടെ ഫലങ്ങളും ;

(ഛ) വിധിയിൻമേൽ കിട്ടാനുള്ള തുക, പലിശ (വല്ലതുമുണ്ടെങ്കിൽ) സഹിതം, അല്ലെങ്കിൽ വിധി നൽകുന്ന മററു നിവൃത്തി, ഏതെങ്കിലും എതിർ വിധിയുടെ, അതു നടത്താൻ അപേക്ഷിക്കുന്ന വിധിയുടെ തീയതിക്ക് മുൻപോ പിൻപോ പാസ്സാക്കിയതായാലും, വിവരങ്ങൾ സഹിതം ;

(ജ) അവാർഡ്ചെയ്ത കോടതിച്ചെലവിന്റെ (വല്ലതുമുണ്ടെങ്കിൽ) തുക ;

(ഝ) ഏതു ആരംക്ക് എതിരായാണോ വിധി നടത്താൻ അപേക്ഷിക്കുന്നത്, അയാളുടെ പേര് ;

(ഞ) കോടതിയുടെ സഹായം ആവശ്യമുള്ളത്, ഏതു രൂപത്തിലാണെന്ന്, അത്,—

(i) വിനിർദ്ദിഷ്ടമായി വിധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ ഡെലിവറി വഴിയോ ;

(ii) ഏതെങ്കിലും വസ്തുവിന്റെ ജപ്തി വഴിയോ, ജപ്തിയും വില്പനയും വഴിയോ, ജപ്തി കൂടാതെയുള്ള വില്പന വഴിയോ ;

(iii) ഏതെങ്കിലും ആളുടെ അറസ്ററും കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കലും വഴിയോ ;

(iv) റിസീവർ നിയമനം വഴിയോ ;

(v) നല്കപ്പെട്ടിട്ടുള്ള നിവൃത്തിയുടെ പ്രകൃതം ആവശ്യപ്പെടുന്നത് മററു വിധത്തിലോ ; എന്ന്.

(3) ഏതു കോടതിക്കാണോ (2)-ാം ഉപചട്ടത്തിൻകീഴിൽ അപേക്ഷ കൊടുക്കുന്നത്; ആ കോടതിക്ക്, അപേക്ഷകനോട് വിധിയുടെ സർട്ടിഫൈ ചെയ്ത ഒരു പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

11ക. അറസ്ററിനുള്ള അപേക്ഷ കാരണങ്ങൾ പ്രസ്താവിക്കണമെന്ന്.— ഒരു വിധിക്കടക്കാരന്റെ അറസ്ററിനും കാരാഗൃഹത്തിലെ തടങ്കലിനും അപേക്ഷ കൊടുക്കുന്നിടത്ത്, അത് ഏത് കാരണങ്ങളിൻമേലാണോ അറസ്ററിന് അപേക്ഷിക്കുന്നത്, ആ കാരണങ്ങൾ പ്രസ്താവിക്കുകയോ, അല്ലെങ്കിൽ അവ പ്രസ്താവിക്കുന്ന ഒരു സത്യവാങ്മൂലം സഹിതം ഉള്ളതായിരിക്കുകയോ ചെയ്യേണ്ടതാകുന്നു.

12. വിധിക്കടക്കാരന്റെ കൈവശമില്ലാത്ത ജംഗമവസ്തുവിന്റെ ജപ്തിക്കുള്ള അപേക്ഷ.—വിധിക്കടക്കാരന്റെ വകയും, എന്നാൽ അയാളുടെ കൈവശമില്ലാത്തതുമായ ഏതെങ്കിലും ജംഗമവസ്തുവിന്റെ ജപ്തിക്ക് അപേക്ഷ കൊടുക്കുന്നിടത്ത്, വിധിയുടമ അപേക്ഷയോട് ജപ്തി ചെയ്യേണ്ട വസ്തുവിന്റെ ന്യായമായത്ര കൃത്യമായ വിവരങ്ങൾ അടങ്ങുന്ന അതിന്റെ ഒരു ഇൻവെൻററി അനുബന്ധിക്കേണ്ടതാകുന്നു.

13. സ്ഥാവരവസ്തുവിന്റെ ജപ്തിക്കുള്ള അപേക്ഷയിൽ ചില വിവരങ്ങൾ അടങ്ങിയിരിക്കണമെന്ന്.—വിധിക്കടക്കാരന്റെ വകയായ ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ ജപ്തിക്ക് അപേക്ഷ കൊടുക്കുന്നിടത്ത്, അതിൽ ചുവടെ,—

(ക) അങ്ങനെയുള്ള വസ്തു തിരിച്ചറിയാൻ മതിയായ അതിന്റെ വിവരണവും, അങ്ങനെയുള്ള വസ്തു, അതിരുകളോ ഒരു സെററിൽമെൻറ് റിക്കാർഡിലോ സർവ്വേ റിക്കാർഡിലോ ഉള്ള നമ്പരുകളോ വഴി തിരിച്ചറിയാൻ കഴിയുന്ന സംഗതിയിൽ അങ്ങനെയുള്ള അതിരുകളുടേയോ നമ്പരുകളുടേയോ വിനിർദ്ദേശീകരണവും ;

(ഖ) അപേക്ഷകൻെറ ഉത്തമ വിശ്വാസത്തിലും, അയാൾക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളിടത്തോളവും, അങ്ങനെയുള്ള വസ്തുവിലെ വിധിക്കടക്കാരൻെറ ഓഹരിയുടേയോ അവകാശത്തിൻേറയോ വിനിർദ്ദേശീകരണവും,

അടങ്ങിയിരിക്കേണ്ടതാകുന്നു.

14. ചില സംഗതികളിൽ കലക്ററരുടെ രജിസ്ററിൽനിന്ന്, സർട്ടിഫൈ ചെയ്ത എക്സ്ട്രാക്ററുകൾ ആവശ്യപ്പെടുന്നതിനുള്ള അധികാരം.—കലക്ററരുടെ ആഫീസിൽ രജിസ്ററർ ചെയ്യപ്പെട്ട ഏതെങ്കിലും ഭൂമിയുടെ ജപ്തിക്ക് അപേക്ഷ കൊടുക്കുന്നിടത്ത്, കോടതിക്ക്, അപേക്ഷകനോട്, അങ്ങനെയുള്ള ആഫീസിലെ രജിസ്ററിൽ നിന്നുള്ളതും ആ ഭൂമിയുടേയോ, അതിൻെറ ഭൂമിക്കരത്തിൻേറയോ ഉടമകൾ എന്ന നിലയിലോ, അല്ലെങ്കിൽ അതിൽ ഏതെങ്കിലും കൈമാററം ചെയ്യാവുന്ന അവകാശം ഉള്ളവരെന്ന നിലയിലോ, അല്ലെങ്കിൽ ആ ഭൂമിക്ക് ഭൂമിക്കരം കൊടുക്കാൻ ബാദ്ധ്യതയുള്ളവരെന്ന നിലയിലോ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും, രജിസ്ററർ ചെയ്യപ്പെട്ട ഉടമകളുടെ ഓഹരികളും വിനിർദ്ദേശിക്കുന്നതും ആയ ഒരു സർട്ടിഫൈ ചെയ്ത എക്സ്ട്രാക്ററ് ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

15. നടത്തലിന് കൂട്ടുവിധി ഉടമയാലുള്ള അപേക്ഷ.—(1) ഒരു വിധി കൂട്ടായി ഒന്നിലധികം ആളുകൾക്ക് അനുകൂലമായി പാസ്സാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആളുകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ പേർക്ക്, വിധി, വിപരീതമായി ഏതെങ്കിലും ഉപാധി ചുമത്താത്ത പക്ഷം, മുഴുവൻ വിധിയും തങ്ങൾ എല്ലാവരുടേയും ഗുണത്തിനായോ, അല്ലെങ്കിൽ അവരിൽ ആരെങ്കിലും മരിച്ചുപോയിട്ടുള്ളിടത്ത്, അതിജീവിക്കുന്നവരുടേയും, മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധികളുടേയും ഗുണത്തിനായോ നടത്താനായി അപേക്ഷിക്കാവുന്നതാണ്.

(2) ഈ ചട്ടത്തിൻകീഴിൽ കൊടുക്കുന്ന അപേക്ഷയിൻമേൽ, വിധി നടത്താൻ അനുവദിക്കുന്നതിന് മതിയായ കാരണം കാണുന്നിടത്ത്, കോടതി അപേക്ഷയിൽ ചേർന്നിട്ടില്ലാത്ത ആളുകളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യകമാണെന്ന് അതു കരുതുന്ന ഉത്തരവു പുറപ്പെടുവിക്കേണ്ടതാകുന്നു.

16. നടത്തലിന്, വിധി കൈമാററം വാങ്ങുന്ന ആളാലുള്ള അപേക്ഷ.—ഒരു വിധിയോ, അല്ലെങ്കിൽ രണ്ടോ അതിലധികമോ ആളുകൾക്കനുകൂലമായി കൂട്ടായി ഒരു വിധി പാസ്സാക്കിയിട്ടുണ്ടെങ്കിൽ, ആ വിധിയിൽ ഏതെങ്കിലും വിധി ഉടമയ്ക്കുള്ള അവകാശമോ, ലിഖിതമായ തീറുവഴിയോ, നിയമത്തിൻെറ പ്രവർത്തനം വഴിയോ കൈമാററം ചെയ്യപ്പെടുന്നിടത്ത്, കൈമാററം കിട്ടുന്ന ആൾക്ക് വിധി പാസ്സാക്കിയ കോടതിയോട്, അതിൻെറ നടത്തലിന് അപേക്ഷിക്കാവുന്നതും ; വിധി ആ അപേക്ഷ അങ്ങനെയുള്ള വിധി ഉടമ കൊടുത്തിരുന്നാലെന്നപോലെയുള്ള അതേ രീതിയിലും, അതേ ഉപാധികൾക്കു വിധേയമായും നടത്താവുന്നതും ആകുന്നു :

എന്നാൽ വിധിയോ, അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള അവകാശമോ തീറുവഴി കൈമാററം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് കൈമാററം കൊടുത്ത ആൾക്കും വിധിക്കടക്കാരനും നല്കേണ്ടതും, വിധി, കോടതി, നടത്തലിനുള്ള അവരുടെ ആക്ഷേപങ്ങൾ (വല്ലതുമുണ്ടെങ്കിൽ), കേൾക്കുന്നതുവരെ നടത്താൻ പാടില്ലാത്തതും ആകുന്നു :

എന്നുമാത്രമല്ല, രണ്ടോ അതിലധികമോ ആളുകൾക്ക് എതിരായുള്ള പണം കൊടുക്കുന്നതിനുള്ള ഒരു വിധി, അവരിൽ ഒരാൾക്ക് കൈമാററം ചെയ്യപ്പെട്ടിട്ടുള്ളിടത്ത് അത് മററുള്ളവർക്ക് എതിരായി നടത്താൻ പാടില്ലാത്തതും ആകുന്നു.

വിശദീകരണം:—ഈ ചട്ടത്തിലെ യാതൊന്നും, 146-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ലാത്തതും, വ്യവഹാരത്തിലെ വിഷയകമായ വസ്തുവിലെ അവകാശങ്ങൾ കൈമാററം കിട്ടുന്നയാൾക്ക്, ഈ ചട്ടം ആവശ്യപ്പെടുന്ന പ്രകാരം വിധിയുടെ ഒരു പ്രത്യേക തീറ് കൂടാതെ വിധിയുടെ നടത്തലിന് അപേക്ഷിക്കാവുന്നതുമാകുന്നു.

17. വിധിനടത്തലിനുള്ള അപേക്ഷ കിട്ടുന്നതിൻമേലുള്ള നടപടിക്രമം.—(1) ഒരു വിധിയുടെ നടത്തലിനുള്ള 11-ാംചട്ടം, (2)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതുപോലെയുള്ള ഒരു അപേക്ഷ കിട്ടുന്നതിൻമേൽ, കോടതി, 11 മുതൽ 14 വരെയുള്ള ചട്ടങ്ങളിലെ ആ കേസ്സിന് ബാധകമാകുന്ന ആവശ്യകതകൾ അനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ടോ എന്നു തിട്ടപ്പെടുത്തേണ്ടതും ; അവയനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെങ്കിൽ, കോടതി, അപ്പോൾ അവിടെവച്ചോ, അല്ലെങ്കിൽ അതു നിജപ്പെടുത്തേണ്ടതായ ഒരു സമയത്തിനുള്ളിലോ ന്യൂനത പരിഹരിക്കാൻ അനുവദിക്കേണ്ടതും ആകുന്നു.

(1ക) ന്യൂനത അപ്രകാരം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, കോടതി അപേക്ഷ തിരസ്ക്കരിക്കേണ്ടതാണ് :

എന്നാൽ, കോടതിയുടെ അഭിപ്രായത്തിൽ, 11-ാം ചട്ടത്തിലെ (2)-ാം ഉപചട്ടം (ഛ) (ജ) എന്നീ ഖണ്ഡികകളിൽ പരാമർശിക്കുന്ന തുകയെക്കുറിച്ച് വല്ല പിശകും ഉള്ളിടത്ത്, കോടതി, അപേക്ഷ തിരസ്ക്കരിക്കുന്നതിനു പകരം, ആ തുക (നടപടികളുടെ ഗതിയിൽ തുക അന്തിമമായി തീരുമാനിച്ചുകിട്ടുന്നതിനുള്ള കക്ഷികളുടെ അവകാശത്തിന് ഭംഗം വരാതെ) താത്കാലികമായി തീരുമാനിക്കുകയും, അപ്രകാരം താത്കാലികമായി തീരുമാനിക്കപ്പെടുന്ന തുകയ്ക്ക് വിധി നടത്താൻ ഉത്തരവു ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2) ഒരു അപേക്ഷ, (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് കീഴിൽ ഭേദഗതി ചെയ്യപ്പെടുന്നിടത്ത്, അതു നിയമമനുസരിച്ചുള്ള ഒരപേക്ഷയായിരുന്നതായും, അതു ആദ്യം ബോധിപ്പിച്ച തീയതി ബോധിപ്പിച്ചിട്ടുള്ളതായും കരുതപ്പെടുന്നതാകുന്നു.

(3) ഈ ചട്ടത്തിൻകീഴിൽ ചെയ്യപ്പെടുന്ന ഏതൊരു ഭേദഗതിയും ജഡ്ജി ഒപ്പിടുകയോ, ഇനിഷ്യൽ ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(4) അപേക്ഷ സ്വീകരിക്കപ്പെടുമ്പോൾ, കോടതി, സമുചിത രജിസ്ററിൽ, അപേക്ഷയേയും അത് കൊടുത്ത തീയതിയേയും കുറിച്ച് ഒരു കുറിപ്പ് ചേർക്കേണ്ടതും, ഇതിൽ ഇതിനുശേഷം അടങ്ങുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അപേക്ഷയുടെ പ്രകൃതത്തിനനുസരിച്ച് വിധിയുടെ നടത്തൽ ഉത്തരവു ചെയ്യേണ്ടതുമാകുന്നു:

എന്നാൽ, പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ സംഗതിയിൽ, ജപ്തി ചെയ്യപ്പെടുന്ന വസ്തുവിൻെറ മൂല്യം, ആകുന്നത്ര വിധിക്കു കീഴിൽ കൊടുക്കേണ്ട തുകയ്ക്ക് യോജിക്കുന്നതായിരിക്കേണ്ടതാകുന്നു.

18. എതിർവിധികളുടെ സംഗതിയിലെ നടത്തൽ.—(1) ഒരു കോടതിക്ക്, ഒരേ കക്ഷികൾ തമ്മിൽ, പാസ്സാക്കപ്പെട്ടതും, അങ്ങനെയുള്ള കോടതിയാൽ ഒരേ സമയം നടത്തപ്പെടാൻ കഴിയുന്നതുമായ രണ്ട് തുകകൾ കൊടുക്കുന്നതിനുള്ള വെവ്വേറെ വ്യവഹാരങ്ങളിലെ എതിർവിധികളുടെ നടത്തലിന് അപേക്ഷകൾ കൊടുക്കുന്നിടത്ത്,—

(ക) രണ്ടു തുകകളും തുല്യമാണെങ്കിൽ, രണ്ടു വിധികളിൻമേലും കാര്യം തീർന്നതായി കുറിക്കേണ്ടതും ;

(ഖ) രണ്ടു തുകകളും തുല്യമല്ലെങ്കിൽ വലിയ തുകയ്ക്കുള്ള വിധിയുടെ ഉടമയ്ക്ക് മാത്രവും, ചെറിയ തുക കിഴിവു ചെയ്തതിനുശേഷം ബാക്കിയുള്ളിടത്തോളത്തിനു അത്രയും, നടത്തൽ ആകാവുന്നതും, വലിയ തുകയ്ക്കുള്ള വിധിയിൻമേൽ ചെറിയ തുകയോളം കാര്യം തീർന്നതായും ചെറിയ തുകയ്ക്കുള്ള വിധിയിൻമേൽ കാര്യം തീർന്നതായും കുറിക്കേണ്ടതും,

ആകുന്നു.

(2) ഈ ചട്ടം, ഇരു കക്ഷികളിൽ ആരെങ്കിലും വിധികളിൽ ഒന്നിന്റെ തീറുകാരൻ ആയിരിക്കുന്നിടത്തും, തീറുകാരൻ കൊടുക്കാനുള്ള വിധിക്കടങ്ങൾ സംബന്ധിച്ച് എന്നപോലെതന്നെ ആദ്യത്തെ തീറു കൊടുത്തവൻ കൊടുക്കാനുള്ള വിധിക്കടങ്ങൾ സംബന്ധിച്ചും, ബാധകമാണെന്നു കരുതപ്പെടുന്നതാകുന്നു.

(3) ഈ ചട്ടം,—

(ക) ആ വിധികൾ പാസ്സാക്കിയിട്ടുള്ള വ്യവഹാരങ്ങളിൽ ഒന്നിലെ വിധിയുടമ മറേറതിലെ വിധിക്കടക്കാരൻ ആയിരിക്കുകയും, ഓരോ കക്ഷിയും രണ്ടു വ്യവഹാരങ്ങളിലും ഒരേ നിലയിലുള്ളവനായിരിക്കുകയും ;

(ഖ) വിധികൾക്കു കീഴിൽ കിട്ടാനുള്ള തുകകൾ നിശ്ചിതമായിരിക്കുകയും,

ചെയ്യാത്തപക്ഷം ബാധകമാകുന്നതായി കരുതപ്പെടുന്നതല്ല.

(4) പലയാളുകൾക്കെതിരായി കൂട്ടായും വെവ്വേറെയായും പാസ്സാക്കപ്പെടുന്ന ഒരു വിധിയുടെ ഉടമയ്ക്ക്, ആ വിധിയെ തനിക്കുമാത്രം എതിരായി, അങ്ങനെയുള്ള ആളുകളിൽ ഒരാളുടേയോ ഒന്നിലധികം ആളുകളുടേയോ പേർക്ക് അനുകൂലമായി പാസ്സാക്കപ്പെടുന്ന ഒരു വിധി സംബന്ധിച്ച് ഒരു എതിർവിധിയായി കണക്കാക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) കയ്ക്ക് 1000 രൂപയുടെ, ഖയ്ക്ക് എതിരായ ഒരു വിധിയുണ്ട്. ഖയ്ക്ക്, ഭാവിയിലുള്ള ഒരു ദിവസം ക ചില സാമാനങ്ങൾ ഡെലിവർ ചെയ്യാതിരുന്നാൽ 1000 രൂപ കൊടുക്കാനുള്ള, ക യ്ക്ക് എതിരായ ഒരു വിധിയുണ്ട് ഖ യ്ക്ക്, ഈ ചട്ടത്തിൻ കീഴിൽ തന്റെ വിധിയെ ഒരു എതിർവിധിയായി കണക്കാക്കാൻ കഴിയുന്നതല്ല.

(ഖ) ക യും ഖയും കൂട്ടുവാദികളായി, ഗ യ്ക്ക് എതിരായി 1000 രൂപയുടെ ഒരു വിധി സമ്പാദിക്കുകയും ഗ ഖയ്ക്ക് എതിരായ 1000 രൂപയുടെ ഒരു വിധി സമ്പാദിക്കുകയും ചെയ്യുന്നു. ഗ യ്ക്ക് ഈ ചട്ടത്തിൻ കീഴിൽ, തന്റെ വിധിയെ ഒരു എതിർവിധിയായി കണക്കാക്കാൻ കഴിയുന്നതല്ല.

(ഗ) ക ഖയ്ക്ക് എതിരായി 1000 രൂപയുടെ ഒരു വിധി സമ്പാദിക്കുന്നു. ഖയുടെ ട്രസ്ററിയായ ഗ, ഖയ്ക്ക് വേണ്ടി, ക യ്ക്ക് എതിരായി 1000 രുപയുടെ ഒരു വിധി സമ്പാദിക്കുന്നു. ഖയ്ക്ക് ഈ ചട്ടത്തിൻകീഴിൽ ഗ യുടെ വിധിയെ ഒരു എതിർവിധിയായി കണക്കാക്കാൻ കഴിയുന്നതല്ല.

(ഘ) ച സമ്പാദിച്ച ഒരു വിധിക്കുകീഴിൽ, ക യും ഖ യും ഗ യും ഘ യും ങ യും കൂട്ടായും വെവ്വേറെയായും 1000 രൂപയ്ക്ക് ബാദ്ധ്യസ്ഥരാണ്, ക 100 രൂപയുടെ ഒരു വിധി ച യ്ക്ക് മാത്രം എതിരായി സമ്പാദിക്കുകയും, കൂട്ടുവിധി നടത്തിക്കൊണ്ടിരിക്കുന്നത് ഏതു കോടതിയിലാണോ ആ കോടതിയോട്, വിധിനടത്തലിന് അപേക്ഷിക്കുകയും ചെയ്യുന്നു. ച യ്ക്ക് ഈ ചട്ടത്തിൻകീഴിൽ തന്റെ കൂട്ടുവിധിയെ ഒ‍രു എതിർവിധിയായി കണാക്കാക്കാവുന്നതാണ്.

19. ഒരേവിധിക്ക് കീഴിലെ എതിർ അവകാശവാദങ്ങളുടെ സംഗതിയിലെ നടത്തൽ.— ഏതു വിധിക്കുകീഴിലാണോ രണ്ടുകക്ഷികൾക്ക് പരസ്പരം മറേറ ആളിൽനിന്ന് തുകകൾ വസൂലാക്കാൻ അവകാശമുള്ളത്, അങ്ങനെയുള്ള ഒരു വിധിയുടെ നടത്തലിന് കോടതിക്ക് അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്,—

(ക) രണ്ടുതുകകളും തുല്യമാണെങ്കിൽ രണ്ടിൻേറയും കാര്യം തീർന്നതായി വിധിയിൻമേൽ കുറിക്കേണ്ടതും,

(ഖ) രണ്ടു തുകകളും തുല്യമല്ലെങ്കിൽ, വലിയ തുകയ്ക്ക് അവകാശമുള്ള കക്ഷിക്ക് മാത്രവും, ചെറിയ തുക കഴിവു് ചെയ്തതിനു ശേഷം ബാക്കിയുള്ളിടത്തോളത്തിന് മാത്രവും നടത്തൽ ആകാവുന്നതും, ചെറിയ തുകയുടെ കാര്യംതീർന്നതായി വിധിയിൻമേൽ കുറിക്കേണ്ടതും, ആകുന്നു.

20. പണയവ്യവഹാരങ്ങളിലെ എതിർവിധികളും എതിർ അവകാശവാദങ്ങളും.— 18-ം, 19-ം ചട്ടങ്ങളിൽ അടങ്ങിയ വ്യവസ്ഥകൾ പണയമോ ചാർജ്ജോ പ്രാവർത്തികമാക്കുന്ന വിൽപനയ്ക്കുള്ള വിധികൾക്ക് ബാധകമായിരിക്കുന്നതാണ്.

21. ഒരേസമയത്തുള്ള വിധിനടത്തൽ.—കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, വിധിക്കടക്കാരന് എതിരായി കൈയാലും, വിധിക്കടക്കാരൻെറ വസ്തുവിന് എതിരായും ഒരേസമയത്ത് വിധിനടത്താൻ വിസമ്മതിക്കാവുന്നതാണ്.

22. ചില സംഗതികളിൽ നടത്തലിന് എതിരായി കാരണം കാണിക്കാനുള്ള നോട്ടീസ്.— (1) നടത്തലിനുള്ള ഒരു അപേക്ഷ,—

(ക) വിധിയുടെ തീയതിയ്ക്കുശേഷം രണ്ടുവർഷത്തിലധികം കഴിഞ്ഞോ; അല്ലെങ്കിൽ

(ഖ) വിധിയിലെ ഒരു കക്ഷിയുടെ നിയമാനുസൃതപ്രതിനിധിക്ക് എതിരായോ കൊടുക്കുന്നിടത്തോ;

അല്ലെങ്കിൽ ഒരു അപേക്ഷ 44 ക വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ ഫയൽ ചെയ്തിട്ടുള്ള ഒരു വിധിയുടെ നടത്തലിന് കൊടുക്കുന്നിടത്തോ ; അല്ലെങ്കിൽ

(ഗ) വിധിയിലെ കക്ഷി നിർദ്ധനനായി വിധിക്കപ്പെട്ടിട്ടുള്ളിടത്ത്, നിർദ്ധനത്വകാര്യത്തിലെ അസ്സിനിക്കോ റിസീവർക്കോ എതിരായി കൊടുക്കുന്നിടത്തോ;

ആർക്ക് എതിരായാണോ നടത്തലിന് അപേക്ഷിച്ചിട്ടുള്ളത്, അയാളോട്, അയാൾക്ക് എതിരായി വിധിനടത്താതിരിക്കാൻ, നിജപ്പെടുത്തേണ്ട ഒരു തീയതി, കാരണം കാണിക്കാൻ ആവശ്യപ്പെടുന്ന, ഒരു നോട്ടീസ്, വിധിനടത്തുന്ന കോടതി അയാൾക്ക് പുറപ്പെടുവിക്കേണ്ടതാണ് :

എന്നാൽ അങ്ങനെയുള്ള യാതൊരു നോട്ടീസും, നടത്തലിനുള്ള അപേക്ഷ, ഏത് കക്ഷിയ്ക്കെതിരായാണോ നടത്തലിന് അപേക്ഷിച്ചിട്ടുള്ളത്, ആ കക്ഷിയ്ക്കെതിരായി നടത്തലിനുള്ള ഏതെങ്കിലും മുൻ അപേക്ഷയിൻമേൽ നൽകിയിട്ടുള്ള ഒടുവിലത്തെ ഉത്തരവിൻെറ തീയതി മുതൽ രണ്ടുവർഷത്തിനുള്ളിൽ കൊടുക്കുന്നുവെങ്കിൽ, വിധിയുടെ തീയതിക്കും നടത്തലിനുള്ള അപേക്ഷയ്ക്കും ഇടയിൽ രണ്ടുവർഷത്തിലധികം കഴിഞ്ഞുപോയതിൻെറ അനന്തര ഫലമായോ, അല്ലെങ്കിൽ വിധിക്കടക്കാരൻെറ നിയമാനുസൃത

പ്രതിനിധിയ ക്കെതിരായുള്ള ഒരു മുൻ അപേക്ഷയിൻമേൽ, കോടതി അയാംക്കെതിരായി നടത്തൽ പുറപ്പെടുവിക്കാൻ ഉത്തരവു ചെയ്തിട്ടുണ്ടെങ്കിൽ, അപേക്ഷ അതേ ആംക്കെ എതിരായി കൊടുക്കുന്നതിന്റെ അനന്തര ഫലമായോ, ആവശ്യമായിരിക്കുന്നതല്ല.

(2) മുൻപറഞ്ഞ ഉപചട്ടത്തിലെ യാതൊന്നും, അതിനാൽ നിർണ്ണയിക്കപ്പെടുന്ന നോട്ടീസ് പുറപ്പെടുവിക്കുന്നത്, ന്യായരഹിതമായ കാലതാമസം നേരിടുവിക്കുമെന്നോ നീതിയുടെ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുമെന്നോ റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതി കരുതുന്നുവെങ്കിൽ, അങ്ങനെയുള്ള നോട്ടീസ് പുറപ്പെടുവിക്കാതെ ഒരു വിധിനടത്തിലെ ഏതെങ്കിലും പ്രോസസ്സ് പുറപ്പെടുവിക്കുന്നതിൽനിന്ന് തടയുന്നതായി കരുതപ്പെടുന്നതല്ല.

22 ക. വിൽപ്പനയ്ക്കു മുമ്പും, എന്നാൽ വിൽപ്പനയുടെ വിളംബരം നടത്തിയതിനുശേഷവും, ആയി വിധിക്കടക്കാരൻ മരിച്ചുപോകുന്നതിൻമേൽ വിൽപ്പന ദുർബലപ്പെടുത്താൻ പാടില്ലെന്ന്.— ഒരു വിധിയുടെ നടത്തലിൽ ഏതെങ്കിലും വസ്തു വിൽക്കപ്പെടുന്നിടത്ത്, വിധിക്കടക്കാരൻ വിൽപ്പനവിളംബരം പുറപ്പെടുവിച്ച തീയതിക്കും വിൽപ്പനയുടെ തീയതിക്കും ഇടയിൽ മരിച്ചുപോയി എന്ന കാരണത്താൽമാത്രം, വിൽപ്പന, വിധിയുടമ അങ്ങനെയുള്ള മരിച്ചുപോയ വിധിക്കടക്കാരന്റെ നിയമാനുസൃതപ്രതിനിധിയെ പകരം ചേർക്കാതിരിക്കുന്നുവെന്നിരുന്നാലും, ദുർബലപ്പെടുത്താൻ പാടില്ലാത്തതും; എന്നാൽ, അങ്ങനെ ചേർക്കാതിരിക്കുന്ന സംഗതിയിൽ, മരിച്ചുപോയ വിധിക്കടക്കാരന്റെ നിയമാനുസൃതപ്രതിനിധിക്ക് വിൽപനയിൽ ദോഷം നേരിട്ടിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക്, വിൽപ്പന ദുർബലപ്പെടുത്താവുന്നതുമാകുന്നു.

23. നോട്ടീസ് പുറപ്പെടുവിച്ചതിനുശേഷമുള്ള നടപടിക്രമം.—(1) ആർക്കാണോ തൊട്ട് മുമ്പുള്ള ചട്ടത്തിൻ കീഴിൽ നോട്ടീസ് പുറപ്പെടുവിക്കുന്നത്, ആ ആം ഹാജരാകാതിരിക്കുകയോ, വിധിനടത്താതിരിക്കാൻ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം, കാരണം കാണിക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, വിധിനടത്താൻ കോടതി ഉത്തരവു ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ആം വിധിയുടെ നടത്തലിന് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്നിടത്ത്, കോടതി, അങ്ങനെയുള്ള ആക്ഷേപം പരിഗണിക്കുകയും, യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കുകയും ചെയ്യേണ്ടതാകുന്നു.

## നടത്തലിനുള്ള പ്രോസസ്സ്

24. നടത്തലിനുള്ള പ്രോസസ്സ്.— (1) മുൻപറഞ്ഞചട്ടങ്ങൾ ആവശ്യപ്പെടുന്ന പ്രാരംഭ നടപടികൾ, (വല്ലതുമുണ്ടെങ്കിൽ) എടുത്തിട്ടുള്ളപ്പോൾ, വിപരീതമായതിനു കാരണം കാണാത്തപക്ഷം, വിധിയുടെ നടത്തലിന് കോടതി, അതിന്റെ പ്രോസസ്സ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതൊരു പ്രോസസ്സും, അതു പുറപ്പെടുവിക്കുന്ന ദിവസത്തെ തീയതി വഹിക്കേണ്ടതും, ജഡ്ജിയോ, കോടതി ഇതിലേക്കു നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഒപ്പിടേണ്ടതും, കോടതിയുടെ മുദ്ര കൊണ്ടു മുദ്രവയ്ക്കുകയും, നടത്താനായി ശരിയായ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(3) അങ്ങനെയുള്ള ഏതൊരു പ്രോസസ്സിലും, ഏതു ദിവസമോ അതിനുമുമ്പോ ആണോ അത് നടത്തേണ്ടത്, അങ്ങനെയുള്ള ഒരുദിവസം വിനിർദ്ദേശിച്ചിരിക്കേണ്ടതും, ഏതുദിവസമോ അതിനുമുമ്പോ ആണോ അതു കോടതിക്ക് മടക്കേണ്ടത്, അങ്ങനെയുള്ള ഒരു ദിവസം കൂടി വിനിർദ്ദേശിച്ചിരിക്കേണ്ടതും, എന്നാൽ യതൊരു പ്രാസസ്സും, അതിൽ അതു മടക്കുന്നതിനു യാതൊരു ദിവസവും വിനിർദ്ദേശിക്കുന്നില്ലെങ്കിൽ, ശൂന്യമായി കരുതപ്പെടുന്നതല്ലാത്തതുമാകുന്നു.

25. <u>പ്രോസസ്സിൻമേൽ എൻഡോഴ്സ് ചെയ്യുന്നത്.</u>— (1) പ്രോസസ്സിന്റെ നടത്തൽ ഭരമേൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ അതു നടത്തിയ ദിവസവും രീതിയും പ്രോസസ്സിൽ അതു വിനിർദ്ദേശിച്ചിട്ടുള്ള ഒടുവിലത്തെ ദിവസം കഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ, കാലതാമസത്തിനുള്ള കാരണവും, അല്ലെങ്കിൽ അതു നടത്തിയില്ലെങ്കിൽ, അതു നടത്താതിരുന്നതിനുള്ള കാരണവും, എൻഡോഴ്സ് ചെയ്യേണ്ടതും, പ്രോസസ്സ് അങ്ങനെയുള്ള എൻഡോഴ്സ്മെൻറ് സഹിതം കോടതിക്ക് മടക്കേണ്ടതുമാകുന്നു.

(2) എൻഡോഴ്സ്മെൻറ്, അങ്ങനെയുള്ള ഉദ്യോഗസ്ഥന് പ്രോസസ്സ് നടത്താൻ കഴിയുകയില്ലെന്ന അർത്ഥത്തിലുള്ളതായിരിക്കുന്നിടത്ത് കോടതി, അയാളെ അയാളുടെ പറയപ്പെടുന്ന കഴിവില്ലായ്മയെ സ്പർശിച്ച് വിസ്തരിക്കേണ്ടതും, യുക്തമെന്നു തോന്നുന്നുവെങ്കിൽ, കോടതിയ്ക്ക് അങ്ങനെയുള്ള കഴിവില്ലായ്മയെക്കുറിച്ചുള്ള സാക്ഷികളെ സമൻ ചെയ്യുകയും വിസ്തരിക്കുകയും ചെയ്യാവുന്നതും ഫലം റിക്കാർഡാക്കേണ്ടതും ആകുന്നു.

## നടത്തൽ നിറുത്തിവയ്ക്കുന്നത്

26. <u>കോടതിക്ക് എപ്പോൾ നടത്തൽ നിറുത്തിവയ്ക്കാമെന്ന്.</u>— (1) ഏതു കോടതിക്കാണോ ഒരു വിധി, നടത്തലിനായി അയച്ചുകൊടുത്തിട്ടുള്ളത്, ആ കോടതി, മതിയായ കാരണം കാണിക്കപ്പെടുന്നതിൻമേൽ, അങ്ങയുള്ള വിധിയുടെ നടത്തൽ, വിധി പാസ്സാക്കിയ കോടതിയോടോ അല്ലെങ്കിൽ, ആ വിധിയോ അതിന്റെ നടത്തലോ സംബന്ധിച്ച് അപ്പീൽ അധികാരമുള്ള ഏതെങ്കിലും കോടതിയോടോ നടത്തൽ നിറുത്തിവയ്ക്കാനുള്ള ഒരുത്തരവിനോ അല്ലെങ്കിൽ വിധിയോ നടത്തലോ സംബന്ധിച്ചുള്ളതും അങ്ങനെയുള്ള ആദ്യകോടതിയോ അപ്പീൽ കോടതിയോ നടത്തൽ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവെങ്കിലോ, അല്ലെങ്കിൽ അതിനു നടത്തലിനുള്ള അപേക്ഷ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലോ, അതിനു പുറപ്പെടുവിക്കാമായിരുന്നതും ആയ മറ്റേ ഏതെങ്കിലും ഉത്തരവിനോ അപേക്ഷിക്കുന്നതിന് വിധിക്കടക്കാരനു കഴിവുണ്ടാക്കാനായി ന്യായമായ ഒരു സമയത്തേയ്ക്കു നിറുത്തിവയ്ക്കേണ്ടതാകുന്നു.

(2) ഒരു നടത്തലിനുകീഴിൽ വിധിക്കടക്കാരന്റെ വസ്തുവോ ആയാളേയോ പിടിച്ചിട്ടുള്ളിടത്ത്, നടത്തൽ പുറപ്പെടുവിച്ച കോടതിക്കോ, അപേക്ഷയുടെ ഫലം വരുന്നതുവരെയുള്ള കാലത്തേക്ക് അങ്ങനെയുള്ള വസ്തു തിരിയെ കൊടുക്കാനോ, അങ്ങനെയുള്ള ആളെ വിമോചിപ്പിക്കാനോ ഉത്തരവുചെയ്യാവുന്നതാണ്.

(3) <u>വിധിക്കടക്കാരനിൽനിന്ന് ജാമ്യം ആവശ്യപ്പെടാനോ, അയാളുടെ മേൽ ഉപാധികൾ ചുമത്താനോ ഉള്ള അധികാരം.</u>— നടത്തൽ നിറുത്തിവയ്ക്കുന്നതിനോ, വസ്തു തിരിയെ കൊടുക്കുന്നതിനോ, വിധിക്കടക്കാരനെ

വിമോചിപ്പിക്കുന്നതിനോ ഉള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, കോടതി, വിധിക്കടക്കാരനിൽനിന്ന് യുക്തമെന്നു തോന്നുന്ന ജാമ്യം ആവശ്യപ്പെടുകയോ, അയാളുടെമേൽ യുക്തമെന്നു തോന്നുന്ന ഉപാധികൾ ചുമത്തുകയോ ചെയ്യേണ്ടതാകുന്നു.

27. വിമോചിക്കപ്പെടുന്ന വിധിക്കടക്കാരന്റെ ബാദ്ധ്യത — തിരിയെ കൊടുക്കാനുള്ളതോ വിമോചിപ്പിക്കാനുള്ളതോ ആയ 26-ാം ചട്ടത്തിൻകീഴിലെ യാതൊരു ഉത്തരവും, നടത്തലിന് അയച്ചുകൊടുത്തിട്ടുള്ള വിധിയുടെ നടത്തലിൽ, ഒരു വിധിക്കടക്കാരന്റെ വസ്തു തിരിയെ എടുക്കുകയോ അയാളെ വീണ്ടും പിടിക്കുകയോ ചെയ്യുന്നതിനെ തടയുന്നതല്ല.

28. വിധി പാസ്സാക്കിയ കോടതിയുടേയോ അപ്പീൽകോടതിയുടേയോ ഉത്തരവ് ഏതു കോടതിയോടാണോ അപേക്ഷിച്ചിട്ടുള്ളത്, ആ കോടതിയെ സംബന്ധിക്കുമെന്ന്.— വിധി പാസ്സാക്കിയ കോടതിയാലോ മുൻ പറഞ്ഞതുപോലുള്ള അപ്പീൽകോടതിയാലോ ഉള്ളതും, അങ്ങനെയുള്ള നടത്തൽ സംബന്ധിച്ചുള്ളതുമായ ഏതെങ്കിലും ഉത്തരവ്, ഏതു കോടതിയ്ക്കാണോ നടത്തലിനായി വിധി അയച്ചുകൊടുത്തിട്ടുള്ളത്, ആ കോടതിയെ ബന്ധിക്കുന്നതാകുന്നു.

29. വിധി ഉടമയും, വിധിക്കടക്കാരനും തമ്മിൽ വ്യവഹാരം നിലവിലിരിക്കെ, നടത്തൽ നിറുത്തി വയ്ക്കുന്നത്.— ഏതെങ്കിലും കോടതിയിൽ, അങ്ങനെയുള്ള കോടതിയുടെ ഒരു വിധിയുടേയോ, അല്ലെങ്കിൽ അങ്ങനെയുള്ള കോടതി നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിധിയുടേയോ ഉടമയ്ക്ക് എതിരായി, ആർക്കെതിരായാണോ ആ വിധി പാസ്സാക്കിയിട്ടുള്ളത്, ആ ആളുടെ ഭാഗത്തുനിന്നുള്ള ഒരു വ്യവഹാരം നിലവിലിരിക്കുന്നിടത്ത്, കോടതിക്ക്, ജാമ്യം സംബന്ധിച്ചുള്ളതോ, മററു വിധത്തിലുള്ളതോ ആയ വിധിയുടെ നടത്തൽ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ നിലവിലുള്ള വ്യവഹാരം തീരുമാനിക്കപ്പെടുന്നതുവരെ നിറുത്തിവയ്ക്കാവുന്നതാണ്:

എന്നാൽ, വിധി പണംകൊടുക്കുന്നതിനുള്ള ഒന്നാണെങ്കിൽ, കോടതി, ജാമ്യം ആവശ്യപ്പെടാതെ നിറുത്തിവയ്ക്കൽ അനുവദിക്കുന്നുവെങ്കിൽ, അപ്രകാരം ചെയ്യാൻ അതിനുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

## നടത്തലിന്റെ സംപ്രദായം

30. പണംകൊടുക്കുന്നതിനുള്ള വിധി.— മറേറതെങ്കിലും നിവൃത്തിക്ക് പക്ഷാന്തരമെന്ന നിലയിൽ പണം കൊടുക്കുന്നതിനുള്ള ഒരു വിധി ഉൾപ്പെടെ, പണം കൊടുക്കുന്നതിനുള്ള ഏതൊരു വിധിയും, വിധിക്കടക്കാരന്റെ സിവിൽ കാരാഗൃഹത്തിലെ തടങ്കൽവഴിയോ, അയാളുടെ വസ്തുവിന്റെ ജപ്തിയും വിൽപ്പനയും വഴിയോ അല്ലെങ്കിൽ രണ്ടും വഴിയോ നടത്താവുന്നതാണ്.

31. വിനിർദ്ദിഷ്ട ജംഗമവസ്തുവിനുള്ള വിധി.— (1) വിധി ഏതെങ്കിലും വിനിർദ്ദിഷ്ട ജംഗമത്തിനോ, വിനിർദ്ദിഷ്ട ജംഗമത്തിലെ ഏതെങ്കിലും ഓഹരിക്കോ ആയിരിക്കുന്നിടത്ത്, അത്, പ്രായോഗികമാണെങ്കിൽ, ജംഗമമോ അതിലെ ഓഹരിയോ പിടിച്ചെടുക്കുന്നതു വഴിയും, അതു ഏതു കക്ഷിക്കുള്ളതായാണോ വിധിക്കപ്പെട്ടിട്ടുള്ളത്, ആ കക്ഷിയ്ക്കോ, അയാൾക്കുവേണ്ടി ഡെലിവറി എടുക്കാൻ അയാൾ നിയമിക്കുന്ന

ആംക്കോ ഡെലിവർ ചെയ്യുന്നതു വഴിയും, അല്ലെങ്കിൽ വിധിക്കടക്കാരന്റെ സിവിൽ കാരാഗൃഹത്തിലെ തടങ്കൽവഴിയോ അയാളുടെ വസ്തുവിന്റെ ജപ്തി വഴിയോ അല്ലെങ്കിൽ രണ്ടുംവഴിയോ നടത്താവുന്നതാണ്.

(2) (1)-ാം ഉപചട്ടത്തിൻകീഴിലെ ഏതെങ്കിലും ജപ്തി, മൂന്നുമാസം പ്രാബല്യത്തിലിരുന്നിട്ടുള്ളിടത്ത്, വിധിക്കടക്കാരൻ വിധി അനുസരിച്ചിട്ടില്ലാതിരിക്കുകയും, വിധി ഉടമ ജപ്തിചെയ്യപ്പെട്ട വസ്തു വിൽപ്പിക്കാൻ അപേക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വസ്തു വിൽക്കപ്പെടാവുന്നതും, വിററുകിട്ടുന്നതിൽനിന്ന്, ജംഗമവസ്തു ഡെലിവർ ചെയ്യുന്നതിന് പക്ഷാന്തരമെന്ന നിലയിൽ കൊടുക്കേണ്ടതായി, വിധി ഏതെങ്കിലും തുക നിജപ്പെടുത്തിയിട്ടുള്ള സംഗതികളിൽ കോടതിക്ക് അങ്ങനെയുള്ള തുകയും മററു സംഗതികളിൽ യുക്തമെന്നു തോന്നുന്ന നഷ്ടപരിഹാരവും വിധി ഉടമയ്ക്ക് അവാർഡ് ചെയ്യാവുന്നതും, ബാക്കി (വല്ലതുമുണ്ടെങ്കിൽ) വിധിക്കടക്കാരന്, അയാളുടെ അപേക്ഷയിൻമേൽ കോടതി കൊടുക്കേണ്ടതുമാകുന്നു.

(3) വിധിക്കടക്കാരൻ വിധി അനുസരിക്കുകയും, അതു നടത്തുന്നതിന്റെ, താൻ കൊടുക്കാൻ ബാദ്ധ്യസ്ഥനായ എല്ലാ കോടതിച്ചെലവും കൊടുത്തിരിക്കുകയും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ ജപ്തിയുടെ തീയതി മുതൽ മൂന്നുമാസത്തിന്റെ അവസാനത്തിൽ, വസ്തു വിൽപ്പിക്കാനുള്ള യാതൊരു അപേക്ഷയും കൊടുത്തിട്ടില്ലാതിരിക്കുകയോ, കൊടുത്തിട്ടുണ്ടെങ്കിൽ അതു നിരസിക്കപ്പെടുകയോ ചെയ്തിട്ടുള്ളിടത്തോ, ജപ്തി അവസാനിക്കുന്നതാകുന്നു.

32. <u>വിനിർദ്ദിഷ്ട നിർവ്വഹണത്തിനോ, ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനോ ഇൻജംക്ഷനോ ഉള്ള വിധി.</u>— (1) ഏതു കക്ഷിക്കെതിരായാണോ ഒരു കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിനോ, ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനോ, ഇൻജംക്ഷനോ ഉള്ള ഒരു വിധി പാസ്സാക്കിയിട്ടുള്ളത്, ആ കക്ഷിക്ക്, വിധി അനുസരിക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ടായിരുന്നിരിക്കുകയും, മന:പൂർവ്വം അത് അനുസരിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വിധി ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനുള്ള വിധിയുടെ സംഗതിയിൽ, അയാളുടെ വസ്തുവിന്റെ ജപ്തിവഴിയോ, അല്ലെങ്കിൽ ഒരു കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിനോ, ഇൻജംക്ഷനോ ഉള്ള വിധിയുടെ സംഗതിയിൽ, അയാളുടെ സിവിൽ കാരാഗൃഹത്തിലെ തടങ്കൽവഴിയോ അയാളുടെ വസ്തുവിന്റെ ജപ്തിവഴിയോ, രണ്ടുംവഴിയോ വിധി പ്രാവർത്തികമാക്കാവുന്നതാണ്.

(2) ഏതു കക്ഷിക്കെതിരായാണോ വിനിർദ്ദിഷ്ട നിർവ്വഹണത്തിനോ ഇൻജംക്ഷനോ ഉള്ള ഒരു വിധി പാസ്സാക്കിയിട്ടുള്ളത്, ആ കക്ഷി ഏകാംഗയോഗം ആയിരിക്കുന്നിടത്ത്, വിധി ഏകാംഗയോഗത്തിന്റെ വസ്തുവിന്റെ ജപ്തിവഴിയോ അല്ലെങ്കിൽ, കോടതിയുടെ അനുമതിയോടുകൂടി ഏകാംഗയോഗത്തിന്റെ ഡയറക്ടർമാരുടേയോ, മററു മുഖ്യ ഉദ്യോഗസ്ഥൻമാരുടെ സിവിൽ കാരാഗൃഹത്തിലെ തടങ്കൽ വഴിയോ അല്ലെങ്കിൽ ജപ്തിയും തടങ്കലും രണ്ടുംവഴിയോ പ്രാവർത്തികമാക്കാവുന്നതാണ്.

(3) (1)-ാം ഉപചട്ടത്തിനോ (2)-ാം ഉപചട്ടത്തിനോ കീഴിലെ ഏതെങ്കിലും ജപ്തി, ആറുമാസം പ്രാബല്യത്തിലിരുന്നിട്ടുള്ളിടത്ത്, വിധിക്കടക്കാരൻ വിധി അനുസരിച്ചിട്ടില്ലാതിരിക്കുകയും, ജപ്തിചെയ്യപ്പെട്ട വസ്തു വില്പിക്കാൻ വിധി ഉടമ അപേക്ഷിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള

വസ്തു വില്ക്കപ്പെടാവുന്നതും ; വിററുകിട്ടുന്നതിൽനിന്ന്, കോടതിക്ക് യുക്തമെന്നുതോന്നുന്ന, നഷ്ടപരിഹാരവിധി ഉടമയ്ക്കും അവാർഡ് ചെയ്യാവുന്നതും, ബാക്കി, (വല്ലതുമുണ്ടെങ്കിൽ) വിധിക്കടക്കാരന് അയാളുടെ അപേക്ഷയിൻമേൽ കോടതി കൊടുക്കേണ്ടതും ആകുന്നു.

(4) വിധിക്കടക്കാരൻ വിധി അനുസരിച്ചിരിക്കുകയും, അതു നടത്തുന്നതിൻെറ, താൻ കൊടുക്കാൻ ബാദ്ധ്യസ്ഥമായ എല്ലാ കോടതിച്ചെലവും കൊടുത്തിരിക്കുകയും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ ജപ്തിയുടെ തീയതിമുതൽ ആറുമാസത്തിൻെറ അവസാനത്തിൽ വസ്തു വില്പിക്കാനുള്ള യാതൊരു അപേക്ഷയും കൊടുത്തിട്ടില്ലാതിരിക്കുകയോ, കൊടുത്തിട്ടുണ്ടെങ്കിൽ അതു നിരസിക്കുകയോ ചെയ്യുന്നിടത്തോ ജപ്തി അവസാനിക്കുന്നതാകുന്നു.

(5) ഒരു കാൺട്രാക്ററിൻെറ വിനിർദ്ദിഷ്ട നിർവ്വഹണത്തിനോ ഇൻജംക്ഷനോ ഉള്ള ഒരു വിധി അനുസരിച്ചിട്ടില്ലാത്തിടത്ത്, കോടതിക്ക്, ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ള കൃത്യം പ്രായോഗികമായിടത്തോളം വിധി ഉടമയ്ക്കോ, അല്ലെങ്കിൽ കോടതി നിയമിക്കുന്ന മററുവല്ല ആൾക്കോ വിധിക്കടക്കാരൻെറ ചെലവിൻമേൽ ചെയ്യാമെന്ന് മുൻപറഞ്ഞ എല്ലാ പ്രോസസ്സുകൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ പകരമായോ പുറമേയായോ, നിദേശിക്കാവുന്നതും, ആ കൃത്യം ചെയ്യുന്നതിൻമേൽ,നേരിട്ടിട്ടുള്ള ചെലവുകൾ കോടതി നിദേശിക്കുന്ന രീതിയിൽ തിട്ടപ്പെടുത്താവുന്നതും, അവ വിധിയിൽ ഉൾപ്പെടുത്തിയിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതും ആകുന്നു.

## ദൃഷ്ടാന്തം

സ്വല്പംമാത്രം സ്വത്തുള്ള ഒരാളായ ക, ഖ യുടെ വകയായ ഒരു വലിയ ഭവനം വാസയോഗ്യമല്ലാതാക്കുന്ന ഒരു കെട്ടിടം പണിയിക്കുന്നു. ക, തന്നെ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കുകയും, തൻെറ വസ്തു ജപ്തി ചെയ്യുകയും ചെയ്തിട്ടും, തനിക്കെതിരായി 'ഖ' സമ്പാദിച്ചിട്ടുള്ളതും, ആ കെട്ടിടം നീക്കം ചെയ്യാൻ തന്നോട് നിദേശിക്കുന്നതുമായ ഒരു വിധി അനുസരിക്കാൻ കൂട്ടാക്കാതിരിക്കുന്നു. കോടതിയുടെ അഭിപ്രായത്തിൽ, ക യുടെ വസ്തുവിൻെറ വില്പന വഴി വസൂലാക്കാവുന്ന യാതൊരു തുകയും ഖ യുടെ വലിയ ഭവനത്തിൻെറ മൂല്യത്തിലെ ഇടിവിന് പര്യാപ്തമായ വിധം നഷ്ട പരിഹാരമാകുന്നതല്ല. ഖ യ്ക്ക് കെട്ടിടം നീക്കം ചെയ്യാൻ കോടതിയോട് അപേക്ഷിക്കുകയും അങ്ങനെ നീക്കം ചെയ്യുന്നതിൻെറ കോടതിച്ചെലവ് നടത്തൽ നടപടികളിൽ ക യിൽ നിന്ന് വസൂലാക്കുകയും ചെയ്യാവുന്നതാകുന്നു.

33. <u>ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനുള്ള വിധികൾ നടത്തുന്നതിൽ കോടതിക്കുള്ള സ്വവിവേകം ഉപയോഗിക്കുന്നത്.</u> (1) 32-ാം ചട്ടത്തിൽ എന്തുതന്നെയിരുന്നാലും, കോടതിക്ക്, ഒരു ഭർത്താവിനെതിരായി ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനുള്ള ഒരു വിധി പാസ്സാക്കുന്ന സമയത്തോ, അല്ലെങ്കിൽ അതിനുശേഷം ഏതെങ്കിലും സമയത്തോ, വിധി ഈ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാണെന്ന് ഉത്തരവുചെയ്യാവുന്നതാണ്.

(2) കോടതി (1)-ാം ഉപചട്ടത്തിൻകീഴിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, കോടതിയ്ക്ക് ഇതിലേക്ക് നിജപ്പെടുത്തുന്ന കാലയളവിനുള്ളിൽ വിധി അനുസരിക്കപ്പെടാതിരിക്കുന്ന പക്ഷം വിധിക്കടക്കാരൻ വിധി ഉടമയ്ക്ക് നീതി പൂർവ്വകമായ വിധം ആനുകാലികമായി പണം കൊടുക്കണമെന്ന് ഉത്തരവു ചെയ്യാവുന്നതും, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ആനുകാലികമായ പണം കൊടുക്കലിന് വിധിക്കടക്കാരൻ കോടതിയ്ക്ക്, ബോദ്ധ്യപ്പെടുന്നവിധം, വിധിയുടമയ്ക്ക് ഈടു് നല്കണമെന്ന് ആവശ്യപ്പെടാവുന്നതും ആകുന്നു.

(3) കോടതിക്ക് അപ്പോഴപ്പോഴ്, (2)-ാം ഉപചട്ടത്തിൻകീഴിൽ, ആനുകാലികമായ പണം കൊടുക്കലിന് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ്, പണംകൊടുക്കേണ്ടസമയങ്ങൾ ഭേദപ്പെടുത്തുന്നതുവഴിയോ, തുക വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതുവഴിയോ വ്യത്യാസപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതോ, അല്ലെങ്കിൽ കൊടുക്കാൻ അപ്രകാരം ഉത്തരവു ചെയ്തിട്ടുള്ള മുഴുവൻ പണവും സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗം സംബന്ധിച്ചോ ആ ഉത്തരവ് താത്കാലികമായി നിറുത്തിവയ്ക്കുകയും, നീതിപൂർവ്വകമെന്ന് തോന്നുന്നവിധം മുഴുവനായോ ഭാഗികമായോ അത് പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും ചെയ്യാവുന്നതോ ആണ്.

(4) ഈ ചട്ടത്തിൻകീഴിൽ കൊടുക്കുന്നതിന് ഉത്തരവ് ചെയ്യുന്ന ഏതെങ്കിലും പണം, അത് പണം കൊടുക്കുന്നതിനുള്ള ഒരു വിധിയ്ക്ക് കീഴിൽ കൊടുക്കേണ്ടതായിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്.

34. <u>രേഖ ഒപ്പിട്ടു പൂർത്തീകരിക്കാനോ കൈമാറാവുന്ന പ്രമാണം എൻഡോഴ്സ് ചെയ്യാനോ ഉള്ള വിധി</u>—(1) വിധി രേഖ ഒപ്പിട്ടുപൂർത്തീകരിക്കാനോ കൈമാറാവുന്ന പ്രമാണം എൻഡോഴ്സ് ചെയ്യാനോ ആയിരിക്കുകയും, വിധിക്കടക്കാരൻ വിധി അനുസരിക്കാൻ ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, വിധിയുടമയ്ക്ക് വിധിയുടെ നിബന്ധനകൾ അനുസരിച്ച് രേഖയുടേയോ എൻഡോഴ്സ്മെൻറിൻേറയോ ഒരു കരട് തയ്യാറാക്കുകയും, അത് കോടതിക്ക് ഏല്പിച്ചു കൊടുക്കുകയും ചെയ്യാവുന്നതാണ്.

(2) അതോടെ, കോടതിക്ക്, ആ കരട്, വിധിക്കടക്കാരന്, അയാളുടെ ആക്ഷേപങ്ങൾ (വല്ലതുമുണ്ടെങ്കിൽ) കോടതി ഇതിലേക്ക് നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ കൊടുക്കാൻ ആവശ്യപ്പെടുന്ന ഒരു നോട്ടീസ് സഹിതം, നടത്തിക്കേണ്ടതാകുന്നു.

(3) വിധിക്കടക്കാരൻ കരടിന് ആക്ഷേപം ഉന്നയിക്കുന്നിടത്ത്, അയാളുടെ ആക്ഷേപങ്ങൾ കോടതിക്ക് യുക്തമെന്ന് തോന്നുന്ന സമയത്തിനുള്ളിൽ ലിഖിതമായി പ്രസ്താവിക്കേണ്ടതും, കോടതി കരട് അംഗീകരിച്ചുകൊണ്ടോ വ്യത്യാസപ്പെടുത്തിക്കൊണ്ടോ യുക്തമെന്നുതോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആകുന്നു.

(4) വിധി ഉടമ, തൽസമയം പ്രാബല്യത്തിലുള്ള നിയമം സ്ററാമ്പു ആവശ്യപ്പെടുന്നുവെങ്കിൽ തക്ക സ്ററാമ്പു പേപ്പറിലുള്ളതും, കോടതി നിദേശിച്ചിട്ടുള്ള വ്യത്യാസപ്പെടുത്തലുകളോടു കൂടിയതും (വല്ലതുമുണ്ടെങ്കിൽ) ആയ കരടിന്റെ ഒരു പകർപ്പ് കോടതിക്ക് ഏല്പിച്ചുകൊടുക്കേണ്ടതും, ജഡ്ജിയോ ഇതിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ, അപ്രകാരം ഏല്പിച്ചു കൊടുക്കപ്പെടുന്ന രേഖ ഒപ്പിട്ട് പൂർത്തീകരിക്കേണ്ടതും ആകുന്നു.

(5) ഈ ചട്ടത്തിൻ കീഴിൽ രേഖ ഒപ്പിട്ടു പൂർത്തീകരിക്കുന്നതോ കൈമാററാവുന്ന പ്രമാണം എൻഡോഴ്സ് ചെയ്യുന്നതോ താഴെപറയുന്ന ഫാറത്തിൽ ആയിരിക്കാവുന്നതാണ്, അതായത്.—

"ക. ഖ യ്ക്കെതിരായി ങ. ച യാലുള്ള വ്യവഹാരത്തിൽ ക. ഖ യ്ക്കു വേണ്ടി.... . കോടതിയിലെ ജഡ്ജി ഗ. ഘ (അല്ലെങ്കിൽ അതതു സംഗതിപോലെ)" ആയിരിക്കാവുന്നതും അതിനെ രേഖ ഒപ്പിട്ടു പൂർത്തീകരിക്കാനൊ കൈമാററാവുന്ന പ്രമാണം എൻഡോഴ്സ് ചെയ്യാനോ ഉത്തരവു ചെയ്തതു ഏതുകക്ഷിയോടാണൊആ കക്ഷി അത്ഒപ്പിട്ട് പൂർത്തീകരിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്താലുള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

(6) (ക) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം രേഖയുടെ രജിസ്ട്രേഷൻ ആവശ്യപ്പെടുന്നിടത്ത്, കോടതിയോ, കോടതി ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അങ്ങനെയുള്ള നിയമം അനുസരിച്ച് രേഖ രജിസ്ററാക്കിക്കേണ്ടതാകുന്നു.

(ഖ) രേഖയുടെ രജിസ്ട്രേഷൻ അപ്രകാരം ആവശ്യപ്പെടാതിരിക്കുകയും, എന്നാൽ വിധിയുടമ രേഖ രജിസ്ട്രാക്കപ്പെടണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(ഗ) കോടതി, രേഖയുടെ രജിസ്ട്രേഷനുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, അതിന് രജിസ്ട്രേഷന്റെ ചെലവുകൾ സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

35. സ്ഥാവരവസ്തുവിനുള്ള വിധി.—(1) വിധി, ഏതെങ്കിലും സ്ഥാവരവസ്തു ഡെലിവർ ചെയ്യുന്നതിനായിരിക്കുന്നിടത്ത്, ഏതു കക്ഷിക്കാണോ അത് വിധിച്ചു കൊടുത്തിട്ടുള്ളത്, ആ കക്ഷിക്കോ, അല്ലെങ്കിൽ അയാൾക്കു വേണ്ടി ഡെലിവറി വാങ്ങാൻ അയാൾ നിയമിക്കുന്ന ആൾക്കോ അതിന്റെ കൈവശം, വിധിപ്രകാരം ബാദ്ധ്യസ്ഥനും വസ്തു വിട്ടൊഴിയാൻ വിസമ്മതിക്കുന്നവനും ആയ ഏതെങ്കിലും ആളെ, ആവശ്യമുണ്ടെങ്കിൽ, നീക്കം ചെയ്തുകൊണ്ട് ഡെലിവർ ചെയ്യേണ്ടതാകുന്നു.

(2) വിധി, സ്ഥാവരവസ്തുവിന്റെ കൂട്ടുകൈവശത്തിനായിരിക്കുന്നിടത്ത്, അങ്ങനെയുള്ള കൈവശം, വസ്തുവിന്റെ ഏതെങ്കിലും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് വാറന്റിന്റെ ഒരു പകർപ്പ് പതിക്കുകയും വിധിയുടെ സാരം സൗകര്യമുള്ള വല്ല സ്ഥലത്തും വച്ച് മുരശടിച്ചോ മററു പതിവു മുറപ്രകാരമോ വിളംബരം ചെയ്യുകയും ചെയ്യുന്നതുവഴി, ഡെലിവർ ചെയ്യേണ്ടതാകുന്നു.

(3) ഏതെങ്കിലും കെട്ടിടത്തിന്റേയോ വളച്ചുകെട്ടിന്റേയോ കൈവശം ഡെലിവർ ചെയ്യേണ്ടിയിരിക്കുകയും, കൈവശമുള്ള ആൾ വിധിയാൽ ബദ്ധനായിരിക്കെ, നിർബാധമായ പ്രവേശനം നല്കാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, അതിന്റെ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം, രാജ്യത്തിലെ ആചാരങ്ങളനുസരിച്ച് പൊതു സ്ഥലത്ത് പ്രത്യക്ഷപ്പെടാത്ത ഏതെങ്കിലും സ്ത്രീക്ക്, പിൻമാറാൻ ന്യായമായ മുന്നറിയിപ്പും സൗകര്യവും നല്കിയതിനു ശേഷം, ഏതെങ്കിലും പൂട്ടോ, താഴോ നീക്കം ചെയ്യുകയോ തുറക്കുകയോ, ചെയ്യുകയും ഏതെങ്കിലും വാതിൽ കുത്തിത്തുറക്കുകയോ, വിധി ഉടമയ്ക്ക് കൈവശം കൊടുക്കാൻ ആവശ്യകമായ മറേറതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യാവുന്നതാണ്.

36. കുടിയാന്റെ കൈവശത്തിലിരിക്കുമ്പോൾ, സ്ഥാവരവസ്തു ഡെലിവർ ചെയ്യാനുള്ള വിധി.—വിധി, ഏതു സ്ഥാവരവസ്തവാണോ കുടിയാന്റേയോ, അല്ലെങ്കിൽ അത് കൈവശം വയ്ക്കാൻ അവകാശമുള്ളതും, അങ്ങനെയുള്ള കൈവശം വിട്ടുകൊടുക്കാൻ വിധിയാൽ ബദ്ധനല്ലാത്തതുമായ മററാളുടേയോ കൈവശത്തിലിരിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ ഡെലിവറിക്കായിരിക്കുന്നിടത്ത്, കോടതി, വാറന്റിന്റെ ഒരു പകർപ്പ്, വസ്തുവിന്റെ ഏതെങ്കിലും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് പതിക്കുകയും, വസ്തുസംബന്ധിച്ചുള്ള വിധിയുടെ സാരം, സൗകര്യമുള്ള വല്ല സ്ഥലത്തുംവച്ച് മുരശടിച്ചോ മററു പതിവ് മുറപ്രകാരമോ കൈവശക്കാരന് വിളംബരം ചെയ്യുകയും ചെയ്യുന്നതുവഴി ഡെലിവർ ചെയ്യാൻ ഉത്തരവുചെയ്യേണ്ടതാകുന്നു.

## അറസ്ററും സിവിൽ കാരാഗൃഹത്തിലെ തടങ്കലും

37. കാരാഗൃഹത്തിലെ തടങ്കലിന് എതിരായി കാരണംകാണിക്കാൻ വിധിക്കടക്കാരനെ അനുവദിക്കാൻ സ്വവിവേകമുപയോഗിക്കാനുള്ള അധികാരം.—(1) ഈ ചട്ടങ്ങളിൽ എന്തുതന്നെയിരുന്നാലും, ഒരു അപേക്ഷ, അപേക്ഷയനുസരിച്ച് അറസ്ററ് ചെയ്യപ്പെടാൻ ബാദ്ധ്യസ്ഥനായ ഒരു വിധിക്കടക്കാരൻെറ അറസ്ററും സിവിൽ കാരാഗൃഹത്തിലെ തടങ്കലും വഴിയുള്ള, പണം കൊടുക്കുന്നതിനായുള്ള ഒരു വിധിയുടെ നടത്തലിനായിരിക്കുന്നിടത്ത്, കോടതി, അയാളുടെ അറസ്ററിനായുള്ള വാറൻറ് പുറപ്പെടുവിക്കുന്നതിനുപകരം, ഒരു നോട്ടീസ്, അയാളോട്, നോട്ടീസിൽ വിനിർദ്ദേശിക്കേണ്ട ഒരു ദിവസം കോടതി മുമ്പാകെ ഹാജരാവുകയും, അയാളെ സിവിൽ കാരാഗൃഹത്തിലേയ്ക്ക് കമ്മിററ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് പുറപ്പെടുവിക്കേണ്ടതാണ് :

എന്നാൽ, വിധിയുടെ നടത്തലിന് കാലതാമസം നേരിടുവിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയോ, ആ ഫലമുണ്ടാക്കുന്നവിധമോ വിധിക്കടക്കാരൻ ഒളിവിൽപ്പോകാനോ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ വിട്ടുപോകാനോ ഇടയുണ്ടെന്ന് സത്യവാങ്മൂലം വഴിയോ മററുവിധത്തിലോ കോടതിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള നോട്ടീസ് ആവശ്യമുണ്ടായിരിക്കുന്നതല്ല.

(2) നോട്ടീസ് അനുസരിച്ചുകൊണ്ട് ഹാജരാകാതിരിക്കുന്നിടത്ത്, വിധിക്കടക്കാരൻെറ അറസ്ററിന് വാറൻറ് പുറപ്പെടുവിക്കേണ്ടതാണെന്ന് വിധി ഉടമ ആവശ്യപ്പെടുന്നുവെങ്കിൽ, കോടതി അപ്രകാരം ചെയ്യേണ്ടതാകുന്നു.

38. അറസ്ററിനുള്ള വാറൻറ്, വിധിക്കടക്കാരനെക്കൊണ്ടുവരാൻ നിദേശിക്കേണ്ടതാണെന്ന്.— ഒരു വിധിക്കടക്കാരൻെറ അറസ്ററിനുള്ള ഏതൊരു വാറൻറും, അയാളോടു കൊടുക്കാൻ ഉത്തരവ് ചെയ്തിട്ടുള്ള തുക, അതിൻമേലുള്ള പലിശയും അയാൾ കൊടുക്കാൻ ബാദ്ധ്യസ്ഥമായ കോടതിച്ചെലവും (വല്ലതുമുണ്ടെങ്കിൽ) സഹിതം, മുൻപേ കൊടുക്കാത്തപക്ഷം, അയാളെ, സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ കോടതി മുൻപാകെ കൊണ്ടുവരാൻ, വാറൻറിൻെറ നടത്തൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനോട് നിദേശിക്കേണ്ടതാകുന്നു.

39. ഉപജീവനബത്ത.— (1) വിധിയുടെ നടത്തലിൽ യാതൊരു വിധിക്കടക്കാരനേയും, അയാളുടെ അറസ്ററിൻെറ സമയം മുതൽ അയാളെ കോടതി മുമ്പാകെ കൊണ്ടുവരാൻ കഴിയുന്നതുവരെയുള്ള അയാളുടെ ഉപജീവനത്തിന് മതിയായതാണെന്ന് ജഡ്ജിയ്ക്ക് തോന്നുന്ന തുക വിധി ഉടമ കോടതിയിൽ ഒടുക്കാത്തപക്ഷവും, ഒടുക്കുന്നതുവരേയും അറസ്ററ് ചെയ്യാൻ പാടുള്ളതല്ല.

(2) വിധിയുടെ നടത്തലിൽ വിധിക്കടക്കാരനെ, സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുന്നിടത്ത്, കോടതി, ഉപജീവനത്തിന് 57-ാം വകുപ്പിൻ കീഴിൽ നിജപ്പെടുത്തുന്ന തോതുകൾ അനുസരിച്ച് അയാൾക്ക് അവകാശമുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള തോതുകൾ നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, അയാൾ പെടുന്ന വിഭാഗം സംബന്ധിച്ച് മതിയായതാണെന്ന് കോടതി കരുതുന്നതോ ആയ പ്രതിമാസബത്ത നിജപ്പെടുത്തേണ്ടതാകുന്നു.

(3) കോടതി നിജപ്പെടുത്തുന്ന പ്രതിമാസബത്ത, ഏതു കക്ഷിയുടെ അപേക്ഷയിൻമേലാണോ വിധിക്കടക്കാരനെ അറസ്ററു ചെയ്തിട്ടുള്ളത്, ആ കക്ഷി ഓരോ മാസത്തിൻേറയും ഒന്നാം ദിവസത്തിന് മുമ്പ് മുൻകൂറായി, പ്രതിമാസ ഒടുക്കുകളായി കൊടുക്കേണ്ടതാകുന്നു.

(4) ആദ്യത്തെ ഒടുക്കു് നടപ്പുമാസത്തിൽ കഴിയാൻ ബാക്കിയുള്ള ഭാഗത്തിന്, വിധിക്കടക്കാരനെ സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുന്നതിനുമുമ്പ്, കോടതിയുടെ തക്ക ഉദ്യോഗസ്ഥനും ആയിരിക്കേണ്ടതും, പിന്നീടുള്ള ഒടുക്കുകൾ (വല്ലതുമുണ്ടെങ്കിൽ) സിവിൽ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് ആയിരിക്കേണ്ടതും ആകുന്നു.

(5) വിധിക്കടക്കാരന്റെ സിവിൽ കാരാഗൃഹത്തിലെ ഉപജീവനത്തിന് വിധി ഉടമ ചെലവഴിക്കുന്ന തുകകൾ, വ്യവഹാരത്തിലെ കോടതിച്ചെലവായി കരുതപ്പെടുന്നതാകുന്നു :

എന്നാൽ, അപ്രകാരം ചെലവഴിക്കുന്ന ഏതെങ്കിലും തുകയ്ക്ക് വിധിക്കടക്കാരനെ സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാനോ അറസ്ററ് ചെയ്യാനോ പാടുള്ളതല്ല.

40. <u>വിധിക്കടക്കാരൻ നോട്ടീസ് അനുസരിച്ചുകൊണ്ട് ഹാജരാകുന്നതിൻ മേലോ അറസ്ററിനുശേഷമോ ഉള്ള നടപടികൾ.</u>—(1) വിധിക്കടക്കാരൻ 37-ാം ചട്ടത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന നോട്ടീസ് അനുസരിച്ചുകൊണ്ട് കോടതി മുമ്പാകെ ഹാജരാവുകയോ, അല്ലെങ്കിൽ പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ നടത്തലിൽ അറസ്ററ് ചെയ്യപ്പെട്ടതിനുശേഷം, കോടതി മുമ്പാകെ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, കോടതി, വിധി ഉടമയ്ക്ക് പറയാനുള്ളത് കേൾക്കാൻ നടപടി തുടരുകയും നടത്തലിനുള്ള അയാളുടെ അപേക്ഷയ്ക്ക് താങ്ങായി അയാൾ ഹാജരാക്കുന്ന എല്ലാ തെളിവും എടുക്കുകയും ചെയ്യേണ്ടതും, പിന്നീട് വിധിക്കടക്കാരന് അയാളെ സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യാതിരിക്കാൻ കാരണം കാണിക്കാൻ അവസരം നൽകേണ്ടതും ആകുന്നു.

(2) (1)-ാം ഉപചട്ടത്തിൻ കീഴിലെ അന്വേഷണ വിചാരണ സമാപനമാകാതെ നിലവിലിരിക്കുന്ന കാലത്ത് കോടതിക്ക് സ്വവിവേകമുപയോഗിച്ച്, വിധിക്കടക്കാരനെ കോടതിയുടെ ഒരു ഉദ്യോഗസ്ഥന്റെ കസ്ററഡിയിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവ് ചെയ്യുകയോ, അല്ലെങ്കിൽ ആവശ്യപ്പെടുമ്പോൾ അയാൾ ഹാജരാകുന്നതിലേയ്ക്ക് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം ജാമ്യം നൽകുന്നതിൻമേൽ, അയാളെ വിമോചിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപചട്ടത്തിൻകീഴിലെ അന്വേഷണ വിചാരണ സമാപിക്കുന്നതിൻമേൽ, കോടതിക്ക്, 51-ാം വകുപ്പിലെ വ്യവസ്ഥകൾക്കും ഈ നിയമസംഹിതയിലെ മററു വ്യവസ്ഥകൾക്കും വിധേയമായി, വിധിക്കടക്കാരന്റെ സിവിൽ കാരാഗൃഹത്തിലെ തടങ്കലിനുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, ആ സംഗതിയിൽ അയാൾ മുമ്പേ അറസ്ററിലല്ലെങ്കിൽ കോടതി അയാളെ അറസ്ററ് ചെയ്യിക്കേണ്ടതുമാകുന്നു :

എന്നാൽ, വിധിക്കാര്യം തീർക്കുന്നതിന്, വിധിക്കടക്കാരന് അവസരം നൽകുന്നതിനുവേണ്ടി, കോടതിയ്ക്ക്, തടങ്കലിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, വിധിക്കടക്കാരനെ, പതിനഞ്ചു ദിവസത്തിൽ കവിയാത്ത ഒരു വിനിർദ്ദിഷ്ട കാലയളവ് കോടതിയുടെ ഒരു ഉദ്യോഗസ്ഥന്റെ കസ്ററഡിയിൽ വിടുകയോ, അല്ലെങ്കിൽ വിധിക്കാര്യം മുമ്പേ തീർന്നുപോകുന്നില്ലെങ്കിൽ, ആ വിനിർദ്ദിഷ്ട കാലയളവ് അവസാനിക്കുന്നതോടെ അയാൾ ഹാജരാകുന്നതിന് കോടതിക്ക് ബോദ്ധ്യപ്പെടുന്ന വിധം ജാമ്യം നൽകുന്നതിൻമേൽ അയാളെ വിമോചിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(4) ഈ ചട്ടത്തിൻകീഴിൽ മോചിപ്പിക്കപ്പെടുന്ന ഒരു വിധിക്കടക്കാരൻ വീണ്ടും അറസ്ററ് ചെയ്യപ്പെടാവുന്നതാകുന്നു.

(5) കോടതി (3)-ാം ഉപചട്ടത്തിൻകീഴിൽ തടങ്കലിനുള്ള ഉത്തരവു പുറപ്പെടുവിക്കാത്തപ്പോൾ അത് അപേക്ഷ നിരസിക്കേണ്ടതും, വിധിക്കട ക്കാരൻ അറസ്ററിലാണെങ്കിൽ അയാളെ വിമോചിപ്പിക്കാൻ നിദേശി ക്കേണ്ടതും ആകുന്നു.

## വസ്തുവിൻെറ ജപ്തി

41. വിധിക്കടക്കാരനെ അയാളുടെ വസ്തു സംബന്ധിച്ച് വിസ്ത രിക്കുന്നത്.—(1) വിധി, പണം കൊടുക്കാനുള്ളതായിരിക്കുന്നിടത്ത്, വിധി ഉടമയ്ക്ക് കോടതിയോട്,—

(ക) വിധിക്കടക്കാരനേയോ,

(ഖ) വിധിക്കടക്കാരൻ ഏകാംഗയോഗമായിരിക്കുന്നിടത്ത്, അതിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ,

(ഗ) മറേറതെങ്കിലും ആളേയോ;

വിധിക്കടക്കാരന് കിട്ടാനുള്ളതായി ഏതെങ്കിലും കടങ്ങൾ ഉണ്ടോ, അല്ലെങ്കിൽ അയാൾക്ക് കിട്ടാനുള്ള കടങ്ങൾ ഏവയാണ് എന്നും വിധി ക്കടക്കാരന് മററ് ഏതെങ്കിലും വസ്തുവോ വിധികാര്യം തീർക്കാനുള്ള മാർഗ്ഗങ്ങളോ ഉണ്ടോ എന്നും, അത് ഏതാണെന്നും ഉള്ളത് സംബന്ധിച്ച് വാക്കാൽ വിസ്തരിക്കണമെന്ന ഉത്തരവിന് അപേക്ഷിക്കാവുന്നതും ; കോട തിക്ക് അങ്ങനെയുള്ള വിധിക്കടക്കാരനോ ഉദ്യോഗസ്ഥനോ മററാളോ സന്നിഹിതനാകുന്നതിനും വിസ്തരിക്കപ്പെടുന്നതിനും ഏതെങ്കിലും ബുക്കു കളോ രേഖകളോ ഹാജരാക്കുന്നതിനും ഉള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്ന തുമാണ്.

(2) പണം കൊടുക്കുന്നതിനുള്ള ഒരു വിധി മുപ്പതു ദിവസക്കാലം കാര്യം തീരാതെയിരിക്കുന്നിടത്ത്, കോടതിക്ക് വിധി ഉടമയുടെ അപേക്ഷ യിൻമേലും, (1)-ാം ഉപചട്ടത്തിൻ കീഴിലെ അതിൻെറ അധികാരത്തിന് ഭംഗംവരാതേയും, വിധിക്കടക്കാരനോടോ വിധിക്കടക്കാരൻ ഒരു ഏകാംഗയോഗം ആയിരിക്കുന്നിടത്ത്, അതിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ വിധി കടക്കാരൻെറ ആസ്തികളുടെ വിവരങ്ങൾ പ്രസ്താവിക്കുന്ന ഒരു സത്യ വാങ്മൂലം നൽകാൻ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതാണ്.

(3) (2)-ാം ഉപചട്ടത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവ് അനുസരിക്കാതിരിക്കുന്ന സംഗതിയിൽ, ഉത്തരവ് പുറപ്പെടുവിക്കുന്ന കോടതിക്കോ, അല്ലെങ്കിൽ ഏത് കോടതിയിലേക്കാണോ ആ നടപടി മാററി യിട്ടുള്ളത്, ആ കോടതിക്കോ ഉത്തരവ് അനുസരിക്കാതിരിക്കുന്ന ആളെ, മൂന്നുമാസത്തിൽ കവിയാത്ത കാലയളവ്, ആ കാലയളവ് അവസാനിക്കു ന്നതിനുമുമ്പ്, കോടതി അയാളെ വിമോചിപ്പിക്കാൻ നിദേശിക്കാത്തപക്ഷം, സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വക്കാൻ നിദേശിക്കാവുന്നതാണ്.

42. തുക പിന്നീട് നിശ്ചയിക്കേണ്ടതായ പാട്ടത്തിനോ (വാടകക്കോ ഇടക്കാലലാഭത്തിനോ മററു കാര്യത്തിനോ ഉള്ള വിധിയുടെ സംഗതിയിലെ ജപ്തി.—വിധി, പാട്ടമോ (വാടകയോ) ഇടക്കാലലാഭമോ മററ് ഏതെങ്കിലും കാര്യമോ സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നിദേശിക്കുന്നിടത്ത്, വിധിക്കടക്കാരൻെറ വസ്തു, അയാളിൽനിന്നു കിട്ടാനുള്ള തുക തിട്ടപ്പെ ടുത്തുന്നതിനുമുമ്പ്, പണം കൊടുക്കലിനുള്ള സാധാരണ വിധിയുടെ സംഗതിയിൽ എന്നപോലെ ജപ്തി ചെയ്യാവുന്നതാണ്.

43. വിധിക്കടക്കാരന്റെ കൈവശത്തിലുള്ള കാർഷികോൽപ്പന്നങ്ങളം അല്ലാത്ത ജംഗമവസ്തുവിന്റെ ജപ്തി.—ജപ്തി ചെയ്യേണ്ട വസ്തു, വിധിക്കടക്കാരന്റെ കൈവശത്തിലുള്ള കാർഷികോൽപ്പന്നങ്ങളം അല്ലാത്ത ജംഗമവസ്തു ആയിരിക്കുന്നിടത്ത്, ജപ്തി, യഥാർത്ഥമായ പിടിച്ചെടുക്കൽവഴി നടത്തേണ്ടതും, ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥൻ വസ്തു തന്റെ സ്വന്തം സൂക്ഷിപ്പിലോ, തന്റെ കീഴുദ്യോഗസ്ഥൻമാരിൽ ഒരാളുടെ സൂക്ഷിപ്പിലോ വയ്ക്കേണ്ടതും ; അതിന്റെ മുറപ്രകാരമുള്ള സൂക്ഷിപ്പിന് ഉത്തരവാദി ആയിരിക്കുന്നതും ആകുന്നു ;

എന്നാൽ, പിടിച്ചെടുക്കപ്പെടുന്ന വസ്തു വേഗത്തിലും സ്വാഭാവികമായുമുള്ള നാശത്തിന് വിധേയമായിരിക്കുമ്പോഴോ, അല്ലെങ്കിൽ അത് സൂക്ഷിപ്പിൽ വയ്ക്കുന്നതിനുള്ള ചെലവ് അതിന്റെ മൂല്യത്തിലും കവിയാൻ ഇടയുള്ളപ്പോഴോ, ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥന് അത് ഉടനെ വിൽക്കാവുന്നതാണ്.

43. ക ജംഗമവസ്തുവിന്റെ സൂക്ഷിപ്പ്.—(1) ജപ്തി ചെയ്യപ്പെട്ട വസ്തു, കന്നുകാലികളോ കാർഷികോപകരണങ്ങളോ, സൗകര്യപൂർവ്വം നീക്കം ചെയ്യാൻ കഴിയാത്ത മററു സാധനങ്ങളോ ആയിരിക്കുകയും, ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥൻ 43-ാം ചട്ടത്തിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾക്ക്, വിധികടക്കാരന്റെയോ വിധിഉടമയുടേയോ, അങ്ങനെയുള്ള വസ്തുവിൽ അവകാശമുള്ളതായി അവകാശപ്പെടുന്ന മറേറതെങ്കിലും ആളുടേയോ അർത്ഥനയിൻമേൽ, അത് ജപ്തി ചെയ്യപ്പെട്ടത് ഏത് ഗ്രാമത്തിലോ സ്ഥലത്തോ വച്ചോ ആണോ ആ ഗ്രാമത്തിലോ സ്ഥലത്തോ ഏതെങ്കിലും മാന്യനായ (ഇതിൽ ഇതിനുശേഷം സൂക്ഷിപ്പുകാരൻ എന്നു പരാമർശിക്കപ്പെടുന്ന) ആളുടെ സൂക്ഷിപ്പിൽ വിട്ടുപോകാവുന്നതാണ്.

(2) സൂക്ഷിപ്പുകാരൻ, മുറപ്രകാരമുള്ള നോട്ടീസിനുശേഷം, കോടതി പേർപറഞ്ഞിട്ടുള്ള സ്ഥലത്ത് ആ ആവശ്യത്തിലേയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ മുമ്പാകെ അങ്ങനെയുള്ള വസ്തു ഹാജരാക്കാതിരിക്കുകയോ, അല്ലെങ്കിൽ ആർക്ക് തിരിയെ കൊടുക്കാനാണോ കോടതി ഉത്തരവ് ചെയ്തിട്ടുള്ളത്, ആ ആൾക്ക് തിരിയെ കൊടുക്കാതിരിക്കുകയോ, അല്ലെങ്കിൽ വസ്തു അപ്രകാരം ഹാജരാക്കുകയോ തിരിയെ കൊടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും, അയാളെ അത് ഭരമേൽപ്പിച്ചപ്പോൾ ഏതു അവസ്ഥയിലായിരുന്നുവോ, അതേ അവസ്ഥയിൽ അല്ലാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ,—

(ക) വിധിഉടമയ്ക്കോ, വിധിക്കടക്കാരനോ അല്ലെങ്കിൽ അത് തിരിയെ കിട്ടാൻ അവകാശമുള്ളതായി കാണപ്പെടുന്ന മറേറതെങ്കിലും ആൾക്കോ സൂക്ഷിപ്പുകാരൻ തന്റെ വീഴ്ച ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നഷ്ടത്തിനോ, നാശനഷ്ടത്തിനോ നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ;

(ഖ) അങ്ങനെയുള്ള ബാദ്ധ്യത—

(i) വിധി ഉടമയുടെ അർത്ഥനയിൻമേൽ സൂക്ഷിപ്പുകാരൻ 145-ാം വകുപ്പിൻകീഴിൽ ജാമ്യക്കാരൻ ആയിരുന്നാലെന്നപോലെയും ;

(ii) വിധിക്കടക്കാരന്റേയോ, അല്ലെങ്കിൽ അങ്ങനെയുള്ള മറേറ ആളുടേയോ അർത്ഥനയിൻമേൽ, വിധി നടത്തിലെ ഒരു അപേക്ഷയിൻമേലും, പ്രാവർത്തികമാക്കാവുന്നതും ;

(ഗ) അങ്ങനെയുള്ള ബാദ്ധ്യത തീരുമാനിക്കുന്ന ഏതെങ്കിലും ഉത്തരവ് ഒരു വിധി ആയിരുന്നാലെന്നപോലെ അതിൽനിന്ന് അപ്പീൽ കൊടുക്കാവുന്നതായിരിക്കുന്നതും,

ആകുന്നു.

44. കാർഷികോൽപ്പന്നത്തിന്റെ ജപ്തി.—ജപ്തി ചെയ്യേണ്ട വസ്തു കാർഷികോൽപ്പന്നമായിരിക്കുന്നിടത്ത്, ജപ്തി, ജപ്തി വാറന്റിന്റെ ഒരു പകർപ്പ്,—

(ക) അങ്ങനെയുള്ള ഉൽപ്പന്നം വളരുന്ന വിള ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള വിള വളർന്നിരിക്കുന്ന ഭൂമിയിൻമേലും ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഉൽപ്പന്നം കൊയ്യുകയോ ശേഖരിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, ധാന്യം ഉതിർക്കുന്ന കളത്തിൻമേലും, അല്ലെങ്കിൽ ധാന്യം മെതിക്കുന്നതോ അതുപോലുള്ളതോ ആയ സ്ഥലത്തും, അല്ലെങ്കിൽ ഏത് വയ്ക്കോൽ കൂനയിൻമേലോ അതിനുള്ളിലോ ആണോ ആ ഉൽപ്പന്നം നിക്ഷേപിച്ചിരിക്കുന്നത്, ആ വയ്ക്കോൽ കൂനയിൻമേലും,

മറെറാരു പകർപ്പ്, വിധിക്കടക്കാരൻ സാധാരണയായി താമസിക്കുന്ന ഭവനത്തിന്റെ പുറംവാതലിൻമേലും, അല്ലെങ്കിൽ ശ്രദ്ധയാകർഷിക്കത്തക്ക മററു വല്ല ഭാഗത്തും, അല്ലെങ്കിൽ, കോടതിയുടെ അനുമതിയോടുകൂടി, അയാൾ ബിസിനസ് നടത്തിക്കൊണ്ടുപോകുന്നതോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുന്നതോ, അല്ലെങ്കിൽ അയാൾ ഒടുവിൽ താമസിക്കുകയോ ബിസിനസ് നടത്തിക്കൊണ്ടുപോവുകയോ, ലാഭത്തിന് നേരിട്ട് ജോലി ചെയ്യുകയോ ചെയ്തിരുന്നതായി അറിയപ്പെടുന്നതോ ആയ ഭവനത്തിന്റെ പുറംവാതലിൻമേലും അല്ലെങ്കിൽ ശ്രദ്ധയാകർഷിക്കത്തക്ക മററുവല്ല ഭാഗത്തും പതിച്ചുകൊണ്ട് ചെയ്യേണ്ടതും ; അതോടെ ആ ഉൽപ്പന്നം, കോടതിയുടെ കൈവശത്തിലേക്ക് സംക്രമിച്ചിട്ടുള്ളതായി കരുതപ്പെടുന്നതുമാകുന്നു.

45. ജപ്തിക്കു കീഴിലുള്ള കാർഷികോൽപ്പന്നം സംബന്ധിച്ച വ്യവസ്ഥകൾ.—(1) കാർഷികോൽപ്പന്നം ജപ്തി ചെയ്യുന്നിടത്ത്, കോടതി ആ ഉൽപ്പന്നത്തിന്റെ സൂക്ഷിപ്പിന് മതിയായതാണെന്ന് കരുതുന്ന ഏർപ്പാടുകൾ ചെയ്യേണ്ടതും, അങ്ങനെയുള്ള ഏർപ്പാടുകൾ ചെയ്യാൻ കോടതിക്ക് കഴിവുണ്ടാകുന്നതിനുവേണ്ടി വളരുന്ന വിള ജപ്തിചെയ്യാനുള്ള ഏതൊരപേക്ഷയും, അത് കൊയ്യാനോ ശേഖരിക്കാനോ പററുന്നതാകാനിടയുള്ള സമയം വിനിർദ്ദേശിക്കേണ്ടതുമാകുന്നു.

(2) ജപ്തി ഉത്തരവിലോ, പിന്നീടുള്ള ഏതെങ്കിലും ഉത്തരവിലോ കോടതി ഇതിലേക്ക് ചുമത്തുന്ന ഉപാധികൾക്ക് വിധേയമായി, വിധിക്കടക്കാരന്, ഉൽപ്പന്നം ശുശ്രൂഷിക്കുകയും, കൊയ്യുകയും, ശേഖരിക്കുകയും, സംഭരിക്കുകയും, അത് മൂപ്പെത്തിക്കാനോ സംരക്ഷിക്കാനോ ആവശ്യകമായ മറെറതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യാവുന്നതും ; അങ്ങനെയുള്ള എല്ലാ കൃത്യങ്ങളുമോ അവയിൽ ഏതെങ്കിലുമോ വിധിക്കടക്കാരൻ ചെയ്യാതിരിക്കുന്നുവെങ്കിൽ, വിധി ഉടമയ്ക്ക് കോടതിയുടെ അനുവാദത്തോടുകൂടിയും, സദൃശോപാധികൾക്ക് വിധേയമായും, അവ എല്ലാമോ അവയിൽ ഏതെങ്കിലുമോ സ്വയമേവ, അല്ലെങ്കിൽ താൻ ഇതിലേക്ക് നിയമിക്കുന്ന ഏതെങ്കിലും ആൾമുഖേന ചെയ്യാവുന്നതും, വിധിഉടമയ്ക്ക് നേരിടുന്ന കോടതിച്ചെലവ്, അത് വിധിയിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ വിധിയുടെ ഭാഗമാവുകയോ ചെയ്തിരുന്നാലെന്നപോലെ വിധിക്കടക്കാരിൽനിന്ന് വസൂലാക്കപ്പെടാവുന്നതുമാണ്.

(3) വളരുന്ന വിളയായി ജപ്തി ചെയ്തിട്ടുള്ള കാർഷികോൽപ്പന്നം, അത് മണ്ണിൽനിന്ന് വേർപെടുത്തിയിട്ടുണ്ടെന്നുള്ള കാരണത്താൽമാത്രം ജപ്തിക്കു കീഴിലല്ലാതായിത്തീരുകയോ അതിന് പുനർജപ്തി ആവശ്യമായിരിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

(4) ഒരു വളരുന്ന വിളയുടെ ജപ്തിയ്ക്കുള്ള ഉത്തരവ് വിള കൊയ്യാനോ ശേഖരിക്കാനോ പററുന്നതാകാനിടയുള്ളതിന് ഗണ്യമായ സമയംമുമ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, കോടതിക്ക്, യുക്തമെന്നുതോന്നുന്ന സമയത്തേയ്ക്ക്, ഉത്തരവിന്റെ നടത്തൽ നിറുത്തിവയ്ക്കാവുന്നതും, ജപ്തി ഉത്തരവ് നടത്തുന്നതുവരെ വിളനീക്കം ചെയ്യുന്നത് സ്വവിവേകം ഉപയോഗിച്ച് നിരോധിക്കുന്ന ഒരു കൂടുതൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(5) സംഭരിക്കപ്പെടാൻ കഴിയാത്ത പ്രകൃതമുള്ള ഒരു വളരുന്ന വിള, അത് കൊയ്യാനോ ശേഖരിക്കാനോ പററുന്നതാകാനിടയുള്ള സമയത്തിന് ഇരുപതു ദിവസത്തിൽ കുറഞ്ഞ ഏതെങ്കിലും സമയംമുമ്പ് ഈ ചട്ടത്തിൻ കീഴിൽ ജപ്തി ചെയ്യപ്പെടാൻ പാടുള്ളതല്ല.

46. വിധിക്കടക്കാരന്റെ കൈവശമുള്ളതല്ലാത്ത കടത്തിന്റേയും ഓഹരിയുടേയും മററു വസ്തുവിന്റേയും ജപ്തി.—(1) (ക) കൈമാറാവുന്ന പ്രമാണത്തിന്റെ ഈടില്ലാത്ത കടത്തിന്റേയോ,

(ഖ) ഏകാംഗ യോഗത്തിന്റെ മൂലധനത്തിലെ ഓഹരിയുടേയോ,

(ഗ) ഏതെങ്കിലും കോടതിയിൽ നിക്ഷേപിച്ചിട്ടുള്ളതോ, അതിന്റെ കസ്ററഡിയിലുള്ളതോ ആയ വസ്തു ഒഴികെയുള്ളതും, വിധിക്കടക്കാരന്റെ കൈവശമുള്ളതല്ലാത്തതുമായ മററു ജംഗമവസ്തുവിന്റേയോ,

സംഗതിയിൽ ജപ്തി—

(i) കടത്തിന്റെ സംഗതിയിൽ, കോടതിയുടെ തുടർന്നുള്ള അരവു വരെ ഉത്തമർണ്ണനെ, കടം വസൂലാക്കുന്നതിൽനിന്നും, അധമർണ്ണനെ, അത് കൊടുക്കുന്നതിൽനിന്നും ;

(ii) ഓഹരിയുടെ സംഗതിയിൽ, ആരുടെ നാമത്തിലാണോ ഓഹരി നിൽക്കുന്നത്, അയാളെ അത് കൈമാററം ചെയ്യുകയോ അതിൻമേലുള്ള ഏതെങ്കിലും ഡിവിഡൻറ് സ്വീകരിക്കുകയോ ചെയ്യുന്നതിൽ നിന്നും ;

(iii) മുൻപറഞ്ഞവിധമൊഴികെയുള്ള മററു ജംഗമവസ്തുവിന്റെ സംഗതിയിൽ, അതു കൈവശമുള്ള ആളെ, അത് വിധികടക്കാരന് നൽകുന്നതിൽനിന്നും,

നിരോധിക്കുന്ന ലിഖിതമായ ഉത്തരവുവഴി ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഉത്തരവിന്റെ ഒരു പകർപ്പ്, കോടതി മന്ദിരത്തിന്റെ, ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും ഭാഗത്ത് പതിക്കേണ്ടതും, മറെറാരു പകർപ്പ്, കടത്തിന്റെ സംഗതിയിൽ അധമർണ്ണനും, ഓഹരിയുടെ സംഗതിയിൽ, ഏകാംഗയോഗത്തിന്റെ തക്ക ഉദ്യോഗസ്ഥനും, (മുൻപറഞ്ഞ വിധമൊഴികെയുള്ള) മററു ജംഗമവസ്തുവിന്റെ സംഗതിയിൽ, അത് കൈവശമുള്ള ആറക്കും അയച്ചുകൊടുക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപചട്ടത്തിലെ (i)-ാം ഖണ്ഡത്തിൻകീഴിൽ നിരോധിക്കപ്പെടുന്ന ഒരു അധമർണ്ണന്, തന്റെ കടത്തിന്റെ തുക കോടതിയിൽ ഒടുക്കാവുന്നതും, അങ്ങനെയുള്ള ഒടുക്ക് അയാളെ അതു കിട്ടാൻ അവകാശമുള്ള കക്ഷിക്ക് കൊടുക്കുന്നതുപോലെയുള്ള അതേ പ്രഭാവത്തോടെ ബാദ്ധ്യതയിൽനിന്ന് വിടുത്തുന്നതും ആകുന്നു.

46 ക. ഗാർണിഷിക്കുള്ള നോട്ടീസ്.—(1) കോടതിക്ക്, 46-ാം ചട്ടത്തിൻ കീഴിൽ ജപ്തി ചെയ്യപ്പെട്ടിട്ടുള്ള പണയത്തിന്റേയോ ചാർജ്ജിന്റേയോ ഈടുള്ള കടമല്ലാത്ത ഒരു കടത്തിന്റെ സംഗതിയിൽ, ജപ്തി ചെയ്യുന്ന ഉത്തമർണ്ണന്റെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള കടം തിരിയെ കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഗാർണിഷിക്ക്, അയാളോട് വിധിക്കടക്കാരന് അയാളിൽ

നിന്ന് തിരികെ കിട്ടാനുള്ള കടമോ, അല്ലെങ്കിൽ അതിൽ വിധിയുടെയും, നടത്തലിന്റെ കോടതിച്ചെലവിന്റേയും കാര്യം തീരാൻ മതിയായിടത്തോളമുള്ളതോ കോടതിയിൽ ഒടുക്കുകയോ അല്ലെങ്കിൽ, കോടതിയിൽ ഹാജരാകുകയും, അപ്രകാരം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുകയും ചെയ്യുകയോ ചെയ്യാൻ ആവശ്യപ്പെടുന്ന നോട്ടീസ് പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപചട്ടത്തിൻകീഴിലെ അപേക്ഷ, ആഖ്യാപിക്കപ്പെടുന്ന വസ്തുതകൾ സത്യബോധപ്പെടുത്തുന്നതും, സത്യവാങ്മൂലം നൽകുന്നയാളുടെ വിശ്വാസത്തിൽ ഗാർണിഷി വിധിക്കടക്കാരന് കടം തിരിയെ കൊടുക്കാനുണ്ടെന്ന് പ്രസ്താവിക്കുന്നതുമായ ഒരു സത്യവാങ്മൂലത്തിൻമേൽ ആയിരിക്കേണ്ടതാകുന്നു.

(3) ഗാർണിഷി, അയാളിൽനിന്ന് വിധിക്കടക്കാരന് കിട്ടാനുള്ളതോ, അല്ലെങ്കിൽ അതിൽ വിധിയുടേയും നടത്തലിന്റെ കോടതിച്ചെലവിന്റേയും കാര്യം തീരാൻ മതിയായിടത്തോളമുള്ളതോ കോടതിയിൽ ഒടുക്കുന്നിടത്ത്, കോടതിക്ക് ആ തുക, വിധിയുടേയും നടത്തലിന്റെ കോടതിച്ചെലവിന്റേയും കാര്യം തീരലിലേയ്ക്ക് വിധി ഉടമയ്ക്ക് കൊടുക്കാൻ നിദേശിക്കാവുന്നതാണ്.

46 ഖ. ഗാർണിഷിക്കെതിരായ ഉത്തരവ്.—ഗാർണിഷി ഉടനടി തന്നിൽ നിന്ന് വിധിക്കടക്കാരന് കിട്ടാനുള്ള തുകയോ, അല്ലെങ്കിൽ അതിൽ വിധിയുടേയും നടത്തലിന്റെ കോടതിച്ചെലവിന്റേയും കാര്യം തീരാൻ മതിയായിടത്തോളമുള്ളതോ കോടതിയിൽ ഒടുക്കാതിരിക്കുകയും, ഹാജരാകുകയും നോട്ടീസിന് ഉത്തരമായി കാരണം കാണിക്കുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, ഗാർണിഷിയോട് അങ്ങനെയുള്ള നോട്ടീസിലെ നിബന്ധനകൾ അനുസരിക്കാൻ ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള ഉത്തരവിൻമേൽ, ആ ഉത്തരവ്, അയാൾക്ക് എതിരായ വിധി ആയിരുന്നാലെന്നപോലെ നടത്തൽ പുറപ്പെടുവിക്കാവുന്നതുമാണ്.

46 ഗ. തർക്കത്തിലുള്ള പ്രശ്നങ്ങളുടെ വിചാരണ.—ഗാർണിഷി, ബാധ്യത ചോദ്യം ചെയ്യുന്നിടത്ത്, ബാധ്യതയെക്കുറിച്ചുള്ള തീർപ്പിന് ആവശ്യകമായ ഏതെങ്കിലും വിവാദ്യകമോ പ്രശ്നമോ, ഇതൊരു വ്യവഹാരത്തിലെ വിവാദ്യകമായിരുന്നാലെന്നപോലെ വിചാരണ ചെയ്യേണ്ടതാണെന്ന് കോടതിക്ക് ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള വിവാദ്യകം തീർപ്പാക്കുന്നതിൻമേൽ, കോടതി യുക്തമെന്നു തോന്നുന്ന ഉത്തരവോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടതുമാണ്.

എന്നാൽ, ഏതു കടം സംബന്ധിച്ചാണോ, 46 ക ചട്ടത്തിൻകീഴിൽ അപേക്ഷ കൊടുക്കുന്നത്, ആ കടം കോടതിയുടെ 'ആർത്ഥികാധികാരിതയ്ക്ക് അപ്പുറമുള്ള ഒരു തുക സംബന്ധിച്ചുള്ളതാണെങ്കിൽ കോടതി അതു കീഴിലായിരിക്കുന്നത് ഏത് ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ കോടതിക്കാണോ, ആ കോടതിക്ക്, നടത്തൽ കേസ് അയച്ചുകൊടുക്കേണ്ടതും, അതോടെ ആ ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ കോടതിയോ, അല്ലെങ്കിൽ ഡിസ്ട്രിക്റ്റ് ജഡ്ജി, അത് ക്ഷമതയുള്ള മറേറതൊരു കോടതിക്കാണോ മാററുന്നത്, ആ കോടതിയോ, ആ കേസ്, ആ കോടതിയിൽ ആദ്യമായി ആരംഭിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുമാകുന്നു.

46 ഘ. കടം മൂന്നാമന് അവകാശപ്പെട്ടതായിരിക്കുന്നിടത്തുള്ള നടപടിക്രമം.—കടം, വല്ല മൂന്നാമനും അവകാശപ്പെട്ടതായിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും മൂന്നാമന് അങ്ങനെയുള്ള കടത്തിൻമേൽ ലീനോ ചാർജ്ജോ, മററു അവകാശമോ ഉണ്ടായിരിക്കുകയോ ചെയ്യുന്നുവെന്ന് സൂചിപ്പിക്കപ്പെടുകയോ, ചെയ്യുന്നതായിരിക്കാൻ സംഭാവ്യതയുള്ളതായി കാണപ്പെടുകയോ

ചെയ്യുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള മൂന്നാമനോട്, ഹാജരാകാനും അങ്ങനെയുള്ള കടത്തിനുള്ള അയാളുടെ അവകാശവാദം വല്ലതുമുണ്ടെങ്കിൽ അതിന്റെ പ്രകൃതവും വിവരങ്ങളും, പ്രസ്താവിക്കുകയും തെളിയിക്കുകയും ചെയ്യാനും ഉത്തരവ് ചെയ്യാവുന്നതാണ്.

46 ങ. മൂന്നാമനെ സംബന്ധിച്ച ഉത്തരവ്.—അങ്ങനെയുള്ള മൂന്നാമന്നും, ഹാജരാകാൻ പിന്നീട് ഉത്തരവു ചെയ്യപ്പെടുന്ന ഏതെങ്കിലും ആരംക്കു, അല്ലെങ്കിൽ ആളുകരംക്കും പറയാനുള്ളത് കേട്ടതിനുശേഷമോ, അല്ലെങ്കിൽ അങ്ങനെയുള്ള മൂന്നാമനോ മററു ആളോ ആളുകളോ, അപ്രകാരം ഉത്തരവ് ചെയ്തിരിക്കുമ്പോരം ഹാജരാകാതിരിക്കുന്നിടത്തോ, കോടതിക്ക്, ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള ഉത്തരവോ, അല്ലെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള മൂന്നാമന്റേയോ, മററു ആളുടേയോ ആളുകളുടേയോ ലീനോ, ചാർജ്ജോ, അവകാശമോ സംബന്ധിച്ച്, അത് യുക്തവും തക്കതുമാണെന്നു കോടതി കരുതുന്ന നിബന്ധനകരം, വല്ലതുമുണ്ടെങ്കിൽ, അവയിൻമേൽ; അപ്രകാരം കരുതുന്ന മററ് ഉത്തരവോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നതാണ്.

46 ച. ഗാർണിഷിയാലുള്ള ഒടുക്കു സാധുവായ ബാദ്ധ്യത തീർക്കലായിരിക്കുമെന്ന്.—46 ക ചട്ടത്തിൻകീഴിലെ നോട്ടീസിൻമേലോ മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും ഉത്തരവിൻകീഴിലോ ഗാർണിഷി ചെയ്യുന്ന ഒടുക്കു ഏതു വിധിയുടെ നടത്തിലാണോ 46 ക ചട്ടത്തിൻകീഴിലെ അപേക്ഷ കൊടുത്തത്, ആ വിധിയോ, അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷയിൻമേലുള്ള നടപടികളിൽ പാസ്സാക്കിയിട്ടുള്ള ഉത്തരവോ ദുർബ്ബലപ്പെടുത്തുകയോ മറിച്ചു വിധിക്കുകയോ ചെയ്യുന്നുവെന്നിരുന്നാലും, വിധിക്കടക്കാരനും, മുൻപറഞ്ഞതുപോലെ ഹാജരാകാൻ ഉത്തരവ് ചെയ്യപ്പെട്ട മറേറതെങ്കിലും ആരംക്കും എതിരായി ഒടുക്കിയതോ ചുമത്തിയതോ ആയ തുകയ്ക്ക് അയാളെ സംബന്ധിച്ച് സാധുവായ ബാദ്ധ്യത തീർക്കൽ ആയിരിക്കുന്നതാണ്.

46 ഛ. കോടതിച്ചെലവ്.—46 ക ചട്ടത്തിൻകീഴിൽ കൊടുക്കുന്ന ഏതെങ്കിലും അപേക്ഷയുടേയും, അതിൽനിന്നുൽഭവിക്കുന്നതോ, അതിന് ആനുഷംഗികമായതോ ആയ ഏതെങ്കിലും നടപടിയുടേയും കോടതിച്ചെലവ്, കോടതിയ്ക്ക് സ്വവിവേകമുപയോഗിച്ച് നിശ്ചയിക്കാവുന്നതായിരിക്കുന്നതാണ്.

46 ജ. അപ്പീലുകരം.—46 ഖ ചട്ടത്തിനോ, 46 ഗ ചട്ടത്തിനോ, 46 ങ ചട്ടത്തിനോ, കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് വിധിയായിരുന്നാലെന്നപോലെ അതിൽനിന്ന് അപ്പീൽ കൊടുക്കാവുന്നതായിരിക്കുന്നതാണ്.

46 ഝ. കൈമാറാവുന്ന പ്രമാണങ്ങരംക്കുള്ള ബാധകത.—46 ക മുതൽ 46 ജ വരെ (രണ്ടും ഉരംപ്പെടെ) യുള്ള ചട്ടങ്ങളിലെ വ്യവസ്ഥകരം, ആകുന്നത്ര 51-ാം ചട്ടത്തിൻകീഴിൽ ജപ്തി ചെയ്യപ്പെടുന്ന കൈമാറാവുന്ന പ്രമാണങ്ങരം സംബന്ധിച്ച്, അവ, കടങ്ങരം സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമായിരിക്കുന്നതാണ്.

47. ജംഗമങ്ങളിലെ ഓഹരിയുടെ ജപ്തി.—ജപ്തി ചെയ്യപ്പെടേണ്ട വസ്തു വിധിക്കടക്കാരനും മറെറാരാരംക്കും കൂട്ടുടമസ്ഥരെന്ന നിലയിൽ അവകാശപ്പെട്ട ജംഗമവസ്തുവിലെ വിധിക്കടക്കാരന്റെ ഓഹരിയോ അവകാശമോ ആയിരിക്കുന്നിടത്ത്, ജപ്തി, ആ ഓഹരിയോ അവകാശമോ കൈമാററം ചെയ്യുന്നതിൽനിന്നോ, ഏതെങ്കിലും വിധത്തിൽ ചാർജ്ജാക്കുന്നതിൽനിന്നോ വിധിക്കടക്കാരനെ നിരോധിക്കുന്ന, അയാരംക്കുള്ള നോട്ടീസ്വഴി ആയിരിക്കേണ്ടതാകുന്നു.

48. **ഗവൺമെൻറിൻേറയോ റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാര സ്ഥാനത്തിൻേറയോ ജീവനക്കാരൻേറയോ ശമ്പളത്തിൻേറയോ ബത്തകളുടേയോ ജപ്തി.**—(1) ജപ്തി ചെയ്യപ്പെടേണ്ട വസ്തു, ഗവൺമെൻറ് ജീവനക്കാരൻേറയോ, അല്ലെങ്കിൽ റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാരസ്ഥാനത്തിൻേറയോ ജീവനക്കാരൻേറയോ, അല്ലെങ്കിൽ കേന്ദ്ര ആക്ററിനാലോ, പ്രവിശ്യ ആക്ററിനാലോ സ്റേററ് ആക്ററിനാലോ സ്ഥാപിക്കപ്പെടുന്നതും ഏതെങ്കിലും വ്യാപാരത്തിലോ വ്യവസായത്തിലോ ഏർപ്പെട്ടിരിക്കുന്നതുമായ ഏകാംഗയോഗത്തിൻേറയോ അല്ലെങ്കിൽ കമ്പനി ആക്ററ്, 1956-1956-ലെ 1) 19-ലെ 617-ാം വകുപ്പ ൽ നിർവ്വചിച്ചപ്രകാരമുള്ള ഒരു ഗവൺമെൻറ് കമ്പനിയുടേയോ ജീവനക്കാരൻേറയോ ശമ്പളമോ ബത്തകളോ ആയിരിക്കുന്നിടത്ത്, കോടതിക്ക്, വിധിക്കടക്കാരനോ, വിതരണഉദ്യോഗസ്ഥനോ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണെങ്കിലും അല്ലെങ്കിലും, ആ തുക 60-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള ശമ്പളത്തിൽനിന്നോ ബത്തകളിൽനിന്നോ, കോടതി നിദേശിക്കുന്നതുപോലെ, ഒരു ഒററ ഒടുക്കായോ, അല്ലെങ്കിൽ പ്രതിമാസത്തവണകളായോ പിടിക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതും ; സമുചിതഗവൺമെൻറ്, ഇതിലേക്ക് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, നിയമിക്കുന്ന ഉദ്യോഗസ്ഥന് ഉത്തരവിനെക്കുറിച്ചുള്ള നോട്ടീസ് നൽകുന്നതിൻമേൽ,—

(ക) അങ്ങനെയുള്ള ശമ്പളമോ ബത്തകളോ വിതരണം ചെയ്യേണ്ടത് ഈ നിയമസംഹിത തൽസമയം വ്യാപിക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ ആയിരിക്കുന്നിടത്ത്, അത് വിതരണം ചെയ്യേണ്ടത് തൻെറ കർത്തവ്യമായിരിക്കുന്ന ഉദ്യോഗസ്ഥനോ മററാളോ, അതതു സംഗതിപോലെ, ഉത്തരവിൻകീഴിൽ കൊടുക്കാനുള്ള തുകയോ, പ്രതിമാസത്തവണകളോ പിടിക്കുകയും കോടതിക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതും ;

(ഖ) അങ്ങനെയുള്ള ശമ്പളമോ ബത്തകളോ വിതരണം ചെയ്യേണ്ടത് മുൻപറഞ്ഞ അതിർത്തികൾക്ക് അപ്പുറമായിരിക്കുന്നിടത്ത്, ആ അതിർത്തികൾക്കുള്ളിലുള്ളവനും വിതരണം ചെയ്യേണ്ട ശമ്പളത്തിൻേറയോ ബത്തകളുടേയോ തുകയെക്കുറിച്ച് വിതരണം ചെയ്യുന്ന അധികാരസ്ഥാനത്തെ ആദേശിക്കേണ്ടത് തൻെറ കർത്തവ്യമായിരിക്കുന്നവനുമായ ഉദ്യോഗസ്ഥനോ മററാളോ, അതതു സംഗതിപോലെ, ഉത്തരവിൻകീഴിൽ കൊടുക്കാനുള്ള തുകയോ പ്രതിമാസത്തവണകളോ, കോടതിക്ക് അയച്ചുകൊടുക്കേണ്ടതും വിതരണം ചെയ്യുന്ന അധികാരസ്ഥാനത്തോട് അപ്പോഴപ്പോൾ വിതരണം ചെയ്യേണ്ട തുകകളുടെ ആകെ തുകയിൽനിന്ന് അപ്പോഴപ്പോൾ കോടതിക്ക് അയച്ചുകൊടുക്കുന്ന തുകകളുടെ ആകെത്തുക കുറവ് ചെയ്യാൻ നിദേശിക്കേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള ശമ്പളത്തിൻേറയോ ബത്തകളുടേയോ ജപ്തിചെയ്യപ്പെടാവുന്ന ഭാഗം, കാര്യം തീരാത്ത ഒരു മുൻ ജപ്തി ഉത്തരവിനെത്തുടർന്നു മുൻപേ തന്നെ പിടിക്കുകയും, കോടതിക്ക് അയച്ചുകൊടുക്കുകയും ചെയ്യുകയായിരിക്കുന്നിടത്ത്, സമുചിത ഗവൺമെൻറ് ഇതിലേക്കു നിയമിക്കുന്ന ഉദ്യോഗസ്ഥൻ ഉടനടി ആ പിന്നീടുള്ള ഉത്തരവ്, അത് പുറപ്പെടുവിക്കുന്ന കോടതിക്ക് നിലവിലുള്ള ജപ്തിയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളുടേയും ഒരു പൂർണ്ണ പ്രസ്താവന സഹിതം മടക്കേണ്ടതാകുന്നു.

(3) ഈ ചട്ടത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, അതു (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥകളനുസരിച്ച് മടക്കാതിരിക്കുന്നപക്ഷം, തുടർന്നുള്ള നോട്ടീസോ മററു പ്രാസസ്സോ കൂടാതെ, അതതുസംഗതിപോലെ, സമുചിത ഗവൺമെൻറിനേയോ റയിൽവേ കമ്പനിയേയോ, തദ്ദേശാധികാരസ്ഥാനത്തേയോ, ഏകാംഗയോഗത്തേയോ, ഗവൺമെൻറ് കമ്പനിയേയോ,

വിധിക്കടക്കാരൻ ഈ നിയമസംഹിത, തൽസമയം വ്യാപിച്ചിരിക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിലായിരിക്കുമ്പോഴും, അയാൾ, ആ അതിർത്തികൾക്കപ്പുറമായിരിക്കുമ്പോൾ, അയാൾക്ക് ഇൻഡ്യയുടെ സഞ്ചിത നിധിയിൽ നിന്നോ, സ്റ്റേററിലെ സഞ്ചിത നിധിയിൽനിന്നോ, അല്ലെങ്കിൽ ഇൻഡ്യയിലുള്ള റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാരസ്ഥാനത്തിൻേറയോ ഏകാംഗയോഗത്തിൻേറയോ, ഗവൺമെൻറ് കമ്പനിയുടേയോ പണത്തിൽ നിന്നോ കൊടുക്കേണ്ട ഏതെങ്കിലും ശമ്പളമോ ബത്തകളോ കിട്ടിക്കൊണ്ടിരിക്കുന്നപക്ഷവും, ബന്ധിക്കുന്നതും; ഈ ചട്ടത്തെ ഉല്ലംഘിച്ചുകൊണ്ട് കൊടുക്കുന്ന ഏതെങ്കിലും തുകയ്ക്ക് അതതുസംഗതിപോലെ, സമുചിത ഗവൺമെൻേറാ, റയിൽവേ കമ്പനിയോ, തദ്ദേശാധികാരസ്ഥാനമോ, ഏകാംഗയോഗമോ ഗവൺമെൻറ് കമ്പനിയോ ബാദ്ധ്യസ്ഥമായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ ചട്ടത്തിൽ ''സമുചിത ഗവൺമെൻറി''ന്,—

(i) കേന്ദ്രഗവൺമെൻറിൻെറ സർവ്വീസിലുള്ള ഏതെങ്കിലും ആളേയോ, അല്ലെങ്കിൽ റയിൽവേ ഭരണത്തിൻേറയോ, കൻേറാൺമെൻറ് അധികാരസ്ഥാനത്തിൻേറയോ, ഒരു വൻകിടത്തുറമുഖത്തിൻെറ തുറമുഖാധികാരസ്ഥാനത്തിൻേറയോ ഏതെങ്കിലും ജീവനക്കാരനേയോ, അല്ലെങ്കിൽ കേന്ദ്ര ആക്ററിനാൽ സ്ഥാപിക്കപ്പെടുന്നതും, ഏതെങ്കിലും വ്യാപാരത്തിലോ വ്യവസായത്തിലോ ഏർപ്പെട്ടിരിക്കുന്നതുമായ ഒരു ഏകാംഗയോഗത്തിലെ ഏതെങ്കിലും ജീവനക്കാരനേയോ, അല്ലെങ്കിൽ ഏതു ഗവൺമെൻറ് കമ്പനിയിലാണോ ഓഹരിമൂലധനത്തിൻെറ ഏതെങ്കിലും ഭാഗം, കേന്ദ്രഗവൺമെൻേറാ ഒന്നിലധികം സ്റ്റേററ് ഗവൺമെൻറുകളോ, അല്ലെങ്കിൽ ഭാഗികമായി കേന്ദ്രഗവൺമെൻറും ഭാഗികമായി ഒന്നോ അതിലധികമോ സ്റ്റേററു ഗവൺമെൻറുകളും വഹിക്കുന്നത്, അങ്ങനെയുള്ള ഒരു ഗവൺമെൻറ് കമ്പനിയുടെ ഏതെങ്കിലും ജീവനക്കാരനേയോ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും ;

(ii) ഗവൺമെൻറിൻെറ മറേറതെങ്കിലും ജീവനക്കാരനേയോ, അല്ലെങ്കിൽ മറേറതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ മററു അധികാരസ്ഥാനത്തിൻേറയോ ജീവനക്കാരനേയോ, അല്ലെങ്കിൽ ഒരു പ്രവിശ്യാ ആക്ററിനാലോ സ്റ്റേററ് ആക്ററിനാലോ സ്ഥാപിക്കപ്പെടുന്നതും ഏതെങ്കിലും വ്യാപാരത്തിലോ വ്യവസായത്തിലോ ഏർപ്പെട്ടിരിക്കുന്നതുമായ ഒരു ഏകാംഗയോഗത്തിലെ ഏതെങ്കിലും ജീവനക്കാരനേയോ, അല്ലെങ്കിൽ മറേറതെങ്കിലും ഗവൺമെൻറ് കമ്പനിയുടെ ജീവനക്കാരനേയോ സംബന്ധിച്ച്, സ്റ്റേററ് ഗവൺമെൻറ് എന്നും, അർത്ഥമാകുന്നു.

48 ക. സ്വകാര്യ ജോലിക്കാരുടെ ശമ്പളത്തിൻേറയും ബത്തകളുടേയും ജപ്തി.—(1) ജപ്തിചെയ്യപ്പെടേണ്ട വസ്തു, 48-ാം ചട്ടം ബാധകമാകുന്ന ജോലിക്കാരനല്ലാത്ത ജോലിക്കാരൻെറ ശമ്പളമോ ബത്തകളോ ആയിരിക്കുന്നിടത്ത്, കോടതിക്ക്, ജോലിക്കാരൻെറ വിതരണോദ്യോഗസ്ഥൻ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ ആയിരിക്കുന്നിടത്ത്, ആ തുക 60-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള ശമ്പളത്തിൽ നിന്നോ ബത്തകളിൽ നിന്നോ കോടതി നിദേശിക്കുന്നതുപോലെ, ഒരു ഒററ ഒടുക്കായോ, അല്ലെങ്കിൽ പ്രതിമാസത്തവണകളായോ പിടിക്കണമെന്ന് ഉത്തരവു ചെയ്യാവുന്നതും; അങ്ങനെയുള്ള വിതരണോദ്യോഗസ്ഥന് ഉത്തരവിനെക്കുറിച്ചുള്ള നോട്ടീസ് നൽകുന്നതിൻമേൽ, അങ്ങനെയുള്ള വിതരണോദ്യോഗസ്ഥൻ, അതതു സംഗതിപോലെ, ഉത്തരവിൻകീഴിൽ കൊടുക്കാനുള്ള തുകയോ പ്രതിമാസത്തവണകളോ കോടതിക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ശമ്പളത്തിൻേറയോ ബത്തകളുടേയോ ജപ്തിചെയ്യപ്പെടാവുന്ന ഭാഗം, കാര്യം തീരാത്ത ഒരു മുൻജപ്തി ഉത്തരവിനെ തുടർന്നു മുൻപേ തന്നെ പിടിക്കുകയോ കോടതിക്ക് അയച്ചുകൊടുക്കുകയോ ചെയ്യുകയായിരിക്കുന്നിടത്ത്, വിതരണോദ്യോഗസ്ഥൻ, ഉടനടി ആ പിന്നീടുള്ള ഉത്തരവ്, അത് പുറപ്പെടുവിക്കുന്ന കോടതിക്ക് നിലവിലുള്ള ജപ്തിയുടെ എല്ലാ വിവരങ്ങളുടേയും ഒരു പൂർണ്ണ പ്രസ്താവന സഹിതം മടക്കേണ്ടതാകുന്നു.

(3) ഈ ചട്ടത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും, അതു (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥകളനുസരിച്ച് മടക്കാതിരിക്കുന്നപക്ഷം, തുടർന്നുള്ള നോട്ടീസോ മററു പ്രോസസ്സോ കൂടാതെ നിയോജകനെ വിധിക്കടക്കാരൻ ഈ നിയമസംഹിത തൽസമയം വ്യാപിച്ചിരിക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിലായിരിക്കുമ്പോഴും, അയാൾ ആ അതിർത്തികൾക്കപ്പുറമായിരിക്കുമ്പോൾ, അയാൾക്കു ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തിലെ ഒരു നിയോജകൻെറ പണത്തിൽനിന്ന് കൊടുക്കേണ്ട ശമ്പളമോ ബത്തകളോ, കിട്ടിക്കൊണ്ടിരിക്കുന്നപക്ഷവും, ബന്ധിക്കുന്നതും; ഈ ചട്ടത്തെ ഉല്ലംഘിച്ചുകൊണ്ട് കൊടുക്കുന്ന ഏതെങ്കിലും തുകയ്ക്ക് നിയോജകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

49. <u>പങ്കാളിത്ത വസ്തുവിൻെറ ജപ്തി.</u>—(1) ഈ ചട്ടം മററു വിധത്തിൽ വ്യവസ്ഥചെയ്യുന്ന വിധമൊഴികെ, ഒരു പങ്കാളിത്തത്തിൻെറ വകയായ വസ്തു, ഫേമിനെതിരായോ, അല്ലെങ്കിൽ ഫേമിലെ പങ്കാളികൾക്ക് എതിരായി, ആ നിലയിലോ പാസ്സാക്കുന്ന വിധിയല്ലാത്ത ഒരു വിധിയുടെ നടത്തലിൽ ജപ്തിചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) കോടതിക്ക്, ഒരു പങ്കാളിക്ക് എതിരായുള്ള വിധിയുടെ ഉടമയുടെ അപേക്ഷയിൻമേൽ, വിധിക്കു കീഴിൽ കിട്ടാനുള്ള തുകയ്ക്ക് അങ്ങനെയുള്ള പങ്കാളിക്ക്, പങ്കാളിത്ത വസ്തുവിലും ലാഭങ്ങളിലും ഉള്ള അവകാശം, ചാർജ്ജാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, അതേ ഉത്തരവിനാലോ പിന്നീടുള്ള ഉത്തരവിനാലോ ലാഭങ്ങളിലെ (പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതോ, സിദ്ധിച്ചുകൊണ്ടിരിക്കുന്നതോ ആയാലും) അങ്ങനെയുള്ള പങ്കാളിയുടെ ഓഹരിയുടേയും പങ്കാളിത്തം സംബന്ധിച്ച് അയാൾക്ക് വരാവുന്ന മറേറതെങ്കിലും പണത്തിൻേറയും ഒരു റിസീവറെ നിയമിക്കാവുന്നതും, അങ്ങനെയുള്ള പങ്കാളി, വിധി ഉടമയുടെ പേർക്ക് ഒരു ചാർജ് ഉണ്ടാക്കിയിട്ടുണ്ടായിരുന്നുവെങ്കിൽ കണക്കെടുപ്പിനും അന്വേഷണ വിചാരണകൾക്കും നിർദേശിക്കുകയും, അങ്ങനെയുള്ള അവകാശത്തിൻെറ വിൽപ്പനക്കുള്ള ഉത്തരവോ മററുത്തരവുകളോ പുറപ്പെടുവിക്കുകയും ചെയ്യാമായിരുന്നതുപോലെയോ, അല്ലെങ്കിൽ സംഗതിയുടെ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നതുപോലെയോ, അപ്രകാരം നിർദേശിക്കുകയും പുറപ്പെടുവിക്കുകയും ചെയ്യാവുന്നതും ആകുന്നു.

(3) മറേറ പങ്കാളിക്കോ പങ്കാളികൾക്കോ, ചാർജ്ജാക്കപ്പെടുന്ന അവകാശം വീണ്ടെടുക്കുന്നതിനോ, അല്ലെങ്കിൽ ഒരു വിൽപ്പന നിർദേശിച്ചിട്ടുള്ള സംഗതിയിൽ, അതു വിലയ്ക്കു വാങ്ങുന്നതിനോ ഏതുസമയത്തും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

(4) (2)-ാം ഉപചട്ടത്തിൻകീഴിലെ ഒരു ഉത്തരവിനുള്ള ഏതൊരപേക്ഷയും, വിധിക്കടക്കാരനും, അയാളുടെ പങ്കാളികൾക്കും, അല്ലെങ്കിൽ അവരിൽ ഇൻഡ്യയ്ക്കുള്ളിലുള്ളവർക്കും നടത്തേണ്ടതാകുന്നു.

(5) വിധിക്കടക്കാരൻെറ ഏതെങ്കിലും പങ്കാളി (3)-ാം ഉപചട്ടത്തിൻകീഴിൽ കൊടുക്കുന്ന ഏതൊരു അപേക്ഷയും വിധി ഉടമയ്ക്കും വിധിക്കടക്കാരനും, മററു പങ്കാളികളിൽ അപേക്ഷയിൽ ചേരാത്തവരും, ഇൻഡ്യയ്ക്കുള്ളിലുള്ളവരും ആയവർക്കും നടത്തേണ്ടതാകുന്നു.

(6) 4-ാം ഉപചട്ടത്തിനോ (5)-ാം ഉപചട്ടത്തിനോ കീഴിലെ നടത്തൽ, എല്ലാ പങ്കാളികൾക്കുമുള്ള നടത്തലായി കരുതപ്പെടുന്നതും, അങ്ങനെയുള്ള അപേക്ഷകളിൻമേൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, അതേപോലെ നടത്തേണ്ടതുമാകുന്നു.

50. ഫേമിന് എതിരായ വിധിയുടെ നടത്തൽ.—(1) ഒരു ഫേമിന് എതിരായി ഒരു വിധി പാസ്സാക്കിയിട്ടുള്ളിടത്ത്, നടത്തൽ—

(ക) പങ്കാളിത്തത്തിന്റെ ഏതെങ്കിലും വസ്തുവിന് എതിരായും ;

(ഖ) ആർഡർ XXX-ലെ 6-ാം ചട്ടത്തിനോ 7-ാം ചട്ടത്തിനോ കീഴിൽ, തന്റെ സ്വന്തം നാമത്തിൽ ഹാജരായിട്ടുള്ളവനോ, അല്ലെങ്കിൽ താൻ ഒരു പങ്കാളിയാണെന്നോ, പങ്കാളിയാണെന്ന് വിധിക്കപ്പെട്ടിട്ടുണ്ടെന്നോ പ്ലീഡിങ്ങിൻമേൽ സമ്മതിച്ചിട്ടുള്ളവനോ ആയ ഏതെങ്കിലും ആൾക്ക് എതിരായും ;

(ഗ) പങ്കാളിയെന്ന നിലയിൽ തനിക്കു തന്നെ സമൻസ് നടത്തപ്പെട്ടിരിക്കുകയും ഹാജരാകാതിരിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ആൾക്ക് എതിരായും, അനുവദിക്കപ്പെടാവുന്നതാണ് :

എന്നാൽ, ഈ ഉപചട്ടത്തിലെ യാതൊന്നും ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 (1932-ലെ 9)-ലെ 30-ാം വകുപ്പിലെ വ്യവസ്ഥകളെ പരിമിതപ്പെടുത്തുകയോ, മററു വിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

(2) വിധി (1)-ാം ഉപചട്ടത്തിലെ (ഖ) യും (ഗ) യും ഖണ്ഡങ്ങളിൽ പരാമർശിക്കുന്നതുപോലെയുള്ള ആളല്ലാത്ത ഏതെങ്കിലും ആൾക്ക് എതിരായി അയാരം ഫേമിലെ പങ്കാളിയാണെന്ന നിലയിൽ നടത്തിക്കപ്പെടാൻ അവകാശമുള്ളതായി വിധി പാസ്സാക്കിയ കോടതിയോട് അനുമതിക്ക് അപേക്ഷിക്കാവുന്നതും, ബാദ്ധ്യത തർക്കിക്കപ്പെടാത്തിടത്ത്, അങ്ങനെയുള്ള കോടതിക്ക്, അങ്ങനെയുള്ള അനുമതി നൽകാവുന്നതോ അങ്ങനെയുള്ള ബാദ്ധ്യത തർക്കിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ആളുടെ ബാദ്ധ്യതയെക്കുറിച്ച്, ഒരു വ്യവഹാരത്തിലെ ഏതെങ്കിലും വിവാദ്യകം വിചാരണ ചെയ്യുകയും തീർപ്പാക്കുകയും ചെയ്യുന്ന ഏതെങ്കിലും രീതിയിൽ, വിചാരണ ചെയ്യുകയും തീർപ്പിക്കുകയും ചെയ്യാൻ ഉത്തരവു ചെയ്യാവുന്നതോ ആകുന്നു.

(3) ഏതെങ്കിലും ആളുടെ ബാദ്ധ്യത (2)-ാം ഉപചട്ടത്തിൻ കീഴിൽ വിചാരണ ചെയ്യുകയും തീർപ്പാക്കുകയും ചെയ്തിട്ടുള്ളിടത്ത്, അതിൻമേൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്, അതു ഒരു വിധി ആയിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യമുണ്ടായിരിക്കുന്നതും അതു അപ്പീൽ സംബന്ധിച്ചോ മററോ അതേ ഉപാധികൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(4) പങ്കാളിത്തത്തിന്റെ ഏതെങ്കിലും വസ്തുവിന് എതിരായൊഴികെ, ഒരു ഫേമിനെതിരായ വിധി അതിലെ ഏതെങ്കിലും പങ്കാളിയെ, അയാൾക്കു ഹാജരാകാനും ഉത്തരം പറയാനും സമൺസ് നടത്തിയിട്ടില്ലാത്തപക്ഷം, വിമോചിപ്പിക്കുകയോ, ബാദ്ധ്യസ്ഥനാക്കുകയോ മററു വിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതല്ല.

(5) ഈ ചട്ടത്തിലെ യാതൊന്നും, ഒരു ഹിന്ദു അവിഭക്തകുടുംബത്തിനെതിരായി ആർഡർ XXX, 10-ാം ചട്ടത്തിലെ വ്യവസ്ഥകളുടെ ബലത്തിൽ പാസ്സാക്കുന്ന വിധിക്ക് ബാധകമായിരിക്കുന്നതല്ല.

51. കൈമാററാവുന്ന പ്രമാണങ്ങളുടെ ജപ്തി.—വസ്തു, കോടതിയിൽ നിക്ഷേപിക്കാത്തതോ, ഒരു പബ്ലിക് ഉദ്യോഗസ്ഥന്റെ കസ്ററഡിയിൽ അല്ലാത്തതോ ആയ ഒരു കൈമാറാവുന്ന പ്രമാണം ആയിരിക്കുന്നിടത്ത്, ജപ്തി, യഥാർത്ഥത്തിലുള്ള പിടിച്ചെടുക്കൽവഴി ആയിരിക്കേണ്ടതും, പ്രമാണം കോടതിയിലേക്ക് കൊണ്ടുവരികയും, തുടർന്നുള്ള ഉത്തരവുകൾക്ക് വിധേയമായി, വയ്ക്കേണ്ടതുമാകുന്നു.

52. കോടതിയുടേയോ പബ്ലിക് ഉദ്യോഗസ്ഥൻേറയോ കസ്ററഡിയിലുള്ള വസ്തുവിന്റെ ജപ്തി.—ജപ്തിചെയ്യപ്പെടേണ്ട വസ്തു, ഏതെങ്കിലു കോടതിയുടേയോ പബ്ലിക് ഉദ്യോഗസ്ഥൻേറയോ കസ്ററഡിയിലായിരിക്കുന്നിടത്ത്, ജപ്തി, അങ്ങനെയുള്ള കോടതിക്കോ ഉദ്യോഗസ്ഥനോ, ഉള്ളതും, അങ്ങനെയുള്ള വസ്തുവും, അതിൻമേൽ കൊടുക്കേണ്ടതായിത്തീരുന്ന ഏതെങ്കിലും പലിശയും ലാഭവീതവും, നോട്ടീസ് നൽകുന്ന കോടതിയുടെ തുടർന്നുള്ള ഉത്തരവുകൾക്ക് വിധേയമായി, വയ്ക്കാൻ അപേക്ഷിച്ചുകൊണ്ടുള്ളതുമായ ഒരു നോട്ടീസുവഴി ആയിരിക്കേണ്ടതാണ്.

എന്നാൽ, അങ്ങനെയുള്ള വസ്തു, ഒരു കോടതിയുടെ കസ്ററഡിയിലായിരിക്കുന്നിടത്ത്, വിധി ഉടമയ്ക്കും, ഏതെങ്കിലും തീറിൻേറയോ, ജപ്തിയുടേയോ ബലത്തിലോ, മററുവിധത്തിലോ ആ വസ്തുവിൽ അവകാശമുള്ളതായി അവകാശപ്പെടുന്നതും വിധിക്കടക്കാരനല്ലാത്തതുമായ മറേറതെങ്കിലും ആൾക്കും ഇടയിൽ ഉത്ഭവിക്കുന്ന ഏതെങ്കിലും ഉടമാവകാശപ്രശ്നമോ മുൻഗണനാപ്രശ്നമോ, അങ്ങനെയുള്ള കോടതിയാൽ തീർപ്പാക്കപ്പെടേണ്ടതാകുന്നു.

53. വിധികളുടെ ജപ്തി.—(1) ജപ്തിചെയ്യപ്പെടേണ്ട വസ്തു, പണം കൊടുക്കലിനുള്ളതോ, അല്ലെങ്കിൽ ഒരു പണയമോ ചാർജ്ജോ പ്രാവർത്തികമാക്കുന്നതിനുള്ള വിൽപനയ്ക്കുള്ളതോ ആയ വിധി ആയിരിക്കുന്നിടത്ത്, ജപ്തിചെയ്യുന്നത്,—

(ക) വിധികൾ ഒരേകോടതി പാസ്സാക്കിയിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള കോടതിയുടെ ഉത്തരവു വഴിയും,

(ഖ) ജപ്തിചെയ്യാൻ അപേക്ഷിക്കപ്പെടുന്ന വിധി മറെറാരു കോടതി പാസ്സാക്കിയിട്ടുള്ളതാണെങ്കിൽ, ഏതുനോട്ടീസാണോ അങ്ങനെയുള്ള മറേറ കോടതിയോടു, അതിന്റെ വിധിയുടെ നടത്തൽ,—

(i) നടത്തലിനു അപേക്ഷിക്കപ്പെടുന്ന വിധി പാസ്സാക്കിയ കോടതി, ആ നോട്ടീസ് റദ്ദാക്കുകയോ,

അല്ലെങ്കിൽ

(ii) (ക) നടത്തലിനു അപേക്ഷിക്കപ്പെടുന്ന വിധിയുടെ ഉടമയോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള വിധി ഉടമയുടെ ലിഖിതമായ മുൻ സമ്മതത്തോടുകൂടി, അല്ലെങ്കിൽ ജപ്തിചെയ്യുന്നകോടതിയുടെ അനുവാദത്തോടുകൂടി, അയാളുടെ വിധിക്കടക്കാരനോ ;

അങ്ങനെയുള്ള നോട്ടീസ് കിട്ടുന്ന കോടതിയോട് ജപ്തി ചെയ്യപ്പെട്ട വിധി നടത്താൻ അപേക്ഷിക്കുകയോ,

ചെയ്യാത്തപക്ഷവും ചെയ്യുന്നതുവരേയും നിറുത്തിവയ്ക്കാൻ അപേക്ഷിക്കുന്നത് അങ്ങനെയുള്ള ഒരു നോട്ടീസ് നടത്താൻ അപേക്ഷിക്കപ്പെടുന്ന വിധി പാസ്സാക്കിയ കോടതി അങ്ങനെയുള്ള മറേറ കോടതിക്ക് നൽകുന്നതുവഴിയും,

ആയിരിക്കേണ്ടതാകുന്നു.

(2) ഒരു കോടതി (1)-ാം ഉപചട്ടത്തിലെ (ക) ഖണ്ഡത്തിൻ കീഴിൽ ഉത്തരവ് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ അതിന് ആ ഉപചട്ടത്തിലെ (ഖ)ഖണ്ഡം (ii)-ാം ഉപശീർഷകത്തിൻകീഴിൽ അപേക്ഷ കിട്ടുകയോ ചെയ്യുന്നിടത്ത്, അത് വിധി, ജപ്തിചെയ്തിട്ടുള്ള ഉത്തമർണ്ണൻേറയോ അയാളുടെ വിധിക്കടക്കാരൻേറയോ അപേക്ഷയിൻമേൽ, ജപ്തിചെയ്യപ്പെട്ട വിധി നടത്താൻ നടപടി തുടരുകയും, കിട്ടുന്ന അററതുക, നടത്താൻ അപേക്ഷിക്കപ്പെടുന്ന വിധിയുടെ കാര്യം തീരലിലേക്ക് ഉപയോഗപ്പെടുത്തേണ്ടതും ആകുന്നു.

(3) (1)-ാം ഉപചട്ടത്തിൽ വിനിർദ്ദേശിക്കുന്ന പ്രകൃതത്തിലുള്ള മററൊരു വിധിയുടെ ജപ്തിവഴി നടത്താൻ അപേക്ഷിക്കപ്പെടുന്ന ഒരു വിധിയുടെ ഉടമ, ജപ്തിചെയ്യപ്പെട്ട വിധിയുടെ ഉടമയുടെ പ്രതിനിധിയാണെന്നും, അയാൾക്ക് അങ്ങനെയുള്ള ജപ്തിചെയ്യപ്പെട്ട വിധി, അതിന്റെ ഉടമയ്ക്കു നിയമാനുസൃതം നടത്താവുന്ന ഏതു രീതിയിലും നടത്താൻ അവകാശമുണ്ടെന്നും കരുതപ്പെടുന്നതാകുന്നു.

(4) ഒരു വിധിയുടെ നടത്തലിൽ ജപ്തിചെയ്യപ്പെടേണ്ട വസ്തു, (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന പ്രകൃതത്തിലുള്ളതല്ലാത്ത ഒരു വിധിയായിരിക്കുന്നിടത്ത്, ജപ്തിചെയ്യുന്നതു, ജപ്തിചെയ്യാൻ അപേക്ഷിക്കപ്പെടുന്ന വിധിയുടെ ഉടമയെ, അതു ഏതെങ്കിലും വിധത്തിൽ കൈമാററം ചെയ്യുകയോ ചാർജ്ജാക്കുകയോ ചെയ്യുന്നതിൽനിന്ന് നിരോധിച്ചുകൊണ്ട്, അയാൾക്ക്. നടത്താൻ അപേക്ഷിക്കപ്പെടുന്ന വിധി പാസ്സാക്കിയ കോടതിയാലുള്ള ഒരു നോട്ടീസ്വഴിയും അങ്ങനെയുള്ള വിധി മറേറതെങ്കിലും കോടതി പാസ്സാക്കിയിട്ടുള്ളിടത്തായിരിക്കുന്നിടത്ത്, ഏത് നോട്ടീസാണോ ജപ്തി ചെയ്യാൻ അപേക്ഷിക്കപ്പെടുന്ന വിധി, അങ്ങനെയുള്ള നോട്ടീസ് അയച്ച കോടതി റദ്ദാക്കുന്നതുവരെ നടത്താതിരിക്കാനുള്ളതായിരിക്കുന്നത് അങ്ങനെയുള്ള ഒരു നോട്ടീസ് അങ്ങനെയുള്ള മറേറ കോടതിക്ക് അയക്കുന്നതു വഴി കൂടിയും ആയിരിക്കേണ്ടതാകുന്നു.

(5) ഈ ചട്ടത്തിൻകീഴിൽ ജപ്തിചെയ്യപ്പെടുന്ന ഒരു വിധിയുടെ ഉടമ. വിധി, നടത്തുന്ന കോടതിക്ക് ന്യായമായി വേണ്ടതായ വിവരവും സഹായവും നൽകേണ്ടതാകുന്നു.

(6) മററൊരു വിധിയുടെ ജപ്തിവഴി നടത്താൻ അപേക്ഷിക്കപ്പെടുന്ന ഒരു വിധിയുടെ ഉടമയുടെ അപേക്ഷയിൻമേൽ, ഈ ചട്ടത്തിൻകീഴിൽ ഒരു ജപ്തി ഉത്തരവു പുറപ്പെടുവിക്കുന്ന കോടതി, ജപ്തിചെയ്യപ്പെട്ട വിധിയാൽ ബദ്ധനായ വിധിക്കടക്കാരന്, അങ്ങനെയുള്ള ഉത്തരവിനെക്കുറിച്ച് നോട്ടീസ് നൽകേണ്ടതും; അങ്ങനെയുള്ള ഉത്തരവിനെക്കുറിച്ചുള്ള അറിവോടുകൂടിയോ, അല്ലെങ്കിൽ അതിനെക്കുറിച്ചു കോടതി മുഖേനയോ, മററുവിധത്തിലോ നോട്ടീസ് കിട്ടിയതിനുശേഷമോ, അതു ഉല്ലംഘിച്ചുകൊണ്ട് വിധിക്കടക്കാരൻ ചെയ്യുന്ന ജപ്തിചെയ്യപ്പെട്ട വിധിയുടെ യാതൊരു പണം കൊടുക്കലും അല്ലെങ്കിൽ, ഒത്തുതീരലും, ജപ്തി പ്രാബല്യത്തിലിരിക്കുന്നിടത്തോളം, ഏതെങ്കിലും കോടതിയാൽ അംഗീകരിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

54. <u>സ്ഥാവരവസ്തുവിന്റെ ജപ്തി.</u>—(1) വസ്തു സ്ഥാവരമായിരിക്കുന്നിടത്ത്, ജപ്തി, ചെയ്യുന്നത്, വസ്തു കൈമാററം ചെയ്യുകയോ, ഏതെങ്കിലും വിധത്തിൽ ചാർജ്ജാക്കുകയോ ചെയ്യുന്നതിൽനിന്ന് വിധിക്കടക്കാരനേയും, അങ്ങനെയുള്ള കൈമാററത്തിൽനിന്നോ ചാർജ്ജിൽനിന്നോ ഏതെങ്കിലും ഗുണം അനുഭവിക്കുന്നതിൽനിന്ന് എല്ലാ ആളുകളേയും നിരോധിച്ചുകൊണ്ടുള്ള ഉത്തരവുവഴി ആയിരിക്കേണ്ടതാകുന്നു.

(1എ) ഉത്തരവ് വിധിക്കടക്കാരനോട് വിളംബരത്തിലെ നിബന്ധനകാം നിശ്ചയിക്കുന്നതിനു നിജപ്പെടുത്തേണ്ട തീയതിയെക്കുറിച്ച് നോട്ടീസ് എടുക്കാൻ ഒരു വിനിർദ്ദിഷ്ട തീയതി കോടതിയിൽ ഹാജരാകാൻകൂടി, ആവശ്യപ്പെടേണ്ടതാകുന്നു.

(2) ഉത്തരവ്, അങ്ങനെയുള്ള വസ്തുവിലോ അതിനടുത്തോ ഉള്ള ഒരു സ്ഥലത്തുവച്ച്, മുരശടിച്ചോ, മററു പതിവു മുറപ്രകാരമോ വിളംബരം ചെയ്യേണ്ടതും, ഉത്തരവിന്റെ പകർപ്പ്, വസ്തുവിന്റെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്തും, പിന്നീട് കോടതി മന്ദിരത്തിന്റെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്തും, കൂടാതെ, വസ്തു ഗവൺമെൻറിന് ഭൂമിക്കരം

കൊടുക്കുന്ന ഭൂമിയായിരിക്കുന്നിടത്ത്, ഭൂമി സ്ഥിതിചെയ്യുന്ന ജില്ലയിലെ കലക്ററരുടെ ആഫീസിലും, വസ്തു ഒരു ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഭൂമി ആയിരിക്കുന്നിടത്ത്, ആ ഗ്രാമത്തിൻമേൽ അധികാരിതയുള്ള ഗ്രാമ പഞ്ചായത്ത് വല്ലതുമുണ്ടെങ്കിൽ, അതിന്റെ ആഫീസിൽ കൂടിയും, പതിക്കേണ്ടതുമാകുന്നു.

55: വിധികാര്യം തീർന്നതിനുശേഷം ജപ്തി നീക്കം ചെയ്യുന്നത്.—(ക) വിധിച്ചിട്ടുള്ള സംഖ്യ കോടതിച്ചെലവും ഏതെങ്കിലും വസ്തുവിന്റെ ജപ്തിയുടെ ഫലമായുള്ള എല്ലാ ചാർജ്ജുകളും ചെലവുകളും സഹിതം കോടതിയിൽ ഒടുക്കുകയോ, അല്ലെങ്കിൽ.

(ഖ) വിധികാര്യം മററുവിധത്തിൽ കോടതി മുഖാന്തരം തീരുകയോ വിധികാര്യം തീർന്നതായി കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കുകയോ, അല്ലെങ്കിൽ

(ഗ) വിധി ദുർബലപ്പെടുത്തുകയോ മറിച്ചു വിധ ക്കുകയോ,

ചെയ്യുന്നിടത്ത്, ജപ്തി പിൻവലിച്ചതായി കരുതപ്പെടുന്നതും, സ്ഥാവര വസ്തുവിന്റെ സംഗതിയിൽ, ആ പിൻവലിക്കൽ, തന്റെ ചെലവിൽ വിളംബരംചെയ്യണമെന്ന് വിധിക്കടക്കാരൻ ആഗ്രഹിക്കുന്നുവെങ്കിൽ, അപ്രകാരം ചെയ്യേണ്ടതും വിളംബരത്തിന്റെ ഒരു പകർപ്പ്, തൊട്ടുമുൻപുള്ള ചട്ടം നിർണ്ണയിക്കുന്ന രീതിയിൽ പതിക്കേണ്ടതുമാകുന്നു.

56. നാണയമോ കറൻസിനോട്ടുകളോ വിധിക്കു കീഴിൽ അവകാശപ്പെട്ട കക്ഷിക്ക് കൊടുക്കാനുള്ള ഉത്തരവ്.— ജപ്തി ചെയ്യപ്പെട്ട വസ്തു, നടപ്പു നാണയമോ കറൻസി നോട്ടുകളോ ആയിരിക്കുന്നിടത്ത്, കോടതിക്ക്, ജപ്തി തുടർന്നുകൊണ്ടിരിക്കുമ്പോഴോ ഏതുസമയത്തും, അങ്ങനെയുള്ള നാണയമോ നോട്ടുകളോ, അല്ലെങ്കിൽ അതിൽ വിധികാര്യം തീരാൻ മതിയായത്ര ഭാഗമോ വിധിക്കു കീഴിൽ അതു കിട്ടാൻ അവകാശമുള്ള കക്ഷിക്ക്, കൊടുക്കണമെന്നു നിർദേശിക്കാവുന്നതാണ്.

57. ജപ്തി അവസാനിപ്പിക്കുന്നത്.—(1) ഒരു വിധിനടത്തലിൽ, ഏതെങ്കിലും, വസ്തു ജപ്തിചെയ്തിരിക്കുകയും, കോടതി, ഏതെങ്കിലും കാരണത്താൽ, വിധിനടത്തലിനുള്ള അപേക്ഷ തള്ളിക്കൊണ്ട് ഉത്തരവു പാസ്സാക്കുകയും ചെയ്യുന്നിടത്ത്, കോടതി ജപ്തി തുടരുന്നതാണോ അവസാനിക്കുന്നതാണോ എന്നു നിർദേശിക്കേണ്ടതും ഏതു കാലാവധിവരെയാണോ ജപ്തി തുടരുന്നത്, ആ കാലാവധിയോ, അങ്ങനെയുള്ള ജപ്തി അവസാനിക്കുന്ന തീയതിയോ, ചൂണ്ടിക്കാണിക്കേണ്ടതുമാകുന്നു.

(2) കോടതി, അങ്ങനെയുള്ള നിർദേശം നൽകാൻ വിട്ടുപോകുന്നുവെങ്കിൽ, ജപ്തി അവസാനിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

## അവകാശവാദങ്ങളുടേയും ആക്ഷേപങ്ങളുടേയും ന്യായനിർണ്ണയം

58. വസ്തുവിനുള്ള അവകാശവാദങ്ങളും വസ്തുവിന്റെ ജപ്തിക്കുള്ള ആക്ഷേപങ്ങളും ന്യായനിർണ്ണയം ചെയ്യുന്നത്.—(1) വിധി നടത്തലിൽ ജപ്തി ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തു, അങ്ങനെയുള്ള ജപ്തിക്ക് വിധേയമല്ലെന്നുള്ള കാരണത്തിൻമേൽ, അതിന് ഏതെങ്കിലും അവകാശവാദം ബോധിപ്പിക്കുകയോ അല്ലെങ്കിൽ അതിന്റെ ജപ്തിക്ക് ഏതെങ്കിലും ആക്ഷേപം ഉന്നയിക്കുകയോ ചെയ്യുന്നിടത്ത്, കോടതി ഇതിൽ അടങ്ങുന്ന വ്യവസ്ഥകളനുസരിച്ച്, ആ അവകാശവാദത്തിൻമേലോ, ആക്ഷേപത്തിൻമേലോ ന്യായനിർണ്ണയം ചെയ്യാൻ നടപടി തുടരേണ്ടതാകുന്നു.—

എന്നാൽ, അങ്ങനെയുള്ള യാതൊരു അവകാശവാദവും, അല്ലെങ്കിൽ ആക്ഷേപവും,

(ക) ജപ്തിചെയ്യപ്പെട്ട വസ്തു, അവകാശവാദം ബോധിപ്പിക്കുകയോ ആക്ഷേപം ഉന്നയിക്കുകയോ ചെയ്യുന്നതിനുമുൻപ് വിററുകഴിഞ്ഞിട്ടുള്ളിടത്തോ; അല്ലെങ്കിൽ.

(ഖ) അവകാശവാദമോ ആക്ഷേപമോ കരുതികൂട്ടിയോ അനാവശ്യമായോ താമസപ്പെടുത്തി എന്ന് കോടതി കരുതുന്നിടത്തോ,

സ്വീകരിക്കപ്പെടുന്നതല്ല.

(2) ഒരു നടപടിയിലെ കക്ഷികളോ, അവരുടെ പ്രതിനിധികളോ തമ്മിൽ ഈ ചട്ടത്തിൻകീഴിൽ ഉത്ഭവിക്കുന്നതും, അവകാശവാദത്തിൻേറയോ ആക്ഷേപത്തിൻേറയോ ന്യായനിർണ്ണയത്തിന് പ്രസക്തമായതുമായ എല്ലാ പ്രശ്നങ്ങളും, (ജപ്തി ചെയ്യപ്പെട്ട വസ്തുവിലുള്ള അവകാശമോ ഉടമാവകാശമോ അവകാശബന്ധമോ സംബന്ധിച്ച പ്രശ്നങ്ങറം ഉറംപ്പെടെ) അവകാശവാദമോ ആക്ഷേപമോ കൈകാര്യംചെയ്യുന്ന കോടതി തീർപ്പാക്കേണ്ടതും, ഒരു പ്രത്യേക വ്യവഹാരംവഴി തീർപ്പാക്കപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(3) (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന പ്രശ്നങ്ങറം തീർപ്പാക്കുന്നതിൻമേൽ, കോടതി, അങ്ങനെയുള്ളതീർപ്പനുസരിച്ച്,—

(ക) അവകാശവാദമോ ആക്ഷേപമോ അനുവദിക്കുകയും, വസ്തു മുഴുവനുമോ, യുക്തമെന്നു തോന്നുന്നിടത്തോളമോ ജപ്തിയിൽനിന്നു വിമോചിപ്പിക്കുകയോ;

(ഖ) അവകാശവാദമോ ആക്ഷേപമോ തള്ളിക്കളയുകയോ;

(ഗ) ഏതെങ്കിലും ആളുടെ പേർക്കുള്ള ഏതെങ്കിലും പണയത്തിനോ, ചാർജ്ജിനോ അല്ലെങ്കിൽ മററു അവകാശത്തിനോ വിധേയമായി, ജപ്തി തുടരുകയോ;

(ഘ) സംഗതിയുടെ പരിത:സ്ഥിതികളിൽ, യുക്തമെന്നു കരുതുന്ന ഉത്തരവു പാസ്സാക്കുകയോ,

ചെയ്യേണ്ടതാകുന്നു.

(4) ഈ ചട്ടത്തിൻകീഴിൽ ഏതെങ്കിലും അവകാശമോ ആക്ഷപമോ ന്യായനിർണ്ണയം ചെയ്തിട്ടുള്ളിടത്ത്, അതിൻമേൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്, അതു ഒരു വിധി ആയിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യമുണ്ടായിരിക്കുന്നതും, അപ്പീൽ സംബന്ധിച്ചോ മററുവിധത്തിലോ ഉള്ള അതേ ഉപാധികറംക്കു വിധേയമായിരിക്കുന്നതും ആകുന്നു.

(5) ഒരു അവകാശവാദമോ ആക്ഷേപമോ ബോധിപ്പിക്കുകയും, കോടതി (1)-ാം ഉപചട്ടത്തിലെ പരിമിതി വ്യവസ്ഥയ്ക്കുകീഴിൽ, അത് സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നിടത്ത്. ഏതു കക്ഷിയ്ക്കെതിരായാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആ കക്ഷിക്ക്. തർക്കവസ്തുവിന് താൻ അവകാശപ്പെടുന്ന അവകാശം സ്ഥാപിക്കാൻ ഒരു വ്യവഹാരം ആരംഭിക്കാവുന്നതും; എന്നാൽ, അങ്ങനെയുള്ള വ്യവഹാരം വല്ലതുമുണ്ടെങ്കിൽ, അതിൻെറ ഫലത്തിനുവിധേയമായി, അവകാശവാദമോ ആക്ഷേപമോ സ്വീകരിക്കാൻ അപ്രകാരം വിസമ്മതിക്കുന്ന ഉത്തരവ് നിശ്ചായകമായിരിക്കുന്നതുമാണ്.

59. വിൽപന നിറുത്തിവയ്ക്കൽ.— ജപ്തിചെയ്യപ്പെട്ട വസ്തു, അവകാശവാദം ബോധിപ്പിക്കുകയോ ആക്ഷേപം ഉന്നയിക്കുകയോ ചെയ്തതിനു മുൻപ്. വിൽപനയ്ക്കായി പരസ്യപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നിടത്ത്, കോടതിക്ക്,

(ക) വസ്തു ജംഗമമാണെങ്കിൽ, അവകാശവാദത്തിന്റേയോ ആക്ഷേപത്തിന്റേയോ ന്യായനിർണ്ണയംവരെ വിൽപന നീട്ടി വയ്ക്കുന്ന ഉത്തരവു പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ.

(ഖ) വസ്തു സ്ഥാവരമാണെങ്കിൽ, അവകാശവാദത്തിന്റേയോ ആക്ഷേപത്തിന്റേയോ ന്യായനിർണ്ണയംവരെ വസ്തു വിൽക്കാൻ പാടുള്ളതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ന്യായനിർണ്ണയംവരെയുള്ളകാലത്ത് വസ്തു വിൽക്കപ്പെടാവുന്നതാണെന്നും, എന്നാൽ വിൽപന സ്ഥിരപ്പെടുത്താൻ പാടുള്ളതല്ലെന്നുമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ,

ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ്, കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ചെയ്യാവുന്നതും ആകുന്നു.

60. സിവിൽ നടപടി നിയമസംഹിത (ഭേദഗതി)

ആക്റ്റ് 1976-നാൽ (1976-ലെ 104) വിട്ടുകളയപ്പെട്ടു.

61. .................. ,, ,, ,, ,,

62. .................. ,, ,, ,, ,,

63. ...... .......... ,, ,, ,, ,,

64. ജപ്തി ചെയ്യപ്പെട്ട വസ്തു വില്ക്കാനും, വിററുകിട്ടിയത് അവകാശപ്പെട്ട ആൾക്ക് കൊടുക്കാനും ഉത്തരവുചെയ്യാനുള്ള അധികാരം.— ഒരു വിൽപ്പന സാമാന്യമായി വിധി നടത്തുന്ന ഏതെങ്കിലും കോടതിക്ക്, അത് ജപ്തിചെയ്യുന്നതും, വിൽപ്പനയ്ക്കു വിധേയമായതുമായ ഏതെങ്കിലും വസ്തുവോ, അല്ലെങ്കിൽ അതിൽ വിധികാര്യം തീരാൻ ആവശ്യമുള്ളതായി തോന്നുന്ന ഭാഗമോ വിൽക്കേണ്ടതാണെന്നും, അങ്ങനെയുള്ള വിൽപ്പനയിൽ കിട്ടുന്നതോ അതിന്റെ മതിയായത്ര ഭാഗമോ, വിധിക്ക് കീഴിൽ, അതു കിട്ടാൻ അവകാശപ്പെട്ട കക്ഷിക്ക് കൊടുക്കേണ്ടതാണെന്നും ഉത്തരവു ചെയ്യാവുന്നതാണ്.

65. വില്പനകൾ നടത്തുന്നത് ആരെന്നും എങ്ങനെയെന്നും.—മററു വിധത്തിൽ നിർണ്ണയിക്കപ്പെടുന്ന വിധമൊഴികെ, ഒരു വിധിയുടെ നടത്തലിലെ ഏതൊരു വില്പനയും, കോടതിയുടെ ഒരു ഉദ്യോഗസ്ഥനാലോ, അല്ലെങ്കിൽ കോടതി ഇതിലേക്ക് നിയമിക്കുന്ന മററു ആളാലോ നടത്തപ്പെടേണ്ടതും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പരസ്യലേലംവഴി ചെയ്യേണ്ടതുമാകുന്നു.

66. പരസ്യലേലം വഴിയുള്ള വില്പനകൾ വിളംബരം ചെയ്യുന്നത്.— (1) ഒരു വിധിയുടെ നടത്തലിൽ ഏതെങ്കിലും വസ്തു, പരസ്യലേലംവഴി വില്ക്കാൻ ഉത്തരവുചെയ്യുന്നിടത്ത്, കോടതി, ഉദ്ദിഷ്ടവില്പനയുടെ ഒരു വിളംബരം, അങ്ങനെയുള്ള കോടതിയിലെ ഭാഷയിൽ ചെയ്യിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള വിളംബരം വിധി ഉടമയ്ക്കും വിധിക്കടക്കാരനും ഉള്ള നോട്ടീസിനുശേഷം തയ്യാറാക്കപ്പെടേണ്ടതും, വില്പനയുടെ സമയവും സ്ഥലവും പ്രസ്താവിച്ചിരിക്കേണ്ടതും,—

(ക) വില്ക്കപ്പെടേണ്ട വസ്തുവും, അല്ലെങ്കിൽ, വിധികാര്യം തീരാൻ വസ്തുവിന്റെ ഒരു ഭാഗം മതിയാകുന്നിടത്ത്, അങ്ങനെയുള്ള ഭാഗവും

(ഖ) വില്ക്കപ്പെടേണ്ട വസ്തു ഗവൺമെൻറ് ഭൂമിക്കരം കൊടുക്കുന്ന ഒരു എസ്റേററിലേയോ എസ്റേററിന്റെ ഒരു ഭാഗത്തിലേയോ അവകാശമായിരിക്കുന്നിടത്ത്, ആ എസ്റേററിൻമേലോ അതിന്റെ ഭാഗത്തിൻമേലോ കെട്ടുന്ന നികുതിയും ;

(ഗ) വസ്തുവിനു ബാദ്ധ്യതയുള്ള ഏതെങ്കിലും കുടിക്കടവും;

(ഘ) ഏതു തുക വസൂലാക്കുന്നതിനാണോ വില്പന ഉത്തരവു ചെയ്തിട്ടുള്ളത്, ആ തുകയും ;

(ങ) വസ്തുവിന്റെ പ്രകൃതത്തേയും മൂല്യത്തേയുംകുറിച്ച് തീരുമാനിക്കാൻ ക്രേതാവ് അറിയേണ്ടത് സാരമായതാണെന്നു കോടതി കരുതുന്ന മറേറതൊരു സംഗതിയും,

സാദ്ധ്യമായിടത്തോളം ന്യായമായും കണിശമായും വിനിർദ്ദേശിക്കേണ്ടതും ആകുന്നു :

എന്നാൽ, വിളംബരത്തിലെ നിബന്ധനകൾ നിശ്ചയിക്കുന്നതിനുള്ള തീയതിയെക്കുറിച്ച് വിധിക്കടക്കാരന് 54-ാം ചട്ടത്തിൻകീഴിലെ ഒരു ഉത്തരവു വഴി നോട്ടീസ് നൽകിയിട്ടുള്ളിടത്ത്, കോടതി മററുവിധത്തിൽ നിദേശിക്കാത്ത പക്ഷം, ഈ ചട്ടത്തിൻകീഴിലെ നോട്ടീസ് കൊടുക്കുന്നത് ആവശ്യമായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, ഈ ചട്ടത്തിലെ യാതൊന്നിനും, കോടതിയോട്, വില്പനയുടെ വിളംബരത്തിൽ വസ്തുവിന്റെ മൂല്യത്തെക്കുറിച്ചുള്ള, അതിന്റെ സ്വന്തമായ മതിപ്പ് ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതായി അർത്ഥം കല്പിക്കാൻ പാടില്ലാത്തതും, എന്നാൽ, വിളംബരം ഈ കക്ഷികളിൽ ആരെങ്കിലുമോ, അവർ രണ്ടുപേരുമോ നല്കുന്ന മതിപ്പ് ഉൾക്കൊള്ളേണ്ടതു മാകുന്നു.

(3) ഈ ചട്ടത്തിൻകീഴിലെ വില്പനയ്ക്കുള്ള ഒരു ഉത്തരവിനുള്ള ഏതൊരു അപേക്ഷയോടുമൊപ്പം, ഇതിൽ ഇതിനുമുൻപ് പ്ലീഡിങ്ങുകൾ ഒപ്പിടുന്നതിനും സത്യബോധപ്പെടുത്തുന്നതിനും നിർണ്ണയിച്ച രീതിയിൽ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്തതും, സത്യബോധപ്പെടുത്തുന്ന ആൾക്ക് അറിയുകയോ തിട്ടപ്പെടുത്താൻ കഴിയുകയോ ചെയ്യുന്നിടത്തോളം, വിളംബരത്തിൽ വിനിർദ്ദേശിക്കാൻ (2)-ാം ഉപചട്ടം ആവശ്യപ്പെടുന്ന വിഷയങ്ങൾ, അടങ്ങുന്നതുമായ ഒരു പ്രസ്താവന ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) വിളംബരത്തിൽ വിനിർദ്ദേശിക്കേണ്ട വിഷയങ്ങൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി, കോടതിക്ക്, സമൺ ചെയ്യുന്നത് ആവശ്യകമാണെന്ന് തോന്നുന്ന ഏതെങ്കിലും ആളെ സമൺ ചെയ്യാവുന്നതും, അയാളെ അങ്ങനെയുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച്, വിസ്തരിക്കുകയും അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള അവ സംബന്ധിച്ച ഏതെങ്കിലും രേഖ ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്യാവുന്നതുമാകുന്നു.

67. <u>വിളംബരം ചെയ്യുന്ന സമ്പ്രദായം</u>.—(1) ഏതൊരു വിളംബരവും അടുത്തുവരാവുന്നിടത്തോളം 54-ാം ചട്ടം, (2)-ാം ഉപചട്ടത്തിൽ നിർണ്ണയിച്ച രീതിയിൽ ചെയ്യുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള വിളംബരം ഔദ്യോഗിക ഗസററിലോ, ഒരു തദ്ദേശ വർത്തമാനപ്പത്രത്തിലോ, അല്ലെങ്കിൽ രണ്ടിലുമോ പ്രസിദ്ധപ്പെടുത്തുകയും കൂടി ചെയ്യേണ്ടതാണെന്ന് കോടതി നിദേശിക്കുന്നിടത്ത്, ആപ്രകാരം ചെയ്യേണ്ടതും, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതിന്റെ ചെലവ്, വില്പനയുടെ കോടതിച്ചെലവായി കരുതപ്പെടുന്നതും ആകുന്നു.

(3) വസ്തു വെവ്വേറെയായി വില്ക്കുന്നതിനുവേണ്ടി ലാട്ടുകളായി വിഭജിക്കുന്നിടത്ത്, കോടതിയുടെ അഭിപ്രായത്തിൽ, മററുവിധത്തിൽ വില്പനയെക്കുറിച്ചുള്ള ശരിയായ നോട്ടീസ് നൽകാൻ കഴിയാത്തപക്ഷമല്ലാതെ ഓരോ ലാട്ടിനും വെവ്വേറെ വിളംബരം ചെയ്യുന്നത് ആവശ്യകമായിരിക്കുന്നതല്ല.

68. വില്പനയുടെ സമയം. 43-ാം ചട്ടത്തിൻെറ പരിമിതി വ്യവസ്ഥയിൽ വിവരിക്കുന്ന തരം വസ്തുവിൻെറ സംഗതിയിൽ ഒഴികെ, ഇതിൻകീഴിലെ യാതൊരു വില്പനയും, വില്പന ഉത്തരവുചെയ്യുന്ന ജഡ്ജിയുടെ കോടതി മന്ദിരത്തിൽ വിളംബരത്തിൻെറ പകർപ്പു പതിച്ചിട്ടുള്ള തീയതിമുതൽ കണക്കാക്കി സ്ഥാവരവസ്തുവിൻെറ സംഗതിയിൽ, കുറഞ്ഞത് പതിനഞ്ചു ദിവസവും, ജംഗമവസ്തുവിൻെറ സംഗതിയിൽ കുറഞ്ഞത് ഏഴുദിവസവും കഴിയുന്നതുവരെ, വിധിക്കടക്കാരൻെറ ലിഖിതമായ സമ്മതംകൂടാതെ, നടക്കാൻ പാടുള്ളതല്ല.

69. വില്പന നീട്ടിവയ്ക്കുകയോ നിറുത്തുകയോ ചെയ്യുന്നത്.—(1) കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് ഇതിൻകീഴിലെ ഏതൊരു വില്പനയും, വിനിർദ്ദിഷ്ടമായ ഒരു ദിവസത്തേയ്ക്കും മണിക്കൂറിലേക്കും നീട്ടിവയ്ക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വില്പന നടത്തുന്ന ഉദ്യോഗസ്ഥന്, സ്വവിവേകം ഉപയോഗിച്ചു, നീട്ടിവയ്ക്കലിനുള്ള കാരണങ്ങൾ റിക്കാർഡാക്കിക്കൊണ്ട്, വില്പന നീട്ടിവയ്ക്കാവുന്നതുമാകുന്നു:

എന്നാൽ, വില്പന, കോടതി മന്ദിരത്തിലോ, അതിൻെറ അതിർത്തികൾക്കുള്ളിലോ വച്ചു ചെയ്യുന്നിടത്ത്, അങ്ങനെയുള്ള യാതൊരു നീട്ടിവയ്ക്കലും, കോടതിയുടെ അനുമതികൂടാതെ ചെയ്യാൻ പാടുള്ളതല്ല.

(2) വില്പന, (1)-ാം ഉപചട്ടത്തിൻകീഴിൽ മുപ്പതുദിവസത്തിലും നീണ്ട ഒരു കാലയളവു നീട്ടിവയ്ക്കുന്നിടത്ത്, 67-ാം ചട്ടത്തിൻകീഴിൽ ഒരു പുതിയ വിളംബരം, അത് വേണ്ടെന്നുവയ്ക്കാൻ വിധിക്കടക്കാരൻ സമ്മതിക്കാത്തപക്ഷം, ചെയ്യപ്പെടേണ്ടതാകുന്നു.

(3) ഏതൊരു വില്പനയും, ലാട്ടിനുള്ള ലേലംവിളി സമാപിക്കുന്നതിനുമുൻപ്, കടവും കോടതിച്ചെലവും (വില്പനയുടെ കോടതിച്ചെലവ് ഉൾപ്പെടെ) വില്പന നടത്തുന്ന ഉദ്യോഗസ്ഥന് ടെൻഡർ ചെയ്യുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള കടവും കോടതിച്ചെലവും വില്പന ഉത്തരവു ചെയ്ത കോടതിയിൽ ഒടുക്കിയിട്ടുണ്ടെന്നു അയാൾക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കുകയോ ചെയ്യുന്നുവെങ്കിൽ, നിറുത്തേണ്ടതാകുന്നു.

70. ചില വില്പനകൾ ഒഴിവാക്കൽ.—[സിവിൽ നടപടി നിയമസംഹിത (ഭേദഗതി) ആക്റ്റ്, 1956 (1956-ലെ LXVI)-നാൽ വിട്ടികളയപ്പെട്ടു.]

71. വീഴ്ചവരുത്തുന്ന ക്രേതാവ് പുനർവില്പനയിലെ നഷ്ടത്തിന് ഉത്തരവാദിയായിരിക്കുമെന്ന്.—ക്രേതാവിൻെറ വീഴ്ചകാരണമായി, ഒരു പുനർവില്പനയിൽ ഉണ്ടാകുന്ന ഏതെങ്കിലും വിലക്കുറവും, അങ്ങനെയുള്ള പുനർവില്പനയോട് ചേർന്ന എല്ലാ ചെലവുകളും, വില്പന നടത്തുന്ന ഉദ്യോഗസ്ഥനാലോ മററാളാലോ കോടതിക്ക് സർട്ടിഫൈചെയ്തുകൊടുക്കപ്പെടേണ്ടതും, വിധി ഉടമയുടേയോ, വിധിക്കടക്കാരൻേറയോ അർത്ഥനയിന്മേൽ, പണം കൊടുക്കുന്നതിനുള്ള ഒരു വിധിയുടെ നടത്തൽ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്കുകീഴിൽ, വീഴ്ച വരുത്തിയ ക്രേതാവിൽനിന്ന് വസൂലാക്കപ്പെടാവുന്നതുമാകുന്നു.

72. വിധി ഉടമ അനുവാദം കൂടാതെ വസ്തുവിനു ലേലത്തിൽ വിളികേൾക്കുകയോ അതു വാങ്ങുകയോ ചെയ്യാൻ പാടില്ലെന്ന്.—(1) ഏതു വിധിയുടെ നടത്തലിലാണോ വസ്തു വില്ക്കപ്പെടുന്നത്, അങ്ങനെയുള്ള യാതൊരു വിധിയുടെ ഉടമയും കോടതിയുടെ പ്രകടമായ അനുവാദം കൂടാതെ, ആ വസ്തുവിന് ലേലത്തിൽ വിളികേൾക്കുകയോ അതു വാങ്ങുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) വിധി വാങ്ങുന്നിടത്ത്, വിധിസംഖ്യ, കൊടുക്കുന്ന പണമായി കണക്കാക്കാമെന്ന്.—വിധിയുടമ അങ്ങനെയുള്ള അനുവാദത്തോടുകൂടി വാങ്ങുന്നിടത്ത്, ക്രയസംഖ്യയും വിധിയിൻമേൽ കൊടുക്കേണ്ട സംഖ്യയും, 73-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പരസ്പരം തട്ടിക്കിഴിക്കാവുന്നതും, അതനുസരിച്ച് വിധി നടത്തുന്ന കോടതി മുഴുവനായോ ഭാഗികമായോ വിധികാര്യം തീർന്നതായി കുറിക്കേണ്ടതുമാകുന്നു.

(3) ഒരു വിധിഉടമ, അങ്ങനെയുള്ള അനുവാദംകൂടാതെ, സ്വയമേവ, അല്ലെങ്കിൽ, മററാരാൾ മുഖേന വാങ്ങുന്നിടത്ത്, കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, വിധിക്കടക്കാരന്റേയോ, അല്ലെങ്കിൽ ആരുടെ താത്പര്യങ്ങളാണോ വില്പനവഴി ബാധിക്കപ്പെടുന്നത്, അങ്ങനെയുള്ള മറേറതെങ്കിലും ആളുടേയോ അപേക്ഷയിൻമേൽ, വില്പന ഉത്തരവുവഴി ദുർബലപ്പെടുത്താവുന്നതും ; അങ്ങനെയുള്ള അപേക്ഷയുടേയും ഉത്തരവിന്റേയും കോടതിച്ചെലവും, പുനർവില്പനവഴി ഉണ്ടാകുന്ന ഏതെങ്കിലും വിലക്കുറവും, അതിനോടുചേർന്ന എല്ലാ ചെലവുകളും, വിധി ഉടമ കൊടുക്കേണ്ടതും ആകുന്നു.

72ക. പണയഗൃഹീതാവ് കോടതിയുടെ അനുമതികൂടാതെ വില്പനയിൽ ലേലത്തിൽ വിളികേൾക്കാൻ പാടുള്ളതല്ലെന്ന്.—(1) (1)-ാം ചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാവരവസ്തുവിന്റെ ഒരു പണയഗൃഹീതാവ് പണയത്തിൻമേലുള്ള വിധിയുടെ നടത്തലിൽ വില്ക്കപ്പെടുന്ന സ്ഥാവരവസ്തുവിന് ലേലത്തിൽ വിളികേൾക്കുകയോ, അത് വാങ്ങുകയോ ചെയ്യാൻ കോടതി അയാൾക്ക് അനുമതി നല്കാത്തപക്ഷം, അതിന് ലേലത്തിൽ വിളികേൾക്കുകയോ അത് വാങ്ങുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള പണയഗൃഹീതാവിന് ലേലത്തിൽ വിളികേൾക്കാൻ അനുമതി നല്കുന്നുവെങ്കിൽ, കോടതി, പണയഗൃഹീതാവിനെ സംബന്ധിച്ചിടത്തോളം ഒരു റിസർവ് വില നിജപ്പെടുത്തേണ്ടതും, കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ആ റിസർവ് വില,—

(ക) വസ്തു, ഒരു ഒററ ലാട്ടായി വില്ക്കുന്നുവെങ്കിൽ, ആ പണയം സംബന്ധിച്ച് മുതലിനും പലിശയ്ക്കും കോടതിച്ചെലവിനുമായി അപ്പോൾ കൊടുക്കാനുള്ള സംഖ്യയിൽ കുറയാത്തതും ;

(ഖ) ലാട്ടുകളായി വില്ക്കപ്പെടുന്ന ഏതെങ്കിലും വസ്തുവിന്റെ സംഗതിയിൽ, ആ പണയത്തിൻമേൽ മുതലിനും പലിശയ്ക്കും കോടതിച്ചെലവിനുമായി അപ്പോൾ കൊടുക്കാനുള്ള സംഖ്യ സംബന്ധിച്ച് ഓരോ ലാട്ടിനും ശരിയായി കല്പിക്കപ്പെടാവുന്നതാണെന്ന് കോടതിക്ക് തോന്നുന്ന തുകയിൽ കുറയാത്തതും,

ആയിരിക്കേണ്ടതാകുന്നു.

(3) മററുകാര്യങ്ങൾ സംബന്ധിച്ച്, 72-ാം ചട്ടം (2)-ം (3)-ം ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ, വിധിഉടമയുടെ ആ ചട്ടത്തിൻകീഴിലെ ക്രയം സംബന്ധിച്ച് ബാധകമായിരിക്കുന്നതാകുന്നു.

73. ഉദ്യോഗസ്ഥൻമാർ ലേലത്തിൽ വിളികേൾക്കുകയോ വാങ്ങുകയോ ചെയ്യുന്നതിൻമേലുള്ള പരിമിതി.—ഏതെങ്കിലും വില്പന സംബന്ധിച്ച്, ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കാനുള്ള യാതൊരു ഉദ്യോഗസ്ഥനും, അല്ലെങ്കിൽ മററാളും, നേരിട്ടോ നേരിട്ടല്ലാതേയോ, വില്ക്കപ്പെടുന്ന വസ്തുവിലെ ഏതെങ്കിലും അവകാശത്തിന് ലേലത്തിന് വിളികേൾക്കുകയോ അതു ആർജ്ജിക്കുകയോ ആർജ്ജിക്കാൻ ശ്രമിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

## ജംഗമവസ്തുവിന്റെ വില്പന

74. കാർഷികോത്പന്നത്തിന്റെ വില്പന.—(1) വില്ക്കേണ്ട വസ്തു, കാർഷികോത്പന്നമായിരിക്കുന്നിടത്ത്, വില്പന,—

(ക) അങ്ങനെയുള്ള ഉത്പന്നം, വളരുന്ന വിളയാണെങ്കിൽ, അങ്ങനെയുള്ള വിള വളർന്നിരിക്കുന്ന ഭൂമിയിലോ, അതിനടുത്തോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഉത്പന്നം കൊയ്യുകയോ ശേഖരിക്കുകയോ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ധാന്യം ഉതിർക്കുന്ന കളത്തിലോ അതിനടുത്തോ, അല്ലെങ്കിൽ ധാന്യം മെതിക്കുന്നതോ, അതുപോലുള്ളതോ ആയ സ്ഥലത്തോ, അതിനടുത്തോ, അല്ലെങ്കിൽ ഏതു വയ്ക്കോൽ കൂനയിൻമേലോ, അതിനുള്ളിലോ ആണോ, ആ ഉത്പന്നം നിക്ഷേപിച്ചിരിക്കുന്നത്, ആ കൂനയിലോ, അതിനടുത്തോ,

വച്ച് നടത്തേണ്ടതാണ്:

എന്നാൽ, ഏററവും അടുത്തുള്ള പൊതുഗമ്യസ്ഥലത്തുവച്ച് വില്പന നടത്തുന്നതുവഴി ആ ഉത്പന്നം കൂടുതൽ ഗുണകരമായി വിററുപോകാൻ ഇടയുണ്ടെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അതിന് അപ്രകാരം വില്പന നടത്താൻ നിദേശിക്കാവുന്നതാണ്.

(2) ഉത്പന്നം വില്പനയ്ക്കായി വയ്ക്കുന്നതിൻമേൽ,—

(ക) വില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മതിപ്പിൽ, അതിനു ഒരു മര്യാദ വില ആഫർ ചെയ്യപ്പെടാതിരിക്കുകയും,

(ഖ) ഉത്പന്നത്തിന്റെ ഉടമസ്ഥനോ, അല്ലെങ്കിൽ അയാൾക്കുവേണ്ടി പ്രവർത്തിക്കാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഒരാളോ, വില്പന, അടുത്ത ദിവസമോ, അല്ലെങ്കിൽ വില്പനസ്ഥലത്ത് ഒരു ചന്ത കൂടുന്നുണ്ടെങ്കിൽ, അടുത്ത ചന്ത ദിവസമോ വരെ നീട്ടിവച്ചുകിട്ടാൻ അപേക്ഷിക്കുകയും,

ചെയ്യുന്നിടത്ത്, വില്പന, അതനുസരിച്ച് നീട്ടി വയ്ക്കേണ്ടതും, അപ്പോൾ അത്, ഉത്പന്നത്തിന് എന്തു വില ആഫർ ചെയ്താലും പൂർത്തിയാക്കേണ്ടതുമാകുന്നു.

75. വളരുന്ന വിളകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) വില്ക്കേണ്ട വസ്തു, വളരുന്ന വിളയായിരിക്കുകയും, വിള, അതിന്റെ പ്രകൃതമനുസരിച്ച് സ്റേറാർചെയ്യപ്പെടാവുന്നതായിരിക്കുകയും, എന്നാൽ അതുവരേയും സ്റേറാർചെയ്യപ്പെട്ടിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വില്പനദിവസം, നിജപ്പെടുത്തുന്നത്, വിള, ആ ദിവസം എത്തുന്നതിനുമുമ്പ്, സ്റേറാർചെയ്യലിനു തയ്യാറാക്കപ്പെടത്തക്കവണ്ണം ആയിരിക്കേണ്ടതും, വില്പന, വിള കൊയ്യുകയോ ശേഖരിക്കുകയോ ചെയ്യുകയും, സ്റേറാർചെയ്യലിനു തയ്യാറാകുകയും ചെയ്യുന്നതുവരെ നടത്താൻ പാടില്ലാത്തതുമാകുന്നു.

(2) വിള, അതിന്റെ പ്രകൃതമനുസരിച്ച് സ്റേറാർചെയ്യപ്പെടാവുന്നതായിരിക്കാത്തിടത്ത്, അത് കൊയ്യുകയും ശേഖരിക്കുകയും ചെയ്യുന്നതിനു മുമ്പ് വില്ക്കാവുന്നതും, ക്രേതാവിനു, ഭൂമിയിൽ പ്രവേശിക്കുന്നതിനും, വിള ശുശ്രൂഷിക്കുകയും, കൊയ്യുകയോ ശേഖരിക്കുകയോ ചെയ്യുകയും ചെയ്യുന്നതിന് വേണ്ടി ആവശ്യകമായതെല്ലാം ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

76. കൈമാറാവുന്ന പ്രമാണങ്ങളും ഏകാംഗയോഗങ്ങളിലെ ഓഹരികളും.—വില്ക്കേണ്ട വസ്തു, കൈമാറാവുന്ന പ്രമാണമോ, ഏകാംഗയോഗത്തിലെ ഓഹരിയോ ആയിരിക്കുന്നിടത്ത്, കോടതിക്ക്, വില്പന പരസ്യമായ

ലേലംവഴി ചെയ്യാൻ നിദേശിക്കുന്നതിനു പകരം, ഒരു ദല്ലാൾമുഖാന്തരമുള്ള അങ്ങനെയുള്ള പ്രമാണത്തിൻേറയോ ഓഹരിയുടേയോ വില്പന നടത്തുന്നതിന് പ്രാധികാരപ്പെടുത്താവുന്നതാണ്.

77. പരസ്യമായ ലേലംവഴിയുള്ള വില്പന.—(1) ജംഗമവസ്തു പരസ്യമായ ലേലംവഴി വില്ക്കുന്നിടത്ത്, ഓരോ ലാട്ടിൻേറയും വില, വില്പന സമയത്തോ, അല്ലെങ്കിൽ അതിനുശേഷം വില്പന നടത്തുന്ന ഉദ്യോഗസ്ഥനോ മററാളോ നിദേശിക്കുന്നത്ര വേഗത്തിലോ കൊടുക്കേണ്ടതും, കൊടുക്കാൻ വീഴ്ച വരുത്തിയാൽ വസ്തു ഉടനടി വീണ്ടും വില്ക്കേണ്ടതും ആകുന്നു.

(2) ക്രയസംഖ്യ കൊടുക്കുന്നതിൻമേൽ, വില്പന നടത്തുന്ന ഉദ്യോഗസ്ഥനോ മററാളോ, അതിന് രസീതുകൊടുക്കേണ്ടതും, വില്പന പരിപൂർണ്ണമായിത്തീരുന്നതുമാകുന്നു.

(3) വില്ക്കേണ്ട ജംഗമവസ്തു, വിധിക്കടക്കാരൻേറയും ഒരു കൂട്ടുടമസ്ഥൻേറയും വകയായുള്ള സാമാനങ്ങളിലെ ഒരു ഓഹരി ആയിരിക്കുകയും, രണ്ടോ അതിലധികമോ ആളുകൾ യഥാക്രമം അങ്ങനെയുള്ള വസ്തുവിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ ഒരേ തുകയ്ക്കു ലേലത്തിൽ വിളികേൾക്കുകയും അവരിലൊരാൾ അങ്ങനെയുള്ള കൂട്ടുടമസ്ഥൻ ആയിരിക്കുകയും ചെയ്യുന്നിടത്ത്, വിളികേൾക്കൽ കൂട്ടുടമസ്ഥൻെറ വിളികേൾക്കലായി കരുതപ്പെടുന്നതാകുന്നു.

78. ക്രമക്കേട് വില്പനയെ അസാധുവാക്കുകയില്ലെന്നും, എന്നാൽ ക്ഷതി ഉളവായിട്ടുള്ള ഏതെങ്കിലും ആൾക്ക് വ്യവഹാരം കൊടുക്കാമെന്നും.—ജംഗമവസ്തുവിൻെറ വില്പന പ്രസിദ്ധപ്പെടുത്തുകയോ നടത്തുകയോ ചെയ്യുന്നതിലുള്ള യാതൊരു ക്രമക്കേടും, വില്പനയെ അസാധുവാക്കുന്നതല്ലാത്തതും : എന്നാൽ, അങ്ങനെയുള്ള ക്രമക്കേടു കാരണമായി, മറേറതെങ്കിലും ആളുടെ കൈയിൽനിന്ന്, ഏതെങ്കിലും ക്ഷതി നേരിടുന്ന ഏതൊരാൾക്കും, ആ മറേറ ആൾക്ക് എതിരായി നഷ്ടപരിഹാരത്തിനും, അല്ലെങ്കിൽ (അങ്ങനെയുള്ള മറേറ ആൾ ക്രേതാവാണെങ്കിൽ) ആ വിനിർദ്ദിഷ്ട വസ്തുതന്നെ വീണ്ടെടുക്കാനും, അങ്ങനെയുള്ള വീണ്ടെടുക്കലിൻെറ അഭാവത്തിൽ നഷ്ടപരിഹാരത്തിനും വ്യവഹാരം ആരംഭിക്കാവുന്നതും ആകുന്നു.

79. ജംഗമവസ്തുവിൻേറയും കടങ്ങളുടേയും ഓഹരികളുടേയും ഡെലിവറി.—(1) വില്ക്കപ്പെടുന്ന വസ്തു, യഥാർത്ഥത്തിൽ പിടിച്ചെടുക്കപ്പെട്ടിട്ടുള്ള ജംഗമവസ്തു ആയിരിക്കുന്നിടത്ത്, അത് ക്രേതാവിന് ഡെലിവർ ചെയ്യേണ്ടതാകുന്നു.

(2) വില്ക്കപ്പെടുന്ന വസ്തു, വിധിക്കടക്കാരനല്ലാത്ത വല്ല ആളുടേയും കൈവശത്തിലുള്ള ജംഗമവസ്തു ആയിരിക്കുന്നിടത്ത്, ക്രേതാവിനുള്ള അതിൻെറ ഡെലിവറി, ക്രേതാവിനൊഴികെ ഏതെങ്കിലും ആൾക്ക്, വസ്തുവിൻെറ കൈവശം ഡെലിവർ ചെയ്യുന്നതിൽനിന്ന് കൈവശമുള്ള ആളെ നിരോധിച്ചുകൊണ്ട് അയാൾക്ക് നോട്ടീസ് നൽകുന്നതുവഴി, ചെയ്യേണ്ടതാകുന്നു.

(3) വില്ക്കപ്പെടുന്ന വസ്തു, കൈമാറാവുന്ന പ്രമാണത്തിൻെറ ഈടില്ലാത്ത കടമായിരിക്കുകയോ, ഒരു ഏകാംഗയോഗത്തിലെ ഓഹരിയായിരിക്കുകയോ ചെയ്യുന്നിടത്ത്, അതിൻെറ ഡെലിവറി, ഉത്തമർണ്ണനെ, ആ കടമോ, അതിൻമേലുള്ള ഏതെങ്കിലും പലിശയോ സ്വീകരിക്കുന്നതിൽനിന്നും അധമർണ്ണനെ, അതു ക്രേതാവിനൊഴികെ ഏതെങ്കിലും ആൾക്ക് കൊടുക്കുന്നതിൽനിന്നും നിരോധിക്കുന്നതോ, അല്ലെങ്കിൽ ആരുടെ പേരിലാണോ ആ ഓഹരി നില്ക്കുന്നത്, ആ ആളെ ആ ഓഹരി, ക്രേതാവിനൊഴികെ ഏതെങ്കിലും

ആൾക്ക്, കൈമാററം ചെയ്യുകയോ അതിൻമേലുള്ള ഏതെങ്കിലും ലാഭവീതമോ പലിശയോ കൊടുക്കുന്നതു സ്വീകരിക്കുകയോ ചെയ്യുന്നതിൽനിന്നും, ഏകാംഗ യോഗത്തിന്റെ മാനേജരേയോ, സെക്രട്ടറിയേയോ അല്ലെങ്കിൽ തക്ക മററു ഉദ്യോഗസ്ഥനേയോ, അങ്ങനെയുള്ള ഏതെങ്കിലും കൈമാററം അനുവദിക്കുന്നതിൽ നിന്നോ ക്രേതാവിനൊഴികെ ഏതെങ്കിലും ആൾക്ക്, അങ്ങനെ പണം കൊടുക്കുന്നതിൽനിന്നോ നിരോധിക്കുന്നതോ ആയ കോടതിയുടെ ലിഖിതമായ ഉത്തരവുവഴി ചെയ്യേണ്ടതാകുന്നു.

80. കൈമാറാവുന്ന പ്രമാണങ്ങളുടേയും ഓഹരികളുടേയും കൈമാററം.—(1) ഒരു കൈമാറാവുന്ന പ്രമാണമോ, ഒരു ഏകാംഗയോഗത്തിന്റെ ഓഹരിയോ കൈമാററം ചെയ്യുന്നതിലേയ്ക്ക് ഒരു രേഖ ഒപ്പിട്ടു പൂർത്തീകരിക്കുന്നതോ, അല്ലെങ്കിൽ ഏതു കക്ഷിയുടെ പേരിലാണോ അങ്ങനെയുള്ള കൈമാറാവുന്ന പ്രമാണമോ ഓഹരിയോ നില്ക്കുന്നത്, ആ കക്ഷിയുടെ എൻഡോഴ്സ്മെൻേറാ ആവശ്യമായിരിക്കുന്നിടത്ത്, ജഡ്ജിക്കോ, അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ആവശ്യമായ രേഖ ഒപ്പിട്ടു പൂർത്തീകരിക്കുകയോ, എൻഡോഴ്സ്മെൻറ് ചെയ്യുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഒപ്പിട്ടു പൂർത്തീകരിക്കലിനോ, എൻഡോഴ്സ്മെൻറിനോ, കക്ഷിയുടെ ഒപ്പിട്ടു പൂർത്തീകരിക്കലിനോ എൻഡോഴ്സ്മെൻറിനോ ഉള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു.

(2) അങ്ങനെയുള്ള ഒപ്പിട്ടുപൂർത്തീകരിക്കലോ എൻഡോഴ്സ്മെൻേറാ താഴെപറയുന്ന ഫാറത്തിൽ ആകാവുന്നതാണ്, അതായത് :—

ക. ഖ യ്ക്കു എതിരായി ങ. ച യാലുള്ള വ്യവഹാരത്തിൽ, ക. ഖ..........കോടതിയിലെ ജഡ്ജി ഗ, ഘ മുഖേന (അല്ലെങ്കിൽ അതതു സംഗതിപോലെ)

(3) അങ്ങനെയുള്ള കൈമാറാവുന്ന പ്രമാണത്തിൻേറയോ ഓഹരിയുടേയോ കൈമാററംവരെ, അതിൻമേൽ കിട്ടാനുള്ള ഏതെങ്കിലും പലിശയോ ലാഭവീതമോ വാങ്ങാനും, അതിനുള്ള രസീതു ഒപ്പിടാനും ആയി കോടതിക്ക്, ഉത്തരവുവഴി, ഏതെങ്കിലും ആളെ നിയമിക്കാവുന്നതും : അപ്രകാരം ഒപ്പിടുന്ന ഏതെങ്കിലും രസീതു, അത് കക്ഷിതന്നെ ഒപ്പിട്ടിട്ടുണ്ടായിരുന്നാലെന്നപോലെ, എല്ലാ ആവശ്യങ്ങൾക്കും, സാധുവും പ്രഭാവമുള്ളതും ആയിരിക്കുന്നതും ആകുന്നു.

81. മററുവസ്തുവിന്റെ സംഗതിയിലുള്ള നിക്ഷിപ്തമാക്കൽ ഉത്തരവ്.—ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥചെയ്തിട്ടില്ലാത്ത ഏതെങ്കിലും ജംഗമ വസ്തുവിന്റെ സംഗതിയിൽ, കോടതിക്ക്, അങ്ങനെയുള്ള വസ്തു ക്രേതാവിലോ, അയാൾ നിദേശിക്കുന്നതുപോലെയോ നിക്ഷിപ്തമാക്കുന്ന ഉത്തരവു പാസ്സാക്കാവുന്നതും ; അങ്ങനെയുള്ള വസ്തു അതനുസരിച്ച് നിക്ഷിപ്തമാകുന്നതുമാണ്.

## സ്ഥാവരവസ്തുവിന്റെ വില്പന

82. ഏതു കോടതികൾക്ക് വില്പനകൾ ഉത്തരവു ചെയ്യാവുന്നതാണെന്ന്.—വിധികളുടെ നടത്തലിലെ സ്ഥാവരവസ്തു വില്പനകൾ, സ്മാൾകാസ് കോടതിയല്ലാത്ത ഏതു കോടതിക്കും ഉത്തരവു ചെയ്യാവുന്നതാണ്.

83. വിധിസംഖ്യ ഉണ്ടാക്കാൻ വിധിക്കടക്കാരന് കഴിവുണ്ടാക്കാനായി വില്പന നീട്ടിവയ്ക്കുന്നത്.—(1) സ്ഥാവരവസ്തുവിന്റെ വില്പനയ്ക്ക് ഉത്തരവു പാസ്സാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള വസ്തുവിൻേറയോ,

അതിൻെറ ഒരു ഭാഗത്തിൻേറയോ, വിധിക്കടക്കാരൻെറ മറേറതെങ്കിലും സ്ഥാവര വസ്തുവിൻേറയോ പണയമോ പാട്ടത്തിനു (വാടകയ്ക്ക്) ഉള്ള ഏല്പോ സ്വകാര്യവില്പനയോ വഴി വിധിസംഖ്യ ഉണ്ടാക്കാവുന്നതാണെന്ന് വിശ്വസിക്കാൻ കാരണമുള്ളതായി കോടതിയെ ബോദ്ധ്യപ്പെടുത്താൻ വിധിക്കടക്കാരന് കഴിയുമെങ്കിൽ, കോടതിക്ക്, അയാളുടെ അപേക്ഷയിൻമേൽ, ആ സംഖ്യ ഉണ്ടാക്കുന്നതിന് അയാൾക്ക് കഴിവുണ്ടാക്കാനായി വില്പനയ്ക്കുള്ള ഉത്തരവിൽ അടങ്ങുന്ന വസ്തുവിൻെറ വില്പന, ഉചിതമെന്ന് തോന്നുന്ന നിബന്ധനകളിൻമേലും കാലത്തേയ്ക്കും നീട്ടിവയ്ക്കാവുന്നതാണ്.

(2) അങ്ങനെയുള്ള സംഗതിയിൽ, കോടതി വിധിക്കടക്കാരന്, സർട്ടിഫിക്കററിൽ പറഞ്ഞിരിക്കേണ്ട ഒരു കാലാവധിക്കുള്ളിലും, 64-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പണയമോ, പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏല്പോ വില്പനയോ കൊടുക്കുകയോ, ചെയ്യുകയോ ചെയ്യാൻ അയാളെ പ്രാധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കററ് നല്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള പണയത്തിനോ, പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏല്പിനോ, വില്പനയ്ക്കോ കീഴിൽ കൊടുക്കേണ്ട എല്ലാ പണവും 72-ാം ചട്ടത്തിലെ വ്യവസ്ഥകൾക്കുകീഴിൽ, അങ്ങനെയുള്ള പണം തട്ടിക്കഴിക്കാൻ വിധി ഉടമയ്ക്ക് അവകാശമുള്ളിടത്തോളമൊഴികെ കോടതിയിൽ ഒടുക്കേണ്ടതും, അങ്ങനെയുള്ള യാതൊരു പണവും വിധിക്കടക്കാരന് കൊടുക്കാൻ പാടില്ലാത്തതും, ആകുന്നു.

എന്നുമാത്രമല്ല, ഈ ചട്ടത്തിൻകീഴിലെ യാതൊരു പണയവും, പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏല്പും, അല്ലെങ്കിൽ വില്പനയും, അത് കോടതിയാൽ സ്ഥിരപ്പെടുത്തുന്നതുവരെ, പരിപൂർണ്ണമാകുന്നതല്ല.

(3) ഈ ചട്ടത്തിലെ യാതൊന്നും, ഒരു വസ്തുവിൻെറ പണയമോ, അതിൻമേലുള്ള ചാർജ്ജോ പ്രാവർത്തികമാക്കുന്നതിലുള്ള ഒരു വില്പന വിധിയുടെ നടത്തലിൽ വില്ക്കാൻ നിദേശിക്കപ്പെടുന്ന ആ വസ്തുവിൻെറ വില്പനയ്ക്ക്, ബാധകമാകുന്നതായി കരുതപ്പെടുന്നതല്ല.

84. <u>ക്രേതാവിനാലുള്ള ഡെപ്പാസിററും വീഴ്ച വരുത്തിയാലുള്ള പുനർവില്പനയും.</u>—(1) സ്ഥാവരവസ്തുവിൻെറ ഏതൊരു വില്പനയിൻമേലും, ക്രേതാവായി പ്രഖ്യാപിക്കപ്പെടുന്ന ആൾ അങ്ങനെയുള്ള പ്രഖ്യാപനത്തിനുശേഷം ഉടനെ ക്രയസംഖ്യയുടെ ഇരുപത്തഞ്ചു ശതമാനമായ ഒരു ഡെപ്പാസിററ്, വില്പന നടത്തുന്ന ഉദ്യോഗസ്ഥനോ മററാൾക്കോ കൊടുക്കേണ്ടതും, അങ്ങനെ ഡെപ്പാസിററ് ചെയ്യാൻ വീഴ്ച വരുത്തിയാൽ, വസ്തു ഉടനടി വീണ്ടും വില്ക്കേണ്ടതും ആകുന്നു.

(2) ക്രേതാവ്, വിധി ഉടമയായിരിക്കുകയും, അയാൾക്ക് 72-ാം ചട്ടത്തിൻകീഴിൽ ക്രയസംഖ്യ തട്ടിക്കഴിക്കാൻ അവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, ഈ ചട്ടത്തിലെ ആവശ്യകതകൾ വേണ്ടെന്ന് വയ്ക്കാവുന്നതാണ്.

85. <u>ക്രയസംഖ്യ മുഴുവൻ കൊടുക്കാനുള്ള സമയം.</u>—ഒടുക്കേണ്ട മുഴുവൻ ക്രയസംഖ്യയും, ക്രേതാവ് വസ്തുവിൻെറ വില്പന തൊട്ടുള്ള പതിനഞ്ചാമത്തെ ദിവസം കോടതി അടയ്ക്കുന്നതിന് മുമ്പ് കോടതിയിൽ ഒടുക്കേണ്ടതാകുന്നു:

എന്നാൽ, അപ്രകാരം കോടതിയിൽ ഒടുക്കേണ്ട സംഖ്യ കണക്കാക്കുന്നതിൽ, ക്രേതാവിന്, 72-ാം ചട്ടത്തിൻകീഴിൽ അയാൾക്ക് അവകാശമുണ്ടായിരിക്കാവുന്ന ഏതെങ്കിലും തട്ടിക്കിഴിക്കലിൻെറ ആനുകൂല്യം ഉണ്ടായിരിക്കുന്നതാകുന്നു.

86. ഒടുക്കാൻ വീഴ്ചവരുത്തിയാലുള്ള നടപടിക്രമം.—തൊട്ടുമുമ്പിലത്തെ ചട്ടത്തിൽ പറഞ്ഞ സമയത്തിനുള്ളിൽ ഒടുക്കാൻ വീഴ്ചവരുത്തിയാൽ, കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഡെപ്പാസിററ്, വില്പനയുടെ ചെലവുകൾ കൊടുത്തുതീർത്തതിനുശേഷം, ഗവൺമെൻറിലേയ്ക്ക് കണ്ടുകെട്ടപ്പെടുന്നതും, വസ്തു വീണ്ടും വില്ക്കപ്പെടുന്നതും, വീഴ്ചവരുത്തുന്ന ക്രേതാവിന്, വസ്തുവിലോ, അല്ലെങ്കിൽ അത്, പിന്നീട് ഏതു സംഖ്യയ്ക്കാണോ വില്ക്കപ്പെടുന്നത്, ആ സംഖ്യയുടെ ഏതെങ്കിലും ഭാഗത്തിനോ ഉള്ള എല്ലാ അവകാശങ്ങളും നഷ്ടപ്പെടുന്നതും ആകുന്നു.

87. പുനർവില്പനയിൻമേലുള്ള വിജ്ഞാപനം.—ക്രയസംഖ്യ കൊടുക്കാൻ അനുവദിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ അങ്ങനെ കൊടുക്കാൻ വീഴ്ചവരുത്തിയാലുള്ള സ്ഥാവരവസ്തുവിന്റെ ഏതൊരു പുനർവില്പനയും, ഒരു പുതിയ വിളംബരം ഇതിൽ ഇതിനുമുൻപ് വില്പനയ്ക്ക് നിർണ്ണയിച്ചിട്ടുള്ള രീതിയിലും കാലത്തേക്കും, പുറപ്പെടുവിച്ചതിനുശേഷം ചെയ്യേണ്ടതാകുന്നു.

88. കൂട്ട് ഓഹരിക്കാരന്റെ വിളികേൾക്കലിന് മുൻഗണന വേണമെന്ന്.—വില്ക്കപ്പെടുന്ന വസ്തു, അവിഭക്ത സ്ഥാവര വസ്തുവിന്റെ ഓഹരി ആയിരിക്കുകയും, രണ്ടോ അതിലധികമോ ആളുകൾ യഥാക്രമം അങ്ങനെയുള്ള വസ്തുവിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ഒരേ തുകയ്ക്കു ലേലത്തിൽ വിളി കേൾക്കുകയും, അവരിൽ ഒരാൾ അങ്ങനെയുള്ള കൂട്ട് ഓഹരിക്കാരൻ ആയിരിക്കുകയും ചെയ്യുന്നിടത്തു, വിളികേൾക്കൽ, കൂട്ട് ഓഹരിക്കാരന്റെ വിളികേൾക്കലായി കരുതപ്പെടുന്നതാകുന്നു.

89. ഡെപ്പാസിററിൻമേൽ വില്പന ദുർബലപ്പെടുത്താനുള്ള അപേക്ഷ.—(1) ഒരു വിധിയുടെ നടത്തലിൽ സ്ഥാവരവസ്തു വില്ക്കപ്പെട്ടിട്ടുള്ളിടത്ത്, വില്ക്കപ്പെട്ട വസ്തുവിൽ, വില്പനസമയത്തോ, അപേക്ഷ കൊടുക്കുന്ന സമയത്തോ ഒരു അവകാശം അവകാശപ്പെടുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്ക് വേണ്ടിയോ അയാളുടെ താല്പര്യത്തിലോ പ്രവർത്തിക്കുന്നതോ ആയ ഏതെങ്കിലും ആൾക്ക്,—

(ക) ക്രേതാവിന് കൊടുക്കാൻ ക്രയസംഖ്യയുടെ അഞ്ചുശതമാനത്തിന് തുല്യമായ തുകയും,

(ഖ) വിധി ഉടമയ്ക്കു കൊടുക്കാൻ, ഏതു തുക വസൂലാക്കാനാണോ, വില്പന ഉത്തരവ് ചെയ്തത്, അങ്ങനെയുള്ള തുകയായി വില്പന വിളംബരത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള തുകയിൽനിന്ന്, അങ്ങനെയുള്ള വില്പന വിളംബരത്തിന്റെ തീയതിക്കുശേഷം വിധി ഉടമയ്ക്കു കിട്ടിയിട്ടുണ്ടാകാവുന്ന ഏതെങ്കിലും തുക കുറവുചെയ്ത തുകയും ; കോടതിയിൽ ഡെപ്പോസിററു ചെയ്യുന്നതിൻമേൽ ദുർബലപ്പെടുത്തി കിട്ടാനായി അപേക്ഷിക്കാവുന്നതാണ്.

(2) ഒരാൾ, തന്റെ സ്ഥാവര വസ്തുവിന്റെ വില്പന ദുർബലപ്പെടുത്താൻ 90-ാം ചട്ടത്തിൻകീഴിൽ അപേക്ഷിക്കുന്നിടത്ത്, അയാൾ തന്റെ അപേക്ഷ പിൻവലിക്കാത്തപക്ഷം, അയാൾക്ക് ഈ ചട്ടത്തിൻകീഴിൽ ഒരു അപേക്ഷ കൊടുക്കാനോ തുടർന്നു നടത്താനോ അവകാശമുണ്ടായിരിക്കുന്നതല്ല.

(3) ഈ ചട്ടത്തിലെ യാതൊന്നും, വിധിക്കടക്കാരനെ വില്പന വിളംബരത്തിൽപ്പെടാത്ത കോടതിച്ചെലവും പലിശയും സംബന്ധിച്ച് അയാൾക്കുണ്ടാകാവുന്ന ഏതെങ്കിലും ബാദ്ധ്യതയിൽനിന്ന് വിമുക്തനാക്കുന്നതല്ല.

90. ക്രമക്കേടിന്റേയോ വഞ്ചനയുടേയോ കാരണത്തിൻമേൽ വില്പന ദുർബലപ്പെടുത്താനുള്ള അപേക്ഷ.—(1) ഒരു വിധിയുടെ നടത്തലിൽവച്ച്, ഏതെങ്കിലും സ്ഥാവരവസ്തു വില്ക്കപ്പെട്ടിട്ടുള്ളിടത്ത്, വിധി ഉടമയ്ക്കോ, ക്രേതാവിനോ, ആസ്തികളുടെ ആനുപാതിക വിതരണത്തിൽ ഓഹരിയ്ക്ക് അവകാശമുള്ളതോ, അല്ലെങ്കിൽ തന്റെ താല്പര്യങ്ങാം വില്പനയാൽ ബാധിക്കപ്പെടുന്നതോ ആയ മറ്റേതെങ്കിലും ആൾക്കോ, വില്പന പ്രസിദ്ധപ്പെടുത്തുന്നതിലേയോ നടത്തുന്നതിലേയോ സാരവത്തായ ക്രമക്കേടിന്റേയോ വഞ്ചനയുടേയോ കാരണത്തിൻമേൽ, അത് ദുർബലപ്പെടുത്താൻ കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

(2) യാതൊരു വില്പനയും, അത് പ്രസിദ്ധപ്പെടുത്തുകയോ നടത്തുകയോ ചെയ്യുന്നതിലെ ക്രമക്കേടിന്റേയോ വഞ്ചനയുടേയോ കാരണത്തിൻമേൽ, അങ്ങനെയുള്ള ക്രമക്കേടോ വഞ്ചനയോ കാരണമായി അപേക്ഷകന് ഗണ്യമായ ക്ഷതി നേരിട്ടിട്ടുണ്ടെന്ന് കോടതിക്ക് തെളിയിക്കപ്പെട്ട വസ്തുതകളിൻമേൽ, ബോദ്ധ്യപ്പെടാത്തപക്ഷം ദുർബലപ്പെടുത്താൻ പാടുള്ളതല്ല.

(3) ഒരു വില്പന ദുർബലപ്പെടുത്താനുള്ള ഈ ചട്ടത്തിൻകീഴിലെ യാതൊരപേക്ഷയും, വില്പന വിളംബരം തയ്യാറാക്കിയ തീയതിയോ അതിനു മുമ്പോ അപേക്ഷകന് ഉന്നയിക്കാൻ കഴിയുമായിരുന്ന ഏതെങ്കിലും കാരണത്തിൻമേൽ സ്വീകരിക്കാൻ പാടുള്ളതല്ല.

വിശദീകരണം:—വില്ക്കപ്പെട്ട വസ്തുവിന്റെ ജപ്തിയുടെ അഭാവമോ, അതിലെ ന്യൂനതയോ, അതിനാൽമാത്രം, ഒരു വില്പന ഈ ചട്ടത്തിൻകീഴിൽ ദുർബലപ്പെടുത്താൻ കാരണമായിരിക്കുന്നതല്ല.

91. വിധിക്കടക്കാരന് വില്ക്കപ്പെടാവുന്ന അവകാശം ഇല്ലെന്നുള്ള കാരണത്തിൻമേൽ, വില്പന ദുർബലപ്പെടുത്താൻ ക്രേതാവിന്റെ അപേക്ഷ.—ഒരു വിധിയുടെ നടത്തലിലെ, അങ്ങനെയുള്ള ഏതെങ്കിലും വില്പനയിലെ ക്രേതാവിന്, വില്ക്കപ്പെട്ട വസ്തുവിൽ വിധിക്കടക്കാരന് വില്ക്കപ്പെടാവുന്ന യാതൊരു അവകാശവും ഉണ്ടായിരുന്നില്ലെന്നുള്ള കാരണത്തിൻമേൽ, വില്പന ദുർബലപ്പെടുത്താൻ കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

92. വില്പന പരിപൂർണ്ണമാകുന്നതോ ദുർബലപ്പെടുത്തേണ്ടതോ എപ്പോഴെന്ന്.—(1) 89-ാം ചട്ടത്തിനോ, 90-ാം ചട്ടത്തിനോ, 91-ാം ചട്ടത്തിനോ കീഴിൽ യാതൊരപേക്ഷയും കൊടുക്കാതിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ കൊടുക്കുകയും, അത് തള്ളിക്കളയുകയും ചെയ്യുകയോ ചെയ്യുന്നിടത്ത്, കോടതി, വില്പന സ്ഥിരപ്പെടുത്തുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, അതോടെ വില്പന പരിപൂർണ്ണമാകുന്നതുമാണ് :

എന്നാൽ, ഒരു വിധിയുടെ നടത്തലിൽ ഏതെങ്കിലും വസ്തു, അങ്ങനെയുള്ള വസ്തുവിനുള്ള ഏതെങ്കിലും അവകാശവാദമോ, അതിന്റെ ജപ്തിയെക്കുറിച്ചുള്ള ഏതെങ്കിലും ആക്ഷേപമോ, അവസാനത്തീർച്ചയാകാതെ നിലവിലിരിക്കേ വില്ക്കുന്നിടത്ത്, കോടതി, അങ്ങനെയുള്ള അവകാശവാദത്തിന്റേയോ ആക്ഷേപത്തിന്റേയോ അവസാനത്തീർച്ചവരെ അങ്ങനെയുള്ള വില്പന സ്ഥിരപ്പെടുത്താൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള അപേക്ഷ കൊടുക്കുകയും അനുവദിക്കുകയും ചെയ്യുന്നിടത്തും, 89-ാം ചട്ടത്തിൻകീഴിലെ അപേക്ഷയുടെ സംഗതിയിൽ, വില്പനയുടെ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ ആ ചട്ടം ആവശ്യപ്പെടുന്ന ഡെപ്പോസിററ് ചെയ്തിട്ടുള്ളിടത്തും, അല്ലെങ്കിൽ 89-ാം ചട്ടത്തിൻ

കീഴിൽ ഡെപ്പോസിററ് ചെയ്ത തുക, ഡെപ്പോസിററ് ചെയ്ത ആളുടെ ഭാഗത്തുള്ള ഏതെങ്കിലും കൈത്തെററോ കണക്കുകൂട്ടലിലുള്ള തെററോ കാരണം കുറവാണെന്ന് കാണപ്പെടുകയും, അങ്ങനെയുള്ള കുറവ് കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ നികത്തിയിരിക്കുകയും ചെയ്യുന്ന സംഗതികളിലും കോടതി വില്പന ദുർബലപ്പെടുത്തുന്ന ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ, യാതൊരുത്തരവും, അതു ബാധിക്കുന്ന എല്ലാ ആളുകൾക്കും അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് നല്കാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) ഈ ചട്ടത്തിൻകീഴിലെ ഒരുത്തരവു ദുർബലപ്പെടുത്താനുള്ള യാതൊരു വ്യവഹാരവും, ആർക്ക് എതിരായാണോ, അങ്ങനെയുള്ള ഉത്തരവു പാസ്സാക്കിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ കൊണ്ടുവരാൻ പാടുള്ളതല്ല.

(4) ലേലത്തിലെ ക്രേതാവിനെതിരായി വ്യവഹാരം ഫയൽചെയ്യുന്നതുവഴി ഒരു മൂന്നാംകക്ഷി വിധിക്കടക്കാരന്റെ ഉടമാവകാശം ചോദ്യംചെയ്യുന്നിടത്ത് വിധി ഉടമയും വിധിക്കടക്കാരനും ആ വ്യവഹാരത്തിലെ ആവശ്യകക്ഷികളായിരിക്കുന്നതാണ്.

(5) 4-ാം ഉപചട്ടത്തിൽ പരാമർശിച്ച വ്യവഹാരം അനുകൂലമായി വിധിക്കപ്പെടുന്നുവെങ്കിൽ, കോടതി, വിധി ഉടമയോട് ലേലത്തിലെ ക്രേതാവിന് പണം തിരിയെ കൊടുക്കാൻ നിദേശിക്കേണ്ടതും, അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കുന്നിടത്ത്, അത് നടത്തൽ നടപടിയിലാണോ വില്പന ചെയ്തിട്ടുണ്ടായിരിക്കുന്നത്, ആ നടത്തൽനടപടി, കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, വില്പന ഉത്തരവ് ചെയ്ത ഘട്ടത്തിൽവച്ച് പുനരുജ്ജീവിപ്പിക്കേണ്ടതും ആകുന്നു.

93. ചില സംഗതികളിൽ ക്രയസംഖ്യ മടക്കുന്നത്.—സ്ഥാവരവസ്തുവിന്റെ ഒരു വില്പന, 92-ാം ചട്ടത്തിൻകീഴിൽ ദുർബലപ്പെടുത്തുന്നിടത്ത്, ക്രേതാവിന്, തന്റെ ക്രയസംഖ്യ ആർക്കാണ് കൊടുത്തിട്ടുള്ളത്, ആ ആൾക്കെതിരായി, അത് കോടതി നിദേശിക്കുന്നതുപോലെ പലിശയോടുകൂടിയോ കൂടാതേയോ, തിരിയെ കിട്ടാനുള്ള ഒരുത്തരവിന് അവകാശമുണ്ടായിരിക്കുന്നതാണ്.

94. ക്രേതാവിനുള്ള സർട്ടിഫിക്കററ്.—സ്ഥാവരവസ്തുവിന്റെ ഒരു വില്പന പരിപൂർണ്ണമായിത്തീർന്നിട്ടുള്ളിടത്ത്, കോടതി, വില്ക്കപ്പെട്ട വസ്തുവും, വില്പനസമയത്ത് ക്രേതാവായി പ്രഖ്യാപിക്കപ്പെടുന്ന ആളുടെ പേരും വിനിർദ്ദേശിക്കുന്ന രണ്ടു സർട്ടിഫിക്കററ് നല്കേണ്ടതാണ്. അങ്ങനെയുള്ള സർട്ടിഫിക്കററ് വില്പന പരിപൂർണ്ണമായ ദിവസത്തെ തീയതി വഹിക്കേണ്ടതാകുന്നു.

95. വിധിക്കടക്കാരന്റെ കൈവശത്തിലുള്ള വസ്തുവിന്റെ ഡെലിവറി.—വില്ക്കപ്പെടുന്ന സ്ഥാവരവസ്തു വിധിക്കടക്കാരന്റെയോ, അയാൾക്കുവേണ്ടി വല്ല ആളുടേയുമോ, അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുവിന്റെ ജപ്തിക്കുശേഷം, വിധിക്കടക്കാരൻ സൃഷ്ടിച്ചിട്ടുള്ള ഒരു ഉടമാവകാശത്തിൻകീഴിൽ അവകാശപ്പെടുന്ന വല്ല ആളുടേയുമോ കൈവശത്തിലായിരിക്കുകയും, ആ വസ്തു സംബന്ധിച്ച് 94-ാം ചട്ടത്തിൻകീഴിൽ ഒരു സർട്ടിഫിക്കററ് നല്കിയിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി, ക്രേതാവിന്റെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള ക്രേതാവിനോ, അല്ലെങ്കിൽ തനിക്കുവേണ്ടി വസ്തു ഡെലിവറി എടുക്കാൻ അയാൾ നിയമിക്കുന്ന ഏതെങ്കിലും ആൾക്കോ, വസ്തു കൈവശം കൊടുക്കുകയും വേണ്ടിവന്നാൽ അത് ഒഴിഞ്ഞുകൊടുക്കാൻ വിസമ്മതിക്കുന്ന ഏതെങ്കിലും ആളെ നീക്കം ചെയ്യുകയും ചെയ്യുന്നതുവഴി ഡെലിവർ ചെയ്യാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

96. കുടിയാന്റെ കൈവശമുള്ള വസ്തുവിന്റെ ഡെലിവറി.—വില്ക്കപ്പെടുന്ന വസ്തു, ഒരു കുടിയാന്റെയോ, അല്ലെങ്കിൽ അത് കൈവശം വയ്ക്കാൻ അവകാശമുള്ള മറ്റേതെങ്കിലും ആളുടേയോ കൈവശത്തിലായിരിക്കുകയും, ആ വസ്തു സംബന്ധിച്ച് 94-ാം ചട്ടത്തിൻകീഴിൽ, ഒരു സർട്ടിഫിക്കറ്റ് നല്കിയിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി, ക്രേതാവിന്റെ അപേക്ഷയിൻമേൽ, വില്പന സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് വസ്തുവിൻമേൽ ഏതെങ്കിലും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്തു പതിക്കുകയും, വിധിക്കടക്കാരന്റെ അവകാശം ക്രേതാവിനു കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നു സൗകര്യമുള്ള വല്ല സ്ഥലത്തുംവച്ച്, മുരശടിച്ചോ മററു പതിവു മുറപ്രകാരമോ കൈവശക്കാരനു വിളംബരം ചെയ്യുകയും ചെയ്യുന്നതുവഴി ഡെലിവർ ചെയ്യാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

## വിധി ഉടമയ്ക്കോ ക്രേതാവിനോ കൈവശം ഡെലിവർ ചെയ്യുന്നതിലുള്ള ചെറുപ്പ്

97. സ്ഥാവരവസ്തു കൈവശമെടുക്കുന്നതിനുള്ള ചെറുപ്പോ തടസ്സമോ.—(1) ഏതെങ്കിലും ആരം, സ്ഥാവരവസ്തുവിന്റെ കൈവശത്തിനുള്ള ഒരു വിധിയുടെ ഉടമയേയോ, അല്ലെങ്കിൽ ഒരു വിധിയുടെ നടത്തലിൽ വില്ക്കപ്പെടുന്ന, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിന്റെ ക്രേതാവിനേയോ വസ്തു കൈവശം ലഭിക്കുന്നതിൽ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നിടത്ത്, അയാരംക്ക് അങ്ങനെയുള്ള ചെറുപ്പിനേയോ തടസ്സപ്പെടുത്തലിനേയോ കുറിച്ചു പരാതിപ്പെട്ടുകൊണ്ട് കോടതിക്ക് അപേക്ഷ കൊടുക്കാവുന്നതാണ്.

(2) (1) ാം ഉപചട്ടത്തിൻകീഴിൽ ഏതെങ്കിലും അപേക്ഷ കൊടുക്കുന്നിടത്ത്, കോടതി ഇതിൽ അടങ്ങുന്ന വ്യവസ്ഥകളനുസരിച്ച് അപേക്ഷയിൻമേൽ ന്യായനിർണ്ണയം ചെയ്യാൻ നടപടി തുടരേണ്ടതാകുന്നു.

98. ന്യായനിർണ്ണയത്തിനു ശേഷമുള്ള ഉത്തരവുകരം.—(1) 101-ാം ചട്ടത്തിൽ പരാമർശിക്കുന്ന പ്രശ്നങ്ങരം തീർപ്പാക്കുന്നതിൻമേൽ, കോടതി, അങ്ങനെയുള്ള തീർപ്പ് അനുസരിച്ചും, (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥകരംക്ക് വിധേയമായും,—

(ക) അപേക്ഷ അനുവദിക്കുകയും, അപേക്ഷകന് വസ്തു കൈവശം കൊടുക്കാൻ നിദേശിക്കുകയും ചെയ്യുന്നതോ ; അല്ലെങ്കിൽ അപേക്ഷ തള്ളിക്കളയുന്നതോ ആയ ഉത്തരവു പുറപ്പെടുവിക്കുകയോ ; അല്ലെങ്കിൽ

(ഖ) സംഗതിയുടെ പരിതഃസ്ഥിതികളിൽ യുക്തമെന്നു അതു കരുതുന്ന ഉത്തരവു പാസ്സാക്കുകയോ, ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെ തീർപ്പാക്കുന്നതിൻമേൽ, ചെറുപ്പോ, തടസ്സമോ, ന്യായമായ യാതൊരു കാരണവും കൂടാതെ, വിധിക്കടക്കാരനോ, അല്ലെങ്കിൽ അയാളുടെ ഉത്സാഹനത്തിൻമേൽ, അല്ലെങ്കിൽ അയാരംക്കുവേണ്ടി മററു വല്ല ആളോ, അല്ലെങ്കിൽ വ്യവഹാരമോ നടത്തൽ നടപടിയോ നിലവിലിരിക്കെ, കൈമാററം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും കൈമാററം വാങ്ങുന്നയാളോ ഉണ്ടാക്കിയതാണെന്നു ബോദ്ധ്യപ്പെടുന്നിടത്ത്, കോടതി, അതു അപേക്ഷകന് വസ്തു കൈവശം കൊടുക്കാൻ നിദേശിക്കേണ്ടതും, കൈവശം ലഭിക്കുന്നതിൽ അപേക്ഷകൻ പിന്നെയും ചെറുക്കപ്പെടുകയോ തടസ്സപ്പെടുകയോ ചെയ്യുന്നിടത്ത്, കോടതിക്ക്, അപേക്ഷകന്റെ അർത്ഥനയിൻമേൽ, വിധിക്കടക്കാരനേയോ, അല്ലെങ്കിൽ അയാളുടെ ഉത്സാഹനത്തിൻമേലോ അയാരംക്കു വേണ്ടിയോ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളെയോ, മുപ്പതു ദിവസത്തോളമാകാവുന്ന കാലത്തേയ്ക്ക് സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യുകയും കൂടി ചെയ്യാവുന്നതും ആകുന്നു.

99. വിധി ഉടമയാലോ ക്രേതാവിനാലോ കൈവശത്തിൽ നിന്ന് നീക്കം ചെയ്യപ്പെടൽ.—(1) വിധിക്കടക്കാരൻ അല്ലാത്ത ഏതെങ്കിലും ആൾ, സ്ഥാവര വസ്തുവിന്റെ കൈവശത്തിനുള്ള ഒരു വിധിയുടെ ഉടമയാലോ, അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു ഒരു വിധിയുടെ നടത്തലിൽ വില്ക്കപ്പെട്ടിട്ടുള്ളിടത്ത്, അതിന്റെ ക്രേതാവിനാലോ അങ്ങനെയുള്ള വസ്തുവിന്റെ കൈവശത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നിടത്ത്, അയാൾക്ക്, അങ്ങനെയുള്ള കൈവശത്തിൽ നിന്നുള്ള നീക്കം ചെയ്യലിനെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ട് കോടതിക്ക് അപേക്ഷ കൊടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ കൊടുക്കുന്നിടത്ത്, കോടതി ഇതിൽ അടങ്ങുന്ന വ്യവസ്ഥകളനുസരിച്ച് അപേക്ഷയിൻമേൽ ന്യായനിർണ്ണയം ചെയ്യാൻ നടപടി തുടരേണ്ടതാകുന്നു.

100. കൈവശത്തിൽനിന്നുള്ള നീക്കം ചെയ്യലിനെക്കുറിച്ചു പരാതിപ്പെട്ടു കൊണ്ടുള്ള അപേക്ഷയിൻമേൽ പാസ്സാക്കേണ്ട ഉത്തരവ്.—101-ാം ചട്ടത്തിൽ പരാമർശിക്കുന്ന പ്രശ്നങ്ങൾ തീർപ്പാക്കുന്നതിൻമേൽ, കോടതി, അങ്ങനെയുള്ള തീർപ്പനുസരിച്ച്,—

(ക) അപേക്ഷ അനുവദിക്കുകയും, അപേക്ഷകന് വസ്തു കൈവശം കൊടുക്കാൻ നിദേശിക്കുകയും ചെയ്യുന്നതോ, അപേക്ഷ തള്ളിക്കളയുന്നതോ ആയ ഉത്തരവു പുറപ്പെടുവിക്കുകയോ ;

അല്ലെങ്കിൽ

(ഖ) സംഗതിയുടെ പരിതഃസ്ഥിതികളിൽ യുക്തമെന്ന് അത് കരുതുന്ന ഉത്തരവു പാസ്സാക്കുകയോ,

ചെയ്യേണ്ടതാകുന്നു.

101. തീർപ്പാക്കേണ്ട പ്രശ്നം.—97-ാം ചട്ടത്തിനോ, 99-ാം ചട്ടത്തിനോ കീഴിലെ അപേക്ഷയിൻമേലുള്ള ഒരു നടപടിയിലെ കക്ഷികൾ തമ്മിൽ ഉത്ഭവിക്കുന്നതും, ആ അപേക്ഷയുടെ ന്യായനിർണ്ണയത്തിന് പ്രസക്തമായതുമായ എല്ലാ പ്രശ്നങ്ങളും (വസ്തുവിലുള്ള അവകാശമോ, ഉടമാവകാശമോ അവകാശബന്ധമോ സംബന്ധിച്ച പ്രശ്നങ്ങൾ ഉൾപ്പെടെ) അപേക്ഷ കൈകാര്യം ചെയ്യുന്ന കോടതിയാൽ തീർപ്പാക്കപ്പെടേണ്ടതും, പ്രത്യേക വ്യവഹാരംവഴി തീർപ്പാക്കപ്പെടാൻ പാടില്ലാത്തതും, ഈ ആവശ്യത്തിലേക്ക്, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ കോടതിക്ക് അങ്ങനെയുള്ള പ്രശ്നങ്ങൾ തീരുമാനിക്കാൻ അധികാരിതയുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

102. വ്യവഹാരം നിലവിലിരിക്കുമ്പോൾ കൈമാററം വാങ്ങുന്ന ആൾക്ക് ചട്ടങ്ങൾ ബാധകമല്ലെന്ന് —98-ം, 100-ം ചട്ടങ്ങളിലെ യാതൊന്നും, ആർക്കാണോ വിധി പാസ്സാക്കപ്പെട്ട വ്യവഹാരം ആരംഭിച്ചതിനുശേഷം വിധിക്കടക്കാരൻ വസ്തു കൈമാററം ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഒരാളാൽ സ്ഥാവര വസ്തുവിന്റെ കൈവശത്തിനുള്ള ഒരു വിധിയുടെ നടത്തലിൽ, ഉണ്ടാകുന്ന ചെറുപ്പിനോ തടസ്സപ്പെടുത്തലിനോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആളെ കൈവശത്തിൽനിന്നു നീക്കം ചെയ്യുന്നതിനോ ബാധകമായിരിക്കുന്നതല്ല.

വിശദീകരണം.—ഈ ചട്ടത്തിൽ "കൈമാററ"ത്തിൽ, നിയമത്തിന്റെ പ്രവർത്തനം വഴിയുള്ള കൈമാററം ഉൾപ്പെടുന്നതാകുന്നു.

103. ഉത്തരവുകൾ വിധികളായി കണക്കാക്കപ്പെടണമെന്ന്.—ഏതെങ്കിലും അപേക്ഷ, 98-ാം ചട്ടത്തിനോ 100-ാം ചട്ടത്തിനോ കീഴിൽ ന്യായനിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അതിൻമേൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്, അത്, ഒരു

വിധി ആയിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യം ഉണ്ടായിരിക്കുന്നതും; അപ്പീൽ സംബന്ധിച്ചോ മററു വിധത്തിലോ അതു അതേ ഉപാധികൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

104. 101-ാം ചട്ടത്തിനോ 103-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ്, നിലവിലുള്ള വ്യവഹാരത്തിൻെറ ഫലത്തിന് വിധേയമായിരിക്കുമെന്ന്.—101-ാം ചട്ടത്തിനോ 103-ാം ചട്ടത്തിനോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും, ഏതു കക്ഷിക്ക് എതിരായാണോ 101-ാം ചട്ടത്തിനോ 103-ാംചട്ടത്തിനോ കീഴിലെ ഉത്തരവു പുറപ്പെടുവിക്കുന്നത്, ആ കക്ഷി, ഏതു നടപടിയിലാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്, ആ നടപടി ആരംഭിച്ച തീയതി നിലവിലുള്ള ഏതെങ്കിലും വ്യവഹാരത്തിൽ വസ്തുവിൻെറ തത്സമയത്തെ കൈവശത്തിനു താൻ അവകാശപ്പെടുന്ന അവകാശം സ്ഥാപിക്കാൻ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള വ്യവഹാരത്തിൻെറ ഫലത്തിനു വിധേയമായിരിക്കുന്നതാണ്.

105. അപേക്ഷയുടെ ഹീയറിങ്ങ്.—(1) ഏതു കോടതിയുടെ മുമ്പിലാണോ ഈ ആർഡറിലെ മുൻപറഞ്ഞ ചട്ടങ്ങളിൽ ഏതിനെങ്കിലും കീഴിലെ ഒരപേക്ഷ നിലവിലുള്ളത്, ആ കോടതിക്ക്, ആ അപേക്ഷയുടെ ഹീയറിങ്ങിനു ഒരു ദിവസം നിജപ്പെടുത്താവുന്നതാണ്.

(2) നിജപ്പെടുത്തിയിട്ടുള്ള ദിവസമോ, അല്ലെങ്കിൽ ഹീയറിങ്ങ് നീട്ടിവയ്ക്കുന്ന മറേറതെങ്കിലും ദിവസമോ ഹീയറിങ്ങിനു കേസ്സ് വിളിക്കുമ്പോൾ, അപേക്ഷകൻ ഹാജരാകാതിരിക്കുന്നിടത്ത്, കോടതിക്ക്, അപേക്ഷ തള്ളിക്കളഞ്ഞതായി ഉത്തരവു ചെയ്യാവുന്നതാകുന്നു.

(3) അപേക്ഷകൻ ഹാജരാവുകയും, ഏതു എതിർകക്ഷിക്കാണോ കോടതി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ എതിരകക്ഷി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക് അപേക്ഷ എക്സ് പാർട്ടിയായി കേൾക്കാവുന്നതും, യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കാവുന്നതും ആണ്.

വിശദീകരണം:—(1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന അപേക്ഷയിൽ, 58-ാം ചട്ടത്തിൻകീഴിൽ ഉന്നയിക്കുന്ന അവകാശവാദമോ ആക്ഷേപമോ ഉൾപ്പെടുന്നതാകുന്നു.

106. എക്സ് പാർട്ടിയായി പാസ്സാക്കുന്ന ഉത്തരവുകൾ ദുർബ്ബലപ്പെടുത്തുന്നതും മററും.—(1) ഏത് അപേക്ഷകന് എതിരായാണോ 105-ാം ചട്ടം (2)-ാം ഉപചട്ടത്തിൻകീഴിൽ ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്, ആ അപേക്ഷകനോ, അല്ലെങ്കിൽ ഏത് എതിർകക്ഷിക്കെതിരായാണോ ആ ചട്ടം 3-ാം ഉപചട്ടത്തിൻകീഴിലോ 23-ാം ചട്ടം (1)-ാം ഉപചട്ടത്തിൻകീഴിലോ, എക്സ് പാർട്ടിയായി ഉത്തരവു പാസ്സാക്കിയിട്ടുള്ളത്, അങ്ങനെയുള്ള എതിർകക്ഷിക്കോ, ആ ഉത്തരവു ദുരബ്ബലപ്പെടുത്താൻ കോടതിയോട് അപേക്ഷിക്കാവുന്നതും, അപേക്ഷ ഹീയറിങ്ങിന് വിളിച്ചപ്പോൾ താൻ ഹാജരാകാതിരുന്നതിന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, കോടതി കോടതിച്ചെലവ് സംബന്ധിച്ചോ മററു വിധത്തിലോ ഉള്ള, യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ ഉത്തരവ് ദുർബ്ബലപ്പെടുത്തേണ്ടതും അപേക്ഷയുടെ കൂടുതൽ ഹീയറിങ്ങിന് ദിവസം നിശ്ചയിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപചട്ടത്തിൻ കീഴിലെ അപേക്ഷയിൻമേൽ യാതൊരുത്തരവും ആ അപേക്ഷയെക്കുറിച്ച് മറേറ കക്ഷിക്ക് നോട്ടീസ് നടത്തിയിട്ടില്ലാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപചട്ടത്തിൻകീഴിലെ അപേക്ഷ, ഉത്തരവിൻെറ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിലോ, അല്ലെങ്കിൽ എക്സ് പാർട്ടി ഉത്തരവിൻെറ

സംഗതിയിൽ, നോട്ടീസ് മുറപ്രകാരം നടത്താത്തിടത്ത്, അപേക്ഷകന് ഉത്തരവിനെക്കുറിച്ച് അറിവ് കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിലോ, കൊടുക്കേണ്ടതാകുന്നു.

## ആർഡർ XXII

## കക്ഷികളുടെ മരണവും വിവാഹവും നിർദ്ധനത്വവും

1. വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുന്നുവെങ്കിൽ കക്ഷിയുടെ മരണത്താൽ ഉപശമനമില്ലെന്ന്.—വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുന്നുവെങ്കിൽ വാദിയുടേയോ പ്രതിയുടേയോ മരണം, വ്യവഹാരം ഉപശമിപ്പിക്കുന്നതല്ല,

2. പല വാദികളിലോ പല പ്രതികളിലോ ഒരാൾ മരിക്കുകയും, വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുകയും ചെയ്യുന്നിടത്തുള്ള നടപടിക്രമം.—ഒന്നിലധികം വാദികളോ പ്രതികളോ ഉണ്ടായിരിക്കുകയും, അവരിൽ ആരെങ്കിലും മരിക്കുകയും, വ്യവഹാരപ്പെടാനുള്ള അവകാശം, അതിജീവിക്കുന്ന വാദിക്കോ വാദികൾക്കോ മാത്രമായോ, അല്ലെങ്കിൽ അതിജീവിക്കുന്ന പ്രതിക്കോ പ്രതികൾക്കോ എതിരായി മാത്രമായോ അതിജീവിക്കുകയും ചെയ്യുന്നിടത്ത്, കോടതി റിക്കാർഡിൽ, ആ അർത്ഥത്തിലുള്ള ഒരു കുറിപ്പു ചേർക്കേണ്ടതും, വ്യവഹാരം അതിജീവിക്കുന്ന വാദിയുടേയോ വാദികളുടേയോ അർത്ഥനയിൻമേലോ, അതിജീവിക്കുന്ന പ്രതിക്കോ പ്രതികൾക്കോ എതിരായോ തുടരേണ്ടതും ആകുന്നു.

3. പല വാദികളിൽ ഒരാളുടേയോ അല്ലെങ്കിൽ ഒരേ ഒരു വാദിയുടേയോ മരണത്തിന്റെ സംഗതിയിലെ നടപടിക്രമം.—(1) രണ്ടോ അതിലധികമോ വാദികളിൽ ഒരാൾ മരിക്കുകയും, വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുന്ന വാദിക്കോ വാദികൾക്കോ മാത്രമായി അതിജീവിക്കാതിരിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ ഒരേയൊരു വാദിയോ ഒരേയൊരു അതിജീവിക്കുന്ന വാദിയോ മരിക്കുകയും, വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുകയും ചെയ്യുകയോ ചെയ്യുന്നിടത്ത്, അതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, കോടതി, മരിച്ചുപോയ വാദിയുടെ നിയമാനുസൃത പ്രതിനിധിയെ കക്ഷിയാക്കിക്കേണ്ടതും, വ്യവഹാരം തുടരേണ്ടതുമാകുന്നു.

(2) നിയമം ക്ലിപ്തപ്പെടുത്തുന്ന സമയത്തിനുള്ളിൽ (1)-ാം ഉപചട്ടത്തിൻകീഴിൽ യാതൊരു അപേക്ഷയും കൊടുക്കാതിരിക്കുന്നിടത്ത്, വ്യവഹാരം, മരിച്ചുപോയ വാദിയെ സംബന്ധിച്ചിടത്തോളം ഉപശമിക്കുന്നതും, കോടതിക്ക്, പ്രതിയുടെ അപേക്ഷയിൻമേൽ, അയാൾക്ക് വ്യവഹാരം പ്രതിവാദം ചെയ്യുന്നതിൽ നേരിട്ടുണ്ടായിരിക്കാവുന്ന കോടതിച്ചെലവ്, മരിച്ചുപോയ വാദിയുടെ എസ്റേറററിൽനിന്ന് വസൂലാക്കേണ്ടതായി അവാർഡ് ചെയ്യാവുന്നതുമാകുന്നു.

4. പല പ്രതികളിൽ ഒരാളുടേയോ അല്ലെങ്കിൽ ഒരേയൊരു പ്രതിയുടേയോ മരണത്തിന്റെ സംഗതിയിലെ നടപടിക്രമം.—(1) രണ്ടോ അതിലധികമോ പ്രതികളിൽ ഒരാൾ മരിക്കുകയും, വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുന്ന പ്രതിക്കോ പ്രതികൾക്കോ എതിരായി മാത്രമായി അതിജീവിക്കാതിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ ഒരേയൊരു പ്രതിയോ, ഒരേയൊരു അതിജീവിക്കുന്ന പ്രതിയോ മരിക്കുകയും വ്യവഹാരപ്പെടാനുള്ള അവകാശം അതിജീവിക്കുകയും ചെയ്യുകയോ ചെയ്യുന്നിടത്ത്, അതിലേക്കു കൊടുക്കുന്ന അപേക്ഷയിൻമേൽ, കോടതി, മരിച്ചുപോയ പ്രതിയുടെ നിയമാനുസൃതപ്രതിനിധിയെ കക്ഷിയാക്കിക്കേണ്ടതും വ്യവഹാരം തുടരേണ്ടതും ആകുന്നു.

(2) അപ്രകാരം കക്ഷിയാക്കപ്പെടുന്ന ഏതൊരാൾക്കും, മരിച്ചുപോയ പ്രതിയുടെ നിയമാനുസൃതപ്രതിനിധി എന്ന തന്റെ നിലയ്ക്കു അനുയോജ്യമായ ഏതു പ്രതിവാദവും ചെയ്യാവുന്നതാണ്.

(3) നിയമം ക്ലിപ്തപ്പെടുത്തുന്ന സമയത്തിനുള്ളിൽ (1)-ാം ഉപചട്ടത്തിൻകീഴിൽ യാതൊരപേക്ഷയും കൊടുക്കാതിരിക്കുന്നിടത്ത്, വ്യവഹാരം മരിച്ചുപോയ പ്രതിക്ക് എതിരായിടത്തോളം ഉപശമിക്കുന്നതാകുന്നു.

(4) യുക്തമെന്നു തോന്നുമ്പോഴെല്ലാം കോടതിക്ക് പത്രിക ഫയൽ ചെയ്യാതിരുന്നിട്ടുള്ളതോ, അല്ലെങ്കിൽ പത്രിക ഫയൽ ചെയ്തിരിക്കെ ഹീയറിങ്ങിൽ ഹാജരാകുകയും എതിർക്കുകയും ചെയ്യാതിരുന്നിട്ടുള്ളതോ ആയ, അങ്ങനെയുള്ള ഏതെങ്കിലും പ്രതിയുടെ നിയമാനുസൃത പ്രതിനിധികളെ പകരം ചേർക്കേണ്ട ആവശ്യകതയിൽനിന്നു വാദിയെ ഒഴിവാക്കാവുന്നതാണ്; അങ്ങനെയുള്ള സംഗതിയിൽ വിധിന്യായം ആ പ്രതിക്ക് എതിരായി അങ്ങനെയുള്ള പ്രതി മരിച്ചുപോയെന്നിരുന്നാലും, പ്രസ്താവിക്കാവുന്നതും, അതിനു മരണം സംഭവിക്കുന്നതിനുമുമ്പ് അതു പ്രസ്താവിച്ചിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

(5) (ക) ഒരു പ്രതിയുടെ മരണത്തെക്കുറിച്ച് വാദി അജ്ഞാതനായിരുന്നിരിക്കുകയും, ആ കാരണത്താൽ അയാൾക്ക്, ഈ ചട്ടത്തിൻകീഴിൽ കാലഹരണ ആക്റ്റ്, 1963 (1963-ലെ 36) ൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ പ്രതിയുടെ നിയമാനുസൃത പ്രതിനിധിയെ പകരം ചേർക്കാനുള്ള അപേക്ഷ കൊടുക്കാൻ കഴിയാതിരുന്നിരിക്കുകയും തത്ഫലമായി വ്യവഹാരം ഉപശമിച്ചിരിക്കുകയും ;

(ഖ) കാലഹരണ ആക്റ്റ്, 1963 (1963-ലെ 36) ൽ, അതിലേക്കു വിനിർദ്ദേശിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതിനുശേഷം, ഉപശമനം ദുർബ്ബലപ്പെടുത്താനും കൂടാതെ അങ്ങനെയുള്ള അജ്ഞത കാരണമായി ആ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ അപേക്ഷ കൊടുക്കാതിരിക്കാൻ തനിക്കു മതിയായ കാരണമുണ്ടായിരുന്നു എന്ന കാരണത്തിൻമേൽ മുൻപറഞ്ഞ ആക്റ്റ്, 5-ാം വകുപ്പിൻകീഴിൽ അപേക്ഷ സ്വീകരിക്കാനും വാദി അപേക്ഷിക്കുകയും,

ചെയ്യുന്നിടത്ത്, മുൻപറഞ്ഞ 5-ാം വകുപ്പിൻകീഴിൽ അപേക്ഷ പരിഗണിക്കുന്നതിൽ, കോടതി, അങ്ങനെയുള്ള അജ്ഞതയുടെ വസ്തുതയ്ക്ക്, അത് തെളിയിക്കപ്പെടുന്നുവെങ്കിൽ, യഥാർത്ഥമായ പരിഗണന നല്കേണ്ടതാകുന്നു.

4ക. <u>നിയമാനുസൃത പ്രതിനിധി ഇല്ലാത്തിടത്തുള്ള നടപടിക്രമം.</u>—(1) ഏതെങ്കിലും വ്യവഹാരത്തിൽ, അതു നിലവിലിരിക്കുമ്പോൾ മരിച്ചുപോയിട്ടുള്ള ഏതെങ്കിലും കക്ഷിക്ക്, യാതൊരു നിയമാനുസൃത പ്രതിനിധിയും ഇല്ലെന്ന് കാണപ്പെടുന്നുവെങ്കിൽ, കോടതിക്ക്, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, മരിച്ചുപോയ ആളുടെ എസ്റ്റേറ്റിനെ പ്രതിനിധാനം ചെയ്യുന്ന ഒരാളുടെ അഭാവത്തിൽ നടപടി തുടരുകയോ, അല്ലെങ്കിൽ വ്യവഹാരത്തിന്റെ ആവശ്യത്തിലേക്ക് മരിച്ചുപോയ ആളുടെ എസ്റ്റേറ്റിനെ പ്രതിനിധാനം ചെയ്യാൻ അഡ്മിനിസ്ട്രേറ്റർ ജനറലിനേയോ, കോടതിയുടെ ഒരു ഉദ്യോഗസ്ഥനേയോ, യുക്തമെന്നു തോന്നുന്ന മററു ആളെയോ ഉത്തരവുവഴി നിയമിക്കുകയോ ചെയ്യാവുന്നതും ; വ്യവഹാരത്തിൽ പിന്നീട് നല്കുന്നതോ, പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും വിധിന്യായമോ ഉത്തരവോ, മരിച്ചുപോയ ആളുടെ എസ്റ്റേററിനെ മരിച്ചുപോയ ആൾ, അയാളുടെ ഒരു സ്വന്തം പ്രതിനിധി വ്യവഹാരത്തിലെ ഒരു കക്ഷി ആയിരുന്നാൽ എത്രത്തോളം ബന്ധിക്കപ്പെടുമായിരുന്നുവോ, അത്രത്തോളം ബന്ധിക്കുന്നതുമാകുന്നു.

(2) ഈ ചട്ടത്തിൻകീഴിൽ ഉത്തരവു പുറപ്പെടുവിക്കുന്നതിനുമുമ്പ്, കോടതിക്ക്—

(ക) മരിച്ചുപോയ ആളുടെ എസ്റ്റേററിൽ താത്പര്യമുള്ളവരായി യുക്തമെന്നു തോന്നുന്ന ആളുകൾക്ക് (വല്ലവരുമുണ്ടെങ്കിൽ) ഉത്തരവിനുള്ള അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് കൊടുക്കണമെന്നു ആവശ്യപ്പെടാവുന്നതും ;

(ഖ) കോടതി, മരിച്ചുപോയ ആളുടെ എസ്റ്റേററിനെ പ്രതിനിധാനം ചെയ്യാൻ നിയമിക്കപ്പെടുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആൾക്ക്, അപ്രകാരം നിയമിക്കപ്പെടുന്നതു സമ്മതമാണെന്നും, അയാൾക്ക് മരിച്ചുപോയ ആൾക്ക് എതിരായി യാതൊരു താത്പര്യവും ഇല്ലെന്നും തിട്ടപ്പെടുത്തേണ്ടതും ;
ആകുന്നു:

5. <u>നിയമാനുസൃത പ്രതിനിധിയെക്കുറിച്ചുള്ള പ്രശ്നത്തിന്റെ തീർപ്പ്.</u>— എതെങ്കിലും ആൾ, മരിച്ചുപോയ ഒരു വാദിയുടേയോ മരിച്ചുപോയ ഒരു പ്രതിയുടേയോ നിയമാനുസൃത പ്രതിനിധി ആണോ അല്ലയോ എന്ന പ്രശ്നം ഉദ്ഭവിക്കുന്നിടത്ത്, കോടതി അങ്ങനെയുള്ള പ്രശ്നം തീർപ്പാക്കേണ്ടതാകുന്നു.

എന്നാൽ, അങ്ങനെയുള്ള പ്രശ്നം അപ്പീൽ കോടതി മുമ്പാകെ ഉത്ഭവിക്കുന്നിടത്ത്, ആ കോടതിക്ക്, പ്രശ്നം തീർപ്പാക്കുന്നതിനുമുൻപ് എതെങ്കിലും കീഴ്കോടതിയോട് ആ പ്രശ്നം വിചാരണ ചെയ്യാനും, റിക്കാർഡുകൾ, അങ്ങനെയുള്ള വിചാരണയിൽ റിക്കാർഡാക്കുന്ന തെളിവു വല്ലതുമുണ്ടെങ്കിൽ, അതും, കോടതിയുടെ തീർപ്പുകളും, അവയ്ക്കുള്ള കാരണങ്ങളും സഹിതം, മടക്കാനും നിദേശിക്കാവുന്നതും, അപ്പീൽ കോടതിക്ക്, അവ ആ പ്രശ്നം തീർപ്പാക്കുന്നതിന് പരിഗണിക്കാവുന്നതും ആകുന്നു.

6. <u>ഹീയറിങ്ങിനുശേഷമുള്ള മരണം കാരണമായി ഉപശമനമില്ലെന്ന്.</u>— മുൻപറഞ്ഞ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവഹാരകാരണം അതിജീവിക്കുന്നുവെങ്കിലും ഇല്ലെങ്കിലും ഹിയറിങ്ങിന്റെ സമാപനത്തിനും വിധിന്യായം പ്രസ്താവിക്കുന്നതിനു ഇടയിലുള്ള ഇരു കക്ഷികളിൽ ആരുടേയെങ്കിലും മരണം കാരണമായി, യാതൊരു ഉപശമനവും ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ, വിധിന്യായം, മരണം ഉണ്ടായി എന്നിരുന്നാലും പ്രസ്താവിക്കാവുന്നതും. അതിനു മരണം സംഭവിക്കുന്നതിമുമ്പ്, അത് പ്രസ്താവിച്ചിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

7. <u>പെൺകക്ഷിയുടെ വിവാഹത്താൽ വ്യവഹാരം ഉപശമിക്കുന്നതല്ലെന്ന്.</u>— (1) ഒരു പെൺവാദിയുടേയോ പെൺപ്രതിയുടേയോ വിവാഹം വ്യവഹാരം ഉപശമിപ്പിക്കുന്നതല്ലാത്തതും, എന്നാൽ അങ്ങനെ ആയിരുന്നാലും, വ്യവഹാരം വിധിന്യായംവരെ തുടരാവുന്നതും, വിധി, ഒരു പെൺപ്രതിക്ക് എതിരായതായിരിക്കുന്നിടത്ത്, അത് അവൾക്ക് എതിരായി മാത്രം നടത്താവുന്നതുമാണ്.

(2) ഭർത്താവ് നിയമപ്രകാരം, തന്റെ ഭാര്യയുടെ കടങ്ങൾക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നിടത്ത്, വിധി, കോടതിയുടെ അനുവാദത്തോടുകൂടി ഭർത്താവിനെതിരായി കൂടി നടത്താവുന്നതും ഭാര്യയുടെ പേർക്കുള്ള വിധിന്യായത്തിന്റെ സംഗതിയിൽ, വിധിയുടെ നടത്തൽ, ഭർത്താവിന് നിയമപ്രകാരം വിധിയുടെ വിഷയകത്തിന് അവകാശമുള്ളിടത്ത്, അങ്ങനെയുള്ള അനുവാദത്തോടുകൂടി, ഭർത്താവിന്റെ അപേക്ഷയിൻമേൽ പുറപ്പെടുവിക്കാവുന്നതുമാണ്.

8. (1) വാദിയുടെ നിർദ്ധനത്വം വ്യവഹാരത്തിനു തടസ്സമാകുന്നത് എപ്പോഴെന്ന്.—ഏത് വ്യവഹാരമാണോ അതിലെ വാദിയുടെ ഉത്തമർണ്ണൻമാരുടെ ഗുണത്തിനായി തീറുകാരനോ റിസീവർക്കോ നിലനിറുത്താൻ കഴിയുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിലെ വാദിയുടെ നിർദ്ധനത്വം, അങ്ങനെയുള്ള തീറുകാരനോ റിസീവറോ വ്യവഹാരം തുടരാനോ അല്ലെങ്കിൽ (ഏതെങ്കിലും പ്രത്യേക കാരണത്താൽ കോടതി മററു വിധത്തിൽ നിദേശിക്കാത്തപക്ഷം) അതിന്റെ കോടതിച്ചെലവിന് കോടതി നിദേശിക്കുന്ന സമയത്തിനുള്ളിൽ, ജാമ്യം നൽകാനോ വിസമ്മതിക്കാത്ത പക്ഷം, വ്യവഹാരം ഉപശമിപ്പിക്കുന്നതല്ല.

(2) തീറുകാരൻ വ്യവഹാരം തുടരാതിരിക്കുകയോ ജാമ്യം നൽകാതിരിക്കുകയോ ചെയ്യുന്നതിൻമേലുള്ള നടപടിക്രമം.—തീറുകാരനോ റിസീവറോ വ്യവഹാരം തുടരാനും, അപ്രകാരം ഉത്തരവുചെയ്യപ്പെട്ട സമയത്തിനുള്ളിൽ ജാമ്യം നൽകാനും ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്നിടത്ത്, പ്രതിക്ക്, വാദിയുടെ നിർദ്ധനത്വത്തിന്റെ കാരണത്തിൻമേൽ വ്യവഹാരം തള്ളിക്കളയാൻ അപേക്ഷിക്കാവുന്നതും, കോടതിക്ക് വ്യവഹാരം തള്ളിക്കളയുന്നതും, അത് പ്രതിവാദം ചെയ്യുന്നതിൽ പ്രതിക്ക് നേരിട്ടിട്ടുള്ള കോടതിച്ചെലവ്, വാദിയുടെഎസ്റേറിമേററിനെതിരായുള്ള കടമെന്നപോലെ തെളിയിക്കപ്പെടേണ്ടതായി അവാർഡ് ചെയ്യുന്നതുമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

9. ഉപശമനത്തിന്റേയോ തള്ളിക്കളയലിന്റെയോ പ്രഭാവം.—(1) ഒരു വ്യവഹാരം ഈ ചട്ടത്തിൻകീഴിൽ ഉപശമിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നിടത്ത്, അതേ വ്യവഹാരകാരണത്തിൻമേൽ ഒരു പുതിയ വ്യവഹാരം കൊണ്ടുവരാൻ പാടുള്ളതല്ല.

(2) വാദിക്കോ, മരിച്ചുപോയ ഒരു വാദിയുടെ നിയമാനുസൃതപ്രതിനിധിയാണെന്നു അവകാശപ്പെടുന്ന ആരംക്കോ, നിർദ്ധനനായ വാദിയുടെ സംഗതിയിൽ തീറുകാരനോ റിസീവർക്കോ, ഉപശമനമോ തള്ളിക്കളയലോ ദുർബലപ്പെടുത്താനുള്ള ഉത്തരവിന് അപേക്ഷിക്കാവുന്നതും, വ്യവഹാരം തുടരുന്നതിൽ നിന്ന് അയാരം ഏതെങ്കിലും മതിയായ കാരണത്താൽ തടയപ്പെട്ടു എന്നു തെളിയിക്കുന്നുവെങ്കിൽ, കോടതി, കോടതിച്ചെലവ് സംബന്ധിച്ചോ മററുവിധത്തിലോ ഉള്ള യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേൽ ഉപശമനമോ തള്ളിക്കളയലോ ദുർബ്ബലപ്പെടുത്തേണ്ടതും ആകുന്നു.

(3) ഇൻഡ്യൻ കാലഹരണ ആക്ററ്, 1877-ലെ 5-ാം വകുപ്പിലെ വ്യവസ്ഥകരം, (2)-ാം ഉപചട്ടത്തിൻകീഴിലെ അപേക്ഷകരംക്ക് ബാധകമായിരിക്കുന്നതാണ്.

വിശദീകരണം.—ഈ ചട്ടത്തിലെ യാതൊന്നിനും, ഏതെങ്കിലും പിന്നീടുള്ള വ്യവഹാരത്താൽ ഈ ആർഡറിൻ കീഴിൽ ഉപശമിച്ചിട്ടുണ്ടായിരുന്നതോ തള്ളിക്കളയപ്പെട്ടിട്ടുണ്ടായിരുന്നതോ ആയ വ്യവഹാരത്തിലെ വ്യവഹാരകാരണമായിത്തീർന്നിട്ടുള്ള വസ്തുതകളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു പ്രതിവാദത്തിനു തടസ്സമുണ്ടാക്കുന്നതായി അർത്ഥം കൽപ്പിക്കാൻ പാടുള്ളതല്ല.

10. വ്യവഹാരത്തിലെ അവസാന ഉത്തരവിനുമുമ്പുള്ള തീറിന്റെ സംഗതികളിലെ നടപടിക്രമം.—(1) ഏതെങ്കിലും അവകാശത്തിന്റെ, ഒരു വ്യവഹാരം നിലവിലിരിക്കുമ്പോഴത്തെ തീറിന്റേയോ സൃഷ്ടിയുടേയോ സംക്രമത്തിന്റേയോ മററ് സംഗതികളിൽ, വ്യവഹാരം, ഏത് ആരംക്കോ ആളിലേയ്ക്കോ ആണോ അങ്ങനെയുള്ള അവകാശം വന്നുചേരുകയോ സംക്രമിക്കുകയോ ചെയ്തിട്ടുള്ളത്, ആ ആരംക്കോ ആരംക്ക് എതിരായോ, കോടതിയുടെ അനുമതിയോടുകൂടി, തുടരാവുന്നതാണ്.

(2) ഒരു വിധിയിൽനിന്നുള്ള അപ്പീൽ നിലവിലിരിക്കേയുള്ള അതിൻെറ ജപ്‌തി, അങ്ങനെയുള്ള ജപ്‌തി സമ്പാദിച്ച ആരാംക്ക്, (1)-ാം ഉപചട്ടത്തിൻെറ ഗുണത്തിന് അവകാശം നൽകുന്ന ഒരു അവകാശമായി കരുതപ്പെടുന്നതാകുന്നു.

10ക. കക്ഷിയുടെ മരണം, കോടതിയെ അറിയിക്കാൻ ഉള്ള പ്ലീഡറുടെ കർത്തവ്യം.—വ്യവഹാരത്തിലെ ഒരു കക്ഷിക്കുവേണ്ടി ഹാജരാകുന്ന പ്ലീഡർക്ക്, ആ കക്ഷിയുടെ മരണത്തെക്കുറിച്ചു അറിവു കിട്ടുന്ന ഏതു സമയത്തും, അയാരം കോടതിയെ അതിനെക്കുറിച്ച് അറിയിക്കേണ്ടതും, കോടതി അതോടെ മരണത്തെക്കുറിച്ച് മറേറ കക്ഷിക്ക് നോട്ടീസ് നൽകേണ്ടതും ഈ ആവശ്യത്തിലേക്ക് പ്ലീഡറും മരിച്ചുപോയ കക്ഷിയുമായുള്ള കാൺട്രാക്റ്റ് നിലവിലുള്ളതായി കരുതപ്പെടുന്നതുമാകുന്നു.

11. അപ്പീലുകരാംക്ക് ആർഡറിൻെറ ബാധകത.—ഈ ആർഡർ അപ്പീലുകരാംക്ക് ബാധകമാകുന്നതിൽ, ആകുന്നത്ര, 'വാദി' എന്ന വാക്കിൽ, അപ്പീൽ വാദിയും 'പ്രതി' എന്ന വാക്കിൽ അപ്പീൽ പ്രതിയും "വ്യവഹാരം" എന്ന വാക്കിൽ അപ്പീലും ഉരാംപ്പെടുന്നതായി മനസ്സിലാക്കപ്പെടുന്നതാകുന്നു.

12. നടപടികരാംക്ക് ആർഡറിൻെറ ബാധകത.—3-ം, 4-ം, 8-ം ചട്ടങ്ങളിലെ യാതൊന്നും ഒരു വിധിയുടേയോ, ഉത്തരവിൻേറയോ നടത്തലിലെ നടപടികരാംക്ക് ബാധകമായിരിക്കുന്നതല്ല;

## ആർഡർ XXIII

## വ്യവഹാരങ്ങരാം പിൻവലിക്കുന്നതും ഒത്തുതീരുന്നതും

1. വ്യവഹാരം പിൻവലിക്കുന്നതോ അവകാശവാദത്തിൻേറ ഭാഗം ഉപേക്ഷിക്കുന്നതോ.—(1) ഒരു വ്യവഹാരം ആരംഭിച്ചതിനുശേഷം ഏതു സമയത്തും, വാദിക്ക് എല്ലാപ്രതികരാംക്കുമോ അവരിൽ ആർക്കെങ്കിലുമോ എതിരായിടത്തോളം, തൻെറ വ്യവഹാരം ഉപേക്ഷിക്കുകയോ തൻെറ അവകാശവാദത്തിൻെറ ഒരു ഭാഗം ഉപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

എന്നാൽ, വാദി മൈനറോ ആർഡർ XXII, 1 മുതൽ 14 വരെ ചട്ടങ്ങളിൽ അടങ്ങുന്ന വ്യവസ്ഥകരാം വ്യാപിക്കുന്ന മററാളോ ആയിരിക്കുന്നിടത്ത്, വ്യവഹാരമോ, അവകാശവാദത്തിൻെറ ഏതെങ്കിലും ഭാഗമോ, കോടതിയുടെ അനുമതി കൂടാതെ ഉപേക്ഷിക്കാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പിലെ പരിമിതിവ്യവസ്ഥയ്ക്കു കീഴിലെ അനുമതിക്കുള്ള അപേക്ഷയോടൊപ്പം, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉപേക്ഷിക്കൽ, തൻെറ അഭിപ്രായത്തിൽ മൈനറുടേയോ, അങ്ങനെയുള്ള മററു ആളുടേയോ ഗുണത്തിനാണെന്ന അർത്ഥത്തിലുള്ള ഉററബന്ധുവിൻെറ ഒരു സത്യവാങ്മൂലവും, മൈനറോ അങ്ങനെയുള്ള മററാളോ പ്ലീഡറാൽ പ്രതിനിധാനം ചെയ്യപ്പെടുന്നുവെങ്കിൽ പ്ലീഡറുടെ ഒരു സർട്ടിഫിക്കററ് കൂടിയും ഉണ്ടായിരിക്കേണ്ടതാകുന്നു.

(3) കോടതിക്ക്,—

(ക) വല്ല പ്രരൂപിക ന്യൂനതയും കാരണമായി, ഒരു വ്യവഹാരം പരാജയപ്പെടുമെന്നോ, അല്ലെങ്കിൽ

(ഖ) ഒരു വ്യവഹാരത്തിൻെറ വിഷയകത്തിനോ ഒരു അവകാശവാദത്തിൻെറ ഭാഗത്തിനോ ഒരു പുതിയ വ്യവഹാരം ആരംഭിക്കാൻ വാദിയെ അനുവദിക്കുന്നതിനു മതിയായ കാരണങ്ങരാം ഉണ്ടെന്നോ;

ബോദ്ധ്യമാകുന്നിടത്ത്, കോടതിക്കു, അങ്ങനെയുള്ള വ്യവഹാരത്തിലെ വിഷയകമോ അല്ലെങ്കിൽ അവകാശവാദത്തിന്റെ അങ്ങനെയുള്ള ഭാഗമോ സംബന്ധിച്ച് ഒരു പുതിയ വ്യവഹാരം ആരംഭിക്കാനുള്ള സ്വാതന്ത്ര്യത്തോടുകൂടി, അങ്ങനെയുള്ള വ്യവഹാരത്തിൽനിന്നോ അവകാശവാദത്തിന്റെ അങ്ങനെയുള്ള ഭാഗത്തിൽനിന്നോ പിൻവാങ്ങാൻ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ, വാദിക്ക് അനുവാദം നൽകാവുന്നതാണ്.

(4) വാദി,—

(ക) (1)-ാം ഉപചട്ടത്തിൻകീഴിൽ ഏതെങ്കിലും വ്യവഹാരമോ അവകാശവാദത്തിന്റെ ഭാഗമോ ഉപേക്ഷിക്കുകയോ, അല്ലെങ്കിൽ

(ഖ) (3)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന അനുവാദംകൂടാതെ ഒരു വ്യവഹാരത്തിൽനിന്നോ അവകാശവാദത്തിന്റെ ഒരു ഭാഗത്തിൽനിന്നോ പിൻവാങ്ങുകയോ,

ചെയ്യുന്നിടത്ത്, അയാൾ കോടതി അവാർഡ് ചെയ്യുന്ന കോടതിച്ചെലവിന് ബാദ്ധ്യസ്ഥനായിരിക്കുന്നതും, അങ്ങനെയുള്ള വിഷയകമോ, അവകാശവാദത്തിന്റെ അങ്ങനെയുള്ള ഭാഗമോ സംബന്ധിച്ച് ഏതെങ്കിലും പുതിയ വ്യവഹാരം ആരംഭിക്കുന്നതിൽനിന്ന് തടയപ്പെട്ടിരിക്കുന്നതുമാകുന്നു.

(5) ഈ ചട്ടത്തിലെ യാതൊന്നും, പല വാദികളിൽ ഒരാളെ, മററു വാദികളുടെ സമ്മതംകൂടാതെ, (1)-ാം ഉപചട്ടത്തിൻകീഴിൽ ഒരു വ്യവഹാരമോ, അവകാശത്തിന്റെ ഭാഗമോ ഉപേക്ഷിക്കാനോ, അല്ലെങ്കിൽ (3)-ാം ഉപചട്ടത്തിൻകീഴിൽ ഏതെങ്കിലും വ്യവഹാരമോ അവകാശവാദത്തിന്റെ ഭാഗമോ പിൻവലിക്കാനോ, അനുവദിക്കുന്നതിന് കോടതിയെ പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ല.

1ക. പ്രതികളെ വാദികളായി സ്ഥാനംമാറിച്ചേർക്കാൻ അനുവദിക്കാവുന്നത് എപ്പോഴെന്ന്.—1-ാം ചട്ടത്തിൻകീഴിൽ ഒരു വാദി, വ്യവഹാരം പിൻവലിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയും, ഒരു പ്രതി, തന്നെ ഒരു വാദിയായി സ്ഥാനം മാറിച്ചേർക്കാൻ ആർഡർ I, 10-ാം ചട്ടത്തിൻകീഴിൽ അപേക്ഷിക്കുകയും ചെയ്യുന്നടത്ത്, അങ്ങനെയുള്ള അപേക്ഷ പരിഗണിക്കുന്നതിൽ, കോടതി അപേക്ഷകന് മററ് പ്രതികളിൽ ആർക്കെങ്കിലും എതിരായി തീരുമാനിക്കപ്പെടേണ്ട സാരവത്തായ പ്രശ്നം ഉണ്ടോ എന്ന പ്രശ്നത്തിനു യഥാർഹ പരിഗണന നൽകേണ്ടതാകുന്നു.

2. കാലഹരണ നിയമത്തെ ഒന്നാമത്തെ വ്യവഹാരം ബാധിക്കുകയില്ലെന്ന്.—ഇതിനുമുമ്പുള്ള ചട്ടത്തിൻകീഴിൽ, നൽകിയിട്ടുള്ള അനുവാദത്തിന്മേൽ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും പുതിയ വ്യവഹാരത്തിൽ, കാലഹരണ നിയമം ഒന്നാമത്തെ വ്യവഹാരം ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ രീതിയിൽ ബന്ധിക്കുന്നതാകുന്നു.

3. വ്യവഹാരത്തിന്റെ രാജി.—ഒരു വ്യവഹാരം ലിഖിതവും കക്ഷികളൊപ്പിട്ടതുമായ നിയമാനുസൃതമായ ഏതെങ്കിലും കരാറോ രാജിയോ വഴി പൂർണ്ണമായോ ഭാഗികമായോ, ഒത്തുതീർന്നിട്ടുണ്ടെന്ന് കോടതിക്കു ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നിടത്തോ, അല്ലെങ്കിൽ വ്യവഹാരത്തിലെ വിഷയകം മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് പ്രതി വാദിയുമായി കാര്യം തീർക്കുന്നിടത്തോ, കോടതി അങ്ങനെയുള്ള കരാറോ, രാജിയോ കാര്യം തീർപ്പോ റിക്കാർഡാക്കാൻ ഉത്തരവു ചെയ്യേണ്ടതും, അതനുസരിച്ച്, അതു വ്യവഹാരത്തിലെ കക്ഷികളെ സംബന്ധിക്കുന്നിടത്തോളം, കരാറിന്റെയോ രാജിയുടേയോ കാര്യം തീർപ്പിന്റെയോ വിഷയകം വ്യവഹാരത്തിലെ അതേ വിഷയകം ആണെങ്കിലും അല്ലെങ്കിലും, വിധി പാസ്സാക്കേണ്ടതുമാണ്:

എന്നാൽ, ഒരു ഒത്തുതീർപ്പിലോ കരാറിലോ എത്തിയിട്ടുണ്ടെന്ന് ഒരു കക്ഷി ആവശ്യപ്പെടുകയും, മറേറക്കക്ഷി നിഷേധിക്കുകയും ചെയ്യുന്നിടത്ത്, കോടതി ആ പ്രശ്നം തീരുമാനിക്കേണ്ടതും, എന്നാൽ, ആ പ്രശ്നം തീരുമാനിക്കുന്ന ആവശ്യത്തിലേയ്ക്ക് യാതൊരു നീട്ടിവയ്ക്കലും റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്കു, അങ്ങനെയുള്ള നീട്ടിവയ്ക്കൽ അനുവദിക്കുന്നത് യുക്തമാണെന്ന് തോന്നാത്ത പക്ഷം, അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

വിശദീകരണം.—ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1372(1372-ലെ 9)-ന് കീഴിൽ ശൂന്യമോ ശൂന്യമാക്കാവുന്നതോ ആയ ഒരു കരാറോ രാജിയോ ഈ ചട്ടത്തിന്റെ അർത്ഥത്തിൽ നിയമാനുസൃതമായി കരുതപ്പെടുന്നതല്ല.

3ക. വ്യവഹാര തടസ്സം.—ഒരു വിധിയുടെ അടിസ്ഥാനമായിരിക്കുന്ന രാജി നിയമാനുസൃതമല്ലെന്നുള്ള കാരണത്തിൻമേൽ ആ വിധി ദുർബ്ബലപ്പെടുത്താനുള്ള യാതൊരു വ്യവഹാരവും നിലനിൽക്കുന്നതല്ല.

3ഖ. കോടതിയുടെ അനുമതി കൂടാതെ പ്രാതിനിദ്ധ്യ സ്വഭാവമുള്ള ഒരു വ്യവഹാരത്തിൽ കരാറിലോ രാജിയിലോ ഏർപ്പെടാൻ പാടില്ലെന്ന്.—(1) പ്രാതിനിദ്ധ്യസ്വഭാവമുള്ള ഒരു വ്യവഹാരത്തിൽ നടപടികളിൽ പ്രകടമായി റിക്കാർഡാക്കപ്പെടുന്ന കോടതിയുടെ അനുമതി കൂടാതെ യാതൊരു കരാറിലും, അല്ലെങ്കിൽ രാജിയിലും, ഏർപ്പെടാൻ പാടില്ലാത്തതും; അപ്രകാരം റിക്കാർഡാക്കപ്പെടുന്ന കോടതിയുടെ അനുമതി കൂടാതെ ഏർപ്പെടുന്ന ഏതെങ്കിലും കരാറോ രാജിയോ ശൂന്യമായിരിക്കുന്നതും ആകുന്നു.

(2) അങ്ങനെയുള്ള അനുമതി നൽകുന്നതിനുമുൻപ്, കോടതി, വ്യവഹാരത്തിൽ താത്പര്യമുള്ളവരായി കാണപ്പെടുന്ന ആളുകൾക്ക്, യുക്തമെന്നു തോന്നുന്ന രീതിയിൽ നോട്ടീസ് നൽകേണ്ടതാകുന്നു.

വിശദീകരണം.—ഈ ചട്ടത്തിൽ 'പ്രാതിനിദ്ധ്യസ്വഭാവമുള്ള വ്യവഹാര'ത്തിന് താഴെപറയുന്ന അർത്ഥമുണ്ടായിരിക്കുന്നതാകുന്നു;—

(ക) 91-ാം വകുപ്പിനോ 92-ാം വകുപ്പിനോ കീഴിലെ ഒരു വ്യവഹാരം;

(ഖ) ആർഡർ 1-ാം 8-ാം ചട്ടത്തിൻ കീഴിലെ ഒരു വ്യവഹാരം;

(ഗ) ഒരു അവിഭക്ത ഹിന്ദുകുടുംബത്തിലെ മററു അംഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന നിലയിൽ, ആ കുടുംബത്തിലെ മാനേജരോ മാനേജർക്കെതിരായോ വ്യവഹാരപ്പെടുന്ന ഒരു വ്യവഹാരം;

(ഘ) ഏത് വ്യവഹാരത്തിൽ പാസ്സാക്കിയിട്ടുള്ള വിധിയാണോ, ഈ നിയമസംഹിതയിലേയോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകളുടെ ബലത്തിൽ ആ വ്യവഹാരത്തിൽ കക്ഷിയായി പേർ പറയപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ആളെ ബന്ധിക്കുന്നത്, അങ്ങനെയുള്ള മറേറതെങ്കിലും വ്യവഹാരം,

4. വിധികളുടെ നടത്തലിലെ നടപടികളെ ബാധിക്കുകയില്ലെന്ന്.—ഈ ആർഡറിലെ യാതൊന്നും, ഒരു വിധിയുടേയോ ഉത്തരവിന്റേയോ നടത്തലിലുള്ള ഏതെങ്കിലും നടപടികൾക്കു ബാധകമായിരിക്കുന്നതല്ല.

# ആർഡർ XXIV

## കോടതിയിൽ ഒടുക്കൽ

**1. പ്രതി അവകാശവാദത്തിന്റെ കാര്യം തീരുന്നതിലേയ്ക്ക് തുക നിക്ഷേപിക്കുന്നത്.**—ഒരു കടമോ, പരിഹാരമോ വസൂലാക്കുന്നതിനുള്ള ഏതെങ്കിലും വ്യവഹാരത്തിലെ പ്രതിക്ക്, വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യം തീരലാണെന്നു താൻ കരുതുന്ന തുക കോടതിയിൽ നിക്ഷേപിക്കാവുന്നതാണ്.

**2. നിക്ഷേപത്തെക്കുറിച്ചുള്ള നോട്ടീസ്.**—പ്രതി, വാദിക്ക് നിക്ഷേപത്തെക്കുറിച്ചുള്ള നോട്ടീസ്, കോടതി മുഖാന്തരം നൽകേണ്ടതും, നിക്ഷേപത്തുക (കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം) വാദിക്ക്, അയാളുടെ അപേക്ഷയിൻമേൽ കൊടുക്കേണ്ടതുമാകുന്നു.

**3. നോട്ടീസിനുശേഷം വാദിക്ക് നിക്ഷേപത്തിൻമേൽ പലിശ അനുവദിക്കുന്നതല്ലെന്നു.**—പ്രതി നിക്ഷേപിച്ചിട്ടുള്ള ഏതെങ്കിലും തുകയിൻമേൽ, നിക്ഷേപിച്ച തുക മുഴുവൻ അവകാശവാദത്തിൻേറതായാലും അതിൽ കുറവായാലും അങ്ങനെയുള്ള നോട്ടീസ് കിട്ടിയ തീയതി മുതൽ വാദിക്ക് പലിശ അനുവദിക്കപ്പെടുന്നതല്ല.

**4. വാദി, നിക്ഷേപത്തുക ഭാഗികമായ കാര്യംതീരലെന്നനിലയിൽ സ്വീകരിക്കുന്നിടത്തുള്ള നടപടിക്രമം.**—(1) വാദി, അങ്ങനെയുള്ള തുക, തന്റെ അവകാശവാദത്തിന്റെ ഭാഗികമായ കാര്യംതീരലെന്ന നിലയിൽ മാത്രം സ്വീകരിക്കുന്നിടത്ത്, അയാൾക്ക്, ബാക്കിക്ക് തന്റെ വ്യവഹാരം തുടർന്നു നടത്താവുന്നതും; പ്രതിയുടെ നിക്ഷേപം വാദിയുടെ അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യംതീരലായിരുന്നുവെന്ന് കോടതി തീരുമാനിക്കുന്നുവെങ്കിൽ, വ്യവഹാരത്തിന്റെ നിക്ഷേപത്തിനുശേഷം നേരിട്ട കോടതിച്ചെലവും, വാദിയുടെ അവകാശവാദത്തിലെ ആധിക്യത്താൽ ഉണ്ടായതായിട്ടുള്ളിടത്തോളം നിക്ഷേപത്തിനുമുൻപ് നേരിട്ട കോടതിച്ചെലവും, വാദി കൊടുക്കേണ്ടതുമാകുന്നു.

(2) **അയാൾ അത് പൂർണ്ണമായ കാര്യംതീരലെന്നനിലയിൽ സ്വീകരിക്കുന്നിടത്തുള്ള നടപടിക്രമം.**—വാദി, അങ്ങനെയുള്ള തുക, തന്റെ അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യംതീരലെന്ന നിലയിൽ സ്വീകരിക്കുന്നിടത്ത്, അയാൾ ആ അർത്ഥത്തിലുള്ള ഒരു പ്രസ്താവന കോടതിയിൽ ബോധിപ്പിക്കേണ്ടതും അങ്ങനെയുള്ള പ്രസ്താവന ഫയൽ ചെയ്യപ്പെടേണ്ടതും കോടതി അതനുസരിച്ച് വിധിന്യായം പ്രസ്താവിക്കേണ്ടതും, ഓരോ കക്ഷിയുടേയും കോടതിച്ചെലവ് കൊടുക്കേണ്ടത് ആരാണ് എന്ന്, നിദേശിക്കുന്നതിൽ കോടതി, ആ വ്യവഹാരത്തിന് കക്ഷികളിൽ ആരെയാണ് ഏററവുമധികം കുററപ്പെടുത്തേണ്ടത് എന്ന് പരിഗണിക്കേണ്ടതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യ്ക്ക്, 100 രൂപ കൊടുക്കാനുണ്ട് പണം. കൊടുക്കാൻ ആവശ്യപ്പെടാതെയും, പണം ആവശ്യപ്പെടൽ ഉണ്ടാക്കുന്ന കാലതാമസം, തന്നെ പ്രതികൂലമായി ബാധിക്കുമെന്നു വിശ്വസിക്കാൻ യാതൊരു കാരണവുമില്ലാതെയും, ഖ ആ തുകയ്ക്കു ക യ്ക്ക് എതിരായി വ്യവഹാരം കൊടുക്കുന്നു.

അന്യായം ഫയൽചെയ്യുന്നതിന്മേൽ കപണം കോടതിയിൽ കെട്ടുന്നു. ഖ, അത് തന്റെ അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യതീർപ്പായി സ്വീകരിക്കുന്നു, എന്നാൽ, അയാളുടെ ഭാഗം സംബന്ധിച്ചിടത്തോളം ആ വ്യവഹരണം അടിസ്ഥാനരഹിതമാണെന്നു അനുമാനിക്കാവുന്നതാകയാൽ കോടതി അയാൾക്ക് യാതൊരു കോടതിച്ചെലവും അനുവദിക്കാൻ പാടുള്ളതല്ല.

(ഖ) ദൃഷ്ടാന്തം ക യിൽ പറയുന്ന പരിതഃസ്ഥിതികളിൽ, ഖ, ക യ്ക്കെതിരായി വ്യവഹാരം കൊടുക്കുന്നു. അന്യായം ഫയൽ ചെയ്യുന്നതിന്മേൽ, ക ആ അവകാശവാദം ചോദ്യം ചെയ്യുന്നു. പിന്നീട് ക പണം കോടതിയിൽ കെട്ടുന്നു. ഖ അത് തന്റെ അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യംതീർപ്പായി സ്വീകരിക്കുന്നു. ക യുടെ പെരുമാറ്റം, വ്യവഹരണം ആവശ്യമായിരുന്നുവെന്നു കാണിക്കുന്നതിനാൽ, കോടതി, ഖ യ്ക്ക്, വ്യവഹാരത്തിന്റെ അയാളുടെ കോടതിച്ചെലവുകൂടി നൽകേണ്ടതാകുന്നു.

(ഗ) ക ഖ യ്ക്കു 100 രൂപ കൊടുക്കാൻ ഉണ്ടായിരിക്കുകയും, ആ തുക വ്യവഹാരം കൂടാതെ ന്യായമായ കൊടുക്കാൻ തയ്യാറായിരിക്കുകയും ചെയ്യുന്നു. ഖ 150 രൂപ അവകാശപ്പെടുകയും ആ തുകയ്ക്കു ക യ്ക്കെതിരായി വ്യവഹാരം കൊടുക്കുകയും ചെയ്യുന്നു. അന്യായം ഫയൽ ചെയ്യുന്നതിന്മേൽ ക 100 രൂപ കോടതിയിൽ കെട്ടുകയും, ബാക്കിയുള്ള 50 രൂപ കൊടുക്കാനുള്ള തന്റെ ബാദ്ധ്യതയെമാത്രം ചോദ്യംചെയ്യുകയും ചെയ്യുന്നു. ഖ 100 രൂപ തന്റെ അവകാശവാദത്തിന്റെ പൂർണ്ണമായ കാര്യംതീർപ്പായി സ്വീകരിക്കുന്നു. കോടതി അയാളോട്, ക യുടെ കോടതിച്ചെലവ് കൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതാണ്.

## ആർഡർ XXV

## കോടതിച്ചെലവിനുള്ള ജാമ്യം

1. വാദിയിൽ നിന്ന് കോടതിച്ചെലവിന് ജാമ്യം ആവശ്യപ്പെടാവുന്നത് എപ്പോഴെന്ന്.—(1) ഒരു വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, കോടതിക്ക്, സ്വയമേവ അല്ലെങ്കിൽ ഏതെങ്കിലും പ്രതിയുടെ അപേക്ഷയിന്മേൽ, ഏതെങ്കിലും പ്രതിക്ക് നേരിട്ടിട്ടുള്ളതും നേരിടാനിടയുള്ളതുമായ എല്ലാ കോടതിച്ചെലവും കൊടുക്കുന്നതിന് കോടതി നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ ജാമ്യം നല്കാൻ വാദിയോടു റിക്കാർഡാക്കേണ്ട കാരണങ്ങളാൽ ഉത്തരവു ചെയ്യാവുന്നതാണ്:

എന്നാൽ, ഒരേ ഒരു വാദിയോ, അല്ലെങ്കിൽ (ഒന്നിലധികം വാദികൾ ഉള്ളപ്പോൾ) എല്ലാ വാദികളുമോ, ഇൻഡ്യയ്ക്ക് വെളിയിൽ താമസക്കാരാണെന്നും, അങ്ങനെയുള്ള വാദിക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള വാദികളിൽ ആർക്കെങ്കിലുമോ വ്യവഹാരത്തിലെ വസ്തു അല്ലാതെ ഇൻഡ്യയ്ക്കുള്ളിൽ മതിയായ ഏതെങ്കിലും സ്ഥാവരവസ്തു കൈവശമില്ലെന്നും കോടതിക്ക് തോന്നുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) ഏതൊരാളോടാണോ, അയാളോട് കോടതിച്ചെലവു കൊടുക്കാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും സമയത്ത്, അയാളെ കിട്ടാതെ വരുമെന്നുള്ളതിന് ന്യായമായ സംഭാവ്യത നല്കുന്ന പരിതഃസ്ഥിതികളിൽ ഇൻഡ്യ വിട്ടുപോകുന്നത്, അങ്ങനെയുള്ള ആൾ (1)-ാം ഉപചട്ടത്തിലെ പരിമിതിവ്യവസ്ഥയുടെ അർത്ഥത്തിൽ, ഇൻഡ്യക്ക് വെളിയിൽ താമസക്കാരനാണെന്ന് കരുതപ്പെടുന്നതാകുന്നു

2. ജാമ്യം നല്കാതിരിക്കുന്നതിൻെറ ഫലം.—(1) നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ, അങ്ങനെയുള്ള ജാമ്യം ഹാജരാക്കാതിരിക്കുന്ന സംഗതിയിൽ വ്യവഹാരം വാദിയേയോ, വാദികളെയോ അതിൽനിന്നും പിൻവാങ്ങാൻ അനുവദിക്കാത്തപക്ഷം, തള്ളിക്കളഞ്ഞുകൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) ഒരു വ്യവഹാരം ഈ ചട്ടത്തിൻ കീഴിൽ തള്ളിക്കളയുന്നിടത്ത്, വാദിക്ക്, തള്ളിക്കളയൽ ദുർബ്ബലപ്പെടുത്താനുള്ള ഉത്തരവിന് അപേക്ഷിക്കാവുന്നതും, അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ ജാമ്യം ഹാജരാക്കുന്നതിൽ നിന്ന് ഏതെങ്കിലും മതിയായ കാരണത്താൽ അയാരം തടയപ്പെട്ടുവെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നുവെങ്കിൽ, കോടതി ജാമ്യമോ കോടതിച്ചെലവോ സംബന്ധിച്ചോ, മററുവിധത്തിലോ ഉള്ള യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ, തള്ളിക്കളയൽ ദുർബ്ബലപ്പെടുത്തേണ്ടതും, വ്യവഹാരം തുടരുന്നതിന് ദിവസം നിശ്ചയിക്കേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ്, പ്രതിക്ക് നടത്തിയിട്ടില്ലാത്തപക്ഷം, തള്ളിക്കളയൽ ദുർബ്ബലപ്പെടുത്താൻ പാടുള്ളതല്ല.

## ആർഡർ XXVI

## കമ്മീഷനുകൾ

### സാക്ഷികളെ വിസ്തരിക്കാനുള്ള കമ്മീഷനുകൾ

1. കോടതിക്ക് ഏതു സംഗതികളിൽ സാക്ഷിയെ വിസ്തരിക്കാൻ കമ്മീഷൻ പുറപ്പെടുവിക്കാമെന്ന്.—ഏതെങ്കിലും കോടതിക്ക്, ഏതെങ്കിലും വ്യവഹാരത്തിൽ, അതിൻെറ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസമുള്ളതും കോടതിയിൽ ഹാജരാകുന്നതിൽ നിന്നും ഈ നിയമസംഹിതയിൻകീഴിൽ ഒഴിവാക്കപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ രോഗത്താലോ ദൗർബ്ബല്യത്താലോ കോടതിയിൽ ഹാജരാകാൻ കഴിവില്ലാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും ആളെ, ചോദ്യങ്ങളിൻമേലോ മററുവിധത്തിലോ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്

എന്നാൽ ചോദ്യങ്ങളിന്മേൽ വിസ്തരിക്കുന്നതിനുള്ള കമ്മീഷൻ പുറപ്പെടുവിക്കുന്നത് ആവശ്യകമാണെന്ന് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതി കരുതാത്തപക്ഷം, അപ്രകാരം ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—കോടതിക്ക്, ഈ ചട്ടത്തിൻെറ ആവശ്യത്തിന് രോഗത്തിൻേറയോ ദൗർബ്ബല്യത്തിൻേറയോതെളിവായിരജിസ്ററർ ചെയ്യപ്പെട്ട ചികിത്സകൻ ഒപ്പിട്ടതാണെന്ന് കരുതപ്പെടാവുന്ന സർട്ടിഫിക്കററ്, ചികിത്സകനെ സാക്ഷിയായി വിളിക്കാതെ സ്വീകരിക്കാവുന്നതാണ്.

2. കമ്മീഷനുള്ള ഉത്തരവ്.—സാക്ഷി വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കുന്നതിനുള്ള ഉത്തരവ്, കോടതിക്ക്, സ്വയമേവ, അല്ലെങ്കിൽ വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടേയോ വിസ്തരിക്കപ്പെടേണ്ട സാക്ഷിയുടേയോ സത്യവാങ്മൂലത്തിൻേറയോ മററുവിധത്തിലുള്ളതോ ആയ താങ്ങുള്ള അപേക്ഷയിന്മേൽ പുറപ്പെടുവിക്കാവുന്നതാണ്.

3. **സാക്ഷി, കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസമുള്ളിടത്ത്.**—കമ്മീഷൻ പുറപ്പെടുവിക്കുന്ന കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസമുള്ള ഒരാളെ വിസ്തരിക്കാനുള്ള കമ്മീഷൻ, അത് നിർവ്വഹിക്കാൻ പററിയ ആളാണെന്ന് കോടതിക്ക് തോന്നുന്ന ഏതെങ്കിലും ആളുടെ പേർക്ക് പുറപ്പെടുവിക്കാവുന്നതാണ്.

4. ഏതാളുകളുടെ വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കാമെന്ന്.—(1) ഏതെങ്കിലും കോടതിക്ക്, ഏതെങ്കിലും വ്യവഹാരത്തിൽ,—

(ക) അതിൻെറ അധികാരിതയുടെ തദ്ദേശാതിർത്തികളുടെ പുറത്ത് താമസക്കാരനായ ഏതെങ്കിലും ആളേയും;

(ഖ) ഏതൊരാളാണോ, കോടതിയിൽ വിസ്തരിക്കപ്പെടുന്നതിന് അയാളെ ആവശ്യമായ തീയതിക്ക് മുൻപ്, അങ്ങനെയുള്ള അതിർത്തികൾ വിട്ടുപോകാൻ പുറപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളേയും;

(ഗ) ഗവൺമെൻറിൻെറ സർവ്വീസിലുള്ള ഏതൊരാൾക്കാണോ, കോടതിയുടെ അഭിപ്രായത്തിൽ, പബ്ലിക് സേവനത്തിന് ദോഷം കൂടാതെ സന്നിഹിതനാകാൻ കഴിയാതിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളേയും,

ചോദ്യങ്ങളിന്മേലോ മററുവിധത്തിലോ വിസ്തരിക്കുന്നതിന് ഒരു കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, ആർഡർ XVI, 19-ാം ചട്ടത്തിൻകീഴിൽ ഒരാളോട് നേരിട്ട് കോടതിയിൽ സന്നിഹിതനാകാൻ ഉത്തരവ് ചെയ്യാൻ കഴിയാതിരിക്കുന്നിടത്ത്, നീതിയുടെ താൽപര്യങ്ങൾക്ക് അയാളുടെ തെളിവ് ആവശ്യകമാണെന്ന് കരുതുന്നുവെങ്കിൽ, അയാളുടെ വിസ്താരത്തിനായി ഒരു കമ്മീഷൻ പുറപ്പെടുവിക്കേണ്ടതാകുന്നു:

എന്നുമാത്രമല്ല, ചോദ്യങ്ങളിന്മേൽ അങ്ങനെയുള്ള ആളെ വിസ്തരിക്കുന്നതിനുള്ള ഒരു കമ്മീഷൻ പുറപ്പെടുവിക്കുന്നത് ആവശ്യകമാണെന്ന് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതി കരുതാത്ത പക്ഷം, അപ്രകാരം ചെയ്യാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള കമ്മീഷൻ, ഹൈക്കോടതി അല്ലാത്ത ഏത് കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ അങ്ങനെയുള്ള ആൾ താമസമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കോടതിയുടേയോ അല്ലെങ്കിൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന കോടതി നിയമിക്കുന്ന ഏതെങ്കിലും പ്ലീഡറുടേയോ മററാളുടേയോ പേർക്ക് പുറപ്പെടുവിക്കാവുന്നതാണ്.

(3) ഈ ചട്ടത്തിൻ കീഴിൽ ഏതെങ്കിലും, കമ്മീഷൻ പുറപ്പെടുവിക്കുന്നതിന്മേൽ, കോടതി, കമ്മീഷൻ മടക്കേണ്ടത് അതിനുതന്നെയോ ഏതെങ്കിലും കീഴ്ക്കോടതിക്കോ എന്ന് നിദേശിക്കേണ്ടതാകുന്നു.

5. ഇൻഡ്യയ്ക്കുള്ളിലുള്ളതല്ലാത്ത സാക്ഷിയെ വിസ്തരിക്കുന്നതിനുള്ള കമ്മീഷനോ അപേക്ഷയോ.—ഇൻഡ്യയ്ക്കുള്ളിലുള്ളതല്ലാത്ത ഏതെങ്കിലും സ്ഥലത്ത് താമസിച്ചുകൊണ്ടിരിക്കുന്ന ഒരാളെ വിസ്തരിക്കാൻ കമ്മീഷൻ പുറപ്പെടുവിക്കുന്നതിന്, അപേക്ഷ കൊടുക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കോടതിക്ക്, അങ്ങനെയുള്ള ആളുടെ തെളിവ് ആവശ്യകമാണെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, അങ്ങനെയുള്ള കമ്മീഷനോ അല്ലെങ്കിൽ ഒരു അപേക്ഷാപത്രമോ പുറപ്പെടുവിക്കാവുന്നതാണ്.

6. കമ്മീഷൻ അനുസരിച്ചു കോടതി സാക്ഷിയെ വിസ്തരിക്കണമെന്ന്.—ഏതെങ്കിലും ആളെ വിസ്തരിക്കുന്നതിനുള്ള ഒരു കമ്മീഷൻ കിട്ടുന്ന ഏതൊരു കോടതിയും, അനുസരിച്ച് അയാളെ വിസ്തരിക്കുകയോ വിസ്തരിപ്പിക്കുകയോ ചെയ്യേണ്ടതാകുന്നു.

7. സാക്ഷികളുടെ മൊഴികൾ സഹിതം കമ്മീഷൻ മടക്കുന്നത്.—ഒരു കമ്മീഷൻ മുറപ്രകാരം നിർവ്വഹിക്കപ്പെട്ടിട്ടുള്ളിടത്ത്, അത്, അതിൻകീഴിൽ എടുത്തിട്ടുള്ള തെളിവു സഹിതം, കമ്മീഷൻ പുറപ്പെടുവിക്കുന്നതിനുള്ള ഉത്തരവ് മററുവിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, കമ്മീഷൻ പുറപ്പെടുവിച്ച കോടതിക്ക് മടക്കേണ്ടതും, മററുവിധത്തിൽ നിർദ്ദേശിച്ചിട്ടുള്ള സംഗതിയിൽ, കമ്മീഷൻ അങ്ങനെയുള്ള ഉത്തരവ് പ്രകാരം മടക്കേണ്ടതും; കമ്മീഷനും അതിനുള്ള മടക്കൽരേഖയും അതിൻകീഴിൽ എടുത്തിട്ടുള്ള തെളിവും (8-ാം ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി) വ്യവഹാരത്തിലെ റിക്കാർഡിന്റെ ഭാഗമായിരിക്കുന്നതും ആകുന്നു.

8. മൊഴികൾ എപ്പോൾ തെളിവിൽ വായിക്കാമെന്ന്.—ഒരു കമ്മീഷനു കീഴിൽ എടുത്തിട്ടുള്ള തെളിവ്, ഏത് കക്ഷിക്ക് എതിരായാണോ അത് നൽകാൻ പോകുന്നത്, ആ കക്ഷിയുടെ സമ്മതം കൂടാതെ,—

(ക) തെളിവു കൊടുത്ത ആൾ കോടതിയുടെ അധികാരിതയ്ക്ക് പുറത്തായിരിക്കുകയോ, മരിച്ചുപോയിരിക്കുകയോ, നേരിട്ടു വിസ്തരിക്കപ്പെടുന്നതിന് സന്നിഹിതനാകാൻ രോഗത്താലോ ദൗർബ്ബല്യത്താലോ അയാൾക്ക് കഴിയാതിരിക്കുകയോ, അല്ലെങ്കിൽ നേരിട്ടു കോടതിയിൽ ഹാജരാകുന്നതിൽ നിന്ന് അയാൾ ഒഴിവാക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ പബ്ലിക് സേവനത്തിന് ദോഷം കൂടാതെ, സന്നിഹിതനാകാൻ കഴിയാതിരിക്കുന്ന ഗവൺമെന്റിന്റെ സർവ്വീസിലുള്ള ഒരാളായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആളുടെ തെളിവ് കമ്മീഷൻ മുഖാന്തരം എടുക്കാനുള്ള കാരണം, അത് വായിക്കപ്പെടുന്ന സമയത്ത് ഇല്ലാതായിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടിരുന്നാലും, കോടതി സ്വവിവേകം ഉപയോഗിച്ച് (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള പരിതഃസ്ഥിതികളിൽ ഏതിന്റെയെങ്കിലും തെളിയിക്കൽ വേണ്ടെന്ന് വയ്ക്കുകയും, അങ്ങനെയുള്ള തെളിവു വ്യവഹാരത്തിൽ തെളിവായി വായിക്കാൻ പ്രാധികാരപ്പെടുത്തുകയും ചെയ്യുകയോ;

ചെയ്യാത്തപക്ഷം, വ്യവഹാരത്തിൽ തെളിവായി വാങ്ങിക്കപ്പെടാൻ പാടുള്ളതല്ല.

## സ്ഥലത്ത് ചെന്നുള്ള അന്വേഷണത്തിനുള്ള കമ്മീഷനുകൾ

9. സ്ഥലത്തുചെന്ന് അന്വേഷണം നടത്തുന്നതിനുള്ള കമ്മീഷനുകൾ.—തർക്കത്തിലുള്ള ഏതെങ്കിലും വിഷയത്തിലേക്ക് വെളിച്ചം വീശുകയോ, അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിന്റെ കമ്പോളവിലയോ, ഇടക്കാലാദായത്തിന്റെയോ, നാശനഷ്ടത്തിന്റെയോ, വാർഷിക അററാദായത്തിന്റെയോ തുകയോ തിട്ടപ്പെടുത്തുകയോ ചെയ്യുന്നതിനുവേണ്ടി സ്ഥലത്തുചെന്നുള്ള അന്വേഷണം ആവശ്യകമോ ഉചിതമോ ആണെന്ന് കോടതി കരുതുന്ന ഏതെങ്കിലും വ്യവഹാരത്തിൽ, കോടതിക്ക്, അങ്ങനെയുള്ള അന്വേഷണം നടത്തുകയും, അതിന്മേൽ കോടതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ട് യുക്തമെന്ന് തോന്നുന്ന ആളുടെ പേർക്ക് ഒരു കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള കമ്മീഷനുകൾ പുറപ്പെടുവിക്കേണ്ടത്, ആരുടെ പേർക്കാണെന്നുള്ളതിനെക്കുറിച്ച് സ്റേറററു ഗവൺമെന്റ് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ചട്ടങ്ങൾ കോടതിയെ ബന്ധിക്കുന്നതാണ്.

10. കമ്മീഷണറുടെ നടപടിക്രമം.—(1) കമ്മീഷണർ, ആവശ്യകമാണെന്ന് താൻ കരുതുന്ന സ്ഥലത്തുചെന്നുള്ള പരിശോധനയ്ക്കുശേഷവും താൻ എടുത്ത തെളിവ് ലിഖിതമാക്കിയതിനുശേഷവും, അങ്ങനെയുള്ള തെളിവ്, താൻ ഒപ്പിട്ട ലിഖിതമായ റിപ്പോർട്ടുസഹിതം കോടതിക്ക് മടക്കേണ്ടതാകുന്നു.

2. റിപ്പോർട്ടും മൊഴികളും വ്യവഹാരത്തിൽ തെളിവായിരിക്കുന്നതാണെന്ന്—കമ്മീഷണറെ വ്യക്തിപരമായി വിസ്തരിക്കാവുന്നതാണ്.—കമ്മീഷണറുടെ റിപ്പോർട്ടും, അയാൾ എടുക്കുന്ന തെളിവും വ്യവഹാരത്തിൽ തെളിവായിരിക്കുന്നതും (എന്നാൽ റിപ്പോർട്ടു കൂടാതെയുള്ള തെളിവ് തെളിവായിരിക്കുന്നതല്ല) റിക്കാർഡിന്റെ ഭാഗമായിരിക്കുന്നതും; എന്നാൽ കോടതിക്കോ, കോടതിയുടെ അനുവാദത്തോടുകൂടി, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷികളിൽ ആർക്കെങ്കിലുമോ കമ്മീഷണറെ അയാൾക്ക് റഫർ ചെയ്തിട്ടുള്ളതോ, അയാളുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതോ ആയ വിഷയങ്ങളിൽ ഏതിനേയെങ്കിലും സ്പർശിച്ചോ അയാളുടെ റിപ്പോർട്ടിനെ സംബന്ധിച്ചോ, അയാൾ അന്വേഷണം നടത്തിയിട്ടുള്ള രീതിയെ സംബന്ധിച്ചോ തുറന്ന കോടതിയിൽ വച്ച് നേരിട്ട് വിസ്തരിക്കാവുന്നതുമാണ്.

(3) കമ്മീഷണറുടെ നടപടികൾ, ഏതെങ്കിലും കാരണവശാൽ കോടതിക്ക് ബോദ്ധ്യപ്പെടാതിരിക്കുന്നിടത്ത്, കോടതിക്ക് യുക്തമെന്ന് തോന്നുന്ന കൂടുതൽ അന്വേഷണവിചാരണ നടത്തണമെന്ന് നിദേശിക്കാവുന്നതാണ്.

## ശാസ്ത്രീയമായ അന്വേഷണത്തിനും, ക്ലാർക്കിന്റേതായ കൃത്യത്തിന്റെ നിർവ്വഹണത്തിനും, ജംഗമവസ്തുവിന്റെ വില്പനയ്ക്കും ഉള്ള കമ്മീഷനുകൾ

10 ക. ശാസ്ത്രീയ അന്വേഷണത്തിനുള്ള കമ്മീഷൻ.—(1) ഒരു വ്യവഹാരത്തിൽ ഉത്ഭവിക്കുന്ന ഏതെങ്കിലും പ്രശ്നം കോടതിയുടെ അഭിപ്രായത്തിൽ, കോടതിയുടെ മുമ്പാകെ വച്ച് സൗകര്യപൂർവ്വം നടത്താൻ കഴിയാത്ത ഏതെങ്കിലും ശാസ്ത്രീയാന്വേഷണം ഉൾക്കൊള്ളുന്നിടത്ത്, യുക്തമെന്നു തോന്നുന്ന ആളോട്, അങ്ങനെയുള്ള പ്രശ്നത്തെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുകയും അതിൻമേൽ കോടതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യാൻ നിദേശിച്ചുകൊണ്ട് അയാൾ പേർക്ക് ഒരു കമ്മീഷൻ പുറപ്പെടുവിക്കുന്നത് നീതിയുടെ താത്പര്യങ്ങൾക്ക് ആവശ്യകമോ സമീചീനമോ ആണെന്നു തോന്നുന്നുവെങ്കിൽ കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.

(2) ഈ ചട്ടത്തിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറെ സംബന്ധിച്ചിടത്തോളം ഈ ആർഡറിലെ 10-ാം ചട്ടത്തിലെ വ്യവസ്ഥകൾ ആകുന്നിടത്തോളം അവ 9-ാം ചട്ടത്തിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

10 ഖ. ക്ലാർക്കിന്റേതായ ഒരു കൃത്യത്തിന്റെ നിർവ്വഹണത്തിനുള്ള കമ്മീഷൻ.—(1) ഒരു വ്യവഹാരത്തിൽ ഉത്ഭവിക്കുന്ന ഏതെങ്കിലും പ്രശ്നം കോടതിയുടെ അഭിപ്രായത്തിൽ, കോടതിയുടെ മുമ്പാകെ വച്ച് സൗകര്യപൂർവ്വം നിർവ്വഹിക്കാൻ കഴിയാത്ത, ഏതെങ്കിലും ക്ലാർക്കിന്റേതായ കൃത്യത്തിന്റെ നിർവ്വഹണം ഉൾക്കൊള്ളുന്നിടത്ത്, യുക്തമെന്നു തോന്നുന്ന ആളോട് ക്ലാർക്കിന്റേതായ ആ കൃത്യം നിർവ്വഹിക്കുകയും അതിൻമേൽ കോടതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യാൻ നിദേശിച്ചുകൊണ്ട് അയാൾപേർക്ക് ഒരു കമ്മീഷൻ പുറപ്പെടുവിക്കുന്നത് നീതിയുടെ താത്പര്യങ്ങൾക്ക് ആവശ്യകമോ സമീചീനമോ ആണെന്ന് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.

(2) ഈ ചട്ടത്തിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറെ സംബന്ധിച്ചിടത്തോളം, ഈ ആർഡറിലെ 10-ാം ചട്ടത്തിലെ വ്യവസ്ഥകൾ അവ 9-ാം ചട്ടത്തിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

10 ഗ. ജംഗമവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള കമ്മീഷൻ.—ഏതെങ്കിലും വ്യവഹാരത്തിൽ, വ്യവഹാരം തീർപ്പാകാതെ നിലവിലിരിക്കുന്ന കാലത്ത് കോടതിയുടെ കസ്ററഡിയിൽ ഇരിക്കുന്നതും സൗകര്യപൂർവ്വം സംരക്ഷിക്കാൻ കഴിയാത്തതുമായ ഏതെങ്കിലും ജംഗമവസ്തു വിൽക്കുന്നത് ആവശ്യകമായി വരുന്നിടത്ത്, യുക്തമെന്നു തോന്നുന്ന ആളോട്, അങ്ങനെയുള്ള വിൽപ്പന നടത്തുകയും അതിൻമേൽ കോടതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യാൻ നിദേശിച്ചുകൊണ്ട്, അയാൾ പേർക്ക് ഒരു കമ്മീഷൻ പുറപ്പെടുവിക്കുന്നത് നീതിയുടെ താൽപ്പര്യങ്ങൾക്ക് ആവശ്യകമോ സമീചീനമോ ആണെന്നു റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാകുന്നു.

(2) ഈ ചട്ടത്തിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറെ സംബന്ധിച്ചിടത്തോളം ഈ ആർഡറിലെ 10-ാം ചട്ടത്തിലെ വ്യവസ്ഥകൾ അവ 9-ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണർക്ക് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(3) അങ്ങനെയുള്ള ഏതൊരു വിൽപ്പനയും, ആകുന്നത്ര ഒരു വിധി നടത്തലിലെ ജംഗമവസ്തു വിൽപ്പന നിർണ്ണയിക്കപ്പെടുന്ന നടപടിക്രമമനുസരിച്ചു നടത്തേണ്ടതാകുന്നു.

## കണക്കുകൾ പരിശോധിക്കുന്നതിനുള്ള കമ്മീഷനുകൾ

11. കണക്കുകൾ പരിശോധിക്കുകയോ പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള കമ്മീഷൻ.—കണക്കുകൾ പരിശോധിക്കുകയോ പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നത് ആവശ്യമായ ഏതെങ്കിലും വ്യവഹാരത്തിൽ, കോടതിക്ക് യുക്തമെന്നു തോന്നുന്ന ആളോട് അങ്ങനെ പരിശോധിക്കുകയോ പൊരുത്തപ്പെടുത്തുകയോ ചെയ്യാൻ നിദേശിച്ചുകൊണ്ട് അയാൾപേർക്ക് ഒരു കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്.

12. (1) കമ്മീഷണർക്ക് കോടതി ആവശ്യകമായ ആദേശങ്ങൾ നൽകണമെന്ന്.—കോടതി, നടപടികളുടെ ആവശ്യകമാണെന്നു തോന്നുന്ന ഭാഗവും, ആവശ്യകമാണെന്നു തോന്നുന്ന ആദേശങ്ങളും കമ്മീഷണർക്ക് നൽകേണ്ടതും, ആ ആദേശങ്ങൾ, അയാൾ ചെയ്യേണ്ടത് അന്വേഷണ വിചാരണയിൽ താൻ എടുക്കുന്ന നടപടികൾ അയച്ചുകൊടുക്കുക മാത്രമോ, അതോ, തന്റെ പരിശോധനയ്ക്ക് റഫർ ചെയ്യുന്ന പ്രശ്നത്തിൻമേലുള്ള തന്റെ സ്വന്തം അഭിപ്രായം റിപ്പോർട്ടു ചെയ്യുകകൂടിയാണോ എന്ന് വ്യക്തമായി വിനിർദ്ദേശിക്കേണ്ടതും ആകുന്നു.

(2) നടപടികളും റിപ്പോർട്ടും തെളിവായിരിക്കുമെന്ന്—കോടതിക്ക് കൂടുതൽ അന്വേഷണ വിചാരണ നിദേശിക്കാമെന്ന്.—കമ്മീഷണറുടെ നടപടികളും റിപ്പോർട്ടും (വല്ലതുമുണ്ടെങ്കിൽ) വ്യവഹാരത്തിൽ തെളിവായിരിക്കുന്നതും, എന്നാൽ, അവ ബോദ്ധ്യപ്പെടാതിരിക്കാൻ കോടതിക്ക് കാരണമുള്ളിടത്ത്, കോടതിക്ക് യുക്തമെന്നു തോന്നുന്ന കൂടുതൽ അന്വേഷണ വിചാരണ നിദേശിക്കാവുന്നതുമാണ്.

## ഭാഗങ്ങൾ ചെയ്യാനുള്ള കമ്മീഷനുകൾ

13. സ്ഥാവരവസ്തു ഭാഗിക്കുന്നതിനുള്ള കമ്മീഷൻ.—ഭാഗത്തിനുള്ള ഒരു പ്രാരംഭ വിധി പാസ്സാക്കിയിട്ടുള്ളിടത്ത്, കോടതിക്ക്, 54-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ അങ്ങനെയുള്ള വിധിയിൽ സ്ഥാപിച്ച പ്രകാരമുള്ള അവകാശങ്ങൾ അനുസരിച്ച് ഭാഗമോ, വേർപെടുത്തലോ നടത്താൻ യുക്തമെന്നു തോന്നുന്ന ആൾ പേർക്ക് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്.

14. കമ്മീഷണറുടെ നടപടിക്രമം.—(1) ആവശ്യകമായ അന്വേഷണ വിചാരണയ്ക്കുശേഷം, കമ്മീഷണർ വസ്തു, ഏതു് ഉത്തരവിൻകീഴിലാണോ കമ്മീഷൻ പുറപ്പെടുവിച്ചത്, ആ ഉത്തരവു നിദേശിക്കുന്നത്ര ഓഹരികളായി വിഭജിക്കേണ്ടതും, അങ്ങനെയുള്ള ഓഹരികൾ, കക്ഷികൾക്കു തിരിച്ചുവയ്ക്കേണ്ടതും, കമ്മീഷണർക്കു ആ ഉത്തരവ് അതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്നുവെങ്കിൽ, ഓഹരികളുടെ മൂല്യം സമമാക്കുന്നതിനുവേണ്ടി കൊടുക്കേണ്ട തുകകൾ അവാർഡു ചെയ്യാവുന്നതുമാണ്.

(2) കമ്മീഷണർ, പിന്നീട്, ഓരോ കക്ഷിയുടേയും ഓഹരി നിശ്ചയിക്കുന്നതും, (മുൻ പറഞ്ഞ ഉത്തരവ് അപ്രകാരം നിദേശിക്കുന്നുവെങ്കിൽ) ഓരോ ഓഹരിയും അതിരളവുകളാൽ വേർതിരിച്ചു കാണിക്കുന്നതും ആയ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ഒപ്പിടുകയും ചെയ്യേണ്ടതും അല്ലെങ്കിൽ (കമ്മീഷൻ ഒന്നിലധികം ആളുകൾപേർക്കു പുറപ്പെടുവിച്ചതായിരിക്കുകയും, അവർക്ക് യോജിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്) കമ്മീഷണർമാർ അങ്ങനെയുള്ള വെവ്വേറെ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഒപ്പിടുകയും ചെയ്യേണ്ടതും ആകുന്നു. അങ്ങനെയുള്ള റിപ്പോർട്ടോ റിപ്പോർട്ടുകളോ കമ്മീഷനോടു അനുബന്ധിക്കുകയും കോടതിക്കു എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതും, കോടതി, കക്ഷികൾ റിപ്പോർട്ടിനോ റിപ്പോർട്ടുകൾക്കോ ഉന്നയിക്കുന്ന ഏതെങ്കിലും ആക്ഷേപങ്ങൾ കേട്ടതിനുശേഷം, റിപ്പോർട്ടോ, റിപ്പോർട്ടുകളോ, സ്ഥിരപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യേണ്ടതും ആകുന്നു.

(3) റിപ്പോർട്ടോ, റിപ്പോർട്ടുകളോ സ്ഥിരപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നിടത്ത്, കോടതി സ്ഥിരപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്ത നിലയിൽ ആ റിപ്പോർട്ടോ റിപ്പോർട്ടുകളോ അനുസരിച്ച് വിധി പാസ്സാക്കേണ്ടതും, എന്നാൽ റിപ്പോർട്ടോ റിപ്പോർട്ടുകളോ ദുർബ്ബലപ്പെടുത്തുന്നിടത്ത്, കോടതി പുതിയ കമ്മീഷൻ പുറപ്പെടുവിക്കുകയോ യുക്തമെന്നു തോന്നുന്ന മററു ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതും ആകുന്നു.

## സാമാന്യ വ്യവസ്ഥകൾ

15. കമ്മീഷൻ ചെലവുകൾ കോടതിയിൽ ഒടുക്കണമെന്ന്.—ഈ ആർഡറിൻകീഴിൽ ഏതെങ്കിലും കമ്മീഷൻ പുറപ്പെടുവിക്കുന്നതിനു മുൻപ്, കോടതിക്ക്, ഏതു കക്ഷിയുടെ അർത്ഥനയിൻമേലോ ഗുണത്തിനായോ ആണ് കമ്മീഷൻ പുറപ്പെടുവിക്കേണ്ടത്, ആ കക്ഷി, കമ്മീഷൻ ചെലവുകൾക്കായി തിജപ്പെടുത്തേണ്ട ഒരു സമയത്തിനുള്ളിൽ ന്യായമാണെന്നു കോടതിക്ക് തോന്നുന്ന തുക (വല്ലതുമുണ്ടെങ്കിൽ) കോടതിയിൽ ഒടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

16. കമ്മീഷണർമാരുടെ അധികാരങ്ങൾ.—നിയമന ഉത്തരവ് മററു വിധത്തിൽ നിദേശിക്കാത്തപക്ഷം ഈ ആർഡറിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും കമ്മീഷണർക്ക്,—

(ക) കക്ഷികളെത്തന്നെയും, അവരോ അവരിൽ ആരെങ്കിലുമോ ഹാജരാക്കുന്ന ഏതെങ്കിലും സാക്ഷിയേയും, തനിക്കു റഫർചെയ്ത വിഷയത്തിൽ തെളിവു നൽകാൻ ആവശ്യപ്പെടുന്നത് ശരിയായിരിക്കുമെന്ന് കമ്മീഷണർക്ക് തോന്നുന്ന മറേറതെങ്കിലും ആളേയും വിസ്തരിക്കുകയും ;

(ഖ) അന്വേഷണ വിചാരണയുടെ വിഷയത്തിന് പ്രസക്തമായ രേഖകൾക്കും മററു സാധനങ്ങൾക്കും ആവശ്യപ്പെടുകയും അവ പരിശോധിക്കുകയും;

(ഗ) ഉത്തരവിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിനുള്ളിലോ ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും,

ചെയ്യാവുന്നതാണ്.

16 ക. കമ്മീഷണറുടെ മുമ്പാകെ ആക്ഷേപം ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ.—(1) ഒരു സാക്ഷിയോടു ചോദിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് ഏതെങ്കിലും കക്ഷിയോ അയാളുടെ പ്ലീഡറോ ഈ ആർഡറിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു കമ്മീഷണറുടെ മുമ്പാകെയുള്ള നടപടികളിൽ ആക്ഷേപമുന്നയിക്കുന്നിടത്ത്, കമ്മീഷണർ ആ ചോദ്യവും ഉത്തരവും ആക്ഷേപങ്ങളും, അതതു സംഗതിപോലെ, അപ്രകാരം ആക്ഷേപം ഉന്നയിക്കുന്ന കക്ഷിയുടേയോ പ്ലീഡറുടേയോ പേരും എഴുതിയെടുക്കേണ്ടതാകുന്നു :

എന്നാൽ, പ്രത്യേകാവകാശത്തിന്റെ കാരണത്തിൻമേൽ ആക്ഷേപമുന്നയിക്കപ്പെടുന്ന ഒരു ചോദ്യത്തിനുള്ള ഉത്തരം, കമ്മീഷണർ എഴുതി എടുക്കാൻ പാടില്ലാത്തതും, എന്നാൽ പ്രത്യേകാവകാശത്തിന്റെ പ്രശ്നം കോടതിയാൽ തീരുമാനിക്കപ്പെടുന്നതിനു വിട്ടുകൊണ്ടു കമ്മീഷണർക്ക് സാക്ഷിയുടെ വിസ്താരം തുടരാവുന്നതും, പ്രത്യേകാവകാശത്തിന്റെ പ്രശ്നം ഇല്ലെന്നു കോടതി തീരുമാനിക്കുന്നിടത്ത്, പ്രത്യേകാവകാശത്തിന്റെ കാരണത്തിൻമേൽ ആക്ഷേപമുന്നയിക്കപ്പെട്ട ചോദ്യം സംബന്ധിച്ച്, സാക്ഷിയെ കമ്മീഷണർക്കു തിരിച്ചു വിളിക്കുകയും വിസ്തരിക്കുകയും ചെയ്യുകയോ കോടതിക്കു വിസ്തരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ എഴുതി എടുക്കുന്ന ഉത്തരമൊന്നും കോടതിയുടെ ഉത്തരവുപ്രകാരമൊഴികെ വ്യവഹാരത്തിൽ തെളിവായി വായിക്കാൻ പാടുള്ളതല്ല.

17. കമ്മീഷണറുടെ മുമ്പാകെ സാക്ഷികൾ ഹാജരാകുന്നതും വിസ്തരിക്കപ്പെടുന്നതും.—(1) സാക്ഷികളെ സമൺചെയ്യുന്നതും, സാക്ഷികൾ ഹാജരാകുന്നതും, വിസ്തരിക്കപ്പെടുന്നതും, സാക്ഷികളുടെ വേതനവും സാക്ഷികളുടെ മേൽ ചുമത്തേണ്ട ദണ്ഡനങ്ങളും സംബന്ധിച്ചുള്ള ഈ നിയമസംഹിതയിലെ വ്യവസ്ഥകൾ, ഏതു് ആളുകളോടാണോ ഈ ആർഡറിൻകീഴിൽ തെളിവു നൽകാനോ രേഖകൾ ഹാജരാക്കാനോ ആവശ്യപ്പെടുന്നത്, ആ ആളുകൾക്ക്, ഏതു കമ്മീഷന്റെ നിർവ്വഹണത്തിലാണോ അവരോട് അപ്രകാരം ആവശ്യപ്പെടുന്നത് ആ കമ്മീഷൻ ഇൻഡ്യയുടെ അതിർത്തികളുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന കോടതിയോ, ഇൻഡ്യയുടെ പുറത്തു സ്ഥിതിചെയ്യുന്ന കോടതിയോ പുറപ്പെടുവിച്ചതായാലും, ബാധകമായിരിക്കുന്നതും, ഈ ചട്ടത്തിന്റെ ആവശ്യങ്ങൾക്ക്, കമ്മീഷണർ സിവിൽ കോടതി ആയി കരുതപ്പെടുന്നതുമാകുന്നു :

എന്നാൽ കമ്മീഷണർ ഒരു സിവിൽ കോടതിയിലെ ജഡ്ജി അല്ലാത്തപ്പോൾ, അയാൾക്ക് ദണ്ഡനങ്ങൾ ചുമത്താൻ ക്ഷമതയുണ്ടായിരിക്കുന്നതല്ലാത്തതും ; എന്നാൽ കമ്മീഷൻ പുറപ്പെടുവിച്ച കോടതിക്ക് അങ്ങനെയുള്ള കമ്മീഷണറുടെ അപേക്ഷയിൻമേൽ അങ്ങനെയുള്ള ദണ്ഡനങ്ങൾ ചുമത്താവുന്നതും ആണ്.

(2) കമ്മീഷണർക്ക്, ഏത് കോടതിയുടെ അധികാരം തദ്ദേശാതിർത്തികൾക്കുള്ളിലാണോ ഒരു സാക്ഷി താമസമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കോടതിയോട് (ഒരു ഹൈക്കോടതി അല്ലാത്തത്) അങ്ങനെയുള്ള സാക്ഷിക്കോ സാക്ഷിക്ക് എതിരായോ പുറപ്പെടുവിക്കുന്നത് ആവശ്യകമാണെന്നു താൻ കാണുന്ന ഏതെങ്കിലും പ്രോസസ്സ് പുറപ്പെടുവിക്കാൻ അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, ന്യായമായതും തക്കതുമാണെന്ന് അത് കരുതുന്ന പ്രോസസ്സ് പുറപ്പെടുവിക്കാവുന്നതും ആകുന്നു.

18. കക്ഷികൾ കമ്മീഷണറുടെ മുൻപാകെ ഹാജരാകണമെന്ന്.— (1) ഈ ആർഡറിൻകീഴിൽ കമ്മിഷൻ പുറപ്പെടുവിക്കുന്നിടത്ത്, കോടതി, വ്യവഹാരത്തിലെ കക്ഷികൾ കമ്മീഷണറുടെ മുൻപാകെ നേരിട്ടോ അവരുടെ ഏജൻറുമാരോ പ്ലീഡർമാരോ മുഖാന്തരമോ ഹാജരാവണമെന്നു നിദേശിക്കേണ്ടതാകുന്നു.

(2) കക്ഷികൾ എല്ലാവരുമോ, അവരിൽ ആരെങ്കിലുമോ അപ്രകാരം ഹാജരാകാത്തിടത്ത്, കമ്മീഷണർക്ക് അവരുടെ അസാന്നിദ്ധ്യത്തിൽ നടപടി തുടരാവുന്നതാണ്.

18ക. ആർഡർ നടത്തൽ നടപടികൾക്ക് ബാധകമാകുന്നത്.— ഈ ആർഡറിലെ വ്യവസ്ഥകൾ, ആകുന്നത്ര ഒരു വിധിയുടേയോ ഉത്തരവിൻേറയോ നടത്തലിലെ നടപടികൾക്ക് ബാധകമാകുന്നതാണ്.

18ഖ. കമ്മീഷൻ മടക്കാൻ കോടതി ഒരു സമയം നിജപ്പെടുത്തണമെന്ന്.— ഒരു കമ്മീഷൻ പുറപ്പെടുവിക്കുന്ന കോടതി, ഏതു തീയതിയോ അതിനു മുൻപോ ആണോ കമ്മീഷൻ നിർവ്വഹണത്തിനുശേഷം മടക്കേണ്ടത്, അങ്ങനെയുള്ള ഒരു തീയതി നിജപ്പെടുത്തേണ്ടതും, അപ്രകാരം നിജപ്പെടുത്തുന്ന തീയതി, ആ തീയതി നീട്ടിക്കൊടുക്കാൻ മതിയായ കാരണമുണ്ടെന്നു റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടുന്നിടത്തൊഴികെ, നീട്ടിക്കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

## വിദേശ ട്രിബ്യൂണലുകളുടെ അർത്ഥനയിൻമേൽ പുറപ്പെടുവിക്കുന്ന കമ്മീഷനുകൾ

19. സാക്ഷിയെ ഏതു സംഗതികളിലാണ് വിസ്തരിക്കാൻ ഹൈക്കോടതിക്ക് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതെന്ന്.— (1) ഒരു ഹൈക്കോടതിക്ക്,—

(ക) ഒരു വിദേശരാജ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒരു വിദേശക്കോടതി, അതിൻെറ മുൻപാകെയുള്ള ഏതെങ്കിലും നടപടിയിൽ ഒരു സാക്ഷിയുടെ തെളിവു ലഭിക്കാൻ ആഗ്രഹിക്കുന്നുവെന്നും ;

(ഖ) ആ നടപടി ഒരു സിവിൽ പ്രകൃതത്തിലുള്ളതാണെന്നും;

(ഗ) ആ സാക്ഷി, ഹൈക്കോടതിയുടെ അപ്പീലധികാരിതയുടെ അതിർത്തികൾക്കുള്ളിൽ താമസിക്കുകയാണെന്നും,

ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന് 20-ാം ചട്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, അങ്ങനെയുള്ള സാക്ഷിയുടെ വിസ്താരത്തിന് ഒരു കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപചട്ടത്തിലെ (ക) യും (ഖ) യും (ഗ) യും ഖണ്ഡങ്ങളിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങളെക്കുറിച്ച്,—

(ക) ഇൻഡ്യയിലുള്ള, ആ വിദേശരാജ്യത്തിലെ ഏററവും ഉയർന്ന പദവിയിലുള്ള കാൺസുലാർ ഉദ്യോഗസ്ഥൻ ഒപ്പിടുന്നതും, കേന്ദ്രഗവൺമെൻറ് വഴി ഹൈക്കോടതിക്ക് എത്തിച്ചുകൊടുക്കുന്നതുമായ ഒരു സർട്ടിഫിക്കററ് വഴിയോ ;

അല്ലെങ്കിൽ

(ഖ) ആ വിദേശക്കോടതി പുറപ്പെടുവിക്കുന്നതും കേന്ദ്രഗവൺമെൻറ് വഴി ഹൈക്കോടതിക്ക് എത്തിച്ചുകൊടുക്കുന്നതുമായ ഒരു അപേക്ഷാപത്രം വഴിയോ, അല്ലെങ്കിൽ

(ഗ) ആ വിദേശക്കോടതി പുറപ്പെടുവിക്കുന്നതും ഹൈക്കോടതി മുമ്പാകെ നടപടിയിലെ ഒരു കക്ഷി ഹാജരാക്കുന്നതുമായ ഒരു അപേക്ഷാപത്രം വഴിയോ

തെളിവു നല്കാവുന്നതാണ്.

20. <u>കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അപേക്ഷ.</u>— ഹൈക്കോടതിക്ക്,—

(ക) ആ വിദേശക്കോടതിക്കു മുമ്പാകെയുള്ള നടപടിയിലെ ഒരു കക്ഷിയുടെ അപേക്ഷയിൻമേലോ,

അല്ലെങ്കിൽ

(ഖ) സ്റേററു ഗവൺമെൻറിൻെറ, സ്റേററ് ഗവൺമെൻറിൽനിന്നുള്ള ആദേശങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു നിയമ ഉദ്യോഗസ്ഥൻെറ യിൻമേലോ ;

19-ാം ചട്ടത്തിൻ കീഴിൽ കമ്മീഷൻ പുറപ്പെടുവിക്കാവുന്നതാണ്.

21. <u>കമ്മീഷൻ ഏത് ആൾപേർക്ക് പുറപ്പെടുവിക്കാമെന്ന്.</u>— 19-ാം ചട്ടത്തിൻ കീഴിലെ ഒരു കമ്മീഷൻ, ഏതു കോടതിയുടെ അധികാരിതയുടെ അതിർത്തികൾക്കുള്ളിലാണോ സാക്ഷി താമസമുള്ളത്, ആ കോടതിപേർക്കോ, അല്ലെങ്കിൽ സാക്ഷി, ഹൈക്കോടതിയുടെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസമുള്ളിടത്ത് കമ്മീഷൻ നിർവ്വഹിക്കാൻ പററിയ ആളാണെന്ന് കോടതിക്ക് തോന്നുന്ന ഏതെങ്കിലും ആൾപേർക്കോ പുറപ്പെടുവിക്കാവുന്നതാണ്.

22. <u>കമ്മീഷനുകളുടെ പുറപ്പെടുവിക്കലും, നിർവ്വഹണവും, മടക്കലും വിദേശക്കോടതിക്കു തെളിവ് എത്തിച്ചുകൊടുക്കലും.</u>— ഈ ആർഡറിലെ 6-ഉം, 15-ഉം, 16ക (1)-ഉം, 17-ഉം, 18-ഉം, 18ഖ-യും ചട്ടങ്ങളിലെ വ്യവസ്ഥകൾ, അവ ബാധകമാകുന്നിടത്തോളം, അങ്ങനെയുള്ള കമ്മീഷനുകളുടെ പുറപ്പെടുവിക്കലിനും നിർവ്വഹണത്തിനും മടക്കലിനും ബാധകമായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കമ്മീഷൻ മുറപ്രകാരം നിർവ്വഹിക്കപ്പെട്ടിരിക്കുമ്പോൾ, അത്, അതിൻകീഴിൽ എടുത്തിട്ടുള്ള തെളിവുസഹിതം, ഹൈക്കോടതിക്ക് മടക്കേണ്ടതും, ഹൈക്കോടതി അതു അപേക്ഷാപത്രം സഹിതം വിദേശക്കോടതിക്കു എത്തിച്ചുകൊടുക്കുന്നതിനായി കേന്ദ്രഗവൺമെൻറിന് അയയ്ക്കേണ്ടതും ആകുന്നു.

# ആർഡർ XXVII

## ഗവൺമെൻറിനാലോ അതിനെതിരായോ അല്ലെങ്കിൽ തങ്ങളുടെ ഔദ്യോഗികനിലയിൽ പബ്ലിക് ഉദ്യോഗസ്ഥൻമാരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ

1. ഗവൺമെൻറിനാലോ അതിന് എതിരായോ ഉള്ള വ്യവഹാരങ്ങൾ.— ഗവൺമെൻറിനാലോ, അതിന് എതിരായോ ഉള്ള ഏതെങ്കിലും വ്യവഹാരത്തിൽ അന്യായമോ പത്രികയോ ഗവൺമെൻറ് ഇതിലേക്ക്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിയമിക്കുന്ന ആൾ ഒപ്പിടേണ്ടതും, ഗവൺമെൻറ് അപ്രകാരം നിയമിക്കുന്നവനും കേസ്സിൻെറ വസ്തുതകൾ നേരിട്ടേ അറിയുന്നവനുമായ ഏതെങ്കിലും ആൾ സത്യബോധപ്പെടുത്തേണ്ടതും ആകുന്നു

2. ഗവൺമെൻറിനുവേണ്ടി പ്രവർത്തിക്കാൻ പ്രാധികാരപ്പെടുത്തപ്പെടുന്ന ആളുകൾ.— ഏതെങ്കിലും നീതിന്യായ നടപടി സംബന്ധിച്ച്, ഗവൺമെൻറിനുവേണ്ടി പ്രവർത്തിക്കാൻ എക്സ് ആഫിഷ്യോ ആയോ മററുവിധത്തിലോ പ്രാധികാരപ്പെടുത്തപ്പെടുന്ന ആളുകൾ ഗവൺമെൻറിനുവേണ്ടി, ഈ നിയമസംഹിതയ്ക്കു കീഴിലെ ഹാജരാകലുകളും കൃത്യങ്ങളും അപേക്ഷകളു ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്ന അംഗീകൃത ഏജൻറുമാരായി കരുതപ്പെടുന്നതാകുന്നു.

3. ഗവൺമെൻറിനാലോ, അതിന് എതിരായോ ഉള്ള വ്യവഹാരങ്ങളിലെ അന്യായങ്ങൾ.— ഗവൺമെൻറിനാലോ, അതിന് എതിരായോ ഉള്ള വ്യവഹാരങ്ങളിൽ, അന്യായത്തിൽ വാദിയുടെയോ പ്രതിയുടേയോ പേരും വിവരണവു വാസസ്ഥലവും ചേർക്കുന്നതിനു പകരം, 79-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നതുപോലെയുള്ള സമുചിതമായ പേരു ചേർത്താൽ മതിയാകുന്നതാണ്.

4. പ്രോസസ്സ് സ്വീകരിക്കാൻ ഗവൺമെൻറിനുള്ള ഏജൻറ്.— ഏതെങ്കിലും കോടതിയിലെ ഗവൺമെൻറ് പ്ലീഡർ, അങ്ങനെയുള്ള കോടത പുറപ്പെടുവിക്കുന്ന ഗവൺമെൻറിനെതിരായുള്ള പ്രോസസ്സുകൾ സ്വീകരിക്കുന്ന ആവശ്യത്തിന്, ഗവൺമെൻറിൻെറ ഏജൻറായിരിക്കുന്നതാണ്.

5. ഗവൺമെൻറിനുവേണ്ടി ഹാജരാകുന്നതിന് ദിവസം നിജപ്പെടുത്തുന്നത്. ഗവൺമെൻറ്, അന്യായത്തിന് ഉത്തരം പറയുന്നതിനുള്ള ദിവസം നിജപ്പെടുത്തുന്നതിൽ, ഗവൺമെൻറിന് കോടതി മുറയ്ക്കുള്ള മാർഗ്ഗത്തിലൂടെ ആവശ്യമായ അറിയിപ്പ് നല്കുന്നതിനും, ഗവൺമെൻറിനുവേണ്ടി ഹാജരാകുകയു ഉത്തരം പറയുകയും ചെയ്യാൻ ഗവൺമെൻറ് പ്ലീഡർക്ക് ആദേശം പുറപ്പെടുവിക്കുന്നതിനും ന്യായമായ സമയം അനുവദിക്കേണ്ടതും, കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് സമയം നീട്ടിക്കൊടുക്കാവുന്നതും, എന്നാൽ അപ്രകാരം നീട്ടിക്കൊടുക്കുന്ന സമയം ഒട്ടാകെ രണ്ടുമാസത്തിൽ കവിയാൻ പാടില്ലാത്തതു ആകുന്നു.

5ക. പബ്ലിക് ഉദ്യോഗസ്ഥന് എതിരായി വ്യവഹാരത്തിൽ ഗവൺമെൻറിനെ ഒരു കക്ഷിയായി ചേർക്കണമെന്ന്.— ഒരു പബ്ലിക് ഉദ്യോഗസ്ഥനെതിരായി, അയാൾ തൻെറ ഔദ്യോഗിക നിലയിൽ ചെയ്തിട്ടുള്ളതായി ആഖ്യാപിക്കപ്പെടുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച് നഷ്ടപരിഹാരത്തിനോ മററു നിവൃത്തിക്കോ ഒരു വ്യവഹാരം ആരംഭിക്കുന്നിടത്ത് ഗവൺമെൻറിനെ വ്യവഹാരത്തിലെ ഒരു കക്ഷിയായി ചേർക്കേണ്ടതാകുന്നു.

5ഖ. ഗവൺമെൻറിനോ ഒരു പബ്ലിക് ഉദ്യോഗസ്ഥനോ എതിരായുള്ള വ്യവഹാരങ്ങളിൽ, ഒരു ഒത്തുതീർപ്പിൽ എത്തുന്നതിന് സഹായിക്കാനുള്ള കോടതിയുടെ കർത്തവ്യം .— (1) ഗവൺമെൻറോ, അല്ലെങ്കിൽ തൻെറ ഔദ്യോഗികനിലയിൽ പ്രവർത്തിക്കുന്ന പബ്ലിക് ഉദ്യോഗസ്ഥനോ, ഒരു കക്ഷിയായിരിക്കുന്ന ഏതൊരു വ്യവഹാരത്തിലും, അല്ലെങ്കിൽ നടപടിയിലും ആദ്യമായി വ്യവഹാരത്തിലെ വിഷയ വസ്തു സംബന്ധിച്ച് ഒരു ഒത്തുതീർപ്പിൽ എത്തുന്നതിന് കക്ഷികളെ സഹായിക്കാനുള്ള ഏതൊരു യത്നവും ചെയ്യുന്നത് സംഗതിയുടെ പ്രകൃതത്തോടും പരിതഃസ്ഥിതികളോടും സംഗതമായി, അത് സാദ്ധ്യമാകുന്നിടത്ത്, കോടതിയുടെ കർത്തവ്യമായിരിക്കുന്നതാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ, ഏതെങ്കിലും ഘട്ടത്തിൽ, കക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പിനു ന്യായമായ സാദ്ധ്യത ഉണ്ടെന്നു തോന്നുന്നുവെങ്കിൽ കോടതിക്ക് അങ്ങനെയുള്ള ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ ശ്രമങ്ങൾ നടത്താൻ കഴിവുണ്ടാക്കുന്നതിനായി യുക്തമെന്നു തോന്നുന്ന കാലത്തേയ്ക്കു നടപടി നീട്ടി വയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപചട്ടത്തിൻകീഴിൽ നല്കുന്ന അധികാരം, നടപടി നീട്ടി വയ്ക്കാനുള്ള കോടതിയുടെ മറേറതെങ്കിലും അധികാരത്തിന് പുറമേയുള്ളതാകുന്നു.

6. ഗവൺമെൻറിന് എതിരായുള്ള വ്യവഹാരം സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുന്ന ആൾ സന്നിഹിതനാകുന്നത് .— ഗവൺമെൻറ് പ്ലീഡറോടൊപ്പം, വ്യവഹാരം സംബന്ധിച്ച ഏതെങ്കിലും സാരവത്തായ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുന്ന ഗവൺമെൻറു ഭാഗത്തെ ഏതെങ്കിലും ആൾ ഇല്ലാതിരിക്കുന്ന ഏതെങ്കിലും സംഗതിയിൽ, കോടതിക്ക് അങ്ങനെയുള്ള ആൾ സന്നിഹിതനാകണമെന്നു നിദേശിക്കാവുന്നതും ആകുന്നു.

7. ഗവൺമെൻറിലേയ്ക്ക് റഫർ ചെയ്യുന്നതിന് പബ്ലിക് ഉദ്യോഗസ്ഥന് കഴിവുണ്ടാക്കാൻ സമയം നീട്ടിക്കൊടുക്കുന്നത് .— (1) പ്രതി, പബ്ലിക് ഉദ്യോഗസ്ഥൻ ആയിരിക്കുകയും, അന്യായത്തിന് ഉത്തരം പറയുന്നതിനു മുൻപ്, ഗവൺമെൻറിനു റഫർ ചെയ്യുന്നത് ഉചിതമായിരിക്കുമെന്നു സമൺസ് കിട്ടുന്നതിൻമേൽ, കരുതുകയും ചെയ്യുന്നിടത്ത്, സമൺസിൽ നിജപ്പെടുത്തിയ സമയം, അയാൾക്ക് മുറയ്ക്കുള്ള മാർഗ്ഗത്തിലൂടെ ഗവൺമെൻറിന് റഫർ ചെയ്യുകയും, അതിൻമേൽ ഉത്തരവുകൾ ലഭിക്കുകയും ചെയ്യാൻ തനിക്ക് കഴിവുണ്ടാക്കുന്നതിന് ആവശ്യമായത്ര നീട്ടുന്നതിന് അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപേക്ഷയിൻമേൽ, കോടതി, സമയം, ആവശ്യമാണെന്നു അതിനു തോന്നുന്നത്ര നീട്ടിക്കൊടുക്കേണ്ടതാകുന്നു.

8. പബ്ലിക് ഉദ്യോഗസ്ഥന് എതിരായ വ്യവഹാരങ്ങളിലെ നടപടിക്രമം.—(1) ഗവൺമെൻറ് ഒരു പബ്ലിക് ഉദ്യോഗസ്ഥന് എതിരായ ഒരു വ്യവഹാരത്തിൻെറ പ്രതിവാദം ഏറെറടുക്കുന്നിടത്ത്, ഹാജരാകാനും അന്യായത്തിന് ഉത്തരം പറയാനും പ്രാധികാരം നല്കപ്പെടുന്നതിൻമേൽ ഗവൺമെൻറ് പ്ലീഡർ കോടതിയോട് അപേക്ഷിക്കേണ്ടതും, അങ്ങനെയുള്ളഅപേക്ഷയിൻമേൽ, കോടതി, അയാളുടെ പ്രാധികാരത്തെക്കുറിച്ചുള്ള ഒരു കുറിപ്പ്, സിവിൽവ്യവഹാരങ്ങളുടെ രജിസ്ററിൽ ചേർക്കേണ്ടതുമാകുന്നു.

(2) നോട്ടീസിൽ, പ്രതി ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാൻ നിജപ്പെടുത്തുന്ന ദിവസമോ, അതിനുമുൻപോ, ഗവൺമെൻറ് പ്ലീഡർ (1)-ാം ഉപചട്ടത്തിൻകീഴിൽ യാതൊരു അപേക്ഷയും കൊടുക്കാതിരിക്കുന്നിടത്ത്, കേസ് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള ഒരു വ്യവഹാരത്തിൽ എന്നപോലെ തുടരേണ്ടതാകുന്നു.

എന്നാൽ ഒരു വിധിയുടെ നടത്തലിലല്ലാതെ, പ്രതി അറസ്റ്റിനോ അയാളുടെ വസ്തു ജപ്തിക്കോ വിധേയമായിരിക്കുന്നതല്ല.

8ക. ചില സംഗതികളിൽ ഗവൺമെൻറിൽ നിന്നോ പബ്ലിക് ഉദ്യോഗസ്ഥനിൽ നിന്നോ ജാമ്യം ആവശ്യപ്പെടരുതെന്ന്.—ഗവൺമെൻറിൽനിന്നോ വ്യവഹാരത്തിൻെറ പ്രതിവാദം ഗവൺമെൻറ് ഏറെറടുത്തിട്ടുള്ളിടത്ത്, ഏത് പബ്ലിക് ഉദ്യോഗസ്ഥന് എതിരായാണോ, അയാൾ, തൻെറ ഔദ്യോഗിക നിലയിൽ ചെയ്തതായി ആഖ്യാപിക്കപ്പെടുന്ന ഒരു കൃത്യം സംബന്ധിച്ച് വ്യവഹാരപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും പബ്ലിക് ഉദ്യോഗസ്ഥനിൽ നിന്നോ, ആർഡർ XLI-ലെ 5-ം, 6-ം ചട്ടങ്ങളിൽ പറയുന്നതുപോലെയുള്ള യാതൊരു ജാമ്യവും ആവശ്യപ്പെടാൻ പാടുള്ളതല്ല.

8ഖ. "ഗവൺമെൻറിനും, ഗവൺമെൻറ് പ്ലീഡർക്കു"മുള്ള നിർവ്വചനങ്ങൾ.—മററുവിധത്തിൽ പ്രകടമായിവ്യവസ്ഥചെയ്യാത്തപക്ഷം, ഈ ആർഡറിൽ 'ഗവൺമെൻറി'നും "ഗവൺമെൻറ് പ്ലീഡർ"ക്കും യഥാക്രമം താഴെപ്പറയുന്ന അർത്ഥമുണ്ടായിരിക്കുന്നതാണ്,—

(ക) കേന്ദ്രഗവൺമെൻറിനാലോ അതിനെതിരായോ ഉള്ളതോ, അല്ലെങ്കിൽ ആ ഗവൺമെൻറിൻെറ സർവ്വീസിലുള്ള ഒരു പബ്ലിക് ഉദ്യോഗസ്ഥന് എതിരായുള്ളതോ ആയ ഏതെങ്കിലും വ്യവഹാരം സംബന്ധിച്ച്, കേന്ദ്രഗവൺമെൻറ് എന്നും, ഈ ആർഡറിൻെറ ആവശ്യങ്ങൾക്ക്, ആ ഗവൺമെൻറ് സാമാന്യമോ പ്രത്യേകമോ ആയി നിയമിക്കുന്ന പ്ലീഡർ എന്നും;

(ഖ) [വിട്ടുകളയപ്പെട്ടു]

(ഗ) ഒരു സ്റേററ് ഗവൺമെൻറിനാലോ, അതിനെതിരായോ ഉള്ളതോ, അല്ലെങ്കിൽ ഒരു സ്റേററിൻെറ സർവ്വീസിലുള്ള ഒരു പബ്ലിക് ഉദ്യോഗസ്ഥന് എതിരായുള്ളതോ ആയ ഏതെങ്കിലും വ്യവഹാരം സംബന്ധിച്ച്, സ്റേററ് ഗവൺമെൻറ് എന്നും, 2-ാം വകുപ്പ് 7-ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഗവൺമെൻറ് പ്ലീഡർ അല്ലെങ്കിൽ ഈ ആർഡറിൻെറ ആവശ്യങ്ങൾക്ക് സ്റേററ് ഗവൺമെൻറ് സാമാന്യമോ പ്രത്യേകമോ ആയി നിയമിക്കുന്ന മററു പ്ലീഡർ, എന്നും.

## ആർഡർ XXVII ക

## ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും സ്റാററ്യൂട്ടറി പ്രമാണത്തിൻെറ സാധുത സംബന്ധിച്ചോ ഉള്ള സാരവത്തായ നിയമപ്രശ്നം ഉൾക്കൊള്ളുന്ന വ്യവഹാരങ്ങൾ

1. അറേറാർണി ജനറലിനോ അഡ്വക്കേററ് ജനറലിനോ ഉള്ള നോട്ടീസ്.—ഭരണഘടനയിലെ 147-ാം അനുച്ഛേദത്തോടു ചേർത്ത് വായിക്കപ്പെടുന്ന 132-ാം അനുഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും പ്രശ്നം ഉൾക്കൊള്ളുന്നതാണെന്ന് കോടതിക്കു തോന്നുന്ന ഏതെങ്കിലും വ്യവഹാരത്തിൽ കോടതി ആ പ്രശ്നം തീർപ്പിക്കുന്നതിന്, ആ നിയമപ്രശ്നം കേന്ദ്രഗവൺമെൻറിനെ സംബന്ധിക്കുന്നതാണെങ്കിൽ, ഇൻഡ്യയുടെ അറേറാർണി ജനറലിനും, നിയമ പ്രശ്നം ഒരു സ്റേററു ഗവൺമെൻറിനെ സംബന്ധിക്കുന്നതാണെങ്കിൽ ആ സ്റേററിലെ അഡ്വക്കേററ് ജനറലിനും നോട്ടീസ് കൊടുത്തതിനുശേഷം അല്ലാതെ, നടപടി തുടരാൻ പാടുള്ളതല്ല.

1ക. ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രമാണത്തിൻെറ സാധുത ഉൾക്കൊള്ളുന്ന വ്യവഹാരത്തിലെ നടപടിക്രമം.—1-ാം ചട്ടത്തിൽ പറയുന്ന പ്രകൃതത്തോടുകൂടിയല്ലാത്തതും, ഏതെങ്കിലും സ്ററാററ്യൂട്ടറിപ്രമാണത്തിൻെറ സാധുതയെക്കുറിച്ചുള്ളതുമായ ഏതെങ്കിലും പ്രശ്നം ഉൾക്കൊള്ളുന്നതാണെന്ന് കോടതിക്ക് തോന്നുന്ന ഏതെങ്കിലും വ്യവഹാരത്തിൽ, കോടതി, ആ പ്രശ്നം തീർപ്പാക്കുന്നതിന്,—

(ക) പ്രശ്നം ഗവൺമെൻറിനെ സംബന്ധിക്കുന്നതാണെങ്കിൽ, ഗവൺമെൻറ് പ്ലീഡർക്കോ, അല്ലെങ്കിൽ

(ഖ) പ്രശ്നം ഗവൺമെൻറല്ലാത്ത ഒരു അധികാരസ്ഥാനത്തെ സംബന്ധിക്കുന്നതാണെങ്കിൽ, ആ സ്ററാററ്യൂട്ടറി പ്രമാണം പുറപ്പെടുവിച്ച അധികാരസ്ഥാനത്തിനോ; നോട്ടീസ് നൽകിയതിനുശേഷമല്ലാതെ നടപടി തുടരാൻ പാടുള്ളതല്ല.

2. കോടതിക്ക് ഗവൺമെൻറിനെ കക്ഷിയായി ചേർക്കാമെന്ന്.—ഭരണഘടനയിലെ 147-ാം അനുച്ഛേദത്തോട് ചേർത്തുവായിക്കപ്പെടുന്ന 132-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും വ്യവഹാരത്തിൽ, കേന്ദ്രഗവൺമെൻറിനേയോ ഒരു സ്റേററ് ഗവൺമെൻറിനേയോ ഒരു പ്രതിയായി ചേർക്കാൻ, അതതുസംഗതിപോലെ, ഇൻഡ്യയിലെ അറേറാർണി ജനറലോ സ്റേററിലെ അഡ്വക്കേററ് ജനറലോ 1-ാം ചട്ടത്തിൻകീഴിൽ നോട്ടീസ് കിട്ടുന്നതിൻമേലോ, അല്ലാതെയോ അപേക്ഷിക്കുകയും അപ്രകാരം ചേർക്കുന്നത് ഉൾക്കൊള്ളുന്ന നിയമപ്രശ്നത്തിൻെറതൃപ്തികരമായ തീർപ്പിന് ആവശ്യകമോ അഭിലഷണീയമോ ആണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ കോടതിക്ക് അപ്രകാരം ചേർക്കേണ്ടതാണെന്ന് നടപടികളുടെ ഏത് ഘട്ടത്തിലും ഉത്തരവു ചെയ്യാവുന്നതാണ്.

2ക. ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രമാണത്തിൻെറ സാധുതയെ സംബന്ധിച്ച ഒരു വ്യവഹാരത്തിൽ, ഗവൺമെൻറിനേയോ മററു അധികാരസ്ഥാനത്തേയോ ഒരു പ്രതിയായി ചേർക്കാനുള്ള കോടതിയുടെ അധികാരം.—1ക ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും വ്യവഹാരത്തിലെ നടപടികളുടെ ഏതു ഘട്ടത്തിലും, കോടതിക്ക്, ഗവൺമെൻറിനേയോ, മററ് അധികാരസ്ഥാനത്തേയോ ഒരു പ്രതിയായി ചേർക്കാൻ, അതതു സംഗതിപോലെ, ഗവൺമെൻറ് പ്ലീഡറോ ആ പ്രമാണം പുറപ്പെടുവിച്ച അധികാരസ്ഥാനത്തിനുവേണ്ടി കേസിൽ ഹാജരാകുന്ന പ്ലീഡറോ 1ക ചട്ടത്തിൻ കീഴിൽ നോട്ടീസ് കിട്ടുന്നതിൻമേലോ അല്ലാതെയോ അപേക്ഷിക്കുകയും, അപ്രകാരം കക്ഷിചേർക്കുന്നത് പ്രശ്നത്തിൻെറ തൃപ്തികരമായ തീർപ്പിന് ആവശ്യകമോ അഭിലഷണീയമോ ആണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ അപ്രകാരം ചേർക്കേണ്ടതാണെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

3. കോടതിച്ചെലവ്.—2-ാം ചട്ടത്തിനോ 2ക ചട്ടത്തിനോ കീഴിൽ, ഗവൺമെൻറോ മറേറതെങ്കിലും അധികാരസ്ഥാനമോ ഒരു വ്യവഹാരത്തിൽ, ഒരു പ്രതിയായി ചേർക്കപ്പെടുന്നിടത്ത്, അപ്രകാരം ചേർക്കാൻ ഉത്തരവു ചെയ്ത കോടതിയിലെ കോടതിച്ചെലവിന് അറേറാർണി ജനറലിനോ അഡ്വക്കേററ് ജനറലിനോ, ഗവൺമെൻറ് പ്ലീഡർക്കോ, ഗവൺമെൻറിനോ, മററ് അധികാരസ്ഥാനത്തിനോ, കേസിൻെറ എല്ലാ പരിതഃസ്ഥിതികളും പരിഗണിച്ച് കോടതി ഏതെങ്കിലും പ്രത്യേക കാരണത്താൽ മററുവിധത്തിൽ ഉത്തരവു ചെയ്യാത്തപക്ഷം, അവകാശമുണ്ടായിരിക്കുന്നതോ ബാദ്ധ്യതയുണ്ടായിരിക്കുന്നതോ അല്ല.

4. അപ്പീലുകൾക്ക ആർഡറിൻെറ ബാധകത.—ഈ ആർഡർ, അപ്പീലുകൾക്ക് ബാധകമാക്കുന്നതിൽ, ''പ്രതി''എന്ന് വാക്കിൽഅപ്പീൽപ്രതിയും, ''വ്യവഹാരം'' എന്ന വാക്കിൽ അപ്പീലും ഉൾപ്പെടുന്നതായി കണക്കാക്കപ്പെടുന്നതാണ്.

വിശദീകരണം.—ഈ ആർഡറിൽ ''സ്ററാററ്യൂട്ടറി'' പ്രമാണ''ത്തിന് ഏതെങ്കിലും അധിനിയമത്തിൻകീഴിൽ വിനിർദേ്ദശിക്കുന്ന പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടമോ, വിജ്ഞാപനമോ ബൈലായോ, ഉത്തരവോ, പദ്ധതിയോ, ഫാറമോ എന്നർത്ഥമാകുന്നു.

## ആർഡർ XXVIII

# സൈനികരാലോ നാവികരാലോ വൈമാനികരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ

1. അവധി ലഭിക്കാൻ കഴിയാത്ത ആഫീസർമാർക്കോ പട്ടാളക്കാർക്കോ നാവികർക്കോ അല്ലെങ്കിൽ വൈമാനികർക്കോ, തങ്ങൾക്കുവേണ്ടി വ്യവഹാരപ്പെടാനോ പ്രതിവാദം നടത്താനോ ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്താമെന്ന്.—(1) ആഫീസറോ പട്ടാളക്കാരനോ നാവികരോ വൈമാനികരോ എന്ന നിലയിൽ ഗവൺമെൻറിൻെറ കീഴിൽ യഥാർത്ഥത്തിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ആഫീസർക്കോ പട്ടാളക്കാരനോ നാവികനോ, വൈമാനികനോ ഒരു വ്യവഹാരത്തിലെ കക്ഷിയായിരിക്കുകയും, ആ വ്യവഹാരം നേരിട്ട് നടത്തുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യുന്ന ആവശ്യത്തിന് അവധി ലഭിക്കാൻ അയാൾക്ക് കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾക്ക് തൻെറ സ്ഥാനത്ത് വ്യവഹാരപ്പെടാനോ പ്രതിവാദം ചെയ്യാനോ ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്താവുന്നതാണ്.

(2) പ്രാധികാരം ലിഖിതമായിരിക്കേണ്ടതും, ആ ആഫീസറോ പട്ടാളക്കാരനോ, നാവികനോ വൈമാനികനോ, (ക) അയാളുടെ കമാൻഡിങ്ങ് ആഫീസറുടേയോ, കക്ഷിതന്നെ കമാൻറിങ്ങ് ആഫീസർആണെങ്കിൽ, അടുത്ത കീഴുദ്യോഗസ്ഥൻേറയോ, അല്ലെങ്കിൽ (ഖ) ആഫീസറോ, പട്ടാളക്കാരനോ, നാവികനോ, വൈമാനികനോ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ സ്ററാഫ നിയോജനത്തിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നിടത്ത്, അയാൾ നിയോജിക്കപ്പെട്ടിരിക്കുന്നത് ഏത് ആഫീസിലാണോ, ആ ആഫീസിലെ മേധാവിയുടേയോ, മററ് മേലുദ്യോഗസ്ഥൻെറയോ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടതായിരിക്കേണ്ടതും ആകുന്നു. അങ്ങനെയുള്ള കമാൻഡിങ്ങ് ആഫീസറോ മററുദ്യോഗസ്ഥനോ, ആ പ്രാധികാരം മേലൊപ്പ് വയ്ക്കേണ്ടതും, അത് കോടതിയിൽ ഫയൽ ചെയ്യപ്പെടേണ്ടതുമാകുന്നു.

(3) അപ്രകാരം ഫയൽ ചെയ്യപ്പെടുമ്പോൾ, ആ മേലൊപ്പ്, പ്രാധികാരം മുറപ്രകാരം ഒപ്പിട്ടു പൂർത്തീകരിക്കപ്പെട്ടുവെന്നും, അത് നൽകിയ ആഫീസറോ പട്ടാളക്കരനോ, നാവികനോ, വൈമാനികനോ വ്യവഹാരം നേരിട്ടുനടത്തുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യുന്ന ആവശ്യത്തിന് അവധി ലഭിക്കാൻ കഴിഞ്ഞില്ലെന്നും ഉള്ളതിൻെറ മതിയായ തെളിയിക്കലായിരിക്കുന്നതാണ്.

വിശദീകരണം.—ഈ ആർഡറിൽ 'കമാൻഡിങ്ങ് ആഫീസർ' എന്ന പദത്തിന് ആ ആഫീസറോ, പട്ടാളക്കാരനോ, നാവികനോ വൈമാനികനോപെടുന്ന ഏതെങ്കിലും റജിമെൻറിൻേറയോ, കോറിൻേറയോ, കപ്പലിൻേറയോ, ഡിററാച്ച്മെൻറിൻേറയോ ഡിപ്പോവിൻെറയോ തൽസമയത്തെ യഥാർത്ഥ കമാൻഡ് ഉള്ള ആഫീസർ എന്നർത്ഥമാകുന്നു.

2. അപ്രകാരം പ്രാധികാരപ്പെടുത്തപ്പെടുന്ന ആൾക്ക് നേരിട്ട് പ്രവർത്തിക്കുകയോ പ്ലീഡറെ നിയമിക്കുകയോ ചെയ്യാമെന്ന്.—ഒരു വ്യവഹാരം, തന്റെ സ്ഥാനത്ത് നടത്താനോ പ്രതിവാദം ചെയ്യാനോ ഒരു ആഫീസറാലോ പട്ടാളക്കാരനാലോ നാവികനാലോ വൈമാനികനാലോ പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതൊരാൾക്കും, അത്, ആ ആഫീസറോ പട്ടാളക്കാരനോ, നാവികനോ, വൈമാനികനോ താൻ സന്നിഹിതനാണെങ്കിൽ ചെയ്യാൻ കഴിയുന്ന അതേരീതിയിൽ നേരിട്ട് നടത്തുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യാവുന്നതാണ്: അല്ലെങ്കിൽ അയാൾക്ക് അങ്ങനെയുള്ള ആഫീസറോ, പട്ടാളക്കാരനോ, നാവികനോ, വൈമാനികനോവേണ്ടിആ വ്യവഹാരം നടത്താനോ പ്രതിവാദം ചെയ്യാനോ ഒരു പ്ലീഡറെ നിയമിക്കാവുന്നതാണ്.

3. അപ്രകാരം പ്രാധികാരപ്പെടുത്തപ്പെടുന്ന ആൾക്കോ അയാളുടെ പ്ലീഡർക്കോ നടത്തുന്നത് സാധുവായ നടത്തലാണെന്ന്.—1-ാം ചട്ടത്തിൻകീഴിൽ ഒരു ആഫീസറാലോ പട്ടാളക്കാരനാലോ നാവികനാലോ വൈമാനികനാലോ പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ആൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ആളാൽ മുൻപറഞ്ഞതുപോലെ നിയമിക്കപ്പെടുന്ന ഏതെങ്കിലും പ്ലീഡർക്കോ നടത്തുന്ന ഏതെങ്കിലും പ്രാസസ്സുകൾക്ക്, അവ കക്ഷിയ്ക്ക് നേരിട്ടു നടത്തിയിരുന്നാലെന്നപോലെയുള്ള പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

## ആർഡർ XXIX

## ഏകാംഗയോഗങ്ങളാലോ അവയ്ക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ

1. പ്ലീഡിങ് പേരെഴുതി ഒപ്പിടുന്നതും സത്യബോധപ്പെടുത്തുന്നതും.—ഒരു ഏകാംഗയോഗത്താലോ അതിനെതിരായോ ഉള്ള വ്യവഹാരങ്ങളിൽ, ഏതെങ്കിലും പ്ലീഡിങ്, ഏകാംഗയോഗത്തിന്റെ സെക്രട്ടറിക്കോ കേസ്സിന്റെ വസ്തുതകളെക്കുറിച്ച് മൊഴി നല്കാൻ കഴിവുള്ള അതിന്റെ ഏതെങ്കിലും ഡയറക്ടർക്കോ മററു മുഖ്യ ഉദ്യോഗസ്ഥനോ ഏകാംഗയോഗത്തിനുവേണ്ടി ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

2. ഏകാംഗയോഗത്തിനുള്ള നടത്തൽ.—പ്രാസസ്സ് നടത്തലിൽ ക്രമപ്പെടുത്തുന്ന ഏതെങ്കിലും അധിനിയമവ്യവസ്ഥയ്ക്കു വിധേയമായി, വ്യവഹാരം ഒരു ഏകാംഗയോഗത്തിന് എതിരായുള്ളതായിരിക്കുന്നിടത്ത്, സമൻസ്,—

(ക) ഏകാംഗയോഗത്തിന്റെ സെക്രട്ടറിക്കോ ഏതെങ്കിലും ഡയറക്ടർക്കോ മററു മുഖ്യ ഉദ്യോഗസ്ഥനോ ; അല്ലെങ്കിൽ

(ഖ) അത് രജിസ്റ്റേറർഡ് ആഫീസിലോ രജിസ്റ്റേറർഡ് ആഫീസില്ലെങ്കിൽ ഏകാംഗയോഗം ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന സ്ഥലത്തോ ഏല്പിക്കുന്നത് വഴിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആഫീസിലേക്കോ സ്ഥലത്തേക്കോ മേൽവിലാസം വച്ച് ഏകാംഗയോഗത്തിന് പോസ്ററ് വഴി അയച്ചുകൊടുത്തുകൊണ്ടോ,

നടത്താവുന്നതാണ്.

3. ഏകാംഗയോഗത്തിന്റെ ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള ഹാജരാകലിന് ആവശ്യപ്പെടാനുള്ള അധികാരം.—കോടതിക്ക്, വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും സെക്രട്ടറിയുടേയോ ഏകാംഗയോഗത്തിന്റെ അല്ലെങ്കിൽ വ്യവഹാരം സംബന്ധിച്ചുള്ള സാരവത്തായ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുന്ന ഏതെങ്കിലും ഡയറക്ടറുടേയോ മററു മുഖ്യ ഉദ്യോഗസ്ഥൻേറയോ നേരിട്ടുള്ള ഹാജരാകൽ ആവശ്യപ്പെടാവുന്നതാണ്.

## ആർഡർ XXX

# ഫേമുകളാലോ, അവർക്ക് എതിരായോ ഉള്ളതും, തങ്ങളുടെ സ്വന്തം നാമമല്ലാത്ത നാമങ്ങളിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആളുകളാലോ അവർക്ക് എതിരായോ ഉള്ളതും ആയ വ്യവഹാരങ്ങൾ

1. പങ്കാളികൾ ഫേമിന്റെ നാമത്തിൽ വ്യവഹാരപ്പെടുന്നത്.—(1) പങ്കാളികൾ എന്ന നിലയിൽ അവകാശപ്പെടുകയോ, ബാദ്ധ്യസ്ഥരായിരിക്കുകയോ ചെയ്യുകയും, ഇൻഡ്യയിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ആളുകൾക്കോ അവർക്കെതിരായോ വ്യവഹാര കാരണം ഉദ്ഭൂതമായ സമയത്ത് അങ്ങനെയുള്ള ആളുകൾ പങ്കാളികളായിരുന്ന ഫേമിന്റെ നാമത്തിൽ (വല്ലതും ഉണ്ടെങ്കിൽ) വ്യവഹാരപ്പെടാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിക്ക്, വ്യവഹാര കാരണം ഉദ്ഭൂതമായ സമയത്ത്, അങ്ങനെയുള്ള ഫേമിലെ പങ്കാളികളായിരുന്ന ആളുകളുടെ പേരുകളെക്കുറിച്ചും മേൽവിലാസങ്ങളെ കുറിച്ചുള്ളതും കോടതി നിദേശിക്കുന്ന രീതിയിൽ നല്കുകയും സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതുമായ ഒരു പ്രസ്താവനയ്ക്ക് കോടതിയോട് അപേക്ഷിക്കാവുന്നതുമാണ്.

(2) (1)-ാം ഉപചട്ടത്തിൻകീഴിൽ പങ്കാളികൾ എന്ന നിലയിൽ, ആളുകളോ അവർക്കെതിരായോ അവരുടെ ഫേമിന്റെ നാമത്തിൽ വ്യവഹാരപ്പെടുന്നിടത്ത് വാദിയോ പ്രതിയോ ഒപ്പിടുകയോ സത്യബോധപ്പെടുത്തുകയോ സർട്ടിഫൈ ചെയ്യുകയോ ചെയ്യേണ്ടതാണെന്ന് ഈ നിയമസംഹിതയോ, അതിൻകീഴിലോ ആവശ്യപ്പെടുന്ന ഏതെങ്കിലും പ്ലീഡിങ്ങിൻേറയോ മററു രേഖയുടേയോ സംഗതിയിൽ, അങ്ങനെയുള്ള പ്ലീഡിങ്ങോ മററു രേഖയോ അങ്ങനെയുള്ള ആളുകളിൽ ഏതെങ്കിലും ഒരാൾ ഒപ്പിടുകയോ സത്യബോധപ്പെടുത്തുകയോ സർട്ടിഫൈ ചെയ്യുകയോ ചെയ്താൽ മതിയായിരിക്കുന്നതാണ്.

2. പങ്കാളികളുടെ പേരുകൾ വെളിപ്പെടുത്തൽ.—(1) പങ്കാളികൾ തങ്ങളുടെ ഫേമിന്റെ നാമത്തിൽ ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളിടത്ത്, ഏതെങ്കിലും പ്രതിയോ പ്രതിക്ക് വേണ്ടിയോ ലിഖിതമായി ആവശ്യപ്പെടുന്നതിൻമേൽ വാദിയോ അവരുടെ പ്ലീഡറോ ഉടനടി, ഏത് ഫേമിന് വേണ്ടിയാണോ വ്യവഹാരം ആരംഭിക്കപ്പെട്ടിട്ടുള്ളത്, ആ ഫേമിനെ ഫേമാക്കുന്ന എല്ലാ ആളുകളുടേയും പേരുകളും താമസസ്ഥലങ്ങളും ലിഖിതമായി പ്രഖ്യാപിക്കേണ്ടതാകുന്നു.

(2) വാദികളോ അവരുടെ പ്ലീഡറോ (1)-ാം ഉപചട്ടത്തിൻകീഴിൽ ചെയ്യപ്പെടുന്ന ഏതെങ്കിലും ആവശ്യപ്പെടൽ അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്ത്, അതിലേക്കുള്ള അപേക്ഷയിൻമേൽ വ്യവഹാരത്തിലെ എല്ലാ നടപടികളും കോടതി നിദേശിക്കുന്ന നിബന്ധനകളിൻമേൽ നിറുത്തിവയ്ക്കാവുന്നതാണ്.

(3) പങ്കാളികളുടെ പേരുകൾ (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന രീതിയിൽ പ്രഖ്യാപിക്കുന്നിടത്ത്, അവർ അന്യായത്തിൽ വാദികളായി പേര് പറയപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ, അതേ രീതിയിൽ വ്യവഹാരം തുടരുന്നതും, എല്ലാ കാര്യങ്ങളിലും അതേ അനന്തരഫലങ്ങൾ ഉണ്ടാകുന്നതുമാണ്:

എന്നാൽ, അങ്ങനെയാണെന്നിരുന്നാലും എല്ലാ നടപടികളും ഫേമിൻെറ നാമത്തിൽ തുടരുന്നതും, എന്നാൽ (1)-ാം ഉപചട്ടത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള പങ്കാളികളുടെ പേരുകൾ വിധിയിൽ ചേർക്കപ്പെടുന്നതുമാകുന്നു.

3. നടത്തൽ.—ആളുകൾക്കെതിരായി പങ്കാളികളെന്ന നിലയിൽ അവരുടെ ഫേമിൻെറ നാമത്തിൽ വ്യവഹാരപ്പെടുന്നിടത്ത്, സമൺസുകൾ, കോടതി നിദേശിക്കുന്നതുപോലെ,—

(ക) പങ്കാളികളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ആൾക്കോ അല്ലെങ്കിൽ

(ഖ) ഇൻഡ്യയ്ക്കുള്ളിൽ, പങ്കാളിത്ത ബിസിനസ് നടത്തിക്കൊണ്ടു പോകുന്ന മുഖ്യ സ്ഥലത്ത്, നടത്തൽ സമയത്ത് പങ്കാളിത്ത ബിസിനസ്സിൻെറ നിയന്ത്രണമോ മാനേജുമെൻേറാ ഉള്ള ഏതെങ്കിലും ആൾക്ക് ആ സ്ഥലത്തുവച്ചോ,

നടത്തേണ്ടതും ; അങ്ങനെയുള്ള നടത്തൽ, പങ്കാളികൾ എല്ലാവരുമോ അവരിൽ ആരെങ്കിലുമോ ഇൻഡ്യയ്ക്കുള്ളിലോ പുറത്തോ ആയാലും, ഏതു ഫേമിനെതിരായാണോ അപ്രകാരം വ്യവഹാരപ്പെടുന്നത് ആ ഫേമിനുള്ള സാധുവായ നടത്തൽ ആയി കരുതപ്പെടുന്നതും ആകുന്നു :

എന്നാൽ, വാദി അറിയെ, വ്യവഹാരം ആരംഭിക്കുന്നതിനുമുൻപ്, വിഘടനം ചെയ്യപ്പെട്ടിട്ടുള്ള ഒരു പങ്കാളിത്തത്തിൻെറ സംഗതിയിൽ, ബാദ്ധ്യസ്ഥനാക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ള ഇൻഡ്യയ്ക്കുള്ളിലുള്ള ഏതൊരാൾക്കും സമൺസ് നടത്തേണ്ടതാകുന്നു.

4. പങ്കാളി മരിച്ചുപോകുന്നതിൻമേൽ വ്യവഹാരപ്പെടാനുള്ള അവകാശം.—(1) ഇൻഡ്യൻ കോൺട്രാക്ററ് ആക്ററ്, 1872-ലെ (1872-ലെ 9) 45-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുൻപറഞ്ഞ വ്യവസ്ഥകൾക്കു കീഴിൽ രണ്ടോ അതിലധികമോ ആളുകൾക്കോ അവർക്കെതിരായോ ഫേമിൻെറ നാമത്തിൽ വ്യവഹാരപ്പെടാവുന്നതായിരിക്കുകയും, അങ്ങനെയുള്ള ആളുകളിൽ ആരെങ്കിലും ഏതെങ്കിലും വ്യവഹാരം ആരംഭിക്കുന്നതിനുമുമ്പോ അത് നിലവിലിരിക്കുമ്പോഴോ മരിച്ചുപോവുകയും ചെയ്യുന്നിടത്ത്, മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിയെ വ്യവഹാരത്തിലെ ഒരു കക്ഷിയായി ചേർക്കുന്നത് ആവശ്യകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപചട്ടത്തിലെ യാതൊന്നും—

(ക) വ്യവഹാരത്തിലെ ഒരു കക്ഷി ആക്കപ്പെടാൻ അപേക്ഷിക്കുന്നതിനോ, അല്ലെങ്കിൽ

(ഖ) അതിജീവിക്കുന്ന ആൾക്കോ ആളുകൾക്കോ എതിരായുള്ള ഏതെങ്കിലും അവകാശവാദം പ്രാവർത്തികമാക്കുന്നതിനോ ;

മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിക്ക് ഉണ്ടാകാവുന്ന ഏതെങ്കിലും അവകാശത്തെ പരിമിതപ്പെടുത്തുകയോ മററുവിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതല്ല.

5. നോട്ടീസ് ഏതു നിലയ്ക്കാണ് നടത്തുന്നതെന്ന്.—ഒരു ഫേമിൻെറ പേർക്ക് സമൺസ് പുറപ്പെടുവിക്കുകയും 3-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നടത്തുകയും ചെയ്യുന്നിടത്ത്, ആർക്കാണോ അത് നടത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതൊരാളേയും, അയാൾക്കു നടത്തുന്നത് പങ്കാളി എന്ന നിലയ്ക്കോ പങ്കാളിത്ത ബിസിനസ്സിൻെറ നിയന്ത്രണമോ മാനേജ്മെൻേറാ ഉള്ള ആളെന്ന നിലയ്ക്കോ, ആ രണ്ടു നിലയ്ക്കുമോ എന്നും

അങ്ങനെയുള്ള നടത്തൽ സമയത്ത്, നല്കപ്പെടുന്ന ലിഖിതമായ നോട്ടീസുവഴി അറിയിക്കേണ്ടതും, അങ്ങനെയുള്ള നോട്ടീസിന്റെ അഭാവത്തിൽ ആർക്കാണ് നടത്തിയിട്ടുള്ളത്, അയാൾക്ക് പങ്കാളി എന്ന നിലയ്ക്ക് നടത്തിയിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

6. പങ്കാളി ഹാജരാകുന്നത്.—ആളുകൾക്ക് എതിരായി, പങ്കാളികൾ എന്ന നിലയിൽ അവരുടെ ഫേമിന്റെ നാമത്തിൽ വ്യവഹാരപ്പെടുന്നിടത്ത്; അവനവൻ അവനവന്റെ സ്വന്തം നാമത്തിൽ ആയി, അവർ ഹാജരാകേണ്ടതും ; എന്നാൽ, അങ്ങനെ ആണെന്നിരുന്നാലും പിന്നീടുള്ള എല്ലാ നടപടികളും ഫേമിന്റെ നാമത്തിൽത്തന്നെ തുടരുന്നതുമാകുന്നു.

7. പങ്കാളികൾ അല്ലാതെ ഹാജരാകേണ്ടതില്ലെന്ന്.—പങ്കാളിത്ത ബിസിനസ്സിന്റെ നിയന്ത്രണമോ മാനേജുമെന്റോ ഉള്ള ഒരാൾക്ക് 3-ാം ചട്ടം വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ സമൺസ് നടത്തുന്നിടത്ത്, അയാൾ ഏത് ഫേമിന് എതിരായിട്ടാണോ വ്യവഹാരപ്പെടുന്നത് ആ ഫേമിലെ ഒരു പങ്കാളി അല്ലാത്തപക്ഷം, അയാൾ ഹാജരാകുന്നത് ആവശ്യമായിരിക്കുന്നതല്ല.

8. പ്രതിഷേധപൂർവ്വം ഹാജരാകൽ.—(1) 3-ാം ചട്ടത്തിൻകീഴിൽ പങ്കാളി എന്ന നിലയ്ക്ക് സമൺസ് നടത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും നിർണ്ണായക പ്രാധാന്യമുള്ള സമയത്ത് താൻ പങ്കാളി ആയിരുന്നുവെന്നുള്ളതു നിഷേധിച്ചുകൊണ്ട് പ്രതിഷേധപൂർവ്വം ഹാജരാകാവുന്നതാണ്.

(2) അങ്ങനെ ഹാജരാകുന്നതിൻമേൽ, വാദിക്കോ, ഹാജരാകുന്ന ആൾക്കോ, ആ ആൾ ഫേമിലെ പങ്കാളി ആയിരുന്നോ എന്നും, ആ നിലയിൽ ബാദ്ധ്യസ്ഥനായിരുന്നോ എന്നും തീർപ്പാക്കുന്നതിന് ഹിയറിങ്ങിനും അവസാനത്തീർച്ചയ്ക്കും നിജപ്പെടുത്തിയിട്ടുള്ള തീയതിക്കു മുൻപ് ഏതു സമയത്തും, കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള അപേക്ഷയിൻമേൽ, നിർണ്ണായകപ്രാധാന്യമുള്ള സമയത്ത് അയാൾ പങ്കാളി ആയിരുന്നുവെന്ന് കോടതി വിധിക്കുന്നുവെങ്കിൽ, അത് പ്രതിക്കെതിരായുള്ള അവകാശവാദം സംബന്ധിച്ച്, ഫേമിന്റെ ബാദ്ധ്യത നിഷേധിച്ചുകൊണ്ട് പ്രതിവാദം ഫയൽ ചെയ്യുന്നതിൽനിന്നും ആ ആളെ തടയുന്നതല്ല.

(4) എന്നാൽ, അങ്ങനെയുള്ള ആൾ, ഫേമിലെ പങ്കാളി ആയിരുന്നില്ലെന്നും, ആ നിലയിൽ ബാദ്ധ്യസ്ഥനായിരുന്നില്ലെന്നും കോടതി വിധിക്കുന്നുവെങ്കിൽ, അത് ഫേമിന് മററുവിധത്തിൽ സമൺസ് നടത്തുകയും വ്യവഹാരം തുടരുകയും ചെയ്യുന്നതിൽനിന്നും വാദിയെ തടയുന്നതല്ലാത്തതും, എന്നാൽ ആ സംഗതിയിൽ, ഫേമിന് എതിരായി പാസ്സാക്കപ്പെടുന്ന ഏതെങ്കിലും വിധിയുടെ നടത്തലിൽ ഫേമിലെ പങ്കാളി എന്ന നിലയിൽ ആ ആൾക്ക് ബാദ്ധ്യതയുള്ളതായി ആഖ്യാപിക്കുന്നതിൽ നിന്നും വാദി തടയപ്പെട്ടിരിക്കുന്നതുമാകുന്നു.

9. കൂട്ടുപങ്കാളികൾ തമ്മിലുള്ള വ്യവഹാരങ്ങൾ.—ഈ ആർഡർ, ഒരു ഫേമും അതിലെ ഒന്നോ അതിലധികമോ പങ്കാളികളും തമ്മിലുള്ള വ്യവഹാരങ്ങൾക്കും, ഒന്നോ അതിലധികമോ പങ്കാളികൾ പൊതുവിലുള്ള ഫേമുകൾ തമ്മിലുള്ള വ്യവഹാരങ്ങൾക്കും ബാധകമായിരിക്കുന്നതും ; എന്നാൽ അങ്ങനെയുള്ള വ്യവഹാരങ്ങളിൽ, കോടതിയുടെ അനുമതിയോടൊഴികെ യാതൊരു വിധിനടത്തലും പുറപ്പെടുവിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള വിധിനടത്തൽ പുറപ്പെടുവിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷയിൻമേൽ, നീതിപൂർവ്വകമായ എല്ലാ കണക്കുകളും എടുക്കുകയും അന്വേഷണവിചാരണ ചെയ്യുകയും ചെയ്യാൻ നിർദേശിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്യാവുന്നതും ആകുന്നു.

10. തന്റെ സ്വന്തം നാമമല്ലാത്ത നാമത്തിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആശക്ക് എതിരായിയുള്ള വ്യവഹാരം.—തന്റെ സ്വന്തം നാമമല്ലാത്ത ഒരു നാമത്തിലോ അഭിധാനത്താലോ ബിസിനസ് നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും ആശക്കോ, അല്ലെങ്കിൽ ഏതെങ്കിലും നാമത്തിൽ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന അവിഭക്ത ഹിന്ദുകുടുംബത്തിനോ എതിരായി, അങ്ങനെയുള്ള നാമമോ അഭിധാനമോ ഒരു ഫേം നാമമായിരുന്നാലെന്നപോലെ വ്യവഹാരപ്പെടാവുന്നതും, അങ്ങനെയുള്ള സംഗതികളുടെ പ്രകൃതം അനുവദിക്കുന്നിടത്തോളം, ഈ ആർഡറിൻ കീഴിലെ എല്ലാ ചട്ടങ്ങളും അനുസരിച്ച് ബാധകമായിരിക്കുന്നതും ആകുന്നു.

## ആർഡർ XXXI

# ട്രസ്റ്റികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവരാലോ അവർക്ക് എതിരായോ ഉള്ള വ്യവഹാരങ്ങൾ

1. ട്രസ്റ്റികൾ മുതലായവരിൽ നിക്ഷിപ്തമായ വസ്തു സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ഗുണഭോക്താക്കളുടെ പ്രാതിനിധ്യം — ട്രസ്റ്റിയിലോ, എക്സിക്യൂട്ടറിലോ, അഡ്മിനിസ്ട്രേറ്ററിലോ, നിക്ഷിപ്തമായ, വസ്തു സംബന്ധിച്ച എല്ലാ വ്യവഹാരങ്ങളിലും, വിവാദം, അങ്ങനെയുള്ള വസ്തുവിൽ ഗുണാനുഭവാവകാശമുള്ള ആളുകളും, ഒരു മൂന്നാമനും തമ്മിൽ ആയിരിക്കുന്നിടത്ത്, ട്രസ്റ്റിയോ, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറ്ററോ അപ്രകാരം അവകാശമുള്ള ആളുകളെ പ്രതിനിധാനം ചെയ്യുന്നതും, സാധാരണമായി അവരെ വ്യവഹാരത്തിൽ കക്ഷികളാക്കുന്നത് ആവശ്യമായിരിക്കുന്നതല്ലാത്തതുമാകുന്നു. എന്നാൽ, കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അവരേയോ അവരിൽ ആരേയെങ്കിലുമോ കക്ഷികളാക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

2. ട്രസ്റ്റികളേയും, എക്സിക്യൂട്ടർമാരേയും അഡ്മിനിസ്ട്രേറ്റർമാരേയും ചേർക്കൽ.—പല ട്രസ്റ്റികളോ എക്സിക്യൂട്ടർമാരോ, അഡ്മിനിസ്ട്രേറ്റർമാരോ ഉള്ളിടത്ത്, അവരിൽ ഒന്നോ അതിലധികമോ ആളുകൾക്ക് എതിരായുള്ള ഒരു വ്യവഹാരത്തിൽ, അവർ എല്ലാവരേയും, കക്ഷികളായി ചേർക്കേണ്ടതാകുന്നു :

എന്നാൽ, തങ്ങളുടെ മരണശാസനകർത്താവിന്റെ മരണശാസനം തെളിയിച്ചിട്ടില്ലാത്ത എക്സിക്യൂട്ടർമാരേയും, ഇൻഡ്യയ്ക്കു വെളിയിലുള്ള ട്രസ്റ്റികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവരും കക്ഷികളാക്കപ്പെടേണ്ടതില്ല.

3. വിവാഹിതയായ വനിതാ എക്സിക്യൂട്ടറുടെ ഭർത്താവ് ചേരേണ്ടതില്ലെന്ന്.—കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, വിവാഹിതയായ ഒരു ട്രസ്റ്റിയുടേയോ വനിതാ അഡ്മിനിസ്ട്രേററുടേയോ വനിതാ എക്സിക്യൂട്ടറുടേയോ ഭർത്താവ്, ആ നിലയിൽ അവളാലോ അവൾക്ക് എതിരായോ ഉള്ള ഒരു വ്യവഹാരത്തിൽ കക്ഷി ആയിരിക്കാൻ പാടുള്ളതല്ല

# ആർഡർ XXXII

## മൈനർമാരാലും ചിത്തഭ്രമം ഉള്ള ആളുകളാലും ഉള്ളതോ അവർക്കെതിരായുള്ളതോ ആയ വ്യവഹാരങ്ങൾ

1. മൈനർ ഉററ ബന്ധുവഴി വ്യവഹാരപ്പെടണമെന്ന്.—ഒരു മൈനരുടെ ഏതൊരു വ്യവഹാരവും, അയാളുടെ നാമത്തിൽ അങ്ങനെയുള്ള വ്യവഹാരത്തിൽ മൈനരുടെ ഉററ ബന്ധുവെന്ന് പേർ പറയപ്പെടുന്ന ഒരാംവഴി ആരംഭിക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ ആർഡറിൽ, "മൈനർക്ക്", വ്യവഹാരം, ഇൻഡ്യൻ മെജാറിട്ടി ആക്ററ്, 1875 (1875-ലെ 8)-ലെ 2-ാം വകുപ്പ്, (ക) യും (ഖ) യും ഖണ്ഡങ്ങളിൽ പറയുന്ന വിഷയങ്ങളിൽ ഏതെങ്കിലുംമാ, മറേറതെങ്കിലും വിഷയമോ സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത്, ആ ആക്ററിലെ 3-ാം വകുപ്പിൻെറ അർത്ഥത്തിൽ മെജാറിട്ടി എത്തിയിട്ടില്ലാത്ത ആം എന്നർത്ഥമാകുന്നു.

2. ഉററ ബന്ധുവില്ലാതെ വ്യവഹാരം ആരംഭിക്കുന്നിടത്ത്, അന്യായം ഫയലിൽനിന്ന് എടുത്തുകളയേണ്ടതാണെന്ന്.—(1) ഒരു വ്യവഹാരം മൈനറാലോ മൈനർക്കു വേണ്ടിയോ ഉററ ബന്ധുവില്ലാതെ ആരംഭിക്കുന്നിടത്ത്, പ്രതിക്ക്, അന്യായം, അത് ബോധിപ്പിച്ച പ്ലീഡറോ മററാളോ കൊടുക്കേണ്ട കോടതിച്ചെലവുസഹിതം ഫയലിൽനിന്ന് എടുത്തുകളയാൻ അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപേക്ഷയെക്കുറിച്ച് അങ്ങനെയുള്ള ആംക്ക് നോട്ടീസ് നൽകേണ്ടതും, കോടതിക്ക്, അയാളുടെ ആക്ഷേപങ്ങളം, (വല്ലതും ഉണ്ടെങ്കിൽ) കേട്ടതിനുശേഷം, ആ വിഷയത്തിൽ യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

2ക. ജാമ്യം നൽകണമെന്ന് ഉത്തരവ് ചെയ്യുമ്പോൾ. ഉററ ബന്ധു അപ്രകാരം ചെയ്യണമെന്ന്.—(1) ഒരു വ്യവഹാരം മൈനർക്കുവേണ്ടി അയാളുടെ ഉററ ബന്ധുവിനാൽ ആരംഭിക്കപ്പെട്ടിട്ടുള്ളിടത്ത്, കോടതിക്ക് വ്യവഹാരത്തിൻെറ ഏതു ഘട്ടത്തിലും സ്വയമേവ അല്ലെങ്കിൽ ഏതെങ്കിലും പ്രതിയുടെ അപേക്ഷയിൻമേൽ, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ ഉററ ബന്ധുവിനോട് പ്രതിക്ക് നേരിടുന്നതോ നേരിടാൻ ഇടയുള്ളതോ ആയ എല്ലാ കോടതിച്ചെലവും കൊടുക്കുന്നതിന് ജാമ്യം നൽകാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഒരു വ്യവഹാരം, നിസ്വനായ ഒരു ആളാൽ ആരംഭിക്കപ്പെടുന്നിടത്ത്, ജാമ്യത്തിന്, ഗവൺമെൻറിനു കൊടുക്കേണ്ട കോർട്ട്ഫീസും ഉൾപ്പെടേണ്ടതാകുന്നു.

(3) ഒരു വ്യവഹാരത്തിന്, കോടതി ഈ ചട്ടത്തിൻകീഴിൽ ജാമ്യം നൽകാൻ നിദേശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, ആർഡർ XXV, 2-ാം ചട്ടത്തിലെ വ്യവസ്ഥകൾ ആകുന്നത്ര ബാധകമായിരിക്കുന്നതാണ്.

3. മൈനർ പ്രതിക്ക്, കോടതി വ്യവഹാരാർത്ഥകരക്ഷകർത്താവിനെ നിയമിയ്ക്കണമെന്ന്.—(1) പ്രതി, മൈനർ ആയിരിക്കുന്നിടത്ത്, അയാൾ മൈനർ ആണെന്ന വസ്തുതയെക്കുറിച്ച് ബോദ്ധ്യപ്പെടുന്നതിൻമേൽ, കോടതി അങ്ങനെയുള്ള മൈനർക്കുവേണ്ടി വ്യവഹാരാർത്ഥക രക്ഷാകർത്താവായിരിക്കാൻ തക്കതായ ഒരു ആളെ നിയമിക്കേണ്ടതാകുന്നു.

(2) വ്യവഹാരാർത്ഥക രക്ഷാകർത്താവിൻെറ നിയമനത്തിനുള്ള ഉത്തരവ്, മൈനരുടെ നാമത്തിലും അയാാക്കുവേണ്ടിയും ഉള്ളതോ വാദിയാലു ള്ളതോ ആയ അപേക്ഷയിൻമേൽ ലഭിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള അപേക്ഷയ്ക്ക് താങ്ങായി, നിർദേശിക്കപ്പെട്ടിട്ടുള്ള രക്ഷാകർത്താവിന്, വ്യവഹാരത്തിൽ തർക്കത്തിലുള്ള വിഷയങ്ങളിൽ മൈനർക്ക് എതിരായ യാതൊരു താൽപര്യവും ഇല്ലെന്നും അയാാ അപ്രകാരം നിയമിക്കപ്പെടുന്നതിന്, പററിയ ആളാണെന്നുമുള്ള വസ്തുത സത്യബോധപ്പെടുത്തുന്ന ഒരു സത്യവാങ്മൂലം ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) ഈ ചട്ടത്തിൻകീഴിലെ ഏതെങ്കിലും അപേക്ഷയിൻമേൽ, ക്ഷമതയുള്ള ഒരു അധികാരസ്ഥാനം അതിലേക്ക് നിയമിക്കുന്നതോ, പ്രഖ്യാപിക്കുന്നതോ ആയ ഏതെങ്കിലും രക്ഷാകർത്താവിനോ അല്ലെങ്കിൽ അങ്ങനെയുള്ള രക്ഷാകർത്താവ് ഇല്ലാത്തിടത്ത്, മൈനറുടെ പിതാവിനോ, പിതാവ് ഇല്ലാത്തിടത്ത് മാതാവിനോ, പിതാവോ മാതാവോ ഇല്ലാത്തിടത്ത്, മൈനറുടെ മററ് നൈസർഗ്ഗികരക്ഷാകർത്താവിനോ, അല്ലെങ്കിൽ പിതാവോ മാതാവോ മററു നൈസർഗ്ഗികരക്ഷാകർത്താവോ ഇല്ലാത്തിടത്ത്, ഏതാളുടെ രക്ഷയിലാണോ മൈനർ ഇരിക്കുന്നത്, ആ ആാക്കോ ഉള്ള നോട്ടീസിൻമേലും, ഈ ഉപചട്ടത്തിൻകീഴിൽ നോട്ടീസ് നടത്തപ്പെടുന്ന ഏതെങ്കിലും ആാക്കുവേണ്ടി ഉന്നയിക്കാവുന്ന ഏതെങ്കിലും ആക്ഷേപം കേട്ടതിനുശേഷവുമൊഴികെ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

4ക. ഏതെങ്കിലും കേസ്സിൽ, യുക്തമെന്നുതോന്നുന്നുവെങ്കിൽ, കോടതിക്ക്, (4)-ാം ഉപചട്ടത്തിൻകീഴിലെ നോട്ടീസ് മൈനർപേർക്കുകൂടി പുറപ്പെടുവിക്കാവുന്നതാണ്.

(5) (1)-ാം ഉപചട്ടത്തിൻകീഴിൽ, ഒരു മൈനർക്കുള്ള വ്യവഹാരാർത്ഥക രക്ഷാകർത്താവായി നിയമിക്കപ്പെടുന്ന ഒരാാ, അയാളുടെ നിയമനം, വിരമിക്കുന്നതിനാലോ നീക്കം ചെയ്യപ്പെടുന്നതിനാലോ മരിച്ചുപോകുന്നതിനാലോ അവസാനിക്കാത്തപക്ഷം, ഏതെങ്കിലും അപ്പീൽ കോടതിയിലേയോ റിവിഷൻ കോടതിയിലേയോ നടപടികളും, ഒരു വിധിയുടെ, നടത്തലിലെ നടപടികളും ഉൾപ്പെടെ വ്യവഹാരത്തിൽനിന്ന് ഉൽഭവിക്കുന്ന എല്ലാ നടപടികളിലും ഉടനീളം ആ നിലയിൽ തുടരുന്നതാകുന്നു.

3ക. <u>മൈനർക്ക് എതിരായ വിധി അയാളുടെ താൽപര്യങ്ങാക്ക് ദോഷം സംഭവിച്ചിട്ടില്ലാത്തപക്ഷം ദുർബ്ബലപ്പെടുത്താൻ പാടുള്ളതല്ലെന്ന്.</u>—(1) മൈനർക്ക് എതിരായി പാസ്സാക്കപ്പെടുന്ന യാതൊരു വിധിയും മൈനരുടെ ഉററ ബന്ധുവിനോ വ്യവഹാരാർത്ഥകരക്ഷാകർത്താവിനോ വ്യവഹാരത്തിലെ വിഷയകത്തിൽ മൈനർക്ക് എതിരായി താൽപര്യം ഉണ്ടായിരുന്നു എന്ന കാരണത്തിൻമേൽമാത്രം ദുർബ്ബലപ്പെടുത്താൻ പാടില്ലാത്തതും; എന്നാൽ ഉററ ബന്ധുവിൻേറയോ വ്യവഹാരാർത്ഥകരക്ഷാകർത്താവിൻേറയോ അങ്ങനെയുള്ള എതിർ താൽപര്യം കാരണമായി മൈനറുടെ താൽപര്യങ്ങാക്ക് ദോഷം സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത, വിധി ദുർബലപ്പെടുത്താൻ ഒരു കാരണമായിരിക്കുന്നതും ആകുന്നു.

(2) ഈ ചട്ടത്തിലെ യാതൊന്നും, ഉററ ബന്ധുവിൻേറയോ, വ്യവഹാരാർത്ഥകരക്ഷാകർത്താവിൻേറയോ ഭാഗത്തുനിന്നുള്ള മൈനറുടെ താൽപര്യങ്ങാക്ക് ദോഷമുണ്ടാക്കുന്ന നടപടി ദുഷ്യമോ കടുത്ത ഉപേക്ഷയോ കാരണമായി ഏതെങ്കിലും നിയമത്തിൻകീഴിൽ ലഭ്യമായ ഏതെങ്കിലും നിവൃത്തി ലഭിക്കുന്നതിൽനിന്ന് മൈനറെ തടയുന്നതല്ല.

4. ആർക്ക് ഉററ ബന്ധുവായി പ്രവർത്തിക്കുകയോ, ഒരു വ്യവഹാരാർത്ഥകരക്ഷാകർത്താവായി നിയമിക്കപ്പെടുകയോ ചെയ്യാമെന്ന്.—(1) സ്വസ്ഥചിത്തനും മെജാറിററി എത്തിയിട്ടുള്ളവനും ആയ ഏതൊരാളക്കും, മൈനരുടെ ഉററ ബന്ധുവായോ വ്യവഹാരാർത്ഥകരക്ഷാകർത്താവായോ പ്രവർത്തിക്കാവുന്നതാണ്:

എന്നാൽ, അതിന് അങ്ങനെയുള്ള ആളുടെ താൽപര്യം മൈനരുടേതിന് എതിരായിരിക്കാൻ പാടില്ലാത്തതും, അയാൾ, ഉററ ബന്ധുവിന്റെ സംഗതിയിൽ, ഒരു പ്രതിയോ, വ്യവഹാരാർത്ഥക രക്ഷാകർത്താവിന്റെ സംഗതിയിൽ ഒരു വാദിയോ ആയിരിക്കാൻ പാടില്ലാത്തതും ആകുന്നു.

(2) ഒരു മൈനർക്ക്, ക്ഷമതയുള്ള അധികാരസ്ഥാനത്താൽ നിയമിക്കപ്പെട്ടതോ പ്രഖ്യാപിക്കപ്പെട്ടതോ ആയ ഒരു രക്ഷാകർത്താവുള്ളിടത്ത്, അങ്ങനെയുള്ള രക്ഷാകർത്താവല്ലാത്ത മററു യാതൊരു ആളും, മറെറാരാൾ മൈനറുടെ ഉററ ബന്ധുവായി പ്രവർത്തിക്കാൻ അനുവദിക്കപ്പെടുകയോ, വ്യവഹാരാർത്ഥക രക്ഷാകർത്താവായി നിയമിക്കപ്പെടുകയോ ചെയ്യുന്നത് മൈനറുടെ ക്ഷേമത്തിനാണെന്ന് കോടതി, റിക്കാർഡാക്കപ്പെടുന്ന കാരണങ്ങളാൽ കരുതാത്തപക്ഷം, അതതു സംഗതിപോലെ, അപ്രകാരം പ്രവർത്തിക്കുകയോ നിയമിക്കപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) യാതൊരാളും, അയാളുടെ രേഖാമൂലമായ സമ്മതം കൂടാതെ, വ്യവഹാരാർത്ഥകരക്ഷാകർത്താവായി നിയമിക്കാൻ പാടുള്ളതല്ല.

(4) വ്യവഹാരാർത്ഥക രക്ഷാകർത്താവായി പ്രവർത്തിക്കാൻ പററിയതും ഒരുക്കമുള്ളതുമായ മററു യാതൊരാളും ഇല്ലാത്തിടത്ത്, കോടതിക്ക്, അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെ അങ്ങനെയുള്ള രക്ഷാകർത്താവായിരിക്കാൻ നിയമിക്കുകയും അങ്ങനെയുള്ള രക്ഷാകർത്താവ് എന്ന നിലയിലെ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ നേരിടേണ്ട ചെലവുകൾ, വ്യവഹാരത്തിലെ കക്ഷികളാലോ കക്ഷികളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ പേരാലോ, അല്ലെങ്കിൽ കോടതിയിൽ ഉള്ളതും മൈനർക്ക് അവകാശമുള്ളതുമായ ഏതെങ്കിലും ഫണ്ടിൽനിന്നോ, അല്ലെങ്കിൽ മൈനരുടെ വസ്തുവിൽനിന്നോ വഹിക്കപ്പെടേണ്ടതാണെന്ന് നിദേശിക്കുകയും, നീതിയും സംഗതിയുടെ പരിതഃസ്ഥിതികളും ആവശ്യപ്പെടുന്ന ചെലവുകൾ തിരിയെ കൊടുക്കുകയോ അനുവദിക്കുകയോ ചെയ്യാൻ നിദേശങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്.

5. ഉററ ബന്ധുവോ വ്യവഹാരാർത്ഥകരക്ഷാകർത്താവോ മൈനറെ പ്രതിനിധാനം ചെയ്യുന്നത്,—(1) മൈനർക്കുവേണ്ടിയുള്ളതും, 10-ാം ചട്ടം (2)-ാം ഉപചട്ടത്തിൻകീഴിലെ അപേക്ഷയല്ലാത്തതും ആയ കോടതിക്കുള്ള ഏതൊരു അപേക്ഷയും, അയാളുടെ ഉററ ബന്ധുവാലോ വ്യവഹാരാർത്ഥകരക്ഷാകർത്താവിനാലോ കൊടുക്കപ്പെടേണ്ടതാകുന്നു.

(2) കോടതി മുമ്പാകെയുള്ള ഒരു വ്യവഹാരത്തിലോ ഏതെങ്കിലും അപേക്ഷയിൻമേലോ, അതതു സംഗതിപോലെ, ഒരു മൈനർ ഒരു ഉററ ബന്ധുവാലോ വ്യവഹാരാർത്ഥകരക്ഷാകർത്താവിനാലോ പ്രതിനിധാനം ചെയ്യപ്പെടാതെ പുറപ്പെടുവിക്കുന്ന ഏത് ഉത്തരവാണോ അങ്ങനെയുള്ള മൈനറെ ഏതെങ്കിലും വിധത്തിൽ സംബന്ധിച്ചതായിരിക്കുകയോ അയാളെ ബാധിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരു ഉത്തരവും ഏതു കക്ഷിയുടെ അർത്ഥനയിൻമേലാണോ അങ്ങനെയുള്ള ഉത്തരവ് ലഭിച്ചത് ആ കക്ഷിയുടെ പ്ലീഡർക്ക്, അങ്ങനെയുള്ള മൈനാറിററിയെക്കുറിച്ച് അറിവുണ്ടായിരിക്കുകയോ, ന്യായമായി അറിയാമായിരുന്നിരിക്കുകയോ, ചെയ്യുന്നിടത്ത്, അങ്ങനെയുള്ള പ്ലീഡർ കൊടുക്കേണ്ട കോടതിച്ചെലവുസഹിതം റദ്ദാക്കപ്പെടാവുന്നതും ആകുന്നു.

6. ഉററ ബന്ധുവോ വ്യവഹാരാർത്ഥകരക്ഷാകർത്താവോ വിധിക്ക് കീഴിൽ മൈനർക്കുവേണ്ടിവസ്തു സ്വീകരിക്കുന്നത്.—(1) ഉററ ബന്ധുവോ വ്യവഹാരാർത്ഥക രക്ഷാകർത്താവോ, കോടതിയുടെ അനുമതി കൂടാതെ, ഒരു മൈനർക്കുവേണ്ടി ഏതെങ്കിലും പണമോ മററു ജംഗമവസ്തുവോ

(ക) വിധിക്കോ ഉത്തരവിനോ മുമ്പുള്ള രാജിവഴിയോ, അല്ലെങ്കിൽ

(ഖ) മൈനർക്ക് അനുകൂലമായ വിധിയ്ക്കോ ഉത്തരവിനോ കീഴിലോ, സ്വീകരിക്കാൻ പാടുള്ളതല്ല.

(2) ഉററ ബന്ധുവോ വ്യവഹാരാർത്ഥക രക്ഷാകർത്താവോ, ക്ഷമതയുള്ള അധികാരസ്ഥാനത്താൽ മൈനറുടെ വസ്തുവന്റെ രക്ഷാകർത്താവ് ആയിരിക്കാൻ നിയമിക്കപ്പെടുകയോ, ആണെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിരിക്കേ അയാൾക്ക് പണമോ മററു ജംഗമ വസ്തുവോ സ്വീകരിക്കുന്നതിന് കോടതിക്ക് അറിവുള്ള ഏതെങ്കിലും കഴിവുകേട് ഉണ്ടായിരിക്കുകയോ ചെയ്യുന്നിടത്ത്, ആ വസ്തു സ്വീകരിക്കുന്നതിന്, കോടതി അയാൾക്ക് അനുമതി നൽകുന്നുവെങ്കിൽ, കോടതി അതിന്റെ അഭിപ്രായത്തിൽ മതിയായവിധം വസ്തു നാശത്തിൽനിന്ന് സംരക്ഷിക്കുകയും, അതിന്റെ ശരിയായ വിനിയോഗം ഉറപ്പ വരുത്തുകയും ചെയ്യുന്ന ജാമ്യം ആവശ്യപ്പെടുകയും നിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാകുന്നു :

എന്നാൽ, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കോടതിക്ക്, ഒരു വിധിക്കോ ഉത്തരവിനോ കീഴിൽ പണമോ മററ് ജംഗമവസ്തുവോ സ്വീകരിക്കുന്നതിന് ഉററ ബന്ധുവിനോ വ്യവഹാരാർത്ഥക രക്ഷാകർത്താവിനോ അനുമതി നൽകുമ്പോൾ, കോടതിക്ക് അങ്ങനെയുള്ള ഉററ ബന്ധുവോ രക്ഷാകർത്താവോ—

(ക) ഒരു ഹിന്ദുവിഭക്തകുടുംബത്തിലെ മാനേജരായിരിക്കുകയും, വിധിയോ ഉത്തരവോ കുടുംബത്തിന്റെ വസ്തുവോ ബിസ്സിനസ്സോ സംബന്ധിച്ചുള്ളതായിരിക്കുകയും ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) മൈനറുടെ പിതാവോ മാതാവോ ആയിരിക്കുകയോ, ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ജാമ്യം വേണ്ടെന്ന് വയ്ക്കാവുന്നതാണ്.

7. <u>ഉററ ബന്ധുവിനാലോ വ്യവഹാരാർത്ഥക രക്ഷാകർത്താവിനാലോ ഉള്ള കരാർ അല്ലെങ്കിൽ രാജി.</u>—(1) നടപടികളിൽ പ്രകടമായി റിക്കാർഡാക്കപ്പെടുന്ന കോടതിയുടെ അനുമതികൂടാതെ, യാതൊരു ഉററ ബന്ധുവും അല്ലെങ്കിൽ വ്യവഹാരാർത്ഥകരക്ഷാകർത്താവും താൻ ഉററ ബന്ധുവോ രക്ഷാകർത്താവോ ആയി പ്രവർത്തിക്കുന്ന വ്യവഹാരം സംബന്ധിച്ച്, മൈനർക്കുവേണ്ടി ഏതെങ്കിലും കരാറിലോ രാജിയിലോ ഏർപ്പെടാൻ പാടുള്ളതല്ല.

(1ക) 1-ാം ഉപചട്ടത്തിൻകീഴിലെ അനുമതിക്കുള്ള അപേക്ഷയോടൊപ്പം, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കരാറോ രാജിയോ തന്റെ അഭിപ്രായത്തിൽ മൈനറുടെ ഗുണത്തിനാണെന്ന അർത്ഥത്തിലുള്ള, അതതു സംഗതിപോലെ, ഉററ ബന്ധുവിന്റേയോ വ്യവഹാരാർത്ഥക രക്ഷാകർത്താവിന്റേയോ ഒരു സത്യവാങ്മൂലവും, മൈനർ പ്ലീഡറാൽ പ്രതിനിധാനം ചെയ്യപ്പെടുന്നുവെങ്കിൽ, പ്ലീഡറുടെ ഒരു സർട്ടിഫിക്കററുകൂടിയും ഉണ്ടായിരിക്കേണ്ടതാകുന്നു :

എന്നാൽ, അപ്രകാരം പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായം, അത് സത്യവാങ്മൂലത്തിലോ സർട്ടിഫിക്കററിലോ ആയാലും നിർദ്ദേശിക്കപ്പെട്ട കരാറോ രാജിയോ മൈനറുടെ ഗുണത്തിനാണോ എന്ന് പരിശോധിക്കുന്നതിൽ നിന്ന് കോടതിയെ തടയുന്നതല്ല.

(2) കോടതിയുടെ അപ്രകാരം റിക്കാർഡാക്കപ്പെടുന്ന അനുമതി കൂടാതെ ഏർപ്പെടുന്ന അങ്ങനെയുള്ള കരാറോ രാജിയോ, ആ മൈനർ അല്ലാത്ത എല്ലാ കക്ഷികൾക്കും എതിരായി ശൂന്യമാക്കപ്പെടാവുന്നതായിരിക്കുന്നതാണ്.

8. ഉററ ബന്ധു വിരമിക്കുന്നത്.—(1) കോടതി മററുവിധത്തിൽ ഉത്തരവ് ചെയ്യാത്തപക്ഷം, ഒരു ഉററ ബന്ധു, ആദ്യം തന്റെ സ്ഥാനത്ത് വയ്ക്കാൻപററിയ ഒരാളെ ഏർപ്പെടുത്തുകയും, നേരിട്ടുകഴിഞ്ഞിട്ടുള്ള കോടതി ച്ചെലവിന് ജാമ്യം നൽകുകയും ചെയ്യാതെ, വിരമിക്കാൻ പാടുള്ളതല്ല.

(2) ഒരു പുതിയ ഉററ ബന്ധുവിന്റെ നിയമനത്തിലുള്ള അപേക്ഷയ്ക്ക് താങ്ങായി, നിർദ്ദേശിക്കപ്പെടുന്ന ആളുടെ അനുയോജ്യതയും, അയാൾക്ക് മൈനറുടെ താൽപര്യത്തിന് എതിരായ യാതൊരു താൽപര്യവും ഇല്ലെന്നുള്ളതും കാണിക്കുന്ന ഒരു സത്യവാങ്മൂലം ഉണ്ടായിരിക്കേണ്ടതാകുന്നു.

9. ഉററ ബന്ധുവിനെ നീക്കം ചെയ്യൽ.—(1) ഒരു മൈനറുടെ ഉററ ബന്ധുവിന്റെ താൽപര്യം മൈനറുടെ താൽപര്യത്തിന് എതിരായിരിക്കുന്നിടത്ത്, അല്ലെങ്കിൽ തന്റെ താൽപര്യം മൈനറുടേതിന് എതിരായിരിക്കുന്ന ഒരു പ്രതിയുമായി ആ ഉററ ബന്ധു, മൈനറുടെ താൽപര്യം അയാളാൽ ശരിയായി സംരക്ഷിക്കപ്പെടാൻ ഇടയില്ലാതാക്കത്തക്കവിധം ബന്ധപ്പെട്ടിരിക്കുന്നിടത്തോ, അല്ലെങ്കിൽ അയാൾ തന്റെ കർത്തവ്യം നിറവേററാതിരിക്കുന്നിടത്തോ, അല്ലെങ്കിൽ വ്യവഹാരം നിലവിലിരിക്കെ ഇൻഡ്യയ്ക്കുള്ളിൽ താമസമില്ലാതായിത്തീരുന്നിടത്തോ, അല്ലെങ്കിൽ മറേറതെങ്കിലും മതിയായ കാരണത്താലോ അയാളെ നീക്കം ചെയ്യുന്നതിന് മൈനർക്കുവേണ്ടിയോ ഒരു പ്രതിയാലോ അപേക്ഷ കൊടുക്കപ്പെടാവുന്നതും ; നൽകപ്പെടുന്ന കാരണം മതിയാകുന്നതാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിയ്ക്ക് അതനുസരിച്ച് ഉററ ബന്ധുവിനെ നീക്കം ചെയ്യാൻ ഉത്തരവ് ചെയ്യുകയും, കോടതിച്ചെലവ് സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന മററ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാവുന്നതും ആകുന്നു.

(2) ഉററ ബന്ധു, ഇതിലേക്ക് ക്ഷമതയുള്ള ഒരു അധികാരസ്ഥാനത്താൽ നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്ത രക്ഷാകർത്താവല്ലാതിരിക്കുകയും, അപ്രകാരം നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തതും, ഉററ ബന്ധുവിന്റെ സ്ഥാനത്ത് സ്വയം നിയമിതനാകാൻ ആഗ്രഹിക്കുന്നതും ആയ ഒരു രക്ഷാകർത്താവ് അപേക്ഷ കൊടുക്കുകയും ചെയ്യുന്നിടത്ത്, ആ രക്ഷാകർത്താവിനെ മൈനറുടെ ഉററ ബന്ധുവായി നിയമിക്കാൻ പാടില്ലെന്ന്, കോടതി, അത് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കരുതാത്തപക്ഷം, ഉററ ബന്ധുവിനെ നീക്കം ചെയ്യേണ്ടതും, അതോടെ അയാളുടെ സ്ഥാനത്ത്, അപേക്ഷകനെ വ്യവഹാരത്തിൽ നേരിട്ടുകഴിഞ്ഞിട്ടുള്ള കോടതി ച്ചെലവ് സംബന്ധിച്ചുള്ള യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേൽ ഉററ ബന്ധുവായി നിയമിക്കേണ്ടതും ആകുന്നു.

10. ഉററ ബന്ധുവിനെ നീക്കം ചെയ്യൽ മുതലായവയിൻമേൽ നടപടികൾ നിറുത്തിവയ്ക്കുന്നത്.—(1) മൈനറുടെ ഉററ ബന്ധു വിരമിക്കുകയോ, നീക്കം ചെയ്യപ്പെടുകയോ, മരിച്ചുപോവുകയോ ചെയ്യുന്നതിൻമേൽ, അയാളുടെ സ്ഥാനത്ത് ഉററ ബന്ധുവെ നിയമിക്കുന്നതുവരെ കൂടുതൽ നടപടികൾ നിറുത്തിവയ്ക്കപ്പെടുന്നതാകുന്നു.

(2) അങ്ങനെയുള്ള മൈനറുടെ പ്ലീഡർ, പുതിയ ഉററ ബന്ധുവിനെ നിയമിച്ചുകിട്ടാൻ നിശ്ചയമായ സമയത്തിനുള്ളിൽ നടപടി എടുക്കാതിരിക്കുന്നിടത്ത്, ഉററ ബന്ധുവിന്റെ നിയമനത്തിന് മൈനറിലോ വിവാദ്യകവിഷയത്തിലോ താൽപര്യമുള്ള ഏതൊരാൾക്കും, കോടതിയോട് അപേക്ഷിക്കാവുന്നതും, കോടതിക്ക്, യുക്തമെന്നു തോന്നുന്ന ആളെ നിയമിക്കാവുന്നതും ആണ്.

11. വ്യവഹാരാർത്ഥകരക്ഷാകർത്താവിന്റെ വിരമിക്കലോ നീക്കം ചെയ്യപ്പെടലോ മരണമോ.—(1) വ്യവഹാരാർത്ഥകരക്ഷാകർത്താവ് വിരമിക്കാൻ ആഗ്രഹിക്കുകയോ, തന്റെ കർത്തവ്യം അനുഷ്ഠിക്കാതിരിക്കുകയോ

ചെയ്യുന്നിടത്തോ, അല്ലെങ്കിൽ മററു മതിയായ കാരണം കാണിക്കപ്പെടുന്നിടത്തോ, കോടതിക്ക് അങ്ങനെയുള്ള രക്ഷാകർത്താവിനെ വിരമിക്കാൻ അനുവദിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതും, കോടതിച്ചെലവ് സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(2) വ്യവഹാരം നിലവിലിരിക്കെ, വ്യവഹാരാർത്ഥകരക്ഷാകർത്താവ് വിരമിക്കുകയോ, മരിച്ചുപോവുകയോ, കോടതിയാൽ നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്നിടത്ത്, കോടതി അയാളുടെ സ്ഥാനത്ത് ഒരു പുതിയ രക്ഷാകർത്താവിനെ നിയമിക്കേണ്ടതാകുന്നു.

12. മൈനർ വാദിയോ മൈനർ അപേക്ഷകനോ മെജാറിററി എത്തുന്നതിന്മേൽ അനുവർത്തിക്കേണ്ട മാർഗ്ഗം.—(1) ഒരു മൈനർ വാദിയോ, അല്ലെങ്കിൽ ഒരു വ്യവഹാരത്തിൽ കക്ഷി അല്ലാത്തതും തനിക്കുവേണ്ടി ഒരു അപേക്ഷ നിലവിലുള്ളതുമായ ഒരു മൈനറോ മെജാറിററിയെത്തുന്നതിൻമേൽ, വ്യവഹാരമോ അപേക്ഷയോ താൻ തുടർന്നു നടത്തുന്നുവോ എന്നു വരണം ചെയ്യേണ്ടതാകുന്നു.

(2) അയാാം വ്യവഹാരമോ അപേക്ഷയോ തുടർന്നു നടത്താൻ വരണം ചെയ്യുന്നിടത്ത്, അയാാം ഉററ ബന്ധുവിന്റെ ഡിസ്ചാർജ്ജ് ചെയ്യുന്ന ഉത്തരവിനും തന്റെ സ്വന്തം നാമത്തിൽ വ്യവഹാരം തുടർന്നു നടത്തുന്നതിനുള്ള അനുമതിക്കും അപേക്ഷിക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള സംഗതിയിൽ വ്യവഹാരത്തിന്റേയോ അപേക്ഷയുടെയോ ശീർഷകം അതുമുതൽ താഴെപ്പറയുംപ്രകാരം വായിക്കത്തക്കവിധം തിരുത്തേണ്ടതാണ് :—

"ക. ഖ, മുമ്പ് മൈനർ തന്റെ ഉററ ബന്ധു ഗ. ഘ വഴി, എന്നാൽ ഇപ്പോാം മെജാറിററി എത്തിയിരിക്കെ".

(4) താൻ വ്യവഹാരമോ അപേക്ഷയോ ഉപേക്ഷിക്കാൻ വരണം ചെയ്യുന്നിടത്ത്, അയാാം ഒരേ ഒരു വാദിയോ ഒരേ ഒരു അപേക്ഷകനോ ആണെങ്കിൽ വ്യവഹാരമോ അപേക്ഷയോ പ്രതിയ്ക്കോ എതിർകക്ഷിയ്ക്കോ നേരിട്ടിട്ടുള്ളതോ, തന്റെ ഉററ ബന്ധു കൊടുത്തിട്ടുണ്ടായിരിക്കാവുന്നതോ ആയ കോടതിച്ചെലവ് തിരിയെ കൊടുക്കുന്നതിൻമേൽ തള്ളിക്കളയാനുള്ള ഉത്തരവിന് അപേക്ഷിക്കേണ്ടതാകുന്നു.

(5) ഈ ചട്ടത്തിൻകീഴിലെ ഏതെങ്കിലും അപേക്ഷ എക്സ്പാർട്ടി ആയി കൊടുക്കാവുന്നതും, എന്നാൽ ഉററ ബന്ധുവിനെ ഡിസ്ചാർജ്ജ് ചെയ്യുകയും മൈനർ വാദിയെ തന്റെ സ്വന്തം നാമത്തിൽ വ്യവഹാരം നടത്താൻ അനുവദിക്കുകയും ചെയ്യുന്ന യാതൊരു ഉത്തരവും, ഉററ ബന്ധുവിന് നോട്ടീസ് നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. മെജാററിയെത്തുന്ന മൈനർ കൂട്ടുവാദി വ്യവഹാരം നിരാകരിക്കാൻ ആഗ്രഹിക്കുന്നിടത്ത്.—(1) ഒരു മൈനർ കൂട്ടുവാദി, മെജാറിററി എത്തുന്നതിൻമേൽ വ്യവഹാരം നിരാകരിക്കാൻ ആഗ്രഹിക്കുന്നിടത്ത്, അയാാം കൂട്ടുവാദിയെന്ന നിലയ്ക്കുള്ള അയാളുടെ പേർ നീക്കം ചെയ്തുകിട്ടാൻ അപേക്ഷിക്കേണ്ടതും; അയാാം അവശ്യകക്ഷി അല്ലെന്ന് കാണുന്നുവെങ്കിൽ കോടതി, കോടതിച്ചെലവ് സംബന്ധിച്ചുള്ളതോ മററുവിധത്തിലുള്ളതോ ആയ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ അയാളെ വ്യവഹാരത്തിൽനിന്ന് നീക്കം ചെയ്യേണ്ടതും ആകുന്നു.

(2) ആ അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് ഉററ ബന്ധുവിനും, ഏതെങ്കിലും കൂട്ടുവാദിക്കും, പ്രതിക്കും നടത്തേണ്ടതാകുന്നു.

(3) അങ്ങനെയുള്ള അപേക്ഷയുടേയും, വ്യവഹാരത്തിൽ അതിനു മുമ്പുണ്ടായ എല്ലാ നടപടികളുടേയും അല്ലെങ്കിൽ അവയിൽ ഏതിന്റെയെങ്കിലും എല്ലാ കക്ഷികളുടേയും കോടതിച്ചെലവ് കോടതി നിദേശിക്കുന്ന ആളുകൾ കൊടുക്കേണ്ടതാകുന്നു.

(4) അപേക്ഷകൻ വ്യവഹാരത്തിലെ അവശ്യകക്ഷി ആയിരിക്കുന്നിടത്ത്, കോടതിക്ക് അയാളെ പ്രതിയാക്കാൻ നിദേശിക്കാവുന്നതാണ്.

14. ന്യായരഹിതമോ അനുചിതമോ ആയ വ്യവഹാരം.—(1) മെജാറിററി എത്തുന്നതിൻമേൽ ഒരു മൈനർക്ക് അയാൾ ഒരേയൊരു വാദിയാണെങ്കിൽ തന്റെ നാമത്തിൽ തന്റെ ഉററ ബന്ധു ആരംഭിച്ച ഒരു വ്യവഹാരം, അത് ന്യായരഹിതമോ അനുചിതമോ ആയിരുന്നുവെന്ന കാരണത്തിൻമേൽ തള്ളിക്കളയാൻ അപേക്ഷിക്കാവുന്നതാണ്.

(2) അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നടത്തേണ്ടതും ; അങ്ങനെയുള്ള ന്യായരാഹിത്യത്തേയോ അനൗചിത്യത്തെയോ കുറിച്ചു ബോദ്ധ്യപ്പെടുന്നതിൻമേൽ കോടതിക്ക് അപേക്ഷ അനുവദിക്കുകയും അപേക്ഷ സംബന്ധിച്ചും വ്യവഹാരത്തിൽ ചെയ്തിട്ടുള്ള എന്തെങ്കിലും സംബന്ധിച്ചും, ഉള്ള എല്ലാ കക്ഷികളുടെയും കോടതിച്ചെലവ് കൊടുക്കാൻ ഉററ ബന്ധുവിനോട് ഉത്തരവ് ചെയ്യുകയോ, അല്ലെങ്കിൽ യുക്തമെന്നു തോന്നുന്ന മററു ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്.

15. 1 മുതൽ 14 വരെ ചട്ടങ്ങൾ (2ക ചട്ടം ഒഴികെ) ചിത്തഭ്രമമുള്ള ആളുകൾക്ക് ബാധകമാണെന്ന്.—1 മുതൽ 14 വരെയുള്ള ചട്ടങ്ങൾ (2ക ചട്ടം ഒഴികെ) ആകുന്നത്ര, ചിത്തഭ്രമമുള്ളവരാണെന്ന് വ്യവഹാരത്തിനുമുമ്പോ, വ്യവഹാരം നിലവിലുള്ളപ്പോഴോ വിധിക്കപ്പെടുന്ന ആളുകൾക്ക് ബാധകമായിരിക്കുന്നതും, അപ്രകാരം വിധിക്കപ്പെട്ടിട്ടില്ലെങ്കിലും, വ്യവഹാരപ്പെടുമ്പോഴോ, തങ്ങൾക്കെതിരായി വ്യവഹാരപ്പെടുമ്പോഴോ, തങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ ഏതെങ്കിലും മാനസിക ദൗർബല്യത്താൽ കഴിവില്ലാത്തവരായി അന്വേഷണവിചാരണയിൻമേൽ കോടതി കാണുന്ന ആളുകൾക്കുംകൂടി ബാധകമായിരിക്കുന്നതുമാകുന്നു.

16. ഒഴിവാക്കൽ.—(1) ഈ ആർഡറിൽ അടങ്ങിയ യാതൊന്നും, തന്റെ സ്റേററിന്റെ നാമത്തിൽ വ്യവഹാരപ്പെടുകയോ തനിക്കെതിരായി വ്യവഹാരപ്പെടുകയോ ചെയ്യുകയോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിന്റെ നിദേശമനുസരിച്ച് ഒരു ഏജൻറിന്റെ നാമത്തിലോ മറേറതെങ്കിലും നാമത്തിലോ തനിക്കെതിരായി വ്യവഹാരപ്പെടുകയോ ചെയ്യുന്ന ഒരു വിദേശ സ്റേററിലെ ഭരണാധികാരിക്ക് ബാധകമായിരിക്കുന്നതല്ല.

(2) ഈ ആർഡറിൽ അടങ്ങിയ യാതൊന്നിനും, മൈനർമാരാലോ അവർക്കെതിരായോ, അല്ലെങ്കിൽ ഭ്രാന്തൻമാരാലോ ചിത്തഭ്രമമുള്ള മററാളുകളാലോ അവർക്കെതിരായോ ഉള്ള വ്യവഹാരങ്ങൾ സംബന്ധിച്ച്, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും തദ്ദേശനിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതായോ, അല്ലെങ്കിൽ അവയ്ക്ക് ഏതെങ്കിലും വിധത്തിൽ ന്യൂനത വരുത്തുന്നതായോ അർത്ഥം കൽപിക്കപ്പെടുന്നതല്ല.

## ആർഡർ XXXII

# കുടുംബത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾ

1. ആർഡറിന്റെ ബാധകത.—(1) ഈ ആർഡറിലെ വ്യവസ്ഥകൾ കുടുംബത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾക്കോ നടപടികൾക്കോ ബാധകമായിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, ഈ ആർഡറിലെ വ്യവസ്ഥകൾ കുടുംബത്തെ സംബന്ധിക്കുന്ന താഴെ പറയുന്ന വ്യവഹാരങ്ങൾക്കോ നടപടികൾക്കോ ബാധകമായിരിക്കുന്നതാണ്. അതായത് :—

(ക) ഒരു വിവാഹത്തിന്റെ സാധുതയെക്കുറിച്ചുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും ആളുടെ ദാമ്പത്യപദവിയെക്കുറിച്ചുള്ളതോ ആയ പ്രഖ്യാപനത്തിനുള്ള വ്യവഹാരമോ നടപടിയോ ഉൾപ്പെടെ, ദാമ്പത്യവിഷയകമായ പ്രവൃത്തിക്കുള്ള ഒരു വ്യവഹാരമോ നടപടിയോ ;

(ഖ) ഏതെങ്കിലും ആൾ നിയമാനുസൃതവേഴ്ചയിലുണ്ടായതാണെന്ന് പ്രഖ്യാപനത്തിനുള്ള വ്യവഹാരമോ നടപടിയോ ;

(ഗ) കുടുംബത്തിലെ ഏതെങ്കിലും മൈനരുടേയോ അവശതയുള്ള മററംഗത്തിന്റേയോ ശരീരത്തിന്റെ രക്ഷാകർത്തൃത്വമോ കസ്ററഡിയോ സംബന്ധിച്ച ഒരു വ്യവഹാരമോ നടപടിയോ ;

(ഘ) സംരക്ഷണത്തിനുള്ള ഒരു വ്യവഹാരമോ നടപടിയോ ;

(ങ) ഒരു ദത്തിന്റെ സാധുതയോ പ്രഭാവമോ സംബന്ധിച്ചുള്ള ഒരു വ്യവഹാരമോ നടപടിയോ ;

(ച) മരണശാസനങ്ങൾ, മരണശാസനംകൂടാതെ മരിച്ചാലുള്ള സ്ഥിതി, പിൻതുടർച്ച എന്നിവ സംബന്ധിച്ച് ഒരു കുടുംബാംഗം ആരംഭിക്കുന്ന വ്യവഹാരമോ നടപടിയോ ;

(ഛ) കുടുംബത്തെ സംബന്ധിക്കുന്ന മററു ഏത് വിഷയം സംബന്ധിച്ചാണോ കക്ഷികൾ തങ്ങളുടെ വ്യക്തി നിയമത്തിന് വിധേയമായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച ഒരു വ്യവഹാരമോ നടപടിയോ.

(3) ഈ ആർഡറിലെ ഏതെങ്കിലും വ്യവഹാരമോ നടപടിയോ സംബന്ധിച്ച്, ഒരു പ്രത്യേക നിയമത്താൽ വ്യവസ്ഥ ചെയ്യപ്പെടുന്ന ഒരു വിഷയത്തെ സംബന്ധിക്കുന്നിടത്തോളമുള്ള, ആ വ്യവഹാരത്തിനോ നടപടിയ്ക്കോ ബാധകമായിരിക്കുന്നതല്ല.

2. നടപടികൾ സ്വകാര്യമായി നടത്തണമെന്ന്.—ഈ ആർഡർ ബാധകമാകുന്ന ഏതൊരു വ്യവഹാരത്തിലും, അല്ലെങ്കിൽ നടപടിയിലും നടപടികൾ സ്വകാര്യമായി നടത്തണമെന്ന് കോടതി ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം നടത്താവുന്നതും, ഇരുകക്ഷികളിൽ ആരെങ്കിലും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ, അപ്രകാരം നടത്തേണ്ടതുമാകുന്നു.

3. ഒത്തുതീർപ്പിന് പരിശ്രമങ്ങൾ നടത്താനുള്ള കോടതിയുടെ കർത്തവ്യം.—(1) ഈ ആർഡർബാധകമാകുന്ന ഏതൊരുവ്യവഹാരത്തിലും, അല്ലെങ്കിൽ നടപടിയിലും, കോടതി ആദ്യമായി വ്യവഹാരത്തിലെ വിഷയകം സംബന്ധിച്ച് ഒരു ഒത്തുതീർപ്പിൽ എത്തുന്നതിന് കക്ഷികളെ സഹായിക്കാൻ യത്നിക്കുന്നത് സംഗതിയുടെ പ്രകൃതത്തോടും പരിത:സ്ഥിതികളോടും സംഗതമായി സാദ്ധ്യമാകുന്നിടത്ത്, അപ്രകാരം ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ, ഏതെങ്കിലും ഘട്ടത്തിൽ, കക്ഷികൾതമ്മിൽ ഒരു ഒത്തുതീർപ്പിന് ന്യായമായ സാദ്ധ്യത ഉണ്ടെന്ന് തോന്നുന്നുവെങ്കിൽ, കോടതിക്ക് അങ്ങനെയുള്ള ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ പരിശ്രമങ്ങൾ നടത്താൻ കഴിവുണ്ടാക്കുന്നതിനായി, യുക്തമെന്നുതോന്നുന്ന കാലത്തേക്ക് നടപടി നീട്ടിവയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപചട്ടം നല്കുന്ന അധികാരം, നടപടികൾ നീട്ടിവയ്ക്കുന്നതിനുള്ള കോടതിയുടെ മററു ഏതെങ്കിലും അധികാരത്തിനുപുറമേയുള്ളതും, അതിന് ന്യൂനതവരുത്താത്തതും ആയിരിക്കുന്നതാണ്.

4. ക്ഷേമവിദഗ്ദ്ധന്റെ സഹായം.—ഈ ആർഡർ ബാധകമാകുന്ന ഏതൊരു വ്യവഹാരത്തിലും അല്ലെങ്കിൽ നടപടിയിലും, കോടതിക്ക് ഈ ആർഡറിലെ 3-ാം ചട്ടം ചുമത്തുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിൽ കോടതിയെ സഹായിക്കുന്നതിനുവേണ്ടി, കുടുംബത്തിന്റെ ക്ഷേമം പുലർത്തുന്നതിൽ, തൊഴിൽ എന്ന നിലയിൽ ഏർപ്പെട്ടിട്ടുള്ള ആൾ ഉൾപ്പെടെ (ലഭ്യമാകുന്നിടത്ത് സ്ത്രീക്ക് മുൻഗണനയോടെ) യുക്തമെന്ന് തോന്നുന്ന ആളുടെ,കക്ഷികളുമായി ചാർച്ചയുള്ളവർ ആയാലും അല്ലെങ്കിലും, ലഭ്യമാകുന്നതിന് കോടതിയ്ക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

5. വസ്തുതകളെക്കുറിച്ച് അന്വേഷണവിചാരണ നടത്താനുള്ള കർത്തവ്യം.—ഈ ആർഡർ ബാധകമാകുന്ന ഏതൊരു വ്യവഹാരത്തിലും അല്ലെങ്കിൽ നടപടിയിലും, വാദി ആഖ്യാപിക്കുന്ന വസ്തുതകളെക്കുറിച്ച് പ്രതി ആഖ്യാപിക്കുന്ന ഏതെങ്കിലും വസ്തുതകളെക്കുറിച്ചും, ന്യായമായി കഴിയുന്നിടത്തോളം അന്വേഷണവിചാരണനടത്തുന്നത് കോടതിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

6. "കുടുംബം" അർത്ഥം.—ഈ ആർഡറിന്റെ ആവശ്യങ്ങൾക്ക്, താഴെ പറയുന്ന ഓരോന്നും, ഒരു കുടുംബം ആക്കുന്നതായി കണക്കാക്കപ്പെടുന്നതാണ്; അതായത്:—

(ക) (i) ഒരുമിച്ച് ജീവിക്കുന്ന ഒരു പുരുഷനും, അയാളുടെ ഭാര്യയും;

(ii) അവരുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള പുരുഷന്റേയോ അങ്ങനെയുള്ള ഭാര്യയുടേയോ സന്താനമായ ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും ;

(iii) അങ്ങനെയുള്ള പുരുഷനും ഭാര്യയും സംരക്ഷിച്ചുപോരുന്ന ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും ;

(ഖ) ഭാര്യ ഇല്ലാത്തവനോ അല്ലെങ്കിൽ തന്റെ ഭാര്യയും ഒരുമിച്ചു ജീവിക്കാത്തവനോ ആയ ഒരു പുരുഷനും, അയാളുടെ സന്താനമായി ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും അയാൾ സംരക്ഷിച്ചുപോരുന്ന ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും;

(ഗ) ഭർത്താവില്ലാത്തവളോ അല്ലെങ്കിൽ തന്റെ ഭർത്താവൊരുമിച്ച് ജീവിക്കാത്തവളോ ആയ ഒരു സ്ത്രീയും, അവളുടെ സന്താനമായ ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും അവൾ സംരക്ഷിച്ചുപോരുന്ന ഏതെങ്കിലും കുട്ടിയും അല്ലെങ്കിൽ കുട്ടികളും ;

(ഘ) ഒരു പുരുഷനും, അല്ലെങ്കിൽ സ്ത്രീയും അയാളോ അവളോ ഒരുമിച്ച് ജീവിക്കുന്ന, അയാളുടേയോ അവളുടെയോ സഹോദരനും അല്ലെങ്കിൽ, സഹോദരിയും പൂർവ്വികനും അല്ലെങ്കിൽ അവരോഹണപരമ്പരയിലെ സന്തതിയും;

(ങ) ഈ ചട്ടത്തിലെ 'ക' ഖണ്ഡത്തിലോ 'ഖ' ഖണ്ഡത്തിലോ 'ഗ' ഖണ്ഡത്തിലോ 'ഘ' ഖണ്ഡത്തിലോ വിനിർദ്ദേശിക്കുന്ന ഗ്രൂപ്പുകളിൽ ഒന്നോ അതിലധികമോ ചേർന്നുള്ള ഏതെങ്കിലും സമുച്ചയം.

വിശദീകരണം.—5-ാം ചട്ടത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും വ്യക്തി നിയമത്തിലോ, തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ ഉള്ള കുടുംബത്തെക്കുറിച്ചുള്ള ആശയത്തിന് ഭംഗംവരാത്തവിധം ആയിരിക്കുന്നതാണെന്ന്, സംശയവും ഒഴിവാക്കാനായി ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

## ആർഡർ XXXIII

## നിസ്വരായ ആളുകളാലുള്ള വ്യവഹാരങ്ങൾ

1. നിസ്വരായ ആളുകൾക്ക് വ്യവഹാരങ്ങൾ ആരംഭിക്കാമെന്ന്.—താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും വ്യവഹാരം നിസ്വനായ ഒരാളാൽ ആരംഭിക്കപ്പെടാവുന്നതാണ്.

വിശദീകരണം I.—ഒരാൾ,—

(ക) അയാൾക്ക് അങ്ങനെയുള്ള വ്യവഹാരത്തിലെ അന്യായത്തിന് നിയമം നിർണ്ണയിക്കുന്ന ഫീസ് കൊടുക്കാൻ തനിക്ക് കഴിവുണ്ടാക്കാൻ മതിയായ ധനാഗമമാർഗ്ഗങ്ങൾ (ഒരു വിധിയുടെ നടത്തലിൽ ജപ്തിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള വസ്തുവും, വ്യവഹാരത്തിലെ വിഷയകവും അല്ലാത്തത്) അല്ലെങ്കിലോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള യാതൊരു ഫീസും നിർണ്ണയിക്കപ്പെടാത്തിടത്ത് അയാൾക്ക് ഒരു വിധിയുടെ നടത്തലിൽ ജപ്തിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള വസ്തുവും വ്യവഹാരത്തിലെ വിഷയകവും അല്ലാത്ത, ആയിരംരൂപ വിലവരുന്ന വസ്തുവിന് അവകാശം ഇല്ലെങ്കിലോ,

ഒരു നിസ്വനായ ആളാകുന്നു.

വിശദീകരണം II :—ഒരാൾ, നിസ്വനായ ആൾ എന്നനിലയിൽ വ്യവഹാരപ്പെടാൻ അനുവാദത്തിനുള്ള തന്റെ അപേക്ഷ ബോധിപ്പിച്ചതിനുശേഷവും, അപേക്ഷയുടെ തീരുമാനത്തിനുമുമ്പും ആയി, ആർജ്ജിക്കുന്ന ഏതെങ്കിലും വസ്തു, അപേക്ഷകൻ നിസ്വൻ ആണോ അല്ലയോ എന്ന പ്രശ്നം പരിഗണിക്കുന്നതിൽ കണക്കിലെടുക്കുന്നതാണ്.

വിശദീകരണം III:—വാദി, ഒരു പ്രതിനിധി എന്നനിലയിൽ വ്യവഹാരപ്പെടുന്നിടത്ത്, അയാൾ നിസ്വനായ ആൾ ആണോ എന്ന പ്രശ്നം, അങ്ങനെയുള്ള നിലയിൽ അയാൾക്കുള്ള ആസ്തികൾ കണക്കിലെടുത്ത് തീർപ്പാക്കപ്പെടുന്നതാണ്.

1 ക. നിസ്വനായ ആളുടെ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അന്വേഷണവിചാരണ.—ഒരാൾ നിസ്വനായ ആൾ ആണോ അല്ലയോ എന്ന പ്രശ്നത്തെക്കുറിച്ചുള്ള ഏതൊരു അന്വേഷണവിചാരണയും, കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം ആദ്യമായി കോടതിയിലെ മുഖ്യ മിനിസ്റ്റീരിയൽ

ഉദ്യോഗസ്ഥൻ നടത്തേണ്ടതും, കോടതിക്ക്, അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അതിന്റെ സ്വന്തം തീർപ്പായി അംഗീകരിക്കുകയോ, അല്ലെങ്കിൽ സ്വയം ആ പ്രശ്നത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയോ ചെയ്യാവുന്നതും ആകുന്നു.

2. അപേക്ഷയുടെ ഉള്ളടക്കം.—നിസ്വനായ ആളായി വ്യവഹാരപ്പെടാൻ അനുവാദത്തിനുള്ള ഏതൊരു അപേക്ഷയിലും, വ്യവഹാരങ്ങളിലെ അന്യായങ്ങൾ സംബന്ധിച്ചുവേണ്ടതായ വിവരങ്ങൾ അടങ്ങിയതായിരിക്കേണ്ടതും അതിനോട് അപേക്ഷകന്റെ വകയായുള്ള ജംഗമമോ സ്ഥാവരമോ ആയ ഏതു വസ്തുവിന്റെയും അതിന്റെ മതിപ്പുവിലയോടുകൂടിയ ഒരു പട്ടിക അനുബന്ധിച്ചിരിക്കേണ്ടതും ; അത് പ്ലീഡിങ്ങുകൾ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യുന്നതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതും ആകുന്നു.

3. അപേക്ഷ ബോധിപ്പിക്കൽ.—ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപേക്ഷ, കോടതിയിൽ ഹാജരാക്കുന്നതിൽ നിന്ന് അപേക്ഷകൻ ഒഴിവാക്കപ്പെടാത്തപക്ഷം ; അയാൾ നേരിട്ട് കോടതിക്ക് ബോധിപ്പിക്കേണ്ടതും, അപ്രകാരം ഒഴിവാക്കപ്പെടുന്ന സംഗതിയിൽ, അപേക്ഷ, അതുസംബന്ധിച്ച സാരവത്തായ എല്ലാചോദ്യങ്ങൾക്കും ഉത്തരം പറയാൻ കഴിയുന്ന ഒരു പ്രാധികൃത ഏജൻറിനാൽ ബോധിപ്പിക്കപ്പെടാവുന്നതും, അയാളെ, അയാളാൽ പ്രതിനിധാനം ചെയ്യപ്പെടുന്ന കക്ഷി നേരിട്ട് സന്നിഹിതനായിട്ടുണ്ടായിരുന്നുവെങ്കിൽ ആ കക്ഷിയെ വിസ്തരിക്കാമായിരുന്ന അതേരീതിയിൽ വിസ്തരിക്കാവുന്നതുമാണ് :

എന്നാൽ ഒന്നിലധികം വാദികളുള്ളിടത്ത്, അപേക്ഷ, വാദികളിൽ ഒരാൾ ബോധിപ്പിച്ചാൽ മതിയായിരിക്കുന്നതാണ്.

4. അപേക്ഷകനെ വിസ്തരിക്കുന്നത്.—(1) അപേക്ഷ, ശരിയായ ഫാറത്തിൽ ആയിരിക്കുകയും മുറപ്രകാരം ബോധിപ്പിക്കപ്പെടുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, യുക്തമെന്നുതോന്നുന്നുവെങ്കിൽ അപേക്ഷകനേയോ, അയാളെ ഏജൻറു മുഖാന്തരം ഹാജരാകാൻ അനുവദിച്ചിരിക്കുമ്പോൾ, അപേക്ഷകന്റെ ഏജൻറിനേയോ, അവകാശവാദത്തിന്റെ ഗുണാഗുണങ്ങളേയും അപേക്ഷകന്റെ വസ്തുവിനേയും സംബന്ധിച്ച് വിസ്തരിക്കാവുന്നതാണ്.

(2) ഏജൻറിനാൽ ബോധിപ്പിക്കപ്പെടുന്നുവെങ്കിൽ കോടതിക്ക്, അപേക്ഷകനെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കാൻ ഉത്തരവു ചെയ്യാമെന്ന്.—അപേക്ഷ, ഒരു ഏജൻറിനാൽ ബോധിപ്പിക്കപ്പെടുന്നിടത്ത്, കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ അപേക്ഷകനെ ഒരു കമ്മീഷൻ മുഖാന്തരം, സന്നിഹിതനല്ലാത്ത ഒരു സാക്ഷിയുടെ വിസ്താരം നടത്താവുന്ന രീതിയിൽ വിസ്തരിക്കണമെന്ന് ഉത്തരവു ചെയ്യാവുന്നതാണ്.

5. അപേക്ഷയുടെ നിരസനം.—കോടതി, നിസ്വനായ ആളായി വ്യവഹാരപ്പെടാൻ അനുവാദത്തിനുള്ള ഒരു അപേക്ഷ, താഴെപ്പറയുന്ന സംഗതികളിൽ നിരസിക്കേണ്ടതാകുന്നു;-

(ക) അത് 2-ം, 3-ം ചട്ടങ്ങൾ നിർണ്ണയിക്കുന്ന രീതിയിൽ വിരചിക്കപ്പെടുകയും ബോധിപ്പിക്കപ്പെടുകയും ചെയ്യാത്തിടത്ത്, അല്ലെങ്കിൽ

(ഖ) അപേക്ഷകൻ നിസ്വനായ ആൾ അല്ലാത്തിടത്ത്, അല്ലെങ്കിൽ

(ഗ) അയാൾ, അപേക്ഷ ബോധിപ്പിക്കുന്നതിന് തൊട്ടുമുൻപുള്ള രണ്ടുമാസങ്ങൾക്കുള്ളിൽ, വഞ്ചനാപൂർവമോ, അല്ലെങ്കിൽ നിസ്വനായ ആളായി വ്യവഹാരപ്പെടാൻ അനുവാദത്തിന് അപേക്ഷിക്കാൻ കഴിയുന്നതിനുവേണ്ടിയോ ഏതെങ്കിലും വസ്തു വ്യയനം ചെയ്തിട്ടുള്ളിടത്ത് :

എന്നാൽ, അപേക്ഷകൻ വ്യയനം ചെയ്ത വസ്തുവിന്റെ മൂല്യം കണക്കിലെടുത്തതിനുശേഷവും, നിസ്വനായ ആളായി വ്യവഹാരപ്പെടാൻ അവകാശമുണ്ടാകുമെങ്കിൽ യാതൊരു അപേക്ഷയും നിരസിക്കാൻ പാടുള്ളതല്ല; അല്ലെങ്കിൽ

(ഘ) അയാളുടെ ആഖ്യാപനങ്ങൾ ഒരു വ്യവഹാര കാരണം കാണിക്കാത്തിടത്ത്, അല്ലെങ്കിൽ

(ങ) അയാൾ, നിർദ്ദിഷ്ട വ്യവഹാരത്തിലെ വിഷയകം സംബന്ധിച്ചുള്ള ഏതു കരാറിൻ കീഴിലാണോ മറേറതെങ്കിലും ആൾക്ക്, അങ്ങനെയുള്ള വിഷയകത്തിൽ ഒരു അവകാശം ലഭിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്, അല്ലെങ്കിൽ

(ച) അപേക്ഷകൻ അപേക്ഷയിൽ ചെയ്തിട്ടുള്ള ആഖ്യാപനങ്ങൾ, വ്യവഹാരത്തിന് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ തടസ്സമുണ്ടാകുമെന്ന് കാണിക്കുന്നിടത്ത്, അല്ലെങ്കിൽ

(ഛ) ആ വ്യവഹരണത്തിന് ധനസഹായം ചെയ്യാൻ അയാളുമായി മറേറതെങ്കിലും ആൾ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്.

6. അപേക്ഷകൻ നിസ്വനായ ആൾ ആണെന്നതിനെക്കുറിച്ചുള്ള തെളിവ് സ്വീകരിക്കാനുള്ള ദിവസത്തെക്കുറിച്ചുള്ള നോട്ടീസ്.—5-ാം ചട്ടത്തിൽ പറയുന്ന കാരണങ്ങളിൽ ഏതിൻ മേലെങ്കിലും അപേക്ഷ നിരസിക്കാൻ കാരണം കാണാതിരിക്കുന്നിടത്ത്, കോടതി, താൻ നിസ്വനായ ആളാണെന്നുള്ളതിന്റെ തെളിയിക്കലായി അപേക്ഷകൻ നല്കുന്ന തെളിവ് സ്വീകരിക്കുന്നതിനും അതിന്റെ മറിച്ചു തെളിയിക്കലായി നല്കപ്പെടുന്ന ഏതെങ്കിലും തെളിവ് കേൾക്കുന്നതിനും ഒരു ദിവസം (അതിനെക്കുറിച്ച് എതിർകക്ഷിക്കും ഗവൺമെന്റ് പ്ലീഡർക്കും കുറഞ്ഞത് പത്തു പൂർണ്ണദിവസത്തെ നോട്ടീസ് നല്കേണ്ടതാണ്) നിജപ്പെടുത്തേണ്ടതാകുന്നു.

7. ഹീയറിങ്ങിലെ നടപടിക്രമം.—(1) അപ്രകാരം നിജപ്പെടുത്തുന്ന ദിവസമോ, അതിനുശേഷം സൗകര്യമുള്ളത്ര വേഗത്തിലോ, കോടതി ഇരുകക്ഷികളിൽ ആരെങ്കിലും ഹാജരാക്കുന്ന സാക്ഷികളെ (വല്ലവരും ഉണ്ടെങ്കിൽ) വിസ്തരിക്കേണ്ടതും, അപേക്ഷകനേയോ അയാളുടെ ഏജൻറിനെയോ കോടതിക്ക് വിസ്തരിക്കാവുന്നതും, കോടതി അവരുടെ തെളിവ് പൂർണ്ണമായി റിക്കാർഡാക്കേണ്ടതും ആകുന്നു.

(1 ക) (1)-ാം ഉപചട്ടത്തിൻകീഴിലെ സാക്ഷികളുടെ വിസ്താരം, 5-ാം ചട്ടം, (ഖ) ഖണ്ഡത്തിലും (ഗ) ഖണ്ഡത്തിലും (ങ) ഖണ്ഡത്തിലും വിനിർദ്ദേശിക്കുന്ന വിഷയങ്ങളിൽ ഒതുക്കി നിറുത്തേണ്ടതും, എന്നാൽ അപേക്ഷകന്റേയോ അയാളുടെ ഏജൻറിന്റേയോ വിസ്താരം 5-ാം ചട്ടത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങളിൽ ഏതിനേയും സംബന്ധിച്ചതാക്കാവുന്നതുമാണ്.

(2) കോടതി, അപേക്ഷയിൽ നിന്നോ, കോടതി 6-ാം ചട്ടത്തിൻകീഴിലോ ഈ ചട്ടത്തിൻകീഴിലോ എടുത്ത തെളിവിൽ നിന്നോ (വല്ലതും ഉണ്ടെങ്കിൽ) പ്രത്യക്ഷത്തിൽ അപേക്ഷകൻ 5-ാം ചട്ടത്തിൽ വിനിർദ്ദേശിക്കുന്ന നിരോധനങ്ങളിൽ ഏതിനെങ്കിലും വിധേയനാണോ അല്ലയോ എന്ന പ്രശ്നത്തിൻമേൽ, നൽകാൻ കക്ഷികൾ ആഗ്രഹിക്കുന്ന ഏതെങ്കിലും വാദങ്ങൾ കേൾക്കുകയുംകൂടി ചെയ്യേണ്ടതാകുന്നു.

(3) പിന്നീട് കോടതി നിസ്വനായ ആളായി വ്യവഹാരപ്പെടാൻ അപേക്ഷകനെ അനുവദിക്കുകയോ, അനുവദിക്കാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതാകുന്നു.

8. അപേക്ഷ സ്വീകരിക്കപ്പെടുന്നുവെങ്കിലുള്ള നടപടിക്രമം.—അപേക്ഷ അനുവദിക്കപ്പെടുന്നിടത്ത്, അത് നമ്പർ ചെയ്യപ്പെടുകയും രജിസ്ററർ ചെയ്യപ്പെടുകയും ചെയ്യേണ്ടതും, വ്യവഹാരത്തിലെ അന്യായമായി കരുതപ്പെടുന്നതും, ഏതെങ്കിലും ഹർജ്ജിയോ പ്ലീഡറുടെ നിയമനമോ വ്യവഹാരവുമായി ബന്ധപ്പെട്ട മററു നടപടിയോ സംബന്ധിച്ച് ഏതെങ്കിലും കോർട്ടുഫീസോ, പ്രോസസ് നടത്തലിന് കൊടുക്കേണ്ട ഫീസോ കൊടുക്കാൻ വാദി ബാദ്ധ്യസ്ഥനായിരിക്കുകയില്ലെന്നത് ഒഴികെ, മറെറല്ലാ കാര്യത്തിലും വ്യവഹാരം സാധാരണ രീതിയിൽ ആരംഭിക്കപ്പെടുന്ന വ്യവഹാരമെന്നപോലെ തുടരുന്നതും ആകുന്നു.

9. നിസ്വനായ ആരം അല്ലെന്നു പ്രഖ്യാപിക്കുന്നത്.— കോടതിക്ക്, പ്രതിയുടേയോ, ഗവൺമെൻറു പ്ലീഡറുടേയോ, ഏതൊരു അപേക്ഷയെക്കുറിച്ചാണോ വാദിക്ക് ഏഴു പൂർണ്ണ ദിവസത്തെ ലിഖിതമായ നോട്ടീസ് കൊടുത്തിട്ടുള്ളത്, അങ്ങനെയുള്ള അപേക്ഷയിൻമേൽ, വാദി—

(ക) വ്യവഹാരത്തിൻെറ ഗതിയിൽ ശല്യമുണ്ടാക്കുന്നതോ അനുചിതമോ ആയ പെരുമാററത്തിന് അയാരം അപരാധി ആണെങ്കിലോ ;

(ഖ) നിസ്വനായ ആളെന്ന നിലയിൽ അയാരം തുടർന്നു വ്യവഹാരപ്പെടാൻ പാടില്ലാത്തവിധമുള്ളതാണ് അയാളുടെ ധനാഗമമാർഗ്ഗങ്ങരം എന്ന് കാണുന്നുവെങ്കിലോ; അല്ലെങ്കിൽ

(ഗ) അയാരം വ്യവഹാരത്തിലെ വിഷയകം സംബന്ധിച്ചുള്ള ഏതു കരാറിൻകീഴിലാണോ മറേറതെങ്കിലും ആരംക്ക് അങ്ങനെയുള്ള വിഷയകത്തിൽ ഒരു അവകാശം ലഭിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലോ, നിസ്വനായ ആരം അല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവു ചെയ്യാവുന്നതാണ്.

9 ക. പ്രതിനിധാനം ചെയ്യപ്പെടാത്ത നിസ്വനായ ആരംക്ക് കോടതി ആ പ്ലീഡറെ വച്ചുകൊടുക്കണമെന്ന്.—(1) നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവദിക്കപ്പെടുന്ന ഒരാരം, പ്ലീഡറാൽ പ്രതിനിധാനം ചെയ്യപ്പെടാത്തിടത്ത്, അയാരംക്ക് ഒരു പ്ലീഡറെ വച്ചുകൊടുക്കണമെന്ന്, സംഗതിയുടെ പരിതഃസ്ഥിതികരം ആവശ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.

(2) ഹൈക്കോടതിക്ക്, സ്റേററ് ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി,—

(ക) (1)-ാം ഉപചട്ടത്തിൻ കീഴിൽ വച്ച് കൊടുക്കേണ്ട പ്ലീഡർമാരെ തിരഞ്ഞെടുക്കുന്ന സമ്പ്രദായത്തിനും ;

(ഖ) അങ്ങനെയുള്ള പ്ലീഡർമാർക്ക് കോടതി നൽകേണ്ട സൗകര്യങ്ങരംക്കും ;

(ഗ) (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകരംക്ക് പ്രഭാവം നൽകുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യാൻ ചട്ടങ്ങരം ആവശ്യപ്പെടുന്നതോ ചട്ടങ്ങരംക്കു വ്യവസ്ഥ ചെയ്യാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിനും,

വ്യവസ്ഥചെയ്യുന്ന ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

10. നിസ്വനായ ആരം വിജയിക്കുന്നിടത്തുള്ള കോടതിച്ചെലവ്.— വ്യവഹാരത്തിൽ വാദി വിജയിക്കുന്നിടത്ത്, കോടതി, നിസ്വനായ ആളെന്നനിലയിൽ വ്യവഹാരപ്പെടാൻ വാദി അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിൽ അയാരം കൊടുത്തിട്ടുണ്ടാകുമായിരുന്ന കോർട്ടുഫീസിൻെറ തുക കണക്കാക്കേണ്ടതും; അങ്ങനെയുള്ള തുക, അതു കൊടുക്കാൻ വിധി ഉത്തരവു ചെയ്യുന്ന ഏതെങ്കിലും കക്ഷിയിൽ നിന്ന് സ്റേററ് ഗവൺമെൻറിനാൽ വസൂലാക്കപ്പെടാവുന്നതായിരിക്കുന്നതും വ്യവഹാരത്തിലെ വിഷയകത്തിൻമേൽ ആദ്യചാർജായിരിക്കുന്നതുമാകുന്നു.

11. നിസ്വനായ ആൾ പരാജയപ്പെടുന്നിടത്തുള്ള നടപടിക്രമം.—വാദി വ്യവഹാരത്തിൽ പരാജയപ്പെടുകയോ, നിസ്വനായ ആളല്ലെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുന്നിടത്തോ, അല്ലെങ്കിൽ വ്യവഹാരം പിൻവലിക്കപ്പെടുകയോ, അല്ലെങ്കിൽ—

(ക) പ്രതി ഹാജരാവുകയും ഉത്തരം പറയുകയും ചെയ്യാനുള്ള സമൻസും, വാദി, നടത്തലിന് ചാർജ്ജ് ചെയ്യപ്പെടാവുന്ന കോർട്ടുഫീസോ, പോസ്റ്റൽ ചാർജ്ജുകളോ (വല്ലതും ഉണ്ടെങ്കിൽ) കൊടുക്കാതിരിക്കുകയോ, അല്ലെങ്കിൽ അന്യായത്തിൻേറയോ സംക്ഷിപ്തപ്രസ്താവനയുടേയോ പകർപ്പുകൾ ബോധിപ്പിക്കാതിരിക്കുകയോ ചെയ്യുന്നതിൻെറ അനന്തരഫലമായി പ്രതിക്ക് നടത്തിയിട്ടില്ലാത്തതുകൊണ്ടോ, അല്ലെങ്കിൽ

(ഖ) വ്യവഹാരം ഹിയറിങ്ങിനു വിളിക്കുമ്പോൾ, വാദി, ഹാജരാകാതിരിക്കുന്നതുകൊണ്ടോ തള്ളപ്പെടുകയോ ചെയ്യുന്നിടത്തോ കോടതി, വാദിയോടോ വ്യവഹാരത്തിൽ കൂട്ടുവാദിയായി ചേർക്കപ്പെട്ട ഏതെങ്കിലും ആളോടോ, നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ താൻ അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിൽ, വാദി കൊടുത്തിട്ടുണ്ടാകുമായിരുന്ന കോർട്ടുഫീസ് കൊടുക്കാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

11 ക. നിസ്വനായ ആളുടെ വ്യവഹാരം ഉപശമിക്കുന്നിടത്തുള്ള നടപടിക്രമം.—വ്യവഹാരം വാദിയുടേയോ, കൂട്ടുവാദിയായി ചേർക്കപ്പെട്ട ഏതെങ്കിലും ആളുടേയോ മരണം കാരണമായി ഉപശമിക്കുന്നിടത്ത്, കോടതി, നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ താൻ അനുവദിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ വാദി കൊടുത്തിട്ടുണ്ടാകുമായിരുന്ന കോർട്ടു ഫീസിൻെറ തുക മരിച്ചുപോയ വാദിയുടെ എസ്റേററിൽ നിന്ന് സ്റേററ് ഗവൺമെൻറിനാൽ വസൂലാക്കപ്പെടാവുന്നതായിരിക്കുമെന്ന് ഉത്തരവു ചെയ്യേണ്ടതാകുന്നു.

12. കോർട്ടുഫീസ് കൊടുക്കണമെന്നു സ്റേററ് ഗവൺമെൻറിന് അപേക്ഷിക്കാവുന്നതാണ്.—10-ാം ചട്ടത്തിനോ, 11-ാം ചട്ടത്തിനോ 11 ക. ചട്ടത്തിനോ കീഴിൽ കോർട്ടുഫീസ് കൊടുക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കോടതിയോട് അപേക്ഷിക്കാൻ ഏതുസമയത്തും സ്റേററ് ഗവൺമെൻറിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

13. സ്റേററ് ഗവൺമെൻറു കക്ഷിയായി കരുതപ്പെടുമെന്ന്.—10-ാം ചട്ടത്തിനോ 11-ാം ചട്ടത്തിനോ 11 ക. ചട്ടത്തിനോ 12-ാം ചട്ടത്തിനോ കീഴിൽ സ്റേററ് ഗവൺമെൻറും, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയും തമ്മിൽ ഉദ്ഭവിക്കുന്ന എല്ലാ വിഷയങ്ങളും, 47-ാം വകുപ്പിൻെറ അർത്ഥത്തിൽ വ്യവഹാരത്തിലെ കക്ഷികൾ തമ്മിൽ ഉദ്ഭവിക്കുന്ന പ്രശ്നങ്ങളായി കരുതപ്പെടുന്നതാകുന്നു.

14. കോർട്ടുഫീസിൻെറ തുക വസൂലാക്കുന്നത്.—10-ാം ചട്ടത്തിനോ, 11-ാം ചട്ടത്തിനോ 11 ക. ചട്ടത്തിനോ കീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, കോടതി, ഉടനടി വിധിയുടേയോ ഉത്തരവിൻേറയോ ഒരു പകർപ്പ് കളക്ടർക്ക് അയപ്പിക്കേണ്ടതും, കളക്ടർക്കു അതിൽ വിനിർദ്ദേശിക്കുന്ന കോർട്ടുഫീസ് തുക, അതു കൊടുക്കാൻ ബാദ്ധ്യതപ്പെട്ട ആളിൽ നിന്നോ വസ്തുവിൽ നിന്നോ മറേറതെങ്കിലും സമ്പ്രദായത്തിലുള്ള വസൂലാക്കലിന് ഭംഗം വരാത്തവിധം അത് ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കാവുന്നതുമാണ്.

15. അപേക്ഷകനെ നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവദിക്കുന്നതിനു വിസമ്മതിക്കുന്നത്, സദൃശപ്രകൃതത്തിലുള്ള പിൻ അപേക്ഷയ്ക്ക് തടസ്സമായിരിക്കുമെന്ന്.—അപേക്ഷകനെ നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവദിക്കുന്നതിനു വിസമ്മതിക്കുന്ന

ഒരു ഉത്തരവ്, അതേ വ്യവഹാരപ്പെടാനുള്ള അവകാശം സംബന്ധിച്ച്, അയാളം ലുള്ള സദൃശപ്രകൃതത്തിലുള്ള ഏതെങ്കിലും പിൻഅപേക്ഷയ്ക്ക് തടസ്സമായിരിക്കുന്നതും; എന്നാൽ, അപേക്ഷകന് അങ്ങനെയുള്ള അവകാശം സംബന്ധിച്ച് സാധാരണ രീതിയിൽ ഒരു വ്യവഹാരം ആരംഭിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും; എന്നാൽ അയാരം ആ വ്യവഹാരം ആരംഭിക്കുന്ന സമയത്തോ അല്ലെങ്കിൽ അതിനുശേഷമുള്ളതും കോടതി അനുവദിക്കുന്നതുമായ സമയത്തിനുള്ളിലോ സ്റേററ് ഗവൺമെൻറിനും എതിർകക്ഷിക്കും നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുമതിക്കുള്ള അയാളുടെ അപേക്ഷ എതിർക്കുന്നതിൽ നേരിട്ടു കോടതിച്ചെലവു (വല്ലതുമുണ്ടെങ്കിൽ) കൊടുക്കാതിരിക്കുന്ന പക്ഷം, അന്യായം തിരസ്ക്കരിക്കപ്പെടുന്നതുമാകുന്നു.

15 ക. കോർട്ട്ഫീസ് കൊടുക്കാൻ സമയം അനുവദിക്കുന്നത്.—5-ാം ചട്ടത്തിലോ, 7-ാം ചട്ടത്തിലോ, 15-ാം ചട്ടത്തിലോ അടങ്ങിയ യാതൊന്നും 5-ാം ചട്ടത്തിൻകീഴിൽ ഒരു അപേക്ഷ തിരസ്ക്കരിക്കുമ്പോഴോ അല്ലെങ്കിൽ 7-ാം ചട്ടത്തിൻകീഴിൽ ഒരു അപേക്ഷ അനുവദിക്കാൻ വിസമ്മതിക്കുമ്പോഴോ, ആവശ്യമായ കോർട്ടുഫീസ്, കോടതി നിജപ്പെടുത്തുന്നതോ, അപ്പോഴപ്പോറം നീട്ടിക്കൊടുക്കുന്നതോ ആയ സമയത്തിനുള്ളിൽ കൊടുക്കാൻ അപേക്ഷകന് സമയം നൽകുന്നതിൽ നിന്ന് കോടതിയെ തടയുന്നതല്ലാത്തതും; അങ്ങനെ കൊടുക്കുന്നതിൻമേലും, 15-ാം ചട്ടത്തിൽ പരാമർശിക്കുന്ന കോടതിച്ചെലവ് ആ സമയത്തിനുള്ളിൽ കൊടുക്കുന്നതിൻമേലും, വ്യവഹാരം നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടുന്നതിന് അനുവാദത്തിനുള്ള അപേക്ഷ ബോധിപ്പിച്ച തീയതി ആരംഭിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതുമാകുന്നു.

16. കോടതിച്ചെലവ്.—നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടുന്നതിന് അനുവാദത്തിനുള്ള അപേക്ഷയുടേയും നിസ്വതയെക്കുറിച്ചുള്ള അന്വേഷണ വിചാരണയുടേയും കോടതിച്ചെലവ് വ്യവഹാരത്തിലെ കോടതിച്ചെലവ് ആയിരിക്കുന്നതാണ്.

17. നിസ്വനായ ആളാലുള്ള പ്രതിവാദം.—ഒരു തട്ടിക്കിഴിക്കലോ പ്രത്യവകാശവാദമോ പ്ലീഡ് ചെയ്യാനാഗ്രഹിക്കുന്ന ഏതെങ്കിലും പ്രതിയെ അങ്ങനെയുള്ള അവകാശവാദം നിസ്വനായ ആളെന്ന നിലയിൽ ഉന്നയിക്കാൻ അനുവദിക്കാവുന്നതും, ഈ ആർഡറിൽ അടങ്ങുന്ന ചട്ടങ്ങറം, ആകുന്നു, അയാറം ഒരു വാദിയും, അയാളുടെ പത്രിക അന്യായവും ആയിരുന്നാലെന്നപോലെ, അയാറംക്ക് ബാധകമായിരിക്കുന്നതുമാണ്.

18. നിസ്വരായ ആളുകറംക്ക് സൗജന്യനിയമ സേവനങ്ങറംക്ക് വ്യവസ്ഥ ചെയ്യുന്നതിനു ഗവൺമെൻറിനുള്ള അധികാരം.—(1) ഈ ചട്ടത്തിലെ വ്യവസ്ഥകറംക്ക് വിധേയമായി, കേന്ദ്രഗവൺമെൻറിനോ സ്റേററ്ഗവൺമെൻറിനോ, നിസ്വരായ ആളുകളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവദിക്കപ്പെട്ടിട്ടുള്ളവർക്ക് സൗജന്യനിയമ സേവനങ്ങറം നൽകുന്നതിനു യുക്തമെന്നു തോന്നുന്ന അനുപൂരക വ്യവസ്ഥകറം ഉണ്ടാക്കാവുന്നതാണ്.

(2) ഹൈക്കോടതിക്ക്, സ്റേററ് ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, (1)-ാം ഉപചട്ടത്തിൽ പരാമർശിച്ച നിസ്വരായ ആളുകറംക്ക് സൗജന്യനിയമസേവനങ്ങറം നൽകുന്നതിന് കേന്ദ്രഗവൺമെൻേറാ സ്റേററ് ഗവൺമെൻേറാ ഉണ്ടാക്കുന്ന അനുപൂരക വ്യവസ്ഥകറം നടപ്പാക്കുന്നതിനായി ചട്ടങ്ങറം ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങളിൽ അങ്ങനെയുള്ള നിയമ സേവനങ്ങളുടെ പ്രകൃതവും വ്യാപ്തിയും, ഏതു ഉപാധികറംക്ക് കീഴിലാണ് അവ ലഭ്യമാക്കാവുന്നത് എന്നുള്ളതും, ഏതു വിഷയങ്ങറം സംബന്ധിച്ചും ഏതു ഏജൻസികറം മുഖേനയും ആണ് അങ്ങനെയുള്ള സേവനങ്ങറം ചെയ്തു കൊടുക്കാവുന്നത് എന്നുള്ളതും ഉറംപ്പെട്ടിരിക്കാവുന്നതും ആണ്.

## ആർഡർ XXXIV

# സ്ഥാവരവസ്തുവിൻെറ പണയങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾ

1. പണയം ഒഴിപ്പിക്കൽ നിരോധനത്തിനും, വിൽപ്പനയ്ക്കും, പണയം ഒഴിപ്പിക്കലിനുമുള്ള വ്യവഹാരത്തിലെ കക്ഷികൾ.—ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി, പണയ ഈടിലോ പണയം ഒഴിപ്പിക്കൽ അവകാശത്തിലോ അവകാശ ബന്ധമുള്ള എല്ലാ ആളുകളും, പണയം സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിൽ കക്ഷികളായി ചേർക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.—ഒരു പിൻ പണയഗ്രഹീതാവിന് മുൻ പണയക്കാരനെ, വ്യവഹാരത്തിലെ ഒരു കക്ഷിയാക്കാതെ പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ വിൽപ്പനയ്ക്കോ വ്യവഹാരപ്പെടാവുന്നതും; ഒരു പിൻ പണയം ഒഴിപ്പിക്കുന്നതിനുള്ള ഒരു വ്യവഹാരത്തിൽ ഒരു മുൻ പണയക്കാരനെ കക്ഷിചേർക്കേണ്ടതില്ലാത്തതും ആകുന്നു.

2. പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിലെ പ്രാരംഭ വിധി.—(1) പണയമൊഴിപ്പിക്കൽ നിരോധനത്തിനുള്ള ഒരു വ്യവഹാരത്തിൽ, വാദി വിജയിക്കുന്നുവെങ്കിൽ, കോടതി—

(ക) അങ്ങനെയുള്ള വിധിയുടെ തീയതിക്ക്, വാദിക്ക്—

(i) പണയത്തിൻെറ മുതലും പലിശയും ;

(ii) അയാൾക്ക് അവാർഡ്ചെയ്ത, വ്യവഹാരത്തിൻെറ കോടതി ച്ചെലവ് വല്ലതുമുണ്ടെങ്കിൽ, അതും ;

(iii) അയാളുടെ പണയ ഈട് സംബന്ധിച്ച്, ആ തീയതിവരെ അയാൾ ന്യായമായി ചെലവാക്കിയ മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും, അതോടുകൂടി അതിൻമേലുള്ള പലിശയും ;

ആയി കൊടുക്കാനുള്ളതിൻെറ ഒരു കണക്കെടുക്കണമെന്ന് ഉത്തരവു ചെയ്യുകയോ; അല്ലെങ്കിൽ,

(ഖ) ആ തീയതിക്ക് അപ്രകാരം കൊടുക്കാനുള്ള തുക പ്രഖ്യാപിക്കുകയോ, ചെയ്യുന്നതും ;

(ഗ) (i) കൊടുക്കാനുള്ളതായി അപ്രകാരം കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക, പ്രതി, അതതു സംഗതിപോലെ, (ക) ഖണ്ഡത്തിൻകീഴിൽ എടുക്കുന്ന കണക്കുകൾ കോടതി സ്ഥിരപ്പെടുത്തുകയും മേലൊപ്പുവയ്ക്കുകയും ചെയ്യുന്ന തീയതി മുതൽക്കോ, അല്ലെങ്കിൽ (ഖ) ഖണ്ഡത്തിൻകീഴിൽ അങ്ങനെയുള്ള തുക കോടതിയിൽ പ്രഖ്യാപിക്കപ്പെടുന്ന തീയതി മുതൽക്കോ ആറുമാസത്തിനുള്ളിലുള്ളതും, കോടതി നിജപ്പെടുത്തുന്നതുമായ തീയതിയോ അതിനു മുമ്പോ കോടതിയിൽ ഒടുക്കുകയും അതിനുശേഷം, 10-ാം ചട്ടത്തിൽ വ്യവസ്ഥചെയ്യുന്നതു പോലെ പിന്നീടുള്ള ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുക, യഥാക്രമം അങ്ങനെയുള്ള തുകകളിൻമേലുള്ള 11-ാം ചട്ടത്തിൽ വ്യവസ്ഥചെയ്യുന്നതുപോലെയുള്ള പിന്നീടുള്ള പലിശ

യോടുകൂടി, ഒടുക്കുകയും ചെയ്യുന്നുവെങ്കിൽ, വാദി, പണയ വസ്തു സംബന്ധിച്ച തന്റെ കൈവശത്തിലോ അധികാര ത്തിലോ ഉള്ള എല്ലാ രേഖകളും പ്രതിക്കോ, പ്രതി നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്നും, വസ്തു പണയ ത്തിൽ നിന്നും, വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ, വാദി, സിദ്ധമായ ഉടമാവ കാശംവഴി അവകാശപ്പെടുന്നിടത്ത്, ആരുടെ കീഴിലാണോ അയാൾ അവകാശപ്പെടുന്നത്, അവരോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടികടങ്ങളിൽ നിന്നും വിടുർത്തി പ്രതിക്ക് അയാളുടെ ചെല വിൽ തിരിയെ കൈമാററം ചെയ്യുകയും, ആവശ്യമാണെങ്കിൽ, പ്രതിക്ക് വസ്തു കൈവശം കൊടുക്കുകയുംകൂടി ചെയ്യുകയും ചെയ്യേണ്ടതാണെന്നു ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം ചെയ്യേണ്ടതാണെന്നും ;

(ii) പ്രാരംഭവിധിക്ക് കീഴിലോ പ്രാരംഭവിധിയാലോ, കൊടുക്കാനുള്ള തായി കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക അപ്രകാരം നിജപ്പെടുത്തിയ തീയതിയോ അതിനുമുമ്പോ കൊടുക്കാ തിരിക്കുകയോ, അല്ലെങ്കിൽ പ്രതി കോടതി നിജപ്പെടുത്തുന്ന സമയ ത്തിനുള്ളിൽ, പിന്നീടുള്ള ചെലവുകളും, ചാർജുകളും, വ്യയ ങ്ങളും, പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായ നിർണ്ണയം ചെയ്യപ്പെടുന്ന തുക ഒടുക്കാതിരിക്കുകയോ ചെയ്യുന്നു വെങ്കിൽ, വസ്തു പണയം ഒഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശ ങ്ങളിൽനിന്നും പ്രതിയെ തടയുന്ന ഒരു അവസാനവിധിക്ക് അപേ ക്ഷിക്കാൻ വാദിക്ക് അവകാശമുണ്ടായിരിക്കുന്നതാണെന്നും,

നിദേശിക്കുന്നതും :

ആയ ഒരു പ്രാരംഭവിധി പാസാക്കേണ്ടതാകുന്നു.

(2) കോടതിക്ക്, സാധുവായ കാരണം കാണിക്കുന്നതിൻമേലും, അപ്പോ ഴപ്പോൾ കോടതി നിജപ്പെടുത്തേണ്ട നിബന്ധനകളിൻമേലും, അവസാനവിധി പാസാക്കുന്നതിനുമുമ്പ് ഏത് സമയത്തും, (1)-ാം ഉപചട്ടത്തിൻകീഴിൽ കൊടു ക്കാനുള്ളതായി കാണപ്പെടുന്നതോ, പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുകയോ, അല്ലെങ്കിൽ പിന്നീടുള്ള ചെലവുകളും, ചാർജുകളും വ്യയങ്ങളും പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുകയോ കൊടുക്കുന്നതിനു നിജപ്പെടുത്തിയിട്ടുള്ള സമയം നീട്ടിക്കൊടുക്കാവുന്നതാണ്.

(3) പണയം ഒഴിപ്പിക്കൽ നിരോധനത്തിനുള്ള ഒരു വ്യവഹാരത്തിൽ, പിൻപണയഗൃഹീതാക്കളേയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പണയ ഗൃഹീതാക്കളിൽനിന്ന് ഉടമാവകാശം സിദ്ധിക്കുകയോ അവരുടെ അവകാശങ്ങ ളിലേക്ക് പ്രതിനിവിഷ്ഠരാവുകയോ ചെയ്യുന്ന ആളുകളേയോ കക്ഷികളായി ചേർന്നിടത്ത്, പ്രാരംഭവിധി, സംഗതിയുടെ പരിതഃസ്ഥിതികൾ ആവശ്യ പ്പെടുന്ന വ്യത്യാസങ്ങളോടെ, അനുബന്ധം ഡയിലെ, അതതു സംഗതിപോലെ, 9-ാം നമ്പർ ഫാറത്തിലോ 10-ാം നമ്പർ ഫാറത്തിലോ പ്രതിപാദിക്കുന്ന രീതി യിലും രൂപത്തിലും വ്യവഹാരത്തിലെ കക്ഷികളുടെ യഥാക്രമമുള്ള അവകാശ ങ്ങളുടേയും ബാദ്ധ്യതകളുടേയും ന്യായനിർണ്ണയത്തിന് വ്യവസ്ഥ ചെയ്യേണ്ട താകുന്നു.

3. <u>പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിലെ അവസാനവിധി.—</u>

(1) പണയവസ്തു, പണയം ഒഴിപ്പിക്കാനുള്ള എല്ലാ അവകാശവും, തടയുന്ന ഒരു അവസാനവിധി പാസ്സാക്കിയിട്ടുള്ളതിനുമുമ്പ്, പ്രതി, 2-ാംചട്ടം (9)-ാം ഉപചട്ടത്തിൻകീഴിൽ താൻ കൊടുക്കാനുള്ള എല്ലാ തുകകളും കോടതിയിൽ ഒടുക്കുന്നിടത്ത്, കോടതി, പ്രതി ഇതിലേക്ക് ബോധിപ്പിക്കുന്ന അപേക്ഷയിൻ മേൽ.

(ക) പ്രാരംഭവിധിയിൽ പരാമർശിക്കുന്ന രേഖകൾ ഏല്പിച്ചുകൊടുക്കാൻ വാദിയോട് ഉത്തരവുചെയ്യുന്നതും ആവശ്യമാണെങ്കിൽ :

(ഖ) അയാളോട് മുൻപറഞ്ഞ വിധിയിൽ നിദേശിക്കുന്നതുപോലെ പണയവസ്തു പ്രതിയുടെ ചെലവിൽ തിരിയെ കൈമാററം ചെയ്യാൻ ഉത്തരവ് ചെയ്യുന്നതും ;

കൂടാതെ ആവശ്യമാണെങ്കിൽ ;

(ഗ) അയാളോട്, വസ്തു പ്രതിക്ക് കൈവശം കൊടുക്കാൻ ഉത്തരവ് ചെയ്യുന്നതും,

ആയ ഒരു അവസാനവിധി പാസ്സാക്കേണ്ടതാകുന്നു.

(2) 1-ാം ഉപചട്ടമനുസരിച്ചുള്ള ഒടുക്കു ചെയ്തിട്ടില്ലാത്തിടത്ത്, കോടതി, വാദി ഇതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, പ്രതിയും അയാളിലൂടേയോ, അയാൾക്ക് കീഴിലോ അവകാശപ്പെടുന്ന എല്ലാ ആളുകളും പണയവസ്തു പണയം ഒഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിൽനിന്നും തടയപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നതും, ആവശ്യമാണെങ്കിൽ പ്രതിയോട് വാദിക്ക് വസ്തു കൈവശംകൊടുക്കാൻ ഉത്തരവുചെയ്യുകയും കൂടി ചെയ്യുന്നതുമായ ഒരു അവസാനവിധി പാസാക്കേണ്ടതാകുന്നു.

(3) (2)-ാം ഉപചട്ടത്തിൻകീഴിൽ ഒരു അവസാനവിധി പാസ്സാക്കുന്നതിൻമേൽ പണയം സംബന്ധിച്ചോ, വ്യവഹാരം കാരണമായോ പ്രതി വിധേയനായിരിക്കുന്ന, എല്ലാ ബാദ്ധ്യതകളും തീർക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

4. (1) വില്പ്പനയ്ക്കുള്ള വ്യവഹാരത്തിലെ]പ്രാരംഭവിധി.—വില്പ്പനയ്ക്കുള്ള ഒരു വ്യവഹാരത്തിൽ, വാദി വിജയിക്കുന്നുവെങ്കിൽ, കോടതി, 2-ാം ചട്ടം (1)-ാം ഉപചട്ടത്തിലെ, (ക)യും, (ഖ)യും, (ഗ) (i)-ം ഖണ്ഡങ്ങളിൽ പറയുന്ന അർത്ഥത്തിലുള്ളതും, കൂടാതെ, അതിൽ പറയുന്നപ്രകാരം ഒടുക്കുന്നതിൽ പ്രതി വീഴ്ചവരുത്തിയാൽ, പണയവസ്തുവോ, അതിന്റെ മതിയായത്രഭാഗമോ വില്ക്കാനും, വിററുകിട്ടുന്നത് (അതിൽനിന്ന് വില്പനച്ചെലവുകൾ കിഴിവു ചെയ്തതിനുശേഷം) കോടതിയിൽ ഒടുക്കുകയും, പ്രാരംഭവിധിക്ക് കീഴിലോ, പ്രാരംഭവിധിയാലോ വാദിക്ക് കൊടുക്കാനുള്ളതായി കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക പിന്നീടുള്ള ചെലവുകളും ചാർജുകളും വ്യയങ്ങളും പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുക സഹിതം കൊടുക്കുന്നതിന് ഉപയോഗിക്കുകയും ബാക്കി, വല്ലതുമുണ്ടെങ്കിൽ, അത് പ്രതിക്കോ അത് കിട്ടാൻ അവകാശമുള്ള മററ് ആളുകൾക്കോ കൊടുക്കുകയും ചെയ്യാനും നിദേശിക്കുന്ന ഒരു അവസാനവിധിക്ക് അപേക്ഷിക്കാൻ വാദിക്ക് അവകാശമുണ്ടെന്ന് നിദേശിക്കുന്നതും ആയ ഒരു പ്രാരംഭവിധി പാസാക്കേണ്ടതാകുന്നു.

(2) കോടതിക്ക്, സാധുവായ കാരണംകാണിക്കുന്നതിൻമേലും, അപ്പോഴപ്പോൾ കോടതി നിജപ്പെടുത്തേണ്ട നിബന്ധനകളിൻമേലും വില്പനയ്ക്കുള്ള ഒരു അവസാനവിധി പാസ്സാക്കുന്നതിനുമുമ്പ് ഏത് സമയത്തും, (1)-ാം ഉപചട്ടത്തിൻകീഴിൽ കൊടുക്കാനുള്ളതായി കാണുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുകയോ, അല്ലെങ്കിൽ പിന്നീടുള്ള ചെലവുകളും ചാർജുകളും വ്യയങ്ങളും പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുകയോ കൊടുക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള സമയം നീട്ടിക്കൊടുക്കാവുന്നതാണ്.

(3) പണയമൊഴിപ്പിക്കൽ നിരോധന വ്യവഹാരത്തിൽ വില്പന വിധിക്കാനുള്ള അധികാരം.—ഒരു വിലക്ഷണപ്പണയത്തിന്റെ സംഗതിയിലെ, പണയമൊഴിപ്പിക്കൽ നിരോധനത്തിനുള്ള ഒരു വ്യവഹാരത്തിൽ, വാദി വിജയിക്കുന്നു

വെങ്കിൽ, കോടതിക്ക്, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടേയോ, അല്ലെങ്കിൽ പണയ ഈടിലോ, പണയം ഒഴിപ്പിക്കൽ അവകാശത്തിലോ താൽപര്യമുള്ള മറേറതെങ്കിലും ആളുടേയോ അർത്ഥനയിൻമേൽ, വില്പനച്ചെലവുകൾ നേരിടുന്നതിനും നിബന്ധനകളുടെ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനുമായി കോടതി നിജപ്പെടുത്തുന്ന ന്യായമായ ഒരു തുക, കോടതിയിൽ നിക്ഷേപിക്കുന്നതുൾപ്പെടെയുള്ള യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേൽ, (ഒരു പണയമൊഴിപ്പിക്കൽ നിരോധന വിധിക്കുപകരം) ഒരു സദൃശവിധി പാസാക്കാവുന്നതാണ്.

(4) വില്പനയ്ക്കുള്ള ഒരു വ്യവഹാരത്തിലോ, അല്ലെങ്കിൽ, വില്പന ഉത്തരവ് ചെയ്തിട്ടുള്ള പണയം ഒഴിപ്പിക്കൽ നിരോധനത്തിനുള്ള ഒരു വ്യവഹാരത്തിലോ, പിൻപണയഗൃഹീതാക്കളേയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പണയഗൃഹീതാക്കളിൽനിന്ന് ഉടമാവകാശം സിദ്ധിക്കുകയോ അവരുടെ അവകാശങ്ങളിലേക്ക് പ്രതിനിവിഷ്ഠരാവുകയോ ചെയ്യുന്ന ആളുകളേയോ കക്ഷികളായി ചേർക്കുന്നിടത്ത്, 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന പ്രാരംഭവിധി, സംഗതികളുടെ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ അനുബന്ധം ഏ യിലെ, അതതു സംഗതിപോലെ, 9-ാം നമ്പർ ഫാറത്തിലോ 10-ാം നമ്പർ ഫാറത്തിലോ 11-ാംനമ്പർ ഫാറത്തിലോ പ്രതിപാദിക്കുന്ന രീതിയിലും രൂപത്തിലും വ്യവഹാരത്തിലെ കക്ഷികളുടെ യഥാക്രമമുള്ള അവകാശങ്ങളുടേയും ബാദ്ധ്യതകളുടേയും ന്യായനിർണ്ണയത്തിന് വ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

5. <u>വില്പനയ്ക്കുള്ള വ്യവഹാരത്തിലെ അവസാന വിധി.</u>—(1) നിജപ്പെടുത്തിയിട്ടുള്ള ദിവസമോ അതിനുമുമ്പോ, അല്ലെങ്കിൽ ഈ ചട്ടത്തിലെ (3)-ാം ഉപചട്ടത്തിൻകീഴിൽ പാസാക്കപ്പെടുന്ന അവസാനവിധിയനുസരിച്ച് ചെയ്ത ഒരു വില്പന സ്ഥിരപ്പെടുത്തുന്നതിനുമുമ്പ് ഏതെങ്കിലും സമയത്തോ, പ്രതി 4-ാംചട്ടം (1)-ാം ഉപചട്ടത്തിൻകീഴിൽ താൻ കൊടുക്കാനുള്ള എല്ലാ തുകകളും കോടതിയിൽ ഒടുക്കുന്നിടത്ത്, കോടതി, പ്രതി ഇതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ,—

(ക) വാദിയോട് പ്രാരംഭവിധിയിൽ പരാമർശിക്കുന്ന രേഖകൾ ഏല്പിച്ചുകൊടുക്കാൻ ഉത്തരവ് ചെയ്യുന്നതും,

ആവശ്യമാണെങ്കിൽ,—

(ഖ) അയാളോട് മുൻപറഞ്ഞ വിധിയിൽ നിർദേശിക്കുന്നതുപോലെ പണയവസ്തു കൈമാററം ചെയ്യാൻ ഉത്തരവു ചെയ്യുന്നതും,

കൂടാതെ ആവശ്യമാണെങ്കിൽ,

(ഗ) അയാളോട് പ്രതിക്ക് വസ്തു കൈവശം കൊടുക്കാൻ ഉത്തരവ് ചെയ്യുന്നതും,

ആയ ഒരു അവസാനവിധിയോ അല്ലെങ്കിൽ അപ്രകാരമുള്ള വിധി പാസാക്കിയിട്ടുണ്ടെങ്കിൽ ഒരു ഉത്തരവൊ പാസാക്കേണ്ടതാകുന്നു.

(2) ഈ ചട്ടത്തിലെ 3-ാം ഉപചട്ടത്തിൻകീഴിൽ പാസ്സാക്കിയ ഒരു വിധിയനുസരിച്ച്, പണയവസ്തുവോ അതിന്റെ ഒരു ഭാഗമോ വിററിട്ടുള്ളിടത്ത്, പ്രതി, ക്രേതാവ് കോടതിയിൽ ഒടുക്കിയ ക്രയസംഖ്യയുടെ അഞ്ചുശതമാനത്തിന് തുല്യമായ തുക, ഈ ചട്ടത്തിലെ 1-ാം ഉപചട്ടത്തിൽ പറയുന്ന തുകയ്ക്ക് പുറമേ, ക്രേതാവിന് കൊടുക്കാനായി കോടതിയിൽ നിക്ഷേപിക്കാത്തപക്ഷം, കോടതി 1-ാം ചട്ടത്തിൻകീഴിൽ ഉത്തരവു പാസ്സാക്കാൻ പാടുള്ളതല്ല.

അങ്ങനെയുള്ള നിക്ഷേപം ചെയ്തിട്ടുള്ളിടത്ത്, ക്രേതാവിന്, താൻ കോടതിയിൽ ഒടുക്കിയ ക്രയസംഖ്യ, അതിന്റെ അഞ്ചുശതമാനത്തിനു തുല്യമായ ഒരു തുക സഹിതം തിരിയെ കിട്ടുന്നതിനുള്ള ഒരു ഉത്തരവിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപചട്ടമനുസരിച്ചുള്ള ഒടുക്കുചെയ്തിട്ടില്ലാത്തിടത്ത്, കോടതി, വാദി ഇതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, പണയവസ്തുവോ അതിന്റെ മതിയായത്രഭാഗമോ വില്ക്കുകയും, വിററുകിട്ടുന്നത് 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്യാൻ നിദേശിക്കുന്ന ഒരു അവസാനവിധി പാസ്സാക്കേണ്ടതാകുന്നു.

6. വില്പനയ്ക്കുള്ള വ്യവഹാരത്തിൽ പണയപ്രകാരം കിട്ടാനുള്ള ബാക്കി വസൂലാക്കൽ.—5-ാം ചട്ടത്തിൻകീഴിൽ നടത്തുന്ന ഏതെങ്കിലും വില്പനയിലെ അററവരവ്, വാദിക്കു കൊടുക്കാനുള്ള തുക കൊടുക്കാൻ മതിയായതല്ലെന്നു കാണുന്നിടത്ത്, കോടതിക്ക് അയാളുടെ അപേക്ഷയിൻമേൽ, ബാക്കിയുള്ളത് വിററവസ്തുവിൽനിന്നല്ലാതെ പ്രതിയിൽനിന്ന് നിയമാനുസൃതം വസൂലാക്കപ്പെടാവുന്നതാണെങ്കിൽ, അങ്ങനെയുള്ള ബാക്കിക്ക് ഒരു വിധി പാസ്സാക്കാവുന്നതാണ്.

7. ഒഴിപ്പിക്കൽ പണയം വ്യവഹാരത്തിലെ പ്രാരംഭവിധി.—(1) പണയം ഒഴിപ്പിക്കലിനുള്ള ഒരു വ്യവഹാരത്തിൽ വാദി വിജയിക്കുന്നുവെങ്കിൽ കോടതി,—

(ക) അങ്ങനെയുള്ള വിധിയുടെ തീയതിക്ക്, പ്രതിക്ക്—

(i) പണയത്തിന്റെ മുതലും പലിശയും,

(ii) അയാൾക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിന്റെ കോടതി ച്ചെലവ്, വല്ലതുമുണ്ടെങ്കിൽ, അതും,

(iii) അയാളുടെ പണയ ഈട് സംബന്ധിച്ച് ആ തീയതിവരെ അയാൾ ന്യായമായി ചെലവാക്കിയ മററു ചെലവുകളും, ചാർജുകളും വ്യയങ്ങളും, അതോടുകൂടാ അതിൻമേലുള്ള പലിശയും,

ആയി കൊടുക്കാനുള്ളതിന്റെ ഒരു കണക്ക് എടുക്കണമെന്ന് ഉത്തരവു ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) ആ തീയതിക്കു അപ്രകാരം കൊടുക്കാനുള്ള തുക പ്രഖ്യാപിക്കുകയോ

ചെയ്യുന്നതും ;

(ഗ) (i) കൊടുക്കാനുള്ളതായി അപ്രകാരം കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക, വാദി, അതതു സംഗതിപോലെ (ക) ഖണ്ഡത്തിൻകീഴിൽ എടുക്കുന്ന കണക്കുകൾ കോടതി സ്ഥിരപ്പെടുത്തുകയും മേലൊപ്പ് വയ്ക്കുകയും ചെയ്യുന്ന തീയതി മുതല്ക്കോ, അല്ലെങ്കിൽ ഖ ഖണ്ഡത്തിൻകീഴിൽ അങ്ങനെയുള്ള തുക കോടതിയാൽ പ്രഖ്യാപിക്കപ്പെടുന്ന തീയതി മുതല്ക്കോ ആറു മാസത്തിനുള്ളിലുള്ളതും, കോടതി നിജപ്പെടുത്തുന്നതും ആയ തീയതിയോ അതിനുമുൻപോ കോടതിയിൽ ഒടുക്കുകയും, അതിനുശേഷം 10-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതുപോലെ പിന്നീടുള്ള ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുക, യഥാക്രമം അങ്ങനെയുള്ള തുകകളിൻമേലുള്ള 11-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതുപോലെയുള്ള പിന്നീടുള്ള പലിശയോടുകൂട്

ഒടുക്കുകയും ചെയ്യുന്നുവെങ്കിൽ, പ്രതി പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും വാദിക്കോ, വാദി നിയമിക്കുന്ന ആരംക്കോ, ഏല്പിച്ചുകൊടുക്കേണ്ടതാണെന്നും വസ്തു പണയത്തിൽനിന്നും പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ പ്രതിസിദ്ധമായ ഉടമാവകാശം വഴി അവകാശപ്പെടുന്നിടത്ത്, ആരുടെ കീഴിലാണോ അയാരം അവകാശപ്പെടുന്നത്, അവനോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽനിന്നും വിടുർത്തി വാദിക്ക് അയാളുടെ ചെലവിൽ തിരിയെ കൈമാററം ചെയ്യുകയും, ആവശ്യമാണെങ്കിൽ, വാദിക്ക് വസ്തു കൈവശം കൊടുക്കുകയുംകൂടി ചെയ്യുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം ചെയ്യേണ്ടതാണെന്നും ;

(ii) പ്രാരംഭവിധിക്കുകീഴിലോ പ്രാരംഭവിധിയാലോ കൊടുക്കാനുള്ളതായി കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള തീയതിയോ അതിനു മുൻപോ ഒടുക്കാതിരിക്കുകയോ, അല്ലെങ്കിൽ വാദി, കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ, പിന്നീടുള്ള ചെലവുകളും ചാർജുകളും വ്യയങ്ങളും പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുക ഒടുക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ പ്രതിക്ക്—

(ക) അനുഭവപണയമോ, സോപാധിക വില്പനവഴിയുള്ള പണയമോ, അല്ലെങ്കിൽ വില്പനയ്ക്ക് വ്യവസ്ഥചെയ്യാതെ പണയമൊഴിപ്പിക്കൽ നിരോധനത്തിനുമാത്രം വ്യവസ്ഥ ചെയ്യുന്ന വിലക്ഷണപ്പണയമോ അല്ലാത്ത ഒരു പണയത്തിന്റെ സംഗതിയിൽ, പണയവസ്തു വില്ക്കപ്പെടുമെന്നോ, അല്ലെങ്കിൽ

(ഖ) സോപാധിക വില്പനവഴിയുള്ള പണയത്തിന്റേയോ മുൻപറഞ്ഞതുപോലെയുള്ള വിലക്ഷണപ്പണയത്തിന്റേയോ സംഗതിയിൽ, വസ്തു പണയം ഒഴിപ്പിക്കാനുള്ള എല്ലാ അവകാശത്തിൽനിന്നും വാദി തടയപ്പെടുമെന്നോ, ഉള്ള ഒരു അവസാന വിധിക്ക് അപേക്ഷിക്കാൻ പ്രതിക്ക് അവകാശമുണ്ടായിരിക്കുന്നതാണെന്നും നിദേശിക്കുന്നതും,

ആയ ഒരു പ്രാരംഭവിധി പാസ്സാക്കേണ്ടതാകുന്നു.

(2) കോടതിക്ക്, സാധുവായ കാരണം കാണിക്കപ്പെടുന്നതിൻമേലും, അപ്പോഴപ്പോരം കോടതി നിജപ്പെടുത്തേണ്ട നിബന്ധനകളിൻമേലും, അതതു സംഗതിപോലെ, പണയമൊഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ ഉള്ള ഒരു അവസാനവിധി പാസ്സാക്കുന്നതിനുമുമ്പ് ഏതു സമയത്തും, (1)-ാം ഉപചട്ടത്തിൻകീഴിൽ കൊടുക്കാനുള്ളതായി കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുകയോ, അല്ലെങ്കിൽ പിന്നീടുള്ള ചെലവുകളും ചാർജുകളും വ്യയങ്ങളും പലിശയും സംബന്ധിച്ച് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെടുന്ന തുകയോ, ഒടുക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള സമയം നീട്ടിക്കൊടുക്കാവുന്നതാണ്.

8. പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ അവസാനവിധി.—(1) പണയമൊഴിപ്പിക്കാനുള്ള എല്ലാ അവകാശത്തിൽനിന്നും വാദിയെ തടയുന്ന ഒരു അവസാനവിധി പാസ്സാക്കിയിട്ടുള്ളതിനുമുമ്പോ, അല്ലെങ്കിൽ ഈ ചട്ടത്തിലെ

(3)-ാം ഉപചട്ടത്തിൻകീഴിൽ പാസ്സാക്കുന്ന ഒരു അവസാനവിധിയനുസരിച്ച് ചെയ്ത ഒരു വില്പന സ്ഥിരപ്പെടുത്തുന്നതിനുമുൻപോ, വാദി 7-ാം ചട്ടം (1)-ാം ഉപചട്ടത്തിൻകീഴിൽ താൻ കൊടുക്കാനുള്ള എല്ലാ തുകകളും കോടതിയിൽ ഒടുക്കുന്നിടത്ത്, കോടതി, വാദി ഇതിലേക്കു കൊടുക്കുന്ന അപേക്ഷയിൻമേൽ,—

(ക) പ്രതിയോട്, പ്രാരംഭവിധിയിൽ പരാമർശിക്കുന്ന രേഖകൾ ഏല്പിച്ചുകൊടുക്കാൻ ഉത്തരവു ചെയ്യുന്നതും,

ആവശ്യമാണെങ്കിൽ,—

(ഖ) അയാളോട് മുൻപറഞ്ഞ വിധിയിൽ നിദേശിക്കുന്നതുപോലെ വാദിയുടെ ചെലവിൽ പണയവസ്തു തിരിയെ കൈമാററം ചെയ്യാൻ ഉത്തരവു ചെയ്യുന്നതും,

കൂടാതെ ആവശ്യമാണെങ്കിൽ,—

(ഗ) അയാളോട്, വാദിക്ക് വസ്തു കൈവശം കൊടുക്കാൻ ഉത്തരവു ചെയ്യുന്നതും,

ആയ ഒരു അവസാനവിധിയോ, അല്ലെങ്കിൽ അപ്രകാരമുള്ള വിധി പാസ്സാക്കിയിട്ടുണ്ടെങ്കിൽ ഒരു ഉത്തരവോ പാസ്സാക്കേണ്ടതാകുന്നു.

(2) ഈ ചട്ടത്തിലെ (3)-ാം ഉപചട്ടത്തിൻകീഴിൽ പാസ്സാക്കിയ ഒരു വിധിയനുസരിച്ച്, പണയവസ്തുവോ അതിൻെറ ഒരു ഭാഗമോ വിററിട്ടുള്ളിടത്ത്, വാദി ക്രേതാവ് കോടതിയിൽ ഒടുക്കിയ ക്രയസംഖ്യയുടെ അഞ്ചുശതമാനത്തിന് തുല്യമായ ഒരു തുക ഈ ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൽ പറയുന്ന തുകയ്ക്കു പുറമെ, ക്രേതാവിന് കൊടുക്കാനായി കോടതിയിൽ നിക്ഷേപിക്കാത്തപക്ഷം, കോടതി (1)-ാം ഉപചട്ടത്തിൻ കീഴിൽ ഉത്തരവ് പാസ്സാക്കാൻ പാടുള്ളതല്ല.

അങ്ങനെയുള്ള നിക്ഷേപം ചെയ്തിട്ടുള്ളിടത്ത്, ക്രേതാവിന്, താൻ കോടതിയിൽ ഒടുക്കിയ ക്രയസംഖ്യ അതിൻെറ അഞ്ചുശതമാനത്തിന് തുല്യമായ ഒരു തുക സഹിതം തിരിയെ കിട്ടുന്നതിനുള്ള ഒരു ഉത്തരവിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപചട്ടമനുസരിച്ചുള്ള ഒടുക്കു ചെയ്തിട്ടില്ലാത്തിടത്ത്, കോടതി, പ്രതി ഇതിലേക്കു കൊടുക്കുന്ന അപേക്ഷയിൻമേൽ,—

(ക) സോപാധിക വില്പന വഴിയുള്ള പണയത്തിൻേറയോ, അല്ലെങ്കിൽ ഇതിൽ ഇതിനുമുൻപ് 7-ാം ചട്ടത്തിൽ പരാമർശിച്ച വിലക്ഷണ പണയത്തിൻെറ സംഗതിയിൽ, പണയവസ്തു പണയം ഒഴിപ്പിക്കാനുള്ള എല്ലാ അവകാശത്തിൽനിന്നും, വാദിയും, അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ആളുകളും തടയപ്പെട്ടിരിക്കുന്നവെന്നു പ്രഖ്യാപിക്കുന്നതും, കൂടാതെ ആവശ്യമാണെങ്കിൽ, വാദിയോട് പണയവസ്തു പ്രതിക്ക് കൈവശം കൊടുക്കാൻ ഉത്തരവ് ചെയ്യുന്നതും ആയ ഒരു അവസാനവിധി പാസ്സാക്കുകയോ; അല്ലെങ്കിൽ

(ഖ) മറേറതെങ്കിലും അനുഭവപണയം അല്ലാത്ത പണയത്തിൻെറ സംഗതിയിൽ, പണയവസ്തുവോ അതിൻെറ മതിയായത്ര ഭാഗമോ വില്ക്കാനും വിററുകിട്ടുന്നത്, (അതിൽനിന്ന് വില്പനച്ചെലവുകൾ കിഴിവ് ചെയ്തതിനു ശേഷം) കോടതിയിൽ ഒടുക്കുകയും, പ്രതിക്ക് കൊടുക്കാനുള്ളതായി കാണപ്പെടുന്ന തുക കൊടുക്കുന്നതിന് ഉപയോഗിക്കുകയും, ബാക്കി വല്ലതുമുണ്ടെങ്കിൽ അത് വാദിക്കോ, അത് കിട്ടാൻ അവകാശമുള്ള മററു ആളുകൾക്കോ കൊടുക്കുകയും ചെയ്യണമെന്നുള്ള ഒരു അവസാനവിധി പാസ്സാക്കുകയോ, ചെയ്യേണ്ടതാകുന്നു.

8ക. പണയമൊഴിപ്പിക്കലിനുള്ള വ്യവഹാരത്തിൽ പണയപ്രകാരം കിട്ടാനുള്ള ബാക്കി വസൂലാക്കൽ.—8-ാം ചട്ടത്തിൻകീഴിൽ നടത്തുന്ന ഏതെങ്കിലും വില്പനയിലെ അററവരവ് പ്രതിക്ക് കൊടുക്കാനുള്ള തുക

കൊടുക്കാൻ മതിയായതല്ലെന്നു കാണുന്നിടത്ത്, കോടതിക്ക് വിധി നടത്തലിലെ അയാളുടെ അപേക്ഷയിൻമേത്, ബാക്കിയുള്ളത് വിററ വസ്തുവിൽനിന്നല്ലാതെ വാദിയിൽനിന്ന് നിയമപ്രകാരം വസൂലാക്കാവുന്നതാണെങ്കിൽ, അങ്ങനെയുള്ള ബാക്കിസംഖ്യയ്ക്ക് ഒരു വിധി പാസ്സാക്കാവുന്നതാണ്.

9. കൊടുക്കാനുള്ളതായി യാതൊന്നും ഇല്ലെന്നും കാണുന്നിടത്തോ അല്ലെങ്കിൽ പണയഗൃഹീതാവിന് അധികം കൊടുത്തിട്ടുള്ളിടത്തോ ഉള്ള വിധി.— ഇതിൽ ഇതിനുമുൻപ്, എന്തുതന്നെ അടങ്ങിയിരുന്നാലും, 7-ാം ചട്ടത്തിൽ പരാമർശിക്കുന്ന കണക്കുകൾ എടുക്കുന്നതിൻമേൽ, പ്രതിയ്ക്ക് കൊടുക്കാനുള്ളതായി യാതൊന്നും ഇല്ലെന്നോ, അല്ലെങ്കിൽ അയാൾക്ക് അധികം കൊടുത്തിട്ടുണ്ടെന്നോ കാണപ്പെടുന്നുവെങ്കിൽ, പ്രതിയോട് ആവശ്യപ്പെടുന്നുവെങ്കിൽ വസ്തു തിരിയെ കൈമാററം ചെയ്യുകയും, വാദിക്ക് കൊടുക്കാനുള്ളതായി കാണുന്ന തുക അയാൾക്ക് കൊടുക്കുകയും ചെയ്യുന്നതിന് നിദേശിക്കുന്ന ഒരു വിധി കോടതി പാസ്സാക്കേണ്ടതും, ആവശ്യമാണെങ്കിൽ വാദിക്ക് പണയവസ്തു കൈവശം കൊടുക്കപ്പെടേണ്ടതും ആകുന്നു.

10. പണയഗൃഹീതാവിന്റെ വിധിക്കുശേഷമുള്ള ചെലവുകൾ.—പണയമൊഴിപ്പിക്കൽ നിരോധനത്തിന്റേയോ വില്പനയുടേയോ, പണയമൊഴിപ്പിക്കലിന്റേയോ സംഗതിയിൽ പണയഗൃഹീതാവിന് കൊടുക്കാനുള്ള തുക അന്തിമമായി കണക്കു ശരിപ്പെടുത്തുന്നതിൽ, കോടതി, വ്യവഹാരത്തിലെ കോടതിചെലവിന്റെ സംഗതിയിൽ, പണയഗൃഹീതാവിന്റെ പെരുമാററം അയാൾക്കു അതിനു അവകാശമില്ലാതാക്കത്തക്കവിധം ഉള്ളതായിരുന്നിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള, വ്യവഹാരത്തിലെ കോടതിച്ചെലവും, പണയമൊഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ, പണയം ഒഴിപ്പിക്കലിനോ ഉള്ള പ്രാരംഭവിധിയുടെ തീയതിക്കുശേഷം യഥാർത്ഥത്തിൽ പണം കൊടുക്കുന്ന സമയംവരെ അയാൾ ന്യായമായി ചെലവാക്കിയിട്ടുള്ള മററു ചെലവുകളും ചാർജുകളും, വ്യയങ്ങളും പണയദ്രവ്യത്തോട് കൂട്ടേണ്ടതാകുന്നു :

എന്നാൽ, പണയദാതാവ്, വ്യവഹാരം ആരംഭിക്കുന്നതിനുമുമ്പോ, ആരംഭിക്കുന്ന സമയത്തോ പണയത്തിൻമേൽ കൊടുക്കാനുള്ള തുകയോ അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ ഗണ്യമായി കുറവില്ലാത്ത തുകയോ ടെണ്ടർചെയ്യുകയോ ഡെപ്പോസിററ് ചെയ്യുകയോ ചെയ്യുന്നിടത്ത്, അയാളോട് പണയഗൃഹീതാവിന് വ്യവഹാരത്തിലെ കോടതിച്ചെലവു കൊടുക്കാൻ ഉത്തരവു ചെയ്യാൻ പാടില്ലാത്തതും, കോടതി, രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, മററു വിധത്തിൽ നിദേശിക്കാത്തപക്ഷം, പണയദാതാവിനു വ്യവഹാരത്തിലെ തന്റെ സ്വന്തം ചെലവുകൾ പണയഗൃഹീതാവിൽനിന്ന് വസൂലാക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

10ക. ഇടക്കാലാദായങ്ങൾ കൊടുക്കാൻ പണയഗൃഹീതാവിനോട് നിദേശിക്കാനുള്ള കോടതിക്കുള്ള അധികാരം.—പണയമൊഴിപ്പിക്കൽ നിരോധനത്തിനുള്ള ഒരു വ്യവഹാരത്തിൽ, പണയദാതാവ്, വ്യവഹാരം ആരംഭിക്കുന്നതിനു മുൻപോ ആരംഭിക്കുന്ന സമയത്തോ പണയത്തിൻമേൽ കൊടുക്കാനുള്ള തുകയോ, അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ ഗണ്യമായി കുറവില്ലാത്ത തുകയോ, ടെണ്ടർ ചെയ്യുകയോ ഡെപ്പോസിററ് ചെയ്യുകയോ ചെയ്യുന്നിടത്ത് കോടതി പണയഗൃഹീതാവിനോട് വ്യവഹാരത്തിന്റെ ആരംഭിക്കലോടുകൂടി തുടങ്ങുന്ന കാലത്തേയ്ക്ക് പണയദാതാവിന് ഇടക്കാലാദായം കൊടുക്കാൻ നിദേശിക്കേണ്ടതാകുന്നു.

11. പലിശകൊടുക്കൽ.—പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ, വില്പനയ്ക്കോ, പണയം ഒഴിപ്പിക്കലിനോ ഉള്ള ഒരു വ്യവഹാരത്തിൽ പാസ്സാക്കപ്പെടുന്ന ഏതെങ്കിലും വിധത്തിൽ, കോടതിക്ക്, പലിശ നിയമ

പ്രകാരം വസൂലാക്കപ്പെടാവുന്നതായിരിക്കുന്നിടത്ത്, പണയഗൃഹീതാവിന് താഴെപറയുംപ്രകാരം പലിശകൊടുക്കാൻ ഉത്തരവുചെയ്യാവുന്നതാണ്, അതായത്:—

(ക) കൊടുക്കാനുള്ളതായി കണക്കാക്കപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ തുക, പണയദാതാവോ പണയമൊഴിപ്പിക്കുന്ന മററാളോ പ്രാരംഭ വിധിക്കുകീഴിൽ കൊടുക്കേണ്ടത്, ഏത് തീയതിക്കോ അതിനുമുൻപോ ആണോ, ആ തീയതിവരെയുള്ള പലിശ,—

(i) പണയത്തിൻമേൽ കൊടുക്കാനുള്ളതായി കാണപ്പെടുന്നതോ പ്രഖ്യാപിക്കപ്പെടുന്നതോ ആയ മുതൽസംഖ്യയിൻമേൽ.—മുതൽ സംഖ്യയിൻമേൽ കൊടുക്കേണ്ട നിരക്കിലും അല്ലെങ്കിൽ, നിരക്കു നിജപ്പെടുത്താത്തിടത്ത്, ന്യായമാണെന്നു കോടതി കരുതുന്ന നിരക്കിലും ;

(ii) [റദ്ദാക്കപ്പെട്ടു]

(iii) പണയഗൃഹീതാവ് പണയ ഈട് സംബന്ധിച്ച് പ്രാരംഭ വിധിയുടെ തീയതിവരെ ന്യായമായി ചെലവാക്കിയിട്ടുള്ള ചെലവുകൾക്കും ചാർജുകൾക്കും വ്യയങ്ങൾക്കുമായി പണയഗൃഹീതാവിന് കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ളതും പണയദ്രവ്യത്തോടുകൂടിയിട്ടുള്ളതുമായ തുകയിൻമേൽ, —കക്ഷികൾ തമ്മിൽ കരാർ ചെയ്യുന്ന നിരക്കിലും, അല്ലെങ്കിൽ അങ്ങനെയുള്ള നിരക്കിൻെറ അഭാവത്തിൽ ന്യായമാണെന്നു കോടതി കരുതുന്നതും ആറുശതമാനത്തിൽകൂടാത്തതുമായ നിരക്കിലും—;

(ഖ) വസൂലാക്കലിൻേറയോ യഥാർത്ഥമായ പണം കൊടുക്കലിൻേറയോ തീയതിവരെയുള്ളതും,—(ക) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള മുതൽ സംഖ്യകളുടെ ആകെത്തുകയിൻമേൽ ന്യായമാണെന്ന് കോടതി കരുതുന്ന നിരക്കിൽ ആ ഖണ്ഡമനുസരിച്ച് കണക്കാക്കിയിട്ടുള്ളതുമായ പിന്നീടുള്ള പലിശ.

12. മുൻപണയത്തിന് വിധേയമായ വസ്തുവിൻെറ വില്പന.—ഏതു വസ്തുവിൻെറ വില്പനയാണോ, ഈ ആർഡറിൻകീഴിൽ നിദേശിക്കപ്പെട്ടിട്ടുള്ളത്, ആ വസ്തു ഒരു മുൻപണയത്തിന് വിധേയമായിരിക്കുന്നിടത്ത്, കോടതിക്ക്, മുൻപണയ ഗൃഹീതാവിൻെറ സമ്മതത്തോടുകൂടി മുൻപണയ ഗൃഹീതാവിന് വിററ വസ്തുവിൽ അയാൾക്ക് ഉണ്ടായിരുന്ന അതേ അവകാശം വിററുകിട്ടിയ തുകയിൽ നല്കിക്കൊണ്ട്, വസ്തു പണയത്തിൽനിന്ന് വിമുക്തമായി വില്ക്കപ്പെടണമെന്ന് നിദേശിക്കാവുന്നതാണ്.

13. വിററുകിട്ടിയ തുകയുടെ വിനിയോഗം.—(1) അങ്ങനെയുള്ള വിററുകിട്ടിയ തുക കോടതിയിലേക്കു കൊണ്ടുവരേണ്ടതും, താഴെപറയുംപ്രകാരം, അതായത്,—

ഒന്നാമത്, വില്പനയ്ക്ക് ആനുഷംഗികമായതോ അല്ലെങ്കിൽ ശ്രമിച്ചു നോക്കിയ ഏതെങ്കിലും വില്പനയിൽ ന്യായമായി ചെലവാക്കപ്പെട്ടതോ ആയ എല്ലാ വ്യയങ്ങളും കൊടുക്കുന്നതിലേക്കും ;

രണ്ടാമതായി, മുൻപണയത്തിൻെറ കണക്കിൽ മുൻപണയഗൃഹീതാവിന്, കൊടുക്കാനുള്ളത് എന്തായാലും അതും, മുൻപണയവുമായി ബന്ധപ്പെട്ടു ന്യായമായി ചെലവാക്കപ്പെട്ട ചെലവുകളും കൊടുക്കുന്നതിലേയ്ക്കും ;

മൂന്നാമതായി, ഏതു പണയത്തിൻെറ അനന്തരഫലമായാണോ വില്പന നിദേശിക്കപ്പെട്ടത്, ആ പണയത്തിൻെറ കണക്കിൽ കൊടുക്കാനുള്ള എല്ലാ പലിശയും, ഏതു വ്യവഹാരത്തിലാണോ വില്പന നിദേശിക്കുന്ന വിധിയുണ്ടായത്, ആ വ്യവഹാരത്തിലെ ചെലവുകളും, കൊടുക്കുന്നതിലേക്കും ;

നാലാമതായി, ആ പണയത്തിൻെറ കണക്കിൽ കൊടുക്കാനുള്ള മുതൽ സംഖ്യ കൊടുക്കുന്നതിലേക്കും ;

വിനിയോഗിക്കേണ്ടതും ;

അവസാനമായി, അവശേഷം (വല്ലതും ഉണ്ടെങ്കിൽ) വിററ വസ്തുവിൽ തനിക്ക് അവകാശമുള്ളതായി തെളിയിക്കുന്ന ആൾക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള ഒന്നിലധികമാളുകളുണ്ടെങ്കിൽ, അങ്ങനെയുള്ള ആളുകൾക്ക് അവരുടെ യഥാക്രമമുള്ള അതിലെ അവകാശങ്ങൾ അനുസരിച്ചോ, അല്ലെങ്കിൽ അവരുടെ കൂട്ടു രസീതിൻമേലോ കൊടുക്കേണ്ടതും ;

ആകുന്നു.

(2) ഈ ചട്ടത്തിലേയോ അല്ലെങ്കിൽ 12-ാം ചട്ടത്തിലേയോ യാതൊന്നും, വസ്തുകൈമാററ ആക്ററ്, 1882 (1882-ലെ 4) ലെ 57-ാം വകുപ്പു നല്കുന്ന അധികാരങ്ങളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

14. പണയവസ്തു വില്പനയ്ക്കു കൊണ്ടുവരുന്നതിന് വില്പനയ്ക്കുള്ള വ്യവഹാരം ആവശ്യമാണെന്ന്.—(1) ഒരു പണയ ഗൃഹീതാവ് പണയത്തിൻകീഴിൽ ഉദ്ഭവിക്കുന്ന ഒരു അവകാശവാദത്തിൻെറ കാര്യം തീർത്തുകൊണ്ടുള്ള പണം കൊടുക്കലിനുള്ള ഒരു വിധി സമ്പാദിക്കുന്നിടത്ത്, പണയം പ്രാവർത്തികമാക്കുന്ന വില്പനയ്ക്കുള്ള ഒരു വ്യവഹാരം ആരംഭിക്കുന്നതു വഴിയല്ലാതെ പണയവസ്തു വില്പനയ്ക്കു കൊണ്ടുവരാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, ആർഡർ II, 2-ാം ചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അയാൾക്ക് അങ്ങനെയുള്ള ഒരു വ്യവഹാരം, ആരംഭിക്കാവുന്നതും ആണ്.

(2) (1)-ാം ഉപചട്ടത്തിലെ യാതൊന്നും, വസ്തു കൈമാററ ആക്ററ്, 1882 (1882-ലെ 4), വ്യാപകമാക്കിയിട്ടില്ലാത്ത ഏതെങ്കിലും രാജ്യക്ഷേത്രങ്ങൾക്ക് ബാധകമായിരിക്കുന്നതല്ല.

15. അവകാശപത്രങ്ങളുടെ ഡെപ്പോസിററ് വഴിയുള്ള പണയങ്ങളും, ചാർജുകളും.—(1) ഈ ആർഡറിൽ അടങ്ങുന്നതും ഒരു ചൂണ്ടിപ്പണയത്തിന് ബാധകമാകുന്നതുമായ എല്ലാ വ്യവസ്ഥകളും ആകുന്നത്ര, വസ്തു കൈമാററ ആക്ററ്, 1882 (1882-ലെ 4)-ലെ 58-ാം വകുപ്പിൻെറ അർത്ഥത്തിലുള്ള, ഒരു, അവകാശപത്രങ്ങളുടെ ഡെപ്പോസിററുവഴിയുള്ള, പണയത്തിനും 100-ാം വകുപ്പിൻെറ അർത്ഥത്തിലുള്ള ഒരു ചാർജിനും ബാധകമായിരിക്കുന്നതാണ്.

(2) ഒരു വിധി പണം കൊടുക്കാൻ ഉത്തരവു ചെയ്യുകയും, കൊടുക്കാൻ വീഴ്ചവരുത്തുന്നതിൻമേൽ അത് സ്ഥാവരവസ്തുവിൻമേൽ ചാർജ്ജാക്കുകയും ചെയ്യുന്നിടത്ത്, തുക ആ വിധിയുടെ നടത്തലിൽ ആ വസ്തുവിൻെറ വില്പനവഴി വസൂലാക്കാവുന്നതാണ്.

## ആർഡർ XXXV

# ഇൻററ്പ്ലീഡർ

1. ഇൻറർ പ്ലീഡർ വ്യവഹാരത്തിലെ അന്യായം.—ഏതൊരു ഇൻറർ പ്ലീഡർ വ്യവഹാരത്തിലും, അന്യായം, അന്യായങ്ങൾക്ക് ആവശ്യകമായ മററ് പ്രസ്താവനകൾക്ക് പുറമേ;—

(ക) വാദി തർക്കത്തിൽപെട്ട വിഷയകത്തിൽ ചാർജുകൾക്കോ ചെലവുകൾക്കോ മററ് യാതൊരു അവകാശവും അവകാശപ്പെടുന്നില്ലെന്നുള്ളതും;

(ഖ) പ്രതികൾ ഉന്നയിക്കുന്ന അവകാശവാദങ്ങൾ വെവ്വേറെയായി എന്താണെന്നുള്ളതും;

(ഗ) വാദിയും പ്രതികളിൽ ആരെങ്കിലും തമ്മിൽ യാതൊരു കപട സന്ധിയും ഇല്ലെന്നുള്ളതും;
പ്രസ്താവിക്കേണ്ടതാകുന്നു.

2. അവകാശപ്പെടുന്ന സാധനം കോടതിയിൽ കൊടുക്കുന്നത്.—അവകാശപ്പെടുന്ന സാധനം കോടതിയിൽ ഒടുക്കാനോ, കോടതിയുടെ സൂക്ഷിപ്പിൽ വയ്ക്കാനോ കഴിയുന്നതായിരിക്കുന്നിടത്ത്, വാദിയോട്, വ്യവഹാരത്തിൽ, ഏതെങ്കിലും ഉത്തരവിന് അയാൾക്ക് അവകാശപ്പെടാൻ കഴിയുന്നതിനു മുമ്പ് അത് അപ്രകാരം ഒടുക്കാനോ വയ്ക്കാനോ ആവശ്യപ്പെടാവുന്നതാണ്.

3. പ്രതി വാദിക്കെതിരായി വ്യവഹാരപ്പെട്ടുകൊണ്ടിരിക്കുന്നിടത്തെ നടപടിക്രമം.—ഒരു ഇൻറർപ്ലീഡർ വ്യവഹാരത്തിലെ പ്രതികളിൽ ആരെങ്കിലും അങ്ങനെയുള്ള വ്യവഹാരത്തിലെ വിഷയകം സംബന്ധിച്ച് വാദിക്കെതിരായി യഥാർത്ഥത്തിൽ വ്യവഹരിച്ചുകൊണ്ടിരിക്കുകയായിരിക്കുന്നിടത്ത്, ഏത് കോടതിയിലാണോ വാദിക്കെതിരായ വ്യവഹാരം നിലവിലിരിക്കുന്നത്, ആ കോടതി, ഇൻറർപ്ലീഡർ വ്യവഹാരം ആരംഭിച്ചിട്ടുള്ളത് ഏത് കോടതിയിലാണോ, ആ കോടതിയാൽ വിവരം അറിയിക്കപ്പെടുന്നതിൻമേൽ, അയാൾക്ക് എതിരായുള്ള നടപടികൾ നിറുത്തിവയ്ക്കേണ്ടതും; അതിന് അപ്രകാരം നിറുത്തിവയ്ക്കപ്പെട്ട വ്യവഹാരത്തിലെ അയാളുടെ കോടതിച്ചെലവിന് അങ്ങനെയുള്ള വ്യവഹാരത്തിൽ വ്യവസ്ഥ ചെയ്യാവുന്നതും; എന്നാൽ, ആ വ്യവഹാരത്തിൽ അതിന് വ്യവസ്ഥ ചെയ്യാതിരിക്കുന്നപക്ഷവും ചെയ്യാതിരിക്കുന്നിടത്തോളവും, അത് ഇൻറർപ്ലീഡർ വ്യവഹാരത്തിൽ അയാൾക്ക് നേരിടുന്നകോടതിച്ചെലവിനോടു കൂട്ടാവുന്നതുമാകുന്നു.

4. പ്രഥമ ഹിയറിങ്ങിലെ നടപടിക്രമം.—(1) പ്രഥമ ഹിയറിങ്ങിൽ കോടതിക്ക്,—

(ക) അവകാശപ്പെട്ട സാധനം സംബന്ധിച്ച് വാദിപ്രതികളോടുള്ള എല്ലാ ബാദ്ധ്യതകളിൽനിന്നും വിമോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും, അയാൾക്ക് കോടതിച്ചെലവ് അവാർഡ് ചെയ്യുകയും, അയാളെ വ്യവഹാരത്തിൽനിന്ന് നീക്കംചെയ്യുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഖ) വ്യവഹാരത്തിൻെറ അവസാനതീർച്ചവരെ എല്ലാ കക്ഷികളേയും വച്ചുകൊണ്ടിരിക്കണമെന്ന്, നീതിയോ സൗകര്യമോ ആവശ്യപ്പെടുന്നുവെന്നു തോന്നുന്നുവെങ്കിൽ, അപ്രകാരം ചെയ്യുകയോ,

ചെയ്യാവുന്നതാണ്.

(2) അവകാശപ്പെട്ട സാധനത്തിൻെറ ഉടമാവകാശത്തെക്കുറിച്ച് ന്യായനിർണ്ണയം ചെയ്യാൻ കക്ഷികളുടെ അഡ്മിഷനുകളോ മററു തെളിവോ കോടതിക്ക് കഴിവുണ്ടാക്കുന്നതായി കാണുന്നിടത്ത്, കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.

(3) അപ്രകാരം ന്യായനിർണ്ണയം ചെയ്യാൻ കക്ഷികളുടെ അഡ്മിഷനുകൾ കോടതിക്ക് കഴിവുണ്ടാക്കാതിരിക്കുന്നിടത്ത്, കോടതിക്ക്—

(ക) കക്ഷികൾ തമ്മിൽ ഒരു വിവാദ്യമോ വിവാദ്യങ്ങളോ ഏർപ്പെടുത്തുകയും വിചാരണചെയ്യുകയും ചെയ്യണമെന്നും;

(ഖ) ഏതെങ്കിലും അവകാശവാദിയെ, ആദ്യവാദിക്കുപകരമായോ പുറമേയായോ ഒരു വാദിയാക്കണമെന്നും;

നിദേശിക്കാവുന്നതും, കോടതി, വ്യവഹാരം സാധാരണരീതിയിൽ വിചാരണ ചെയ്യാൻ നടപടി തുടരേണ്ടതും ആകുന്നു.

5. ഏജൻറുമാർക്കും കുടിയാൻമാർക്കും ഇൻറർപ്ലീഡർ വ്യവഹാരങ്ങൾ ആരംഭിക്കാവുന്നതല്ലെന്ന്.—ഈ ആർഡറിലെ യാതൊന്നും, ഏജൻറുമാർക്ക്, തങ്ങളുടെ പ്രിൻസിപ്പൽമാർക്കെതിരായോ കുടിയാൻമാർക്ക് തങ്ങളുടെ ഭൂവുടമ

3/3142/V,

കരംക്കെതിരായോ അങ്ങനെയുള്ള പ്രിൻസിപ്പൽമാരേയോ ഭൂവുടമകളേയോ അവരിലൂടെ അവകാശപ്പെടുന്ന ആളുകളല്ലാത്ത ഏതെങ്കിലും ആളുകളുമായി ഇൻറർപ്ലീഡ് ചെയ്യാൻ നിർബന്ധിക്കുന്നതിനുവേണ്ടി വ്യവഹാരപ്പെടാൻ കഴിവുണ്ടാക്കുന്നതായി കരുതപ്പെടുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ക, തന്റെ ഏജന്റ് എന്ന നിലയിൽ ഖ യുടെ പക്കൽ ഒരു പെട്ടി ആഭരണങ്ങൾ നിക്ഷേപിക്കുന്നു. ഗ, ആഭരണങ്ങൾ തന്നിൽനിന്ന് ക അന്യായമായി നേടിയതാണെന്ന് ആഖ്യാപിക്കുകയും, അവ ഖ യിൽനിന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഖ യ്ക്ക്, കയ്ക്കും ഗയ്ക്കും എതിരായി ഒരു ഇൻറർപ്ലീഡർ വ്യവഹാരം ആരംഭിക്കാൻ കഴിയുന്നതല്ല.

(ഖ) ക, തന്റെ ഏജന്റ് എന്ന നിലയിൽ ഖ യുടെ പക്കൽ ഒരു പെട്ടി ആഭരണങ്ങൾ നിക്ഷേപിക്കുന്നു. ക പിന്നീട് താൻ ഗയ്ക്ക് തിരിയെകൊടുക്കാനുള്ള ഒരു കടത്തിന് ആ ആഭരണങ്ങൾ ഈട് നൽകുന്നതായി ഗയ്ക്ക് എഴുതുന്നു. ഗയുടെ കടം തീർന്നു എന്ന് ക പിന്നീട് ആഖ്യാപിക്കുകയും, ഗ മറിച്ചു ആഖ്യാപിക്കുകയും ചെയ്യുന്നു. രണ്ടുപേരും ഖ യിൽനിന്ന് ആഭരണങ്ങൾ അവകാശപ്പെടുന്നു. ഖയ്ക്ക്, കയ്ക്കും ഗയ്ക്കും എതിരായി ഇൻറർപ്ലീഡർ വ്യവഹാരം ആരംഭിക്കാവുന്നതാണ്.

6. വാദിയുടെ കോടതിച്ചെലവിനുള്ള ചാർജ്ജ്.—വ്യവഹാരം ന്യായമായി ആരംഭിച്ചതായിരിക്കുന്നിടത്ത്, കോടതിക്ക്, അവകാശപ്പെടുന്ന സാധനത്തിൻമേൽ ആദ്യവാദിക്ക് ഒരു ചാർജ്ജ് നൽകിയോ മററുവല്ല ഫലപ്രദമായ മാർഗ്ഗത്തിലോ ആദ്യവാദിയുടെ കോടതിച്ചെലവിന് വ്യവസ്ഥചെയ്യാവുന്നതാണ്.

## ആർഡർ XXXVI

## വിശേഷാൽ കേസ്

1. കോടതിയുടെ അഭിപ്രായത്തിനായി വസ്തുതാവിവരണം തയ്യാറാക്കാനുള്ള അധികാരം.—(1) വസ്തുതാപരമോ നിയമപരമോ ആയ ഏതെങ്കിലും പ്രശ്നത്തിന്റെ തീരുമാനത്തിൽ താൽപര്യമുള്ളവരാണെന്ന് അവകാശപ്പെടുന്ന കക്ഷികൾക്ക്, അങ്ങനെയുള്ള പ്രശ്നം കോടതിയുടെ അഭിപ്രായത്തിനായുള്ള ഒരു വസ്തുതാവിവരണത്തിന്റെ രൂപത്തിൽ തയ്യാറാക്കിക്കൊണ്ടുള്ളതും, അങ്ങനെയുള്ള പ്രശ്നം സംബന്ധിച്ചുള്ള കോടതിയുടെ തീർപ്പിൻമേൽ—

(ക) കക്ഷികൾ നിജപ്പെടുത്തുന്നതോ, കോടതിയാൽ നിശ്ചയിക്കപ്പെടേണ്ടതോ ആയ ഒരു തുക കക്ഷികളിൽ ഒരാൾ മറേറ ആൾക്ക് കൊടുക്കേണ്ടതാണെന്നോ; അല്ലെങ്കിൽ

(ഖ) കരാറിൽ വിനിർദ്ദേശിക്കുന്ന ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും വസ്തു, കക്ഷികളിൽ ഒരാൾ മറേറ ആൾക്ക് ഡെലിവർ ചെയ്യേണ്ടതാണെന്നോ, അല്ലെങ്കിൽ

(ഗ) കക്ഷികളിൽ ഒരാളോ അതിലധികം പേരോ കരാറിൽ വിനിർദ്ദേശിക്കപ്പെടുന്ന മറേറതെങ്കിലും പ്രത്യേക കൃത്യം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യേണ്ടതാണെന്നോ;

വ്യവസ്ഥചെയ്തുകൊണ്ടുള്ളതും ആയ ഒരു ലിഖിതമായ കരാറിൽ ഏർപ്പെടാവുന്നതാണ്.

(2) ഈ ചട്ടത്തിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതൊരു വസ്തുതാവിവരണവും തുടർച്ചയായി നമ്പർ ചെയ്ത ഖണ്ഡികകളായി വിഭജിക്കേണ്ടതും, അതു ഉന്നയിക്കുന്ന പ്രശ്നം തീരുമാനിക്കാൻ കോടതിക്ക് കഴിവുണ്ടാക്കുന്നതിന് ആവശ്യകമായ വസ്തുതകൾ ചുരുക്കത്തിൽ പ്രസ്താവിക്കുകയും, രേഖകൾ വിനിർദ്ദേശിക്കുകയും ചെയ്യേണ്ടതും ആകുന്നു.

2. വിഷയവസ്തുവിന്റെ മൂല്യം പ്രസ്താവിക്കേണ്ടത് ഏതിടത്തെന്ന്.—കരാർ, ഏതെങ്കിലും വസ്തുവിന്റെ ഡെലിവറിക്കോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകകൃത്യം ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ആയിരിക്കുന്നിടത്ത്, ഏത് വസ്തുവാണ് ഡെലിവർചെയ്യേണ്ടത്, അല്ലെങ്കിൽ ഏത് വസ്തുവിനെക്കുറിച്ചുള്ളതാണ്. ആ വിനിർദ്ദിഷ്ടകൃത്യം, ആ വസ്തുവിന്റെ മതിപ്പുമൂല്യം കരാറിൽ പ്രസ്താവിക്കേണ്ടതാകുന്നു.

3. കരാർ വ്യവഹാരമെന്നപോലെ ഫയൽ ചെയ്യുകയും രജിസ്ററർ ചെയ്യുകയും ചെയ്യണമെന്ന്.—(1) ഇതിൽ ഇതിനുമുൻപ് അടങ്ങിയ ചട്ടങ്ങൾ അനുസരിച്ച് തയ്യാറാക്കപ്പെട്ടതാണെങ്കിൽ, കരാർ, ഏത് വ്യവഹാരത്തിലെ വിഷയകത്തിന്റെ തുകയോ സലയോ ആണ്, കരാറിലെവിഷയവസ്തുവിന്റെ തുകയോ മൂല്യമോ ആയിരിക്കുന്നത്, അങ്ങനെയുള്ള വ്യവഹാരം സ്വീകരിക്കാൻ അധികാരിതയുള്ളകോടതിയിൽ ഒരു അപേക്ഷ സഹിതം ഫയൽ ചെയ്യപ്പെടാവുന്നതാണ്.

(2) അപ്രകാരം ഫയൽ ചെയ്യപ്പെടുമ്പോൾ, ആ അപേക്ഷകക്ഷികളിൽ വാദിയോ വാദികളോ ആയി താൽപര്യമുള്ളവരാണെന്ന് അവകാശപ്പെടുന്ന ഒന്നോ അതിലധികമോ പേരും, പ്രതിയോ പ്രതികളോ ആയ അവരിൽ മറേറ ആളും, ആല്ലെങ്കിൽ അളുകളും തമ്മിലുള്ള വ്യവഹാരമായി നമ്പർ ചെയ്യുകയും രജിസ്ററർചെയ്യുകയും ചെയ്യപ്പെടേണ്ടതും; അപേക്ഷ ബോധിപ്പിച്ച കക്ഷിയോ കക്ഷികളോ അല്ലാത്ത കരാറിലെ എല്ലാ കക്ഷികൾക്കും നോട്ടീസ് നൽകേണ്ടതും ആകുന്നു.

4. കക്ഷികൾ കോടതിയുടെ അധികാരിതയ്ക്ക് വിധേയരായിരിക്കണമെന്ന്.—കരാർ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അതിലെ കക്ഷികൾ, കോടതിയുടെ അധികാരിതയ്ക്ക് വിധേയരായിരിക്കുന്നതും, അതിൽ അടങ്ങിയ പ്രസ്താവനകളാൽ ബദ്ധരായിരിക്കുന്നതും ആകുന്നു.

5. കേസ് കേൾക്കുന്നതും തീർപ്പ് ചെയ്യുന്നതും.—(1) കേസ്, സാധാരണ രീതിയിൽ ആരംഭിക്കപ്പെടുന്ന ഒരു വ്യവഹാരം എന്നപോലെ കേൾക്കാനായി വയ്ക്കേണ്ടതും, ഈ നിയമസംഹിതയിലെ വ്യവഹസ്ഥകൾ, ബാധകമാകുന്നിടത്തോളം, അങ്ങനെയുള്ള വ്യവഹാരത്തിന് ബാധകമായിരിക്കുന്നതും ആകുന്നു.

(2) കക്ഷികളെ വിസ്തരിച്ചതിനുശേഷമോ, അല്ലെങ്കിൽ യുക്തമെന്നു തോന്നുന്ന തെളിവു് എടുത്തതിനുശേഷമോ കോടതിക്ക്—

(ക) കരാർ അവർ മുറപ്രകാരം ഒപ്പിട്ടുപൂർത്തീകരിച്ചു എന്നും;

(ഖ) അതിൽ പ്രസ്താവിച്ച പ്രശ്നത്തിൽ അവർക്ക് ഉത്തമവിശ്വാസപൂർവ്വമായ ഒരു താൽപര്യം ഉണ്ടെന്നും;

(ഗ) അത് തീരുമാനിക്കപ്പെടാൻ യോജ്യമായതാണെന്നും;

ബോദ്ധ്യമാകുന്നിടത്ത്—കോടതി, ഒരു സാധാരണ വ്യവഹാരത്തിൽ എന്നപോലെ അതേ വിധത്തിൽ അതിൻമേൽ വിധിന്യായം പ്രസ്താവിക്കാൻ നടപടി തുടരേണ്ടതും, അപ്രകാരം പ്രസ്താവിക്കപ്പെടുന്ന വിധിന്യായത്തിൻമേൽ ഒരു വിധി തുടർന്ന് ഉണ്ടായിരിക്കേണ്ടതുമാകുന്നു.

6. 5-ാം ചട്ടത്തിൻകീഴിൽ പാസാക്കപ്പെടുന്ന വിധിയിൽനിന്ന് അപ്പീൽ ഇല്ലെന്ന്.—5-ാം ചട്ടത്തിൻകീഴിൽ പാസാക്കപ്പെടുന്ന വിധിയിൽനിന്ന് യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല.

# ആർഡർ XXXVII

## സമറി നടപടിക്രമം

1. ഏതു് കോടതികൾക്കും തരം വ്യവഹാരങ്ങൾക്കുമാണ് ആർഡർ ബാധകമാകേണ്ടതെന്ന്.—(1) ഈ ആർഡർ താഴെപറയുന്ന കോടതികൾക്ക്, അതായത്,—

(ക) ഹൈക്കോടതികൾക്കും, സിററി സിവിൽ കോടതികൾക്കും സ്മാൾകാസ് കോടതികൾക്കും;

(ഖ) മററു കോടതികൾക്കും;

ബാധകമായിരിക്കുന്നതാണ്:

എന്നാൽ, (ഖ) ഖണ്ഡത്തിൽ പരാമർശിച്ച കോടതികൾ സംബന്ധിച്ച്, ഹൈക്കോടതിക്ക്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, ഈ ആർഡറിന്റെ പ്രവർത്തനം ഉചിതമാണെന്ന് അത് കരുതുന്ന വ്യവഹാരവിഭാഗങ്ങൾക്കുമാത്രമായി പരിമിതിപ്പെടുത്താവുന്നതും, കൂടാതെ, സംഹതിയുടെ പരിത:സ്ഥിതികൾ ആവശ്യപ്പെടുന്നതുപോലെ അപ്പോഴപ്പോൾ ഔദ്യോഗികഗസററിലെ പിന്നീട്ടുള്ള വിജ്ഞാപനം വഴി, ഈ ആർഡറിന്റെ പ്രവർത്തനത്തിൻകീഴിൽ കൊണ്ടുവരപ്പെടേണ്ട വ്യവഹാര വിഭാഗങ്ങളെ, ഉചിതമാണെന്നു അതു കരുതുന്ന വിധം കൂടുതൽ പരിമിതിപ്പെടുത്തുകയോ വിപുലീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും ആകുന്നു.

(2) 1-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആർഡർ താഴെപ്പറയുന്ന തരം വ്യവഹാരങ്ങൾക്ക്, ബാധകമായിരിക്കുന്നതാണ്, അതായത്,—

(ക) വിനിമയപത്രങ്ങളിൻമേലും, ഹുണ്ടികകളിൻമേലും പ്രോനോട്ടുകളിൻമേലുമുള്ള വ്യവഹാരങ്ങൾ;

(ഖ) വാദി,—

(i) ലിഖിതമായ ഒരു കാൺട്രാക്ററിൻമേലോ;

(ii) വസൂലാക്കപ്പെടണമെന്ന് അപേക്ഷിച്ചിട്ടുള്ള തുക ഒരു നിശ്ചിതത്തുകയോ ദണ്ഡനമല്ലാത്ത ഒരു കടത്തിന്റെ പ്രകൃതത്തിലുള്ള തുകയോ ആയിരിക്കുന്നിടത്ത്, ഒരു അധിനിയമത്തിൻമേലോ;

(iii) മൂലാധമർണ്ണന് എതിരായുള്ള അവകാശവാദം, ഒരു കടമോ ക്ലിപ്ത ഡിമാൻഡോ മാത്രം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത്, ഒരു ഗാറൻറിയിൻമേലോ,

ഉദ്ഭവിക്കുന്നതും, പ്രതി പലിശയോടുകൂടിയോ കൂടാതെയോ കൊടുക്കേണ്ടതുമായ ഒരു കടമോ പണമായുള്ള ക്ലിപ്തഡിമാൻഡോ വസൂലാക്കാൻ മാത്രം അപേക്ഷിക്കുന്ന വ്യവഹാരങ്ങൾ.

2. സമറിവ്യവഹാരങ്ങൾ ആരംഭിക്കുന്നത്.—(1) ഈ ആർഡർ ബാധകമാകുന്ന വ്യവഹാരം, വാദി, ഇതിൻകീഴിൽ തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു അന്യായം ബോധിപ്പിക്കുന്നതുവഴി ആരംഭിക്കേണ്ടതും, അതിൽ—

(ക) വ്യവഹാരം ഈ ആർഡറിൻകീഴിൽ ഫയൽ ചെയ്തിട്ടുള്ളതാണെന്ന അർത്ഥത്തിലുള്ള ഒരു വിനിർദ്ദിഷ്ട ദൃഢോക്തിയും,

(ഖ) അന്യായത്തിൽ ഈ ചട്ടത്തിന്റെ വ്യാപ്തിക്കുള്ളിൽപ്പെടാത്ത യാതൊരു നിവൃത്തിയും അവകാശപ്പെട്ടിട്ടില്ലെന്നുള്ളതും;

(ഗ) വ്യവഹാരത്തിന്റെ ശീർഷകത്തിലെ വ്യവഹാരനമ്പരിന് തൊട്ടു താഴെയായി താഴെപറയുന്ന, അതായത്:—

"(സിവിൽ നടപടിനിയമസംഹിത, 1908-ലെ ആർഡർ XXXVII-ന് കീഴിൽ)," എന്ന ആലേഖനവും,

അടങ്ങിയിരിക്കേണ്ടതും ആകുന്നു.

(2) വ്യവഹാരത്തിലെസമൺസ് അനുബന്ധം ഖയിലെ 4-ാം നമ്പർ ഫാറത്തിലോ, അല്ലെങ്കിൽ അപ്പോഴപ്പോൾ നിർണ്ണയിക്കപ്പെടുന്ന മററു ഫാറത്തിലോ ആയിരിക്കേണ്ടതാകുന്നു.

(3) താൻ ഹാജർ റിക്കാർഡാക്കാത്തപക്ഷം, പ്രതി, (1)-ാം ഉപചട്ടത്തിൽ പരാമർശിച്ച വ്യവഹാരം പ്രതിവാദം ചെയ്യാൻ പാടില്ലാത്തതും, ഹാജർ റിക്കാർഡാക്കാൻ വീഴ്ചവരുത്തിയാൽ, അന്യായത്തിലെ ആഖ്യാപനങ്ങൾ സമ്മതിക്കപ്പെട്ടതായി കരുതപ്പെടുന്നതും, വാദിക്ക് സമൺസിൽ പറഞ്ഞ തുകയിൽ കവിയാത്ത ഏതെങ്കിലും തുകയ്ക്ക്, വിധിയുടെ തീയതി വരെ വിനിർദ്ദിഷ്ട നിരക്കിലുള്ള പലിശ, വല്ലതുമുണ്ടെങ്കിൽ അതും, കോടതിച്ചെലവിലേക്ക് ഹൈക്കോടതി അതിലേക്ക് അപ്പോഴപ്പോൾ ഉണ്ടാക്കുന്ന ചട്ടങ്ങൾ വഴി നിശ്ചയിക്കുന്ന തുകയും സഹിതം ഉള്ള ഒരു വിധിക്ക് അവകാശമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള വിധി ഉടനടി നടത്താവുന്നതും ആകുന്നു.

3. പ്രതി ഹാജരാകുന്നതിനുള്ള നടപടിക്രമം.—(1) ഈ ആർഡർ ബാധകമായ ഒരു വ്യവഹാരത്തിൽ, വാദി പ്രതിക്ക് 2-ാം ചട്ടത്തിൻ കീഴിലെ സമൺസോടുകൂടി അന്യായത്തിന്റേയും അതിനുള്ള അനുബന്ധങ്ങളുടേയും ഒരു പകർപ്പ് നടത്തേണ്ടതും, പ്രതിക്ക്, അങ്ങനെയുള്ള നടത്തലിന്റെ പത്തുദിവസത്തിനുള്ളിൽ, ഏതു സമയത്തും, നേരിട്ടോ പ്ലീഡർ മുഖേനയോ ഉള്ള ഹാജർ റിക്കാർഡാക്കാവുന്നതും, വിധി സംഗതികൾ ഏതിലും, പ്രതി, നോട്ടീസുകൾ തനിക്കു നടത്തുന്നതിനുള്ള ഒരു മേൽവിലാസം കോടതിയിൽ ഫയൽ ചെയ്യേണ്ടതുമാകുന്നു.

(2) മററുവിധത്തിൽ ഉത്തരവു ചെയ്യാത്തപക്ഷം, പ്രതിക്കുനടത്തേണ്ടതായി ആവശ്യപ്പെടുന്ന എല്ലാ സമൺസുകളും, നോട്ടീസുകളും മററു ജുഡീഷ്യൽ പ്രോസസ്സുകളും, അവ അങ്ങനെയുള്ള നടത്തലിനായി അയാൾ നൽകുന്ന മേൽവിലാസത്തിൽ ഏൽപ്പിക്കപ്പെടുന്നുവെങ്കിൽ, അയാൾക്ക് മുറപ്രകാരം നടത്തിയിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(3) ഹാജർ റിക്കാർഡാക്കുന്ന ദിവസം, അങ്ങനെയുള്ള ഹാജരാകലിനെക്കുറിച്ചുള്ള നോട്ടീസ്, പ്രതി, വാദിയുടെ പ്ലീഡർക്കോ, വാദി നേരിട്ടാണ് വ്യവഹാരപ്പെടുന്നതെങ്കിൽ വാദിക്കുതന്നെയോ, അതതുസംഗതിപോലെ, വാദിയുടെ പ്ലീഡറുടേയോ വാദിയുടെ മേൽ വിലാസത്തിൽ ഡെലിവർ ചെയ്യുന്നതോ, അല്ലെങ്കിൽ ആ മേൽവിലാസം വച്ച് മുൻകൂർകൂലി കൊടുത്ത എഴുത്തുമുഖേന അയയ്ക്കുന്നതോ ആയ നോട്ടീസ് വഴി നൽകേണ്ടതും ആകുന്നു.

(4) പ്രതി ഹാജർ റിക്കാർഡാക്കുന്നുവെങ്കിൽ, വാദി, അതിനുശേഷം അനുബന്ധം ക യിലെ 4 ക നമ്പർ ഫാറത്തിലോ, അല്ലെങ്കിൽ അപ്പോഴപ്പോൾ നിർണ്ണയിക്കപ്പെടുന്ന മററു ഫാറത്തിലോ ഉള്ളതും, നടത്തൽ തീയതി മുതൽ പത്തിൽ കുറയാത്ത ദിവസത്തിനുള്ളിൽ മടക്കേണ്ടതും, വ്യവഹാരകാരണവും അവകാശപ്പെടുന്ന തുകയും സത്യബോധപ്പെടുത്തുകയും, തന്റെ വിശ്വാസത്തിൽ വ്യവഹാരത്തിന് പ്രതിവാദം ഇല്ലെന്നും പ്രസ്താവിക്കുകയും ചെയ്യുന്ന സത്യവാങ്മൂലത്തിന്റെ താങ്ങുള്ളതും ആയ ഒരു വിധിന്യായത്തിനുള്ള സമൺസ് പ്രതിക്ക് നടത്തേണ്ടതാകുന്നു.

(5) പ്രതിക്ക്, അങ്ങനെയുള്ള വിധിന്യായത്തിനുള്ള സമൺസിന്റെ നടത്തൽ മുതൽ പത്തു ദിവസത്തിനുള്ളിൽ, ഏതു സമയത്തും, പ്രതിവാദം നടത്താൻ തന്നെ അവകാശപ്പെടുത്തുന്നതിനു മതിയായതായി കരുതപ്പെടുന്ന വസ്തുതകൾ സത്യവാങ്മൂലം വഴിയോ മററു വിധത്തിലോ വെളിപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള സമൺസിൻമേൽ അങ്ങനെയുള്ള വ്യവഹാരം പ്രതിവാദം ചെയ്യാനുള്ള അനുമതിക്ക് അപേക്ഷിക്കാവുന്നതും, പ്രതിവാദം ചെയ്യാനുള്ള അനുമതി അയാൾക്ക് നിരുപാധികമായോ, അല്ലെങ്കിൽ കോടതിക്കോ ജഡ്ജിക്കോ നീതിപൂർവ്വകമാണെന്ന് തോന്നുന്ന നിബന്ധനകളിൻമേലോ നല്കപ്പെടാവുന്നതും ആകുന്നു:

എന്നാൽ, പ്രതി വെളിപ്പെടുത്തുന്ന വസ്തുതകൾ, അയാൾക്ക് സാരവത്തായ ഒരു പ്രതിവാദം ഉന്നയിക്കാനുണ്ടെന്നു കാണിക്കുന്നില്ലെന്നോ അല്ലെങ്കിൽ പ്രതി ബോധിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രതിവാദം നിസ്സാരമായതോ ശല്യമുണ്ടാക്കുന്നതോ ആണെന്നോ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, പ്രതിവാദം ചെയ്യാനുള്ള അനുമതി നിരസിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, വാദി അവകാശപ്പെടുന്ന തുകയുടെ ഒരു ഭാഗം താൻ കൊടുക്കാനുള്ളതാണെന്നു പ്രതി സമ്മതിക്കുന്നിടത്ത്, കൊടുക്കാനുള്ളതാണെന്ന് അപ്രകാരം സമ്മതിക്കുന്ന തുക, പ്രതി കോടതിയിൽ നിക്ഷേപിക്കാത്തപക്ഷം, വ്യവഹാരം പ്രതിവാദം ചെയ്യാനുള്ള അനുമതി നല്കാൻ പാടുള്ളതല്ല.

(6) അങ്ങനെയുള്ള വിധിന്യായത്തിനുള്ള സമൺസിന്റെ, ഹീയറിങ്ങിൽ—

(ക) പ്രതിവാദം ചെയ്യാനുള്ള അനുമതിക്ക് പ്രതി അപേക്ഷിച്ചിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ കൊടുത്തിരിക്കുകയും, അതു നിരസിക്കപ്പെടുകയും ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, വാദിക്ക് ഉടനടി വിധിന്യായത്തിന് അവകാശമുണ്ടായിരിക്കുന്നതോ; അല്ലെങ്കിൽ

(ഖ) മുഴുവൻ അവകാശവാദത്തേയോ, അതിന്റെ ഏതെങ്കിലും ഭാഗത്തേയോ കുറിച്ച്, പ്രതിവാദം ചെയ്യാൻ പ്രതി അനുവദിക്കപ്പെടുന്നുവെങ്കിൽ, കോടതിക്കോ ജഡ്ജിക്കോ കോടതിയോ ജഡ്ജിയോ നിജപ്പെടുത്തുന്ന ജാമ്യം നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ നല്കാനും, കോടതിയോ ജഡ്ജിയോ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള ജാമ്യം കൊടുക്കാതിരിക്കുകയോ, കോടതിയോ ജഡ്ജിയോ നല്കുന്ന മററു നിദേശങ്ങൾ നടപ്പാക്കാതിരിക്കുകയോ ചെയ്യുന്നതിൻമേൽ വാദിക്കു ഉടനടി വിധിന്യായത്തിന് അവകാശമുണ്ടായിരിക്കുന്നതാണെന്ന് നിദേശിക്കാവുന്നതോ,

ആകുന്നു.

(7) കോടതിക്കോ ജഡ്ജിക്കോ, പ്രതി കാണിക്കുന്ന മതിയായ കാരണത്തിൻമേൽ, ഹാജർ റിക്കാർഡാക്കുന്നതിലോ വ്യവഹാരം പ്രതിവാദം ചെയ്യാനുള്ള അനുമതിക്ക് അപേക്ഷിക്കുന്നതിലോ ഉള്ള പ്രതിയുടെ കാലതാമസം മാപ്പാക്കാവുന്നതാണ്.

4. <u>വിധി ദുർബ്ബലപ്പെടുത്താനുള്ള അധികാരം</u>.—വിധിക്കുശേഷം കോടതിക്ക്, പ്രത്യേക പരിതഃസ്ഥിതികളിൽ വിധി ദുർബ്ബലപ്പെടുത്തുകയും, ആവശ്യമാണെങ്കിൽ വിധിനടത്തൽ നിറുത്തിവയ്ക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യുകയും ചെയ്യാവുന്നതും, പ്രതിക്ക് സമൺസ് പ്രകാരം ഹാജരാകുന്നതിന് വ്യവഹാരം പ്രതിവാദം ചെയ്യുന്നതിനും അനുമതി നല്കുന്നത് ന്യായമാണെന്ന് കോടതിക്ക് തോന്നുന്നപക്ഷവും, യുക്തമെന്നു കോടതിക്കു തോന്നുന്ന നിബന്ധനകളിൻമേലും അപ്രകാരം അനുമതി നല്കാവുന്നതും ആണ്.

5. കോടതിയിലെ ഉദ്യോഗസ്ഥന്റെ പക്കൽ നിക്ഷേപിക്കാൻ ഉത്തരവ് ചെയ്യാനുള്ള അധികാരം.—ഈ ആർഡറിൻകീഴിലെ ഏതെങ്കിലും നടപടിയിൽ കോടതിക്ക് വ്യവഹാരത്തിന് അടിസ്ഥാനമായ ബില്ലോ, ഹുണ്ടിയോ, പ്രോനോട്ടോ ഉടനടി കോടതിയുടെ ഒരു ഉദ്യോഗസ്ഥന്റെ പക്കൽ നിക്ഷേപിക്കാൻ ഉത്തരവ് ചെയ്യാവുന്നതും, എല്ലാ നടപടികളും, അവയുടെ കോടതിച്ചെലവിന് വാദി ജാമ്യം നൽകുന്നതുവരെ, നിറുത്തിവയ്ക്കുന്നതാണെന്നു കൂടുതലായി ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

6. അനാദരിക്കപ്പെട്ട ബില്ലോ പ്രോനോട്ടോ പ്രതിഗ്രഹിക്കാത്തത് നോട്ട് ചെയ്യുന്നതിന്റെ ചെലവുകൾ വസൂലാക്കൽ.—അനാദരിക്കപ്പെട്ട ഏതൊരു വിനിമയ പത്രത്തിന്റേയും, അല്ലെങ്കിൽ പ്രോനോട്ടിന്റേയും ധാരകന്, അത് പ്രതിഗ്രഹിക്കാത്തതിനോ, പണം കൊടുക്കാത്തതിനോ നോട്ടു ചെയ്യുന്നതിലോ, അങ്ങനെയുള്ള അനാദരണത്താലോ മററു വിധത്തിലോ നേരിടുന്ന ചെലവുകൾ വസൂലാക്കുന്നതിന്, ഈ ആർഡറിൻകീഴിൽ അങ്ങനെയുള്ള ബില്ലിന്റേയോ പ്രോനോട്ടിന്റേയോ തുക വസൂലാക്കുന്നതിന് അയാൾക്കുള്ള അതേ നിവൃത്തി മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

7. വ്യവഹാരങ്ങളിലെ നടപടിക്രമം.—ഈ ആർഡർ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ഇതിൻകീഴിലെ വ്യവഹാരങ്ങളിലെ നടപടിക്രമം, സാധാരണ രീതിയിൽ ആരംഭിക്കപ്പെടുന്ന വ്യവഹാരങ്ങളിലെ നടപടിക്രമം തന്നെയായിരിക്കുന്നതാണ്.

## ആർഡർ XXXVIII

### വിധിന്യായത്തിനുമുമ്പുള്ള അറസ്ററും ജപ്തിയും

### വിധിന്യായത്തിനുമുമ്പുള്ള അറസ്ററ്

1. ഹാജരാകലിന് ജാമ്യം നല്കാൻ പ്രതിയോട് ആവശ്യപ്പെടാവുന്നത് ഏതിടത്തെന്ന്.—16-ാം വകുപ്പ് (ക) മുതൽ (ഘ) വരെ ഖണ്ഡങ്ങളിൽ പരാമർശിച്ച പ്രകൃതത്തിലുള്ള വ്യവഹാരം അല്ലാത്ത ഒരു വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, സത്യവാങ്മൂലം വഴിയോ മററു വിധത്തിലോ,—

(ക) പ്രതി, വാദിക്കു കാലതാമസം നേരിടുവിക്കാനോ കോടതിയുടെ ഏതെങ്കിലും പ്രോസസ്സ് ഒഴിഞ്ഞുമാറാനോ അല്ലെങ്കിൽ തനിക്ക് എതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ നടത്തൽ തടസ്സപ്പെടുത്തുകയോ അതിനു കാലതാമസം നേരിടുവിക്കുകയോ ചെയ്യാനോ ഉള്ള ഉദ്ദേശ്യത്തോടുകൂടി,—

(i) ഒളിവിൽ പോവുകയോ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ വിട്ട് പോവുകയോ, ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ

(ii) ഒളിവിൽ പോകാനോ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾ വിട്ട്പോകാനോ പുറപ്പെടുകയാണെന്നോ, അല്ലെങ്കിൽ

(iii) തന്റെ വസ്തുവോ, അതിന്റെ ഏതെങ്കിലും ഭാഗമോ വ്യയനം ചെയ്യുകയോ, കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികളിൽനിന്ന് നീക്കംചെയ്യുകയോ ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ

(ഖ) പ്രതി ഇൻഡ്യ വിട്ടുപോകുന്നത്, വ്യവഹാരത്തിൽ പ്രതിക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ നടത്തലിൽ വാദിയെ തടസ്സപ്പെടുത്തുകയോ അയാൾക്കു കാലതാമസം നേരിടുവിക്കുകയോ ചെയ്യു

മെന്നോ ചെയ്തേക്കാമെന്നോ ഉള്ളതിനു ന്യായമായ സംഭാവ്യത നല്കുന്ന പരിതഃസ്ഥിതികളിൽ പ്രതി ഇൻഡ്യ വിട്ടുപോകാൻ പുറപ്പെടുകയാണെന്നോ, ബോദ്ധ്യപ്പെടുന്നിടത്ത്, കോടതിക്ക്, പ്രതിയെ അറസ്ററു ചെയ്യാനും അയാൾ താൻ ഹാജരാകുന്നതിനു ജാമ്യം നല്കാതിരിക്കാൻ കാരണം കാണിക്കാനായി അയാളെ കോടതിയുടെ മുമ്പാകെ കൊണ്ടുവരാനും ഉള്ള വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, വാദിയുടെ അവകാശവാദം തീർക്കാൻ മതിയായതായി വാറൻറിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തുക പ്രതി, വാറൻറ് നടത്താൻ ഭരമേല്പിക്കപ്പെട്ട ഉദ്യോഗസ്ഥന് കൊടുക്കുന്നുവെങ്കിൽ, പ്രതിയെ അറസ്ററു ചെയ്യാൻ പാടില്ലാത്തതും; കോടതി അങ്ങനെയുള്ള തുക, വ്യവഹാരം തീർച്ച ചെയ്യുന്നതുവരേയോ, കോടതിയുടെ കൂടുതൽ ഉത്തരവുവരേയോ, ഡെപ്പോസിററായി വയ്ക്കേണ്ടതും ആകുന്നു.

2. ജാമ്യം.—(1) പ്രതി അങ്ങനെയുള്ള കാരണം കാണിക്കാതിരിക്കുന്നിടത്ത്, കോടതി, അയാളോട് തനിക്ക് എതിരായുള്ള അവകാശവാദം നേരിടാൻ മതിയായ പണമോ മററു വസ്തുവോ കോടതിയിൽ നിക്ഷേപിക്കുന്നതിനോ, അല്ലെങ്കിൽ വ്യവഹാരം നിലവിലിരിക്കുമ്പോഴും, വ്യവഹാരത്തിൽ തനിക്ക് എതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ ബാദ്ധ്യത തീർക്കുന്നതുവരേയും, ആവശ്യപ്പെടുമ്പോൾ ഏതു സമയത്തും ഹാജരാകുന്നതിനു ജാമ്യം നല്കാനോ ഉത്തരവ് ചെയ്യുകയോ, അല്ലെങ്കിൽ തൊട്ടു മുൻപിലത്തെ ചട്ടത്തിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ പ്രതി കൊടുത്തിരിക്കാവുന്ന തുക സംബന്ധിച്ച്, യുക്തമെന്ന് തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) ഒരു പ്രതിയുടെ ഹാജരാകലിനുള്ള ഏതൊരു ജാമ്യക്കാരനും, അങ്ങനെയുള്ള ഹാജരാകലിൽ വീഴ്ച വരുത്തിയാൽ വ്യവഹാരത്തിൽ പ്രതിയോടു, കൊടുക്കാൻ ഉത്തരവു ചെയ്യുന്ന ഏതു തുകയും കൊടുക്കാൻ സ്വയം ബദ്ധനാകേണ്ടതാകുന്നു.

3. വിമോചിക്കപ്പെടുന്നതിന് ജാമ്യക്കാരൻ അപേക്ഷിക്കുന്നതിൻമേലുള്ള നടപടിക്രമം.—(1) പ്രതിയുടെ ഹാജരാകലിനുള്ള ഒരു ജാമ്യക്കാരന്, ഏതു കോടതിയിലാണോ താൻ അങ്ങനെയുള്ള ജാമ്യക്കാരനായത്, ആ കോടതിയോട്, തൻെറ കടപ്പാടിൽനിന്ന് വിമോചിക്കപ്പെടാൻ ഏതു സമയത്തും അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ, കോടതി, പ്രതിയെ ഹാജരാകാൻ സമൺ ചെയ്യേണ്ടതോ, അല്ലെങ്കിൽ, യുക്തമെന്നു തോന്നുന്നുവെങ്കിൽ, കോടതിക്ക്, ആദ്യമേതന്നെ അയാളുടെ അറസ്ററിന് വാറൻറ്, പുറപ്പെടുവിക്കാവുന്നതോ ആകുന്നു.

(3) സമൺസോ വാറൻേറാ അനുസരിച്ച് പ്രതി ഹാജരാകുന്നതിൻമേലോ അല്ലെങ്കിൽ അയാൾ സ്വേച്ഛയാ കീഴടങ്ങുന്നതിൻമേലോ, കോടതി ജാമ്യക്കാരനെ അയാളുടെ കടപ്പാടിൽനിന്ന് വിമോചിപ്പിക്കാൻ നിദേശിക്കേണ്ടതും പ്രതിയോടു പുതിയ ജാമ്യം നല്കാൻ ആവശ്യപ്പെടേണ്ടതും ആകുന്നു.

4. പ്രതി, ജാമ്യം നല്കാതിരിക്കുകയോ പുതിയ ജാമ്യം നല്കാതിരിക്കുകയോ ചെയ്യുന്നിടത്തെ നടപടിക്രമം.—പ്രതി, 2-ാം ചട്ടത്തിനോ 3-ാം ചട്ടത്തിനോ കീഴിലെ ഏതെങ്കിലും ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്ത്, കോടതിക്ക്, അയാളെ വ്യവഹാരത്തിൻെറ തീരുമാനം വരേയോ അല്ലെങ്കിൽ പ്രതിക്കെതിരായി ഒരു വിധി പാസ്സാക്കുന്നിടത്ത്, വിധികാര്യം തീരുന്നതുവരേയോ, സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററു ചെയ്യാവുന്നതാണ്.

എന്നാൽ, യാതൊരാളും ഈ ചട്ടത്തിൻകീഴിൽ ഏതു സംഗതിയിലും ആറു മാസത്തിൽ കൂടുതലായ കാലമോ അല്ലെങ്കിൽ വ്യവഹാരത്തിലെ വിഷയത്തിന്റെ തുകയോ സലയോ അൻപതു രൂപയിൽ കവിയാത്തപ്പോൾ ആറാഴ്ചയിൽ കൂടുതലായ കാലമോ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കപ്പെടാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല യാതൊരാളും അയാൾ അങ്ങനെയുള്ള ഉത്തരവനുസരിച്ച് പ്രവർത്തിച്ചതിനുശേഷം ഈ ചട്ടത്തിനുകീഴിൽ തടങ്കലിൽ വയ്ക്കപ്പെടാൻ പാടുള്ളതല്ല.

## വിധിന്യായത്തിന് മുൻപുള്ള ജപ്തി

5. വസ്തു ഹാജരാക്കലിനു ജാമ്യം നല്കാൻ പ്രതിയോടു ആവശ്യപ്പെടാവുന്നത് ഏതിടത്തെന്ന്.—(1) ഒരു വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, സത്യവാങ്മൂലം വഴിയോ മററു വിധത്തിലോ, പ്രതി തനിക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ നടത്തൽ തടസ്സപ്പെടുത്തുകയോ, അതിനു കാലതാമസം നേരിടുവിക്കുകയോ ചെയ്യാനുള്ള ഉദ്ദേശ്യത്തോടുകൂടി—

(ക) തന്റെ വസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ വ്യയനം ചെയ്യാൻ പുറപ്പെടുകയാണെന്നോ, അല്ലെങ്കിൽ

(ഖ) തന്റെ വസ്തു മുഴുവനായോ അതിന്റെ ഏതെങ്കിലും ഭാഗമോ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികളിൽനിന്നു നീക്കം ചെയ്യാൻ പുറപ്പെടുകയാണെന്നോ, ബോദ്ധ്യപ്പെടുന്നിടത്ത്,

കോടതിക്ക്, അത് നിജപ്പെടുത്തേണ്ട ഒരു സമയത്തിനുള്ളിൽ മുൻപറഞ്ഞ വസ്തുവോ, അതിന്റെമൂല്യമോ അതിന്റെ വിധികാര്യം തീർക്കാൻ മതിയായത്ര ഭാഗമോ, ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും കോടതിക്ക് അതു സംബന്ധിച്ച് ഇഷ്ടംപോലെ ചെയ്യാവുന്ന വിധം വയ്ക്കുകയും ചെയ്യുന്നതിന് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തുകയ്ക്ക് ജാമ്യം നല്കാനോ അല്ലെങ്കിൽ ഹാജരാവുകയും, താൻ ജാമ്യം നല്കാതിരിക്കാനുള്ള കാരണം കാണിക്കുകയും ചെയ്യാനോ പ്രതിയെ നിദേശി ക്കാവുന്നതാണ്.

(2) കോടതി മററു വിധത്തിൽ നിദേശിക്കാത്ത പക്ഷം, ജപ്തി ചെയ്യാൻ ആവശ്യപ്പെടുന്ന വസ്തുവും അതിന്റെ മതിപ്പുമൂല്യവും, വാദി വിനിർദ്ദേശിക്കേണ്ടതാകുന്നു.

(3) കോടതിക്ക്, ആ ഉത്തരവിൽ, അപ്രകാരം വിനിർദ്ദേശിക്കപ്പെടുന്ന മുഴുവൻ വസ്തുവിന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ സോപാധിക ജപ്തിക്കു നിദേശിക്കുകയുംകൂടി ചെയ്യാവുന്നതാണ്.

(4) ഈ ചട്ടം (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കാതെ ഒരു ജപ്തി ഉത്തരവ് പുറപ്പെടുവിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ജപ്തി ശൂന്യമായിരിക്കുന്നതാണ്.

6. കാരണം കാണിക്കാതിരിക്കുകയോ ജാമ്യം നല്കാതിരിക്കുകയോ ചെയ്യുന്നിടത്തുള്ള ജപ്തി.—(1) പ്രതി ജാമ്യം നല്കാതിരിക്കാനുള്ള കാരണം കാണിക്കാതിരിക്കുകയോ, അല്ലെങ്കിൽ ആവശ്യപ്പെടുന്ന ജാമ്യം കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ നല്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, കോടതിക്ക് വിനിർദ്ദേശിക്കപ്പെട്ട വസ്തുവോ, അല്ലെങ്കിൽ അതിന്റെ ആ വ്യവഹാരത്തിൽ പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ കാര്യം തീർക്കാൻ മതിയായതായി കാണപ്പെടുന്നത്ര ഭാഗമോ ജപ്തി ചെയ്യണമെന്ന് ഉത്തരവു ചെയ്യാവുന്നതാണ്.

(2) പ്രതി അങ്ങനെയുള്ള കാരണം കാണിക്കുകയോ, അല്ലെങ്കിൽ ആവശ്യപ്പെട്ട ജാമ്യം നല്കുകയോ ചെയ്യുകയും, വിനിർദ്ദേശിക്കപ്പെട്ട വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ ജപ്തി ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി ജപ്തി പിൻവലിക്കാൻ ഉത്തരവു ചെയ്യുകയോ, യുക്തമെന്നു തോന്നുന്ന മററ് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതാകുന്നു.

7. ജപ്തി ചെയ്യുന്ന സംപ്രദായം. മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്യുന്ന വിധമൊഴികെ, ജപ്തി, വിധി നടത്തലിനെ വസ്തു ജപ്തിക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ചെയ്യേണ്ടതാകുന്നു.

8. വിധിന്യായത്തിന് മുമ്പ് ജപ്തിചെയ്ത വസ്തുവിന് അവകാശവാദത്തിന്റെ ന്യായനിർണ്ണയം.— വിധിന്യായത്തിന് മുമ്പ് ജപ്തി ചെയ്തിട്ടുള്ള വസ്തുവിന് ഏതെങ്കിലും അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടുള്ളടത്ത്, അങ്ങനെയുള്ള അവകാശവാദം, പണം കൊടുക്കാനുള്ള ഒരു വിധിയുടെ നടത്തലിൽ ജപ്തി ചെയ്യപ്പെടുന്ന വസ്തുവിനുള്ള അവകാശവാദങ്ങളുടെ ന്യായനിർണ്ണയത്തിന്, ഇതിൽ ഇതിനു മുൻപ് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ന്യായനിർണ്ണയം ചെയ്യപ്പെടേണ്ടതാകുന്നു.

9. ജാമ്യം നല്കുകയോ വ്യവഹാരം തള്ളിക്കളയുകയോ ചെയ്യുമ്പോൾ ജപ്തി നീക്കം ചെയ്യുന്നത്.— വിധിന്യായത്തിനു മുമ്പുള്ള ജപ്തിക്ക് ഉത്തരവു പുറപ്പെടുവിക്കുന്നിടത്ത്, പ്രതി, ആവശ്യപ്പെട്ടിട്ടുള്ള ജാമ്യം ജപ്തി ച്ചെലവിനുള്ള ജാമ്യസഹിതം നല്കുമ്പോഴോ, വ്യവഹാരം തള്ളിക്കളയപ്പെടുമ്പോഴോ, കോടതി ജപ്തി പിൻവലിക്കാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

10. വിധിന്യായത്തിനുമുമ്പുള്ള ജപ്തി, അന്യരുടെ അവകാശങ്ങളെ ബാധിക്കുകയോ, വില്പനയ്ക്കു അപേക്ഷിക്കുന്നതിൽ നിന്ന് വിധിയുടമയെ തടയുകയോ ചെയ്യുന്നതല്ലെന്ന്.— വിധിന്യായത്തിനു മുമ്പുള്ള ജപ്തി വ്യവഹാരത്തിലെ കക്ഷികളല്ലാത്ത ആളുകളുടെ, ജപ്തിക്ക് മുമ്പ് നിലവിലുള്ള അവകാശങ്ങളെ ബാധിക്കുകയോ, അല്ലെങ്കിൽ പ്രതിക്കെതിരായുള്ള ഒരു വിധിയുടെ ധാരകനായ ഏതെങ്കിലും ആളെ, അങ്ങനെയുള്ള വിധിയുടെ നടത്തലിൽ ജപ്തിക്കു കീഴിലുള്ള വസ്തു വില്ക്കാൻ അപേക്ഷിക്കുന്നതിൽ നിന്നും തടയുകയോ ചെയ്യുന്നതല്ല.

11. വിധിന്യായത്തിനു മുമ്പ് ജപ്തിചെയ്യപ്പെട്ട വസ്തു വിധിയുടെ നടത്തലിൽ പുനർജപ്തി ചെയ്യേണ്ട എന്ന്.— ഈ ആർഡറിലെ വ്യവസ്ഥകളുടെ ബലത്തിൽ, വസ്തു ജപ്തിക്കു കീഴിലായിരിക്കുകയും, വാദിക്ക് അനുകൂലമായി പിന്നീട് ഒരു വിധി പാസ്സാക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വിധിയുടെ നടത്തലിനുള്ള അപേക്ഷയിൻമേൽ, വസ്തുവിന്റെ പുനഃജപ്തിക്ക് അപേക്ഷിക്കുന്നത് ആവശ്യകമായിരിക്കുന്നതല്ല.

11ക. ജപ്തിക്ക് ബാധകമായവ്യവസ്ഥകൾ.—(1) ഒരു വിധിയുടെ നടത്തലിൽ ചെയ്യപ്പെടുന്ന ഒരു ജപ്തിക്ക് ബാധകമായ ഈ ആർഡറിലെ വ്യവസ്ഥകൾ, ആകുന്നത്ര, വിധിന്യായത്തിനു മുമ്പ് ചെയ്തിട്ടുള്ളതും, 11-ാം ചട്ടത്തിലെ വ്യവസ്ഥകളുടെ ബലത്തിൽ വിധിന്യായത്തിനുശേഷം തുടരുന്നതുമായ ജപ്തിക്ക് ബാധകമായിരിക്കുന്നതാകുന്നു.

(2) വീഴ്ചക്ക് തള്ളിക്കളയപ്പെട്ട ഒരു വ്യവഹാരത്തിൽ, വിധിന്യായത്തിനുമുമ്പ് ചെയ്തിട്ടുള്ള ഒരു ജപ്തി, വീഴ്ചയ്ക്ക് വ്യവഹാരം തള്ളിക്കളയുന്ന ഒരു ഉത്തരവ് ദുർബ്ബലപ്പെടുത്തുകയും, വ്യവഹാരം ഫയലിൽ തിരിയെ എടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത മാത്രം കാരണമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നതല്ല.

12. കാർഷികോൽപന്നം വിധിന്യായത്തിന് മുമ്പ് ജപ്തി ചെയ്യപ്പെടാൻ പാടുള്ളതല്ലെന്ന് .—ഈ ആർഡറിലെ യാതൊന്നും ഒരു കൃഷിക്കാരന്റെ കൈവശത്തിലുള്ള ഏതെങ്കിലും കാർഷികോൽപന്നത്തിന്റെ ജപ്തിക്കു അപേക്ഷിക്കാൻ വാദിയെ പ്രാധികാരപ്പെടുത്തുന്നതായോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉൽപന്നം ജപ്തീചെയ്യാനോ ഹാജരാക്കാനോ ഉത്തരവു ചെയ്യാൻ കോടതിയെ അധികാരപ്പെടുത്തുന്നതായോ കരുതപ്പെടുന്നതല്ല.

13. സ്മാൾകാസ് കോടതി സ്ഥാവര വസ്തു ജപ്തി ചെയ്യാൻ പാടില്ലെന്ന് .— ഈ ആർഡറിലെ യാതൊന്നും ഏതെങ്കിലും സ്മാൾകാസ് കോടതിയെ സ്ഥാവരവസ്തുവിന്റെ ജപ്തി ഉത്തരവ് ചെയ്യാൻ അധികാരപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

## ആർഡർ XXXIX

## തൽക്കാല ഇൻജംങ്ഷനുകളും അന്തർവർത്തികളായ ഉത്തരവുകളും

### താൽക്കാലിക ഇൻജംങ്ഷനുകൾ

1. താൽക്കാലിക ഇൻജംങ്ഷനുകൾ നല്കാവുന്നത് ഏതുസംഗതികളിലെന്ന് .— ഏതെങ്കിലും വ്യവഹാരത്തിൽ,

(ക) ഒരു വ്യവഹാരത്തിൽ തർക്കത്തിലുള്ള ഏതെങ്കിലും വസ്തു, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷി, ക്ഷയിക്കുകയോ നാശനഷ്ടപ്പെടുത്തുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുമെന്നോ അല്ലെങ്കിൽ ഒരു വിധിയുടെ നടത്തലിൽ അന്യായമായി വില്ക്കപ്പെടുമെന്നോ ഉള്ള ആപൽസാദ്ധ്യതയുണ്ടെന്നോ അല്ലെങ്കിൽ

(ഖ) പ്രതി, തന്റെ ഉത്തമർണ്ണൻമാരെ വഞ്ചിക്കണമെന്ന ലക്ഷ്യത്തോടെ തന്റെ വസ്തു നീക്കം ചെയ്യുകയോ വ്യയനം ചെയ്യുകയോ ചെയ്യുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നുവെന്നോ, അല്ലെങ്കിൽ

(ഗ) പ്രതി, വ്യവഹാരത്തിൽ തർക്കത്തിലുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് വാദിയെ കൈവശത്തിൽ നിന്നു നീക്കം ചെയ്യുകയോ വാദിക്ക് മററുവിധത്തിൽ ക്ഷതി ഉളവാക്കുകയോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്നോ,

സത്യവാങ്മൂലം വഴിയോ മററുവിധത്തിലോ തെളിയിക്കപ്പെടുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള കൃത്യം തടയുന്നതിന് ഉത്തരവുവഴി ഒരു താൽക്കാലിക ഇൻജംങ്ഷൻ നല്കുകയോ അല്ലെങ്കിൽ വസ്തുവിന്റെ ക്ഷയിപ്പിക്കലോ, നാശനഷ്ടപ്പെടുത്തലോ അന്യാധീനപ്പെടുത്തലോ വില്പനയോ നീക്കം ചെയ്യലോ വ്യയനമോ അല്ലെങ്കിൽ വ്യവഹാരത്തിൽ തർക്കത്തിലുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് വാദിയെ കൈവശത്തിൽ നിന്നു നീക്കം ചെയ്യുന്നതോ മററുവിധത്തിൽ വാദിക്ക് ക്ഷതി ഉളവാക്കുന്നതോ നിറുത്തിവയ്ക്കുകയും തടയുകയും ചെയ്യുന്നതിനുവേണ്ടി വ്യവഹാരത്തിന്റെ തീർച്ചവരേയോ, അല്ലെങ്കിൽ കൂടുതൽ ഉത്തരവുവരേയോ, യുക്തമെന്നു തോന്നുന്ന മററു ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

2. ലംഘനത്തിൻെറ ആവർത്തനമോ തുടരലോ തടയുന്നതിനുള്ള ഇൻജംങ്ഷൻ .— (1) കാൺട്രാക്റ്റ് ലംഘനത്തിൽ നിന്നോ, ഏതെങ്കിലും തരത്തിലുള്ള മററു ക്ഷതി ഉളവാക്കുന്നതിൽ നിന്നോ പ്രതിയെ തടയ്നുള്ള ഏതെങ്കിലും വ്യവഹാരത്തിൽ അതിൽ നഷ്ടപരിഹാരം അവകാശപ്പെടുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, വാദിക്ക്, വ്യവഹാരം ആരംഭിച്ചതിനുശേഷം ഏതു സമയത്തും, വിധിന്യായത്തിനു മുമ്പോ പിമ്പോ പരാതിപെട്ട കാൺട്രാക്റ്റ് ലംഘനത്തിൽനിന്നോ ക്ഷതിയുളവാക്കുന്നതിൽനിന്നോ അല്ലെങ്കിൽ സദൃശമായ തരത്തിലുള്ളതും അതേ കാൺട്രാക്റ്റിൽ നിന്ന് ഉത്ഭവിക്കുന്നതോ അതേ വസ്തുവോ അവകാശമോ സംബന്ധിച്ചുള്ളതോ ആയതുമായ ഏതെങ്കിലും കാൺട്രാക്റ്റ് ലംഘനത്തിൽനിന്നോ ക്ഷതി ഉളവാക്കുന്നതിൽ നിന്നോ പ്രതിയെ തടയുന്നതിന് കോടതിയോട് ഒരു താൽക്കാലിക ഇൻജംങ്ഷന് അപേക്ഷിക്കാവുന്നതാണ്.

(2) കോടതിക്ക്, അങ്ങനെയുള്ള ഇൻജംങ്ഷൻ, ഇൻജംങ്ഷൻെറ കാലാവധിയോ, കണക്കുവെച്ചുപോരുന്നതോ, ജാമ്യം നല്കുന്നതോ സംബന്ധിച്ചുള്ളതോ, മററു വിധത്തിലുള്ളതോ ആയ യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേൽ ഉത്തരവുവഴി നല്കാവുന്നതാണ്.

2ക. അനുസരിക്കാതിരിക്കലിൻേറയോ ഇൻജംങ്ഷൻ ലംഘനത്തിൻേറയോ അനന്തര ഫലം .— (1) 1-ാം ചട്ടത്തിനോ 2-ാം ചട്ടത്തിനോ കീഴിൽ നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഇൻജംങ്ഷനോ പുറപ്പെടുവിച്ചിട്ടുള്ള മററു ഉത്തരവോ അനുസരിക്കാതിരിക്കുന്ന സംഗതിയിലോ, അല്ലെങ്കിൽ ഏത് നിബന്ധനകളിൽ മേലാണോ ഇൻജംങ്ഷൻ നല്കുകയോ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്തത് ആ നിബന്ധനകളിൽ ഏതിൻേറയെങ്കിലും ലംഘനത്തിൻെറ സംഗതിയിലോ ഇൻജംങ്ഷനു നല്കുകയോ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യുന്ന കോടതിക്കോ, അല്ലെങ്കിൽ ഏതു കോടതിയിലേക്കാണോ ആ വ്യവഹാരമോ നടപടിയോ മാററിയിട്ടുള്ളത്, ആ കോടതിക്കോ, അങ്ങനെയുള്ള അനുസരിക്കാതിരിക്കലിനോ ലംഘനത്തിനോ അപരാധി ആയ ആളുടെ വസ്തു ജപ്തി ചെയ്യാൻ ഉത്തരവു ചെയ്യാവുന്നതും, അങ്ങനെയുള്ള ആളെ മൂന്നു മാസത്തിൽ കവിയാത്ത കാലത്തേയ്ക്ക്, അതിനിടയിൽ കോടതി, അയാളുടെ മോചനം നിദേശിക്കാത്തപക്ഷം, സിവിൽ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കാൻ ഉത്തരവു ചെയ്യുകയും കൂടി ചെയ്യാവുന്നതുമാണ്.

(2) ഈ ചട്ടത്തിൻകീഴിൽ ചെയ്യുന്ന യാതൊരു ജപ്തിയും, ഒരു വർഷത്തിലധികം പ്രാബല്യത്തിലിരിക്കുന്നതല്ലാത്തതും, ആ സമയം അവസാനിക്കുന്നതോടെ, അനുസരിക്കാതിരിക്കലോ ലംഘനമോ തുടരുന്നുവെങ്കിൽ ജപ്തി ചെയ്യപ്പെട്ട വസ്തു വില്ക്കപ്പെടാവുന്നതും, വിററു കിട്ടിയതിൽ നിന്നു കോടതിക്ക് യുക്തമെന്നു തോന്നുന്ന നഷ്ടപരിഹാരം ക്ഷതിയുളവാക്കപ്പെട്ട കക്ഷിക്കു അവാർഡ്ചെയ്യാവുന്നതും, ബാക്കി വല്ലതുമുണ്ടെങ്കിൽ, അതു കോടതി അവകാശമുള്ള കക്ഷിക്ക് കൊടുക്കേണ്ടതുമാകുന്നു.

3. ഇൻജംങ്ഷൻ നല്കുന്നതിനു മുൻപ് കോടതി എതിർകക്ഷിക്ക് നോട്ടീസ് നിദേശിക്കണമെന്ന് .— കാലതാമസം, ഇൻജംങ്ഷൻ നല്കുന്നതിൻെറ ലക്ഷ്യം പരാജപ്പെടുത്തുമെന്നു തോന്നുന്നിടത്തൊഴികെ, എല്ലാ സംഗതികളിലും, കോടതി ഇൻജംങ്ഷൻ നല്കുന്നതിനുമുമ്പ്, അതിനുള്ള അപേക്ഷയെക്കുറിച്ച് എതിർകക്ഷിക്ക് നോട്ടീസ് നല്കാൻ നിദേശിക്കേണ്ടതാകുന്നു;

എന്നാൽ, എതിർകക്ഷിക്ക് അപേക്ഷയെക്കുറിച്ച് നോട്ടീസ് നല്കാതെ ഒരു ഇൻജംങ്ഷൻ നല്കാൻ ഉദ്ദേശിക്കുന്നിടത്തു, കോടതി, കാലതാമസം ഇൻജംങ്ഷൻ നല്കുന്നതിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുമെന്ന അതിന്റെ അഭിപ്രായത്തിനുള്ള കാരണങ്ങൾ റിക്കാർഡാക്കുകയും, അപേക്ഷകനോട്—

(ക) ഇൻജംങ്ഷൻ നല്കുന്ന ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം ഉടൻതന്നെ ഇൻജംങ്ഷനുള്ള അപേക്ഷയുടെ ഒരു പകർപ്പ്—

(i) അപേക്ഷയ്ക്കു താങ്ങായി ഫയൽചെയ്യപ്പെടുന്ന ഒരു സത്യവാങ്മൂലത്തിന്റെ ഒരു പകർപ്പും ;

(ii) അന്യായത്തിന്റെ ഒരു പകർപ്പും ;

(iii) അപേക്ഷകൻ ആശ്രയിക്കുന്ന രേഖകളുടെ പകർപ്പുകളും ;

സഹിതം എതിർകക്ഷിക്ക് നല്കുകയോ, അയാൾക്കു രജിസ്ററർ പോസ്ററ്വഴി അയച്ചുകൊടുക്കുകയോ ചെയ്യാനും ;

(ഖ) മുൻപറഞ്ഞ പകർപ്പുകൾ അപ്രകാരം നല്കുകയോ അയച്ചുകൊടുക്കുകയോ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുന്ന ഒരു സത്യാവങ്മൂലം അങ്ങനെയുള്ള ഇൻജംങ്ഷൻ നല്കുന്ന ദിവസമോ അതിന്റെ തൊട്ടുപിറേ ദിവസമോ ഫയൽ ചെയ്യാനും ;

ആവശ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

3ക. കോടതി ഇൻജംങ്ഷനുള്ള അപേക്ഷ മുപ്പതുദിവസത്തിനുള്ളിൽ തീർച്ച ചെയ്യണമെന്ന്.— എതിർകക്ഷിക്ക് നോട്ടീസ് നല്കാതെ ഒരു ഇൻജംങ്ഷൻ നല്കിയിട്ടുള്ളിടത്തു കോടതി ഇൻജംങഷൻ നല്കപ്പെട്ട തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ അപേക്ഷ അന്തിമമായി തീർച്ച ചെയ്യാൻ യത്നിക്കേണ്ടതും, അപ്രകാരം ചെയ്യാൻ കഴിയാതിരിക്കുന്നിടത്തു അങ്ങനെ കഴിയാതിരിക്കുന്നതിനു കോടതിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതും ആകുന്നു.

4. ഇൻജംങ്ഷനുള്ള ഉത്തരവ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാമെന്ന് .— കോടതിക്ക്, ഇൻജംങ്ഷനുള്ള ഏതെങ്കിലും ഉത്തരവ്, അങ്ങനെയുള്ള ഉത്തരവിൽ അതൃപ്തനായ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

എന്നാൽ, താത്ക്കാലിക ഇൻജംങ്ഷനുള്ള ഒരു അപേക്ഷയിലോ, അങ്ങനെയുള്ള അപേക്ഷയ്ക്കു താങ്ങായുള്ള ഏതെങ്കിലും സത്യവാങ്മൂലത്തിലോ, ഒരു കക്ഷി ബോധപൂർവ്വം സാരവത്തായ ഒരു വിവരം സംബന്ധിച്ച് വ്യാജമായതോ വഴിതെററിക്കുന്നതോ ആയ ഒരു പ്രസ്താവന ചെയ്തിട്ടുണ്ടായിരിക്കുകയും, ഇൻജംങ്ഷൻ എതിർകക്ഷിക്ക് നോട്ടീസ് നല്കാതെ നല്കിയിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഇൻജംങ്ഷൻ ശൂന്യമാക്കുന്നത് നീതിയുടെ താൽപ്പര്യങ്ങൾക്ക് ആവശ്യമില്ലെന്നു റിക്കാർഡാക്കേണ്ട കാരണങ്ങളാൽ കരുതാത്തപക്ഷം, കോടതി അപ്രകാരം ശൂന്യമാക്കേണ്ടതാകുന്നു.

എന്നുമാത്രമല്ല, ഇൻജംങ്ഷനിനുള്ള ഒരു ഉത്തരവ് പറയാനുള്ളത് പറയാൻ ഒരു കക്ഷിക്ക് അവസരം നല്കിയതിനുശേഷം പാസ്സാക്കിയിട്ടുള്ളിടത്ത്, ആ ഉത്തരവ്, അതു റദ്ദാക്കുന്നതോ, വ്യത്യാസപ്പെടുത്തുന്നതോ ദുർബ്ബലപ്പെടുത്തുന്നതോ പരിതഃസ്ഥിതികളിലെ ഒരു മാററം ആവശ്യമാക്കുന്നിടത്തൊഴികെയോ, അല്ലെങ്കിൽ അത് കക്ഷിക്ക് അധികമായ കഷ്ടത ഉണ്ടാക്കിയിട്ടുണ്ടെന്നു കോടതിക്ക്ബോദ്ധ്യപ്പെടാത്തപക്ഷമോ, ആ കക്ഷിയുടെ അപേക്ഷയിൻമേൽ ഉത്തരവ് അങ്ങനെ റദ്ദാക്കുകയോ, വ്യത്യാസപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

5. ഏകാംഗയോഗത്തിനുള്ള ഇൻജംങ്ഷൻ അതിന്റെ ഉദ്യോഗസ്ഥൻമാരെ ബന്ധിക്കുന്നതാണെന്ന് .— ഒരു ഏകാംഗയോഗത്തിനു നേരേയുള്ള ഒരു ഇൻജംങ്ഷൻ ഏകാംഗയോഗത്തെ തന്നെ മാത്രമല്ല, ഏകാംഗയോഗത്തിലെ ഏതു അംഗങ്ങളുടേയും ഉദ്യോഗസ്ഥൻമാരുടേയും വ്യക്തിപരമായ പ്രവർത്തനത്തെ തടയാനാണോ അതു തേടുന്നത്, അങ്ങനെയുള്ള എല്ലാ അംഗങ്ങളേയും ഉദ്യോഗസ്ഥൻമാരേയും കൂടി ബന്ധിക്കുന്നതാകുന്നു.

## അന്തർവർത്തിയായ ഉത്തരവുകൾ

6. ഇടക്കാലവില്പന ഉത്തരവ് ചെയ്യാനുള്ള അധികാരം .— കോടതിക്ക്, ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള വ്യവഹാരത്തിലെ വിഷയകമായിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള വ്യവഹാരത്തിൽ വിധിന്യായത്തിനു മുമ്പ് ജപ്തി ചെയ്യപ്പെട്ടിരിക്കുകയോ ചെയ്യുന്നതും, വേഗത്തിലും സ്വഭാവികമായും പ്രകൃതിസിദ്ധമായും ഉള്ള നാശത്തിനു വിധേയമായിരിക്കുകയോ, അല്ലെങ്കിൽ ന്യായമായതോ മതിയായതോ ആയ മറ്റേതെങ്കിലും കാരണത്താൽ ഉടനെ വില്ക്കപ്പെടുന്നത് അഭിലഷണീയമായിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും ജംഗമവസ്തുവിന്റെ ഉത്തരവിൽ പേർ പറയുന്ന ഏതെങ്കിലും ആളാലും യുക്തമെന്നു തോന്നുന്ന രീതിയിലും നിബന്ധനകളിൻമേലും ഉള്ള വില്പന ഉത്തരവുചെയ്യാവുന്നതാണ്.

7. വ്യവഹാരത്തിലെ വിഷയവസ്തുവിന്റെ തടഞ്ഞുവയ്ക്കൽ സംരക്ഷണം പരിശോധന മുതലായവ .— കോടതിക്ക്, ഒരു വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലും, യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേലും:—

(ക) അങ്ങനെയുള്ള വ്യവഹാരത്തിലെ വിഷയകമായതോ, അല്ലെങ്കിൽ അതിൽ ഏതു സംബന്ധിച്ചാണോ ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കാവുന്നത്, അങ്ങനെയുള്ളതോ ആയ ഏതെങ്കിലും വസ്തുവിന്റെ തടഞ്ഞുവയ്ക്കലിനോ സംരക്ഷണത്തിനോ പരിശോധനയ്ക്കോ ഉള്ള ഒരുത്തരവു പുറപ്പെടുവിക്കുകയും ;

(ഖ) മുൻപറഞ്ഞ എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ ആയി, അങ്ങനെയുള്ള വ്യവഹാരത്തിലെ മറ്റേതെങ്കിലും കക്ഷിയുടെ കൈവശത്തിലുള്ള ഏതെങ്കിലും ഭൂമിയിലോ, കെട്ടിടത്തിലോ പ്രവേശിക്കാൻ ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്തുകയും ;

(ഗ) മുൻപറഞ്ഞ എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ ആയി പൂർണ്ണമായ വിവരമോ തെളിവോ ലഭിക്കുന്നതിനുവേണ്ടി ആവശ്യകമോ സമീചീനമോ ആയി തോന്നുന്ന ഏതെങ്കിലും സാമ്പിളുകൾ എടുക്കുകയോ, നിരീക്ഷണം ചെയ്യുകയോ പരീക്ഷണം നടത്തുകയോ ചെയ്യാൻ പ്രാധികാരപ്പെടുത്തുകയും,

ചെയ്യാവുന്നതാണ്.

(2) പ്രോസസ്സ് നടത്തൽ സംബന്ധിച്ചുള്ള വ്യവസ്ഥകൾ, ഈ ചട്ടത്തിൻകീഴിൽ പ്രവേശിക്കുവാൻ പ്രാധികാരപ്പെടുത്തപ്പെടുന്ന ആളുകൾക്ക് ആവശ്യകമായ ഭേദഗതികളോടുകൂടി, ബാധകമായിരിക്കുന്നതാണ്.

8. അങ്ങനെയുള്ള ഉത്തരവുകൾക്കുള്ള അപേക്ഷ നോട്ടീസിനുശേഷമായിരിക്കണമെന്ന്.—(1) 6-ാം ചട്ടത്തിനോ 7-ാം ചട്ടത്തിനോ കീഴിലെ ഉത്തരവിനുള്ള വാദിയാലുള്ള അപേക്ഷ, വ്യവഹാരം ആരംഭിച്ചതിനുശേഷം ഏതു സമയത്തും കൊടുക്കാവുന്നതാണ്.

(2) സദൃശ ഉത്തരവിനുള്ള പ്രതിയാലുള്ള ഒരു അപേക്ഷ ഹാജരാകലിനുശേഷം ഏതു സമയത്തും കൊടുക്കാവുന്നതാണ്.

(3) 6-ാം ചട്ടത്തിനോ 7-ാം ചട്ടത്തിനോ കീഴിൽ ആ ആവശ്യത്തിന് കൊടുക്കുന്ന അപേക്ഷയിന്മേൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ്, കാലതാമസം അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ ലക്ഷ്യം പരാജയപ്പെടുത്തുമെന്ന് തോന്നുന്നിടത്തൊഴികെ, കോടതി അതു സംബന്ധിച്ച് എതിർ കക്ഷിക്ക് നോട്ടീസ് കൊടുക്കാൻ നിദേശിക്കേണ്ടതാകുന്നു.

9. കക്ഷിക്ക് എപ്പോഴും വ്യവഹാരത്തിലെ വിഷയകമായ ഭൂമി ഉടൻ കൈവശം കൊടുക്കാമെന്ന്.— ഗവൺമെന്റിലേയ്ക്ക് നികുതി കൊടുക്കുന്ന ഭൂമിയോ, വില്പനയ്ക്ക് വിധേയമായ ഒരു നടപ്പവകാശമോ ഒരു വ്യവഹാരത്തിലെ വിഷയകം ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഭൂമിയോ നടപ്പവകാശമോ കൈവശമുള്ള കക്ഷി, അതതു സംഗതിപോലെ, ഗവൺമെന്റ് നികുതിയോ അല്ലെങ്കിൽ നടപ്പവകാശത്തിന്റെ ഉടമസ്ഥന് കൊടുക്കാനുള്ള പാട്ടമോ കൊടുക്കാൻ ഉപേക്ഷവരുത്തുകയും, തൽഫലമായി അങ്ങനെയുള്ള ഭൂമിയോ നടപ്പവകാശമോ വില്ക്കാൻ ഉത്തരവ് ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ഭൂമിയിലോ നടപ്പവകാശത്തിലോ, ഒരു അവകാശമുള്ളതായി അവകാശപ്പെടുന്ന മറേറതെങ്കിലും വ്യവഹാരകക്ഷിക്ക്, വിൽപ്പനയ്ക്ക് മുമ്പായി കൊടുക്കാനുള്ള നികുതിയോ പാട്ടമോ (കോടതിയുടെ സ്വവിവേകാനുസൃതം ജാമ്യത്തോടുകൂടിയോ അല്ലാതെയോ) കൊടുക്കുന്നതിൻമേൽ, ഭൂമിയോ നടപ്പവകാശമോ ഉടൻ കൈവശം കൊടുക്കാവുന്നതും;

കോടതിക്ക് അതിന്റെ വിധിയിൽ, വീഴ്ചവരുത്തിയവന് എതിരായി, അപ്രകാരം കൊടുത്ത തുക, കോടതിക്ക് യുക്തമെന്നു തോന്നുന്ന നിരക്കിലുള്ള പലിശ സഹിതം അവാർഡ് ചെയ്യുകയോ, അല്ലെങ്കിൽ ആ വ്യവഹാരത്തിൽ പാസ്സാക്കുന്ന വിധിയിൽ നിദേശിക്കുന്ന ഏതെങ്കിലും കണക്കുകളുടെ പൊരുത്തപ്പെടലിൽ അപ്രകാരം കൊടുത്ത തുക, അതിൻമേൽ കോടതി ഉത്തരവ് ചെയ്യുന്ന നിരക്കിലുള്ള പലിശ സഹിതം ചാർജ്ജാക്കുകയോ ചെയ്യാവുന്നതും;

ആകുന്നു.

10. കോടതിയിൽ പണം നിക്ഷേപിക്കൽ മുതലായത്.— ഒരു വ്യവഹാരത്തിലെ വിഷയകം പണമോ അല്ലെങ്കിൽ ഡെലിവർ ചെയ്യാൻ കഴിയുന്ന മററു വല്ല സാധനമോ ആയിരിക്കുകയും, അതിലെ ഏതെങ്കിലും കക്ഷി, അങ്ങനെയുള്ള പണമോ മററു സാധനമോ താൻ ധാരണം ചെയ്യുന്നത് മറെറാരാളക്കുള്ള ട്രസ്ററി എന്ന നിലയിലാണെന്നോ, അല്ലെങ്കിൽ അതു മറെറാരു കക്ഷിയുടെ വകയോ മറെറാരു കക്ഷിക്ക് കൊടുക്കാനുള്ളതോ ആണെന്നോ സമ്മതിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, കോടതിയുടെ കൂടുതൽ നിദേശത്തിന് വിധേയമായി കോടതിയിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ ജാമ്യത്തോട് കൂടിയോ കൂടാതേയോ അങ്ങനെ ഒടുവിൽ പേർപറഞ്ഞ കക്ഷിക്ക് ഡെലിവർ ചെയ്യുകയോ ചെയ്യാൻ ഉത്തരവു ചെയ്യാവുന്നതാണ്.

## ആർഡർ XL

## റിസീവർമാരുടെ നിയമനം

1. റിസീവർമാരുടെ നിയമനം.— (1) ന്യായവും സൗകര്യപ്രദവുമാണെന്നു തോന്നുന്നിടത്ത്, കോടതിക്ക് ഉത്തരവുവഴി—

(ക) ഏതെങ്കിലും വസ്തുവിന്, വിധിക്കു മുമ്പോ പിൻപോ ആയാലും, ഒരു റിസീവറെ നിയമിക്കുകയും;

(ഖ) ഏതെങ്കിലും ആളെ വസ്തുവിന്റെ കൈവശത്തിൽനിന്നോ കസ്ററഡിയിൽനിന്നോ നീക്കം ചെയ്യുകയും;

(ഗ) അതു റിസീവറുടെ കൈവശത്തിലേക്കോ കസ്റ്റഡിയിലേക്കോ മാനേജ്മെൻറിലേക്കോ കമ്മിററ് ചെയ്യുകയും ;

(ഘ) വ്യവഹാരങ്ങൾ കൊണ്ടുവരികയും പ്രതിവാദം ചെയ്യുകയും ചെയ്യുന്നതു സംബന്ധിച്ച് വസ്തുവിൻെറ കൈവശം കൊണ്ടുവരലിനും മാനേജ്മെൻറിനും രക്ഷണത്തിനും സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും, അതിൻെറ വാടകകളും (പാട്ടങ്ങളും) ലാഭങ്ങളും പിരിക്കലിനും, അങ്ങനെയുള്ള വാടകകളുടേയും (പാട്ടങ്ങളുടേയും) ലാഭങ്ങളുടേയും വിനിയോഗത്തിനും വ്യയനത്തിനും രേഖകളുടെ ഒപ്പിട്ടു പൂർത്തീകരണത്തിനും, ഒരു ഉടമസ്ഥനുള്ള എല്ലാ അധികാരങ്ങളുമോ അല്ലെങ്കിൽ അവയിൽ കോടതിക്ക് യുക്തമെന്നു തോന്നുന്ന അധികാരങ്ങളോ റിസീവർക്ക് നൽകുകയും,

ചെയ്യാവുന്നതാണ്.

(2) ഈ ചട്ടത്തിലെ യാതൊന്നും വസ്തുവിൻെറ കൈവശത്തിൽ നിന്നോ കസ്ററഡിയിൽ നിന്നോ നീക്കംചെയ്യാൻ വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിക്ക് ആ സമയത്ത് ഒരു അവകാശമില്ലാത്ത ഏതെങ്കിലും ആളെ നീക്കം ചെയ്യാൻ കോടതിയെ പ്രാധികാരപ്പെടുത്തുന്നതല്ല.

2. വേതനം.— കോടതിക്ക് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി റിസീവറുടെ സേവനങ്ങൾക്ക് വേതനമായി കൊടുക്കേണ്ട തുക നിജപ്പെടുത്താവുന്നതാണ്.

3. കർത്തവ്യങ്ങൾ.— അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരു റിസീവറും—

(ക) വസ്തു സംബന്ധിച്ച് തനിക്ക് കിട്ടുന്നതിന് മുറപ്രകാരം കണക്ക് ബോധിപ്പിക്കുന്നതിന് യുക്തമെന്നു കോടതിക്ക് തോന്നുന്ന ജാമ്യം (വല്ലതുമുണ്ടെങ്കിൽ) നൽകുകയും ;

(ഖ) തൻെറ കണക്കുകൾ കോടതി നിദേശിക്കുന്ന കാലാവധികളിലും ഫാറത്തിലും സമർപ്പിക്കുകയും ;

(ഗ) താൻ കൊടുക്കാനുള്ള തുക കോടതി നിർദേശിക്കുന്നതുപോലെ കൊടുക്കുകയും ;

(ഘ) തൻെറ മനഃപൂർവ്വമായ വീഴ്ചയോ ഗുരുതരമായ ഉപേക്ഷയോ മൂലം വസ്തുവിന് സംഭവിച്ചിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന് ഉത്തരവാദി ആയിരിക്കുകയും ;

ചെയ്യേണ്ടതാകുന്നു.

4. റിസീവറുടെ കർത്തവ്യങ്ങൾ പ്രാവർത്തികമാക്കൽ.— ഒരു റിസീവർ—

(ക) കോടതി നിദേശിക്കുന്ന കാലാവധികളിലും ഫാറത്തിലും തൻെറ കണക്കുകൾ സമർപ്പിക്കാതിരിക്കുകയോ ;

(ഖ) കോടതി നിദേശിക്കുന്നതുപോലെ താൻ കൊടുക്കാനുള്ള തുക കൊടുക്കാതിരിക്കുകയോ ;

(ഗ) അയാളുടെ മനഃപൂർവ്വമായ വീഴ്ചയോ ഗുരുതരമായ ഉപേക്ഷയോ മൂലം വസ്തുവിന് നഷ്ടം സംഭവിപ്പിക്കുകയോ,

ചെയ്യുന്നിടത്ത്, കോടതിക്ക്, അയാളുടെ വസ്തു ജപ്തി ചെയ്യാൻ നിദേശിക്കാവുന്നതും, അങ്ങനെയുള്ള വസ്തു വില്ക്കാവുന്നതും, വിററു കിട്ടുന്നത് അയാളിൽ നിന്ന് കിട്ടാനുള്ളതായി കാണുന്ന ഏതെങ്കിലും തുകയോ അയാൾ സംഭവിപ്പിച്ചിട്ടുള്ള ഏതെങ്കിലും നഷ്ടമോ നികത്താൻ ഉപയോഗിക്കാവുന്നതും, ബാക്കി (വല്ലതും ഉണ്ടെങ്കിൽ) കോടതി റിസീവർക്ക് കൊടുക്കേണ്ടതും ആകുന്നു.

5. കലക്ടററെ റിസീവറായി നിയമിക്കാവുന്നത് എപ്പോഴെന്ന്.—വസ്തു ഗവൺമെൻറിലേക്ക് നികുതി കൊടുക്കുന്നതായ ഭൂമിയോ, ഏതു ഭൂമിയുടേ യാഃണോ നികുതി തീറുകൊടുക്കുകയോ നികുതി ബാദ്ധ്യത വിടുത്തുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഭൂമിയോ ആയിരിക്കുകയും കലക്ടററുടെ മാനേജ്മെൻറ് ബന്ധപ്പെട്ട ആളുകളുടെ താത്പര്യങ്ങൾ പ്രുലർത്തുമെന്ന് കോടതി കരുതുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, കലക്ടററെ അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടി റിസീവറായി നിയമിക്കാവുന്നതാണ്.

## ആർഡർ XLI

# ആദ്യ വിധികളിൽ നിന്നുള്ള അപ്പീലുകൾ

1. അപ്പീലിൻെറ രൂപം—മെമ്മോറാണ്ടത്തോടൊപ്പം ഉണ്ടായിരിക്കേണ്ടത് എന്തെന്ന്.—(1) ഏതൊരു അപ്പീലും അപ്പീൽവാദിയോ അയാളുടെ പ്ലീഡറോ ഒപ്പിട്ടതും കോടതിക്കോ, കോടതി ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ബോധിപ്പിക്കുന്നതും ആയ ഒരു മെമ്മോറാണ്ടത്തിൻെറ രൂപത്തിൽ കൊടുക്കേണ്ടതാകുന്നു. മെമ്മോറാണ്ടത്തോടൊപ്പം ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിയുടെയും അതിൻെറ അടിസ്ഥാനമായ വിധിന്യായത്തിൻെറയും (അപ്പീൽ കോടതി അതു വേണ്ടെന്നു വയ്ക്കാത്തപക്ഷം) പകർപ്പ് ഉണ്ടായിരിക്കേണ്ടതാകുന്നു :

എന്നാൽ, രണ്ടോ അതിലധികമോ വ്യവഹാരങ്ങൾ ഒരുമിച്ച് വിചാരണ ചെയ്തിരിക്കുകയും അവയ്ക്ക് ഒരു പൊതു വിധിന്യായം പ്രസ്താവിച്ചിരിക്കുകയും, ആ വിധിന്യായത്തിൽപ്പെടുന്ന ഏതെങ്കിലും വിധിക്കെതിരായി രണ്ടോ അതിലധികമോ അപ്പീലുകൾ, അവ ഒരേ അപ്പീൽ വാദിയാലോ വ്യത്യസ്ത അപ്പീൽ വാദികളാലോ ആയാലും, ഫയൽ ചെയ്യുകയും ചെയ്യുന്നിടത്ത്, അപ്പീൽ കോടതിക്ക്, വിധിന്യായത്തിൻെറ ഒന്നിലധികം പകർപ്പുകൾ ഫയൽ ചെയ്യുന്നത് വേണ്ടെന്നു വയ്ക്കാവുന്നതാണ്.

(2) മെമ്മോറാണ്ടത്തിലെ ഉള്ളടക്കം.—മെമ്മോറാണ്ടം, ഏതുവിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിക്കുള്ള ആക്ഷേപകാരണങ്ങൾ, ഏതെങ്കിലും വാദമോ വിവരണമോ കൂടാതെ സംക്ഷിപ്തമായും വ്യതിരിക്തശീർഷകങ്ങൾക്കു കീഴിലും പ്രതിപാദിക്കേണ്ടതും, അങ്ങനെയുള്ള കാരണങ്ങൾ തുടർച്ചയായി നമ്പർ ചെയ്യേണ്ടതുമാകുന്നു.

(3) അപ്പീൽ പണം കൊടുക്കുന്നതിനുള്ള ഒരു വിധിക്കെതിരായതായിരിക്കുന്നിടത്ത് വിധിനടത്തിപ്പിൽ അപ്പീൽവാദി അപ്പീൽകോടതി അനുവദിക്കുന്ന സമയത്തിനുള്ളിൽ, അപ്പീലിൽ തർക്കത്തിലുള്ള തുക ഡെപ്പാസിററ് ചെയ്യുകയോ, അല്ലെങ്കിൽ അതു സംബന്ധിച്ച്, കോടതിക്ക് യുക്തമെന്നു തോന്നുന്ന ജാമ്യം നല്കുകയോ ചെയ്യേണ്ടതാകുന്നു.

2. അപ്പീലിൽ ഉന്നയിക്കാവുന്ന കാരണങ്ങൾ.— കോടതിയുടെ അനുമതിയോടുകൂടിയൊഴികെ, അപ്പീൽ മെമ്മോറാണ്ടത്തിൽ പ്രതിപാദിക്കാത്ത ഏതെങ്കിലും ആക്ഷേപകാരണം അപ്പീൽവാദി ഉന്നയിക്കുകയോ, അതിന് താങ്ങായി അപ്പീൽ വാദിക്ക് പറയുവാനുള്ളത് കേൾക്കുകയോ ചെയ്യാൻ പാടില്ലാത്തതും, എന്നാൽ അപ്പീൽ തീരുമാനിക്കുന്നതിൽ അപ്പീൽ കോടതിയെ, അപ്പീൽ മെമ്മോറാണ്ടത്തിൽ പ്രതിപാദിക്കുന്നതോ ഈ ചട്ടത്തിൻ കീഴിൽ കോടതിയുടെ അനുമതിയോടുകൂടി ഉന്നയിക്കുന്നതോ ആയ ആക്ഷേപ കാരണങ്ങളിൽ ഒതുക്കി നിറുത്തുന്നതല്ലാത്തതും ആകുന്നു :

എന്നാൽ, കോടതി അതിന്റെ തീരുമാനം മറ്റേതെങ്കിലും കാരണത്തിന്മേൽ, അതിൻമേൽ ആ തീരുമാനം ബാധിക്കുന്ന കക്ഷിക്ക് കേസ് തർക്കിക്കാൻ മതിയായ അവസരം ഉണ്ടായിരുന്നിട്ടില്ലാത്തപക്ഷം, അധിഷ്ഠിതമാക്കാൻ പാടുള്ളതല്ല.

3. മെമ്മോറാണ്ടത്തിന്റെ നിരസനമോ ഭേദഗതിയോ —(1) അപ്പീൽ മെമ്മോറാണ്ടം ഇതിൽ ഇതിനു മുമ്പ് നിർണ്ണയിച്ച രീതിയിൽ തയ്യാറാക്കപ്പെടാത്തിടത്ത്, അത് നിരസിക്കുകയോ അല്ലെങ്കിൽ കോടതി നിജപ്പെടുത്തേണ്ട ഒരു സമയത്തിനുള്ളിൽ, ഭേദഗതിചെയ്യാനായി അപ്പീൽ വാദിക്ക് മടക്കുകയോ അല്ലെങ്കിൽ അപ്പോൾ അവിടെവച്ച് ഭേദഗതിചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും മെമ്മോറാണ്ടം നിരസിക്കുന്നിടത്ത്, കോടതി അങ്ങനെയുള്ള നിരസനത്തിനുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

(3) അപ്പീൽ മെമ്മോറാണ്ടം ഭേദഗതി ചെയ്യപ്പെടുന്നിടത്ത്, ജഡ്ജിയോ അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ ഭേദഗതി ഒപ്പിടുകയോ ഇനിഷ്യൽ ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

3ക. കാലതാമസംമാപ്പാക്കാനുള്ള അപേക്ഷ.— (1) അപ്പീൽ, അതിന് വിനിർദ്ദേശിച്ചിട്ടുള്ള കാലഹരണകാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുമ്പോൾ അതോടൊപ്പം അങ്ങനെയുള്ള കാലാവധിക്കുള്ളിൽ അപ്പീൽ കൊടുക്കാതിരുന്നതിന് തനിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്നു കോടതിയെ ബോദ്ധ്യപ്പെടുത്താൻ അപ്പീൽവാദി ആശ്രയിക്കുന്ന വസ്തുതകൾ പ്രതിപാദിക്കുന്ന ഒരു സത്യവാങ്മൂലത്തിന്റേതായുള്ള ഒരു അപേക്ഷ ഉണ്ടായിരിക്കേണ്ടതാകുന്നു.

(2) അപ്പീൽ പ്രതിപേർക്ക് നോട്ടീസ് പുറപ്പെടുവിക്കാതെ അപേക്ഷ നിരസിക്കാൻ കോടതി യാതൊരു കാരണവും കാണുന്നില്ലെങ്കിൽ, അതിനെക്കുറിച്ച് അപ്പീൽ പ്രതിപേർക്ക് നോട്ടീസ് പുറപ്പെടുവിക്കേണ്ടതും ആ വിഷയം, അപ്പീൽ, അതതു സംഗതിപോലെ, 11-ാം ചട്ടത്തിനോ 13-ാം ചട്ടത്തിനോ കീഴിൽ കൈകാര്യം ചെയ്യാൻ നടപടി തുടരുന്നതിനുമുൻപ് കോടതി അന്തിമമായി തീരുമാനിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപചട്ടത്തിൻകീഴിൽ ഒരു അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്, കോടതി 11-ാം ചട്ടത്തിലെ ഹിയറിങ്ങിനുശേഷം അപ്പീൽ കേൾക്കാൻ, അത് തീരുമാനിക്കാത്തിടത്തോളം, ഏത് വിധിക്കെതിരായാണോ അപ്പീൽ ഫയൽ ചെയ്യാൻ നിർദ്ദേശിക്കപ്പെടുന്നത്, ആ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

## നടപടികളും നടത്തലും നിറുത്തിവയ്ക്കുന്നത്

4. പല വാദികളിലോ പ്രതികളിലോ ഒരാൾക്ക്, ഒരു വിധി എല്ലാവർക്കും പൊതുവായുള്ള കാരണത്തിൻമേൽ ഉള്ളതായിരിക്കുന്നിടത്ത്, വിധി, മറിച്ചു വിധിച്ചു കിട്ടാവുന്നതാണെന്ന്.—ഒരു വ്യവഹാരത്തിൽ ഒന്നിലധികം വാദികളോ ഒന്നിലധികം പ്രതികളോ ഉണ്ടായിരിക്കുകയും, ഏതു വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി എല്ലാ വാദികൾക്കും അല്ലെങ്കിൽ എല്ലാ പ്രതികൾക്കും പൊതുവായുള്ള ഏതെങ്കിലും കാരണത്തിൻമേൽ ഉള്ളതായിരിക്കുകയും ചെയ്യുന്നിടത്ത്, വാദികളിലോ പ്രതികളിലോ ഒരാൾക്ക് മുഴുവൻ വിധിയിൽനിന്നു അപ്പീൽ ചെയ്യാവുന്നതും, അതിൻമേൽ അപ്പീൽ കോടതിക്ക്, അതതു സംഗതിപോലെ, എല്ലാ വാദികൾക്കും അല്ലെങ്കിൽ എല്ലാ പ്രതികൾക്കും അനുകൂലമായി വിധി മറിച്ചു വിധിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും ആകുന്നു.

5. (1) അപ്പീൽ കോടതിയാലുള്ള നിറുത്തിവയ്ക്കൽ.—അപ്പീൽ കോടതി ഉത്തരവു ചെയ്യുന്നിടത്തോളമല്ലാതെ, ഒരു അപ്പീൽ, ഏതു വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ആണ് അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിയ്ക്കോ ഉത്തരവിനോ കീഴിലുള്ള നടപടികളുടെ നിറുത്തിവയ്ക്കലായി പ്രവർത്തിക്കുന്നതല്ലാത്തതും, ഒരു വിധിയുടെ നടത്തൽ, ആ വിധിയിൽനിന്ന് അപ്പീൽ കൊടുത്തിട്ടുണ്ടെന്ന കാരണത്താൽ മാത്രം, നിറുത്തിവയ്ക്കപ്പെടുന്നതല്ലാത്തതും; എന്നാൽ അപ്പീൽ കോടതിക്ക് മതിയായ കാരണത്തിൻമേൽ അങ്ങനെയുള്ള വിധിയുടെ നിറുത്തിവയ്ക്കൽ ഉത്തരവ് ചെയ്യാവുന്നതും ആകുന്നു.

വിശദീകരണം.—വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാനുള്ള അപ്പീൽ കോടതിയാലുള്ള ഉത്തരവ്, ആദ്യത്തെ കോടതിയെ അങ്ങനെയുള്ള ഉത്തരവ് അറിയിക്കുന്ന തീയതിമുതൽ ഫലപ്രദമായിരിക്കുന്നതും, എന്നാൽ അപ്പീൽ കോടതിയിൽനിന്ന് വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാനുള്ള ഉത്തരവോ, വിപരീതമായ ഏതെങ്കിലും ഉത്തരവോ ലഭിക്കുന്നതുവരെ ആദ്യത്തെ കോടതി തന്റെ നേരിട്ടുള്ള അറിവിനെ അടിസ്ഥാനമാക്കിയതും അപ്പീൽകോടതി വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാനുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതും ആയ, അപ്പീൽവാദി ശപഥത്തിൻമേൽ നല്കുന്ന ഒരു സത്യവാങ്മൂലത്തിൻമേൽ പ്രവർത്തിക്കേണ്ടതുമാകുന്നു.

(2) വിധി പാസ്സാക്കിയ കോടതിയാലുള്ള നിറുത്തിവയ്ക്കൽ.—അപ്പീൽ കൊടുക്കാവുന്ന ഒരു വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാൻ അതിൽ നിന്ന് അപ്പീൽ കൊടുക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള സമയം കഴിയുന്നതിനു മുമ്പ് അപേക്ഷ കൊടുക്കുന്നിടത്ത്, വിധി പാസ്സാക്കിയ കോടതിക്ക് മതിയായ കാരണം കാണിക്കപ്പെടുന്നതിൻമേൽ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

(3) നടത്തൽ നിറുത്തിവയ്ക്കാനുള്ള യാതൊരു ഉത്തരവും, അതു പുറപ്പെടുവിക്കുന്ന കോടതിക്ക്—

(ക) ഉത്തരവു പുറപ്പെടുവിക്കാത്തപക്ഷം, നടത്തൽ നിറുത്തിവയ്ക്കാൻ അപേക്ഷിക്കുന്ന കക്ഷിക്ക്, ഗണ്യമായ നഷ്ടം ഉണ്ടാകുമെന്നും;

(ഖ) അപേക്ഷ ന്യായരഹിതമായ കാലതാമസം കൂടാതെ കൊടുത്തിട്ടുണ്ടെന്നും ;

(ഗ) അന്തിമമായി, തന്നെ ബന്ധിക്കാവുന്ന വിധമുള്ള വിധിയുടേയോ ഉത്തരവിന്റേയോ മുറപ്രകാരമുള്ള നിർവ്വഹണത്തിന് അപേക്ഷകൻ ജാമ്യം നൽകിയിട്ടുണ്ടെന്നും ;

ബോദ്ധ്യപ്പെടാത്തപക്ഷം, (1)-ാം ഉപചട്ടത്തിനോ (2)-ാം ഉപചട്ടത്തിനോ കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) (3)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കോടതിക്ക് അപേക്ഷ കേൾക്കുന്നതുവരെ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാനുള്ള എക്സ്പാർട്ടി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(5) മുൻപറഞ്ഞ ഉപചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പീൽവാദി, 1-ാം ചട്ടം (3)-ാം ഉപചട്ടത്തിൽ വിനിർദ്ദേശിക്കുന്ന ഡെപ്പോസിററ് ചെയ്യുകയോ ജാമ്യം നല്കുകയോ ചെയ്യാതിരിക്കുന്നുവെങ്കിൽ, കോടതി, വിധിയുടെ നടത്തൽ നിറുത്തിവയ്ക്കുന്ന ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

6. ഏതു വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി നടത്താനുള്ള ഉത്തരവിൻെറ സംഗതിയിലെ ജാമ്യം.—(1) ഏതു വിധിയിൽ നിന്നാണോ അപ്പീൽ നിലവിലിരിക്കുന്നത്, അങ്ങനെയുള്ള വിധിയുടെ നടത്തലിന് ഉത്തരവു പുറപ്പെടുവിക്കുന്നിടത്ത്, വിധി പാസ്സാക്കിയ കോടതി, അപ്പീൽ വാദി മതിയായ കാരണം കാണിക്കുന്നതിൻമേൽ, വിധിയുടെ നടത്തലിൽ എടുക്കാവുന്നതോ എടുത്തിട്ടുള്ളതോ ആയ ഏതെങ്കിലും വസ്തു തിരിയെകൊടുക്കുകയോ, അങ്ങനെയുള്ള വസ്തുവിൻെറ മൂല്യം കൊടുക്കുകയോ ചെയ്യുന്നതിനും, അപ്പീൽ കോടതിയുടെ വിധിയുടേയോ ഉത്തരവിൻേറയോ മുറപ്രകാരമുള്ള നിർവ്വഹണത്തിനും ജാമ്യം വാങ്ങാൻ ആവശ്യപ്പെടേണ്ടതോ, അല്ലെങ്കിൽ അപ്പീൽ കോടതിക്ക് സദൃശകാരണത്താൽ അങ്ങനെയുള്ള ജാമ്യം വാങ്ങാൻ വിധി പാസ്സാക്കിയ കോടതിക്ക് നിദേശം നല്കാവുന്നതോ ആകുന്നു.

(2) ഒരു വിധിയുടെ നടത്തലിൽ സ്ഥാവരവസ്തുവിൻെറ വില്പനയ്ക്ക് ഉത്തരവു പുറപ്പെടുവിച്ചിരിക്കുകയും, അങ്ങനെയുള്ള വിധിയിൽനിന്ന് അപ്പീൽ നിലവിലിരിക്കുകയും ചെയ്യുന്നിടത്ത്, വില്പന, ഉത്തരവ് പാസ്സാക്കിയ കോടതിക്കുള്ള വിധിക്കടക്കാരൻെറ അപേക്ഷയിൻമേൽ ജാമ്യം നല്കുന്നതു സംബന്ധിച്ചുള്ളതോ മററു വിധത്തിലുള്ളതോ ആയ, കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ അപ്പീലിൻെറ തീർച്ചവരെ നിറുത്തിവയ്ക്കേണ്ടതാകുന്നു

7. റദ്ദാക്കപ്പെട്ടു.

8. വിധിയുടെ നടത്തലിൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽനിന്നുള്ള അപ്പീലിൽ അധികാരങ്ങളുടെ പ്രയോഗം.—5-ം 6-ം ചട്ടങ്ങൾ നല്കുന്ന അധികാരങ്ങൾ, വിധിയിൽനിന്നല്ലാതെ പ്രത്യുത, അങ്ങനെയുള്ള വിധിയുടെ നടത്തലിൽ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിൽനിന്ന് അപ്പീൽ ബോധിപ്പിക്കുന്നിടത്തോ ബോധിപ്പിച്ചിട്ടുള്ളിടത്തോ പ്രയോഗിക്കാവുന്നതാണ്.

## അപ്പീൽ സ്വീകരിക്കുന്നതിൻമേലുള്ള നടപടിക്രമം

9. (1) അപ്പീൽ മെമ്മോറാണ്ടം രജിസ്ററർ ചെയ്യുന്നത്.—ഒരു അപ്പീൽ മെമ്മോറാണ്ടം സ്വീകരിക്കപ്പെടുന്നിടത്ത്, അപ്പീൽ കോടതിയോ ആ കോടതിയിലെ തക്ക ഉദ്യോഗസ്ഥനോ, അതിൻമേൽ, ബോധിപ്പിച്ച തീയതി എൻഡോഴ്സ് ചെയ്യുകയും അപ്പീൽ അതിലേക്ക് വച്ചുപോരേണ്ട ഒരു ബുക്കിൽ രജിസ്ററർ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2) അപ്പീൽ രജിസ്ററർ.—അങ്ങനെയുള്ള ബുക്കിൽ അപ്പീൽ രജിസ്ററർ എന്നുപേർ പറയപ്പെടുന്നതാകുന്നു.

10. അപ്പീൽ കോടതിക്ക് അപ്പീൽ വാദിയോട് കോടതിച്ചെലവിന് ജാമ്യം നല്കാൻ ആവശ്യപ്പെടാമെന്ന്.—(1) അപ്പീൽ കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച് അപ്പീൽ പ്രതിയോടു ഹാജരാകാനും ഉത്തരംപറയാനും ആവശ്യപ്പെടുന്നതിനുമുമ്പോ, അല്ലെങ്കിൽ അതിനുശേഷം അപ്പീൽ പ്രതിയുടെ അപേക്ഷയിൻമേലോ അപ്പീൽവാദിയിൽനിന്ന് അപ്പീലിൻെറയോ ആദ്യവ്യവഹാരത്തിൻേറയോ, രണ്ടിൻേറയുമോ കോടതിച്ചെലവിന് ജാമ്യം ആവശ്യപ്പെടാവുന്നതാണ് :

അപ്പീൽവാദിയുടെ താമസം ഇൻഡ്യയ്ക്ക് വെളിയിൽ ആയിരിക്കുന്നിടത്ത്.—എന്നാൽ, അപ്പീൽവാദിയുടെ താമസം ഇൻഡ്യയ്ക്കു വെളിയിലായിരിക്കുകയും, ഏത് വസ്തു (വല്ലതുമുണ്ടെങ്കിൽ) സംബന്ധിച്ചുള്ളതാണോ അപ്പീൽ, അത് അല്ലാതെ അയാൾക്ക് ഇൻഡ്യയ്ക്കുള്ളിൽ മതിയായ ഏതെങ്കിലും സ്ഥാവരവസ്തു ഇല്ലായിരിക്കുകയും ചെയ്യുന്ന എല്ലാ സംഗതികളിലും കോടതി അങ്ങനെയുള്ള ജാമ്യം ആവശ്യപ്പെടേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ജാമ്യം കോടതി ഉത്തരവുചെയ്യുന്ന സമയത്തിനുള്ളിൽ നല്കാത്തിടത്ത്, കോടതി അപ്പീൽ നിരസിക്കേണ്ടതാകുന്നു.

11. കീഴ്ക്കോടതിക്ക് നോട്ടീസ് അയയ്ക്കാതെ അപ്പീൽ തള്ളിക്കളയാൻ ഉള്ള അധികാരം.—(1) അപ്പീൽ കോടതിക്ക് റിക്കാർഡ് ആവശ്യപ്പെടുന്നത് യുക്തമാണെന്നു തോന്നുന്നുവെങ്കിൽ, അപ്രകാരം ചെയ്തതിനുശേഷവും, അപ്പീൽ വാദിക്കോ അയാളുടെ പ്ലീഡർക്കോ പറയാനുള്ളത് കേൾക്കാൻ ഒരു ദിവസം നിജപ്പെടുത്തുകയും, ആ ദിവസം അയാൾ ഹാജരാകുന്നുവെങ്കിൽ അതനുസരിച്ച് അയാൾക്ക് പറയാനുള്ളത് കേൾക്കുകയും ചെയ്തതിനു ശേഷവും, ഏത് കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക് നോട്ടീസ് അയയ്ക്കാതേയും അപ്പീൽപ്രതിക്കോ അയാളുടെ പ്ലീഡർക്കോ നോട്ടീസ് നടത്താതേയും അപ്പീൽ തള്ളിക്കളയാവുന്നതാണ്.

(2) നിജപ്പെടുത്തിയ ദിവസമോ, ഹീയറിങ്ങ് നീട്ടിവച്ച മറ്റേതെങ്കിലും ദിവസമോ അപ്പീൽ, ഹിയറിങ്ങിനു വിളിക്കുമ്പോൾ അപ്പീൽവാദി ഹാജരാകുന്നില്ലെങ്കിൽ കോടതിക്ക് അപ്പീൽ തള്ളിക്കളഞ്ഞതായി ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(3) ഒരു അപ്പീലിന്റെ ഈ ചട്ടത്തിൻകീഴിലെ തള്ളിക്കളയൽ ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയെ അറിയിക്കേണ്ടതാകുന്നു.

(4) ഹൈക്കോടതി അല്ലാത്ത, ഒരു അപ്പീൽ കോടതി (1)-ാം ഉപചട്ടത്തിൻ കീഴിൽ ഒരു അപ്പീൽ തള്ളിക്കളയുന്നിടത്ത്, അപ്രകാരം ചെയ്യാൻ അതിനുള്ള കാരണങ്ങൾ സംക്ഷിപ്തമായി റിക്കാർഡ് ചെയ്യുന്ന ഒരു വിധിന്യായം പ്രസ്താവിക്കേണ്ടതും, ആ വിധിന്യായം അനുസരിച്ച് ഒരു വിധി തയ്യാറാക്കപ്പെടേണ്ടതുമാകുന്നു.

11ക. 11-ാം ചട്ടത്തിൻകീഴിൽ കേൾക്കൽ സമാപിക്കേണ്ടത് ഏതു സമയത്തിനുള്ളിലെന്ന്.—ഏതൊരപ്പീലും, 11-ാം ചട്ടത്തിൻകീഴിൽ സാദ്ധ്യമായിടത്തോളം സത്വരമായി കേൾക്കേണ്ടതും അപ്പീൽ മെമ്മോറാണ്ടം ഫയൽ ചെയ്ത തീയതിമുതൽ അറുപതു ദിവസത്തിനുള്ളിൽ അങ്ങനെയുള്ള കേൾക്കൽ സമാപിക്കാൻ യത്നിക്കേണ്ടതും ആകുന്നു.

12. അപ്പീൽ കേൾക്കാനുള്ള ദിവസം.—(1) 11-ാം ചട്ടത്തിൻ കീഴിൽ അപ്പീൽ തള്ളിക്കളയാത്തപക്ഷം, അപ്പീൽക്കോടതി അപ്പീൽ കേൾക്കാൻ ഒരു ദിവസം നിജപ്പെടുത്തേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ദിവസം കോടതിയുടെ നടപ്പിലുള്ള പ്രവൃത്തിയും അപ്പീൽ പ്രതിയുടെ താമസസ്ഥലവും അപ്പീലിനെക്കുറിച്ചുള്ള നോട്ടീസ് നടത്തുന്നതിന് ആവശ്യമായ സമയവും പരിഗണിച്ച് അങ്ങനെയുള്ള ദിവസം ഹാജരാകാനും അപ്പീലിന് ഉത്തരം പറയാനും അപ്പീൽ പ്രതിക്ക് മതിയായ സമയം അനുവദിക്കത്തക്കവണ്ണം, നിജപ്പെടുത്തേണ്ടതാകുന്നു.

13. (1) ഏതു് കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു്, ആ കോടതിക്കു് അപ്പീൽ കോടതി നോട്ടീസ് നൽകണമെന്നു്.—അപ്പീൽ 11-ാം ചട്ടത്തിൻകീഴിൽ തള്ളിക്കളയാത്തിടത്തു്, ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു്, ആ കോടതിക്കു്, അപ്പീൽ കോടതി അപ്പീലിനെക്കുറിച്ചുള്ള നോട്ടീസ് അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) കടലാസ്സുകൾ അപ്പീൽ കോടതിക്കു് അയച്ചുകൊടുക്കുന്നതു്.—അപ്പീൽ, ഏതു് കോടതിയുടെ റിക്കാർഡുകളാണോ അപ്പീൽ കോടതിയിൽ നിക്ഷേപിക്കാത്തതു്, അങ്ങനെയുള്ള ഒരു കോടതിയുടെ വിധിയിൽനിന്നായിരിക്കുന്നിടത്തു്, അങ്ങനെയുള്ള നോട്ടീസ് കിട്ടുന്ന കോടതി വ്യവഹാരത്തിലെ പ്രസക്തമായ എല്ലാ കടലാസുകളും അല്ലെങ്കിൽ അപ്പീൽകോടതി പ്രത്യേകമായി ആവശ്യപ്പെടുന്ന കടലാസുകൾ പ്രായോഗികമായിടത്തോളം വേഗത്തിൽ കൊടുക്കേണ്ടതാകുന്നു.

(3) ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു്, ആ കോടതിയിലെ ലക്ഷ്യരേഖയുടെ പകർപ്പുകൾ.—ഇരുകക്ഷികളിൽ ആർക്കെങ്കിലും, ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു്, ആ കോടതിയോടു് പകർപ്പുകൾ എടുക്കണമെന്നു താൻ ആവശ്യപ്പെടുന്ന ആ കോടതിയിലെ ഏതെങ്കിലും കടലാസുകൾ വിനിർദ്ദേശിച്ചുകൊണ്ടു് ലിഖിതമായി അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള കടലാസുകളുടെ പകർപ്പുകൾ അപേക്ഷകന്റെ ചെലവിൽ എടുക്കുകയും അയാൾക്കു് കൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു.

14. (1) അപ്പീൽ കേൾക്കാനുള്ള ദിവസത്തെക്കുറിച്ചു് നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതും നടത്തുന്നതും.—12-ാം ചട്ടത്തിൻ കീഴിൽ നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ചുള്ള നോട്ടീസ്, അപ്പീൽ കോടതി മന്ദിരത്തിൽ പതിക്കേണ്ടതും, ഒരു സദൃശനോട്ടീസ്, ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു്, ആ കോടതിക്കു് അപ്പീൽ കോടതി അയച്ചുകൊടുക്കേണ്ടതും, അപ്പീൽപ്രതിക്കോ അപ്പീൽ കോടതിയിലെ അയാളുടെ പ്ലീഡർക്കോ, ഒരു പ്രതിക്കു് ഹാജരാകാനും ഉത്തരം പറയാനും ഉള്ള ഒരു സമൺസ് നടത്തുന്നതിനു് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ നടത്തപ്പെടേണ്ടതും; അങ്ങനെയുള്ള സമൺസിനും അതിന്റെ നടത്തൽ സംബന്ധിച്ച നടപടികൾക്കും ബാധകമായ എല്ലാ വ്യവസ്ഥകളും, അങ്ങനെയുള്ള നോട്ടീസിന്റെ നടത്തലിനു് ബാധകമായിരിക്കുന്നതും ആകുന്നു.

(2) അപ്പീൽ കോടതിക്കു് തന്നെ നോട്ടീസ് നടത്തിക്കാമെന്നു്.—ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളതു് ആ കോടതിക്കു് നോട്ടീസ് അയച്ചുകൊടുക്കുന്നതിനുപകരം, അപ്പീൽ കോടതിക്കു് തന്നെ മുൻപറഞ്ഞ വ്യവസ്ഥകൾക്കു കീഴിൽ, അപ്പീൽ പ്രതിക്കോ അയാളുടെ പ്ലീഡർക്കോ നോട്ടീസ് നടത്തിക്കാവുന്നതാണു്.

(3) അപ്പീൽ പ്രതിക്കു നടത്തേണ്ട നോട്ടീസിനോടൊപ്പം അപ്പീൽ മെമ്മോറാണ്ടത്തിന്റെ ഒരു പകർപ്പു് ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) (1)-ാം ഉപചട്ടത്തിൻകീഴിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപ്പീലിനു് ആനുഷംഗികമായ ഏതെങ്കിലും നടപടിയെക്കുറിച്ചു് അപ്പീൽ കോടതിയിൽ ആദ്യമായി കക്ഷി ചേർക്കപ്പെട്ടിട്ടുള്ള ആൾ അല്ലാത്ത ഏതെങ്കിലും അപ്പീൽ പ്രതിക്കു്, അയാൾ ആദ്യത്തെ കോടതിയിൽ ഹാജരാവുകയും നടത്തലിനുള്ള മേൽവിലാസം ഫയൽചെയ്യുകയും ചെയ്തിട്ടില്ലാത്തപക്ഷം, നോട്ടീസ് നടത്തുന്നതു് ആവശ്യമായിരിക്കുന്നതല്ല.

(5) (4)-ാം ഉപചട്ടത്തിലെ യാതൊന്നും അപ്പീലിൽ പരാമർശിച്ച അപ്പീൽ പ്രതിയെ അതു പ്രതിവാദം ചെയ്യുന്നതിൽനിന്നും തടയുന്നതല്ല.

15. നോട്ടീസിന്റെ ഉള്ളടക്കം.—അപ്പീൽ പ്രതിക്കുള്ള നോട്ടീസ് അപ്രകാരം നിജപ്പെടുത്തിയ ദിവസം അയാൾ അപ്പീൽ കോടതിയിൽ ഹാജരാകുന്നില്ലെങ്കിൽ, അപ്പീൽ എക്സ്പാർട്ടി ആയി കേൾക്കുന്നതാണെന്ന് പ്രഖ്യാപിക്കേണ്ടതാകുന്നു.

## ഹീയറിങ്ങിന്റെ നടപടിക്രമം

16. ആരംഭിക്കാനുള്ള അവകാശം.—(1) നിജപ്പെടുത്തിയിട്ടുള്ള ദിവസമോ, അല്ലെങ്കിൽ മററു ഏതു ദിവസത്തേക്കാണോ ഹീയറിങ്ങ് നീട്ടിവയ്ക്കുന്നത്, ആ ദിവസമോ അപ്പീലിന് താങ്ങായി അപ്പീൽവാദിക്ക് പറയാനുള്ളത് കേൾക്കേണ്ടതാകുന്നു.

(2) പിന്നീട് കോടതി, അപ്പൽ അതു ഉടൻതന്നെ തള്ളിക്കളയുന്നില്ലെങ്കിൽ, അപ്പീലിന് എതിരായി അപ്പീൽ പ്രതിക്ക് പറയാനുള്ളത് കേൾക്കേണ്ടതും, അങ്ങനെയുള്ള സംഗതിയിൽ അപ്പീൽ വാദിക്ക് മറുപടി പറയാൻ അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

17. (1) അപ്പീൽവാദിയുടെ വീഴ്ചയ്ക്ക് അപ്പീൽ തള്ളിക്കളയുന്നത്.— നിജപ്പെടുത്തിയിട്ടുള്ള ദിവസമോ, അല്ലെങ്കിൽ മററ് ഏതു ദിവസത്തേക്കാണോ ഹീയറിങ്ങ് നീട്ടിവയ്ക്കുന്നത്, ആ ദിവസമോ അപ്പീൽ ഹീയറിങ്ങിന് വിളിക്കുമ്പോൾ അപ്പീൽ വാദി ഹാജരാകാതിരിക്കുന്നിടത്ത്, കോടതിക്ക് അപ്പീൽ തള്ളിക്കളയപ്പെട്ടിരിക്കുന്നതായി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

വിശദീകരണം:—ഈ ഉപവകുപ്പിലെ യാതൊന്നിന്നും, അപ്പീൽ ഗുണാഗുണങ്ങളിൻമേൽ തള്ളിക്കളയാൻ കോടതിയെ അധികാരപ്പെടുത്തുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതല്ല.

(2) അപ്പീൽ എക്സ്പാർട്ടിയായി കേൾക്കുന്നത്.—അപ്പീൽവാദി ഹാജരാവുകയും, അപ്പീൽ പ്രതി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത് അപ്പീൽ എക്സ്പാർട്ടി ആയി കേൾക്കപ്പെടുന്നതാകുന്നു.

18. അപ്പീൽവാദി ചെലവ് ഡെപ്പോസിററ് ചെയ്യാത്തതിന്റെ അനന്തരഫലമായി നോട്ടീസ് നടത്താത്തിടത്ത്, അപ്പീൽ തള്ളിക്കളയുന്നത്.—നിജപ്പെടുത്തിയിട്ടുള്ള ദിവസമോ, അല്ലെങ്കിൽ മററ് ഏതു് ദിവസത്തേയ്ക്ക് ആണോ ഹീയറിങ്ങ് നീട്ടിവയ്ക്കുന്നത്, ആ ദിവസമോ അപ്പീൽ പ്രതിക്കുള്ള നോട്ടീസ് അത് നടത്തുന്നതിനുള്ള ചെലവ് നേരിടുന്നതിന് വേണ്ട തുക നിജപ്പെടുത്തിയിട്ടുള്ള കാലാവധിക്കുള്ളിൽ അപ്പീൽവാദി ഡെപ്പോസിററ് ചെയ്യാത്തതിന്റെ അനന്തരഫലമായി നടത്തപ്പെട്ടിട്ടില്ലെന്ന് കാണുന്നിടത്തോ അല്ലെങ്കിൽ നോട്ടീസ് നടത്താതെ മടങ്ങുകയും, അപ്പീൽ പ്രതിയ്ക്കുള്ള നോട്ടീസ്, അത് നടത്താനുള്ള ഏതെങ്കിലും കൂടുതൽ ശ്രമത്തിനുള്ള ചെലവ് നേരിടുന്നതിന് വേണ്ട തുക നിജപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പിന്നീടുള്ള കാലാവധിയ്ക്കുള്ളിൽ അപ്പീൽവാദി ഡെപ്പോസിററ് ചെയ്യാത്തതിന്റെ അനന്തരഫലമായി പുറപ്പെടുവിച്ചിട്ടില്ലെന്ന് കാണുകയും ചെയ്യുന്നുവെങ്കിലോ, കോടതിയ്ക്ക് അപ്പീൽ തള്ളിക്കളയപ്പെട്ടിരിക്കുന്നതായി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, അപ്പീൽ പ്രതിക്ക് നോട്ടീസ് നടത്തിയിട്ടില്ലെങ്കിലും, അങ്ങനെയുള്ള ഏതെങ്കിലും ദിവസം, അപ്പീൽ ഹീയറിങ്ങിനു വിളിക്കുമ്പോൾ അപ്പീൽ പ്രതി ഹാജരാകുന്നുവെങ്കിൽ അങ്ങനെയുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

19. വീഴ്ചയ്ക്ക് തള്ളിക്കളഞ്ഞ അപ്പീൽ വീണ്ടും സ്വീകരിക്കുന്നത്.—ഒരു അപ്പീൽ 11-ാം ചട്ടം (2)-ാം ഉപചട്ടത്തിനോ 17-ാം ചട്ടത്തിനോ 18-ാം ചട്ടത്തിനോകീഴിൽ തള്ളിക്കളയപ്പെടുന്നിടത്ത്, അപ്പീൽ വാദിക്ക് അപ്പീൽ, വീണ്ടും സ്വീകരിക്കാൻ അപ്പീൽ കോടതിയോട് അപേക്ഷിക്കാവുന്നതും; അപ്പീൽ ഹീയറിങ്ങിനു വിളിച്ചപ്പോൾ ഹാജരാകുന്നതിൽനിന്നോ, അല്ലെങ്കിൽ അപ്രകാരം ആവശ്യപ്പെട്ട തുക ഡെപ്പോസിററ് ചെയ്യുന്നതിൽനിന്നോ അയാൾ ഏതെങ്കിലും മതിയായ കാരണത്താൽ തടയപ്പെട്ടുഎന്നു തെളിയിക്കപ്പെടുന്നിടത്ത്, കോടതി, കോടതിച്ചെലവ് സംബന്ധിച്ചുള്ളതോ മററുവിധത്തിലുള്ളതോ ആയ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ അപ്പീൽ വീണ്ടും സ്വീകരിക്കേണ്ടതും ആകുന്നു.

20. ഹീയറിങ്ങ് നീട്ടിവയ്ക്കാനും താത്പര്യമുള്ളവരാണെന്ന് തോന്നുന്ന ആളുകളെ അപ്പീൽ പ്രതികൾ ആക്കുന്നതിന് നിദേശിക്കാനുമുള്ള അധികാരം.—(1) ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയിൽ വ്യവഹാരത്തിലെ കക്ഷിയായിരുന്നിരിക്കുകയും, എന്നാൽ അപ്പീലിൽ കക്ഷി ആക്കപ്പെട്ടിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾക്ക്, അപ്പീലിന്റെ ഫലത്തിൽ താത്പര്യമുണ്ടെന്ന് ഹീയറിങ്ങിൽ തോന്നുന്നിടത്ത്, കോടതിക്ക്, അത് നിജപ്പെടുത്തേണ്ട ഒരു ഭാവി ദിവസത്തേക്ക് ഹീയറിങ്ങ് നീട്ടിവയ്ക്കുകയും അങ്ങനെയുള്ള ആളെ അപ്പീൽ പ്രതി ആക്കണമെന്ന് നിദേശിക്കുകയും ചെയ്യാവുന്നതാണ്.

(2) റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, കോടതി, കോടതിച്ചെലവു സംബന്ധിച്ചുള്ള യുക്തമെന്നുതോന്നുന്ന നിബന്ധനകളിൻമേൽ അനുവദിക്കാത്തപക്ഷം അപ്പീലിനുള്ള കാലഹരണകാലാവധി കഴിഞ്ഞതിനുശേഷം, ഈ ചട്ടത്തിൻകീഴിൽ യാതൊരു അപ്പീൽ പ്രതിയും കൂട്ടിച്ചേർക്കപ്പെടാൻ പാടുള്ളതല്ല.

21. ഏതൊരു അപ്പീൽ പ്രതിക്കെതിരായാണോ എക്സ്പാർട്ടി വിധി പാസ്സാക്കിയിട്ടുള്ളത് അങ്ങനെയുള്ള അപ്പീൽ പ്രതിയുടെ അപേക്ഷയിൻമേൽ വീണ്ടും കേൾക്കുന്നത്.—ഒരു അപ്പീൽ എക്സ്പാർട്ടി ആയി കേൾക്കുകയും, അപ്പീൽ പ്രതിക്ക് എതിരായി വിധിന്യായം പ്രസ്താവിക്കുകയും ചെയ്യുന്നിടത്ത് അയാൾക്ക് അപ്പീൽ വീണ്ടും കേൾക്കാൻ അപ്പീൽ കോടതിയോട് അപേക്ഷിക്കാവുന്നതും ; നോട്ടീസ് മുറപ്രകാരം നടത്തിയില്ലെന്നോ, അല്ലെങ്കിൽ അപ്പീൽ ഹീയറിങ്ങിനു വിളിച്ചപ്പോൾ ഹാജരാകുന്നതിൽനിന്ന് മതിയായ കാരണത്താൽ താൻ തടയപ്പെട്ടുവെന്നോ അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, അയാളുടെമേൽ ചുമത്തുന്നത് യുക്തമാണെന്ന് തോന്നുന്ന കോടതിച്ചെലവു സംബന്ധിച്ചുള്ളതോ മററു വിധത്തിലുള്ളതോ ആയ നിബന്ധനകളിൻമേൽ കോടതി അപ്പീൽ വീണ്ടും കേൾക്കേണ്ടതുമാകുന്നു.

22. ഹീയറിംഗിൽ അപ്പീൽ പ്രതിക്ക് അയാൾ വേറിട്ടുള്ള അപ്പീൽ കൊടുത്തിട്ടുണ്ടായിരുന്നാലെന്നപോലെ വിധിക്ക് ആക്ഷേപം ഉന്നയിക്കാമെന്ന്.—(1) ഏതെങ്കിലും അപ്പീൽ പ്രതിക്ക്, അയാൾ വിധിയുടെ യാതൊരു ഭാഗത്തിൽ നിന്നും അപ്പീൽ കൊടുത്തിട്ടില്ലെങ്കിലും വിധിയെ പിൻതാങ്ങുക മാത്രമല്ല, ഏതെങ്കിലും വിവാദ്യ കത്തിൻമേൽ കീഴ്ക്കോടതിയിൽ തനിക്ക് എതിരായുള്ള തീർപ്പ് തനിക്ക് അനുകൂലമായിരിക്കേണ്ടിയിരുന്നുവെന്ന് പ്രസ്താവിക്കുകയും കൂടി ചെയ്യാവുന്നതും, അപ്പീൽ വഴി തനിക്ക് ഉന്നയിക്കാമായിരുന്ന ഏതെങ്കിലും എതിർ ആക്ഷേപം ഉന്നയിക്കുകയും കൂടി ചെയ്യാവുന്നതും, എന്നാൽ അതിന് അയാൾ, അങ്ങനെയുള്ള ആക്ഷേപം അപ്പീൽ ഹീയറിംഗിന് നിജപ്പെടുത്തിയ ദിവസത്തെക്കുറിച്ചുള്ള നോട്ടീസ്, തനിക്കോ തന്റെ

പ്ലീഡർക്കോ നടത്തിയ തീയതി മുതൽ ഒരു മാസത്തിനുള്ളിലോ, അല്ലെങ്കിൽ യുക്തമെന്ന് കാണുന്ന വിധം അപ്പീൽ കോടതി അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ അപ്പീൽ കോടതിയിൽ ഫയൽ ചെയ്തിരിക്കേണ്ടതും ആകുന്നു.

വിശദീകരണം.—ഏത് വിധിക്ക് എതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ വിധിയുടെ അടിസ്ഥാനമായ വിധിന്യായത്തിലെ, കോടതിയുടെ ഒരു തീർപ്പിനാൽ സങ്കടക്കാരനായ അപ്പീൽ പ്രതിക്ക്, ആ തീർപ്പിനെ അടിസ്ഥാനമാക്കിയതായിരിക്കുന്നിടത്തോളം, ആ വിധി സംബന്ധിച്ച് ആ വ്യവഹാരത്തിന്റെ തീരുമാനത്തിന് മതിയായ മറ്റേതെങ്കിലും തീർപ്പിൻമേലുള്ള കോടതിയുടെ തീരുമാനം കാരണമായി, വിധി മുഴുവനുമായോ ഭാഗികമായോ ആ അപ്പീൽ പ്രതിക്ക് അനുകൂലമാണെന്നിരുന്നാലും, ഈ ചട്ടത്തിൻകീഴിൽ എതിർ ആക്ഷേപം ഫയൽ ചെയ്യാവുന്നതാണ്.

(2) ആക്ഷേപത്തിന്റെ രൂപവും അതിന് ബാധകമായ വ്യവസ്ഥകളും.—അങ്ങനെയുള്ള എതിർ ആക്ഷേപം ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിൽ ആയിരിക്കേണ്ടതും, അതിന് 1-ാം ചട്ടത്തിലെ വ്യവസ്ഥകൾ, അവ അപ്പീൽ മെമ്മോറാണ്ടത്തിന്റെ രൂപത്തേയും ഉള്ളടക്കത്തേയും സംബന്ധിക്കുന്നിടത്തോളം ബാധകമായിരിക്കുന്നതും ആകുന്നു.

(3) അപ്പീൽ പ്രതി ആക്ഷേപത്തോടൊപ്പം അതിന്റെ ഒരു പകർപ്പ് കിട്ടിയതിന് അങ്ങനെയുള്ള ആക്ഷേപം ബാധിച്ചേക്കാവുന്ന കക്ഷിയിൽനിന്നോ അയാളുടെ പ്ലീഡറിൽനിന്നോ ഉള്ള ലിഖിതമായ ഒരു കൈപ്പററ് രസീത് ഫയൽ ചെയ്യാത്തപക്ഷം, അപ്പീൽ കോടതി, ആക്ഷേപം ഫയൽ ചെയ്തതിനുശേഷം, ആകുന്നത്ര വേഗത്തിൽ ഒരു പകർപ്പ് അപ്പീൽ പ്രതിയുടെ ചെലവിൽ അങ്ങനെയുള്ള കക്ഷിക്കോ അയാളുടെ പ്ലീഡർക്കോ നടത്തിക്കേണ്ടതാകുന്നു.

(4) ഏതെങ്കിലും അപ്പീൽ പ്രതി, ഈ ചട്ടത്തിൻകീഴിൽ ആക്ഷേപമെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ആദ്യ അപ്പീൽ പിൻവലിക്കുകയോ, വീഴ്ചയ്ക്ക് തള്ളിക്കളയുകയോ ചെയ്യുന്നിടത്ത്, അങ്ങനെ ആണെന്നിരുന്നാലും, മററു കക്ഷികൾക്ക്, കോടതിക്ക് യുക്തമെന്ന് തോന്നുന്ന നോട്ടീസിനുശേഷം, അപ്രകാരം ഫയൽ ചെയ്ത അപേക്ഷ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യാവുന്നതാണ്.

(5) പാപ്പർ അപ്പീലുകൾ സംബന്ധിച്ച വ്യവസ്ഥകൾ, അവ ബാധകമാക്കാവുന്നിടത്തോളം, ഈ ചട്ടത്തിൻകീഴിലെ ആക്ഷേപത്തിന് ബാധകമായിരിക്കുന്നതാണ്.

23. അപ്പീൽ കോടതി കേസ് റിമാൻഡ് ചെയ്യുന്നത്.—ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി വ്യവഹാരം ഒരു പ്രാരംഭികവാദമുഖത്തിൻമേൽ തീർച്ച ചെയ്തിരിക്കുകയും, വിധി അപ്പീലിൽ മറിച്ചു വിധിക്കുകയും ചെയ്യുന്നിടത്ത്, അപ്പീൽ കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഉത്തരവുവഴി കേസ് റിമാൻഡ് ചെയ്യാവുന്നതും, അപ്രകാരം റിമാൻഡ് ചെയ്യുന്ന കേസിൽ, ഏത് വിവാദ്യമോ വിവാദ്യങ്ങളോ ആണ് വിചാരണ ചെയ്യേണ്ടതെന്നു കൂടുതലായി നിദേശിക്കാവുന്നതും, അപ്പീൽ കോടതി അതിന്റെ വിധി ന്യായത്തിന്റെയും ഉത്തരവിന്റെയും ഒരു പകർപ്പ് ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക് വ്യവഹാരം സിവിൽ വ്യവഹാരങ്ങളുടെ രജിസ്ററിലെ അതിന്റെ ആദ്യത്തെ നമ്പരിൽ വീണ്ടും സ്വീകരിക്കാനും, വ്യവഹാരം തീർപ്പാ

ക്കാൻ നടപടി തുടരാനുമുള്ള നിദേശങ്ങളോടുകൂടി, അയച്ചുകൊടുക്കേണ്ടതും; ആദ്യവിചാരണയിൽ, റിക്കാർഡ് ചെയ്ത തെളിവ്, (വല്ലതും ഉണ്ടെങ്കിൽ) ന്യായമായ എല്ലാ അപവാദങ്ങൾക്കും വിധേയമായി, റിമാൻഡിന് ശേഷമുള്ള വിചാരണയിൽ തെളിവായിരിക്കുന്നതും ആകുന്നു.

23 ക. മററു സംഗതികളിലെ റിമാൻഡ്.—ഏതു് കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി, ഒരു പ്രാരംഭികവാദമുഖത്തിൻമേലല്ലാതെ കേസ് തീർച്ച ചെയ്തിരിക്കുകയും, വിധി അപ്പീലിൽ മറിച്ചു വിധിക്കുകയും പുനർവിചാരണ ആവശ്യമാണെന്നു കരുതപ്പെടുകയും ചെയ്യുന്നിടത്ത്, അപ്പീൽ കോടതിക്ക്, അതിന് 23-ാം ചട്ടത്തിൻകീഴിലുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

24. റിക്കാർഡിലുള്ള തെളിവ് മതിയായിരിക്കുന്നിടത്ത്, അപ്പീൽ കോടതിക്ക് കേസ് അന്തിമമായി തീർപ്പാക്കാമെന്ന്.—റിക്കാർഡിലുള്ള തെളിവ് വിധിന്യായം പ്രസ്താവിക്കാൻ അപ്പീൽ കോടതിക്ക് കഴിവുണ്ടാക്കാൻ മതിയായിരിക്കുന്നിടത്ത്, അപ്പീൽ കോടതിക്ക് ആവശ്യമുണ്ടെങ്കിൽ വിവാദ്യകങ്ങൾ വീണ്ടും നിശ്ചയിച്ചതിനുശേഷം, ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയുടെ വിധിന്യായം പൂർണ്ണമായും അപ്പീൽ കോടതിക്കുള്ള കാരണമല്ലാത്ത വല്ല കാരണത്തിൻമേലും ഉള്ളതാണെന്നിരുന്നാലും വ്യവഹാരം അന്തിമമായി തീർപ്പാക്കാവുന്നതാണ്.

25. അപ്പീൽ കോടതിക്ക് വിവാദ്യകങ്ങൾ തയ്യാറാക്കുകയും ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ കോടതിക്ക് അവ വിചാരണക്കായി അയച്ചുകൊടുക്കുകയും ചെയ്യാവുന്നത് എവിടെയെന്ന്.—ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി ഏതെങ്കിലും വിവാദ്യകം തയ്യാറാക്കുകയോ വിചാരണ ചെയ്യുകയോ ചെയ്യാനോ, അല്ലെങ്കിൽ ഗുണാഗുണങ്ങളിൻമേൽ വ്യവഹാരത്തിന്റെ ശരിയായ തീരുമാനത്തിന് ആവശ്യമാണെന്ന് അപ്പീൽ കോടതിക്ക് തോന്നുന്ന ഏതെങ്കിലും വസ്തുതാപ്രശ്നം തീർപ്പാക്കാനോ വിട്ടുപോയിട്ടുള്ളിടത്ത്, അപ്പീൽ കോടതിക്ക് ആവശ്യമുണ്ടെങ്കിൽ വിവാദ്യകങ്ങൾ തയ്യാറാക്കുകയും, ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക്, അവ വിചാരണയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ വേണ്ട കൂടുതൽ തെളിവ് എടുക്കാൻ അങ്ങനെയുള്ള കോടതിക്ക് അപ്പീൽ കോടതി നിദേശം നല്കേണ്ടതും ;

അങ്ങനെയുള്ള കോടതി, അങ്ങനെയുള്ള വിവാദ്യകങ്ങൾ വിചാരണചെയ്യാൻ നടപടി തുടരേണ്ടതും, തെളിവ്, അതിൻമേലുള്ള അതിന്റെ തീർപ്പുകളും അതിലേക്കുള്ള കാരണങ്ങളും സഹിതം അപ്പീൽ കോടതി നിജപ്പെടുത്തുന്നതോ, അപ്പോഴപ്പോൾ നീട്ടിക്കൊടുക്കുന്നതോ ആയ സമയത്തിനുള്ളിൽ അപ്പീൽ കോടതിക്ക് മടക്കേണ്ടതുമാകുന്നു.

26.(1) തീർപ്പുകളും തെളിവും റിക്കാർഡാക്കണമെന്ന് തീർപ്പിനുള്ള ആക്ഷേപങ്ങൾ.—അങ്ങനെയുള്ള തെളിവും തീർപ്പുകളും വ്യവഹാരത്തിൽ റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും, ഇരു കക്ഷികളിൽ ആർക്കെങ്കിലും, അപ്പീൽ കോടതി നിജപ്പെടുത്തുന്ന സമയത്തിനുള്ളിൽ ഏതെങ്കിലും തീർപ്പിന് ആക്ഷേപ മെമ്മോറാണ്ടം ബോധിപ്പിക്കാവുന്നതുമാണ്.

(2) അപ്പീൽ തീർപ്പാക്കൽ.—അങ്ങനെയുള്ള മെമ്മോറാണ്ടം ബോധിപ്പിക്കുന്നതിന് അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള കാലാവധി കഴിഞ്ഞതിനുശേഷം അപ്പീൽ കോടതി, അപ്പീൽ തീർപ്പാക്കാൻ നടപടി തുടരേണ്ടതാകുന്നു.

26 ക. റിമാൻഡ് ഉത്തരവ് അടുത്ത വിചാരണയുടെ തീയതി പറഞ്ഞിരിക്കണമെന്ന്.—അപ്പീൽ കോടതി 23-ാം ചട്ടത്തിനോ 23 ക ചട്ടത്തിനോ കീഴിൽ ഒരു കേസ് റിമാൻഡ് ചെയ്യുകയോ, അല്ലെങ്കിൽ 25-ാം ചട്ടത്തിൻകീഴിൽ വിവാദ്യകങ്ങൾ തയ്യാറാക്കുകയും അവ വിചാരണയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്യുകയോ ചെയ്യുന്നിടത്ത്, ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയുടെ മുമ്പാകെ കക്ഷികൾ വ്യവഹാരത്തിൽ കൂടുതൽ നടപടിക്രമം സംബന്ധിച്ച് ആ കോടതിയുടെ നിദേശങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി ഹാജരാകുന്നതിന് അപ്പീൽ കോടതി ഒരു തീയതി നിജപ്പെടുത്തേണ്ടതാകുന്നു.

27. അപ്പീൽ കോടതിയിൽ കൂടുതൽ തെളിവ് ഹാജരാക്കുന്നത്.—(1) അപ്പീലിലെ കക്ഷികൾക്ക്, അപ്പീൽ കോടതിയിൽ കൂടുതൽ തെളിവ് അത് വാക്കാലുള്ളതോ രേഖാമൂലമുള്ളതോ ആയാലും, ഹാജരാക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല, എന്നാൽ—

(ക) ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി സ്വീകരിക്കപ്പെടേണ്ടിയിരുന്ന തെളിവ് സ്വീകരിക്കാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ

(കക) കൂടുതൽ തെളിവ് ഹാജരാക്കാൻ ആവശ്യപ്പെടുന്ന കക്ഷി, വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നിട്ടും അങ്ങനെയുള്ള തെളിവ് തന്റെ അറിവിൽപ്പെട്ടിരുന്നില്ലെന്നോ, അല്ലെങ്കിൽ ഏത് വിധിക്ക് എതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി പാസ്സാക്കാൻ സമയത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയതിനുശേഷം ഹാജരാക്കാൻ കഴിഞ്ഞില്ലെന്നോ സ്ഥാപിക്കുകയോ, അല്ലെങ്കിൽ

(ഖ) അപ്പീൽ കോടതിക്ക്, അതിന് വിധിന്യായം പ്രസ്താവിക്കാൻ കഴിവുണ്ടാക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും സാരവത്തായ കാരണത്താലോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതോ ഏതെങ്കിലും സാക്ഷിയെ വിസ്തരിക്കുന്നതോ ആവശ്യമായിരിക്കുകയോ,

ചെയ്യുന്നുവെങ്കിൽ, അപ്പീൽ കോടതിക്ക് അങ്ങനെയുള്ള തെളിവോ രേഖയോ ഹാജരാക്കാനോ സാക്ഷിയെ വിസ്തരിക്കാനോ അനുവദിക്കാവുന്നതാണ്.

(2) കൂടുതൽ തെളിവ് ഹാജരാക്കാൻ അപ്പീൽ കോടതി അനുവദിക്കുന്നിടത്തെല്ലാം, കോടതി അത് സ്വീകരിക്കാനുള്ള കാരണം റിക്കാർഡാക്കേണ്ടതാകുന്നു.

28. കൂടുതൽ തെളിവെടുക്കുന്ന സമ്പ്രദായം.—കൂടുതൽ തെളിവ് ഹാജരാക്കാൻ അനുവദിക്കപ്പെടുന്നിടത്തെല്ലാം, അപ്പീൽ കോടതിക്ക്, അങ്ങനെയുള്ള തെളിവ് എടുക്കുകയോ, അല്ലെങ്കിൽ ഏത് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയോടോ മറ്റേതെങ്കിലും കീഴ്ക്കോടതിയോടോ, അങ്ങനെയുള്ള തെളിവ് എടുക്കുകയും എടുത്തുകഴിയുമ്പോൾ അപ്പീൽ കോടതിക്ക് അയച്ചുകൊടുക്കുകയും ചെയ്യാൻ നിദേശിക്കുകയോ ചെയ്യാവുന്നതാണ്.

29. വാദമുഖങ്ങൾ നിർവചിക്കുകയും റിക്കാർഡാക്കുകയും ചെയ്യേണ്ടതാണെന്ന്.—കൂടുതൽ തെളിവ് എടുക്കാൻ നിദേശിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നിടത്ത്, അപ്പീൽ കോടതി തെളിവ് ഒതുക്കിനിറുത്തേണ്ട വാദമുഖങ്ങൾ വിനിർദ്ദേശിക്കുകയും, അപ്രകാരം വിനിർദ്ദേശിക്കുന്ന വാദമുഖങ്ങൾ അതിന്റെ നടപടികളിൽ റിക്കാർഡാക്കുകയും ചെയ്യേണ്ടതാകുന്നു.

## അപ്പീലിലെ വിധിന്യായം

30. വിധിന്യായം എപ്പോഴ് എവിടെവച്ച് പ്രസ്താവിക്കണമെന്ന്.—(1) അപ്പീൽ കോടതി, കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ പറയാനുള്ളത് കേൾക്കുകയും പരിഗണിക്കുന്നത് ആവശ്യമായിത്തോന്നുന്ന ഏതെങ്കിലും നടപടികളുടെ, അവ അപ്പീലിലോ അല്ലെങ്കിൽ ഏത് കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയിലോ ഉള്ളതായാലും ഏതെങ്കിലും ഭാഗം പരിഗണിക്കുകയും ചെയ്തതിനുശേഷം, ഉടനേയോ അല്ലെങ്കിൽ കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ നോട്ടീസ് നല്കേണ്ട ഏതെങ്കിലും ഭാവി ദിവസമോ തുറന്ന കോടതിയിൽ വിധിന്യായം പ്രസ്താവിക്കേണ്ടതാകുന്നു.

(2) ലിഖിതമായ വിധിന്യായം പ്രസ്താവിക്കേണ്ടിടത്ത്, തീർപ്പിനുള്ള വാദമുഖങ്ങളും, അവയിൻമേലുള്ള തീരുമാനവും, അപ്പീലിൽ പാസ്സാക്കുന്ന അവസാന ഉത്തരവും, വായിച്ചാൽ മതിയായിരിക്കുന്നതും, കോടതി വിധിന്യായം മുഴുവനും വായിക്കേണ്ട ആവശ്യമില്ലാത്തതും, എന്നാൽ, മുഴുവൻ വിധിന്യായത്തിന്റെയും ഒരു പകർപ്പ്, വിനിന്യായം പ്രസ്താവിച്ച ഉടൻ കക്ഷികൾക്കോ അവരുടെ പ്ലീഡർമാർക്കോ വായിച്ചുനോക്കാനായി ലഭ്യമാക്കേണ്ടത്യം ആകുന്നു.

31. വിധിന്യായത്തിന്റെ ഉള്ളടക്കവും തീയതിയും ഒപ്പും.— അപ്പീൽ കോടതിയുടെ വിധിന്യായം ലിഖിതമായിരിക്കേണ്ടതും,

(ക) തീർപ്പിനുള്ള വാദമുഖങ്ങളും ;
(ഖ) അവയിൻമേലുള്ള തീരുമാനവും ;
(ഗ) തീരുമാനത്തിനുള്ള കാരണങ്ങളും ;
(ഘ) ഏത് വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് അ വിധി മറിച്ചു വിധിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നിടത്ത് അപ്പീൽ വാദിക്ക് അവകാശമുള്ള നിവൃത്തിയും ;

പറഞ്ഞിരിക്കേണ്ടതും, അത് പ്രസ്താവിക്കുന്ന സമയത്ത്, ജഡ്ജിയോ അതിനോട് യോജിക്കുന്ന ജഡ്ജിമാരോ ഒപ്പിടുകയും, തീയതി വയ്ക്കുകയു ചെയ്യേണ്ടതും ആകുന്നു.

32. വിധിന്യായത്തിനു നിദേശിക്കാവുന്നത് എന്തെന്ന്.—വിധിന്യായം ഏതു വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി സ്ഥി പ്പെടുത്തുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ, മറിച്ച് വിധിക്കുന്നതിനേ ഉള്ളതായിരിക്കാവുന്നതോ അല്ലെങ്കിൽ അപ്പീലിലെ കക്ഷികൾ, അപ്പീലിലെ വിധി കൈക്കൊള്ളേണ്ട രൂപം സംബന്ധിച്ചോ അപ്പീലിൽ പാസ്സാക്കേണ ഉത്തരവ് സംബന്ധിച്ചോ യോജിക്കുന്നുവെങ്കിൽ അപ്പീൽ കോടതിക്ക്, അതന സരിച്ച്, വിധി പാസ്സാക്കുകയോ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവ ന്നതോ ആകുന്നു.

33. അപ്പീൽ കോടതിയുടെ അധികാരം.—അപ്പീൽ കോടതിക്ക് പാസ്സാക്കേണ്ടിയിരുന്നതോ പുറപ്പെടുവിക്കേണ്ടിയിരുന്നതോ ആയ ഏതു വിധി പാസ്സാക്കാനും ഏതു ഉത്തരവ് പുറപ്പെട വിക്കാനും, കേസ് ആവശ്യപ്പെടുന്ന കൂടുതലായുള്ളതോ, മററുവിധത്തില ഉള്ളതോ ആയ, വിധിയോ ഉത്തരവോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയേ ചെയ്യാനും അധികാരം ഉണ്ടായിരിക്കുന്നതും, കോടതിക്ക് ഈ അധികാര വിധിയുടെ ഒരു ഭാഗംമാത്രം സംബന്ധിച്ചുള്ളതാണ് അപ്പീൽ എന്നിര ന്നാലും, പ്രയോഗിക്കാവുന്നതും, എല്ലാ അപ്പീൽ പ്രതികൾക്കുമോ കക്ഷികൾ ക്കുമോ അവരിൽ ആർക്കെങ്കിലുമോ അനുകൂലമായി, അങ്ങനെയുള്ള അപ്പീ പ്രതികളോ കക്ഷികളോ ഏതെങ്കിലും അപ്പീലോ ആക്ഷേപമോ ഫയൽ ചെയ്ത

ട്ടില്ലെന്നിരുന്നാലും, പ്രയോഗിക്കാവുന്നതും, എതിർ വ്യവഹാരങ്ങളിൽ, വിധി കരം ഉണ്ടായിട്ടുള്ളിടത്തോ അല്ലെങ്കിൽ ഒരൊററ വ്യവഹാരത്തിൽ രണ്ടോ അതില ധികമോ വിധികരം പാസ്സാക്കുന്നിടത്തോ, അങ്ങനെയുള്ള വിധികരംക്കെതി രായി അപ്പീൽ ഫയൽ ചെയ്തിട്ടില്ലാതിരിക്കാമെങ്കിൽപ്പോലും ആ എല്ലാ വിധി കളുമോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച് പ്രയോഗിക്കാവുന്നതും, ആണ് :

എന്നാൽ, ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തി ട്ടുള്ളത്, ആ കോടതി 35 ക വകുപ്പിൻകീഴിൽ ഉത്തരവ് പുറപ്പെടുവിക്കാൻ വിട്ടുകളയുകയോ വിസമ്മതിക്കുകയോ ചെയ്തിട്ടുള്ളത് ഏതൊരു ആക്ഷേപ ത്തിൻമേലാണോ അങ്ങനെയുള്ള ആക്ഷേപത്തെത്തുടർന്ന് അപ്പീൽ കോടതി അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

## ദൃഷ്ടാന്തം

ക, ഭ യിൽ നിന്നോ മ യിൽ നിന്നോ തനിക്ക് കിട്ടാനുള്ളതായി ഒരു പണ ത്തുക അവകാശപ്പെടുകയും, രണ്ടുപേർക്കും എതിരായുള്ള ഒരു വ്യവഹാര ത്തിൽ, ഭ യ്ക്ക് ഒരു വിധി സമ്പാദിക്കുകയും ചെയ്യുന്നു. ഭ അപ്പീൽ കൊടു ക്കുകയും ക യും മ യും അപ്പീൽ പ്രതികളായിരിക്കുകയും ചെയ്യുന്നു. അപ്പീൽ കോടതി ഭ യ്ക്ക് അനുകൂലമായി തീരുമാനിക്കുന്നു. അതിന് മ യ്ക്ക് എതിരായി വിധി പാസ്സാക്കാൻ അധികാരമുണ്ട്.

34. വിയോജിപ്പ് റിക്കാർഡാക്കണമെന്ന്.—അപ്പീൽ ഒന്നിലധികം ജഡ്ജി മാരാൽ കേരംക്കപ്പെടുന്നിടത്ത്, കോടതിയുടെ വിധിന്യായത്തിൽനിന്ന് വിയോ ജിക്കുന്ന ഏതെങ്കിലും ജഡ്ജി അപ്പീലിൽ പാസ്സാക്കേണ്ടതാണെന്ന് താൻ വിചാരിക്കുന്ന തീരുമാനമോ ഉത്തരവോ, ലിഖിതമായി പ്രസ്താവിക്കേണ്ടതും, അദ്ദേഹത്തിന് അതിനുള്ള കാരണങ്ങരം പ്രസ്താവിക്കാവുന്നതുമാണ്.

## അപ്പീലിലെ വിധി

35. വിധിയുടെ തീയതിയും ഉള്ളടക്കവും.—(1) അപ്പീൽ കോടതിയിലെ വിധി വിധിന്യായം പ്രസ്താവിച്ച ദിവസത്തെ തീയതി വഹിക്കേണ്ടതാകുന്നു.

(2) വിധിയിൽ അപ്പീലിന്റെ നമ്പരും, അപ്പീൽ വാദിയുടേയും അപ്പീൽ പ്രതിയുടേയും പേരും വിവരണവും, അനുവദിച്ചിട്ടുള്ള നിവൃത്തിയുടേയോ ചെയ്തിട്ടുള്ള മററു ന്യായനിർണ്ണയത്തിന്റേയോ സ്പഷ്ടമായ വിനിർദ്ദേശീ കരണവും അടങ്ങിയിരിക്കേണ്ടതാകുന്നു.

(3) വിധി, അപ്പീലിൽ നേരിട്ടിട്ടുള്ള കോടതിച്ചെലവിന്റെ തുകയും, അങ്ങയെയുള്ള കോടതിച്ചെലവും വ്യവഹാരത്തിലെ കോടതിച്ചെലവും കൊടു ക്കേണ്ടത് ആരാണോ ഏതു വസ്തുവിൽനിന്നോ ആണ് എന്നുള്ളതും, ഏതു അനുപാതത്തിലാണെന്നുള്ളതും പ്രസ്താവിക്കുകയുംകൂടി ചെയ്യേണ്ട താകുന്നു.

(4) വിധി, അത് പാസ്സാക്കിയ ജഡ്ജിയോ ജഡ്ജിമാരോ ഒപ്പിടു കയും, തീയതി വയ്ക്കുകയും ചെയ്യേണ്ടതാകുന്നു :

. വിധിന്യായത്തിൽനിന്ന് വിയോജിക്കുന്ന ജഡ്ജി വിധി ഒപ്പിടേണ്ട തില്ലെന്ന്.—എന്നാൽ, ഒന്നിലധികം ജഡ്ജിമാർ ഉണ്ടായിരിക്കുകയും അവർക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുകയും ചെയ്യു ന്നിടത്ത്, കോടതിയുടെ വിധിന്യായത്തിൽനിന്ന് വിയോജിക്കുന്ന ഏതെങ്കിലും ജഡ്ജി വിധി ഒപ്പ് വയ്ക്കുന്നത് ആവശ്യമായിരിക്കുന്നതല്ല.

36. വിധിന്യായത്തിൻേറയും വിധിയുടേയും പകർപ്പുകൾ കക്ഷികൾക്ക് നൽകണമെന്ന്.—അപ്പീലിലെ വിധിന്യായത്തിൻേറയും വിധിയുടേയും സർട്ടിഫൈ ചെയ്ത പകർപ്പുകൾ, കക്ഷികൾക്ക് അപ്പീൽ കോടതിയോട് അപേക്ഷിക്കുന്നതിൻമേലും അവരുടെ ചെലവിലും നൽകേണ്ടതാകുന്നു.

37. വിധിയുടെ സർട്ടിഫൈ ചെയ്ത പകർപ്പ് ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ കോടതിക്ക് അയച്ചുകൊടുക്കണമെന്ന്.—വിധിന്യായത്തിൻേറയും വിധിയുടേയും, അപ്പീൽ കോടതിയോ, അത് ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനോ സർട്ടിഫൈ ചെയ്ത ഒരു പകർപ്പ്, ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക് അയച്ചുകൊടുക്കേണ്ടതും, വ്യവഹാരത്തിലെ ആദ്യ നടപടികളോടൊപ്പം, ഫയൽ ചെയ്യപ്പെടേണ്ടതും, അപ്പീൽ കോടതിയുടെ വിധിന്യായത്തെക്കുറിച്ചുള്ള ഒരു ഉൾക്കുറിപ്പ് സിവിൽ വ്യവഹാരങ്ങളുടെ രജിസ്ററിൽ ചേർക്കേണ്ടതും ആകുന്നു.

## ആർഡർ XLII

## അപ്പീൽ വിധികളിൽ നിന്നുള്ള അപ്പീലുകൾ

1. നടപടിക്രമം.—ആർഡർ XLI-ലെ ചട്ടങ്ങൾ, ആകുന്നത്ര അപ്പീൽ വിധികളിൽനിന്നുള്ള അപ്പീലുകൾക്ക് ബാധകമായിരിക്കുന്നതാണ്.

2. കോടതിക്ക്, അപ്പീൽ, അത് രൂപവൽക്കരിക്കുന്ന പ്രശ്നത്തിൻമേൽ കേൾക്കണമെന്ന് നിദേശിക്കാനുള്ള അധികാരം.—ഒരു രണ്ടാം അപ്പീൽ കേൾക്കുന്നതിനു ആർഡർ XLI-ലെ 11-ാം ചട്ടത്തിൻകീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത്, കോടതി, 100-ാം വകുപ്പ് ആവശ്യപ്പെടുന്നപ്രകാരമുള്ള സാരവത്തായ നിയമപ്രശ്നം രൂപവൽക്കരിക്കേണ്ടതും, അപ്രകാരം ചെയ്യുന്നതിൽ കോടതിക്ക് രണ്ടാം അപ്പീൽ, അപ്രകാരം രൂപവൽക്കരിച്ച പ്രശ്നത്തിൻമേൽ കേൾക്കണമെന്ന് നിദേശിക്കാവുന്നതും, 100-ാം വകുപ്പിലെ വ്യവസ്ഥ അനുസരിച്ച് നൽകപ്പെടുന്ന കോടതിയുടെ അനുമതി കൂടാതെ അപ്പീൽ വാദിക്ക് അപ്പീലിൽ മറേറതെങ്കിലും കാരണം ഉന്നയിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

3. ആർഡർ XLI-ലെ 14-ാം ചട്ടത്തിൻെറ ബാധകത.—ആർഡർ XLI-ലെ 14-ാം ചട്ടം, (4)-ാം ഉപചട്ടത്തിലെ ആദ്യകോടതിയെക്കുറിച്ചുള്ള പരാമർശത്തിന്, അപ്പീൽ വിധിയിൽനിന്നോ അപ്പീൽ ഉത്തരവിൽനിന്നോ ഉള്ള അപ്പീലിൻെറ സംഗതിയിൽ, ആദ്യവിധിയിൽനിന്നോ ആദ്യ ഉത്തരവിൽനിന്നോ അപ്പീൽ കൊടുത്തത് ഏതു കോടതിയിലാണോ, ആ കോടതിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കേണ്ടതാകുന്നു.

## ആർഡർ XLIII

## ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ

1. ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ.—താഴെ പറയുന്ന ഉത്തരവുകളിൽനിന്ന് 104-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ അപ്പീൽ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(ക) ആർഡർ VII-ലെ 10 ക ചട്ടത്തിൽ വിനിർദ്ദേശിക്കുന്ന നടപടിക്രമം അനുവർത്തിച്ചിട്ടുള്ളിടത്തൊഴികെ ആർഡർ VII-ലെ 10-ാം ചട്ടത്തിൻ കീഴിൽ, ശരിയായ കോടതിയിൽ ബോധിപ്പിക്കാനായി അന്യായം നടക്കുന്ന ഉത്തരവ് ;

(ഖ) [വിട്ടുകളയപ്പെട്ടു]

(ഗ) ഒരു വ്യവഹാരം തള്ളിക്കളഞ്ഞതു ദുർബ്ബലപ്പെടുത്താനുള്ള ഉത്തരവിനുള്ള (അപ്പീൽ കൊടുക്കാവുന്ന ഒരു കേസ്സിലെ) അപേക്ഷ നിരസിക്കുന്ന ആർഡർ IX-ലെ 9-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഘ) എക്സ്പാർട്ടി ആയി പാസ്സാക്കിയ ഒരു വിധി ദുർബ്ബലപ്പെടുത്താനുള്ള ഉത്തരവിനുള്ള (അപ്പീൽ കൊടുക്കാവുന്ന ഒരു കേസ്സിലെ) അപേക്ഷ നിരസിക്കുന്ന ആർഡർ IX-ലെ 13-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ങ) [വിട്ടുകളയപ്പെട്ടു]

(ച) ആർഡർ XI-ലെ 21-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഛ) [വിട്ടുകളയപ്പെട്ടു]

(ജ) [വിട്ടുകളയപ്പെട്ടു]

(ഝ) ഒരു രേഖയുടെയോ എണ്ടോഴ്സ്മെൻറിൻേറയോ കരടിനെക്കുറിച്ചുള്ള ആക്ഷേപത്തിൻമേലുള്ള ആർഡർ XXI-ലെ 34-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഞ) ഒരു വിൽപന ദുർബ്ബലപ്പെടുത്തുന്നതോ ദുർബ്ബലപ്പെടുത്താൻ വിസമ്മതിക്കുന്നതോ ആയ ആർഡർ XXI-ലെ 72-ാം ചട്ടത്തിനോ 92-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ് ;

(ഞക) ആർഡർ XXI-ലെ 106-ാം ചട്ടം (1)-ാം ഉപചട്ടത്തിൻകീഴിൽ കൊടുക്കുന്ന അപേക്ഷ നിരസിക്കുന്ന ഉത്തരവ്;- എന്നാൽ, അതിന് ആദ്യാപേക്ഷയിൻമേൽ അതായത്, ആ ആർഡർ 105-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിച്ചു അപേക്ഷയിൻമേൽ ഉള്ള ഉത്തരവ് അപ്പീൽ കൊടുക്കാവുന്നതായിരിക്കണം ;

(ട) വ്യവഹാരത്തിന്റെ ഉപശമനമോ തള്ളിക്കളയലോ ദുർബ്ബലപ്പെടുത്താൻ വിസമ്മതിക്കുന്ന, ആർഡർXXII-ലെ 9-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഠ) അനുമതി നൽകുന്നതോ നൽകാൻ വിസമ്മതിക്കുന്നതോ ആയ ആർഡർ XXII-ലെ 10-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഡ) [വിട്ടുകളയപ്പെട്ടു]

(ഢ) ഒരു വ്യവഹാരം തള്ളിക്കളഞ്ഞത് ദുർബ്ബലപ്പെടുത്താനുള്ള ഉത്തരവിനുള്ള (അപ്പീൽ കൊടുക്കാവുന്ന ഒരു കേസ്സിലെ) അപേക്ഷ നിരസിക്കുന്ന ആർഡർ XXV-ലെ 2-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

(ഢക) നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അനുവാദത്തിനുള്ള അപേക്ഷ നിരസിക്കുന്ന ആർഡർ XXXIII-ലെ 5-ാം ചട്ടത്തിനോ 7-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ് ;

(ണ) [വിട്ടുകളയപ്പെട്ടു]

(ത) ആർഡർ XXXV-ലെ 3-ാം ചട്ടത്തിനോ 4-ാം ചട്ടത്തിനോ 6-ാം ചട്ടത്തിനോ കീഴിൽ ഇൻറർപ്ലീഡർ വ്യവഹാരത്തിലെ ഉത്തരവുകൾ ;

(ഥ) ആർഡർ XXXVIII-ലെ 2-ാം ചട്ടത്തിനോ 3-ാം ചട്ടത്തിനോ 6-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ് ;

(ദ) ആർഡർ XXXIX-ലെ 1-ാം ചട്ടത്തിനോ 2-ാം ചട്ടത്തിനോ, 2ക ചട്ടത്തിനോ 4-ാം ചട്ടത്തിനോ 10-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ് ;

(ധ) ആർഡർ XL-ലെ 1-ാം ചട്ടത്തിനോ 4-ാം ചട്ടത്തിനോ കീഴിലെ ഉത്തരവ് ;

(ന) അപ്പീൽ, ആർഡർ XLI-ലെ 19-ാം ചട്ടത്തിൻകീഴിൽ വീണ്ടും സ്വീകരിക്കാനോ, ആർഡർ XLI-ലെ 21-ാം ചട്ടത്തിൻകീഴിൽ വീണ്ടും കേൾക്കാനോ വിസമ്മതിക്കുന്ന ഉത്തരവ് ;

(പ) അപ്പീൽ കോടതിയിലെ വിധിയിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുന്നിടത്ത്, ആർഡർ XLI-ലെ 23-ാം ചട്ടത്തിനോ 23ക ചട്ടത്തിനോ കീഴിൽ കേസ് റിമാൻഡ് ചെയ്യുന്ന ഉത്തരവ് ;

(ഫ) [വിട്ടുകളയപ്പെട്ടു]

(ബ) റിവ്യൂവിനുള്ള അപേക്ഷ അനുവദിക്കുന്ന ആർഡർ XLVII-ലെ 4-ാം ചട്ടത്തിൻകീഴിലെ ഉത്തരവ് ;

1ക. വിധിക്കെതിരായുള്ള അപ്പീലിൽ അപ്പീൽ കൊടുക്കാവുന്നതല്ലാത്ത ഉത്തരവുകൾ ചോദ്യം ചെയ്യാനുള്ള അവകാശം.—(1) ഈ നിയമസംഹിതയ്ക്കു കീഴിൽ ഒരു കക്ഷിക്കെതിരായി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുകയും, അതിൻമേൽ അങ്ങനെയുള്ള കക്ഷിക്കെതിരായി ഏതെങ്കിലും വിധിന്യായം പ്രസ്താവിക്കുകയും, വിധി തയ്യാറാക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കക്ഷിക്ക്, വിധിക്ക് എതിരായുള്ള അപ്പീലിൽ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലായിരുന്നുവെന്നും ആ വിധിന്യായം പ്രസ്താവിക്കാൻ പാടില്ലായിരുന്നുവെന്നും തർക്കിക്കാവുന്നതാണ്.

(2) ഒരു വ്യവഹാരത്തിൽ രാജി റിക്കാർഡാക്കുകയോ, അല്ലെങ്കിൽ രാജി റിക്കാർഡാക്കൽ നിരസിക്കുകയോ ചെയ്തതിനുശേഷം പാസ്സാക്കുന്ന ഒരു വിധിക്ക് എതിരായ അപ്പീലിൽ, അപ്പീൽ വാദിക്ക് രാജി റിക്കാർഡാക്കേണ്ടതായിരുന്നുവെന്നോ റിക്കാർഡാക്കാൻ പാടില്ലായിരുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ വിധിയെ എതിർത്തു വാദിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

2. നടപടിക്രമം.—ആർഡർ XLI-ലെ ചട്ടങ്ങൾ, ആകുന്നിട്ര, ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾക്ക് ബാധകമായിരിക്കുന്നതാണ്.

## ആർഡർ XLIV

# നിസ്വരായ ആളുകളാലുള്ള അപ്പീൽ

1. നിസ്വനായ ആളുകളെന്ന നിലയിൽ അപ്പീൽ കൊടുക്കപ്പെടാവുന്നത് ആരാലെന്ന്.—(1) അപ്പീൽ കൊടുക്കാൻ അവകാശമുള്ളവനും, അപ്പീൽ മെമ്മോറാണ്ടത്തിൽ വേണ്ട ഫീസ് കൊടുക്കാൻ കഴിവില്ലാത്തവനുമായ ഏതെങ്കിലും ആൾക്ക് അപ്പീൽ മെമ്മോറാണ്ടം സഹിതം ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷ ബോധിപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ വിഷയങ്ങളിലും നിസ്വരമായ ആളുകളാലുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ബാധകമാകുന്നിടത്തോളം, ആ വ്യവസ്ഥകൾക്ക് വിധേയമായി, അയാളെ നിസ്വനായ ആളെന്ന നിലയിൽ അപ്പീൽ കൊടുക്കാൻ അനുവദിക്കാവുന്നതും ആകുന്നു.

(2) [വിട്ടുകളയപ്പെട്ടു]

2. കോർട്ടു ഫീസ് ഒടുക്കാൻ സമയം അനുവദിക്കുന്നത്.—1-ാം ചട്ടത്തിൻ കീഴിൽ അപേക്ഷ നിരസിക്കപ്പെടുന്നിടത്ത്, കോടതിക്ക് അപേക്ഷ നിരസിക്കുമ്പോൾ, കോടതി, നിജപ്പെടുത്തുന്നതോ, അപ്പോഴപ്പോൾ അതു നീട്ടിക്കൊടുക്കുന്നതോ ആയ സമയത്തിനുള്ളിൽ, വേണ്ട കോർട്ട് ഫീസ് ഒടുക്കി അപേക്ഷകനെ അനുവദിക്കുന്നതും അങ്ങനെ ഒടുക്കുന്നതിൻമേൽ, ഏതു അപ്പീൽ മെമ്മോറാണ്ടം സംബന്ധിച്ചാണോ അങ്ങനെയുള്ള ഫീസ് ഒടുക്കേണ്ടത്, ആ മെമ്മോറാണ്ടത്തിന്, അങ്ങനെയുള്ള ഫീസ് ആദ്യമേതന്നെ ഒടുക്കിയിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതുമാകുന്നു.

3. അപേക്ഷകൻ നിസ്വനായ ആളാണോ എന്നതിനെക്കുറിച്ചുള്ള അന്വേഷണ വിചാരണ.—(1) ഏതു് കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയിൽ, (1)-ാം ചട്ടത്തിൽ പരാമർശിച്ച അപേക്ഷകനെ നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാനോ, അപ്പീൽ കൊടുക്കാനോ അനുവദിച്ചിരുന്നിടത്ത്, അപേക്ഷകൻ, ഏതു് വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിയുടെ തീയതിക്ക് ശേഷം താൻ നിസ്വനായ ആളല്ലാതായിതീർന്നിട്ടില്ലെന്നു പ്രസ്താവിക്കുന്ന ഒരു സത്യവാങ്മൂലം കൊടുത്തിട്ടുണ്ടെങ്കിൽ, അയാൾ നിസ്വനായ ആളാണോ അല്ലയോ എന്ന പ്രശ്നം സംബന്ധിച്ച് കൂടുതൽ അന്വേഷണവിചാരണ ആവശ്യമായിരിക്കുന്നതല്ല ; എന്നാൽ ഗവൺമെൻറ് പ്ലീഡറോ, അപ്പീൽ പ്രതിയോ അങ്ങനെയുള്ള സത്യവാങ്മൂലത്തിലെ പ്രസ്താവനയുടെ സത്യാവസ്ഥയെ ചോദ്യംചെയ്യുന്നുവെങ്കിൽ അപ്പീൽ കോടതിയോ, അല്ലെങ്കിൽ അപ്പീൽ കോടതിയുടെ ഉത്തരവിൻകീഴിൽ ആ കോടതിയുടെ ഉദ്യോഗസ്ഥനോ മുൻപറഞ്ഞ പ്രശ്നത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തേണ്ടതും ആകുന്നു.

(2) 1-ാം ചട്ടത്തിൽ പരാമർശിച്ച അപേക്ഷകൻ, ഏതുവിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിയുടെ തീയതിക്കുശേഷം, നിസ്വനായ ആളായിത്തീർന്നിട്ടുണ്ടെന്ന് പ്രഖ്യാപിക്കപ്പെടുന്നിടത്ത്, അയാൾ നിസ്വനായ ആളാണോ അല്ലയോ എന്ന പ്രശ്നത്തെക്കുറിച്ചുള്ള അന്വേഷണവിചാരണ അതു സംഗതിയുടെ പരിതഃസ്ഥിതികളിൽ ഏതു് കോടതിയുടെ തീരുമാനത്തിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിയിൽ നടത്തപ്പെടേണ്ടതു ആവശ്യമാണെന്ന് അപ്പീൽ കോടതി കരുതാത്തപക്ഷം, അപ്പീൽ കോടതിയാലോ, അല്ലെങ്കിൽ അപ്പീൽ കോടതിയുടെ ഉത്തരവിൻ കീഴിൽ ആ കോടതിയിലെ ഒരു ഉദ്യോഗസ്ഥനാലോ നടത്തപ്പെടേണ്ടതാകുന്നു.

## ആർഡർ XLV

## സുപ്രീം കോടതിക്കുള്ള അപ്പീലുകൾ

1. "വിധി" നിർവ്വചനം.—വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായ വല്ലതും ഇല്ലാത്തപക്ഷം, ഈ ആർഡറിൽ, "വിധി" എന്ന പദത്തിൽ അവസാന ഉത്തരവു ഉൾപ്പെടുന്നതാകുന്നു.

2. അപേക്ഷ ഏതുകോടതിയുടെ വിധിയെക്കുറിച്ചാണോ പരാതിപ്പെടുന്നത്, ആ കോടതിക്ക് എന്ന്.—(1) സുപ്രീം കോടതിക്ക് അപ്പീൽ കൊടുക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും, ഏതു കോടതിയുടെ വിധിയെക്കുറിച്ചാണോ, പരാതിപ്പെടുന്നത്, ആ കോടതിയോട് ഹർജി വഴി അപേക്ഷിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപചട്ടത്തിൻകീഴിലെ ഏതൊരു ഹർജിയും കഴിയുന്നത്ര വേഗത്തിൽ കേൾക്കേണ്ടതും ഹർജിയുടെ തീർച്ച ഹർജി (1)-ാം ഉപചട്ടത്തിൻകീഴിൽ കോടതിക്ക് ബോധിപ്പിക്കുന്ന തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ സമാപിക്കാൻ യത്നിക്കേണ്ടതുമാകുന്നു.

3. മൂല്യത്തേയോ യോഗ്യതയേയോക്കുറിച്ചുള്ള സർട്ടിഫിക്കറ്റ്.—(1) ഏതൊരു ഹർജിയും അപ്പീലിൻെറ കാരണങ്ങൾ പ്രസ്താവിക്കേണ്ടതും.—

(i) കേസ് സാമാന്യപ്രാധാന്യമുള്ള ഒരു സാരവത്തായ നിയമ പ്രശ്നം ഉൾക്കൊള്ളുന്നുവെന്നും ;

(ii) കോടതിയുടെ അഭിപ്രായത്തിൽ, ആ പ്രശ്നം സുപ്രീംകോടതിയാൽ തീരുമാനിക്കപ്പെടേണ്ടതാവശ്യമാണെന്നും,

ഉള്ള ഒരു സർട്ടിഫിക്കററിന് അപേക്ഷിക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഹർജി കിട്ടുന്നതിൻമേൽ, മുൻപറഞ്ഞ സർട്ടിഫിക്കററ് നൽകാതിരിക്കാൻ കാരണം കാണിക്കാൻ എതിർകക്ഷിക്ക് നോട്ടീസ് നടത്തണമെന്ന് കോടതി നിദേശിക്കേണ്ടതാകുന്നു.

4. [വിട്ടുകളയപ്പെട്ടു]

5. [വിട്ടുകളയപ്പെട്ടു]

6. സർട്ടിഫിക്കററ് നിഷേധിക്കുന്നതിന്റെ ഫലം.—അങ്ങനെയുള്ള സർട്ടിഫിക്കററ് നിഷേധിക്കുന്നിടത്ത്, ഹർജി തള്ളിക്കളയപ്പെടേണ്ടതാകുന്നു.

7. സർട്ടിഫിക്കററ് നല്കുന്നതിൻമേൽ വേണ്ട ജാമ്യവും ഡെപ്പോസിററും.—(1) സർട്ടിഫിക്കററ് നല്കുന്നിടത്ത്, അപേക്ഷകൻ, പരാതിപ്പെട്ട വിധിയുടെ തീയതി മുതൽ തൊണ്ണൂറു ദിവസമോ അല്ലെങ്കിൽ കാരണം കാണിയ്ക്കപ്പെടുന്നതിൻമേൽ കോടതി അനുവദിക്കുന്നതും അറുപതു ദിവസത്തിൽ കവിയാത്തതും ആയ കൂടുതൽ കാലാവധിയോ അല്ലെങ്കിൽ സർട്ടിഫിക്കററ് നല്കിയ തീയതി മുതൽ ആറ് ആഴ്ചയോ, ഇവയിൽ ഏതു തീയതി ആണോ പിന്നീടുള്ളത്. ആ തീയതി,—

(ക) രൊക്കം പണമായോ ഗവൺമെൻറ് ഈടുപത്രങ്ങളായോ അപ്പീൽ പ്രതിയുടെ കോടതിച്ചെലവിന് ജാമ്യം നല്കുകയും.

(ഖ) വ്യവഹാരത്തിലെ,—

(1) സുപ്രീംകോടതിയുടെ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടംമൂലം ഒഴിവാക്കണമെന്നു നിർദശിക്കുന്ന ഔപചാരിക രേഖകളും;

(2) ഒഴിവാക്കാൻ കക്ഷികൾ സമ്മതിക്കുന്ന കടലാസുകളും;

(3) കോടതി, അതിലേക്ക് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അനാവശ്യമെന്നു പരിഗണിക്കുന്നതും, ഉൾപ്പെടുത്താൻ കക്ഷികൾ വിനിർദ്ദിഷ്ടമായി ആവശ്യപ്പെട്ടിട്ടില്ലാത്തതുമായ കണക്കുകളും, കണക്കുകളുടെ ഭാഗങ്ങളും;

(4) ഒഴിവാക്കണമെന്ന് ഹൈക്കോടതി നിദേശിക്കുന്ന മററു രേഖകളും,

ഒഴികെയുള്ള മുഴുവൻ റിക്കാർഡും തർജ്ജമ ചെയ്യുന്നതിനും, പകർത്തി എഴുതുന്നതിനും അതിന് സൂചിക ഉണ്ടാക്കുന്നതിനും അച്ചടിക്കുന്നതിനും അതിന്റെ ഒരു ശരിപ്പകർപ്പ് സുപ്രീംകോടതിക്ക് അയച്ചു കൊടുക്കുന്നതിനും ഉള്ള ചെലവു നേരിടുന്നതിന് വേണ്ട തുക ഡെപ്പോസിററ് ചെയ്യുകയും,
ചെയ്യേണ്ടതാകുന്ന :

എന്നാൽ, സർട്ടിഫിക്കററ് നല്കുന്നസമയത്ത് കോടതിക്ക്, ഹാജരാകുന്ന ഏതെങ്കിലും എതിർകക്ഷിക്ക് പറയാനുള്ളതു കേട്ടതിനുശേഷം പ്രത്യേക ബുദ്ധിമുട്ടിന്റെ കാരണത്തിൻമേൽ മറേറതെങ്കിലും രൂപത്തിലുള്ള ജാമ്യം നല്കാവുന്നതാണെന്ന് ഉത്തരവു ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, അങ്ങനെയുള്ള ജാമ്യത്തിന്റെ പ്രകൃതത്തെക്കുറിച്ച് തർക്കിക്കാൻ എതിർകക്ഷിക്ക് യാതൊരു നീട്ടിവയ്ക്കലും അനുവദിച്ചു കൊടുക്കാൻ പാടുള്ളതല്ല.

8. അപ്പീൽ സ്വീകരിക്കുന്നതും അതിൻമേലുള്ള നടപടിക്രമവും.—കോടതിക്ക് ബോധ്യപ്പെടുന്നവിധം അങ്ങനെയുള്ള ജാമ്യം നല്കുകയും ഡെപ്പോസിററ് ചെയ്യുകയും ചെയ്യുന്നിടത്ത്,

കോടതി,—

(ക) അപ്പീൽ സ്വീകരിക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ;

(ഖ) അതിനെക്കുറിച്ച് അപ്പീൽ പ്രതിക്ക് നോട്ടീസ് നല്കുകയും ;

(ഗ) ആ റിക്കാർഡിന്റെ മുൻപറഞ്ഞവിധമൊഴികെയുള്ള ഒരു ശരിപകർപ്പ് കോടതി മുദ്രവച്ചു സുപ്രീം കോടതിക്ക് അയച്ചു കൊടുക്കുകയും ;

(ഘ) ഇരു കക്ഷികളിൽ ആർക്കെങ്കിലും വ്യവഹാരത്തിലെ കടലാസുകളിൽ ഏതിന്റേയെങ്കിലും ഒന്നോ അതിലധികമോ പ്രാമാണീകൃത പകർപ്പുകൾ, അയാൾ അതിന് അപേക്ഷിക്കുകയും, അവ തയ്യാറാക്കുന്നതിൽ നേരിടുന്ന ന്യായമായ ചെലവു ഒടുക്കുകയും ചെയ്യുന്നതിൻമേൽ, കൊടുക്കുകയും ;

ചെയ്യേണ്ടതാകുന്നു.

9. ജാമ്യം സ്വീകരിച്ചത് പിൻവലിക്കൽ.—അപ്പീൽ സ്വീകരിക്കുന്നതിന് മുമ്പ് ഏതു സമയത്തും, കോടതിക്ക്, കാരണം കാണിക്കപ്പെടുന്നതിൻമേൽ, അങ്ങനെയുള്ള ഏതെങ്കിലും ജാമ്യം സ്വീകരിച്ചതു പിൻവലിക്കാവുന്നതും, അതിൻമേൽ കൂടുതൽ നിദേശങ്ങൾ നല്കാവുന്നതുമാണ്.

9ക. മരിച്ചുപോയ കക്ഷികളുടെ സംഗതിയിൽ നോട്ടീസ് വേണ്ടെന്ന് വയ്ക്കാനുള്ള അധികാരം.—എതിർകക്ഷിക്കോ, അപ്പീൽ പ്രതിക്കോ ഏതെങ്കിലും നോട്ടീസ് നടത്താനോ നല്കാനോ ആവശ്യപ്പെടുന്ന ഈ ചട്ടങ്ങളിലെ യാതൊന്നും, ഏതെങ്കിലും മരിച്ചുപോയ എതിർകക്ഷിയുടേയോ മരിച്ചുപോയ അപ്പീൽ പ്രതിയുടേയോ നിയമാനുസൃത പ്രതിനിധിക്ക്, ഏതു കോടതിയുടെ വിധിയെക്കുറിച്ചാണോ പരാതിപ്പെട്ടിട്ടുള്ളത്, ആ കോടതിയിലെ ഹിയറിങ്ങിലോ ആ കോടതിയുടെ വിധിക്ക് ശേഷമുള്ള ഏതെങ്കിലും നടപടികളിലോ അങ്ങനെയുള്ള എതിർകക്ഷിയും അപ്പീൽ പ്രതിയോ ഹാജരാകാതിരുന്ന സംഗതിയിൽ ഏതെങ്കിലും നോട്ടീസ് നടത്താനോ നല്കാനോ ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല ;

എന്നാൽ, 3-ാം ചട്ടം, (2)-ാം ഉപചട്ടത്തിൻകീഴിലും 8-ാം ചട്ടത്തിൻ കീഴിലും ഉള്ള നോട്ടീസുകൾ, അവ വ്യവഹാരം ആദ്യം കൊണ്ടുവന്ന ജില്ലയിലെ, ജഡ്ജിയുടെ കോടതി മന്ദിരത്തിന്റെ ശ്രദ്ധയാകർഷിക്കത്തക്ക വല്ല സ്ഥലത്തും പതിക്കുന്നതുവഴിയും, ആ കോടതി നിദേശിക്കുന്ന വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതുവഴിയും നല്കപ്പെടേണ്ടതാകുന്നു.

10. കൂടുതൽ ജാമ്യമോ പണമൊടുക്കോ ഉത്തരവു ചെയ്യാനുള്ള അധികാരം.—ഒരു അപ്പീൽ സ്വീകരിച്ചതിനുശേഷവും, എന്നാൽ മുൻപറഞ്ഞവിധമൊഴികെയുള്ള റിക്കാർഡിന്റെ പകർപ്പ് സുപ്രീം കോടതിക്ക്, അയച്ചുകൊടുക്കുന്നതിന് മുമ്പും ഉള്ള ഏതു സമയത്തും, അങ്ങനെയുള്ള ജാമ്യം അപര്യാപ്തമാണെന്നു കാണപ്പെടുകയോ,

അല്ലെങ്കിൽ മുൻപറഞ്ഞവിധമൊഴികെയുള്ള റിക്കാർഡിന്റെ പകർപ്പ് തർജ്ജമ ചെയ്യുകയോ; പകർത്തി എഴുതുകയോ, അച്ചടിക്കുകയോ സൂചിക ഉണ്ടാക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യുന്നതിനുവേണ്ടി കൂടുതൽ പണമൊടുക്ക് വേണ്ടിവരുകയോ,

ചെയ്യുന്നിടത്ത്, കോടതിക്ക്, അത് നിജപ്പെടുത്തേണ്ട സമയത്തിനുള്ളിൽ, മററു മതിയായ ജാമ്യം നല്കാനോ സദൃശസമയത്തിനുള്ളിൽ, വേണ്ടിവരുന്ന പണം ഒടുക്കാനോ ഉത്തരവു ചെയ്യാവുന്നതാണ്.

11. ഉത്തരവനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതിന്റെ ഫലം.—അപ്പീൽ വാദി അങ്ങനെയുള്ള ഉത്തരവനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നിടത്ത്, നടപടികരം നിറുത്തിവയ്ക്കേണ്ടതും, സുപ്രീം കോടതിയുടെ ഇതിലേയ്ക്കുള്ള ഉത്തരവുകൂടാതെ അപ്പീൽ തുടർന്നുപോകാൻ പാടില്ലാത്തതും,

ഇതിനിടയിൽ, ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാൻ പാടില്ലാത്തതും ആകുന്നു.

12. ഡെപ്പാസിററ് ബാക്കി തിരിയെ കൊടുക്കൽ.—മുൻപറഞ്ഞവിധി ഒഴികെയുള്ള റിക്കാർഡിന്റെ പകർപ്പ്, സുപ്രീംകോടതിക്ക് അയച്ചുകൊടുത്തിട്ടുള്ളപ്പോരം അപ്പീൽ വാദിക്ക് അയാരം, 7-ാം ഉപചട്ടത്തിൻ കീഴിൽ ഡെപ്പാസിററ് ചെയ്തിട്ടുള്ള തുകയിലെ ബാക്കി (വല്ലതും ഉണ്ടെങ്കിൽ) തിരിയെവാങ്ങാവുന്നതാണ്.

13. അപ്പീൽ നിലവിലിരിക്കുമ്പോരം കോടതിക്കുള്ള അധികാരങ്ങരം.—(1) ഏതെങ്കിലും അപ്പീൽ സ്വീകരിക്കാൻ സർട്ടിഫിക്കററ് നല്കിയിട്ടുണ്ടെന്നിരുന്നാലും കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി നിരുപാധികമായി നടത്തപ്പെടേണ്ടതാകുന്നു.

(2) കോടതിക്ക്, വ്യവഹാരത്തിൽ താൽപ്പര്യമുള്ള ഏതെങ്കിലും കക്ഷി, കാണിക്കുന്നതോ, കോടതിക്ക് മററുവിധത്തിൽ തോന്നുന്നതോ ആയ പ്രത്യേക കാരണത്തിൻമേൽ, യുക്തമെന്നുതോന്നുന്നുവെങ്കിൽ,—

(ക) തർക്കത്തിലുള്ള ഏതെങ്കിലും ജംഗമ വസ്തുവോ, അതിന്റെ ഏതെങ്കിലും ഭാഗമോ ഇംപൗണ്ട് ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) അപ്പീലിൽ സുപ്രീം കോടതി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവിന്റെ മുറപ്രകാരമുള്ള നിർവ്വഹണത്തിന് അപ്പീൽ പ്രതിയിൽനിന്ന് യുക്തമെന്ന് കോടതി കരുതുന്ന ജാമ്യം വാങ്ങി ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ വിധി നടത്താൻ അനുവദിക്കുകയോ, അല്ലെങ്കിൽ

(ഗ) ഏത് വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ വിധിയുടെയോ അല്ലെങ്കിൽ അപ്പീലിൻമേൽ സുപ്രീം കോടതി പാസ്സാക്കുന്ന ഏതെങ്കിലും വിധിയുടേയോ, ഉത്തരവിന്റെയോ മുറപ്രകാരമുള്ള നിർവ്വഹണത്തിന് അപ്പീൽ വാദിയിൽനിന്ന് യുക്തമെന്ന് കോടതി കരുതുന്ന ജാമ്യം വാങ്ങി, ഏതു വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കുകയോ, അല്ലെങ്കിൽ

(ഘ) റിസീവർ നിയമനംവഴിയോ മററു വിധത്തിലോ കോടതിയുടെ സഹായം തേടുന്ന ഏതെങ്കിലും കക്ഷിയെ, യുക്തമെന്നു കരുതുന്ന ഉപാധി കരംക്ക് കീഴിൽ വയ്ക്കുകയോ, അല്ലെങ്കിൽ അപ്പീലിന്റെ വിഷയ വസ്തു സംബന്ധിച്ച് യുക്തമെന്നു കോടതി കരുതുന്ന മററു നിദേശം നല്കുകയോ, ചെയ്യാവുന്നതാണ്.

14. അപര്യാപ്തമെന്നു കാണുന്ന ജാമ്യം വർദ്ധിപ്പിക്കുന്നത്.—(1) അപ്പീൽ നിലവിലിരിക്കെ ഏതെങ്കിലും സമയത്ത് ഇരു കക്ഷികളിൽ ആരെങ്കിലും നല്കിയിട്ടുള്ള ജാമ്യം അപര്യാപ്തമാണെന്ന് തോന്നുന്നിടത്ത്, കോടതിക്ക്, മററെ കക്ഷിയുടെ അപേക്ഷയിൻമേൽ, കൂടുതൽ ജാമ്യം ആവശ്യപ്പെടാവുന്നതാണ്.

(2) കോടതി ആവശ്യപ്പെടുന്നതുപോലെ അങ്ങനെയുള്ള കൂടുതൽ ജാമ്യം നല്കുന്നതിൽ വീഴ്ച വരുത്തിയാൽ,—

(ക) ആദ്യജാമ്യം നല്കിയത് അപ്പീൽ വാദിയാണെങ്കിൽ, കോടതിക്ക് അപ്പീൽ പ്രതിയുടെ അപേക്ഷയിൻമേൽ, ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി, അപ്പീൽവാദി അങ്ങനെയുള്ള ജാമ്യം നല്കിയിട്ടില്ലായിരുന്നാലെന്നപോലെ, നടത്താവുന്നതും ;

(ഖ) ആദ്യജാമ്യം നല്കിയത് അപ്പീൽ പ്രതിയാണെങ്കിൽ, കോടതി പ്രായോഗികമാകുന്നിടത്തോളം, വിധിയുടെ കൂടുതൽ നടത്തൽ നിറുത്തിവയ്ക്കുകയും, അപര്യാപ്തമായി തോന്നുന്ന ജാമ്യം നല്കിയപ്പോൾ കക്ഷികൾ യഥാക്രമം ഉണ്ടായിരുന്ന സ്ഥാനത്ത് അവരെ തിരിയെ വയ്ക്കുകയോ, അല്ലെങ്കിൽ അപ്പീലിൻെറ വിഷയ വസ്തു സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന നിദേശം നല്കുകയോ ചെയ്യുകയും ചെയ്യേണ്ടതും,

ആകുന്നു.

15. സുപ്രീംകോടതിയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കാനുള്ള നടപടിക്രമം.—(1) സുപ്രീംകോടതിയുടെ ഏതെങ്കിലും വിധിയുടേയോ ഉത്തരവിൻേറയോ നടത്തൽ ലഭിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും അപ്പീലിൽ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തതും നടത്താൻ ആവശ്യപ്പെടുന്നതും ആയ വിധിയുടേയോ ഉത്തരവിൻേറയോ സർട്ടിഫൈ ചെയ്ത പകർപ്പ് സഹിതം ഏതു കോടതിയിൽനിന്നാണോ സുപ്രീംകോടതിയിലേക്ക് അപ്പീൽ കൊടുത്തത് ആ കോടതിയോട് ഹർജിവഴി അപേക്ഷിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള കോടതി, സുപ്രീംകോടതിയുടെ വിധിയോ ഉത്തരവോ, ഏത് പ്രഥമവിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്. ആ വിധി പാസ്സാക്കിയ കോടതിക്കോ, അല്ലെങ്കിൽ സുപ്രീംകോടതി, അങ്ങനെയുള്ള വിധിയോ ഉത്തരവോ വഴി നിദേശിക്കുന്ന മററ് കോടതിക്കോ, അയച്ചുകൊടുക്കേണ്ടതും, (ഇരു കക്ഷികളിൽ ആരുടേയെങ്കിലും അപേക്ഷയിൻമേൽ) അത് നടത്താൻവേണ്ട നിദേശങ്ങൾ നല്കേണ്ടതും ; ഏത്കോടതിക്കാണോ മുൻപറഞ്ഞ വിധിയോ ഉത്തരവോ അപ്രകാരം അയച്ചുകൊടുക്കുന്നത്, ആ കോടതി, അതനുസരിച്ച്, ആ കോടതിയുടെ ആദ്യവിധികൾ നടത്തുന്ന രീതിയിലും അവയ്ക്ക് ബാധകമായ വ്യവസ്ഥകൾ അനുസരിച്ചും നടത്തേണ്ടതും ആകുന്നു.

(3) [വിട്ടുകളയപ്പെട്ടു].

(4) സുപ്രീം കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ആ കോടതിയുടെ യാതൊരുവിധിയും അല്ലെങ്കിൽ ഉത്തരവും, ഏതെങ്കിലും മരിച്ചുപോയ എതിർകക്ഷിയുടേയോ മരിച്ചുപോയ അപ്പീൽ പ്രതിയുടേയോ നിയമാനുസൃത പ്രതിനിധിക്ക് ഏതു കോടതിയുടെ വിധിയെക്കുറിച്ചാണോ പരാതിപ്പെട്ടിട്ടുള്ളത്, ആ കോടതിയിലെ ഹീയറിങ്ങിലോ അല്ലെങ്കിൽ ആ കോടതിയുടെ വിധിക്കുശേഷമുള്ള ഏതെങ്കിലും നടപടികളിലോ അങ്ങനെയുള്ള എതിർകക്ഷിയോ അപ്പീൽ പ്രതിയോ ഹാജരാകാതിരുന്ന സംഗതിയിൽ യാതൊരു നോട്ടീസും നടത്തുകയോ നല്കുകയോ ചെയ്തില്ലെന്നുള്ള കാരണത്തിൻമേൽ, പ്രവർത്തനരഹിതമാകുന്നതല്ലാത്തതും ; പ്രത്യുത, അങ്ങനെയുള്ള ഉത്തരവിന് അത് മരണം സംഭവിക്കുന്നതിനുമുമ്പ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

16. നടത്തൽ സംബന്ധിച്ച ഉത്തരവിൽനിന്നുള്ള അപ്പീൽ.—സുപ്രീം കോടതിയുടെ വിധിയോ ഉത്തരവോ നടത്തുന്ന കോടതി, അങ്ങനെയുള്ള നടത്തൽ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അങ്ങനെയുള്ള കോടതിയുടെ സ്വന്തം വിധികളുടെ നടത്തൽ സംബന്ധിച്ചുള്ള അതിന്റെ ഉത്തരവുകൾ എന്ന പോലെ, അതേ രീതിയിലും അതേ ചട്ടങ്ങൾക്ക് വിധേയമായും, അപ്പീൽ കൊടുക്കാവുന്നതായിരിക്കുന്നതാണ്.

17. [വിട്ടുകളയപ്പെട്ടു]

## ആർഡർ XLVI

## റഫറൻസ്

1. ഹൈക്കോടതിക്ക് പ്രശ്നം റഫർ ചെയ്യുന്നത്.—ഏതു വ്യവഹാരത്തിലേയോ അപ്പീലിലേയോ വിധിയാണ് അപ്പീലിന് വിധേയമല്ലാത്തത്, അങ്ങനെയുള്ള വ്യവഹാരമോ അപ്പീലോ, കേൾക്കുന്നതിനുമുമ്പോ ഏതെങ്കിലും കേൾക്കുന്നതിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിധിയുടെ നടത്തലിലോ ആ വ്യവഹാരമോ അപ്പീലോ വിചാരണ ചെയ്യുകയോ, ആ വിധി നടത്തുകയോ ചെയ്യുന്ന കോടതിക്ക് ന്യായമായ സംശയം തോന്നുന്ന നിയമപ്രശ്നമോ നിയമ പ്രാബല്യമുള്ള വഴക്കം സംബന്ധിച്ച പ്രശ്നമോ ഉത്ഭവിക്കുന്നിടത്ത് കോടതിക്ക്, സ്വയമേവ, അല്ലെങ്കിൽ കക്ഷികളിൽ ആരുടേയെങ്കിലും അപേക്ഷയിൻമേൽ, കേസ്സിലെ വസ്തുതകളേയും ഏതു വാദമുഖത്തെക്കുറിച്ചാണ് സംശയം തോന്നുന്നത് ആ വാദമുഖത്തേയും കുറിച്ചുള്ള ഒരു വസ്തുതാവിവരണം തയ്യാറാക്കുകയും, അങ്ങനെയുള്ള വസ്തുതാവിവരണം, ആ വാദമുഖത്തിൻമേലുള്ള അതിന്റെ സ്വന്തം അഭിപ്രായത്തോടുകൂടി ഹൈക്കോടതിയുടെ തീരുമാനത്തിനായി റഫർ ചെയ്യുകയും ചെയ്യാവുന്നതാണ്.

2. കോടതിക്ക് ഹൈക്കോടതിയുടെ തീരുമാനത്തിന് സമാശ്രിതമായ വിധി പാസ്സാക്കാമെന്ന്.—കോടതിക്ക് നടപടികൾ നിറുത്തിവയ്ക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള റഫറൻസ് ഉണ്ടെന്നിരുന്നാലും, കേസ് തുടർന്ന് നടത്തുകയോ ചെയ്യാവുന്നതും, റഫർ ചെയ്ത വാദമുഖത്തിൻമേലുള്ള ഹൈക്കോടതിയുടെ തീരുമാനത്തിന് സമാശ്രിതമായി വിധി പാസ്സാക്കുകയോ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും ;

എന്നാൽ, അങ്ങനെ റഫർ ചെയ്യുന്ന ഏതെങ്കിലും സംഗതിയിൽ, റഫറൻസിൻമേലുള്ള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ പകർപ്പ് കിട്ടുന്നതുവരെ, യാതൊരു വിധിയും അല്ലെങ്കിൽ ഉത്തരവും നടത്താൻ പാടില്ലാത്തതുമാകുന്നു.

3. ഹൈക്കോടതിയുടെ വിധിന്യായം അയച്ചുകൊടുക്കുകയും കേസ് അതനുസരിച്ചു തീർച്ച ചെയ്യുകയും വേണമെന്ന്.—ഹൈക്കോടതി, കക്ഷികൾ ഹാജരാകുകയും തങ്ങൾക്ക് പറയാനുള്ളത് കേൾക്കണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ അവർക്ക് പറയാനുള്ളത് കേട്ടതിനുശേഷം, അപ്രകാരം റഫർ ചെയ്ത വാദമുഖം തീരുമാനിക്കേണ്ടതും, അതിന്റെ വിധിന്യായത്തിന്റെ ഒരു പകർപ്പ് രജിസ്ട്രാരുടെ ഒപ്പ് വച്ചു റഫർ ചെയ്ത കോടതിക്ക് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള കോടതി, അത് കിട്ടുന്നതിൻമേൽ കേസ് ഹൈക്കോടതിയുടെ തീരുമാനത്തിന് അനുരൂപമായി തീർച്ച ചെയ്യാൻ നടപടി തുടരേണ്ടതുമാകുന്നു.

4. ഹൈക്കോടതിക്കുള്ള റഫറൻസിന്റെ കോടതി ചെലവുകൾ.—ഹൈക്കോടതിയുടെ തീരുമാനത്തിനുള്ള റഫറൻസിന്റെ അനന്തരഫലമായ കോടതി ചെലവ്, (വല്ലതും ഉണ്ടെങ്കിൽ) കേസ്സിലെ കോടതി ചെലവുകൾ ആയിരിക്കുന്നതാണ്.

4 ക. ഹൈക്കോടതിക്കുള്ള 113-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിലെ റഫറൻസ്.—2-ം, 3-ം, 4-ം ചട്ടങ്ങളിലെ വ്യവസ്ഥകൾ, 1-ാം ചട്ടത്തിൻ കീഴിലെ റഫറൻസിന് ബാധകമാകുന്നതുപോലെ 113-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ കോടതിയാലുള്ള ഏതെങ്കിലും റഫറൻസിന് ബാധകമാകുന്നതാണ്.

5. റഫർ ചെയ്യുന്ന കോടതിയുടെ വിധി വ്യത്യാസപ്പെടുത്തുക മുതലായവ ചെയ്യാനുള്ള അധികാരം.—ഒരുകേസ് 1-ാം ചട്ടത്തിൻകീഴിലോ, 113-ാംവകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിലോ ഹൈക്കോടതിക്ക് റഫർ ചെയ്യുന്നിടത്ത്, ഹൈക്കോടതിക്ക് കേസ് ഭേദഗതിക്കായി മടക്കാവുന്നതും, ഏതു കേസിൽ നിന്നാണോ റഫറൻസ് ഉത്ഭവിച്ചത് ആ കേസിൽ, റഫർ ചെയ്യുന്ന കോടതി പാസ്സാക്കിയിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും വിധിയോ ഉത്തരവോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാവുന്നതും യുക്തമെന്നുതോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു.

6. സ്മാൾകാസുകളിലെ അധികാരിതയെക്കുറിച്ചുള്ള പ്രശ്നങ്ങൾ ഹൈക്കോടതിക്ക് റഫർ ചെയ്യാനുള്ള അധികാരം.—(1) ഏതു കോടതിയിലാണോ ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളത്, ആ കോടതി വിധിന്യായത്തിനുമുമ്പ് ഏതെങ്കിലും സമയത്ത്, ആ വ്യവഹാരം, അത് സ്മാൾ കാസ് കോടതിക്കു നടപടിക്കെടുക്കാവുന്നതാണോ, അപ്രകാരം നടപടിക്കെടുക്കാവുന്നതല്ലാത്തതാണോ എന്ന് സംശയിക്കുന്നിടത്ത്, അതിന് റിക്കാർഡ്, വ്യവഹാരത്തിന്റെ പ്രകൃതത്തെക്കുറിച്ചുള്ള സംശയത്തിന് അതിനുള്ള കാരണങ്ങളുടെ ഒരു പ്രസ്താവന സഹിതം, ഹൈക്കോടതിക്ക് സമർപ്പിക്കാവുന്നതാണ്.

(2) റിക്കാർഡും പ്രസ്താവനയും കിട്ടുന്നതിൻമേൽ, ഹൈക്കോടതിക്ക് ആ കോടതിയോട് വ്യവഹാരം, തുടർന്നു നടത്താനോ അല്ലെങ്കിൽ ആ വ്യവഹാരം നടപടിക്കെടുക്കാൻ ക്ഷമതയുള്ളതാണെന്ന് ഹൈക്കോടതിയുടെ ഉത്തരവിൽ പ്രഖ്യാപിക്കുന്ന മററ് കോടതിക്ക് ബോധിപ്പിക്കാനായി അന്യായം മടക്കാനോ ഉത്തരവു ചെയ്യാവുന്നതാണ്.

7. സ്മാൾ കാസുകളിലെ അധികാരിതയെക്കുറിച്ചു തെററായി ഉണ്ടായ നടപടികൾ റിവിഷനു സമർപ്പിക്കാൻ ജില്ലാ കോടതികൾക്കുള്ള അധികാരം.—(1) ഒരു ജില്ലാകോടതിക്ക്, അതിന്റെ ഒരു കീഴ്ക്കോടതി, ഒരു വ്യവഹാരം സ്മാൾ കാസ് കോടതിക്ക് നടപടിക്കെടുക്കാവുന്നതാണെന്നോ അപ്രകാരം നടപടിക്കെടുക്കാവുന്നതല്ലെന്നോ, തെററായി തീരുമാനിച്ചതു കാരണമായി, നിയമം അതിൽ നിക്ഷിപ്തമാക്കിയ ഒരു അധികാരിത പ്രയോഗിക്കാതിരുന്നുവെന്നോ അല്ലെങ്കിൽ അപ്രകാരം നിക്ഷിപ്തമാക്കാത്ത ഒരു അധികാരിത പ്രയോഗിച്ചുവെന്നോ തോന്നുന്നിടത്ത്, ജില്ലാകോടതിക്ക് റിക്കാർഡ് വ്യവഹാരത്തിന്റെ പ്രകൃതത്തെക്കുറിച്ചുള്ള കീഴ്ക്കോടതിയുടെ അഭിപ്രായം, തെററാണെന്നു പരിഗണിക്കാൻ അതിനുള്ള കാരണങ്ങളുടെ ഒരു പ്രസ്താവന സഹിതം ഹൈക്കോടതിക്ക് സമർപ്പിക്കാവുന്നതും, ഒരു കക്ഷി ആവശ്യപ്പെടുന്നുവെങ്കിൽ, ജില്ലാകോടതി അപ്രകാരം സമർപ്പിക്കേണ്ടതും ആകുന്നു.

(2) റിക്കാർഡും പ്രസ്താവനയും കിട്ടുന്നതിൻമേൽ, ഹൈക്കോടതിക്ക് കേസിൽ യുക്തമെന്നുതോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(3) ഈ ചട്ടത്തിൻകീഴിൽ ഹൈക്കോടതിക്ക് സമർപ്പിക്കുന്ന ഏതെങ്കിലും കേസിൽ വിധിക്കുശേഷമുള്ള ഏതെങ്കിലും നടപടികൾ സംബന്ധിച്ച് ഹൈക്കോടതിക്ക്, പരിത:സ്ഥിതിയിൽ നീതി പൂർവ്വകമായതും ശരിയായതുമാണെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(4) ജില്ലാക്കോടതിയുടെ കീഴേയായുള്ള ഒരു കോടതി, ജില്ലാക്കോടതി ഈ ചട്ടത്തിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും റിക്കാർഡിനോ വിവരത്തിനോ ആവശ്യപ്പെടുന്നത് അനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

## ആർഡർ XLVII

## റവ്യൂ

1. വിധിന്യായം റവ്യൂ ചെയ്യാനുള്ള അപേക്ഷ.—(1) ആരാണോ—

(ക) ഏതു വിധിയിൽനിന്നോ ഉത്തരവിൽ നിന്നോ ആണ് അപ്പീൽ അനുവദനീയമായിരിക്കുകയും, എന്നാൽ അപ്പീൽ കൊടുത്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള വിധിയാലോ ഉത്തരവിനാലോ,

(ഖ) ഏതു വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ആണ് അപ്പീൽ അനുവദനീയമല്ലാത്തത്, അങ്ങനെയുള്ള വിധിയാലോ ഉത്തരവിനാലോ ; അല്ലെങ്കിൽ

(ഗ) ഒരു സ്മാൾകാസ് കോടതിയിൽനിന്നുള്ള റഫറൻസിൻ മേലുള്ള തീരുമാനത്താലോ ;

താൻ സങ്കടക്കാരനാണെന്നു കരുതുകയും, വിധി പാസ്സാക്കുകയോ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്ത സമയത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയതിനുശേഷവും തന്റെ അറിവിൽപ്പെടാതിരിക്കുകയോ തനിക്ക് ഹാജരാക്കാൻ കഴിയാതിരിക്കുകയോ ചെയ്ത പുതിയതും പ്രധാനമായതുമായ വിഷയമോ തെളിവോ വെളിപ്പെട്ടതിൽനിന്നോ അല്ലെങ്കിൽ പ്രഥമ ദൃഷ്ട്യാ റിക്കാർഡിലുള്ള ഏതെങ്കിലും തെററോ പിശകോ കാരണമായോ, അല്ലെങ്കിൽ മതിയായ മററേതെങ്കിലും കാരണത്താലോ തനിക്കെതിരായി പാസ്സാക്കിയ വിധിയുടേയോ പുറപ്പെടുവിച്ച ഉത്തരവിന്റെയോ ഒരു റവ്യൂ ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരാൾക്കും വിധി പാസ്സാക്കുകയോ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്ത കോടതിയോട് വിധിന്യായത്തിന്റെയോ റവ്യൂവിന് അപേക്ഷിക്കാവുന്നതാണ്.

(2) ഒരു വിധിയിൽനിന്നോ ഉത്തരവിൽനിന്നോ അപ്പീൽ കൊടുക്കാത്ത ഒരു കക്ഷിക്ക്, മററേതെങ്കിലും കക്ഷിയുടെ അപ്പീൽ നിലവിലിരിക്കുന്നുണ്ടെന്നിരുന്നാലും അങ്ങനെയുള്ള അപ്പീലിനുള്ള കാരണം അപേക്ഷകനും അപ്പീൽ വാദിക്കും പൊതുവിലുള്ളതായിരിക്കുന്നിടത്തോ അല്ലെങ്കിൽ താൻ അപ്പീൽ പ്രതിയായിരിക്കെ ഏതു കേസിലാണോ റവ്യൂവിന് അപേക്ഷിക്കുന്നത് ആ കേസ് തനിക്ക് അപ്പീൽകോടതിയോട് ബോധിപ്പിക്കാവുന്നതായിരിക്കുമ്പോഴോ ഒഴികെ, വിധിന്യായത്തിന്റെ റവ്യൂവിന് അപേക്ഷിക്കാവുന്നതാണ്.

വിശദീകരണം.—കോടതിയുടെ വിധിന്യായത്തിനു അടിസ്ഥാനമായിരിക്കുന്ന ഒരു നിയമ പ്രശ്നത്തിൻമേലുള്ള തീരുമാനം ഒരു മേൽക്കോടതിയുടെ മറെറതെങ്കിലും കേസ്സിലെ പിന്നീടുള്ള ഒരു തീരുമാനത്താൽ മറിച്ചു വിധിക്കപ്പെടുകയോ വ്യത്യാസപ്പെടുത്തപ്പെടുകയോ ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത, അങ്ങനെയുള്ള വിധിന്യായം റവ്യൂ ചെയ്യാനുള്ള കാരണമായിരിക്കുന്നതല്ല.

2. [വിട്ടുകളയപ്പെട്ടു]

3. റവ്യൂവിനുള്ള അപേക്ഷകളുടെ ഫാറം.—അപ്പീലുകൾ കൊടുക്കുന്നതിൻെറ രൂപം സംബന്ധിച്ച വ്യവസ്ഥകൾ ആവശ്യകമായ ഭേദഗതികളോടുകൂടെ റവ്യൂവിനുള്ള അപേക്ഷകൾക്ക് ബാധകമായിരിക്കുന്നതാണ്.

4. അപേക്ഷ നിരസിക്കപ്പെടുന്നത് എവിടെയെന്ന്.—(1) ഒരു റവ്യൂവിന് മതിയായ കാരണമില്ലെന്ന് തോന്നുന്നിടത്ത്, കോടതി അപേക്ഷ നിരസിക്കേണ്ടതാകുന്നു.

(2) അപേക്ഷ അനുവദിക്കപ്പെടുന്നത് എവിടെയെന്ന്.—റവ്യൂവിനുള്ള അപേക്ഷ അനുവദിക്കണമെന്ന് അഭിപ്രായമുള്ളിടത്ത്, കോടതി അത് അനുവദിക്കേണ്ടതാകുന്നു :

എന്നാൽ—

(ക) അങ്ങനെയുള്ള യാതൊരപേക്ഷയും, എതിർകക്ഷിക്ക് ഹാജരാക്കാനും, ഏത് വിധിയുടേയോ ഉത്തരവിൻേറയോ റവ്യൂവിനാണ് അപേക്ഷിച്ചിട്ടുള്ളത്, ആ വിധിക്കോ ഉത്തരവിനോ താങ്ങായി അയാൾക്ക് പറയാനുള്ളത് പറയാനും കഴിയുന്നതിനു അയാൾക്ക് മുൻകൂട്ടിയുള്ള നോട്ടീസ് നല്കാതെ അനുവദിക്കാൻ പാടില്ലാത്തതും ;

(ഖ) അങ്ങനെയുള്ള യാതൊരപേക്ഷയും, വിധിയോ ഉത്തരവോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തപ്പോൾ തൻെറ അറിവിൽപ്പെടാതിരുന്നതോ തനിക്ക് ഹാജരാക്കാൻ കഴിയാതിരുന്നതോ ആണെന്ന് അപേക്ഷകൻ ആഖ്യാപിക്കുന്ന പുതിയ വിഷയമോ തെളിവോ വെളിപ്പെട്ടുവെന്ന കാരണത്തിൻമേൽ, അങ്ങനെയുള്ള ആഖ്യാപനം പൂർണ്ണമായി തെളിയിക്കാതെ അനുവദിക്കാൻ പാടില്ലാത്തതും,

ആകുന്നു.

5. രണ്ടോ അതിലധികമോ ജഡ്ജിമാരുള്ള കോടതിയിലെ റവ്യൂവിനുള്ള അപേക്ഷ.—ഏതു വിധിയോ ഉത്തരവോ ആണ് റവ്യൂ ചെയ്യാൻ അപേക്ഷിക്കുന്നത്, ആ വിധിയോ ഉത്തരവോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്ത ജഡ്ജിയോ ജഡ്ജിമാരോ ജഡ്ജിമാരിൽ ഏതെങ്കിലും ഒരാളോ റവ്യൂവിനുള്ള അപേക്ഷ ബോധിപ്പിക്കപ്പെടുന്ന സമയത്ത്, കോടതിയിൽ തുടർന്ന് ഉണ്ടായിരിക്കുകയും, അസാന്നിദ്ധ്യത്താലോ മററ് കാരണത്താലോ അപേക്ഷയ്ക്കു തൊട്ട് പിന്നീടുള്ള ആറുമാസക്കാലത്തേക്ക്, അപേക്ഷ ഏതു വിധിയേയോ ഉത്തരവിനേയോ സംബന്ധിച്ചുള്ളതാണോ, ആ വിധിയോ ഉത്തരവോ പരിഗണിക്കുന്നതിൽനിന്നു തടയപ്പെടാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ജഡ്ജിയോ ജഡ്ജിമാരോ, അവരിൽ ആരെങ്കിലുമോ ആ അപേക്ഷ കേൾക്കേണ്ടതും, ആ കോടതിയിലെ മറെറതെങ്കിലും ജഡ്ജിയോ ജഡ്ജിമാരോ, അത് കേൾക്കാൻ പാടില്ലാത്തതും ആകുന്നു.

6. അപേക്ഷ നിരസിക്കുന്നതു എവിടെയെന്ന്.—(1) റെവ്യൂവിനുള്ള അപേക്ഷ ഒന്നിലധികം ജഡ്ജിമാർ കേൾക്കുകയും, കോടതി തുല്യനിലയിൽ ഭിന്നിക്കുകയും ചെയ്യുന്നിടത്ത്, അപേക്ഷ നിരസിക്കപ്പെടുന്നതാകുന്നു.

(2) ഒരു ഭൂരിപക്ഷമുള്ളിടത്ത്, തീരുമാനം ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ചായിരിക്കേണ്ടതാകുന്നു.

7. നിരസിക്കുന്ന ഉത്തരവ് അപ്പീൽ കൊടുക്കാവുന്നതല്ലെന്ന്. അപേക്ഷ അനുവദിക്കുന്ന ഉത്തരവിനുള്ള ആക്ഷേപങ്ങൾ.—(1) അപേക്ഷ നിരസിക്കുന്ന കോടതി ഉത്തരവ് അപ്പീൽ കൊടുക്കാവുന്നതായിരിക്കുന്നതല്ല. എന്നാൽ, അപേക്ഷ അനുവദിക്കുന്ന ഉത്തരവിന് ഉടൻതന്നെ അപേക്ഷ അനുവദിക്കുന്ന ഉത്തരവിൽനിന്നുള്ള ഒരു അപ്പീൽവഴിയോ, അല്ലെങ്കിൽ വ്യവഹാരത്തിൽ അന്തിമമായി പാസ്സാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഒരു വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ഉള്ള അപ്പീലിലോ ആക്ഷേപം ഉന്നയിക്കാവുന്നതാകുന്നു.

(2) അപേക്ഷ, അപേക്ഷകൻ ഹാജരാകാതിരുന്നതിന്റെ ഫലമായി നിരസിക്കപ്പെട്ടിട്ടുള്ളിടത്ത്, അയാൾക്ക് നിരസിക്കപ്പെട്ട അപേക്ഷ വീണ്ടും ഫയലിൽ എടുക്കാനുള്ള ഉത്തരവിന് അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷ ഹിയറിംഗിന് വിളിച്ചപ്പോൾ, ഹാജരാകുന്നതിൽനിന്ന് അയാൾ മതിയായ കാരണത്താൽ തടയപ്പെട്ടുവെന്നു കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നിടത്ത്, കോടതി, കോടതിച്ചെലവു സംബന്ധിച്ചുള്ളതോ മററു വിധത്തിലുള്ളതോ ആയ യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ അത് തിരിയെ ഫയലിൽ എടുക്കാൻ ഉത്തരവ് ചെയ്യേണ്ടതും ആകുന്നു.

(3) എതിർകക്ഷിക്ക് അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് നടത്തീയിട്ടില്ലാത്തപക്ഷം (2)-ാം ഉപചട്ടത്തിൻകീഴിൽ യാതൊരു ഉത്തരവും, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

8. അനുവദിക്കപ്പെടുന്ന അപേക്ഷ രജിസ്ററർ ചെയ്യലും വീണ്ടും കേൾക്കാനുള്ള ഉത്തരവും.—റെവ്യൂവിനുള്ള ഒരു അപേക്ഷ അനുവദിക്കപ്പെടുമ്പോൾ അതിനെക്കുറിച്ചുള്ള ഒരു കുറിപ്പ് രജിസ്റററിൽ ചേർക്കേണ്ടതും, കോടതിക്ക് കേസ്സ് ഉടൻതന്നെ വീണ്ടും കേൾക്കുകയോ, അല്ലെങ്കിൽ വീണ്ടും കേൾക്കുന്നതു സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

9. ചില അപേക്ഷകൾക്കുള്ള തടസ്സം.—റെവ്യൂവിനുള്ള ഒരു അപേക്ഷയിൻമേൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവോ അല്ലെങ്കിൽ റെവ്യൂവിൻമേൽ പാസ്സാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ വിധിയോ, ഉത്തരവോ റെവ്യൂ ചെയ്യാനുള്ള യാതൊരു അപേക്ഷയും സ്വീകരിക്കപ്പെടുന്നതല്ല.

## ആർഡർ XLVIII

## പലവക

1. പ്രോസസ്സ്, പുറപ്പെടുവിക്കുന്ന കക്ഷിയുടെ ചെലവിൽ നടത്തണമെന്ന്.—(1) ഈ നിയമ സംഹിതയ്ക്കു കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു പ്രോസസ്സും കോടതി മററുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഏതു കക്ഷിക്കുവേണ്ടിയാണോ അത് പുറപ്പെടുവിക്കുന്നത്, ആ കക്ഷിയുടെ ചെലവിൽ നടത്തേണ്ടതാകുന്നു.

(2) നടത്തലിൻെറ കോടതിച്ചെലവ്.—അങ്ങനെയുള്ള നടത്തലിന് ചാർജ്ജ് ചെയ്യേണ്ട കോർട്ടുഫീസ്, പ്രോസസ്സ് പുറപ്പെടുവിക്കുന്നതിനു മുമ്പ് നിജപ്പെടുത്തേണ്ട ഒരു സമയത്തിനുള്ളിൽ ഒടുക്കേണ്ടതാകുന്നു.

2. ഉത്തരവുകളും നോട്ടീസുകളും നടത്തുന്നതു എങ്ങനെയെന്ന്.—ഏതെങ്കിലും ആരംക്ക് നല്കാനോ നടത്താനോ ഈ നിയമസംഹിത ആവശ്യപ്പെടുന്ന എല്ലാ ഉത്തരവുകളും നോട്ടീസുകളും മററു രേഖകളും സമൺസുകൾ നടത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാകുന്നു.

3. അനുബന്ധങ്ങളിലെ ഫാറങ്ങൾ ഉപയോഗിക്കുന്നത്.—അനുബന്ധങ്ങളിൽ കൊടുത്തിട്ടുള്ള ഫാറങ്ങൾ, അവയിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് ഓരോ കേസ്സിൻേറയും പരിത:സ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസങ്ങളോടെ ഉപയോഗിക്കേണ്ടതാകുന്നു.

## ആർഡർ XLIX

## ചാർട്ടേഡ് ഹൈക്കോടതികൾ

1. ഹൈക്കോടതികളുടെ പ്രോസസ്സുകൾ ആരാൽ നടത്തപ്പെടണമെന്ന്.—പ്രതികൾക്കുള്ള സമൺസുകളും, വിധിനടത്തലിലെ റിട്ടുകളും അപ്പീൽ പ്രതികൾക്കുള്ള നോട്ടീസുകളും ഒഴികെ ഹൈക്കോടതിയുടെ സിവിൽ ആദ്യാധികാരിതയുടേയും അതിൻെറ ദാമ്പത്യവിഷയകമായതും, മരണശാസനം സംബന്ധിച്ചുള്ളതും ശാസനം കൂടാതെ മരിച്ചാലുള്ള അവസ്ഥ സംബന്ധിച്ചുള്ളതുമായ അധികാരിതയുടേയും പ്രയോഗത്തിൽ പുറപ്പെടുവിക്കുന്ന രേഖകൾ ഹാജരാക്കാനുള്ള നോട്ടീസും സാക്ഷികൾക്കുള്ള സമൺസുകളും മറേറതൊരു ജുഡിഷ്യൽ പ്രോസസ്സും, വ്യവഹാരങ്ങളിലെ അറോറണികളാലോ, അവർ നിയോഗിക്കുന്ന ആളുകളാലോ ഹൈക്കോടതി ഏതെങ്കിലും ചട്ടത്താലോ ഉത്തരവിനാലോ നിർദ്ദേശിക്കുന്ന മററു ആളുകളാലോ നടത്തപ്പെടാവുന്നതാണ്.

2. ചാർട്ടേഡ് ഹൈക്കോടതികൾ സംബന്ധിച്ചുള്ള ഒഴിവാക്കൽ.—ഈ പട്ടികയിലെ യാതൊന്നും, ഒരു ചാർട്ടേഡ് ഹൈക്കോടതി തെളിവെടുക്കുകയോ, വിധിന്യായങ്ങളും ഉത്തരവുകളും റിക്കാർഡാക്കുകയോ ചെയ്യുന്നതിനായി ഈ നിയമസംഹിതയുടെ പ്രാരംഭത്തിൽ, പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടങ്ങളെ പരിമിതപ്പെടുത്തുകയോ മററു വിധത്തിൽ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല.

3. ചട്ടങ്ങളുടെ ബാധകത.—താഴെ പറയുന്ന ചട്ടങ്ങൾ, ഏതെങ്കിലും ചാർട്ടേഡ് ഹൈക്കോടതിക്ക്, അതിൻെറ സാധാരണമായതോ അസാധാരണമായതോ ആയ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ ബാധകമായിരിക്കുന്നതല്ല, അതായത്;

(1) ആർഡർ VII-ലെ 10-ാം ചട്ടവും 11-ാം ചട്ടത്തിലെ (ഖ)യും (ഗ)യും ഖണ്ഡങ്ങളും;

(2) ആർഡർ X-ലെ 3-ാം ചട്ടം;

(3) ആർഡർ XVI-ലെ 2-ാം ചട്ടം;

(4) ആർഡർ XVIII-ലെ 5-ം, 6-ം, 8-ം, 9-ം, 10-ം, 11-ം, 13-ം, 14-ം, 15-ം, 16-ം ചട്ടങ്ങൾ (തെളിവെടുക്കുന്ന രീതിയെ സംബന്ധിച്ചിടത്തോളം);

(5) ആർഡർ XX-ലെ 1 മുതൽ 8 വരെ ചട്ടങ്ങൾ:

(6) ആർഡർ XXXIII-ലെ 7-ാം ചട്ടം (മെമ്മോറാണ്ടം ഉണ്ടാക്കുന്നത് സംബന്ധിച്ചിടത്തോളം) ;

കൂടാതെ ആർഡർ XLI-ലെ 35-ാം ചട്ടം, അങ്ങനെയുള്ള ഏതെങ്കിലും ഹൈക്കോടതിക്ക്, അതിന്റെ അപ്പീൽ അധികാരിതയുടെ പ്രയോഗത്തിൽ ബാധകമായിരിക്കുന്നതല്ല.

## ആർഡർ L

# പ്രവിശ്യ സ്മാൾകാസ് കോടതികൾ

1. പ്രവിശ്യാ സ്മാൾകാസ് കോടതികൾ.—പ്രവിശ്യ സ്മാൾകാസ് കോടതികൾ ആക്ററ് (1887-ലെ 9)-ൻ കീഴിലോ, അല്ലെങ്കിൽ ബിറാർ സ്മാൾകാസ് കോടതികൾ നിയമം 1905-ൻ കീഴിലോ ഏർപ്പെടുത്തുന്ന കോടതികൾക്കോ, അല്ലെങ്കിൽ മുൻപറഞ്ഞ ആക്ററിനോ നിയമത്തിനോ കീഴിൽ സ്മാൾകാസ് കോടതിയുടെ ആധികാരിത പ്രയോഗിക്കുന്ന കോടതികൾക്കോ അല്ലെങ്കിൽ, ഇൻഡ്യയുടെ മുൻപറഞ്ഞ ആക്ററ് വ്യാപിക്കാത്ത ഏതെങ്കിലും ഭാഗത്തുള്ളതും തൽസ്ഥാനീയ അധികാരിത പ്രയോഗിക്കുന്നതുമായ കോടതികൾക്കോ ഇതിൽ അതിനുശേഷം വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾ വ്യാപിക്കുന്നതല്ല; അതായത്,

(ക) ഈ പട്ടികയിൽ—

(i) ഒരു സ്മാൾകാസ് കോടതി നടപടിക്കെടുക്കുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുള്ള വ്യവഹാരത്തേയും, അല്ലെങ്കിൽ അങ്ങനെയുള്ള വ്യവഹാരങ്ങളിലെ വിധികളുടെ നടത്തലിനേയും ;

(ii) സ്ഥാവരവസ്തുവിനും പങ്കാളിത്ത വസ്തുവിലെ പങ്കാളിക്കുള്ള അവകാശത്തിനും എതിരായ വിധികളുടെ നടത്തലിനേയും, അല്ലെങ്കിൽ ;

(iii) വിവാദ്യകങ്ങൾ തീർച്ചപ്പെടുത്തുന്നതിനേയും, സംബന്ധിക്കുന്നിടത്തോളവും ;

(ഖ) താഴെ പറയുന്ന ചട്ടങ്ങളും ഉത്തരവുകളും:

ആർഡർ II, ചട്ടം 1 (വ്യവഹാരത്തിന്റെ വിരചനം) ;
ആർഡർ X, ചട്ടം 3 (കക്ഷികളെ വിസ്തരിക്കുന്നതിന്റെ റിക്കാർഡ്)
ആർഡർ XV, 4-ാം ചട്ടത്തിൽ വിധിന്യായം ഉടനെ പ്രസ്താവിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നിടത്തോളമൊഴികെ ;
ആർഡർ XVIII, ചട്ടങ്ങൾ 5 മുതൽ 12 വരെ (തെളിവ്) ;
ആർഡർ XLI മുതൽ XLV വരെ (അപ്പീലുകൾ) ;
ആർഡർ XLVII ചട്ടങ്ങൾ 2-ം, 3-ം, 5-ം, 6-ം, 7-ം, (റിവ്യൂ)
ആർഡർ LI.

## ആർഡർ LI

# പ്രസിഡൻസി സ്മാൾകാസ് കോടതികൾ

1. പ്രസിഡൻസി സ്മാൾകാസ് കോടതികൾ.—ആർഡർ V-ലെ 22-ം 23-ം ചട്ടങ്ങളിലും, ആർഡർ XXI-ലെ 4-ം 7-ം ചട്ടങ്ങളിലും ആർഡർ XXVI-ലെ 4-ാം ചട്ടത്തിലും, പ്രസിഡൻസി സ്മാൾകാസ് കോടതികൾ ആക്ററ്, 1852-നാലും വ്യവസ്ഥ ചെയ്യുന്നവിധമൊഴികെ, ഈ പട്ടിക, കൽക്കട്ട, മദ്രാസ്, ബാംബെ എന്നീ പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്മാൾകാസ് കോടതിയിലെ ഏതെങ്കിലും വ്യവഹാരത്തിനോ നടപടിക്കോ വ്യാപിക്കുന്നതല്ല.

അനുബന്ധം ക

# പ്ലീഡിങ്ങുകൾ

## (I) വ്യവഹാരങ്ങളുടെ ശീർഷകങ്ങൾ

............................................കോടതിയിൽ

ക. ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക)................വാദി

അഥി

ഗ. ഘ. (വിവരണവും താമസസ്ഥലവും ചേർക്കുക)...............പ്രതി

## (2) പ്രത്യേക കേസുകളിൽ കക്ഷികളുടെ വിവരണം

[അതതു സംഗതിപോലെ, ഇൻഡ്യയൂണിയൻ അല്ലെങ്കിൽ ....സ്റേററ്]

.........................................ലെ അഡ്വക്കേററ് ജനറൽ

.........................................ലെ കളക്ടർ

.........................................സ്റേററ്

.........................................ൽരജിസ്റേറർഡ് ആഫീസുള്ള ക. ഖ. കമ്പനി, ക്ലിപ്തം.

ഗ. ഘ. കമ്പനിയിലെ ഒരു പബ്ലിക് ആഫീസറായ ക. ഖ.

ക. ഖ (വിവരണവും താമസസ്ഥലവും ചേർക്കുക) തനിക്കും (വിവരണവും താമസസ്ഥലവും ചേർക്കുക) പരേതനായ ഗ. ഘ.യുടെ മററെല്ലാ ഉത്തമർണ്ണൻമാർക്കും വേണ്ടി.

ക. ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക) തനിക്കും, കമ്പനി, ക്ലിപ്തം പുറപ്പെടുവിച്ചിട്ടുള്ള ഡിബഞ്ചറുകളുടെ മററെല്ലാ ധാരകൻമാർക്കും വേണ്ടി.

അഫിഷ്യൽ റിസീവർ

മൈനറായ ക. ഖ., (വിവരണവും താമസസ്ഥലവും ചേർക്കുക) തൻെറ ഉററബന്ധു ഗ. ഘ, (അല്ലെങ്കിൽ കോർട്ട് ആഫ് വാർഡ്സ്) മുഖേന.

ചിത്തഭ്രമമുള്ളവനായ [അല്ലെങ്കിൽ ദുർബല ചിത്തനായ ക. ഖ., (വിവരണവും താമസസ്ഥലവും ചേർക്കുക) തൻെറ ഉററ ബന്ധു ഗ. ഘ. മുഖേന]

............ൽപങ്കാളിത്ത ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ഫേം ആയ ക. ഖ.

ക. ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക) താൻ ഏർപ്പെടുത്തിയിട്ടുള്ള അറേറാർണി ആയ ഗ. ഘ. (വിവരണവും താമസസ്ഥലവും ചേർക്കുക) മുഖേന.

റാക്കൂറിൻെറ സെബാലത്ത് ആയ ക .ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക)

, മരിച്ചുപോയ ഗ. ഘ. യുടെ എക്സിക്യൂട്ടർ ആയ ക. ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക)

മരിച്ചുപോയ ഗ. ഘ., യുടെ അനന്തരാവകാശി ആയ ക. ഖ. (വിവരണവും താമസസ്ഥലവും ചേർക്കുക)

## (3) അന്യായങ്ങൾ

### നമ്പർ 1

### കടം കൊടുത്ത പണം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. 19..............മാസം...............തീയതി വാദി പ്രതിക്ക് 19.... . .. .......മാസം...................തീയതി തിരിയെ നല്കേണ്ടതായ...................... രൂപ കടം കൊടുത്തു.

2. പ്രതി 19..........മാസം...............തീയതി നല്കിയിട്ടുള്ള........... ...........രൂപയല്ലാതെ അത് തിരിയെ നല്കിയിട്ടില്ല.

[വാദി ഏതെങ്കിലും കാലഹരണ നിയമത്തിൽ നിന്നുള്ള ഒഴിവാക്കൽ അവകാശപ്പെടുന്നുവെങ്കിൽ, താഴെപറയും പ്രകാരം പറയുക :— ]

3. വാദി...............തീയതി മുതൽ...............തീയതി വരെ മൈനറായിരുന്നു [അല്ലെങ്കിൽ ചിത്തഭ്രമമുള്ളവനായിരുന്നു]

4. [വ്യവഹാരകാരണം എപ്പോൾ ഉദ്ഭവിച്ചുവെന്നും കോടതിക്ക് അധികാരിത ഉണ്ടെന്നും കാണിക്കുന്ന വസ്തുതകൾ]

5. [അധികാരിതയുടെ ആവശ്യത്തിന് വ്യവഹാരത്തിന്റെ വിഷയകത്തിന്റെ സല,...............രൂപയും കോർട്ടുഫീസിന്റെ ആവശ്യത്തിന്........... രൂപയും ആകുന്നു.]

6. വാദി...............രൂപ, 19.......,...............മാസം...,.........,.......... തീയതി മുതല്ക്കു..................ശതമാനം പലിശ സഹിതം അവകാശപ്പെടുന്നു.

### നമ്പർ 2

### കൂടുതലായി കൊടുത്ത പണം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..............മാസം.............. ....തീയതി വെള്ളിയുടെ ..............കട്ടികൾ, ശുദ്ധവെള്ളിക്ക് തോലയ്ക്കു..........അണ വച്ച് വാങ്ങാൻ വാദി സമ്മതിക്കുകയും വിൽക്കാൻ പ്രതി സമ്മതിക്കുകയും ചെയ്തു.

2. വാദി ങ ച യെകൊണ്ട് മുൻപറഞ്ഞ കട്ടികൾ ശുദ്ധിപരിശോധന ചെയ്യിക്കുകയും, അയാൾക്കു അങ്ങനെയുള്ള ശുദ്ധിപരിശോധനയ്ക്കു പ്രതി പണം കൊടുക്കുകയും, ങ ച ഓരോ കട്ടിയിലും, 1,50 തോല ശുദ്ധ വെള്ളിയുണ്ടെന്ന് പ്രഖ്യാപിക്കുകയും, അതനുസരിച്ച് വാദി പ്രതിക്ക്..........രൂപ കൊടുക്കുകയും ചെയ്തു.

3. ഓരോ കട്ടിയിലും 1,200 തോലമാത്രം ശുദ്ധവെള്ളി അടങ്ങിയിരുന്നതും ആ വസ്തുത, പണം കൊടുത്തപ്പോഠം വാദിക്ക് അറിവില്ലായിരുന്നതും ആകുന്നു.

4. അപ്രകാരം കൂടുതലായി കൊടുത്ത തുക, പ്രതി തിരിയെ നൽകിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും, അവകാശപ്പെടുന്ന നിവർത്തിയും]

## നമ്പർ 3

## നിശ്ചിത വിലയ്ക്കു വിററതും ഡെലിവർ ചെയ്തതുമായ സാമാനങ്ങഠം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. 19.................മാസം..................തീയതി ങ. ച., പ്രതിക്കു [നൂറു വീപ്പ ധാന്യമാവ്, അല്ലെങ്കിൽ ഇതോടു അനുബന്ധിച്ച പട്ടികയിൽ പറയുന്ന സാമാനങ്ങഠം അല്ലെങ്കിൽ പലയിനം സാമാനങ്ങഠം] വിൽക്കുകയും ഡെലിവർ ചെയ്യുകയും ചെയ്തു.

2. മുൻപറഞ്ഞ സാമാനങ്ങഠക്ക്, ഡെലിവർ ചെയ്യുന്നതിൻ മേൽ [അല്ലെങ്കിൽ 19..............മാസം.............ദിവസം, അന്യായം ഫയൽ ചെയ്യുന്നതിന് മുമ്പുള്ള വല്ല ദിവസവും].................രൂപ നൽകാമെന്ന് പ്രതി വാഗ്ദാനം ചെയ്തു.

3. അതു അയാഠം നൽകിയിട്ടില്ല.

4. ങ. ച., 19............മാസം..........തീയതി മരിച്ചു പോയി. അയാളുടെ ഒടുവിലത്തെ മരണപത്രത്തിൽ അയാളുടെ സഹോദരനായ വാദിയെ അയാളുടെ എക്സിക്യൂട്ടർ ആയി നിയമിച്ചു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലെതുപോലെ]

7. ങ. ച യുടെ എക്സിക്യൂട്ടർ എന്ന നിലയിൽ വാദി [അവകാശപ്പെടുന്ന നിവർത്തി] അവകാശപ്പെടുന്നു.

## നമ്പർ 4

## ന്യായമായ ഒരു വിലയ്ക്കു വിററതും ഡെലിവർ ചെയ്തതുമായ സാമാനങ്ങഠം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. 19................മാസം..............തീയതി, വാദി പ്രതിക്ക് ഫർണിച്ചർ സാധനങ്ങഠ) വിൽക്കുകയും, ഡെലിവർ ചെയ്തു, എന്നാൽ വില സംബന്ധിച്ച് പ്രകടമായ യാതൊരു കരാറും ചെയ്തിട്ടില്ല.

2. സാമാനങ്ങഠം ന്യായമായി..............രൂപ വില പിടിപ്പുള്ളതാണ്.

3. പ്രതി പണം നൽകിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവർത്തിയും]

നമ്പർ 5

## പ്രതിയുടെ അപേക്ഷപ്രകാരം ഉണ്ടാക്കിയതും സ്വീകരിക്കപ്പെടാത്തതുമായ സാമാനങ്ങൾ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു.:—

1. 19..............മാസം............തീയതി, ങ. ച യ്ക്കുവേണ്ടി വാദി [ആറു മേശയും അൻപതു കസ്സേരയും] ഉണ്ടാക്കണമെന്നും, ഡെലിവർ ചെയ്യുന്നതിൻമേൽ ങ. ച. ആ സാമാനങ്ങൾക്ക്............ രൂപ നൽകണമെന്നും ങ. ച. വാദിയുമായി കരാർ ചെയ്യുന്നു.

2. വാദി സാമാനങ്ങൾ ഉണ്ടാക്കുകയും 19..........മാസം.................തീയതി അവ ങ. ച. യ്ക്ക് ഡെലിവർ ചെയ്യാമെന്നു ആഫർ ചെയ്യുകയും ചെയ്തു) അപ്രകാരം ചെയ്യാൻ അതിനുശേഷം എപ്പോഴും തയ്യാറും ഒരുക്കവും ആയിരിക്കുകയും ചെയ്തിട്ടുണ്ട്.

3. ങ. ച. സാമാനങ്ങൾ സ്വീകരിക്കുകയോ, അവയ്ക്ക് വില നൽകുകയോ ചെയ്തിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലെതുപോലെയും അവകാശപ്പെടുന്ന നിവർത്തിയും]

നമ്പർ 6

## പുനർ വിൽപ്പനയിൻമേലുള്ള കമ്മി (ലേലത്തിൽ വിററ സാമാനങ്ങൾ)

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. 19.. .......മാസം........തീയതി, വാദി പല ഇനം [സാമാനങ്ങൾ] വിൽപ്പനയ്ക്കുശേഷം പത്തുദിവസത്തിനുള്ളിൽ ക്രേതാവ് വില നൽകുകയും നീക്കം ചെയ്യുകയും ചെയ്യാത്ത എല്ലാ സാമാനങ്ങളും, അയാളുടെ കണക്കിൽ വീണ്ടും ലേലത്തിൽ വിൽക്കണമെന്ന ഉപാധിയ്ക്കു വിധേയമായി, ലേലത്തിൽ വയ്ക്കുകയും, ആ ഉപാധിയെക്കുറിച്ച് പ്രതിക്ക് അറിവ് ഉണ്ടായിരുന്നിരിക്കുകയും ചെയ്തിരുന്നു.

2. പ്രതി, ആ ലേലത്തിൽ, [ഒരു പെട്ടി പിഞ്ഞാണങ്ങൾ]..................രൂപ വിലയ്ക്കു വാങ്ങി.

3. വിൽപ്പന ദിവസവും അതിനുശേഷം [പത്ത് [ദിവസത്തോളവും] പ്രതിക്ക് സാമാനങ്ങൾ ഡെലിവർ ചെയ്യാൻ വാദി തയ്യാറും ഒരുക്കവുമായിരുന്നു.

4. വിൽപ്പനയ്ക്കുശേഷം [പത്തുദിവസത്തിനുള്ളിൽ] പ്രതി, അയാൾ വാങ്ങിയ സാമാനങ്ങൾ കൊണ്ടുപോവുകയോ, അവയ്ക്കു വില നൽകുകയോ ചെയ്തില്ല; അതിനുശേഷവും അപ്രകാരം ചെയ്തിട്ടില്ല.

5. 19... ...................മാസം................തീയതി, വാദി [ആ പെട്ടി പിഞ്ഞാണങ്ങൾ] പ്രതിയുടെ കണക്കിൽ പരസ്യലേലത്തിൽ.............രൂപയ്ക്കു വീണ്ടും വിററു.

6. അങ്ങനെയുള്ള പുനർവിൽപ്പനയ്ക്കുണ്ടായ ചെലവ്............ രൂപയായി.

7. അപ്രകാരം ഉദ്ഭവിച്ച കമ്മിയായ..............രൂപ പ്രതി നൽകിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവർത്തിയും]

നമ്പർ 7

## ന്യായമായ നിരക്കിൽ സേവനങ്ങൾ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു:

1. 19...............മാസം.. :..........തീയതിക്കും, 19........ മാസം...............തീയതിക്കും ഇടയിൽ, വാദി, പ്രതിക്ക്, അയാളുടെ അപേക്ഷയിൻമേൽ, [പലയിനം ചിത്രങ്ങളും, രൂപരേഖകളും, രേഖചിത്രങ്ങളും, വരച്ചുകൊടുത്തിട്ടുള്ളതും] ; എന്നാൽ അങ്ങനെയുള്ള സേവനങ്ങൾക്ക്, നൽകേണ്ട തുക സംബന്ധിച്ച് പ്രകടമായ യാതൊരു കരാറും ചെയ്തിട്ടില്ലാത്തതും ആകുന്നു.

2. സേവനങ്ങൾ പ്രതി പണം നൽകി ന്യായമായി.......... ...... രൂപ വിലപിടിപ്പുള്ളതാണ്.

3. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 8

## ന്യായമായ ചെലവിൽ സേവനങ്ങളും സാധനങ്ങളും

(ശീർഷകം)

മുകളിൽപേർ പറഞ്ഞ വാദിയായ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..........മാസം........... തീയതി,............. ത്ത് വാദി പ്രതിക്ക് വേണ്ടി, അയാളുടെ അപേക്ഷയിൻമേൽ [.....................ൽ ....................നമ്പരായി അറിയപ്പെടുന്ന] ഒരു ഭവനം പണിയുകയും, അതിലേക്കുള്ള സാധനങ്ങൾ നല്കുകയും ചെയ്തു ; എന്നാൽ അങ്ങനെയുള്ള പ്രവൃത്തിക്കും സാധനങ്ങൾക്കും നല്കേണ്ട തുകയെക്കുറിച്ച് പ്രകടമായ യാതൊരു കരാറും ചെയ്തില്ല.

2. ചെയ്ത പ്രവൃത്തിയും, നല്കിയ സാധനങ്ങളും, ന്യായമായി ..............രൂപ വിലപിടിപ്പുള്ളതാണ്.

3. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപൊലെയും അവകാശപ്പെടുന്ന നിവൃത്തിയും ]

## നമ്പർ 9

## ഉപയോഗവും കൈവശവും

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയും മരിച്ചുപോയ ജ. മ, യുടെ മരണപത്രത്തിലെ എക്സിക്യൂട്ടറുമായ, ക, ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..................മാസം....................തീയതി മുതൽ 19.....................മാസം................തീയതിവരെ പ്രതി, മുൻ പറഞ്ഞ ജ. മ യുടെ അനുവാദത്തോടുകൂടി [..................തെരുവിലെ .....................നമ്പർ ഭവനം കൈവശം വച്ചിരുന്നതും, മുൻപറഞ്ഞ കെട്ടിട പരിസരങ്ങളുടെ ഉപയോഗത്തിനു പണം നല്കുന്നത് സംബന്ധിച്ച്, യാതൊരു കരാറും ചെയ്തിട്ടില്ലാത്തതുമാകുന്നു.

2. മുൻപറഞ്ഞ കെട്ടിടപരിസരങ്ങളുടെ മുൻപറഞ്ഞ കാലത്തെ ഉപയോഗം ന്യായമായി................രൂപ വിലപിടിപ്പുള്ളതാകുന്നു.

3. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

6. ജ. മ യുടെ എക്സിക്യൂട്ടർ എന്ന നിലയിൽ വാദി [അവകാശപ്പെടുന്ന നിവൃത്തി] അവകാശപ്പെടുന്നു.

## നമ്പർ 10

## ഒരു അവാർഡിൻമേൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..............മാസം...................തീയതിയും, വാദിയും പ്രതിയും, തങ്ങൾ തമ്മിൽ പത്തുവീപ്പ എണ്ണയുടെ വിലയ്ക്കു വാദി ആവശ്യപ്പെട്ടതും, അത് കൊടുക്കാൻ പ്രതി വിസമ്മതിച്ചതും സംബന്ധിച്ച് ഒരു തർക്കം ഉണ്ടായിരിക്കെ, ആ തർക്കം ങ. ച യുടേയും ച. ഇ യു ടേയും മദ്ധ്യസ്ഥത്തിന് സമർപ്പിക്കാൻ ലിഖിതമായി കരാർ ചെയ്തിട്ടുള്ളതും, അസ്സൽ രേഖ അതോട് അനുബന്ധിച്ചിട്ടുള്ളതും ആകുന്നു.

2. 19..............മാസം..............തീയതി മദ്ധ്യസ്ഥൻമാർ പ്രതി, [വാദിക്ക്............രൂപ നല്കണമെന്നും] അവാർഡ് നല്കി.

3. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ാം ഖണ്ഡികകളിലെതുപോലെയും അവകാശപ്പെടുന്ന,നിവൃത്തിയും]

## നമ്പർ 11

### ഒരു വിദേശവിധിന്യായത്തിൻമേൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെപറയും പ്രകാരം പ്രാസ്താവിക്കുന്നു:—

1. 19....................മാസം.........തീയതി.............. സ്റേററിലെ [അല്ലെങ്കിൽ രാജ്യത്തിലെ]..................സ്ഥലത്ത് ആ സ്റേററിലെ അല്ലെങ്കിൽ രാജ്യത്തിലെ................കോടതി വാദിയും പ്രതിയും തമ്മിൽ അതിൽ നിലവിലുണ്ടായിരുന്ന ഒരു വ്യവഹാരത്തിൽ പ്രതി, വാദിക്ക്.......................രൂപ ആ തീയതി മുതല്ക്കുള്ള പലിശ സഹിതം നല്കണമെന്ന് മുറപ്രകാരം വിധിച്ചു.

2. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 12

### വാടക നല്കുന്നതിന് ജാമ്യക്കാരന് എതിരെ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ. താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19................മാസം..................തീയതി, ങ. ച, വാദിയിൽനിന്ന് [................തെരുവിലെ ..................-ാം നമ്പർ ഭവനം] ..................വർഷത്തെ കാലത്തേയ്ക്ക് മാസം തോറുമായി നല്കേണ്ട ....................രൂപ പ്രതിവർഷ വാടകയ്ക്കു എടുത്തിട്ടുള്ളതാകുന്നു.

2. ങ. ച, യ്ക്ക്, ആ കെട്ടിട പരിസരങ്ങൾ വാടകയ്ക്കു കൊടുത്തതിന്റെ പ്രതിഫലമായി, വാടക നിശ്ചിത സമയത്തിന് നല്കുന്നതു ഗാറൻറി ചെയ്യാൻ പ്രതി കരാർ ചെയ്യുന്നു.

3. 19................മാസത്തെ വാടകയായ..................രൂപ നല്കിയിട്ടില്ല.

[കരാറിലെ നിബന്ധനകൾ പ്രകാരം ജാമ്യക്കാരന് നോട്ടീസ് നല്കുന്നതാവശ്യമാണെങ്കിൽ താഴെ പറയുന്നത് ചേർക്കുക :—]

4. 19................മാസം ..............തീയതി വാടക നല്കാത്തതിനെക്കുറിച്ച്, വാദി, പ്രതിക്കു നോട്ടീസു കൊടുക്കുകയും, പണം നല്കാൻ ആവശ്യപ്പെടുകയും ചെയ്തു.

5. പ്രതി അത് നല്കിയിട്ടില്ല.

[1-ാംനമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതു പോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 13

### ഭൂമി വിലയ്ക്കു വാങ്ങാനുള്ള കരാറിന്റെ ലംഘനം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു. :—

1. 19.................മാസം...............തീയതി, വാദിയും പ്രതിയും ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, ആ അസൽരേഖ, ഇതോട് അനുബന്ധിച്ചിട്ടുള്ളതുമാകുന്നു.

[അല്ലെങ്കിൽ 19..........മാസം....... ..തീയതി...........ഗ്രാമത്തിലെ നാല്പതു ബിഘാ ഭൂമി.............രൂപയ്ക്ക് വാദി പ്രതിക്ക് വില്ക്കുകയും പ്രതി വാദിയിൽനിന്ന് വിലയ്ക്കു വാങ്ങുകയും ചെയ്യണമെന്ന് വാദിയും പ്രതിയും പരസ്പരം കരാർ ചെയ്തു.]

2. 19............മാസം.................തീയതി, വാദി അപ്പോൾ വസ്തുവിന്റെ പൂർണ്ണ ഉടമ ആയിരിക്കെ, [യും, അത് പ്രതിയെ ധരിപ്പിച്ചിരിക്കുന്നതുപോലെ എല്ലാകുടിക്കടങ്ങളിൽനിന്നും വിമുക്തമായിരിക്കുകയും] പ്രതി കരാർ ചെയ്ത തുക നല്കുന്നതിൻമേൽ വസ്തു കൈമാററം ചെയ്യാനുള്ള മതിയായ ഒരു പ്രമാണം, പ്രതിക്ക് ടെൻഡർ ചെയ്തു. [അല്ലെങ്കിൽ മതിയായ ഒരു പ്രമാണം വഴി വസ്തു പ്രതിക്ക് കൈമാററം ചെയ്യാൻ തയാറും ഒരുക്കവുമായിരുന്നതും; ഇപ്പോഴും ആയിരിക്കുന്നതും, അങ്ങനെ ചെയ്യാമെന്ന് ആഫർ ചെയ്തിട്ടുള്ളതും ആണ്.]

3. പ്രതി പണം നല്കിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 14

### വിററ സാമാനങ്ങൾ ഡെലിവർ ചെയ്യാതിരിക്കൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെപറയും പ്രകാരം പ്രാസ്താവിക്കുന്നു :—

1. പ്രതി, വാദിക്ക് 19................മാസം.................തീയതി, (നൂറു വീപ്പ ധാന്യമാവ്) ഡെലിവർ ചെയ്യണമെന്നും, വാദി അതിന് ഡെലിവർ ചെയ്യുന്നതിൻമേൽ..............രൂപ നല്കണമെന്നും, വാദിയും പ്രതിയും 19................മാസം..........തീയതി പരസ്പരം കരാർ ചെയ്തു.

2. സാമാനങ്ങൾ ഡെലിവർ ചെയ്യുന്നതിൻമേൽ പ്രതിക്കു മുൻപറഞ്ഞ തുക കൊടുക്കാൻ മുൻപറഞ്ഞ ദിവസം വാദി തയാറും ഒരുക്കവുമായിരുന്നതും അങ്ങനെ ചെയ്യാമെന്ന് ആഫർ ചെയ്തിരുന്നതും ആകുന്നു.

3. പ്രതി, സാമാനങ്ങൾ ഡെലിവർ ചെയ്തിട്ടില്ലാത്തതും, അങ്ങനെയുള്ള ഡെലിവറിയിൽനിന്ന് തനിക്കു സിദ്ധിക്കുമായിരുന്ന ലാഭം വാദിക്ക് ഇല്ലാതാക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതു പോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 15

### അന്യായമായ പിരിച്ചുവിടൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. വാദി, പ്രതിക്ക് [അക്കൗണ്ടൻറായി, അല്ലെങ്കിൽ ഫോർമാൻ എന്ന നിലയിൽ അല്ലെങ്കിൽ, അതതുസംഗതിപോലെ] സേവനം അനുഷ്ഠിച്ച് കൊടുക്കണമെന്നും, പ്രതി, വാദിയെ ആ നിലയിൽ ഒരു വർഷത്തെ കാലത്തേയ്ക്കു നിയോജിക്കുകയും അയാളുടെ സേവനങ്ങൾക്ക് പ്രതിമാസം ................രൂപ നല്കുകുയും ചെയ്യണമെന്നും വാദിയും പ്രതിയും 19..............മാസം........തീയതി പരസ്പരം കരാർ ചെയ്തു.

2. 19..............മാസം..............തീയതി, വാദി പ്രതിയുടെ സേവനത്തിൽ പ്രവേശിക്കുകയും, അതിനുശേഷം എപ്പോഴും മുൻപറഞ്ഞ വർഷത്തിൽ ബാക്കിയുള്ള കാലം അങ്ങനെയുള്ള സേവനത്തിൽ തുടരാൻ തയാറും ഒരുക്കവും ആയിരുന്നിട്ടുള്ളതും ഇപ്പോഴും ആയിരിക്കുന്നതും, ഇതിനെക്കുറിച്ച് പ്രതിക്ക് എപ്പോഴും അറിവ് ഉണ്ടായിരുന്നിട്ടുള്ളതും ആകുന്നു.

3. 19................മാസം..............തീയതി, പ്രതി വാദിയെ അന്യായമായി ഡിസ്ചാർജ്ചെയ്തിട്ടുള്ളതും, മുൻപറഞ്ഞതുപോലെ സേവനം അനുഷ്ഠിക്കാൻതന്നെ അനുവദിക്കുകയോ തൻെറ സേവനത്തിനു പണം നല്കുകയോ ചെയ്യാൻ വിസമ്മതിച്ചിട്ടുള്ളതും ആകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ാം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 16

### സേവനം അനുഷ്ഠിക്കാനുള്ള കാൺട്രാക്ററിൻെറ ലംഘനം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. വാദി, പ്രതിയെ..........രൂപ പ്രതിവർഷ ശമ്പളത്തിൻമേൽ നിയോജിക്കണമെന്നും, പ്രതി, ഒരു കലാകാരനായി ഒരു വർഷത്തെ കാലം വാദിക്കു സേവനം അനുഷ്ഠിച്ചുകൊടുക്കണമെന്നും 19............മാസം..............തീയതി വാദിയും പ്രതിയും പരസ്പരം കരാർ ചെയ്തു.

2. കരാറിലെ, തൻെറ ഭാഗം നിർവഹിക്കാൻ വാദി എപ്പോഴും തയാറും ഒരുക്കവും ആയിരുന്നിട്ടുള്ളതും അപ്രകാരം ചെയ്യാമെന്ന് 19..............മാസം..........തീയതി ആഫർ ചെയ്തിട്ടുള്ളതും ആകുന്നു.

3. പ്രതി, മുകളിൽ പറഞ്ഞ ദിവസം വാദിയുടെ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും, എന്നാൽ അതിനുശേഷം 19..........മാസം............തീയതി മുൻപറഞ്ഞതുപോലെ വാദിയ്ക്കു സേവനം അനുഷ്ഠിച്ചുകൊടുക്കാൻ വിസമ്മതിച്ചിട്ടുള്ളതുമാകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 17

## ന്യൂനതയുള്ള പണിക്ക്, ഒരു കെട്ടിട നിർമ്മാതാവിനെതിരെ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..............മാസം..............തീയതി, വാദിയും പ്രതിയും ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, ആ അസ്സൽ രേഖ ഇതോട് അനുബന്ധിച്ചിട്ടുള്ളതുമാണ്.

[അല്ലെങ്കിൽ കാൺട്രാക്ററിന്റെ താൽപര്യം പ്രസ്താവിക്കുക.]

[2. വാദി തന്റെ ഭാഗത്ത് കരാറിന്റെ എല്ലാ ഉപാധികളും മുറപ്രകാരം നിർവഹിച്ചു.]

3. പ്രതി, [കരാറിൽ പരാമർശിച്ച വേനം, ചീത്തയും കുശലതയില്ലാത്തതുമായ രീതിയിൽ പണിതു.]

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 18

## ഒരു ക്ലാർക്കിന്റെ വിശ്വസ്ഥതയ്ക്കുള്ള ബാണ്ടിൻമേൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു. :—

1. 19............മാസം............തീയതി വാദി ങ. ച. യെ തന്റെ നിയോജനത്തിൽ ക്ലാർക്കായി എടുത്തു.

2. അതിന്റെ പ്രതിഫലമായി ങ. ച, ക്ലാർക്ക് എന്ന നിലയിൽ വാദിയോടുള്ള തന്റെ കർത്തവ്യങ്ങളം വിശ്വസ്ഥതയോടുംകൂടി നിർവഹിക്കാതിരിക്കുകയോ, അല്ലെങ്കിൽ വാദിയുടെ ഉപയോഗത്തിനായി, തനിക്കു കിട്ടിയ എല്ലാപണത്തിനും കടത്തിന്റെ തെളിവുകൾക്കും അല്ലെങ്കിൽ മററു വസ്തുവിനും, വാദിയോട് കണക്കുപറയാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതു കാരണമായി വാദിക്ക് നേരിടുന്നതും ..........രൂപയിൽ കവിയാത്തതുമായ ഏതു നഷ്ടവും പ്രതി, വാദിക്കു നല്കാമെന്ന് പ്രതി വാദിയുമായി 19..........മാസം..........തീയതി, കരാർ ചെയ്തു.

[അല്ലെങ്കിൽ 2. അതിന്റെ പ്രതിഫലമായി പ്രതി, അതേ തീയതിയിലെ തന്റെ ബാണ്ടുപ്രകാരം ക്ലാർക്കും കാഷ്യറും എന്ന നിലയിൽ വാദിയോടുള്ള തന്റെ കർത്തവ്യങ്ങളം ങ.ച വിശ്വസ്ഥതയോടുകൂടി നിർവ്വഹിക്കുകയും, വാദിക്കുവേണ്ടി ട്രസ്ററായി ഏതെങ്കിലും സമയത്ത് താൻ കയ്യിൽ വയ്ക്കുന്ന എല്ലാ പണത്തിനും, കടത്തിന്റെ തെളിവുകൾക്കും, അല്ലെങ്കിൽ മററു വസ്തുവിനും, വാദിയോട് ന്യായമായി കണക്ക് പറയുകയും ചെയ്യുന്നുവെങ്കിൽ ബാണ്ട് ശൂന്യമായിത്തീരുമെന്നുള്ള ഉപാധിക്ക് വിധേയമായി, വാദിക്ക് പിഴത്തുകയായി................രൂപ നൽകാമെന്ന് സ്വയം ബദ്ധനായിട്ടുള്ളതാണ്.]

[അല്ലെങ്കിൽ 2. അതിന്റെ പ്രതിഫലമായി, അതേതീയതി, പ്രതി, വാദി പേർക്ക് ഒരു ബാണ്ട് ഒപ്പിട്ടു പൂർത്തീകരിച്ചുകൊടുത്തിട്ടുള്ളതും, ആ അസ്സൽ രേഖ ഇതോടനുബന്ധിച്ചിട്ടുള്ളതുമാണ്.]

3. 19..........മാസം............തീയതിക്കും, 19............മാസം ..........തീയതിക്കും ഇടയിൽ വാദിയുടെ ഉപയോഗത്തിന്നായി,............ രൂപ മൂല്യം വരുന്ന പണവും മററു വസ്തുവും ങ. ചയ്ക്കു കിട്ടുകയും, അതിന് അയാൾ വാദിയോടു കണക്ക് പറഞ്ഞിട്ടില്ലാത്തതും അതിപ്പോഴും തരാനുള്ളതും തന്നിട്ടില്ലാത്തതുമായി അവശേഷിക്കുന്നതുമാണ്.

[1-ാം നമ്പർ ഫാറത്തിലുള്ള 4-ം 5-ം ഖണ്ഡിക കളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 19

## വീട്ടുടമയ്ക്ക് വിശേഷനഷ്ടപരിഹാരസഹിതം എതിരായി താൻ വാടകക്കാരനാൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. ................തെരുവിലെ..........നമ്പർ ഭവനം............ വർഷത്തെ കാലത്തേക്ക്, ആ കാലാവധി, വാദിയായ തനും, തൻെറ നിയമാനുസൃത പ്രതിനിധികളും നിർബാധമായി അതിൻെറ കൈവശം അനുഭവിക്കണമെന്ന് കാൺട്രാക്ററ് ചെയ്യുന്ന ഒരു രജിസ്ററർ പ്രമാണംവഴി പ്രതി 19...... മാസം............തീയതി വാദിക്ക് വാടകയ്ക്ക് നൽകി.

2. ഈ വ്യവഹാരം നിലനിറുത്താൻ വാദിയെ അവകാശപ്പെടുത്തുന്നതിന് ആവശ്യകമായ എല്ലാ ഉപാധികളും നിറവേററപ്പെടുകയും എല്ലാ കാര്യങ്ങളും സംഭവിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

3. മുൻപറഞ്ഞ കാലാവധിയിൽ 19..........മാസം...........തീയതി, മുൻപറഞ്ഞ ഭവനത്തിൻെറ നിയമാനുസൃത ഉടമസ്ഥനായ ങ. ച വാദിയെ അതിൽനിന്ന് നിയമാനുസൃതം ഒഴിപ്പിച്ചിട്ടുള്ളതും, ഇപ്പോഴും തന്നെ അതിൻെറ കൈവശത്തിൽനിന്ന് അകററിനിറുത്തുന്നതുമാണ്.

4. അതുവഴി, വാദി മുൻപറഞ്ഞ സ്ഥലത്ത് തയ്യൽക്കാരൻെറ പണി തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിൽനിന്ന് തടയപ്പെടുകയും, സ്ഥലം മാറാൻ..........രൂപ ചെലവാക്കാൻ നിർബന്ധിതനാവുകയും, അങ്ങനെയുള്ള സ്ഥലം മാററത്താൽ ച. ഛയുടേയും ജ. ഝ യുടേയും പതിവ് ഇടപാട് വാദിക്ക് നഷ്ടപ്പെടുകയും ചെയ്തു.

[1-ാം നമ്പർ ഫാറത്തിൽ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 20

## ഒരു നഷ്ടോത്തരവാദകരാറിൻമേൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..........മാസം............തീയതി, ക. ഖയും ഗ. ഘ യും എന്ന അഭിധാനത്തിൻകീഴിലുള്ള കച്ചവടത്തിലെ പങ്കാളികളായിരിക്കെ, വാദിയും പ്രതിയും, പങ്കാളിത്തം വിഘടനം ചെയ്യുകയും, പ്രതി എല്ലാ പങ്കാളിത്ത വസ്തുവും എടുക്കുകയും വച്ചുപോരുകയും ഫേമിൻെറ എല്ലാ

കടങ്ങളും കൊടുത്തുതീർക്കുകയും, ഫേയിലെ ഏതെങ്കിലും ഋണബാദ്ധ്യത കാരണമായി, വാദിക്കെതിരായി കൊണ്ടുവരുന്ന എല്ലാ അവകാശ വാദങ്ങൾക്കും എതിരായി, വാദിയ്ക്ക് നഷ്ടോത്തരവാദം ചെയ്തുകൊടുക്കുകയും ചെയ്യണമെന്ന് പരസ്പരം കരാർ ചെയ്യുകയും ചെയ്തു.

2. വാദി തന്റെ ഭാഗത്തുനിന്ന് കരാറിലെ എല്ലാ ഉപാധികളും മുറപ്രകാരം നിർവ്വഹിച്ചു.

3. 19..........മാസം..........തീയതി, ഫേം ങ. ച യ്ക്ക് തിരിയെ കൊടുക്കാനുള്ള ഒരു കടത്തിൻമേൽ ങ. ച..........ഹൈക്കോടതിയിൽ വാദിക്കും പ്രതിക്കുമെതിരായി ഒരു വിധിന്യായം സമ്പാദിക്കുകയും, 19.......മാസം..........തീയതി, വാദി, അതിന്റെ ബാദ്ധ്യത തീർത്തുകൊണ്ട്......രൂപ നൽകുകയും ചെയ്തു.

4. പ്രതി ആ തുക വാദിക്ക് നൽകിയിട്ടില്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 21

## വഞ്ചനയാൽ വസ്തു നേടുന്നത്

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു :—

1. 19..........മാസം..........തീയതി, പ്രതി, തനിക്ക് ചില സാമാനങ്ങൾ വിൽക്കാൻ വാദിയെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി, താൻ കടം വീടാൻ കഴിവുള്ളവനാണെന്നും, തന്റെ ബാദ്ധ്യതകൾ കഴിച്ചു..........രൂപ ആസ്തിയുള്ളവനാണെന്നും വാദിയെ ധരിപ്പിച്ചു.

2. അതുവഴി..........രൂപ മൂല്യമുള്ള (ഉണക്ക സാമാനങ്ങൾ) പ്രതിക്ക് വിൽക്കാനും (ഡെലിവർ ചെയ്യാനും) വാദിയെ പ്രചോദിപ്പിച്ച് അതിനിടയാക്കി.

3. മുൻപറഞ്ഞ പ്രകാരം ധരിപ്പിച്ച സംഗതികൾ വ്യാജമായിരുന്നതും [അല്ലെങ്കിൽ വ്യാജമായ പ്രത്യേക സംഗതികൾ പ്രസ്താവിക്കുക] അതു അപ്രകാരമാണെന്ന് പ്രതിക്ക് അപ്പോൾ അറിവുണ്ടായിരുന്നതുമാണ്.

4. പ്രതി സാമാനങ്ങൾക്ക് പണം നൽകിയിട്ടില്ല. [അല്ലെങ്കിൽ സാമാനങ്ങൾ ഡെലിവർ ചെയ്തിട്ടില്ലെങ്കിൽ] സാമാനങ്ങൾ തയ്യാറാക്കുകയും കയററി കപ്പലിൽ അയക്കുകയും ചെയ്യുന്നതിനും അവ വീണ്ടെടുക്കുന്നതിനുമായി വാദി..........രൂപ ചെലവാക്കി.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 22

## വഞ്ചനാപൂർവ്വം മററൊരാൾക്ക്, കടമായി സാധനങ്ങൾ കിട്ടാറാക്കിയത്

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. ങ. ച കടം വീട്ടാൻ കഴിവുള്ളവനും നല്ല വിശ്വാസ്യത ഉള്ളവനു

മാണെന്നും; തന്റെ എല്ലാ ബാദ്ധ്യതകളും കഴിച്ചു........രൂപ ആസ്തി യുള്ളവനാണെന്നും, [അല്ലെങ്കിൽ ങ. ച അപ്പോൾ ഒരു ഉത്തരവാദിത്വമുള്ള സ്ഥാനം വഹിക്കുകയും നല്ല പരിത:സ്ഥിതികളിൽ ആയിരിക്കുകയും ചെയ്തിരുന്നുവെന്നും, കടമായി സാമാനങ്ങൾ നൽകുന്നതിൽ അയാളെ തികച്ചും വിശ്വസിക്കാമെന്നും] പ്രതി വാദിയെ 19.........മാസം......... തീയതി ധരിപ്പിച്ചു.

2. അതുവഴി.........രൂപ മൂല്യമുള്ള [അരി] [.........മാസ ത്തേക്ക് കടമായി] ങ. ച യ്ക്ക് വിൽക്കാൻ വാദിയെ പ്രചോദിപ്പിച്ച് അതിനിട യാക്കി.

3. മുൻപറഞ്ഞപ്രകാരം ധരിപ്പിച്ച സംഗതികൾ വ്യാജമായിരുന്നതും, അത് അപ്രകാരമാണെന്ന് പ്രതിക്ക് അപ്പോൾ അറിവുണ്ടായിരുന്നതും, വാദിയെ കബളിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യണമെന്ന് [അല്ലെങ്കിൽ വാദിയെ കബളിപ്പിക്കുകയും വാദിക്ക് ക്ഷതിയേൽപിക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി] അയാൾ അങ്ങനെ ചെയ്തിട്ടുള്ളതുമാണ്.

4. ങ. ച [മുൻപറഞ്ഞ കടം അനുവദിച്ചതിന്റെ സമയം കഴിഞ്ഞപ്പോൾ ആ സാമാനങ്ങൾക്ക് പണം നൽകിയിട്ടില്ലാത്തതും, അല്ലെങ്കിൽ] മുൻപറഞ്ഞ അരിക്ക് പണം നൽകിയിട്ടില്ലാത്തതും, വാദിക്ക് അത് മുഴുവനും നഷ്ടപ്പെട്ടി ട്ടുള്ളതുമാണ്.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 23

## വാദിയുടെ ഭൂമിയുടെ കീഴെയുള്ള വെള്ളം ദുഷിപ്പിക്കുന്നത്

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു :—

1. വാദിക്ക്.........പേർ പറയപ്പെടുന്നതും.........ൽ സ്ഥിതി ചെയ്യുന്നതുമായ കുറച്ചു ഭൂമിയും, അതിലുള്ള ഒരു കിണറും, കിണററിലെ വെള്ളവും കൈവശമുള്ളതും, ഇതിൽ ഇതിനുശേഷം പറയുന്ന എല്ലാ സമയത്തും കൈവശം ഉണ്ടായിരുന്നതും, കിണററിന്റേയും അതിലെ വെള്ളത്തിന്റേയും ഉപ യോഗത്തിനും ഗുണാനുഭവത്തിനും, ആ കിണററിൽ എത്തിച്ചേരാനായി കിണ ററിലേക്ക് ഒഴുകിവരുന്ന ചില ഉറവകളും അരുവികളും ദുഷിപ്പിക്കപ്പെടുകയോ മലിനപ്പെടുത്തപ്പെടുകയോ ചെയ്യാതെ ഒഴുകിവന്നു കിട്ടുന്നതിനും അവകാശമു ണ്ടായിരുന്നതും ആണ്.

2. 19.........മാസം.........തീയതി, പ്രതി അന്യായമായി കിണറും അതിലെ വെള്ളവും കിണററിലേക്ക് ഒഴുകിയിരുന്ന ഉറവകളും അരുവി കളും മലിനപ്പെടുത്തുകയും ദുഷിപ്പിക്കുകയും ചെയ്തു.

3. തൽഫലമായി, കിണററിലെ വെള്ളം മലിനവും വീട്ടാവശ്യങ്ങൾക്കും മററ് ആവശ്യകമായ കാര്യങ്ങൾക്കും പററാത്തതുമായിത്തീരുകയും, വാദിയ്ക്കും, അയാളുടെ കുടുംബത്തിനും കിണററിന്റേയും അതിലെ വെള്ളത്തിന്റേയും ഉപയോഗവും ഗുണാനുഭവവും ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 24

## ഹാനികരമായ നിർമ്മാണം നടത്തിക്കൊണ്ടുപോവുന്നത്

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ, താഴെ പറയും പ്രകാര പ്രസ്താവിക്കുന്നു :—

1. വാദിക്ക്...................പേർ പറയുന്നതും............ സ്ഥിതി ചെയ്യുന്നതുമായ ചില ഭൂമികൾ കൈവശമുള്ളതും അതിൽ ഇതിന ശേഷം പറയുന്ന എല്ലാ ചമയങ്ങളും കൈവശമുണ്ടായിരുന്നതുമാണ്.

2. 19..........മാസം..........തീയതി മുതൽ, എപ്പോഴും പ്രതി അയാൾ നടത്തിക്കൊണ്ടുപോകുന്ന ചില ലോഹശുദ്ധീകരണശാലകളിൽനിന്ന അന്യായമായി വളരെയധികം ദുസ്സഹവും അസ്വാസ്ഥ്യജനകവുമായ പുകയു മററ് ആവികളും ഹാനികരമായ പദാർത്ഥവും പുറപ്പെടുവിപ്പിച്ചിട്ടുള്ളതും അവ മുൻപറഞ്ഞ ഭൂമികളുടെ മുകളിൽ വ്യാപിക്കുകയും വായു ദുഷിപ്പിക്ക കയും, ഭൂമികളുടെ ഉപരിതലത്തിൽ തങ്ങിനിൽക്കുന്നതുമാകുന്നു.

3. അതുവഴി ആ ഭൂമികളിൽ വളരുന്ന വാദിയുടെ വൃക്ഷങ്ങളും, ചെട വേലികളും, പുൽത്തകിടികളും വിളകളും നാശനഷ്ടപ്പെടുകയും കേടു വര കയും ചെയ്ത് ട്ടുള്ളതും, ആ ഭൂമികളിലുള്ള വാദിയുടെ കന്നുകാലികളു മററ് വളർത്തുജന്തുക്കളും അനാരോഗ്യസ്ഥിതിയിൽ ആവുകയും, അവയിര വളരെ എണ്ണം വിഷബാധ ഏററു ചത്തുപോവുകയും ചെയ്തിട്ടുള്ളതു ആകുന്നു.

4. വാദിക്ക് മററുവിധത്തിൽ ആയിരുന്നുവെങ്കിൽ ചെയ്യാമായിരുന്നത പോലെ, ഭൂമികളിൽ ആടുമാടുകളെ മേയ്ക്കാൻ കഴിയാതിരിക്കുകയും, തൻെ ആടുമാടുകളേയും കൃഷിപ്പണിയ്ക്കുള്ള കന്നുകാലികളേയും അവിടെനിന്ന നീക്കം ചെയ്യേണ്ടിവരികയും, ഭൂമികളുടെ, മററുവിധത്തിൽ ആയിരുന്നുവെങ്കിര സിദ്ധിക്കുമായിരുന്നത്ര ഗുണകരവും ആരോഗ്യപ്രദവുമായ ഉപയോ കൈവശങ്ങൾ സിദ്ധിക്കുന്നതിൽനിന്ന് വാദി തടയപ്പെടുകയും ചെയ്ത ട്ടുള്ളതാണ്.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയു അവകാശപ്പെടുന്ന നിവൃത്തിയും]

നമ്പർ 25

## വഴി നടക്കാനുള്ള അവകാശം തടസ്സപ്പെടുത്തൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ, താഴെപറയും പ്രകാരം പ്രസ്ത വിക്കുന്നു ;

1. വാദിക്ക് [........ഗ്രാമത്തിൽ ഒരു ഭവനം] കൈവശമുള്ളതും, ഇതിര ഇതിനുശേഷം പറയുന്ന സമയത്ത് കൈവശമുണ്ടായിരുന്നതും ആകുന്നു.

2. വാദിക്ക് ഒരു പ്രത്യേക കൃഷിസ്ഥലത്തിലൂടെ ആ ഭവനത്തിര നിന്നു പബ്ലിക് ഹൈവേയിലേക്കും ആ കൃഷിസ്ഥലത്തിലൂടെ ഹൈവെയിര നിന്നു തിരിയെ ആ ഭവനത്തിലേക്കും ഉള്ളതും, തനിക്കും തൻെറ ഭൃത്യ മാർക്കും വേണ്ടിയുള്ളതും [വാഹനസഹിതമോ കാൽനടയായോ] വർഷത്തിര എല്ലാ സമയത്തേക്കുമുള്ളതും ആയ വഴിക്കുള്ള അവകാശം ഉണ്ടായിരുന്നു.

3. വാദിക്ക് [വാഹന സഹിതം അല്ലെങ്കിൽ കാൽനടയായി അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ] ആ വഴിയിലൂടെ കടന്നുപോകാൻ കഴിയാത്തവിധം 19............മാസം............തീയതി, പ്രതി അന്യായമായി മുൻപറഞ്ഞ വഴി തടസ്സപ്പെടുത്തിയിട്ടുള്ളതും [അതിനുശേഷം എപ്പോഴും അതു അന്യായമായി തടസ്സപ്പെടുത്തിയിട്ടുള്ളതും] ആകുന്നു.

4. [പ്രത്യേക നാശനഷ്ടം, വല്ലതുമുണ്ടെങ്കിൽ പ്രസ്താവിക്കുക]

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 26

## ഹൈവേ തടസ്സപ്പെടുത്തൽ

(ശീർഷകം)

1. പ്രതി..........ൽനിന്ന്..........ലേക്കുള്ള പബ്ലിക്ക് ഹൈവേയിൽ, അതിനെ തടസ്സപ്പെടുത്തത്തക്കവിധം അന്യായമായി കിടങ്ങു കുഴിക്കുകയും മണ്ണും കല്ലുകളും കൂമ്പാരം കൂട്ടുകയും ചെയ്തു.

2. അതുവഴി മുൻപറഞ്ഞ ഹൈവേയിലൂടെ നിയമാനുസരണം കടന്നു പോയിക്കൊണ്ടിരിക്കെ, വാദി, മുൻപറഞ്ഞ മണ്ണിനും കല്ലുകൾക്കുംമീതെ [അല്ലെങ്കിൽ മുൻപറഞ്ഞ കിടങ്ങിനുള്ളിലേക്ക്] വീഴുകയും, വാദിയുടെ കൈ ഒടിയുകയും, വാദി വലിയ വേദന അനുഭവിക്കുകയും, ദീർഘകാലം തൻെറ കാര്യങ്ങൾ നോക്കുന്നതിൽനിന്നു തടയപ്പെടുകയും, വാദിക്ക് വൈദ്യ സഹായത്തിനു ചെലവു നേരിടുകയും ചെയ്തു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 27

## ഒരു വെള്ളച്ചാൽ തിരിച്ചുവിടൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിആയ ക. ഖ. താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു :—

1. വാദിക്ക്..........ജില്ലയിൽ............ ഗ്രാമത്തിലുള്ള........ പേര് പറയപ്പെടുന്ന അരുവിയുടെ വക്കത്തു സ്ഥിതി ചെയ്യുന്ന ഒരു മിൽ കൈവശമുള്ളതും, ഇതിൽ ഇതിനുശേഷം പറയുന്ന സമയത്ത് കൈവശം ഉണ്ടായിരുന്നതും ആകുന്നു.

2. അങ്ങനെയുള്ള കൈവശം കാരണമായി, വാദിയ്ക്ക് മിൽ പ്രവർത്തിപ്പിക്കുന്നതിന ആ അരുവിയുടെ നീരൊഴുക്കിന് അവകാശമുണ്ടായിരുന്നു.

3. 19............മാസം............തീയതി, പ്രതിഅരുവിയുടെ കര മുറിച്ചതുവഴി അതിലെ വെള്ളം അന്യായമായി തിരിച്ചുവിട്ടിട്ടുള്ളതും അതിനാൽ വാദിയുടെ മില്ലിലേക്ക് വെള്ളം കുറവായി ഒഴുകാൻ തുടങ്ങിയിട്ടുള്ളതുമാകുന്നു.

4. അതു കാരണമായി, മുൻപറഞ്ഞ വെള്ളം തിരിച്ചുവിടലിനു മുമ്പ്, പ്രതിദിനം............ചാക്കു പൊടിക്കാൻ കഴിഞ്ഞിരുന്നിട്ടത്ത്, വാദിക്ക് പ്രതിദിനം............ചാക്കുകളിൽ അധികം പൊടിക്കാൻ കഴിയാതായിരിക്കുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖഡ്ണികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും.]

## നമ്പർ 28

## വെള്ളം ജലസേചനത്തിന് ഉപയോഗിക്കാനുള്ള തടസ്സപ്പെടുത്തൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക., ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു.—

1. വാദിക്ക്..............സ്ഥിതി ചെയ്യുന്ന, ചില ഭൂമികൾ കൈവശമുള്ളതും, ആ ഭൂമികൾ ജലസേചനം ചെയ്യുന്നതിന് ഒരു അരുവിയിലെ വെള്ളത്തിന്റെ ഒരു ഭാഗം, എടുക്കാനും ഉപയോഗിക്കാനും അവകാശമുള്ളതും, ഇതിൽ ഇതിനുശേഷം പറയുന്ന സമയത്ത്, അപ്രകാരം കൈവശവും അവകാശവും ഉണ്ടായിരുന്നതുമാണ്.

2. 19............മാസം..........തീയതി, മുൻപറഞ്ഞ അരുവിയെ അന്യായമായി തടസ്സപ്പെടുത്തുകയും തിരിച്ചുവിടുകയും ചെയ്തതുവഴി, പ്രതി മുൻപറഞ്ഞ വിധം മുൻപറഞ്ഞ വെള്ളത്തിന്റെ മുൻപറഞ്ഞ ഭാഗം എടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽനിന്ന് വാദിയെ തടസ്സപ്പെടുത്തി.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 29

## ഒരു റയിൽപാതയിൽ ഉപേക്ഷയാൽ ഉളവാകുന്ന ക്ഷതികൾ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക., ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. 19..........മാസം..............തീയതി പ്രതികൾ............നും ............നും ഇടയിൽ യാത്രക്കാരുടെ റയിൽവഴിയുള്ള പൊതുകാരിയർമാരായിരുന്നു.

2. ആ ദിവസം മുൻപറഞ്ഞ റയിൽവേയിൽ, പ്രതികളുടെ വാഹനങ്ങളിൽ ഒന്നിൽ വാദി യാത്രക്കാരനായിരുന്നു.

3. അയാൾ അങ്ങനെ യാത്രക്കാരനായിരിക്കുമ്പോൾ,................ വച്ച് [അല്ലെങ്കിൽ..........സ്റേറഷന് സമീപത്തുവച്ച്, അല്ലെങ്കിൽ........സ്റേറഷനും..........സ്റേറഷനും ഇടയിൽവച്ച്] മുൻപറഞ്ഞ റയിൽവേയിൽ പ്രതികളുടെ ജീവനക്കാരുടെ ഉപേക്ഷയാലും, അവിദഗ്ധതയാലും ഉളവായ ഒരു കൂട്ടിമുട്ടൽ ഉണ്ടാവുകയും, അതുവഴി വാദിക്ക്, [തന്റെ കാൽ ഒടിയുക, തല മുറിയുക, മുതലായവയാൽ പ്രത്യേക നാശനഷ്ടം, വല്ലതും ഉണ്ടെങ്കിൽ പ്രസ്താവിക്കുക] വളരെ ക്ഷതിയേൽക്കുകയും, വൈദ്യസഹായത്തിന് വാദിക്ക് ചെലവു നേരിട്ടിട്ടുള്ളതും [ഒരു വില്പനക്കാരൻ] എന്ന നിലയിലുള്ള തന്റെ മുൻ ബിസിനസ്സ് നടത്തിക്കൊണ്ടു പോകാൻ സ്ഥിരമായി താൻ കഴിവില്ലാത്തവനാക്കപ്പെട്ടിട്ടുള്ളതും ആകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

[അല്ലെങ്കിൽ താഴെ പറയും പ്രകാരം.—2. ആ ദിവസം പ്രതികൾ തങ്ങളുടെ ജീവനക്കാർവഴി ഒരു എഞ്ചിനും, അതിനോടു ബന്ധിച്ച, കാര്യേജു കളുടെ ഒരു ട്രെയിനും, വാദി അപ്പോൾ നിയമാനുസൃതം മുറിച്ചുകടക്കു കയായിരുന്ന പ്രതിയുടെ റയിൽവേക്ക് മീതേയും അതിലൂടെയും, ആ എഞ്ചിനും ട്രെയിനും വാദിയുടെ നേർക്ക് ഓടിച്ചുമുട്ടിക്കത്തക്കവിധം അത്ര ഉപേക്ഷയോടും അവിദഗ്ധതയോടും ഓടിക്കുകയും, കൈകാര്യം ചെയ്യുകയും ചെയ്തു. അതിനാൽ..............3-ാം ഖണ്ഡികയിലേതു പോലെ]

നമ്പർ 30

## ഉപേക്ഷാപൂർവ്വം ഓടിക്കുന്നതിനാലുളവാകുന്ന ക്ഷതികൾ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക, ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. വാദി..............സ്ഥലത്ത് ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്ന ഒരു ചെരിപ്പുകുത്തിയാണ്. പ്രതി.................ലെ ഒരു കച്ചവടക്കാരനാണ്.

2. 19..........മാസം............തീയതി, ഉച്ചതിരിഞ്ഞ് ഉദ്ദേശം 3 മണിക്ക്, വാദി കൽക്കട്ട നഗരത്തിൽ, ചൗരംഗിയിലൂടെ തെക്കോട്ടു നടന്നുപോവുകയായിരുന്നു.

വാദിക്ക്, ചൗരംഗിയിലേക്കു ലംബമായി വന്നുചേരുന്ന ഒരു തെരുവായ മിഡിൽട്ടൺ തെരുവ് മുറിച്ച് കടക്കേണ്ടതായിവന്നു. വാദി ഈ തെരുവു മുറിച്ചു കടക്കുമ്പോൾ, അതിന്റെ മറുവശത്തു നടപ്പാതയിൽ എത്തുന്ന തിനു തൊട്ടുമുൻപ്, പ്രതിയുടെ ജീവനക്കാരുടെ ചാർജ്ജിലും നിയന്ത്രണ ത്തിലുമുള്ളതും രണ്ടു കുതിരകൾ വലിക്കുന്നതുമായ പ്രതിയുടെ ഒരു വണ്ടി, ഉപേക്ഷാപൂർവ്വവും പെട്ടെന്നും, യാതൊരു മുന്നറിയിപ്പുംകൂടാതേയും, അത്യധികവും ആപൽക്കരവുമായ വേഗത്തിൽ മിഡിൽട്ടൺ തെരുവിൽ നിന്ന് ചൗരംഗിയിലേക്ക് തിരിച്ചു. വണ്ടിയുടെ തണ്ട് വാദിയുടെ മേൽ മുട്ടുകയും വാദിയെ താഴെ തള്ളിയിടുകയും, കുതിരകൾ വാദിയെ കുറെ യധികം ചവിട്ടുകയും ചെയ്തു.

3. ആ ഇടിയും വീഴ്ചയും ചവിട്ടും കാരണം വാദിയുടെ ഇടത്തെ കൈ ഒടിയുകയും അയാളുടെ പാർശ്വങ്ങളിലും മുതുകിലും കൂടാതെ ഉൾഭാഗത്തും, പരുക്കും ക്ഷതിയും ഏൽക്കുകയും, തൽഫലമായി വാദി നാലുമാസം രോഗബാധിതനാവുകയും യാതന അനുഭവിക്കുകയും ചെയ്യുകയും വാദിക്ക് തന്റെ ബിസിനസ്സ് നോക്കാൻ കഴിവില്ലാതാവുകയും, ചികിത്സാ സംബന്ധമായും മററുമുള്ള ഭാരിച്ച ചെലവു നേരിടുകയും, ബിസിനസ്സിനും ലാഭത്തിനും വലുതായ നഷ്ടം നേരിടുകയും ചെയ്തു.

(1)-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും. അവകാശപ്പെടുന്ന നിവൃത്തിയും)

## നമ്പർ 31

## ദുരുദ്ദേശപൂർവ്വകമായ പ്രാസിക്യൂഷൻ സംബന്ധിച്ച്

(ശീർഷകം)

മുകളിൽ പേർപറഞ്ഞ വാദിയായ ക, ഖ. താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു:—

1. 19... ......മാസം..........തീയതി..........പ്രതി.......... എന്ന ചാർജിൻമേൽ [മുൻപറഞ്ഞ നഗരത്തിലെ ഒരു മജിസ്ട്രേററ് അല്ലെങ്കിൽ, അതതു സംഗതിപോലെ] ആയ................ൽനിന്ന് ഒരു അറസ്ററ് വാറൻറ് സമ്പാദിക്കുകയും അതിൻമേൽ വാദി അറസ്ററ് ചെയ്യപ്പെടുകയും ............[ദിവസം അല്ലെങ്കിൽ മണിക്കൂറുകൾ] തടവിലാക്കപ്പെടുകയും [തൻെറ വിമോചനം നേടുന്നതിനായി........രൂപയുടെ ജാമ്യം നല്കുകയും] ചെയ്തു.

2. അപ്രകാരം ചെയ്യുന്നതിൽ പ്രതി ദുരുദ്ദേശപൂർവ്വവും ന്യായമായതോ, സംഭാവ്യമായതോ ആയ കാരണം കൂടാതേയും പ്രവർത്തിച്ചിട്ടുള്ളതാണ്.

3. 19......... മാസം..........തീയതി, മജിസ്ട്രേററ്, പ്രതിയുടെ പരാതി, തള്ളിക്കളയുകയും വാദിയെ കുററവിമുക്തനാക്കുകയും ചെയ്തു.

4. വാദിക്ക്, പേർ അറിയാത്ത അനവധി ആളുകൾ, അറസ്ററിനെ ക്കുറിച്ച്കേട്ട്, വാദി കുററവാളിയാണെന്ന് കരുതി, വാദിയുമായി ബിസിനസ്സ് ചെയ്യുന്നത് അവസാനിപ്പിച്ചിട്ടുള്ളതാണ്; അല്ലെങ്കിൽ മുൻപറഞ്ഞ അറസ്ററിൻെറ അനന്തരഫലമായി, വാദിക്ക് ങ, ച യുടെ ക്ലർക്ക് എന്ന സ്ഥാനം നഷ്ടപ്പെട്ടിട്ടുള്ളതാണ്; അല്ലെങ്കിൽ തൽഫലമായി വാദി ശാരീരികവും മാനസികവുമായ വേദന അനുഭവിക്കുകയും, തൻെറ ബിസിനസ്സ് നടത്തുന്നതിൽനിന്ന് തടയപ്പെടുകയും, വാദിയുടെ വിശ്വാസ്യതയ്ക്ക് ക്ഷതിയുളവാകുകയും മുൻപറഞ്ഞ തടവിൽനിന്ന് വിമോചനം നേടുന്നതിനും മുൻപറഞ്ഞ പരാതിക്കെതിരായി, സ്വയം പ്രതി വാദം നടത്തുന്നതിനും വാദിക്ക് ചെലവു നേരിടുകയും ചെയ്തിട്ടുള്ളതാണ്.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെയും അവകാശപ്പെടുന്ന നിവൃത്തിയും]

## നമ്പർ 32

## അന്യായമായി തടഞ്ഞുവച്ച ജംഗമങ്ങൾ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക, ഖ; താഴെപറയുംപ്രകാരം പ്രസ്താവിക്കുന്നു.

1. 19............മാസം .........തീയതി, ഇതോട് അനുബന്ധിച്ച പട്ടികയിൽ പറയുന്ന സാമാനങ്ങൾ [അല്ലെങ്കിൽ സാമാനങ്ങൾ വിവരിക്കുക] വാദിക്ക് ഉടമപ്പെട്ടിരുന്നതും, [അല്ലെങ്കിൽ കൈവശാവകാശം കാണിക്കുന്ന വസ്തുതകൾ പ്രസ്താവിക്കുക] അവയുടെ മതിപ്പുമൂല്യം.. ......ആയിരിക്കുന്നതുമാണ്.

2. ആ ദിവസം മുതൽ ഈ വ്യവഹാരത്തിൻെറ പ്രാരംഭംവരെ പ്രതി, അവ വാദിയിൽനിന്ന് തടഞ്ഞുവച്ചിട്ടുള്ളതാണ്.

3. വ്യവഹാരത്തിന്റെ പ്രാരംഭത്തിനുമുൻപ്, അതായത്, 19........ മാസം.........തീയതി, വാദി, അവ പ്രതിയിൽനിന്ന് ആവശ്യപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രതി അവ ഡെലിവർ ചെയ്യാൻ വിസമ്മതിച്ചിട്ടുള്ളതും ആകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

6. വാദി—

(1) മുൻപറഞ്ഞ സാമാനങ്ങളുടെ ഡെലിവറിയും അല്ലെങ്കിൽ ഡെലിവറി നല്കാൻ കഴിയാത്തപക്ഷം,—രൂപയും,

(2) അവ തടഞ്ഞുവച്ചതിന് നഷ്ടപരിഹാരം.............രൂപയും അവകാശപ്പെടുന്നു.

പട്ടിക

നമ്പർ 33

## വഞ്ചനാപൂർവ്വം വിലയ്ക്കുവാങ്ങുന്ന ആരംക്കും നോട്ടീസുണ്ടായിരിക്കെ അയാളിൽനിന്ന് കൈമാററം വാങ്ങുന്ന ആരംക്കും എതിരായി

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക.ഖ. താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു.

1. ഗ.ഘ ആയ പ്രതി തനിക്ക്, ചില സാമാനങ്ങരം വിൽക്കാൻ വാദിയെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി, [താൻ കടം വീട്ടാൻ കഴിവുള്ളവനാണെന്നും, തന്റെ എല്ലാം ബാദ്ധ്യതകളും കഴിച്ച്.......രൂപ ആസ്തിയുള്ളവനാണെന്നും] 19...............മാസം...............തീയതി വാദിയെ ധരിപ്പിച്ചു.

2. അതുവഴി, ..........രൂപ മതിപ്പുമൂല്യമുള്ള [നൂറുപെട്ടി തേയില] ഗ.ഘ യ്ക്ക് വില്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യാൻ വാദിയെ പ്രചോദിപ്പിച്ച് അതിനിടയാക്കി.

3. മുൻപറഞ്ഞവിധം ധരിപ്പിച്ച സംഗതികരം വ്യാജവും വ്യാജമാണെന്ന് ഗ.ഘ യ്ക്ക് അപ്പോരം അറിവുണ്ടായിരുന്നതുമാണ്. [അല്ലെങ്കിൽ മുൻപറഞ്ഞവിധം ധരിപ്പിക്കുന്ന സമയത്ത്, ഗ.ഘ നിർദ്ധനനായിരുന്നതും, നിർദ്ധനനാണെന്ന് അയാരംക്ക് അറിവുണ്ടായിരുന്നതുമാണ്.]

4. പിന്നീട് ഗ. ഘ. മുൻപറഞ്ഞ സാമാനങ്ങരം, പ്രതിഫലം കൂടാതെ [അല്ലെങ്കിൽ അങ്ങനെ ധരിപ്പിച്ചതു വ്യാജമാണെന്ന് അറിവുണ്ടായിരുന്ന] ങ. ച ക്ക് കൈമാററം ചെയ്തു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

7. വാദി —

(1) മുൻപറഞ്ഞ സാമാനങ്ങളുടെ ഡെലിവറിയും, അല്ലെങ്കിൽ ഡെലിവറി നൽകാൻ കഴിയാത്തപക്ഷം,.............................. രൂപയും ;

(2) അവ തടഞ്ഞുവച്ചതിന് നഷ്ടപരിഹാരം............രൂപയും അവകാശപ്പെടുന്നു.

## നമ്പർ 34

## തെററിൻെറ കാരണത്താൽ കാൺട്രാക്ററ് റദ്ദാക്കൽ

( ശീർഷകം )

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. പ്രതിയുടെ വകയായതും..........ൽ സ്ഥിതി ചെയ്യുന്നതുമായ ഒരു തുണ്ടു സ്ഥലം [പത്തു ബീഘാ] ഉള്ളതാണെന്ന് 19.......മാസം......തീയതി, പ്രതി വാദിയെ ധരിപ്പിച്ചു.

2. അതുവഴി, മുൻപറഞ്ഞവിധം ധരിപ്പിച്ചത് സത്യമാണെന്നുള്ള വിശ്വാസത്തിൽ അത്......രൂപ വിലയ്ക്ക് വാങ്ങാൻ വാദി പ്രചോദിതനാവുകയും, ഒരു കരാർ ഒപ്പിടുകയും ചെയ്തിട്ടുള്ളതും, അതിൻെറ അസൽ ഇതോടു അനുബന്ധിച്ചിട്ടുള്ളതുമാകുന്നു ; എന്നാൽ ആ ഭൂമി തനിക്ക് കൈമാററം ചെയ്യപ്പെട്ടിട്ടില്ല.

3. 19..........മാസം............തീയതി, വാദി ക്രയസംഖ്യയുടെ ഭാഗമായി............രൂപ പ്രതിക്ക് കൊടുത്തു.

4. മുൻപറഞ്ഞ തുണ്ടു സ്ഥലം യഥാർത്ഥത്തിൽ [അഞ്ചു ബീഘാ] മാത്രം ഉള്ളതാണ്.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

7. വാദി —

(1) 19......മാസം........തീയതി മുതൽക്കുള്ള പലിശ സഹിതം ........രൂപയും ;

(2) മുൻപറഞ്ഞ കരാർ കോടതിക്ക് കൊടുക്കപ്പെടണമെന്നും റദ്ദാക്കപ്പെടണമെന്നും, അവകാശപ്പെടുന്നു.

## നമ്പർ 35

## നാശം തടയുന്ന ഇൻജംക്ഷൻ

( ശീർഷകം )

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. വാദി [വസ്തു വിവരിക്കുക]—ൻെറ പരിപൂർണ്ണ ഉടമസ്ഥനാണ്.

2. വാദിയിൽ നിന്നുള്ള ഒരു പാട്ടമേല്പിൻകീഴിൽ, പ്രതിക്ക് അതു കൈവശമാണ്.

3. വാദിയുടെ സമ്മതം കൂടാതെ, പ്രതി, [വിൽപ്പനയ്ക്കുവേണ്ടി വിലപിടിപ്പുള്ള കുറെ മരങ്ങൾ മുറിച്ചുവീഴ്ത്തിയിട്ടുള്ളതും, ഇനിയും കുറെയധികം മുറിച്ചു വീഴ്ത്തുമെന്നു ഭീഷണിപ്പെടുത്തുന്നതും] ആകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

6. മുൻപറഞ്ഞ പരിസരങ്ങളിൽ ഏതെങ്കിലും കൂടുതൽ നാശം ചെയ്യുകയോ അനുവദിക്കുകയോ ചെയ്യുന്നതിൽനിന്ന് ഇൻജംക്ഷൻവഴി പ്രതി തടയപ്പെടണമെന്ന് വാദി അവകാശപ്പെടുന്നു.

[ആർത്ഥിക നഷ്ടപരിഹാരവും അവകാശപ്പെടാവുന്നതാണ്.]

നമ്പർ 36

## ശല്യം തടയുന്ന ഇൻജംക്ഷൻ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. വാദി കൽക്കട്ടയിലെ.................തെരുവിലെ............. നമ്പർ ഭവനത്തിന്റെ പരിപൂർണ്ണ ഉടമസ്ഥൻ ആയിരിക്കുന്നതും, ഇതിൽ ഇതിനുശേഷം പറയുന്ന എല്ലാ സമയത്തും ആയിരുന്നതും ആണ്.

2. പ്രതി അതേ......................തെരുവിലുള്ള ഒരു തുണ്ടു സ്ഥലത്തിന്റെ പരിപൂർണ്ണ ഉടമസ്ഥൻ ആയിരിക്കുന്നതും, മുൻപറഞ്ഞ എല്ലാ സമയത്തും ആയിരുന്നതുമാണ്.

3. 19.................. മാസം..................തീയതി, പ്രതി, അയാളുടെ മുൻപറഞ്ഞ പ്ലോട്ടിൽ, ഒരു കശാപ്പുശാല കെട്ടിയിട്ടുള്ളതും, ഇപ്പോഴും അതു നിലനിറുത്തിപ്പോരുന്നതും ; ആ ദിവസം മുതൽ ഈ സമയം വരെ, തുടർച്ചയായി കന്നുകാലികളെ അവിടെ കൊണ്ടുവന്ന് കൊല്ലുകയും ചെയ്തിട്ടുള്ളതും വാദിയുടെ മുൻപറഞ്ഞ ഭവനത്തിന് എതിരെ തെരുവിലേക്ക് രക്തവും ഉച്ഛിഷ്ടങ്ങളും ഇടുവിച്ചിട്ടുള്ളതും ആകുന്നു.

[4. തൽഫലമായി മുൻപറഞ്ഞ ഭവനം ഉപേക്ഷിക്കാൻ വാദി നിർബന്ധനായിട്ടുള്ളതും അതു വാടകയ്ക്ക് കൊടുക്കാൻ വാദിക്ക് കഴിയാതിരുന്നിട്ടുള്ളതും ആകുന്നു.]

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

7. ഏതെങ്കിലും കൂടുതൽ ശല്യം ചെയ്യുകയോ അനുവദിക്കുകയോ ചെയ്യുന്നതിൽ നിന്നു പ്രതി ഇൻജംക്ഷൻവഴി തടയപ്പെടണമെന്ന് അവകാശപ്പെടുന്നു.

നമ്പർ 37

## പൊതുജന ശല്യം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ. താഴെപ്പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. പ്രതി......ത്തുള്ള തെരുവ് എന്ന് അറിയപ്പെടുന്ന ഒരു പബ്ലിക് റോഡിൽ, അതിലൂടെ പൊതുജനങ്ങൾ കടന്നുപോകുന്നതു തടസ്സപ്പെടുത്തത്തക്കവിധം അന്യായമായി മണ്ണും കല്ലുകളും കൂമ്പാരംകൂട്ടിയിട്ടുള്ളതും, മുൻപറഞ്ഞ അന്യായമായ കൃത്യം, തുടരുകയും ആവർത്തിക്കുകയും ചെയ്യുന്നതിൽനിന്നു തടയപ്പെടാത്തപക്ഷം അപ്രകാരം ചെയ്യുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്യുന്നതുമാണ്.

* 2. ഈ വ്യവഹാരം ആരംഭിക്കുന്നതിന് വാദി കോടതിയുടെ അനുമതി വാങ്ങിയിട്ടുണ്ട്.

* [വ്യവഹാരം അഡ്വക്കേററ് ജനറൽ ആരംഭിക്കുന്നിടത്ത് ബാധകമാകുന്നതല്ല.]

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

5. വാദി —

(1) മുൻപറഞ്ഞ പബ്ലിക് റോഡിലൂടെ പൊതുജനങ്ങൾ കടന്നുപോകുന്നത് തടസ്സപ്പെടുത്താൻ പ്രതിക്ക് അവകാശമില്ലെന്നുള്ള ഒരു സ്ഥാപനയും,

(2) മുൻപറഞ്ഞ പബ്ലിക് റോഡിലൂടെ പൊതുജനങ്ങൾ കടന്നു പോകുന്നത് തടസ്സപ്പെടുത്തുന്നതിൽനിന്ന് പ്രതിയെ തടയുകയും, മുൻപറഞ്ഞവിധം അന്യായമായി കൂമ്പാരം കൂട്ടിയ മണ്ണും കല്ലുകളും നീക്കം ചെയ്യാൻ പ്രതിയോട് നിദേശിക്കുകയും ചെയ്യുന്ന ഒരു ഇൻജംക്ഷനും,

അവകാശപ്പെടുന്നു.

## നമ്പർ 38

## വെള്ളച്ചാൽ തിരിച്ചുവിടുന്നതിനെതിരെ ഇൻജംക്ഷൻ

( ശീർഷകം )

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ., താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു.—

[27-ാം നമ്പർ ഫാറത്തിലേതുപോലെ]

മുൻപറഞ്ഞവിധം വെള്ളം തിരിച്ചു വിടുന്നതിൽ നിന്ന് പ്രതി ഇൻജംക്ഷൻ വഴി തടയപ്പെടണമെന്ന് വാദി അവകാശപ്പെടുന്നു.

## നമ്പർ 39

## നശിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തുന്ന ജംഗമവസ്തു തിരിയെ കിട്ടുന്നതിനും ഇൻജംക്ഷനും

( ശീർഷകം )

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ. താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. വാദി, [പേരുകേട്ട ഒരു ചിത്രകാരൻ വരച്ച തന്റെ പിതാമഹന്റെ ഛായാപടത്തിന്റെ] ഉടമസ്ഥൻ ആയിരിക്കുന്നതും, ഇതിൽ ഇതിനുശേഷം പറയുന്ന എല്ലാ സമയത്തും ആയിരുന്നതും, അതിന്റെ യാതൊരു ഡ്യൂപ്ലിക്കേറ്റും ഇല്ലാത്തതും, [അല്ലെങ്കിൽ വസ്തു പണയത്താൽ പ്രതിസ്ഥാപനം ചെയ്യപ്പെടാൻ കഴിയാത്ത തരത്തിലുള്ളതാണെന്നു കാണിക്കുന്ന വസ്തുതകൾ ഏതെങ്കിലും പ്രസ്താവിക്കുക] ആകുന്നു.

2 അത് സൂക്ഷിച്ചു വയ്ക്കാനായി വാദി 19.................. മാസം, ..............തീയതി പ്രതിയുടെ പക്കൽ നിക്ഷേപിച്ചു.

3 19....മാസം....തീയതി വാദി പ്രതിയിൽനിന്ന് അത് ആവശ്യപ്പെടുകയും അത് സൂക്ഷിച്ചുവയ്ക്കാനായി അതിന്റെ സൂക്ഷിപ്പിനുള്ള ന്യായമായ എല്ലാ ചാർജ്ജുകളും കൊടുക്കാമെന്നു ആഫർ ചെയ്യുകയും ചെയ്തു.

4. പ്രതി അതു വാദിക്ക് നൽകാൻ വിസമ്മതിക്കുകയും, അത് കോടതിക്ക് കൊടുക്കാൻ ആവശ്യപ്പെടുകയാണെങ്കിൽ അത് ഒളിച്ചുവയ്ക്കുകയോ, വ്യയനം ചെയ്യുകയോ, കുത്തിക്കീറുകയോ ക്ഷതിപ്പെടുത്തുകയോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

5. യാതൊരു ആർത്ഥിക നഷ്ടപരിഹാരവും ആ വർണ്ണ ചിത്രത്തിന്റെ നഷ്ടത്തിന് വാദിക്ക് പ്രാപ്തമായ നഷ്ടപരിഹാരമാകുന്നതല്ല.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

8. വാദി —

(1) മുൻപറഞ്ഞ വർണ്ണചിത്രം വ്യയനം ചെയ്യുകയോ ക്ഷതിപ്പെടുത്തുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നതിൽ നിന്ന് പ്രതി ഇൻജക്ഷൻ വഴി തടയപ്പെടണമെന്നും ;

(2) അത് വാദിക്ക് നൽകാൻ പ്രതി നിർബന്ധിക്കപ്പെടണമെന്നും, അവകാശപ്പെടുന്നു.

നമ്പർ 40

ഇൻററർപ്ലീഡർ

( ശീർഷകം )

മുകളിൽ പേർ പറഞ്ഞ വാദി ആയ ക. ഖ. താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. ഇതിൽ ഇതിനുശേഷം പറയുന്ന അവകാശവാദങ്ങളുടെ തീയതിക്കു മുൻപ്, ച. ജ., വാദിയുടെ പക്കൽ, വസ്തുവിന്റെ [വസ്തു വിവരിക്കുക] [സൂക്ഷിച്ചുവയ്ക്കാനായി] നിക്ഷേപിച്ചിട്ടുള്ളതാണ്.

2. പ്രതിയായ ഗ. ഘ. [തനിക്ക് ഛ. ജ. യിൽ നിന്നുള്ള അതിന്റെ ഒരു ആധ്യാപിത തീറിൻ കീഴിൽ] അവകാശപ്പെടുന്നു.

3. പ്രതിയായ ങ. ച. യും [തനിക്ക് അത് കൈമാററം ചെയ്യുന്ന ഛ. ജ. യുടെ ആദേശത്തിൻ കീഴിൽ] അവകാശപ്പെടുന്നു.

4. പ്രതികളുടെ യഥാക്രമമുള്ള അവകാശങ്ങളെക്കുറിച്ച് വാദി അജ്ഞനാകുന്നു.

5. ചാർജ്ജുകൾക്കും ചെലവുകൾക്കും അല്ലാതെ വാദിക്ക് മുൻപറഞ്ഞ വസ്തുവിൻമേൽ യാതൊരു അവകാശവുമില്ലാത്തതും കോടതി നിദേശിക്കുന്ന ആളുകൾക്ക് അത് നൽകാൻ വാദി തയ്യാറും ഒരുക്കവും ആയിരിക്കുന്നതുമാണ്.

6. ഇരു കക്ഷികളിൽ ആരെങ്കിലുമായി കപടസന്ധി ചെയ്തല്ല വ്യവഹാരം കൊണ്ടുവന്നിട്ടുള്ളത്

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

9. വാദി —

(1) അതു സംബന്ധിച്ച്, വാദിക്ക് എതിരായി ഏതെങ്കിലും നടപടികൾ എടുക്കുന്നതിൽ നിന്ന് പ്രതികളെ ഇൻജക്ഷൻ വഴി തടയണമെന്നും;

(2) മുൻപറഞ്ഞ വസ്തുവിനുള്ള അവരുടെ അവകാശവാദങ്ങൾ സംബന്ധിച്ച് അവരോട് ഇൻറർ പ്ലീഡ് ചെയ്യാൻ ആവശ്യപ്പെടണമെന്നും ;

[ (3) അങ്ങനെയുള്ള വ്യവഹരണം നിലവിലിരിക്കെ മുൻപറഞ്ഞ വസ്തു സ്വീകരിക്കാൻ വല്ല ആളേയും പ്രാധികാരപ്പെടുത്തണമെന്നും;]

(4) അങ്ങനെയുള്ള ആൾക്ക് അതു നൽകുന്നതോടെ അതു സംബന്ധിച്ച് ഇരു പ്രതികളിൽ ആരോടെങ്കിലുമുള്ള എല്ലാ ബാധ്യതയിൽ നിന്നും വാദി വിമോചിപ്പിക്കപ്പെടണമെന്നും

അവകാശപ്പെടുന്നു.

നമ്പർ 41

## ~തനിക്കും മറെറല്ലാ ഉത്തമർണ്ണൻമാർക്കും വേണ്ടി ഉത്തമർണ്ണനാൽ, അഡ്മിനിസ്ട്രേഷൻ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ. താഴെ പറയും പ്രകാരം പ്രസ്താ ിക്കുന്നു:—

1........ലെ ആയിരുന്ന മരിച്ചുപോയ ങ. ച. യ്ക്ക്, അയാളുടെ മരണ മയത്തും, അയാളുടെ എസ്റേററിന് ഇപ്പോഴും, വാദിയോട്............ രൂപയുടെ [കടത്തിന്റെ പ്രകൃതവും ഈടു വല്ലതും ഉണ്ടെങ്കിൽ അതും, ഇവിടെ ചർക്കുക] കടബാധ്യതയുണ്ട്.

2. ........ ..മാസം..............തീയതിയോ അതിനടുത്തോ ങ. ച. രിച്ചുപോയി.............. മാസം ............തീയതിയിലെ, തന്റെ ടുവിലത്തെ ഒസ്യത്തുവഴി അയാം ഗ.ഘ യെ തന്റെ എക്സിക്യൂട്ടറായി ിയമിച്ചു[അല്ലെങ്കിൽ അതതു സംഗതിപോലെ, തന്റെഎസ്റേററ്ട്രസ്ററായി സ്യത്ത് ചെയ്തു, മുതലായത്, അല്ലെങ്കിൽ മരണശാസനം കൂടാതെ മരിച്ചു പായി]

3. മരണശാസനം ഗ,ഘ. യാൽ തെളിയിക്കപ്പെട്ടു. [അല്ലെങ്കിൽ അഡ്മിനി ംട്രേഷൻ പത്രം അനുമാനം ചെയ്യപ്പെട്ടു, മുതലായത്]

4. [പ്രതിക്ക് ങ.ച. യുടെ ജംഗമവസ്തു [സ്ഥാവരവസ്തുവും ല്ലെങ്കിൽ സ്ഥാവരവസ്തുവിൽനിന്നുള്ള വരവുകളും] കൈവശമുള്ളതും, ാദിക്ക് അയാളുടെ കടം തിരിയെ നൽകിയിട്ടില്ലാത്തതുമാകുന്നു.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

7. മരിച്ചുപോയ ങ. ച. യുടെ [ജംഗമവും സ്ഥാവരവും ആയ] വസ്തു ിന്റെ ഒരു കണക്കു എടുക്കുകയും ആ വസ്തു കോടതിയുടെ വിധിക്കു ീഴിൽ അഡ്മിനിസ്ററർ ചെയ്യുകയും ചെയ്യണമെന്ന് വാദി അവകാശ പ്പെടുന്നു.

നമ്പർ 42

## വിനിർദ്ദിഷ്ട ഒസ്യത്തിന്റെ അവകാശിയാൽ, അഡ്മിനിസ്ട്രേഷന്

(ശീർഷകം)

[41-ാം നമ്പർ ഫാറം താഴെ പറയും പ്രകാരം വ്യത്യാസപ്പെടുത്തുക]—

[1-ാം ഖണ്ഡിക വിട്ടുകളയുകയും 2-ാം ഖണ്ഡിക താഴെ പറയും പ്രകാരം ്രാരംഭിക്കുകയും ചെയ്യുക]...... .....ലെ ആയിരുന്നു മരിച്ചുപോയ ങ.ച. ....?...മാസം..........തീയതിയോ അതിനടുത്തോ മരിച്ചുപോയ ..... സം..............തീയതിയിലെ തന്റെ ഒടുവിലത്തെ സ്യെത്തുവഴി അയാം ഘ യെ തന്റെ എക്സിക്യൂട്ടറായി നിയമിക്കുകയും [വിനിർദ്ദിഷ്ട സ്യത്തു മുതൽ ഇവിടെ പ്രസ്താവിക്കുക] വാദിക്ക് ഒസ്യത്ത് ചെയ്യുകയും പയ്തു.

4-ാം ഖണ്ഡികയ്ക്ക് പകരം താഴെപറയുന്നതു ചേർക്കുക—

പ്രതിക്ക് ങ.ച യുടെ ജംഗമവസ്തുവും, മററു സാധനങ്ങളുടെ കൂട്ടത്തിൽ [ഇവിടെ വിനിർദ്ദിഷ്ട ഒസ്യത്തിൻെറ വിഷയകത്തിൻെറ പേർ പറയുക] യും കൈവശമുള്ളതാണ്.

7-ാം ഖണ്ഡികയുടെ പ്രാരംഭത്തിനു പകരം താഴെപറയുന്നത് ചേർക്കുക—

മുൻപറഞ്ഞ [ഇവിടെ വിനിർദ്ദിഷ്ട ഒസ്യത്തിൻെറ വിഷയകത്തിൻെറ പേർ പറയുക] വാദിക്ക് ഡെലിവർ ചെയ്യാൻ പ്രതിയോട് ഉത്തരവ് ചെയ്യണമെന്ന്, അല്ലെങ്കിൽ..........എന്ന് വാദി അവകാശപ്പെടുന്നു.

### നമ്പർ 43

### ആർത്ഥിക ഒസ്യത്തിൻെറ അവകാശിയാൽ, അഡ്മിനിസ്ട്രേഷൻ

(ശീർഷകം)

[41-ാം നമ്പർ ഫാറം താഴെപറയും പ്രകാരം വ്യത്യാസപ്പെടുത്തുക]

[1-ാം ഖണ്ഡിക വിട്ടുകളയുകയും, 2-ാം ഖണ്ഡികയ്ക്ക് പകരം താഴെ പറയുന്നതു ചേർക്കുകയും ചെയ്യുക]..............ലെ ആയിരുന്ന ങ.ച ............മാസം.......... തീയതിയോ അതിനടുത്തോ മരിച്ചുപോയി ............മാസം..............തീയതിയിലെ തൻെറഒടുവിലത്തെ ഒസ്യത്തു വഴി അയാ‍ാം ഗ.ഘ യെ തൻെറ എക്സിക്യൂട്ടറായി നിയമിക്കുകയും, വാദിക്ക് ....................രൂപയുടെ ഒസ്യത്ത് മുതൽ ഒസ്യത്തു ചെയ്യുകയും ചെയ്തു.

[4-ാം ഖണ്ഡികയിൽ "കടം തിരിയെ കൊടുത്തിട്ടില്ലാത്തതും" എന്നതിനു പകരം "ഒസ്യത്തുമുതൽ നൽകിയിട്ടില്ലാത്തതും" എന്നു ചേർക്കുക]

### മറെറാരു ഫാറം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ ങ.ച, ആയ വാദി താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

2. ................ലുള്ള ട യിലെ ക.ഖ...................മാസം ......................തീയതി മരിച്ചുപോയി.................മാസം ..................തീയതിയിലെ തൻെറ ഒടുവിലത്തെ ഒസ്യത്തുവഴി അയാ‍ാം, പ്രതിയേയും [ഒസ്യത്തു കർത്താവിൻെറ ജീവിതകാലത്തു മരിച്ചുപോയ] ങ.ഡ തൻെറ എക്സിക്യൂട്ടർമാരായി നിയമിക്കുകയും തൻെറ വസ്തു, അതു ജംഗമമോ സ്ഥാവരമോ ആയാലും, അതിൻെറ പാട്ടവും (വാടകയും) ആദായവും വാദിക്ക്, അയാളുടെ ജീവിതകാലത്തോളം കൊടുക്കുന്നതിന് എക്സിക്യൂട്ടർമാർക്ക് ട്രസ്ററായും; വാദിയുടെ മരണശേഷം, അയാ‍ാക്ക് 21 വയസ് തികഞ്ഞ ഒരു പുത്രനോ, ആ പ്രായം തികഞ്ഞ വിവാഹം കഴിച്ചിട്ടുള്ളതോ ആയ ഒരു പുത്രിയോ ഇല്ലാത്തപക്ഷം തൻെറ സ്ഥാവരവസ്തു സംബന്ധിച്ചിടത്തോളം, ഒസ്യത്തു കർത്താവിൻെറ നിയമ പ്രകാരമുള്ള അനന്തരാവകാശിക്കും; തൻെറ ജംഗമവസ്തു സംബന്ധിച്ചിടത്തോളം, വാദി മരിക്കുകയും മുൻപറഞ്ഞതു പോലെ, അയാ‍ാക്ക് സന്താനം ഇല്ലാതിരിക്കുകയും ചെയ്ത സമയത്ത് ഒസ്യത്തു കർത്താവ് മരിച്ചിരുന്നുവെങ്കിൽ ആരാണോ ഒസ്യത്തു കർത്താവിൻെറ ഏററവും കുലബന്ധുക്കാം ആകുമായിരുന്നത്, അങ്ങനെയുള്ള ആളുകാംക്കും ട്രസ്ററായും, തൻെറ എക്സിക്യൂട്ടർമാർക്ക്, ഒസ്യത്തു ചെയ്യുകയും ചെയ്തു

2. ഒസ്യത്തു,................മാസം................തീയതി പ്രതി തെളിയിച്ചു വാദി വിവാഹിതനായിട്ടില്ല.

3. ഒസ്യത്തു കർത്താവിന്, അയാളുടെ മരണസമയത്ത് ജംഗമവും സ്ഥാവരവുമായ വസ്തുക്കൾ അവകാശപ്പെട്ടിരുന്നു; പ്രതി സ്ഥാവരവസ്തുവിൻെറ പാട്ടം (വാടകകൾ) സ്വീകരിക്കാൻ തുടങ്ങുകയും ജംഗമവസ്തു ശേഖരിക്കുകയും ചെയ്തു; സ്ഥാവരവസ്തുവിൻെറ ചില ഭാഗം അയാൾ വിററിട്ടുണ്ട്.

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

6. വാദി—

(1) ക.ഖ യുടെ ജംഗമവും സ്ഥാവരവുമായ വസ്തു ഈ കോടതിയിൽ അഡ്മിനിസ്ററർ ചെയ്തു കിട്ടണമെന്നും അതിനുവേണ്ടി തക്കതായ എല്ലാ നിദേശങ്ങളും നൽകുകയും, കണക്കുകൾ എടുക്കുകയും ചെയ്തുകിട്ടണമെന്നും,

(2) കേസ്സിൻെറ പ്രകൃതം ആവശ്യപ്പെടുന്ന കൂടുതൽ നിവൃത്തിക്കും അല്ലെങ്കിൽ മററു നിവൃത്തിക്കും,

അവകാശപ്പെടുന്നു.

നമ്പർ 44

## ട്രസ്ററുകൾ നടപ്പാക്കൽ

### ശീർഷകം

മുകളിൽ പേർ പറഞ്ഞ വാദി ആയ ക.ഖ, താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. വാദി,...................മാസം...................ദിവസത്തേയോ അതിൻെറ അടുത്ത ദിവസത്തേയോ തീയതി വഹിക്കുന്നതും പ്രതിയുടെ പിതാവും മാതാവും ആയ ങ.ച യുടേയും ഛ.ജ യുടേയും വിവാഹാവസരത്തിൽ ചെയ്തിട്ടുള്ളതുമായ ഒരു ധനനിശ്ചയപ്രമാണത്തിൽ [അല്ലെങ്കിൽ ങ.ച യുടെ എസ്റേററും മുതലുകളും പ്രതിയായ ഗ.ഘ യുടേയും, ങ.ച യുടെ മററു ഉത്തമർണ്ണൻമാരുടേയും ഗുണത്തിനായി കൈമാററം ചെയ്യുന്ന ഒരു പ്രമാണത്തിൽ] കീഴിലെ ട്രസ്ററികളിൽ ഒരാളാകുന്നു.

2. ക.ഖ മുൻപറഞ്ഞ ട്രസ്ററിൻെറ ഭാരം സ്വയം ഏറെറടുത്തിട്ടുള്ളതും, മുൻപറഞ്ഞ പ്രമാണംവഴി കൈമാററം ചെയ്തിട്ടുള്ള ജംഗമവും സ്ഥാവരവുമായ വസ്തു അല്ലെങ്കിൽ [വസ്തുവിൽനിന്നുള്ള വരവുകൾ] വാദിക്ക് കൈവശം ഉള്ളതുമാകുന്നു.

3. ആ പ്രമാണത്തിൻകീഴിൽ ഒരു ഗുണാനുഭോവകാശബന്ധം ഉള്ളതായി ഗ.ഘ അവകാശപ്പെടുന്നു.

[1ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകിലേതുപോലെ]

6. മുൻപറഞ്ഞ സ്ഥാവര വസ്തുവിലെ എല്ലാ പാട്ടത്തിനും (വാടകകൾക്കും) ലാഭങ്ങൾക്കും [മുൻപറഞ്ഞ സ്ഥാവരവസ്തു, അല്ലെങ്കിൽ അതിൻെറ ഭാഗം വിററുകിട്ടിയ വരവുകൾക്കും, അല്ലെങ്കിൽ എല്ലാ ജംഗമവസ്തുവിനും അല്ലെങ്കിൽ മുൻപറഞ്ഞ ജംഗമവസ്തു അല്ലെങ്കിൽ അതിൻെറ ഭാഗം വിററകിട്ടിയ വരവുകൾക്കും, അല്ലെങ്കിൽ മുൻപറഞ്ഞ ട്രസ്ററ് നടപ്പാക്കുന്നതിൽ അങ്ങനെയുള്ള ട്രസ്ററി എന്ന നിലയിൽ വാദിയ്ക്ക് സിദ്ധിക്കുന്ന എല്ലാ

ലാഞ്ഞേരംക്കും] കണക്കു പറയാൻ വാദിക്ക് ആഗ്രഹമുള്ളതും; കോടതി മുൻപറഞ്ഞ ട്രസ്ററിന്റെ കണക്കുകരം എടുക്കണമെന്നും, കൂടാതെ മുൻപറഞ്ഞ മുഴുവൻ ട്രസ്ററ് എസ്റേററും പ്രതിയായ ഗ.ഘ യുടേയും അഡ്മിനിസ്ട്രേഷനിൽ താൽപര്യമുള്ള മററെല്ലാ ആളുകളുടേയുംഗുണത്തിനായി ഗ.ഘയുടേയും അപ്രകാരം താൽപര്യമുള്ളതും കോടതി നിദേശിക്കുന്നതുമായ മററു ആളുകളുടേയും സാന്നിദ്ധ്യത്തിൽ, അഡ്മിനിസ്ററർ ചെയ്യണമെന്നും, അല്ലെങ്കിൽ ഗ.ഘ യ്ക്ക് വിപരീതമായി തക്ക കാരണം കാണിക്കാവുന്നതാണെന്നും വാദി പ്രാർത്ഥിക്കുന്നതും ആകുന്നു.

[കുറിപ്പ്: വ്യവഹാരം ഗുണാനുഭോക്താവിനാലുള്ളതായിരിക്കുന്നിടത്ത്, അന്യായത്തിൽ ആവശ്യകമായ ഭേദഗതികളോടെ ഒരു ഒസ്യത്തവകാശിയാലുള്ള അന്യായത്തെ മാതൃകയാക്കാവുന്നതാണ്.]

നമ്പർ 45

## പണയമൊഴിക്കൽനിരോധനം അല്ലെങ്കിൽ വിൽപ്പന

(ശീർഷകം)

മുകളിൽപേർ പറഞ്ഞ വാദിയായ ക.ഖ, താഴെപറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. വാദി പ്രതിയുടെ വകയായ ഭൂമികളുടെ പണയഗൃഹീതാവാകുന്നു
2. പണയത്തിന്റെ വിവരങ്ങരം താഴെപറയുന്നവയാകുന്നു:—
   (ക) (തീയതി);
   (ഖ) (പണയദാതാവിന്റേയും പണയഗൃഹീതാവിന്റേയും പേര്);
   (ഗ) (ഈടുനൽകപ്പെട്ടിട്ടുള്ളത് ഏതു തുകയ്ക്കാണോ ആ തുക);
   (ഘ) (പലിശ നിരക്ക്);
   (ങ) (പണയത്തിനു വിധേയമായ വസ്തു);
   (ച) (ഇപ്പോരം കിട്ടാനുള്ള തുക);
   (ഛ) (വാദിയുടെ ഉടമാവകാശം സിദ്ധമായതാണെങ്കിൽ ഏതു കൈമാററങ്ങരംക്കോ സംക്രമണത്തിനോ കീഴിലാണ് അയാരം അവകാശപ്പെടുന്നത്, ആ കൈമാററങ്ങളും സംക്രമണവും സംക്ഷിപ്തമായി പ്രസ്താവിക്കുക)

(വാദി കൈവശമുള്ള പണയഗൃഹീതാവാണെങ്കിൽ, താഴെപറയുന്നത് ചേർക്കുക)

3. വാദി..................മാസം................തീയതി പണയവസ്തു കൈവശപ്പെടുത്തിയിട്ടുള്ളതും കൈവശമുള്ള പണയഗൃഹീതാവെന്ന നിലയിൽ ആ സമയംമുതൽ കണക്കുപറയാൻ തയ്യാറുമാകുന്നു.

(1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ]

6. വാദി താഴെപറയുന്നതു അവകാശപ്പെടുന്നു:—

(1) പണം നൽകൽ അല്ലെങ്കിൽ വീഴ്ചവരുത്തുന്ന പക്ഷം [വിൽപ്പന അല്ലെങ്കിൽ] പണയമൊഴിപ്പിക്കൽ നിരോധനവും [കൈവശവും];

[ആർഡർ XXXIV ചട്ടം 6 ബാധകമാകുന്നിടത്ത്]

(2) വിററുകിട്ടുന്നതു വാദിക്ക് നൽകാനുള്ള തുക നൽകാൻ മതിയായതല്ലെന്നു കാണുന്ന സംഗതിയിൽ, ബാക്കിക്കുള്ള ഒരു ഉത്തരവിന് അപേക്ഷിക്കാൻ വാദിക്ക് സ്വാതന്ത്ര്യം നിലവിൽ വയ്ക്കണമെന്ന്.

## നമ്പർ 46

## പണയം ഒഴിപ്പിക്കൽ

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക.ഖ താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. വാദി, പ്രതി പണയഗൃഹീതാവായ ഭൂമികളുടെ പണയദാതാവാകുന്നു.

2. പണയത്തിന്റെ വിവരങ്ങൾ താഴെപറയുന്നവയാകുന്നു.

(ക) (തീയതി);

(ഖ) (പണയദാതാവിന്റേയും പണയഗൃഹീതാവിന്റേയും പേര്);

(ഗ) (ഈടുനൽകപ്പെട്ടിട്ടുള്ളതു ഏതു തുകയ്ക്കാണോ ആ തുക);

(ഘ) (പലിശനിരക്ക്);

(ങ) (പണയത്തിന് വിധേയമായ വസ്തു);

(ച) (വാദിയുടെ ഉടമാവകാശം സിദ്ധമായതാണെങ്കിൽ, ഏത് കൈമാററങ്ങൾക്കോ സംക്രമണത്തിനോ കീഴിലാണ് അയാൾ അവകാശപ്പെടുന്നത്, ആ കൈമാററങ്ങളും സംക്രമണങ്ങളും സംക്ഷിപ്തമായി പ്രസ്താവിക്കുക)

(വാദി കൈവശമുള്ള പണയഗൃഹീതാവാണെങ്കിൽ താഴെ പറയുന്നത് ചേർക്കുക)

3. പ്രതി പണയവസ്തു കൈവശമെടുത്തിട്ടുണ്ട്, [അല്ലെങ്കിൽ പ്രതിക്ക് പണയവസ്തുവിന്റെ പാട്ടം (വാടകകൾ) കിട്ടിയിട്ടുണ്ട്.]

(1-ാം നമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ)

6. മുൻപറഞ്ഞ വസ്തു പണയം ഒഴിപ്പിക്കുകയും, അത് തനിക്ക് തിരിയെ കൈമാററം ചെയ്തുകിട്ടുകയും, [ഇടക്കാലാദായസഹിതം അതിന്റെ കൈവശം കിട്ടുകയും] വേണമെന്ന് വാദി അവകാശപ്പെടുന്നു.

## നമ്പർ 47

## വിനിർദ്ദിഷ്ട നിർവ്വഹണം (നമ്പർ 1)

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക. ഖ.താഴെ പറയുംപ്രകാരംപ്രസ്താവിക്കുന്നു.

1. പ്രതി, താൻ ഒപ്പിട്ടിട്ടുള്ള .......... .....മാസം ................ തീയതിയിലെ കരാർവഴി അതിൽ വിവരിക്കുകയും പരാമർശിക്കുകയുംചെയ്തിട്ടുള്ള കുറച്ചു സ്ഥാവരവസ്തു..........രൂപക്ക് വാദിയിൽനിന്ന് വാങ്ങാൻ [അല്ലെങ്കിൽ വാദിക്ക് വില്ക്കാൻ] അയാൾ കാൺട്രാക്ട് ചെയ്തു.

2. പ്രതിയോട് അയാളുടെ ഭാഗത്തുനിന്ന് കരാർ വിനിർദ്ദിഷ്ടമായി നിർവ്വഹിക്കാൻ വാദി അപേക്ഷിച്ചിട്ടുള്ളതും, എന്നാൽ പ്രതി അപ്രകാരം ചെയ്തിട്ടില്ലാത്തതുമാകുന്നു.

3. വാദി, തന്റെ ഭാഗത്തുനിന്ന് കരാർ വിനിർദ്ദിഷ്ടമായി നിർവ്വഹിക്കാൻ തയ്യാറും ഒരുക്കവും ആയിരുന്നിട്ടുള്ളതും, ഇപ്പോഴും ആയിരിക്കുന്നതും ഇതിനെക്കുറിച്ച് പ്രതിക്ക് നോട്ടീസ് ഉള്ളതുമാകുന്നു.

[1-ാംനമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ.]

6. കോടതി പ്രതിയോട് കരാർ വിനിർദ്ദിഷ്ടമായി നിർവ്വഹിക്കുകയും, വാദിക്ക് മുൻപറഞ്ഞ വസ്തു പൂർണ്ണമായി കൈവശം കൊടുക്കാൻ ആവശ്യമായ എല്ലാ കൃത്യങ്ങളും ചെയ്യുകയും [അല്ലെങ്കിൽ മുൻപറഞ്ഞ വസ്തുവിന്റെ കൈമാററവും കൈവശവും സ്വീകരിക്കുകയും] വ്യവഹാരത്തിന്റെ കോടതി ചെലവ് നല്കുകയും ചെയ്യാൻ ഉത്തരവ് ചെയ്യണമെന്ന് വാദി അവകാശപ്പെടുന്നു.

നമ്പർ 48

വിനിർദ്ദിഷ്ട നിർവ്വഹണം (നമ്പർ 2)

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക.ഖ. താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു:—

1. 19..................മാസം..........തീയതി, വാദിയും പ്രതിയും ലിഖിതമായ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, ആ അസ്സൽ രേഖ ഇതിനോട് അനുബന്ധിച്ചിട്ടുള്ളതുമാണ്.

കരാറിൽ വിവരിച്ച സ്ഥാവരവസ്തു പ്രതിക്ക് പരിപൂർണ്ണമായി അവകാശപ്പെട്ടതായിരുന്നു.

2. 19....................മാസം..........: ...... തീയതി വാദി, ..........രൂപ പ്രതിക്ക് ടെണ്ടർ ചെയ്യുകയും, ഒരു മതിയായ പ്രമാണംവഴിയുള്ള മുൻപറഞ്ഞ വസ്തുവിന്റെ കൈമാററം ആവശ്യപ്പെടുകയും ചെയ്തു.

3. 19......................മാസം................തീയതി, വാദി, വീണ്ടും അങ്ങനെയുള്ള കൈമാററം ആവശ്യപ്പെട്ടു. [അല്ലെങ്കിൽ അത് വാദിക്ക് കൈമാററം ചെയ്യാൻ പ്രതി വിസമ്മതിച്ചു.

4. പ്രതി യാതൊരു കൈമാററപ്രമാണവും ഒപ്പിട്ട് പൂർത്തീകരിച്ചിട്ടില്ല.

5. മുൻപറഞ്ഞ വസ്തുവിന്റെ ക്രയസംഖ്യ പ്രതിക്ക് നല്കാൻ വാദി ഇപ്പോഴും തയ്യാറും ഒരുക്കവുമാകുന്നു.

[1-ാംനമ്പർ ഫാറത്തിലെ 4-ം 5-ം ഖണ്ഡികകളിലേതുപോലെ.]

8. വാദി—

(1) പ്രതി [കരാറിലെ നിബന്ധനകൾ അനുസരിച്ച് മതിയായ] പ്രമാണംവഴി മുൻപറഞ്ഞ വസ്തു വാദിക്ക് കൈമാററം ചെയ്യണമെന്നും :

(2) അത് തരാതെ വച്ചതിന്..........രൂപ നഷ്ടപരിഹാരവും,

അവകാശപ്പെടുന്നു.

നമ്പർ 49

പങ്കാളിത്തം

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ വാദിയായ ക.ഖ. താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു.

(1) താനും, പ്രതിയായ ഗ. ഘ യും, കഴിഞ്ഞ... ....വർഷങ്ങളായി [അല്ലെങ്കിൽ] മാസങ്ങളായി ലിഖിതമായ [അല്ലെങ്കിൽ ഒരുകരണത്തിൻകീഴിലുള്ള അല്ലെങ്കിൽ ഒരു വാക്കാലുള്ള കരാറിൻകീഴിലുള്ള] പങ്കാളിത്ത നിയമാവലിക്കു കീഴിൽ ഒന്നിച്ചു ബിസിനസ് നടത്തിക്കൊണ്ടുവരികയായിരുന്നു.

(2) അങ്ങനെയുള്ള പങ്കാളികൾ എന്ന നിലയിൽ വാദിക്കും പ്രതിക്കും ഇടയിൽ പല തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉത്ഭവിച്ചിട്ടുള്ളതും അതുവഴി പങ്കാളികൾക്ക് ഗുണകരമായി പങ്കാളിത്ത ബിസിനസ്സ് നടത്തി കൊണ്ടുപോകുന്നത് അസാദ്ധ്യമായിത്തീർന്നിട്ടുള്ളതുമാകുന്നു. [അല്ലെങ്കിൽ പ്രതി, പങ്കാളിത്ത നിയമാവലിയുടെ താഴെ പറയുന്ന ലംഘനങ്ങൾ ചെയ്തിട്ടുണ്ട്:—

(1) ....................

(2) ....................

(3) ....................]

[1-ാം നമ്പർ ഫാറത്തിലെ 4-ം 5-ംഖണ്ഡികകളിലേതുപോലെ]

5. വാദി:—

(1) പങ്കാളിത്തത്തിൻെറ വിഘടനവും ;

(2) കണക്കുകൾ എടുക്കണമെന്നും ;

(3) റിസീവറെ നിയമിക്കണമെന്നും ;

അവകാശപ്പെടുന്നു.

കുറിപ്പ്:—[ഏതെങ്കിലും പങ്കാളിത്തം സമാപനം ചെയ്യാനുള്ള വ്യവഹാരങ്ങളിൽ വിഘടനത്തിനുള്ള അവകാശവാദം വിട്ടുകളയുകയും; പകരം, പങ്കാളിത്തം വിഘടനം ചെയ്യപ്പെട്ടിട്ടുള്ളതിനെക്കുറിച്ചുള്ള വസ്തുതകൾ പ്രസ്താവിക്കുന്ന ഖണ്ഡിക ചേർക്കുകയും ചെയ്യുക.]

(4) പത്രികകൾ

സാമാന്യപ്രതിവാദങ്ങൾ

നിഷേധം.—പ്രതി, (വസ്തുതകൾ പ്രസ്താവിക്കുക) നിഷേധിക്കുന്നു പ്രതി (വസ്തുതകൾ പ്രസ്താവിക്കുക) സമ്മതിക്കുന്നില്ല. പ്രതി...... സമ്മതിക്കുന്നു, എന്നാൽ.............. എന്നു പറയുന്നു.

പ്രതിഷേധം.—...................... എന്ന പ്രതിഫേമിൽ താൻ പങ്കാളിയാണെന്നത് പ്രതി നിഷേധിക്കുന്നു.

വാദിയുമായി, താൻ ആഖ്യാപിക്കപ്പെട്ട കാൺട്രാക്ററോ ഏതെങ്കിലുംകാൺട്രാക്ററോ താൻ ഉണ്ടാക്കിയെന്നത് പ്രതി നിഷേധിക്കുന്നു.

വാദിയുമായി, ആഖ്യാപിക്കപ്പെട്ടതുപോലെയോ, അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലോ താൻ കാൺട്രാക്ട് ചെയ്തു എന്നത് പ്രതി നിഷേധിക്കുന്നു.

ആസ്തികൾ പ്രതി സമ്മതിക്കുന്നു, എന്നാൽ വാദിയുടെ അവകാശവാദം സമ്മതിക്കുന്നില്ല.

വാദി അന്യായത്തിൽ പറഞ്ഞിട്ടുള്ള സാമാനങ്ങളോ, അവയിൽ ഏതെങ്കിലുമോ തനിക്ക് വിററു എന്നത് പ്രതി നിഷേധിക്കുന്നു.

കാലഹരണം.— വ്യവഹാരത്തിന് ഇൻഡ്യൻ കാലഹരണ ആക്ററ്, 1877 (1877-ലെ 15)-ലെ രണ്ടാം പട്ടിക.................. അനുച്ഛേദപ്രകാരമോ .................. അനുച്ഛേദപ്രകാരമോ തടസ്സമുള്ളതാകുന്നു.

അധികാരിത.— ........................ കാരണത്തിൻമേൽ [കാരണങ്ങൾ പ്രസ്താവിക്കുക] വ്യവഹാരം കേൾക്കാൻ കോടതിക്ക് അധികാരിതയില്ല.

.................... മാസം.................... തീയതി, പ്രതി ഒരു വജ്രമോതിരം വാദിക്ക് നല്കുകയും, ആഖ്യാപിക്കപ്പെട്ട വ്യവഹാര കാരണത്തിൻെറ ബാദ്ധ്യത തീർന്ന നിലയിൽ വാദി അത് സ്വീകരിക്കുകയും ചെയ്തു.

നിർദ്ധനത്വം,—പ്രതിയെ നിർദ്ധനനായി വിധിച്ചിട്ടുണ്ട്.

വ്യവഹാരം ആരംഭിക്കുന്നതിനുമുമ്പ് വാദിയെ നിർദ്ധനനായി വിധിച്ചിട്ടുള്ളതും വ്യവഹാരപ്പെടാനുള്ള അവകാശം റിസീവറിൽ നിക്ഷിപ്തമായിട്ടുള്ളതും ആകുന്നു.

മൈനാറിട്ടി.—ആഖ്യാപിക്കപ്പെട്ട കാൺട്രാക്റ്റ് ഉണ്ടാക്കിയ സമയത്ത് പ്രതി മൈനർ ആയിരുന്നു.

കോടതിയിൽ ഒടുക്കൽ.— പ്രതി മുഴുവൻ അവകാശവാദത്തിലേക്കുമായി [അല്ലെങ്കിൽ അവകാശപ്പെട്ട പണത്തിന്റെ.......... രൂപ ഭാഗത്തിലേക്കായി അല്ലെങ്കിൽ, അതത് സംഗതിപോലെ]............രൂപ കോടതിയിൽ ഒടുക്കിയിരിക്കുകയും ഈ തുക വാദിയുടെ അവകാശവാദത്തിന്റെ [അല്ലെങ്കിൽ മുൻപറഞ്ഞ ഭാഗത്തിന്റെ] കാര്യം തീർക്കാൻ മതിയെന്ന് പറയുകയും ചെയ്യുന്നു.

നിർവ്വഹണം വിട്ടുകൊടുക്കൽ.—ആഖ്യാപിക്കപ്പെട്ട വാഗ്ദാനത്തിന്റെ നിർവ്വഹണം ................(തീയതി) വിട്ടുതന്നിട്ടുള്ളതാകുന്നു.

റദ്ദാക്കൽ.— കാൺട്രാക്റ്റ് വാദിയും പ്രതിയും തമ്മിലുള്ള കരാർവഴി റദ്ദാക്കപ്പെട്ടു.

റസ്ജുഡിക്കേററാ.— വാദിയുടെ അവകാശവാദത്തിന് വ്യവഹാരത്തിലെ (ഏതെന്ന് പറയുക) വിധിയാൽ തടസ്സമുള്ളതാകുന്നു.

വാദതടസ്സം.—.........................ന്റെ [ഏത് പ്രസ്താവനയെ കുറിച്ചാണോ വാദതടസ്സം അവകാശപ്പെടുന്നത്, ആ പ്രസ്താവന ചേർക്കുക] സത്യാവസ്ഥ നിഷേധിക്കുന്നതിന്, വാദിക്ക് തടസ്സമുള്ളതാണ്; എന്തുകൊണ്ടെന്നാൽ (വാദതടസ്സം സൃഷ്ടിക്കുന്നവയായി ആശ്രയിക്കപ്പെടുന്ന വസ്തുതകൾ ഇവിടെ ചേർക്കുക)

വ്യവഹാരം ആരംഭിച്ചതിനുശേഷമുള്ള പ്രതിവാദ കാരണം.— വ്യവഹാരം ആരംഭിച്ചതിനുശേഷം, അതായത്...................മാസം..............തീയതി (വസ്തുതകൾ പ്രതിപാദിക്കുക)

നമ്പർ 1

## സാമാനങ്ങൾ വില്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്തതിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. പ്രതി, സാധനങ്ങൾക്ക് ആർഡർ ചെയ്തിട്ടില്ല.
2. സാമാനങ്ങൾ പ്രതിക്ക് ഡെലിവർ ചെയ്തില്ല.
3. വില.............രൂപ ആയിരുന്നില്ല.

(അല്ലെങ്കിൽ)

4.
5. ........രൂപയെക്കുറിച്ചൊഴികെ } 1, 2, 3 എന്നതുപോലെ
6.

7. പ്രതി, [അല്ലെങ്കിൽ പ്രതിയുടെ ഏജൻറു ക. ഖ] വാദിക്ക്, [അല്ലെങ്കിൽ വാദിയുടെ ഏജൻറായ ഗ. ഘ, ക്ക്] വ്യവഹാരത്തിനുമുൻപ് 19........ മാസം........തീയതി പണം നൽകിയതുവഴി, അവകാശവാദത്തിന്റെ കാര്യം തീർന്നിട്ടുള്ളതാകുന്നു.

8. പ്രതി വ്യവഹാരത്തിനുശേഷം 19..........മാസം........തീയതി വാദിക്കു പണം നൽകിയതുവഴി അവകാശവാദത്തിന്റെ കാര്യം തീർന്നിട്ടുള്ളതാണ്.

## നമ്പർ 2

## ബാണ്ടുകളിൻമേലുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. ബാണ്ട് പ്രതിയുടെ ബാണ്ടല്ല.
2. പ്രതി ബാണ്ടിലെ ഉപാധി അനുസരിച്ചുള്ള ദിവസം വാദിക്ക് പണം നൽകിയിട്ടുള്ളതാകുന്നു.
3. പറഞ്ഞ ദിവസത്തിനുശേഷവും വ്യവഹാരത്തിനു മുൻപും ആയി പ്രതി, വാദിക്ക് ബാണ്ടിൽ പറഞ്ഞിട്ടുള്ള മുതലും പലിശയും നൽകിയിട്ടുള്ളതാണ്.

## നമ്പർ 3

## ഗാരൻറികളിൻമേലുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. മൂലജ്ജാമ്യി വ്യവഹാരത്തിനുമുൻപ് പണം നൽകി അവകാശവാദത്തിൻെറ കാര്യം തീർത്തിട്ടുള്ളതാണ്.
2. ബന്ധിക്കുന്ന ഒരു കരാർ അനുസരിച്ച് വാദി, മൂലജ്ജാമ്യിക്ക് സമയം നൽകിയതുവഴി പ്രതി വിമുക്തനാക്കപ്പെട്ടിട്ടുള്ളതാണ്.

## നമ്പർ 4

## കടം തിരിയെ കിട്ടാനുള്ള ഏതെങ്കിലും വ്യവഹാരത്തിലെ പ്രതിവാദം

1. അവകാശപ്പെട്ട പണത്തിൽ 200 രൂപയെ സംബന്ധിച്ച് പ്രതിക്ക്, താൻ വാദിക്കു വിൽക്കുകയും ഡെലിവർ ചെയ്യുകയും ചെയ്ത സാമാനങ്ങളിലേക്കു തട്ടിക്കിഴിക്കലിന് അവകാശമുള്ളതാണ്.

| വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരം ആകുന്നു:— | രൂപ |
|---|---|
| 1907 ജനുവരി 25-ാം തീയതി | 150 |
| ,, ഫെബ്രുവരി 1-ാം തീയതി | 50 |
| ആകെ | 200 |

2. മുഴുവൻ സംഖ്യയും [അല്ലെങ്കിൽ അവകാശപ്പെട്ട പണത്തിൻെറ ഭാഗമായ........രൂപാ] സംബന്ധിച്ച് വ്യവഹാരത്തിനുമുമ്പ്.......... രൂപ, പ്രതി, ടെണ്ടർ ചെയ്തിട്ടുള്ളതും; അത് കോടതിയിൽ ഒടുക്കിയിട്ടുള്ളതുമാണ്.

## നമ്പർ 5

## ഉപേക്ഷാപൂർവ്വം ഓടിക്കുന്നതിനാൽ ഉളവായിട്ടുള്ള ക്ഷതികൾ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. അന്യായത്തിൽ പറഞ്ഞ വണ്ടി, പ്രതിയുടെ വണ്ടിയാണെന്നതും അത് പ്രതിയുടെ ജീവനക്കാരുടെ ചാർജ്ജിലോ നിയന്ത്രണത്തിലോ ആയിരുന്നു എന്നതും പ്രതി നിഷേധിക്കുന്നു. വണ്ടി, പ്രതി, തനിക്കു വണ്ടികളും കുതിരകളും സപ്ലൈ ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ളവരും

വാടകയ്ക്കു കുതിരകളും വണ്ടികളും സൂക്ഷിക്കപ്പെടുന്ന ലായത്തിൻെറ സൂക്ഷിപ്പുകാരുമായ കൽക്കട്ടയിലെ..............തെരുവിൽ..............ൻെറ വകയായിരുന്നതും, അതിൻെറ ചാർജ്ജും നിയന്ത്രണവും ഉണ്ടായിരുന്ന ആ൦ മുൻപറഞ്ഞ........ൻെറ ജീവനക്കാരനും ആയിരുന്നു.

2. മുൻപറഞ്ഞ വണ്ടി മിഡിൽസ്ററൺ തെരുവിൽനിന്ന് ഉപേക്ഷാപൂർവ്വമോ, പെട്ടെന്നോ മുന്നറിയിപ്പുകൂടാതേയോ, അല്ലെങ്കിൽ അത്യധികമോ ആപൽക്കരമോ ആയ വേഗത്തിലോ തിരിച്ചു എന്നതു പ്രതി സമ്മതിക്കുന്നില്ല.

3. വാദിക്ക് ന്യായമായ ശ്രദ്ധയും അവധാനതയും ചെലുത്തുന്നതുവഴി, മുൻപറഞ്ഞ വണ്ടി, തന്നെ സമീപിക്കുന്നത് കാണുകയും കാണാൻ കഴിയുകയും ചെയ്യാമായിരുന്നതും, അതുമായുള്ള ഏതു കൂട്ടിമുട്ടലും ഒഴിവാക്കുകയും ഒഴിവാക്കാൻ കഴിയുകയും ചെയ്യാമായിരുന്നതും ആണെന്നു പ്രതി പറയുന്നു.

4. അന്യായത്തിലെ മൂന്നാം ഖണ്ഡികയിൽ അടങ്ങുന്ന പ്രസ്താവനകൾ പ്രതി സമ്മതിക്കുന്നില്ല.

## നമ്പർ 6

## അപകർഷങ്ങൾ സംബന്ധിച്ചുള്ള എല്ലാ വ്യവഹാരങ്ങളിലേയും പ്രതിവാദം

1. പരാതിപ്പെട്ടിട്ടുള്ള പല കൃത്യങ്ങളും [അല്ലെങ്കിൽ സംഗതികളും] നിഷേധിക്കൽ.

## നമ്പർ 7

## സാമാനങ്ങൾ തടഞ്ഞുവയ്ക്കുന്നതു സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. സാമാനങ്ങളുടെ സ്വത്വം വാദിയുടേതായിരുന്നില്ല.

2. സാമാനങ്ങൾ തടഞ്ഞുവച്ചത് പ്രതിക്ക് അവകാശപ്പെട്ട ഒരു ലീനിനുവേണ്ടി ആയിരുന്നു.

വിവരങ്ങൾ താഴെപറയും പ്രകാരം ആകുന്നു:—

1907, മേയ് 3-ാം തീയതി. സാമാനങ്ങൾ ഡൽഹിയിൽനിന്നു കൽക്കട്ടയിലേക്കു വഹിച്ചുകൊണ്ടുപോയതിന് അവകാശപ്പെടുന്നത്:—

മണൊന്നിന് 2 രൂപവച്ച് 45 മണ്ണ്............90 രൂപ

## നമ്പർ 8

## പകർപ്പവകാശത്തിൻെറ അതിലംഘനത്തിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. വാദിയല്ല ഗ്രന്ഥകർത്താവ് [തീറുകാരൻ മുതലായവ]
2. ബുക്കു രജിസ്ററർ ചെയ്തിരുന്നില്ല.
3. പ്രതി അതിലംഘിച്ചില്ല.

നമ്പർ 9

## ട്രേഡുമാർക്കിന്റെ അതിലംഘനത്തിനുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. ട്രേഡ്മാർക്ക് വാദിയുടേതല്ല.
2. ആഖ്യാപിക്കപ്പെട്ടിട്ടുള്ള ട്രേഡ്മാർക്ക് ട്രേഡ്മാർക്ക് അല്ല.
3. പ്രതി അതിലംഘിച്ചിട്ടില്ല

നമ്പർ 10

## ശല്യങ്ങൾ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിലെ പ്രതിവാദം

1. വാദിക്കുള്ള വെളിച്ചം പണ്ടേയുള്ളതല്ല. [അല്ലെങ്കിൽ ആഖ്യാപിക്കപ്പെട്ട അയാളുടെ മററു ചിരാനുഭവാവകാശങ്ങൾ നിഷേധിക്കുക]

2. വാദിക്കുള്ള വെളിച്ചം പ്രതിയുടെ കെട്ടിടങ്ങൾവഴി സാരമായി തടസ്സപ്പെടുത്തപ്പെടുകയില്ല.

3. താനോ തന്റെ ഭൃത്യൻമാരോ വെള്ളം ദുഷിപ്പിക്കുന്നുവെന്നത്, [അല്ലെങ്കിൽ പരാതിപ്പെട്ടത് ചെയ്യുന്നുവെന്നത്] പ്രതി നിഷേധിക്കുന്നു.

[എന്തിനെക്കുറിച്ചാണോ പരാതിപ്പെട്ടിട്ടുള്ളത്, അത് ചെയ്യാനുള്ള അവകാശം ചിരാനുഭവാവകാശംവഴിയോ മററുതരത്തിലോ പ്രതി അവകാശപ്പെടുന്നുവെങ്കിൽ, അയാൾ അപ്രകാരം പറയുകയും അവകാശവാദത്തിന്റെ കാരണങ്ങൾ അതായത്, ചിരാനുഭവാവകാശംവഴിയോ ഗ്രാൻറ് വഴിയോ അല്ലെങ്കിൽ മററ് ഏതു വഴിയോ എന്നു പ്രസ്താവിക്കുകയും ചെയ്യണം.]

4. വാദി അവകാശം ഉന്നയിക്കുന്നതിനുള്ള കാലതാമസത്തിൽ അപരാധിയായിട്ടുള്ളതും, അതിന്റെ വിവരങ്ങൾ താഴെ പറയുന്നവയാകുന്നു:—

1870. വാദിയുടെ മിൽ പ്രവർത്തിക്കാൻ തുടങ്ങി
1871. വാദിക്കു കൈവശം കിട്ടി
1872. ആദ്യപരാതി

5. നഷ്ടപരിഹാരത്തിനുള്ള വാദിയുടെ അവകാശവാദം സംബന്ധിച്ച് പ്രതി മുകളിൽ പറഞ്ഞ പ്രതിവാദകാരണങ്ങളെ ആശ്രയിക്കുന്നതും, പരാതിപ്പെട്ട കൃത്യങ്ങൾ വാദിക്ക് യാതൊരു നാശനഷ്ടവും ഉണ്ടാക്കിയിട്ടില്ലെന്ന്, പറയാവുന്നതുമാകുന്നു. [മററു കാരണങ്ങളേ ആശ്രയിക്കുന്നുവെങ്കിൽ, അവ പ്രസ്താവിക്കണം, ഉദാ: ഭൂതകാല നാശനഷ്ടം സംബന്ധിച്ച് കാലഹരണം]

നമ്പർ 11

## പണയമൊഴിപ്പിക്കൽ നിരോധനത്തിലുള്ള വ്യവഹാരത്തിലെ പ്രതിവാദം

1. പ്രതി പണയം കൊടുത്തിട്ടില്ല.

2. പണയം വാദിക്ക് കൈമാററം ചെയ്തില്ല. [ഒന്നിലധികം കൈമാററങ്ങൾ ആഖ്യാപിക്കപ്പെടുന്നുവെങ്കിൽ, ഏതാണ് നിഷേധിക്കുന്നതെന്ന് പറയുക]

3. വ്യവഹാരത്തിന്, ഇൻഡ്യൻ കാലഹരണ ആക്ററ്, 1877, [1877-ലെ 15] രണ്ടാം പട്ടിക..........അനുച്ഛേദ പ്രകാരം തടസ്സമുള്ളതാകുന്നു.

4. താഴെപറയുന്ന ഒടുക്കലുകൾ ഉണ്ടായിട്ടുണ്ട്; അതായത്—

| | രൂപ |
|---|---|
| (തീയതി ചേർക്കുക)............... | 1,000 |
| (തീയതി ചേർക്കുക)................ | 500 |

5. വാദി........തീയതി കൈവശമെടുത്തിട്ടുള്ളതും അതു മുതൽ പാട്ടങ്ങൾ (വാടകകൾ) വാങ്ങിപ്പോന്നിട്ടുള്ളതുമാകുന്നു.

6. വാദി........തീയതി കടം വിട്ടുതന്നിട്ടുള്ളതാണ്.

7. പ്രതി തന്റെ എല്ലാ അവകാശവും പ്രതി.................. തീയതിയിലെ രേഖവഴി ക. ഖ യ്ക്ക് കൈമാററം ചെയ്തു.

നമ്പർ 12

## പണയം ഒഴിപ്പിക്കലിനുള്ള വ്യവഹാരത്തിലെ പ്രതിവാദം

1. പണയം ഒഴിപ്പിക്കാനുള്ള വാദിയുടെ അവകാശത്തിന് ഇൻഡ്യൻ കാലഹരണ ആക്ററ് 1877-ലെ [1877-ലെ 15] രണ്ടാം പട്ടിക, ........ അനുച്ഛേദ പ്രകാരം തടസ്സമുള്ളതാണ്.

2. വാദി, വസ്തുവിലുള്ള എല്ലാ അവകാശവും ക.ഖ യ്ക്ക് കൈമാററം ചെയ്തു.

3. പ്രതി, പണയക്കടത്തിലും പണയത്തിൽ അടങ്ങുന്ന വസ്തുവിലും തനിക്കുള്ള എല്ലാ അവകാശവും,........തീയതിയിലെ രേഖവഴി ക. ഖ യ്ക്ക് കൈമാററം ചെയ്തു.

4. പ്രതി, ഒരിക്കലും, പണയവസ്തു കൈവശമെടുക്കുകയോ, അതിന്റെ വാടകയോ പാട്ടമോ, സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

[പ്രതി കുറച്ചു സമയത്തെ കൈവശംമാത്രം സമ്മതിക്കുന്നുവെങ്കിൽ, ആ സമയം പ്രസ്താവിക്കേണ്ടതും, താൻ സമ്മതിക്കുന്നതിന്, അപ്പുറമുള്ള കൈവശം നിഷേധിക്കേണ്ടതുമാണ്.]

നമ്പർ 13

## വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരത്തിലെ പ്രതിവാദം

1. പ്രതി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. ക. ഖ പ്രതിയുടെ ഏജൻറല്ല. [വാദി അപ്രകാരം ആഖ്യാപിക്കുന്നുവെങ്കിൽ,]

3. വാദി താഴെപറയുന്ന ഉപാധികൾ നിർവ്വഹിച്ചിട്ടില്ല. (ഉപാധികൾ)

4. പ്രതി-ചെയ്തിട്ടില്ല. [ആഖ്യാപിച്ചിട്ടുള്ള ഭാഗിക നിർവ്വഹണ കൃത്യങ്ങൾ]

5. വിൽക്കാൻ കരാർ ചെയ്യപ്പെട്ടിട്ടുള്ള വസ്തുവിനുള്ള വാദിയുടെ ഉടമാവകാശം, താഴെപറയുന്ന സംഗതിയാൽ പ്രതിയെ അതു സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാക്കുന്നവിധമുള്ളതല്ല. [എന്തുകൊണ്ടെന്ന് പ്രസ്താവിക്കുക]

6. താഴെപറയുന്ന സംഗതികൾ സംബന്ധിച്ച് കരാർ അനിശ്ചിതമാണ്—[അവ പ്രസ്താവിക്കുക]

7. (അല്ലെങ്കിൽ) വാദി കാലതാമസത്തിന് അപരാധിയാണ്.

8. (അല്ലെങ്കിൽ) വാദി വഞ്ചനയ്ക്ക്, (അല്ലെങ്കിൽ തെററിധരിപ്പിക്കലിന്) അപരാധിയാണ്

9. (അല്ലെങ്കിൽ) കരാർ അന്യായമായതാണ്

10. (അല്ലെങ്കിൽ) കരാറിൽ ഏർപ്പെട്ടത് തെററിനാലാണ്

11. (7), (8), (9), (10) എന്നിവയുടെ (അല്ലെങ്കിൽ അതതു സംഗതിപോലെ,) വിവരങ്ങൾ താഴെപറയുന്നവയാണ്.

12. കരാർ 11-ാം നമ്പർ വില്പനോപാധികൾക്കുകീഴിൽ (അല്ലെങ്കിൽ പരസ്പര കരാർവഴി) റദ്ദാക്കപ്പെട്ടു.

[നഷ്ടപരിഹാരം അവകാശപ്പെടുകയും നഷ്ടപരിഹാരത്തിനുള്ള തന്റെ ബാദ്ധ്യത പ്രതി ചോദ്യം ചെയ്യുകയും ചെയ്യുന്ന സംഗതികളിൽ, അയാൾ കരാറോ ആഖ്യാപിക്കപ്പെട്ട ലംഘനങ്ങളോ നിഷേധിക്കുകയോ, അല്ലെങ്കിൽ ഞാൻ ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന മററു പ്രതിവാദകാരണം, അതു ഏതായാലും, ഉദാ: ഇൻഡ്യൻ കാലഹരണ ആക്ററ്, പരസ്പര സമ്മതവും കാര്യംതീരലും, വിട്ടുകൊടുക്കൽ, വഞ്ചന മുതലായവ കാണിക്കുകയോ ചെയ്യണം.]

നമ്പർ 14

## ആർത്ഥിക ഒസ്യത്തവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രതിവാദം

1. ക. ഖ യുടെ ഒസ്യത്തിൽ കടങ്ങൾ സംബന്ധിച്ച ഒരു ചാർജ് അടങ്ങിയിരുന്നു; അയാൾ നിർദ്ധനനായി മരിക്കുമ്പോൾ അയാൾക്ക് കുറച്ചു സ്ഥാവരവസ്തുവിന് അവകാശമുണ്ടായിരുന്നതും, അതു പ്രതി വിററിട്ടുള്ളതും, അതിൽനിന്ന്...........രൂപ അററതുക കിട്ടിയിട്ടുള്ളതും, ഒസ്യത്തു കർത്താവിന്, കുറച്ചു ജംഗമവസ്തു ഉണ്ടായിരുന്നതും, അത് പ്രതി, ശേഖരിക്കുകയും, അതിൽനിന്ന്..........രൂപ അററതുക കിട്ടിയിട്ടുള്ളതും ആകുന്നു.

2. പ്രതി മുൻപറഞ്ഞ തുകകൾ മുഴുവനും സ്ഥാവരവസ്തുവിന്റെ വാടകകളിൽ (പാട്ടത്തിൽ) നിന്ന് പ്രതിക്കു കിട്ടിയ...... . രൂപയും, ശവസംസ്കാരച്ചെലവുകളും ഒസ്യത്തു സംബന്ധിയായ ചെലവുകളും, ഒസ്യത്തു കർത്താവിന്റെ ചില കടങ്ങളും, കൊടുത്തു തീർക്കാൻ ഉപയോഗിച്ചു.

3. പ്രതി, തന്റെ കണക്കുകൾ ശരിയാക്കി അതിന്റെ ഒരു പകർപ്പ് ........മാസം..........തീയതി വാദിക്കു അയച്ചുകൊടുക്കുകയും, അങ്ങനെയുള്ള കണക്കുകൾ ഒത്തുനോക്കുന്നതിനായി വൗച്ചറുകൾ നോക്കാനുള്ള സ്വാതന്ത്ര്യം നൽകാമെന്ന് ആഫർ ചെയ്യുകയും, ചെയ്തിട്ടുള്ളതും എന്നാൽ, വാദി, പ്രതിയുടെ ആഫർ പ്രയോജനപ്പെടുത്താൻ വിസമ്മതിച്ചിട്ടുള്ളതു മാകുന്നു.

4. വാദി, ഈ വ്യവഹാരത്തിൻെറ കോടതിച്ചെലവ് തരേണ്ടതാണെന്ന പ്രതി ബോധിപ്പിക്കുന്നു.

നമ്പർ 15

## മുറപ്രകാരമുള്ള ഫാറത്തിൽ ഒസ്യത്തിൻെറ പ്രൊബേററ്

1. മരിച്ചുപോയ ആളുടെ പറയപ്പെട്ട ഒസ്യത്തും കോഡിസിലും, ഇൻഡ്യൻ പിൻതുടർച്ച ആക്ററ്, 1865-ലെ (1865-ലെ 10) [അല്ലെങ്കിൽ ഹിന്ദുമരണശാസനങ്ങൾ ആക്ററ്, 1870-ലെ [1870-ലെ 21] വ്യവസ്ഥകളനുസരിച്ച് മുറപ്രകാരം ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതല്ല.

2. പറയപ്പെട്ട ഒസ്യത്തും കോഡിസിലും, യഥാക്രമം ഒപ്പിട്ടു പൂർത്തീകരിച്ചതായി, കരുതപ്പെടാവുന്ന സമയം, മരിച്ചുപോയ ആൾ സ്വസ്ഥചിത്തനും ശരിയായ ഓർമ്മശക്തിയും ഉള്ളവനും ആയിരുന്നില്ല.

3. പറയപ്പെട്ട ഒസ്യത്തിൻേറയും കോഡിസിലിൻേറയും ഒപ്പിട്ടു പൂർത്തീകരണം, വാദിയുടേയും, [അയാളോടൊപ്പം പ്രവർത്തിച്ചിരുന്നതും, പ്രതിക്ക് ഇപ്പോൾ പേരറിയാത്തതുമായ മററുള്ളവരുടേയും]. അനുചിതമായ സ്വാധീനത്താൽ നേടിയിട്ടുള്ളതാണ്.

4. പറയപ്പെട്ട ഒസ്യത്തിൻേറയും കോഡിസിലിൻേറയും ഒപ്പിട്ടു പൂർത്തീകരണം നേടിയിട്ടുള്ളത്, വാദിയുടെ വഞ്ചനയാലും അങ്ങനെയുള്ള വഞ്ചന, പ്രതിയുടെ ഇപ്പോഴത്തെ അറിവിൽപെട്ടിടത്തോളം താഴെപറയും പ്രകാരമുള്ളതും ആകുന്നു. [വഞ്ചനയുടെ പ്രകൃതം പ്രസ്താവിക്കുക]

5. പറയപ്പെട്ട ഒസ്യത്തിൻേറയും കോഡിസിലിൻേറയും ഒപ്പിട്ടു പൂർത്തീകരണസമത്തു, മരിച്ചുപോയ ആൾക്ക് അതിലെ ഉള്ളടക്കത്തെക്കുറിച്ചു [അല്ലെങ്കിൽ അതതു സംഗതിപോലെ, പറയപ്പെട്ട ഒസ്യത്തിലെ അവശിഷ്ട ഖണ്ഡത്തിലെ, ഉള്ളടക്കത്തെക്കുറിച്ച്] അറിവുണ്ടായിരുന്നിട്ടില്ലാത്തതും അയാൾ അതു അംഗീകരിച്ചിട്ടുള്ളതുമാകുന്നു.

6. മരിച്ചുപോയ ആൾ, അയാളുടെ യഥാർത്ഥമായതും ഒടുവിലത്തേതുമായ ഒസ്യത്തു 1873, ജനുവരി 1-ാം തീയതി ഉണ്ടാക്കിയിട്ടുള്ളതും അതിനാൽ, പ്രതിയെ അതിൻെറ അനന്യ എക്സിക്യൂട്ടർ ആയി നിയമിച്ചിട്ടുള്ളതുമാകുന്നു.

പ്രതി—

(1) വാദി ഹാജരാക്കിയിട്ടുള്ള പറയപ്പെട്ട ഒസ്യത്തിനും കോഡിസിലിനും എതിരായി, കോടതി വിധി പ്രസ്താവിക്കണമെന്നും,

(2) കോടതി, നിയമത്തിൻെറ മുറപ്രകാരമുള്ള ഫാറത്തിൽ മരിച്ചുപോയ ആളുടെ 1873 ജനുവരി 1-ാം തീയതിയിലെ ഒസ്യത്തിൻെറ പ്രൊബേററ് വിധിക്കണമെന്നും, അവകാശപ്പെടുന്നു.

നമ്പർ 16

## വിവരങ്ങൾ

(ആർഡർ VI, ചട്ടം 5)

(വ്യവഹാരത്തിൻെറ ശീർഷകം)

വിവരങ്ങൾ : താഴെ പറയുന്നവ,.. ..മാസം......തീയതിയിലെ ഉത്തരവനുസരിച്ചു നൽകുന്ന (ഏതു വിഷയങ്ങൾ സംബന്ധിച്ചാണോ വിവരങ്ങൾ നൽകാൻ ഉത്തരവു ചെയ്തിട്ടുള്ളത്, ആ വിഷയങ്ങൾ ഇവിടെ പ്രസ്താവിക്കുക.) സംബന്ധിച്ച വിവരങ്ങൾ ആകുന്നു.

(ഇവിടെ ഉത്തരവുചെയ്ത വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ഖണ്ഡികകളായി പ്രതിപാദിക്കുക)

## അനുബന്ധം ഖ

# പ്രോസസ്സ്

### നമ്പർ 1

### വ്യവഹാരത്തിന്റെ തീർപ്പിനുള്ള സമൺസ് (ആർഡർ 5 ചട്ടം 1, 5)

(ശീർഷകം)

.................... ....ക്ക്

[പേരും, വിവരണവും, താമസസ്ഥലവും]

.....................നിങ്ങൾക്കെതിരായി.....................ന് ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളതിനാൽ, നിങ്ങൾ നേരിട്ടോ അല്ലെങ്കിൽ മുറപ്രകാരം ഉപദേശം നൽകപ്പെട്ടിട്ടുള്ളതും വ്യവഹാരം സംബന്ധിച്ചുള്ള സാരമായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ളതുമായ, അല്ലെങ്കിൽ അങ്ങനെയുള്ള എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ള വല്ല ആളാലും അനുഗതനായ ഒരു പ്ലീഡർ മുഖേനയോ, 19...... മാസം............തീയതി............ഉച്ചയ്ക്ക്......മണിക്ക് അവകാശവാദത്തിന് ഉത്തരം പറയാൻ ഈ കോടതിയിൽ ഹാജരാകാൻ ഇതിനാൽ സമൺ ചെയ്യപ്പെട്ടിരിക്കുന്നു ; നിങ്ങളുടെ ഹാജരാകലിന് നിജപ്പെടുത്തിയിട്ടുള്ള ദിവസം, വ്യവഹാരത്തിന്റെ അന്തിമത്തീർപ്പിക്ക് നിശ്ചയിച്ചിട്ടുള്ളതാകയാൽ, അന്നേദിവസം നിങ്ങളുടെ പ്രതിവാദത്തിന് താങ്ങായി നിങ്ങൾ ആശ്രയിക്കാനുദ്ദേശിക്കുന്ന തെളിവ് ഏത് സാക്ഷികളുടേതാണോ അങ്ങനെയുള്ള എല്ലാ സാക്ഷികളേയും, രേഖകൾ ഏതാണോ, അങ്ങനെയുള്ള എല്ലാ രേഖകളും ഹാജരാക്കാൻ നിങ്ങൾ തയ്യാറാവുകയും വേണം.

മുൻപറഞ്ഞ ദിവസം നിങ്ങൾ ഹാജരാകാതിരുന്നാൽ വ്യവഹാരം നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേൾക്കുകയും തീർപ്പിക്കപ്പെടുകയും ചെയ്യുന്നതാണെന്ന് നോട്ടീസ് തരുന്നു.

19....മാസം..........തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി

നോട്ടീസ്.—1. നിങ്ങളുടെ സാക്ഷികൾ സ്വമനസ്സാലെ സന്നിഹിതരാവുകയില്ലെന്ന് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, ഏതെങ്കിലും സാക്ഷി സന്നിഹിതനാകാനും, ഹാജരാക്കാൻ സാക്ഷിയോട് ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമുള്ള ഏതെങ്കിലും രേഖ ഹാജരാക്കാനും നിർബന്ധിക്കാൻ നിങ്ങൾക്ക് ഈ കോടതിയിൽനിന്ന് സമൺസ് കോടതിയോട് അപേക്ഷിക്കുകയും ആവശ്യമുള്ള ചെലവുകൾ നിക്ഷേപിക്കുകയും ചെയ്യുന്നതിൻമേൽ ലഭിക്കാൻ കഴിയുന്നതാണ്.

2. നിങ്ങൾ അവകാശവാദം സമ്മതിക്കുന്നുവെങ്കിൽ, വിധിയുടെ,—അത് നിങ്ങളുടെ ശരീരത്തിനോ വസ്തുവിനോ, രണ്ടിനുമോ എതിരായി ആകാവുന്നതാണ്—നടത്തൽ ഒഴിവാക്കാനായി, നിങ്ങൾ, പണം, വ്യവഹാരത്തിന്റെ കോടതിചെലവ് സഹിതം കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

നമ്പർ 2

## വിവാദ്യകങ്ങൾ നിശ്ചയിക്കുന്നതിനുള്ള സമൺസ്
(ആർഡർ 5 ചട്ടങ്ങൾ 3–ം 5–ം)

(ശീർഷകം)

.......................ന്

[പേരും, വിവരണവും താമസസ്ഥലവും]

......................നിങ്ങൾക്കെതിരായി...................ന് ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളതിനാൽ, നിങ്ങൾ, നേരിട്ടോ അല്ലെങ്കിൽ മുറ പ്രകാരം ഉപദേശം നൽകപ്പെട്ടിട്ടുള്ളതും വ്യവഹാരം സംബന്ധിച്ചുള്ള സാരമായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ളതുമായ, അല്ലെങ്കിൽ അങ്ങനെയുള്ള എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറയാൻ കഴിവുള്ള വല്ല ആളാലും അനുഗതനായ ഒരു പ്ലീഡർ മുഖേനയോ, 19......മാസം........ തീയതി ഉച്ചയ്ക്ക്..........മണിക്ക് അവകാശവാദത്തിന് ഉത്തരം പറയാൻ ഈ കോടതിയിൽ ഹാജരാകാൻ ഇതിനാൽ സമൺ ചെയ്യപ്പെട്ടിരിക്കുന്നതും ; കൂടാതെ, ആ ദിവസം നിങ്ങളുടെ പ്രതിവാദത്തിന്റെ പത്രിക ഫയൽ ചെയ്യാനും, മുൻപറഞ്ഞ ദിവസം നിങ്ങളുടെ പ്രതിവാദമോ തട്ടിക്കിഴിക്കലിനുള്ള അവകാശവാദമോ പ്രത്യവകാശവാദമോ അടിസ്ഥാനപ്പെടുത്തുന്നതും, നിങ്ങളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതുമായ എല്ലാ രേഖകളും ഹാജരാക്കാനും നിങ്ങളോട് ഇതിനാൽ നിദേശിക്കുന്നതും, നിങ്ങളുടെ പ്രതിവാദത്തിനോ, തട്ടിക്കിഴിക്കലിനുള്ള അവകാശവാദത്തിനോ പ്രത്യവകാശവാദത്തിനോ താങ്ങായി ഉള്ള തെളിവായി നിങ്ങൾ മറ്റേതെങ്കിലും രേഖയോ, അത് നിങ്ങളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതോ അല്ലാത്തതോ ആയാലും ആശ്രയിക്കുന്നിടത്ത്, അങ്ങനെയുള്ള രേഖകൾ നിങ്ങൾ പത്രികയോട് അനുബന്ധിക്കേണ്ട ഒരു ലിസ്റ്ററിൽ ചേർക്കേണ്ടതും ആകുന്നു.

മുൻപറഞ്ഞ ദിവസം നിങ്ങൾ ഹാജരാകാതിരുന്നാൽ വ്യവഹാരം നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേൾക്കുകയും തീർപ്പിക്കപ്പെടുകയും ചെയ്യുന്നതാണെന്ന് നോട്ടീസ് തരുന്നു.

19........മാസം..............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി

നോട്ടീസ്.—1. നിങ്ങളുടെ സാക്ഷികൾ സ്വമനസ്സാലെ സന്നിഹിതരാവുകയില്ലെന്ന് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, ഏതെങ്കിലും സാക്ഷി സന്നിഹിതനാകാനും, ഹാജരാക്കാൻ സാക്ഷിയോട് ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമുള്ള ഏതെങ്കിലും രേഖ ഹാജരാക്കാനും, നിർബന്ധിക്കാൻ നിങ്ങൾക്ക് ഈ കോടതിയിൽനിന്ന് സമൺസ് കോടതിയോട് അപേക്ഷിക്കുകയും ആവശ്യമുള്ള ചെലവുകൾ നിക്ഷേപിക്കുകയും ചെയ്യുന്നതിൻമേൽ ലഭിക്കാൻ കഴിയുന്നതാണ്.

2. നിങ്ങൾ അവകാശവാദം സമ്മതിക്കുന്നുവെങ്കിൽ, വിധിയുടെ,—അത് നിങ്ങളുടെ ശരീരത്തിനോ വസ്തുവിനോ രണ്ടിനുമോ എതിരായി ആകാവുന്നതാണ്—നടത്തൽ ഒഴിവാക്കാനായി, നിങ്ങൾ, പണം, വ്യവഹാരത്തിന്റെ കോടതിച്ചെലവ് സഹിതം കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

നമ്പർ 3

## നേരിട്ടു ഹാജരാകാനുള്ള സമൺസ
(ആർഡർ 5 ചട്ടം 3)

(ശീർഷകം)

........................ക്ക്

[പേരും, വിവരണവും, താമസസ്ഥലവും]

......................നിങ്ങാക്ക് എതിരായി..................ന് ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളതിനാൽ, നിങ്ങാ ഈ കോടതിയിൽ, 19...... മാസം.............................തീയതി ഉച്ചയ്ക്ക്..........മണിക്ക് അവകാശവാദത്തിന് 'ഉത്തരം പറയാനായി നേരിട്ടു ഹാജരാകാൻ ഇതിനാൽ സമൺ ചെയ്യപ്പെട്ടിരിക്കുന്നതും, അന്നേ ദിവസം, നിങ്ങളുടെ പ്രതിവാദത്തിന് താങ്ങായി നിങ്ങാ ആശ്രയിക്കാനുദ്ദേശിക്കുന്ന എല്ലാ രേഖകളും, ഹാജരാക്കാൻ നിങ്ങാ നിദേശിക്കപ്പെട്ടിരിക്കുന്നതും ആകുന്നു.

മുൻപറഞ്ഞ ദിവസം നിങ്ങാ ഹാജരാകാതിരുന്നാൽ വ്യവഹാരം നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേരക്കുകയും, തീർപ്പാക്കപ്പെടുകയും ചെയ്യുന്നതാണെന്ന് നോട്ടീസ് തരുന്നു.

19........മാസം............തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി

നമ്പർ 4

## സമറി വ്യവഹാരത്തിലെ സമൺസ്
(ആർഡർ 37 ചട്ടം 2)

(ശീർഷകം)

.........................ന്

[പേരും, വിവരണവും, താമസസ്ഥലവും]

.................നിങ്ങാക്കെതിരായി, സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 37-ൻ കീഴിൽ.................രൂപയ്ക്കും പലിശക്കും ഒരു വ്യവഹാരം ആരംഭിച്ചിട്ടുള്ളതിനാൽ, ഈ സമൺസ് നടത്തിയതിന്റെ പത്തു ദിവസത്തിനുള്ളിൽ നിങ്ങാക്കുവേണ്ടി ഹാജർ റിക്കാർഡാക്കാനായി ഇതിനായി സമൺ ചെയ്യപ്പെട്ടിരിക്കുന്നതും, അതിന് വീഴ്ച വരുത്തിയാൽ, മുൻപറഞ്ഞ പത്തു ദിവസം കഴിഞ്ഞതിനുശേഷം..............രൂപയിൽ കവിയാത്ത ഏതെങ്കിലും തുകയ്ക്കും, കോടിച്ചെലവിലേക്ക്............ രൂപയ്ക്കും, കോടതി ഉത്തരവ് ചെയ്യുന്നത് പലിശ വല്ലതുമുണ്ടെങ്കിൽ അത് സഹിതം, വിധികിട്ടാൻ വാദിക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

നിങ്ങാക്കുവേണ്ടി, ഹാജർ റിക്കാർഡാക്കിക്കുന്നുവെങ്കിൽ അതിനുശേഷം, വാദി നിങ്ങാക്ക് ഒരു വിധി ന്യായത്തിനുള്ള സമൺസ് നടത്തുന്നതും, അതിന്റെ ഹീയറിങ്ങിൽ വ്യവഹാരം പ്രതിവാദം ചെയ്യാനുള്ള അനുമതിക്ക് കോടതിയോടപേക്ഷിക്കാൻ നിങ്ങാക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

വ്യവഹാരത്തിന് അതിന്റെ ഗുണത്തിൻമേൽ പ്രതിവാദമുണ്ടെന്നോ അല്ലെങ്കിൽ പ്രതിവാദം ചെയ്യാൻ നിങ്ങളെ അനുവദിക്കേണ്ടത് ന്യായമാണെന്നോ സത്യവാങ്മൂലം വഴിയോ മററു വിധത്തിലോ നിങ്ങൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ പ്രതിവാദത്തിനുള്ള അനുമതി ലഭിക്കാവുന്നതാണ്.

19......മാസം......തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി

നമ്പർ 4 ക

## സമറി വ്യവഹാരത്തിൽ വിധി ന്യായത്തിനുള്ള സമൺസ്
## (ആർഡർ 37, ചട്ടം 3)

(ശീർഷകം)

..............ലെ..............കോടതിയിൽ 19..........നവംബർ വ്യവഹാരം

ഭ.മ.യ..................വാദി

അഭി

ക.ഖ.ഗ....................പ്രതി

വാദിയുടെ സത്യവാങ്മൂലം വായിച്ചതിൻമേൽ കോടതി താഴെ പറയുന്ന ഉത്തരവു പുറപ്പെടുവിക്കുന്നു ; അതായത്,—

19..........മാസം..........തീയതി, ഉച്ചയ്ക്കുമുമ്പ്..............മണിയ്ക്ക് തനിക്ക് ഈ വ്യവഹാരത്തിൽ, പ്രതിക്കെതിരായി (അല്ലെങ്കിൽ ഒരാൾക്കോ ചിലർക്കോ പലർക്കോ എതിരായാണെങ്കിൽ, പേരുകൾ ചേർക്കുക) ............രൂപയ്ക്കും, പലിശയ്ക്കും കോടതിച്ചെലവിനും, വിധി ന്യായം ലഭിക്കുമാറാകണമെന്നുള്ള വാദിയുടെ അപേക്ഷയുടെ ഹീയറിങ്ങിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളും, അതതു സംഗതിപോലെ, കോടതിയിലോ ജഡ്ജിയുടെ മുമ്പാകെയോ ഹാജരാകേണ്ടതാകുന്നു.

19........മാസം..........തീയതി

നമ്പർ 5

## കൂട്ടുവാദിയായി ചേർക്കേണ്ടതാണെന്ന് കോടതി കരുതുന്ന ആൾക്കുള്ള നോട്ടീസ്
## (ആർഡർ, 1 ചട്ടം, 10

(ശീർഷകം)

.................................ന്

(പേരും, വിവരണവും, താമസസ്ഥലവും)

................എന്നയാൾ..........ന് എതിരായി.......രൂപയ്ക്ക് മുകളിൽ പറഞ്ഞ വ്യവഹാരം ആരംഭിച്ചിരിക്കുകയും, അതിൽ ഉൾക്കൊള്ളുന്ന എല്ലാ പ്രശ്നങ്ങളും ഫലപ്രദമായും പൂർണ്ണമായും ന്യായനിർണ്ണയം ചെയ്യാനും തീർക്കാനും കോടതിക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി മുൻപറഞ്ഞ വ്യവഹാരത്തിൽ നിങ്ങളെ ഒരു വാദിയായി ചേർക്കേണ്ടത്, ആവശ്യമാണെന്ന് തോന്നുകയും ചെയ്യുന്നതിനാൽ,

അപ്രകാരം ചേർക്കപ്പെടാൻ നിങ്ങൾ സമ്മതിക്കുന്നുണ്ടോ എന്ന് 19 ..............., ..............മാസം................തീയതിയോ അതിനു മുമ്പോ നിങ്ങൾ ഈ കോടതിയെ അറിയിക്കേണ്ടതാണെന്ന് നോട്ടീസ് തരുന്നു.

19............മാസം............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി

## നമ്പർ 6

## മരിച്ചുപോയ പ്രതിയുടെ നിയമാനുസൃത പ്രതിനിധിക്കുള്ള സമൺസ്

(ആർഡർ 22, ചട്ടം 4)

(ശീർഷകം)

..........................ന്

വാദിയായ..........ഈ കോടതിയിൽ 19..........മാസം......തീയതി പിന്നീട് മരിച്ചുപോയിട്ടുള്ള പ്രതിയായ....................ന് എതിരായി ഒരു വ്യവഹാരം ആരംഭിക്കുകയും, മുൻപറഞ്ഞ വാദി, നിങ്ങൾ, മരിച്ചുപോയ മുൻപറഞ്ഞ...................ന്റെ നിയമാനുസൃത പ്രതിനിധിയാണെന്ന ആഖ്യാപിച്ചുകൊണ്ടും, അയാൾക്കു പകരം നിങ്ങളെ പ്രതിയാക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടും ഈ കോടതിക്ക് അപേക്ഷ കൊടുക്കുകയും ചെയ്തിരിക്കുന്നതിനാൽ ;

മുൻപറഞ്ഞ വ്യവഹാരം പ്രതിവാദം ചെയ്യുന്നതിന് നിങ്ങൾ 19........ മാസം..............തീയതി ഉച്ചയ്ക്ക് മുമ്പ്............മണിയ്ക്ക് ഈ കോടതിയിൽ സന്നിഹിതനാകാൻ ഇതിനാൽ സമൺ ചെയ്യപ്പെട്ടിരിക്കുന്നതും, വിനിർദ്ദിഷ്ട ദിവസം നിങ്ങൾ ഹാജരാകുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം മുൻപറഞ്ഞ വ്യവഹാരം നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേൾക്കുകയും തീർപ്പാക്കപ്പെടുകയും ചെയ്യുന്നതും ആകുന്നു.

19..........മാസം..........തീയതി ആയ ഇന്നേ ദിവസം, നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി

## നമ്പർ 7

## മറ്റൊരു കോടതിയുടെ അധികാരിതയ്ക്കുള്ളിലെ നടത്തലിനായി സമൺസ് അയച്ചുകൊടുക്കാനുള്ള ഉത്തരവ്

(ആർഡർ 5, ചട്ടം 21)

(ശീർഷകം)

പ്രതിയായ / സാക്ഷിയായ

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ——————.....................

ഇപ്പോൾ....................ൽ താമസമാണെന്ന് പ്രസ്താവിക്കപ്പെടുന്നതിനാൽ : മുൻപറഞ്ഞ——————(പ്രതിക്ക് / സാക്ഷിക്ക്) നടത്താനായി 19........മാസം.......... .. തീയതി മടക്കേണ്ടതായ ഒരു സമൺസ് ഈ നടപടിയുടെ ഒരു ഡ്യൂപ്ലിക്കേറ്റോടുകൂടി........... ലെ...... ....കോടതിയിലേക്ക് അയക്കണമെന്ന് ഉത്തരവ് ചെയ്യുന്നു.

സമൺസ് സംബന്ധിച്ച് ചാർജ്ജ് ചെയ്യേണ്ട...................
കോർട്ട് ഫീസ്, സ്ററാമ്പായി ഈ കോടതിയിൽ വസൂലാക്കിയിട്ടുണ്ട്.

19................മാസം..............തീയതി

ജഡ്ജി

നമ്പർ 8

## ഒരു തടവുകാരന് നടത്തേണ്ട സമൺസ് അയച്ചുകൊടുക്കാനുള്ള ഉത്തരവ്

(ആർഡർ 5, ചട്ടം 24)

(ശീർഷകം)

.........................................ലെ ജയിൽ സൂപ്രണ്ട് ആയ
.........................................ന്

സിവിൽ നടപടി നിയമസംഹിത, 1908—ലെ, ആർഡർ 5, ചട്ടം 24—ലെ വ്യവസ്ഥകൾക്കുകീഴിൽ, ജയിലിൽ................... തടവുകാരനായ പ്രതി .............ക്ക് നടത്താനായി ഒരു സമൺസ് ഡ്യൂപ്ലിക്കേററായി ഇതോടൊപ്പം അയയ്ക്കുന്നു. മുൻപറഞ്ഞ സമൺസിൻെറ ഒരു പകർപ്പ്, മുൻപറഞ്ഞ പ്രതിക്കു നടത്തിക്കുകയും, അസ്സൽ, മുൻപറഞ്ഞ പ്രതി ഒപ്പിട്ട്, നടത്തലിനെക്കുറിച്ചു നിങ്ങൾ അതിൻമേൽ എൻഡോഴ്സ് ചെയ്യുന്ന ഒരു പ്രസ്താവന സഹിതം, ഈ കോടതിക്ക് മടക്കുകയും ചെയ്യാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

ജഡ്ജി.

നമ്പർ 9

## ഒരു പബ്ളിക് സർവൻറിനോ പട്ടാളക്കാരനോ നടത്താനുള്ള സമൺസ്

അയച്ചുകൊടുക്കാനുള്ള ഉത്തരവ്

(ആർഡർ 5, ചട്ടങ്ങൾ 27, 28)

(ശീർഷകം)

................................................................ൽ

സിവിൽ നടപടി നിയമസംഹിത, 1908—ലെ 5—ാം ആർഡർ, 27 (അല്ലെങ്കിൽ അതതുസംഗതിപോലെ 28)-ാം ചട്ടത്തിലെ വ്യവസ്ഥകൾക്കു കീഴിൽ, നിങ്ങളുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്നതായി പ്രസ്താവിക്കപ്പെടുന്ന പ്രതി..................നു നടത്താനായി ഒരു സമൺസ് ഡ്യൂപ്ലിക്കേററായി ഇതോടൊപ്പം അയയ്ക്കുന്നു. മുൻപറഞ്ഞ സമൺസിൻെറ ഒരു പകർപ്പ്, മുൻപറഞ്ഞ പ്രതിയ്ക്കു നടത്തിക്കുകയും, അസ്സൽ മുൻപറഞ്ഞ പ്രതി ഒപ്പിട്ട് നടത്തലിനെക്കുറിച്ച്, നിങ്ങൾ അതിൻമേൽ എൻഡോഴ്സ് ചെയ്യുന്ന ഒരു പ്രസ്താവനസഹിതം, ഈ കോടതിക്കു മടക്കുകയും ചെയ്യാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

ജഡ്ജി

നമ്പർ 10

## മറെറാരു കോടതിയിലെ സമൺസിൻെറ സമൺസ് റിട്ടേണുകളോടൊപ്പം ഉണ്ടായിരിക്കേണ്ടത്

(ആർഡർ 5, ചട്ടം 23)

(ശീർഷകം)

...................................ൽ നിന്നുള്ള ആ കോടതിയിലെ 19..................ലെ..........നമ്പർ വ്യവഹാരത്തിൽ............നു നടത്താനായി..............അയച്ചുകൊണ്ടുള്ള നടപടി വായിച്ചു.

.............എന്നു പ്രസ്താവിച്ചുകൊണ്ടുള്ള നടത്തൽ ഉദ്യോഗസ്ഥൻെറ എൻഡോഴ്സ്മെൻറു വായിച്ചു ; മുകളിൽ പറഞ്ഞതു.............. ....ൻേറയും ശപഥത്തിൻമേൽ നാം മുറപ്രകാരം തെളിയിപ്പിച്ച് .......... ഈ നടപടിയുടെ ഒരു പകർപ്പ് സഹിതം...................നു മടക്കണമെന്നു ഉത്തരവു ചെയ്യുകയും ചെയ്യുന്നു.

ജഡ്ജി.

കുറിപ്പ്........ ......ഈ ഫാറം അതേരീതിയിൽ നടത്തേണ്ട, സമൺസ് അല്ലാത്ത പ്രോസസ്സിന് ബാധകമാകുന്നതാണ്.

നമ്പർ 11

## സമൺസിൻേറയോ നോട്ടീസിൻേറയോ റിട്ടേണിനോടോപ്പം ഉണ്ടായിരിക്കേണ്ട പ്രോസസ്സ് സെർവറുടെ സത്യവാങ്മൂലം

(ആർഡർ 5, ചട്ടം 18)

(ശീർഷകം)

.................ൻെറ പുത്രനായ.............ൻെറ സത്യവാങ്മൂലം

.... ..... ............ആയ ഞാൻ, ശപഥം / പ്രതിജ്ഞ ചെയ്യുകയും താഴെ പറയുംപ്രകാരം പറയുകയും ചെയ്യുന്നു.

(1) ഞാൻ ഈ കോടതിയിലെ ഒരു പ്രോസസ്സ്സെർവർ ആകുന്നു.

(2) ..... ...........ന് നടത്താനായി..................കോടതി, ആ കോടതിയിലെ, 19............. .ലെ..............നമ്പർ വ്യവഹാരത്തിൽ പുറപ്പെടുവിച്ച, 19.............മാസം..........തീയതിയിലെ ഒരു സമൺസ് / നോട്ടീസ് 19.. ...............മാസം............. . തീയതി എനിക്ക് കിട്ടി.

(3) മുൻപറഞ്ഞ...... ....നെ, എനിക്ക് ആ സമയത്ത് നേരിട്ട് അറിയാമായിരുന്നതും, ഞാൻ 19..............മാസം..............തീയതി ഉച്ചയ്ക്കു......................ഏകദേശം.......................... മണിക്ക്, മുൻപറഞ്ഞ സമൺസ് / നോട്ടീസ്, അതിൻെറ ഒരു പകർപ്പ് അയാൾക്ക് / അവൾക്ക് ടെൻഡർ ചെയ്യുകയും അസൽ സമൺസിൽ / നോട്ടീസിൽ അയാളുടെ / അവളുടെ ഒപ്പ് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് അയാൾക്കു / അവൾക്കു നടത്തിയിട്ടുള്ളതും ആകുന്നു.

(ക) ......................

(ഖ) ......................

(ക) ഇവിടെ ആർക്കാണോ നടത്തിയത് ആ ആൾ പ്രോസസ്സ് ഒപ്പിട്ടുവോ, ഒപ്പിടുവാൻ വിസമ്മതിച്ചുവോ എന്നും, ആരുടെ സാന്നിദ്ധ്യത്തിൽ എന്നും പ്രസ്താവിക്കുക

(ഖ) പ്രോസസ്സ് സെർവറുടെ ഒപ്പ്.

അല്ലെങ്കിൽ

(3) മുൻപറഞ്ഞ...... ......നെ എനിക്ക് നേരിട്ട് അറിയാത്തത് നാൽ..................എന്നോടൊപ്പം വരികയും, ഒരാളെ ചൂണ്ടികാണിച്ച് ആ ആൾ, മുൻപറഞ്ഞ ആളാണെന്നു പറയുകയും, ഞാൻ 19............. മാസം..............തീയതി ഉച്ചയ്ക്ക്...........ഏകദേശം............ മണിക്ക് മുൻപറഞ്ഞ സമൺസ് / നോട്ടീസ്, അതിൻെറ ഒരു പകർപ്പ് അയാൾക്ക് / അവൾക്ക് ടെൻഡർ ചെയ്യുകയും, അസ്സൽ സമൺസിൽ / നോട്ടീസിൽ അയാളുടെ / അവളുടെ ഒപ്പ് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് അയാൾക്ക് / അവൾക്ക് നടത്തിയിട്ടുള്ളതും ആകുന്നു.

(ക) ........................

(ഖ) ........................

(ക) ഇവിടെ ആർക്കാണോ നടത്തിയത് ആ ആൾ പ്രോസസ്സ് ഒപ്പിട്ടുവോ ഒപ്പിടാൻ വിസമ്മതിച്ചുവോ എന്നും ആരുടെ സാന്നിദ്ധ്യത്തിൽ എന്നും പ്രസ്താവിക്കുക.

(ഖ) പ്രോസസ്സ് സെർവറുടെ ഒപ്പ്

അല്ലെങ്കിൽ,

(2) മുൻപറഞ്ഞ..................നേയും, അയാൾ സാധാരണമായി താമസമുള്ള ഭവനവും എനിക്കു നേരിട്ട് അറിയാവുന്നതിനാൽ, ഞാൻ ..................ലെ മുൻപറഞ്ഞ ഭവനത്തിൽ പോയിട്ടുള്ളതും അവിടെ ഞാൻ 19 .............മാസം..............തീയതി ഉച്ചയ്ക്ക് .......... ഏകദേശം...........മണിക്ക് മുൻപറഞ്ഞ...............നെ കണ്ടിട്ടില്ലാത്തതുമാകുന്നു.

(ക) ..................
(ഖ) ..................
(ക) ആർഡർ 5, 15—ം, 17—ം ചട്ടങ്ങൾ പ്രത്യേകം പരിഗണിച്ച് പ്രോസ്സ്സ് നടത്തിയ രീതി പൂർണ്ണമായും കൃത്യമായും ചേർക്കുക.

(ഖ) പ്രോസ്സ്സ് സെർവറുടെ ഒപ്പ്
അല്ലെങ്കിൽ,

(3) ഒരു ................എന്നോടൊപ്പം...................ലേയ്ക്ക് വരുകയും അവിടെ ഒരു ഭവനം കാണിച്ചു തരികയും അതു........ ...... സാധാരണമായി താമസമുള്ള ഭവനമാണെന്നു പറയുകയും ചെയ്തു. മുൻ പറഞ്ഞ............. ....നെ ഞാൻ അവിടെ കണ്ടില്ല.

(ക) ....................
(ഖ) ....................
(ക) ആർഡർ 5, 15—ം 17—ം ചട്ടങ്ങൾ പ്രത്യേകം പരിഗണിച്ച് പ്രോസസ്സ് നടത്തിയ രീതി പൂർണ്ണമായും കൃത്യമായും ചേർക്കുക.

(ഖ) പ്രോസസ്സ് സെർവറുടെ ഒപ്പ്
അല്ലെങ്കിൽ,

പകരം നടത്തൽ ഉത്തരവു ചെയ്തിട്ടുണ്ടെങ്കിൽ, പകരം നടത്തലിനുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രത്യേകം പരിഗണിച്ച് സമൺസ് നടത്തിയ രീതി പൂർണ്ണമായും കൃത്യമായും പ്രസ്താവിക്കുക.

മുൻപറഞ്ഞ...........നാൽ എന്റെ മുമ്പാകെ 19............മാസം
സത്യം
..............തീയതി ആയ ഇന്ന്————————ചെയ്തു.
പ്രതിജ്ഞ

മൊഴിനല്കുന്നവരെ ശപഥം ചെയ്യിക്കാൻ സിവിൽ നടപടി നിയമ സംഹിത, 1908-ലെ 139—ാം വകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയിട്ടുണ്ട്.

## നമ്പർ 12

## പ്രതിക്കുള്ള നോട്ടീസ്

(ആർഡർ 9, ചട്ടം 6)

(ശീർഷകം)

.................................ന്,

[പേരും, വിവരണവും, താമസസ്ഥലവും]

ഇന്നേ ദിവസം മുകളിൽ പറഞ്ഞ വ്യവഹാരത്തിന്റെ ഹിയറിങ്ങിനായി നിജപ്പെടുത്തുകയും, നിങ്ങൾ പേർക്ക് സമൺസ് പുറപ്പെടുവിക്കുകയും, വാദി ഈ കോടതിയിൽ ഹാജരായിരിക്കുകയും നിങ്ങൾ അപ്രകാരം ഹാജരാകാതിരിക്കുകയും, എന്നാൽ നാസറുടെ റിട്ടേണിൽ നിന്ന്, മുൻപറഞ്ഞ സമൺസ് നിങ്ങൾക്ക് നടത്തിയെന്നും, എന്നാൽ അത് മുൻപറഞ്ഞ സമൺസിൽ നിജപ്പെടുത്തിയിട്ടുള്ള ദിവസം ഹാജരാവുകയും ഉത്തരം പറയുകയും ചെയ്യാൻ നിങ്ങൾക്ക് കഴിവുണ്ടാക്കുന്നതിന് മതിയായ സമയത്തിനായിരുന്നില്ലെന്നും, കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുകയും ചെയ്തിരിക്കയാൽ :

വ്യവഹാരത്തിന്റെ ഹീയറിങ്ങ് ഇന്നു നീട്ടിവച്ചിരിക്കുന്നു എന്നും അതിന്റെ ഹിയറിങ്ങിന് 19...............മാസം..............തീയതി നിജപ്പെടുത്തിയിരിക്കുന്നു എന്നും, നിങ്ങൾക്ക് ഇതിനാൽ നോട്ടീസ് നല്കിയിരിക്കുന്നു ; ഒടുവിൽ പറഞ്ഞ ദിവസം നിങ്ങൾ ഹാജരാകുന്നതിൽ വീഴ്ച വരുന്നപക്ഷം, വ്യവഹാരം നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേൾക്കുകയും, തീർപ്പാക്കുകയുംചെയ്യുന്നതാകുന്നു.

19......................മാസം................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

## നംബർ 13

## സാക്ഷിക്കുള്ള സമൺസ്

(ആർഡർ 16, ചട്ടങ്ങൾ 1, 5)

(ശീർഷകം)

...........................................ന്

മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ........................നു വേണ്ടി .... ..........നായി നിങ്ങൾ സന്നിഹിതനാകുന്നത് ആവശ്യമായിരിക്കുകയാൽ, നിങ്ങളോട് ഈ കോടതിയിൽ 19 .. .......... മാസം .. ........ തീയതി ഉച്ചയ്ക്ക് മുൻപ് . . ............മണിക്ക് നേരിട്ടു ഹാജരാകാനും, നിങ്ങളോടൊപ്പം ..... .........കൊണ്ടുവരാനും (അല്ലെങ്കിൽ കോടതിയിലേക്ക്........ .......അയയ്ക്കാനും) ഇതിനാൽ ആവശ്യപ്പെടുന്നു.

ഒരു ദിവസത്തെ നിങ്ങളുടെ യാത്രാബത്തയും, മററു ചെലവുകളും ഉപജീവനബത്തയുമായ......... .....രൂപ ഇതോടൊപ്പം അയയ്ക്കുന്നു. നിയമാനുസൃതമായ ന്യായീകരണം കൂടാതെ നിങ്ങൾ ഈ ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ സന്നിഹിതനാകാതിരിക്കുന്നതിന്റെ, സിവിൽ നടപടി നിയമസംഹിത 16-ാം ആർഡർ, 12-ാം ചട്ടത്തിൽ പ്രതിപാദിക്കുന്ന അനന്തര ഫലങ്ങൾക്കു നിങ്ങൾ വിധേയമാകുന്നതാണ്.

19 .................മാസം..........തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചുനല്കപ്പെട്ടു.

ജഡ്ജി.

### നോട്ടീസ്

(1) നിങ്ങൾ സമൺ ചെയ്യപ്പെട്ടിരിക്കുന്നത് രേഖ ഹാജരാക്കാൻ മാത്രമായിരിക്കുകയും തെളിവു നല്കാനല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള രേഖ മുൻപറഞ്ഞ തീയതിയും സമയത്തും നിങ്ങൾ ഈ കോടതിയിൽ ഹാജരാക്കിക്കുന്നുവെങ്കിൽ, നിങ്ങൾ സമൺസ് അനുസരിച്ചു പ്രവർത്തിച്ചതായി കരുതപ്പെടുന്നതാണ്.

(2) മുൻപറഞ്ഞ ദിവസത്തിനപ്പുറം നിങ്ങൾ താമസിപ്പിക്കപ്പെടുന്നുവെങ്കിൽ വിനിർദ്ദിഷ്ട ദിവസത്തിനപ്പുറമുള്ള ഓരോ ദിവസവും സന്നിഹിതനായിരിക്കുന്നതിന്.... ..... ..രൂപ നിങ്ങൾക്ക് ടെൻഡർ ചെയ്യുന്നതാണ്.

നമ്പർ 14

## സാക്ഷി സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന വിളംബരം

(ആർഡർ 16, ചട്ടം 10)

(ശീർഷകം)

..............................................................ന്

നടത്തൽ ഉദ്യോഗസ്ഥനെ ശപഥത്തിൻമേൽ വിസ്തരിച്ചതിൽ നിന്ന്, സമൺസ്, സാക്ഷിക്ക് നിയമം നിർണ്ണയിച്ചിട്ടുള്ള രീതിയിൽ നടത്താൻ കഴിഞ്ഞില്ലെന്ന് കാണുന്നതിനാലും, സാക്ഷിയുടെ തെളിവ് സാരമായതാണെന്നും സമൺസ് നടത്താതെ കഴിക്കാൻ വേണ്ടി അയാൾ ഒളിവിൽ പോവുകയും മാറിനില്ക്കുകയും ചെയ്യുകയാണെന്ന് കാണുന്നതിനാലും : സാക്ഷി ഈ കോടതിയിൽ 19... ..............മാസം.............തീയതി ഉച്ചയ്ക്കു മുമ്പ് .. ...........മണിക്കും അയാൾക്കു വിട്ടുപോകാനനുമതി കിട്ടുന്നതുവരെ ദിവസംതോറും സന്നിഹിതനാകാൻ ആവശ്യപ്പെട്ടുകൊണ്ടു സിവിൽ നടപടി നിയമ സംഹിത, 1908-ലെ ആർഡർ 16, ചട്ടം 10—ൽ കീഴിൽ ഈ വിളംബരം പുറപ്പെടുവിച്ചിരിക്കുന്നതും ; സാക്ഷി മുൻപറഞ്ഞ ദിവസവും സമയത്തും സന്നിഹിതനാകാതിരിക്കുന്നുവെങ്കിൽ, അയാളുടെ കാര്യം നിയമമനുസരിച്ച് കൈകാര്യം ചെയ്യുന്നതുമാകുന്നു,

19................മാസം.................തീയതി..................ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 15

## സാക്ഷി സന്നിഹിതനാകാൻ ആവശ്യപ്പെടുന്ന വിളംബരം

(ആർഡർ 16, ചട്ടം 10)

(ശീർഷകം)

.............................................................................ന്

നടത്തൽ ഉദ്യോഗസ്ഥനെ ശപഥത്തിൻമേൽ വിസ്തരിച്ചതിൽ നിന്ന്, സമൺസ് സാക്ഷിക്ക് മുറപ്രകാരം നടത്തിയിട്ടുണ്ടെന്ന് കാണുന്നതിനാലും, സാക്ഷിയുടെ തെളിവ് സാരമായതാണെന്നും അയാൾ അങ്ങനെയുള്ള സമൺസ് അനുസരിച്ചുകൊണ്ട് സന്നിഹിതനാകാതിരുന്നിട്ടുണ്ടെന്നും കാണുന്നതിനാലും : സാക്ഷി ഈ കോടതിയിൽ 19..........മാസം........ തീയതി ഉച്ചയ്ക്കുമുമ്പ്......മണിക്കും അയാൾക്ക്, വിട്ടുപോകാനനുമതി കിട്ടുന്നതുവരെ ദിവസംതോറും സന്നിഹിതനാകാനാവശ്യപ്പെട്ടുകൊണ്ട് സിവിൽ നടപടി നിയമസംഹിത, 1908-ലെ 16-ാം ആർഡർ, 10-ാം ചട്ടത്തിൻകീഴിൽ ഈ വിളംബരം പുറപ്പെടുവിച്ചിരിക്കുന്നതും, സാക്ഷി, മുൻപറഞ്ഞ ദിവസവും സമയത്തും സന്നിഹിതനാകാതിരിക്കുന്നുവെങ്കിൽ, അയാളുടെ കാര്യം നിയമമനുസരിച്ച് കൈകാര്യം ചെയ്യുന്നതും ആകുന്നു.

19..........മാസം...........തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 16

## സാക്ഷിയുടെ വസ്തു ജപ്തി ചെയ്യാനുള്ള വാറൻറ്
(ആർഡർ 16, ചട്ടം 10)

(ശീർഷകം)

കോടതിയിലെ ബയിലിഫിന്,

......................വിളിച്ചിട്ടുള്ള സാക്ഷിയായ.................. അയാാം സന്നിഹിതനാകുന്നതിന് പുറപ്പെടുവിച്ച വിളംബരത്തിലെ കാലാവധി കഴിഞ്ഞിട്ടും കോടതിയിൽ ഹാജരായിട്ടില്ലാത്തതിനാൽ ; നിങ്ങളോട് മുൻപറഞ്ഞ സാക്ഷിയുടെ വകയായ...............വസ്തു............മൂല്യത്തിന് ജപ്തിയിൽ വയ്ക്കാനും വസ്തുവിൻെറ ഒരു ഇൻവെൻററി സഹിതമുള്ള ഒരു ിട്ടേൺ......ദിവസത്തിനുള്ളിൽ സമർപ്പിക്കാനും ഇതിനാൽ നിദേശിക്കുന്നു.

19......മാസം........തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ചുനൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 17

## സാക്ഷിയെ അറസ്ററ് ചെയ്യാനുള്ള വാറൻറ്
(ആർഡർ 16, ചട്ടം 10)

(ശീർഷകം)

കോടതിയിലെ ബയിലിഫിന്,

....................ന് മുറപ്രകാരം സമൺസ് നടത്തിയിരിക്കുകയും, എന്നാൽ അയാാം സന്നിഹിതനാകാതിരിക്കുകയും, സമൺസ് നടത്തൽ ഒഴിവാക്കാൻവേണ്ടി ഒളിവിൽ പോവുകയും, മാറിനിൽക്കുകയും ചെയ്യുന്നതിനാൽ, മുൻപറഞ്ഞ........................നെ അറസ്ററ് ചെയ്ത് കോടതി മുമ്പാകെ കൊണ്ടുവരാൻ നിങ്ങളോട് ഇതിനാൽ ഉത്തരവ് ചെയ്യുന്നു.

കൂടാതെ, ഈ വാറൻറ് ഇതു നടത്തിയ ദിവസവും രീതിയും അല്ലെങ്കിൽ അത് നടത്താതിരുന്നതിനുള്ള കാരണം സർട്ടിഫൈ ചെയ്യുന്ന ഒരു എൻസോഴ്സ്മെൻറ് സഹിതം 19........മാസം........തീയതിയോ അതിനുമുമ്പോ മടക്കേണ്ടതാണെന്നും നിങ്ങളോട് ഉത്തരവ് ചെയ്യുന്നു.

19..........മാസം...........തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി

നമ്പർ 18

## കമ്മിററ് ചെയ്യുന്ന വാറൻറ്
(ആർഡർ 16, ചട്ടം 16)

(ശീർഷകം)

......................ലെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്,

തെളിവ് നൽകാൻ (അല്ലെങ്കിൽ രേഖ ഹാജരാക്കാൻ) .........19....... മാസം..........തീയതി ഹാജരാകുന്നതിലേയ്ക്ക് ജാമ്യം വാങ്ങണമെന്ന്, മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വാദി (അല്ലെങ്കിൽ പ്രതി) ഈ കോടതിക്ക് അപേക്ഷ നൽകിയിട്ടുള്ളതിനാലും ; കോടതി മുൻപറഞ്ഞ..............നോടു

ജാമ്യം നൽകാൻ ആവശ്യപ്പെടുകയും, അയാറം അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളതിനാലും ; മുൻപറഞ്ഞ.......... ........നെ സിവിൽ കാരാഗൃഹത്തിൽ നിങ്ങളുടെ കസ്ററഡിയിൽ സ്വീകരിക്കാനും അയാളെ മുൻ പറഞ്ഞ ദിവസം, ഇതിനുശേഷം ഉത്തരവ് ചെയ്യുന്ന മററു ദിവസവും അല്ലെങ്കിൽ ദിവസങ്ങളിലും ...............ക്ക് ഈ കോടതി മുമ്പാകെ ഹാജരാക്കാനും ഇതിനാൽ നിങ്ങളോട് ആവശ്യപ്പെടുന്നു.

19........മാസം..........തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ചുനൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 19

## കമ്മിററ് ചെയ്യുന്ന വാറൻറ്

(ആർഡർ 16, ചട്ടം 18)

(ശീർഷകം)

.................ലെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്,

മുകളിൽ പറഞ്ഞ കേസ്സിൽ തെളിവ് നൽകാൻ, (അല്ലെങ്കിൽ രേഖ ഹാജരാക്കാൻ) ഈ കോടതി മുമ്പാകെ സന്നിഹിതനാകുന്നത് ആവശ്യമായിരിക്കുന്ന ......................നെ അറസ്ററ് ചെയ്യുകയും, കോടതി മുമ്പാകെ കസ്ററഡിയിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളതിനാലും ; വാദി (അല്ലെങ്കിൽ പ്രതി)യുടെ അസാന്നിദ്ധ്യം കാരണമായി മുൻപറഞ്ഞ................ന് അങ്ങനെയുള്ള തെളിവ് നൽകാൻ (അല്ലെങ്കിൽ അങ്ങനെയുള്ള രേഖ ഹാജരാക്കാൻ) കഴിയാതിരിക്കുന്നതിനാലും ; കോടതി മുൻപറഞ്ഞ............നോട്, 19......മാസം......തീയതി......ഹാജരാകുന്നതിലേയ്ക്ക് ജാമ്യം നൽകാൻ ആവശ്യപ്പെടുകയും, അയാറം അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളതിനാലും ; മുൻപറഞ്ഞ...........നെ സിവിൽ കാരാഗൃഹത്തിൽ നിങ്ങളുടെ കസ്ററഡിയിൽ സ്വീകരിക്കുവാനും അയാളെ 19......മാസം........ തീയതി.... ക്ക് ഈ കോടതി മുമ്പാകെ ഹാജരാക്കാനും, ഇതിനാൽ നിങ്ങളോട് ആവശ്യപ്പെടുന്നു.

19......മാസം........തീയതിയായ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

അനുബന്ധം ഗ

# വെളിപ്പെടുത്തലും പരിശോധനയും സമ്മതവും

നമ്പർ 1

## ചോദ്യങ്ങറം നൽകാനുള്ള ഉത്തരവ്

(ആർഡർ 11, ചട്ടം 1)

..................കോടതിയിൽ

സിവിൽ വ്യവഹാരം നമ്പർ 19......ലെ..............................

ക. ഖ .................. .............വാദി

.......................................അലി..............

ഗ. ഘ, ങ.ച, ഛ.ജ.......................പ്രതികറം

.....................നി പറയാനുള്ളത് കേറംക്കുകയും 19........മാസം ......തീയതി ഫയൽ ചെയ്ത......ൻെറ സത്യവാങ്മൂലം വായിക്കുകയും ചെയ്തതിൻമേൽ ; ............ന് ലിഖിതമായ ചോദ്യങ്ങറം നൽകാൻ

.............ന് സ്വാതന്ത്ര്യമുണ്ടെന്നും, മുൻപറഞ്ഞ..........ആർഡർ 11, ചട്ടം 8 നിർണ്ണയിക്കുന്ന പ്രകാരം ആ ചോദ്യങ്ങൾക്ക് ഉത്തരം പറയണമെന്നും, ഈ അപേക്ഷയുടെ കോടതിച്ചെലവ്..........ആയിരിക്കുമെന്നും ഉത്തരവ് ചെയ്യുന്നു.

### നമ്പർ 2

### ചോദ്യങ്ങൾ

(ആർഡർ 11, ചട്ടം 4)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

മുകളിൽ പേർ പറഞ്ഞ [വാദിക്ക് അല്ലെങ്കിൽ പ്രതി ഗ. ഘ യ്ക്കു] വേണ്ടി മുകളിൽ പേർ പറഞ്ഞ [പ്രതികളായ ങ.ച യേയും, ഛ.ജ യേയും അല്ലെങ്കിൽ വാദിയേയും] വിസ്തരിക്കുന്നതിനുള്ള ചോദ്യങ്ങൾ.

1. ..............ചെയ്തിട്ടില്ലേ
2. ..............ഉണ്ടായിട്ടില്ലേ

മുതലായത് ; മുതലായത് ; മുതലായത്.

[പ്രതിയായ ങ. ച. യോട്............നമ്പരിട്ടിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാനാവശ്യപ്പെടുന്നു.]

[പ്രതിയായ ച. ജ. യോട്............നമ്പരിട്ടിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ആവശ്യപ്പെടുന്നു.]

### നമ്പർ 3

### ചോദ്യങ്ങൾക്കുള്ള ഉത്തരം

(ആർഡർ 11, ചട്ടം 9)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

മുകളിൽ പേർ പറഞ്ഞ വാദിയാലുള്ളതും, തന്റെ വിസ്താരത്തിനുള്ളതും ആയ ചോദ്യങ്ങൾക്ക് മുകളിൽ പേർ പറഞ്ഞ പ്രതിയായ ങ. ച യുടെ ഉത്തരം.

മുൻപറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരമായി മുകളിൽ പേർ പറഞ്ഞ ങ.ച യായ ഞാൻ, ശപഥം ചെയ്തു താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1,2. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തുടർച്ചയായി നമ്പരിട്ടിട്ടുള്ള ഖണ്ഡികകളിലായി ചേർക്കുക.

3. ........നമ്പർ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ.......... കാരണത്തിൻമേൽ [ആക്ഷേപകാരണങ്ങൾ പ്രസ്താവിക്കുക] എനിക്ക് ആക്ഷേപമുണ്ട്.

### നമ്പർ 4

### രേഖകളെക്കുറിച്ചുള്ള സത്യവാങ്മൂലത്തിനുള്ള ഉത്തരവ്

(ആർഡർ 11, ചട്ടം 12)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

.................ന് പറയാനുള്ളത് കേട്ടതിൻമേൽ;.............ഈ ഉത്തരവിന്റെ തീയതി മുതൽ........ദിവസങ്ങൾക്കുള്ളിൽ, ഈ വ്യവഹാരത്തിലെ പ്രശ്നവിഷയം സംബന്ധിച്ച് ഏതു രേഖകളാണ് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ളത്, അല്ലെങ്കിൽ ഉണ്ടായിരുന്നിട്ടുള്ളത്, എന്ന് പ്രസ്താവിച്ചുകൊണ്ട് സത്യവാങ്മൂലത്തിൻമേൽ ഉത്തരം പറയണമെന്നും, ഈ അപേക്ഷയുടെ കോടതിച്ചെലവ്....ആയിരിക്കുമെന്നും ഉത്തരവ് ചെയ്യുന്നു.

നമ്പർ 5

## രേഖകളെക്കുറിച്ചുള്ള സത്യവാങ്ങ്മൂലം

(ആർഡർ നമ്പർ 11, ചട്ടം 13)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

മുകളിൽ പേർ പറഞ്ഞ പ്രതി ഗ, ഘ ആയ ഞാൻ, ശപഥം ചെയ്ത് താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു :—

1. ഈ വ്യവഹാരത്തിലെ പ്രശ്നവിഷയങ്ങൾ സംബന്ധിച്ച്, ഇതിലെ ഒന്നാം പട്ടികയുടെ ഒന്നും രണ്ടും ഭാഗങ്ങളിൽ പ്രതിപാദിക്കുന്ന രേഖകൾ എന്റെ കൈവശത്തിലോ അധികാരത്തിലോ ഉണ്ട്.

2. ഇതിലെ ഒന്നാം പട്ടിക, രണ്ടാം ഭാഗത്തിൽ പ്രതിപാദിക്കുന്ന മുൻപറഞ്ഞ രേഖകൾ ഹാജരാക്കാൻ എനിക്ക് ആക്ഷേപമുണ്ട്. [ആക്ഷേപകാരണങ്ങൾ പ്രസ്താവിക്കുക]

3. ഈ വ്യവഹാരത്തിലെ പ്രശ്നവിഷയങ്ങൾ സംബന്ധിച്ച് ഇതിലെ രണ്ടാം പട്ടികയിൽ പ്രതിപാദിക്കുന്ന രേഖകൾ, എന്റെ കൈവശത്തിലോ അധികാരത്തിലോ ഉണ്ടായിരുന്നിട്ടുള്ളതും, എന്നാൽ ഇപ്പോൾ ഇല്ലാത്തതുമാകുന്നു.

4. ഒടുവിൽ പ്രസ്താവിച്ച രേഖകൾ, എന്റെ കൈവശത്തിലോ അധികാരത്തിലോ ഒടുവിൽ ഉണ്ടായിരുന്നത്........തീയതിയാകുന്നു. [അവയ്ക്ക് എപ്പോൾ എന്തു സംഭവിച്ചു എന്നും, അവ ഇപ്പോൾ ആരുടെ കൈവശത്തിലാണെന്നും പ്രസ്താവിക്കുക]

5. എന്റെ, പരമാവധി അറിവിലും വിവരത്തിലും വിശ്വാസത്തിലും പെട്ടിടത്തോളം, മുൻപറഞ്ഞ ഒന്നും രണ്ടും പട്ടികയിൽ പ്രതിപാദിക്കുന്ന രേഖകൾ അല്ലാതെയും, അവ ഒഴികെയും, എന്റെ കൈവശത്തിലോ കസ്റ്റഡിയിലോ, അധികാരത്തിലോ അല്ലെങ്കിൽ എന്റെ സ്റ്റീഡറുടേയോ ഏജൻറിൻേറയോ കൈവശത്തിലോ കസ്റ്റഡിയിലോ അധികാരത്തിലോ, അല്ലെങ്കിൽ എനിക്കു വേണ്ടി ഏതെങ്കിലും ആളുടെ കൈവശത്തിലോ കസ്റ്റഡിയിലോ അധികാരത്തിലോ, ഈ വ്യവഹാരത്തിലെ പ്രശ്നവിഷയങ്ങളോ, അല്ലെങ്കിൽ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ചുള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള വിഷയങ്ങളോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച് ഏതെങ്കിലും ഉൾക്കുറിപ്പ് ചേർത്തിട്ടുള്ളതോ ആയ ഏതെങ്കിലും കണക്കോ കണക്കുബുക്കോ, വൗച്ചറോ, രസീതോ, എഴുത്തോ, മെമ്മോറാണ്ടമോ, കടലാസോ, ലിഖിതമോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും രേഖയുടെ പകർപ്പോ, എക്സ്ട്രാക്റ്റോ, അല്ലെങ്കിൽ മറേറതെങ്കിലും രേഖയോ, അത് എന്തുതന്നെയായാലും, ഇപ്പോൾ ഇല്ലാത്തതും ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തതും ആകുന്നു.

നമ്പർ 6

## രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനുള്ള ഉത്തരവ്

(ആർഡർ 11, ചട്ടം 14)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

..............ന് പറയാനുള്ളത് കേൾക്കുകയും 19......മാസം...... തീയതി ഫയൽ ചെയ്ത......ന്റെ സത്യവാങ്ങ്മൂലം വായിക്കുകയും ചെയ്തതിൻമേൽ,........ന്യായമായ എല്ലാ സമയത്തും ന്യായമായ നോട്ടീസിൻമേലും, .........ന് സ്ഥിതി ചെയ്യുന്ന........ത്ത്, താഴെ പറയുന്ന രേഖകൾ, അതായത്.........ഹാജരാക്കണമെന്നും, അപ്രകാരം ഹാജരാക്കുന്ന രേഖകൾ

പരിശോധിക്കുകയും വായിച്ചുനോക്കുകയും ചെയ്യാനും അവയുടെ ഉള്ളടക്കത്തിൽനിന്ന് കുറിപ്പുകൾ എടുക്കാനും..........ന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, ഇതിനാൽ ഉത്തരവ് ചെയ്യുന്നു. അതിനിടയ്ക്ക്, തുടർന്നുള്ള എല്ലാ നടപടികളും നിറുത്തിവച്ചിരിക്കുന്നുവെന്നും, അപേക്ഷയുടെ കോടതിച്ചെലവ്........ആയിരിക്കുമെന്നും ഉത്തരവു ചെയ്യുന്നു.

നമ്പർ 7

## രേഖകൾ ഹാജരാക്കാനുള്ള നോട്ടീസ്

(ആർഡർ 11, ചട്ടം 16)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

[വാദി അല്ലെങ്കിൽ പ്രതി] അയാളുടെ പരിശോധയയ്ക്കായി 19......മാസം......തീയതിയിലെ നിങ്ങളുടെ [അന്യായത്തിൽ അല്ലെങ്കിൽ പത്രികയിൽ അല്ലെങ്കിൽ സത്യവാങ്മൂലത്തിൽ] പരാമർശിച്ച താഴെ പറയുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നുവെന്ന് നിങ്ങൾക്ക് നോട്ടീസ് തരുന്നു.

[ആവശ്യപ്പെടുന്ന രേഖകൾ വിവരിക്കുക]

ഒ.മ. ..............വേണ്ടിയുള്ള പ്ലീഡർ
..............വേണ്ടിയുള്ള പ്ലീഡർ, യ യ്

നമ്പർ 8

## രേഖകൾ പരിശോധിക്കാനുള്ള നോട്ടീസ്

(ആർഡർ 11, ചട്ടം 17)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

നിങ്ങളുടെ 19......മാസം......തീയതിയിലെ നോട്ടീസിൽ പറഞ്ഞ രേഖകൾ [ആ നോട്ടീസിൽ .......നമ്പരിട്ടിട്ടുള്ള രേഖകൾ ഒഴികെയുള്ളവ] ........വച്ച് [പരിശോധന സ്ഥലം ചേർക്കുക] അടുത്ത വ്യാഴാഴ്ചയായ ......തീയതി 12 മണിക്കും 4 മണിക്കും ഇടയിൽ നിങ്ങൾക്ക് പരിശോധിക്കാവുന്നതാണെന്ന് നോട്ടീസ് തരുന്നു.

അല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ 19......മാസം......തീയതിയിലെ നോട്ടീസിൽ പറഞ്ഞ രേഖകളുടെ പരിശോധന അനുവദിക്കാൻ........കാരണത്തിൻമേൽ [കാരണം പ്രസ്താവിക്കുക] [വാദിക്ക് അല്ലെങ്കിൽ പ്രതിക്ക്] ആക്ഷേപം ഉണ്ട് എന്നു നോട്ടീസ് തരുന്നു.

നമ്പർ 9

## രേഖകൾ സമ്മതിക്കാനുള്ള നോട്ടീസ്

(ആർഡർ 12, ചട്ടം 3)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പറുടേതുപോലെ)

വാദി, [അല്ലെങ്കിൽ, പ്രതി] ഇതിനാൽ താഴെ വിനിർദ്ദേശിക്കുന്ന പല രേഖകളും ഈ വ്യവഹാരത്തിൽ തെളിവിൽ കൊണ്ടുവരാൻ നിദേശിക്കുന്നുവെന്നും, അവ, പ്രതിക്കോ [അല്ലെങ്കിൽ വാദിക്കോ] അയാളുടെ ലീഡർക്കോ, ഏജൻറിനോ............വച്ച്......തീയതി......മണിക്കും......മണിക്കും ഇടയിൽ പരിശോധിക്കാവുന്നതാണെന്നും നോട്ടീസ് തരുന്നു ; ഒടുവിൽ പറഞ്ഞ സമയം മുതൽ 48 മണിക്കൂറിനുള്ളിൽ മുൻപറഞ്ഞ രേഖകളിൽ അസ്സ

ലുകളാണെന്ന് വിനിർദ്ദേശിക്കപ്പെടുന്നവ, അവ, യഥാക്രമം എഴുതപ്പെട്ടതോ ഒപ്പിട്ടതോ, ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതോ ആയി കരുതപ്പെടാവുന്നതുപോലെ തന്നെ യഥാക്രമം എഴുതപ്പെട്ടതോ, ഒപ്പിട്ടതോ, ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതോ ആണെന്നും ; പകർപ്പുകളാണെന്ന് വിനിർദ്ദേശിക്കപ്പെടുന്നവ ശരിയായ പകർപ്പുകളാണെന്നും ; നടത്തപ്പെട്ടതായോ, അയയ്ക്കപ്പെട്ടതായോ, ഡെലിവർ ചെയ്യപ്പെട്ടതായോ പ്രസ്താവിക്കപ്പെടുന്ന രേഖകൾ, യഥാക്രമം നടത്തിയതോ അയച്ചതോ, ഡെലിവർ ചെയ്തതോ ആണെന്നും, അങ്ങനെയുള്ള എല്ലാ രേഖകളുടേയും, ഈ വ്യവഹാരത്തിലെ തെളിവായി ഉള്ള സ്വീകാര്യതയെക്കുറിച്ചുള്ള ന്യായമായ എല്ലാ ആക്ഷേപങ്ങളുടേയും കാര്യത്തിലൊഴികെ, സമ്മതിക്കാൻ പ്രതിയോട് [അല്ലെങ്കിൽ വാദിയോട്] ഇതിനാൽ ആവശ്യപ്പെടുകയും ചെയ്യുന്നു.

ഛ ജ. വാദിക്ക് [അല്ലെങ്കിൽ പ്രതിക്ക്] വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്]

പ്രതിക്ക് [അല്ലെങ്കിൽ വാദിക്ക്] വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്] ആയ ങ ച യ്ക്ക്

[ഇവിടെ രേഖകൾ വിവരിക്കുകയും, ഓരോ രേഖയും സംബന്ധിച്ച്, അത് അസ്സലോ പകർപ്പോ എന്ന് പ്രസ്താവിക്കുകയും ചെയ്യുക]

## നമ്പർ 10

## വസ്തുതകൾ സമ്മതിക്കാനുള്ള നോട്ടീസ്

(ആർഡർ 12, ചട്ടം 5)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

വാദി [അല്ലെങ്കിൽ പ്രതി] ഈ വ്യവഹാരത്തിൽ ഇതിൻകീഴിൽ യഥാക്രമം വിനിർദ്ദേശിക്കപ്പെടുന്ന പല വസ്തുതകളും ഈ വ്യവഹാരത്തിന്റെ ആവശ്യങ്ങൾക്ക് മാത്രമായി സമ്മതിക്കാൻ പ്രതിയോട് [അല്ലെങ്കിൽ വാദിയോട്] ആവശ്യപ്പെടുന്നു എന്ന് നോട്ടീസ് തരുന്നു ; ഈ നോട്ടീസ് നടത്തിയതു മുതൽ ആറു ദിവസത്തിനുള്ളിൽ മുൻപറഞ്ഞ പല വസ്തുതകളും, അങ്ങനെയുള്ള വസ്തുതകളുടെ, ഈ വ്യവഹാരത്തിലെ തെളിവായുള്ള സ്വീകാര്യതയെക്കുറിച്ചുള്ള ന്യായമായ എല്ലാ ആക്ഷേപങ്ങളുടേയും കാര്യത്തിൽ ഒഴികെ, സമ്മതിക്കാൻ പ്രതിയോട് അല്ലെങ്കിൽ വാദിയോട് ഇതിനാൽ ആവശ്യപ്പെടുകയും ചെയ്യുന്നു.

ഛ,ജ വാദിക്ക് [അല്ലെങ്കിൽ പ്രതിക്ക്] വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്]

പ്രതിക്ക് [അല്ലെങ്കിൽ വാദിക്ക്] വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്] ആയ ങ ച യ്ക്ക്.

സമ്മതം ആവശ്യപ്പെടുന്ന വസ്തുക്കൾ

1. ഡ. 1890 ജനുവരി 1-ാം തീയതി മരിച്ചു എന്ന്.
2. അയാൾ മരണശാസനം കൂടാതെ മരിച്ചു എന്ന്.
3. ഢ. അയാളുടെ ഏക നിയമാനുസൃത പുത്രനാണെന്ന്.
4. ണ. 1896 ഏപ്രിൽ 1-ാം തീയതി മരിച്ചു എന്ന്.
5. ണ. ഒരിക്കലും വിവാഹിതനായിരുന്നില്ലെന്ന്.

നമ്പർ 11

## നോട്ടീസ് അനുസരിച്ച് വസ്തുതകം സമ്മതിക്കുന്നത്

(ആർഡർ 12 ചട്ടം 5)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

പ്രതി [അല്ലെങ്കിൽ വാദി] ഈ വ്യവഹാരത്തിൽ, ഇതിൻകീഴിൽ യഥാക്രമം വിനിർദ്ദേശിക്കപ്പെടുന്ന പല വസ്തുതകളും, ഇതിൻകീഴിൽ വിനിർദ്ദേശിക്കപ്പെടുന്ന വിശേഷണങ്ങളും, പരിമിതികളും, വല്ലതും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും, അങ്ങനെയുള്ള ഏതെങ്കിലും വസ്തുതകളുടെയോ അവയിൽ ഏതിൻേറതെങ്കിലുമോ ഈ വ്യവഹാരത്തിലെ തെളിവായി ഉള്ള സ്വീകാര്യതയെക്കുറിച്ചുള്ള ന്യായമായ എല്ലാ ആക്ഷേപങ്ങളുടെയും കാര്യത്തിൽ ഒഴികെയും, ഈ വ്യവഹാരത്തിൻെറ ആവശ്യത്തിനു മാത്രമായി ഇതിനാൽ സമ്മതിക്കുന്നു :

എന്നാൽ, ഈ സമ്മതം, ഈ വ്യവഹാരത്തിൻെറ ആവശ്യങ്ങൾക്ക് മാത്രമായി ഉണ്ടായിട്ടുള്ളതും, പ്രതിയ്ക്കോ [അല്ലെങ്കിൽ വാദിക്കോ] എതിരായി മറേറതെങ്കിലും സന്ദർഭത്തിലോ, അല്ലെങ്കിൽ വാദിയോ [അല്ലെങ്കിൽ പ്രതിയോ സമ്മതം ആവശ്യപ്പെടുന്ന കക്ഷിയോ] അല്ലാത്ത ഒരാളാലോ ഉപയോഗിക്കപ്പെടാവുന്ന ഒരു സമ്മതമല്ലാത്തതുമാണ്.

ങ,ച പ്രതിക്ക് [അല്ലെങ്കിൽ വാദിക്ക്]
വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറിന്]
വാദിക്ക് [അല്ലെങ്കിൽ പ്രതിക്ക്] വേണ്ടിയുള്ള
പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്] ആയ ഛ. ജ യ്ക്ക്

| സമ്മതിക്കുന്ന വസ്തുതകം | ഏത് വിശേഷണങ്ങൾക്കോ പരിമിതികൾക്കോ വിധേയമായാണ് അവ സമ്മതിക്കുന്നത്, ആ വിശേഷണങ്ങളും പരിമിതികളും. |
|---|---|
| 1. ഡ. 1890 ജനുവരി 1-ാം തീയതി മരിച്ചു എന്ന്. | 1. |
| 2. അയാറം മരണശാസനം കൂടാതെ മരിച്ചു എന്ന്. | 2. |
| 3. ഡ. അയാളുടെ നിയമാനുസൃത പുത്രനാണെന്ന്. | 3. എന്നാൽ അയാളുടെ ഏകനിയമാനുസൃത പുത്രനാണെന്ന് സമ്മതിക്കുന്നില്ല. |
| 4. ണ. മരിച്ചുപോയി എന്ന് | 4. എന്നാൽ അയാറം 1896 ഏപ്രിൽ 1-ാം തീയതി മരിച്ചു എന്ന് സമ്മതിക്കുന്നില്ല. |
| 5. ണ. ഒരിക്കലും വിവാഹിതനായിരുന്നില്ലെന്ന്. | 5. |

നമ്പർ 12

## ഹാജരാക്കാനുള്ള നോട്ടീസ് (സാമാന്യ ഫാറം)

(ആർഡർ 12-ാം ചട്ടം 8)

(ശീർഷകം മുകളിൽ പറഞ്ഞ 1-ാം നമ്പരിലേതുപോലെ)

കസ്ററഡിയിലോ കൈവശത്തിലോ അധികാരത്തിലോ ഉള്ളതും, ഈ വ്യവഹാരത്തിലെ പ്രശ്നവിഷയങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും ഉൾക്കുറിപ്പോ മെമ്മോറാണ്ടമോ മിനിററ്സോ അടങ്ങിയതുമായ എല്ലാം

ബുക്കുകളും, കടലാസുകളും കത്തുകളും കത്തുകളുടെ പകർപ്പുകളും മററു ലിഖിതങ്ങളും രേഖകളും ഈ വ്യവഹാരത്തിൻെറ പ്രഥമ ഹിയറിങ്ങിൽ ഹാജരാക്കുകയും കോടതിയെ കാണിക്കുകയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ ആവശ്യപ്പെടുന്നു എന്നു നോട്ടീസ് തരുന്നു.

ഛ.ജ വാദിക്ക് [അല്ലെങ്കിൽ പ്രതിക്ക്] വേണ്ടിയുള്ള പ്ലീഡർ അല്ലെങ്കിൽ ഏജൻറ്

പ്രതിക്ക് [അല്ലെങ്കിൽ വാദിക്ക്] വേണ്ടിയുള്ള പ്ലീഡർ [അല്ലെങ്കിൽ ഏജൻറ്] ആയ ങ. ച യ്ക്ക്

അനുബന്ധം (ഘ)

# വിധികൾ

## നമ്പർ 1

## ആദ്യവ്യവഹാരത്തിലെ വിധി (ആർഡർ 20, ചട്ടങ്ങൾ 6,7)

(ശീർഷകം)

........................................ നുള്ള അവകാശ വാദം.

ഈ വ്യവഹാരം ഇന്നേദിവസം വാദിക്കുവേണ്ടി.................... ൻേറയും പ്രതിക്കുവേണ്ടി......................ൻേറയും പ്രതിക്കുവേണ്ടി ററയും സാന്നിദ്ധ്യത്തിൽ ................ൻെറയും മുമ്പാകെ അവസാനതീർച്ചയ്ക്കായി വന്നിരിക്കയാൽ....................എന്നും ഈ വ്യവഹാരത്തിലെ കോടതി ചെലവായി......................രൂപയും, അതിൻമേൽ ഈ തീയതി മുതൽ വസൂലാകുന്ന തീയതി വരെ പ്രതിവർഷം ..................ശതമാനം നിരക്കിലുള്ള പലിശയും............ന് കൊടുക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

19.................... മാസം......................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

### വ്യവഹാരത്തിലെ കോടതിച്ചെലവ്

| വാദി | രൂ.പൈ | പ്രതി | രൂ.പൈ |
|---|---|---|---|
| 1. അന്യായത്തിനുള്ള സ്ററാമ്പ് | | അധികാരപത്രത്തിനുള്ള സ്ററാമ്പ് | |
| 2. അധികാരപത്രത്തിനുള്ള സ്ററാമ്പ് | | ഹർജിക്കുള്ള സ്ററാമ്പ് | |
| 3. ലക്ഷ്യ രേഖകൾക്കുള്ള സ്ററാമ്പ് | | പ്ലീഡറുടെ ഫീസ് | |
| 4. ..... രൂപയിൻമേൽ പ്ലീഡറുടെ ഫീസ് | | സാക്ഷികൾക്കുള്ള ഉപജീവനച്ചെലവ് | |
| 5. സാക്ഷികൾക്കുള്ള ഉപജീവനച്ചെലവ് | | പ്രോസസ് നടത്തിയതിന് | |
| 6. കമ്മീഷണരുടെ ഫീസ് | | കമ്മീഷണരുടെ ഫീസ് | |
| 7. പ്രോസസ് നടത്തിയത്തിന് | | | |
| ആകെ | | ആകെ | |

നമ്പർ 2

## പണത്തിനുവേണ്ടി മാത്രമുള്ള വിധി

(വകുപ്പ് 34)

(ശീർഷകം)

........................................... ...... .ലേക്കുള്ള അവകാശവാദം.

ഈ വ്യവഹാരം ഇന്നേദിവസം, വാദിക്കുവേണ്ടി. ..........ൻേറയും പ്രതിക്കുവേണ്ടി......................ൻേറയും സാന്നിദ്ധ്യത്തിൽ...... ...........മുൻപാകെ അവസാനത്തീർച്ചയ്ക്കായി വന്നിരിക്കുകയാൽ ...............(എന്ന ആൾ)................ന്................... രൂപ പ്രതിവർഷം...............ശതമാനം നിരക്കിൽ ...........മുതൽ മുൻപറഞ്ഞ തുക വസൂലാകുന്ന തീയതിവരെയുള്ള പലിശസഹിതം കൊടുക്കാനും, കൂടാതെ ഈ വ്യവഹാരത്തിൻെറ കോടതിച്ചെലവ്,............ രൂപ ഈ തീയതി മുതൽ വസൂലാകുന്ന തീയതിവരെ, പ്രതിവർഷം........ നിരക്കിലുള്ള പലിശസഹിതം കൊടുക്കാനും ഉത്തരവു ചെയ്യുന്നു.

19..............മാസം.................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

### വ്യവഹാരത്തിലെ കോടതിച്ചെലവ്

| വാദി | രൂ. പൈ | പ്രതി | രൂ. പൈ |
|---|---|---|---|
| 1. അന്യായത്തിനുള്ള സ്ററാമ്പ് | | അധികാരപത്രത്തിനുള്ള സ്ററാമ്പ് | |
| 2. അധികാരപത്രത്തിനുള്ള സ്ററാമ്പ് | | ഹർജിക്കുള്ള സ്ററാമ്പ് | |
| 3. ലക്ഷ്യ രേഖകൾക്കുള്ള സ്ററാമ്പ് | | പ്ലീഡറുടെ ഫീസ്.. | |
| 4. ..........രൂപയിൻമേൽ പ്ലീഡറുടെ ഫീസ് | | സാക്ഷികൾക്കുള്ള ഉപജീവനച്ചെലവ് | |
| 5. സാക്ഷികൾക്കുള്ള ഉപജീവനച്ചെലവ് | | | |
| 6. കമ്മീഷണറുടെ ഫീസ് | | പ്രോസസ്സ് നടത്തിയതിന് | |
| 7. പ്രോസസ്സ് നടത്തിയതിന് | | കമ്മീഷണറുടെ ഫീസ് | |
| ആകെ | | ആകെ | |

നമ്പർ 3

## പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള പ്രാരംഭ വിധി

(ആർഡർ 34, ചട്ടം 2- കണക്കുകൾ എടുക്കാൻ നിദേശിക്കുന്നിടത്ത്*)

(ശീർഷകം)

ഈ വ്യവഹാരം..........മാസം..........തീയതി ആയ ഇന്നേദിവസം ...............വന്നിരിക്കുകയാൽ ; അത്, കമ്മീഷണർ എന്ന നിലയിൽ ..........ന് താഴെ പറയുന്ന കണക്കുകൾ എടുക്കാൻ റഫർ ചെയ്യണം എന്ന് ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു—

(i) അന്യായത്തിൽ പറഞ്ഞ തൻെറ പണയത്തിൻെറ മുതലും പലിശയുമായി, വാദിക്ക് ഇന്നത്തെ തീയതി കിട്ടാനുള്ളതിൻെറ ഒരു കണക്ക്, (അങ്ങനെയുള്ള പലിശ മുതലിൻമേൽ കൊടുക്കേണ്ട നിരക്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, പ്രതിവർഷം ആറുശതമാനമായോ, അല്ലെങ്കിൽ കോടതി ന്യായമെന്നു കരുതുന്ന നിരക്കിലോ കണക്കാക്കേണ്ടതാണ്) ;

(ii) പണയവസ്തുവിൻെറ ഇന്നത്തെ തീയതിവരെ വാദിക്ക് ലഭിച്ചതോ, വാദിയുടെ ആർഡർപ്രകാരമോ, വാദിയുടെ ഉപയോഗത്തിനു വേണ്ടിയോ മറേറതെങ്കിലും ആംക്ക് ലഭിച്ചതോ, അല്ലെങ്കിൽ വാദിയുടെയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെയോ കരുതികൂട്ടിയുള്ള വീഴ്ചയില്ലാതിരുന്നെങ്കിൽ അപ്രകാരം ലഭിക്കുമായിരുന്നതോ ആയ ആദായത്തിൻെറ ഒരു കണക്ക് ;

(iii) പണയ-ഈട് സംബന്ധിച്ച്, ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും വേണ്ടി (വ്യവഹാരത്തിലെ കോടതി ചെലവല്ലാതെയുള്ളവ) ഇന്നത്തെ തീയതിവരെ വാദി ന്യായമായി ചെലവാക്കിയിട്ടുള്ള എല്ലാ പണത്തുകകളുടെയും, അതിൻമേലുള്ള പലിശസഹിതമുള്ള ഒരു കണക്ക്, (അങ്ങനെയുള്ള പലിശ കക്ഷികൾ തമ്മിൽ സമ്മതിച്ചിട്ടുള്ള നിരക്കിലോ, അങ്ങനെയുള്ള നിരക്കില്ലാതിരുന്നാൽ മുതലിൻമേൽ കൊടുക്കേണ്ട നിരക്കിൽ തന്നെയോ, അങ്ങനെയുള്ള രണ്ടു നിരക്കുകളും ഇല്ലാതിരുന്നാൽ, പ്രതിവർഷം ഒൻപതു ശതമാനം എന്ന നിരക്കിലോ കണക്കാക്കേണ്ടതാണ്) ;

(iv) പണയവസ്തുവിന് നാശമോ സ്ഥിരമായ കക്ഷിയോ ഏല്പിക്കുന്ന, വാദിയുടെ ഏതെങ്കിലും കൃത്യത്താലോ കൃത്യവിലോപത്താലോ, അല്ലെങ്കിൽ ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ പണയധാരത്തിലെ വ്യവസ്ഥകളോ അയാളിൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ, നിർവ്വഹിക്കാതിരിക്കുന്നതിനായോ ആ വസ്തുവിന് ഇന്നത്തെ തീയതിക്ക് മുൻപ് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിൻെറയോ നാശത്തിൻെറയോ ഒരു കണക്ക് ;

2. കൂടാതെ മേൽപറഞ്ഞ (ii)-ാം ഖണ്ഡത്തിൻ കീഴിൽ ലഭിച്ചിട്ടുള്ളതോ (iv)-ാം ഖണ്ഡത്തിൻകീഴിൽ കിട്ടേണ്ടതാണെന്നു ന്യായനിർണ്ണയം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും സംഖ്യ, അതിൻമേൽ ഉള്ള പലിശ സഹിതം, ആദ്യമായി (iii) -ാം ഖണ്ഡത്തിൻകീഴിൽ വാദി കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയിലേക്കും, അതിൻമേലുള്ള പലിശയിലേക്കും വകവയ്ക്കേണ്ടതും, ബാക്കിയുണ്ടെങ്കിൽ അത്, അതതുസംഗതിപോലെ, പണയദ്രവ്യത്തോടു കൂടുകയോ, അല്ലെങ്കിൽ കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ള മുതൽ സംഖ്യയുടെ പലിശവകയായി വാദിക്ക് കിട്ടേണ്ട സംഖ്യയിൽ നിന്ന് കുറവു ചെയ്യുകയും, അതിനുശേഷം മുതലിൽനിന്ന് കുറവു ചെയ്യുകയോ, മുതൽ തീർത്തു വകവയ്ക്കുകയോ ചെയ്യുകയും ചെയ്യേണ്ടതാണെന്നും, ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

3. കൂടാതെ, മേൽപറഞ്ഞ കമ്മീഷണർ ന്യായമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, കഴിയുന്നതും വേഗത്തിൽ..............മാസം തീയതിയോ അതിനുമുൻപോ, ആ കണക്ക് ഈ കോടതിയിൽ സമർപ്പിക്കേണ്ടതാണെന്നും, കമ്മീഷണറുടെ അങ്ങനെയുള്ള റിപ്പോർട്ട് കിട്ടുന്നതിൻമേൽ വ്യവഹാരത്തിലെ കക്ഷികൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ചതിനുശേഷം, ആവശ്യമായി വരുന്ന രൂപഭേദങ്ങൾക്ക് വിധേയമായി, അത് സ്ഥിരപ്പെടുത്തുകയും മേലൊപ്പ് വയ്ക്കുകയും, ചെയ്യേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുന്നു.

4. കൂടാതെ,—

(i) പ്രതി..........മാസം............തീയതിയോ അതിനുമുമ്പോ അല്ലെങ്കിൽ പണം കെട്ടിവയ്ക്കുന്നതിന്, കോടതി അതിനുശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടികൊടുക്കുന്നുവോ, അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ അതിനുമുൻപോ, കൊടുക്കാനുള്ളതായി കോടതി കാണുന്ന തുകയും, വാദിക്ക് അവാർഡു ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെല വിനുള്ള................രൂപയും കോടതിയിൽ ഒടുക്കേണ്ടതാണെന്നും;

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയി ക്കുന്ന തീയതിക്കുമുമ്പ്, സിവിൽനടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവ ഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയ ങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി കോടതിനിർണ്ണയം ചെയ്യുന്ന സംഖ്യ, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ, കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദി അന്യായത്തിൽ പറഞ്ഞിട്ടുള്ള പണയവസ്തു സംബന്ധിച്ച്, തന്റെ കൈ വശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടു വരേണ്ടതും, അങ്ങനെയുള്ള എല്ലാ രേഖകളും പ്രതിക്കോ, അയാൾ നിയമി ക്കുന്ന ആൾക്കോ ഏല്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ വാദി മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുത്തിയും, വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ ഏതാളുടെ കീഴിലാണ് വാദി അവകാശപ്പെടുന്നത്, അങ്ങനെ ഏതെങ്കിലും ആളോ, സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽനിന്നും ഒഴിവാക്കിയും പണയത്തിൽ നിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഉത്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽ നിന്നും, അത എന്തുതന്നെയായാലും, അത് വിടുത്തിയും മുൻപറഞ്ഞ പണയവസ്തു ആധാരമെഴുതി തിരിയെ കൊടുക്കുകയോ, തിരിയെ കൈമാററം ചെയ്യുകയോ, ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, പ്രതിക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏല്പിച്ചു കൊടുക്കേണ്ടതും ആണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ, മേൽപറഞ്ഞപ്രകാരമുള്ള ഒടുക്കിന്റെ അഭാവത്തിൽ, ഇതോടനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു, പണയമൊഴി പ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിൻേറയും പ്രയോഗത്തിൽനിന്ന് മേലാൽ പ്രതി പരിപൂർണ്ണമായി തടയപ്പെടുകയും, നിരോധിക്കപ്പെടുകയും ചെയ്തി രിക്കുന്നു എന്നും ആവശ്യപ്പെടുന്നുവെങ്കിൽ പ്രതി, മുൻപറഞ്ഞ വസ്തു വിന്റെ നിർബാധവും സമാധാനപരവുമായ കൈവശം വാദിക്ക് ഏൽപ്പി ച്ചുകൊടുക്കേണ്ടതാണെന്നും ഉള്ള ഒരു അവസാനവിധിക്ക് കോടതിയിൽ അപേക്ഷിക്കാൻ വാദിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും; കക്ഷി കൾക്ക്, തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോൾ കോടതിയോട് അപേക്ഷിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, ഇങ്ങനെയുള്ള അപേക്ഷയിൻമേലോ മററുവിധത്തിലോ കോടതിക്ക് യുക്ത മെന്നുതോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുത ലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

പട്ടിക

## പണയവസ്തുവിന്റെ വിവരണം

നമ്പർ 3 ക.

## പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള പ്രാരംഭ വിധി

(ആർഡർ 34, ചട്ടം 2—കൊടുക്കാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്തു)

(ശീർഷകം)

ഈ വ്യവഹാരം....................ആയ ഇന്നേദിവസം............. വന്നിരിക്കുകയാൽ, വാദിക്കു അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ കിട്ടാനുള്ള സംഖ്യ.................മാസം................. തീയതിവരെ കണക്കുകൂട്ടിയതിൽ, മുതൽ..............രൂപയും മേൽപ്പറഞ്ഞ മുതലിന്റെ പലിശ..............രൂപയും, പണയ—ഈടു സംബന്ധിച്ച ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും വേണ്ടി (വ്യവഹാരത്തിലെ കോടതിച്ചെലവല്ലാതെയുള്ളവ) വാദി ന്യായമായി ചെലവാക്കിയിട്ടുള്ളത്, അതിൽമേലുള്ള പലിശ സഹിതം.................രൂപയും വാദിക്ക് അവാർഡു ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്..............രൂപയും കൂടി ആകെ..............രൂപയാണെന്ന് ഇതിനാൽ സ്ഥാപിക്കുന്നു

2. കൂടാതെ താഴെപറയും പ്രകാരം ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.—

(i) പ്രതി..............മാസം...........തീയതിയോ അതിനുമുമ്പോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടിക്കൊടുക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ, അതിനുമുമ്പോ, മുൻപറഞ്ഞ............രൂപ കോടതിയിൽ ഒടുക്കേണ്ടതും,

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്കുമുമ്പു സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന സംഖ്യ, ആ ആർഡർ, ചട്ടം 11-ൻകീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദി അന്യായത്തിൽ പറഞ്ഞിട്ടുള്ള പണയവസ്തു സംബന്ധിച്ച്, തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും, അങ്ങനെയുള്ള എല്ലാ രേഖകളും പ്രതിക്കോ, അയാൾ നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, വാദി മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുത്തിയും വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏത് ആളുടെ കീഴിലാണോ വാദി അവകാശപ്പെടുന്നത്, അങ്ങനെയുള്ള

ഏതെങ്കിലും ആളോ, സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽനിന്നും ഒഴിവാക്കിയും, പണയത്തിൽനിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഉദ്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽനിന്നും, അത് എന്തുതന്നെ ആയാലും, വിടുത്തിയും മുൻപറഞ്ഞ പണയവസ്തു ആധാരം എഴുതി തിരിയെ കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ പ്രതിക്ക് മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചുകൊടുക്കേണ്ടതും,
ആകുന്നു.

3. കൂടാതെ മേൽപറഞ്ഞ പ്രകാരമുള്ള ഒടുക്കിൻെറ അഭാവത്തിൽ, ഇതോട് അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു, പണയമൊഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിൻെറയും പ്രയോഗത്തിൽനിന്ന് മേലാൽ, പ്രതി, പരിപൂർണ്ണമായും തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ, പ്രതി, മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവും ആയ കൈവശം വാദിക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്നും ഉള്ള ഒരു അവസാന വിധിക്ക് കോടതിയിൽ അപേക്ഷിക്കാൻ വാദിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, കക്ഷികൾക്ക് തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോൾ കോടതിയോടു അപേക്ഷിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ മററുവിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

പട്ടിക

പണയവസ്തുവിൻെറ വിവരണം

നമ്പർ 4

## പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള അവസാന വിധി

(ആർഡർ 34, ചട്ടം 3)

(ശീർഷകം)

ഈ വ്യവഹാരത്തിൽ..............മാസം..........തീയതി പാസ്സാക്കിയ പ്രാരംഭ വിധിയും..............മാസം............തീയതിയിലെ കൂടുതൽ ഉത്തരവുകളും (വല്ലതും ഉണ്ടെങ്കിൽ) ഒരു അവസാനവിധിക്കുള്ള ..........മാസം............തീയതിയിലെ വാദിയുടെ അപേക്ഷയും വായിച്ചതിൻമേലും, കക്ഷികൾക്ക് പറയാനുള്ളത് കേട്ടതിനുശേഷവും, പ്രതിയോ, അയാൾക്കുവേണ്ടി ഏതെങ്കിലും ആളോ മുൻപറഞ്ഞ പണയം ഒഴിപ്പിക്കാൻ അവകാശമുള്ള മറേറതെങ്കിലും ആളോ മുൻപറഞ്ഞ വിധിയും ഉത്തരവും നിദേശിക്കുന്ന ഒടുക്ക് ചെയ്തിട്ടില്ലെന്നു കാണുന്നതുകൊണ്ടും; പ്രതിയും അയാളിലൂടെയോ ആയാളുടെ കീഴിലോ അവകാശപ്പെടുന്ന എല്ലാ ആളുകളും മേൽപറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ വസ്തുവിൻേറയോ, അതിലുള്ളതോ ആയ എല്ലാ പണയമൊഴിപ്പിക്കൽ അവകാശത്തിൻേറയും, പ്രയോഗത്തിൽനിന്ന് പരിപൂർണ്ണമായും തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്യണമെന്നും;

ഇതിനാൽ തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും, (മേൽപ്പറഞ്ഞ വസ്തു പ്രതിയുടെ കൈവശം ആണെങ്കിൽ) മുൻപറഞ്ഞ പണയവസ്തുവിന്റെ നിർബാധവും സമാധാനപരവും ആയ കൈവശം, പ്രതി, വാദിക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

2. കൂടാതെ, അന്യായത്തിൽ പറഞ്ഞ മുൻപറഞ്ഞ പണയത്തിൽനിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഇന്നേ ദിവസം വരെ ഉദ്ഭവിക്കുന്ന പ്രതിയുടെ ബാദ്ധ്യത മുഴുവനും, അത് എന്തുതന്നെയായിരുന്നാലും ഇതിനാൽ തീർക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് ഇതിനാൽ കൂടുതലായി സ്ഥാപിക്കുന്നു.

നമ്പർ 5

## വിൽപ്പനയ്ക്കുള്ള പ്രാരംഭവിധി

(ആർഡർ 34, ചട്ടം 4)

(കണക്കുകൾ എടുക്കുവാൻ നിദേശിക്കുന്നിടത്ത്)
(ശീർഷകം)

ഈ വ്യവഹാരം ..................മാസം............തീയതി ആയ ഇന്നേ ദിവസം വന്നിരിക്കയാൽ; അത് കമ്മീഷണർ എന്ന നിലയിൽ ................ന് താഴെ പറയുന്ന കണക്കുകൾ എടുക്കുവാൻ റഫർ ചെയ്യണമെന്ന് ഇതിനാൽ ഉത്തരവാകുകയും വിധിക്കുകയും ചെയ്തിരിക്കുന്നു.

(i) അന്യായത്തിൽ പറഞ്ഞ തന്റെ പണയത്തിന്റെ മുതലും പലിശയുമായി വാദിക്ക് ഇന്നത്തെ തീയതിക്ക് കിട്ടുവാനുള്ളതിന്റെ ഒരു കണക്ക്. (അങ്ങനെയുള്ള പലിശ മുതലിൻമേൽ കൊടുക്കേണ്ട നിരക്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്തു പ്രതിവർഷം ആറുശതമാനമായോ, അല്ലെങ്കിൽ കോടതി ന്യായമെന്നു കരുതുന്ന നിരക്കിലോ കണക്കാക്കേണ്ടതാകുന്നു);

(ii) പണയവസ്തുവിന്റെ ഇന്നത്തെ തീയതിവരെ വാദിക്ക് ലഭിച്ചതോ വാദിയുടെ ആർഡർ പ്രകാരമോ വാദിയുടെ ഉപയോഗത്തിനു വേണ്ടിയോ മറേറതെങ്കിലും ആൾക്ക് ലഭിച്ചതോ, അല്ലെങ്കിൽ വാദിയുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടേയോ കരുതിക്കൂട്ടിയുള്ള വീഴ്ച ഇല്ലാതിരുന്നുവെങ്കിൽ അപ്രകാരം ലഭിക്കുമായിരുന്നതോ ആയ ആദായത്തിന്റെ ഒരു കണക്ക്;

(iii) പണയ ഈട് സംബന്ധിച്ച ചെലവുകൾക്കും, ചാർജ്ജുകൾക്കും, വ്യയങ്ങൾക്കുംവേണ്ടി (വ്യവഹാരത്തിലെ കോടതിച്ചെലവല്ലാതെയുള്ളവ) ഇന്നത്തെ തീയതിവരെ വാദി ന്യായമായി ചെലവാക്കിയിട്ടുള്ള എല്ലാ പണത്തുകകളുടേയും അതിൻമേലുള്ള പലിശ സഹിതമുള്ള ഒരു കണക്ക് (അങ്ങനെയുള്ള പലിശ കക്ഷികൾ തമ്മിൽ സമ്മതിച്ചിട്ടുള്ള നിരക്കിലോ, അങ്ങനെയുള്ള നിരക്ക് ഇല്ലാതിരുന്നാൽ, മുതലിൻമേൽ കൊടുക്കേണ്ട നിരക്കിൽതന്നെയോ, അങ്ങനെയുള്ള രണ്ടു നിരക്കുകളും ഇല്ലാതിരുന്നാൽ, പ്രതിവർഷം ഒൻപതുശതമാനം എന്ന നിരക്കിലോ കണക്കുകൂട്ടേണ്ടതാകുന്നു);

(iv) പണയവസ്തുവിന് നാശമോ സ്ഥിരമായ ക്ഷതിയോ ഏൽപ്പിക്കുന്ന വാദിയുടെ ഏതെങ്കിലും കൃത്യത്താലോ കൃത്യവിലോപത്താലോ അല്ലെങ്കിൽ ആ സമയത്തു പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ

പണായാധാരത്തിലെ വ്യവസ്ഥകളോ അയാളിൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങളോ നിർവ്വഹിക്കാതിരിക്കുന്നതിനാലോ, ആ വസ്തുവിന് ഇന്നത്തെ തീയതിക്ക് മുമ്പ് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന്റേയോ നാശത്തിന്റേയോ ഒരു കണക്ക്.

2. കൂടാതെ മേൽപ്പറഞ്ഞ (ii) -ാം ഖണ്ഡത്തിൻകീഴിൽ ലഭിച്ചിട്ടുള്ളതോ, (iv)-ാം ഖണ്ഡത്തിൻ കീഴിൽ കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും തുക അതിൻമേലുള്ള പലിശ സഹിതം ആദ്യമായി (iii)-ാം ഖണ്ഡത്തിൻകീഴിൽ വാദി കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയിലേയ്ക്കും അതിൻമേലുള്ള പലിശയിലേയ്ക്കും വകവയ്ക്കേണ്ടതും, ബാക്കിയുണ്ടെങ്കിൽ അത്, അതതുസംഗതിപോലെ പണയസംഖ്യയോടു കൂട്ടുകയോ അല്ലെങ്കിൽ, കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ള മുതൽ സംഖ്യയുടെ പലിശവകയായി വാദിക്കു കിട്ടേണ്ട തുകയിൽനിന്ന് കുറവുചെയ്യുകയും അതിനുശേഷം മുതലിൽനിന്ന് കുറവു ചെയ്യുകയോ മുതൽ തീർത്തു വകവയ്ക്കുകയോ ചെയ്യുകയും ചെയ്യേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

3. കൂടാതെ മേൽപ്പറഞ്ഞ കമ്മീഷണർ ന്യായമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, കഴിയുന്നതും വേഗത്തിൽ.................... മാസം................-ാം തീയതിയോ അതിനുമുമ്പോ, ആ കണക്ക് ഈ കോടതിയിൽ സമർപ്പിക്കേണ്ടതും കമ്മീഷണറുടെ അങ്ങനെയുള്ള റിപ്പോർട്ടു കിട്ടിയാൽ വ്യവഹാരത്തിലെ കക്ഷികൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ചതിനുശേഷം ആവശ്യമായി വരുന്ന രൂപഭേദങ്ങൾക്ക് വിധേയമായി അത് സ്ഥിരപ്പെടുത്തുകയും മേലൊപ്പ് വയ്ക്കുകയും ചെയ്യേണ്ടതും ആണെന്നും ഇതിനാൽ ഉത്തരവു ചെയ്യുന്നു.

കൂടാതെ,—

4. (i) പ്രതി ........................മാസം.................. തീയതിയോ അതിനുമുമ്പോ അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏതു തീയതിവരെ സമയം നീട്ടിക്കൊടുക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ അതിനുമുമ്പോ കൊടുക്കുവാനുള്ളതായി കോടതി കാണുന്ന തുകയും വാദിക്ക് അവാർഡു ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്..................രൂപയും കോടതിയിൽ ഒടുക്കേണ്ടതാണെന്നും :

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്കു മുമ്പ്, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, 34-ാം ആർഡർ ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും അങ്ങനെയുള്ള എല്ലാ രേഖകളും പ്രതിക്കോ അയാൾ നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, വാദി മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുർത്തിയും വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, ഏതാളുടെ കീഴിലാണോ വാദി അവകാശപ്പെടുന്നത് അങ്ങനെയുള്ള ഏതെങ്കിലും

ആളോ, സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽ നിന്നും ഒഴിവാക്കിയും മുൻപറഞ്ഞ പണയവസ്തു ആധാരമെഴുതി തിരിയെകൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ, ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ പ്രതിക്ക് മേൽപ്പറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചുകൊടുക്കേണ്ടത് ആണെന്നും

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ മേൽപറഞ്ഞപ്രകാരമുള്ള ഒടുക്കിന്റെ അഭാവത്തിൽ പണയവസ്തു വിൽക്കുന്നതിനുള്ള ഒരു അവസാന വിധിക്കായി വാദിക്ക് കോടതിയിൽ അപേക്ഷിക്കാവുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ, പണയവസ്തുവോ അതിന്റെ മതിയായ ഒരു ഭാഗമോ വിൽക്കുവാൻ നിദേശിക്കപ്പെടുന്നതാണെന്നും; അങ്ങനെയുള്ള വിൽപ്പനയുടെ ആവശ്യങ്ങൾക്കായി, വാദി, അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥന്റേയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

6. കൂടാതെ, അങ്ങനെയുള്ള വിൽപ്പന വഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വിൽപ്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) ഈ വിധിക്ക് കീഴിലും ഈ വ്യവഹാരത്തിൽ കൂടുതലായി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് കീഴിലും വാദിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേക്കും, സിവിൽ നടപടി നിയമസംഹിത 1908-ലെ ഒന്നാം പട്ടിക, ആർഡർ 34-ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും, മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് വാദിക്ക് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, മുൻപറഞ്ഞ ആർഡർ 34- ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം കൊടുക്കുന്നതിലേയ്ക്കും, മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ, അത് പ്രതിക്കോ അത് ലഭിക്കാൻ അവകാശമുള്ള മററു ആളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

7. അങ്ങനെയുള്ള വിൽപ്പനവഴി വസൂലാകുന്ന പണം മേല്പറഞ്ഞ പ്രകാരം വാദിക്ക് കൊടുക്കേണ്ട തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള തുകയ്ക്കു പ്രതിക്കെതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കാൻ വാദിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിന്റെ നിബന്ധനകൾ പ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതും ആയിരിക്കുന്നിടത്ത്) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും കക്ഷികൾക്ക് തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോൾ കോടതിയോട് അപേക്ഷിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും അങ്ങനെയുള്ള അപേക്ഷയിൻമേലോ മററു വിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

പട്ടിക

## പണയവസ്തുവിന്റെ വിവരണം

നമ്പർ 5 ക

## വിൽപ്പനയ്ക്കുള്ള പ്രാരംഭവിധി

(ആർഡർ 34, ചട്ടം 4-കൊടുക്കുവാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്)

(ശീർഷകം)

ഈ വ്യവഹാരം..................മാസം................തീയതിയായ ഇന്നേദി വസം..................വന്നിരിക്കയാൽ;

അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ വാദിക്ക് കിട്ടുവാനുള്ള സംഖ്യ ................ാം തീയതിവരെ കണക്കാക്കിയതിൽ, മുതൽ............... രൂപയും മേൽപ്പറഞ്ഞ മുതലിൻമേലുള്ള പലിശ..................രൂപയും പണയ ഈട് സംബന്ധിച്ച ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കുംവേണ്ടി, (വ്യവഹാരത്തിലെ കോടതിച്ചെലവ് അല്ലാതെയുള്ളവ), വാദി ന്യായമായി ചെലവാക്കിയിട്ടുള്ളത് അതിൻമേലുള്ള പലിശസഹിതം......... രൂപയും വാദിക്ക് അവാർഡ്ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ് ..................രൂപയും കൂടി ആകെ..............രൂപ ആണെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

(2) കൂടാതെ, ഇതിനാൽ, താഴെ പറയുംപ്രകാരം ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു:—

(i) പ്രതി..................മാസം................ാം തീയതിയോ അതിനുമുമ്പോ അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിന് ശേഷമുള്ള ഏതത് തീയതിവരെ സമയം നീട്ടി കൊടുക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ അതിനുമുമ്പോ മുൻപറഞ്ഞ.................. രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിയ്ക്ക് മുമ്പ്, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34 ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, മേൽപ്പറഞ്ഞ ആർഡർ 34 ചട്ടം 11-ൻ കീഴിൽ ഒടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദി അന്യായത്തിൽ പറഞ്ഞിട്ടുള്ള പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും അങ്ങനെയുള്ള എല്ലാ രേഖകളും പ്രതിക്കോ അയാൾ നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുർത്തിയും വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏതാളുടെ കീഴിലാണോ വാദി അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽ നിന്നും ഒഴിവാക്കിയും മുൻപറഞ്ഞ പണയവസ്തു വാദി ആധാരമെഴുതിതിരിയെകൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ, പ്രതിയ്ക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

3. കൂടാതെ മേൽപ്പറഞ്ഞ ഒടുക്കിൻെറ അഭാവത്തിൽ, പണയവസ്തു വിൽക്കുന്നതിനുള്ള ഒരു അവസാനവിധിയ്ക്കായി വാദിയ്ക്ക് കോടതിയിൽ അപേക്ഷിക്കാവുന്നതാണെന്നും; അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻ മേൽ, പണയവസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വിൽക്കുവാൻ നിദേശിക്കപ്പെടുന്നതാണെന്നും; അങ്ങനെയുള്ള വിൽപ്പനയുടെ ആവശ്യങ്ങൾക്കായി, വാദി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തൻെറ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടെയോ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻെറയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

4. കൂടാതെ, അങ്ങനെയുള്ള വിൽപ്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത്, (അതിൽനിന്ന് വിൽപ്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) ഈ വിധിക്ക് കീഴിലും, ഈ വ്യവഹാരത്തിൽ കൂടുതലായി പാസാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് കീഴിലും വാദിയ്ക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്കും സിവിൽ നടപടി നിയമസംഹിത 1908-ലെ ഒന്നാം പട്ടിക ആർഡർ 39 ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന, വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് വാദിക്ക് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം കൊടുക്കുന്നതിലേയ്ക്കും മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത്, പ്രതിയ്ക്കോ അത് ലഭിക്കുവാൻ അവകാശമുള്ള മററാളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. അങ്ങനെയുള്ള വിൽപ്പനവഴി വസൂലാകുന്ന പണം മേൽപ്പറഞ്ഞ പ്രകാരം വാദിക്ക് കൊടുക്കേണ്ട തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള തുകയ്ക്ക് പ്രതിക്കെതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കുവാൻ വാദിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിൻെറ നിബന്ധനകൾപ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത്) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും കക്ഷികൾക്ക്, തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച്, അപ്പോഴപ്പോൾ കോടതിയോട് അപേക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും അങ്ങനെയുള്ള അപേക്ഷയിൻമേലോ മററുവിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

<u>പട്ടിക</u>

പണയവസ്തുവിൻെറ വിവരണം

## നമ്പർ 6

## വില്പനയ്ക്കുള്ള അവസാന വിധി

(ആർഡർ 34, ചട്ടം 5)

(ശീർഷകം)

ഈ വ്യവഹാരത്തിൽ..................മാസം................തീയതി പാസാക്കിയ പ്രാരംഭവിധിയും..................മാസം.................. തീയതിയിലെ കൂടുതൽ ഉത്തരവുകളും (വല്ലതുമുണ്ടെങ്കിൽ) ഒരു അവസാന വിധിക്ക് വേണ്ടിയുള്ള...................മാസം...............തീയതി

യിലെ വാദിയുടെ അപേക്ഷയും വായിച്ചതിൻമേലും, കക്ഷികൾക്ക് പറയാനുള്ളത് കേട്ടതിനുശേഷവും, പ്രതിയോ അയാൾക്കുവേണ്ടി ഏതെങ്കിലും ആളോ പണയം ഒഴിപ്പിക്കാൻ അവകാശമുള്ള മററതെങ്കിലും ആളോ മുൻപറഞ്ഞ വിധിയും ഉത്തരവുകളും നിദേശിക്കുന്ന പ്രകാരം പണം കൊടുത്തിട്ടില്ലെന്നു കാണുന്നതുകൊണ്ടും;

മേൽപ്പറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ പണയവസ്തുവോ അതിന്റെ മതിയായ ഒരു ഭാഗമോ വിൽക്കുന്നതാണെന്നും, അങ്ങനെയുള്ള വിൽപ്പനയുടെ ആവശ്യങ്ങൾക്കായി, വാദി, അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥന്റേയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവ് ചെയ്യുകയുംവിധിക്കുകയും ചെയ്യുന്നു.

(2) കൂടാതെ, അങ്ങനെയുള്ള വിൽപ്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വിൽപ്പനച്ചെലവുകൾ കുറവ് ചെയ്തതിനുശേഷം) മേൽപ്പറഞ്ഞ പ്രാരംഭവിധിക്ക് കീഴിലും ഈ വ്യവഹാരത്തിൽ പാസ്സാക്കിയിട്ടുണ്ടാകാവുന്ന ഏതെങ്കിലും കൂടുതൽ ഉത്തരവുകൾക്ക് കീഴിലും വാദിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേക്കും, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന, ഈ അപേക്ഷയുടെ കോടതിച്ചെലവ് ഉൾപ്പെടെയുള്ള, ഈ വ്യവഹാരത്തിലെ കോടതിച്ചെലവും മററുചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് വാദിക്ക് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്തിട്ടുള്ള തുക മുൻപറഞ്ഞ ആർഡർ 34, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം കൊടുക്കുന്നതിലേയ്ക്കും, മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ, അത് പ്രതിക്കോ അത് ലഭിക്കാൻ അവകാശമുള്ള മററു ആളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

നമ്പർ 7

## പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ചവരുത്തുന്നതിൻമേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള വിധി പാസ്സാക്കുന്നിടത്ത്, പണയം ഒഴിപ്പിക്കുവാനുള്ള പ്രാരംഭവിധി

(ആർഡർ 34 ചട്ടം 7 കണക്കുകൾ എടുക്കുവാൻ നിദേശിക്കുന്നിടത്ത്)

(ശീർഷകം)

ഈ വ്യവഹാരം................. മാസം.................... തീയതിയായ ഇന്നേദിവസം ..................വന്നിരിക്കുകയാൽ; അത് കമ്മീഷണർ എന്ന നിലയിൽ ................ന് താഴെ പറയുന്ന കണക്കുകൾ എടുക്കുവാൻ റഫർ ചെയ്യണമെന്ന് ഇതിനാൽ ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു:—

(i) അന്യായത്തിൽ പറഞ്ഞ തന്റെ പണയത്തിന്റെ മുതലും പലിശയുമായി, പ്രതിയ്ക്ക് ഇന്നത്തെ തീയതിക്ക് കിട്ടുവാനുള്ളതിന്റെ ഒരു കണക്ക്. (അങ്ങനെയുള്ള പലിശ മുതലിൻമേൽ കൊടുക്കേണ്ട നിരക്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത് പ്രതിവർഷം ആറുശതമാനമായോ, അല്ലെങ്കിൽ കോടതി ന്യായമെന്നു കരുതുന്ന നിരക്കിലോ കണക്കാക്കേണ്ടതാകുന്നു);

(ii) പണയവസ്തുവിൻെറ, ഇന്നത്തെ തീയതിവരെ പ്രതിക്ക് ലഭിച്ചതോ, പ്രതിയുടെ ആർഡർ പ്രകാരമോ പ്രതിയുടെ ഉപയോഗത്തിനു വേണ്ടിയോ മററതെങ്കിലും ആരംക്ക് ലഭിച്ചതോ, അല്ലെങ്കിൽ പ്രതിയുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടേയോ കരുതികൂട്ടിയുള്ള വീഴ്ച ഇല്ലാതിരുന്നുവെങ്കിൽ അപ്രകാരം ലഭിക്കാമായിരുന്നതോ ആയ ആദായത്തിൻെറ ഒരു കണക്ക്;

(iii) പണയ ഈട് സംബന്ധിച്ച ചെലവുകരംക്കും, ചാർജ്ജുകരംക്കും, വ്യയങ്ങരംക്കുംവേണ്ടി (വ്യവഹാരത്തിലെ കോടതിച്ചെലവല്ലാതെയുള്ളവ) ഇന്നത്തെ തീയതിവരെ പ്രതിയ്ക്ക് ന്യായമായി ചെലവായിട്ടുള്ള എല്ലാ പണത്തുകകളുടേയും, അതിൻമേലുള്ള പലിശസഹിതമുള്ള ഒരു കണക്ക് (അങ്ങനെയുള്ള പലിശ കക്ഷികരം തമ്മിൽ സമ്മതിച്ചിട്ടുള്ള നിരക്കിലോ, അങ്ങനെയുള്ള നിരക്ക് ഇല്ലാതിരുന്നാൽ, മുതലിൻമേൽ കൊടുക്കേണ്ട നിരക്കിൽ തന്നെയോ, അങ്ങനെയുള്ള രണ്ടു നിരക്കുകളും ഇല്ലാതിരുന്നാൽ, പ്രതിവർഷം ഒൻപതു ശതമാനം എന്ന നിരക്കിലോ കണക്കുകൂട്ടേണ്ടതാകുന്നു;

(iv) പണയവസ്തുവിന് നാശമോ സ്ഥിരമായക്ഷതിയോ ഏൽപ്പിക്കുന്ന പ്രതിയുടെ ഏതെങ്കിലും കൃത്യത്താലോ കൃത്യവിലോപത്താലോ, അല്ലെങ്കിൽ ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ പണയാധാരത്തിലെ വ്യവസ്ഥകളോ അയാളിൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങരം നിർവ്വഹിക്കാതിരിക്കുന്നതിനാലോ ആ വസ്തുവിന് ഇന്നത്തെ തീയതിക്ക് മുമ്പ് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിൻേറയോ നാശത്തിൻേറയോ ഒരു കണക്ക്.

2. കൂടാതെ മേൽപറഞ്ഞ (ii)-ാം ഖണ്ഡത്തിൻകീഴിൽ ലഭിച്ചിട്ടുള്ളതോ (iv)-ാം ഖണ്ഡത്തിൻകീഴിൽ കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും തുക അതിൻമേലുള്ള പലിശസഹിതം (iii)-ാം ഖണ്ഡത്തിൻകീഴിൽ പ്രതി കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയിലേയ്ക്കും, അതിൻമേലുള്ള പലിശയിലേയ്ക്കും വകവയ്ക്കുകയും, ബാക്കിയുണ്ടെങ്കിൽ അത്, അതതുസംഗതിപോലെ, പണയസംഖ്യയോടു കൂട്ടുകയോ അല്ലെങ്കിൽ, കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ള മുതൽസംഖ്യയുടെ പലിശ വകയായി പ്രതിക്ക് കിട്ടേണ്ട തുകയിൽനിന്ന് കുറവുചെയ്യുകയും, അതിനുശേഷം മുതലിൽനിന്ന് കുറവുചെയ്യുകയോ, മുതൽ തീർത്ത് വകവയ്ക്കുകയോ ചെയ്യുകയും ചെയ്യേണ്ടതാണെന്നും, ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

3. കൂടാതെ മേൽപറഞ്ഞ കമ്മീഷണർ ന്യായമായ സാഹചര്യങ്ങരം കണക്കിലെടുത്തുകൊണ്ട്, കഴിയുന്നതും വേഗത്തിൽ....................മാസം ....................തീയതിയോ അതിനുമുമ്പോ, ആ കണക്ക് ഈ കോടതിയിൽ സമർപ്പിക്കേണ്ടതും, കമ്മീഷണറുടെ അങ്ങനെയുള്ള റിപ്പോർട്ടു കിട്ടിയാൽ വ്യവഹാരത്തിലെ കക്ഷികരം ഉന്നയിക്കുന്ന ആക്ഷേപങ്ങരം പരിഗണിച്ചതിനുശേഷം, ആവശ്യമായി വരുന്ന രൂപഭേദങ്ങരംക്ക് വിധേയമായി, അത് സ്ഥിരപ്പെടുത്തുകയും മേലൊപ്പു വയ്ക്കുകയും ചെയ്യേണ്ടതും ആണെന്നും ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുന്നു.

4. കൂടാതെ,

(i) വാദി. ..... ...............മാസം.............ാം തീയതിയോ അതിനു മുമ്പോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏത് തീയതി വരെ സമയം നീട്ടി കൊടുക്കുന്നുവോ, അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ അതിനു മുമ്പോ, കൊടുക്കാനുള്ളതായി കോടതി കാണുന്ന തുകയും, പ്രതിക്ക് അവാർഡുചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്.................രൂപയും കോടതിയിൽ ഒടുക്കേണ്ടതാണെന്നും.

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്കു മുമ്പ്, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററ് ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുളളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുളള പലിശ സഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, പ്രതി അനുബന്ധത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉളള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും അങ്ങനെയുളള എല്ലാ രേഖകളും വാദിക്കോ, അയാൾ നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ പ്രതി മുൻപറഞ്ഞ പണയത്തിൽ നിന്ന് വിടുത്തിയും, പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, ഏതാളുടെ കീഴിലാണോ പ്രതി അവകാശപ്പെടുന്നത്, അങ്ങനെയുളള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുളള എല്ലാ കുടിക്കടങ്ങളിൽ നിന്നും ഒഴിവാക്കിയും, പണയത്തിൽ നിന്നോ ഈ വ്യവഹാരത്തിൽ നിന്നോ ഉൽഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽ നിന്നും, അത് എന്തുതന്നെയായാലും, വിടുത്തിയും, മുൻപറഞ്ഞ പണയവസ്തു ആധാരമെഴുതി തിരിയെക്കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ വാദിക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചുകൊടുക്കേണ്ടതും ആണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ മേൽപ്പറഞ്ഞ ഒടുക്കിന്റെ അഭാവത്തിൽ, ഇതോട് അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു, പണയമൊഴിപ്പിക്കുന്നതിനുളള എല്ലാ അവകാശത്തിന്റേയും പ്രയോഗത്തിൽനിന്ന് മേലാൽ, വാദി, പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ, മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം പ്രതിക്ക് ഏൽപ്പിച്ചുകൊടുക്കുകയും, ചെയ്യേണ്ടതാണെന്നും ഉളള ഒരു അവസാന വിധിക്ക് കോടതിയിൽ അപേക്ഷിക്കുവാൻ പ്രതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും; കക്ഷികൾക്ക്, തങ്ങൾക്ക് അവസരമുണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോൾ കോടതിയിൽ അപേക്ഷിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുളള അപേക്ഷയിൻമേലോ മററു വിധത്തിലോ കോടതിക്ക് യുക്തമെന്ന് തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

പട്ടിക

പണയവസ്തുവിന്റെ വിവരണം

നമ്പർ 7 ക

## പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ചവരുത്തുന്നതിൻമേൽ വിൽപ്പനയ്ക്കുളള വിധി പാസ്സാക്കുന്നിടത്ത് പണയമൊഴിപ്പിക്കുവാനുളള പ്രാരംഭ വിധി

(ആർഡർ 34, ചട്ടം 7—കണക്കുകൾ എടുക്കുവാൻ നിദേശിക്കുന്നിടത്ത്)

(ശീർഷകം)

ഈ വ്യവഹാരം.......................മാസം ..........ാം തീയതിയായ ഇന്നേ ദിവസം...............വന്നിരിക്കയാൽ, അത്, കമ്മീഷണർ എന്ന നിലയിൽ.............ന് താഴെ പറയുന്ന കണക്കുകൾ എടുക്കുവാൻ റഫർ ചെയ്യണമെന്ന് ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

(i) അന്യായത്തിൽ പറഞ്ഞ തന്റെ പണയത്തിന്റെ മുതലും പലിശയുമായി പ്രതിക്ക് ഇന്നത്തെ തീയതിക്ക് കിട്ടാനുള്ളതിന്റെ ഒരു കണക്ക്; (അങ്ങനെയുള്ള പലിശ മുതലിൻമേൽ കൊടുക്കേണ്ട നിരക്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത് പ്രതിവർഷം ആറു ശതമാനമായോ, അല്ലെങ്കിൽ കോടതി ന്യായമെന്നു കരുതുന്ന നിരക്കിലോ കണക്കാക്കേണ്ടതാകുന്നു);

(ii) പണയവസ്തുവിന്റെ, ഇന്നത്തെ തീയതിവരെ പ്രതിക്കു ലഭിച്ചതോ പ്രതിയുടെ ആർഡർ പ്രകാരമോ പ്രതിയുടെ ഉപയോഗത്തിനു വേണ്ടിയോ മറേറതെങ്കിലും ആരാക്ക് ലഭിച്ചതോ, അല്ലെങ്കിൽ പ്രതിയുടെയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളുടേയോ കരുതിക്കൂട്ടിയുള്ള വീഴ്ച ഇല്ലാതിരുന്നുവെങ്കിൽ അപ്രകാരം ലഭിക്കാമായിരുന്നതോ ആയ ആദായത്തിന്റെ ഒരു കണക്ക് ;

(iii) പണയ ഈട് സംബന്ധിച്ച ചെലവുകൾക്കും, ചാർജ്ജുകൾക്കും, വ്യയങ്ങൾക്കുംവേണ്ടി (വ്യവഹാരത്തിലെ കോടതിച്ചെലവല്ലാതെയുള്ളവ) ഇന്നത്തെ തീയതിവരെ പ്രതിക്കു ന്യായമായി ചെലവായിട്ടുള്ള എല്ലാ പണത്തുകകളുടേയും, അതിൻമേലുള്ള പലിശസഹിതമുള്ള ഒരു കണക്ക്, (അങ്ങനെയുള്ള പലിശ കക്ഷികൾ തമ്മിൽ സമ്മതിച്ചിട്ടുള്ള നിരക്കിലോ, അങ്ങനെയുള്ള നിരക്ക് ഇല്ലാതിരുന്നാൽ, മുതലിൻമേൽ കൊടുക്കേണ്ട നിരക്കിൽ തന്നെയോ, അങ്ങനെയുള്ള രണ്ടു നിരക്കുകളും ഇല്ലാതിരുന്നാൽ, പ്രതിവർഷം ഒൻപതു ശതമാനം എന്ന നിരക്കിലോ കണക്കുകൂട്ടേണ്ടതാകുന്നു);

(iv) പണയവസ്തുവിന് നാശമോ സ്ഥിരമായ ക്ഷതിയോ ഏൽപ്പിക്കുന്ന, പ്രതിയുടെ ഏതെങ്കിലും കൃത്യത്താലോ കൃത്യവിലോപത്താലോ, അല്ലെങ്കിൽ ആ സമയത്തു പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ പണയാധാരത്തിലെ വ്യവസ്ഥകളോ അയാളിൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കാതിരിക്കുന്നതിനാലോ, ആ വസ്തുവിന് ഇന്നത്തെ തീയതിക്ക് മുമ്പ് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന്റേയോ നാശത്തിന്റേയോ ഒരു കണക്ക്.

2. കൂടാതെ, മേൽപ്പറഞ്ഞ (ii)-ാം ഖണ്ഡത്തിൻകീഴിൽ ലഭിച്ചിട്ടുള്ളതോ (iv)-ാം ഖണ്ഡത്തിൻകീഴിൽ കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും തുക, അതിൻമേലുള്ള പലിശ സഹിതം (iii)-ാം ഖണ്ഡത്തിൻ കീഴിൽ പ്രതി കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയിലേയ്ക്കും, അതിൻമേലുള്ള പലിശയിലേയ്ക്കും വകവയ്ക്കുകയും, ബാക്കിയുണ്ടെങ്കിൽ അത്, അതതു സംഗതിപോലെ, പണയസംഖ്യയോടു കൂട്ടുകയോ, അല്ലെങ്കിൽ കിട്ടേണ്ടതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ള മുതൽ സംഖ്യയുടെ പലിശ വകയായി പ്രതിക്ക് കിട്ടേണ്ട തുകയിൽ നിന്ന് കുറവു ചെയ്യുകയും, അതിനു ശേഷം മുതലിൽ നിന്ന് കുറവുചെയ്യുകയോ മുതൽ തീർത്ത് വകവയ്ക്കുകയോ ചെയ്യുകയും ചെയ്യേണ്ടതാണെന്നും, ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

3. കൂടാതെ മേൽ പറഞ്ഞ കമ്മീഷണർ ന്യായമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കഴിയുന്നതുംവേഗത്തിൽ.......... . ....മാസം .........  ..തീയതിയോ അതിനു മുമ്പോ, ആ കണക്ക് ഈ കോടതിയിൽ സമർപ്പിക്കേണ്ടതും കമ്മീഷണറുടെ അങ്ങനെയുള്ള റിപ്പോർട്ടു കിട്ടിയാൽ വ്യവഹാരത്തിലെ കക്ഷികൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ചതിനു ശേഷം ആവശ്യമായി വരുന്ന രൂപഭേദങ്ങൾക്ക് വിധേയമായി, അത് സ്ഥിരപ്പെടുത്തുകയും മേലൊപ്പുവയ്ക്കുകയും ചെയ്യേണ്ടതും ആണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുന്നു.

4. കൂടാതെ,

(i) വാദി..................മാസം..........തീയതിയോ അതിനു മുമ്പോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടിക്കൊടുക്കുന്നുവോ, അങ്ങനെയുള്ള ഏതെങ്കിലും തീയതിയോ അതിനു മുമ്പോ, കൊടുക്കാനുള്ളതായി കോടതി കാണുന്ന തുകയും പ്രതിക്ക് അവാർഡ് ചെയ്യുന്ന വ്യവഹാർത്തിലെ കോടതിച്ചെലവ് ............രൂപയും കോടതിയിൽ ഒടുക്കേണ്ടതാണെന്നും:

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്ക് മുമ്പ് സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം, 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററ് ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും, അങ്ങനെയുള്ള എല്ലാ രേഖകളും വാദിക്കോ, അയാം നിയമിക്കുന്ന ആംക്കോ ഏൽപ്പിച്ചു കൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ പണയത്തിൽ നിന്ന് വിടുത്തിയും, പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, ഏതാളുടെ കീഴിലാണോ പ്രതി അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽ നിന്നും ഒഴിവാക്കിയും മുൻപറഞ്ഞ പണയവസ്തു ആധാരമെഴുതി തിരിയെക്കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ, വാദിക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചുകൊടുക്കേണ്ടതും ആണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ മേൽപ്പറഞ്ഞ ഒടുക്കിന്റെ അഭാവത്തിൽ, പണയവസ്തു വിൽക്കുന്നതിനുള്ള ഒരു അവസാന വിധിക്കായി പ്രതിക്ക് കോടതിയിൽ അപേക്ഷിക്കാവുന്നതാണെന്നും; അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ, പണയവസ്തുവോ അതിന്റെ മതിയായ ഒരു ഭാഗമോ വിൽക്കുവാൻ നിദേശിക്കപ്പെടുന്നതാണെന്നും; അങ്ങനെയുള്ള വിൽപ്പനയുടെ ആവശ്യങ്ങൾക്കായി പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ, അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥന്റേയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

6. കൂടാതെ, അങ്ങനെയുള്ള വിൽപ്പനവഴി വസൂലാക്കുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത്, (അതിൽ നിന്ന് വിൽപ്പനച്ചെലവുകൾ കുറവു ചെയ്തതിനുശേഷം) ഈ വിധിക്ക് കീഴിലും ഈ വ്യവഹാരത്തിൽ കൂടുതലായി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് കീഴിലും പ്രതിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്കും, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക ആർഡർ 34, ചട്ടം 10-ന്റ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് പ്രതിക്ക് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം

കൊടുക്കുന്നതിലേക്കും മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത്, വാദിക്കോ അത് ലഭിക്കുവാൻ അവകാശമുള്ള മററാളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

7. അങ്ങനെയുള്ള വിൽപ്പനവഴി വസൂലാകുന്ന പണം മേൽപ്പറഞ്ഞ പ്രകാരം പ്രതിക്ക് കൊടുക്കേണ്ട തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് വാദിക്ക് എതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കുവാൻ പ്രതിക്ക്, (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിന്റെ നിബന്ധനകൾ പ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത്) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും; കക്ഷികൾക്ക്, തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച്, അപ്പോഴപ്പോൾ കോടതിയോടു അപേക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ മററു വിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

## പട്ടിക

## പണയവസ്തുവിന്റെ വിവരണം

### നമ്പർ 7 ഖ

### പണയദാതാവ് പണം കൊടുക്കുവാൻ വീഴ്ചവരുത്തുന്നതിൻമേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള വിധിപാസ്സാക്കുന്നിടത്ത്—പണയമൊഴിപ്പിക്കുവാനുള്ള പ്രാരംഭവിധി

[ആർഡർ 34 ചട്ടം 7 കൊടുക്കാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്]

(ശീർഷകം)

ഈ വ്യവഹാരം..............മാസം....................തീയതിയായ ഇന്നേ ദിവസം.................വന്നിരിക്കയാൽ, അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ പ്രതിക്ക് കിട്ടാനുള്ള സംഖ്യ........................ മാസം..............തീയതിവരെ കണക്കാക്കിയതിൽ, മുതൽ........... രൂപയും മേൽപ്പറഞ്ഞ മുതലിൻമേലുള്ള പലിശ................രൂപയും പണയ ഈട് സംബന്ധിച്ച ചെലവുകൾക്കും ചാർജുകൾക്കും വ്യയങ്ങൾക്കും വേണ്ടി, (വ്യവഹാരത്തിലെ കോടതിച്ചെലവ് അല്ലാതെയുള്ളവ) പ്രതി ന്യായമായി ചെലവാക്കിയിട്ടുള്ളത്, അതിൻമേലുള്ള പലിശ സഹിതം........ രൂപയും പ്രതിക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്............രൂപയും കൂടി ആകെ...............രൂപ ആണെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

(2) കൂടാതെ, ഇതിനാൽ താഴെപറയും പ്രകാരം ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു:—

(i) വാദി.........................മാസം.............തീയതിയോ അതിനു മുമ്പോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിന് ശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടി കൊടുക്കുന്നുവോ, അങ്ങനെയുള്ള തീയതിയോ അതിനുമുമ്പോ മുൻപറഞ്ഞ...................രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(ii) അങ്ങനെ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്ക് മുമ്പ്, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററ് ചെലവുകളും ചാർജുകളും, വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും അങ്ങനെയുള്ള എല്ലാ രേഖകളും വാദിക്കോ അയാൾ നിയമിക്കുന്ന ആൾക്കോ ഏൽപ്പിച്ചുകൊടുക്കേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ പണയത്തിൽ നിന്ന് വിടുത്തിയും, പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏതാളുടെ കീഴിലാണോ പ്രതി അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽനിന്നും ഒഴിവാക്കിയും, പണയത്തിൽനിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഉത്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽ നിന്ന്, അത് എന്തുതന്നെയായാലും, വിടുർത്തിയും മേൽപ്പറഞ്ഞ പണയവസ്തു, പ്രതി ആധാരമെഴുതി തിരിയെക്കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, വാദിക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏൽപ്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

(3) കൂടാതെ, മേൽപ്പറഞ്ഞ ഒടുക്കിന്റെ അഭാവത്തിൽ, ഇതോടു അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു പണയമൊഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിന്റേയും പ്രയോഗത്തിൽനിന്ന്, മേലാൽ വാദി പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം പ്രതിക്ക് ഏൽപ്പിച്ചുകൊടുകയും, ചെയ്യേണ്ടതാണെന്നും ഉള്ള ഒരു അവസാനവിധിക്ക് കോടതിയോട് പ്രതിക്ക് അപേക്ഷിക്കാവുന്നതാണെന്നും; കക്ഷികൾക്ക്, തങ്ങൾക്ക് അവസരമുണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോൾ കോടതിയോട് അപേക്ഷിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ മററുവിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു,

പട്ടിക

## പണയ വസ്തുവിൻെറ വിവരണം

നമ്പർ. 7 ഗ

## പണയദാതാവ് പണം കൊടുക്കാൻ വീഴ്ച വരുത്തുന്നതിൻമേൽ വില്പനയ്ക്കുള്ള വിധി പാസ്സാക്കുന്നിടത്ത്, പണയമൊഴിപ്പിക്കുവാനുള്ള പ്രാരംഭ വിധി

(ആർഡർ 34, ചട്ടം 7—കൊടുക്കുവാനുള്ള സംഖ്യ കോടതി സ്ഥാപിക്കുന്നിടത്ത്)

( ശീർഷകം )

ഈ വ്യവഹാരം..................മാസം..................തീയതിയായ ഇന്നേ ദിവസം....................വന്നിരിക്കയാൽ, അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ പ്രതിക്ക് കിട്ടാനുള്ള സംഖ്യ............മാസം.......... തീയതിവരെ കണക്കാക്കിയതിൽ, മുതൽ .....രൂപയും, മേല്പറഞ്ഞ മുതലിൻ മേലുള്ള പലിശ....രൂപയും പണയഈട് സംബന്ധിച്ച്, ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും വേണ്ടി, (വ്യവഹാരത്തിലെ കോടതി ച്ചെലവ് അല്ലാതെയുള്ളവ) പ്രതി ന്യായമായി ചെലവാക്കിയിട്ടുള്ളത്, അതിൻമേലുള്ള പലിശ സഹിതം..................രൂപയും പ്രതിക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്............... രൂപയും കൂടി ആകെ........................രൂപ ആണെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

2. കൂടാതെ, ഇതിനാൽ താഴെപ്പറയും പ്രകാരം ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.—

(i) വാദി.................മാസം..............തീയതിയോ അതിനു മുമ്പോ അല്ലെങ്കിൽ പണം കൊടുക്കുന്നതിന് കോടതി അതിന് ശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടിക്കൊടുക്കുന്നുവോ, അങ്ങനെയുള്ള തീയതിയോ അതിനു മുമ്പോ മുൻപറഞ്ഞ........................രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(ii) അങ്ങനെ ഒടുക്കുകയും അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്കു മുമ്പ് സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 3, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ ചട്ടം 11–ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, പ്രതി അന്യായത്തിൽ പറഞ്ഞ പണയ വസ്തു സംബന്ധിച്ച്, തൻെറ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും

അങ്ങനെയുള്ള എല്ലാ രേഖകളും, വാദിക്കോ, അയാഠം നിയമിക്കുന്ന ആഠംക്കോ ഏല്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുത്തിയും, പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏതാളുടെ കീഴിലാണോ പ്രതി അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽ നിന്ന് ഒഴിവാക്കിയും മേൽപ്പറഞ്ഞ പണയവസ്തു പ്രതി ആധാരമെഴുതി തിരിയെ കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, വാദിക്ക് മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം ഏല്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

3. കൂടാതെ, മേൽപ്പറഞ്ഞ ഒടുക്കിൻെറ അഭാവത്തിൽ, പണയവസ്തു വില്ക്കുന്നതിനുള്ള ഒരു അവസാന വിധിക്കായി പ്രതിക്ക് കോടതിയിൽ അപേക്ഷിക്കാവുന്നതാണെന്നും; അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ, പണയവസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വില്ക്കുവാൻ നിദേശിക്കപ്പെടുന്നതാണെന്നും ; അങ്ങനെയുള്ള വിൽപ്പനയുടെ ആവശ്യങ്ങഠംക്കായി, പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച് തൻെറ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ, അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻേറയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

4. കൂടാതെ, അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത്, (അതിൽനിന്ന് വില്പനച്ചെലവുകഠം കുറവു ചെയ്തതിനുശേഷം) ഈ വിധിക്ക് കീഴിലും ഈ വ്യവഹാരത്തിൽ കൂടുതലായി പാസാക്കുന്ന ഏതെങ്കിലും ഉത്തരവുകഠംക്ക് കീഴിലും പ്രതിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്കും, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന, വ്യവഹാരത്തിലെ കോടതിച്ചെലവും ചെലവുകളും ചാർജുകളും വ്യയങ്ങളും സംബന്ധിച്ച് പ്രതിക്ക് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം കൊടുക്കുന്നതിലേയ്ക്കും മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത്, വാദിക്കോ അത് ലഭിക്കുവാൻ അവകാശമുള്ള മററാളുകഠംക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം മേൽപ്പറഞ്ഞ പ്രകാരം പ്രതിക്ക് കൊടുക്കേണ്ട തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള തുകയ്ക്ക്, വാദിക്ക് എതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കുവാൻ പ്രതിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിൻെറ നിബന്ധനകഠം പ്രകാരം അയാഠംക്ക് അവകാശപ്പെടാവുന്നതും, അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത്) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും; കക്ഷികഠംക്ക്, അവർക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച് അപ്പോഴപ്പോഠം കോടതിയോട് അപേക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ ററുവിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിദേശങ്ങഠം നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

## പണയ വസ്തുവിൻെറ വിവരണം

നമ്പർ. 7 ഘ.

## പണയദാതാവ് പണം കൊടുക്കാൻ വീഴ്ച വരുത്തുന്നതിൻമേൻ, പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള അവസാനവിധി

( ആർഡർ 34, ചട്ടം 8 )

(ശീർഷകം)

ഈ വ്യവഹാരത്തിൽ....................മാസം................ തീയതി പാസ്സാക്കിയ പ്രാരംഭവിധിയും..................മാസം................ തീയതിയിലെ കൂടുതൽ ഉത്തരവുകളും (വല്ലതുമുണ്ടെങ്കിൽ) ഒരു അവസാന വിധിക്കുവേണ്ടിയുള്ള.............. ..മാസം ...............തീയതിയിലെ പ്രതിയുടെ അപേക്ഷയും വായിച്ചതിൻമേലും, കക്ഷികൾക്ക് പറയാനുള്ളതു കേട്ടതിനുശേഷവും വാദിയോ അയാൾക്കുവേണ്ടി ഏതെങ്കിലും ആളോ മേല്പറഞ്ഞ പണയം ഒഴിപ്പിക്കുവാൻ അവകാശമുള്ള മറെറതെങ്കിലും ആളോ മേല്പറഞ്ഞ വിധിയും ഉത്തരവുകളും നിദേശിക്കുന്ന പ്രകാരം പണം കൊടുത്തിട്ടില്ലെന്നു കാണുന്നതുകൊണ്ടും :

വാദിയും അയാളിലൂടെയോ അയാളുടെ കീഴിലോ അവകാശപ്പെടുന്ന എല്ലാ ആളുകളും മേല്പറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ വസ്തുവിൻേറതോ അതിലുള്ളതോ ആയ എല്ലാ പണയമൊഴിപ്പിക്കലവകാശത്തിൻേറയും പ്രയോഗത്തിൽനിന്നുള്ളതിനാൽ പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്യണമെന്നും ഇതിനാൽ തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും (മേൽപ്പറഞ്ഞ പണയ വസ്തു വാദിയുടെ കൈവശമാണെങ്കിൽ) മുൻപറഞ്ഞ പണയവസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം, വാദി, പ്രതിക്ക് ഏല്പിച്ചുകൊടുക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

2. കൂടാതെ, അന്യായത്തിൽ പറഞ്ഞ, മുൻപറഞ്ഞ പണയത്തിൽനിന്നോ, ഈ വ്യവഹാരത്തിൽനിന്നോ ഇന്നേ ദിവസംവരെ ഉത്ഭവിക്കുന്ന വാദിയുടെ ബാദ്ധ്യത മുഴുവനും, അത് എന്തുതന്നെ ആയിരുന്നാലും ഇതിനാൽ തീർക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും ഇതിനാൽ കൂടുതലായി സ്ഥാപിച്ചിരിക്കുന്നു.

നമ്പർ. 7 ങ

# പണയദാതാവ് പണം കൊടുക്കാൻ വീഴ്ചവരുത്തുന്നതിൻമേൽ, പണയമൊഴിപ്പിക്കൽ വ്യവഹാരത്തിലെ വില്പനയ്ക്കുള്ള അവസാനവിധി

(ആർഡർ 34, ചട്ടം 8)

(ശീർഷകം)

ഈ വ്യവഹാരത്തിൽ......... മാസം..........തീയതി പാസ്സാക്കിയ പ്രാരംഭവിധിയും..........മാസം..........തീയതിയിലെ കൂടുതൽ ഉത്തരവുകളും (വല്ലതും ഉണ്ടെങ്കിൽ), ഒരു അവസാനവിധിക്കുവേണ്ടിയുള്ള.. ... മാസം........തീയതിയിലെ പ്രതിയുടെ അപേക്ഷയും വായിച്ചതിൻമേലും, കക്ഷികൾക്ക് പറയാനുള്ളതു കേട്ടതിനുശേഷവും, വാദിയോ അയാൾക്കുവേണ്ടി ഏതെങ്കിലും ആളോ പണയം ഒഴിപ്പിക്കുവാൻ അവകാശമുള്ള മറേറതെങ്കിലും ആളോ മേല്പറഞ്ഞ വിധിയും ഉത്തരവുകളും നിദേശിക്കുന്ന പ്രകാരം പണം കൊടുത്തിട്ടില്ലെന്ന് കാണുന്നതുകൊണ്ടും:

മേല്പറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ പണയവസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വില്ക്കുന്നതാണെന്നും, അങ്ങനെയുള്ള വില്പനയുടെ ആവശ്യങ്ങൾക്കായി പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച്, തൻെറ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻേറയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

2. കൂടാതെ, അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും ; അത് (അതിൽനിന്ന് വില്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) മുൻ പറഞ്ഞ പ്രാരംഭവിധിക്ക് കീഴിലും ഈ വ്യവഹാരത്തിൽ കൂടുതലായി പാസ്സാക്കിയിട്ടുണ്ടാകാവുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് കീഴിലും, പ്രതിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്കും സിവിൽ നടപടി നിയമസംഹിത, 1908—ലെ ഒന്നാം പട്ടിക ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന ഈ അപേക്ഷയുടെ കോടതിച്ചെലവുൾപ്പെടെയുള്ള ഈ വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് പ്രതിക്ക് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്തിട്ടുള്ള തുക, ആ ആർഡർ, ചട്ടം 11—ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം,കൊടുക്കുന്നതിലേയ്ക്കുംമുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ, അത് വാദിക്കോ, അത് ലഭിക്കുവാൻ അവകാശമുള്ള മററാളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

3/3124/V.

നമ്പർ. 7 ച.

## പണയം ഒഴിപ്പിക്കൽ നിരോധിക്കുന്നതിനോ, വില്പനയ്ക്കോ പണയം ഒഴിപ്പിക്കലിനോ ഉള്ള വ്യവഹാരത്തിൽ, പണയദാതാവ് വിധി സംഖ്യ ഒടുക്കുന്നിടത്തുള്ള അവസാനവിധി

(ആർഡർ 34, ചട്ടം 3, 5, 8)

(ശീർഷകം)

ഈ വ്യവഹാരം .........ാം തീയതിയായ ഇന്ന് കൂടുതൽ പരിഗണനയ്ക്കായി വന്നിരിക്കുകയും പണയദാതാവ് അല്ലെങ്കിൽ................) അയാ‌ൾ പണയം ഒഴിപ്പിക്കാൻ അവകാശമുള്ള ഒരാളായിരിക്കേ,............ മാസം............തീയതിയിലെ പ്രാരംഭവിധിക്ക് കീഴിൽ പണയഗൃഹീതാവിന് കൊടുക്കേണ്ട എല്ലാ സംഖ്യയും..........മാസം............തീയതി കോടതിയിൽ ഒടുക്കിയിട്ടുള്ളതായി കാണുകയും ചെയ്യുന്നതിനാൽ ;—

(i) പണയഗൃഹീതാവ്, പണയദാതാവിനോട് (അല്ലെങ്കിൽ, അതതു സംഗതിപോലെ, വസ്തു പണയം ഒഴിപ്പിച്ചെടുത്ത...........ന്) മേല്പറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ വസ്തു ആധാരമെഴുതി തിരിയെ കൊടുക്കുന്ന ഒരു കരണമോ, തനിക്കു കിട്ടേണ്ടതായ തുക കിട്ടിയതിനുള്ള ഒരു സമ്മതക്കുറിപ്പോ ഒപ്പിട്ടു പൂർത്തീകരിച്ചുകൊടുക്കണമെന്നും ;

(ii) പണയഗൃഹീതാവ് വ്യവഹാരത്തിലെ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ ഹാജരാക്കണമെന്നും,

ഇതിനാൽ ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

കൂടാതെ മേല്പറഞ്ഞ രീതിയിൽ പണയഗൃഹീതാവ് ആധാരമെഴുതി തിരിയേ എടുക്കുന്ന കരണമോ സമ്മതക്കുറിപ്പോ ഒപ്പിട്ടുപൂർത്തീകരിച്ചു കൊടുക്കുന്നതിൻമേൽ—

(i) മുൻപറഞ്ഞ.................രൂപ കോടതിക്കു പുറത്തുവച്ച് പണയഗൃഹിതാവിന് കൊടുക്കണമെന്നും ;

(ii) കോടതിയിൽ കൊണ്ടുവന്നിട്ടുള്ള മുൻപറഞ്ഞ കരണങ്ങളും രേഖകളും കോടതിക്ക് പുറത്തുവച്ച് പണയദാതാവിനു (അല്ലെങ്കിൽ പണം ഒടുക്കുന്ന ആ‌ൾക്ക്)ഏല്പിച്ചുകൊടുക്കണമെന്നും, ആവശ്യപ്പെടുമ്പോ‌ൾ പണയഗൃഹീതാവ് പണയദാതാവിന്റെ (പണം ഒടുക്കുന്ന മററാളുടെ) ചെലവിൻമേൽ മേല്പറഞ്ഞ ആധാരമെഴുതി തിരിയെ കൊടുക്കുന്ന കരണമോ സമ്മതക്കുറിപ്പോ .............ലെ സബ് രജിസ്ട്രാറാഫീസിൽ രജിസ്ററർ ചെയ്യുന്നതിൽ യോജിക്കണമെന്നും ;

(iii) പണയവസ്തു, [അതതുസംഗതിപോലെ പണയഗൃഹീതാവിന്റേയോ വാദിയുടേയോ പ്രതിയുടേയോ കൈവശമാണെങ്കിൽ] * പണയഗൃഹീതാവ് മുൻപറഞ്ഞ പ്രാരംഭവിധിയിൽ പറഞ്ഞ പണയവസ്തു പണയദാതാവിനോ (അല്ലെങ്കിൽ പണം ഒടുക്കിയിട്ടുള്ള, മേല്പറഞ്ഞ ആ‌ൾക്കോ) ഉടനടി കൈവശം ഏല്പിച്ചുകൊടുക്കണമെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

---

* ആവശ്യമില്ലാത്ത വാക്കുക‌ൾ വിട്ടുകളയുക.

നമ്പർ 8

## പണയവസ്തുവിൻെറ വില്പനക്കുശേഷം പണയദാതാവിനു എതിരായി ബാക്കിത്തുകയ്ക്ക് കൈയ്യാൽ വിധി

(ആർഡർ 34, ചട്ടം 6-ം 8ക—യും)

(ശീർഷകം)

പണയഗൃഹീതാവിൻെറ [അതതുസംഗതിപോലെ വാദിയുടേയോ പ്രതിയുടേയോ) അപേക്ഷ വായിച്ചതിൻമേലും, ഈ വ്യവഹാരത്തിൽ ............ മാസം.........തീയതി പാസ്സാക്കിയ അവസാനവിധി വായിച്ചതിൻമേലും, മേല്പറഞ്ഞ അവസാനവിധിക്ക് കീഴിൽ നടത്തിയ വില്പനയിലെ അററവരവ്..........രൂപ ഉണ്ടായിരുന്നു എന്നും, അതു കോടതിക്ക്പുറത്തു വച്ച് ........ മാസം..........തീയതി അപേക്ഷകന് കൊടുത്തിട്ടുണ്ടെന്നും മേലപറഞ്ഞ വിധിക്ക് കീഴിൽ അയാൾക്ക് ഇപ്പോൾ കിട്ടാനുള്ള ബാക്കി ............രൂപയാണെന്നും കോടതിക്ക്ബോദ്ധ്യപ്പെട്ടിരിക്കയാലും;

മുൻപറഞ്ഞതുക, പണയദാതാവിൽ നിന്ന്, (അതതുസംഗതിപോലെ വാദിയിൽനിന്നോ പ്രതിയിൽനിന്നോ) നിയമപ്രകാരം കൈയ്യാൽ വസൂലാക്കാവുന്നതാണെന്നു കോടതി കാണുന്നതിനാലും ;

ഇതിനാൽ താഴെ പറയും പ്രകാരം ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു :—

പണയദാതാവ് (അതതുസംഗതിപോലെ വാദിയോ പ്രതിയോ) മുൻപറഞ്ഞ തുകയായ.........രൂപ........മാസം..........തീയതി (കോടതിക്ക് പുറത്തുവച്ച് തുക കൊടുത്തതായി മുകളിൽ പരാമർശിച്ച തീയതി) മുതൽ മുൻപറഞ്ഞതുക വസൂലാകുന്ന തീയതിവരെ പ്രതിവർഷം ആറുശതമാനം നിരക്കിലുള്ള പലിശസഹിതം, പണയഗൃഹീതാവിന് (അതതുസംഗതിപോലെ) പ്രതിക്കോ വാദിക്കോ കൊടുക്കണം.

നമ്പർ 9

## പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനോ വില്പനയ്ക്കോ ഉള്ള പ്രാരംഭ വിധി

വാദി..............................1-ാം പണയ ഗൃഹീതാവ്

അും

1-ാം പ്രതി..................പണയദാതാവ്

2-ാം പ്രതി................ ..2-ാം പണയ ഗൃഹീതാവ്

(ആർഡർ 34, ചട്ടം 2—ം 4—ം)

(ശീർഷകം)

ഈ വ്യവഹാരം.........മാസം.............തീയതിയായ ഇന്നേ ദിവസം .......... വന്നിരിക്കയാൽ ; അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ, വാദിക്ക് കിട്ടുവാനുള്ള സംഖ്യ..........മാസം..... .......തീയതിവരെ കണക്കാക്കിയതിൽ, മുതൽ............ .... ..രൂപയും മേല്പറഞ്ഞ മുതലിൻമേലുള്ള പലിശ.... ....രൂപയും പണയം ഈട് സംബന്ധിച്ച് ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും വേണ്ടി, (വ്യവഹാരത്തിൻെറ

കോടതിച്ചെലവ് അല്ലാതെയുള്ളവ) വാദി ചെലവാക്കിയിട്ടുള്ളത്, അതിൻമേലുള്ള പലിശ സഹിതം..........രൂപയും വാദിക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്..........രൂപയും കൂടി ആകെ ............രൂപ ആണെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

(2-ാം പ്രതിയുടെ പണയത്തിൻകീഴിൽ കൊടുക്കാനുള്ള പണയദ്രവ്യം വ്യവഹാരത്തീയതിക്ക് കൊടുക്കേണ്ടതായിത്തീർന്നിട്ടുണ്ടെങ്കിൽ, അയാറംക്ക് ആ പണയം സംബന്ധിച്ച് കിട്ടാനുള്ള സംഖ്യയെക്കുറിച്ച് സദൃശ സ്ഥാപനങ്ങറം ചേർക്കേണ്ടതാകുന്നു.)

2. വാദിക്ക്, തനിക്ക്കിട്ടാനുള്ള തുക, 2-ാം പ്രതിയെ അപേക്ഷിച്ച്, മുൻഗണനയോടെ കിട്ടുന്നതിന് അവകാശമുണ്ടെന്ന് കൂടുതലായി സ്ഥാപിച്ചിരിക്കുന്നു. *[അല്ലെങ്കിൽ, (പല പിൻപണയക്കാർ ഉണ്ടെങ്കിൽ) ഇതിലെ വിവിധ കക്ഷികറംക്ക്, തങ്ങറംക്ക് കിട്ടുവാനുള്ള തുകകറം താഴെ പറയുന്ന ക്രമത്തിൽ കിട്ടുന്നതിന് അവകാശമുണ്ടെന്ന് കൂടുതലായി സ്ഥാപിച്ചിരിക്കുന്നു .... ......]

3. കൂടാതെ, ഇതിനാൽ താഴെപ്പറയും പ്രകാരം ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു :—

(i) (ക) പ്രതികളോ അവരിൽ ഒരാളോ........മാസം ..........യുള്ള തീയതിയോ അതിനുമുൻപോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന്കോടതി അതിനുശേഷമുള്ള ഏതുതീയതിവരെ സമയം നീട്ടിക്കൊടുത്തിട്ടുണ്ടോ, അങ്ങനെ തീയതിയോ അതിനുമുൻപോ, വാദിക്ക് കിട്ടുവാനുള്ള മുൻപറഞ്ഞ ...........രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു ;

(ഖ) 1-ാം പ്രതി........മാസം........തീയതിയോ അതിനുമുൻപോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏതു തീയതിവരെ സമയം നീട്ടിക്കൊടുത്തിട്ടുണ്ടോ, അങ്ങനെയുള്ള തീയതിയോ അതിനുമുൻപോ 2-ാം പ്രതിക്ക് കിട്ടുവാനുള്ള മുൻപറഞ്ഞ..........രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(ii) വാദിക്ക് കിട്ടുവാനുള്ളതാണെന്ന് സ്ഥാപിച്ചിട്ടുള്ള തുക, പ്രതികളോ അവരിൽ ഒരാളോ, (I) (ക) ഖണ്ഡത്തിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്കുമുൻപ്, സിവിൽ നടപടി നിയമസംഹിതാ 1908—ലെ ഒന്നാം പട്ടിക ആർഡർ 34 ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും മററ് ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്നതുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദി അന്യായത്തിൽപറഞ്ഞ പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലുംഅധികാരത്തിലും ഉള്ള എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും, അങ്ങനെയുള്ള എല്ലാരേഖകളും(തുകഒടുക്കിയിട്ടുള്ള)....ാം നമ്പർ പ്രതിക്കോ, അയാറംനിയമിക്കുന്ന ആറംക്കോ ഏല്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞപണയത്തിൽനിന്ന് വിടുത്തിയും വാദിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏത് ആളുടെ കീഴിലാണോ അയാറം അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽ നിന്നും ഒഴിവാക്കിയും, പണത്തിൽ നിന്നോ ഈ

* ആവശ്യമില്ലാത്ത വാക്കുകറം വിട്ടുകളയുക.

വ്യവഹാരത്തിൽ നിന്നോ ഉദ്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽനിന്നും, അതുഎന്തു തന്നെയായാലും, വിടുത്തിയും മേല്പറഞ്ഞ വസ്തു ആധാരമെഴുതിതിരിയെ കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ, ചെയ്യേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ (തുക ഒടുക്കിയിട്ടുള്ള) ..... ..—ാം നമ്പർ പ്രതിക്കു മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം ഏല്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

(1-ാം പ്രതി 2-ാം പ്രതിക്ക് കിട്ടുവാനുള്ളതാണെന്ന് കാണുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടുള്ള തുക ഒടുക്കുന്നുവെങ്കിൽ, അയാളുടെ പണയത്തിൻെറ പ്രകൃതം പരിഗണിച്ച് ആവശ്യമാകുന്ന വ്യത്യാസങ്ങളോടെ സദൃശ സ്ഥാപനങ്ങൾ ചേർക്കേണ്ടതാകുന്നു.)

4. കൂടാതെ വാദിക്ക് കിട്ടുവാനുള്ള തുകയുടെ മേൽ പറഞ്ഞ പ്രകാരമുള്ള ഒടുക്കിൻെറ അഭാവത്തിൽ—

(i) * [സോപാധിക വില്പന വഴിയുള്ള പണയത്തിൻെറയോ അല്ലെങ്കിൽ പണയാധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏകനിവൃത്തി പണയമൊഴിപ്പിക്കൽ നിരോധിക്കുന്നത് ആയിരിക്കുകയും വില്പനയല്ലാതിരിക്കുകയും ചെയ്യുന്ന വിലക്ഷണപ്പണയത്തിൻെറയോ സംഗതിയിൽ]

ഇതോടു അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു പണയമൊഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിൻെറയും പ്രയോഗത്തിൽനിന്ന് മേലാൽ പ്രതികൾ കൂട്ടായും വെവ്വേറെയായും പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം അവർ വാദിക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണെന്നും ; അല്ലെങ്കിൽ

(ii) * [മററ് ഏതെങ്കിലും പണയത്തിൻെറ സംഗതിയിൽ] പണയവസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വില്ക്കുന്നതാണെന്നും ; അങ്ങനെയുള്ള വില്പനയുടെ ആവശ്യങ്ങൾക്കായി വാദി പണയവസ്തു സംബന്ധിച്ച് തൻെറ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻേറയോ മുൻപാകെ ഹാജരാക്കേണ്ടതാണെന്നും ;

(iii) * [മുകളിലെ, 4 (ii)-ാം ഖണ്ഡത്തിൻകീഴിൽ വില്പന ഉത്തരവു ചെയ്യുന്ന സംഗതിയിൽ]—അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വില്പന ച്ചെലവുകൾ കുറവുചെയ്തതിനുശേഷം) ഈ വിധിക്ക് കീഴിലും, ഈ വ്യവഹാരത്തിൽ കൂടുതലായി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക്കീഴിലും, വാദിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്ക, സിവിൽ നടപടി നിയമ സംഹിത, 1908-ലെ ഒന്നാംപട്ടിക ആർഡർ 34-ാം ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന, ഈ വ്യവഹാരത്തിലെ കോടതിച്ചെലവും, ചെലവുകളും, ചാർജ്ജുകളും, വ്യയങ്ങളും സംബന്ധിച്ച് വാദിക്ക് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീട് ഉള്ള പലിശസഹിതം കൊടുക്കുന്നതിലേയ്ക്കും മുറപ്രകാരം..... ......

* ആവശ്യമില്ലാത്ത വാക്കുകൾ വിട്ടുകളയുക

വിനിയോഗിക്കേണ്ടതാണെന്നും, ബാക്കി ഉണ്ടെങ്കിൽ അത് 2-ാം പ്രതിക്ക് കിട്ടുവാനുള്ള തുക കൊടുക്കുന്നതിലേയ്ക്ക് വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത് 1-ാം പ്രതിക്കോ അത് ലഭിക്കാൻ അവകാശമുള്ള മററു ആളുകൾക്കോ കൊടുക്കേണ്ടതാണെന്നും ;

(iv) അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം വാദിക്കും 2-ാം പ്രതിക്കും കൊടുക്കാനുള്ള തുകകൾ മുഴുവനും കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ, തങ്ങൾക്ക് യഥാക്രമം കിട്ടാൻ ബാക്കിയുള്ള തുകകൾക്ക് 1-ാം പ്രതിക്കെതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കുവാൻ, അതത് സംഗതിപോലെ, വാദിക്കോ 2-ാം പ്രതിക്കോ അവർ രണ്ടു പേർക്കുമോ (അങ്ങനെയുള്ള നിവൃത്തി അവരുടെ യഥാക്രമമുള്ള പണയങ്ങളിലെ നിബന്ധനകൾപ്രകാരം അവർക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത്), സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും ;

ഉള്ള ഒരു അവസാന വിധിക്ക് കോടതിയോട് അപേക്ഷിക്കാൻ വാദിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ,—

(ക) വാദിക്ക് കിട്ടാനുള്ളതായി ന്യായനിർണ്ണയം ചെയ്തിട്ടുള്ള തുക, ഈ വ്യവഹാരത്തിലെ വരവു കണക്കിലേയ്ക്ക് 2-ാം പ്രതി കോടതിയിൽ ഒടുക്കുകയും, എന്നാൽ 1-ാം പ്രതി മുൻപറഞ്ഞ തുകകൾ ഒടുക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്യുന്നുവെങ്കിൽ, 2-ാം പ്രതിക്ക്, തന്റെ ഗുണത്തിനുവേണ്ടി വാദിയുടെ പണയം സജീവമായി നിറുത്തുന്നതിന് കോടതിയോട് അപേക്ഷിക്കുവാനും—

(i) * [ഇതോട് അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു, പണയമൊഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിന്റെയും പ്രയോഗത്തിൽനിന്ന് മേലാൽ 1-ാം പ്രതി പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ, മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം 2-ാം പ്രതിക്ക് ഏല്പിച്ചുകൊടുക്കുകയും, ചെയ്യേണ്ടതാണെന്നും] ; അല്ലെങ്കിൽ

(ii) * [പണയവസ്തുവോ അതിന്റെ മതിയായ ഒരു ഭാഗമോ വില്ക്കുന്നതാണെന്നും, അങ്ങനെയുള്ള വില്പനയുടെ ആവശ്യങ്ങൾക്കായി 2-ാം പ്രതി പണയവസ്തു സംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥന്റെയോ മുൻപാകെ ഹാജരാക്കേണ്ടതാണെന്നും] ;

ഉള്ള ഒരു അവസാനവിധിക്ക് (മുകളിലെ 4-ാം ഖണ്ഡത്തിൻ കീഴിൽ വാദിക്ക് അപേക്ഷിക്കാമായിരുന്ന അതേ രീതിയിൽ) അപേക്ഷിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും ;

(ഖ) (2-ാം പ്രതിയുടെ അപേക്ഷയിൻമേൽ അങ്ങനെയുള്ള പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള ഒരു അവസാന വിധി പാസ്സാക്കുന്നുവെങ്കിൽ), വാദിയുടെ പണയത്തിൽനിന്നോ, 2-ാം പ്രതിയുടെ പണയത്തിൽനിന്നോ, ഈ വ്യവഹാരത്തിൽ നിന്നോ ഉദ്ഭവിക്കുന്ന 1-ാം പ്രതിയുടെ ബാദ്ധ്യത മുഴുവനും തീർക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും, ചെയ്തതായി കരുതപ്പെടുന്നതാണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

---

* ആവശ്യമില്ലാത്ത വാക്കുകൾ വിട്ടുകളയുക.

6. കൂടാതെ, * [മുകളിലെ 5-ാം ഖണ്ഡത്തിൻകീഴിൽ വില്പന ഉത്തരവു ചെയ്യുന്ന സംഗതിയിൽ]—

(i) അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വില്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) ഒന്നാമതായി, വാദിയുടെ പണയം സംബന്ധിച്ച് 2-ാം പ്രതി ഒടുക്കിയ തുകയും, അതുസംബന്ധിച്ചുള്ള, വ്യവഹാരത്തിലെ കോടതിച്ചെലവും കൊടുക്കുന്നതിലേയ്ക്കും, മുൻപറഞ്ഞ തുകയിൻമേലുള്ള പിന്നീടുള്ള പലിശ സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക കൊടുക്കുന്നതിലേയ്ക്കും, മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും ; ബാക്കിയുണ്ടെങ്കിൽ, അത് 2-ാം പ്രതിക്ക് തന്റെ സ്വന്തം പണയം സംബന്ധിച്ച് ഈ വിധിക്ക്കീഴിലും കൂടുതലായി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക്കീഴിലും കൊടുക്കാനുള്ളതായി ന്യായനിർണ്ണയം ചെയ്യുന്ന തുക കൊടുക്കുന്നതിലേയ്ക്കും, സിവിൽ നടപടി നിയമ സംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ XXXIV ചട്ടം 10-ൻ കീഴിൽ 2-ാം പ്രതിക്ക് കൊടുക്കുവാനുണ്ടായേക്കാവുന്ന, ഈ വ്യവഹാരത്തിലെ കോടതിച്ചെലവും, ചെലവുകളും, ചാർജ്ജുകളും, വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം, കൊടുക്കുന്നതിലേയ്ക്കും വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത് 1-ാം പ്രതിക്കോ, അത് ലഭിക്കുവാൻ അവകാശമുള്ള മററാളുകൾക്കോ കൊടുക്കേണ്ടതാണെന്നും. ;

(ii) അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം വാദിയുടെ പണയമോ 2-ാം പ്രതിയുടെ പണയമോ സംബന്ധിച്ച് കൊടുക്കാനുള്ള തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള തുകയ്ക്ക് 1-ാം പ്രതിക്ക് എതിരായി ഒരു കൈയാൽവിധിക്ക് അപേക്ഷിക്കുവാൻ 2-ാം പ്രതിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിന്റെ നിബന്ധനകൾപ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത്) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

7. കൂടാതെ, കക്ഷികൾക്ക്, തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച്, അപ്പോഴപ്പോൾ, കോടതിയോട് അപേക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ മററുവിധത്തിലോ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിർദ്ദേശങ്ങൾ നല്കാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

* ആവശ്യമില്ലാത്ത വാക്കുകൾ വിട്ടുകളയുക.

പട്ടിക

## പണയവസ്തുവിന്റെ വിവരണം

നമ്പർ 10

മുൻപണയം പണയമൊഴിപ്പിക്കുന്നതിനുള്ളതും, പിൻപണയത്തിൻമേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനോ വില്പനയ്ക്കോ ഉള്ളതു മായ പ്രാരംഭവിധി.

വാദി.....................2-ാം പണയഗൃഹീതാവ്

അഭി

1-ാം പ്രതി.................പണയ ദാതാവ്
2-ാം പ്രതി.................1-ാം പണയ ഗൃഹീതാവ്

(ആർഡർ 34, ചട്ടം 2-ം 4-ം, 7-ം)

(ശീർഷകം)

ഈ വ്യവഹാരം......മാസം..........തീയതിയായ ഇന്നേദിവസം.... വന്നിരിക്കുകയാൽ ; അന്യായത്തിൽ പറഞ്ഞ പണയത്തിൻമേൽ 2-ാം പ്രതിക്ക് കിട്ടാനുള്ള സംഖ്യ........മാസം ..........തീയതിവരെ കണക്കാക്കിയതിൽ, മുതൽ..........രൂപയും മുൻപറഞ്ഞ മുതലിൻമേലുള്ള പലിശ ..............രൂപയും പണയ ഈട് സംബന്ധിച്ച ചെലവുകൾക്കും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും (വ്യവഹാരത്തിന്റെ കോടതിച്ചെലവ് അല്ലാതെയുള്ളവ) 2-ാം പ്രതി ന്യായമായിചെലവാക്കിയിട്ടുള്ളത് അതിൻമേലുള്ള പലിശ........ രൂപയും 2-ാം പ്രതിക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്..... ....രൂപയും കൂടി ആകെ ........ രൂപ ആണെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

(വാദിയുടെ പണയത്തിൻകീഴിൽ കൊടുക്കാനുള്ള പണയദ്രവ്യം വ്യവഹാരത്തീയതിക്ക് കൊടുക്കേണ്ടതായിത്തീർന്നിട്ടുണ്ടെങ്കിൽ, അയാൾക്ക് ആ പണയം സംബന്ധിച്ച് 1-ാം പ്രതിയിൽ നിന്ന് കിട്ടാനുള്ള സംഖ്യയെക്കുറിച്ച് സദൃശസ്ഥാപനകൾ ചേർക്കേണ്ടതാകുന്നു.)

2. 2-ാം പ്രതിക്ക് തനിക്ക് കിട്ടുവാനുള്ള തുക വാദിയെ അപേക്ഷിച്ച് മുൻഗണനയോടെ കിട്ടുന്നതിന് അവകാശമുണ്ടെന്നു കൂടുതലായി സ്ഥാപിച്ചിരിക്കുന്നു. * [അല്ലെങ്കിൽ (പല പിൻപണയക്കാർ ഉണ്ടെങ്കിൽ) ഇതിലെ വിവിധ കക്ഷികൾക്ക്, തങ്ങൾക്ക് കിട്ടുവാനുള്ള തുകകൾ താഴെ പറയുന്ന ക്രമത്തിൽ കിട്ടുന്നതിന്, അവകാശമുണ്ടെന്നു കൂടുതലായി, സ്ഥാപിച്ചിരിക്കുന്നു:—]

3. കൂടാതെ ഇതിനാൽ താഴെപ്പറയുംപ്രകാരം ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

(i) (ക) വാദിയോ 1-ാം പ്രതിയോ, അവരിൽ ഒരാളോ.......... മാസം.......തീയതിയോ, അതിനുമുൻപോ അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏതു തീയതിവരെ സമയം നീട്ടി കൊടുത്തിട്ടുണ്ടോ, അങ്ങനെയുള്ള തീയതിയോ അതിനുമുൻപോ, 2-ാം പ്രതിക്ക് കിട്ടുവാനുള്ള മുൻപറഞ്ഞ.............രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു ;

* ആവശ്യമില്ലാത്തവാക്കുകൾ വിട്ടുകളയുക.

(ഖ) 1-ാം പ്രതി.......... മാസം..........തീയതിയോ അതിനു മുൻപോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനുശേഷമുള്ള ഏതു തീയതിവരെ സമയം നീട്ടി കൊടുത്തിട്ടുണ്ടോ, അങ്ങനെയുള്ള തീയതിയോ അതിനുമുൻപോ വാദിക്ക് കിട്ടുവാനുള്ള മുൻപറഞ്ഞ...... രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(ii) 2-ാം പ്രതിക്ക് കിട്ടുവാനുള്ളതാണെന്ന് സ്ഥാപിച്ചിട്ടുള്ള തുക വാദിയോ, 1-ാം പ്രതിയോ അവരിൽ ഒരാളോ (i) (ക) ഖണ്ഡത്തിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്ക് മുൻപ്, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക ആർഡർ 34 ചട്ടം 10-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന, വ്യവഹാരത്തിലെ കോടതിച്ചെലവും ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയംചെയ്യുന്ന സംഖ്യ, ആ ആർഡർ ചട്ടം 11-ൻ കീഴിൽ കൊടുക്കുവാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, 2-ാം പ്രതി അന്യായത്തിൽ പറഞ്ഞ പണയവസ്തു സംബന്ധിച്ച്, തന്റെ കൈവശത്തിലും അധികാരത്തിലും ഉള്ള എല്ലാം രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും, അങ്ങനെയുള്ള എല്ലാ രേഖകളും വാദിക്കോ 1-ാം പ്രതിക്കോ (അവരിൽ ആരാണോ പണം ഒടുക്കിയിട്ടുള്ളത് അയാൾക്ക്) അയാൾ നിയമിക്കുന്ന ആൾക്കോ ഏല്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, മുൻപറഞ്ഞ പണയത്തിൽനിന്ന് വിടുത്തിയും, 2-ാം പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ ഏത് ആളുടെ കീഴിലാണോ അയാൾ അവകാശപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ചിട്ടുള്ള എല്ലാം കുടിക്കടങ്ങളിൽനിന്നും ഒഴിവാക്കിയും പണയത്തിൽനിന്നോ ഈ വ്യവഹാരത്തിൽ നിന്നോ ഉദ്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽനിന്നും, അതു എന്തു തന്നെയായാലും, വിടുത്തിയും മേല്പറഞ്ഞ വസ്തു ആധാരമെഴുതി തിരിയെ കൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ, ചെയ്യേണ്ടതും ആവശ്യപ്പെടുന്നുവെങ്കിൽ, വാദിക്കോ 1-ാം പ്രതിയ്ക്കോ (അവരിൽ ആരാണോ പണം ഒടുക്കിയിട്ടുള്ളത് അയാൾക്ക്) മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏല്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

(1-ാം പ്രതി, വാദിക്ക് കിട്ടുവാനുള്ളതാണെന്ന് കാണുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടുള്ള തുക ഒടുക്കുന്നുവെങ്കിൽ, അയാളുടെ പണയത്തിന്റെ പ്രകൃതം പരിഗണിച്ച് ആവശ്യമാകുന്ന വ്യത്യാസങ്ങളോടെ സദൃശസ്ഥാപനകരം ചേർക്കേണ്ടതാകുന്നു.)

4. കൂടാതെ രണ്ടാം പ്രതിക്ക് കിട്ടാനുള്ള തുകയുടെ മേല്പറഞ്ഞ പ്രകാരമുള്ള ഒടുക്കിന്റെ അഭാവത്തിൽ വ്യവഹാരം തള്ളിക്കളയണമെന്നോ അല്ലെങ്കിൽ—

(i) [സോപാധിക വില്പന വഴിയുള്ള പണയത്തിന്റേയോ, അല്ലെങ്കിൽ പണയാധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏക നിവൃത്തി പണയമൊഴിപ്പിക്കൽ നിരോധിക്കുന്നത് ആയിരിക്കുകയും വില്പനയല്ലാതിരിക്കുകയും ചെയ്യുന്ന വിലക്ഷണപ്പണയത്തിന്റെയോ സംഗതിയിൽ]

ഇതോടു അനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു പണയമൊഴിപ്പിക്കുന്നതിനുള്ള എല്ലാ അവകാശത്തിന്റേയും പ്രയോഗത്തിൽനിന്ന് മേലാൽ വാദിയും 1-ാം പ്രതിയും കൂട്ടായും വെവ്വേറെയായും പരിപൂർണ്ണ

മായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ, മുൻപറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം, അവർ 2-ാം പ്രതിക്ക് ഏല്പിച്ചുകൊടുക്കുകയും, ചെയ്യേണ്ടതാണെന്നും ; അല്ലെങ്കിൽ

(ii) * [മററ് ഏതെങ്കിലും പണയത്തിൻെറ സംഗതിയിൽ] പണയ വസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വില്ക്കുന്നതാണെന്നും; അങ്ങനെയുള്ള വില്പനയുടെ ആവശ്യങ്ങൾക്കായി 2-ാം പ്രതി പണയ വസ്തു സംബന്ധിച്ച് തൻെറ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻേറയോ മുൻപാകെ ഹാജരാക്കേണ്ടതാണെന്നും;

(iii) * [മുകളിലെ 4 (ii)-ാം ഖണ്ഡത്തിൻ കീഴിൽ ഒരു വില്പന ഉത്തരവു ചെയ്യുന്ന സംഗതിയിൽ] അങ്ങനെയുള്ള വില്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽ നിന്ന് വില്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) വിധിക്കു കീഴിലും ഈ വ്യവഹാരത്തിൽ കൂടുതലായി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് കീഴിലും 2-ാം പ്രതിക്ക് കൊടുക്കേണ്ട തുക കൊടുക്കുന്നതിലേയ്ക്കും, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക ആർഡർ 34 ചട്ടം 10-ൻ കീഴിൽ വാദിക്ക് കൊടുക്കുവാനുണ്ടായേക്കാവുന്ന, ഈ വ്യവഹാരത്തിലെ കോടതിച്ചെലവും മററ് ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് 2-ാം പ്രതിക്ക് കൊടുക്കുവാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ഓർഡർ, ചട്ടം, 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം കൊടുക്കുന്നതിലേയ്ക്കും മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കി ഉണ്ടെങ്കിൽ അത് വാദിക്ക് കിട്ടുവാനുള്ള തുക കൊടുക്കുന്നതിലേക്ക് വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത് 1-ാം പ്രതിക്കോ അത് ലഭിക്കുവാൻ അവകാശമുള്ള മററു ആളുകൾക്കോ കൊടുക്കേണ്ടതാണെന്നും;

(iv) അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം 2-ാം പ്രതിക്കും വാദിക്കും കൊടുക്കേണ്ട തുകകൾ മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, തങ്ങൾക്ക് യഥാക്രമം കിട്ടുവാൻ ബാക്കിയുള്ള തുകകൾക്ക്, 1-ാം പ്രതിക്കെതിരായി ഒരു കൈയാൽ വിധിക്ക്, അപേക്ഷിക്കുവാൻ, അതത് സംഗതിപോലെ, 2-ാം പ്രതിക്കോ വാദിക്കോ അവർ രണ്ടു പേർക്കുമോ (അങ്ങനെയുള്ള നിവൃത്തി അവരുടെ യഥാക്രമമുള്ള പണയങ്ങളിലെ നിബന്ധനകൾപ്രകാരം അവർക്ക് അവകാശപ്പെടാവുന്നതും, അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്ത് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും;

ഉള്ള ഒരു അവസാന വിധിക്കോ കോടതിയോടു അപേക്ഷിക്കുവാൻ 2-ാം പ്രതിക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്ന് ഇതിനാൽ ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ,—

(ക) 2-ാം പ്രതിക്ക്, കിട്ടുവാനുള്ളതാണെന്ന് ന്യായനിർണ്ണയം ചെയ്തിട്ടുള്ള തുക, ഈ വ്യവഹാരത്തിലെ വരവു കണക്കിലേയ്ക്ക് വാദി കോടതിയിൽ ഒടുക്കുകയും, എന്നാൽ 1-ാം പ്രതി മുൻപറഞ്ഞ തുക ഒടുക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്യുന്നുവെങ്കിൽ, വാദിക്ക് തൻെറ ഗുണത്തിനുവേണ്ടി 2-ാം പ്രതിയുടെ പണയം സജീവമായി നിറുത്തുന്നതിനു കോടതിയിൽ അപേക്ഷിക്കുവാനും—

---

* ആവശ്യമില്ലാത്ത വാക്കുകൾ വിട്ടുകളയുക.

(i) * [ഇതോടനുബന്ധിച്ച പട്ടികയിൽ വിവരിച്ച പണയവസ്തു പണയമൊഴിപ്പിക്കുന്നതിനുളള എല്ലാ അവകാശങ്ങളുടെയും പ്രയോഗത്തിൽ നിന്ന്, മേലാൽ 1-ാം പ്രതി പരിപൂർണ്ണമായി തടയപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ആവശ്യപ്പെടുന്നുവെങ്കിൽ, മുൻ പറഞ്ഞ വസ്തുവിൻെറ നിർബാധവും സമാധാനപരവുമായ കൈവശം വാദിക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണെന്നും];

അല്ലെങ്കിൽ—

(ii) * [പണയവസ്തുവോ അതിൻെറ മതിയായ ഒരു ഭാഗമോ വില്ക്കുന്നതാണെന്നും, അങ്ങനെയുളള വില്പനയുടെ ആവശ്യങ്ങൾക്കായി വാദി പണയവസ്തു സംബന്ധിച്ച്, തൻെറ കൈവശത്തിലോ അധികാരത്തിലോ ഉളള എല്ലാ രേഖകളും കോടതിയുടേയോ, അല്ലെങ്കിൽ കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥൻേറയോ മുൻപാകെ ഹാജരാക്കേണ്ടതാണെന്നും] ;

ഉളള ഒരു അവസാനവിധിക്ക് (മുകളിലെ 4-ാം ഖണ്ഡത്തിൻ കീഴിൽ 2-ാം പ്രതിക്ക് അപേക്ഷിക്കാമായിരുന്ന അതേരീതിയിൽ) അപേക്ഷിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും;

(ഖ) (2-ാം പ്രതിയുടെ അപേക്ഷയിൻമേൽ പണയമൊഴിപ്പിക്കൽ നിരോധിക്കുന്നതിനുളള, അങ്ങനെയുളള ഒരു അവസാന വിധി പാസ്സാക്കുന്നുവെങ്കിൽ), വാദിയുടെ പണയത്തിൽനിന്നോ, 2-ാം പ്രതിയുടെ പണയത്തിൽ നിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഉദ്ഭവിക്കുന്ന 1-ാം പ്രതിയുടെ ബാദ്ധ്യത മുഴുവനും തീർക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും ചെയ്തതായി കരുതപ്പെടുന്നതാണെന്നും,

ഇതിനാൽ ഉത്തരവുചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

6. കൂടാതെ, (മുകളിലെ 5-ാം ഖണ്ഡത്തിൻകീഴിൽ ഒരു വില്പന ഉത്തരവു ചെയ്യുന്ന സംഗതിയിൽ).

(i) അങ്ങനെയുളള വില്പനവഴി വസൂലാകുന്ന പണം കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വില്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷം) ഒന്നാമതായി 2-ാം പ്രതിയുടെ പണയം സംബന്ധിച്ച് വാദി ഒടുക്കിയ തുകയും, അതു സംബന്ധിച്ചുളള, വ്യവഹാരത്തിലെ കോടതിച്ചെലവും കൊടുക്കുന്നതിലേയ്ക്കും, മുൻപറഞ്ഞ തുകയുടെ പിന്നീടുളള പലിശ സംബന്ധിച്ച് കൊടുക്കുവാനുളളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക കൊടുക്കുന്നതിലേയ്ക്കും, മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും; ബാക്കിയുണ്ടെങ്കിൽ, അത് വാദിക്ക്, തൻെറ സ്വന്തം പണയം സംബന്ധിച്ച് ഈ വിധിക്ക്കീഴിലും, കൂടുതലായി പാസാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്കുകീഴിലും കൊടുക്കുവാനുളളതായി ന്യായനിർണ്ണയം ചെയ്യുന്ന തുക കൊടുക്കുന്നതിലേയ്ക്കും സിവിൽ നടപടി നിയമ സംഹിത, 1908-ലെ ഒന്നാംപട്ടിക ആർഡർ 34 ചട്ടം 10-ൻ കീഴിൽ വാദിക്ക് കൊടുക്കുവാനുണ്ടായേക്കാവുന്ന, ഈ വ്യവഹാരത്തിലെ കോടതിച്ചെലവും, ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കുവാനുളളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന തുക, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുളള പലിശസഹിതം കൊടുക്കുന്നതിലേയ്ക്കും വിനിയോഗിക്കേണ്ടതാണെന്നും, ബാക്കി ഉണ്ടെങ്കിൽ അത് 1-ാം പ്രതിക്കോ അത് ലഭിക്കുവാൻ അവകാശമുളള മററാളുകൾക്കോ കൊടുക്കേണ്ടതാണെന്നും;

---

* ആവശ്യമില്ലാത്ത വാക്കുകൾ വിട്ടുകളയുക.

(ii) അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം, 2-ാം പ്രതിയുടെ പണയമോ, വാദിയുടെ പണയമോ സംബന്ധിച്ച് കൊടുക്കാനുള്ള തുക മുഴുവനും കൊടുക്കുവാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള തുകയ്ക്ക് 1-ാം പ്രതിക്കു എതിരായി ഒരു കൈയാൽ വിധിക്കു അപേക്ഷിക്കുവാൻ 2-ാം പ്രതിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിന്റെ നിബന്ധനകൾപ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും അത് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതുമായിരിക്കുന്നിടത്തു) സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും,

ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

7. കൂടാതെ, കക്ഷികൾക്ക്, തങ്ങൾക്ക്, അവസരം ഉണ്ടാകുന്നതനുസരിച്ച്, അപ്പോഴപ്പോൾ, കോടതിയോടു അപേക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ മററു വിധത്തിലോ കോടതിക്ക് യുക്തമെന്നുതോന്നുന്ന നിർദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

പട്ടിക

പണയവസ്തുവിന്റെ വിവരണം

## നമ്പർ 11

## വില്പനയ്ക്കുള്ള പ്രാരംഭവിധി

വാദി.....................കീഴ്പണയക്കാരൻ, അല്ലെങ്കിൽ
സിദ്ധ—പണയക്കാരൻ

അഭി

1-ാം പ്രതി..........................പണയദാതാവ്,
2-ാം പ്രതി..........................ആദ്യപണയഗൃഹീതാവ്.

(ആർഡർ 34, ചട്ടം 4)

(ശീർഷകം)

ഈ വ്യവഹാരം.......... ..................മാസം................ തീയതി ആയ ഇന്നേദിവസം................. .......വന്നിരിക്കുകയാൽ; രണ്ടാം പ്രതിക്ക്, അയാളുടെ പണയത്തിൻമേൽ കിട്ടാനുള്ള സംഖ്യ.......... മാസം................തീയതി വരെ കണക്കാക്കിയതിൽ, മുതൽ........ രൂപയും മുൻപറഞ്ഞ മുതലിൻമേലുള്ള പലിശ ............രൂപയും പണയ-ഈടു സംബന്ധിച്ച ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും (വ്യവഹാരത്തിലെ കോടതിച്ചെലവ് അല്ലാതെയുള്ളവ) അതിൻമേലുള്ള പലിശ സഹിതം.......... ......രൂപയും രണ്ടാം പ്രതിക്ക് അവാർഡ് ചെയ്ത വ്യവഹാരത്തിലെ കോടതിച്ചെലവ്....... .. .... രൂപയും കൂടി, ആകെ .............. രൂപയാണെന്നു ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

(വാദിക്ക്, അയാളുടെ പണയം സംബന്ധിച്ച് രണ്ടാം പ്രതിയിൽ നിന്ന് കിട്ടാനുള്ള സംഖ്യയേക്കുറിച്ച് സദൃശസ്ഥാപനകൾ ചേർക്കേണ്ടതാകുന്നു.)

2. കൂടാതെ ഇതിനാൽ താഴെ പറയുംപ്രകാരം ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു:—

(i) ഒന്നാം പ്രതി..............മാസം.... ........തീയതിയോ അതിനുമുൻപോ, അല്ലെങ്കിൽ പണം ഒടുക്കുന്നതിന് കോടതി അതിനു ശേഷമുള്ള ഏത് തീയതിവരെ സമയം നീട്ടിക്കൊടുക്കുന്നുവോ, അങ്ങനെയുള്ള തീയതിയോ അതിനു മുൻപോ രണ്ടാം പ്രതിക്ക് കിട്ടാനുള്ള മുൻപറഞ്ഞ...... ........രൂപ കോടതിയിൽ ഒടുക്കേണ്ടതാകുന്നു.

(വാദിക്ക് കിട്ടാനുള്ള സംഖ്യയേക്കുറിച്ച് സദൃശസ്ഥാപനകം ചേർക്കേണ്ടതും, അങ്ങനെയുള്ള സംഖ്യ കൊടുക്കാൻ രണ്ടാം പ്രതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും ആകുന്നു.)

(ii) 2-ാം പ്രതിക്ക് കിട്ടാനുള്ളതാണെന്നു സ്ഥാപിച്ചിട്ടുള്ള തുക, 1-ാം പ്രതി, (i)-ാം ഖണ്ഡത്തിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ ഒടുക്കുകയും, അതിനുശേഷം കോടതി നിശ്ചയിക്കുന്ന തീയതിക്ക് മുൻപ് സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ XXXIV ചട്ടം 10-ൻ കീഴിൽ കൊടുക്കാൻ ഉണ്ടായേക്കാവുന്ന വ്യവഹാരത്തിലെ കോടതിച്ചെലവും ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സംബന്ധിച്ച് കൊടുക്കാനുള്ളതായി കോടതി ന്യായനിർണ്ണയം ചെയ്യുന്ന സംഖ്യ, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശസഹിതം ഒടുക്കുകയും ചെയ്യുന്നതിൻമേൽ, വാദിയും 2-ാം പ്രതിയും അന്യായത്തിൽ പറഞ്ഞ പണയ വസ്തു സംബന്ധിച്ച് തങ്ങളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാരേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതും, അങ്ങനെയുള്ള എല്ലാ രേഖകളും (കീഴ്-പണയത്തെ മാത്രം സംബന്ധിക്കുന്നവയൊഴികെ) 1-ാം പ്രതിക്കോ, അയാൾ നിയമിക്കുന്ന ആൾക്കോ ഏല്പിച്ചുകൊടുക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ പണയത്തിൽ നിന്ന് വിടുത്തിയും 2-ാം പ്രതിയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ ഏത് ആളുടെ കീഴിലാണോ അയാൾ അവകാശപ്പെടുന്നത്, ആങ്ങനെയുള്ള ഏതെങ്കിലും ആളോ, സൃഷ്ടിച്ചിട്ടുള്ള എല്ലാ കുടിക്കടങ്ങളിൽനിന്നും ഒഴിവാക്കിയും, പണയത്തിൽനിന്നോ ഈ വ്യവഹാരത്തിൽനിന്നോ ഉദ്ഭവിക്കുന്ന എല്ലാ ബാദ്ധ്യതയിൽനിന്നും വിടുത്തിയും, വസ്തു 2-ാം പ്രതി ആധാരം എഴുതി തിരിയെകൊടുക്കുകയോ തിരിയെ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, 1-ാം പ്രതിക്ക് മുൻപറഞ്ഞ വസ്തുവിന്റെ നിർബാധവും സമാധാനപരവുമായ കൈവശം ഏല്പിച്ചുകൊടുക്കേണ്ടതും ആകുന്നു.

(iii) 2-ാം പ്രതിക്ക് കിട്ടാനുള്ള സംഖ്യ, 1-ാം പ്രതി കോടതിയിൽ ഒടുക്കുന്നതിൻമേൽ, വാദിക്ക്, തനിക്ക് കിട്ടാനുള്ളതാണെന്ന് സ്ഥാപിച്ചിട്ടുള്ള തുക, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടികയിലെ ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാൻ ഉണ്ടായേക്കാവുന്ന ഏതെങ്കിലും പിന്നീട് ഉണ്ടായിട്ടുള്ള വ്യവഹാരച്ചെലവുകളും മററു ചെലവുകളും ചാർജ്ജുകളുംവ്യയങ്ങളും സഹിതവും, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാൻ ഉണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതവും തനിക്ക് നൽകാനായി അപേക്ഷിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും, ബാക്കി വല്ലതുമുണ്ടെങ്കിൽ, അത് പിന്നീട് 2-ാം പ്രതിക്ക് കൊടുക്കേണ്ടതും, കോടതിയിൽ ഒടുക്കിയ തുക വാദിക്ക് കിട്ടാനുള്ള തുക മുഴുവൻ കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് 2-ാം പ്രതിക്ക് എതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കുവാൻ വാദിക്ക് (അങ്ങനെയുള്ള നിവൃത്തി അയാളുടെ പണയത്തിന്റെ നിബന്ധനകൾ പ്രകാരം അയാൾക്ക് അവകാശപ്പെടാവുന്നതും, അത് ആ സമയത്ത്, പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതും ആയിരിക്കുന്നിടത്ത്) സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും ആകുന്നു.

3. കൂടാതെ, വാദിക്ക് കിട്ടാനുള്ളതായി ന്യായനിർണ്ണയം ചെയ്തിട്ടുള്ള സംഖ്യ, ഈ വ്യവഹാരത്തിന്റെ വരവുകണക്കിലേയ്ക്ക് 2-ാം പ്രതി കോടതിയിൽ ഒടുക്കുന്നുവെങ്കിൽ വാദി................................ [2-ാം ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിലെന്ന പോലെ] എല്ലാ രേഖകളും കോടതിയിൽ കൊണ്ടുവരേണ്ടതാണെന്നും, കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

4. കൂടാതെ, 1-ം 2-ം പ്രതികളാലുള്ള, മേൽപ്പറഞ്ഞ പ്രകാരമുള്ള ഒടുക്കിന്റെ അഭാവത്തിൽ, വാദിക്ക് വില്പനയ്ക്കുള്ള ഒരു അവസാന വിധിക്കായി കോടതിയോട് അപേക്ഷിക്കാവുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ, പണയ വസ്തുവോ അതിന്റെ മതിയായ ഒരു ഭാഗമോ വില്ക്കുവാൻ നിർദേശിക്കപ്പെടുന്നതാണെന്നും, അങ്ങനെയുള്ള വില്പനയുടെ ആവശ്യങ്ങൾക്കായി, വാദിയും 2-ാം പ്രതിയും പണയ വസ്തു സംബന്ധിച്ച് തങ്ങളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും കോടതിയുടേയോ, കോടതി നിയമിക്കുന്ന ഉദ്യോഗസ്ഥന്റേയോ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

5. കൂടാതെ, അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം, കോടതിയിൽ ഒടുക്കേണ്ടതാണെന്നും, അത് (അതിൽനിന്ന് വില്പനച്ചെലവുകൾ കുറവ് ചെയ്തതിനുശേഷം) ആദ്യമായി മുകളിൽ (i)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ച പ്രകാരം വാദിക്ക് കൊടുക്കാനുള്ള സംഖ്യ സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാം പട്ടിക, ആർഡർ 34, ചട്ടം 10-ൻ കീഴിൽ കൊടുക്കാനുള്ള വ്യവഹാരത്തിലെ കോടതിച്ചെലവും മററു ചെലവുകളും ചാർജ്ജുകളും വ്യയങ്ങളും സഹിതം, ആ ആർഡർ, ചട്ടം 11-ൻ കീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന പിന്നീടുള്ള പലിശ സഹിതം, കൊടുക്കുന്നതിന് മുറപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും, ബാക്കിയുണ്ടെങ്കിൽ അത് 2-ാം പ്രതിക്ക് കൊടുക്കാനുള്ള സംഖ്യ കൊടുക്കുന്നതിന് വിനിയോഗിക്കേണ്ടതാണെന്നും, ബാക്കി വല്ലതും ഉണ്ടെങ്കിൽ, അത് 1-ാം പ്രതിക്കോ, അത് ലഭിക്കാൻ അവകാശമുള്ള മററ് ആളുകൾക്കോ കൊടുക്കേണ്ടതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവ് ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

6. കൂടാതെ, അങ്ങനെയുള്ള വില്പന വഴി വസൂലാകുന്ന പണം വാദിക്കും 2-ാം പ്രതിക്കും കൊടുക്കേണ്ട സംഖ്യകൾ മുഴുവനും കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ, ബാക്കിയുള്ള സംഖ്യക്ക് (അതതു സംഗതി പോലെ) 2-ാം പ്രതിക്കോ 1-ാം പ്രതിക്കോ എതിരായി ഒരു കൈയാൽ വിധിക്ക് അപേക്ഷിക്കാൻ, അതതു സംഗതിപോലെ, വാദിക്കോ 2-ാം പ്രതിക്കോ അല്ലെങ്കിൽ രണ്ടുപേർക്കുമോ (അങ്ങനെയുള്ള നിവൃത്തി അവരുടെ യഥാക്രമമുള്ള പണയാധാരങ്ങൾ പ്രകാരം അവർക്ക് അവകാശപ്പെടാവുന്നതും, ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ തടയപ്പെടാത്തതും ആയിരിക്കുന്നിടത്ത്) സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

7. കൂടാതെ, വാദിക്ക് കിട്ടാനുള്ളതായി ന്യായനിർണ്ണയം ചെയ്തിട്ടുള്ള സംഖ്യ, ഈ വ്യവഹാരത്തിന്റെ വരവ് കണക്കിലേയ്ക്ക് 2-ാം പ്രതി കോടതിയിൽ ഒടുക്കുകയും, എന്നാൽ 2-ാം പ്രതിക്ക് കൊടുക്കാനുള്ള സംഖ്യ ഒടുക്കുന്നതിൽ 1-ാം പ്രതി വീഴ്ചവരുത്തുകയും ചെയ്യുന്നുവെങ്കിൽ, 2-ാം പ്രതിക്ക് (അതതു സംഗതിപോലെ) പണയം ഒഴിപ്പിക്കൽ നിരോധിക്കുന്നതിനോ വില്പനക്കോ ഉള്ള ഒരു അവസാനവിധിക്ക് കോടതിയോട് അപേക്ഷിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

(8-ാം പ്രതിയുടെ പണയത്തിൻെറയും അതിൻകീഴിൽ അയാൾക്ക് അവകാശപ്പെടാവുന്ന നിവൃത്തികളുടേയും പ്രകൃതമനുസരിച്ച് സാധാരണ രൂപത്തിലുള്ള സ്ഥാപനകൾ ചേർക്കേണ്ടതാകുന്നു.)

8. കൂടാതെ, കക്ഷികൾക്ക്, തങ്ങൾക്ക് അവസരം ഉണ്ടാകുന്നതനുസരിച്ച്, കോടതിയോട്, അപേക്ഷിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും, അങ്ങനെയുള്ള അപേക്ഷയിൻമേലോ, മററുവിധത്തിലോ കോടതിക്ക് യുക്തമെന്ന് തോന്നുന്ന നിദേശങ്ങൾ നൽകാവുന്നതാണെന്നും ഇതിനാൽ കൂടുതലായി ഉത്തരവു ചെയ്യുകയും വിധിക്കുകയും ചെയ്യുന്നു.

## പട്ടിക

### പണയ വസ്തുവിൻെറ വിവരങ്ങൾ

### നമ്പർ 12

### പ്രമാണം തിരുത്തുന്നതിനുള്ള വിധി

(ശീർഷകം)

19........മാസം..........തീയതിയിലെ........................., അങ്ങനെയുള്ള............ലെ കക്ഷികളുടെ ഉദ്ദേശ്യം ശരിയായി പ്രകടമാക്കുന്നില്ലെന്ന് ഇതിനാൽ സ്ഥാപിച്ചിരിക്കുന്നു.

കൂടാതെ,..................ചെയ്ത്, മുൻപറഞ്ഞ................. തിരുത്തേണ്ടതാണെന്നും വിധിക്കുന്നു.

### നമ്പർ 13

### ഉത്തമർണ്ണൻമാരെ വഞ്ചിക്കുവാനുള്ള കൈമാററം ദുർബ്ബലപ്പെടുത്തുന്നതിനുള്ള വിധി

(ശീർഷകം)

........................ഉം.....................ഉം തമ്മിൽ ഉണ്ടായ 19..........മാസം..........തീയതിയിലെ,..................,വാദിക്ക് എതിരായും പ്രതിക്ക് ഉത്തമർണ്ണൻമാർ വല്ലവരും ഉണ്ടെങ്കിൽ അവർക്കെല്ലാം എതിരായും ശൂന്യമാണെന്ന് ഇതിനാൽ സ്ഥാപിക്കുന്നു.

### നമ്പർ 14

### സ്വകാര്യ ശല്യത്തിന് എതിരായി ഇൻജങ്ഷൻ

(ശീർഷകം)

പ്രതി,.............ഉം, അയാളുടെ ഏജൻറുമാരും ഭൃത്യൻമാരും, പണിക്കാരും, അന്യായത്തിൽ വാദിയുടെ വകയും വാദിയുടെ കൈവശമുള്ളതും ആണെന്ന് പറഞ്ഞ വാസഗൃഹത്തിൻേറയും തോട്ടത്തിൻേറയും ഉടമസ്ഥനെന്നോ, കൈവശക്കാരനെന്നോ ഉള്ള നിലയിൽ വാദിക്ക് ശല്യം ഉണ്ടാക്കത്തക്കവിധത്തിൽ, ഇതോട് അനുബന്ധിച്ചുള്ള പ്ലാനിൽ 'ഖ' എന്ന് അടയാളപ്പെടുത്തിയിട്ടുള്ള പ്രതിയുടെ പ്ലാട്ട് ഭൂമിയിൽ ഏതെങ്കിലും ഇഷ്ടികകൾ ചുടുകയോ ചുടുവിക്കുകയോ ചെയ്യുന്നതിൽനിന്ന് ശാശ്വതമായി തടയപ്പെടട്ടെ.

## നമ്പർ 15

## പഴയ ലവലിനേക്കാൾ ഉയരത്തിൽ കെട്ടിടം പണിയുന്നതിനെതിരായ ഇൻജങ്ഷൻ

(ശീർഷകം)

പ്രതി............................ഉം അയാളുടെ കാൺട്രാക്ററർമാരും, ഏജൻറുമാരും പണിക്കാരും പ്രതിയുടെ.................ഉള്ള സ്ഥലത്ത്, വാദിയുടെ മുൻപറഞ്ഞ സ്ഥലത്തുള്ള ജനാലകളിൽ പുരാതന പ്രകാശ ദ്വാരങ്ങൾ ആയവയെ ഇരുട്ടാക്കുകയോ, അവയ്ക്ക് ക്ഷതിവരുത്തുകയോ, അവയെ മറയ്ക്കുകയോ ചെയ്യത്തക്കവിധമോ, അങ്ങനെ ചെയ്യുന്ന രീതിയിലോ, പ്രതിയുടെ മേൽപ്പറഞ്ഞ സ്ഥലത്ത് മുമ്പ് നിന്നിരുന്നതും, അടുത്ത കാലത്ത് ഇടിച്ച് കളഞ്ഞതുമായ കെട്ടിടങ്ങളേക്കാൾ കൂടുതൽ ഉയരത്തിൽ ഏതെങ്കിലും ഭവനമോ കെട്ടിടമോ പണിയുന്നത് തുടരുന്നതിൽനിന്ന് ശാശ്വതമായി തടയപ്പെടട്ടെ.

## നമ്പർ 16

## സ്വകാര്യ റോഡിൻെറ ഉപയോഗം തടയുന്ന ഇൻജങ്ഷൻ

(ശീർഷകം)

പ്രതി......................ഉം അയാളുടെ ഏജൻറുമാരും ഭൃത്യൻമാരും പണിക്കാരും,......................ലുള്ള ഏത് ഇടവഴിയുടെ മണ്ണ് ആണോ വാദിയുടെ വകയായിട്ടുള്ളത്, അങ്ങനെയുള്ള ഇടവഴിയുടെ ഏതെങ്കിലും ഭാഗം ഇതിനോട് അനുബന്ധിച്ച പ്ലാനിൽ 'ഖ' ആയി അടയാളപ്പെടുത്തിയിട്ടുള്ള ഭൂമിയിലേയ്ക്കോ, ഭൂമിയിൽനിന്നോ പോകുന്നതിന് കട്ടവണ്ടികൾക്കോ വണ്ടികൾക്കോ മററ് വാഹനത്തിനോ പോകുന്നതിനുള്ള ഒരു വണ്ടിപ്പാതയായി ഉപയോഗിക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നതിൽ നിന്ന് ശാശ്വതമായി തടയപ്പെടട്ടെ.

## നമ്പർ 17

## അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രാരംഭ വിധി

(ശീർഷകം)

താഴെ പറയുന്ന കണക്കുകൾ എടുക്കുകയും, അന്വേഷണ വിചാരണകൾ ചെയ്യുകയും ചെയ്യണമെന്ന് ഇതിനാൽ ഉത്തരവ് ചെയ്യുന്നു, അതായത്.—

ഉത്തമർണ്ണൻെറ വ്യവഹാരത്തിൽ—

(1) വാദിക്കും, മരിച്ചുപോയ ആളുടെ മററ് എല്ലാ ഉത്തമർണ്ണൻമാർക്കും കിട്ടാനുള്ളതിൻെറ ഒരു കണക്ക് എടുക്കണമെന്ന്.

ഒസ്യത്തവകാശികളാലുള്ള വ്യവഹാരങ്ങളിൽ.—

(2) ഒസ്യത്ത് കർത്താവിൻെറ ഒസ്യത്ത് നൽകുന്ന ഒസ്യത്ത് മുതലുകളുടെ ഒരു കണക്ക് എടുക്കണമെന്ന്.

ഏററവും അടുത്ത കുലബന്ധുവാലുള്ള വ്യവഹാരങ്ങളിൽ.—

3. മരണശാസനം കൂടാതെ മരിച്ച ആളുടെ ഏററവും അടുത്ത കുലബന്ധു (അല്ലെങ്കിൽ ഏററവും അടുത്ത കുലബന്ധുക്കളിൽ ഒരാൾ) എന്ന നിലയിൽ, എന്തിനോ, അല്ലെങ്കിൽ എന്ത് ഓഹരിക്കോ ആണ്, അങ്ങനെ ഉണ്ടെങ്കിൽ, വാദിക്ക് അവകാശമുള്ളത്, അങ്ങനെ അവകാശമുള്ളതിനെക്കുറിച്ച് ഒരു അന്വേഷണ വിചാരണ നടത്തുകയും, അതിൻെറ കണക്ക്

എടുക്കുകയും ചെയ്യണമെന്ന് [ഒരു ഉത്തമർണ്ണന്റെ വ്യവഹാരത്തിൽ ഒന്നാമത്തെ ഖണ്ഡികയ്ക്കുശേഷം വിധി, ആവശ്യമുള്ളിടത്ത്, സ്വത്തവകാശികൾക്കും അനന്തരാവകാശികൾക്കും ഏററവും അടുത്ത കുലബന്ധുക്കൾക്കും വേണ്ടി യുള്ള അന്വേഷണ വിചാരണകൾ ചെയ്യാനും, കണക്കുകൾ എടുക്കാനും ഉത്തരവ് ചെയ്യും. ഉത്തമർണ്ണൻമാരല്ലാത്ത മററു അവകാശവാദികളാലുള്ള വ്യവഹാരങ്ങളിൽ, ഒന്നാമത്തെ ഖണ്ഡികയ്ക്കുശേഷം എല്ലാ സംഗതികളിലും ഉത്തമർണ്ണൻമാരെക്കുറിച്ച് അന്വേഷണ വിചാരണ ചെയ്യാനും കണക്ക് എടുക്കാനുമുള്ള ഒരു ഉത്തരവ്, ഒന്നാമത്തെ ഖണ്ഡികയെത്തുടർന്ന് ഉണ്ടാ യിരിക്കുന്നതും, അതിനെത്തുടർന്ന് മററ് ഖണ്ഡികകളിൽ ആവശ്യമായേ ക്കാവുന്നവ, ആദ്യത്തെ ഔപചാരിക വാക്കുകൾ വിട്ടുകളഞ്ഞ് ഉണ്ടായിരി ക്കുന്നതും ആകുന്നു. ഫാറം, ഒരു ഉത്തമർണ്ണന്റെ വ്യവഹാരത്തിലേതെന്ന പോലെ തുടരുന്നു.]

4. ശവസംസ്ക്കാര ചെലവുകളുടേയും മരണശാസനം സംബന്ധിച്ച ചെലവുകളുടേയും ഒരു കണക്ക്.

5. പ്രതിയുടെ കൈയിലോ, അയാളുടെ ആർഡർ പ്രകാരമോ, അയാ ളുടെ ഉപയോഗത്തിനായോ മററ് ഏതെങ്കിലും ആളുടെ കൈയിലോ, വന്നു ചേരുന്ന, മരിച്ചുപോയ ആളുടെ ജംഗമവസ്തുവിന്റെ കണക്ക്.

6. മരിച്ചുപോയ ആളുടെ ജംഗമവസ്തുവിന്റെ വ്യയനം ചെയ്യാതെ ബാക്കി നില്ക്കുന്ന ഭാഗം (വല്ലതുമുണ്ടെങ്കിൽ) എത്രയെന്നുള്ള ഒരു അന്വേഷണ വിചാരണ.

7. കൂടാതെ, അടുത്ത......മാസം........തീയതിയോ അതിനുമുമ്പോ പ്രതി, അയാളുടെ കൈയിലോ, അയാളുടെ ആർഡർ പ്രകാരമോ, അയാളുടെ ഉപയോഗത്തിനായോ ഏതെങ്കിലും ആളുടെ കൈയിലോ, വന്നുചേർന്നിട്ടു ള്ളതായി കാണുന്ന എല്ലാ പണത്തുകകളും കോടതിയിൽ ഒടുക്കേണ്ടതാ ണെന്നും.

8. വ്യവഹാരത്തിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന്, മരിച്ചുപോയ ആളുടെ ജംഗമവസ്തുവിന്റെ ഏതെങ്കിലും ഭാഗം വില്ക്കുന്നത് ആവശ്യ മുള്ളതായി......................കാണുന്നുവെങ്കിൽ, അത് അപ്രകാരം വില്ക്കുകയും വിററുകിട്ടുന്നത് കോടതിയിൽ ഒടുക്കുകയും ചെയ്യേണ്ടതാ ണെന്നും.

9. കൂടാതെ ശ്രീ. ഒ.ച. ഈ വ്യവഹാരത്തിൽ (അല്ലെങ്കിൽ നടപടിയിൽ) റിസീവർ ആയിരിക്കേണ്ടതും, മരിച്ചുപോയ ആളുടെ, കിട്ടാൻ ബാക്കി നിൽക്കുന്ന എല്ലാ കടങ്ങളും ബാക്കി നിൽക്കുന്ന എല്ലാ ജംഗമവസ്തുക്കളും വാങ്ങിക്കുകയും സംഭരിക്കുകയും ചെയ്യേണ്ടതും, അവ തക്ക ഉദ്യോഗസ്ഥന്റെ പേർ ചേർക്കുക.....................ന്റെ കൈയിൽ കൊടുക്കേണ്ടതും (കൂടാതെ, അയാളുടെ കർത്തവ്യങ്ങൾ വേണ്ടവിധം അനുഷ്ഠിക്കുന്നതിലേയ്ക്ക് ............രൂപയ്ക്കുള്ള ബോണ്ടു വഴിയുള്ള ജാമ്യം കൊടുക്കേണ്ടതും) ആണെന്ന് കൂടുതലായി ഉത്തരവ് ചെയ്യുന്നു.

10. കൂടാതെ മരിച്ചുപോയ ആളുടെ ജംഗമവസ്തു വ്യവഹാരത്തിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന് മതിയാകാത്തതായി കാണുന്നുവെങ്കിൽ, താഴെ പറയുന്ന കൂടുതൽ അന്വേഷണ വിചാരണകൾ ചെയ്യുകയും കണക്കു കൾ എടുക്കുകയും, അതായത്.—

(ക) മരിച്ചുപോയ ആൾക്ക്, അയാളുടെ മരണസമയത്ത് എന്തെല്ലാം സ്ഥാവരവസ്തു കൈവശമായതോ അവകാശപ്പെട്ടതോ ആയി ഉണ്ടായിരുന്നു വെന്നുള്ള ഒരു അന്വേഷണ വിചാരണ ചെയ്യുകയും ;

(ഖ) മരിച്ചുപോയ ആളുടെ സ്ഥാവര വസ്തുവേയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ ബാധിക്കുന്ന കുടിക്കടങ്ങൾ (വല്ലതുമുണ്ടെങ്കിൽ) എന്തെല്ലാമാണെന്നുള്ള ഒരു അന്വേഷണ വിചാരണ ചെയ്യുകയും ;

(ഗ) സാദ്ധ്യമായിടത്തോളം, വിവിധ കുടിക്കടക്കാർക്ക് കിട്ടാനുള്ളതിന്റെ ഒരു കണക്ക്, കുടിക്കടക്കാരിൽ ഇതിനുശേഷം നിർദേശിക്കുന്ന വില്പനയ്ക്ക് സമ്മതിക്കുന്നവരുടെ മുൻഗണനയെക്കുറിച്ചുള്ള ഒരു പ്രസ്താവന ഉൾക്കൊള്ളിച്ചുകൊണ്ടുള്ളത്, എടുക്കുകയും ചെയ്യേണ്ടതാണെന്നും ;

11. മരിച്ചുപോയ ആളുടെ സ്ഥാവര വസ്തുവോ, അതിൽ കോടതിയിലുള്ള ഫണ്ട് വ്യവഹാരത്തിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ മതിയാകുന്നതിന് ആവശ്യമായിടത്തോളമോ, ജഡ്ജിയുടെ അംഗീകാരത്തോടുകൂടി കുടിക്കടക്കാരിൽ, വില്പനയ്ക്കു സമ്മതിക്കുന്നവരുടെ കുടിക്കടങ്ങളിൽ നിന്ന് (വല്ലതും ഉണ്ടെങ്കിൽ) വിടുത്തിയും, സമ്മതിക്കാത്തവരുടെ കുടിക്കടങ്ങൾക്ക് വിധേയമായും വില്ക്കേണ്ടതാണെന്നും, കൂടുതലായി ഉത്തരവ് ചെയ്യുന്നു.

12. കൂടാതെ മേ. ജ. സ്ഥാവരവസ്തുവിന്റെ വില്പന നടത്തേണ്ടതാണെന്നും.......... ..... ..*ന്റെ അംഗീകാരത്തിന് വിധേയമായി, വില്പനയുടെ ഉപാധികളും കാൺട്രാക്റ്റുകളും തയ്യാറാക്കേണ്ടതാണെന്നും, ഏതെങ്കിലും സംശയമോ വിഷമതയോ ഉദ്ഭവിക്കുന്ന സംഗതിയിൽ കടലാസുകൾ തീരുമാനത്തിനായി ജഡ്ജിക്ക് സമർപ്പിക്കേണ്ടതാണെന്നും ഉത്തരവ് ചെയ്യുന്നു.

13. കൂടാതെ, ഇതിൽ ഇതിനു മുൻപ് നിർദേശിച്ച അന്വേഷണവിചാരണയുടെ ആവശ്യത്തിന് *.. . .. .. .. ...കോടതിയുടെ നടപ്പനുസരിച്ച് വർത്തമാനപ്പത്രങ്ങളിൽ പരസ്യം ചെയ്യുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള അന്വേഷണ വിചാരണകൾ, അവയെക്കുറിച്ച് ഏറവും ഉപയോഗപ്രദമായ പരസ്യം നല്കുന്നതാണെന്നു* .. .... ന് തോന്നുന്ന മറേറതെങ്കിലും മാർഗ്ഗത്തിൽ നടത്തുകയോ ചെയ്യേണ്ടതാണെന്ന്, കൂടുതലായി ഉത്തരവു ചെയ്യുന്നു.

14. കൂടാതെ,..................മാസം.................തീയതിക്കു മുമ്പ് മുകളിൽ പറഞ്ഞ അന്വേഷണ വിചാരണകൾ നടത്തുകയും, കണക്കുകൾ എടുക്കുകയും ചെയ്യേണ്ടതായി ഉത്തരവു ചെയ്തിട്ടുള്ള മററ് എല്ലാ കൃത്യങ്ങളും പൂർത്തിയാക്കുകയും ചെയ്യേണ്ടതാണെന്നും *.................... അന്വേഷണ വിചാരണകളുടെ ഫലവും കണക്കുകളും ഉത്തരവ് ചെയ്തിട്ടുള്ള മററ് എല്ലാ കൃത്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ളതും സർട്ടിഫൈ ചെയ്യേണ്ടതാണെന്നും, അതിനുള്ള അയാളുടെ സർട്ടിഫിക്കററ് കക്ഷികളുടെ പരിശോധനയ്ക്കായി ........ ... ..മാസം .... ................. തീയതി തയ്യാറാക്കിയിരിക്കേണ്ടതാണെന്നും ഉത്തരവ് ചെയ്യുന്നു.

15. കൂടാതെ, ഒടുവിലായി ഈ വ്യവഹാരം (അല്ലെങ്കിൽ നടപടി) അവസാനവിധി പാസ്സാക്കുന്നതിന് .............മാസം..... .. ...... തീയതിയിലേയ്ക്ക് നീട്ടിവച്ചിരിക്കുന്നുവെന്ന് ഉത്തരവ് ചെയ്യുന്നു.

[ഈ വിധിയുടെ, ഏതെങ്കിലും പ്രത്യേക കേസിനു ബാധകമായിടത്തോളമുള്ള, ഭാഗം മാത്രം ഉപയോഗിക്കേണ്ടതാകുന്നു.]

---

* ഇവിടെ തക്ക ഉദ്യോഗസ്ഥന്റെ പേർ ചേർക്കുക.

നമ്പർ 18

## ഒസ്യത്ത് അവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ അവസാന വിധി

(ശീർഷകം)

1. പ്രതിയായ.............................., ഒസ്യത്തു കർത്താവായ ........ ......ന്റെ എസ്റ്റേറ്റ് കണക്കിൽ മുൻപറഞ്ഞ സർട്ടിഫിക്കററിനാൽ മുൻപറഞ്ഞ പ്രതിയിൽ നിന്ന് കിട്ടാനുള്ളതായി കാണപ്പെട്ട ബാക്കി .. ............രൂപയും, കൂടാതെ..........തീയതി മുതൽ.......... മാസം. ..........തീയതിവരെ പ്രതിവർഷം...........ശതമാനം നിരക്കിൽ പലിശ........ രൂപയും കൂടി, ആകെ..........രൂപ.......... മാസം..........തീയതിയോ അതിനു മുൻപോ കോടതിയിൽ ഒടുക്കണമെന്ന് ഉത്തരവു ചെയ്യുന്നു.

2. മുൻപറഞ്ഞ കോടതിയിലെ *.................., വാദിയുടേയും പ്രതിയുടേയും ഈ വ്യവഹാരത്തിലെ കോടതിച്ചെലവ് നിജപ്പെടുത്തുകയും, അപ്രകാരം നിജപ്പെടുത്തുമ്പോൾ മുൻപറഞ്ഞ കോടതിച്ചെലവ് സംഖ്യ മേൽ പറഞ്ഞപ്രകാരം കോടതിയിൽ ഒടുക്കാൻ ഉത്തരവു ചെയ്തിട്ടുള്ള മുൻപറഞ്ഞ ........ ......രൂപയിൽനിന്ന് താഴെ പറയും പ്രകാരം കൊടുക്കപ്പെടുകയും ചെയ്യട്ടെ :—

(ക) വാദിയുടെ കോടതിച്ചെലവ്, അയാളുടെ അറേറാർണി (അല്ലെങ്കിൽ പ്ലീഡർ) ആയ ശ്രീ.............. ന് (അല്ലെങ്കിൽ) നും പ്രതിയുടെ കോടതിച്ചെലവ് അയാളുടെ അറേറാർണി (അല്ലെങ്കിൽ പ്ലീഡർ) ആയ ശ്രീ....... ........ന് (അല്ലെങ്കിൽ) നും,

(ഖ) കൂടാതെ (ഏതെങ്കിലും കടങ്ങൾ തിരിയെ കൊടുക്കാനുണ്ടെങ്കിൽ) മുൻപറഞ്ഞ.......... .....രൂപയിൽ വാദിയുടേയും പ്രതിയുടേയും കോടതിച്ചെലവ്, മേല്പറഞ്ഞ പ്രകാരം കൊടുത്തുകഴിഞ്ഞ് അവശേഷിക്കുന്നതു കൊണ്ട്* . .. .. .. ...ന്റെ സർട്ടിഫിക്കററിലെ .. .. .. .. പട്ടികയിൽ പറഞ്ഞ വിവിധ ഉത്തമർണ്ണന്മാർക്ക് കൊടുക്കാനുള്ളതായി കാണുന്ന തുകകൾ, അവയിൽ പലിശ വഹിക്കുന്ന കടങ്ങളിൻമേലുള്ള പിന്നീടുള്ള പലിശ സഹിതം കൊടുക്കപ്പെടുകയും, അങ്ങനെയുള്ള തുകകൾ കൊടുത്തതിനുശേഷം ... .. ..... പട്ടികയിൽ പറഞ്ഞ ഒസ്യത്ത് അവകാശികൾക്ക് സിദ്ധിക്കുന്ന സംഖ്യ പിന്നീടുള്ള പലിശസഹിതം (മേല്പറഞ്ഞ പ്രകാരം പരിശോധിച്ച് നോക്കേണ്ടതാണ്) അവർക്ക് കൊടുക്കപ്പെടുകയും ചെയ്യട്ടെ.

3. കൂടാതെ, എന്നിട്ടും വല്ലതും അവശേഷിക്കുന്നതായി ഉണ്ടെങ്കിൽ, അത് അവശേഷത്തിന്റെ ഒസ്യത്ത് അവകാശിക്ക് കൊടുക്കപ്പെടുകയും ചെയ്യട്ടെ.

---

* ഇവിടെ ശരിയായ ഉദ്യോഗസ്ഥന്റെ പേരു ചേർക്കുക.

നംബർ 19

## ഒരു ഒസ്യത്ത് അവകാശിയാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ പ്രാരംഭ വിധി, ഒസ്യത്തു മുതലുകൾ കൊടുക്കാൻ ഒരു എക്സിക്യൂട്ടർക്ക് കൈയാൽ ബാദ്ധ്യതയുള്ളതായി കാണപ്പെടുന്നിടത്ത്

(ശീർഷകം)

1. വാദിക്ക് ഒസ്യത്ത് ചെയ്ത ഒസ്യത്ത് മുതലായ ............. ... രൂപ കൊടുക്കാൻ പ്രതി കൈയാൽ ബാദ്ധ്യസ്ഥനാണെന്ന് സ്ഥാപിക്കുന്നു.

2. കൂടാതെ മുൻപറഞ്ഞ ഒസ്യത്ത് മുതലിൻ മേൽ, മുതലിലേയ്ക്കും പലിശയിലേയ്ക്കുമായി എന്തു കൊടുക്കാനുണ്ടെന്നുള്ളതിന്റെ ഒരു കണക്ക് എടുക്കണമെന്ന് ഉത്തരവു ചെയ്യുന്നു.

3. കൂടാതെ, *............. .... .........ന്റെ സർട്ടിഫിക്കററിന്റെ തീയതിക്കുശേഷം,.....................................ആഴ്ചകൾക്കുള്ളിൽ മുതലിലേയ്ക്കും പലിശയിലേയ്ക്കും കൊടുക്കേണ്ടതായി *.................... സർട്ടിഫൈ ചെയ്യുന്ന സംഖ്യ, പ്രതി, വാദിക്ക് കൊടുക്കണമെന്നും ഉത്തരവു ചെയ്യുന്നു.

4. കൂടാതെ, വാദിക്ക്, അയാളുടെ വ്യവഹാരത്തിലെ കോടതിച്ചെലവ് പ്രതി കൊടുക്കണമെന്നും കക്ഷികൾ വിയോജിക്കുന്ന സംഗതിയിൽ അത് നിജപ്പെടുത്തേണ്ടതാണെന്നും ഉത്തരവു ചെയ്യുന്നു.

നമ്പർ 20

## ഏററവും അടുത്ത കുലബന്ധുവാലുള്ള അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിലെ അവസാനവിധി

(ശീർഷകം)

1. മേല്പറഞ്ഞ കോടതിയിലെ *.................................., വാദിയുടേയും പ്രതിയുടേയും ഈ വ്യവഹാരത്തിലെ കോടതിച്ചെലവ് നിജപ്പെടുത്തുകയും, അപ്രകാരം നിജപ്പെടുത്തുമ്പോൾ വാദിയുടെ മുൻപറഞ്ഞ കോടതിച്ചെലവ് സംഖ്യ മരണശാസനം കൂടാതെ മരിച്ച ങ. ച യുടെ സ്വകാര്യ എസ്റേററ്റ് കണക്കിൽ മുൻപറഞ്ഞ സർട്ടിഫിക്കററിനാൽ, മുൻപറഞ്ഞ പ്രതിയിൽനിന്ന് കിട്ടാനുള്ളതായി കാണപ്പെട്ട ബാക്കിയായ ................ രൂപയിൽനിന്ന് മുൻപറഞ്ഞ *............................, മുൻപറഞ്ഞ കോടതിച്ചെലവ് നിജപ്പെടുത്തിയതിനുശേഷം ഒരാഴ്ചയ്ക്കുള്ളിൽ, പ്രതി, വാദിക്ക് കൊടുക്കുകയും, അങ്ങനെയുള്ള തുകയിൽനിന്ന് പ്രതി, തന്റെ കോടതിച്ചെലവ് നിജപ്പെടുത്തുമ്പോൾ, അത് തന്റെ സ്വന്തം ഉപയോഗത്തിനായി വച്ചുകൊള്ളുകയും ചെയ്യട്ടെ.

---

* ഇവിടെ ശരിയായ ഉദ്യോഗസ്ഥന്റെ പേരു ചേർക്കുക.

2. കൂടാതെ, മുൻപറഞ്ഞ..............................രൂപയിൽ പറഞ്ഞ പ്രകാരം വാദിയുടേയും പ്രതിയുടേയും കോടതിച്ചെലവ് കൊടുത്തു കഴിഞ്ഞ് അവശേഷിക്കുന്നത് പ്രതി താഴെ പറയും പ്രകാരം കൊടുക്കുകയും വിനിയോഗിക്കുകയും ചെയ്യണമെന്ന് ഉത്തരവു ചെയ്യുന്നു :—

(ക) മേല്പറഞ്ഞ പ്രകാരം *...................., മുൻപറഞ്ഞ കോടതിച്ചെലവ് നിജപ്പെടുത്തിയതിനുശേഷം ഒരാഴ്ചയ്ക്കുള്ളിൽ, മുൻപറഞ്ഞ അവശേഷത്തിന്റെ മൂന്നിൽ ഒരു ഓഹരി, പ്രതി, വാദി ക. ഖ യ്ക്കും. മരണ ശാസനം കൂടാതെ മരിച്ച മുൻപറഞ്ഞ ങ ച യുടെ സഹോദരിയും ഏററവും അടുത്ത കുലബന്ധുക്കളിൽ ഒരാളും എന്ന നിലയിൽ ക ഖ യുടെ ഭാര്യ ഗ. ഘ യ്ക്കും കൊടുക്കട്ടെ.

(ഖ) മരണശാസനം കൂടാതെ മരിച്ച മുൻപറഞ്ഞ ങ ച യുടെ മാതാവും, ഏററവും അടുത്ത കുലബന്ധുക്കളിൽ ഒരാളും എന്ന നിലയിൽ പ്രതി, തന്റെ സ്വന്തം ഉപയോഗത്തിനായി മുൻപറഞ്ഞ അവശേഷത്തിന്റെ മറെറാരു മൂന്നിലൊരു ഓഹരി വച്ചുകൊള്ളട്ടെ:

(ഗ) കൂടാതെ മേല്പറഞ്ഞ പ്രകാരം * ...................... മുൻപറഞ്ഞ കോടതിച്ചെലവ് നിജപ്പെടുത്തിയതിനുശേഷം, ഒരാഴ്ചയ്ക്കുള്ളിൽ, പ്രതി, മുൻപറഞ്ഞ അവശേഷത്തിന്റെ ബാക്കിയുള്ള മൂന്നിൽ ഒരു ഓഹരി മരണശാസനം കൂടാതെ മരിച്ച ങ. ച യുടെ സഹോദരനും, മറേറ ഏറ്റവും അടുത്ത കുലബന്ധുവും എന്ന നിലയിൽ ഛ. ജ യ്ക്കു കൊടുക്കട്ടെ.

## നമ്പർ 21

## പങ്കാളിത്തത്തിന്റെ വിഘടനത്തിനും പങ്കാളിത്തത്തിന്റെ കണക്കുകൾ എടുക്കുന്നതിനും ഉള്ള ഒരു വ്യവഹാര ത്തിലെ പ്രാരംഭ വിധി

(ശീർഷകം)

പങ്കാളിത്തത്തിലെ കക്ഷികളുടെ ആനുപാതികമായ ഓഹരികൾ താഴെ പറയും പ്രകാരമാണെന്നു സ്ഥാപിക്കുന്നു :—

ഈ പങ്കാളിത്തം...............................മാസം.................. തീയതി മുതൽ വിഘടിതമായിരിക്കുന്നു എന്ന് (അല്ലെങ്കിൽ വിഘടിതമായി കരുതപ്പെടുന്നതാണ് എന്ന്) സ്ഥാപിക്കുകയും, ആ തീയതി മുതല്ക്കുള്ള അതിന്റെ വിഘടനം..............................ഗസററ് മുതലായ വയിൽ പരസ്യപ്പെടുത്തേണ്ടതാണെന്നു ഉത്തരവു ചെയ്യുകയും ചെയ്യുന്നു.

കൂടാതെ ..........................ഈ വ്യവഹാരത്തിൽ പങ്കാളിത്ത എസ്റേററിന്റേയും മുതലുകളുടേയും റിസീവർ ആയിരിക്കണം എന്നും, പങ്കാളിത്തത്തിന്റെ പിരിഞ്ഞു കിട്ടാനുള്ള കണക്കു ബുക്കു പ്രകാരമുള്ള കടങ്ങളും, അവകാശപ്പെടുന്ന തേർച്ചകളും വസൂലാക്കണം എന്നും ഉത്തരവു ചെയ്യുന്നു:—

കൂടാതെ, താഴെ പറയുന്ന കണക്കുകൾ എടുക്കണമെന്ന് ഉത്തരവു ചെയ്യുന്നു.

(1) ഇപ്പോൾ മേല്പറഞ്ഞ പങ്കാളിത്തത്തിന്റെ വകയായുള്ള, കണക്കു പ്രകാരം വരേണ്ട സംഖ്യകളുടേയും വസ്തുക്കളുടേയും മുതലുകളുടേയും ഒരു കണക്ക് ;

---

* ഇവിടെ ശരിയായ ഉദ്യോഗസ്ഥന്റെ പേരു ചേർക്കുക,

(2) പങ്കാളിത്തത്തിലെ കടങ്ങളുടേയും ബാദ്ധ്യതകളുടേയും ഒരു കണക്ക്;

(3) ഈ വ്യവഹാരത്തിൽ ലക്ഷ്യരേഖയായിട്ടുള്ളതും (ക) എന്ന് അടയാളമിട്ടിട്ടുള്ളതുമായ ഒത്തുതീർപ്പായ കണക്കിന്റെ അവസാനത്തിൽ നിന്ന് തുടങ്ങുന്നതും, പിന്നീടുള്ള ഏതെങ്കിലും ഒത്തുതീർപ്പായ കണക്കുകൾക്കു മാററം വരുത്താതെയും ഉള്ള വാദിപ്രതികൾ തമ്മിലുള്ള എല്ലാ ഇടപാടുകളുടേയും കൊടുക്കൽ വാങ്ങലുകളുടേയും ഒരു കണക്ക്.

കൂടാതെ, അന്യായത്തിൽ പറഞ്ഞപ്രകാരം വാദിയും പ്രതിയും ഇതുവരെ നടത്തിയിരുന്ന ബിസിനസ്സിന്റെ ഗുഡ്‌വില്ലും വ്യാപാരസ്റ്റോക്കും സ്ഥലത്തുവച്ചു വില്ക്കണമെന്നും, കക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൻമേൽ *..................ന് അങ്ങനെയുള്ള വില്പനയിൽ, വില്പനയ്ക്കുള്ള എല്ലാ ലാട്ടുകൾക്കുമോ ലാട്ടുകളിൽ ഏതിനെങ്കിലുമോ റിസർവ്വ് ചെയ്ത ഒരു വിളികേൾക്കൽ നിജപ്പെടുത്താവുന്നതാണെന്നും; ആ വില്പനയിൽ ഇരു കക്ഷികളിൽ ആർക്കെങ്കിലും വിളികേൾക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും ഉത്തരവു ചെയ്യുന്നു.

കൂടാതെ.. ........................മാസം................ .... തീയതിക്കു മുൻപു, മുകളിൽ പറഞ്ഞ കണക്കുകൾ എടുക്കുകയും, ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുള്ള മറെറല്ലാ കൃത്യങ്ങളും പൂർത്തിയാക്കുകയും ചെയ്യണമെന്നും, കണക്കുകളുടെഫലവും മറെറല്ലാ കൃത്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ളതും *..................സർട്ടിഫൈ ചെയ്യണമെന്നും, അയാളുടെ അതിനുള്ള സർട്ടിഫിക്കററ്, കക്ഷികളുടെ പരിശോധനയ്ക്കായി...............മാസം ...... ......തീയതി തയ്യാറാക്കിയിരിക്കണമെന്നും ഉത്തരവു ചെയ്യുന്നു.

കൂടാതെ, ഒടുവിലായി, ഈ വ്യവഹാരം ഒരു അവസാനവിധി പാസ്സാക്കുന്നതിനായി 19................മാസം................തീയതിക്ക് നീട്ടിവച്ചിരിക്കുന്നു എന്നും ഉത്തരവു ചെയ്യുന്നു.

## നമ്പർ 22

## പങ്കാളിത്തത്തിന്റെ വിഘടനത്തിനും പങ്കാളിത്തത്തിന്റെ കണക്കുകൾ എടുക്കുന്നതിനും ഉള്ള വ്യവഹാരത്തിലെ അവസാനവിധി

(ശീർഷകം)

ഇപ്പോൾ കോടതിയിലുള്ള..............രൂപയുടെ ഫണ്ട്, താഴെ പറയുംപ്രകാരം വിനിയോഗിക്കേണ്ടതാണെന്നും ഉത്തരവു ചെയ്യുന്നു:—

1. * ................................ന്റെ സർട്ടിഫിക്കററിൽ വിവരിക്കുന്നതും, ആകെ............രൂപ വരുന്നതുമായ, പങ്കാളിത്തം തിരിയെ കൊടുക്കാനുള്ള കടങ്ങൾ തിരിയെ കൊടുക്കുന്നതിന്

2. ................രൂപ വരുന്ന ഈ വ്യവഹാരത്തിലെ എല്ലാ കക്ഷികളുടെയും കോടതിച്ചെലവ് കൊടുക്കുന്നതിന്

[വിധി തയ്യാറാക്കുന്നതിനുമുൻപ് ഈ കോടതിച്ചെലവുകൾ തിട്ടപ്പെടുത്തണം.]

---

* ഇവിടെ ശരിയായ ഉദ്യോഗസ്ഥന്റെ പേരു ചേർക്കുക.

3. പങ്കാളിത്തത്തിൻെറ ആസ്തികളിൽ വാദിയുടെ ഓഹരിയായ ..................രൂപ വാദിക്കും ഇപ്പോഠം കോടതിയിലുള്ള മുൻപറഞ്ഞ ............രൂപയിൽ അവശേഷിക്കുന്ന ..........രൂപ, പങ്കാളിത്തത്തിൻെറ ആസ്തികളിൽ പ്രതിയുടെ ഓഹരിയായി പ്രതിക്കും കൊടുക്കുന്നതിന്

[അല്ലെങ്കിൽ, കൂടാതെ മുൻപറഞ്ഞ..............രൂപയിൽ ബാക്കിയുളളത്, മുൻപറഞ്ഞ വാദിക്ക് (അല്ലെങ്കിൽ പ്രതിക്ക്) പങ്കാളിത്തത്തിൻെറ കണക്കു സംബന്ധിച്ച് അയാഠംക്ക് കൊടുക്കാനുളളതായി സർട്ടിഫൈ ചെയ്ത..........രൂപ ഭാഗികമായി കൊടുക്കുന്നതിലേയ്ക്ക് കൊടുക്കേണ്ടതാകുന്നു.]

4. കൂടാതെ,..........മാസം........തീയതിയോ അതിനു മുൻപോ പ്രതി (അല്ലെങ്കിൽ വാദി) വാദിക്ക് (അല്ലെങ്കിൽ പ്രതിക്ക്) അയാഠംക്ക് കൊടുക്കാനുളള മുൻപറഞ്ഞ..........രൂപയിൽ അപ്പോഠം കൊടുക്കാൻ ബാക്കിയായ............രൂപ കൊടുക്കേണ്ടതാകുന്നു.

നമ്പർ 23

## ഭൂമി വീണ്ടെടുക്കുന്നതിനും ഇടക്കാല ലാഭത്തിനും ഉളള വിധി

(ശീർഷകം)

ഇതിനാൽ താഴെപറയും പ്രകാരം വിധിക്കുന്നു:—

1. ഇതോടനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തു, പ്രതി, വാദിക്ക് കൈവശം കൊടുക്കണമെന്ന്.

2. വ്യവഹാരം ആരംഭിച്ചതിനുമുൻപ് കൊടുക്കാനുളളതായിത്തീർന്നിട്ടുളള ഇടക്കാല ലാഭങ്ങഠം വകയായി, പ്രതി, വാദിക്ക്................ രൂപ, അത് വസൂലാകുന്ന തീയതിവരെ പ്രതിവർഷം..........ശതമാനം നിരക്കിലുളള പലിശ സഹിതം, കൊടുക്കണമെന്ന്.

അല്ലെങ്കിൽ

2. വ്യവഹാരം ആരംഭിക്കുന്നതിനുമുൻപ് കൊടുക്കാനുളളതായി തീർന്നിട്ടുളള ഇടക്കാല ലാഭങ്ങളെക്കുറിച്ച് ഒരു അന്വേഷണവിചാരണ നടത്തണം എന്ന്.

3. വ്യവഹാരം ആരംഭിച്ചതു മുതൽ [വിധി ഉടമയ്ക്ക് കൈവശം ഏല്പിച്ചുകൊടുക്കുന്നതുവരെയുളള] [വിധി ഉടമയ്ക്ക് കോടതി മുഖാന്തരമുളള നോട്ടീസ് നല്കിക്കൊണ്ട്, വിധി കടക്കാരൻ കൈവശം വിട്ടുകൊടുക്കുന്നതുവരെയുളള] [വിധിത്തീയതി മുതൽ മൂന്നുകൊല്ലം അവസാനിക്കുന്നതുവരെയുളള] ഇടക്കാല ലാഭങ്ങളെക്കുറിച്ച് ഒരു അന്വേഷണ വിചാരണ നടത്തണം എന്ന്.

പട്ടിക

അനുബന്ധം ങ

## നടത്തൽ

നമ്പർ 1

### പണംകൊടുക്കലോ ഒത്തുതീരലോ സർട്ടിഫൈ ചെയ്തതായി റിക്കാർഡാക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 2)

................ ........ന്

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടെ നടത്തലിൽ വിധിക്കു കീഴിൽ വസൂലാക്കപ്പെടാവുന്ന തുകയായ..............................
............................ .......രൂപ കൊടുത്തിട്ടുണ്ട്
യുടെ കാര്യം ഒത്തുതീർത്തിട്ടുണ്ട്
എന്നും, അത് സർട്ടിഫൈ ചെയ്തതായി റിക്കാർഡാക്കണമെന്നും.........ഈ കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാൽ മുൻപറഞ്ഞ പണം കൊടുക്കൽ സർട്ടി
ഒത്തുതീരൽ
ഫൈ ചെയ്തതായി റിക്കാർഡാക്കാതിരിക്കാൻ കാരണം കാണിക്കാനായി നിങ്ങൾ ഈ കോടതി മുമ്പാകെ 19............മാസം..........തീയതി ഹാജരാക്കേണ്ടതാണെന്നു ഇതിനാൽ നോട്ടീസ് തരുന്നു.

19............മാസം............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 2

ആദേശം (46-ാം വകുപ്പ്)

(ശീർഷകം)

വിധിയുടമയ്ക്ക് പറയാനുള്ളത് കേട്ടതിൻമേൽ ഇതോടു അനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തു ജപ്തി ചെയ്യുകയും വിധിയുടമ, വിധിയുടെ നടത്തലിന് കൊടുക്കുന്ന ഏതെങ്കിലും അപേക്ഷ നിലവിലുള്ളിടത്തോളം അതു ജപ്തിയിൽ വയ്ക്കുകയും ചെയ്യാനുള്ള നിദേശങ്ങൾ സഹിതം സിവിൽ നടപടി നിയമസംഹിത, 1908-ലെ 46-ാം വകുപ്പിൻകീഴിൽ ഈ ആദേശം.............ലെ................ കോടതിക്ക് അയയ്ക്കണമെന്ന് ഉത്തരവ് ചെയ്യുന്നു.

പട്ടിക

19.............മാസം............തീയതി

ജഡ്ജി.

നമ്പർ 3

## നടത്തലിനായി വിധിമറെറാരു കോടതിക്ക് അയയ്ക്കുന്ന ഉത്തരവ്

(ആർഡർ 21, ചട്ടം 6)

(ശീർഷകം)

മുകളിൽ പറ ഞ്ഞ വ്യവഹാരത്തിലെ വിധിയുടമ മുകളിൽ പറ ഞ്ഞ വ്യവഹാരത്തിലെ വിധി,..............ലെ കോടതിയാൽ നടത്തപ്പെടുന്നതിനായി ആ കോടതിക്ക് അയയ്ക്കുന്നതിനുള്ള ഒരു സർട്ടിഫിക്കററിന് വിധികടക്കാരൻ മുൻപറ ഞ്ഞ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസമാണെന്നോ, അയാൾക്ക് അവിടെ വസ്തു ഉണ്ടെന്നോ ആ വ്യാപിച്ചുകൊണ്ട് ഈ കോടതിയോട് അപേക്ഷിച്ചിരിക്കുകയും മുൻപറഞ്ഞ കോടതിയിലേയ്ക്ക് സിവിൽ നടപടി നിയമസംഹിത, 1908 ആർഡർ 21, ചട്ടം 6-ൻ കീഴിൽ ഒരു സർട്ടിഫിക്കററ് അയയ്ക്കുന്നത് ആവശ്യവും സമുചിതവുമാണെന്ന് കരുതപ്പെടുകയും ചെയ്യുന്നതിനാൽ,

ഈ ഉത്തരവിൻെറ ഒരു പകർപ്പ് വിധിയുടെയും, അതിൻെറ നടത്തലിൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും ഉത്തരവിൻെറയും പകർപ്പും, കാര്യം തീർന്നിട്ടില്ലെന്നുള്ളതിനെക്കുറിച്ചുള്ള ഒരു സർട്ടിഫിക്കററും കൂടി........ക്ക് അയയ്ക്കണമെന്നു ഉത്തരവുചെയ്യുന്നു.

19....................മാസം............തീയതി

ജഡ്ജി.

നമ്പർ 4

## വിധികാര്യം തീർന്നിട്ടില്ലെന്നുള്ളതിനെക്കുറിച്ചുള്ള സർട്ടിഫിക്കററ്

(ആർഡർ 21, ചട്ടം 6)

(ശീർഷകം)

ഈ കോടതിയുടെ അധികാരിതയ്ക്കുള്ളിലെ നടത്തൽവഴി 19......ലെ......നമ്പർ വ്യവഹാരത്തിലെ ഈ കോടതിയുടെ വിധിയുടെ— അതിൻെറ ഒരു പകർപ്പ് ഇതോടു അനുബന്ധിക്കുന്നുണ്ട്— കാര്യം തീരൽ (1) യാതൊന്നും ഉണ്ടായിട്ടില്ല എന്നു സർട്ടിഫൈ ചെയ്യുന്നു.

19............മാസം................തീയതി

ജഡ്ജി.

---

(1) കാര്യംതീരൽ ഭാഗികമായി ഉണ്ടായിട്ടുണ്ടെങ്കിൽ, യാതൊന്നും ഉണ്ടായിട്ടില്ല, എന്നത് വെട്ടിക്കളഞ്ഞ് എത്രത്തോളം ഉണ്ടായി എന്ന് പ്രസ്താവിക്കുക.

നമ്പർ 5

## മറെറാരു കോടതിക്ക് മാററുന്ന വിധിയുടെ നടത്തലിനെക്കുറിച്ചുള്ള സർട്ടിഫിക്കററ്

(ആർഡർ 21, ചട്ടം 6)

(ശീർഷകം)

| വ്യവഹാരത്തിന്റെ നമ്പരും വിധി പാസ്സാക്കിയ കോടതിയും | കക്ഷിയുടെ പേരുകൾ | നടത്തലിനുള്ള അപേക്ഷകളുടെ തീയതി | നടത്തൽ കേസ്സിന്റെ നമ്പർ | പുറപ്പെടുവിച്ച പ്രൊസസ്സുകളും അവ നടത്തിയ തീയതികളും | നടത്തലിന്റെ കോടതിച്ചെലവ് | | വസൂലാക്കിയ തുക | | കേസ്സുകൾ തീർപ്പു ചെയ്തത് എങ്ങനെയെന്ന് | റിമാർക്കുകൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 | | 8 | 9 |
| | | | | | രൂ. | പൈ. | രൂ. | പൈ. | | |

ചാർജ്ജുള്ള മുഹാഫിസിന്റെ ഒപ്പ്.

ജഡ്ജിയുടെ ഒപ്പ്

നമ്പർ 6

## വിധിയുടെ നടത്തലിനുള്ള അപേക്ഷ—(ആർഡർ 21, ചട്ടം 11)

... ..... .... ......... ..........................കോടതിയിൽ വിധി കൈവശക്കാരനായ ഞാൻ താഴെ ചേർത്തിട്ടുള്ള വിധിയുടെ നടത്തലിന് ഇതിനാൽ അപേക്ഷിക്കുന്നു.

| വ്യവഹാരത്തിന്റെ നമ്പർ | കക്ഷികളുടെ പേര് | വിധിയുടെ തീയതി | വിധിയിൽനിന്നു് ഏതെങ്കിലും അപ്പീൽ കൊടുത്തിട്ടുണ്ടോ എന്നു് | പണം കൊടുക്കലോ ഒത്തുതീർപ്പോ വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ അത് | മുൻ അപേക്ഷ വല്ലതും ഉണ്ടെങ്കിൽ അത്, തീയതിയും ഫലവും സഹിതം | ഇതിൻമേൽ കിട്ടാനുള്ള തുക പലിശ സഹിതം അല്ലെങ്കിൽ വിധി നൽകുന്ന മററു നിവൃത്തി വല്ല എതിർവിധികളും 'ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും സഹിതം | കോടതിച്ചെലവ് വല്ലതും അവാർഡ് ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ തുക | ആർക്കെതിരായാണ് നടത്തേണ്ടതെന്ന് | കോടതിയുടെ സഹായം ആവശ്യപ്പെടുന്നത് ഏത് രൂപത്തിലാണെന്ന്. |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1897-ലെ—799 | ക. ഖ—വാദി<br>ഗ. ഘ—പ്രതി. | 1897 അക്ടോബർ, 11 | ഇല്ല | ഒന്നും ഇല്ല | 1899 മാർച്ച്, 4-ാം തീയതിയിലെ അപേക്ഷയിൻമേൽ രൂപ 72-4-5 റിക്കാർഡാക്കി. | മുതൽ രൂപ 31,4—8—2 [വിധിത്തീയതി മുതൽ കൊടുത്തു തീർക്കുന്നതുവരെ പ്രതിവർഷം 6 ശതമാനം പലിശ] | രൂ. ണ. സ.<br>വിധിയിൽ അവാർഡ് ചെയ്ത പ്രകാരം 47 10 4<br>പിന്നീട് നേരിട്ടത് 8 2 0<br>ആകെ 55 12 4 | പ്രതി ഗ. ഘ. യ്ക്ക് എതിരായി | [ജംഗമവസ്തുവിന്റെ ജപ്തിക്കും വില്പനയ്ക്കും അപേക്ഷിക്കുമ്പോൾ]<br>ആകെത്തുകയായ ........ ........ . രൂപയും [മുതൽസംഖ്യയിൻമേൽ പണം ഒടുക്കുന്ന തീയതിവരെയുള്ള പലിശ സഹിതം] ഈ നടത്തലിന്റെ കോടതിച്ചെലവും ഇതിനോട് അനുബന്ധിച്ച ലിസ്ററ് പ്രകാരമുള്ള പ്രതിയുടെ ജംഗമവസ്തുവിന്റെ ജപ്തിയും, വില്പനയും വഴി വസൂലാക്കുകയും എനിക്ക് തരുകയും ചെയ്യണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.<br>[സ്ഥാവരവസ്തുവിന്റെ ജപ്തിക്കും വില്പനയ്ക്കും അപേക്ഷിക്കുമ്പോൾ]<br>ആകെ ത്തുകയായ........................................<br>രൂപയും [മുതൽസംഖ്യയിൻമേൽ പണം ഒടുക്കുന്ന തീയതിവരെയുള്ള പലിശസഹിതം] ഈ നടത്തലിന്റെ കോടതിച്ചെലവും ഈ അപേക്ഷയുടെ ചുവട്ടിൽ വിനിർദ്ദേശിക്കുന്ന പ്രതിയുടെ സ്ഥാവരവസ്തുവിന്റെ ജപ്തിയും വില്പനയും വഴി വസൂലാക്കുകയും എനിക്ക് തരുകയും ചെയ്യണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. |

ഇതിൽ പ്രസ്താവിച്ചിട്ടുള്ളത് എന്റെ പരമാവധി അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമായതാണെന്ന്............ഞാൻ പ്രഖ്യാപിക്കുന്നു.

ഒപ്പ്

......വിധിയുടമ

19......................മാസം.................. .......തീയതി

(സ്ഥാവരവസ്തുവിന്റെ ജപ്തിക്കും വില്പനയ്ക്കും അപേക്ഷിക്കുമ്പോൾ വസ്തുവിന്റെ വിവരണവും വിനിർദ്ദിഷ്ടമാക്കലും)

........ .........ഗ്രാമത്തിൽ സ്ഥിതിചെയ്യുന്നതും താഴെപ്പറയുന്ന അതിരുകളോടുകൂടിയുള്ളതും 40 രൂപ മൂല്യമുള്ളതുമായ ഭവനത്തിലെ വിധിക്കടക്കാരന്റെ, മൂന്നിലൊന്ന് അവിഭക്ത ഓഹരി:—

കിഴക്ക് ഛ യുടെ ഭവനം; പടിഞ്ഞാറ് ജ യുടെ ഭവനം,. തെക്ക് പബ്ലിക് റോഡ്, വടക്ക് സ്വകാര്യ ഇടവഴിയും, ഞ യുടെ ഭവനവും.

മുകളിൽ കൊടുത്ത വിവരണത്തിൽ പ്രസ്താവിച്ചിട്ടുള്ളത് എന്റെ പരമാവധി അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളവും അതിൽ വിനിർദ്ദേശിച്ച വസ്തുവിലെ പ്രതിയുടെ അവകാശം തിട്ടപ്പെടുത്താൻ എനിക്കു കഴിഞ്ഞിട്ടുള്ളിടത്തോളവും സത്യമായതാണെന്ന് ....... ............ആയ ഞാൻ പ്രഖ്യാപിക്കുന്നു.

ഒപ്പ്

........വിധിയുടമ

നമ്പർ 7

## നടത്തൽ പുറപ്പെടുവിക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 16)

(ശീർഷകം)

..........................ന്

19......................ലെ..............................ാം നമ്പർ വ്യവഹാരത്തിലെ വിധി തീറുവഴി, (അല്ലെങ്കിൽ തീറുകൂടാതെ തനിക്കു കൈമാററം ചെയ്തിട്ടുണ്ടെന്ന് ആഖ്യാപിച്ചുകൊണ്ട്,................ഈ കോടതിക്ക് മുൻപറഞ്ഞ വിധിയുടെ നടത്തലിനു) അപേക്ഷകൊടുത്തിട്ടുള്ളതിനാൽ നടത്തൽ അനുവദിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിനായി നിങ്ങൾ 19......................മാസം ........................ തീയതി ഈ കോടതി മുമ്പാകെ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ നോട്ടീസ് തരുന്നു.

19.......................മാസം..................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 8

## പണത്തിനുള്ള വിധിയുടെ നടത്തലിൽ ജംഗമവസ്തു ജപ്തി ചെയ്യാനുള്ള വാറന്റ്

(ആർഡർ 21, ചട്ടം 30)

(ശീർഷകം)

കോടതിയിലെ ബയിലിഫിന്.

19............ലെ................ ാം നമ്പർ വ്യവഹാരത്തിൽ, ഈ കോടതി 19. ............മാസം............തീയതി പാസാക്കിയ വിധി ........ ........നോട് വാദിക്ക് മാർജിനിൽ കുറിച്ച പ്രകാരമുള്ള ............ ......രൂപ കൊടുക്കാൻ ഉത്തരവ് ചെയ്തതിനാലും, മുൻപറഞ്ഞ തുകയായ... ............... രൂപ കൊടുത്തിട്ടില്ലാത്തതിനാലും മുൻപറഞ്ഞ...... ................ന്റെ ഇതോടനുബന്ധിച്ച പട്ടികയിൽ പ്രതിവാദിക്കുന്നതോ അല്ലെങ്കിൽ മുൻപറഞ്ഞ .. ...... നിങ്ങൾക്കു കാണിച്ചുതരുന്നതോ ആയ ജംഗമവസ്തു ജപ്തി ചെയ്യുകയും അതു മുൻപറഞ്ഞ.............. രൂപ ഈ ജപ്തിയുടെ കോടതി ച്ചെലവ്..................രൂപ സഹിതം, നിങ്ങൾക്കു തരാത്തപക്ഷം, ഈ കോടതിയിൽനിന്ന്

| | | | |
|---|---|---|---|
| വിധി | | | |
| മുതൽ................ | | | |
| പലിശ................ | | | |
| കോടതി.............. | | | |
| ചെലവ് | | | |
| നടത്തൽച്ചെലവ് | | | |
| കൂടുതൽ പലിശ | | | |
| ആകെ | | | |

തുടർന്ന് ഉത്തരവുണ്ടാകുന്നതുവരെ ജപ്തിയിൽ വയ്ക്കുകയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ ആജ്ഞാപിക്കുന്നു.

ഈ വാറന്റ്, അത് നടത്തിയ തീയതിയും, രീതിയും അല്ലെങ്കിൽ അതു എന്തുകൊണ്ട് നടത്തിയിട്ടില്ല എന്ന് സർട്ടിഫൈ ചെയ്യുന്ന ഒരു എൻഡോഴ്സ്മെന്റ് സഹിതം 19.... ........മാസം................. തീയതിയോ അതിനുമുമ്പോ മടക്കാൻ നിങ്ങളോട് ആജ്ഞാപിക്കുന്നു.

19.............. .മാസം................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

പട്ടിക

ജഡ്ജി.

നമ്പർ 9

## വിധിയാൽ വിധിച്ചുകൊടുക്കപ്പെട്ടിട്ടുള്ള വിനിർദ്ദിഷ്ട ജംഗമവസ്തു പിടിച്ചെടുക്കാനുള്ള വാറന്റ്

(ആർഡർ 21, ചട്ടം 31)

(ശീർഷകം)

കോടതിയിലെ ബയിലിഫിന് ;

19..................ലെ.................. നമ്പർ വ്യവഹാരത്തിൽ ഈ കോടതി 19...................മാസം.............. തീയതി പാസ്സാക്കിയ വിധി, ഇതോടനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന ജംഗമവസ്തു അല്ലെങ്കിൽ ജംഗമവസ്തുവിലെ............വാദിക്ക് ഡെലിവർ ചെയ്യാൻ ഉത്തരവു ചെയ്തതിനാലും, മുൻപറഞ്ഞ വസ്തു (അല്ലെങ്കിൽ ഓഹരി) ഡെലിവർ ചെയ്തിട്ടില്ലാത്തതിനാലും ;

മുൻപറഞ്ഞ ജംഗമവസ്തു (അല്ലെങ്കിൽ മുൻപറഞ്ഞ ജംഗമവസ്തുവിന്റെ.................ഓഹരി) പിടിച്ചെടുക്കുകയും വാദിക്കോ, അയാൾ ഇതിലേയ്ക്കു നിയമിക്കുന്ന ആൾക്കോ ഡെലിവർ ചെയ്യുകയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ ആജ്ഞാപിക്കുന്നു.

19..................മാസം .........................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

പട്ടിക

ജഡ്ജി.

നമ്പർ 10

## രേഖയുടെ കരടിനുള്ള ആക്ഷേപങ്ങൾ പ്രസ്താവിക്കാനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 34)

(ശീർഷകം)

.............................. ........ .. ..ന്

മേൽ പ്രസ്താവിച്ച വ്യവഹാരത്തിലെ ഉടമസ്ഥൻ ഇതിൻകീഴിൽ വിനിർദ്ദേശിക്കുന്ന സ്ഥാവരവസ്തുവിന്റെ..... ....നുള്ള ഒരു കരണം—അതിന്റെ ഒരു കരട് ഇതോട് അനുബന്ധിപ്പിട്ടുണ്ട്—നിങ്ങൾക്കുവേണ്ടി കോടതി ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന്, മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടമ,19 .. ..മാസം......തീയതി ഈ കോടതിക്ക് അപേക്ഷ ബോധിപ്പിച്ചു എന്നും മുൻപറഞ്ഞ അപേക്ഷയുടെ ഹീയറിങ്ങിനായി 19. . . മാസം ......തീയതി നിശ്ചയിക്കുന്നുവെന്നും, ആ ദിവസം ഹാജരാകാനും മുൻപറഞ്ഞ കരടിനുള്ള ആക്ഷേപങ്ങൾ ലിഖിതമായി പ്രസ്താവിക്കാനും നിങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും നോട്ടീസ് തരുന്നു.

വസ്തുവിന്റെ വിവരണം

19........മാസം .....തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയുംവച്ച് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 11

## ഭൂമി കൈവശം കൊടുക്കാനും മററും ബയിലിഫിനുള്ള വാറൻറ്

(ആർഡർ 21, ചട്ടം 35)

(ശീർഷകം)

കോടതിയിലെ ബയിലിഫിന്.................................ൻെറ കൈവശത്തിലിരിക്കുന്ന താഴെപ്പറയുന്ന വസ്തു ഈ വ്യവഹാരത്തിലെ വാദിയായ ....................ന് വിധിച്ചുകൊടുത്തിട്ടുള്ളതിനാൽ ; അത് മുൻപറഞ്ഞ....................ന് കൈവശം കൊടുക്കാൻ നിങ്ങളോടു ഇതിനാൽ നിദേശിക്കുകയും വിധിപ്രകാരം ബാദ്ധ്യസ്ഥനും, അത് വിട്ടൊഴിയാൻ വിസമ്മതിക്കുന്നവനുമായ ഏതെങ്കിലും ആളെ നീക്കം ചെയ്യാൻ നിങ്ങളെ ഇതിനാൽ പ്രാധികാരപ്പെടുത്തുകയും ചെയ്യുന്നു.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

പട്ടിക

ജഡ്ജി.

നമ്പർ 12

## അറസ്ററ് വാറൻറ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 37)

(ശീർഷകം)

..................................ന്

19........ലെ..........ാം നമ്പർ വ്യവഹാരത്തിലെ വിധി നിങ്ങളുടെ അറസ്ററും തടവുംവഴി നടത്താനായി..............ഈ കോടതിക്കു അപേക്ഷ കൊടുത്തിട്ടുള്ളതിനാൽ, മുൻപറഞ്ഞ വിധിയുടെ നടത്തലിൽ നിങ്ങളെ സിവിൽ കാരാഗൃഹത്തിലേയ്ക്ക് കമ്മിററ് ചെയ്യാതിരിക്കാൻ കാരണം കാണിക്കാനായി ഈ കോടതി മുമ്പാകെ 19............മാസം..........തീയതി ഹാജരാകാൻ നിങ്ങളോട് ഇതിനാൽ ആവശ്യപ്പെടുന്നു.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയുംവച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 13

## നടത്തലിലെ അറസ്ററ് വാറൻറ്

(ആർഡർ 21, ചട്ടം 38)

(ശീർഷകം)

കോടതിയിലെ ബെയിലിഫിന്.

19.......ലെ......നമ്പർ വ്യവഹാരത്തിലെ, ഈ കോടതിയുടെ 19...... മാസം......തീയതിയിലെ വിധി..............നോട്, വിധിയുടമയ്ക്ക് മാർജിനിൽ കുറിച്ചപ്രകാരമുള്ള..............രൂപ കൊടുക്കാൻ വിധിച്ചതിനാലും മുൻപറഞ്ഞ..... .....രൂപ മുൻപറഞ്ഞ വിധിയുടെ കാര്യം തീർന്ന

നിലയിൽ കൊടുത്തിട്ടില്ലാത്തതിനാലും, മുൻപറഞ്ഞ വിധിക്കടക്കാരനെ അറസ്ററ് ചെയ്യാനും മുൻപറഞ്ഞ, വിധിക്കടക്കാരൻ മുൻപറഞ്ഞ........രൂപ ഈ പ്രോസസ് നടത്തുന്നതിന്റെ ചെലവ്..........രൂപ സഹിതം നിങ്ങൾക്ക് തരാത്തപക്ഷം മുൻപറഞ്ഞ വിധിക്കടക്കാരന് സൗകര്യമായിടത്തോളം വേഗത്തിൽ ഈ കോടതി മുമ്പാകെ കൊണ്ടുവരാനും നിങ്ങളോട് ഇതിനാൽ ആജ്ഞാപിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| മുതൽ | | | | |
| പലിശ | | | | |
| കോടതിച്ചെലവ് | | | | |
| നടത്തൽ | | | | |
| ആകെ | | | | |

ഈ വാറന്റ്, അത് നടത്തിയ തീയതിയും, രീതിയും, അല്ലെങ്കിൽ അത് എന്തുകൊണ്ട് നടത്തിയിട്ടില്ലെന്ന് സർട്ടിഫൈ ചെയ്യുന്ന ഒരു എൻഡോഴ്സ്മെന്റ് സഹിതം, 19......മാസം......തീയതിയോ അതിനുമുമ്പോ മടക്കാൻ നിങ്ങളോട് തുടർന്ന് ആജ്ഞാപിക്കുന്നു.

19......മാസം......തീയതിയായ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 14

## വിധിക്കടക്കാരനെ ജയിലിലേയ്ക്ക് കമ്മിററ് ചെയ്യുന്ന വാറന്റ്

(ആർഡർ 21, ചട്ടം 40)
(ശീർഷകം)

............ലെ ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

.....19......മാസം......തീയതി................ഈ കോടതി മുമ്പാകെ, ഈ കോടതി 19......മാസം......തീയതി പാസ്സാക്കുകയും പ്രസ്താവിക്കുകയും ചെയ്തതും............ന് മുൻപറഞ്ഞ......... ... കൊടുക്കണമെന്ന് ഉത്തരവ് ചെയ്തതുമായ ഒരു വിധിയുടെ നടത്തലിലെ വാറന്റിൻകീഴിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നതിനാലും, മുൻപറഞ്ഞ.......... വിധി അനുസരിക്കുകയോ, അല്ലെങ്കിൽ കസ്ററഡിയിൽനിന്ന് മോചിപ്പിക്കപ്പെടാൻ തനിക്ക് അവകാശമുണ്ടെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തുകയോ

ചെയ്തിട്ടില്ലാത്തതിനാലും, മുൻപറഞ്ഞ............നെ സിവിൽ കാരാഗൃഹ ത്തിലേയ്ക്ക് ഏററുവാങ്ങാനും...........ൽ കവിയാത്ത കാലമോ അല്ലെങ്കിൽ മുൻപറഞ്ഞ വിധിയുടെ കാര്യം പൂർണ്ണമായി തീരുന്നതുവരേയോ, അല്ലെങ്കിൽ സിവിൽ നടപടി നിയമസംഹിത, 1908-ലെ 58-ാം വകുപ്പിലെ നിബന്ധന കളും വ്യവസ്ഥകളും അനുസരിച്ച് മോചിതനാകാൻ...........ന് മററുവിധ ത്തിൽ അവകാശമുണ്ടാകുന്നതുവരെയോ അതിനുള്ളിൽ തടവിൽ സൂക്ഷിക്കാനും നിങ്ങളോട് ഇതിനാൽ ആജ്ഞാപിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു ; ഈ കമ്മിററൽ വാറൻറിന് കീഴിലുള്ള, മുൻപറഞ്ഞ............ൻെറ തടവിലുള്ള കാലത്തെ അയാളുടെ ഉപജീവനത്തിനുള്ള പ്രതിമാസബത്തയുടെ നിരക്ക് പ്രതി ദിനം............ആയി കോടതി ഇതിനാൽ നിജപ്പെടുത്തുകയും ചെയ്യുന്നു.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

## നമ്പർ 15

## ഒരു വിധിയുടെ നടത്തലിൽ തടവിലാക്കപ്പെട്ട ആളെ മോചിപ്പിക്കാനുള്ള ഉത്തരവ്

(വകുപ്പ് 58, 59)

(ശീർഷകം)

.................ലെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

ഇന്നേദിവസം പുറപ്പെടുവിച്ച ഉത്തരവിൻകീഴിൽ നിങ്ങളോട് ഇപ്പോഴം നിങ്ങളുടെ കസ്ററഡിയിലുള്ള വിധിക്കടക്കാരനായ..................നെ സ്വതന്ത്രനാക്കാൻ ഇതിനാൽ നിദേശിക്കുന്നു.

..........തീയതി ജഡ്ജി.

## നമ്പർ 16

## നടത്തലിലെ ജപ്തി

ജപ്തി ചെയ്യേണ്ട വസ്തു അതിൻെറ തൽസമയത്തെ കൈവശത്തി നുള്ള മററാരാളുടെ ലീനിനോ അവകാശത്തിനോ വിധേയമായി പ്രതിക്ക് അവകാശപ്പെട്ട ജംഗമവസ്തു ആയിരിക്കുന്നിടത്തെ

നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 46)

(ശീർഷകം)

.......................... ന്

......19......ലെ വ്യവഹാരത്തിൽ 19......മാസം......തീയതി ...........ന് എതിരായും,..........ന് അനുകൂലമായും പാസ്സാക്കിയ ........രൂപയ്ക്കുള്ള വിധിയുടെ കാര്യം............തീർത്തിട്ടില്ലാത്തതിൽ ; ..........ൽ നിന്ന് അയാളുടെ കൈവശത്തിലുള്ളതും, അയാളുടെ ഏതെ ങ്കിലും അവകാശവാദത്തിന് വിധേയമായി പ്രതിക്ക് അവകാശപ്പെട്ടതുമായ താഴെ പറയുന്ന വസ്തു, അതായത്,..........സ്വീകരിക്കുന്നതിൽനിന്ന് ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ പ്രതി നിരോധിക്കപ്പെടുകയും തടയ

പ്പെടുകയും ചെയ്യണമെന്നും, ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും ഉത്തരവ് ചെയ്യുന്നതും ; മുൻപറഞ്ഞ വസ്തു ഏതെങ്കിലും ആൾക്കോ ആളുകൾക്കോ, അവർ ആരായിരുന്നാലും, ഡെലിവർ ചെയ്യുന്നതിൽനിന്ന് മുൻപറഞ്ഞ..............ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നതും ആകുന്നു.

19..........മാസം......തീയതിയായ ഇന്നേദിവസം കയ്യൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 16 ക

## വിധിക്കടക്കാരൻ നൽകേണ്ട ആസ്തികൾ സംബന്ധിച്ച സത്യവാങ്മൂലം

[ആർഡർ 21, ചട്ടം 41 (2) ]

..................കോടതിയിൽ

ക ഖ..........വിധിയുടമ

അഭി

ഗ ..........................................................

വിധികടക്കാരൻ ആയ ഞാൻ..........................................ലെ

ശപഥത്തിൻമേൽ / സഗൗരവം പ്രതിജ്ഞയിൻമേൽ താഴെപ്പറയുംപ്രകാരം പ്രസ്താവിക്കുന്നു.

1. എന്റെ പൂർണ്ണമായ പേര്..........................ആകുന്നു.
2. ഞാൻ................ ത്തു താമസിക്കുന്നു.

*3. ഞാൻ വിവാഹിത(ൻ) / അവിവാഹിത(ൻ) / മൃതഭാര്യൻ / വിധവ / വിവാഹമോചിത(ൻ) ആകുന്നു

4. താഴെ പറയുന്നവർ എന്നെ ആശ്രയിക്കുന്നവരാണ് :—..............
5. എന്റെ ജോലി, വ്യാപാരം, അല്ലെങ്കിൽ വൃത്തി ഞാൻ...........ത്തു നടത്തിക്കൊണ്ടുപോകുന്ന.....................ആണ്.

ഞാൻ താഴെ പറയുന്ന കമ്പനികളുടെ ഡയറക്ടറാണ് ...................

6. ആദായനികുതി കൊടുത്തതിനുശേഷമുള്ള എന്റെ ഇപ്പോഴത്തെ വാർഷിക/പ്രതിമാസ/പ്രതിവാര/ആദായം താഴെ പറയുന്നതാകുന്നു :—

(ക) എന്റെ ജോലിയിൽ വ്യാപാരത്തിൽ അല്ലെങ്കിൽ വൃത്തിയിൽ നിന്ന്........രൂപ

(ഖ) മററു മാർഗ്ഗങ്ങളിൽ നിന്ന്.................രൂപ

* ബാധകമല്ലാത്ത വാക്കുകൾ വെട്ടിക്കളയുക.

* 7. (ക) ഞാൻ താമസിക്കുന്ന വീട് എനിക്ക് ഉടമപ്പെട്ടതാണ്; അതിന്റെ മൂല്യം............................രൂപ ആകുന്നു. ഞാൻ ചെലവുകളായി പ്രതിവർഷം നിരക്കുകൾ, പണയം പലിശ മുതലായ വകയിൽ..............രൂപ കൊടുക്കുന്നുണ്ട്.

(ഖ) ഞാൻ വാടകയായി പ്രതിവർഷം...........................രൂപ കൊടുക്കുന്നുണ്ട്.

8. എനിക്ക്:—

(ക) ബാങ്ക് അക്കൗണ്ടുകൾ;
(ഖ) സ്റ്റോക്കുകളും ഷെയറുകളും;
(ഗ) ലൈഫ് പാലിസികളും എൻഡോവ്മെന്റ് പോളിസികളും;
(ഘ) ഭവനം;
(ങ) മററു വസ്തു;
(ച) മററു ഈടുകൾ;
എന്നിവ ഉണ്ട്

} വിവരങ്ങൾ നൽകുക

9. എനിക്ക് താഴെപറയുന്ന കടങ്ങൾ തിരിയെ കിട്ടാനുണ്ട് (വിവരങ്ങൾ നൽകുക)

(ക) ..................ലെ..............നിന്ന്........രൂപ

(ഖ) ................ലെ..............നിന്ന്............രൂപ

മുതലായവ.

..................എന്റെ മുമ്പാകെ സത്യം ചെയ്ത ........

(മുതലായവ)

നമ്പർ 17

## നടത്തലിലെ ജപ്തി

വസ്തു, കൈമാറാവുന്ന പ്രമാണങ്ങളുടെ ഈട് ഇല്ലാത്ത കടങ്ങൾ ആയിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 44)

(ശീർഷകം)

..............................ന്

19..................ലെ..................നമ്പർ വ്യവഹാരത്തിൽ, 19................മാസം.......................തീയതി................ന് എതിരായും...............ന് അനുകൂലമായും പാസ്സാക്കിയ ........... രൂപയ്ക്കുള്ള വിധിയുടെ കാര്യം.. ............തീർത്തിട്ടില്ലാത്തതിനാൽ, പ്രതി, നിങ്ങളിൽനിന്ന്, നിങ്ങൾ മുൻപറഞ്ഞ പ്രതിക്ക് ഇപ്പോൾ തിരിയെ കൊടുക്കാനുള്ളതാണെന്ന് ആഖ്യാപിക്കപ്പെടുന്ന ഒരു കടം, അതായത്......... ................സ്വീകരിക്കുന്നതിൽ നിന്ന് ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്യണമെന്നും, ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നു എന്നും;

---

* ബാധകമല്ലാത്ത വാക്കുകൾ വെട്ടിക്കളയുക.

മുൻപറഞ്ഞ കടമോ അതിന്റെ ഏതെങ്കിലും ഭാഗമോ, ഏതെങ്കിലും ആരക്കോ, അയാരം ആരായിരുന്നാലും അല്ലെങ്കിൽ ഈ കോടതിയിലേക്ക് അല്ലാതെ മററു വിധത്തിലോ തിരിയെകൊടുക്കുന്നതിൽനിന്ന്.......................ആ നിങ്ങരം ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ നിരോധിക്കപ്പെടുകയു തടയപ്പെടുകയും ചെയ്യണമെന്നും ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെട കയും ചെയ്തിരിക്കുന്നുവെന്നും ഉത്തരവ് ചെയ്യുന്നു.

19..................മാസം...............തീയതിയായ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചുനൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 18

## നടത്തലിലെ ജപ്തി

### വസ്തു, ഏകാംഗയോഗത്തിന്റെ മൂലധനത്തിലെ ഓഹരികളായിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 46)

(ശീർഷകം)

പ്രതിക്കും.....................ഏകാംഗയോഗത്തിന്റെ സെക്രട്ടറി ആയ ..................നും,

19..................ലെ..................ാം നമ്പർ വ്യവഹാരത്തിൽ 19................മാസം........-..........തീയതി................ന് എതിരായും..........................ന് അനുകൂലമായും പാസ്സാക്കിയ ............രൂപയ്ക്കുള്ള വിധിയുടെ കാര്യം.............തീർത്തിട്ടില്ലാത്തതിനാൽ, മേൽപറഞ്ഞ ഏകാംഗയോഗത്തിലെ ........................ഓഹരികരം, അതായത്...........................ഏതെങ്കിലും വിധത്തിൽ കൈമാററം ചെയ്യുകയോ അല്ലെങ്കിൽ അതിൻമേലുള്ള ഏതെങ്കിലും ലാഭവീതങ്ങരം സ്വീകരിക്കുകയോ ചെയ്യുന്നതിൽനിന്ന് പ്രതിയായ നിങ്ങരം, ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്യണമെന്നും ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നു എന്നും ഉത്തരവു ചെയ്യുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കൈമാററം അനുവദിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും പണം കൊടുക്കുകയോ ചെയ്യുന്നതിൽ നിന്ന്, മുൻപറഞ്ഞ ഏകാംഗയോഗത്തിന്റെ സെക്രട്ടറിയായ നിങ്ങരം, ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നതുമാണ്.

19..................മാസം................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 19

## പബ്ലിക് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ റയിൽവേ കമ്പനിയുടേയോ തദ്ദേശാധികാരസ്ഥാനത്തിന്റേയോ ജീവനക്കാരന്റെ ശമ്പളം ജപ്തി ചെയ്യാനുള്ള ഉത്തരവ്

(ആർഡർ 21, ചട്ടം 48)

(ശീർഷകം)

........................ന്

മുകളിൽ പേരു പറഞ്ഞകേസ്സിലെ വിധിക്കടക്കാരനായ.. .......... നിങ്ങൾ കൈയാൽ ശമ്പളം (അല്ലെങ്കിൽ ബത്തകൾ) വാങ്ങുന്ന (വിധി ക്കടക്കാരന്റെ ഉദ്യോഗം വിവരിക്കുക) ആയിരിക്കുന്നതിനാലും; മുൻപറഞ്ഞ കേസ്സിലെ വിധി ഉടമയായ............................വിധിക്കു കീഴിൽ അയാൾക്കു കിട്ടാനുള്ള....................വരെയുള്ള മുൻപറഞ്ഞ...............ന്റെ ശമ്പളത്തിന്റെ (അല്ലെങ്കിൽ ബത്തകളുടെ) ജപ്തിക്ക് ഈ കോടതിയിൽ അപേക്ഷിച്ചിരിക്കുന്നതിനാലും; മുൻപറഞ്ഞ.............. ....ന്റെ ശമ്പളത്തിൽനിന്ന് പ്രതിമാസത്തവണകളായി മുൻപറഞ്ഞ........ ...രൂപ പിടിക്കുകയും മുൻപറഞ്ഞ തുക (അല്ലെങ്കിൽ പ്രതിമാസത്തവണകൾ) ഈ കോടതിക്ക് അയയ്ക്കുകയും ചെയ്യാൻ നിങ്ങളോടു ഇതിനാൽ ആവശ്യപ്പെടുന്നു.

19....................മാസം..................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 20

## കൈമാറാവുന്ന പ്രമാണം ജപ്തിചെയ്യാനുള്ള ഉത്തരവ്

(ആർഡർ 21, ചട്ടം 51)

(ശീർഷകം)

കോടതിയിലെ ബയിലിഫിന്.................................ന്റെ ജപ്തിക്ക് ഈ കോടതി 19 .. ..... ....മാസം .... .....ാം തീയതി ഉത്തരവുപാസ്സാക്കിയിട്ടുള്ളതിനാൽ മുൻപറഞ്ഞ........ .......പിടിച്ചെടുക്കുകയും അത് കോടതിയിൽ കൊണ്ടുവരികയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ നിദേശിക്കുന്നു.

19 .............. മാസം................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

## നമ്പർ 21

### ജപ്തി

വസ്തു, നീതിന്യായക്കോടതിയുടേയോ, പബ്ലിക് ഉദ്യോഗസ്ഥന്റേയോ കസ്റ്റഡിയിലുള്ള പണമോ ഏതെങ്കിലും ഈടോ ആയിരിക്കുന്നിടത്തുള്ള നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 52)

(ശീർഷകം)

....................................ന്

ശ്രീമാൻ,

ഇപ്പോാം നിങ്ങളുടെ കൈയിൽ ഉള്ള കുറച്ചു പണം (ഇവിടെ പണം സംഭാവന ചെയ്യപ്പെട്ട ആളുടെ കൈയിലുള്ളതായി കരുതുന്നത് എന്തുകൊണ്ടാണെന്നും ഏത് കണക്കിലുള്ളതാണെന്നും മററും പ്രസ്താവിക്കുക) ജപ്തി ചെയ്യാൻ, വാദി സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 21, ചട്ടം 52-ന് കീഴിൽ അപേക്ഷിച്ചിരിക്കുകയാൽ നിങ്ങൾ മുൻപറഞ്ഞ പണം ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവിന് വിധേയമായി വയ്ക്കണമെന്ന് നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ജഡ്ജി

19.................മാസം...............തീയതി

## നമ്പർ 22

### വിധി പാസ്സാക്കിയ കോടതിക്ക്, അതിന്റെ ജപ്തിയെക്കുറിച്ചുള്ള നോട്ടീസ്

(ആർഡർ 23, ചട്ടം 53)

(ശീർഷകം)

.......................................കോടതിയിലെ ജഡ്ജിക്ക്.

ശ്രീമാൻ,

താങ്കളുടെ കോടതിയിൽനിന്ന്......................................, താൻ ..............................ഉം.........................എന്നയാാം................ഉം ആയിരുന്ന 19................ലെ...................... വ്യവഹാരത്തിൽ 19..............മാസം..................തീയതി.................സമ്പാദിച്ച വിധി മുകളിൽ വിനിർദ്ദേശിച്ച വ്യവഹാരത്തിലെ........................ ആയ...............ന്റെ അപേക്ഷയിൻമേൽ ഈ കോടതി ജപ്തി ചെയ്തിട്ടുണ്ടെന്ന് താങ്കളെ അറിയിക്കുന്നു. അതിനാൽ ഇപ്പോഴത്തെ നോട്ടീസ് റദ്ദാക്കിയിട്ടുണ്ടെന്ന് ഈ കോടതിയിൽ നിന്ന് താങ്കൾക്ക് അറിയിപ്പു കിട്ടുന്നതുവരേയോ, അല്ലെങ്കിൽ മുൻപറഞ്ഞ വിധിയുടെ നടത്തലിന്, ഇപ്പോാം നടത്താൻ അപേക്ഷിച്ചിട്ടുള്ള വിധിയുടെ ഉടമയോ അല്ലെങ്കിൽ അയാളുടെ വിധിക്കടക്കാരനോ അപേക്ഷിക്കുന്നതുവരേയോ താങ്കളുടെ കോടതിയുടെ വിധിയുടെ നടത്തൽ നിറുത്തിവയ്ക്കാൻ താങ്കളോട് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജഡ്ജി.

19.................മാസം.................തീയതി.

നമ്പർ 23

## ഒരു വിധിയുടെ ഉടമയ്ക്ക് ആ വിധിയുടെ ജപ്തിയെ ക്കുറിച്ചുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 53)

(ശീർഷകം)

.............................................................ന്
മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടമ, നിങ്ങരം 19............... ..............മാസം...............തീയതി.................................. കോടതിയിൽ,...................എന്നയാരം.................ആയിരുന്നതും ................എന്നയാരം.........  ...ആയിരുന്നതും ആയ 19....  .....ലെ ...............നംബർ വ്യവഹാരത്തിൽ സമ്പാദിച്ച വിധി ജപ്തി ചെയ്യാൻ ഈ കോടതിയിൽ അപേക്ഷ കൊടുത്തിട്ടുള്ളതിനാൽ ; മുൻപറഞ്ഞ.............. ആയ നിങ്ങരം ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവുവരെ, ആ വിധി ഏതെ ങ്കിലും വിധത്തിൽ കൈമാററം ചെയ്യുകയോ ചാർജ്ജാക്കുകയോ ചെയ്യുന്നതിൽ നിന്ന് നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്യണമെന്നും ഇതിനാൽ നിരോധിക്കപ്പെടുകയും തടയപ്പെടുകയും ചെയ്തിരിക്കുന്നു എന്നും ഉത്തരവു ചെയ്യുന്നു.

19......................മാസം..................ാം തീയതി നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 24

## നടത്തലിലെ ജപ്തിവസ്തു സ്ഥാവരവസ്തു ആയിരിക്കുന്നിട ത്തുള്ള നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 54)

(ശീർഷകം)

പ്രതി,..............................................................ന്, 19..........................ലെ.........................ാം നംബർ വ്യവഹാരത്തിൽ, 19..................മാസം.......................തീയതി നിങ്ങരംക്കെതിരായി,...... ......ന് അനുകൂലമായി...........രൂപയ്ക്ക് പാസ്സാക്കിയ വിധിയുടെ കാര്യം നിങ്ങരം തീർത്തിട്ടില്ലാത്തതിനാൽ ; മുൻ പറഞ്ഞ...............ആയ നിങ്ങരം ഈ കോടതിയുടെ തുടർന്നുള്ള ഉത്തരവു വരെ, ഇതിനോടനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തു, വില്പന വഴിയോ ദാനം വഴിയോ, മററുവിധത്തിലോ കൈമാററം ചെയ്യുകയോ ചാർജ്ജാക്കുകയോ ചെയ്യുന്നതിൽ നിന്നും നിരോധിക്കപ്പെടുകയും തടയപ്പെടു കയും ചെയ്യണമെന്നും ഇതിനാൽ നിരോധിക്കപ്പെടുകയും തടസ്സപ്പെടുത്തു കയുംചെയ്തിരിക്കുന്നുവെന്നും ; അത് വില്പനവഴിയോ ദാനംവഴിയോ മററു വിധത്തിലോ സ്വീകരിക്കുന്നതിൽനിന്ന് എല്ലാ ആളുകളും നിരോധിക്കപ്പെടണ മെന്നും ഇതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നുവെന്നും ഉത്തരവു ചെയ്യുന്നു.

വില്പന വിളംബരത്തിലെ നിബന്ധനകൾ നിശ്ചയിക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള തീയതിയെക്കുറിച്ചു നോട്ടീസ് സ്വീകരിക്കുന്നതിന് നിങ്ങൾ 19..................മാസം..................തീയതി കോടതിയിൽ സന്നിഹിതനാകേണ്ടതാണെന്നുകൂടി ഉത്തരവു ചെയ്യുന്നു.

19..........................മാസം..........................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

പട്ടിക

നമ്പർ 25

## മൂന്നാം കക്ഷിയുടെ കൈയിലുള്ള പണം മുതലായവ വാദി മുതലായവർക്ക് കൊടുക്കാനുള്ള ഉത്തരവ്

(ആർഡർ 21, ചട്ടം 56)

(ശീർഷകം)

..........................................................................ന്

താഴെപ്പറയുന്ന വസ്തുവായ.........................., 19..........ലെ ........................ ാം നംബർ വ്യവഹാരത്തിൽ,.................. ... ...............നു അനുകൂലമായി 19.................... ...മാസം ............. ...........തീയതി...............................രൂപയ്ക്കു പാസ്സാക്കിയ വിധിയുടെ നടത്തലിൽ ജപ്തി ചെയ്തിട്ടുള്ളതിനാൽ; അപ്രകാരം ജപ്തി ചെയ്ത വസ്തുവായ..................രൂപ പണവും, .......... ....രൂപ കറൻസി നോട്ടുകളും അല്ലെങ്കിൽ അതിൻെറ, മുൻപറഞ്ഞ വിധിയുടെ കാര്യം തീർക്കാൻ മതിയായിടത്തോളം ഭാഗം മുൻപറഞ്ഞ ..............ആയ നിങ്ങൾ ..........ന് കൊടുക്കേണ്ടതാണെന്ന് ഉത്തരവു ചെയ്യുന്നു.

19..................മാസം..............തീയതി, ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 26

## ജപ്തി ചെയ്യുന്ന ഉത്തമർണ്ണനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 58)

(ശീർഷകം)

......................................................................,ന്

19..................... ലെ ..................-ാംനമ്പർ വ്യവഹാരത്തിലെ വിധിയുടെ നടത്തലിൽ നിങ്ങളുടെ അർത്ഥനയിൻമേൽ............... ന്മേൽ നടത്തിയ ജപ്തി വിടുവിക്കുന്നതിന്............. ............ .................ഈ കോടതിയിൽ, അപേക്ഷ കൊടുത്തിട്ടുള്ളതിനാൽ; ഈ കോടതിമുമ്പാകെ, 19.... ....... .. മാസം............തീയതിയായ ........ ......ജപ്തി ചെയ്ത ഉത്തമർണ്ണൻ എന്ന നിലയിൽ നേരിട്ടോ, നിങ്ങളുടെ അവകാശവാദത്തെ താങ്ങാൻ മുറപ്രകാരം ഉപദേശം നൽകപ്പെട്ട കോടതിയിലെ പ്ലീഡർ മുഖേനയോ ഹാജരാകാൻ നിങ്ങൾക്ക് ഇതിനാൽ നോട്ടീസ് തരുന്നു.

19......... മാസം ........... ാം തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി

## നമ്പർ 27

## പണത്തിനുള്ള വിധിയുടെ നടത്തലിൽ വസ്തുവിൻെറ വില്പനയ്ക്കുള്ള വാറൻറ്

(ആർഡർ 21, ചട്ടം 66)

(ശീർഷകം)

കോടതിയിലെ ബെയിലിഫിന്,

............ദിവസത്തെ മുൻകൂട്ടിയുള്ള നോട്ടീസ്, അത് കോടതി മന്ദിരത്തിൽ പതിച്ചും, മുറപ്രകാരമുള്ള വിളംബരം ചെയ്തതിനുശേഷവും നൽകിയതിനുശേഷം 19 .. ....ലെ............. നമ്പർ വ്യവഹാരത്തിലെ .... – ..ന് അനുകൂലമായുള്ള വിധിയുടെ നടത്തലിൽ, ഈ കോടതിയിൽ നിന്നുള്ള 19 .. ......മാസം.... ....തീയതിയിലെ വാറൻറിൻകീഴിൽ ജപ്തിചെയ്ത വസ്തു ആയ.......... അല്ലെങ്കിൽ ആ വസ്തുവിൽ, ഇപ്പോഴും തീരാൻ ബാക്കിയുള്ള മുൻപറഞ്ഞ വിധിയുടെ .. .......... ഉം കോടതിച്ചെലവും ആയ..........രൂപ വസൂലാവുന്നിടത്തോളം ലേലം വഴി ആയിരിക്കാൻ നിങ്ങളോടു ഇതിനാൽ ആജ്ഞാപിക്കുന്നു.

നിങ്ങൾ ഈ വാറൻറ്, അത് നടത്തിയ രീതി അല്ലെങ്കിൽ അത് എന്തുകൊണ്ട് നടത്തിയിട്ടില്ലെന്ന് സർട്ടിഫൈ ചെയ്യുന്ന ഒരു എൻഡോഴ്സ്മെൻറ് സഹിതം 19............മാസം............തീയതിയോ അതിനു മുൻപോ മടക്കാൻ നിങ്ങളോടു തുടർന്നു ആജ്ഞാപിക്കുന്നു.

19.. .............മാസം...............തീയതിയായ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

## നമ്പർ 28

## ഒരു വില്പന വിളംബരം നിശ്ചയിക്കുന്നതിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ചുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 66)
(ശീർഷകം)

വിധിക്കടക്കാരൻ..............ന്

മുകളിൽ പേരു പറഞ്ഞ വ്യവഹാരത്തിൽ ............ആയ വിധിയുടെ ................ൻെറ വില്പനയ്ക്കു അപേക്ഷിച്ചിട്ടുള്ളതിനാൽ, 19....... .... .........മാസം............തീയതി വില്പനയുടെ വിളമ്പരത്തിൻെറ നിബന്ധനകൾ നിശ്ചയിക്കുന്നതിനായി നിജപ്പെടുത്തിയിരിക്കുന്നുവെന്നു നിങ്ങളെ ഇതിനാൽ അറിയിക്കുന്നു.

19 ..........മാസം............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

3/3124/V.

നമ്പർ 29

## വില്പനയുടെ വിളംബരം

(ആർഡർ. 21 ചട്ടം 58)

(ശീർഷകം 30)

മാർജിനിൽ പറഞ്ഞ (1) വ്യവഹാരത്തിലെ, കോടതിച്ചെലവും വില്പന ത്തീയതിവരെയുള്ള പലിശയും സഹിതം .... ....രൂപ വരുന്ന, വിധിയുടമയുടെ അവകാശവാദത്തിന്റെ കാര്യം തീർക്കുന്നതിൽ,

(1) ......................ലെ....
.............തീരുമാനിച്ചതും ....
..................വാദിയും ....
...... ..പ്രതിയും ആയിരുന്നതും
ആയ 19............ലെ............
........ാം നമ്പർ വ്യവഹാരം.

അനുബന്ധിച്ച പട്ടികയിൽപറഞ്ഞ ജപ്തി ചെയ്യപ്പെട്ട വസ്തുവിന്റെ വില്പനയ്ക്ക്, സിവിൽ നടപടി നിയമസംഹിത, 1908, ആർഡർ 21, ചട്ടം 64-ൻ കീഴിൽ ഈ കോടതി ഉത്തരവു പാസ്സാക്കിയിട്ടുണ്ടെന്നു ഇതിനാൽ നോട്ടീസ് നല്കിയിരിക്കുന്നു.

വില്പന പരസ്യലേലംവഴി ആയിരിക്കുന്നതും, വസ്തു, പട്ടികയിൽ വിനിർദ്ദേശിക്കുന്ന ലാട്ടുകളായി വില്പനയ്ക്ക് വയ്ക്കുന്നതും ആകുന്നു. വില്പന, താഴെ പട്ടികയിൽ പറയുന്ന പ്രകാരം മുകളിൽ പേരു പറഞ്ഞ വിധിക്കടക്കാരുടെ വസ്തുവിന്റേതായിരിക്കുന്നതും മുൻപറഞ്ഞ വസ്തുവിനെ ബന്ധിക്കുന്ന ബാദ്ധ്യതകളും, അവകാശങ്ങളും തിട്ടപ്പെടുത്തിയിട്ടുള്ളിടത്തോളം, പട്ടികയിൽ ഓരോ ലാട്ടിനും നേരെ വിനിർദ്ദേശിക്കുന്നവ ആയിരിക്കുന്നതും ആണ്.

നീട്ടിവയ്ക്കാനുള്ള ഏതെങ്കിലും ഉത്തരവിന്റെ അഭാവത്തിൽ, വില്പന ......................തീയതി.. ..................മണിക്ക്........ത്തു വച്ച് ആരംഭിക്കുന്ന പ്രതിമാസ വില്പനയിൽ .................... നാൽ നടത്തപ്പെടുന്നതാണ്. എന്നാൽ, ഏതെങ്കിലും ലാട്ടിനുള്ള ലേലം വിളി സമാപിക്കുന്നതിനുമുൻപ് മുകളിൽ വിനിർദ്ദേശിച്ച കടവും വില്പനയുടെ കോടതിച്ചെലവും ടെൻഡർ ചെയ്യുകയോ ഒടുക്കുകയോ ചെയ്യുന്നപക്ഷം വില്പന നിറുത്തുന്നതാണ്.

വില്പനയിൽ, നേരിട്ടോ മുറപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട ഏജന്റ് മുഖേനയോ, ലേലത്തിൽ വിളിക്കാൻ പൊതുജനങ്ങളെ സാമാന്യമായി ക്ഷണിക്കപ്പെടുന്നതാണ്. മുൻകൂട്ടി നല്കപ്പെട്ട കോടതിയുടെ പ്രകടമായ അനുവാദം കൂടാതെ, മുകളിൽപറഞ്ഞ വിധി ഉടമകളാലോ,അവർക്കുവേണ്ടിയോ ഉള്ള യാതൊരു ലേലം വിളികേൾക്കലും സ്വീകരിക്കപ്പെടുന്നതല്ലാത്തതും, അവർക്കുള്ള യാതൊരു വില്പനയും സാധുവായിരിക്കുന്നതല്ലാത്തതും ആകുന്നു.

താഴെപ്പറയുന്നവയാണ് കൂടുതലായുള്ള വില്പന നിബന്ധനകൾ :—

1. താഴെ പട്ടികയിൽ വിനിർദ്ദേശിക്കുന്ന വിവരങ്ങൾ, കോടതിക്ക് കിട്ടിയ മുഴുവൻ വിവരവുമനുസരിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും എന്നാൽ, കോടതി, ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ തെററായ പ്രസ്താവനയ്ക്കോ വിട്ടുപോകലിനോ ഉത്തരവാദിയാകുന്നതല്ലാത്തതും ആകുന്നു.

2. ലേലത്തിലെ വിളികേൾക്കലുകളുടെ തുക എത്രകണ്ട് വർദ്ധിപ്പിക്കണമെന്നുള്ളത് വില്പന നടത്തുന്ന ഉദ്യോഗസ്ഥനാൽ തീരുമാനിക്കപ്പെടുന്നതാണ്. ലേലത്തിലെ വിളികേൾക്കലിന്റെ തുകയേയോ വിളികേട്ട ആളേയോകുറിച്ച് ഏതെങ്കിലും തർക്കം ഉത്ഭവിക്കുന്ന പക്ഷം; ആ ലാട്ട് ഉടൻതന്നെ വീണ്ടും ലേലത്തിന് വയ്ക്കുന്നതാണ്.

3. ഏതെങ്കിലും ലാട്ടിന്റെ ക്രേതാവായി, ഏററവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആൾ, പ്രഖ്യാപിക്കപ്പെടുന്നതും, എന്നാൽ അതിന് എപ്പോഴും വിളികേൾക്കാൻ അയാൾ നിയമാനുസൃതം യോഗ്യതയുള്ളവൻ ആയിരിക്കേണ്ടതും, ഏററവും കൂടുതൽ തുകയ്ക്കുള്ള വിളികേൾക്കൽ സ്വീകരിക്കാൻ വിസമ്മതിക്കുന്നത് ബുദ്ധിപൂർവ്വകമാക്കത്തക്കവിധം സ്പഷ്ടമായി അപര്യാപ്തമാണ്, ആഫർ ചെയ്യപ്പെടുന്ന വില, എന്ന് തോന്നുമ്പോൾ വില്പന നടത്തുന്ന കോടതിക്കോ ഉദ്യോഗസ്ഥനോ സ്വവിവേകം ഉപയോഗിച്ച് അപ്രകാരം വിസമ്മതിക്കാവുന്നതായിരിക്കുന്നതുമാണ്.

4. വില്പന നടത്തുന്ന ഉദ്യോഗസ്ഥന്, അത് റിക്കാർഡാക്കപ്പെടുന്ന കാരണങ്ങളാൽ സ്വവിവേകം ഉപയോഗിച്ച് നീട്ടിവയ്ക്കാവുന്നതായിരിക്കുന്നതും, എന്നാൽ ഇത് എപ്പോഴും, ആർഡർ 21, ചട്ടം 69- ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

5. ജംഗമവസ്തുവിന്റെ സംഗതിയിൽ, ഓരോ ലാട്ടിന്റെയും വില വില്പന സമയത്തോ, അല്ലെങ്കിൽ അതിനുശേഷമുള്ള, വില്പന ഉദ്യോഗസ്ഥൻ നിദേശിക്കുന്നത്ര അടുത്ത സമയത്തോ ഒടുക്കേണ്ടതും, ഒടുക്കാൻ വീഴ്ചവരുത്തിയാൽ, വസ്തു ഉടനടി വീണ്ടും ലേലത്തിൽ വയ്ക്കുകയും വില്ക്കുകയും ചെയ്യേണ്ടതും ആകുന്നു.

6. സ്ഥാവരവസ്തുവിന്റെ സംഗതിയിൽ, ക്രേതാവായി പ്രഖ്യാപിക്കപ്പെടുന്ന ആൾ, അങ്ങനെയുള്ള പ്രഖ്യാപനത്തിനുശേഷം, ഉടനെ, തന്റെ ക്രയസംഖ്യയായ തുകയുടെ 25 ശതമാനമുള്ള ഒരു ഡെപ്പാസിററ് വില്പന നടത്തുന്ന ഉദ്യോഗസ്ഥന് ഒടുക്കേണ്ടതും, അങ്ങനെയുള്ള ഡെപ്പാസിററിന്റെ അഭാവത്തിൽ വസ്തു ഉടനടി വീണ്ടും ലേലത്തിൽ വയ്ക്കുകയും വില്ക്കുകയും ചെയ്യേണ്ടതും ആകുന്നു.

7. ക്രയസംഖ്യയുടെ മുഴുവൻ തുകയും, ക്രേതാവ്, വസ്തു വിററതിന്റെ, ആ ദിവസം ഒഴിച്ചുനിറുത്തിയുള്ള പതിനഞ്ചാം ദിവസം, കോടതി അടയ്ക്കുന്നതിനുമുൻപോ, അല്ലെങ്കിൽ പതിനഞ്ചാം ദിവസം ഒരു ഞായറാഴ്ചയോ മററു ഒഴിവു ദിവസമോ ആണെങ്കിൽ, പതിനഞ്ചാം ദിവസത്തിനുശേഷമുള്ള ആദ്യത്തെ ആഫീസ് ദിവസമോ ഒടുക്കേണ്ടതാണ്.

8. അനുവദിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ, ബാക്കി ക്രയസംഖ്യ ഒടുക്കാൻ വീഴ്ചവരുത്തിയാൽ, വസ്തു, വില്പനയ്ക്കുള്ള ഒരു പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം വീണ്ടും വില്ക്കുന്നതാണ്. വില്പനച്ചെലവുകൾ കുറവുചെയ്തതിനുശേഷമുള്ള ഡെപ്പോസിററ് കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ ഗവൺമെൻറിലേയ്ക്ക് കണ്ടുകെട്ടാവുന്നതും വീഴ്ചവരുത്തിയ ക്രേതാവിന് വസ്തുവിനോ അത് പിന്നീട് വില്ക്കപ്പെടുന്നത് ഏത് തുകയ്ക്കാണോ, ആ തുകയുടെ ഏതെങ്കിലും ഭാഗത്തിനോ ഉള്ള എല്ലാ അവകാശവും നഷ്ടപ്പെടുന്നതുമാകുന്നു.

19.................. മാസം .......................ാം തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

## വസ്തുവിൻെറ പട്ടിക

| | |
|---|---|
| | ലാട്ട് നമ്പർ |
| | വില്ക്കാനുള്ള വസ്തുവിൻെറ വിവരണം, ഒന്നിലധികം വിധിക്കടക്കാർ ഉള്ളിടത്ത്, ഓരോ ഉടമസ്ഥൻേറയും പേർ സഹിതം. |
| | വില്ക്കാനുള്ള വസ്തു, ഗവൺമെൻറിന് കരം കൊടുക്കുന്ന ഒരു എസ്റേററിനോ എസ്റേററിൻെറ ഭാഗത്തിലോ ഉള്ള അവകാശം ആയിരുന്നുവെങ്കിൽ എസ്റേററിൻമേലോ അതിൻെറ ഭാഗത്തിൻമേലോ ചുമത്തുന്ന കരം |
| | വസ്തു ബാദ്ധ്യതപ്പെട്ടിരിക്കുന്ന ഏതെങ്കിലും കുടിക്കടങ്ങളുടെ വിവരം. |
| | വസ്തുവിന് അവകാശവാദങ്ങൾ വല്ലതും ഉന്നയിച്ചിട്ടുണ്ടെങ്കിൽ, അവയും അതിൻെറ പ്രകൃതവും മൂല്യവുമായി ബന്ധമുള്ള മററ് അറിയാവുന്ന ഏതെങ്കിലും വിവരങ്ങളും. |
| | വസ്തുവിൻെറ മൂല്യം, വിധി ഉടമ പ്രസ്താവിക്കുന്ന പ്രകാരം. |
| | വസ്തുവിൻെറ മൂല്യം, വിധിക്കടക്കാരൻ പ്രസ്താവിക്കുന്ന പ്രകാരം. |

നമ്പർ 30

## വില്പനയുടെ വിളംബരം നടത്തിക്കുന്നതിന് നാസർക്കുള്ള ഉത്തരവ്

(ആർഡർ 31 ചട്ടം 66)

(ശീർഷകം)

കോടതിയിലെ നാസർക്ക്,

ഇതിൻകീഴിൽ അനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന, വിധിക്കടക്കാരൻെറ വസ്തുവിൻെറ വില്പനയ്ക്ക് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും, മുൻപറഞ്ഞ വസ്തുവിൻെറ വില്പനയ്ക്ക് 19 .. ........ മാസം............ ............തീയതി നിജപ്പെടുത്തിയിട്ടുള്ളതിനാലും വില്പനയ്ക്കുള്ള വിളംബരത്തിൻെറ പകർപ്പുകൾ ഈ വാറൻറുപ്രകാരം നിങ്ങളെ ഏല്പിക്കുന്നതും, വിളംബരം, മുൻപറഞ്ഞ പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തുക്കളിൽ ഓരോന്നിലും മുരശടിച്ച് പ്രസിദ്ധപ്പെടുത്തിക്കുകയും, മുൻപറഞ്ഞ വിളംബരത്തിൻെറ പകർപ്പ്, മുൻപറഞ്ഞ വസ്തു

ക്കളിൽ ഓരോന്നിൻേറയും ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്തും, പിന്നീട് കോടതി മന്ദിരത്തിൻമേലും പതിക്കുകയും, വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തീയതികളും രീതിയും കാണിക്കുന്ന ഒരു റിപ്പോർട്ട് ഈ കോടതിക്ക് സമർപ്പിക്കുകയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ ഉത്തരവ് ചെയ്യുന്നതും ആകുന്നു.

19......................മാസം............. .....തീയതി

ജഡ്ജി.

പട്ടിക

നമ്പർ 31

## ക്രേതാവിൻെറ വീഴ്ചകാരണമായുള്ള വസ്തുവിൻെറ പുനർ വില്പനയിലെ വിലക്കുറവിനെക്കുറിച്ചുള്ള വില്പന നടത്തുന്ന ഉദ്യോഗസ്ഥൻെറ സർട്ടിഫിക്കററ്

(ആർഡർ 21, ചട്ടം 71)

(ശീർഷകം)

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടെ നടത്തലിൽ ക്രേതാവായ ....................ൻെറ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ അനന്തര ഫലമായുണ്ടായ പുനർ വില്പനയിൽ മുൻപറഞ്ഞ വസ്തുവിൻെറ വിലയിൽ .... .... ..രൂപയുടെ കുറവുണ്ടായിരുന്നു എന്നും, അങ്ങനെയുള്ള പുനർ വില്പന സംബന്ധിച്ച ചെലവുകൾ ................രൂപ ആയി എന്നും രണ്ടുംകൂടി ആകെ..............രൂപ ആയിയെന്നും, ആ തുക, വീഴ്ച വരുത്തിയ ആളിൽനിന്ന് വസൂലാക്കേണ്ടതാണെന്നും സർട്ടിഫൈ ചെയ്യുന്നു.

19 .................മാസം............. ാം തീയതി ........ വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ............. . ..................

നമ്പർ 32

## നടത്തലിൽ വിററ ജംഗമ വസ്തു കൈവശമുള്ള ആൾക്കുള്ള നോട്ടീസ്

(ആർഡർ 21, ചട്ടം 79)

(ശീർഷകം)

..........................................................................ന്,

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടെ നടത്തലിലെ പരസ്യ വില്പനയിൽ .......... . ഇപ്പോൾ നിങ്ങളുടെ കൈവശമുള്ള........ ......... ൻെറ, ക്രേതാവ് ആയിത്തീർന്നിട്ടുള്ളതിനാൽ, മുൻപറഞ്ഞ...... .. ....മുൻപറഞ്ഞ .... ........ന് ഒഴികെ ഏതെങ്കിലും ആൾക്ക് കൈവശം കൊടുക്കുന്നതിൽ നിന്ന് നിങ്ങൾ ഇതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

19 .. ...... ....മാസം.................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി

നമ്പർ. 33

## നടത്തലിൽ വിററ കടങ്ങൾ, ക്രേതാവല്ലാത്ത ആർക്കെങ്കിലും തിരിയെ കൊടുക്കുന്നതിനെതിരായുള്ള നിരോധന ഉത്തരവ്

(ആർഡർ 21,ചട്ടം 79)

(ശീർഷകം)

.... .............. ...... ..................................നും

.......................................... ............നും

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടെ നടത്തലിലെ പരസ്യ വില്പനയിൽ.... .... .........................., നിങ്ങളിൽ നിന്ന് നിങ്ങൾ .................... ന് കിട്ടാനുള്ള കടങ്ങൾ ആയ .......... .............................. ൻെറ ക്രേതാവ് ആയിത്തീർന്നിട്ടുള്ളതിനാൽ; മുൻപറഞ്ഞ കടം തിരിയെ വാങ്ങുന്നതിൽനിന്ന് ............. ...................... ......... ആയ നിങ്ങളും മുൻപറഞ്ഞ .................... നൊഴികെ ഏതെങ്കിലും ആൾക്കോ ആളുകൾക്കോ തിരിയെ കൊടുക്കുന്നതിൽനിന്ന് .................. ആയ നിങ്ങളും നിരോധിക്കപ്പെടണമെന്നും ഇതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നുവെന്നും ഉത്തരവു ചെയ്യുന്നു.

19 ........................ മാസം .......... .....തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 34

## നടത്തലിൽ വിററ ഓഹരികളുടെ കൈമാററത്തിന് എതിരായുള്ള നിരോധന ഉത്തരവ്

(ആർഡർ 21, ചട്ടം 79)

( ശീർഷകം )

................. നും, ........ ....... ഏകാംഗ യോഗത്തിൻെറ സെക്രട്ടറി ................................................... നും

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയുടെ നടത്തലിലെ പരസ്യ വില്പനയിൽ .......................... ...., മുകളിൽ പറഞ്ഞ ഏകാംഗയോഗത്തിൻെറ ചില ഓഹരികളുടെ, അതായത്, നിങ്ങൾ ...... ...... ൻെറ പേരിൽ നില്ക്കുന്ന ................................ ടെ, ക്രേതാവ് ആയിത്തീർന്നിട്ടുള്ളതിനാൽ, മുൻപറഞ്ഞ ഓഹരികൾ മുൻപറഞ്ഞ ക്രേതാവായ ........ ........ .. .......... ഒഴികെയുള്ള ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും വിധത്തിൽ കൈമാററം ചെയ്യുകയോ അതിൻമേലുള്ള ഏതെങ്കിലും ലാഭവീതങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിൽ നിന്ന് ............. ആയ നിങ്ങളും മുൻപറഞ്ഞ ക്രേതാവ് ഒഴികെയുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും കൈമാററം അനുവദിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും പണം കൊടുക്കുകയോ ചെയ്യുന്നതിൽ നിന്ന് ഏകാംഗയോഗത്തിൻെറ സെക്രട്ടറി .................. ആയ നിങ്ങളും, നിരോധിക്കപ്പെടണം എന്നും ഇതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നു എന്നും ഉത്തരവ് ചെയ്യുന്നു.

19 ..................... മാസം .................. -ാം തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 35

## വിധിക്കടക്കാരന്, അയാളെ, വസ്തു പണയം കൊടുക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ വില്ക്കാനോ പ്രാധികാരപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കററ്

(ആർഡർ 21, ചട്ടം 83)
(ശീർഷകം)

മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ പാസ്സാക്കിയ വിധിയുടെ നടത്തലിൽ വിധിക്കടക്കാരനായ ................ ൻെറ താഴെ പറയുന്ന വസ്തുവിൻെറ വില്പനയ്ക്ക്, 19 .................... മാസം ............... തീയതി ഉത്തരവ് പുറപ്പെടുവിച്ചതിനാലും, കോടതി മുൻപറഞ്ഞ വിധിക്കടക്കാരൻെറ അപേക്ഷയിൻമേൽ, വിധിസംഖ്യ മുൻപറഞ്ഞ വസ്തുവിൻേറയോ അതിൻെറ ഭാഗത്തിൻേറയോ പണയമോ പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടോ സ്വകാര്യവില്പനയോ വഴി, ഉണ്ടാക്കാൻ അയാൾക്ക് കഴിവുണ്ടാക്കാനായി മുൻപറഞ്ഞ വില്പന നീട്ടിവച്ചിട്ടുള്ളതിനാലും,

നിർദ്ദിഷ്ടമായ പണയമോ പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടോ വില്പനയോ ഈ സർട്ടിഫിക്കററിൻെറ തീയതി മുതൽ............... ത്തെ കാലാവധിക്കുള്ളിൽ നടത്താനായി കോടതി മുൻപറഞ്ഞ വിധിക്കടക്കാരനെ ഇതിനാൽ പ്രാധികാരപ്പെടുത്തുന്നുവെന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു; എന്നാൽ, അങ്ങനെയുള്ള പണയത്തിനോ പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാടിനോ, വില്പനയ്ക്കോ കീഴിൽ കൊടുക്കേണ്ട എല്ലാ പണവും, ഈ കോടതിയിൽ ഒടുക്കേണ്ടതും, വിധിക്കടക്കാരന് കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

വസ്തുവിൻെറ വിവരണം

19 .................... മാസം ................ ാം തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 36

## വില്പന ദുർബ്ബലപ്പെടുത്താതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്

(ആർഡർ 21, ചട്ടങ്ങൾ 90, 92)
(ശീർഷകം)

...........................................................ന്.

താഴെ പ്രസ്താവിക്കുന്ന വസ്തു മുകളിൽ പേരു പറഞ്ഞ വ്യവഹാരത്തിൽ

പാസ്സാക്കിയ വിധിയുടെ നടത്തലിൽ 19 ........ മാസം..........ാം തീയതി വിററതിനാലും, വിധിയുടമ (അല്ലെങ്കിൽ വിധിക്കടക്കാരൻ) ആയ...... മുൻപറഞ്ഞ വസ്തുവിൻെറ വില്പന, വില്പന പ്രസിദ്ധപ്പെടുത്തിയതിലെ (അല്ലെങ്കിൽ നടത്തിയതിലെ) സാരമായ ക്രമക്കേടിൻെറ (അല്ലെങ്കിൽ വഞ്ചനയുടെ) ......... എന്ന കാരണത്തിൻമേൽ, അതായത് ദുർബ്ബലപ്പെടുത്താൻ ഈ കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാലും,

മുൻപറഞ്ഞ അപേക്ഷ അനുവദിക്കാതിരിക്കാൻ ഏതെങ്കിലും കാരണം കാണിക്കാനുണ്ടെങ്കിൽ, നിങ്ങൾ, നിങ്ങളുടെ തെളിവുകളോടുകൂടി, 19 .......മാസം.... തീയതി, ഈ കോടതിയിൽ ഹാജരാകണമെന്നും, അപ്പോൾ മുൻപറഞ്ഞ അപേക്ഷ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്നതാണെന്നും നോട്ടീസ് തരുന്നു.

19 ............... മാസം..........ാം തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

വസ്തുവിൻെറ വിവരണം

ജഡ്ജി.

നമ്പർ 37

## വില്പന ദുർബ്ബലപ്പെടുത്താതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ്

(ആർഡർ 21 ചട്ടം 91, 92)

(ശീർഷകം)

............................................................ന്,

മുകളിൽ പേരുപറഞ്ഞ വ്യവഹാരത്തിൽ പാസ്സാക്കിയ വിധിയുടെ നടത്തലിൽ 19 ........ മാസം ........-ാം തീയതി വിററ താഴെ പറയുന്ന വസ്തുവിൻെറ ക്രേതാവായ ........ മുൻപറഞ്ഞ വസ്തുവിൻെറ വില്പന വിധിക്കടക്കാരന്, ആ വസ്തുവിൽ വില്ക്കപ്പെടാവുന്ന അവകാശം ഉണ്ടായിരുന്നില്ല എന്ന കാരണത്തിൻമേൽ ദുർബ്ബലപ്പെടുത്തണമെന്ന് ഈ കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാൽ ;

മുൻപറഞ്ഞ അപേക്ഷ അനുവദിക്കാതിരിക്കാൻ നിങ്ങൾക്ക് ഏതെങ്കിലും കാരണം കാണിക്കാനുണ്ടെങ്കിൽ, നിങ്ങൾ നിങ്ങളുടെ തെളിവുകളോടുകൂടി ..........19........ മാസം...... തീയതി ഈ കോടതിയിൽ ഹാജരാകണമെന്നും, അപ്പോൾ മുൻപറഞ്ഞ അപേക്ഷ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്നതാണെന്നും നോട്ടീസ് തരുന്നു.

19.......... മാസം .......... തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നൽകപ്പെട്ടു.

വസ്തു വിവരം

ജഡ്ജി.

നമ്പർ 38

## ഭൂമി വില്പനയുടെ സർട്ടിഫിക്കററ്

(ആർഡർ 21, ചട്ടം 94)
(ശീർഷകം)

........ഈ വ്യവഹാരത്തിലെ വിധിയുടെ നടത്തലിലെ പരസ്യലേലം വഴിയുള്ള 19 ...... മാസം ..... തീയതിയിലെ വില്പനയിൽ.......ൻെറ ക്രേതാവായി പ്രഖ്യാപിക്കപ്പെടുകയും മുൻപറഞ്ഞ വില്പന ഈ കോടതി മുറപ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നുവെന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

19......മാസം......തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 39

## നടത്തലിലെ വില്പനയിലെ ഭൂമിയുടെ സർട്ടിഫൈ ചെയ്യപ്പെട്ട ക്രേതാവിന് ഡെലിവർ ചെയ്യാനുള്ള ഉത്തരവ്

(ആർഡർ 21, ചട്ടം 95)
(ശീർഷകം)

കോടതിയിലെ ബയിലിഫിന്.

................, 19 ............... ലെ .......... നമ്പർ വ്യവഹാരത്തിലെ, വിധിയുടെ നടത്തലിലെ വില്പനയിൽ ........ ൻെറ സർട്ടിഫൈ ചെയ്യപ്പെട്ട ക്രേതാവായിരുന്നിട്ടുള്ളതിനാൽ; അതു മേൽ പ്രസ്താവിച്ചപ്രകാരമുള്ളസർട്ടിഫൈ ചെയ്യപ്പെട്ട ക്രേതാവായ മുൻപറഞ്ഞ ...............ന് കൈവശം കൊടുക്കാൻ നിങ്ങളോട് ഇതിനാൽ ഉത്തരവു ചെയ്യുന്നു.

19.........................മാസം.............തീയതിയായ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും, കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 40

## ഹാജരാകാനും വിധി നടത്തൽ തടസ്സപ്പെടുത്തിയ ചാർജ്ജിന് ഉത്തരം പറയാനുമുള്ള സമൺസ്

(ആർഡർ 21, ചട്ടം 97)

(ശീർഷകം)

..........................................................................ന്

.......................................................................... കൈവശത്തിനുള്ള വാറൻറ് നടത്താൻ ചാർജ്ജ് ഏല്പിക്കപ്പെട്ട ഉദ്യോഗസ്ഥനെ നിങ്ങൾ ചെറുത്തിട്ടുണ്ടെന്ന്, (അല്ലെങ്കിൽ തടസ്സപ്പെടുത്തിയിട്ടുണ്ടെന്ന്) മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധി ഉടമയായ........................ഈ കോടതിയോട് പരാതിപ്പെട്ടിട്ടുള്ളതിനാൽ ;

മുൻപറഞ്ഞ പരാതിക്ക്, ഉത്തരം പറയാനായി 19............................മാസം...............തീയതി ഉച്ചയ്ക്ക് മുൻപ്..........മണിക്ക് ഈ കോടതിയിൽ ഹാജരാകാൻ നിങ്ങൾ ഇതിനാൽ സമൺ ചെയ്യപ്പെടുന്നു.

19..................മാസം..............തീയതിയായ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 41

## കമിററ് ചെയ്യുന്ന വാറൻറ്

(ആർഡർ 21, ചട്ടം 98)

(ശീർഷകം)

..................................ലെ ജയിലിൻെറ ചർജ്ജുള്ള ഉദ്യോഗസ്ഥന്

താഴെ പറയുന്ന വസ്തു ഈ വ്യവഹാരത്തിലെ വാദിയായ............ന് വിധിച്ചുകൊടുത്തിട്ടുള്ളതിനാലും,.................ന്യായമായ യാതൊരു കാരണവും കൂടാതെ വസ്തു കൈവശം ലഭിക്കുന്നതിൽ മുൻപറഞ്ഞ.............നെ ചെറുത്തു എന്നും, (അല്ലെങ്കിൽ തടസ്സപ്പെടുത്തി എന്നും) ഇപ്പോഴും ചെറുത്തുകൊണ്ടിരിക്കുന്നു എന്നും (അല്ലെങ്കിൽ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നും) കോടതിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും മുൻപറഞ്ഞ..............നെ സിവിൽ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യണമെന്ന് മുൻപറഞ്ഞ............ഈ കോടതിക്ക് അപേക്ഷകൊടുത്തിട്ടുള്ളതിനാലും ;

മുൻപറഞ്ഞ..............നെ സിവിൽ കാരാഗൃഹത്തിലേയ്ക്ക് ഏററുവാങ്ങാനും അയാളെ അതിനുള്ളിൽ............ദിവസത്തെ കാലാവധി തടവിൽ സൂക്ഷിക്കാനും നിങ്ങളോടു ഇതിനാൽ ആജ്ഞാപിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു.

19........................മാസം..................ാം തീയതിആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 42

## ഭൂമിയുടെ പരസ്യവില്പന നിറുത്തിവയ്ക്കാൻ കളക്ടർക്കുള്ള അധികാരം

(വകുപ്പ് 72)

(ശീർഷകം)

..................................ലെ കളക്ററായ...............ന്
ശ്രീമൻ,

ഈ വ്യവഹാരത്തിലെ വിധിയുടെ നടത്തലിൽ നിങ്ങളുടെ ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന .............ഭൂമിയുടെ വില്പന ആക്ഷേപമുള്ളതാണെന്ന് ധരിപ്പിച്ചുകൊണ്ടുള്ള താങ്കളുടെ.................തീയതിയിലെ ................നമ്പർ അറിയിപ്പിന് മറുപടിയായി, താങ്കൾ ശിപാർശ ചെയ്ത രീതിയിൽ മുൻപറഞ്ഞ വിധിയുടെ കാര്യം തീർക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ താങ്കളെ പ്രാധികാരപ്പെടുത്തിയിരിക്കുന്നു എന്ന് താങ്കളെ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ജഡ്ജി.

## അനുബന്ധം ച

## അനുപൂരക നടപടികൾ

നമ്പർ 1

## വിധിന്യായത്തിനു മുൻപുള്ള അറസ്ററിൻെറ വാറൻറ്

(ആർഡർ 38, ചട്ടം 1)

(ശീർഷകം)

കോടതിയിലെ ബെയിലിഫിന്,
മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വാദിയായ.......................

| | | |
|---|---|---|
| മുതൽ | | |
| പലിശ | | |
| കോടതിച്ചെലവ് | | |
| ആകെ | | |

മാർജിനിൽ കുറിച്ച പ്രകാരം..........രൂപ അവകാശപ്പെടുകയും പ്രതിയായ ..............ൻ പോവുകയാണെന്നു വിശ്വസിക്കാൻ സംഭാവ്യമായ കാരണമുള്ളതായി കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിച്ചിരിക്കുകയും ചെയ്യുന്നതിനാൽ; വാദിയുടെ അവകാശവാദത്തിൻെറ കാര്യം തീർക്കാൻ മതിയായ നിലയിൽ........രൂപ മുൻപറഞ്ഞ ........നോട് ആവശ്യപ്പെടുകയും, അയാളിൽ നിന്നുവാങ്ങിക്കുകയും ചെയ്യാനും ; മുൻപറഞ്ഞ........രൂപ ഉടനടി മുൻപറഞ്ഞ........ഓ അയാൾക്കുവേണ്ടിയോന്നിങ്ങളെ ഏല്പിക്കാത്ത പക്ഷം

മുൻപറഞ്ഞ...... കസ്റ്ററഡിയിൽ എടുക്കാനും, മുൻപറഞ്ഞ വ്യവഹാര പൂർണ്ണമായും അന്തിമമായും തീർച്ചചെയ്യപ്പെടുന്ന സമയംവരേയും, വ്യവഹാത്തിൽ അയാംക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ കാര്യം തീരുന്നതുവരേയും, കോടതിമുൻപാകെ, അയാം നേരിട്ടു ഹാജരാകുന്നതിന്...........രൂപയ്ക്ക് ജാമ്യം നല്കാതിരിക്കാൻ കാരണം കാണിക്കുന്നതിനുവേണ്ടി അയാളെ കോടതിമുൻപാകെ കൊണ്ടുവരാനും നിങ്ങളോട് ഇതിനാൽ ആജ്ഞാപിക്കുന്നു.

19..................മാസം............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയ്യൊപ്പും കോർട്ടുമുദ്രയും വച്ച് നല്കപ്പെട്ടു.

ജഡ്ജി.

...... ..........

നംബർ 2

## വിധിന്യായത്തിനുമുൻപ് അറസ്ററ് ചെയ്യപ്പെട്ട പ്രതി ഹാജരാകുന്നതിനുള്ള ജാമ്യം

(ആർഡർ 38, ചട്ടം 2)

(ശീർഷകം)

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വാദിയായ..............ൻെറ അർത്ഥനയിൻമേൽ പ്രതി ............അറസ്ററ് ചെയ്യപ്പെടുകയും കോടതി മുൻപാകെ കൊണ്ടുവരപ്പെടുകയും :

മുൻപറഞ്ഞ പ്രതി, താൻ ഹാജരാകുന്നതിന് ജാമ്യം നല്കാതിരിക്കാൻ കാരണം കാണിക്കാതിരുന്നതിൻമേൽ കോടതി അങ്ങനെയുള്ള ജാമ്യം നല്കാൻ അയാളോട് ഉത്തരവുചെയ്യുകയും ,

ചെയ്തിരിക്കുന്നതിനാൽ, മുൻപറഞ്ഞ പ്രതി, വ്യവഹാരം നിലവിലിരിക്കുമ്പോഴും, മുൻപറഞ്ഞ വ്യവഹാരത്തിൽ തനിക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ കാര്യം തീരുന്നതുവരേയും, ആവശ്യപ്പെടുമ്പോം ഏതുസമയത്തും, ഹാജരാകുമെന്നുള്ളതിന് ഞാൻ സ്വേച്ഛയാ ജാമ്യക്കാരനായിട്ടുള്ളതും, മുൻപറഞ്ഞ കോടതിയോട് ഇതിനാൽ, തന്നെത്തന്നെയും എൻെറ അനന്തരാവകാശികളേയും എക്സിക്യൂട്ടർമാരേയും ബാദ്ധ്യതപ്പെടുത്തുന്നതും ; അങ്ങനെ ഹാജരാകാതിരുന്നാൽ, മുൻപറഞ്ഞ വ്യവഹാരത്തിൽ മുൻപറഞ്ഞ പ്രതിക്കെതിരായി വിധിച്ചേക്കാവുന്ന ഏതെങ്കിലും പണത്തുക മുൻപറഞ്ഞ കോടതിക്ക് അതിൻെറ ഉത്തരവിൻമേൽ കൊടുക്കുന്നതിന് ഞാൻ എന്നെത്തന്നെയും എൻെറ അനന്തരാവകാശികളേയും എക്സിക്യൂട്ടർമാരേയും ബാദ്ധ്യതപ്പെടുത്തുന്നതും ആകുന്നു.

19.................മാസം............തീയതി ആയ ഇന്നേദിവസം എൻെറ കൈയൊപ്പു വച്ചിരിക്കുന്നു.

(ഒപ്പ്)

സാക്ഷികം

1. ......................
2. ......................

നംബർ 3

## വിമോചിപ്പിക്കപ്പെടുന്നതിനുള്ള ജാമ്യക്കാരന്റെ അപേക്ഷയിൻമേൽ, ഹാജരാകാൻ പ്രതിക്കുള്ള സമൺസ്

(ആർഡർ 38, ചട്ടം 3)

(ശീർഷകം)

.........................................ന്,

മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ നിങ്ങൾ ഹാജരാകുന്നതിന് 19.................... മാസം............ തീയതി ജാമ്യക്കാരനായിട്ടുള്ള............., അയാളുടെ കടപ്പാടിൽനിന്നു വിമോചിക്കപ്പെടാൻ ഈ കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാൽ ;

19..................മാസം........................തീയതി ഉച്ചയ്ക്കു മുൻപ്.........മണിക്കു ഈ കോടതിയിൽ നേരിട്ടു ഹാജരാകാൻ നിങ്ങളെ ഇതിനാൽ സമൺ ചെയ്യുന്നതും, അപ്പോൾ മുൻപറഞ്ഞ അപേക്ഷ കേൾക്കുകയും തീർപ്പിക്കുകയും ചെയ്യുന്നതും ആകുന്നു.

19......................മാസം...........തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 4

## കമ്മിററ് ചെയ്യുന്നതിനുള്ള ഉത്തരവ്

(ആർഡർ 38, ചട്ടം 4)

(ശീർഷകം)

................................................ന്.

ഈ വ്യവഹാരത്തിൽ തനിക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിനേരിടാൻ പ്രതിയായ.................ഹാജരാകുന്നതിന് ജാമ്യം വാങ്ങണമെന്ന് ഈ വ്യവഹാരത്തിലെ വാദിയായ.............. കോടതിക്ക് അപേക്ഷ കൊടുത്തിട്ടുള്ളതിനാലും; അങ്ങനെയുള്ള ജാമ്യം നൽകുകയോ, അല്ലെങ്കിൽ ജാമ്യത്തിനുപകരം മതിയായ നിക്ഷേപം ആഫർ ചെയ്യുകയോ ചെയ്യാൻ കോടതി പ്രതിയോടു ആവശ്യപ്പെടുകയും, അയാൾ അത് ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളതിനാലും ; മുൻപറഞ്ഞ പ്രതിയായ....................വ്യവഹാരത്തിന്റെ തീരുമാനംവരേയോ ; അല്ലെങ്കിൽ, അയാൾക്ക് എതിരായി വിധി പ്രസ്താവിക്കുന്നുവെങ്കിൽ വിധിയുടെ കാര്യം തിരുന്നതുവരേയോ, സിവിൽ കാരാഗൃഹത്തിലേയ്ക്കു കമ്മിററ് ചെയ്യപ്പെടണമെന്ന് ഇതിനാൽ ഉത്തരവ് ചെയ്യുന്നു.

19 ......................മാസം..................തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

## നമ്പർ 5

## വിധിന്യായത്തിനു മുമ്പുള്ള ജപ്തി

വിധിയുടെ ബാദ്ധ്യത നിറവേററുന്നതിന് ജാമ്യം
ആവശ്യപ്പെടുന്നതിനുള്ള ഉത്തരവു സഹിതം

(ആർഡർ 38, ചട്ടം 5)

(ശീർഷകം)

കോടതിയിലെ ബെയിലിഫിന്,

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ പ്രതി,..................എന്നു കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം..................തെളിയിച്ചിരിക്കുകയാൽ ;

മുൻപറഞ്ഞ പ്രതിയായ......................നോട് .......... ...........ഓ അതിന്റെ മൂല്യമോ, മൂല്യത്തിന്റെ, അയാൾക്കെതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ കാര്യം തീർക്കാൻ മതിയായത്ര ഭാഗമോ, അതിന്റെ വിലയുടെ അങ്ങനെയുള്ള ഭാഗമോ, ഈ കോടതി ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും, ഈ കോടതിക്ക്, അതു സംബന്ധിച്ച് ഇഷ്ടംപോലെ ചെയ്യാവുന്നവിധം വയ്ക്കുകയും ചെയ്യുന്നതിന്.........................രൂപയ്ക്ക് നൽകുകയോ അല്ലെങ്കിൽ ഹാജരാകുകയും ജാമ്യം നൽകാതിരിക്കാൻ കാരണം കാണിക്കുകയും ചെയ്യുകയോ ചെയ്യുന്നതിന് ഇയാളോട് 19.... ...........മാസം............ തീയതിയോ അതിനുമുമ്പോ ആവശ്യപ്പെടണമെന്ന് നിങ്ങളോട് ഇതിനാൽ ആജ്ഞാപിക്കുന്നതും ; മുൻപറഞ്ഞ......................ജപ്തി ചെയ്യുകയും കോടതിയുടെ കൂടുതൽ ഉത്തരവുവരെ, അത് സുരക്ഷിതവും ഭദ്രവുമായ സൂക്ഷിപ്പിൽ വയ്ക്കുകയും ചെയ്യാൻ നിങ്ങളോട്. കൂടുതലായി ഉത്തരവു ചെയ്യുന്നതും; ഈ വാറന്റ് അത് നടത്തിയ തീയതിയും രീതിയും, അല്ലെങ്കിൽ അത് നടത്തിയിട്ടില്ലാത്തതിന്റെ കാരണം സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെന്റ് സഹിതം 19.................. മാസം........ ...............തീയതിയോ അതിനുമുമ്പോ, മടക്കണമെന്ന് നിങ്ങളോടു കൂടുതലായി ആജ്ഞാപിക്കുന്നതും ആകുന്നു.

19 ..........................മാസം.................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

## നമ്പർ 6

## വസ്തു ഹാജരാക്കുന്നതിനുള്ള ജാമ്യം

(ആർഡർ 38,ചട്ടം 5)

(ശീർഷകം)

ഇതിനോടു അനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തു ഹാജരാക്കുകയും കോടതിക്കു അതു സംബന്ധിച്ച് ഇഷ്ടംപോലെ ചെയ്യാവുന്നവിധം വയ്ക്കുകയും ചെയ്യുന്നതിന്................. .....രൂപയ്ക്കു ജാമ്യം നൽകാൻ മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വാദിയായ ....................ന്റെ അർത്ഥനയിൻമേൽ, കോടതി പ്രതിയായ

...........................നോട് നിദേശിച്ചിട്ടുള്ളതിനാൽ ; മുൻപറഞ്ഞ പ്രതി മുൻപറഞ്ഞ പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തുവോ അതിന്റെ മൂല്യമോ മൂല്യത്തിന്റെ വിധികാര്യം തീർക്കാൻ മതിയായത്ര ഭാഗമോ ആവശ്യപ്പെടുമ്പോഴം ഹാജരാക്കുകയും, കോടതിക്ക്, അത് സംബന്ധിച്ച് ഇഷ്ടമുള്ളതു ചെയ്യാവുന്നവിധം വയ്ക്കുകയും ചെയ്യുമെന്നുള്ളതിന്,............... .. ..........ആയ ഞാൻ സ്വേച്ഛയാ ജാമ്യക്കാരനായിട്ടുള്ളതും, മുൻപറഞ്ഞകോടതിയോട്, ഇതിനാൽ എന്നെത്തന്നെയും എന്റെ അനന്തരാവകാശികളേയും എക്സിക്യൂട്ടർമാരേയും ബാദ്ധ്യതപ്പെടുത്തുന്നതും; അയാഠം അപ്രകാരം ചെയ്യാതിരുന്നാൽ മുൻപറഞ്ഞ...........................രൂപയോ അല്ലെങ്കിൽ, മുൻപറഞ്ഞ കോടതി വിധിക്കുന്നതും മുൻപറഞ്ഞ തുകയിൽ കവിയാത്തതുമായ തുകയോ മുൻപറഞ്ഞ കോടതിക്കു അതിന്റെ ഉത്തരവിൻമേൽ കൊടുക്കുന്നതിന് ഞാൻ എന്നെത്തന്നെയും എന്റെ അനന്തരാവകാശികളേയും എക്സിക്യൂട്ടർമാരേയും ബാദ്ധ്യതപ്പെടുത്തുന്നതുമാകുന്നു.

പട്ടിക

19...........................മാസം...................തീയതി ആയ ഇന്നേദിവസം എന്റെ കൈയൊപ്പു വച്ചിരിക്കുന്നു.
സാക്ഷികഠം 1 ............ ....2...............

(ഒപ്പ്)

നമ്പർ 7

## ജാമ്യം നല്കാതിരുന്നതു തെളിയിക്കുന്നതിൻമേൽ വിധിന്യായത്തിനുമുമ്പുള്ള

### ജപ്തി

(ആർഡർ 38, ചട്ടം 6)

(ശീർഷകം)

കോടതിയിലെ ബെയിലിഫിന്,

ഈ വ്യവഹാരത്തിൽ തനിക്ക് എതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ ബാദ്ധ്യത തീർക്കുന്നതിന് ജാമ്യം നൽകാൻ പ്രതിയായ.........................നോട് ആവശ്യപ്പെടണമെന്ന് വ്യവഹാരത്തിലെ വാദിയായ....................., കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാലും, മുൻപറഞ്ഞ.................. ......നോട് അങ്ങനെയുള്ള ജാമ്യം നൽകാൻ കോടതി ആവശ്യപ്പെടുകയും, അയാഠം അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളതിനാലും; മുൻപറഞ്ഞ..............ന്റെ വസ്തുവായ................ജപ്തി ചെയ്യുകയും കോടതിയുടെ കൂടുതൽ ഉത്തരവുവരെ, അത് സുരക്ഷിതവും ഭദ്രവുമായ സൂക്ഷിപ്പിൽ വയ്ക്കുകയും ചെയ്യാൻ നിങ്ങളോടു ഇതിനാൽ ആജ്ഞാപിക്കുന്നതും; ഈ വാറന്റ് അത് നടത്തിയ തീയതിയും രീതിയും, അല്ലെങ്കിൽ അത് നടത്തിയിട്ടില്ലാത്തതിന്റെ കാരണം സർട്ടിഫൈ ചെയ്യുന്ന ഒരു എൻഡോഴ്സ്മെന്റ് സഹിതം 19.....................മാസം............... തീയതിയോ അതിനുമുമ്പോ മടക്കണമെന്നു നിങ്ങളോട് ഇതിനാൽ കൂടുതൽ ആജ്ഞാപിക്കുന്നതും ആണ്.

19.................................മാസം........................ തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 8

## താൽക്കാലിക ഇൻജംക്ഷനുകൾ

(ആർഡർ 39, ചട്ടം 1)

(ശീർഷകം)

വാദി ക. ഖ യുടെ പ്ലീഡർ [അല്ലെങ്കിൽ കൗൺസൽ] ആയ........ കോടതി മുമ്പാകെ......... .......... ..ചെയ്ത അർത്ഥനയിൻമേലും ഈ വിഷയത്തിൽ [ഇന്നേദിവസം] ഫയൽ ചെയ്തിട്ടുളള മുൻപറഞ്ഞ വാദിയുടെ ഹർജി, [അല്ലെങ്കിൽ ഈ വ്യവഹാരത്തിൽ............... മാസം.........................തീയതി ഫയൽ ചെയ്തിട്ടുളള മുൻപറഞ്ഞ വാദിയുടെ പത്രിക] വായിച്ചതിൻമേലും ; അതിന് താങ്ങായി..... ..... ..........ൻേറയും.......................... .............ൻേറയും തെളിവ് [നോട്ടീസ്സിന് ശേഷം മാത്രമായിരിക്കുകയും, പ്രതി ഹാജരാകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, "ഈ അർത്ഥനയെക്കുറിച്ചുളള നോട്ടീസ്, പ്രതി ഗ. ഘ യ്ക്കു നടത്തിയതിനെക്കുറിച്ചുളള............. ൻെറ തെളിവും" എന്ന് കൂട്ടിച്ചേർക്കുക] കേട്ടതിൻമേലും വാദിയുടെ മുൻ പറഞ്ഞ വ്യവഹാരത്തിലെ അന്യായത്തിൽ പറയുന്നതും [അല്ലെങ്കിൽ വാദി യുടെ പത്രികയിലും അല്ലെങ്കിൽ ഹർജിയിലും ഈ അർത്ഥനയുടെ ഹിയറിങ്ങിലെ തെളിവിലും പറയുന്നതും] ..................... താലൂക്കിൽ ഹിന്ദുപൂരിൽ, ഓയിൽ മോംഗെഴ്സ് സ്ട്രീററിൽ 9-ാം നമ്പർ ആയിട്ടുളളതുമായ ഭവനം ഇടിച്ചുകളയുകയോ ഇടിച്ചുകളയാൻ അനുവദിക്കുകയോ ചെയ്യുന്നതിൽനിന്നും, മുൻപറഞ്ഞ ഭവനം ഉണ്ടാക്കിയത് ഏത് സാധനങ്ങൾ കൊണ്ടാണോ, ആ സാധനങ്ങൾ വില്ക്കുന്നതിൽനിന്നും പ്രതി ഗ. ഘ യേയും അയാളുടെ ഭൃത്യരേയും ഏജൻറുമാരേയും പണിക്കാരേയും ഈ വ്യവഹാരം കേൾക്കുന്നതുവരേയോ ഈ കോടതിയുടെ കൂടുതൽ ഉത്തരവുവരേയോ തടയുന്നതിനുളള ഒരു ഇംൻജംക്ഷൻ നല്കണമെന്ന് ഈ കോടതി ഉത്തരവു ചെയ്യുന്നു.

19 .............................മാസം..................തീയതി

ജഡ്ജി

[ഇൻജംഗ്ഷൻ ആവശ്യപ്പെടുന്നത് ഒരു പ്രോനോട്ടിൻേറയോ വിനിമയ പത്രത്തിൻേറയോ കൈമാററം തടയാനായിരിക്കുന്നിടത്ത്, ഉത്തരവിൻെറ ഉത്തരവു ചെയ്യുന്ന ഭാഗം ഇപ്രകാരമായിരിക്കുന്നതാണ്. ]

വാദിയുടെ അന്യായത്തിലും [അല്ലെങ്കിൽ ഹർജ്ജിയിലും] ഈ അർത്ഥനയിൽ കേട്ട തെളിവിലും പറയുന്നതും ...........................ലേയോ അതിനടുത്തതോ ആയ തീയതിവച്ചിട്ടുളളതും, മുതലായവ ആയ പ്രശ്ന വിഷയമായ പ്രോനോട്ട് [അല്ലെങ്കിൽ വിനിമയപത്രം] തങ്ങളുടെയോ തങ്ങളിൽ ആരുടേയെങ്കിലും കസ്ററഡിയിൽ നിന്നു വേർപെടുത്തുകയോ അല്ലെങ്കിൽ എൻഡോഴ്സ് ചെയ്യുകയോ, തീറുകൊടുക്കുകയോ, കൈമാറുകയോ ചെയ്യുന്നതിൽനിന്ന് പ്രതികളായ......... ...................നേയും........................ നേയും ഈ വ്യവഹാരം കേൾക്കുന്നതുവരേയോ കോടതിയുടെ കൂടുതൽ ഉത്തരവുവരേയോ തടയുന്നതിന്,..........................................................

[പകർപ്പവകാശ കേസുകളിൽ]

.........................................എന്നു പേർ പറയപ്പെടുന്ന പുസ്തകമോ അതിന്റെ ഏതെങ്കിലും ഭാഗമോ, അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ വില്ക്കുകയോ ചെയ്യുന്നതിൽനിന്ന് പ്രതി ഗ. ഘ. യേയും, അയാളുടെ ഭൃത്യൻമാരേയും, ഏജൻറുമാരേയും പണിക്കാരേയും ..................................വരെ തടയുന്നതിന്......................

[ഒരു പുസ്തകത്തിന്റെ ഒരു ഭാഗംമാത്രം തടയേണ്ടിടത്ത്]

പ്രതി പ്രസിദ്ധപ്പെടുത്തിയതായി അന്യായത്തിൽ [അല്ലെങ്കിൽ ഹർജിയിലും........................തെളിവിലും] പറയുന്ന പുസ്തകത്തിന്റെ ഇതിൽ ഇതിനുശേഷം വിനിർദ്ദേശിക്കുന്ന ഭാഗങ്ങൾ, അതായത്, മുൻപറഞ്ഞ പുസ്തകത്തിലെ..................എന്ന ശീർഷകത്തിലുള്ള ഭാഗവും കൂടാതെ......................എന്ന ശീർഷകത്തിലുള്ള ഭാഗവും, [അല്ലെങ്കിൽ.............പേജ് മുതൽ................പേജുവരെ രണ്ടും ഉൾപ്പെടെ പേജുകളിൽ അടങ്ങുന്നത്] അച്ചടിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ, വില്ക്കുകയോ മററുവിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യുന്നതിൽനിന്ന് പ്രതി ഗ. ഘ യേയും, അയാളുടെ ഭൃത്യൻമാരേയും, ഏജൻറുമാരേയും, പണിക്കാരേയും.......................വരെ തടയുന്നതിന് .....................

[പേററൻറ് കേസുകളിൽ]

വാദിയുടെ അന്യായത്തിൽ [അല്ലെങ്കിൽ ഹർജിയിലും.............. അല്ലെങ്കിൽ പത്രികയിലും..................] പറയുന്നതും, വാദികളുടേയോ അവരിലൊരാളുടേയോ വകയായതുമായ കണ്ടുപിടിത്തങ്ങളുടെ തത്ത്വത്തിൻമേൽ, വാദിയുടെ അന്യായത്തിൽ പറയുന്ന പേററൻറുകളുടെ യഥാക്രമമുള്ള കാലാവധികളിൽ ബാക്കിയുള്ള കാലത്ത്, ഏതെങ്കിലും സുഷിരങ്ങളുള്ള ഇഷ്ടികകൾ ഉണ്ടാക്കുകയോ വില്ക്കുകയോ ചെയ്യുന്നതിൽ നിന്നും [അല്ലെങ്കിൽ അതതുസംഗതിപോലെ] ആ കണ്ടുപിടിത്തങ്ങളേയോ അവയിൽ ഏതിനെയെങ്കിലുമോ കപടാനുകരണം നടത്തിയുണ്ടാക്കുകയോ, അനുകരിക്കുകയോ, അതിനു സദൃശമായുണ്ടാക്കുകയോ, അല്ലെങ്കിൽ എന്തെങ്കിലും അതോടുകൂട്ടിച്ചേർക്കുകയോ, അതിൽനിന്നും കുറവുചെയ്യുകയോ ചെയ്യുന്നതിൽനിന്നും, പ്രതി ഗ. ഘ യേയും അയാളുടെ ഏജൻറുമാരേയും- ഭൃത്യൻമാരേയും പണിക്കാരേയും..................................കേൾക്കുന്നതു വരേയോ..........................വരേയോ തടയുന്നതിനു.............................

[വ്യാപാര ചിഹ്നങ്ങൾ സംബന്ധിച്ച കേസുകളിൽ]

വാദിയായ ക. ഖ. നിർമ്മിച്ച ബ്ലാക്കിങ്ങ് ആണെന്നു വിവരിക്കപ്പെടുന്നതോ കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും കൂട്ടോ ബ്ലാക്കിങ്ങോ [അല്ലെങ്കിൽ അതതുസംഗതിപോലെ] വാദിയുടെ അന്യായത്തിൽ [അല്ലെങ്കിൽ ഹർജ്ജിയിലും............] പറയുന്ന ലേബലുകളോ, അല്ലെങ്കിൽ ഏതാണ്ട് ഒരേപോലെ തോന്നിക്കുന്ന അനുകരണംവഴിയോ, മററുവിധത്തിലോ, പ്രതി വില്ക്കുന്ന കൂട്ടോ ബ്ലാക്കിങ്ങോ, വാദി ക. ഖ നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്ന അതേ കൂട്ടോ ബ്ലാക്കിങ്ങോ ആണെന്നു ധരിപ്പിക്കത്തക്കവിധം ഉണ്ടാക്കപ്പെടുന്നതോ പ്രകടിപ്പിക്കപ്പെടുന്നതോ ആയ മററതെങ്കിലും ലേബലുകളോ ഒട്ടിച്ച കുപ്പികളിൽ വില്ക്കുകയോ വില്പനക്ക് വയ്ക്കുകയോ, വില്ക്കാനിടവരുത്തുകയോ ചെയ്യുന്നതിൽ നിന്നും, പ്രതി വില്ക്കുന്നതോ വില്ക്കാൻ നിർദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും കൂട്ടോ ബ്ലാക്കിങ്ങോ വാദി ക. ഖ നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്ന അതേ കൂട്ടോ ബ്ലാക്കിങ്ങോ ആണെന്ന് ധരിപ്പിക്കത്തക്കവിധം ഉണ്ടാക്കപ്പെടുന്നതോ പ്രകടിപ്പിക്കപ്പെടുന്നതോ ആയ വ്യാപാര കാർഡുകൾ ഉപയോഗിക്കുന്നതിൽനിന്നു, പ്രതി ഗ. ഘ യേയും, അയാളുടെ ഭൃത്യൻമാരേയും, ഏജൻറുമാരേയും പണിക്കാരേയും..........................വരെ തടയുന്നതിന്...........

ബിസിനസ്സിൽ ഏതെങ്കിലും തരത്തിൽ ഇടപെടുന്നതിൽ നിന്ന് ഒരു പങ്കാളിയെ തടയുന്നതിന്,

ഖ. ഘ. പങ്കാളിത്ത ഫേമിൻെറ നാമത്തിൽ ഏതെങ്കിലും കാൺട്രാക്ററിൽ ഏർപ്പെടുന്നതിൽ നിന്നും ഏതെങ്കിലും വിനിമയ പത്രമോ പ്രോനോട്ടോ ലിഖിതമായ ഈടോ, പ്രതിഗ്രഹിക്കുകയോ ഡ്രാ ചെയ്യുകയോ എൻഡോഴ്സ് ചെയ്യുകയോ കൈമാറുകയോ ചെയ്യുന്നതിൽ നിന്നും, ഏതെങ്കിലും കടം വാങ്ങുന്നതിൽനിന്നും, ഏതെങ്കിലും സാധനങ്ങൾ വാങ്ങുന്നതിൽനിന്നും വില്ക്കുന്നതിൽനിന്നും, വാക്കാലുള്ളതോ ലിഖിതമോ ആയ ഏതെങ്കിലും വാഗ്ദാനമോ കരാറോ ഏല്ക്കലോ ചെയ്യുകയോ, അതിൽ ഏർപ്പെടുകയോ ചെയ്യുന്നതിൽനിന്നും മുൻപറഞ്ഞ ഖ. ഘ പങ്കാളിത്ത ഫേമിൻെറ നാമത്തിലോ, അതിൻെറ ക്രെഡിററിൻമേലോ ഏതെങ്കിലും കൃത്യമോ അല്ലെങ്കിൽ ഏതിനാലാണോ മുൻപറഞ്ഞ പങ്കാളിത്തഫേം ഏതെങ്കിലും രീതിയിൽ ഏതെങ്കിലും പണംത്തുകയ്ക്കോ പണത്തുക കൊടുക്കുന്നതിന്നോ, അല്ലെങ്കിൽ ഏതെങ്കിലും കാൺട്രാക്ററിൻേറയോ, വാഗ്ദാനത്തിൻെറയോ ഏല്ക്കലിൻേറയോ നിർവ്വഹണത്തിനോ ബാദ്ധ്യസ്ഥമാവുകയോ ബാദ്ധ്യസ്ഥമാക്കപ്പെടുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കൃത്യമോ പ്രതി ഗ, ഖ യേയും അയാളുടെ ഏജൻറുമാരെയും ഭൃത്യൻമാരെയും.............................വരെ തടയുന്നതിന്...................

നമ്പർ 9

## റിസീവറുടെ നിയമനം

(ആർഡർ 40, ചട്ടം 1)

(ശീർഷകം)

.....................ന്

മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ, അനുകൂലമായി 19....മാസം.................തീയതി പാസ്സാക്കിയ വിധിയുടെ നടത്തലിൽ............ ജപ്തി ചെയ്യപ്പെട്ടിരിക്കുകയാൽ; [കോടതിക്ക് ബോദ്ധ്യപ്പെടുന്ന വിധം നിങ്ങൾ ജാമ്യം നല്കുന്നതിന് വിധേയമായി] നിങ്ങൾ സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 40-നു കീഴിൽ, ആ ആർഡറിലെ വ്യവസ്ഥകൾക്കുകീഴിലുള്ള പൂർണ്ണ അധികാരങ്ങളോടുകൂടി മുൻപറഞ്ഞ വസ്തുവിൻെറ റിസീവറായി ഇതിനാൽ നിയമിക്കപ്പെട്ടിരിക്കുന്നു.

മുൻപറഞ്ഞ വസ്തു സംബന്ധിച്ച് നിങ്ങളുടെ വരവുകളുടേയും ചെലവുകളുടേയും മുറപ്രകാരമുള്ളതും ശരിയായതുമായ ഒരു കണക്ക്................ഹാജരാക്കണമെന്ന് നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ വരവുകളിൻമേൽ............ശതമാനം നിരക്കിലുള്ള വേതനത്തിന് നിങ്ങൾക്ക് ഈ നിയമനത്തിൻെറ പ്രാധികാരത്തിൻകീഴിൽ അവകാശമുണ്ടായിരിക്കുന്നതാണ്.

19.....................മാസം.......................തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 10

## റിസീവർ നല്കേണ്ട ബാണ്ട്

(ആർഡർ 40; ചട്ടം 3)

(ശീർഷകം)

..................................ഉം .................................ഉം, ......................ഉം ആയ ഞങ്ങൾ കോടതിയുടെ..............നോട് മുൻപറഞ്ഞതോ അയാളുടെ തത്സമയത്തെ ഔദ്യോഗിക പിൻഗാമിക്കോ കൊടുക്കേണ്ടതായ...... ....രൂപയ്ക്ക്..............കോടതിക്ക് ഞങ്ങൾ കൂട്ടായും വേറ്വേറെ ആയും ബാദ്ധ്യസ്ഥരാകുന്നു എന്നും, ആ പണം കൊടുക്കുന്നതിനു ഈ പ്രമാണംവഴി കൂട്ടായും വെവ്വേറെയായും ഞങ്ങൾ ഞങ്ങളെത്തന്നെയും ഞങ്ങളിൽ ഓരോരുത്തരേയും പൂർണ്ണമായും, ഞങ്ങളുടേയും ഞങ്ങളിൽ ഓരോരുത്തന്റേയും അനന്തരാവകാശികളേയും എക്സിക്യൂട്ടർമാരേയും അഡ്മിനിസ്ട്രേറ്റർമാരേയും ബാദ്ധ്യതപ്പെടുത്തുന്നുവെന്നും ഈ പ്രമാണം വഴി എല്ലാവരേയും അറിയിക്കുന്നു.

19......................മാസം............ ...............തീയതി

ഈ കോടതി മുമ്പാകെ..............നാൽ......ന് എതിരായി........നു വേണ്ടി (ഇവിടെ വ്യവഹാരത്തിന്റെ ഉദ്ദേശ്യം ചേർക്കുക) ഒരു അന്യായം ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതിനാലും;

മുൻപറഞ്ഞ അന്യായത്തിൽ പറഞ്ഞ.... . ......ന്റെ സ്ഥാവര വസ്തുക്കളുടെ വാടകകളും (പാട്ടങ്ങളും) ലാഭങ്ങളും വാങ്ങാനും കിട്ടാനുള്ള ജംഗമവസ്തു കൈവശം വരുത്തുന്നതിനുമായി മുൻപറഞ്ഞ.............. മേല്പറഞ്ഞ കോടതിയുടെ ഉത്തരവു വഴി നിയമിക്കപ്പെട്ടിട്ടുള്ളതിനാലും;

ഈ കടപ്പാടിന്റെ ഉപാധി എന്തെന്നാൽ, മുകളിൽ ബാദ്ധ്യതപ്പെട്ട .... ..........മുൻപറഞ്ഞ.. .............ന്റെ സ്ഥാവര വസ്തുവിന്റെ പാട്ടങ്ങളും (വാടകകളും) ലാഭങ്ങളും വകയായും, ജംഗമവസ്തു സംബന്ധിച്ചും, അപ്രകാരം വാങ്ങുന്ന എല്ലാ തുകയ്ക്കും തുകകൾക്കും ഓരോ തുകയ്ക്കും തുകകൾക്കും മുൻപറഞ്ഞ കോടതി നിശ്ചയിക്കുന്ന കാലാവധികളിൽ, മുറപ്രകാരം കണക്കു പറയുകയും, തന്നിൽനിന്നു കിട്ടാനുള്ളതാണെന്ന് അപ്പോഴപ്പോൾ സർട്ടിഫൈ ചെയ്യുന്ന ബാക്കികൾ, കോടതി നിർദേശിച്ചിട്ടുള്ള പ്രകാരമോ ഇതിനുശേഷം നിർദേശിക്കുന്ന പ്രകാരമോ, മുറപ്രകാരം കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ, ഈ ബാദ്ധ്യത ശൂന്യമായിരിക്കുന്നതാണെന്നും അല്ലാത്തപക്ഷം അത് പൂർണ്ണ പ്രാബല്യത്തിലിരിക്കുന്നതാണെന്നും ഉള്ളതാകുന്നു. മുകളിൽ ബാദ്ധ്യതപ്പെട്ട.............. നാൽ................ന്റെ സാന്നിദ്ധ്യത്തിൽ വച്ച് ഒപ്പിട്ടു നൽകപ്പെട്ടു.

കുറിപ്പ് :—പണം നിക്ഷേപിക്കപ്പെട്ടിട്ടുള്ളപക്ഷം അതിനെക്കുറിച്ചുള്ള മെമ്മോറാണ്ടം ബാണ്ടിന്റെ ഉപാധികളുടെ നിബന്ധനകളെ തുടർന്ന് ഉണ്ടായിരിക്കേണ്ടതാണ്.

# അപ്പീലും റഫറൻസും റിവ്യൂവും

## നമ്പർ 1

## അപ്പീൽ മെമ്മോറാണ്ടം

(ആർഡർ 41 ചട്ടം 1)

(ശീർഷകം)

.........................................................................
മുകളിൽ പേർ പറഞ്ഞ...........................19.....................ലെ നമ്പർ വ്യവഹാരത്തിലെ.................ന്റെ 19................. മാസം ..................തീയതി പാസാക്കിയ വിധിയിൽ നിന്ന്............ലെ ................കോടതിയോട് അപ്പീൽ ചെയ്യുകയും, ഏതുവിധിയിൽ നിന്നാണോ അപ്പീൽ ചെയ്തിട്ടുള്ളത്, ആ വിധിക്കുള്ള താഴെപ്പറയുന്ന ആക്ഷേപ കാരണങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്നു.

അതായത്:—

## നമ്പർ 2

## വിധി നടത്തൽ നിറുത്തിവയ്ക്കാൻ ഉത്തരവു ചെയ്യുന്നതിൻമേൽ നല്കേണ്ട ജാമ്യബാണ്ട്

(ആർഡർ 41, ചട്ടം-5)

(ശീർഷകം)

............................ന്

വിധി നടത്തൽ നിറുത്തിവയ്ക്കുന്നതിൻമേൽ........................ ഒപ്പിട്ടു പൂർത്തീകരിക്കുന്ന ഈ ജാമ്യബാണ്ട് സാക്ഷ്യം വഹിക്കുന്നത്:—

19........................-ലെ.............................നമ്പർ വ്യവഹാരത്തിലെ വാദിയായ...................പ്രതിയായ............... നെതിരായി ഈ കോടതിയിൽ വ്യവഹാരപ്പെടുകയും, 19.................മാസം ..................തീയതി വാദിക്കനുകൂലമായി ഒരു വിധി പാസാക്കപ്പെടുകയും, ആ വിധിക്ക് എതിരായി പ്രതി........................കോടതിയിൽ അപ്പീൽ കൊടുക്കുകയും ചെയ്തിരിക്കുന്നതും, ആ അപ്പീൽ ഇപ്പോഴും നിലവിലിരിക്കുന്നതുമാകുന്നു.

അങ്ങനെയിരിക്കുമ്പോൾ വാദിയായ വിധിയുടമ വിധി നടത്താൻ അപേക്ഷിച്ചിരിക്കെ പ്രതി വിധി നടത്തൽ നിറുത്തിവയ്ക്കാൻ പ്രാർത്ഥിച്ചുകൊണ്ട് അപേക്ഷ കൊടുത്തിട്ടുള്ളതും, അയാളോട് അതിന് ജാമ്യം നൽകാൻ ആവശ്യപ്പെട്ടിട്ടുള്ളതും ആകുന്നു. അതനുസരിച്ച് ഇതോടനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തുക്കൾ പണയപ്പെടുത്തിക്കൊണ്ട് ഞാൻ സ്വമനസ്സാലെ...............രൂപവരെയ്ക്ക് ജാമ്യം നില്ക്കുകയും ആദ്യ കോടതിയുടെ വിധി അപ്പീൽ കോടതി സ്ഥിരപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ മുൻപറഞ്ഞ പ്രതി അപ്പീൽ കോടതിയുടെ വിധിക്കു അനുസൃതമായി മുറപ്രകാരം പ്രവർത്തിക്കുകയും അതിൻകീഴിൽ അയാൾ കൊടുക്കേണ്ടതെന്തും

കൊടുക്കുകയും ചെയ്യുന്നതാണെന്നും അയാഠ അങ്ങനെ ചെയ്യാതിരിക്കുന്നുവെങ്കിൽ അപ്രകാരം കൊടുക്കേണ്ട ഏതെങ്കിലും സംഖ്യ ഇതിനാൽ പണയപ്പെടുത്തുന്ന വസ്തുക്കളിൽനിന്ന് വസൂലാക്കപ്പെടേണ്ടതാണെന്നും, മുൻപറഞ്ഞ വസ്തുക്കാം വിററു കിട്ടുന്നത് കൊടുക്കാനുള്ള സംഖ്യ കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ, ഞാനും എന്റെ നിയമാനുസൃത പ്രതിനിധികളും ബാക്കിക്ക് കൊടുക്കാൻ കൈയാൽ ബാദ്ധ്യസ്ഥരായിരിക്കുമെന്നും ഉടമ്പടി ചെയ്യുകയും ചെയ്യുന്നു.

ഇതിലേയ്ക്ക് 19............................മാസം........തീയതി ആയ ഇന്നേദിവസം ഞാൻ ഈ ജാമ്യബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നു.

പട്ടിക

ഒപ്പ്

സാക്ഷികാം

1.

2.

നമ്പർ 3

## അപ്പീൽ നിലവിലിരിയ്ക്കുന്ന കാലത്തേക്ക് നല്കേണ്ട ജാമ്യബാണ്ട്

(ആർഡർ 41, ചട്ടം 6)

..........................ന്

വിധി നടത്തൽ നിറുത്തിവയ്ക്കുന്നതിൻമേൽ.................ഒപ്പിട്ട് പൂർത്തീകരിക്കുന്ന ഈ ജാമ്യബാണ്ട് സാക്ഷ്യം വഹിക്കുന്നത് :—

19......ലെ നമ്പർ വ്യവഹാരത്തിലെ വാദിയായ............പ്രതിയായ.................ന് എതിരായി ഈ കോടതിയിൽ വ്യവഹാരപ്പെടുകയും, 19......മാസം......തീയതി വാദിക്ക് അനുകൂലമായി ഒരു വിധി പാസാക്കപ്പെടുകയും, ആ വിധിക്കെതിരായി പ്രതി.................കോടതിയിൽ അപ്പീൽ കൊടുക്കുകയും ചെയ്തിരിക്കുന്നതും, ആ അപ്പീൽ ഇപ്പോഴും നിലവിലിരിക്കുന്നതുമാകുന്നു.

അങ്ങനെയിരിക്കെ വാദിയായ വിധി ഉടമ മുൻപറഞ്ഞ വിധിയുടെ നടത്തലിന് അപേക്ഷിക്കുകയും അയാളോട് ജാമ്യം ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. അതനുസരിച്ച് ഇതോടനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തുക്കാം പണയപ്പെടുത്തിക്കൊണ്ട്, ഞാൻ സ്വമനസ്സാലെ.........രൂപ വരെയ്ക്ക് ജാമ്യം നിൽക്കുകയും, ആദ്യകോടതിയുടെ വിധി അപ്പീൽ കോടതി മറിച്ചു വിധിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ, വാദി മുൻപറഞ്ഞ വിധിയുടെ നടത്തലിൽ എടുക്കുന്നതോ എടുത്തിട്ടുള്ളതോ ആയ ഏതെങ്കിലും വസ്തു തിരിയെ കൊടുക്കുകയും, അപ്പീൽ കോടതിയുടെ വിധിക്കനുസൃതമായി മുറപ്രകാരം പ്രവർത്തിക്കുകയും അതിൻകീഴിൽ കൊടുക്കേണ്ട എന്തും കൊടുക്കുകയും ചെയ്യുന്നതാണെന്നു അയാഠ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അപ്രകാരം കൊടുക്കേണ്ട ഏതെങ്കിലും സംഖ്യ.

ഇതിനാൽ പണയപ്പെടുത്തുന്ന വസ്തുക്കളിൽനിന്ന് വസൂലാക്കപ്പെടേണ്ടതാണെന്നും, ആ വസ്തുക്കാം വിററുകിട്ടുന്നത് കൊടുക്കാനുള്ള സംഖ്യ കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ, ഞാനും എന്റെ നിയമാനുസൃത പ്രതിനിധികളും ബാക്കിയുള്ളതു കൊടുക്കാൻ കൈയാൽ ബാദ്ധ്യസ്ഥരായിരിക്കുമെന്നും ഉടമ്പടി ചെയ്യുകയും ചെയ്യുന്നു

ഇതിലേക്ക്  19....................മാസം............തീയതി ആയ ഇന്നേദിവസം ഈ ജാമ്യബാണ്ട് ഞാൻ ഒപ്പിട്ടു പൂർത്തീകരിക്കുന്നു.

പട്ടിക

ഒപ്പ്

സാക്ഷികൾ

1.
2.

നമ്പർ 4

## അപ്പീലിൻെറ കോടതിച്ചെലവിനുള്ള ജാമ്യം

(ആർഡർ 41 ചട്ടം 10)

(ശീർഷകം)

..................................ന്

അപ്പീലിൻെറ കോടതിച്ചെലവിന്..............................ഒപ്പിട്ടു പൂർത്തീകരിക്കുന്ന ഈ ജാമ്യബാണ്ട് സാക്ഷ്യം വഹിക്കുന്നത്: —

19....................ലെ..................നമ്പർ വ്യവഹാരത്തിലെ വിധിയിൽനിന്ന്, അപ്പീൽ പ്രതിക്ക് എതിരായി ഈ അപ്പീൽ വാദി അപ്പീൽ കൊടുത്തിട്ടുള്ളതും, അയാളോട് ജാമ്യം നൽകാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാകുന്നു. അതനുസരിച്ച്, ഇതോട് അനുബന്ധിച്ച പട്ടികയിൽ വിനിർദ്ദേശിക്കുന്ന വസ്തുക്കൾ പണയപ്പെടുത്തിക്കൊണ്ട് ഞാൻ, സ്വമനസ്സാലെ, അപ്പീലിൻെറ കോടതിച്ചെലവിന് ജാമ്യം നിൽക്കുന്നു; മുൻപറഞ്ഞ വസ്തുക്കളോ അവയുടെ ഏതെങ്കിലും ഭാഗമോ ഞാൻ കൈമാററം ചെയ്യുന്നതല്ലാത്തതും, അപ്പീൽ വാദിയുടെ ഭാഗത്ത് ഏതെങ്കിലും വീഴ്ചയുണ്ടാകുന്നതായാൽ അപ്പീലിൻെറ കോടതിച്ചെലവു കൊടുക്കുന്നതു സംബന്ധിച്ച്, എനിക്കെതിരായി പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും ഞാൻ മുറപ്രകാരം നടപ്പാക്കുന്നതുമാണ്. അപ്രകാരം കൊടുക്കേണ്ട ഏതെങ്കിലും സംഖ്യ ഇതിനാൽ പണയപ്പെടുത്തുന്ന വസ്തുക്കളിൽനിന്ന് വസൂലാക്കപ്പെടേണ്ടതും മുൻപറഞ്ഞ വസ്തുക്കൾ വിററുകിട്ടുന്നത് കൊടുക്കാനുള്ള സംഖ്യ കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ ഞാനും എൻെറ നിയമാനുസൃത പ്രതിനിധികളും, ബാക്കിയുള്ളതു കൊടുക്കാൻ കൈയാൽ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

ഇതിലേക്ക് 19..................മാസം..............തീയതിയായ ഇന്നേദിവസം ഞാൻ ഈ ജാമ്യബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നു.

പട്ടിക

ഒപ്പ്

സാക്ഷികൾ:—

1.
2.

നമ്പർ 5

## അപ്പീൽ സ്വീകരിച്ചതിനെക്കുറിച്ച് കീഴ്ക്കോടതിക്കുള്ള അറിയിപ്പ്

(ആർഡർ 41, ചട്ടം 13)

(ശീർഷകം)

.......................................ന്

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ..............................ആയ അതിൽ, 19..........................മാസം..................തീയതി താങ്കൾ പാസാക്കിയ വിധിയിൽനിന്ന് ഈ കോടതിക്ക് അപ്പീൽ കൊടുത്തിട്ടുണ്ടെന്ന് നോട്ടീസ് സ്വീകരിക്കാൻ താങ്കളോട് ഇതിനാൽ നിർദേശിക്കുന്നു.

വ്യവഹാരത്തിലെ പ്രസക്തമായ എല്ലാ കടലാസുകളും, പ്രയോഗികമായിടത്തോളം വേഗത്തിൽ അയച്ചുതരാൻ താങ്കളോട് അപേക്ഷിക്കുന്നു.

19........മാസം തീയതി..........

ജഡ്ജി.

നമ്പർ 6

## അപ്പീൽ കേൾക്കാൻ നിജപ്പെടുത്തിയിട്ടുള്ള ദിവസത്തെക്കുറിച്ച് അപ്പീൽപ്രതിക്കുള്ള നോട്ടീസ്

(ആർഡർ 41, ചട്ടം 14)

(ശീർഷകം)

..........കോടതിയിലെ 19......മാസം..............തീയതിയിലെ .......ൽ നിന്നുള്ള അപ്പീൽ.

അപ്പീൽ പ്രതി....................ന്

ഈ കേസിലെ..........ൻെറവിധിയിൽ നി ന്ന്..............അപ്പീൽ ബോധിപ്പിക്കുകയും അത് ഈ കോടതിയിൽ രജിസ്ററർ ചെയ്യപ്പെടുകയും ചെയിതിട്ടുണ്ടെന്നും.............തീയതി, ഈ അപ്പീൽ കേൾക്കുന്നതിനായി ഈ കോടതി നിജപ്പെടുത്തിയിരിക്കുന്നുവെന്നും നോട്ടീസ് തരുന്നു.

നിങ്ങൾക്കുവേണ്ടി നിങ്ങൾ തന്നെയോ നിങ്ങളുടെ പ്ലീഡറോ അല്ലെങ്കിൽ നിങ്ങൾക്കുവേണ്ടി ഈ അപ്പീലിൽ പ്രവർത്തിക്കാനായി നിയമപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട വല്ലവരുമോ, ഹാജരാകുന്നില്ലെങ്കിൽ, അത് നിങ്ങളുടെ അഭാവത്തിൽ കേൾക്കുകയുംതീരുമാനിക്കുകയും ചെയ്യുന്നതാകുന്നു.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ ജഡ്ജി കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

(കുറിപ്പ് :—വിധി നടത്തൽ നിറുത്തിവയ്ക്കാൻ ഉത്തരവ് ചെയ്തിട്ടുണ്ടെങ്കിൽ, ആ വസ്തുതയെ ഈ നോട്ടീസിൻമേൽ അറിയിപ്പ് നൽകേണ്ടതാണ്.

നമ്പർ 7.

## അപ്പീലിൽ കക്ഷിയാക്കാതിരുന്നതും. എന്നാൽ കോടതി ഒരു അപ്പീൽ പ്രതിയായി ചേർത്തതുമായ, വ്യവഹാര കക്ഷികൾക്കുള്ള നോട്ടീസ്

(ആർഡർ 41, ചട്ടം 20)

(ശീർഷകം)

.............................. .....ന് ........................ കോടതിയിലെ 19......ലെ നമ്പർ വ്യവഹാരത്തിൽ നിങ്ങൾ ഒരു കക്ഷിയായിരുന്നതിനാലും,........................,അയാൾക്കെതിരായി മുൻ പറഞ്ഞ വ്യവഹാരത്തിൽ പാസാക്കിയ വിധിയിൽനിന്ന് ഈ കോടതിയിലേയ്ക്ക് അപ്പീൽ കൊടുത്തിരിക്കുകയും, മുൻപറഞ്ഞ അപ്പീലിൻെറ ഫലത്തിൽ നിങ്ങൾക്ക് താൽപര്യമുണ്ടെന്ന് ഈ കോടതിക്ക് തോന്നുകയും ചെയ്യുന്നതിനാലും,—

ഈ കോടതി മുൻപറഞ്ഞ അപ്പീലിൽ നിങ്ങളെ ഒരു അപ്പീൽ പ്രതിയാക്കാൻ നിദേശിച്ചിരിക്കുകയും അതിൻെറ ഹിയറിങ്, 19......മാസം......തീയതി ......മണിക്ക് നീട്ടിവച്ചിരിക്കുകയും ചെയ്തിരിക്കുന്നു എന്ന് നിങ്ങൾക്ക് ഇതിനാൽ നോട്ടീസ് തരുന്നു. മുൻപറഞ്ഞ ദിവസം മുൻപറഞ്ഞ സമയത്ത് നിങ്ങൾക്കുവേണ്ടി ആരും ഹാജരാകുന്നില്ലെങ്കിൽ, അപ്പീൽ നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ കേൾക്കുകയും, തീരുമാനിക്കുകയും ചെയ്യുന്നതാണ്.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ചു നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 8

## എതിർ ആക്ഷേപ മെമ്മോറാണ്ടം

(ആർഡർ 41, ചട്ടം 22)

(ശീർഷകം)

........................കോടതിയുടെ,................19......ലെ ...........നമ്പർ വ്യവഹാരത്തിലെ 19......മാസം......തീയതിയിലെ വിധിയിൽ നിന്ന്......ലെ.....കോടതിയിലേയ്ക്ക്......അപ്പീൽ കൊടുത്തിരിക്കുകയാലും, അപ്പീലിൻെറ ഹിയറിങ് നിശ്ചപ്പെടുത്തിയ ദിവസത്തെക്കുറിച്ച് ............ന് 19......മാസം......തീയതി നോട്ടീസ് നടത്തിയതിനാലും, സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 41, ചട്ടം 22-ൻ കീഴിൽ ഈ എതിർ ആക്ഷേപ മെമ്മോറാണ്ടം ഫയൽ ചെയ്യുകയും, ഏതുവിധിയിൽ നിന്നാണോ അപ്പീൽ ചെയ്തിട്ടുള്ളത്, ആ വിധിക്കുള്ള താഴെപ്പറയുന്ന ആക്ഷേപ കാരണങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്നു ; അതായത് :—

നമ്പർ 9

## അപ്പീലിലെ വിധി

(ആർഡർ 41, ചട്ടം 35)

(ശീർഷകം)

..............കോടതിയിലെ 19......മാസം..........തീയതിയിലെ വിധിയിൽനിന്നുള്ള 19......ലെ......നമ്പർ അപ്പീൽ മെമ്മോറാണ്ടം

......................വാദി

അഭി

......................പ്രതി

മുകളിൽ പേർ പറഞ്ഞ............മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ 19......മാസം......തീയതിയിലെ വിധിയിൽനിന്ന്........ലെ........ കോടതിയിലേയ്ക്ക് താഴെപ്പറയുന്ന കാരണങ്ങളാൽ അപ്പീൽ ചെയ്യുന്നു ; അതായത് : ......................

അപ്പീൽ 19......മാസം......തീയതി അപ്പീൽ വാദിക്കുവേണ്ടി ......... ..ൻേറയും, അപ്പീൽ പ്രതിക്കുവേണ്ടി.......... .... ൻേറയും സാന്നിദ്ധ്യത്തിൽ,....................മുമ്പാകെ ഹിയറിങ്ങിന് വന്നതിൻമേൽ താഴെ പറയുംപ്രകാരം ഉത്തരവ് ചെയ്യുന്നു—

താഴെ വിവരിച്ച പ്രകാരമുള്ളതും..............രൂപ വരുന്നതുമായ ഈ അപ്പീലിൻെറ കോടതിച്ചെലവ്..........കൊടുക്കേണ്ടതാകുന്നു.

ആദ്യ വ്യവഹാരത്തിൻെറ കോടതിച്ചെലവുകരം.............. ..കൊടുക്കേണ്ടതാകുന്നു.

### അപ്പീലിൻെറ കോടതിച്ചെലവ്

| അപ്പീൽവാദി | തുക<br>രൂ. പൈ. | അപ്പീൽ പ്രതി | തുക<br>രൂ. പൈ. |
|---|---|---|---|
| 1. അപ്പീൽ മെമ്മോറാണ്ടത്തിൻെറ സ്ററാമ്പ് | ...... | അധികാര പത്രത്തിനുള്ള സ്ററാമ്പ് | ....... |
| 2. അധികാരപത്രത്തിനുള്ള സ്ററാമ്പ് | ...... | ഹർജ്ജിക്കുള്ള സ്ററാമ്പ് | ....... |
| 3. പ്രാസസ് നടത്തുന്നതിന് | ...... | പ്രാസസ് നടത്തുന്നതിന് | ....... |
| 4. ........രൂപയിൻമേൽ പ്ലീഡറുടെ ഫീസ് | ...... | ......രൂപയിൻമേൽ പ്ലീഡറുടെ ഫീസ് | ....... |
| ആകെ | | ആകെ | |

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

3/3124/V.

നമ്പർ 10

## നിസ്വരായ ആളുകളാലുള്ള അപ്പീലിനുള്ള അപേക്ഷ

(ആർഡർ 44, ചട്ടം 1)

(ശീർഷകം)

..........മുകളിൽ പേർ പറഞ്ഞ........ ആയ ............ ആയ ഞാൻ മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ വിധിയിൽനിന്ന് ഇതു സഹിതമുള്ള അപ്പീൽ മെമ്മോറാണ്ടം ബോധിപ്പിക്കുകയും നിസ്വനായ ആരം എന്ന നിലയിൽ അപ്പീൽ ചെയ്യാൻ അനുവദിക്കപ്പെടുന്നതിന് അപേക്ഷിക്കുകയും ചെയ്യുന്നു.

എന്റെ വകയായുള്ള എല്ലാ ജംഗമ വസ്തുവിന്റേയും സ്ഥാവര വസ്തുവിന്റേയും, അതിന്റെ മതിപ്പ് വില സഹിതമുള്ള പൂർണ്ണവും സത്യമായതുമായ ഒരു പട്ടിക അനുബന്ധിച്ചിരിക്കുന്നു.

19.. ...മാസം......തീയതി (ഒപ്പ്)

(കുറിപ്പ് :—അപേക്ഷ വാദിയാലുള്ളതായിരിക്കുന്നിടത്ത്, ആദ്യകോടതിയിൽ നിസ്വനായ ആളെന്ന നിലയിൽ വ്യവഹാരപ്പെടാൻ അയാൾ അപേക്ഷിക്കുകയും അനുവദിക്കപ്പെടുകയും ചെയ്തുവോ എന്ന് അയാൾ പ്രസ്താവിക്കേണ്ടതാണ്.)

നമ്പർ 11

## നിസ്വരായ ആളുകളാലുള്ള അപ്പീലിനെക്കുറിച്ചുള്ള നോട്ടീസ്

(ആർഡർ 44, ചട്ടം 1)

(ശീർഷകം)

മുകളിൽ പേർ പറഞ്ഞ................മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ 19......മാസം......തീയതിയിലെ വിധിയിൽനിന്ന് നിസ്വനായ ആരം എന്ന നിലയിൽ അപ്പീൽ ചെയ്യാൻ അനുവാദത്തിന് അപേക്ഷിച്ചിട്ടുള്ളതിനാലും, 19......മാസം......തീയതി, അപേക്ഷയുടെ ഹീയറിങ്ങിനായി നിജപ്പെടുത്തിയിട്ടുള്ളതിനാലും, നിസ്വനായ ആളെന്ന നിലയിൽ അപ്പീൽ ചെയ്യാൻ അപേക്ഷകനെ അനുവദിക്കാതിരിക്കാൻ കാരണം കാണിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യുന്നതിന് മേൽപ്പറഞ്ഞ തീയതി നിങ്ങൾക്ക് അവസരം നൽകുന്നതാണെന്നും ഇതിനാൽ നിങ്ങൾക്ക് നോട്ടീസ് തരുന്നു.

19......മാസം......തീയതി ആയ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

നമ്പർ 12

## സുപ്രീം കോടതിയിലേയ്ക്കുള്ള അപ്പീലിന്റെ സർട്ടിഫിക്കററ് നൽകാതിരിക്കാൻ കാരണം കാണിക്കാൻ നോട്ടീസ്

(ആർഡർ 45, ചട്ടം 3)

(ശീർഷകം)

..........................ന് .......................ന്

..............................................................

(i) കേസ് സാമാന്യപ്രാധാന്യമുള്ള ഒരു സാരവത്തായ നിയമപ്രശ്നം ഉൾക്കൊള്ളുന്നുവെന്നും,

(ii) ഈ കോടതിയുടെ അഭിപ്രായത്തിൽ ആ പ്രശ്നം സുപ്രീം കോടതിയാൽ തീരുമാനിക്കപ്പെടേണ്ടത് ആവശ്യമാണെന്നും ;

ഉള്ള ഒരു സർട്ടിഫിക്കററിന് ഈ കോടതിയോട് അപേക്ഷിച്ചിട്ടുണ്ടെന്ന് നോട്ടീസ് തരുന്നു.

ആവശ്യപ്പെട്ട സർട്ടിഫിക്കററ് കോടതി നൽകാതിരിക്കാൻ നിങ്ങൾ കാരണം കാണിക്കുന്നതിനായി 19......മാസം......തീയതി നിജപ്പെടുത്തിയിരിക്കുന്നു.

19......മാസം......തീയതി ആയ ഇന്നദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

രജിസ്ട്രാർ.

നമ്പർ 13

## സുപ്രീം കോടതിയിലേയ്ക്കുള്ള അപ്പീൽ സ്വീകരിച്ചതിനെക്കുറിച്ച് അപ്പീൽ പ്രതിക്കുള്ള നോട്ടീസ്

(ആർഡർ 45, ചട്ടം 8)

(ശീർഷകം)

..................................ന്

മുകളിൽ പറഞ്ഞ കേസിലെ............ ആയ............സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 45, ചട്ടം 7 ആവശ്യപ്പെടുന്ന ജാമ്യം നൽകുകയും ഡെപ്പോസിററ് ചെയ്യുകയും ചെയ്തിട്ടുള്ളതിനാൽ,

സുപ്രീം കോടതിയിലേയ്ക്കുള്ള മുൻപറഞ്ഞ..........ന്റെ അപ്പീൽ 19......മാസം......തീയതി സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് നോട്ടീസ് തരുന്നു.

19 ......മാസം.... തീയതിയായ ഇന്നേദിവസം നമ്മുടെ കയ്യൊപ്പും കോടതിമുദ്രയും വച്ച് നൽകപ്പെട്ടു.

രജിസ്ട്രാർ.

നമ്പർ 14

## റിവ്യു അനുവദിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിനുള്ള നോട്ടീസ്

(ആർഡർ 47, ചട്ടം 4)

(ശീർഷകം)

..........................................................ന്
..... .... ........ ... .............ഈ കോടതി മുമ്പാകെ, അതിന്റെ മുകളിൽ പറഞ്ഞ കേസ്സിൽ 19.... ........മാസം ..........തീയതി പാസ്സാക്കിയ വിധിയുടെ റിവ്യുവിന് അപേക്ഷിച്ചിട്ടുണ്ടെന്ന് നോട്ടീസ് തരുന്നു. ഈ കേസ്സിൽ കോടതി അതിന്റെ വിധി റിവ്യു ചെയ്യാതിരിക്കാൻ നിങ്ങൾ കാരണം കാണിക്കുന്നതിനായി 19.. .. .... .. മാസം......തീയതി നിജപ്പെടുത്തിയിരിക്കുന്നു.

19..............മാസം .... ....തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ച് നൽകപ്പെട്ടു.

ജഡ്ജി.

അനുബന്ധം ജ

# പലവക

നമ്പർ 1

## വിചാരണ ചെയ്യേണ്ട വിവാദ്യകങ്ങളെക്കുറിച്ച് കക്ഷികൾ തമ്മിലുള്ള കരാർ

(ആർഡർ 14, ചട്ടം 6)

(ശീർഷകം)

മുകളിൽ പറഞ്ഞ വ്യവഹാരത്തിലെ കക്ഷികളായ ഞങ്ങൾ, ഞങ്ങൾക്കിടയിൽ തീരുമാനിക്കപ്പെടേണ്ട വസ്തുതാപ്രശ്നത്തെ (അല്ലെങ്കിൽ നിയമ പ്രശ്നത്തെ) കുറിച്ച് യോജിക്കുകയും, ഞങ്ങൾക്കിടയിൽ വിവാദ്യകമായിരിക്കുന്ന പ്രശ്നം, മുൻപറഞ്ഞ വ്യവഹാരത്തിൽ ലക്ഷ്യ രേഖ....... . ആയി ഫയൽ ചെയ്ത 19... ...... . ....മാസം.... ......ാം തീയതിയിലെ ഒരു ബാണ്ടിൻ മേൽ അധിഷ്ഠിതമായ ഒരു അവകാശവാദം കാലഹരണ നിയമത്തിന്റെ പരിധിക്ക് അപ്പുറമുള്ളതോ അല്ലാത്തതോ (അല്ലെങ്കിൽ വിവാദ്യമായ പ്രശ്നം, അതു എന്തുതന്നെയായാലും, പ്രസ്താവിക്കുക) ആയിരിക്കുകയും ചെയ്യുന്നതിനാൽ :

അങ്ങനെയുള്ള വിവാദ്യകം, കോടതി നിഷേധാത്മകമോ [അല്ലെങ്കിൽ സ്വീകാര്യാത്മകമോ] ആയി തീർപ്പു ചെയ്യുന്നതോടെ മുൻപറഞ്ഞ ന്......രൂപ (അല്ലെങ്കിൽ അതിൻമേൽ കൊടുക്കാനുള്ളതായി കോടതി വിധിക്കുന്ന തുക) .. ............... ....കൊടുക്കുമെന്നും മുൻപറഞ്ഞ .........ആയ ഞാൻ മുൻപറഞ്ഞ.... ......രൂപ [അല്ലെങ്കിൽ കിട്ടാനുള്ളതായി കോടതി

വിധിക്കുന്ന തുക] മേൽപ്പറഞ്ഞ ബാണ്ടിൻമേൽ ഉള്ള എന്റെ അവകാശവാദം പൂർണ്ണമായി തീർന്ന നിലയിൽ സ്വീകരിക്കുമെന്നും, [അല്ലെങ്കിൽ അങ്ങനെയുള്ള തീർപ്പിൻമേൽ, മുൻപറഞ്ഞ.. ..............ആയ ഞാൻ................. ......................ചെയ്യും, അല്ലെങ്കിൽ ചെയ്യാതിരിക്കുമെന്നും.] ഉള്ളതിന് ഞങ്ങൾ ഞങ്ങളെ വെവ്വേറെ ബാദ്ധ്യതപ്പെടുത്തുന്നു.

വാദി

പ്രതി

സാക്ഷികൾ :—

1.

2.

19............മാസം...........തീയതി

നമ്പർ 2

## വിചാരണയ്ക്കായി വ്യവഹാരം മററൊരു കോടതിയിലേയ്ക്ക് മാററാനുള്ള അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ്

(വകുപ്പ് 24)

...........ലെ ജില്ലാ ജഡ്ജിയുടെ കോടതിയിൽ

19..............ലെ..........നമ്പർ

............................ ......ന്

ഇപ്പോൾ..........ലെ. ........കോടതിയിൽ നിലവിലിരിക്കുന്നതും .............വാദിയായിരിക്കുന്നതും.........പ്രതിയായിരിക്കുന്നതും ആയ 19........ലെ.. ....നമ്പർ വ്യവഹാരത്തിലെ ......ആയ........., വ്യവഹാരം വിചാരണയ്ക്കായി........ലെ...... കോടതിയിലേയ്ക്ക് മാററാൻ ഈ കോടതിക്ക് 19..........മാസം ......തീയതിയിലെ ഒരു അപേക്ഷ കൊടുത്തിട്ടുള്ളതിനാൽ,

അപേക്ഷയുടെ ഹിയറിംഗിന് 19 .....മാസം...... -ാം തീയതി നിജപ്പെടുത്തിയിരിക്കുന്നു എന്നും, അപ്പോൾ നിങ്ങൾ അതിൻമേൽ ഏതെങ്കിലും ആക്ഷേപം ഉന്നയിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് പറയാനുള്ളത് കേൾക്കുന്നതാണെന്നും നിങ്ങളെ ഇതിനാൽ അറിയിക്കുന്നു.

19............മാസം.........തീയതി ആയ ഇന്നേ ദിവസം നമ്മുടെ കൈയാപ്പും കോടതി മുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 2 ക

## വാദി/പ്രതി വിളിക്കാൻ നിർദ്ദേശിക്കുന്ന സാക്ഷികളുടെ ലിസ്റ്റ്

(ആർഡർ 16, ചട്ടം 1)

| സാക്ഷിയെ വിളിക്കാൻ നിർദ്ദേശിക്കുന്ന കക്ഷിയുടെ പേര് | സാക്ഷിയുടെ പേരും മേൽവിലാസവും | റിമാർക്കുകൾ |
|---|---|---|
| | | |

ജഡ്ജി.

നമ്പർ 3

## കോടതിയിൽ ഒടുക്കുന്നതിനെക്കുറിച്ചുള്ള നോട്ടീസ്

(ആർഡർ 24, ചട്ടം 2)

(ശീർഷകം)

പ്രതി കോടതിയിൽ.........രൂപ ഒടുക്കിയിട്ടുണ്ടെന്നും, അതു വാദിയുടെ അവകാശവാദത്തിന്റെ കാര്യം പൂർണ്ണമായി തീർക്കാൻ മതിയായതാണെന്ന് പറയുകയും ചെയ്യുന്നു എന്ന് നോട്ടീസ് തരുന്നു.

വാദിയുടെ പ്ലീഡർ
'യ' ക്ക്

പ്രതിയുടെ പ്ലീഡർ
ഭ. മ.

നമ്പർ 4

## കാരണം കാണിക്കാനുള്ള നോട്ടീസ് (സാമാന്യ ഫാറം)

(ശീർഷകം)

... ......................ന്

.............. ....എന്ന് മുകളിൽ പേരു പറഞ്ഞ............. ഈ കോടതിയിൽ അപേക്ഷ കൊടുത്തിട്ടുള്ളതിനാൽ ;

നേരിട്ടോ, അല്ലെങ്കിൽ മുറപ്രകാരം ഉപദേശം നൽകപ്പെട്ടിട്ടുള്ള പ്ലീഡർ മുഖേനയോ അപേക്ഷയ്ക്കെതിരായി കാരണം കാണിക്കാനായി 19.......മാസം..........തീയതി ഉച്ചയ്ക്കുമുമ്പ്...............മണിക്ക് ഹാജരാകാനും അപ്രകാരം ചെയ്യാതിരുന്നാൽ മുൻപറഞ്ഞ അപേക്ഷ, എക്സ് പാർട്ടിയായി കേൾക്കപ്പെടുകയും തീർപ്പാക്കപ്പെടുകയും ചെയ്യുന്നതാണെന്നും നിങ്ങൾക്ക് ഇതിനാൽ മുന്നറിയിപ്പ് നല്കുന്നു.

19.................മാസം...........-ാം തീയതി ആയ ഇന്ന ദിവസം നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി

നമ്പർ 5

## വാദി/പ്രതി ഹാജരാക്കുന്ന രേഖകളുടെ ലിസ്റ്റ്

(ആർഡർ, 13, ചട്ടം 1)

(ശീർഷകം)

| നമ്പർ | രേഖയുടെ വിവരണം | രേഖ വഹിക്കുന്ന തീയതി ( വല്ലതും ഉണ്ടെങ്കിൽ) | കക്ഷിയുടെ അല്ലെങ്കിൽ പ്ലീഡറുടെ ഒപ്പ് |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |

നമ്പർ 6

## അധികാരിത വിട്ടുപോകാൻ പോകുന്ന സാക്ഷിയുടെ വിസ്താരത്തിന് നിജപ്പെടുത്തുന്ന ദിവസത്തെ ക്കുറിച്ച് കക്ഷികൾക്കുള്ള നോട്ടീസ്

(ആർഡർ 18, ചട്ടം 16)

(ശീർഷകം)

വാദി (അല്ലെങ്കിൽ പ്രതി)

...... .. .......... ..........ന്

മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ..............., ആ വ്യവഹാരത്തിൽ മുൻപറഞ്ഞ.... ..........ആവശ്യപ്പെടുന്ന സാക്ഷിയായ............ൻെറ വിസ്താരം ഉടനെ നടത്തണമെന്ന് ഈ കോടതിക്ക് അപേക്ഷ കൊടുത്തിരിക്കുകയും; മുൻപറഞ്ഞ സാക്ഷി കോടതിയുടെ അധികാരിത വിട്ടുപോകാൻ പോവുകയാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം കാണിക്കപ്പെട്ടിരിക്കുകയും (അല്ലെങ്കിൽ പ്രസ്താവിക്കപ്പെടേണ്ട മറേറതെങ്കിലും സാധുവായതും മതിയായതുമായ കാരണം) ചെയ്യുന്നതിനാൽ ;

മുൻപറഞ്ഞ സാക്ഷിയുടെ വിസ്താരം കോടതി 19......മാസം......ാം തീയതി നടത്തുന്നതാണെന്ന് നോട്ടീസ് തരുന്നു.

19.......... മാസം..........തീയതി

ജഡ്ജി.

നമ്പർ 7

## ഹാജരില്ലാത്ത സാക്ഷിയെ വിസ്തരിക്കാൻ കമ്മീഷൻ

(ആർഡർ 26, ചട്ടം 74, 18.)

(ശീർഷകം)

.............................ന്

..............ൻെറ തെളിവ് മുകളിൽ പറഞ്ഞ വ്യവഹാരത്തിൽ........ ........ആവശ്യപ്പെടുന്നതിനാലും;........ ... തിനാലും അങ്ങനെയുള്ള സാക്ഷി............ൻെറ തെളിവ് ചോദ്യങ്ങളിൻമേൽ (അല്ലെങ്കിൽ വാക്കാൽ) എടുക്കാൻ നിങ്ങളോട് അപേക്ഷിക്കുകയും, അതിനുവേണ്ടി നിങ്ങളെ ഇതിനാൽ കമ്മീഷണർ ആയി നിയമിക്കുകയും ചെയ്യുന്നു. തെളിവ്, കക്ഷികളോ, അവരുടെ ഏജൻറുമാരോ സന്നിഹിതരാണെങ്കിൽ, അവരുടെ സാന്നിദ്ധ്യത്തിൽ എടുക്കപ്പെടുന്നതും, അവർക്ക് വിനിർദ്ദിഷ്ട പ്രശ്നങ്ങളിൻമേൽ സാക്ഷിയെ ചോദ്യം ചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള തെളിവ്, അത് എടുത്ത ഉടൻ മടക്കാൻ നിങ്ങളോട് കൂടുതലായി അപേക്ഷിക്കുന്നതുമാണ്.

സാക്ഷിയെ സന്നിഹിതരാക്കാനുള്ള പ്രോസസ് നിങ്ങളുടെ അപേക്ഷയിൻമേൽ അധികാരിതയുള്ള ഏതു കോടതിയും പുറപ്പെടുവിക്കുന്നതാണ്.

മുകളിൽ പറഞ്ഞതിലെ നിങ്ങളുടെ ഫീസ്..........രൂപ ഇതോടൊപ്പം അയയ്ക്കുന്നു.

19............മാസം..........-ാം തീയതി ആയ ഇന്നേ ദിവസം ഇതിനു നമ്മുടെ കൈയൊപ്പും കോടതി മുദ്രയും വച്ചുനല്കപ്പെട്ടു.

ജഡ്ജി

നമ്പർ 8

## അപേക്ഷാപത്രം

(ആർഡർ 26, ചട്ടം 5)

(ശീർഷകം)

(ശീർഷകം:—..........ലെ അദ്ധ്യക്ഷനും ജഡ്ജിമാർക്കും, അല്ലെങ്കിൽ അതതു സംഗതിപോലെ)

ക. ഖ., വാദിയായിരിക്കുന്നതും ഗ. ഘ. പ്രതിയായിരിക്കുന്നതും ആയ ഒരു വ്യവഹാരം..........നിലവിലിരിക്കുകയും, ആ വ്യവഹാരത്തിൽ വാദി,

(അവകാശവാദത്തിൻെറ സംഗ്രഹം)

എന്ന് അവകാശപ്പെടുന്നതിനാലും,

നീതിയുടെ ആവശ്യങ്ങൾക്കും, കക്ഷികൾ തമ്മിലുള്ള തർക്ക വിഷയങ്ങളുടെ മുറപ്രകാരമുള്ള തീർപ്പിനും, താഴെ പറയുന്ന ആളുകളെ താഴെ പറയുന്ന വിഷയങ്ങളെ സ്പർശിച്ച് അതായത്:—

........................നെക്കുറിച്ച് ങ. ച. യേയും,............... ........നെക്കുറിച്ച് ഛ. ജ. യേയും, ...... ................നെക്കുറിച്ച് ത്ധ. ഞ. യേയും

സാക്ഷികളായി ശപഥത്തിൻമേൽ വിസ്തരിക്കുന്നത് ആവശ്യകമാണെന്ന് മുൻപറഞ്ഞ കോടതിയെ ധരിപ്പിച്ചിട്ടുള്ളതിനാലും;

അങ്ങനെയുള്ള സാക്ഷികൾ നിങ്ങളുടെ ബഹുമാനപ്പെട്ട, കോടതിയുടെ അധികാരിതയ്ക്കുള്ളിൽ താമസമാണെന്നു കാണുകയാലും;

മേല്പറഞ്ഞ കാരണങ്ങളാലും മുൻപറഞ്ഞ കോടതിയുടെ സഹായത്തിനായും മുൻപറഞ്ഞ............ന്റെ അദ്ധ്യക്ഷനും ജഡ്ജിമാരും എന്ന നിലയിൽ നിങ്ങൾ, അല്ലെങ്കിൽ നിങ്ങളിൽ ഒന്നോ അതിലധികമോ പേർ, മുൻപറഞ്ഞ സാക്ഷിയെ (ഏതു സാക്ഷികളേയാണോ മുൻപറഞ്ഞ വാദിയുടേയും പ്രതിയുടേയും ഏജൻറുമാർ നിങ്ങളോട് സമൺ ചെയ്യാൻ വിവിധ രൂപത്തിൽ വിനീതമായി അപേക്ഷിക്കുന്നത്, ആ സാക്ഷികളേയും) നിങ്ങളിൽ ഒന്നോ അതിലധികമോ പേരുടേയോ, അല്ലെങ്കിൽ നിങ്ങളുടെ കോടതിയുടെ നടപടിക്രമം അനുസരിച്ച് സാക്ഷിവിസ്താരം നടത്താൻ ക്ഷമതയുള്ള മററാളുടേയോ മുൻപാകെ നിങ്ങൾ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും സന്നിഹിതനാകാൻ ദയവായി സമൺ ചെയ്യണമെന്നും അങ്ങനെയുള്ള സാക്ഷികളെ ഈ അപേക്ഷാപത്രത്തിനോടൊപ്പമുള്ള ചോദ്യങ്ങളിൻമേൽ (അല്ലെങ്കിൽ വാക്കാൽ) മുൻപറഞ്ഞ പ്രശ്ന വിഷയങ്ങളെ സ്പർശിച്ച് വാദിയുടേയും പ്രതിയുടേയും ഏജൻറുമാരുടെ അല്ലെങ്കിൽ അവരിൽ മുറപ്രകാരമുള്ള നോട്ടീസ് നൽകിയതിൻമേൽ അങ്ങനെയുള്ള വിസ്താരത്തിൽ സന്നിഹിതരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ വിസ്തരിപ്പിക്കണമെന്നും മുൻപറഞ്ഞ കോടതിയിലെ............എന്ന നിലയിൽ ........ആയ ഞാൻ ഇതിനാൽ നിങ്ങളോട് അപേക്ഷിക്കുന്നു.

കൂടാതെ, മുൻപറഞ്ഞ സാക്ഷികളുടെ ഉത്തരങ്ങൾ ലിഖിതമാക്കിക്കുകയും അങ്ങനെയുള്ള വിസ്താരത്തിൽ ഹാജരാക്കുന്ന എല്ലാ ബുക്കുകളും, കത്തുകളും കടലാസുകളും, രേഖകളും തിരിച്ചറിയുന്നതിനുവേണ്ടി മുറപ്രകാരം അടയാളപ്പെടുത്തിക്കുകയും ചെയ്യണമെന്നും, അങ്ങനെയുള്ള വിസ്താരം നിങ്ങളുടെ ട്രിബ്യൂണലിലെ മുദ്രയാലോ, അല്ലെങ്കിൽ നിങ്ങളുടെ നടപടിക്രമം അനുസരിച്ചുള്ള മററു വിധത്തിലോ പ്രമാണീകരിക്കുകയും, അത് മററു സാക്ഷികളുടെ വിസ്താരത്തിനുള്ള, ലിഖിതമായ അപേക്ഷ, വല്ലതും ഉണ്ടെങ്കിൽ, അതു സഹിതം മുൻപറഞ്ഞ കോടതിക്ക് മടക്കുകയും ചെയ്യാൻകൂടി നിങ്ങൾക്ക് ദയവുണ്ടാകണമെന്നും ഞാൻ കൂടുതലായി അപേക്ഷിക്കുന്നു.

കുറിപ്പ്:—അപേക്ഷ ഒരു വിദേശ കോടതിയോടുള്ളതാണെങ്കിൽ, ''അയച്ചുകൊടുക്കാനായി, ഇൻഡ്യാ ഗവൺമെൻറിന്റെ വിദേശ മന്ത്രി കാര്യാലയം വഴി'' എന്ന വാക്കുകൾ, ഈ ഫാറത്തിന്റെ ഒടുവിലത്തെ ഖണ്ഡികയിൽ ''മടക്കുകയും ചെയ്യാൻകൂടി'' എന്നതിനു മുൻപ് ചേർക്കേണ്ടതാകുന്നു.

## നമ്പർ 9

## സ്ഥലത്തു ചെന്നുള്ള അന്വേഷണത്തിനോ, കണക്കുകൾ പരിശോധിക്കുന്നതിനോ ഉള്ള കമ്മീഷൻ

(ആർഡർ 26, ചട്ടം 9, 11)

(ശീർഷകം)

...........................ന്

ഈ വ്യവഹാരത്തിന്റെ ആവശ്യങ്ങൾക്ക്,.....................നായി ഒരു കമ്മിഷൻ പുറപ്പെടുവിക്കുന്നത് ആവശ്യകമാണെന്ന് കരുതപ്പെടുന്നതിനാൽ.. ..............ലേയ്ക്കായി നിങ്ങളെ ഇതിനാൽ കമ്മീഷണർ ആയി നിയമിച്ചിരിക്കുന്നു.

വിസ്തരിക്കുകയോ പരിശോധിക്കുകയോ ചെയ്യാൻ നിങ്ങഠം ആഗ്രഹിക്കുന്ന ഏതെങ്കിലും സാക്ഷികളേയോ ഏതെങ്കിലും രേഖകളോ, നിങ്ങളുടെ മുമ്പാകെ സന്നിഹിതരാക്കിക്കുകയോ ഹാജരാക്കിക്കുകയോ ചെയ്യുന്നതിനുള്ള പ്രോസസ് നിങ്ങളുടെ അപേക്ഷയിൻമേൽ അധികാരിതയുള്ള ഏതു കോടതിയും പുറപ്പെടുവിക്കുന്നതാണ്.

മുകളിൽ പറഞ്ഞതിലെ നിങ്ങളുടെ ഫീസ്..........രൂപ ഇതോടൊപ്പം അയയ്ക്കുന്നു.

10.......................മാസം......................-ാംതീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

## നമ്പർ 10

## ഭാഗം ചെയ്യാനുള്ള കമ്മീഷൻ

(ആർഡർ 26, ചട്ടം 13)

(ശീർഷകം)

..................................................ന്

ഈ വ്യവഹാരത്തിന്റെ ആവശ്യങ്ങഠംക്ക്, ഈ കോടതിയുടെ 19...... ...........................മാസം.............ാം തീയതിയിലെ വിധിയിൽ വിനിർദ്ദേശിച്ച വസ്തു, അതിൽ സ്ഥാപിച്ച അവകാശങ്ങഠം അനുസരിച്ച് ഭാഗംചെയ്യുകയോ, വേർപെടുത്തുകയോ ചെയ്യാൻ ഒരു കമ്മീഷനെ നിയമിക്കുന്നത് ആവശ്യകമാണെന്ന് കരുതപ്പെടുന്നതിനാൽ, മുൻപറഞ്ഞ ആവശ്യത്തിന് നിങ്ങഠം ഇതിനാൽ കമ്മീഷണർ ആയി നിയമിക്കപ്പെടുന്നതും, ആവശ്യമായ അന്വേഷണവിചാരണ ചെയ്യുകയും, മുൻപറഞ്ഞ വസ്തു നിങ്ങളുടെ വൈദഗ്ദ്ധ്യത്തിന്റേയും നിർണ്ണയ ശക്തിയുടേയും പരമാവധിക്കൊത്തവണ്ണം ആ വിധിയിൽ പ്രതിപാദിച്ച ഓഹരികളിലായി വിഭജിക്കുകയും, അങ്ങനെയുള്ള ഓഹരികഠം വിവിധ കക്ഷികഠംക്ക് തിരിച്ചു വയ്ക്കുകയും ചെയ്യാൻ നിങ്ങളോട് നിദേശിക്കുന്നതും ആകുന്നു. ഓഹരികളുടെ മൂല്യം സമമാക്കുന്നതിനുവേണ്ടി ഏതെങ്കിലും കക്ഷി മറേറതെങ്കിലും കക്ഷിക്ക് കൊടുക്കേണ്ട തുകകഠം അവാർഡ് ചെയ്യാൻ നിങ്ങളെ ഇതിനാൽ പ്രാധികാരപ്പെടുത്തുന്നു.

വിസ്തരിക്കുകയോ പരിശോധിക്കുകയോ ചെയ്യാൻ നിങ്ങഠം ആഗ്രഹിക്കുന്ന ഏതെങ്കിലും സാക്ഷികളേയോ രേഖകളോ നിങ്ങളുടെ മുമ്പാകെ സന്നിഹിതരാക്കുകയോ ഹാജരാക്കിക്കുകയോ ചെയ്യുന്നതിനുള്ള പ്രോസസ്, നിങ്ങളുടെ അപേക്ഷയിൻമേൽ, അധികാരിതയുള്ള ഏതു കോടതിയും പുറപ്പെടുവിക്കുന്നതാണ്.

മുകളിൽ പറഞ്ഞതിലെ നിങ്ങളുടെ ഫീസ്..........രൂപ ഇതോടൊപ്പം അയയ്ക്കുന്നു.

19..................മാസം................ാംതീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചുനല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 11

## സർട്ടിഫൈ ചെയ്യപ്പെട്ടതോ നൈസർഗ്ഗികമോ വസ്തുതാനുസൃതമോ ആയ രക്ഷാകർത്താവ്

(ആർഡർ 32,ചട്ടം 3)

(ശീർഷകം)

..........(സർട്ടിഫൈ ചെയ്യപ്പെട്ട *നൈസർഗ്ഗിക/വസ്തുതാനുസൃത രക്ഷാകർത്താവ്) ന്

മുകളിൽപറഞ്ഞ വ്യവഹാരത്തിലെ, വാദിയുടെ ഭാഗത്തു നിന്ന്* മൈനർ പ്രതിക്കുവേണ്ടി, മൈനർ പ്രതി..........ക്ക് ഒരു വ്യവഹാരാർത്ഥന് രക്ഷാകർത്താവിനെ നിയമിക്കുന്നതിനായി ഒരപേക്ഷ ബോധിപ്പിച്ചിട്ടുള്ളതിനാൽ നിങ്ങളോട്, (കോടതി നിയമിച്ചിട്ടുള്ളതോ പ്രഖ്യാപിച്ചിട്ടുള്ളതോ ആയ രക്ഷാകർത്താവിന്റേയോ നൈസർഗ്ഗിക രക്ഷാകർത്താവിന്റെയോ അല്ലെങ്കിൽ ആരുടെ സൂക്ഷിപ്പിലാണോ മൈനർ ഉള്ളത്, ആ ആളുടേയോ പേർ ചേർക്കുക) കേസിന്റെ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ളതും, ഇതോടനുബന്ധിച്ച സമൺസിൽ പ്രഖ്യാപിക്കുന്നതുമായ ദിവസമോ അതിനുമുമ്പോ, നിങ്ങൾ ഈ കോടതിമുൻപാകെ ഹാജരാവുകയും മൈനർക്കുവേണ്ടി വ്യവഹാരാർത്ഥ രക്ഷാകർത്താവായി പ്രവർത്തിക്കാനുള്ള നിങ്ങളുടെ സമ്മതം പ്രകടിപ്പിക്കുകയും ചെയ്യാത്തപക്ഷം, കോടതി മുൻപറഞ്ഞ വ്യവഹാരത്തിന്റെ ആവശ്യങ്ങൾക്കായി മറ്റേതെങ്കിലും ആളെ മൈനർക്കുവേണ്ടിയുള്ള രക്ഷാകർത്താവായി പ്രവർത്തിക്കാൻ നിയമിക്കുന്നതിന് നടപടി തുടരുമെന്ന് നോട്ടീസ് സ്വീകരിക്കാൻ ഇതിനാൽ ആവശ്യപ്പെടുന്നു.

19..................മാസം..............തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 11 ക.

## മൈനർ പ്രതിക്കുള്ള നോട്ടീസ്

(ആർഡർ,32 ചട്ടം 3)

(ശീർഷകം)

മൈനർ........പ്രതി..........................ന്

മുകളിൽപറഞ്ഞ വ്യവഹാരത്തിലെ വാദിയുടെ ഭാഗത്തുനിന്ന്........ ........നെ* മൈനർ പ്രതിയായ നിങ്ങൾക്കുള്ള വ്യവഹാരാർത്ഥക രക്ഷാകർത്താവായി നിയമിക്കുന്നതിന് അപേക്ഷയ്ക്ക് എതിരായി കാരണം കാണിക്കുന്നതിനായി നിങ്ങൾ 19................മാസം................ തീയതി ഉച്ചയ്ക്കുമുമ്പ്......................മണിക്ക് ഹാജരാകുന്നതിന് നോട്ടീസ് സ്വീകരിക്കാൻ നിങ്ങളോട് ഇതിനാൽ ആവശ്യപ്പെടുന്നതും, അങ്ങനെ ചെയ്യാതിരുന്നാൽ മുൻപറഞ്ഞ അപേക്ഷ എക്സ്പാർട്ടിയായി കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്നതും ആകുന്നു.

19..............................മാസം................തീയതിയായ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ച്നല്കപ്പെട്ടു.

ജഡ്ജി.

---

* ബാധകമല്ലാത്ത വാക്കുകൾ വെട്ടിക്കളയുക.

## നമ്പർ 12

## നിസ്വനായ ആളാണെന്നതിനെക്കുറിച്ചുള്ള തെളിവ് കേൾക്കുന്നതിന് നിജപ്പെടുത്തുന്ന ദിവസത്തെക്കുറിച്ച് എതിർകക്ഷിക്കുള്ള നോട്ടീസ്

(ആർഡർ 33, ചട്ടം 6)

(ശീർഷകം)

.................................................ന്

.....................നെതിരായി നിസ്വനായ ആളെന്ന നിലയിൽ സിവിൽ നടപടി നിയമസംഹിത, 1908-ലെ ആർഡർ 33-ൻ കീഴിൽ ഒരു വ്യവഹാരം ആരംഭിക്കാനുള്ള അനുവാദത്തിനായി............ഈ കോടതിയോട് അപേക്ഷിച്ചിട്ടുള്ളതിനാലും, ആ അപേക്ഷ നിരസിക്കാൻ കോടതി യാതൊരു കാരണവും കാണാതിരിക്കുന്നതിനാലും ; അപേക്ഷകൻ താൻ നിസ്വനായ ആൾ ആണെന്നുള്ളതിന്റെ തെളിയിക്കലായി നല്കുന്ന തെളിവ് സ്വീകരിക്കുന്നതിനും അതിന്റെ മറിച്ചുതെളിയിക്കലായി നല്കപ്പെടുന്ന ഏതെങ്കിലും തെളിവ് കേൾക്കുന്നതിനും ആയി 19.................... മാസം.................ാം തീയതി നിജപ്പെടുത്തിയിട്ടുള്ളതിനാലും ;

അപേക്ഷകൻ നിസ്വനായ ആൾ ആണെന്നുള്ളതു മറിച്ചു തെളിയിക്കാനുള്ള ഏതെങ്കിലും തെളിവ് നല്കാൻ നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം നിങ്ങൾക്ക് മുൻപറഞ്ഞ 19......................മാസം...................തീയതി ഈ കോടതിയിൽ ഹാജരായി അപ്രകാരം ചെയ്യാവുന്നതാണെന്ന് ആർഡർ 33, ചട്ടം 6-ൻ കീഴിൽ നിങ്ങൾക്ക് ഇതിനാൽ നോട്ടീസ് തരുന്നു.

19............................മാസം.....................ാം തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

## നമ്പർ 13

## ജാമ്യക്കാരന് വിധിക്കുകീഴിലുള്ള അയാളുടെ ബാദ്ധ്യതയെക്കുറിച്ചുള്ള നോട്ടീസ്

(145-ാം വകുപ്പ്)

(ശീർഷകം)

.................................................ന്

മുകളിൽപറഞ്ഞ വ്യവഹാരത്തിലെ പ്രതിയായ മുൻപറഞ്ഞ.......... ..................ന് എതിരായി പാസ്സാക്കിയേക്കാവുന്ന ഏതെങ്കിലും വിധിയുടെ നിർവ്വഹണത്തിന്....................നായ നിങ്ങൾ ജാമ്യക്കാരനെന്നനിലയിൽ........................തീയതി ബാദ്ധ്യസ്ഥനായിത്തീർന്നതിനാലും;..........രൂപ കൊടുക്കുന്നതിന് 19.............. മാസം..........തീയതി മുൻപറഞ്ഞ പ്രതിക്കെതിരായി വിധി പാസ്സാക്കിയതിനാലും മുൻപറഞ്ഞ വിധി നിങ്ങൾക്കെതിരെ നടത്താനായി അപേക്ഷ കൊടുത്തിട്ടുള്ളതിനാലും,

മുൻപറഞ്ഞ വിധി നിങ്ങൾക്കെതിരായി നടത്താതിരിക്കാൻ 19........ ......................മാസം...............തീയതിയോ അതിനുമുമ്പോ കാരണം കാണിക്കാൻ നിങ്ങളോട് ഇതിനാൽ ആവശ്യപ്പെടുന്നുവെന്നും, വിനിർദ്ദിഷ്ടസമയത്തിനുള്ളിൽ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം മതിയായ കാരണം കാണിക്കുന്നില്ലെങ്കിൽ, അതിന്റെ നടത്തലിന് മുൻ പറഞ്ഞ അപേക്ഷപ്രകാരം ഉടനടി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ഇതിനാൽ നോട്ടീസ് തരുന്നു.

19..........................മാസം ...............ാം തീയതി ആയ ഇന്നേദിവസം നമ്മുടെ കൈയൊപ്പും കോടതിമുദ്രയും വച്ചു നല്കപ്പെട്ടു.

ജഡ്ജി.

നമ്പർ 14

## സിവിൽ വ്യവഹാരങ്ങളുടെ രജിസ്റ്റർ

................ലെ കോടതി (ആർഡർ 4, ചട്ടം 2)

19............ആണ്ടിലെ സിവിൽ വ്യവഹാരങ്ങളുടെ രജിസ്റ്റർ

| | | വാദി | | | പ്രതി | | | അവകാശവാദം | | | ഹാജരാകൽ | | | വിധി ന്യായം | | | അപ്പീൽ | | നടത്തൽ | | | | | | | നടത്തലിന്റെ റിട്ടേൺ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അന്യായം ബോധിപ്പിച്ച തീയതി | വ്യവഹാരത്തിന്റെ നമ്പർ | പേര് | വിവരണം | താമസസ്ഥലം | പേര് | വിവരണം | താമസസ്ഥലം | വിവരങ്ങൾ | തുക അല്ലെങ്കിൽ മൂല്യം | വ്യവഹാരകാരണം ഉദ്ഭവിച്ചത് എപ്പോഴെന്ന് | കക്ഷികൾ ഹാജരാകാനുള്ള ദിവസം | വാദി | പ്രതി | തീയതി | ആർക്കു അനുകൂലമായി | ഏതിനായി, അല്ലെങ്കിൽ തുക | അപ്പീൽ തീർപ്പാനത്തിന്റെ തീയതി | അപ്പീലിലെ വിധി ന്യായം | അപേക്ഷയുടെ തീയതി | ഉത്തരവിന്റെ തീയതി | ആർക്കെതിരായെന്ന് | ഏതിനാണെന്നും പണമാണെങ്കിൽ തുകയും | കോടതിച്ചെലവിന്റെ തുക | കോടതിയിൽ ഒടുക്കിയ തുക | അറസ്റ്റ് | പണം ഒടുക്കോ അറസ്റ്റോ അല്ലാത്ത റിട്ടേണിന്റെ മിനിററും ഓരോ റിട്ടേണിന്റെയും തീയതിയും |
| | | | | | | | | | | | | | | | | | | | | | | | | | | |

* കുറിപ്പ് :— ഒന്നിലധികം വാദികളോ ഒന്നിലധികം പ്രതികളോ ഉള്ളിടത്ത് അതതു സംഗതിപോലെ ഒന്നാം വാദിയേയോ ഒന്നാം പ്രതിയെയോ മാത്രം രജിസ്റ്ററിൽ ചേർത്താൽ മതിയാകുന്നതാണ്.

നമ്പർ 15

അപ്പീലുകളുടെ രജിസ്ററർ

(ആർഡർ 41, ചട്ടം 9)

.................................ലെ കോടതി (ഹൈക്കോടതി)

വിധികളിൽനിന്നുള്ള അപ്പീലുകളുടെ 19.....................

................................ആണ്ടിലെ രജിസ്ററർ

| | | അപ്പീൽ വാദി | | | അപ്പീൽ പ്രതി | | | അപ്പീൽ ഏതുവിധിയിൽ നിന്നാണെന്ന് | | | | ഹാജരാകൽ | | | വിധിന്യായം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മെമ്മോറാണ്ടത്തിന്റെ തീയതി | അപ്പീൽനമ്പർ | പേര് | വിവരണം | താമസസ്ഥലം | പേര് | വിവരണം | താമസസ്ഥലം | ഏതുകോടതിയുടേതെന്ന് | ആദ്യവ്യവഹാരത്തിന്റെ നമ്പർ | വിവരങ്ങൾ | തുക അല്ലെങ്കിൽ മൂല്യം | കക്ഷികൾ ഹാജരാകാനുള്ള ദിവസം | അപ്പീൽ വാദി | അപ്പീൽ പ്രതി | തീയതി | സ്ഥിരപ്പെടുത്തി അല്ലെങ്കിൽ മാറ്റി വിധിച്ചു അല്ലെങ്കിൽ വ്യത്യാസപ്പെടുത്തി | ഏതിനെന്ന് അല്ലെങ്കിൽ തുക |
| | | | | | | | | | | | | | | | | | |